# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

2021 നവംബർ 3, ബുധൻ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1587/22

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം

*പേജ്*


**I. ചോദ്യോത്തരങ്ങൾ**

(i) (എ) വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

(ബി) അടിയന്തര ചോദ്യത്തിന്റെ ഉത്തരം ...22

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(എ) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...25

(ബി) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...81

**II അടിയന്തരപ്രമേയം**

ലൈഫ് പദ്ധതി ഗുണഭോക്തൃ ലിസ്റ്റ്
– ശ്രീ. പി. കെ. ബഷീർ
(അവതരണാനുമതി നിഷേധിച്ചു) ...370

**III ശ്രദ്ധ ക്ഷണിക്കൽ**

1. ഭൂമി തരംതിരിവ് അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം
– ശ്രീ. പി. മമ്മിക്കുട്ടി ...392

2. നിർമ്മാണസാമഗ്രികളുടെ വിലക്കയറ്റം
– ശ്രീ. സണ്ണി ജോസഫ് ...398

**IV സബ്മിഷൻ**

1. പട്ടാമ്പിയിലെ റോഡുകളുടെ പുനർനിർമ്മാണം
– ശ്രീ. മുഹമ്മദ് മുഹസിൻ ...402

2. ആശാവർക്കർമാരുടെ ശമ്പളപരിഷ്കരണം
– ശ്രീ. പി. പി. ചിത്തരഞ്ജൻ ...403

3. അരുവിക്കര ഡാമിലെ എക്കലും മണലും നീക്കം ചെയ്യൽ
– ശ്രീ. ജി. സ്റ്റീഫൻ ...405

4. കരാർ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ
– ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ ...407

*പേജ്*

5. പാറശ്ശാലയിൽ സിവിൽ സപ്ലൈസ് ഗോഡൗൺ
– ശ്രീ. സി. കെ. ഹരീന്ദ്രൻ ...409

6. പട്ടികവിഭാഗ പാരമ്പര്യ ചികിത്സകർ
– ശ്രീ. ഒ. ആർ. കേളു ...410

7. അദ്ധ്യാപക തസ്തികകൾ
– ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ...411

8. കോടിമത, വെള്ളൂരുത്തി പാലങ്ങളുടെയും ബോർമ്മ കവല റോഡിന്റെയും നിർമ്മാണം
– ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ...413

9. നാട്ടുകാണി-പരപ്പനങ്ങാടി പാത നവീകരണം
– ശ്രീ. കെ.പി.എ. മജീദ് ...415

10. ഇടയാർ പാലം പുനർനിർമ്മാണം
– ശ്രീ. അനൂപ് ജേക്കബ് ...417

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ**

ചട്ടം 47(2), 236(5), 236(6) എന്നിവ പ്രകാരമുള്ള കടലാസ്സുകൾ ...419

**VI റിപ്പോർട്ടുകളുടെ സമർപ്പണം**

1 (i) 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ...430

(ii) 2021-ലെ കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ...430

(iii) 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ...430

(iv) 2021-ലെ കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ ...430

(v) 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ടുകൾ ...430

2. പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത്തെയും രണ്ടാമത്തെയും റിപ്പോർട്ടുകൾ ...430

*പേജ്*

**VII നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും ...431

(i) 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ ...431

(ii) 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ ...431

(iii) 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ ...431

(iv) 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ ...431

**VIII അറിയിപ്പ്** ...724

**അനുബന്ധം** ...726

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

*2021 നവംബർ 3, ബുധൻ*

വാല്യം 186] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 17

നിയമസഭ 2021 നവംബർ മാസം 3-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## (i) (എ) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...ഓർഡർ... ചോദ്യം നം. (*451)

### ഐ. ടി. കമ്പനികളിലെ പിരിച്ചുവിടൽ

1 (*451) ശ്രീ. നജീബ് കാന്തപുരം:

ശ്രീ. കുറുക്കോളി മൊയ്തീൻ:

ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി. കമ്പനികളിൽനിന്നും തൊഴിൽ നിയമങ്ങൾ പാലിക്കാതെ ജീവനക്കാരെ പിരിച്ചുവിടുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) ഇപ്രകാരം വർഷങ്ങളായി ജോലി ചെയ്യുന്ന ജീവനക്കാരെ പെട്ടെന്ന് പിരിച്ചുവിടുന്ന പ്രവണത ഇല്ലാതാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ & ബി) ഐ.ടി. കമ്പനികളുടെയും ജീവനക്കാരുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന സംയോജിത ഇടപെടലുകളാണ് ഈ മേഖലയിൽ സർക്കാർ നടത്തുന്നത്. അനധികൃതമായി ജീവനക്കാരെ പിരിച്ചുവിടരുതെന്നും അവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും കൃത്യമായി ലഭിക്കണമെന്നുമാണ് സംസ്ഥാന സർക്കാരിന്റെ പൊതുവായ സമീപനം. സർക്കാർ ഐ.ടി. പാർക്കുകൾ അടിസ്ഥാനമാക്കിയും അല്ലാതെയും ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികൾ ഭൂരിഭാഗവും സമയബന്ധിതമായ പ്രോജക്ടുകളേറ്റെടുത്ത് നടത്തുന്നവയാണ്. ലഭ്യമാകുന്ന ബിസിനസ്സുകളുടെ സ്വഭാവവും ആവശ്യകതയുമനുസരിച്ച് അവ പൂർത്തിയാക്കി നൽകുംവരെയുള്ള നിശ്ചിത കാലാവധിക്കാണ് ജീവനക്കാരെ പൊതുവിൽ നിയമിക്കുന്നത്. ആയതിനാൽ ഐ.ടി. മേഖലയിൽ പൊതുവെ പ്രോജക്ട് അടിസ്ഥാനത്തിലാണ് നിയമനങ്ങൾ നടക്കുന്നത്. കമ്പനികളും ജീവനക്കാരും സംയുക്തമായി അംഗീകരിക്കുന്ന കരാറിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം നിയമനങ്ങൾ നടക്കുന്നത്. മികച്ച തൊഴിലവസരങ്ങൾ മറ്റ് കമ്പനികളിൽ ലഭ്യമാകുമ്പോൾ ജീവനക്കാർക്ക് സ്വയം പിരിഞ്ഞുപോകുന്നതിനും അവസരമുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലുണ്ടായ ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ പ്രതിഫലനം കേരളത്തിലുമുണ്ടായി. അതുകാരണം 2020-21-ൽ പുതുതായി വന്ന കമ്പനികളുടെ എണ്ണം പത്തായി കുറഞ്ഞു. അതിന് മുൻവർഷം 40 പുതിയ കമ്പനികളാണ് സർക്കാർ ഐ.ടി. പാർക്കുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടത്. നിലവിൽ പല ഐ.ടി. കമ്പനികളും വർക്ക് ഫ്രം ഹോം എന്ന നിലയിലാണ് പ്രവർത്തിക്കുന്നത്. ഈ പ്രതിസന്ധി മറികടക്കാൻ ഐ.ടി. മേഖലയ്ക്ക് സംസ്ഥാന സർക്കാർ പല ആനുകൂല്യങ്ങളും പ്രഖ്യാപിച്ചു. ഐ.ടി. പാർക്കുകൾ പ്രവർത്തിക്കുന്ന ഐ.ടി./ഐ.ടി. ഇതര സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയ വാടകയിളവും മറ്റാനുകൂല്യങ്ങളും ഐ.ടി. സ്ഥാപനങ്ങൾക്ക് വലിയ തോതിൽ ആശ്വാസമായി. 10000 ചതുരശ്ര അടിയിൽ കൂടുതൽ സ്ഥലത്ത് പ്രവർത്തിക്കുന്ന ഐ.ടി./ഐ.ടി.ഇ.എസ്. (Information Technology Enabled Services) കമ്പനികൾക്ക് മൂന്ന് മാസത്തെ വാടകയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു. ഐ.ടി. പാർക്കുകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും

25000 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ളതുമായ എല്ലാ ഐ.ടി./ഐ.ടി.ഇ.എസ്. കമ്പനികൾക്കും മൂന്ന് മാസത്തെ വാടക 10000 ചതുരശ്ര അടി വരെ ഒഴിവാക്കി നൽകുകയും ചെയ്തു. മേൽ വിവരിച്ച ആശ്വാസ നടപടികളുടെ ഫലമായി 2020-21-ലും ഐ.ടി. പാർക്കുകളിൽ സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളിൽ കുറവ് വന്നില്ല. 1000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു. 2020-21-ൽ ഐ.ടി. പാർക്കുകളിൽ രണ്ടുലക്ഷം ചതുരശ്ര അടി built up space-ന്റെ അധിക വിനിയോഗവുമുണ്ടായി.

(സി) തൊഴിൽ ചൂഷണം തടയുന്നതിനും ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ ഇതിനകം സർക്കാർ പാർക്കുകളും കമ്പനികളും സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യൻ കമ്പനീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന പ്രൈവറ്റ് ഐ.ടി./ ഐ.ടി.ഇ.എസ്. കമ്പനികളാണ് സർക്കാർ ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്നത്. തൊഴിൽ നിയമങ്ങളായ ഷോപ്പ് ആൻഡ് കൊമേഴ്ഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട്, സെക്ഷ്വൽ ഹരാസ്മെന്റ് ഓഫ് വുമൺ അറ്റ് വർക്ക് പ്ലെയ്സ് (പ്രിവൻഷൻ, പ്രൊഹിബിഷൻ, റിഡ്രെസ്സൽ) ആക്ട്, ഈക്വൽ റെമ്യൂണറേഷൻസ് ആക്ട്, ഇ.പി.എഫ്. ആക്ട്/ഇ.എസ്.ഐ. ആക്ട് /ഗ്രാറ്റുവിറ്റി ആക്ട്, ബോണസ് ആക്ട് എന്നിവ ഐ.ടി. കമ്പനികൾക്ക് ബാധകമായിട്ടുണ്ട്. കൂടാതെ ജീവനക്കാർക്കായുള്ള ക്ഷേമനിധിയും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഐ.ടി. പാർക്കുകളും കമ്പനികളും തമ്മിലുള്ള വാടക/പാട്ടക്കരാറിൽ ലേബർ നിയമങ്ങൾ നടപ്പിലാക്കണമെന്നുള്ള വ്യവസ്ഥ കർശനമായി നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിൽ ചൂഷണം, തട്ടിപ്പുകൾ, അനധികൃതമായ കരാർ വ്യവസ്ഥകൾ, കരാർ വ്യവസ്ഥകളുടെ ലംഘനം തുടങ്ങിയവ നിയന്ത്രിക്കുന്നതിനായി സർക്കാർ ഐ.ടി. പാർക്കുകളും കമ്പനികളും തമ്മിൽ ഒപ്പുവയ്ക്കുന്ന വാടക/പാട്ടക്കരാർ ഉടമ്പടികളിൽ നിലവിൽ നിയമാനുസൃതമായ എല്ലാ വ്യവസ്ഥകളും പാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കരാർ വ്യവസ്ഥകൾ പാലിക്കാതെ വീഴ്ച വരുത്തുന്ന കമ്പനികളെ തുടർന്ന് പ്രവർത്തിക്കാൻ അനുവദിക്കാതിരിക്കുക, അവരുമായുള്ള കരാറുകൾ റദ്ദാക്കുക തുടങ്ങിയ നടപടികൾ ഐ.ടി. പാർക്കുകൾ സ്വീകരിക്കുന്നുണ്ട്. ഇതിനായി ഒരു വിജിലൻസ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. പാർക്കുകളിൽ പ്രവർത്തിക്കുന്ന ഐ.ടി. കമ്പനികളിലെ ജീവനക്കാർക്ക് അവരുടെ പരാതികളും നിർദ്ദേശങ്ങളും നൽകുന്നതിനായി ഐ.ടി പാർക്കുകളിൽ എച്ച്.ആർ.ഗ്രീവൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കമ്പനികളിലും ജീവനക്കാരുടെ പ്രശ്നങ്ങൾ നേരിട്ട് പരിഹരിക്കുന്നതിനുള്ള സംവിധാനമുണ്ട്. അവിടെ പരിഹരിക്കുവാൻ കഴിയാത്ത പ്രശ്നങ്ങൾ ഐ.ടി. പാർക്കുകളിലെ എച്ച്.ആർ. ഗ്രീവൻസ് കമ്മിറ്റികൾക്ക് ലഭിക്കുമ്പോൾ അവ പരിഹരിക്കുവാൻ ശ്രമിക്കുകയും കഴിയാത്തവ തുടർ നടപടികൾക്കായി പ്രാഥമിക

അന്വേഷണങ്ങൾക്കുശേഷം ആവശ്യമെന്ന് കണ്ടാൽ ലേബർ ഓഫീസർ/മറ്റ് ബന്ധപ്പെട്ട അധികാരികൾ എന്നിവർക്ക് പരാതി നൽകാൻ വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. കൂടാതെ സംസ്ഥാന ലേബർ കമ്മീഷണർ ഒരു ഗ്രീവൻസ് റിഡ്രെസൽ സെൽ/കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ശ്രീ. നജീബ് കാന്തപുരം: സർ, കോവിഡ് പ്രതിസന്ധിയിൽ എല്ലാ വ്യവസായ സ്ഥാപനങ്ങൾക്കും വലിയ തകർച്ച നേരിട്ടപ്പോൾ പിടിച്ചുനിന്നത് ഐ.ടി. അനുബന്ധ സ്ഥാപനങ്ങളാണ്. ധാരാളം BPO (Business Process Outsourcing) job works ഇപ്പോൾ കേരളമടക്കമുള്ള പ്രദേശങ്ങളിലേയ്ക്ക് വരാനുള്ള സാധ്യതയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അറിയിച്ചതുപോലെ നമ്മുടെ ഐ.ടി. പാർക്കുകൾവഴി ധാരാളം തൊഴിൽ സാധ്യതകളും വരികയാണ്. പക്ഷേ ഏറ്റവും വിചിത്രമായിട്ടുള്ള കാര്യം, 427 കമ്പനികൾ പ്രവർത്തിക്കുന്ന തിരുവനന്തപുരം ടെക്നോ പാർക്കും നാനൂറിലേറെ കമ്പനികൾ പ്രവർത്തിക്കുന്ന കൊച്ചി ഇൻഫോ പാർക്കും അമ്പതിലേറെ കമ്പനികൾ പ്രവർത്തിക്കുന്ന കോഴിക്കോട് സൈബർ പാർക്കുമെല്ലാം ഒരൊറ്റ സി.ഇ.ഒ. (Chief Executive Officer) ആണ് നോക്കി നടത്തുന്നത്. ഇങ്ങനെയുള്ളൊരു സാഹചര്യത്തിൽ നമ്മുടെ കമ്പനികളുടെ വളർച്ചയ്ക്ക്, ഇത് മോണിറ്റർ ചെയ്യാൻ ഇത്തരമൊരു സംവിധാനം മതിയാകുമോ; ഇത് കൂടുതൽ ഇഫക്ടീവായി ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, അതൊരു പ്രത്യേക സാഹചര്യത്തിൽ ഒരു സി.ഇ.ഒ.യുടെ കീഴിൽ വന്നതായിരുന്നു; അതിന് മാറ്റം വരുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. നജീബ് കാന്തപുരം: സർ, കോഴിക്കോട് സൈബർ പാർക്ക് മലബാറിന്റെ ഐ.ടി. ഗേറ്റ് വേ ആണ്. വെറും 50 കമ്പനികൾ മാത്രമാണ് ഇവിടെ പ്രവർത്തിക്കുന്നത്. ഇവിടെ ശരിയായൊരു ഗേറ്റ് കോംപ്ലക്സ് പോലുമില്ല. കോഴിക്കോട് സൈബർ പാർക്കിൽ കൂടുതൽ built up space ഉണ്ടാക്കാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ; അത് വിപുലപ്പെടുത്താനുള്ള പദ്ധതികളുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, കോഴിക്കോട് സൈബർ പാർക്കിൽ സ്ഥാപനങ്ങൾ വരുന്ന മുറയ്ക്ക് വികസിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കോഴിക്കോട് പ്രധാന സ്ഥലമാണെങ്കിലും തിരുവനന്തപുരത്തും എറണാകുളത്തുമുള്ള അത്രയും ആളുകളും സ്ഥാപനങ്ങളും വരുന്നൊരു സാഹചര്യം കാണുന്നില്ല. അത് കൂടുതൽ ശക്തിപ്പെടുത്തണമെന്ന് തന്നെയാണ് സർക്കാരും ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്നവർക്ക് രാത്രി കാലങ്ങളിൽ ക്ഷീണം തീർക്കാനും ഉന്മേഷരാകാനും വേണ്ടി പ്രത്യേകം വൈൻ പാർലറുകൾ തുടങ്ങുമെന്ന് ഒന്നാം കോവിഡ് കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നു. മദ്യശാലകൾ വർദ്ധിച്ചതിന്റെ പേരിൽ നാട്ടിൽ വലിയ ആക്ഷേപങ്ങളും പ്രതിഷേധങ്ങളും നിലനിൽക്കുന്നൊരു കാലമാണ്. എന്നിരുന്നാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിൽ വൈൻ പാർലറുകൾ സംസ്ഥാനത്ത് തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇത് നമ്മുടെ സമൂഹത്തിന്റെ ഭാഗമായി വരുന്നൊരു പ്രശ്നമാണ്. ഐ.ടി. കമ്പനികൾ വരുമ്പോൾ അവിടെ വലിയ തോതിൽ ജീവനക്കാരായി വരുന്നത് യുവതയാണല്ലോ! അവർക്ക് മറ്റ് ഐ.ടി. മേഖലകളിൽ/ഐ.ടി. കേന്ദ്രങ്ങളിൽ കിട്ടുന്ന സൗകര്യങ്ങൾ ഇവിടെയും ലഭ്യമാകണമെന്ന് സാധാരണഗതിയിൽ ആഗ്രഹിക്കും. അത് ഇവിടെയില്ലെന്നുള്ളത് ഒരു കുറവായി വരുന്നുണ്ട്. സ്ഥാപനങ്ങളാരംഭിക്കാൻ ചില കമ്പനികൾ തയ്യാറായി അതിന്റെ പ്രതിനിധികളെ സംസ്ഥാനത്തേയ്ക്ക് അയയ്ക്കുമ്പോൾ അവർ കമ്പനികളിലേയ്ക്ക് അയയ്ക്കുന്ന റിപ്പോർട്ടിൽ ആവശ്യമായ പബ്ബ്, അതുപോലുള്ള മറ്റ് സൗകര്യങ്ങൾ എന്നിവയില്ലെന്നാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. അത് പരിഹരിക്കാനാണ് സർക്കാർ നേരത്തെ ഒരു ആലോചന നടത്തിയത്. പക്ഷേ എല്ലാം അടച്ചിടുന്ന സാഹചര്യമാണല്ലോ കോവിഡ് പശ്ചാത്തലത്തിലുണ്ടായത്. അതുകൊണ്ട് അതുസംബന്ധിച്ച മറ്റ് കാര്യങ്ങളിലേയ്ക്ക് കടന്നില്ലന്നേയുള്ളൂ. ഇപ്പോൾ നമ്മൾ എല്ലാം തുറന്നുവരുന്നു. മറ്റ് കാര്യങ്ങൾ ആലോചിക്കാം.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞ തൊഴിൽ നിയമങ്ങൾ ഐ.ടി. സ്ഥാപനങ്ങളിൽ നടപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഐ.ടി. കമ്പനികളിൽ ഇത്തരം തൊഴിൽ നിയമങ്ങൾ നടപ്പാക്കുന്നുണ്ടോയെന്നത് പരിശോധിക്കാനുള്ള സംവിധാനമുണ്ട്. അതിലെന്തെങ്കിലും കുറവുണ്ടെങ്കിൽ നമുക്ക് പ്രത്യേകം പരിശോധിക്കാം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, അസംഘടിത തൊഴിലാളികളുടെ ദുരന്തം എന്താണെന്നുള്ളതിന്റെ ഏറ്റവും വലിയ ദൃഷ്ടാന്തമാണ് ഐ.ടി. കമ്പനികളിലെ പിരിച്ചുവിടൽ. ചെയ്യാത്ത കുറ്റത്തിനാണ് ഇവർ ബലിയാടുകളാകുന്നത്. ഒരു സുപ്രഭാതത്തിൽ ആ കമ്പനിയിലെ എച്ച്.ആർ.ഡി. തലവൻ, നിങ്ങളെ

പിരിച്ചുവിട്ടിരിക്കുന്നുവെന്ന് ജീവനക്കാരെ വിളിച്ചുപറയും. തിരിച്ച് ഒന്നും ചോദിക്കാൻ പറ്റാത്ത അവസ്ഥയാണ്; sack and pack policy ആണ്. അവിടെ ട്രേഡ് യൂണിയനുകളില്ല, അവരെ സഹായിക്കാൻ ആരുമില്ല. ഇക്കാര്യത്തിൽ എന്ത് ഇടപെടലാണ് സർക്കാരിന് നടത്താൻ പറ്റുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ നേരത്തെ പറഞ്ഞ കൂട്ടത്തിൽ അത്തരത്തിലുള്ള കാര്യങ്ങളുമുണ്ട്. ഏതെങ്കിലും തരത്തിലുള്ള ദ്രോഹ നടപടികൾ ഉണ്ടാവുകയാണെങ്കിൽ അതിൽ ഇടപെടാനുള്ള വ്യവസ്ഥയുണ്ട്. തൊഴിൽ നിയമങ്ങൾ നടപ്പിലാക്കണമെന്ന് കമ്പനികളുമായുള്ള കരാറിൽ കർശനമായി വ്യവസ്ഥ ചെയ്യുന്നുണ്ട്. കരാർ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ വിജിലൻസ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. എച്ച്.ആർ. ഗ്രിവൻസ് കമ്മിറ്റികൾ ജീവനക്കാർക്ക് പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കാനുള്ളതാണ്. ഇതിനെല്ലാം പുറമേ ലേബർ കമ്മീഷണറുടെ കീഴിൽ പരാതി പരിഹാരസെൽ/കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതൊക്കെ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടിയുള്ളതാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, കേരളത്തിന്റെ ഭാവി വികസനത്തിലേറ്റവും നിർണ്ണായകമായ ഐ.ടി. സെക്ടറിൽ കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും നല്ല രീതിയിൽ പ്രോത്സാഹനം നൽകുന്നുണ്ട്. എന്നാലും ചില ഒറ്റപ്പെട്ട പിരിച്ചുവിടലുകളും മാനസിക സമ്മർദ്ദവും ജീവനക്കാർ നേരിടുന്നുണ്ട്. ഇതിനെ അഡ്രസ് ചെയ്യാൻ സർക്കാരിന്റെ കയ്യിൽ എന്തെങ്കിലും പദ്ധതികളുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ സ്ഥാപനങ്ങളിലെ തൊഴിലുമായി ബന്ധപ്പെട്ടുണ്ടാകുന്ന മാനസിക സംഘർഷം അവിടെയുള്ള മറ്റ് സാമൂഹികമായ ഇടപെടലുകളിലൂടെയൊക്കെ പരിഹരിക്കുകയാണ് വേണ്ടത്. അതിനും ചില നടപടികൾ ഈ കമ്പനികളിൽ സ്വീകരിക്കുന്നുണ്ട്. അത് കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടികളെടുക്കുകയും ചെയ്യാം.

ശ്രീ. അൻവർ സാദത്ത്: സർ, കേരളത്തിന്റെ ഭാവി വികസനത്തിന് ഐ.ടി. പാർക്ക് ഏറ്റവും നിർണ്ണായകമാണെന്ന കാര്യത്തിൽ സംശയമില്ല. ഐ.ടി.പാർക്കിന്റെ സാധ്യതകൾ ഇനിയും കേരളത്തിൽ വരികയാണ്. നമ്മുടെ കുട്ടികളൊക്കെ ഐ.ടി. മേഖലയെ ആസ്പദമാക്കിയുള്ള പഠനത്തിലൂടെയാണ് മുന്നോട്ടുപോകുന്നത്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കാനുള്ളത്, നെടുമ്പാശ്ശേരിയിൽ എയർപോർട്ടിനായി അക്വയർ ചെയ്ത് ഇപ്പോൾ വെറുതെ കിടക്കുന്ന സ്ഥലത്ത് പുതിയ ഐ.ടി പാർക്ക് കൊണ്ടുവരാൻ സാധിക്കുമോ; അതിനുള്ള സാഹചര്യമുണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം ചോദിച്ചത്, എറണാകുളത്തെ ഐ.ടി. പാർക്കിന് അവിടെ വരുന്ന സ്ഥാപനങ്ങളെ ഉൾക്കൊള്ളാൻ കഴിയാത്ത അവസ്ഥ വരുമ്പോൾ കൂടുതൽ വിസ്തൃതിയിൽ വികസിപ്പിക്കാൻ തയ്യാറാകുമോയെന്നുള്ളതാണ്. തീർച്ചയായും അത്തരമൊരു ഘട്ടം വരികയാണെങ്കിൽ അവിടെയുള്ള പാർക്കിന്റെ വിസ്തൃതി വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കും; ഓരോ ഘട്ടത്തിലും അത്തരത്തിൽ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുമുണ്ട്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഐ.ടി. മേഖലയിൽ കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും വളരെ മികച്ച നിലയിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. ഈ അഞ്ച് വർഷക്കാലത്തിനുള്ളിൽ എത്ര തൊഴിലവസരങ്ങൾ ഈ മേഖലയിൽ സൃഷ്ടിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, ഐ.ടി. മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടി തന്നെയാണ് സ്വീകരിച്ചുവരുന്നത്. കഴിഞ്ഞ കാലഘട്ടത്തിൽ നല്ല രീതിയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്; കൃത്യമായ എണ്ണം ഇപ്പോൾ എന്റെ കയ്യിലില്ല.

ശ്രീ. എം. വിൻസെന്റ്: സർ, കോവിഡിന്റെ പശ്ചാത്തലത്തിൽ വർക്ക് ഫ്രം ഹോം ഏറ്റവും കൂടുതൽ നടന്നിട്ടുള്ളത് ഐ.ടി. മേഖലയിലാണ്. ഇതാണ് ഏറ്റവും നല്ല സംവിധാനം എന്ന നിലയിലാണ് അവർ കണ്ടെത്തിയിരിക്കുന്നത്. ക്വാണ്ടം ഓഫ് വർക്ക് കൂടുതൽ നടക്കുന്നുവെന്നാണ് മാനേജ്മെന്റുകൾ കണ്ടെത്തിയിരിക്കുന്നത്. അയ്യായിരത്തോളം ജീവനക്കാരുള്ള ഒരു ഐ.ടി സ്ഥാപനത്തിന് രണ്ടായിരമോ മൂവായിരമോ സ്ക്വയർ ഫീറ്റുള്ള ഒരു അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ് മാത്രം മതിയെന്നുള്ള നിലയിലാണ് പോകുന്നത്. നിലവിൽ നമുക്ക് യാതൊരു പ്രശ്നവും ഉണ്ടായില്ലെങ്കിലും വർക്ക് അറ്റ് ഹോം തുടരാൻ ഐ.ടി. കമ്പനികൾ തീരുമാനിച്ചാൽ നമ്മുടെ ഐ.ടി. പാർക്കുകളിൽനിന്നും കൊഴിഞ്ഞുപോക്കുണ്ടാകാനുള്ള സാധ്യതയുണ്ട്. ഇത് സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; നാളെ അത്തരം കൊഴിഞ്ഞുപോക്കുകളോ മറ്റോ ഉണ്ടാകുമ്പോൾ അതിനെ നേരിടാൻ വേണ്ട എന്തെങ്കിലും പദ്ധതികളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഐ.ടി. മേഖലയിലെ കൊഴിഞ്ഞുപോക്ക് രണ്ട് തരത്തിലാണ്. ഒന്ന്, കൂടുതൽ നല്ല അവസരം കിട്ടുമ്പോൾ ജീവനക്കാർ തന്നെ മാറിപ്പോകുന്ന അവസ്ഥയുണ്ട്. മറ്റൊന്ന്, മാനേജ്മെന്റ് സ്വീകരിക്കുന്ന സമീപനത്തിന്റെ ഭാഗമായി ജോലി തുടരാൻ പറ്റാത്ത സാഹചര്യമുണ്ടാകാറുണ്ട്.

ഇതിൽ രണ്ടാമത്തെ കാര്യത്തിൽ തെറ്റായ നടപടികൾ വരുമ്പോൾ ഇടപെടാനുള്ള സംവിധാനത്തെക്കുറിച്ചാണ് നേരത്തെ പറഞ്ഞത്. പക്ഷേ കോവിഡിന്റെ സാഹചര്യം ഒരു പുതിയ സ്ഥിതിവിശേഷമാണുണ്ടാക്കിയത്. ആയിരക്കണക്കിന് ആളുകളുള്ള ക്യാമ്പസിൽ അവർക്ക് ഒന്നിച്ചുവന്ന് ജോലി ചെയ്യാൻ പറ്റാത്ത സാഹചര്യമുണ്ടായ ഘട്ടത്തിലാണ് വർക്ക് ഫ്രം ഹോം എന്ന നിലയുണ്ടായത്. അതിന്റെ ഭാഗമായുള്ള നടപടികൾ നല്ല നിലയ്ക്ക് നടത്താൻ കഴിഞ്ഞിട്ടുണ്ട്. അതൊരു പ്രത്യേക അവസരമായി നമ്മുടെ സ്ഥാപനങ്ങളെടുക്കുന്നുവെന്ന് പറയാൻ കഴിയില്ല. എന്നാൽ അതിപ്പോൾ യാഥാർത്ഥ്യമായിട്ടുണ്ട്. കുറച്ചുകൂടി കഴിഞ്ഞാലേ അതിനെക്കുറിച്ച് കൃത്യമായൊരു വിലയിരുത്തൽ നമുക്ക് നടത്താൻ കഴിയുകയുള്ളൂ.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ഐ.ടി. കമ്പനികളിൽ വനിതാ ജീവനക്കാർക്ക് ക്രഷ്, മുലയൂട്ടൽ കേന്ദ്രം എന്നിവയില്ലെന്നതും രാത്രി ജോലി കഴിഞ്ഞ് താമസ സ്ഥലത്തേയ്ക്ക് പോകാനുള്ള സൗകര്യങ്ങളില്ലെന്നതും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇത്തരം പരാതികൾ പറയാനുള്ള ഒരു സംവിധാനം അവിടെയില്ല. പരാതികൾ പറഞ്ഞാൽ അതിനെ ഗൗരവമായി എടുക്കുന്നില്ലെന്ന വിമർശനവും ആ മേഖലകളിലുണ്ട്. ഇതിനൊരു പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അസമയത്ത് ഷിഫ്റ്റ് അവസാനിക്കുന്ന വനിതാ ജീവനക്കാരെ കൃത്യമായി താമസ സ്ഥലത്ത് എത്തിക്കാനുള്ള സുരക്ഷിതമായ നടപടികൾ ഐ.ടി. കമ്പനികൾ തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്. അത് ഇവിടെ മാത്രമല്ല പ്രധാനപ്പെട്ട എല്ലാ ഐ.ടി. കേന്ദ്രങ്ങളിലും നടപ്പാക്കിവരുന്ന ഒരു സമ്പ്രദായമാണ്. അതോടൊപ്പം ജീവനക്കാരുടെ/ ജീവനക്കാരികളുടെ സൗകര്യം മുൻനിർത്തിക്കൊണ്ടുള്ള മറ്റ് സംവിധാനങ്ങളും ഈ ഐ.ടി. കമ്പനികളിൽ ഏർപ്പെടുത്തുന്നുണ്ട്. ഏതെങ്കിലും പ്രത്യേക കുറവുണ്ടെങ്കിൽ ഇടപെടാനുള്ള സംവിധാനം നമുക്കുണ്ട്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഓരോ മനുഷ്യന്റെയും അഭിരുചിക്കനുസരിച്ച് ഭക്ഷണമൊരുക്കുക, സ്കിന്നിന്റെ നിറത്തിനനുസരിച്ച് പാനീയങ്ങളൊരുക്കുക എന്ന അവസ്ഥയിലാണ് പല രാജ്യങ്ങളും പോകുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗപ്പെടുത്തിയ ടേസ്റ്റ് വൈസ് സ്റ്റാർട്ടപ്പും ത്രീഡി ഫുഡ് പ്രിന്റിംഗും ഒക്കെ ഇത്തരത്തിലുള്ളവയാണ്. വ്യവസായ വകുപ്പുമായി ആലോചിച്ച് ഐ.ടി. മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ ശ്രമിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഒരു ഐ.ടി. കമ്പനിയുടെ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ആ കമ്പനി തന്നെ പ്രത്യേകം കൈകാര്യം ചെയ്യുന്നതാണ്. കഫറ്റീരിയ പോലുള്ള ചെറിയ സൗകര്യങ്ങൾ അതത് കമ്പനികൾ തന്നെ ചെയ്യുന്ന കാര്യമാണ്. ബഹുമാനപ്പെട്ട അംഗം പാർക്കുപോലുള്ള കാര്യങ്ങളാണ് ഉദ്ദേശിച്ചതെന്ന് തോന്നുന്നു. ടെക്നോ പാർക്കും ഇൻഫോ പാർക്കും പോലുള്ളവ ഗവൺമെന്റ് കേന്ദ്രങ്ങളാണ്. അവിടെ പൊതുവിലുള്ള സൗകര്യങ്ങളേർപ്പെടുത്തുന്നതായിരിക്കും. അതിൽ ചില സൗകര്യങ്ങൾ ഇപ്പോൾത്തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മറ്റ് തരത്തിൽ വലിയ തോതിലുള്ള വ്യാവസായിക വികസനത്തിന്റെ സ്ഥലമായി ഈ ഐ.ടി. കേന്ദ്രങ്ങൾ മാറ്റാൻ കഴിയില്ല; കാരണം ഐ.ടി. മേഖല തന്നെയാണ് അവിടെ വികസിച്ചുവരുന്നത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, സംസ്ഥാന ബഡ്ജറ്റിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്നായിരുന്നു കേരളത്തെ വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയായി മാറ്റുകയെന്നത്. ഒപ്പംതന്നെ ഡിജിറ്റൽ വർക്ക് ഷോപ്പ് മാനേജ്മെന്റ് സംവിധാനത്തെക്കുറിച്ച് ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതിന്റെ പുരോഗതി സംബന്ധിച്ച് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, അതുമായി ബന്ധപ്പെട്ട് പ്രത്യേക നോട്ടീസ് വേണം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഐ.ടി. രംഗത്ത് വർക്ക് ഫ്രം ഹോം എന്ന പുതിയ തൊഴിൽ സംസ്കാരം വ്യാപകമായി ആവിഷ്കരിച്ച് നടപ്പാക്കപ്പെട്ടിരിക്കുകയാണ്. ഈ സന്ദർഭത്തിൽ വിദേശ രാജ്യങ്ങളിലെ ഐ.ടി. രംഗത്തുള്ള സാധ്യതകൾ നമ്മുടെ ഐ.ടി. വിദ്യാസമ്പന്നരായ യുവജനങ്ങൾക്ക് കൂടുതൽ ഉപയുക്തമാക്കാൻ കഴിയുന്ന ഒരു സാഹചര്യമുണ്ട്. അതിനനുസൃതവും സഹായകരവുമായ നിലപാടുകൾ ഗവൺമെന്റ് ആവിഷ്കരിക്കുമോ; അത് നടപ്പിലാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അതുമായി ബന്ധപ്പെട്ട് വളരെ ഫലപ്രദമായ നടപടികളാണ് നമ്മൾ നേരത്തെ തന്നെ ആരംഭിച്ചത്. ആ ശ്രമത്തിന് നല്ല ഫലവും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ആദ്യഘട്ടമായി ചില തൊഴിലവസരങ്ങൾ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്. കുറേക്കൂടി വിപുലമായ തൊഴിലവസരങ്ങൾ ഉറപ്പുവരുത്താനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

## ലഹരി വിമുക്ത കേരളം

2(*452) ശ്രീ. ജി. സ്റ്റീഫൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടപ്പാക്കിവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഓൺലൈൻ പ്ളാറ്റ്ഫോം മുഖേന ലഹരി മരുന്നുകളുടെ വിൽപ്പന വ്യാപകമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ,

(എ) 'ലഹരിമുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെയും ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും സംസ്ഥാനത്ത് ദ്വിമുഖ നയമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. വ്യാജമദ്യം, മയക്കുമരുന്ന്, നിരോധിത പുകയില ഉല്പന്നങ്ങൾ എന്നിവയുടെ കടത്ത്, വിൽപ്പന, ഉപയോഗം എന്നിവയ്ക്കെതിരെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതോടൊപ്പം ബോധവൽക്കരണം ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ 'ലഹരിമുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ വിമുക്തിക്ക് രൂപം നൽകിയിട്ടുമുണ്ട്. 'വിമുക്തി മിഷൻ' മുഖേന ലഹരിക്കെതിരെ വിവിധ തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ലഹരിക്കടിമപ്പെട്ടവർക്ക് ലഹരി മോചന ചികിത്സ, കൗൺസിലിംഗ് എന്നിവ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പൊതുജന പങ്കാളിത്തത്തോടെയും മറ്റ് സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. വിദ്യാലയങ്ങളിൽ രൂപീകരിച്ചിട്ടുള്ള ലഹരിവിരുദ്ധ ക്ലബ്ബുകൾ മുഖേനയും പുതുതായി ആവിഷ്കരിച്ച 'ഉണർവ് ' എന്ന കായിക പരിശീലന പദ്ധതിയിലൂടെയും സ്കൂൾ കുട്ടികൾക്കിടയിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. സമാന ലക്ഷ്യത്തിനായി കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ

'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ചുവരുന്നു. കൂടാതെ, എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വാർഡുതല വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങളും ലഹരി വിമുക്ത ചികിത്സയ്ക്കുള്ള നടപടികളും സ്വീകരിച്ചുവരുന്നു. തീരദേശ മേഖലയിലും ആദിവാസി മേഖലയിലും കുട്ടികളിലും യുവാക്കളിലും കായികശേഷി വർദ്ധിപ്പിക്കുന്നതിനും അവർ അനഭിലഷണീയ പ്രവണതകളിൽ ഏർപ്പെടാതിരിക്കുവാനും " ഫിറ്റ്നെസ്സ് കേന്ദ്രങ്ങൾ" തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എല്ലാ ജില്ലകളിലും നിലവിൽ പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകൾ കൂടാതെ രണ്ട് ഡീ-അഡിക്ഷൻ സെന്ററുകൾകൂടി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. എൻ.ഡി.പി.എസ്. (Narcotic Drugs and Psychotropic Substances) Act-ന്റെ പരിധിയിൽ വരുന്ന കേസ്സുകളിലുൾപ്പെട്ട 21 വയസ്സിൽ താഴെ പ്രായമുള്ളവർ വീണ്ടും ലഹരി ഉപയോഗ സാധ്യതയിലേയ്ക്ക് പോകാതിരിക്കുവാൻ അവർക്ക് കൗൺസിലിംഗ്/ചികിത്സ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഓൺലൈൻ പ്ലാറ്റ്ഫോം മുഖേന ലഹരി മരുന്നുകളുടെ വിൽപ്പന നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ വ്യാപകമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കണ്ണൂർ ജില്ലയിൽ ഇത്തരത്തിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് തടയുന്നതിനായി ഓൺലൈൻ സ്ഥാപനങ്ങളിലും ഓൺലൈൻ പാഴ്സലുകൾ കൈകാര്യം ചെയ്യുന്ന പാഴ്സൽ സർവ്വീസ് ഏജൻസി ഓഫീസുകളിലും നിരന്തരം പരിശോധന നടത്തിവരുന്നുണ്ട്.

ശ്രീ. ജി. സ്റ്റീഫൻ: സർ, ലഹരിയുടെ ഉപയോഗം കേരളത്തിൽ ഒരു മഹാവിപത്തായി തുടരുകയാണ്. കേരളത്തിലുണ്ടാകുന്ന കുറ്റകൃത്യങ്ങൾക്കും ഇതൊരു പ്രധാനപ്പെട്ട കാരണമാകുന്നുണ്ട്. ആരോഗ്യപൂർണ്ണമായ സമൂഹജീവിതത്തിന് വെല്ലുവിളി ഉയർത്തിക്കൊണ്ട് ലഹരിയുടെ ഉപയോഗം വർദ്ധിച്ചുവരികയും പ്രായഭേദമന്യേ ആളുകൾ ലഹരിയുടെ പിടിയിൽപ്പെടുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. ലഹരിക്ക് അടിമപ്പെട്ടവരെ ഡീ-അഡിക്ഷൻ സെന്ററുകൾ, കൗൺസിലിംഗ് സെന്ററുകൾ എന്നിവയിലൂടെ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരുന്നുണ്ടെങ്കിലും പിന്നീട് അവർ ഈ സ്വഭാവത്തിലേയ്ക്ക് തിരികെ പോകാതിരിക്കുന്നതിന് പോസ്റ്റ് കൗൺസിലിംഗ് നടത്താനും അതുപോലെ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ആവശ്യമായ ഗൈഡൻസ് നൽകുന്നതിനും സർക്കാർ ആലോചിക്കുമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ബഹുമാനപ്പെട്ട ജി. സ്റ്റീഫൻ ചൂണ്ടിക്കാണിച്ച കാര്യങ്ങളൊക്കെ പൊതുവെ കേരളത്തെ സംബന്ധിച്ച് ബാധകമാണ്. കുറ്റകൃത്യങ്ങൾ ചെയ്യുന്നതിനുള്ള പ്രവണത മദ്യപാന ശീലത്തിന്റെ

ഭാഗമായി ഉണ്ടാകുന്നുണ്ടെന്നുള്ളത് സത്യമാണ്. ഡീ-അഡിക്ഷൻ സെന്ററുകൾ ഇപ്പോൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ടാണ് ഗവൺമെന്റിന് ഇനി ആലോചിക്കാനുള്ളത്. സ്വാഭാവികമായും ഡീ-അഡിക്ഷൻ സെന്ററുകളിൽ ചികിത്സ ലഭിച്ചിട്ടുള്ള ആളുകൾക്ക് മദ്യാസക്തിയിൽനിന്നും വിടുതൽ കിട്ടുന്നുവെന്ന് തന്നെയാണ് കാണുന്നത്. കൗൺസിലിംഗും മറ്റ് സംവിധാനങ്ങളും ഉപയോഗപ്പെടുത്തി ആളുകളെ മദ്യാസക്തിയിൽനിന്നും മോചിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരികയാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഇതിന് വ്യാപകമായ രീതിയിലുള്ള ഒരു തലം, കേരളത്തിന്റെ സാമ്പത്തിക സാഹചര്യവും കൂടി കണക്കിലെടുത്ത് നമുക്ക് ആലോചിച്ച് ആവശ്യമായ നിലപാടുകൾ സ്വീകരിക്കാൻ സാധിക്കേണ്ടതുണ്ട്.

ശ്രീ. ജി. സ്റ്റീഫൻ: സർ, നഗരങ്ങളിലും ഗ്രാമങ്ങളിലും ലഹരി വിമുക്ത ബോധവൽക്കരണ പ്രവർത്തനങ്ങൾ സജീവമായി നടന്നുവരുന്നുണ്ടെന്നത് അഭിനന്ദനാർഹമാണ്. എങ്കിലും ആദിവാസി മേഖലകളിൽ ഇത്തരം പ്രചാരണ പ്രവർത്തനങ്ങളുടെ അഭാവം നിലനിൽക്കുന്നുണ്ട്. ഈ മേഖലയിൽ എക്സൈസ് വകുപ്പിന്റെ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായി നിലമ്പൂർ, മാനന്തവാടി, അടിമാലി എന്നിവിടങ്ങളിലാരംഭിച്ച ജനമൈത്രി എക്സൈസ് എന്ന മാതൃകാ ഓഫീസുകൾ ആദിവാസി ജനത കൂടുതലുള്ള മറ്റ് നിയമസഭാ മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് വ്യാപകമാക്കുന്നതിന് സർക്കാർ ആലോചിക്കുമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ആദിവാസി മേഖലകളിൽ സമ്പൂർണ്ണമായ അർത്ഥത്തിൽത്തന്നെ മദ്യാസക്തിയിൽനിന്നും അവരെ മോചിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സജീവമായി നടന്നുവരുന്നു. അതിനാവശ്യമായ ജനമൈത്രി ഓഫീസുകളും ഇതിന്റെ ഭാഗമായിട്ടുള്ള നിരവധി ബോധവൽക്കരണ പ്രവർത്തനങ്ങളും താഴെ തലങ്ങളിൽ നടക്കുന്നുണ്ട്. അതുപോലെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുമായി ബന്ധപ്പെട്ടും ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇടുക്കി ജില്ലയിൽ പ്രത്യേക പദ്ധതി ഇതിന്റെ ഭാഗമായി രൂപീകരിച്ചിട്ടുണ്ട്. ആ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. പട്ടികവർഗ്ഗ മേഖലകളിൽനിന്നുള്ള നൂറ് ആളുകളെ എക്സൈസ് ഡിപ്പാർട്ടുമെന്റിലേയ്ക്ക് പ്രത്യേകം റിക്രൂട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട കാര്യം (ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ പ്രാവശ്യം സഭയിൽ ചൂണ്ടിക്കാണിച്ചിരുന്നു.) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നൂറ് ആളുകളെ എക്സൈസിന്റെ ഭാഗമായി മാറ്റാനായാൽ കുറേക്കൂടി പട്ടികവർഗ്ഗ കോളനികളിൽ ഫലപ്രദമായി ഇടപെടാൻ സാധിക്കുമെന്ന് തന്നെയാണ് കാണുന്നത്. അങ്ങനെ ഇടപെടണമെന്ന് തന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. ഒ. ആർ. കേളു: സർ, വിമുക്തി വളരെ ഫലപ്രദമായി നടപ്പിലാക്കിയ പദ്ധതിയാണെന്ന് പറഞ്ഞു. പട്ടികവർഗ്ഗ മേഖലകളിൽ മദ്യ വിതരണം നടക്കുന്നുണ്ട്. തൊഴിലിടങ്ങളിൽ തൊഴിലുടമ തൊഴിലാളികൾക്ക് മദ്യം വാങ്ങിക്കൊടുക്കുന്നത് വ്യാപകമായി വർദ്ധിച്ചുവരുന്നുണ്ട്. അത്തരം ആൾക്കാർക്കെതിരെ കേസെടുക്കാൻ സാധിക്കണം. അതുപോലെ കോളനികളിൽ ബിവറേജസ് കോർപ്പറേഷനിൽനിന്ന് വിദേശമദ്യം വാങ്ങിക്കൊണ്ടുവന്ന് അവർക്ക് ഒഴിച്ചുകൊടുക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇക്കാര്യങ്ങൾ തടയുന്നതിനുവേണ്ടി ശക്തമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, പട്ടികവർഗ്ഗ വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകളിലും കോളനികളിലും തൊഴിലുടമതന്നെ മദ്യം വാങ്ങി ഒഴിച്ചുകൊടുക്കുന്നുവെന്നതും വിദേശമദ്യം വാങ്ങിക്കൊണ്ടുവന്ന് കോളനികളിൽ വിതരണം ചെയ്യുന്നുവെന്നതും ബഹുമാനപ്പെട്ട അംഗം ഒ.ആർ.കേളു ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇത് രണ്ടും നിയമവിരുദ്ധമായ പ്രവർത്തനങ്ങളാണ്. ഇത്തരം പ്രവർത്തനങ്ങളെ ഗവൺമെന്റ് കർശനമായ രീതിയിൽത്തന്നെയാണ് നേരിടാനുദ്ദേശിക്കുന്നത്. ഒരു തരത്തിലും പട്ടികവർഗ്ഗ കോളനികളിൽ മദ്യം ഒഴുക്കുന്നതിന് അനുകൂലമായ നിലപാട് സ്വീകരിക്കുകയില്ലെന്ന് മാത്രമല്ല അതിനെതിരെ കർശന നിലപാട് സ്വീകരിക്കാൻ തന്നെയാണ് എക്സൈസ് ഡിപ്പാർട്ടുമെന്റ് ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നിരവധി സംഭവങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരാനും കേസെടുക്കാനുമൊക്കെ ഇതിന്റെ ഭാഗമായി സാധിച്ചിട്ടുണ്ടെന്ന കാര്യം അറിയിക്കുകയാണ്.

ശ്രീ. എ. പ്രഭാകരൻ: സർ, ജനങ്ങളുടെ പിന്തുണയോടെ സംസ്ഥാന ലഹരി വർജ്ജന മിഷൻ, വിമുക്തിയുടെ നേതൃത്വത്തിൽ കേരളത്തിലാകെ വിപുലമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ഗാന്ധിജയന്തി ദിനവുമായി ബന്ധപ്പെട്ട് ഒരു മാസം നീണ്ടുനിൽക്കുന്ന പരിപാടികളാണ് അവർ സംഘടിപ്പിച്ചത്. മാതൃകാപരമായ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് നടത്തുന്നുണ്ടെങ്കിലും മദ്യത്തിന്റെ ഉപയോഗം കുറയുന്നില്ല. ആരോഗ്യത്തിന് ഉത്തമമായ വൈൻപോലുള്ള വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കാൻ സർക്കാരിന് പരിപാടിയുണ്ടോ; എന്റെ മണ്ഡലത്തിലെ മലബാർ ഡിസ്റ്റിലറിയിൽ അതിന് എല്ലാ സൗകര്യങ്ങളുമുണ്ട്, അത് പ്രയോജനപ്പെടുത്തിക്കൂടെ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, വിമുക്തിയുടെ പ്രവർത്തനം വളരെ ശ്ലാഘനീയമായ രീതിയിലാണ് കേരളത്തിൽ താഴേത്തലംവരെ നടന്നുവരുന്നത്. ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് ഒരു മാസക്കാലം നീണ്ടുനിൽക്കുന്ന മദ്യവർജ്ജന പരിപാടികൾ നല്ല നിലയിൽ നടന്നുവരികയാണ്. ബഹുമാനപ്പെട്ട

അംഗം ചൂണ്ടിക്കാണിച്ചതുപോലെ മദ്യാസക്തി കുറയുകയാണെന്ന് പറയാൻ സാധിക്കില്ല. കുറയ്ക്കാനുള്ള ശ്രമങ്ങളാണ് നടത്തിവരുന്നത്. അത് കുറച്ചധികം ഫലപ്രദമാകുന്നുമുണ്ട്. കൃഷിക്കാർക്കുകൂടി ഗുണപ്രദമാകുമെന്നതിനാൽ ആരോഗ്യകരമായ വൈൻ പോലെയുള്ള വീര്യം കുറഞ്ഞ മദ്യം നിർമ്മിക്കുന്നതിനെക്കുറിച്ച് വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി പലപ്പോഴും സഭയിൽ പറയാറുണ്ട്. മലബാർ ഡിസ്റ്റിലറി ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ നിലവിൽ പൂട്ടിക്കിടക്കുകയാണ്. അവിടെയെല്ലാം വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിച്ച് ആരോഗ്യത്തിന് ഹാനികരമല്ലാത്ത വിധത്തിൽ എങ്ങനെ കൈകാര്യം ചെയ്യാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചുവരികയാണ്. അംഗങ്ങളുടെയെല്ലാം അഭിപ്രായം കണക്കിലെടുത്ത് മാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, എറണാകുളം, തിരുവനന്തപുരം ഉൾപ്പെടെയുള്ള നഗരങ്ങൾ ലഹരി ഹബ്ബുകളായി മാറിക്കൊണ്ടിരിക്കുകയാണ്. എല്ലാ ക്രിമിനൽ പ്രവർത്തനങ്ങളുടെയും പിന്നിൽ ലഹരി മാഫിയയുണ്ട്. വിമുക്തിയുടെ ഭാഗമായി 14 ജില്ലകളിലും ഡീ-അഡിക്ഷൻ സെന്റർ ആരംഭിച്ചെങ്കിലും ഒരു സ്ഥലത്തും പ്രവർത്തിക്കുന്നില്ല, എന്റെ അറിവ് തെറ്റാണെങ്കിൽ തിരുത്താം. ഇത്തരം സെന്ററുകളിൽ ആവശ്യത്തിന് ജീവനക്കാരില്ല, നിയമിച്ച ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നില്ല, കിടത്തി ചികിത്സ അവസാനിപ്പിച്ചു, സൗജന്യമായി നൽകുമെന്ന് പറഞ്ഞിരുന്ന മരുന്നും ഇപ്പോൾ നൽകുന്നില്ല. ശ്രീ. ജി. സ്റ്റീഫന്റെ ചോദ്യത്തിന് മറുപടി പറഞ്ഞപ്പോൾ സാമ്പത്തിക സാഹചര്യങ്ങൾ കണക്കിലെടുത്ത് നടപടി സ്വീകരിക്കുമെന്ന് അങ്ങ് പറയുകയുണ്ടായി. മദ്യത്തിന് ചുമത്തുന്ന സെസ്സ് മുഖാന്തരം ലഭ്യമാകുന്ന കോടിക്കണക്കിന് രൂപ ഗവൺമെന്റിന്റെ കൈവശമുണ്ടായിട്ടും ലഹരിവിമുക്ത പ്രവത്തനങ്ങൾക്ക് പണം നൽകുന്നില്ല. പ്രസ്തുത നികുതിയിനത്തിൽ പിരിച്ച തുകയും ചെലവാക്കിയ തുകയും എത്രയെന്ന് വ്യക്തമാക്കുമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, എറണാകുളം, തിരുവനന്തപുരം ഉൾപ്പെടെയുള്ള വൻനഗരങ്ങളിൽ ആളുകൾ വലിയ രീതിയിൽ ലഹരി ഉപയോഗിക്കുന്നുവെന്നും അതിന്റെ ഭാഗമായി കുറ്റകൃത്യങ്ങൾ കൂടുന്നുണ്ടെന്നും ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചു. ഇതൊന്നും നിഷേധിക്കേണ്ട കാര്യമായല്ല എനിക്ക് തോന്നുന്നത്. അത്തരം കാര്യങ്ങളിൽ ഫലപ്രദമായി ഗവൺമെന്റ് ഇടപെടുകയാണ്. കാരണം എം.ഡി.എം.എ. ഉൾപ്പെടെയുള്ള വളരെ വിലകൂടിയ ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്തുനിന്നും പിടിക്കപ്പെടുകയാണ്. ഒരു കിലോ എം.ഡി.എം.എ.യ്ക്ക് 5.5 കോടി രൂപയാണ് വില കണക്കാക്കുന്നത്. ഈ

തുക കേവലം ലഹരി വസ്തുവിന്റെ മൂല്യം മാത്രമാകാൻ സാധ്യതയില്ല, അതിന്റെ ഉപയോഗമൂല്യംകൂടി ചേർത്തായിരിക്കും ഇത്രയും ഭീമമായ തുക വരുന്നതെന്നാണ് എനിക്ക് തോന്നുന്നത്. ലഹരി പദാർത്ഥങ്ങൾ വിവിധ സ്ഥലങ്ങളിൽനിന്നും കണ്ടെത്തുന്നതിനും ഇതുമായി ബന്ധപ്പെട്ടവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിനുമുള്ള വളരെ ശാസ്ത്രീയമായ പ്രവർത്തനമാണ് കൊച്ചിയിലും എറണാകുളത്തും തിരുവനന്തപുരത്തുമെല്ലാം ഇപ്പോൾ നടന്നുവരുന്നത്. അതിന്റെ ഭാഗമായി പോലീസ് ഉൾപ്പെടെയുള്ള സംവിധാനങ്ങളുമായിച്ചേർന്ന് ചരിത്രത്തിലില്ലാത്ത രീതിയിൽ ജാഗ്രതയോടെയുള്ള പ്രവർത്തനമാണ് എക്സൈസ് വകുപ്പ് ഇപ്പോൾ നടത്തിവരുന്നതെന്നുള്ള കാര്യം ഞാൻ സഭയെ അറിയിക്കുകയാണ്. വിമുക്തിയുടെ പ്രവർത്തനം വളരെ സജീവമായാണ് ജില്ലകളിലുടനീളം നടക്കുന്നത്. 14 ജില്ലകളിലും ഈ സെന്ററുകൾ നന്നായി പ്രവർത്തിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അവയുടെ പ്രവർത്തനം നിലച്ചുപോകുകയോ കിടത്തി ചികിത്സയുടെ സൗകര്യം ഇല്ലാതാകുകയോ ചെയ്തിട്ടില്ല. മാത്രമല്ല, സത്യത്തിൽ വലിയ രീതിയിൽ ആശ്വാസം നൽകുന്ന പ്രവർത്തനങ്ങളാണ് ഡീ-അഡിക്ഷൻ സെന്ററുമായി ബന്ധപ്പെട്ട് നടന്നുവരുന്നത്. ധാരാളം ആളുകൾ ഇത്തരം കേന്ദ്രങ്ങളിൽ എത്തിച്ചേരുന്നുവെന്നതും 14 ഡീ-അഡിക്ഷൻ സെന്ററുകളും വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്നുള്ളതും വളരെയേറെ പ്രാധാന്യമുള്ള കാര്യമാണ്. 2021 ആഗസ്റ്റ് മാസംവരെ 52034 പേർക്ക് ഔട്ട്പേഷ്യന്റ് വിഭാഗത്തിലും 4745 പേർക്ക് കിടത്തി ചികിത്സയും നൽകിയിട്ടുണ്ട്. അതുപോലെ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഡീ-അഡിക്ഷൻ സെന്റർ ഇപ്പോൾ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. എറണാകുളം, കോഴിക്കോട് ജില്ലകളിൽ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ഡീ-അഡിക്ഷൻ സെന്ററുകൾ ഈ വർഷം തന്നെ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. മേഖലാ കൗൺസിലിംഗ് സെന്ററുകളും ഇപ്പോൾ ആരംഭിക്കുന്നുണ്ട്. 2021 ആഗസ്റ്റ് മാസംവരെ 7156 പേർക്ക് കൗൺസിലിംഗ് നൽകുന്നതിന് സാധിച്ചിട്ടുണ്ട്. കഴിയാവുന്ന എല്ലാ സാധ്യതകളും ഉപയോഗിച്ചുകൊണ്ട് മദ്യാസക്തിക്കെതിരായ ഫലപ്രദമായ പ്രചരണ പ്രവർത്തനം വിമുക്തിയുടെ ഭാഗമായി നടന്നുവരുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. സെസ്സ് സംബന്ധിച്ച കോടിക്കണക്കിന് രൂപയുടെ കണക്കുകളൊന്നും ഇതുപോലുള്ള ചോദ്യത്തിനൊപ്പം ചേർത്ത് പറയാൻ സാധിക്കുന്നതല്ല, പ്രത്യേക ചോദ്യം വരുമ്പോൾ അക്കാര്യം പറയാം.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, ലഹരിവിമുക്ത കേരളം എന്ന ആശയം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ക്യാമ്പയിൻ വളരെ ശക്തമായി എക്സൈസ് വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. കുട്ടികളെയും ചെറുപ്പക്കാരെയും മദ്യത്തിന്

അടിമപ്പെട്ടുപോകാതെ സംരക്ഷിക്കണം. ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതും ചികിത്സ ലഭ്യമാക്കുന്നതും മദ്യത്തിന് അടിമപ്പെട്ടുപോയ ആളുകൾക്കുവേണ്ടിയാണ്. പുതിയതായി ഡീ-അഡിക്ഷൻ സെന്ററുകൾ തുടങ്ങുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിട്ടുണ്ട്. എന്റെ നിയോജകമണ്ഡലമായ ഉദുമയിലെ മൂളിയാറിൽ ഒരു ഡീ-അഡിക്ഷൻ സെന്റർ തുടങ്ങുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ആവശ്യമായ സ്ഥലം കണ്ടെത്തി കാര്യങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കേന്ദ്രം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന വിവരം ലഭ്യമാക്കാമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, മൂളിയാർ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ഡീ-അഡിക്ഷൻ സെന്ററുകൾ തുടങ്ങണമെന്നു തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ആദ്യത്തെ ചോദ്യത്തിന് ഉത്തരം പറയുമ്പോൾത്തന്നെ ഇക്കാര്യം ഞാൻ സൂചിപ്പിച്ചിരുന്നു. സാമ്പത്തിക ലഭ്യത കൂടി കണക്കിലെടുത്ത് ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കാനും വിമുക്തിയുടെ പ്രചരണം വളരെ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാനും സാധിക്കണമെന്ന് തന്നെയാണ് സർക്കാർ ആഗ്രഹിക്കുന്നത്. അതിനുവേണ്ടിയുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ആ ഘട്ടത്തിൽ മൂളിയാറിൽ ഡീ-അഡിക്ഷൻ സെന്റർ തുടങ്ങുന്ന കാര്യവും പരിഗണിക്കാൻ സാധിക്കുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കേരളത്തിന്റെ ഡ്രഗ് കാപ്പിറ്റൽ നിർഭാഗ്യവശാൽ എറണാകുളം ആണെന്നാണ് പത്രങ്ങളും മറ്റും പറയുന്നത്. അവിടെ സിനിമാ മേഖലയിലേയ്ക്ക് പുതുതായി വന്ന ചെറുപ്പക്കാർ ലഹരി ഒരു ഹരമായി സ്വീകരിച്ചിരിക്കുന്നുവെന്നാണ് മനസ്സിലാകുന്നത്. ഇതുസംബന്ധിച്ച് പല കേസ്സുകളും രജിസ്റ്റർ ചെയ്യുകയും കോടിക്കണക്കിന് രൂപയുടെ ഡ്രഗ് പിടിച്ചെടുക്കുകയും ചെയ്തു. അതുമാത്രമല്ല, കേരളത്തിലെ എല്ലാ ജില്ലകളിലെയും കോളേജുകൾ, സ്കൂളുകൾ തുടങ്ങി ചെറുപ്പക്കാരുള്ള സ്ഥലങ്ങളിലൊക്കെ ഇപ്പോൾ ഇതൊരു ഫാഷനായി മാറിയിട്ടുണ്ട്. മദ്യം ഓൾഡ് ഫാഷനാകുകയും ഡ്രഗ് ഫാഷനായി മാറുകയും ചെയ്തു. ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; സിനിമാ നടീ-നടന്മാർ ഇത്തരം കാര്യങ്ങൾ ഉപയോഗിക്കുന്നുണ്ടെന്നതിനാൽ ഇതും ഒരു വലിയ ഫാഷനായി മാറുകയാണ്. അതുകൊണ്ടുതന്നെ നമ്മുടെ പ്രധാന നടന്മാരെ വച്ചുകൊണ്ട് ലഹരിക്കെതിരായ ഒരു പരസ്യം ചെയ്തുകൂടേ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച പ്രശ്നത്തിന്റെ പിന്നിലുള്ള മനോവികാരത്തെ ഞാൻ കണക്കിലെടുക്കുകയാണ്.

എറണാകുളത്തുനിന്നും എക്സൈസ് ഡിപ്പാർട്ടുമെന്റും പോലീസും കണ്ടെത്തിയ വ്യാജ മയക്കുമരുന്നുകൾ, എറണാകുളം പോലെയുള്ള സ്ഥലങ്ങളിൽ മയക്കുമരുന്ന് നല്ലതുപോലെ ഉപയോഗിക്കുന്നു എന്നുള്ളതിന്റെ തെളിവാണ്. അതിന്റെ ഒരു ചിത്രം ഞാൻ നേരത്തെ വിശദീകരിച്ചു. ചെറുപ്പക്കാർ, വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്കിടയിൽ ഇത്തരം പ്രവണതകൾ ശക്തിപ്പെടുന്ന പശ്ചാത്തലത്തിൽ സ്കൂളുകളിലും കോളേജുകളിലും ഹോസ്റ്റലുകളിലുമെല്ലാം മദ്യാസക്തിക്കെതിരായുള്ള വിമുക്തിയുടെ പ്രചാരവേല വിവിധ പേരുകളിൽ ഫലപ്രദമായി നടത്താൻ തീരുമാനിക്കുകയും അത് നടന്നുവരികയും ചെയ്യുന്നുണ്ട്. അതുപോലെ ഇത്തരത്തിൽ ഉപയോഗിക്കുന്ന ലഹരി മരുന്നുകൾ കൃത്യമായി കണ്ടെത്താനും പ്രതികളെ നിയമപരമായി കൈകാര്യം ചെയ്യാനും ഗവൺമെന്റിന് വേണ്ടത്ര ആകുന്നില്ല. എം.ഡി.എം.എ. സംസ്ഥാന സ്ക്വാഡ് കണ്ടെത്തിയെങ്കിലും ആ സ്ക്വാഡിന് താഴെത്തലത്തിൽ കൈമാറാൻ മാത്രമേ അവകാശമുണ്ടായിരുന്നുള്ളൂ. അങ്ങനെ കൈമാറിയപ്പോൾ ചില ഉദ്യോഗസ്ഥർ അതിൽ പിടിക്കപ്പെട്ടവരെ വെറുതെ വിടുകയും ഒരു കേസ്സെടുക്കുന്നതിനുപകരം ഒന്നും രണ്ടും കേസായി എഫ്.ഐ.ആർ. ഇടുകയും ആരെയും കണ്ടെത്താനായില്ലെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്ത സാഹചര്യം വന്നപ്പോഴാണ് അദ്ദേഹത്തെ സസ്പെൻഡ് ചെയ്യുകയും കർശന നിലപാട് സ്വീകരിച്ചുകൊണ്ട് ക്രൈം ബ്രാഞ്ചിന് വിടുകയും ചെയ്തത്. ആ കേസന്വേഷണങ്ങൾ ഫലപ്രദമായി നടക്കുകയാണ്. വിവിധ തലങ്ങളിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പുറത്തുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ഗൗരവപൂർവ്വമായ ഇടപെടൽ നടത്താൻ എക്സൈസ് ഡിപ്പാർട്ടുമെന്റിന് ഇപ്പോൾ സാധിക്കുന്നുണ്ട്. ഇന്നത്തെ പത്രം എല്ലാവരും വായിച്ചുകാണും. വലിയ രീതിയിലുള്ള സ്പിരിറ്റ് വേട്ടയാണ് തിരുവനന്തപുരത്ത് ഇന്നലെ നടന്നത്. എക്സൈസും പോലീസും മറ്റ് ഡിപ്പാർട്ടുമെന്റുകളുമെല്ലാം ചേർന്ന് വളരെ ഫലപ്രദമായ രീതിയിൽ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ചരിത്രത്തിലില്ലാത്തത്രയും കേസുകൾ നമുക്ക് കണ്ടെത്താൻ കഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ ചെറുപ്പക്കാർക്കിടയിൽ ഫാഷൻപോലെ മാറിക്കൊണ്ടിരിക്കുന്ന ഇത്തരം പ്രവണതകൾക്കെതിരായി നല്ല രീതിയിലുള്ള പ്രചരണ പ്രവർത്തനങ്ങൾ ഹോസ്റ്റൽ, കോളേജ്, ഹൈസ്കൂൾ തലത്തിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഡ് തലത്തിലുമെല്ലാം വിമുക്തിയുടെ ഭാഗമായി നടന്നുവരുന്നുണ്ട്. അത് ഒന്നുകൂടി ശക്തിപ്പെടുത്തി മുന്നോട്ടുപോകുമ്പോൾ തീർച്ചയായും ഇത്തരത്തിലുള്ള വികാരത്തിൽനിന്ന് അവരെ തിരിച്ച് സാധാരണ നിലയിലേയ്ക്ക് കൊണ്ടുവരാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സിനിമാ മേഖല ഉൾപ്പെടെയുള്ള പല മേഖലകളിലും നമ്മൾ വളരെ ബഹുമാന്യരാണെന്ന് വിചാരിക്കുന്ന നിരവധിയാളുകൾ ഇതുമായി ബന്ധപ്പെടുന്നുവെന്നാണ് ഓരോ ദിവസത്തെയും കേസ് കൈകാര്യം ചെയ്യുമ്പോൾ കാണുന്നത്. ഇതിനെതിരായി

ആവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് മദ്യവർജ്ജനത്തിലേയ്ക്ക് കേരളത്തെ എത്തിക്കാൻ സാധിക്കുമെന്ന് തന്നെയാണ് ഗവൺമെന്റ് കാണുന്നത്.

ശ്രീ. പി. എസ്. സുപാൽ: സർ, മയക്കുമരുന്നുകളുടെ ഉപയോഗം വലിയ സാമൂഹ്യപ്രശ്നമായി മാറിയിരിക്കുകയാണ്. ബോധവൽക്കരണത്തോടൊപ്പം നിയമ നടപടികളും സ്വീകരിക്കേണ്ടതുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വൻതോതിൽ കഞ്ചാവും മറ്റ് മയക്കുമരുന്നുകളും നമ്മുടെ സംസ്ഥാനത്തേയ്ക്ക് റെയിൽവേ, ഊടുവഴികൾ, ചെക്ക് പോസ്റ്റ്, മറ്റ് വാഹനങ്ങൾ എന്നിവവഴി വരുന്നുണ്ട്. ശരിയായ ഒരു പരിശോധന ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ട്. അതിർത്തി പ്രദേശത്ത് ഇതുമായി ബന്ധപ്പെട്ട് ഒരു യോഗം ഞാൻ വിളിച്ചുചേർത്തപ്പോൾ, ഫോറസ്റ്റ്, പോലീസ്, എക്സൈസ് എന്നീ വകുപ്പുകളിൽ ജീവനക്കാരുടെ കുറവുണ്ടെന്ന് മനസ്സിലായി. അതുകൊണ്ട് പരിശോധനയും പട്രോളിംഗും ശക്തമാക്കി കർശനമായ നടപടികൾ സ്വീകരിച്ചുകൊണ്ട് ഫലപ്രദമായി ഇത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ഗൗരവമുള്ള പ്രശ്നം തന്നെയാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ മയക്കുമരുന്നുകൾ നല്ല നിലയിൽ പിടിച്ചെടുക്കുന്നുണ്ട്. അങ്ങനെ പറയുമ്പോഴും പിടിച്ചെടുക്കാത്തതും ധാരാളമുണ്ടെന്നാണ് മനസ്സിലാക്കുന്നത്. എല്ലാം പിടിച്ചെടുക്കുന്നുവെന്ന് പറയുന്നത് ശരിയല്ല. പൂർണ്ണമായും പിടിച്ചെടുക്കാത്തതിന്റെ ഭാഗമായി മദ്യവും മയക്കുമരുന്നും കേരളത്തിൽ വ്യാപിക്കുന്നുണ്ടെന്നുള്ളത് സത്യമാണ്. അതിനെതിരായി ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ നിയമ നടപടികളടക്കം സ്വീകരിച്ചുവരികയാണ്. അക്കാര്യത്തിൽ മുഖം നോക്കാതെയുള്ള നിലപാടാണ് സ്വീകരിക്കുന്നത്. ഇതിന്റെ ഭാഗമായി ഉദ്യോഗസ്ഥരുൾപ്പെടെയുള്ളവരെ സസ്പെൻഡ് ചെയ്യേണ്ടി വരുന്നുണ്ട്. മയക്കുമരുന്ന് ലോബിയുമായി ബന്ധപ്പെട്ടവരെ സഹായിക്കുന്ന രീതിയിലുള്ള നിലപാടുകൾ സ്വീകരിക്കുന്ന ഒരു ചെറിയ വിഭാഗം ഉദ്യോഗസ്ഥർ എക്സൈസിലും മറ്റ് ഡിപ്പാർട്ടുമെന്റുകളിലും ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ശക്തമായ നിലപാടെടുത്ത് അവരെ സസ്പെൻഡ് ചെയ്ത് പുറത്ത് നിർത്തിയിട്ടാണ് അന്വേഷണങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. നിയമ നടപടികൾ ഫലപ്രദമായി സ്വീകരിച്ചു പോകണമെന്നതാണ് ഗവൺമെന്റിന്റെ സമീപനം. അറബിക്കടലിന്റെ ഒരു ഭാഗമൊഴികെ ബാക്കിയെല്ലാം മറ്റ് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനമാണ് കേരളം. അപ്പോൾ പല മേഖലകളിൽനിന്നും ലഹരി കേരളത്തിലേയ്ക്ക് കടത്തിക്കൊണ്ടുവരാൻ സാധ്യതയുണ്ട്. വകുപ്പിന് ലഭിക്കുന്ന രഹസ്യ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരമാവധി ലഹരി വസ്തുക്കൾ

പിടിച്ചെടുക്കാനാണ് ശ്രമിക്കുന്നത്. പഴുതുകൾ അടച്ചുകൊണ്ട് പരിശോധന നടത്തി ഇക്കാര്യത്തിൽ മുന്നോട്ടുപോകാനാണ് ആലോചിക്കുന്നത്. എക്സൈസ് ഡിപ്പാർട്ടുമെന്റിനെ കൂടുതൽ ശക്തിപ്പെടുത്തണമെന്നുള്ളതും കാണുന്നുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കലാലയങ്ങൾ വലിയ തോതിൽ മയക്കുമരുന്ന് കേന്ദ്രങ്ങളായി മാറുന്നതും അതിന്റെ ഭാഗമായി ക്രൂരമായ കൊലപാതകങ്ങളുണ്ടാകുന്ന വാർത്തകളും അടുത്ത ദിവസങ്ങളിൽ കണ്ടതാണ്. ഈ സഭയിലെ ഭൂരിപക്ഷം അംഗങ്ങളും വിദ്യാർത്ഥി സംഘടനാ രാഷ്ട്രീയത്തിലൂടെ വന്നവരാണ്. ക്യാമ്പസുകളിൽ വിദ്യാർത്ഥി സംഘടനാ പ്രവർത്തനം സജീവമായുണ്ടായിരുന്ന കാലത്ത് ഇതുപോലെയുള്ള മയക്കുമരുന്ന് സംഘങ്ങൾക്ക് അവിടെ കടന്നുകയറാൻ കഴിയുമായിരുന്നില്ല. കോടതി വിധി സമ്പാദിച്ച് വിദ്യാർത്ഥി സംഘടനാ പ്രവർത്തനം നിരോധിച്ചിരിക്കുന്ന ക്യാമ്പസുകളിലാണ് ഇത്തരം പ്രതിലോമ ശക്തികളുടെ കൂടുതൽ പ്രവർത്തനമെന്നുള്ളത് പരിശോധിച്ചാൽ കാണാൻ കഴിയും. അതുകൊണ്ട് കേരളത്തിലെ ക്യാമ്പസുകളിൽ വിദ്യാർത്ഥി സംഘടനാ പ്രവർത്തനം തിരിച്ചുകൊണ്ടുവരുന്നതിന് ആവശ്യമായ നിയമനിർമ്മാണം ഗവൺമെന്റ് നടത്തുമോ; വിമുക്തി പരിപാടിയിലേയ്ക്ക് വിദ്യാർത്ഥി സംഘടനകളെ കൂടുതലായി സഹകരിപ്പിച്ചുകൊണ്ട് ഈ അപകടത്തെ ചെറുക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ഗവൺമെന്റ് ഗൗരവപൂർവ്വമായാണ് കാണുന്നത്. കലാലയങ്ങളിലെ ഒരു വിഭാഗം ആളുകൾ മയക്കുമരുന്നുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ടെന്നുള്ളത് സത്യമാണ്. സാധാരണ കലാലയങ്ങൾ എന്നുപറയുമ്പോൾ അവിടെയുള്ളത് മുതിർന്ന കുട്ടികളാണെന്നാണ് നമ്മൾ ചിന്തിക്കുന്നത്. എന്നാൽ മുതിർന്ന കുട്ടികൾ മാത്രമല്ല ഹൈസ്കൂൾ തലത്തിലുള്ള കുട്ടികൾപോലും മയക്കുമരുന്നിന്റെ ഭാഗമായി മാറുന്ന എന്നുള്ളതാണ് വളരെ അപകടകരമായ കാര്യം. അതുകൊണ്ട് എൻ.സി.സി., എ.സി.സി. (All College Council), സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് തുടങ്ങിയവരുടെയൊക്കെ സഹകരണത്തോടെ ക്യാമ്പസും സ്കൂളുകളും ലഹരിമുക്തമാക്കുന്നതിനുവേണ്ട ഫലപ്രദമായ ഇടപെടലുകൾ നടത്തുന്നുണ്ട്. എല്ലാ സ്കൂളുകളിലും അത് ആയിട്ടുണ്ട്. ഇനി എല്ലാ കോളേജുകളിലും ഹോസ്റ്റലുകളിലും വളരെ ശക്തമായ രീതിയിൽ അവരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് മയക്കുമരുന്നുകൾക്കെതിരായുള്ള ഒരു ക്യാമ്പയിൻ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്; അത് നടന്നുകൊണ്ടിരിക്കുകയുമാണ്. കുട്ടികളുടെ സർഗ്ഗശേഷിയെ കായിക പ്രവർത്തനങ്ങളിലേയ്ക്കും സാംസ്കാരിക പ്രവർത്തനങ്ങളിലേയ്ക്കും കൂടുതൽ ആകർഷിച്ച് അതിന്റെ ഭാഗമാക്കുമ്പോഴാണ് അവരെ അതിൽനിന്ന് മോചിപ്പിക്കാൻ നമുക്ക്

സാധിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. വിദ്യാർത്ഥി സംഘടനാ പ്രവർത്തനം നിരോധിച്ച ഹൈക്കോടതി തന്നെയാണ് അത്തരമൊരു നിലപാട് സ്വീകരിച്ചത്. രാഷ്ട്രീയ പ്രവർത്തനമെന്നതുകൊണ്ട് സംഘടനാ പ്രവർത്തനമാണ് ഉദ്ദേശിക്കുന്നത്. കക്ഷി രാഷ്ട്രീയമൊന്നും ഇതിൽ നാം കാണുന്നില്ലെങ്കിലും പുതിയ തലമുറ രാഷ്ട്രീയമായി ചിന്തിക്കരുതെന്ന നിലപാടൊന്നും ഒരു ജനാധിപത്യ സമൂഹത്തിന്റെ അവബോധമല്ല, തികച്ചും തെറ്റായൊരു പ്രവണതയെ അടിസ്ഥാനപ്പെടുത്തി രൂപപ്പെട്ട ഒരു കാര്യമാണ്. അതുകൊണ്ട് ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞത്, വിദ്യാർത്ഥി സംഘടനാ നിരോധനത്തിന്റെ ഭാഗമായുള്ള കേന്ദ്രങ്ങളിൽ ഇത്തരം അനാശാസ്യ പ്രവർത്തനങ്ങൾ പെരുകുന്നുവെന്നത് കേരളത്തിൽ പൊതുവായ പഠനം നടത്തിയപ്പോൾ കാണാൻ സാധിച്ചിട്ടുള്ളതാണ്. അതുമായി ബന്ധപ്പെട്ട് എന്ത് നിലപാട് സ്വീകരിക്കാനാകുമെന്ന് പരിശോധിക്കണമെന്നാണ് ഗവൺമെന്റും കരുതുന്നത്. ക്യാമ്പസുകളിൽ രാഷ്ട്രീയം അവസാനിപ്പിക്കുന്നുവെന്നുള്ള പ്രഖ്യാപനം നടത്തിയതുകൊണ്ടുണ്ടായ നേട്ടത്തെക്കാൾ അപകടകരമായ ഒരവസ്ഥയാണ് സാംസ്കാരിക-സാമൂഹ്യ ജീവിതത്തിന്റെ ഭാഗമായി അത്തരം കോളേജുകളിലും വിദ്യാലയങ്ങളിലും ഉണ്ടാകുന്നതെന്നുള്ള സത്യം ഉൾക്കൊണ്ട് അതിനാവശ്യമായ നിലപാട് സ്വീകരിക്കേണ്ടതാണ്.

**ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷന്റെ പ്രവർത്തനം**

3 (* 453) ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ രൂപീകരിച്ച ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷന്റെ ചുമതലകൾ വ്യക്തമാക്കാമോ;

(ബി) ഒരു പ്രത്യേക വാസ്തുവിദ്യ പ്രകാരമുള്ള കെട്ടിട സമുച്ചയങ്ങൾ ഉൾക്കൊള്ളുന്ന സ്ഥലങ്ങൾ കണ്ടെത്തി മാതൃക പ്ലാനുകൾ തയ്യാറാക്കുമോ;

(സി) പൈതൃക സമുച്ചയങ്ങളും സ്മാരകങ്ങളും നിലകൊള്ളുന്ന പ്രദേശങ്ങളുടെ സംരക്ഷണം സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ,

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ രൂപീകരിച്ച ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷന്റെ ചുമതലകൾ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ 91-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുസംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) പൈതൃക പ്രാധാന്യമുള്ള കെട്ടിടങ്ങൾ, സമുച്ചയങ്ങൾ, പ്രദേശങ്ങൾ എന്നിവ കണ്ടെത്തി അവയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും പ്രസ്തുത കെട്ടിടങ്ങൾക്കോ സമുച്ചയങ്ങൾക്കോ പ്രദേശങ്ങൾക്കോ രൂപകൽപ്പന സംബന്ധിച്ച ശൈലിയോ സ്വഭാവമോ വിശേഷണമോ നിർണ്ണയിക്കുകയും ടി സ്ഥലങ്ങളിലെ പുതിയ നിർമ്മിതികളിൽ അനുവർത്തിക്കേണ്ട ഡിസൈൻ വൊക്കാബുലറി തയ്യാറാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ കമ്മീഷൻ സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി തിരുവനന്തപുരം ഫോർട്ട് ഏരിയ, ആലപ്പുഴ കനാൽ ഏരിയ, പാലക്കാട് കല്പാത്തി ഏരിയ, കോഴിക്കോട് മാനാഞ്ചിറ ഏരിയ എന്നിവയ്ക്കുവേണ്ടിയുള്ള സ്റ്റഡി, ഡോക്യുമെന്റേഷൻ, ഡിസൈൻ വൊക്കാബുലറി തയ്യാറാക്കൽ എന്നിവ പൂർത്തീകരിച്ചുവരികയാണ്.

(സി) ഉണ്ട്. സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം കൂടുതലുള്ളതുകൊണ്ട് മേശപ്പുറത്തുവയ്ക്കുന്നു*.

ശ്രീ. എം. നൗഷാദ്: സർ, സംസ്ഥാന ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷൻ പാരമ്പര്യമൂല്യമുണ്ടെന്ന് കണ്ടെത്തിയ കെട്ടിട സമുച്ചയങ്ങൾ ഏതൊക്കെയാണ്; അതിൽ കേന്ദ്ര ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ളത്, സംസ്ഥാന ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ളത്, സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളത് എന്ന തരത്തിൽ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ രൂപീകരിച്ച ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷൻ 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്ടിന്റെ 91-ാം വകുപ്പനുസരിച്ചാണ് കാര്യങ്ങൾ കൈകാര്യം ചെയ്തുവരുന്നത്. കെട്ടിട സമുച്ചയങ്ങൾ, മറ്റുചില പ്രദേശങ്ങൾ, പൈതൃക പ്രാധാന്യമുള്ള മറ്റ് സമുച്ചയങ്ങൾ എന്നിവയെല്ലാം കണ്ടെത്തി അതിനെയെല്ലാം സുരക്ഷിതമായ രീതിയിൽ സംരക്ഷിച്ച് മുന്നോട്ടുപോകുകയെന്ന വലിയ ഉത്തരവാദിത്വമാണ് ഈ കമ്മീഷന്റെ ചുമതലയായി കാണുന്നത്. ആ പ്രവർത്തനങ്ങൾ നമ്മൾ ഉദ്ദേശിച്ച രീതിയിൽ പൂർത്തീകരിച്ചിട്ടില്ല. അതിന്റെ

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഭാഗമായി തിരുവനന്തപുരം ഫോർട്ട് ഏരിയ, ആലപ്പുഴ കനാൽ ഏരിയ, പാലക്കാട് കല്പാത്തി ഏരിയ, കോഴിക്കോട് മാനാഞ്ചിറ ഏരിയ എന്നിവയ്ക്കുവേണ്ടിയുള്ള സ്റ്റഡി, ഡോക്യുമെന്റേഷൻ, ഡിസൈൻ വൊക്കാബുലറി എന്നിവയാണ് ഇപ്പോൾ പൂർത്തീകരിച്ചിട്ടുള്ളത്. ചില ജില്ലകളിലുള്ളവ പൂർത്തീകരിക്കുന്നതിന്റെ അവസാനഘട്ട മിനുക്കുപണി നടന്നുവരികയാണ്. എന്നാലും ഭൂരിപക്ഷം ജില്ലകളിലും നമ്മൾ ആഗ്രഹിച്ചതുപോലെ കേരള നഗര ഗ്രാമാസൂത്രണ ആക്ടിന്റെ 91-ാം വകുപ്പുപ്രകാരമുള്ള കാര്യങ്ങൾ മുഴുവൻ ചെയ്തുതീർക്കാൻ ഇപ്പോഴും നമുക്ക് സാധിച്ചിട്ടില്ലെന്നാണ് കാണാൻ കഴിയുന്നത്.

<u>ശ്രീ. എം. നൗഷാദ്</u>: സർ, സ്വകാര്യ ഉടമസ്ഥതയിലുള്ള പാരമ്പര്യമൂല്യമുള്ള കെട്ടിടങ്ങൾ സർക്കാർ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ; കേന്ദ്ര ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ളത് സംസ്ഥാന ഗവൺമെന്റിന് വിട്ടുതരാൻ ആവശ്യപ്പെടുമോ?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, സ്വകാര്യ വ്യക്തികളുടെ കയ്യിലുള്ളതും കേന്ദ്ര ഗവൺമെന്റിന്റെ അധീനതയിലുള്ളതും സംസ്ഥാന ഗവൺമെന്റിന്റെ ഭാഗമായിട്ടുള്ളതുമുൾപ്പെടെയെല്ലാം യഥാർത്ഥത്തിൽ ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷന്റെ ചുമതലയിൽ എടുക്കാൻ സാധിക്കുന്നത് തന്നെയാണ്. വളരെയേറെ ശ്രദ്ധേയമായ പ്രവർത്തനം നടത്താൻ നമുക്ക് ഇനിയും കഴിയേണ്ടതുണ്ട്. കേരളത്തിലുടനീളം ആ പ്രവർത്തനം പൂർത്തിയായിട്ടില്ല. ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം ആഗ്രഹിക്കുന്ന രീതിയിൽ ഈ കമ്മീഷനെ ശാക്തീകരിക്കേണ്ടതുണ്ട്. ഇത് രൂപീകരിച്ചുവന്ന ഘട്ടത്തിനപ്പുറം പൂർണ്ണമായും കടക്കാൻ സാധിച്ചിട്ടില്ല. അത് ശാക്തീകരിക്കുന്നതിന് വേണ്ടിയും അതിന്റെ പുനഃസംഘടന ഉൾപ്പെടെയുള്ള കാര്യങ്ങളും അടിയന്തരമായി ആലോചിച്ച് വളരെ പ്രധാനപ്പെട്ട ദൗത്യം നിർവ്വഹിക്കുന്നതിനുവേണ്ടി കമ്മീഷനെ പ്രാപ്തമാക്കാനാവശ്യമായ നിലപാട് സ്വീകരിക്കുമെന്നാണ് പറയാനുള്ളത്.

## (ബി) അടിയന്തര ചോദ്യത്തിന്റെ ഉത്തരം

### (4) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയർന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ആശങ്ക

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടരെയുണ്ടാകുന്ന കനത്ത മഴ കാരണം അണക്കെട്ടുകളിലേയ്ക്ക് ശക്തമായ നീരൊഴുക്കുണ്ടാകുന്നതിനെ തുടർന്ന് മുല്ലപ്പെരിയാർ അണക്കെട്ടിൽ ജലനിരപ്പ് ഉയർന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ആശങ്ക സർക്കാർ

നിരീക്ഷിക്കുന്നുണ്ടോ; എങ്കിൽ ഇത് ലഘൂകരിക്കാൻ ആവശ്യമായ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടുവരുന്നതെന്ന് അറിയിക്കാമോ:

(ബി) ഇതുസംബന്ധിച്ച് സംസ്ഥാനത്തെ ജനങ്ങൾക്കുള്ള ആശങ്കയും ദുരന്തസമാനമായ സാഹചര്യവും തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും പ്രശ്നപരിഹാരത്തിനുള്ള അനുരഞ്ജനശ്രമം നടത്തിയിട്ടുണ്ടോയെന്നും വെളിപ്പെടുത്താമോ;

(സി) ആഗോള താപനത്തിന്റെയും രാജ്യത്താകെയും സംസ്ഥാനത്ത് പ്രത്യേകിച്ചും ഉണ്ടായിട്ടുള്ള കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രകൃതി ദുരന്തങ്ങളുടെയും സാഹചര്യത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ഔദ്യോഗിക അന്താരാഷ്ട്ര ഏജൻസികളുടെ അഭിപ്രായം ആരായുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ & ബി) കൃത്യമായി നിരീക്ഷിക്കുന്നുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ വൃഷ്ടി പ്രദേശങ്ങളിൽ ലഭ്യമാകുന്ന മഴയും നീരൊഴുക്കും കണക്കിലെടുത്ത് അതുകാരണമുണ്ടാകുന്ന ജലനിരപ്പിലെ വ്യതിയാനങ്ങൾ സമയാസമയം അവലോകനം ചെയ്ത് ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കാലാവസ്ഥാ കേന്ദ്രത്തിന്റെ മുന്നറിയിപ്പുകൾ കണക്കിലെടുത്ത് അണക്കെട്ടിലെ ജലനിരപ്പ് മണിക്കൂർ അടിസ്ഥാനത്തിൽ വിലയിരുത്തുന്നുണ്ട്. 2021 ഒക്ടോബർ 18-ന് ജലനിരപ്പ് 133.45 അടിയായി ഉയർന്നപ്പോൾ സംസ്ഥാന ചീഫ് സെക്രട്ടറി ഈ വിഷയം തമിഴ്നാട് ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. കേന്ദ്ര ജലവിഭവ വകുപ്പ് സെക്രട്ടറിക്ക് ഒക്ടോബർ 23-ാം തീയതി സംസ്ഥാന ചീഫ് സെക്രട്ടറി കത്ത് അയയ്ക്കുകയുണ്ടായി. പ്രസ്തുത കത്തിൽ തമിഴ്നാട് പരമാവധി ജലം വൈഗൈ ഡാമിലേയ്ക്ക് കൊണ്ടുപോകണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. സുപ്രീം കോടതി വിധിപ്രകാരമുള്ള ജലനിരപ്പ് നിലനിർത്തുകയും കേരളത്തെ അറിയിച്ചശേഷം മാത്രം ക്രമാനുഗതമായി അധിക ജലം തുറന്നുവിടാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ ഒക്ടോബർ 18-നുതന്നെ ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദമായ കത്ത് മുല്ലപ്പെരിയാർ മേൽനോട്ട സമിതി ചെയർമാനും കേന്ദ്ര ജലവിഭവ വകുപ്പ് സെക്രട്ടറിക്കും തമിഴ്നാട് ചീഫ് സെക്രട്ടറി, പൊതുമരാമത്ത് അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് സെക്രട്ടറി എന്നിവർക്കും നൽകിയിട്ടുണ്ട്. അതിനുശേഷം ഒക്ടോബർ 24-ന് കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് സംസ്ഥാന മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയും തമിഴ്നാട് മുഖ്യമന്ത്രി ഒക്ടോബർ 27-ന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. മറുപടിയിൽ രണ്ട്

സംസ്ഥാനങ്ങളിലെയും ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാന നിയമസഭ പാസ്സാക്കിയ പ്രമേയങ്ങൾക്കനുസൃതമായ നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ 126 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിനുപകരം പുതിയ ഡാം പണികഴിപ്പിക്കണമെന്ന കേരളത്തിന്റെ വ്യക്തമായ നിലപാട് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ കേരളം ഫയൽ ചെയ്ത നോട്ടുകളിൽ തമിഴ്നാട് വൈഗൈ ഡാമിലേയ്ക്ക് പരമാവധി ശേഷി ജലം (2735 ക്യൂസെക്സ്) കൊണ്ടുപോകണമെന്ന് ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഡാമിലെ ജലനിരപ്പ് 136 അടിയിൽനിന്ന് 142 അടിയായി ഉയർന്നാലുള്ള അപകട സാധ്യത കേരളം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. 136 അടിക്ക് മുകളിൽ ഉയരുന്ന ഓരോ ജലനിരപ്പും ഡാമിന് നൽകുന്ന മർദ്ദം ക്രമാനുഗതമായ ഒന്നല്ല എന്ന വസ്തുതയും കേരളം ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ വിശദമാക്കി. മുല്ലപ്പെരിയാർ മേൽനോട്ട സമിതി മുമ്പാകെ തമിഴ്നാട് സർക്കാർ സമർപ്പിച്ച റൂൾ കർവിനെക്കുറിച്ചുള്ള വിയോജിപ്പും കേരളം സുപ്രീംകോടതി മുമ്പാകെ വ്യക്തമാക്കിയിട്ടുണ്ട്. ഒക്ടോബർ 2021-ന് തുലാവർഷത്തിനുമുമ്പ് ലഭിച്ച അതിതീവ്ര മഴകാരണം ഒക്ടോബർ 29 മുതൽ മുല്ലപ്പെരിയാർ ഡാമിന്റെ ഷട്ടറുകൾ ഉയർത്തി അധിക ജലം ഒഴുക്കിവിടേണ്ടി വന്നിട്ടുണ്ട്. വ്യക്തമായ മുന്നറിയിപ്പോടുകൂടി നിയന്ത്രിത അളവിലാണ് അധികജലം ഒഴുക്കിയിട്ടുള്ളത്. സംസ്ഥാന സർക്കാർ സ്വീകരിച്ച മുൻകരുതൽ നടപടികൾ കാരണമാണ് ഇത് സാധ്യമായത്. 29-10-2021 മുതൽ പുറത്തേയ്ക്ക് ഒഴുക്കിയ ജലത്തിന്റെ അളവ് ഇപ്രകാരമാണ്.

| തീയതി | ഒഴുക്കിയ ജലത്തിന്റെ അളവ് (Cusecs Per Second) |
|---|---|
| 29-10-2021 | രാവിലെ 7.30-ന് 538 ക്യൂസെക്സ് അളവിലും രാത്രി 9 മണിക്ക് 823 ക്യൂസെക്സ് അളവിലും അധികജലം പുറത്തേയ്ക്ക് ഒഴുക്കി. |
| 30-10-2021 | രാവിലെ 11.00 മണിക്ക് 1675 ക്യൂസെക്സ് അളവിലും വൈകിട്ട് 4.00 മണിക്ക് 2974 ക്യൂസെക്സ് അളവിലും അധികജലം പുറത്തേയ്ക്ക് ഒഴുക്കി. |
| 31-10-2021 മുതൽ 2-11-2021 വരെ | 1014 ക്യൂസെക്സ് വീതം അധികജലം പുറത്തേയ്ക്ക് ഒഴുക്കി. |
| കേരളത്തിന് സുരക്ഷ തമിഴ്നാടിന് ജലം എന്ന നയമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. | |

(സി) ആഗോള താപനവും സംസ്ഥാനത്തിലെ കാലാവസ്ഥാ വ്യതിയാനവും പ്രകൃതിദുരന്തങ്ങളും മുല്ലപ്പെരിയാർ അണക്കെട്ടിൽ ഉണ്ടാക്കാവുന്ന ആഘാതങ്ങൾ പഠനവിധേയമാക്കുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, മുല്ലപ്പെരിയാർ വിഷയങ്ങളിൽ നിയമസഭ പാസ്സാക്കിയ പ്രമേയങ്ങൾക്കനുസൃതമായ നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംശയങ്ങൾക്ക് ഇടയില്ലാത്തവിധം വ്യക്തമാക്കിയിട്ടുണ്ട്.

മി. സ്പീക്കർ: വേഗം ചോദിക്കൂ....സമയം കഴിയാറായി.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, തമിഴ്നാട്ടിലെയും കേരളത്തിലെയും ജനങ്ങളിൽ വലിയ പ്രതീക്ഷയാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നടപടികളുമായി ബന്ധപ്പെട്ട് രൂപപ്പെട്ടുവന്നിട്ടുള്ളത്.

മി. സ്പീക്കർ: ഓർഡർ..........ഓർഡർ......ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (എ) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### റീബിൽഡ് കേരള പദ്ധതി

5 (*454) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തെ തുടർന്നുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പ്രളയദുരന്തത്തെ വെല്ലുവിളിയായിക്കണ്ട് ഒരു നവകേരളം പടുത്തുയർത്തുന്നതിനും അതുവഴി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങളാണ് സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്. 2018-ലുണ്ടായ പ്രളയത്തെത്തുടർന്ന്, ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്ന വിധം കരുത്തോടെയും പ്രകൃതിസൗഹൃദപരമായും കേരളത്തെ പുനർനിർമ്മിക്കുകയെന്ന

ലക്ഷ്യത്തോടെയാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് രൂപം നൽകിയത്. കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക, പ്രവർത്തനങ്ങളിലെ കാര്യക്ഷമതയിലുള്ള പോരായ്മകൾ പരിഹരിച്ച് കൂടുതൽ പ്രവർത്തനക്ഷമമായ കേരളം സൃഷ്ടിക്കുക, പ്രകൃതിദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്നവിധത്തിലുള്ള സാങ്കേതിക വിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും സമയബന്ധിതമായി പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക എന്നിങ്ങനെ വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. 2018-ലെ പ്രളയാനന്തരം, അന്താരാഷ്ട്ര ഏജൻസികളുടെ സഹായത്തോടെ നടത്തിയ പഠനമായ പി.ഡി.എൻ.എ. (Post Disaster Needs Assessment) യുടെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് ആർ.കെ.ഐ.-യുടെ നേതൃത്വത്തിൽ, അതിജീവനക്ഷമതയുള്ള, പരിസ്ഥിതി സൗഹൃദമായ കേരള പുനർനിർമ്മാണത്തിന്റെ അടിസ്ഥാന രേഖയെന്ന നിലയിൽ കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP) തയ്യാറാക്കിയിട്ടുണ്ട്. രാജ്യാന്തര ഫണ്ടിംഗ് ഏജൻസികളിൽനിന്നുൾപ്പെടെ ധനസമാഹരണം നടത്തിക്കൊണ്ടാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. നടപടിക്രമങ്ങൾ ലഘൂകരിച്ച് പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച്, കഴിയുന്നതും വേഗം നിർവ്വഹണത്തിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. വികസന ആശയങ്ങൾ രൂപപ്പെടുത്തുക, നിശ്ചിത മാനദണ്ഡങ്ങൾക്കും വിലയിരുത്തലുകൾക്കും വിധേയമായി പ്രസ്തുത ആശയങ്ങളിൽനിന്നും നിർവ്വഹണയോഗ്യമായവ തെരഞ്ഞെടുത്ത് വിശദമായ പദ്ധതി രേഖയും സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കുവാനാകുന്ന ഏജൻസികൾവഴി, അതതു വകുപ്പുകളുടെ നേതൃത്വത്തിൽത്തന്നെ നടപ്പിലാക്കുകയെന്നതാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നിർവ്വഹണ സമീപനം. 12 വകുപ്പുകളിലായി 7797.14 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇവയിൽ ഹ്രസ്വകാല, ദീർഘകാല പദ്ധതികളുണ്ട്. 5271.88 കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ഇതുവരെ, 658.9 കോടി രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവർത്തനത്തിന്റെ ഭാഗമായുള്ള വിവിധ ഘടക പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ ഏറ്റെടുക്കാൻ തീരുമാനിച്ച പദ്ധതികളുടെ പുരോഗതി വിവിധതലങ്ങളിൽ നിരന്തരം വിലയിരുത്തുന്നുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ആർ.കെ.ഐ. ഉന്നതാധികാര സമിതി (HLEC) പദ്ധതികളുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. സി.ഇ.ഒ.-യുടെ നേതൃത്വത്തിൽ സെക്രട്ടറിതല യോഗം ചേർന്ന്, നിർവഹണം കാര്യക്ഷമമായും ത്വരിതഗതിയിലും നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. ആർ.കെ.ഐ.-യുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ യഥാസമയം അവലോകനം ചെയ്യുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നതിനായി ഒരു സോഫ്റ്റ്‌വെയർ അധിഷ്ഠിത മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS) നിലവിലുണ്ട്. കൂടാതെ, ആർ.കെ.ഐ. പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി അതാത് നിർവ്വഹണ വകുപ്പുകളിൽ വകുപ്പുതല മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നു.

(സി) പ്രളയവും ഉരുൾപൊട്ടലും അടക്കമുള്ള പ്രകൃതി ദുരന്തങ്ങൾ തുടർന്നും ഉണ്ടാകുന്ന സാഹചര്യത്തിൽ അവ നേരിടുന്നതിന് റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചിരിക്കുന്ന മുൻകരുതലുകൾ വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പ്രളയവും ഉരുൾപൊട്ടലും അടക്കമുള്ള പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനുള്ള മുൻകരുതലെന്ന നിലയ്ക്ക് തദ്ദേശഭരണ സ്ഥാപന തലത്തിലുള്ള ദുരന്തനിവാരണ പ്ലാനുകളുടെ കരട് തയ്യാറാക്കിയിട്ടുണ്ട്. പ്രളയമേഖലയിലുള്ള ഡാമുകൾ, കനാലുകൾ, നദീതടങ്ങൾ, പുഴകൾ, റെഗുലേറ്റർ കം ബ്രിഡ്ജുകൾ മുതലായവയുടെ നവീകരണത്തിനും കേടുപാടുകളും തകരാറുകളും പരിഹരിക്കുന്നതിനുമായി ജലസേചന വകുപ്പുമുഖേന 114.22 കോടി രൂപയുടെ 99 പദ്ധതികളാണ് റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നത്. നദീതട പരിപാലന അതോറിറ്റി രൂപീകരിക്കാനുള്ള നടപടികളും പുരോഗമിക്കുന്നു. കുട്ടനാട് പ്രദേശത്തെ പ്രളയാഘാതം കുറയ്ക്കുന്നതിനായി, റൂം ഫോർ റിവർ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് 4.5 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ഐ.ഐ.ടി. മദ്രാസിന്റെ നേതൃത്വത്തിൽ ഹൈഡ്രോ ഡൈനാമിക് സ്റ്റഡി പുരോഗമിക്കുന്നു. കൂടാതെ, തോട്ടപ്പള്ളി പൊഴി സംരക്ഷണ പ്രവർത്തനങ്ങൾക്ക് 14.70 കോടി രൂപയുടെ പദ്ധതിക്കും തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. അതിജീവനക്ഷമതയുള്ള റോഡുകളുടെ നിർമ്മാണമാണ് ആർ.കെ.ഐ. ഏറ്റെടുത്തിരിക്കുന്ന മറ്റൊരു സുപ്രധാന പദ്ധതി. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പുനർനിർമ്മാണത്തിനായി 5174 കോടി രൂപയുടെ പദ്ധതിക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിൽ 3966 കോടി രൂപയുടെ പദ്ധതികൾക്ക് ടെണ്ടർ ആയിട്ടുണ്ട്. ഇതിൽ 671.66 കോടി

രൂപയുടെ ആലപ്പുഴ-ചങ്ങനാശ്ശേരി സെമി എലിവേറ്റഡ് ഹൈവേയുടെ പുനർനിർമ്മാണവും ഉൾപ്പെടുന്നു. കൂടാതെ, തദ്ദേശസ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ അതിജീവനക്ഷമമായ തരത്തിൽ പുനർനിർമ്മിക്കുന്നതിനായുള്ള 515.15 കോടിയുടെ പദ്ധതിയിൽ 359.7 കോടിയുടെ റോഡുകൾ ടെണ്ടറായിട്ടുണ്ട്. ഇവയിൽ പല റോഡുകളുടെയും പ്രവൃത്തി പൂർണ്ണമായിട്ടുണ്ട്. മറ്റുള്ളവ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ലോകബാങ്കും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കും (AIIB) തുല്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഫലപ്രാപ്തി അധിഷ്ഠിത (PfR) വായ്പാ പദ്ധതിയിൽ താഴെപ്പറയുന്ന ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഊന്നൽ നൽകുന്നു.

1. രോഗവ്യാപനവും പ്രകൃതിദുരന്തങ്ങളും നേരിടാൻതക്കവണ്ണം സംസ്ഥാനത്തിന്റെ സാമ്പത്തിക സുസ്ഥിരത ശക്തിപ്പെടുത്തുക.
2. ദുരന്തങ്ങളുമായി ബന്ധപ്പെട്ട സുരക്ഷായോജ്യ സംവിധാനം (അഡാപ്റ്റീവ് സേഫ്റ്റി നെറ്റ് സിസ്റ്റം) ശക്തിപ്പെടുത്തുക.
3. ദുർബ്ബല കുടുംബങ്ങൾക്കുള്ള ദുരന്തസാധ്യതാ ധനസഹായവും ഇൻഷുറൻസ് ശേഷിയും മെച്ചപ്പെടുത്തുക.
4. തദ്ദേശ സ്ഥാപനങ്ങൾ ദുരന്തസാധ്യത പരിഗണിച്ചുള്ള മാസ്റ്റർ പ്ലാനുകളും മുൻഗണനാ പ്രവർത്തന പദ്ധതികളും വികസിപ്പിക്കുക.
5. കാലാവസ്ഥാ അപകടസാധ്യതാ വിവരങ്ങൾ തദ്ദേശ സ്ഥാപനങ്ങളുടെ ദുരന്തസാധ്യതാ ലഘൂകരണ പ്ലാനുകളുമായി സംയോജിപ്പിക്കുക.
6. പമ്പാ നദീതടത്തിനായുള്ള സംയോജിത നദീതട പരിപാലന പദ്ധതി വികസിപ്പിച്ച് നടപ്പിലാക്കുക.

**തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധിക വിഭവ സമാഹരണം**

6(*455) <u>ശ്രീ. എം. എം. മണി</u>:
<u>ശ്രീ. വി. കെ. പ്രശാന്ത്</u>:
<u>ശ്രീ. പി. പി. സുമോദ്</u>:
<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>) സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഭരണപരമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിലേയ്ക്കായി സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിന് പുറമേ അധിക

വരുമാനം കണ്ടെത്തുന്നതിനായി എന്തൊക്കെ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്; വിശദമാക്കാമോ?

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണപരമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിന് സംസ്ഥാന ബഡ്ജറ്റിൽനിന്നും അനുവദിക്കുന്ന പൊതു ആവശ്യഫണ്ട്, വിടവ് നികത്തൽ ഫണ്ട് എന്നിവയ്ക്ക് പുറമേ കേരള പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി നിയമങ്ങളിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകളനുസരിച്ച് നികുതികളും ഫീസുകളും പിഴ തുകകളും ചുമത്താവുന്നതാണ്. വസ്തുനികുതി, തൊഴിൽ നികുതി, വിനോദ നികുതി, വസ്തുനികുതിയിന്മേലുള്ള സർചാർജ്ജ് തുടങ്ങിയ ഇനങ്ങളോടൊപ്പം നഗരസഭകൾക്ക് മൃഗങ്ങളുടെയും യാനപാത്രങ്ങളുടെയും മേലുള്ള നികുതിയും തടി നികുതിയും ചുമത്താവുന്നതാണ്. വിവിധ സേവനങ്ങൾക്ക് ചട്ടപ്രകാരം സ്വീകരിക്കാവുന്ന ഫീസ് കൂടാതെ ചില സേവനങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി യൂസർ ഫീസും ഈടാക്കാവുന്നതാണ്. നിയമാനുസൃതമായി ചുമത്താവുന്ന നികുതികളും ഫീസുകളും യഥാസമയം യഥാവിധി ചുമത്തപ്പെടുന്നുവെന്ന് ഉറപ്പാക്കിക്കൊണ്ട് നികുതി/ഫീസ് ചോർച്ച ഒഴിവാക്കുന്നതിനുള്ള നടപടികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. അതത് കാലത്തുതന്നെ സമയബന്ധിതമായി നിയമാനുസൃത നടപടികളിൽക്കൂടി നികുതി വരവ് ഉറപ്പാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനം സ്വന്തം നിലയിൽ ആർജ്ജിച്ചതോ നിക്ഷിപ്തമായതോ കൈമാറ്റം ചെയ്ത് കിട്ടിയതോ ആയ ആസ്തികളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള വരുമാനവും ഭരണപരമായ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാവുന്നതാണ്. ഷോപ്പിംഗ്കോംപ്ലക്സ്, ബസ് സ്റ്റാന്റ്, മാർക്കറ്റ്, കംഫർട്ട് സ്റ്റേഷൻ തുടങ്ങി പൊതുജനങ്ങൾക്ക് സൗകര്യമേർപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള സംവിധാനങ്ങളിൽനിന്നും അതത് തദ്ദേശഭരണ സ്ഥാപനം നിയമാനുസൃതം തയ്യാറാക്കുന്ന ബൈലോ നിബന്ധനകൾക്ക് വിധേയമായി വരുമാനം ആർജ്ജിക്കാവുന്നതാണ്.

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് അധിക വിഭവ സമാഹരണം നടത്തുന്നതിന്റെ ഭാഗമായി വായ്പയെടുക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധിക വിഭവ സമാഹരണം നടത്തുന്നതിന്റെ ഭാഗമായി നിയമാനുസൃത നടപടികളിലൂടെ വായ്പയെടുക്കുന്നതിന് നിലവിൽ തടസ്സങ്ങളില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വരുമാനദായക പ്രോജക്ടുകൾ നടപ്പാക്കുന്നതിന് KURDFC-ൽ നിന്നും ദേശസാൽകൃത സഹകരണ ബാങ്കുകളിൽനിന്നും സർക്കാർ അനുമതിയോടെ വായ്പകളെടുക്കാവുന്നതാണ്. സ. ഉ.

(എം.എസ്) നം 147/2009-ലെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് വായ്പ അനുവദിക്കുന്നത്. ആയത് അനുബന്ധം 1 ആയി* ചേർത്തിരിക്കുന്നു.

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അതത് പ്രദേശത്തിന്റെ സാധ്യതകൾക്കനുസൃതമായി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

അതത് തദ്ദേശ സ്ഥാപനങ്ങൾക്ക് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അവരുടെ പ്രാദേശിക സാഹചര്യങ്ങൾക്കനുസൃതമായി നികുതിയേതര വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നികുതി പിരിവ് പുരോഗതിയുംമറ്റും ഉറപ്പാക്കുന്നതിന് അതത് സമയങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ മോണിട്ടറിംഗ് നടത്തിവരുന്നുണ്ട്.

**ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പ്രവർത്തനം**

7(*456) ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2013-ലെ ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തെ അടിസ്ഥാനപ്പെടുത്തി പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽതന്നെ നിരവധി നടപടികൾ സ്വീകരിച്ചിരുന്നു. End to End Computerisation, ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീനുകളുടെ ഉപയോഗം, വകുപ്പിന്റെ പോർട്ടൽവഴി റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് നിരീക്ഷിക്കുവാനുള്ള സംവിധാനം എന്നിവയെല്ലാം അതിന്റെ ഭാഗമാണ്. കാർഡുടമകൾക്ക് അവരുടെ പ്രതിമാസ ധാന്യവിഹിതം സംബന്ധിക്കുന്ന അറിയിപ്പുകൾ എസ്.എം.എസ്. സംവിധാനത്തിലൂടെ കാർഡുടമകളുടെ ഫോണുകളിൽ ലഭ്യമാക്കുന്നുണ്ട്. ആദിവാസി മേഖലകളിലെ "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതി തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽക്കൂടി നടപ്പിലാക്കി. "വിശപ്പുരഹിത കേരളം" പദ്ധതിയുടെ ഭാഗമായി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർദ്ധനർക്ക് ഒരു നേരത്തെ ആഹാരം സൗജന്യ നിരക്കിൽ ലഭ്യമാക്കുന്ന സുഭിക്ഷ ഹോട്ടൽ തിരുവനന്തപുരത്തുകൂടി ആരംഭിച്ചു. താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളിന്മേൽ പൊതുവിതരണ വകുപ്പിന്റെ 5 മേഖലകൾ തിരിച്ച് സ്ക്വാഡുകൾ രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ കടകൾ പരിശോധിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ മൊബൈൽ ആപ്പ് സംവിധാനം ഏർപ്പെടുത്തി. വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ് ഘടിപ്പിക്കുന്നതിനും എല്ലാ ഗോഡൗണുകളിലും സി.സി.ടി.വി സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 2022-2027 പദ്ധതി കാലയളവിൽ സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിൽ NFSA ഗോഡൗണുകൾ ശാസ്ത്രീയ മാനദണ്ഡങ്ങളനുസരിച്ച് നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്. പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനംവരെ വിലക്കുറവിൽ സപ്ലൈകോ വിൽപ്പനശാലകളിലൂടെ വിതരണം ചെയ്യുന്ന 13 ഇനം സബ്സിഡി സാധനങ്ങളുടെ വില 2016 മുതൽ നാളിതുവരെ വർദ്ധിപ്പിച്ചിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ഒരു പീപ്പിൾസ് ബസാറും (ആദിച്ചനല്ലൂർ) ഒരു മാവേലി മെഡിക്കൽ സ്റ്റോറും (കുറ്റ്യാടി) ആരംഭിച്ചു. ഇതിനു പുറമെ 14 മാവേലി സ്റ്റോറുകൾ സൗകര്യപ്രദമായ സ്ഥലത്തേയ്ക്കു മാറ്റി സൂപ്പർ മാവേലി സ്റ്റോറുകളായും 2 എണ്ണം സൂപ്പർ മാർക്കറ്റുകളായും ഉയർത്തിയിട്ടുണ്ട്. ഉപഭോക്താക്കൾ ഓൺലൈൻ പ്ലാറ്റ്ഫോം മുഖേന നൽകുന്ന ഓർഡറുകൾ സ്വീകരിച്ച് ഓർഡർ പ്രകാരമുള്ള സാധനങ്ങൾ ഉപഭോക്താവിന്റെ വീട്ടുപടിക്കൽ എത്തിച്ചുനൽകുന്ന സംവിധാനം വിവിധ വിതരണ ഏജൻസികളുടെ പോർട്ടലുകൾവഴിയും കുടുംബശ്രീയുമായി സഹകരിച്ചും നടപ്പിൽ വരുത്തിയിട്ടുണ്ട്. നിലവിൽ 95 വില്പനശാലകളിലൂടെ കുടുംബശ്രീ മുഖേനയും 51 വില്പനശാലകളിലൂടെ വിവിധ വിതരണ ഏജൻസികളുടെ പോർട്ടലുകൾ/ആപ്പുകൾ മുഖേനയും ഹോം ഡെലിവറി സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്.

(ബി) കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്.

1. സി.എഫ്.ആർ.ഡി. കോളേജിലെ ക്ലാസുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. കെട്ടിടത്തിന്റെ പരിമിതി പരിഗണിച്ച് താൽക്കാലികമായി സ്കൂൾ ഓഫ് ഫുഡ് ബിസിനസ് മാനേജ്മെന്റ് കെട്ടിടത്തിൽ നടത്താൻ തീരുമാനിച്ചു.

2. ഫുഡ് ക്വാളിറ്റി മോണിട്ടറിംഗ് ലബോറട്ടറിയുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമുള്ള ജോലികൾ ടെക്നിക്കൽ സാങ്ഷൻ ലഭ്യമാക്കി ഉടൻ തുടങ്ങുന്നതിനായി കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ചിട്ടുണ്ട്.

3. കോളേജ് ഓഫ് ഇൻഡിജിനിസ് ഫുഡ് ടെക്നോളജിക്ക് ആവശ്യമായ ലബോറട്ടറി പണിയുന്നതിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ Project Management Consultant ആയ KESNIK-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കോളേജിലെ വിദ്യാർത്ഥികൾക്ക് നിലവിലുള്ള സൗകര്യങ്ങൾ അപര്യാപ്തമായതിനാൽ രണ്ട് ടോയ്ലറ്റ് ബ്ലോക്കുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. ഭക്ഷ്യവസ്തുക്കൾ സുരക്ഷിതമെന്ന് സാക്ഷ്യപ്പെടുത്തുന്നതിനായി ' Safe to Eat' എന്ന പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്ക് പ്രോട്ടോക്കോൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. ഇലഞ്ഞി പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടി Project Management Consultant-ഉം കോൺട്രാക്ടർമാരുമായും ചർച്ച നടത്തി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. ഫുഡ് പ്രോസസിംഗ് ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തി സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്കുകൂടി പരിശീലനം നൽകുന്ന സ്ഥാപനമായി മാറ്റാനുള്ള നിർദ്ദേശങ്ങളും പരിഗണനയിലാണ്.

(സി) സി.എഫ്.ആർ.ഡി.യുടെ ആഭിമുഖ്യത്തിൽ കൂടുതൽ സാമ്പിൾ കളക്ഷൻ സെന്ററുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സി.എഫ്.ആർ.ഡി.യുടെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും സാമ്പിൾ കളക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുമുമ്പ് പരീക്ഷണാടിസ്ഥാനത്തിൽ സപ്ലൈകോ ഹെഡ് ഓഫീസിൽ ഒരു കളക്ഷൻ സെന്റർ ആരംഭിച്ചു. എന്നാൽ കോവിഡ്-19 മഹാമാരിമൂലം സെന്ററിന്റെ തുടർ പ്രവർത്തനം മുടങ്ങിപ്പോയി. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) വൃദ്ധരായ അഗതികൾക്കുള്ള അന്നപൂർണ്ണ ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേന്ദ്ര സർക്കാർ 2000-ൽ ആവിഷ്കരിച്ച അന്നപൂർണ്ണ പദ്ധതിയിൽ സംസ്ഥാനത്തെ 44980 ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമുള്ള ഗുണഭോക്താക്കളെ കണ്ടെത്തി 1-4-2000 മുതൽ സംസ്ഥാനത്ത് പദ്ധതി നടപ്പിൽവരുത്തിയിരുന്നു. ടി പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ പ്രധാനമായുള്ളത് ഗുണഭോക്താക്കൾ ഒരു തരത്തിലുമുള്ള സാമൂഹ്യക്ഷേമ പെൻഷനുകൾ ലഭ്യമാകുന്നവരാകരുതെന്നുള്ളതാണ്. എന്നാൽ സംസ്ഥാനത്ത് കാലാകാലങ്ങളായി നടപ്പിൽവരുത്തിയിട്ടുള്ള വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികളുടെ ഭാഗമായി മിക്കവാറും 65 വയസ്സുകഴിഞ്ഞ എല്ലാ ജനവിഭാഗങ്ങൾക്കും പെൻഷൻ ലഭിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. അതിനാൽ കേന്ദ്ര സർക്കാർ അനുവദിച്ചുനൽകിയിട്ടുള്ള 44980 ഗുണഭോക്താക്കളിൽ 5726 പേരെ മാത്രമേ കണ്ടെത്താൻ സാധിച്ചിട്ടുള്ളൂ. 2018-19-ലെ 03/18-09/18 അർദ്ധ വാർഷിക കാലയളവിൽ 2214.24 മെട്രിക് ടൺ അരി ടി പദ്ധതിക്കായി കേന്ദ്രം അനുവദിച്ചുനൽകിയിട്ടുള്ളതാണ്. അന്നപൂർണ്ണ പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഇളവു വരുത്തിയാൽ മാത്രമേ കേന്ദ്ര സർക്കാർ നിശ്ചയിച്ചുനൽകിയിരിക്കുന്ന സംഖ്യാപരിധിയിൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്താൻ കഴിയുകയുള്ളൂ എന്നതിനാൽ മാനദണ്ഡങ്ങൾ ലഘൂകരിച്ച് നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൂടുതൽ പേരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര/ സംസ്ഥാന സർക്കാരിന്റെ പെൻഷൻ ലഭ്യമാകാത്തവരുടെ പേര്, ആധാർ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ഉടനടി ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർമാരോടും സാമൂഹ്യനീതി വകുപ്പിനോടും പഞ്ചായത്ത് ഡയറക്ടറേറ്റിനോടും അർബൻ ഡയറക്ടറേറ്റിനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

**സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള പദ്ധതികൾ**

8(*457) <u>ഡോ. എം. കെ. മുനീർ:</u>
<u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u>
<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>) സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ മയക്കുമരുന്നു വില്പന, കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ പ്രചരിപ്പിക്കുക തുടങ്ങിയ സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് ഫലപ്രദമായി തടയുന്നതിന് പോലീസിന് കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ?

ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനും അവ മുൻകൂട്ടി മനസ്സിലാക്കുന്നതിനുമായി സംശയാസ്പദമായ ഫെയ്സ്ബുക്ക് അക്കൗണ്ടുകൾ, വാട്സാപ്പ് ഗ്രൂപ്പുകൾ തുടങ്ങി പ്രധാനപ്പെട്ട സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ നിരന്തരം സൈബർ പട്രോളിംഗുകൾ നടത്തിവരുന്നു. പോലീസിന്റെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിൽ സൈബർ സെക്യൂരിറ്റി സംബന്ധിച്ച വിവരങ്ങളും സമീപകാലത്തുണ്ടായ ഓൺലൈൻ ദുരുപയോഗങ്ങൾ സംബന്ധിച്ചും പൊതുജനങ്ങളുടെ അറിവിലേയ്ക്ക് വിവരങ്ങൾ പോസ്റ്റ് ചെയ്തുവരുന്നതുമാണ്. സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളും റസിഡൻസ് അസോസിയേഷനുകളും സ്കൂൾ പി.റ്റി.എ.കളുംവഴി വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും കുട്ടികളിലെ മയക്കുമരുന്നുപയോഗം സംബന്ധിച്ചുള്ള ദൂഷ്യവശങ്ങളെക്കുറിച്ചും കുട്ടികൾ ഉൾപ്പെടുന്ന സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നതിനും അതു സംബന്ധിച്ചുള്ള വിവരം ശേഖരിക്കുന്നതിനുമായി വെബിനാറുകളും ക്ലാസ്സുകളും മറ്റും നിരന്തരം നടത്തിവരുന്നു. Child Sexual Abuse Material കൈമാറ്റം പോലെയുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ കണ്ടെത്തുന്നതിനും നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിനും Counter Child Sexual Exploitation Centre എന്ന സ്ഥാപനം സൈബർ ഡോമിന് കീഴിൽ പ്രവർത്തിച്ചുവരുന്നു. Child Sexual Abuse Material നിർമ്മിക്കുന്നതിനും കാണുന്നതിനും പ്രചരിപ്പിക്കുന്നതിനുമെതിരെ ആരംഭിച്ച ഓപ്പറേഷൻ പി-ഹണ്ടിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി പരിശോധന നടത്തുകയും മൊബൈൽ ഫോൺ, കമ്പ്യൂട്ടർ, External Data Storage Devices എന്നിവ പിടിച്ചെടുത്ത് IT ACT പ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതിനായി സൈബർ സെല്ലിൽ പ്രത്യേക വിഭാഗം രൂപീകരിക്കാനും അവർക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ കൂടിവരുന്ന പശ്ചാത്തലത്തിൽ, അവ കൈകാര്യം ചെയ്യുന്നതിനും കുറ്റാന്വേഷണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി, 19 സൈബർ പോലീസ് സ്റ്റേഷനുകൾ, 3 സൈബർ ഡോമുകൾ, ഹൈടെക് സൈബർ ക്രൈം എൻക്വയറി സെൽ എന്നിവ സംയോജിപ്പിച്ച് Cyber Crime Investigation Division (CCID) ആരംഭിക്കുന്നതാണ്. കൂടാതെ Technical Support നൽകുന്നതിന് Cyber Operations & Security Division (COSD) ആരംഭിക്കുന്നതിനുള്ള നടപടികൾ

പരിശോധിച്ചുവരികയാണ്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും റിപ്പോർട്ടാകുന്ന കുറ്റകൃത്യങ്ങളിലെ കുറ്റവാളികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിനുമായി കേന്ദ്ര സർക്കാർ സ്ഥാപനമായ C-DAC മുഖേന പോലീസുദ്യോഗസ്ഥർക്ക് Cyber Crime Investigation and Cyber Forensic-ൽ വിദഗ്ദ്ധ പരിശീലനം നൽകിയിട്ടുള്ളതും പരിശീലനം പൂർത്തിയാക്കിയ പോലീസുദ്യോഗസ്ഥരെ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സൈബർ ഭീഷണികൾക്കെതിരായ പോരാട്ടം ശക്തിപ്പെടുത്തുന്നതിനും സൈബർ സുരക്ഷ സംരക്ഷിക്കുന്നതിനുമായി സൈബർ കഴിവുകൾ മെച്ചപ്പെടുത്തുന്നതിൽ കേരള പോലീസ് ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായി സൈബർ കഴിവുകൾ പരിഷ്കരിക്കുന്നതിനും അപ്ഡേറ്റ് ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുകയും സംസ്ഥാനത്തുടനീളമുള്ള 12,000 പോലീസുദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയും ചെയ്തു. ഇവരുടെ സേവനം സൈബർ ക്രൈം കേസുകളുടെ അന്വേഷണത്തിന് ഉപയോഗപ്പെടുത്തി വരുന്നു.

## ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിയന്ത്രണവും

9(*458) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിയന്ത്രണവും നടപ്പാക്കാൻ സംസ്ഥാന തലത്തിൽ രൂപീകരിച്ച കൗൺസിലിന്റെ ചുമതലകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; ക്ലിനിക്കൽ ആക്ട് പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത സ്വകാര്യ ആശുപത്രികളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ?

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിലെ അദ്ധ്യായം II, 4-ാം വകുപ്പ് പ്രകാരമാണ് ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിയന്ത്രണവും നടപ്പാക്കാൻ സംസ്ഥാന തലത്തിൽ രൂപീകരിച്ച കൗൺസിലിന്റെ ചുമതലകൾ വ്യവസ്ഥ ചെയ്തിരിക്കുന്നത്.

(1) കൗൺസിൽ താഴെ പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

(എ) ഈ ആക്ടിന്റെ പ്രാരംഭം മുതൽ രണ്ട് വർഷത്തിനകം ക്ലിനിക്കൽ സ്ഥാപനങ്ങൾ മുഖേന ശരിയായ ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനുള്ള ആദ്യ ശ്രേണി നിലവാരം നിശ്ചയിക്കുക.

(ബി) ക്ലിനിക്കൽ സ്ഥാപനങ്ങളെ ഇനം തിരിക്കുകയും തരം തിരിക്കുകയും ഓരോവിഭാഗത്തിനും വേണ്ട നിലവാരം നിർണ്ണയിക്കുന്നതിനായി സർക്കാരിനോട് ശിപാർശ ചെയ്യുക.

(സി) നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ ഒരു സംസ്ഥാന രജിസ്റ്റർ തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക.

(ഡി) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങളുടെ പരിശോധനയ്ക്കും വിലയിരുത്തലിനുമായി അസ്സസ്സർമാരുടെ പാനലിനെ നിയമിക്കുക.

(ഇ) ക്ലിനിക്കൽ സ്ഥാപനങ്ങൾ നിലനിർത്തിപ്പോരേണ്ടതായ നിലവാരം ഉറപ്പുവരുത്തുന്നതിനായി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആനുകാലിക പരിശോധന നടത്തുക.

(എഫ്) സാങ്കേതികവിദ്യയിലോ സാമൂഹ്യ വ്യവസ്ഥകളിലോ ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി ചട്ടങ്ങളിൽ ആവശ്യമായി വരുന്ന ഏതെങ്കിലും ഭേദഗതിക്കായി സർക്കാരിനോട് ശിപാർശ ചെയ്യുക.

(ജി) ക്ലിനിക്കൽ സ്ഥാപനങ്ങൾ നിർബന്ധമായും ലഭ്യമാക്കേണ്ടതായ ഡാറ്റയും വിവരങ്ങളും അതിന്റെ കാലികാവസ്ഥ ഉൾപ്പെടെ, വിജ്ഞാപനം ചെയ്യുക: നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ഡാറ്റാ വിശകലനം ചെയ്യുകയും അതിന്റെ ഫലം പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക.

(എച്ച്) ഭാരത സർക്കാരോ, 2010-ലെ ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്റ്റർ ചെയ്യലും നിയന്ത്രണവും) ആക്റ്റിൻ (2010-ലെ 23-ാം കേന്ദ്ര ആക്റ്റ്) കീഴിൽ രൂപീകരിക്കപ്പെട്ട ദേശീയ കൗൺസിലോ ആവശ്യപ്പെടുന്ന പ്രകാരം ദേശീയ രജിസ്റ്റർ നാളിതുവരെയായി പുതുക്കുന്നതിനുള്ള ആനുകാലിക റിട്ടേണുകൾ അയച്ചുകൊടുക്കുക.

(ഐ) പൊതുജനാരോഗ്യത്തിനും രോഗികളുടെയും ജീവനക്കാരുടെയും ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ആസന്ന വിപത്തിനുള്ള സാധ്യതയുണ്ടെന്ന് കരുതുന്ന അങ്ങനെയുള്ള ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിന് നിർദ്ദേശിക്കുക.

(ജെ) സർക്കാർ അതതുസമയങ്ങളിൽ അതിന് ഏൽപ്പിച്ചുകൊടുക്കുന്ന അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുക.

(2) കൗൺസിൽ അതതുസമയങ്ങളിൽ അതിന് യുക്തമെന്ന് തോന്നുന്ന നിരക്കിൽ രജിസ്ട്രേഷൻ ഫീസും മറ്റ് ഫീസുകളും നിർണ്ണയിക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യേണ്ടതാണ്.

(3) ഒരു സ്ഥാപനം ക്ലിനിക്കൽ സ്ഥാപനമോ അല്ലയോ എന്നതു സംബന്ധിച്ച ഏതൊരു തർക്കവും സംസ്ഥാന കൗൺസിലിലേയ്ക്ക് റഫർ ചെയ്യേണ്ടതും, സംസ്ഥാന കൗൺസിൽ, തത്പരകക്ഷികൾക്ക് തെളിവ് ഹാജരാക്കുന്നതിനും പറയുവാനുള്ളത് പറയുവാനുള്ള ന്യായമായ ഒരവസരം നൽകിയതിനുശേഷം, അങ്ങനെയുള്ള തർക്കങ്ങൾ തീർപ്പാക്കേണ്ടതുമാണ്. ക്ലിനിക്കൽ ആക്ട് പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത സ്വകാര്യ ആശുപത്രികളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

(ബി) പൊതുജനാരോഗ്യത്തിന് വിപരീതമായി പ്രവർത്തിക്കുന്ന ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കാനും ശിക്ഷിക്കുവാനും കൗൺസിലിന് അധികാരമുണ്ടോ; ഉണ്ടെങ്കിൽ ഇതിൻ പ്രകാരം ഇത്തരം സ്ഥാപനങ്ങൾക്കെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടോയെന്നും എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ?

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിലെ അദ്ധ്യായം IV, 25-ാം വകുപ്പിൽ 1, 2, ഉപവകുപ്പുകൾ പ്രകാരവും അദ്ധ്യായം V-26-ാം വകുപ്പ് പ്രകാരവും പൊതുജനാരോഗ്യത്തിന് വിപരീതമായി പ്രവർത്തിക്കുന്ന ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കാനും ശിക്ഷിക്കുവാനും കൗൺസിലിന് അധികാരമുണ്ട്. വിവിധ ജില്ലകളിൽനിന്ന് ലഭിക്കുന്ന പരാതികൾ അതാത് ജില്ലകളിലെ ജില്ലാ രജിസ്റ്ററിംഗ് അതോറിറ്റിക്ക് നടപടി സ്വീകരിക്കുന്നതിനായി നൽകിവരുന്നു. അപ്രകാരം ജില്ലാ രജിസ്റ്ററിംഗ് അതോറിറ്റിക്ക് ലഭിച്ച പരാതികളിൽ പത്തനംതിട്ട ജില്ലയിൽ 10 എണ്ണത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ 2 സ്ഥാപനങ്ങൾക്കെതിരെ പോലീസിൽ പരാതിപ്പെട്ട് ടി സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ 10 പരാതികളിന്മേൽ അന്വേഷണം നടത്തി ടി വ്യാജ ചികിത്സാ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്.

(സി) യോഗ്യതയും പരിശീലനവുമില്ലാതെ അശാസ്ത്രീയ ചികിത്സ നൽകി രോഗികളെ ചൂഷണം ചെയ്യുന്ന വ്യാജ ചികിത്സകർക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

വ്യാജ ചികിത്സകർക്കെതിരെയുള്ള പരാതിയിന്മേൽ അന്വേഷണം നടത്തി പരാതി ശരിയാണെന്ന് ബോദ്ധ്യപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## റേഷൻ ഭക്ഷ്യസാധനങ്ങളുടെ സംഭരണവും വിതരണവും

10 (*459) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമം അനുസരിച്ച് റേഷൻ ഭക്ഷ്യസാധനങ്ങളുടെ അംഗീകൃത സംഭരണ/വിതരണ ഏജൻസിയായി സർക്കാർ നിശ്ചയിച്ചിട്ടുള്ള സപ്ലൈകോയെ അതിൽനിന്നും ഒഴിവാക്കുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിന് കാരണമെന്തെന്ന് വ്യക്തമാക്കുമോ?

വാതിൽപ്പടി വിതരണം വകുപ്പുതലത്തിൽ നടത്താൻ കഴിയുമോയെന്ന് പരിശോധിക്കുന്നതിനായി ഒരു സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി ഇത് സംബന്ധിച്ചുള്ള പരിശോധനകൾ നടത്തിവരുന്നു.

(ബി) റേഷൻ മൊത്ത വിതരണം നടത്തുന്ന സപ്ലൈകോ ഗോഡൗണുകൾ ശാസ്ത്രീയമല്ലാത്തതുമൂലവും എഫ്.സി.ഐ.യിൽനിന്നുവരുന്ന ചാക്കുകളുടെ ശോച്യാവസ്ഥമൂലവും കുറവുണ്ടാകുന്ന ഭക്ഷ്യധാന്യങ്ങൾക്ക് കൈകാര്യക്കിഴിവ് നൽകാൻ നടപടി സ്വീകരിക്കുമോ; ഇപ്രകാരം ജീവനക്കാർക്ക് വന്നുചേരുന്ന അധിക ബാദ്ധ്യത ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ ഭക്ഷ്യ ധാന്യങ്ങളുടെ കയറ്റിറക്ക് നടത്തുമ്പോൾ ഭക്ഷ്യ ധാന്യങ്ങൾ നഷ്ടപ്പെടുന്നുവെന്നും ആയത് ജീവനക്കാരുടെ ബാദ്ധ്യതയായി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി 0.3% കൈകാര്യക്കിഴിവ് അനുവദിക്കണമെന്ന സപ്ലൈകോയുടെ ആവശ്യം പരിശോധിച്ചപ്പോൾ എഫ്.സി.ഐ ഗോഡൗണുകൾ സംഭരണ നഷ്ടമില്ലാതെ പ്രവർത്തിക്കുന്നു എന്ന വസ്തുത കണക്കിലെടുത്ത് ഈ വിഷയത്തിൽ തീരുമാനമെടുക്കണമെന്ന് ധനവകുപ്പ് അഭിപ്രായപ്പെടുകയും ചെയ്തു. എഫ്.സി.ഐ.യിൽനിന്നും വകുപ്പിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ തൂക്കം ഉറപ്പുവരുത്തിയാണ് ഭക്ഷ്യ ധാന്യങ്ങൾ വിട്ടെടുക്കുന്നത്. കൈകാര്യ കിഴിവ് അനുവദിച്ച് നല്കാൻ എഫ്.സി.ഐ.യിലോ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിലോ വ്യവസ്ഥകൾ ഒന്നുംതന്നെയില്ല. എഫ്.സി.ഐ.യിൽനിന്നും വിട്ടെടുത്ത് റേഷൻ കടകളിൽ എത്തിക്കുന്നതുവരെ ഭക്ഷ്യധാന്യങ്ങളിൽ വരുന്ന കുറവുമൂലമുള്ള പ്രതിമാസ നഷ്ടം 1,18,98,424/- എന്നാണ് സപ്ലൈകോ കണക്കാക്കിയിട്ടുള്ളത്. കൈകാര്യക്കിഴിവ് അനുവദിക്കുന്ന

വിഷയത്തിൽ സ്വീകരിക്കേണ്ട പ്രായോഗിക നടപടികൾ സംബന്ധിച്ച സിവിൽ സപ്ലൈസ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായാലുടൻ ഈ വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

**പതിനാലാം പഞ്ചവത്സര പദ്ധതി**

11 (*460) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) 2021-22-ൽ അവസാനിക്കുന്ന പതിമൂന്നാം പഞ്ചവത്സര പദ്ധതി മുഖേന കൈവരിച്ച പ്രധാന നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2016-17 മുതൽ 2019-20 വരെയുള്ള ശരാശരി വളർച്ചാ നിരക്ക് (5.4 ശതമാനം) 2012-13 മുതൽ 2015-16 വരെയുള്ള നാല് വർഷത്തെ ശരാശരി വളർച്ചാ നിരക്കിനെക്കാൾ (4.8 ശതമാനം) കൂടുതലാണ്. നീതി ആയോഗിന്റെ എസ്.ഡി.ജി ഇന്ത്യ ഇൻഡക്സ് പ്രകാരം ഐക്യരാഷ്ട്ര സംഘടനയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ കേരളം 2018, 2019, 2020 വർഷങ്ങളിൽ തുടർച്ചയായി ഒന്നാം സ്ഥാനത്താണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതി മുഖേന കൈവരിച്ച പ്രധാന നേട്ടങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഡിജിറ്റൽ വ്യവസായം, സാങ്കേതികവിദ്യ തുടങ്ങിയ കൂടുതൽ മേഖലകൾ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കാമോ?

പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഇതുവരെയുള്ള പഞ്ചവത്സര പദ്ധതികളുടെ ലക്ഷ്യസാക്ഷാത്കാരം സംബന്ധിച്ച പഠനങ്ങളുടെ റിപ്പോർട്ടുകൾ ലഭ്യമാണോ; അവ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ?

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ ലക്ഷ്യസാക്ഷാത്കാരം സംബന്ധിച്ച കേരള വികസന റിപ്പോർട്ട് പ്രസിദ്ധീകരിച്ച് സംസ്ഥാന ആസൂത്രണ ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) കോവിഡ്, പ്രകൃതിദുരന്തങ്ങൾ തുടങ്ങിയ പ്രതികൂല സാഹചര്യങ്ങൾ കണക്കിലെടുത്ത് തദ്ദേശ സ്ഥാപനങ്ങളുടെ അഭിപ്രായങ്ങൾകൂടി ക്രോഡീകരിച്ച് സമഗ്ര പദ്ധതി വിഭാവനം ചെയ്യാൻ നടപടി സ്വീകരിക്കാമോ?

പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന്റെ മുന്നോടിയായി രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകളിൽ കോവിഡ്, പ്രകൃതി ദുരന്തങ്ങൾ എന്നിവയിൽ പ്രാദേശിക സർക്കാരുകളുടെ ഇടപെടലുകൾ സംബന്ധിച്ചും ഇതിനായി സമഗ്ര പദ്ധതി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ഈ വിഷയം പരിശോധിച്ചുവരുന്നു.

**റേഷൻ വ്യാപാരികൾക്ക് നൽകിവരുന്ന സഹായങ്ങൾ**

12 (*461) ശ്രീ. വി. ജോയി:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ വ്യാപാരികൾക്ക് പ്രത്യേകമായി ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ 26,572 എഫ്.പി.എസ് ഡീലർമാർക്കും സെയിൽസ്മാൻമാർക്കും ആളൊന്നിന് 1060 രൂപ പ്രീമിയം നിരക്കിൽ കേരള സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റ് മുഖേന ഒരു വർഷക്കാലത്തേയ്ക്ക് 7.5 ലക്ഷം രൂപയുടെ സൗജന്യ കോവിഡ് ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കിയിട്ടുണ്ട്. തുക അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

(ബി) റേഷൻ വ്യാപാരി ക്ഷേമനിധിയിലേക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ; ഭക്ഷ്യകിറ്റ് വിതരണം ചെയ്ത വകയിൽ പ്രത്യേക ധനസഹായം നൽകിയിട്ടുണ്ടോ; റേഷൻ വ്യാപാരികൾക്കായി നൽകിവരുന്ന മറ്റ് സഹായങ്ങൾ എന്തെല്ലാമാണ്; വിശദാംശം അറിയിക്കുമോ?

റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡ് രൂപീകരിച്ച കാലയളവിൽ സർക്കാർ വിഹിതമായി രണ്ടുകോടി അമ്പത് ലക്ഷം രൂപ സ്റ്റാർട്ടിംഗ് ഫണ്ടായി അനുവദിച്ചു നൽകിയിട്ടുണ്ട്. ക്ഷേമനിധിയിൽ കുടിശ്ശികയുണ്ടായിരുന്ന ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും 2020-21 വർഷത്തെ ബഡ്ജറ്റ് പ്രകാരമുള്ള കമ്മി നികത്തുന്നതിനുമായി ടി സാമ്പത്തിക വർഷം റേഷൻ വ്യാപാരി ക്ഷേമനിധിക്ക് 3 കോടി രൂപകൂടി ധനസഹായം നല്കിയിരുന്നു. 2020 ഏപ്രിൽ, മേയ് മാസങ്ങളിലായി വിതരണം നടത്തിയ സൗജന്യ ഭക്ഷ്യ കിറ്റുകൾക്ക്

5,91,36,112 രൂപയും 2020 ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ വിതരണം ചെയ്ത കിറ്റുകൾക്ക് 4,68,92,680 രൂപയും കൈകാര്യച്ചെലവ് ഇനത്തിൽ റേഷൻ വ്യാപാരികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. കോവിഡ് വ്യാപന കാലയളവിൽ വിവിധ സർക്കാർ സ്കീമുകൾ പ്രകാരം അധിക റേഷനും അതിജീവന കിറ്റുകളും സുഗമമായി വിതരണം നടത്തിയതിന് 1000/- രൂപ നിരക്കിൽ 1,28,61,000 രൂപ ഓണറേറിയം ഇനത്തിലും അനുവദിച്ച് നൽകിയിരുന്നു. കൂടാതെ റേഷൻ വ്യാപാരി ക്ഷേമനിധിയിൽനിന്നും റേഷൻ വ്യാപാരികൾക്ക് ചികിത്സാ ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, മരണാനന്തര ധനസഹായം, പെൻഷൻ എന്നീ ആനുകൂല്യങ്ങൾ നല്കുകയും റേഷൻ വ്യാപാര രംഗത്തുനിന്ന് വിരമിക്കുന്ന അംഗങ്ങൾക്ക് അംശദായം തിരികെ നല്കുകയും ചെയ്യുന്നുണ്ട്. കോവിഡ്മൂലം മരണപ്പെട്ട റേഷൻ വ്യാപാരികളുടെ അനന്തരാവകാശികൾക്ക് റേഷൻ കട അനുവദിക്കുമ്പോൾ സോൾവൻസി ഇനത്തിൽ അടവാക്കേണ്ട തുക 1,00,000 എന്നത് 10,000 രൂപയായി കുറവു വരുത്തുന്നതും റേഷൻ കടയ്ക്കുവേണ്ടി അപേക്ഷിക്കുന്ന അനന്തരാവകാശി S.S.L.C-പാസായിരിക്കണമെന്ന KTPDS ഓർഡറിലെ വ്യവസ്ഥയിൽ ഇളവുവരുത്തുന്നതും സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

### ഓൺലൈൻ ഗെയിമിന് അടിമപ്പെടുന്ന കുട്ടികൾ

13 (*462) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. മമ്മിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ ഗെയിമിന് അടിമപ്പെടുന്ന കുട്ടികളെ സമൂഹത്തിന്റെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിന് ഡിജിറ്റൽ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഓൺലൈൻ ഗെയിമിന് അടിമപ്പെടുന്ന കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുകയെന്നത് ലക്ഷ്യമിട്ടുകൊണ്ട് പോലീസിന്റെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കാനുദ്ദേശിക്കുന്നു. തുടക്കമെന്ന നിലയിൽ റേഞ്ച് തലത്തിൽ ആരംഭിക്കുന്ന ഈ സംവിധാനം പിന്നീട് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കും.

(ബി) ഓൺലൈൻ ഗെയിമിന് അടിമപ്പെട്ട കുട്ടികളുടെ എണ്ണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അവരെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

ഓൺലൈൻ ഗെയിമിന് അടിമപ്പെട്ട കുട്ടികളുടെ എണ്ണം കൃത്യമായി പരിശോധിച്ചിട്ടില്ലെങ്കിലും ജില്ലാതലത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, ഡിസ്ട്രിക്റ്റ് റിസോഴ്സ് സെന്റർ എന്നിവ മുഖാന്തരം ആവശ്യമായ ഇടപെടലുകൾ നടത്തുകയും ആയത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വനിതാ-ശിശു വികസന വകുപ്പിന്റെ കീഴിൽ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ നേതൃത്വത്തിൽ വിപുലമായ പാരന്റിംഗ് ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ക്യാമ്പയിന്റെ ഭാഗമായി പാരന്റിംഗുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വെബിനാറുകൾ, പാരന്റിംഗ് ക്ലിനിക്കുകൾ, വിവിധ ബോധവത്കരണ പരിപാടികൾ എന്നിവ നടത്തിവരുന്നു. കേരളാ പോലീസിന്റെ സോഷ്യൽ പോലീസിംഗ് ഡയറക്ടറേറ്റിന് കീഴിൽ ' ചിരി' എന്ന പേരിൽ ഒരു പദ്ധതി 9497900200 എന്ന ഹെൽപ്പ് ലൈൻ സംവിധാനത്തോടുകൂടി 2020 ജൂലായ് 12 മുതൽ മുഴുവൻ സമയവും (24x7) പ്രവർത്തിച്ചു വരികയാണ്. കുട്ടികൾക്ക് ഒരു നല്ല സഹയാത്രികനും സുഹൃത്തുമായി മാറുവാൻ ഈ പദ്ധതിക്ക് സാധിച്ചിട്ടുള്ളതും കുട്ടികളുടെ മാനസികാരോഗ്യം വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുള്ളതുമാണ്. പദ്ധതി കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി സോഷ്യൽ മീഡിയ, ശ്രവ്യ-ദൃശ്യ മാധ്യമങ്ങൾ തുടങ്ങിയവയിലൂടെ ആവശ്യമായ പ്രചാരണ പരിപാടികൾ നടത്തുന്നുണ്ട്.

(സി) സൈബർ മേഖലയിൽ പോലീസിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ കഴിഞ്ഞ അഞ്ച് വർഷം നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കഴിഞ്ഞ 5 വർഷത്തിനിടെ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ കൂടിവരുന്ന പശ്ചാത്തലത്തിൽ അവ കൈകാര്യം ചെയ്യുന്നതിനും കുറ്റാന്വേഷണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി 19 പോലീസ് ജില്ലകളിൽ സൈബർ സ്റ്റേഷനുകൾ ആരംഭിച്ചു. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും റിപ്പോർട്ടാകുന്ന കുറ്റകൃത്യങ്ങളിലെ കുറ്റവാളികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിനുമായി കേന്ദ്ര സർക്കാർ സ്ഥാപനമായ C-DAC മുഖേന പോലീസുദ്യോഗസ്ഥർക്ക് Cyber Crime Investigation and Cyber Forensic-ൽ വിദഗ്ദ്ധ പരിശീലനം നൽകിയിട്ടുള്ളതും പരിശീലനം പൂർത്തിയാക്കിയ പോലീസുദ്യോഗസ്ഥരെ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സൈബർ സുരക്ഷയ്ക്കും സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിനുമായുള്ള ഒരു പൊതു-സ്വകാര്യ സംരംഭമാണ് സൈബർ ഡോം. നൂതന സാങ്കേതികവിദ്യയും

ഉപകരണങ്ങളും സേവനങ്ങളും കേരളാ പോലീസിന് ലഭ്യമാക്കുകയും അതുവഴി സേനയെ സൈബർ ലോകത്തെ വെല്ലുവിളികൾ നേരിടുന്നതിനും സമൂഹത്തിനു നേരെ ഉയർന്നു വരുന്ന സൈബർ ഭീഷണികൾക്കെതിരെ പൊരുതുന്നതിനും പര്യാപ്തമാക്കുകയെന്നതാണ് സൈബർ ഡോമിന്റെ ലക്ഷ്യം. തിരുവനന്തപുരം ടെക്നോപാർക്കിലെ സൈബർ ഡോം ആസ്ഥാനത്തിനു പുറമേ സൈബർ ഡോം യൂണിറ്റുകൾ കോഴിക്കോട്ടും കൊച്ചിയിലും സ്ഥാപിച്ചു. ഇന്ത്യയിൽത്തന്നെ ആദ്യമായി കുട്ടികളുടെ സൈബർ സുരക്ഷാ പഠന പോർട്ടൽ "kidglove.in" സൈബർ ഡോമിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. ഡാർക്ക് വെബിൽ ശക്തവും ഫലപ്രദവുമായ രീതിയിൽ പോലീസ് ഇടപെടൽ നടത്തി കുറ്റകൃത്യങ്ങൾ കണ്ടെത്തി കുറ്റക്കാർക്കെതിരെ ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനായി ആപ്ലിക്കേഷൻ നിർമ്മിച്ചെടുക്കുകയെന്ന ലക്ഷ്യത്തോടെ കേരള പോലീസ് സൈബർ ഡോം ഓൺലൈൻ ഹാക്കത്തോൺ നടത്തുകയുണ്ടായി. ഹാക്ക്പി 2021 എന്ന ഓൺലൈൻ ഹാക്കത്തോണിലൂടെ ഡെവലപ് ചെയ്ത സോഫ്റ്റ്‌വെയർ Grapnel 1.0 മുഖേന ഡാർക്ക് വെബിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങളായ ചൈൽഡ് പോണോഗ്രാഫി, മയക്കുമരുന്ന് കച്ചവടം, ആയുധ വ്യാപാരം, സാമ്പത്തിക തട്ടിപ്പുകൾ, റാൻസം വെയർ സർവ്വീസ്, മറ്റ് കുറ്റകൃത്യങ്ങൾ എന്നിവ നിരീക്ഷിക്കുവാനും വിശകലനം ചെയ്യുവാനും സാധിക്കും. 2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ, തിരുവനന്തപുരത്ത് Cyber Security Centre (Cyber dome) സ്ഥാപിക്കുന്നതിന് 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 'Assistance to States for Modernisation of Police' എന്ന കേന്ദ്ര പദ്ധതിയിൽ, 2021-22 വർഷത്തെ State Action Plan-ൽ 'Improving Cyber Crime Investigation Infrastructure- നായി 100 ലക്ഷം രൂപയും 'State Social Media Analysis Lab സ്ഥാപിക്കുന്നതിലേക്കായി 100 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

**പുരാവസ്തു തട്ടിപ്പിൽ അന്വേഷണം**

14 (*463) ശ്രീ. കുറുക്കോളി മൊയ്തീൻ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) പുരാവസ്തുക്കളുടെ പേരിൽ തട്ടിപ്പ് നടത്തിയ കേസിലെ പ്രതിക്ക് ഉയർന്ന പോലീസുദ്യോഗസ്ഥരുടെ സഹായം ലഭിച്ചിരുന്നതായ ആരോപണത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ടോ?

ഈ കേസിൽ ക്രൈം ബ്രാഞ്ച് അന്വേഷണം നടന്നുവരുന്നു.

(ബി) എങ്കിൽ പ്രസ്തുത തട്ടിപ്പിന് സഹായം നൽകിയ പോലീസുദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി&സി) ഏതെങ്കിലും പോലീസുദ്യോഗസ്ഥർക്ക് ബന്ധമുള്ളതായി നാളിതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടില്ല.

**റീബിൽഡ് കേരള പദ്ധതി**

15 (*464) ശ്രീ. എ. രാജ :
ശ്രീ. പി. വി.അൻവർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരളയുടെ കീഴിലുള്ള പ്രളയാനന്തര പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മൽസ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചു കിടക്കുന്ന പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖലാ ശാക്തീകരണം എന്നിവയ്ക്കും ഊന്നൽ നൽകിയുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. പദ്ധതികളുടെ വിശദാംശം അനുബന്ധത്തിൽ ചേർക്കുന്നു*.

(ബി) ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കുവാനാകുന്നവിധം കരുത്തോടെയും പ്രകൃതി സൗഹൃദപരമായും അത്യാധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തിയും ഉന്നത നിലവാരത്തിലുള്ള നിർമ്മാണങ്ങൾക്കുള്ള പ്രവർത്തനങ്ങൾ പ്രസ്തുത പദ്ധതി പ്രകാരം തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. ഭാവിയിലുണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനും അതിജീവനക്ഷമത ഉയർത്തുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണംചെയ്ത് നടപ്പിലാക്കുന്നത്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

a) പൊതുമരാമത്ത് വകുപ്പ് : സെമി എലിവേറ്റഡ് രീതിയിലുള്ള റോഡ് നിർമ്മാണം, വെള്ളമൊഴുകാനുള്ള വീതിയേറിയ ചാലുകൾ, തിരക്ക് കുറയ്ക്കത്തക്ക രീതിയിലുള്ള ജംഗ്ഷൻ രൂപകല്പന, മഴവെള്ളം ഊർന്നിറങ്ങത്തക്ക രീതിയിലുള്ള നടപ്പാത നിർമ്മാണം, ചെരിവുകൾക്ക് ഉറപ്പുനല്കുന്നതിന് സോയിൽ നയിലിംഗ് സാങ്കേതികവിദ്യയുടെ ഉപയോഗം, ആധുനിക യന്ത്രങ്ങൾ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണ രീതി, ഭൂഗർഭജല പരിപോഷണം അനുവദിക്കുന്ന ഇന്റർലോക്ക് പേവർ ബ്ലോക്കുകൾ ഉപയോഗിച്ചുള്ള നടപ്പാത സാങ്കേതികവിദ്യ, ചരിവുകൾക്ക് ഉയർന്ന പ്രതിരോധശേഷിയുള്ള ജിയോ കോമ്പോസിറ്റ് വയർ മെഷ് ഉപയോഗിച്ച് ഉപരിതല കോറിംഗ്, 100 വർഷത്തെ മഴയുടെ കണക്കനുസരിച്ചുള്ള ഡിസൈനും അതിനനുസരിച്ചുള്ള സാങ്കേതിക വിദ്യകളുടെ ഉപയോഗവും.

b) റവന്യൂ ദുരന്ത നിവാരണ വകുപ്പ് : അത്യാധുനികമായ സർവ്വേ സാങ്കേതികവിദ്യ ഉപയോഗിച്ച് ഡിജിറ്റൽ സർവ്വേ.

c) ജല വിഭവ വകുപ്പ് :

• ഡ്രിപ്പ്, സ്പ്രിംഗ്ളർ അടങ്ങിയ സൂക്ഷ്മ സാമൂഹിക ജലസേചന പദ്ധതികൾ

• വാട്ടർ റിസോഴ്സ് ഇൻഫർമേഷൻ സിസ്റ്റം

• ജലവിതരണ സംവിധാനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് ഊർജ്ജ ഓഡിറ്റും അനുബന്ധ നടപടികളും

• പുഴകളെയും ജലവിഭവങ്ങളെയും സംരക്ഷിക്കുന്നതിനുംമറ്റുമായി നദീതട പരിപാലന അതോറിറ്റിയുടെ രൂപീകരണം

• കുട്ടനാട്ടിലെ പ്രളയ സാഹചര്യം കൈകാര്യം ചെയ്യുന്നതിനായി റൂം ഫോർ റിവർ മാതൃകയിലുള്ള പദ്ധതി വിഭാവനം

d) ഊർജ്ജ വകുപ്പ്:

• സ്ഥല ലഭ്യത കുറഞ്ഞ സ്ഥലങ്ങളിലും വെള്ളപ്പൊക്ക സാധ്യതാപ്രദേശങ്ങളിലും വൈദ്യുതി സംരക്ഷണത്തിന് എലിവേറ്റഡ് ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷനുകൾ

e) വനം, വന്യജീവി വകുപ്പ് :

• ദുരന്ത സാധ്യത കുറയ്ക്കുന്നതിനും വനഭൂമി വിസ്തൃതമാക്കുന്നതിനും വനഭൂമിയോട് ചേർന്ന് താമസിക്കുന്ന സ്വകാര്യ വ്യക്തികളെ മാറ്റിപാർപ്പിക്കൽ

• നദീതട സംരക്ഷണത്തിനും ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും കണ്ടൽക്കാടുകളുടെ ഏകീകരണം

• വനമേഖലയിലെ ജൈവ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള പഠനങ്ങൾ

f) <u>കൃഷി വകുപ്പ്</u>

• നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് കനാലുകളിലും ബണ്ടുകളിലും ചെക്ക് ഡാമുകളിലും മണ്ണ് നീക്കൽ, വീതികൂട്ടലും ആഴംകൂട്ടലും പ്രക്രിയകൾ, ഭൂഗർഭ ജല സംരക്ഷണ പ്രവർത്തനങ്ങൾ

• അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിന് പച്ചത്തുരുത്തുകളുടെ നിർമ്മാണം

• സുസ്ഥിര വിളയുൽപ്പാദന മാർഗ്ഗങ്ങൾ

• പരിസ്ഥിതി സൗഹൃദമായ മണ്ണ് സംരക്ഷണ പ്രവൃത്തികൾ

• മണ്ണിൽ ജൈവ വസ്തുക്കളുടെ അളവ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി പുതയിടൽ മാർഗ്ഗങ്ങൾ, കയർ ഭൂവസ്ത്രം വിരിക്കൽ, നീർത്തട വികസനം, ജൈവ വേലി നിർമ്മാണം

• ധാന്യ ലഭ്യത ഉറപ്പുവരുത്തുന്നതിന് സീഡ്ബാങ്ക് (പൂക്കൾക്കും പച്ചക്കറികൾക്കും )

• സംയോജിത കൃഷി രീതികൾ, ഫാം ടൂറിസം

• ജൈവ കീടങ്ങളെ ഉപയോഗിച്ച് വിളസംരക്ഷണം

g) <u>പരിസ്ഥിതി വകുപ്പ്</u>

•തദ്ദേശീയരുടെ ഉപജീവനം സാധ്യമാക്കിക്കൊണ്ടുള്ള ജൈവ സംരക്ഷണത്തിനുള്ള അടിസ്ഥാന വികസനം

• വാണിജ്യ സാധ്യതയുള്ള ജൈവ വിഭവങ്ങളുടെ ചൂഷണം തടയുന്നതിന് ഡാറ്റ ബേസ്

h) <u>മൃഗസംരക്ഷണ വകുപ്പ്</u>

• കേരള ചിക്കൻ പദ്ധതിയിൽ കർഷകർക്ക് ഉപജീവനോപാധി ഉറപ്പുനല്കുന്നു, ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ സുരക്ഷിതമായ കോഴിയിറച്ചി ലഭ്യമാക്കുന്നു

• ശക്തമായ ഉത്പാദന വിതരണ ശൃംഖലകൾ വഴി തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നു

• മൃഗപരിപാലനം, സംരക്ഷണം എന്നിവയിലൂടെയുള്ള ഉപജീവനം ഉറപ്പാക്കൽ

• ആധുനിക വിവര സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി മൃഗപരിപാലനം

• മൃഗങ്ങളെ സംബന്ധിച്ച പൂർണ്ണ വിവരശേഖരണം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള RFID ടാഗിംഗ്

• GIS മാപ്പിംഗിന്റെ പ്രയോജനം ഉപയോഗപ്പെടുത്തൽ

• മൃഗങ്ങളുടെ ഭഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് ഫോഡർ ഹബ്ബുകൾ

I) <u>തദ്ദേശ സ്വയംഭരണ വകുപ്പ്:</u>

• നൈപുണ്യ വികസനത്തിലൂടെ തൊഴിൽ ഉറപ്പുവരുത്തുന്നു

• സൂക്ഷ്മ സംരംഭ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് സ്റ്റാർട്ടപ്പ് വില്ലേജ് പ്രോഗ്രാം

• കേരള ചിക്കൻ പദ്ധതിയിൽ കർഷകർക്ക് ഉപജീവനോപാധി ഉറപ്പുനല്കുന്നു, ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ സുരക്ഷിതമായ കോഴിയിറച്ചി ലഭ്യമാക്കുന്നു

• ശക്തമായ ഉത്പാദന വിതരണ ശൃംഖലകൾ വഴി തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നു

• സംരംഭ വികസനത്തിനായി കുറഞ്ഞ പലിശനിരക്കിൽ ഫണ്ട് ലഭ്യമാക്കുന്നതിന് കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട്

• എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗിനുവേണ്ടിയുള്ള സോഫ്റ്റ്‌വെയർ

• വായുരഹിത (ബിഎഫ്ബിആർ) രീതിയും എയ്റോബിക് (എംബിബിആർ) രീതിയും ഉൾപ്പെടുത്തിയുള്ള ജൈവ മലിനജല സംസ്കരണം.

• മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള ആധുനികവും നൂതനവും വളരെ കാര്യക്ഷമവുമായ ബോയന്റ് ഫിൽറ്റർ ബയോ റിയാക്ടർ (BFBR) സംവിധാനം

• പദ്ധതിപ്രദേശത്തിന്റെ സംരക്ഷണത്തിനായി ഗ്രീൻ ബെൽറ്റ്

• വേർതിരിച്ച ചെളി മാലിന്യങ്ങൾ വളമായി ഉപയോഗിക്കുന്നതിനുള്ള സംവിധാനം

j ) <u>വനിതാ ശിശുക്ഷേമ വകുപ്പ്:</u>

• കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടും അതിജീവനക്ഷമത ഉറപ്പുവരുത്തിക്കൊണ്ടുമുള്ള ആധുനിക രീതിയിലുള്ള സ്മാർട്ട് അങ്കണവാടികൾ.

k) <u>വിവര സാങ്കേതിക വകുപ്പ്</u> :

• ദുരന്ത നിവാരണ ആക്ഷൻപ്ലാൻ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് മൈക്രോലെവൽ മാപ്പിംഗ് (മാപ്പത്തോൺ)

l) മത്സ്യബന്ധന തുറമുഖ വകുപ്പ് :

• ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ജലസംഭരണികളിൽ കൂട് മത്സ്യ കൃഷി

• റിവർ ട്രെയിനിംഗ് പദ്ധതികൾ

• നദീതടങ്ങൾ സംരക്ഷിക്കുന്നതിന് കണ്ടൽക്കാടുകൾ നട്ടുവളർത്തൽ

• ബ്രേക്ക്‌വാട്ടർ സംവിധാനം നടപ്പാക്കുന്നതിന് മുന്നോടിയായി ബാത്തിമെട്രി പഠനം, പ്രോട്ടോടൈപ്പ് വിശകലനത്തിന് MIKE സോഫ്റ്റ്‌വെയറിന്റെ ഉപയോഗം, പരിസ്ഥിതി ആഘാത പഠനം.

**അർബുദരോഗ ചികിത്സയ്ക്കായി പ്രത്യേക പദ്ധതി**

16 (*465) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. വിജിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) അർബുദരോഗബാധ ഭീതിജനകമാംവിധം വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ അർബുദരോഗ ചികിത്സകൾക്ക് പ്രത്യേകമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അർബുദരോഗം മുൻകൂട്ടി കണ്ടെത്തുന്നതിനും അർബുദത്തിലേയ്ക്ക് നയിക്കുന്ന ഹേതുക്കൾ നിയന്ത്രിക്കുന്നതിനും ശാസ്ത്രീയമായ ചികിത്സ നൽകുന്നതിനും സംസ്ഥാന ആരോഗ്യവകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലും മലബാർ ക്യാൻസർ സെന്ററിലും മെഡിക്കൽ കോളേജുകളിലും മാത്രമായി ലഭിച്ചിരുന്ന ക്യാൻസർ ചികിത്സ ഇന്ന് ആരോഗ്യ വകുപ്പിനുകീഴിലുള്ള 24 ആശുപത്രികളിലൂടെ നൽകത്തക്കരീതിയിൽ ആശുപത്രികളെ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുന്നതിനും കീമോതെറാപ്പിപോലെയുള്ള സാങ്കേതിക വൈദഗ്ധ്യം വേണ്ടിവരുന്ന ചികിത്സാരീതികളിൽ ആരോഗ്യപ്രവർത്തകർക്ക് പരിശീലനം നൽകുന്നതിനും ആരോഗ്യബോധവൽക്കരണം നടത്തുന്നതിനും ആരോഗ്യവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ക്യാൻസർ സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ പ്രകാരമുള്ള നടപടികളും ക്യാൻസർ ബോർഡ് രൂപീകരണവും

ആരോഗ്യവകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. റീജിയണൽ ക്യാൻസർ സെന്ററുമായി സഹകരിച്ചുകൊണ്ട് ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലൂടെ ഓരോ ജില്ലകളിലെയും രോഗികൾക്ക് ക്യാൻസർ ചികിത്സ നൽകുന്നതിന് സാധിക്കുന്നതിലൂടെ കോവിഡ് കാലത്ത് അർബുദരോഗികൾക്ക് ചികിത്സ മുടങ്ങാതെ നൽകാൻ സാധിച്ചുവെന്നത് ഈ പദ്ധതിയുടെ ഒരു നേട്ടമായി കണക്കാക്കാവുന്നതാണ്. സംസ്ഥാനത്ത് അർബുദരോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ക്യാൻസർ പ്രതിരോധ നിയന്ത്രണ പരിപാടികളുടെ ഭാഗമായി കേരളം ക്യാൻസർ നിയന്ത്രണ പദ്ധതിയുടെ 2018 മുതൽ 2030 വരെ എന്നതിന്റെ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. ബോധവൽക്കരണത്തിലൂടെ ക്യാൻസർ സാക്ഷരത സമൂഹത്തിൽ നടപ്പിലാക്കുകയും അതുവഴി രോഗനിയന്ത്രണം നടപ്പിലാക്കുകയുമാണ് ലക്ഷ്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി ഇതിനോടകം ജില്ലാ തലത്തിൽ ക്യാൻസർ നിയന്ത്രണ പദ്ധതികൾക്ക് തുടക്കമായിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 'ലീഡർഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാം' എന്ന പേരിൽ വിവിധ ജില്ലകളിലെ ആരോഗ്യവകുപ്പിലെ ഡോക്ടർമാർക്ക് ക്യാൻസർ മുൻകൂർ രോഗനിർണ്ണയ പരിശീലനം ആർ.സി.സി നൽകിയിട്ടുണ്ട്. സംസ്ഥാന ആരോഗ്യ-വിദ്യാഭ്യാസ വകുപ്പിന്റേയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ മുന്നോട്ടുപോകുവാനാണ് ഇനി ക്യാൻസർ സെന്ററുകൾ ലക്ഷ്യമിടുന്നത്. ക്യാൻസർ സെന്ററിൽ നേരിട്ട് എത്തിച്ചേരാതെതന്നെ വ്യക്തിയുടെ തൊട്ടടുത്തുള്ള ഗവൺമെന്റ് ചികിത്സാ കേന്ദ്രത്തിൽ പരിശോധിക്കുവാനുള്ള സൗകര്യങ്ങൾ തയ്യാറാക്കുകയും ആവശ്യമെങ്കിൽ മാത്രം താലൂക്ക് ആശുപത്രിയിലേയ്ക്കോ ജനറൽ ആശുപത്രിയിലേയ്ക്കോ ഇനി റഫർ ചെയ്യുകയും ചെയ്യാം. ചെറിയൊരു ശതമാനം ആൾക്കാർക്ക് മാത്രമേ ക്യാൻസർ സെന്ററിനെയോ, മെഡിക്കൽ കോളേജിനെയോ ആശ്രയിക്കേണ്ടിവരികയുള്ളൂ. ഇത് വികേന്ദ്രീകൃത ക്യാൻസർ ചികിത്സയ്ക്ക് അവസരമുണ്ടാക്കും. ഡിസ്ട്രിക്ട് ക്യാൻസർ കൺട്രോൾ പ്രോഗ്രാം പുകയില, മദ്യപാനം എന്നീ ദുശ്ശീലങ്ങൾക്കെതിരേ ബോധവൽക്കരണം നടത്തുകയും ജീവിതശൈലിയുടെ പ്രാധാന്യത്തിന് ഊന്നൽ നൽകുകയും ചെയ്തുവരുന്നുണ്ട്. സമൂഹത്തിൽ കണ്ടു വരുന്ന പ്രധാനപ്പെട്ട ക്യാൻസറുകളുള്ളവരെ (വായ്, സ്തനം, ഗർഭാശയഗളം) നേരത്തേ കണ്ടുപിടിച്ച് അത്തരം രോഗികളെ തൊട്ടടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിലേക്ക് അയയ്ക്കുവാൻ സാധിക്കും. ചികിത്സാസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ക്യാൻസർ സെന്ററുകളും മെഡിക്കൽ കോളേജുകൾ തുടങ്ങി ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളുള്ള സ്ഥാപനങ്ങളിലെ സൗകര്യങ്ങളും മാനവവിഭവശേഷിയും വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ആർ.സി.സി.യിൽ പണിയുന്ന പതിനാല് നില കെട്ടിടം 2022-

ഓട്ടു കൂടി പ്രവർത്തന സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു. നൂതന സാങ്കേതിക ഉപകരണമായ ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. പുതിയ ഡ്യുവൽ സോഴ്സ് ഡ്യുവൽ എനർജി സി. ടി. സ്കാനറിന്റെ പ്രവർത്തനം ആരംഭിച്ചു. അത്യാധുനിക ചികിത്സാരീതിയായ ല്യൂട്ടീഷ്യം തെറാപ്പി ആർ.സി.സി.യിൽ ആരംഭിച്ചു കഴിഞ്ഞു. 10 കിടക്കകളുള്ള ആധുനിക സൗകര്യത്തോടുകൂടിയ അത്യാഹിത വിഭാഗവും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) മലബാർ ക്യാൻസർ സെന്റർ, കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ എന്നിവിടങ്ങളിൽ ഏറ്റവും പുതിയ സംവിധാനങ്ങൾ സജ്ജമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഏറ്റവും പുതിയ ചികിത്സാ സംവിധാനമായ കോൾപോസ്കോപ്പി യൂണിറ്റിന്റെ പ്രവർത്തനം കൊച്ചിൻ ക്യാൻസർ സെന്ററിൽ ലഭ്യമാണ്. മലബാർ ക്യാൻസർ സെന്ററിൽ അർബുദരോഗ ചികിത്സയ്ക്കാവശ്യമുള്ള ന്യൂക്ലിയർ മെഡിസിൻ ഉൾപ്പെടെയുള്ള എല്ലാ ആധുനിക സൗകര്യങ്ങളും നിലവിൽ ലഭ്യമാണ്. വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) ത്രിതീയ ക്യാൻസർ പരിചരണ ഗവേഷണ കേന്ദ്രമെന്ന നിലയിൽ കൊച്ചിൻ ക്യാൻസർ സെന്ററിൽ എന്തൊക്കെ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്നതിന്റെ വിശദാംശങ്ങൾ നൽകാമോ?

കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ ഒരു ത്രിതീയ ക്യാൻസർ പരിചരണ ഗവേഷണ കേന്ദ്രമായി വികസിച്ചിട്ടില്ല. അതിന്റെ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നതേയുള്ളൂ. സി.സി.ആർ.സി.യിൽ ക്യാൻസർ ചികിത്സയ്ക്കാവശ്യമായ ഡേ കെയർ കീമോതെറാപ്പി യൂണിറ്റ്, സർജറി വിഭാഗം, സർജറി ഐ.സി.യു., പ്രീ & പോസ്റ്റ് ഓപ്പറേറ്റീവ് വാർഡുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സാധാരണയായി കണ്ടുവരുന്ന ക്യാൻസർ വകഭേദങ്ങളായ സ്തനാർബുദം, ഗർഭാശയഗളമുഖ അർബുദം, വായിലെ ക്യാൻസർ എന്നിവ കണ്ടുപിടിക്കുന്നതിനുള്ള സൗകര്യങ്ങളും സി.സി.ആർ.സി.യിൽ ഉണ്ട്. ഇതിനു പുറമെ മാമ്മോഗ്രാം, കോൾപോസ്കോപ്പി യൂണിറ്റ്, റീഹാബിലിറ്റേഷൻ ക്ലിനിക്ക്, പെയിൻ ക്ലിനിക്ക്, ഡേ കെയർ, കീമോതെറാപ്പി വാർഡ്, പാത്തോളജി വിഭാഗം എന്നിവയും നിലവിൽ സി.സി.ആർ.സി.യിൽ പ്രവർത്തിച്ചുവരുന്നു. സി.സി.ആർ.സി.യിൽ പൂർണ്ണ സജ്ജമായിട്ടുള്ള ഒരു അനസ്തേഷ്യാ വിഭാഗം, റീഹാബിലിറ്റേഷൻ ക്ലിനിക്കുകളായ സ്പീച്ച് & സ്വാളോയിംഗ് ക്ലിനിക്കുകൾ ശ്വാസനാള ക്യാൻസർ ചികിത്സക്ക് വിധേയമായവർക്കായി പ്രവർത്തിക്കുന്നു. സ്തനാർബുദ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രോഗികൾക്കായി ലിംഫോഡിമ ക്ലിനിക്കുകളും, വൻകുടൽ ക്യാൻസർ രോഗബാധിതർക്കായി സ്റ്റോമ ക്ലിനിക്കുകളും പ്രവർത്തിക്കുന്നു. കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ നിലവിൽ എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. സി.സി.ആർ.സിക്ക് വേണ്ടിയുള്ള കെട്ടിടത്തിന്റെ നിർമ്മാണം നടന്നു വരുന്നതേയുള്ളൂ. ആയതിനാൽ സി.സി.ആർ.സി.യിൽ നിലവിൽ ക്യാൻസർ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. സ്വന്തം കെട്ടിടത്തിലേക്ക് മാറുന്ന മുറയ്ക്ക് പൂർണ്ണമായും സജ്ജമായ ഒരു ത്രിതീയ ക്യാൻസർ പരിചരണ ഗവേഷണ കേന്ദ്രമായി മാറ്റാൻ കഴിയും.

## വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തന പുരോഗതി

17 (*466) ശ്രീ. കെ. എം. സച്ചിൻദേവ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്താരംഭിച്ച ആധുനിക സൗകര്യങ്ങളോടുകൂടിയ ലാബുകളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമായിട്ടുണ്ടോ?

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിൽ 3 പുതിയ പബ്ലിക് ഹെൽത്ത് ലാബുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. റീജിയണൽ പബ്ലിക് ലബോറട്ടറി കോഴഞ്ചേരി (പത്തനംതിട്ട), ജില്ല പബ്ലിക് ഹെൽത്ത് ലാബ് മഞ്ചേരി (മലപ്പുറം), ജില്ല പബ്ലിക് ഹെൽത്ത് ലാബ് സുൽത്താൻ ബത്തേരി (വയനാട്) എന്നീ 3 ലാബുകളിലും വിവിധ ക്ലിനിക്കൽ ലബോറട്ടറി ഡിവിഷനോടൊപ്പം ഐ.സി.എം.ആർ അപ്രൂവലുള്ള കോവിഡ് ആർ.ടി.പി.സി.ആർ പരിശോധനകൾ നടക്കുന്നു. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടേറ്റിനുകീഴിൽ 2015-ൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ VRDL ലാബിന് അനുമതിയും സിവിൽ പ്രവർത്തിക്കും ഉപകരണങ്ങൾ വാങ്ങുന്നതിനും ഫണ്ടും നൽകി. 2017-ൽ ഭാഗികമായും 2018 മുതൽ പൂർണ്ണമായും ലാബ് പ്രവർത്തന സജ്ജമായി. വൈറൽ അസുഖങ്ങൾ നിർണ്ണയിക്കാനുള്ള സൗകര്യങ്ങൾ ഇവിടെയുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ, 2019 ജൂൺ മുതൽ

മൂന്നാമത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവിലെ ഗവൺമെന്റ് മെഡിക്കൽ കോളേജ് കാമ്പസ്സിൽ പ്രവർത്തനം ആരംഭിച്ചു. പ്രതിവർഷം 5000 മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള ക്ഷമതയുള്ള ഈ ലാബിൽ നിലവിൽ 1500 മരുന്ന് സാമ്പിളുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നു. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ കണ്ണൂർ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ വലിയ വെളിച്ചം എന്ന സ്ഥലത്ത് ഒരു റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി 24/10/2020 മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിൽ, 2020 ഒക്ടോബർ 15-ാം തീയതി തിരുവനന്തപുരത്തെ തോന്നയ്ക്കലിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ പ്രവർത്തനോദ്ഘാടനം നടത്തി. ഇൻസ്റ്റിറ്റ്യൂട്ട് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രഗത്ഭരായ ശാസ്ത്രജ്ഞരുടെ നിയമന നടപടികൾ പൂർത്തിയായിട്ടുണ്ട്. സാങ്കേതിക വിഭാഗങ്ങളിലേയ്ക്കുള്ള നിയമന നടപടികൾ അന്തിമഘട്ടത്തിലാണ്. ഗവേഷണത്തിനാവശ്യമായ ഉപകരണങ്ങളുടെയും അനുബന്ധ സാമഗ്രികളുടെയും കെമിക്കലുകളുടെയും വാങ്ങൽ നടപടികളും ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. രോഗനിർണ്ണയത്തിനുള്ള ലബോറട്ടറി നവംബർ ആദ്യവാരത്തോടുകൂടി പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

(സി) സംസ്ഥാനത്തെ പരിശോധനയ്ക്കുശേഷം ഐ.സി.എം.ആർ.-ന്റെ സ്ഥിരീകരണം ലഭിക്കുന്നതിനായി എല്ലാ സാമ്പിളുകളും പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ അയയ്ക്കേണ്ട സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഐ.സി.എം.ആർ.-ന്റെ അനുമതിയോടുകൂടി സംസ്ഥാനത്തുനിന്നുതന്നെ പൂർണ്ണമായ ഫലം നൽകാൻ കഴിയുന്ന സ്ഥാപനമാക്കി വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെ മാറ്റുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

(സി&ഡി) എല്ലാ സാമ്പിളുകളും പൂനെ ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്ക് അയയ്ക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല. നിപ്പ, എബോള മുതലായ ഗുരുതര സ്വഭാവമുള്ള വൈറസ് സാംക്രമിക രോഗങ്ങളുടെ നിർണ്ണയത്തിനും സ്ഥിരീകരണത്തിനും Biosafety ലെവൽ -3 ലാബുകൾ അനിവാര്യമാണ്. നിലവിൽ ഇത്തരം രോഗങ്ങളുടെ നിർണ്ണയത്തിന് ഔദ്യോഗിക സ്ഥിരീകരണം നൽകുന്നതിനുള്ള അനുമതി പൂനൈ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന് മാത്രമാണ് കേന്ദ്ര സർക്കാർ നൽകിയിരിക്കുന്നത്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ ഭരണ, ഗവേഷണ, ലാബ് സംവിധാനങ്ങൾ പൂർണ്ണ തോതിൽ പ്രവർത്തനസജ്ജമാക്കി ഐ.സി.എം.ആർ.-ന്റെ അനുമതിയോടുകൂടി പൂർണ്ണമായ ഫലം നൽകാൻ കഴിയുന്ന സ്ഥാപനമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

## മാസ്കുകളുടെയും സാനിറ്റൈസറുകളുടെയും ഗുണനിലവാരം

18 (*467) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുരക്ഷിതമല്ലാത്ത മാസ്കുകളും ഗുണമേന്മയില്ലാത്ത സാനിറ്റൈസറുകളും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) സാനിറ്റൈസറുകളുടെ ഗുണനിലവാരം പരിശോധിക്കുവാനുള്ള സംവിധാനം നിലവിലുണ്ടോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ്-19 മഹാമാരിയുടെ പ്രാരംഭ ഘട്ടത്തിൽ ഹാൻഡ് സാനിറ്റൈസറുകളും മാസ്കുകളും വലിയതോതിൽ ആവശ്യമായി വന്ന സാഹചര്യത്തിൽ ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ മതിയായ തോതിൽ ലഭ്യമാക്കുന്നതിലേക്കായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ദൈനംദിന ആവശ്യങ്ങൾക്കായി സാധാരണ മാസ്കുകളും കോവിഡ് പ്രതിരോധ പ്രവർത്തനത്തിനായി നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്ക് മാത്രമായി N95 മാസ്കിന്റെ ഉപയോഗം പരിമിതപ്പെടുത്തിക്കൊണ്ടും സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. N95/ സർജിക്കൽ മാസ്കുകളെ 2021 ഫെബ്രുവരി 11 -ലെ കേന്ദ്ര സർക്കാരിന്റെ ഗസറ്റ് വിജ്ഞാപന പ്രകാരം മെഡിക്കൽ ഡിവൈസുകൾ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവയുടെ നിർമ്മാണ വിപണന നിയന്ത്രണത്തിന് ലൈസൻസുകൾ അത്യന്താപേക്ഷിതമല്ല. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിൽ ഇവയുടെ ഗുണനിലവാര മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ലാബുകൾ കേന്ദ്ര സർക്കാർ നാളിതുവരെ വിജ്ഞാപനം ചെയ്തിട്ടില്ല. ആയതിനാൽ വിപണിയിൽ ലഭ്യമായിട്ടുള്ള മാസ്കുകൾ National Pharmaceutical Price Monitoring Authority (NPPA)യുടെ 23/6/2020-ലെ 37007/2020/ഡിഐവി.III/എൻപിപിഎ നമ്പർ ഓഫീസ് മെമ്മോറാണ്ടം പ്രകാരമുള്ള ലേബലിംഗ് മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ നിരീക്ഷിച്ച് ഇവയുടെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. അപ്രകാരം തന്നെ കോവിഡ് -19 ന്റെ ഒന്നാം ഘട്ടത്തിൽ ഹാൻഡ് സാനിറ്റൈസറുകൾക്കും ഹാൻഡ് വാഷുകൾക്കുമുള്ള ലഭ്യത വിപണിയിൽ

തുലോം കുറവായിരുന്നു. ഗുണനിലവാരമുള്ള സാനിറ്റൈസറുകൾ/ഹാൻഡ് വാഷുകൾ ആവശ്യത്തിന് ലഭിക്കുന്നതിലേക്കായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ഔഷധ/സൗന്ദര്യ വർദ്ധക വസ്തുക്കളുടെ നിർമ്മാതാക്കൾക്കുൾപ്പെടെ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിലെ മാനദണ്ഡങ്ങൾ പാലിച്ച് സമയബന്ധിതമായി നിർമ്മാണ ലൈസൻസുകൾ (75 ഹാൻഡ് സാനിറ്റൈസർ നിർമ്മാണ ലൈസൻസുകൾ) അടിയന്തരമായി വകുപ്പ് അനുവദിച്ച് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇവയുടെ ലഭ്യത വിപണിയിൽ ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തിച്ചിട്ടുള്ള ലൈസൻസുകളില്ലാതെ നിർമ്മിച്ച് വിതരണം ചെയ്ത ഹാൻഡ് സാനിറ്റൈസറുകൾ നിയമനടപടികളുടെ ഭാഗമായി കണ്ടെടുക്കുകയും വിപണിയിലുള്ള ഹാൻഡ് സാനിറ്റൈസറുകൾ ഗുണനിലവാര പരിശോധനയ്ക്കായി ശേഖരിക്കുകയും ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപിച്ചവയുടെ വിപണനം അടിയന്തരമായി തടയുകയും ചെയ്തിട്ടുണ്ട്. എന്നാൽ കോവിഡ്-19- ന്റെ രണ്ടാം ഘട്ടത്തിൽ ഹാൻഡ് സാനിറ്റൈസറുകൾ, N-95 മാസ്കുകൾ ഉൾപ്പെടെയുള്ള ഫെയ്സ് മാസ്കുകളും സുലഭമായി വിപണിയിൽ ലഭ്യമായിട്ടുണ്ട്. ഹാൻഡ് സാനിറ്റൈസറുകളിലെ ആൽക്കഹോളിന്റെ അളവ് 75-80% ആയി നിജപ്പെടുത്തിക്കൊണ്ട് ലോകാരോഗ്യ സംഘടന ഗൈഡ്‌ലൈൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പാലിക്കപ്പെടുന്നുണ്ടോയെന്നതാണ് പരിശോധനയുടെ മുഖ്യമാനദണ്ഡമായി നിശ്ചയിച്ചിട്ടുള്ളത്. ഇത് പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ലാബുകളിലും സംവിധാനമുണ്ട്. ഇപ്രകാരം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയ 827 ഹാൻഡ് സാനിറ്റൈസറുകളിൽ കേവലം 39 സാനിറ്റൈസറുകൾ മാത്രമേ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയിട്ടുള്ളൂ. സാനിറ്റൈസറുകളുടെ സാമ്പിൾ ശേഖരണവും ഗുണനിലവാര പരിശോധനയും കർശനമായ രീതിയിൽ വകുപ്പ് നടപ്പിലാക്കുകയും ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കാത്ത 24 സ്ഥാപനങ്ങൾക്കെതിരെയും ലൈസൻസില്ലാതെ നിർമ്മിച്ച് വിതരണം ചെയ്ത 30 സ്ഥാപനങ്ങൾക്കെതിരെയും നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സ്റ്റാറ്റ്യൂട്ടറി ലാബുകളിൽ ഹാൻഡ് സാനിറ്റൈസറുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ട്.

(സി) സ്കൂളുകളും കോളേജുകളും തുറക്കുമ്പോൾ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള മാസ്ക്, സാനിറ്റൈസർ എന്നിവ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

## സർക്കാർ മെഡിക്കൽ കോളേജുകൾക്ക് അവാർഡ് ഏർപ്പെടുത്താൻ നടപടി

19 (*468) ശ്രീ. തോമസ് കെ. തോമസ് :
ശ്രീ. കെ. പി.മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതോടൊപ്പം വൃത്തിയും സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ ഭൗതിക സാഹചര്യം ഉയർത്തുന്നതിനും അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും സർക്കാർ ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളുടെയും നിലവാരം ഉയർത്തുന്നതിനും അതിനൂതന ഉപകരണങ്ങൾ സ്ഥാപിച്ച് കൂടുതൽ രോഗീ സൗഹൃദമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ മെഡിക്കൽ കോളേജുകളിൽ ശുചിത്വപരിപാലനത്തിനായി ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആശുപത്രി സൂപ്രണ്ട്, ഇൻഫീഷ്യസ് ഡിസീസ് വിഭാഗം, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം, മൈക്രോബയോളജി വിഭാഗം, PEID Cell, ഹൗസ് കീപ്പിംഗ് വിഭാഗം എന്നീ വിഭാഗങ്ങൾ സഹകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നു. ആശുപത്രി sanitary rounds കൃത്യമായി നടത്തുന്നു, പ്രശ്നങ്ങൾ പരിഹരിക്കുന്നു. State PEID Cell ഇതിന്റെ ഏകോപനം നിർവ്വഹിക്കുന്നു. മെഡിക്കൽ കോളേജുകളിൽ ഇതിനായി LINK Nurses എന്നൊരു വിഭാഗം എല്ലാ വാർഡുകളിലും ആഴ്ചതോറും ട്രെയിനിംഗ് പ്രവർത്തനങ്ങളും ബോധവത്കരണ പരിപാടികളും നടത്തിവരുന്നു. കൂടാതെ ICU, Operation Theater, Labour room തുടങ്ങിയ സ്ഥലങ്ങളിൽ അണുബാധ Surveillance-ന്റെ ഭാഗമായി swab ഓരോ മാസവും എടുക്കുകയും അതിന്റെ റിസൾട്ട് അനുസരിച്ച് വേണ്ട അണുബാധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു വരുന്നു. ഇ-ഹെൽത്ത് സംവിധാനം ഒരുക്കി ഒ.പി-കൾ പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്തുവരുന്നു. ആശുപത്രികളിൽ ടോക്കൺ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. വയോജനങ്ങൾക്കും അംഗപരിമിതർക്കും പ്രത്യേകം ക്യൂ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ആർദ്രം പോലെയുള്ള പദ്ധതികളിലൂടെ രോഗികൾക്കും കൂട്ടിരുപ്പുകാർക്കും വൃത്തിയുള്ള ഭൗതിക സാഹചര്യം ഒരുക്കുന്നുണ്ട്. ആശുപത്രികളിൽ കാന്റീൻ സൗകര്യമുണ്ട്. രോഗികൾക്കും കൂട്ടിരിപ്പുകാർക്കും കുടിവെള്ളം ഉറപ്പുവരുത്തുന്നുണ്ട്. രോഗികൾക്ക്

വിവിധ സഹായങ്ങൾ ലഭ്യമാക്കുന്നതിന് ഹെൽപ്പ് ഡെസ്കുകൾ നിലവിലുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ വീട്ടിലിരുന്ന് ഡോക്ടറെ കാണുവാൻ അതിനൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി ടെലിമെഡിസിൻ, ഇ-സഞ്ജീവനി പദ്ധതികളും പ്രായോഗികമാക്കുന്നുണ്ട്.

(ബി) സർക്കാർ മെഡിക്കൽ കോളേജുകളുടെ വൃത്തി, സൗകര്യങ്ങൾ, രോഗി സൗഹൃദം, ജീവനക്കാരുടെ സേവനവും പെരുമാറ്റവും എന്നിവ അടിസ്ഥാനമാക്കി അവാർഡുകൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സർക്കാർ മെഡിക്കൽ കോളേജുകളുടെ വൃത്തി, സൗകര്യങ്ങൾ, രോഗി സൗഹൃദം, ജീവനക്കാരുടെ സേവനവും പെരുമാറ്റവും എന്നിവ അടിസ്ഥാനമാക്കി അവാർഡുകൾ നൽകുന്നത് ഇപ്പോൾ പരിഗണനയിലില്ല.

(സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്.-ന് കൂടുതൽ സീറ്റുകളും കൂടുതൽ പി.ജി. കോഴ്സുകളും അനുവദിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

കോന്നി, ഇടുക്കി സർക്കാർ മെഡിക്കൽ കോളേജുകളിൽ 100 എം.ബി.ബി.എസ് സീറ്റുകളിൽ വീതം അഡ്മിഷൻ ആരംഭിക്കുന്നതിലേക്കായി നാഷണൽ മെഡിക്കൽ കമ്മീഷന്റെ (എൻ.എം.സി) ലെറ്റർ ഓഫ് പെർമിഷൻ ലഭ്യമാക്കുന്നതിനായി സർക്കാർ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റും ആയതിലേക്കായുള്ള അണ്ടർടേക്കിംഗ് സർട്ടിഫിക്കറ്റും അനുവദിച്ച് നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് സർക്കാർ മെഡിക്കൽ കോളേജുകളിൽ അവശ്യം വേണ്ട പി.ജി കോഴ്സുകൾ ആരംഭിക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്.

**ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടെത്താനുള്ള പരിശോധനകൾ**

20 (*469) <u>ശ്രീ. എ. പ്രഭാകരൻ</u>:
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>:
<u>ശ്രീ. ഒ. ആർ. കേളു</u>:
<u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>) സദയം മറുപടി നൽകുമോ:

(എ) പഴം, പച്ചക്കറി, മത്സ്യം, മാംസം എന്നിവയിലെ കീടനാശിനി പ്രയോഗവും മായം ചേർക്കലും കണ്ടെത്തി കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

സംസ്ഥാനത്ത് ലഭ്യമാകുന്ന പഴം, പച്ചക്കറികൾ, മത്സ്യം, മാംസം തുടങ്ങിയ ഭക്ഷ്യ വസ്തുക്കളിൽ രാസവസ്തു കലർത്തുന്നു എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ചും അല്ലാതെയും പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷവേളകളിലും ശബരിമല മണ്ഡല/മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തിവരുന്നു. പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണ നിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്ത് സ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിലെ മെസ്സുകൾ, ക്യാന്റീനുകൾ, കഫറ്റേരിയകൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ശുചിത്വമാനദണ്ഡങ്ങളും ഭൗതിക സാഹചര്യങ്ങളും പരിശോധിക്കുന്നതിനും ഏർപ്പെടുത്തിയ പദ്ധതിയാണ് Operation FISH (Food Inspection at Student's Hostel). സംസ്ഥാനത്ത് അടിയന്തര സാഹചര്യങ്ങളിൽ ഭക്ഷ്യ സുരക്ഷാ പ്രവർത്തനം നടത്തുന്നതിനുവേണ്ടി 24 മണിക്കൂറും പ്രവർത്തന സജ്ജമായ Quick Response Team (QRT) എല്ലാ ജില്ലകളിലും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പൊതുജനങ്ങളുടെ പരാതി നേരിട്ട് സ്വീകരിച്ച് പരിഹരിക്കുന്നതിനായി 24X7 പ്രവർത്തിക്കുന്ന 1800 425 1125 എന്ന ടോൾഫ്രീ നമ്പർ ഗവൺമെന്റ് കോൺടാക്ട് സെന്റർ മുഖേന പ്രവർത്തിച്ചു വരുന്നു. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടിയും ഗ്രാമപഞ്ചായത്തുകളിലെ എല്ലാ ഭക്ഷ്യ സംരംഭകർക്കും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ കൊണ്ടുവരുന്നതിനും ഭക്ഷ്യസുരക്ഷാ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയായ 'സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഗ്രാമ പഞ്ചായത്ത്' വിജയകരമായി നടപ്പിലാക്കിവരുന്നു. മത്സ്യത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുന്നതിലേയ്ക്കായി നടപ്പിലാക്കിയ പ്രത്യേക പദ്ധതിയായ ' ഓപ്പറേഷൻ സാഗർ റാണി' വിജയകരമായി നടപ്പിലാക്കി വരുന്നു. കോവിഡ്-19 ഒന്നാം തരംഗത്തിൽ ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് സംസ്ഥാനത്തൊട്ടാകെ നടത്തിയ പരിശോധനകളിൽ ഇരുപത്തിയൊന്ന് മെട്രിക് ടൺ (21 MT) കേടായ മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗത്തിൽ സംസ്ഥാനത്തൊട്ടാകെ 3517 മത്സ്യ പരിശോധനകൾ നടത്തുകയും 1412 സാമ്പിളുകൾ ശേഖരിക്കുകയും 316

നോട്ടീസ് നൽകുകയും 31 പേർക്ക് പിഴ അടയ്ക്കുന്നതിനായി നോട്ടീസ് നൽകുകയും 1420.94 കി.ഗ്രാം കേടായ മത്സ്യം പിടിച്ചെടുത്ത് നശിപ്പിക്കുകയും കൂടാതെ മത്സ്യത്തിലെ അമോണിയയുടെയും ഫോർമാലിന്റെയും സാന്നിദ്ധ്യം കണ്ടെത്തുന്നതിന് Central Institute of Fisheries Technology വികസിപ്പിച്ചെടുത്തതും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി (FSSAI) അംഗീകരിച്ചതുമായ അമോണിയ/ഫോർമാലിൻ കിറ്റ് ഉപയോഗിച്ച് നടത്തിയ തത്സമയ പരിശോധനകളിൽ ഫോർമാലിന്റെ സാന്നിദ്ധ്യം കണ്ടെത്തിയതിനെ തുടർന്ന് 247 കി.ഗ്രാം മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പഴം, പച്ചക്കറി, മത്സ്യം, മാസം എന്നിവയുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്കായി നൽകുന്നു. ടി ലാബുകളിൽ പച്ചക്കറികളിലെയും പഴങ്ങളിലെയും കീടനാശിനികളുടെ സാന്നിദ്ധ്യം, മത്സ്യത്തിലെ ഫോർമാലിൻ എന്നിവ കണ്ടുപിടിക്കുന്നതിന് Gas Chromatograph coupled with Mass Spectrophotometer (GCMS MS), High Performance Liquid Chromatograph (HPLC), Gas Chromatograph (GC) എന്നീ ഉപകരണങ്ങൾ ഉപയോഗിച്ചുവരുന്നു. കൂടാതെ കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി (FSSAI) സെൻട്രൽ സെക്ടർ സ്കീം പ്രകാരം തിരുവനന്തപുരം, കോഴിക്കോട് എന്നീ അനലിറ്റിക്കൽ ലബോറട്ടറികളിൽ പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനിയുടെ സാന്നിദ്ധ്യം, മത്സ്യം, മാംസം എന്നിവയിലെ ആന്റിബയോട്ടിക്കുകളുടെയും ഘന ലോഹങ്ങളുടെയും സാന്നിദ്ധ്യം എന്നിവ പരിശോധിക്കുന്നതിനായി LCMS MS (Liquid Chromatograph Coupled with Mass Spectrophotometer), ICPMS എന്നീ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുള്ളതും ആയത് ഉപയോഗിച്ചുവരുന്നതുമാണ്. ടി പരിശോധനകളിൽ " Unsafe" ആയി റിപ്പോർട്ട് ലഭിച്ചിട്ടുള്ളവയ്ക്കെതിരെ 2006 -ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികളും ഗുണനിലവാരമില്ലാത്തതായ (" Substandard" ) പരിശോധനാഫലം ലഭിക്കുന്നവയ്ക്കെതിരെ അഡ്ജ്യൂഡിക്കേഷൻ നടപടികളും സ്വീകരിച്ചുവരുന്നു. ഭക്ഷ്യവസ്തുക്കളിലെ മായം വളരെ പെട്ടെന്ന് കണ്ടുപിടിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ടി ലബോറട്ടറികളിൽ ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടുപിടിക്കുന്നതിനുള്ള Quick Adulteration Test-കൾ നടത്തിവരുന്നു. പഴം, പച്ചക്കറി, മത്സ്യം, മാംസം എന്നിവ സംബന്ധിച്ച് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ആകെ 18,453 പരിശോധനകൾ നടത്തുകയും 2,761 സാമ്പിളുകൾ (സർവൈലൻസ് സാമ്പിളുകളും സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും ഉൾപ്പെടെ) ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തിയതിൽ 56 സാമ്പിളുകൾ Unsafe ആയും 32 സാമ്പിളുകൾ Substandard ആയും ഒരു സാമ്പിൾ Misbranded ആയും

പരിശോധനാ ഫലം ലഭിച്ചിട്ടുണ്ട്. ആയതിൻപ്രകാരം സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളുടെ പരിശോധനയിൽ Unsafe ആയി പരിശോധനാ ഫലം ലഭിച്ച 18 സാമ്പിളുകൾക്കെതിരെ പ്രോസിക്യൂഷൻ കേസുകളും സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളിൽ Substandard/Misbranded ആയി പരിശോധനാ ഫലം ലഭിച്ച 11 സാമ്പിളുകൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. ഇതിൽ 6 അഡ്ജ്യൂഡിക്കേഷൻ കേസ് തീർപ്പാവുകയും 5 കേസുകളിലായി 3,62,000 രൂപ പിഴ വിധിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടെത്തുന്നതിന് നിലവിൽ നടത്തിവരുന്ന പരിശോധനകൾ പര്യാപ്തമാണോ; വ്യക്തമാക്കാമോ?

ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനും ഗുണനിലവാരമുള്ള ഭക്ഷ്യ വസ്തുക്കൾ ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം പരിശോധനകളും ആയതിൻപ്രകാരം തുടർനടപടികളും സ്വീകരിച്ചുവരുന്നു. കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്തൊട്ടാകെ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി 113310 പരിശോധനകൾ നടത്തുകയും 58665 സാമ്പിളുകൾ (സർവ്വൈലൻസ് സാമ്പിളുകളും സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും ഉൾപ്പെടെ) ശേഖരിക്കുകയും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തിയതിൽ 2543 സാമ്പിളുകൾ Unsafe ആയും 1867 സാമ്പിളുകൾ Substandard ആയും 1036 സാമ്പിളുകൾ Misbranded ആയും പരിശോധനാ ഫലം ലഭിച്ചിട്ടുണ്ട്. ആയതിൻപ്രകാരം സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളുടെ പരിശോധനയിൽ Unsafe ആയി പരിശോധനാ ഫലം ലഭിച്ച 701 സാമ്പിളുകൾക്കെതിരെ പ്രോസിക്യൂഷൻ കേസുകളും സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളിൽ Substandard/Misbranded ആയി പരിശോധനാ ഫലം ലഭിച്ച 1787 സാമ്പിളുകൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. ഫയൽ ചെയ്ത പ്രോസിക്യൂഷൻ കേസുകളിൽ 8 എണ്ണം തീർപ്പായിട്ടുള്ളതും 3 കേസുകളിലായി 3,68,000 രൂപ പിഴ വിധിക്കുകയും ഒരു കേസിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. അഡ്ജ്യൂഡിക്കേഷൻ കേസുകളിൽ 659 കേസുകൾ തീർപ്പാക്കുകയും 2,25,49,800 രൂപ പിഴ വിധിക്കുകയും ചെയ്തിട്ടുണ്ട്.

(സി) റീജിയണൽ അനലിറ്റിക്കൽ ലാബുകൾ, മൊബൈൽ ലാബുകൾ, ഭക്ഷ്യ സുരക്ഷാ ലാബുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി NABL അക്രെഡിറ്റേഷനുള്ള

അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിച്ചുവരുന്നു. കണ്ണൂർ ആസ്ഥാനമാക്കി ഒരു റീജിയണൽ അനലിറ്റിക്കൽ ലാബ് താൽക്കാലിക കെട്ടിടത്തിൽ ഇതിനകം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ആകെ 8 മൊബൈൽ ലാബുകൾ പ്രവർത്തിച്ചുവരുന്നു. ടി മൊബൈൽ ലാബുകൾ ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും ജില്ലയിലെ പ്രധാന മാർക്കറ്റുകൾ കേന്ദ്രീകരിച്ചും പ്രവർത്തനം നടത്തിവരുന്നു. കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയിൽനിന്ന് പുതുതായി 6 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ലഭിക്കുന്നതോടുകൂടി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മൊബൈൽ ലബോറട്ടറിയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## സമ്പൂർണ്ണ ആന്റിബയോട്ടിക് സാക്ഷരത

21 (*470) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ ആന്റിബയോട്ടിക് സാക്ഷരത കൈവരിക്കുന്നതിന് ആവിഷ്കരിച്ച ആന്റി മൈക്രോബിയൽ റസിസ്റ്റന്റ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാനിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ?

ആന്റിബയോട്ടിക്കുകളുടെ അമിതമായ ഉപയോഗവും ദുരുപയോഗവും കാരണമുണ്ടാകുന്ന അത്യാപത്തുകൾ നേരിടുന്നതിന് ആരോഗ്യ പ്രവർത്തകരേയും ജനങ്ങളേയും സജ്ജമാക്കുന്നതിന് ഇന്ത്യയിലാദ്യമായി ആന്റി മൈക്രോബിയൽ റസിസ്റ്റന്റ് സർവൈലൻസ് (AMR Surveillance) ആക്ഷൻ പ്ലാൻ തയ്യാറാക്കിയ സംസ്ഥാനമാണ് കേരളം. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിലുള്ള കേരള ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാനിംഗ് (KARSAP) 2018 ഒക്ടോബർ 25-ാം തീയതി ബഹു.മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിരുന്നു. ലോകാരോഗ്യ സംഘടനയുടെ സഹകരണത്തോടെ ആരോഗ്യം, മൃഗസംരക്ഷണം, ഫിഷറീസ്, കൃഷി, പരിസ്ഥിതി എന്നീ വകുപ്പുകളെ

ഏകോപിപ്പിച്ച് One Health Programme-ന്റെ കീഴിൽ വരുന്ന ഈ കർമ്മ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ആന്റിബയോട്ടിക്കുകളുടെ അനിയന്ത്രിതമായ ഉപയോഗത്തെപ്പറ്റിയും പൊതുവായ ശുചിത്വത്തെപ്പറ്റിയും പൊതുജനങ്ങൾക്കിടയിൽ അവബോധ പ്രവർത്തനങ്ങൾ നടത്തുക.

2. അറിവും തെളിവുകളും - മൈക്രോബയോളജി ലാബുകളുടെ ശാക്തീകരണം.

3. ആശുപത്രികളിലെ അണുബാധ നിയന്ത്രണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

4. ആശുപത്രികളിലെ ആന്റിബയോട്ടിക്കുകളുടെ ഉത്തരവാദിത്വത്തോടെയുള്ള ഉപയോഗത്തിനുവേണ്ടി ആന്റിബയോട്ടിക്ക് സ്റ്റീവാർഡ്ഷിപ്പ് കമ്മിറ്റികളുടെ രൂപീകരണവും പ്രവർത്തനവും.

5. ആന്റിബയോട്ടിക്കുകൾ പ്രതിരോധിക്കുന്ന ബാക്ടീരിയകൾ ഉയർത്തുന്ന വെല്ലുവിളികൾ, അണുബാധ നിയന്ത്രണം, രോഗ നിർണ്ണയം തുടങ്ങിയ മേഖലകളിലെ ഗവേഷണം.

6. IMA, IAP പോലുള്ള പ്രൊഫഷണൽ ബോഡികളും വെറ്ററിനറി, ഫിഷറീസ്, മലിനീകരണ നിയന്ത്രണവകുപ്പ് തുടങ്ങിയ ലൈൻ ഡിപ്പാർട്ടുമെന്റുകളുമായി സഹകരിച്ചുള്ള AMR പ്രവർത്തനങ്ങളുടെ, KARSAP-ന്റെ ഒരു പ്രധാന ഭാഗമാണ് infection control and prevention. ഇൻഫെക്ഷൻ കൺട്രോളിന്റെ പ്രവർത്തനങ്ങൾക്കായി എല്ലാ ആശുപത്രികളിലും ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റികൾ നിലവിലുണ്ട്. ഈ കമ്മിറ്റികൾ സ്ഥാപനങ്ങളിലെ അണുബാധ നിയന്ത്രണം സമയാസമയങ്ങളിൽ പരിശോധിക്കുകയും ആശുപത്രി ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സംസ്ഥാന തലത്തിൽ വിവിധ വിഭാഗം ജീവനക്കാർക്കും ഇൻഫെക്ഷൻ കൺട്രോളിനെപ്പറ്റി ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ആശുപത്രികളിലെ ഓപ്പറേഷൻ തിയേറ്റർ, ലേബർറൂം, ഐ.സി.യു, ഡയാലിസിസ് യൂണിറ്റ് എന്നിവിടങ്ങളിൽനിന്ന് സ്വാബുകൾ എടുത്ത് കൾച്ചർ സെൻസിറ്റിവിറ്റി ടെസ്റ്റുകൾ ചെയ്യുന്നു. അണുബാധയുണ്ടെന്ന് കണ്ടാൽ മേൽ നടപടികൾ സ്വീകരിക്കുന്നു. AMR Surveillance-ന്റെ ഭാഗമായി മൈക്രോബയോളജി ലാബുകൾ സംസ്ഥാനത്തെ പ്രധാനപ്പെട്ട ജി.എച്ച്/ജില്ലാ ആശുപത്രികളിൽ ഏർപ്പെടുത്തിവരുന്നു. എറണാകുളം ജനറൽ ആശുപത്രിയിൽ തുടങ്ങിയ മൈക്രോബയോളജി ലാബിൽ Hub and Spoke Model- ൽ ജനറൽ ആശുപത്രി എറണാകുളം, hub ആയും എറണാകുളം ജില്ലയിലെ 13 താലൂക്ക് ആശുപത്രികൾ spoke ആയും കൾച്ചർ സെൻസിറ്റിവിറ്റി ടെസ്റ്റ് നടത്തിവരുന്നു.

ഇപ്രകാരം ടെസ്റ്റുകൾ നടത്തുമ്പോൾ സ്ഥാപനത്തിന് ഒരു Antibiotic Policy ഉണ്ടാവുകയും രോഗികൾക്ക് കൃത്യസമയത്ത് ആവശ്യമായ antibiotics ശാസ്ത്രീയമായി നൽകുവാനും സാധിക്കുന്നു. എല്ലാ വർഷവും നവംബർ രണ്ടാംവാരം infection control, antimicrobial awareness എന്നിവയെപ്പറ്റി അവബോധം സൃഷ്ടിക്കാൻവേണ്ടി antibiotic awareness week ആചരിച്ചുവരുന്നു. അണുബാധ നിയന്ത്രണത്തിന് ആവശ്യം വേണ്ടിവരുന്ന സാനിറ്റൈസർ, സോപ്പ്, പി.പി.ഇ കിറ്റ്, ഗ്ലൗസ്, ഫേസ് മാസ്ക്, ഫേസ് ഷീൽഡ് എന്നിവ ആരോഗ്യ സ്ഥാപനങ്ങളിലേക്ക് KMSCL മുഖേന സൗജന്യമായി നൽകി വരുന്നു.

(ബി) പ്രസ്തുത പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയാണോയെന്നും എങ്കിൽ കേന്ദ്രം എന്നാണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചതെന്നും എത്ര വർഷം കൊണ്ട് ലക്ഷ്യം നേടാനാണ് വിഭാവനം ചെയ്തിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് എന്നുമുതലാണ് ഈ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചത്; പദ്ധതിയുടെ ഭാഗമായി നാളിതുവരെ നടന്ന പ്രവർത്തനങ്ങളും തുടർ പ്രവർത്തനങ്ങൾ എങ്ങനെയാണ് വിഭാവനം ചെയ്തിരിക്കുന്നതെന്നും അറിയിക്കാമോ?

(ബി&സി) 2017 ഒക്ടോബർ 10-നാണ് ഈ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചത്. ഫിഷറീസ്, വെറ്ററിനറി, ഫുഡ്&സേഫ്റ്റി, പരിസ്ഥിതി മുതലായ വിഭാഗങ്ങളെ ഏകോപിപ്പിച്ച് തുടർന്നുള്ള ചർച്ചകളുടെ ഭാഗമായി 25-10-2018- ൽ കേരള സ്റ്റേറ്റ് ആക്ഷൻ പ്ലാൻ പ്രാബല്യത്തിൽ വന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജ് നോഡൽ കേന്ദ്രമായും ജനറൽ ആശുപത്രി എറണാകുളം, സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബ് തിരുവനന്തപുരം എന്നിവ AMR പ്രോഗ്രാം ഏകോപിപ്പിക്കുന്നതിനുള്ള പ്രാദേശിക കേന്ദ്രങ്ങളായും പ്രവർത്തിക്കുന്നു. ആരോഗ്യവകുപ്പിൽ കഴിഞ്ഞ ആറ് വർഷമായി എറണാകുളം ജില്ലയിൽ ഹബ് & സ്പോക്ക് മോഡലായി ഫലപ്രദമായ എ.എം.ആർ പ്രോഗ്രാം നടന്നുവരുന്നു. രോഗികളുടെ ചികിത്സയുമായി ബന്ധപ്പെട്ട് ചെറിയ ആശുപത്രികളേയും വലിയ ആശുപത്രികളേയും ബന്ധിപ്പിക്കുന്നതിനുള്ള ചെലവ് കുറഞ്ഞ മാർഗ്ഗമാണ് ഹബ് & സ്പോക്ക് മോഡൽ. യുക്തിസഹമായ ആന്റിബയോട്ടിക് തെറാപ്പി, അണുബാധ നിയന്ത്രണം, ആന്റിബയോട്ടിക് പോളിസി, ഹബ് & സ്പോക്ക് മോഡൽ ആശുപത്രികളുടെ AMR നിരീക്ഷണം എന്നിവ AMR പ്രോഗ്രാമിന്റെ അവിഭാജ്യഘടകമാണ്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ, സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബ് തുടങ്ങിയവയെ ഉൾപ്പെടുത്തി ഇപ്പോൾ സംസ്ഥാനത്ത് WHONET വഴി AMR നിരീക്ഷണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളെയും ലാബുകളെയും ഭാഗമാക്കി ഒരു സർവൈലൻസ് നെറ്റ്‌വർക്ക് (KARSNET) 2019

മേയ് മാസം രൂപീകരിച്ചു. ഇതിന്റെ ഭാഗമായി വിവിധ ട്രെയിനിംഗുകളും വർക്ക്ഷോപ്പുകളും പല മേഖലകളിലായി നടത്തിവരുന്നു. 2020 ഫെബ്രുവരി മാസം KARSAP ഒന്നാം റിവ്യൂ മീറ്റിംഗ് എറണാകുളത്ത് വച്ച് നടത്തുകയും ഇതര സംസ്ഥാനങ്ങളെ ഇതിനെക്കുറിച്ച് പഠിപ്പിക്കാനും സഹായിക്കാനുമുള്ള ട്രെയിനിംഗും നടത്തിയിരുന്നു. 2021 സെപ്തംബർ 20- ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പങ്കെടുത്ത് ഒരു ചർച്ച നടത്തുകയും പുതുതായുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു. ഇതുവരെയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി തുടരുവാനും AMR പ്രവർത്തനത്തെ നവകേരള കർമ്മ പദ്ധതി 2 -ന്റെ ഭാഗമാക്കാനും 2023-ൽ കേരളം ഒരു ആന്റിബയോട്ടിക് സാക്ഷരതാ സംസ്ഥാനമാക്കാൻ ലക്ഷ്യമിടുകയും ചെയ്തു.

(ഡി) പദ്ധതി ചെലവിന്റെ കേന്ദ്ര, സംസ്ഥാന വിഹിതം എത്രയാണ്; കേന്ദ്ര സഹായം ഇതിനകം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

AMR പദ്ധതിക്ക് ഇതുവരെ കേന്ദ്ര ധനസഹായം ലഭിച്ചിട്ടില്ല. പദ്ധതികൾക്കായി ചെലവഴിച്ച സംസ്ഥാന വിഹിതത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആശുപത്രികളിലെ ലബോറട്ടറി സൗകര്യങ്ങളുടെ ശാക്തീകരണത്തിനായി 6,52,70,000 (ആറ് കോടി അൻപത്തിരണ്ട് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ ജനറൽ ആശുപത്രി/ജില്ലാ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയിലുൾപ്പെടുത്തി മൈക്രോബയോളജി ലാബ് സജ്ജീകരിക്കുന്നതിനായി 99,11,109 (തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി പതിനൊന്നായിരത്തി നൂറ്റി ഒൻപത് രൂപ മാത്രം) രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതും അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ലോകാരോഗ്യ സംഘടന (WHO), നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ (NCDC) മുതലായ സംഘടനകൾ പദ്ധതിക്ക് തുടക്കം മുതൽ സാങ്കേതിക സഹായം നൽകിവരുന്നു. ട്രെയിനിംഗുകളും മീറ്റിംഗുകളും WHO മുൻകയ്യെടുത്ത് സംഘടിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ 2018 മുതൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് NCDC നേതൃത്വം നൽകുന്ന സർവൈലൻസ് നെറ്റ്‌വർക്കിന്റെ ഭാഗമാണ്. ഇതിന് പ്രോജക്ടിന്റെ ഭാഗമായി ചെറിയ ധനസഹായവും 3 സ്റ്റാഫിനെയും ലഭിച്ചിട്ടുണ്ട്. ഇതു കൂടാതെ WHO – Fleming Fund കൂട്ടായ്മയുടെ ഭാഗമായി സംസ്ഥാനത്തെ AMR പദ്ധതികൾക്ക് സഹായം നൽകുന്നതിനുള്ള പദ്ധതിക്കും തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ തുടക്കം കുറിച്ചിട്ടുണ്ട്.

(ഇ) പദ്ധതികളുടെ വിജയത്തിന് ബഹുജന പങ്കാളിത്തം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണം എന്നിവ എത്രത്തോളം നേടാനാകുമെന്ന് വിശദമാക്കാമോ?

പദ്ധതികളുടെ വിജയത്തിന് ബഹുജന പങ്കാളിത്തവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണവും അത്യാവശ്യമാണ്. 'One health approach' മുഖേന ഇത് നടപ്പാക്കാൻ ശ്രമിക്കുന്നുണ്ട്. സ്കൂളുകളിലെ കൈ ശുചിത്വ ക്യാമ്പെയിൻ പോലെയുള്ള പ്രവർത്തനങ്ങളിൽ സ്കൂൾ കുട്ടികളെ ഉൾപ്പെടുത്തുന്നതിലൂടെയും പ്രൊഫഷണൽ പാഠ്യപദ്ധതികളിൽ സർവ്വകലാശാലകൾ AMR ഉൾപ്പെടുത്തുന്നതിലൂടെയും AMR Surveillance-ന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിലൊന്നായ ആന്റിബയോട്ടിക് ഉപയോഗത്തെക്കുറിച്ചുള്ള അവബോധം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നൽകുന്നതിലൂടെയും ആന്റിബയോട്ടിക് ബോധവത്കരണവാരം എല്ലാ വർഷവും നവംബർ മാസം രണ്ടാം ആഴ്ച ആചരിക്കുന്നതിലൂടെയും AMR-നെക്കുറിച്ചുള്ള പൊതുജന അവബോധം കുടുംബശ്രീയുടെ സജീവമായ പങ്കാളിത്തത്തോടെ സൃഷ്ടിക്കുന്നതിലൂടെയും ഓരോ വാർഡിലും ശുചീകരണ പ്രവർത്തനങ്ങൾ കൃത്യമായി നടപ്പിലാക്കുന്നതിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ AMR ബോധവൽക്കരണം നടപ്പിലാക്കുവാനും സാധിക്കുന്നതുമാണ്.

## പ്ലാസ്റ്റിക് മാലിന്യ സംസ്കരണ സംവിധാനങ്ങൾ

22(*471) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എ. സി. മൊയ്തീൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. പി. പി. സുമോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് റീസൈക്ലിംഗ് സാധ്യത ഉപയോഗപ്പെടുത്തി ഫലപ്രദമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ഉറവിടത്തിൽനിന്നും ഹരിതകർമ്മ സേനകൾ വഴി ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക്ക് മാലിന്യം പ്രാഥമികമായി തരംതിരിച്ച് മെറ്റീരിയൽ കളക്ഷൻ സെന്ററുകളിലേയ്ക്കും അവിടെനിന്ന് രണ്ടാമത് തരംതിരിച്ച് റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകളിലേയ്ക്കും തുടർന്ന് പുനഃചംക്രമണത്തിനായി ക്ലീൻ കേരള കമ്പനിക്കും കൈമാറി വരുന്നു. കൂടാതെ ശുചിത്വമിഷൻ അംഗീകരിച്ച ഏജൻസികൾക്കും നൽകുന്നുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മുഖാന്തരം പ്ലാസ്റ്റിക് റീസൈക്ലിംഗുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സംയോജിത പ്ലാസ്റ്റിക് മാലിന്യ സംസ്കരണ സംവിധാനം (2 കേന്ദ്രങ്ങൾ), ഗവൺമെന്റ് ഓഫീസ് സമുച്ചയങ്ങളിൽ

മാലിന്യ സംഭരണ കേന്ദ്രങ്ങൾ, ജില്ലാതല സംഭരണത്തിനും തരംതിരിവിനും കയ്യൊഴിയലിനുമുള്ള സംവിധാനം (14 കേന്ദ്രങ്ങൾ)

50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ MCF-ൽ നിന്ന് RRF -ലെത്തിച്ച് ഷ്രെഡ്സ് ചെയ്ത് ക്ലീൻ കേരള കമ്പനിക്ക് നൽകുകയും റോഡ് ടാറിംഗിന് ഉപയോഗിക്കുകയുമാണ് ചെയ്യുന്നത്. ഇതുമൂലം റോഡിലേയ്ക്കും നദികളിലേയ്ക്കും പൊതുസ്ഥലങ്ങലിലേയ്ക്കും വലിച്ചെറിയുന്ന പ്ലാസ്റ്റിക്കിന്റെ അളവ് കുറയ്ക്കാൻ കഴിയും.

(ബി) പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശേഖരണത്തിന്റെയും സംഭരണത്തിന്റെയും സംസ്കരണത്തിന്റെയും ചുമതല ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തദ്ദേശ സ്ഥാപനങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള ഹരിതകർമ്മസേനകൾ വഴി അജൈവ മാലിന്യം ശേഖരിക്കുന്നതിനും തദ്ദേശ സ്ഥാപന തലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള MCF-കളിൽ സംഭരിക്കുകയും അവിടെ നിന്നും RRF-കളിൽ എത്തിക്കുകയും ആയത് പുനഃചംക്രമണത്തിനായി അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ നിയോഗിച്ചിട്ടുള്ള ഏജൻസികൾക്കും ക്ലീൻ കേരള കമ്പനിക്കും കൈമാറി വരുന്നു. ചില തദ്ദേശഭരണ സ്ഥാപനങ്ങൾ മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ കണ്ടിജന്റ് തൊഴിലാളികളിലൂടെയോ സ്വകാര്യ ഏജൻസികളിലൂടെയോ നടപ്പിലാക്കിവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് ഇതുവരെ ഏതൊക്കെ കേന്ദ്രങ്ങളിൽ എത്ര പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഇതുവരെ പതിനാല് ജില്ലകളിലായി വിവിധ ഗ്രാമപഞ്ചായത്തുകളിൽ 67 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 69 നഗരസഭകളിലായി 75 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

പ്ലാസ്റ്റിക്ക് നിരോധനം ഏർപ്പെടുത്തിയ സാഹചര്യത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിൽ മാത്രം പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാണ് ഇപ്പോൾ മുൻഗണനന നൽകുന്നത്.

**ജയിലുകളിൽ മൊബൈൽ ജാമറുകൾ സ്ഥാപിക്കൽ**

23 (*472) ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ തടവുകാർ ഫോൺ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിർത്തലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം ഫോണുകൾ പിടിച്ചെടുക്കുകയും ജയിൽ ചട്ട പ്രകാരമുള്ള അച്ചടക്ക നടപടികളും കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജയിലുകളിൽ മൊബൈൽ ഫോണിന്റെ നിയമവിരുദ്ധ ഉപയോഗം തടയുന്നതിന് പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. കൂടാതെ, മൂന്ന് സെൻട്രൽ പ്രിസണുകളിലും വിയ്യൂർ അതീവ സുരക്ഷാ ജയിലിലും പ്രധാന ഗേറ്റിലെ ഫ്രിസ്കിംഗ് ഡ്യൂട്ടി, പ്രധാന ഗേറ്റിന് പുറത്തെ സെൻട്രി ഡ്യൂട്ടി, ഇന്റർവ്യൂ ഹാളിലെ ഡ്യൂട്ടി എന്നിവ പോലീസ് വകുപ്പിന് കീഴിലുള്ള ഇൻഡ്യാ റിസർവ് ബറ്റാലിയൻ (IRB) സ്കോർപ്പിയോൺ വിഭാഗത്തെ ഏൽപ്പിച്ചിട്ടുണ്ട്. മൊബൈൽഫോൺ പോലുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ പിടിച്ചെടുക്കുന്നതിന് ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടർ, ഹാൻഡ് ഹെൽഡ് മെറ്റൽ ഡിറ്റക്ടർ എന്നിവ ജയിലുകളിൽ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ പ്രിസണുകളിൽ X-Ray ബാഗേജ് സ്കാനറും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഇതുപോലുള്ള ഉപകരണങ്ങൾ പിടിച്ചെടുക്കുന്നതിന് പോലീസ് വകുപ്പിന്റെ സേവനം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. തടവുകാരെ കോടതിയിൽ ഹാജരാക്കി തിരികെ കൊണ്ടുവരുന്ന സന്ദർഭങ്ങളിൽ ഉണ്ടാകാനിടയുള്ള ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമാണ് ജയിലുകളേയും കോടതികളേയും ബന്ധിപ്പിച്ചുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം.

(ബി) ജയിലുകളിൽ നിലവിൽ മൊബൈൽ ജാമറുകൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ അവ 4 ജി., 5 ജി. കണക്ടിവിറ്റികളിൽനിന്നുള്ള കോളുകൾ തടയുന്നതിന് പ്രവർത്തനസജ്ജമാണോയെന്ന് അറിയിക്കാമോ?

നിലവിൽ ജയിലുകളിൽ മൊബൈൽ ഫോൺ ജാമർ സ്ഥാപിച്ചിട്ടില്ല.

(സി) ജയിലുകളിൽ മൊബൈൽ ജാമറുകൾ സ്ഥാപിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ?

മുമ്പ് കണ്ണൂർ സെൻട്രൽ ജയിലിൽ മൊബൈൽഫോൺ ജാമർ ഏർപ്പെടുത്തിയിരുന്നു. സാങ്കേതികവിദ്യ അനുദിനം പരിഷ്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ ഏർപ്പെടുത്തിയ സംവിധാനങ്ങൾ അപര്യാപ്തമാണെന്ന നില വന്നു. ജയിലുകളിലേയ്ക്കായി കൂടുതൽ മികവുള്ള ഇതര സംവിധാനങ്ങളടക്കം സേവനദാതാക്കളുമായി ബന്ധപ്പെട്ട് വരുത്തിയാൽ മാത്രമേ ഇത് ഫലപ്രദമാവുകയുള്ളൂ.

**കാലാവസ്ഥ പ്രവചനം മികവുറ്റതാക്കാൻ പദ്ധതി**

24 (*473) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സി. ആർ. മഹേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കാലാവസ്ഥാ പ്രവചനം മികവുറ്റതാക്കാനും പ്രളയ സാധ്യത കണ്ടെത്താനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് പ്രകൃതിക്ഷോഭങ്ങൾ ആവർത്തിക്കപ്പെടുന്ന ഘട്ടത്തിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പുകൾക്ക് പുറമെ ദുരന്ത സാധ്യത വിശകലനത്തിനും കാലാവസ്ഥ മുന്നറിയിപ്പുകൾ കൂടുതൽ മെച്ചപ്പെടുത്താനും വേണ്ടി മൂന്ന് പ്രമുഖ സ്വകാര്യ സ്ഥാപനങ്ങളുടെ ഈ മേഖലയിലുള്ള സേവനങ്ങൾ ഒരു വർഷത്തേയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭ്യമാക്കിയിട്ടുണ്ട്. ദുരന്ത നിവാരണ അതോറിറ്റി രൂപീകരിച്ച കാലാവസ്ഥ വിദഗ്ധരടങ്ങുന്ന ഒരു സമിതി ഇവരുടെ സേവനങ്ങൾ വിലയിരുത്തിയ ശേഷം കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കും. Earth Networks, IBM Weather Company, Skymet എന്നീ സ്ഥാപനങ്ങളുടെ സേവനങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇതിൽ Earth Networks ഇടിമിന്നൽ മുന്നറിയിപ്പുകളാണ് ലഭ്യമാക്കുന്നത്. IBM Weather Company അവർ വികസിപ്പിച്ചെടുത്ത high resolution model ആയ IBM GRAF മോഡൽ നൽകുന്ന പ്രവചനവും, Skymet കേരളത്തിൽ സ്ഥാപിച്ചിരിക്കുന്ന 100 ഓട്ടോമേറ്റഡ് കാലാവസ്ഥ മാപിനികളുടെ തത്സമയ വിവരങ്ങളുമാണ് പ്രധാനമായും ലഭ്യമാക്കുന്നത്. കാലവർഷ മുന്നൊരുക്കങ്ങളുടെ ഭാഗമായി, അണക്കെട്ടുകളുടെ പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിക്കുവാനും സുസജ്ജമാക്കുവാനുമായി റൂൾകർവ്

കമ്മിറ്റി രൂപികരിച്ചിട്ടുണ്ട്. റവന്യൂ ദുരന്തനിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായുള്ള റൂൾ കർവ് കമ്മിറ്റിയിൽ ജലവിഭവം, ഊർജ്ജ വകുപ്പ് സെക്രട്ടറിമാരും ജില്ലാകളക്ടർമാരും മറ്റു വിദഗ്ദ്ധരും അംഗങ്ങളായുണ്ട്. ഒരു വർഷത്തിൽ, കാലാവസ്ഥയുടെ മാറ്റങ്ങൾക്കനുസരിച്ച് അണക്കെട്ടിൽ സൂക്ഷിക്കാവുന്ന ജല സംഭരണത്തിന്റെ പരമാവധി അളവിനെ രേഖപ്പെടുത്തുവാനാണ് റൂൾ കർവ് രൂപീകരിച്ചിരിക്കുന്നത്. 200 ദശലക്ഷം മീറ്റർ ക്യൂബിൽ കൂടുതൽ സംഭരണ ശേഷിയുള്ള ജലസംഭരണികൾക്കാണ് റൂൾ കർവ് നിയന്ത്രണങ്ങൾ പ്രധാനമായും പാലിക്കപ്പെടേണ്ടത്. കെ.എസ്.ഇ.ബി.യുടെ നാല് അണക്കെട്ടുകളും (ഇടുക്കി, ഇടമലയാർ, കക്കി, ബാണാസുര), ജലസേചനത്തിനുള്ള രണ്ട് അണക്കെട്ടുകളും (കല്ലട, മലമ്പുഴ) ഇതിൽ ഉൾപ്പെടുന്നു. 200 ദശലക്ഷം മീറ്റർ ക്യൂബ് സംഭരണശേഷിക്ക് താഴെ വരുന്ന അണക്കെട്ടുകൾക്ക് അലെർട്ട് ലെവലുകളാണ് സജ്ജീകരിച്ചിരിക്കുന്നത്. നീല, ഓറഞ്ച്, ചുവപ്പ് എന്നിവയാണ് അലെർട്ടുകൾ. ഇത്തരം അലെർട്ടുകൾ ഉപയോഗപ്പെടുത്തിയാണ് ചെറിയ സംഭരണ ശേഷിയുള്ള അണക്കെട്ടുകൾ പ്രവർത്തിപ്പിക്കുന്നത്. കാലാവസ്ഥയുടെ തുടർച്ചയായ മാറ്റങ്ങൾക്കനുസരിച്ച് കേരളത്തിലെ അണക്കെട്ടുകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുവാനും പുറത്തേക്കൊഴുക്കി വിടുന്ന ജലത്തിന്റെ അളവ് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുവാനും അതുവഴി പ്രളയസാധ്യതകളെ മറികടക്കുവാനും റൂൾ കർവ് കമ്മിറ്റിയുടെ കാര്യക്ഷമമായ മേൽനോട്ടത്തിലൂടെ സാധിച്ചിട്ടുണ്ട്.

(ബി) ഇതിനായി കേന്ദ്ര സർക്കാരുമായി ചേർന്ന് എന്തെങ്കിലും പദ്ധതികൾക്ക് സംസ്ഥാന സർക്കാർ രൂപംകൊടുത്തിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഈ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ?

രാജ്യത്ത് പ്രളയ മുന്നറിയിപ്പ് സംവിധാനം സ്ഥാപിക്കുന്നതിന് ഉത്തരവാദിത്തപ്പെട്ട ഏജൻസി കേന്ദ്ര ജലകമ്മീഷനാണ്. സംസ്ഥാന സർക്കാരുമായി സഹകരിച്ചുകൊണ്ട് 30 നദികളിലായി കേന്ദ്ര ജലകമ്മീഷന്റെ 39 സ്റ്റേഷനുകളിലെ വിവരങ്ങൾ ഇപ്പോൾ ലഭ്യമാണ്. കൂടാതെ ജലസേചന വകുപ്പും ഇത്തരത്തിലുള്ള നിരവധി നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ കാലാവസ്ഥ പ്രവചനം മെച്ചപ്പെടുത്താൻ 100 ഓട്ടോമേറ്റഡ് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കുന്നതിന് കേന്ദ്ര കാലാവസ്ഥ വകുപ്പിന് സംസ്ഥാന സർക്കാർ സ്ഥലം അനുവദിച്ചിട്ടുണ്ട്. ഇതിൽ 15 ഇടങ്ങളിൽ ഉപകരണങ്ങൾ സ്ഥാപിച്ചുകഴിഞ്ഞു. മറ്റിടങ്ങളിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. National Cyclone Risk Mitigation Project (NCRMP) ഉപയോഗപ്പെടുത്തിക്കൊണ്ട് ഏറ്റവും സമഗ്രമായ മുന്നറിയിപ്പ് സംവിധാനം (Early Warning Dissemination System-EWDS) തയ്യാറാക്കി വരികയാണ്. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിലുമെല്ലാം

കൃത്യ സമയത്ത് മുന്നറിയിപ്പ് അതിവേഗം എത്തിക്കാനുള്ള സാങ്കേതിക സൗകര്യങ്ങളാണ് ഒരുക്കുന്നത്. EWDS ആവശ്യത്തിനായി 78.60 കോടി രൂപ കേന്ദ്ര വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് അതിതീവ്ര മഴ ലഭിക്കുന്ന പ്രദേശങ്ങൾക്കായി സർക്കാർ പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

അതിതീവ്ര മഴ ഒരു പ്രത്യേക പ്രദേശത്ത് മാത്രമായി ലഭിക്കണമെന്നില്ല. കാലാവസ്ഥ വ്യതിയാനംമൂലവും ഭൂപ്രകൃതിക്കനുസരിച്ചും ഇതിന് മാറ്റമുണ്ടാകും. എന്നിരുന്നാലും 2018-ലെ പ്രളയശേഷം, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ കേരളത്തിലെ 10 ജില്ലകളിൽ നടത്തിയിട്ടുള്ള സർവ്വേയിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ ഭീഷണി നേരിടുന്ന 689 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. 2019-ലെ പ്രളയശേഷം, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം മൈനിംഗ് & ജിയോളജി, ഭൂജല, മണ്ണ് പര്യവേക്ഷണ, മണ്ണ് സംരക്ഷണ വകുപ്പുകൾ കേരളത്തിലെ 9 ജില്ലകളിൽ നടത്തിയ സർവ്വേയിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ ഭീഷണി നേരിടുന്ന 411 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. അപകടസാധ്യതാമേഖലയിൽ താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള Vulnerability Linked Relocation' പദ്ധതിയും ഇതോടൊപ്പം നടപ്പാക്കിവരുന്നു.

### സർക്കാർ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കാൻ നടപടി

25(*474) ശ്രീമതി സി. കെ. ആശ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) നടപടിക്രമങ്ങളുടെ സങ്കീർണ്ണതകൾ ഒഴിവാക്കി സർക്കാർ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർട്ടിഫിക്കറ്റുകളിൽ ഒരു പ്രത്യേക ഉദ്ദേശത്തിനു മാത്രമെന്ന് രേഖപ്പെടുത്തുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വിവിധ സർട്ടിഫിക്കറ്റുകൾ, സേവനങ്ങൾ എന്നിവ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) സേവനങ്ങൾ ലഭ്യമാക്കാനായി വിവിധ വകുപ്പുകൾ പലവിധ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. വിവിധ സർക്കാർ വകുപ്പുകളിൽനിന്നും നൽകുന്ന ചില രേഖകളിൽ/സർട്ടിഫിക്കറ്റുകളിൽ ഒരു പ്രത്യേക ആവശ്യത്തിനുവേണ്ടിയാണ് ആയത് വിതരണം ചെയ്യുന്നതെന്ന് സൂചിപ്പിക്കാറുണ്ട്. ഇത്തരത്തിൽ നൽകുന്ന സർട്ടിഫിക്കറ്റുകളിൽ പലതും പല ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്. എന്നാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ പല ആവശ്യങ്ങൾക്കായി ഒരേ സർട്ടിഫിക്കറ്റിനുതന്നെ നിരവധി തവണ അപേക്ഷിക്കേണ്ടതായി വരുന്നു. ഇത് ജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും ഒരുപോലെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. വിവിധ സേവനങ്ങൾ ലഭിക്കുന്നതിനായി ഒന്നിലധികം പേജുകളിലുള്ള അപേക്ഷ ഫോമിൽ വിശദാംശങ്ങൾ പൂരിപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ പൗരന്മാർ അഭിമുഖീകരിക്കുന്നു. പല അപേക്ഷാ ഫോമുകളിലെയും ഭാഷ സങ്കീർണ്ണമായതിനാൽ അപേക്ഷകർക്ക് മറ്റുള്ളവരിൽനിന്ന് സഹായം തേടേണ്ടതായും വരുന്നു. ചില വകുപ്പുകൾ നൽകുന്ന സേവനങ്ങൾ/ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനായി മറ്റ് ചില സർട്ടിഫിക്കറ്റുകൾ/രേഖകൾ ഹാജരാക്കണമെന്ന് പല വകുപ്പുകളും നിർബന്ധം പിടിക്കാറുണ്ട്. ഈ നടപടിക്രമങ്ങൾ പൗരന്മാർക്ക് സേവനം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുകയും അതുവഴി പൗരന്മാർക്ക് ബുദ്ധിമുട്ടുണ്ടാകുകയും ചെയ്യുന്നു. പൗരന്മാർക്ക് നൽകുന്ന സേവനങ്ങൾക്ക് ഒരു നിശ്ചിത തുക അവരിൽ നിന്നും അപേക്ഷാഫീസായി ഈടാക്കുന്നുണ്ട്. പൗരന്മാർ നേരിടുന്ന ഇത്തരം ബുദ്ധിമുട്ടുകൾ മറികടക്കുന്നതിനായും സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ അഴിമതിരഹിതമായും സമയബന്ധിതമായും നൽകുന്നതിനും പരമാവധി സർക്കാർ സേവനങ്ങൾ സർക്കാർ ഓഫീസ് സന്ദർശിക്കാതെതന്നെ ജനങ്ങളിലേയ്ക്കെത്തിക്കുന്നതിന്റെ ഭാഗമായി പരമാവധി സേവനങ്ങൾ ഓൺലൈൻവഴി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സർക്കാർ സേവനങ്ങൾ ലഭ്യമാക്കുമ്പോൾ ആവശ്യപ്പെടുന്ന സർട്ടിഫിക്കറ്റുകൾ, ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ എന്നിവ കഴിയുന്നത്ര ഒഴിവാക്കാനും സേവനം ലഭ്യമാക്കാനുള്ള പ്രക്രിയ ലഘൂകരിക്കാനുമുള്ള നടപടികളാണ് ആസൂത്രണം ചെയ്തുവരുന്നത്. ആദ്യഘട്ടത്തിൽ ചില വകുപ്പുകളുടെ 12 ഇനം സേവനങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നിയമപ്രകാരമുള്ള വിവിധ അനുമതികളുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

i) വിവിധ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി രേഖകൾ/ സർട്ടിഫിക്കറ്റുകൾ എന്നിവ ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി സാക്ഷ്യപ്പെടുത്തണം എന്ന രീതി ഒഴിവാക്കി രേഖകളുടെ/സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും.

ii) ബിസിനസ്സിനും വാണിജ്യത്തിനും ഒഴികെയുള്ള സർക്കാർ സേവനങ്ങൾ ലഭിക്കുന്നതിനായി അപേക്ഷാ ഫീസ് നൽകേണ്ടതില്ല.

iii) പൗരന്മാർക്ക് നൽകുന്ന സേവനങ്ങൾക്കായി സമർപ്പിക്കേണ്ട എല്ലാ അപേക്ഷാഫോമുകളും ലളിതമാക്കാനും കഴിയുന്നിടത്തോളം ഒരു പേജിൽ മാത്രം പരിമിതപ്പെടുത്താനും നിശ്ചയിച്ചിട്ടുണ്ട്.

iv) ഒരിക്കൽ നൽകിയ എല്ലാ സർട്ടിഫിക്കറ്റുകളും ഏത് സർക്കാർ വകുപ്പിലെയും ആവശ്യങ്ങൾക്കായി ഉപയോഗിക്കാം. സർട്ടിഫിക്കറ്റ് നൽകുന്ന അധികാരി ഒരു പ്രത്യേക ഉദ്ദേശത്തിന്/ഉപയോഗത്തിന് മാത്രമാണ് പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതെന്ന് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നതല്ല. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, റസിഡന്റ് സർട്ടിഫിക്കറ്റ്, മൈനോറിറ്റി സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ്, one and the same certificate, ബന്ധുത്വ സർട്ടിഫിക്കറ്റ്, കുടുംബ അംഗത്വ സർട്ടിഫിക്കറ്റ്, ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, മിശ്രവിവാഹ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ മാപ്പ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, ആഭ്യന്തര വകുപ്പ് അറ്റസ്റ്റേഷൻ എന്നീ 12 ഇനം സേവനങ്ങൾ ലഘൂകരിക്കുന്നതിനും നിയമപ്രകാരമുള്ള വിവിധ അനുമതിക്കുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, EWS സാക്ഷ്യപ്പെടുത്തൽ സർട്ടിഫിക്കറ്റ്, SC/ST വിഭാഗങ്ങൾക്കായി നിലവിലെ നിയമ പ്രകാരം നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവ ഇതിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഡി) വിവിധ സർക്കാർ സേവനങ്ങൾക്കുള്ള ഫോറങ്ങൾ ലളിതമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. പൗരന്മാർക്ക് നൽകുന്ന സേവനങ്ങൾക്കായി സമർപ്പിക്കേണ്ട എല്ലാ അപേക്ഷാഫോമുകളും ലളിതമാക്കാനും കഴിയുന്നിടത്തോളം ഒരു പേജിൽ മാത്രം പരിമിതപ്പെടുത്തി മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഇ) സർക്കാർ സേവനങ്ങൾ ലഭ്യമാക്കാനുള്ള രേഖകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വിവിധ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി രേഖകൾ/ സർട്ടിഫിക്കറ്റുകൾ എന്നിവ ഗസറ്റഡ് ഉദ്യോഗസ്ഥൻ/ നോട്ടറി സാക്ഷ്യപ്പെടുത്തണം എന്ന രീതി ഒഴിവാക്കി രേഖകളുടെ/സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും.

## പരിസ്ഥിതിലോല പ്രദേശങ്ങളിലെ പുനരധിവാസവും പുനർനിർമ്മാണവും

26 (*475) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പരിസ്ഥിതിലോല പ്രദേശങ്ങളിലെ വീടുകളുടെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; ഈ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പുനർനിർമ്മാണം ആവശ്യമായി വരുന്ന മേഖലകളിൽ മുൻഗണനാക്രമത്തിൽ പദ്ധതികൾ ആവിഷ്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(സി) പുനരുദ്ധാരണ, പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം മേൽനോട്ട സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ-സി) തുടർച്ചയായ രണ്ട് വർഷങ്ങളിൽ നേരിട്ട പ്രളയവും അതിന്റെ ഭാഗമായുണ്ടായ ഉരുൾപൊട്ടലും മണ്ണിടിച്ചിലും സംസ്ഥാനത്ത് വലിയ നാശനഷ്ടങ്ങളാണ് സൃഷ്ടിച്ചത്. നിരവധിയാളുകൾക്ക് വീടും സ്ഥലവും നഷ്ടപ്പെടുകയും വാസയോഗ്യമല്ലാതാവുകയും ചെയ്തു. ഇത്തരം പ്രദേശങ്ങളിൽ ഉള്ളവരുടെ പുനരധിവാസത്തിന് സമഗ്രമായ ദീർഘകാല പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. മണ്ണിടിച്ചിലും ഉരുൾപൊട്ടലുംമൂലം ഭൂമി നഷ്ടപ്പെട്ടവർക്കും വീട് തകർന്നവർക്കും സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറാനുതകുന്ന ദീർഘകാല പ്രവർത്തനങ്ങളാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ 2018-ൽ മണ്ണിടിച്ചിൽ/ ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ വാസയോഗ്യമായ സ്ഥലങ്ങൾ പരിശോധന നടത്തി കണ്ടെത്തി അടയാളപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിന്റെയും സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാപ്രദേശ ഭൂപടത്തിന്റെയും വെളിച്ചത്തിൽ ഏതു തരം സ്ഥലങ്ങളിൽ വീട് വയ്ക്കാമെന്നത് സംബന്ധിച്ച് ശാസ്ത്രീയ ഉപദേശം നൽകുവാൻ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ Deputy Director ജനറൽ, പരിസ്ഥിതി അവലോകന വിദഗ്ദ്ധ സമിതി അംഗം ശ്രീ. ജി. ശങ്കർ, ഐ.ആർ.റ്റി.സി ഡയറക്ടർ ഡോ. ശ്രീകുമാർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ. എൽ. കുര്യാക്കോസ് എന്നിവരടങ്ങുന്ന വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. സമിതിയുടെ ശിപാർശ പ്രകാരം മലയോര മേഖലയിൽ വീട്

നിർമ്മിക്കുന്നതിന് മുന്നോടിയായി പ്രത്യേക പരിശോധന നടത്തുന്നതിന് ജില്ലാ ജിയോളജിസ്റ്റ്, തദ്ദേശ സ്ഥാപന എഞ്ചിനീയർ എന്നിവർ സ്ഥലം പരിശോധിച്ച് പ്രത്യേക പരിശോധനാ ഫോറം തയ്യാറാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മണ്ണിടിച്ചിൽ ഭീഷണിയുള്ള പ്രദേശങ്ങളിലുള്ള കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുകയോ, വീടും സ്ഥലവും ഒരുമിച്ച് വാങ്ങുകയോ ചെയ്യുന്നതിന് മാനദണ്ഡങ്ങൾക്ക് വിധേയമായി 10 ലക്ഷം രൂപ അനുവദിക്കും. ഇത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് സമഗ്രമായ ഉത്തരവ് സ.ഉ. (കൈ) നം.25/2019/ഡിഎംഡി പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 2019 പ്രളയശേഷം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ മൈനിംഗ് & ജിയോളജി, മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പുകളെ ഉൾക്കൊള്ളിച്ച് കേരളത്തിലെ 9 ജില്ലകളിൽ നടത്തിയ സർവ്വേയിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ ഭീഷണി നേരിടുന്ന പ്രദേശങ്ങൾ കണ്ടെത്തുകയും അവിടെയുള്ള കുടുംബങ്ങളെ മാറ്റി പാർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. GO(Ms) No.25/2019/DMD പ്രകാരം സർക്കാർ ‘ Vulnerability linked relocation' പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഉരുൾപൊട്ടൽ, പ്രളയ സാധ്യതാ മേഖലകളിൽ കെട്ടിട നിർമ്മാണത്തിന്റെ വിവിധ രീതികൾ വിശദീകരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഒരു കൈപുസ്തകം തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. ഇത് അടിസ്ഥാനമാക്കി 2000-ലധികം കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് പരിശീലനം നൽകുകയും ചെയ്തു. സംസ്ഥാനത്തെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കൂടുതൽ ആസൂത്രണത്തോടെ നടപ്പിലാക്കുന്നതിനായി 2018-ലെയും 2019-ലെയും പ്രകൃതിക്ഷോഭങ്ങളുടെ അനുഭവങ്ങളും അറിവുകളും ഉൾപ്പെടുത്തി സംസ്ഥാന ദുരന്ത നിവാരണ പ്ലാനും ജില്ലാ ദുരന്ത നിവാരണ പ്ലാനുകളും അപ്ഡേറ്റ് ചെയ്യുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണ്. ഇതുവഴി മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറുകയും ചെയ്തു.

## അർഹരായവർക്ക് റേഷൻ കാർഡുകൾ

27(*476) ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) അർഹതയില്ലാത്തവരിൽനിന്നും സർക്കാർ പിടിച്ചെടുത്ത മുൻഗണന കാർഡുകൾ ഇടനിലക്കാർ അനർഹരായവർക്കുതന്നെ വിതരണം ചെയ്യുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇത്തരത്തിലുള്ള പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്തിന്റെ പലഭാഗത്തും മുൻഗണനാ കാർഡ് തരപ്പെടുത്തുവാൻ ഏജന്റുമാരും തട്ടിപ്പുകാരും റേഷൻകടക്കാരും കൂട്ടുനിൽക്കുന്നതായ പരാതിക്ക് പരിഹാരം കണ്ടെത്തുമോയെന്നറിയിക്കാമോ?

ഇത്തരത്തിലൊരു പരാതിക്ക് നിലവിൽ സാഹചര്യമില്ല. കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകളുടെ എണ്ണം 15480040 അംഗങ്ങളായി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം അംഗങ്ങളുടെ പരിധി നിശ്ചയിച്ചതിനാൽ അർഹരായ എല്ലാ കുടുംബങ്ങളേയും മുൻഗണനാ പട്ടികയിലുൾപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി വർദ്ധിപ്പിച്ചുനൽകുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും അനുകൂല പ്രതികരണമുണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ അനർഹരായവരെ ഒഴിവാക്കുന്ന നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 17113 കാർഡുകൾ എ.എ.വൈ വിഭാഗത്തിലേയ്ക്കും 153047 കാർഡുകൾ പി.എച്ച്.എച്ച് വിഭാഗത്തിലേയ്ക്കും മാറ്റി നൽകിയിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയ ശേഷം 6.67 ലക്ഷം മുൻഗണനാ റേഷൻ കാർഡുകൾ നാളിതുവരെ പൊതുവിഭാഗത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലുള്ള മാനദണ്ഡപ്രകാരം ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം ഉൾപ്പെടുത്തിവരുന്നു. പ്രസ്തുത സാഹചര്യത്തിൽ മുൻഗണനാ കാർഡ് തരപ്പെടുത്തുവാൻ ഏജന്റുമാരും തട്ടിപ്പുകാരും റേഷൻകടക്കാരും കൂട്ടുനിൽക്കുന്നതായ പരാതിക്ക് പ്രസക്തിയില്ല.

(സി) സംസ്ഥാനത്ത് അനർഹർ കൈവശം വച്ചിരിക്കുന്ന റേഷൻ കാർഡുകൾ പിടിച്ചെടുക്കുവാൻ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ?

മുൻഗണനാപ്പട്ടികയുടെ ശുദ്ധീകരണം ഒരു തുടർപ്രക്രിയയാണ്. തദ്ദേശസ്വയംഭരണം, മോട്ടോർവാഹനം തുടങ്ങിയ വകുപ്പുകളിൽനിന്നുള്ള ഡേറ്റയുമായി ആർ.സി.എം.എസ് ഡാറ്റ മാപ്പിംഗ് നടത്തിയും എ.എ.വൈ/പി.എച്ച്.എച്ച് വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ ഭക്ഷ്യധാന്യമോ സൗജന്യഭക്ഷ്യക്കിറ്റോ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കിയും ആധാർ ലിങ്ക് ചെയ്യാത്തതോ ഒരംഗം മാത്രമുള്ളതോ ആയ മുൻഗണനാ റേഷൻകാർഡുകൾ പരിശോധനയ്ക്ക് വിധേയമാക്കിയും എ.എ.വൈ, പി.എച്ച്.എച്ച് വിഭാഗത്തിൽപ്പെട്ട കാർഡുകളുടെ അർഹത പുന:പരിശോധിച്ചും അനർഹരെ കണ്ടെത്തിവരുന്നുണ്ട്. Give-up പദ്ധതി

പ്രകാരം മൂന്ന മാസത്തേക്ക് റേഷൻ വിഹിതം ഉപേക്ഷിക്കുന്ന എ.എ.വൈ / പി.എച്ച്.എച്ച് വിഭാഗത്തിൽപ്പെടുന്ന കാർഡുടമകളെ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികളും തുടർന്നു വരുന്നു. അനർഹരെ ഒഴിവാക്കിയതിലൂടെ എ.എ.വൈ, പി.എച്ച്.എച്ച് വിഭാഗങ്ങളിൽ 86213 ഒഴിവുകളുണ്ടായിട്ടുണ്ട്. പൊതുജനങ്ങൾക്ക് 9495998223 എന്ന നമ്പറിൽ അനർഹമായ മുൻഗണനാ കാർഡുകളെക്കുറിച്ചുള്ള വിവരം സർക്കാരിനെ അറിയിക്കാവുന്നതാണ്. ഇപ്രകാരം ഫോണിലൂടെയും വാട്സ് ആപ്പിലൂടെയും ലഭിച്ച പരാതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഫോൺ/വാട്സ്ആപ്പ് മുഖാന്തരം ലഭിച്ച പരാതികളുടെ എണ്ണം-894

നടപടി സ്വീകരിച്ചത്-878

അനർഹരെന്ന് കണ്ടെത്തി ആയത് പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയവ-423

## ക്ലീൻ കേരള കമ്പനി മുഖേന നടപ്പാക്കുന്ന മാലിന്യ സംസ്കരണം

28 (*477) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് ക്ലീൻ കേരള കമ്പനി നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ അനുബന്ധം 1-ആയി* ചേർത്തിരിക്കുന്നു.

(ബി) ക്ലീൻ കേരള കമ്പനി മുഖേന സർക്കാർ ഓഫീസ് സമുച്ചയങ്ങളിൽ മാലിന്യ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 38 എം.സി.എഫ്.-കളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. 26 എം.സി.എഫ്.-കളിൽ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസികളുമായി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. 7 സ്ഥലങ്ങളിൽ പണി പുരോഗമിച്ചുവരികയാണ്. (തിരുവനന്തപുരം 3 - പബ്ലിക് ഓഫീസ്, വികാസ് ഭവൻ,

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫോറസ്റ്റ് ഓഫീസ് പിറ്റിപി നഗർ, പത്തനംതിട്ട 2 - സിവിൽ സ്റ്റേഷൻ, മിനി സിവിൽസ്റ്റേഷൻ, കോഴിക്കോട് 2– കളക്ടേറ്റ്, ഗവ.മെഡിക്കൽ കോളേജ്) 19 സ്ഥലങ്ങളിൽ പണി ഉടൻ തുടങ്ങുന്നതാണ്.

(സി) സാനിറ്ററി ലാൻഡ്ഫിൽ സൈറ്റുകളുടെ നിർമ്മാണത്തിന് ക്ലീൻ കേരള കമ്പനി മുഖേന നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം 2-ആയി* ചേർത്തിരിക്കുന്നു.

(ഡി) റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി ജില്ലാതല മാലിന്യ സംഭരണം, തരംതിരിവ്, കയ്യൊഴിയൽ എന്നിവയ്ക്കായി ക്ലീൻ കേരള കമ്പനി മുഖാന്തരം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഏർപ്പെടുത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ വാളക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ജില്ലാ പഞ്ചായത്ത് 50 സെന്റ് ഭൂമി അനുവദിച്ചിട്ടുണ്ട്. നിർമ്മാണ ചുമതല KESNIK-നെ ഏൽപ്പിക്കുകയും പണി പുരോഗമിച്ചുവരികയുമാണ്. 14 ജില്ലകളിലും മെഷീനറികളുടെ പർച്ചേസുകൾക്കും നിലവിൽ പണി പൂർത്തിയാക്കാത്ത തിരുവനന്തപുരം മുട്ടത്തറയിലെ കെട്ടിടത്തിന്റെ നിർമ്മാണത്തിനുംവേണ്ടിയുള്ള തുകയ്ക്കാണ് ഭരണാനുമതി ലഭിച്ചത്. പണി പൂർത്തീകരിക്കാത്ത മുട്ടത്തറയിലെ കെട്ടിടത്തിന്റെ നിർമ്മാണ ചുമതല പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായ COSTFORD-നെ ഏൽപ്പിക്കുകയും ചെയ്തു. ഇതിന്റെ സ്ഥലം ക്ലീൻ കേരള കമ്പനി COSTFORD-ന് കൈമാറുകയും ചെയ്തു. പണി പുരോഗമിച്ചുവരികയാണ്. കാസർഗോഡ് ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 1 ഏക്കർ ഭൂമി ലഭിക്കുകയും 2.23 കോടി രൂപക്ക് ഭരണാനുമതി ലഭിക്കുകയും ചെയ്തു. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയുടെ സെലക്ഷൻ ഡയറക്ടർ ബോർഡ് മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.

(ഇ) ക്ലീൻ കേരള കമ്പനി മുഖേന വ്യവസായ വാണിജ്യ സമുച്ചയങ്ങളിലെ മാലിന്യസംസ്കരണം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്; ക്ലീൻ കേരള കമ്പനി മുഖേന വ്യവസായ വാണിജ്യ സമുച്ചയങ്ങളിൽനിന്നും അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് ഇലക്ട്രോണിക് മാലിന്യങ്ങളും, മറ്റു പുനഃചംക്രമണ യോഗ്യമായ പാഴ്വസ്തുക്കളും ശേഖരിക്കുന്നുണ്ട്. വ്യാപകമായ രീതിയിൽ വ്യവസായ വാണിജ്യ കേന്ദ്രങ്ങളിൽ നിന്നും എല്ലാത്തരം പാഴ്വസ്തുക്കളും ശേഖരണം നടത്തുന്നതിന് കമ്പനിയെ കൂടുതലായി ശക്തിപ്പെടുത്തുന്നതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ക്ലീൻ കേരള കമ്പനി മുഖേനയുള്ള പ്ലാസ്റ്റിക് നിർമ്മാർജ്ജനം

29 (*478) ഡോ. സുജിത് വിജയൻപിള്ള:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) ക്ലീൻ കേരള കമ്പനി പ്ലാസ്റ്റിക് കുപ്പികൾ നിർമ്മാർജ്ജനം ചെയ്യാൻ ബിവറേജസ് കോർപ്പറേഷനുമായി സഹകരിച്ച് തുടങ്ങിയ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ പദ്ധതി ഉപേക്ഷിക്കുവാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി വിപണനം ചെയ്യപ്പെടുന്ന മദ്യം/ബിയർ അടങ്ങുന്ന കുപ്പികൾ/അലുമിനിയം ക്യാൻ എന്നിവ ഉപയോഗശേഷം ഉപേക്ഷിക്കുന്നവ തിരിച്ചെടുക്കുന്നതിന് 26-12-2019-ന് ക്ലീൻ കേരള കമ്പനിയുമായി കരാറിലേർപ്പെടുകയുണ്ടായി. മദ്യ/ബിയർ കുപ്പികൾ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരസഭകളിൽനിന്നും ശേഖരിക്കുന്നതിനാണ് കരാറിൽ വ്യവസ്ഥ ചെയ്തിരുന്നത്. കരാറിന്റെ കാലാവധി 3 മാസത്തേക്കായിരുന്നു. കോവിഡ്-19 രോഗവ്യാപനത്തെത്തുടർന്നുണ്ടായ ലോക്ക്ഡൗൺ കാരണം വീണ്ടും 4 മാസം കൂടി കരാർ ദീർഘിപ്പിച്ചിരുന്നു. ബിവറേജസ് കോർപ്പറേഷനും ക്ലീൻ കേരള കമ്പനിയും സംയുക്തമായി നടത്തിയ ഈ പരിപാടി 2020 ജൂലൈ 31-ന് അവസാനിച്ചു. ഈ പദ്ധതി തുടരാത്തതിനുള്ള കാരണങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ക്ലീൻ കേരള കമ്പനി എത്ര കിലോഗ്രാം പ്ലാസ്റ്റിക് പൊതുമരാമത്ത് വകുപ്പിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇതുവഴി എത്ര തുക ക്ലീൻ കേരള കമ്പനിക്ക് ലാഭമുണ്ടാക്കുവാനായി എന്ന് വ്യക്തമാക്കുമോ?

ക്ലീൻ കേരള കമ്പനി പൊതുമരാമത്ത് എഞ്ചിനീയറിംഗ് വകുപ്പിനും തദ്ദേശസ്വയംഭരണ വകുപ്പിനും യഥാക്രമം 947.76 ടണ്ണും 1161.24 ടണ്ണും പ്ലാസ്റ്റിക് നൽകിയിട്ടുണ്ട്. ഇതുവഴി ക്ലീൻ കേരള കമ്പനിക്ക് 4.87 കോടി രൂപ ലഭിക്കുകയും അതിന്റെ 85% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയുമുണ്ടായി.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ലൈറ്റ് മെട്രോ പദ്ധതികൾ

30(*479) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതികൾക്കായി ഇ. ശ്രീധരൻ തയ്യാറാക്കിയ റിപ്പോർട്ടിൽ മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2017-ലെ കേന്ദ്ര മെട്രോ നയത്തിനനുസൃതമായി ആവശ്യമായ മാറ്റങ്ങളോടെ ലൈറ്റ്മെട്രോ പദ്ധതികളുടെ വിശദ പദ്ധതി രേഖ (Detailed Project Report - DPR), Delhi Metro Rail Corporation പുതുക്കി സമർപ്പിച്ചിരുന്നു. 2021 ഫെബ്രുവരിയിൽ പ്രസ്തുത ഡി.പി.ആർ അംഗീകരിച്ച് സംസ്ഥാന സർക്കാർ പുതുക്കിയ ഭരണാനുമതി നൽകി. തുടർന്ന് കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി പ്രസ്തുത ഡി.പി.ആർ കേരളാ റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) കേന്ദ്ര ഭവന-നഗരകാര്യ മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്നു. തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ viability വർദ്ധിപ്പിക്കുന്നതിനായി നിലവിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സഞ്ചാരപഥത്തിൽനിന്ന് ടെക്നോപാർക്ക് ഭാഗത്തേക്ക് മെട്രോ പാത ദീർഘിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനം പൂർത്തിയായിട്ടുണ്ട്. ഇതിനുള്ള വിശദ പദ്ധതി രേഖ (ഡി.പി.ആർ) തയ്യാറാക്കാനുള്ള നടപടികൾ KRTL ആരംഭിച്ചിട്ടുണ്ട്. മെട്രോ പദ്ധതികളുടെ കാര്യക്ഷമവും സുഗമവുമായ ഏകോപനത്തിനും നടത്തിപ്പിനും ഒരു സംസ്ഥാനത്തിന് ഒരു Special Purpose Vehicle (SPV) ആയിരിക്കും അഭികാമ്യമെന്ന കേന്ദ്ര ഭവന-നഗരകാര്യ മന്ത്രാലയത്തിന്റെ ശിപാർശ പരിഗണിച്ചും കേന്ദ്രസർക്കാരിന്റെ പുതുക്കിയ മെട്രോ നയങ്ങൾക്കനുസൃതമായും നിലവിലെ അലൈൻമെന്റിൽ കിഴക്കേകോട്ടയെ ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കിയ ഡി.പി.ആർ തയ്യാറാക്കുവാനും തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസിയായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ (KMRL) നിശ്ചയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി KMRL-ന്റെ നേതൃത്വത്തിൽ സൈറ്റ് വിസിറ്റ് നടത്തി പുതുക്കിയ സഞ്ചാരപഥം സംബന്ധിച്ച പഠനം നടത്തിവരികയാണ്.

(ബി) തലസ്ഥാന മെട്രോ കടന്നുപോകുന്ന സ്ഥലങ്ങളിലെ നിർദ്ദിഷ്ട മേൽപ്പാലങ്ങൾ പദ്ധതിക്ക് തടസ്സമാകുമോയെന്ന് വ്യക്തമാക്കാമോ; ഈ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ് പുരോഗതി വിശദമാക്കാമോ?

നിർദ്ദിഷ്ട മേൽപ്പാലങ്ങൾ ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങളുടെ ഭാഗമാണ്. മെട്രോയുടെ സാങ്കേതികാവശ്യങ്ങൾകൂടി കണക്കിലെടുത്തുകൊണ്ടാണ് പ്രസ്തുത മേൽപ്പാലങ്ങൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. ശ്രീകാര്യം മേൽപ്പാലത്തിനുള്ള സ്ഥലമെടുപ്പ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. താമസിയാതെ നിർമ്മാണം തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പട്ടം മേൽപ്പാലത്തിനുള്ള സ്ഥലമെടുപ്പിന്റെ ഭാഗമായി 11(1) വിജ്ഞാപനം പുറപ്പെടുവിക്കുകയും R&R Package തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ സർവേ നടപടികൾ പുരോഗമിക്കുന്നു. ഉള്ളൂർ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ അലൈൻമെന്റിനെക്കുറിച്ചുള്ള പരാതികൾ പരിഹരിച്ച് വേഗത്തിലാക്കുവാൻ ശ്രമങ്ങൾ നടന്നു വരുന്നു.

**ജനകീയ ഹോട്ടലുകളുടെ പ്രവർത്തനം**

31 (*480) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതകൾക്ക് തൊഴിൽ സുരക്ഷയും സ്ഥിര വരുമാനവുമുണ്ടാക്കുന്നതിന് ജനകീയ ഹോട്ടലുകൾ സഹായകരമായിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാവർക്കും ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീയും തദ്ദേശഭരണ സ്ഥാപനങ്ങളും ഭക്ഷ്യ- സിവിൽസപ്ലൈസ് വകുപ്പുമായി ചേർന്ന് ജനകീയ ഹോട്ടൽ പദ്ധതി നടപ്പിലാക്കുകയും ആയതിന്റെ ഭാഗമായി ജനകീയ ഹോട്ടലുകൾ പ്രാദേശിക ആവശ്യകതയും സാധ്യതയുമനുസൃതമായി സംസ്ഥാനത്താകമാനം രൂപീകരിച്ചിട്ടുമുണ്ട്. സൂക്ഷ്മസംരംഭ മാതൃകയിൽ പ്രവർത്തിക്കുന്ന ജനകീയ ഹോട്ടലുകൾ മുഖേന സംസ്ഥാനമൊട്ടാകെ പ്രതിദിനം ശരാശരി 160000 ഉച്ചയൂണ് വിതരണം ചെയ്യുന്നുണ്ട്. ഇതിലൂടെ നിലവിൽ 4885 കുടുംബശ്രീ വനിതകൾക്ക് ഉപജീവനോപാധി ലഭിക്കുന്നുണ്ട്.

(ബി) കുടുംബശ്രീ മുഖാന്തരം നടപ്പിലാക്കിയ ജനകീയ ഹോട്ടലുകളുടെ ഗ്രേഡിംഗ് പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി ജനകീയ ഹോട്ടലുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും അവയെ അടുത്ത തലത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനും ഗ്രേഡിംഗ് പ്രവർത്തനങ്ങൾ

നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി കുടുംബശ്രീ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് ടെക്നോളജി എന്ന സ്ഥാപനവുമായി സഹകരിച്ച് ഗ്രേഡിംഗ് ടൂൾ രൂപീകരിക്കുകയും ആയതനുസരിച്ച് ജനകീയ ഹോട്ടലുകളെ പ്രത്യേകം നിർണ്ണയിക്കപ്പെട്ട സൂചികകളുടെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) ശുചിത്വം, വിഭവങ്ങളുടെ വൈവിദ്ധ്യം, ഭക്ഷണത്തിന്റെ ഗുണമേന്മ എന്നീ ഘടകങ്ങൾ ഗ്രേഡിംഗിന് പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ജനകീയ ഹോട്ടലുകളുടെ ഗ്രേഡിംഗിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് ടെക്നോളജി എന്ന സ്ഥാപനവുമായി സഹകരിച്ച് ശുചിത്വം, വിഭവങ്ങളുടെ വൈവിദ്ധ്യം, ഭക്ഷണത്തിന്റെ ഗുണമേന്മ, പ്രവർത്തന സമയം, പ്രതിമാസ വിറ്റുവരവ്, വിപണനം, സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെയും ചുറ്റുപാടുകളുടെയും അവസ്ഥ എന്നിവയുടെ അടിസ്ഥാനത്തിൽ ജനകീയ ഹോട്ടലുകളെ എ+, എ, ബി, സി എന്നീ വിഭാഗങ്ങളിലായി നിലവാര റേറ്റിംഗ് ചെയ്തിട്ടുണ്ട്.

(ഡി) ഉയർന്ന ഗ്രേഡിംഗ് ലഭിക്കാത്ത സംരംഭകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായം അടക്കമുള്ള പിന്തുണയും നൽകി ഗ്രേഡിംഗ് ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഉന്നത ഗ്രേഡ് ലഭിക്കാത്ത ബി, സി വിഭാഗത്തിൽ ഗ്രേഡ് ലഭിച്ച ജനകീയ ഹോട്ടലുകൾക്കായി കാര്യശേഷി വികസന പരിശീലനവും, അക്കൗണ്ടിംഗ്, ബുക്ക് കീപ്പിംഗ് പരിശീലനവും നൽകുന്നതിനും സാമ്പത്തിക സഹായം ആവശ്യമുള്ള യൂണിറ്റുകൾക്ക് കുടുംബശ്രീ സംരംഭങ്ങളുടെ സാമ്പത്തിക സഹായ പദ്ധതി പ്രകാരമുള്ള ധനസഹായവും മാനദണ്ഡങ്ങൾക്കനുസൃതമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ടി യൂണിറ്റുകളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ സഹായങ്ങളും നൽകി വരുന്നുണ്ട്.

(ഇ) ജനകീയ ഹോട്ടലുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച് വിപുലീകരിക്കുന്നതിനും ആവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. നിലവിലുള്ള ജനകീയ ഹോട്ടലുകളുടെ ഗ്രേഡിംഗ് പൂർത്തിയാക്കിയ സാഹചര്യത്തിൽ പിന്നോക്കം നിൽക്കുന്ന യൂണിറ്റുകൾക്ക് അവരുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മുൻനിരയിലേയ്ക്ക് കൊണ്ടുവരുന്നതിനുമായി യൂണിറ്റ് കേന്ദ്രീകരിച്ച് പ്രത്യേകം പരിശീലനം നൽകുന്നതിനും യൂണിറ്റിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ധനസഹായം ആവശ്യമുള്ള സാഹചര്യത്തിൽ ആയത് സൂക്ഷ്മസംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയുടെ

മാനദണ്ഡപ്രകാരം നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ പ്രാദേശികമായ ആവശ്യകതയ്ക്കും സാധ്യതയ്ക്കും അനുസരിച്ച് കൂടുതൽ ജനകീയ ഹോട്ടലുകൾ രൂപീകരിച്ചുവരുന്നുണ്ട്. ഇപ്രകാരം നിലവിൽ 1131 ജനകീയ ഹോട്ടലുകൾ രൂപീകരിച്ചിട്ടുണ്ട്.

## (ബി) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### എയർ ആംബുലൻസ് സംവിധാനം

1(5347) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പോലീസ് സേനയ്ക്കുവേണ്ടി ഹെലികോപ്റ്റർ വാടകയ്ക്കെടുക്കുന്ന നടപടിക്കുപകരം എയർ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

അടിയന്തരഘട്ടങ്ങളിൽ എയർ ആംബുലൻസായും പരിവർത്തനപ്പെടുത്തി ഉപയോഗിക്കുവാൻ സാധിക്കുന്നവിധം നിബന്ധനകൾ ഉൾപ്പെടുത്തിയാണ് ഹെലികോപ്റ്ററിനായി ടെണ്ടർ ക്ഷണിച്ചിരിക്കുന്നത്.

### സിവിൽ സർവ്വീസ് പരീക്ഷയ്ക്കുവേണ്ടി മികച്ച പരിശീലനം

2(5348) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസരംഗത്ത് രാജ്യത്ത് ഒന്നാമതായ കേരളീയർ സിവിൽ സർവ്വീസ്പോലുള്ള മത്സരപരീക്ഷകളിൽ അടുത്ത കാലത്തായി മികവ് പുലർത്തുന്നുവെന്നും സിവിൽ സർവ്വീസ് ബാലികേറാമലയാണെന്ന ധാരണ മാറ്റിക്കൊണ്ടിരിക്കുകയാണെന്നും കരുതുന്നുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ കഴിഞ്ഞ വർഷം സിവിൽ സർവ്വീസ് ഫലത്തിൽ ആദ്യത്തെ നൂറിൽ എത്രപേർ മലയാളികളായിരുന്നുവെന്നും ആയത് ഈ വർഷം എത്രയാണെന്നും വ്യക്തമാക്കാമോ; ഇതിൽ പെൺകുട്ടികളുടെ മികവ് എടുത്തുപറയേണ്ടതാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് നിലവിൽ സിവിൽ സർവ്വീസിന് മികച്ച പരിശീലനം നൽകുന്ന എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ കീഴിൽ കോട്ടയം, ഇടുക്കി ജില്ലകളിലൊഴികെ 12 ജില്ലകളിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി സബ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. സെന്ററുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം

2. കൊല്ലം

3. കോന്നി (പത്തനംതിട്ട)

4.ചെങ്ങന്നൂർ (ആലപ്പുഴ)

5.മൂവാറ്റുപുഴ (എറണാകുളം)

6.ആളൂർ (തൃശ്ശൂർ)

7. പാലക്കാട്

8. ICSR, പൊന്നാനി (മലപ്പുറം)

9. കോഴിക്കോട്

10. കൽപ്പറ്റ (വയനാട്)

11. കല്യാശ്ശേരി (കണ്ണൂർ)

12. കാഞ്ഞങ്ങാട് (കാസർഗോഡ്). സ്വകാര്യ പരിശീലന സ്ഥാപനങ്ങളുടെ വിവരം ലഭ്യമല്ല.

(ഡി) സംസ്ഥാന സർക്കാരിന്റെ കീഴിൽ തിരുവനന്തപുരത്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സിവിൽ സർവ്വീസ് അക്കാഡമിയുടെ മാതൃകയിൽ ജില്ലാ കേന്ദ്രങ്ങളിൽ പരിശീലനത്തിനായി നിലവിലുള്ള സൗകര്യങ്ങൾ സുസജ്ജമാക്കിയാൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരടക്കം കൂടുതൽ പേർക്ക് സിവിൽ സർവ്വീസ് നേടാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ മേൽപ്പറഞ്ഞ ലക്ഷ്യത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(ഡി&ഇ) കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയുടെ ജില്ലകളിൽ പ്രവർത്തിക്കുന്ന സബ് സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതുവഴി

സാമ്പത്തികമായും പിന്നോക്കം നില്ക്കുന്നവരടക്കം കൂടുതൽപേർക്ക് സിവിൽ സർവ്വീസ് പരിശീലനം നല്കുന്നതിന് സാധിക്കുന്നതാണ്. നിലവിൽ, Plan Scheme-ന്റെ ഭാഗമായി കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയിൽ പഠിക്കുന്ന, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന 100 വിദ്യാർത്ഥികൾക്ക് 40,000 രൂപ വീതം സാമ്പത്തിക സഹായം നല്കിവരുന്നുണ്ട്. കൂടാതെ SC/ST വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സൗജന്യ പരിശീലനം നല്കിവരുന്നു. ICSR പൊന്നാനിയിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട (50%) വിദ്യാർത്ഥികൾക്കും സൗജന്യ പരിശീലനം നല്കുന്നുണ്ട്. വിവിധ സബ്സെന്ററുകളുടെ അടിസ്ഥാന സൗകര്യവികസനം പദ്ധതി വകയിരുത്തലിലൂടെയും എം.എൽ.എ.- മാരുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയും ചെയ്തുവരുന്നു.

### പൊതു പരിപാടികൾക്കുള്ള മാനദണ്ഡം

3(5349) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ നിലവിൽ പൊതു പരിപാടികൾക്ക് എത്ര പേർക്ക് പങ്കെടുക്കാമെന്നും പങ്കെടുക്കുന്നവർക്ക് രണ്ട് ഡോസ് വാക്സിനെടുക്കണമെന്ന് നിർബന്ധമുണ്ടോയെന്നും വിശദമാക്കാമോ?

സംസ്കാരിക/രാഷ്ട്രീയ/മതപരമായ കൂടിച്ചേരലുകൾ ഉൾപ്പെടെയുള്ള പൊതുപരിപാടികൾ സംബന്ധിച്ച് കോവിഡ് - 19 വ്യാപനം കുറയുന്ന സാഹചര്യം മുൻനിർത്തി കൂടുതൽ ഇളവുകൾ നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

### ദുരന്തനിവാരണ പ്ലാനുകൾ

4(5350) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് കീഴിലുള്ള എത്ര വകുപ്പുകളിൽ കേന്ദ്ര ദുരന്ത നിവാരണ നിയമപ്രകാരമുള്ള ദുരന്തനിവാരണ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ടെന്നുള്ളതിന്റെ വകുപ്പ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

ഹോമിയോപ്പതി വകുപ്പ് (2015), PWD നാഷണൽ ഹൈവേ വകുപ്പ് (2017), അഗ്നി സുരക്ഷാ വകുപ്പ് (2017), ആരോഗ്യ വകുപ്പ് (2018), സോയിൽ സർവേ വകുപ്പ് (2020), മൃഗ സംരക്ഷണ വകുപ്പ് (2020) എന്നീ വകുപ്പുകൾ ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കി ദുരന്ത നിവാരണ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

(ബി) ഏതെങ്കിലും വകുപ്പുകളിൽ ഇനിയും പ്ലാൻ തയ്യാറാക്കാനുണ്ടോ; വ്യക്തമാക്കുമോ?

മറ്റ് വകുപ്പുകൾ ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കി കൈമാറിയിട്ടില്ല.

**വകുപ്പുകൾ തമ്മിലുള്ള വ്യവഹാരങ്ങൾ**

5(5351) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകൾ തമ്മിലുള്ള തർക്കത്തിന് കോടതിയെ സമീപിക്കുകവഴി സംസ്ഥാന ഖജനാവിന് ഭീമമായ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വിവിധവകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/കോർപ്പറേഷനുകൾ/ ബോർഡുകൾ/ സ്വയംഭരണ സ്ഥാപനങ്ങൾ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായും ധനകാര്യം, ആഭ്യന്തരം, ആസൂത്രണം എന്നീ വകുപ്പുകളിലേയും വിഷയം കൈകാര്യം ചെയ്യുന്ന ബന്ധപ്പെട്ട വകുപ്പിന്റെയും സെക്രട്ടറിമാർ അടങ്ങുന്ന ഒരു സമിതി പുനർരൂപീകരിച്ചുകൊണ്ട് 15-9-2021- ലെ സ.ഉ(കൈ)നം. 21/2021/ഉഭപവ നമ്പർ പ്രകാരം ഉത്തരവായി. മേൽ സംവിധാനത്തിന്റെ ഫലപ്രദമായ നടത്തിപ്പിലേയ്ക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) വിവിധ വകുപ്പുകൾ തമ്മിലുള്ള വ്യവഹാരങ്ങൾ കാരണം പദ്ധതികളുടെ നടത്തിപ്പ് വൈകുന്നതും ഉപേക്ഷിക്കേണ്ടിവരുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വകുപ്പുകൾ തമ്മിലുള്ള തർക്കംമൂലം പദ്ധതികൾ തടസ്സപ്പെടാതിരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പിറവം മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

6(5352) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ എത്ര പ്രവൃത്തികൾക്ക് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

പിറവം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിവഴി സർക്കാർ നടപ്പാക്കുന്ന പ്രോജക്ടുകളുടെ വിശദാംശം അനുബന്ധം 1*-ൽ കൊടുത്തിരിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇനി ഭരണാനുമതി നൽകുവാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നറിയിക്കാമോ?

(ബി-ഡി) ഭരണാനുമതി നൽകാനുള്ള പ്രവൃത്തികളൊന്നുംതന്നെ അവശേഷിക്കുന്നില്ല.

**കോതമംഗലം മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി**

7(5353) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിൽ എത്ര തുകയുടെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ;

(ബി) റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാം വകുപ്പുകൾ മുഖേന എന്തെല്ലാമാണെന്നും ഓരോ വകുപ്പിലും എത്ര തുകയുടെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും വകുപ്പ് തിരിച്ച് തുക സഹിതം വ്യക്തമാക്കാമോ;

(സി) റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികളിൽ ഓരോ വകുപ്പിലും നടപ്പിലാക്കി വരുന്നവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത എല്ലാ പ്രവൃത്തികളും അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-ഡി) കോതമംഗലം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിവഴി സർക്കാർ നടപ്പാക്കുന്ന പ്രോജക്ടുകളുടെ വിശദാംശം അനുബന്ധം 1*-ൽ കൊടുത്തിരിക്കുന്നു. ആർ.കെ.ഐ വഴി ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ കാലതാമസം കൂടാതെ പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സർക്കാർ/സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ ഔദ്യോഗിക പരിപാടി

8(5354) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ നടത്തുന്ന ഔദ്യോഗിക പരിപാടികളിൽ ആരെയൊക്കെ പങ്കെടുപ്പിക്കണമെന്ന്/ക്ഷണിക്കണമെന്ന് ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

വിവിധ സർക്കാർ വകുപ്പുകളും കേന്ദ്ര/സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും സംഘടിപ്പിക്കുന്ന പരിപാടികളിൽ സ്ഥലം എം.എൽ.എ.-യേയും എം.പി.-യേയും നിർബന്ധമായും ക്ഷണിച്ചിരിക്കണമെന്ന് 11-6-2012-ലെ സ.ഉ(കൈ.)141/2012/ പൊഭവ നമ്പർ ഉത്തരവ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*) മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പരിപാടികളിൽ സ്ഥലം എം.എൽ.എ.-ക്കും കേന്ദ്ര സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പരിപാടികളിൽ സ്ഥലം എം.പി.-ക്കും പ്രാമുഖ്യം നൽകണമെന്നും പ്രസ്തുത ഉത്തരവിൽ വിവക്ഷിക്കുന്നു. അതോടൊപ്പം കേന്ദ്ര/സംസ്ഥാന ധനസഹായത്തോടുകൂടി തദ്ദേശഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പരിപാടികളിൽ സ്ഥലം എം.എൽ.എ.-യെ നിർബന്ധമായും ക്ഷണിച്ചിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനങ്ങൾ നടത്തുന്ന ഔദ്യോഗിക പരിപാടികളിൽ പ്രസ്തുത മണ്ഡലത്തിലെ എം.എൽ.എ.-യെ കൂടാതെ തൊട്ടടുത്ത മണ്ഡലത്തിലെ എം.എൽ.എ.-യെക്കൂടി നിർബന്ധമായും ക്ഷണിക്കണമെന്ന് നിർദ്ദേശിക്കുന്ന ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

വിവിധ സർക്കാർ വകുപ്പുകളും കേന്ദ്ര/സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും സംഘടിപ്പിക്കുന്ന പരിപാടികളിൽ സ്ഥലം എം.എൽ.എ.-യ്ക്ക് പുറമേ തൊട്ടടുത്ത നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ.-മാരെ ക്ഷണിക്കണമെന്നുള്ള ഉത്തരവുകൾ നിലവിലില്ല.

(സി) തൊട്ടടുത്ത മണ്ഡത്തിലെ എം.എൽ.എ.-യെ പരിപാടിയിലേയ്ക്ക് ക്ഷണിച്ചിട്ടില്ലെന്ന കാരണത്താൽ അപ്രകാരം ക്ഷണിക്കാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടിയെടുക്കുന്നതിന് ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ബാധകമല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സെക്രട്ടേറിയറ്റിൽ പഞ്ചിംഗ് പുനരാരംഭിക്കൽ

9(5355) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാരണം സെക്രട്ടേറിയറ്റിൽ നിർത്തിവച്ചിരുന്ന പഞ്ചിംഗ് പുനരാരംഭിച്ചിട്ടുണ്ടോയെന്നറിയിക്കാമോ?

16-9-2021 മുതൽ സെക്രട്ടേറിയറ്റിൽ പഞ്ചിംഗ് സംവിധാനം പുനഃസ്ഥാപിച്ചിട്ടുണ്ട്.

(ബി) സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ ചാപ്റ്റർ 24 പ്രകാരമാണോ പഞ്ചിംഗ് സമയം ക്രമീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ?

സെക്രട്ടേറിയറ്റ് ജീവനക്കാർ 10.15 AM മുതൽ 5.15 PM വരെ ഓഫീസിൽ ഹാജരാകണമെന്നാണ് SOM-ൽ നിഷ്കർഷിക്കുന്നത്. എന്നാൽ സെക്രട്ടേറിയറ്റിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയ സാഹചര്യത്തിൽ ആയതിന് ചില ഇളവുകൾ നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത മാന്വൽ പ്രകാരം സെക്രട്ടേറിയറ്റിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ഹാജർ സമയം എത്ര മണി മുതൽ എത്ര മണിവരെയാണെന്ന് വ്യക്തമാക്കാമോ?

സെക്രട്ടേറിയറ്റ് ജീവനക്കാർ 10.15 AM മുതൽ 5.15 PM വരെ ഓഫീസിൽ ഹാജരാകണമെന്നും ഓഫീസ് അറ്റൻഡന്റുമാർ 9.45 AM-ന് എത്തണമെന്നും SOM-ൽ നിഷ്കർഷിക്കുന്നു.

(ഡി) സെക്രട്ടേറിയറ്റിനു പുറമെ മറ്റേതെല്ലാം വകുപ്പുകളിലാണ് നിലവിൽ പഞ്ചിംഗ് നടപ്പിലാക്കിയിട്ടുള്ളതെന്നറിയിക്കാമോ?

ബയോമെട്രിക് പഞ്ചിംഗ് ഏർപ്പെടുത്തിയ വകുപ്പുകളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## പീഡന പരാതികൾക്കായുള്ള ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റി

10(5356) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീഡന പരാതികൾ കൈകാര്യം ചെയ്യുന്നതിനായി സർക്കാർ ആഫീസുകളിൽ രൂപീകരിച്ചിട്ടുള്ള ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2018-ൽ വനിതാ ശിശു വികസന വകുപ്പ് രൂപീകൃതമായ സമയത്ത് തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക അതിക്രമം (തടയലും നിരോധിക്കലും പരിഹാരവും) നിയമം 2013 പ്രകാരം 10-ഉം അതിലധികം ജീവനക്കാർ തൊഴിലെടുക്കുന്ന എല്ലാ സർക്കാർ/അർദ്ധ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിൽ ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റി രൂപീകരിക്കുന്നതിനും ഇന്റേണൽ കമ്മിറ്റിയിലെ മെമ്പർമാരുടെ വിവരങ്ങൾ വനിതാ ശിശു വികസന വകുപ്പിനെ അറിയിക്കുന്നതിനും പത്രമാധ്യമങ്ങൾ വഴി അറിയിപ്പ് നൽകിയിരുന്നു. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക അതിക്രമ പരാതികൾ പരിഹരിക്കുന്നതിന് നിയമം അനുശാസിക്കുന്നതുപ്രകാരം ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ലോക്കൽ കമ്മിറ്റി രൂപീകരിക്കുന്നതിനും മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുന്നതിനും അറിയിപ്പ് നൽകിയിരുന്നു. കൂടാതെ 2018 ഡിസംബർ 31-നകം ഇന്റേണൽ കമ്മിറ്റി രൂപീകരിക്കാത്ത വകുപ്പുകൾ/കാര്യാലയങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഇന്റേണൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും ഇന്റേണൽ കമ്മിറ്റികളുടെ പൂർണ്ണമായ വിവരശേഖരണം നടത്തുന്നതിനും ഇന്റേണൽ കമ്മിറ്റി രൂപീകരിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾ കണ്ടെത്തി നോട്ടീസ് നൽകുന്നതിനും വകുപ്പിലെ എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇത്തരം കമ്മിറ്റികൾക്ക് ശിക്ഷാ നടപടികൾ സ്വീകരിക്കുവാനുള്ള അധികാരമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തൊഴിലിടങ്ങളിൽ സ്ത്രീകൾക്കുനേരെയുണ്ടാകുന്ന ലൈംഗിക അതിക്രമം (തടയലും നിരോധിക്കലും പരിഹാരവും) നിയമം 2013- വകുപ്പ് 13 പ്രകാരം ഒരു ജീവനക്കാരൻ കുറ്റക്കാരനാണെന്ന് കണ്ടെത്തുന്നപക്ഷം ഇത്തരം കമ്മിറ്റികൾക്ക് ജീവനക്കാരനെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന് കാര്യാലയ മേധാവിക്ക് ശിപാർശ നൽകാൻ കഴിയുന്നതാണ്. ഈ ഘട്ടത്തിൽ കമ്മിറ്റി ശേഖരിച്ച എല്ലാ വിവരങ്ങളുടെയും അവലോകനം നടത്തുകയും പരാതി പരിഹരിക്കാനാവശ്യമായ എല്ലാ വിവരങ്ങളും ശേഖരിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. പരാതിയിന്മേലുള്ള ന്യായാന്യായങ്ങൾ നിർണ്ണയിച്ചതിനുശേഷമുള്ള കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കമ്മിറ്റി മതിയായ ശിപാർശ ചെയ്യേണ്ടതും പ്രസ്തുത ശിപാർശയിൽ ഇനി പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ്.

1) പരാതി സ്വീകരിക്കാൻ സാധിക്കാത്തപക്ഷം ഒരു നടപടിയും ഇല്ലെന്നും

2) പരാതി സ്വീകരിക്കാൻ സാധിക്കുന്നപക്ഷം സർവ്വീസ് ചട്ടങ്ങൾക്കും

നിലവിലുള്ള നിയമങ്ങൾക്കും വിധേയമായി ശാസന മുതൽ പിരിച്ചുവിടുന്നതുവരെയുള്ള ശിക്ഷണ നടപടികളും

3) പരാതിക്കാരിക്ക് അർഹിക്കുന്ന സാമ്പത്തിക നഷ്ടപരിഹാരം നൽകുന്നതിനായി പരാതിക്കാരി അനുഭവിച്ച മാനസികാഘാതം, വേദന, ചികിൽസാപരമായ ചെലവ്, തൊഴിലവസരത്തിലെ നഷ്ടം, എതിർകക്ഷിയുടെ വരുമാനം എന്നിവ കൂടി കണക്കിലെടുത്തുവേണം നഷ്ടപരിഹാരത്തിന് ശിപാർശ ചെയ്യേണ്ടത്.

4) മേൽ പ്രസ്താവിച്ചതിനുപുറമെ തൊഴിലിടങ്ങളിലുണ്ടാകുന്ന ലൈംഗികാതിക്രമങ്ങൾക്കെതിരെ അധികമായി ശിപാർശകൾ നൽകാനുണ്ടെങ്കിൽ അത്തരം ശിപാർശകൾ നൽകേണ്ടതാണ്.

## മരണാനന്തര പെൻഷൻ നോമിനി

11(5357) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽനിന്നും വിരമിക്കുന്ന അവിവാഹിതരുടെ മരണാനന്തര പെൻഷൻ നോമിനിയായി ആരെയൊക്കെ നിശ്ചയിക്കാൻ കഴിയും; വിശദമാക്കുമോ;

(ബി) ഇതുസംബന്ധിച്ച സർവ്വീസ് ചട്ടങ്ങൾ ഏതെല്ലാമാണെന്ന് പറയാമോ; ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ?

(എ&ബി) സർക്കാർ സർവ്വീസിൽനിന്നും വിരമിക്കുന്ന അവിവാഹിതരുടെ കുടുംബപെൻഷൻ നോമിനിയായി പെൻഷണർക്ക് ആരെയും നിശ്ചയിക്കുവാൻ കേരള സർവ്വീസ് റൂൾസ് പാർട്ട് III-ൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ, കുടുംബപെൻഷൻ അനുവദിക്കുന്നതിനുള്ള അവകാശികളെ കേരള സർവ്വീസ് റൂൾസ് പാർട്ട് III ചട്ടം 90(6)-ൽ വ്യക്തമാക്കിയതുപ്രകാരം പരിഗണിക്കുന്നതാണ്. കൂടാതെ, ഡി.സി.ആർ.ജി.-യുടെ ആവശ്യത്തിന് ചട്ടം 71-ൽ സൂചിപ്പിച്ചിരിക്കുന്ന ജീവനക്കാരന്റെ കുടുംബാംഗങ്ങളെ പെൻഷണർക്ക് നാമനിർദ്ദേശം ചെയ്യാവുന്നതാണ്. കേരള സർവ്വീസ് റൂൾസ് പാർട്ട് III അപ്പെൻഡിക്സ് X പാർട്ട് എ ചട്ടം 7 പ്രകാരം കമ്മ്യൂട്ടേഷൻ കുടിശ്ശിക കൈപ്പറ്റുന്നതിന് കുടുംബാംഗങ്ങളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. ജീവകാല കുടിശ്ശിക അനുവദിക്കുന്നതിന് കേരള സർവ്വീസ് റൂൾസ് പാർട്ട് III ചട്ടം 138 പ്രകാരം കുടുംബാംഗങ്ങളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. ജീവനക്കാരന്/പെൻഷണർക്ക് ലഭിക്കാനുള്ള കുടിശ്ശിക ലഭിക്കുന്ന ആവശ്യത്തിലേയ്ക്കായി ചട്ടം 90(13) പ്രകാരം ഫോം 5 എ-യിൽ കുടുംബാംഗങ്ങളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

(സി) പ്രസ്തുത ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) ചട്ടങ്ങളിൽ പറയുന്നവരില്ലാത്തപക്ഷം സഹോദരിയുടെ മകൻ/മകളെ മരണാനന്തര പെൻഷൻ നോമിനിയായി പരിഗണിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

(സി&ഡി) കേരള സർവ്വീസ് റൂൾസ് ഭാഗം III-ൽ കുടുംബപെൻഷൻ അനുവദിക്കുന്നതിന്റെ വ്യവസ്ഥകൾ പ്രതിപാദിക്കുന്ന ചട്ടം 90 ഇപ്പോൾ തന്നെ ഉദാരമാണ്. നിലവിലെ സാഹചര്യത്തിൽ കൂടുതൽ വിഭാഗങ്ങൾക്ക് കുടുംബപെൻഷൻ അനുഭവവേദ്യമാക്കുന്നത് പരിഗണിക്കുവാൻ കഴിയുന്നതല്ല.

**ഫയൽ മൂവ്മെന്റ് സംവിധാനത്തിലെ തട്ടുകൾ കുറയ്ക്കാൻ നടപടി**

12(5358) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഫയൽ മൂവ്മെന്റ് സംവിധാനത്തിലെ തട്ടുകൾ കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ?

നാലാം ഭരണ പരിഷ്കാര കമ്മീഷന്റെ പതിമൂന്നാം റിപ്പോർട്ടായ സെക്രട്ടേറിയറ്റ് റിഫോംസിൽ വിവിധതലങ്ങളിൽ ഫയൽ ചംക്രമണം ചെയ്യുന്നത് സംബന്ധിച്ച് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) കോവിഡ് കാരണം കെട്ടിക്കിടക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കാൻ ഫയൽ അദാലത്തുകൾ നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീരുമാനമെടുക്കുവാൻ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെ വ്യവസ്ഥകളും വിവിധ സർക്കാർ നിർദ്ദേശങ്ങളും നിലവിലുണ്ട്. മൂന്ന് മാസത്തിൽ ഒരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകം നീക്കിവയ്ക്കാനും പഞ്ചദിനചട്ടം നിർബന്ധമായും പാലിക്കാനുമുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് രോഗവ്യാപന പശ്ചാത്തലത്തിൽ ഓഫീസ് പ്രവർത്തനങ്ങൾക്ക് നിയന്ത്രണമുണ്ടായിരുന്ന സാഹചര്യത്തിൽവന്ന കുടിശ്ശിക ഫയലുകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് ഫയൽ അദാലത്തുകൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും ആയത് സംബന്ധിച്ച പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

## ജീവനക്കാരുടെ പുനർവിന്യാസം

13(5359) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആഫീസുകളിലെ അധിക തസ്തികകൾ കണ്ടെത്തി പുനർവിന്യസിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കാലാവധി അവസാനിച്ച കേന്ദ്രപദ്ധതികളിലെ ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ധനദൃഢീകരണം സാധ്യമാകുന്നതിനുതകുന്ന വ്യയനിയന്ത്രണ നിർദ്ദേശങ്ങൾ 5-11-2020-ലെ സ.ഉ(അ)നം. 152/2020/ധന നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം, കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ പ്രവർത്തനം അവസാനിപ്പിച്ച പദ്ധതികളിൽ നിയമിച്ച ജീവനക്കാരുടെ പുനർവിന്യാസവും ഇ-ഓഫീസ്, കമ്പ്യൂട്ടർ സൗകര്യങ്ങൾ ഉപയോഗിക്കുന്ന ഓഫീസുകളിൽ അധികമായിട്ടുള്ള ടൈപ്പിസ്റ്റ് തസ്തികകളുടെ പുനർവിന്യാസവും ഓഫീസ് അറ്റൻഡന്റ് തസ്തികകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയ്ക്ക് മാറ്റുന്നതും, സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ചെയ്യാവുന്ന കാര്യങ്ങൾത്തന്നെ ഇരട്ടിപ്പായി ചെയ്തുവരുന്ന ടൈപ്പിസ്റ്റ്, ക്ലറിക്കൽ തസ്തികകളുടെ എണ്ണം കണ്ടെത്തി പുനർവിന്യസിക്കുന്നതിനും, ക്ഷേമനിധികൾ, കമ്മീഷനുകൾ, അതോറിറ്റികൾ, സൊസൈറ്റികളായി രൂപീകരിച്ചിട്ടുള്ള സ്ഥാപനങ്ങൾ തുടങ്ങി ഒരേ മേഖലയിൽ പൊതുവായി ഒരേ തരത്തിലുള്ള വികസന സേവന ഉദ്ദേശങ്ങൾക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സാങ്കേതികമായി പുനഃസംഘടിപ്പിച്ച് ഒറ്റ ഭരണ സംവിധാനമാക്കി മാറ്റുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതുഭരണ വകുപ്പിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഒഴിവുകൾ

14(5360) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിൽ കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ എത്ര അംഗീകൃത തസ്തികകളുണ്ടെന്ന് വ്യക്തമാക്കാമോ; ഗ്രേഡ്-2, ഗ്രേഡ്-1, സീനിയർ ഗ്രേഡ്, സെലക്ഷൻ ഗ്രേഡ് എന്നിങ്ങനെ തരംതിരിച്ച് വിവരം ലഭ്യമാക്കുമോ?

പൊതുഭരണ വകുപ്പിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് അംഗീകൃത തസ്തികകളുടെ എണ്ണം 448 ആണ്. സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ് - 112, സീനിയർ

ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ് - 112, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-1 - 112, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 - 112.

(ബി) മേൽപ്പറഞ്ഞ ഓരോ ഗ്രേഡിലും നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും ഒഴിവുകൾ നിലവിൽവന്ന തീയതിയും പ്രസ്തുത ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയ തീയതിയും തരംതിരിച്ച് നൽകുമോ;

(സി) മേൽപ്പറഞ്ഞ ഒഴിവുകളിൽ എൻട്രി കേഡറായ ഗ്രേഡ്-2-ലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത തീയതികൾ അറിയിക്കുമോ?

(ബി&സി) കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലെ 3 ഒഴിവുകൾ 30-6-2021, 5-8-2021, 25-8-2021 തീയതികളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റു തസ്തികകളിൽ ഒഴിവുകളൊന്നും നിലവിലില്ല.

(ഡി) കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയുടെ നിലവിലുള്ള ഗ്രഡേഷൻ ലിസ്റ്റ് നൽകാമോ; പ്രസ്തുത ഗ്രഡേഷൻ ലിസ്റ്റിലെ എത്രാമത്തെ ക്രമനമ്പർ വരെയുള്ളവർക്കാണ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-1-ലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെ ഗ്രഡേഷൻ ലിസ്റ്റിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 വിഭാഗത്തിലെ ക്രമ നമ്പർ 40 വരെയുള്ളവർക്ക് ഗ്രേഡ്-1 ആയി പ്രൊമോഷൻ നൽകിയിട്ടുണ്ട്. ഗ്രഡേഷൻ ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഇ) പ്രസ്തുത തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നതിലെ കാലതാമസംമൂലം എൻട്രി കേഡറിൽ ഒഴിവുകൾ സൃഷ്ടിക്കപ്പെടുന്നതിന് താമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ജാതി സെൻസസ്**

15(5361) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/അർദ്ധ സർക്കാർ/എയ്ഡഡ് മേഖലകളിലെ ജീവനക്കാരുടെ പിന്നാക്ക വിഭാഗ പ്രാതിനിധ്യം സംബന്ധിച്ച കണക്കുകൾ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

ഉണ്ട്. സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പിന്നാക്ക

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഭാഗങ്ങളുടെ പ്രാതിനിധ്യം കണ്ടെത്താനുതകുന്ന വിധത്തിൽ e-CDESK (e-Caste Database of Employees in Service Kerala) എന്ന പേരിൽ പിന്നാക്കവിഭാഗ കമ്മീഷനു കീഴിൽ ഒരു വെബ് പോർട്ടൽ പ്രവർത്തിച്ചുവരുന്നു.

(ബി) സെൻസസിനൊപ്പം ജാതി സെൻസസ് എടുക്കുന്നത് സംബന്ധിച്ച കേന്ദ്ര സർക്കാർ നിലപാട് എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

സെൻസസിനൊപ്പം ജാതി സെൻസസ് എടുക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും നിർദ്ദേശങ്ങൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

(സി) ഉദ്യോഗസ്ഥരുടെ ജാതി തിരിച്ചുള്ള സെൻസസ് എടുക്കുന്നത് സംബന്ധിച്ച WP(C) 19937/2009 നമ്പർ ഹൈക്കോടതി വിധി നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പിന്നാക്ക വിഭാഗക്കാരുടെ Socio Economic Study നടത്തണമെന്നുള്ള WP(C) 19937/2019 നമ്പർ കേസിലെ 8-9-2020-ലെ ഹൈക്കോടതി ഉത്തരവ് നിലവിലുണ്ട്. ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**പൊതുഭരണ സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക**

16(5362) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ സെക്രട്ടേറിയറ്റിലെ ഇരുന്നൂറ്റി ഇരുപത് ഓഫീസ് അറ്റൻഡന്റ് തസ്തികകൾ നിർത്തലാക്കി ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഈ തസ്തികകൾ നിർത്തലാക്കുന്നതിനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തസ്തികകൾ നിർത്തലാക്കുന്നതിന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ച സമിതിയിൽ ആരെല്ലാം ഉണ്ടായിരുന്നെന്ന് വ്യക്തമാക്കാമോ; സമിതി റിപ്പോർട്ട് ലഭ്യമാക്കുമോ?

(എ-സി) ഇ-ഫയൽ/ഇലക്ട്രോണിക് സംവിധാനങ്ങൾ നിലവിൽ വന്നശേഷം വിവിധ തസ്തികകളിലെ ജോലിഭാരത്തിൽ വന്ന വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ പൊതുഭരണ സെക്രട്ടേറിയറ്റിലെ ജോലിഭാരം ക്രമീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും കരട് റിപ്പോർട്ട് പരിശോധിച്ച് വേണ്ട മാറ്റങ്ങൾ വരുത്തി പരിഷ്കരിക്കുന്നതിന് പൊതുഭരണ വകുപ്പിലെയും ഉദ്യോഗസ്ഥ ഭരണപരിഷ്കാര

വകുപ്പിലെയും ഉദ്യോഗസ്ഥരടങ്ങുന്ന അഞ്ചംഗ സമിതിയെ ചുമതലപ്പെടുത്തിക്കൊണ്ടും 12-3-2019-ലെ സ.ഉ. (കൈ) നമ്പർ 4/2019/ഉഭപവ പ്രകാരം ഉത്തരവായിരുന്നു. ആയതിൻപ്രകാരം ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് സമർപ്പിച്ച പഠന റിപ്പോർട്ടിൽ പൊതുഭരണ സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് വിഭാഗത്തിലെ സ്റ്റെങ്ത് 774 ആണെന്നും നിലവിൽ 554 ഓഫീസ് അറ്റൻഡന്റ് തസ്തികകളുടെ ആവശ്യം മാത്രമേ ഉള്ളൂവെന്നും കാണുകയുണ്ടായി. തുടർന്ന് അഞ്ചംഗ സമിതിയും ഇക്കാര്യം ശിപാർശ ചെയ്തു. പൊതുഭരണ വകുപ്പിലെയും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിലെയും അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറിമാർ ഉൾപ്പെട്ടതാണ് അഞ്ചംഗ സമിതി. തുടർന്ന് ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ ഒഴിഞ്ഞുകിടക്കുന്ന 220 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ നിർത്തലാക്കി ഉത്തരവായിട്ടുള്ളത്. ആവശ്യമെങ്കിൽ വിവിധ വകുപ്പുകളിൽ ഇതേ തസ്തികയോ മറ്റു തസ്തികകളോ അനുവദിക്കുമെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1*ൽ ചേർക്കുന്നു. ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന്റെ പഠന റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം 2*-ൽ ചേർക്കുന്നു. സമിതിയുടെ പഠന റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം 3*-ൽ ചേർക്കുന്നു.

(ഡി) പൊതുഭരണ സെക്രട്ടേറിയറ്റിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിൽ എത്ര താൽക്കാലിക ജീവനക്കാർ ജോലിചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇവരുടെ നിയമനരീതി വ്യക്തമാക്കുമോ?

പൊതുഭരണ സെക്രട്ടേറിയറ്റിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിൽ താൽക്കാലിക ജീവനക്കാരൊന്നും ജോലിചെയ്യുന്നില്ല.

## സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്ന താൽക്കാലിക ജീവനക്കാർ

17(5363) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് മഹാമാരിയെത്തുടർന്ന് സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്ന എത്ര താൽക്കാലിക, ദിവസവേതന ജീവനക്കാരെയാണ് ഇതുവരെ പിരിച്ചുവിട്ടിട്ടുള്ളത്; വകുപ്പ് തിരിച്ച് എണ്ണം വ്യക്തമാക്കാമോ?

കോവിഡ് മഹാമാരി കാരണം ആരെയും പിരിച്ചുവിടാൻ സർക്കാർ നിർദ്ദേശിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വിവരാവകാശ നിയമത്തിലെ വകുപ്പ് 26 പ്രകാരമുള്ള പ്രവർത്തനങ്ങൾ**

18(5364) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമത്തിലെ വകുപ്പ് 26 (1) (എ) പ്രകാരം 2016-17 മുതൽ 2020-21 വരെ എന്തെല്ലാം വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമത്തിലെ വകുപ്പ് 26 (1) (ഡി) പ്രകാരം 2016-17 മുതൽ 2020-21 വരെ ഉദ്യോഗസ്ഥർക്ക് ഏതെല്ലാം ദിവസങ്ങളിൽ എവിടെയെല്ലാം വച്ച് പരിശീലനം നൽകിയെന്ന് വ്യക്തമാക്കാമോ?

(എ&ബി) Department of Personnel and Training, ഇൻഫർമേഷൻ കമ്മീഷനുകളുടെ കൂട്ടായ്മ എന്നിവ യഥാക്രമം RTI week celebration, RTI Awareness എന്നിവയ്ക്കായി നൽകിയ തുകയുപയോഗിച്ച് സംസ്ഥാന വിവരാവകാശ കമ്മീഷന്റെ നേതൃത്വത്തിൽ വിവിധ പ്രോഗ്രാമുകൾ നടത്തിയിട്ടുണ്ട്. പ്രോഗ്രാമിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | സാമ്പത്തിക വർഷം | പ്രോഗ്രാം നടത്തിയ സ്ഥലങ്ങൾ |
|---|---|---|
| 1 | 2016-2017 | തിരുവനന്തപുരം |
| 2 | 2019-2020 | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ |
| 3 | 20-1-2017 | അയ്യൻകാളി ഹാൾ, തിരുവനന്തപുരം |
| 4 | 6-7-2019 | IMG ഹാൾ, തിരുവനന്തപുരം |
| 5 | 13-11-2019 | IMG ഹാൾ, തിരുവനന്തപുരം |
| 6 | 20-11-2019 | Medial Academy Hall, Ernakulam |
| 7 | 21-11-2019 | Collectorate Hall, Kozhikkode |
| 8 | 23-1-2020 | Kollam |
| 9 | 24-1-2020 | YMCA Hall, Alappuzha |
| 10 | 10-3-2020 | District Planning Office Hall, Kannur |

(സി) വിവരാവകാശ നിയമത്തിലെ വകുപ്പ് 26 (2) പ്രകാരം പ്രസ്തുത നിയമവുമായി ബന്ധപ്പെട്ട ഗൈഡ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; പ്രസ്തുത ഗൈഡ് ഏതെല്ലാം വർഷങ്ങളിൽ പുതുക്കി പ്രസിദ്ധീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 6-11-2012-ൽ പ്രസിദ്ധീകരിച്ച ഗൈഡ് 4-1-2019-ൽ പുതുക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾ**

19(5365) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിന്റെ ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ തുക എത്രയെന്നും ഏത് ഹെഡ് ഓഫ് അക്കൗണ്ട് പ്രകാരമാണ് കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി പ്രസ്തുത തുക വകയിരുത്തുന്നതെന്നും വിശദമാക്കാമോ?

കേന്ദ്ര സർക്കാരിനു കീഴിലുള്ള Department of Personnel and Training നടപ്പുസാമ്പത്തിക വർഷം (2021-22) RTI Awareness programmes നടത്തുന്നതിനായി 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക നേരിട്ട് കമ്മീഷന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ എത്ര പരാതികളും അപ്പീലുകളും തീർപ്പാക്കാൻ ബാക്കിയുണ്ടെന്നറിയിക്കാമോ?

സംസ്ഥാന വിവരാവകാശ കമ്മീഷനിൽ 30-9-2021 വരെ 5398 അപ്പീലുകളും, 2118 പരാതികളും തീർപ്പാക്കാനുണ്ട്.

**സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക**

20(5366) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ 5 സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ 5 സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ചെലവഴിച്ച തുകയുടെ ഓഡിറ്റ് ചെയ്ത കണക്ക് വ്യക്തമാക്കാമോ?

31-12-2016 വരെയുള്ള കണക്കുകളാണ് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്.

**നോളജ് ഇക്കോണമി മിഷൻ**

21(5367) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോളജ് ഇക്കോണമി മിഷൻ എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

കേരളം അന്തർദ്ദേശീയതലത്തിൽ മാനവ വികസന സൂചികയിൽ (ഹ്യൂമൻ ഡെവലപ്മെന്റ് ഇൻഡക്സ്) വികസിത രാജ്യങ്ങൾക്കൊപ്പം നിൽക്കുന്ന സംസ്ഥാനമാണ്. എന്നാൽ യോഗ്യതകൾക്കനുസരിച്ചുള്ള ജോലി ലഭിക്കാത്തവരും (അണ്ടർ എംപ്ലോയ്ഡ്) കുറഞ്ഞ കാലം ജോലി ചെയ്ത് ജോലി നഷ്ടപ്പെട്ടവരും കോവിഡ് മഹാമാരിയുടെ ഭാഗമായി മടങ്ങിവന്ന പ്രവാസികളും വിവിധ പ്രൊഫഷണൽ കോഴ്സ് പാസായി ജോലി നോക്കുന്നവരും വീട്ടമ്മമാരും ഉൾപ്പെടുന്ന കേരളീയ സമൂഹത്തിന്റെ സാമ്പത്തിക വികസനത്തിനും സാമൂഹ്യജീവിത ഗുണനിലവാരം ഉയർത്തുന്നതിനുമായി വരുന്ന അഞ്ചു വർഷത്തിനിടയിൽ 20 ലക്ഷം പേർക്ക് മാന്യമായ തൊഴിലും സ്ഥിരവരുമാനവും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ 2021 ജനുവരി 15-ന്റെ ബഡ്ജറ്റിലും പിന്നീട് ജൂണിൽ പുതുക്കിയ ബഡ്ജറ്റ് രേഖയിലും പ്രഖ്യാപിച്ച പ്രകാരം കേരളത്തെ വൈജ്ഞാനിക സമ്പദ് വ്യവസ്ഥയായി മാറ്റുന്നതിനും അഭ്യസ്തവിദ്യരായ യുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുംവേണ്ടി നടപ്പിലാക്കുന്ന വിപുലമായ ഒരു പരിശീലന പരിപാടിയാണ് കേരള നോളജ് ഇക്കണോമി മിഷൻ (KKEM). സമഗ്രമായ ഇന്നൊവേഷൻ പ്രോത്സാഹനം, ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമൂലമായ പുനഃസംഘടന, കേരള സമ്പദ് വ്യവസ്ഥയുടെ വ്യത്യസ്ത ഘടകങ്ങളുടെ ഡിജിറ്റൽ രൂപാന്തരീകരണം എന്നീ ഘടകങ്ങളടങ്ങുന്ന ഈ കർമ്മപരിപാടി മുഖേന കേരളത്തിലെ തൊഴിലന്വേഷകർക്ക് അവരുടെ വിദ്യാഭ്യാസ നിലവാരത്തിനും നൈപുണ്യത്തിനും അനുയോജ്യമായ തൊഴിലുകൾ നേടാൻ അവസരമൊരുക്കുകയാണ്. ഇതിൽ നേരത്തെതന്നെ വിവിധ വൈദഗ്ദ്ധ്യ തൊഴിലുകളിൽ (സ്കിൽഡ് ലേബർ) ഏർപ്പെട്ടവരെയും ഔപചാരികമായി നൈപുണ്യ പരിശീലനം നേടിയവരെയും ഇവരുടെ അഭിരുചിക്കും നൈപുണ്യത്തിനും അനുഭവ സമ്പത്തിനും അനുയോജ്യമായതും ഇന്നത്തെ ലോക തൊഴിൽമേഖലയിൽ വന്ന മാറ്റങ്ങൾക്കും കോവിഡാനന്തര സമ്പദ് വ്യവസ്ഥയുടെ

പുതിയ സാഹചര്യങ്ങൾക്കും അനുസൃതമായ തൊഴിൽ സംരംഭങ്ങളിലും തൊഴിൽമേഖലകളിലും എത്തിപ്പെടാനുള്ള സാധ്യത ഒരുക്കുക, തൊഴിൽ മേഖലകളിൽനിന്ന് വിവിധ കാരണങ്ങളാൽ പുറത്തായവരും അഭ്യസ്തവിദ്യരും തങ്ങളുടെ വൈദഗ്ദ്ധ്യ മേഖലകളിലോ താല്പര്യത്തിനനുസൃതമായതോ ആയ തൊഴിൽ ലഭിക്കാത്ത വീട്ടമ്മമാരായി കഴിയുന്ന സ്ത്രീകളുമുൾപ്പെടെയുള്ളവർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ കണ്ടെത്തി അതിനാവശ്യമായ നൈപുണ്യം ആർജ്ജിക്കാനുള്ള പരിശീലനം നൽകി തൊഴിൽ നേടാൻ പ്രാപ്തരാക്കുക എന്നിവയാണ് നോളജ് ഇക്കോണമി മിഷൻകൊണ്ട് ലക്ഷ്യമിടുന്നത്. ഇതോടൊപ്പംതന്നെ കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ പഠനം പൂർത്തിയാക്കി കോവിഡ് സാഹചര്യം മുൻനിർത്തി തൊഴിൽ മേഖലകളിൽ പ്രവേശിക്കാനാവാത്ത ബിരുദധാരികൾ ഉൾപ്പെടെയുള്ള തൊഴിലന്വേഷകർ മുതലായവരെയും അവർക്കനുയോജ്യമായ തൊഴിൽദാതാക്കളായ പ്രാദേശികവും ദേശീയവും അന്തർദ്ദേശീയവുമായ വിവിധ കമ്പനികൾ, MSME (Micro, Small & Medium Enterprises)-കൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവരെയും ഒരു വെർച്വൽ പ്ലാറ്റ്ഫോമിൽ ഒന്നിപ്പിച്ച് തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിനായി ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) നിലവിൽ വന്നുകഴിഞ്ഞു. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് പോർട്ടൽ, ASAP (Additional Skill Acquisition Programme Kerala), KASE (Kerala Academy for Skills Excellence), കുടുംബശ്രീ എന്നീ വിവിധ ഏജൻസികളുടെ പോർട്ടലുകളിലെ വിവരങ്ങളും കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി തയ്യാറാക്കി പരിപാലിക്കുന്ന ഈ സംയോജിത പോർട്ടലുമായി ബന്ധിപ്പിക്കും. ഇതിനാവശ്യമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന നോളജ് ഇക്കണോമി മിഷന്റെ സ്ട്രാറ്റജി പേപ്പർ കെ-ഡിസ്കിന്റെ നേതൃത്വത്തിൽ തയ്യാറാക്കി ആസൂത്രണ ബോർഡിന്റെയും ബന്ധപ്പെട്ട വകുപ്പുകളുടെയും കൂടിയാലോചനകളും നടത്തി ലഭ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി അന്തിമാനുമതിക്കും അംഗീകാരത്തിനുമായി സമർപ്പിച്ചിട്ടുള്ളത് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും അഭ്യസ്തവിദ്യരായ ചെറുപ്പക്കാരിലേയ്ക്ക് പദ്ധതി എത്തിക്കുന്നതിനും കൂടുതൽ പ്രചാരണ പരിപാടികൾ സ്വീകരിക്കുമോ?

നോളജ് ഇക്കണോമി മിഷന്റെ സ്ട്രാറ്റജി പേപ്പറിന്റെ അന്തിമാനുമതിക്കു ശേഷം വിപുലമായ പ്രചാരണ പരിപാടികൾ നടത്തുന്നതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

## ഷൊർണ്ണൂർ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

22(5368) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതികളുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ&ബി) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിവഴി സർക്കാർ നടപ്പാക്കുന്ന പ്രോജക്ടുകളുടെ വിശദാംശം അനുബന്ധം 1*-ൽ കൊടുത്തിരിക്കുന്നു.

## നാദാപുരം മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

23(5369) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ റീ ബിൽഡ് കേരള പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികൾ വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പ്രവർത്തന പുരോഗതി വിശദമാക്കാമോ?

(എ&ബി) നാദാപുരം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിവഴി സർക്കാർ നടപ്പാക്കുന്ന പ്രോജക്ടുകളുടെ വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

## പ്രകൃതി ദുരന്തബാധിത മേഖലകളിൽ റീ ബിൽഡ് കേരള പദ്ധതി

24(5370) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം, ഉരുൾപൊട്ടൽ അടക്കമുള്ള പ്രകൃതിദുരന്ത ബാധിത മേഖലകളിൽനിന്നും ജനങ്ങളെ മാറ്റിപ്പാർപ്പിക്കാൻ റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

പ്രകൃതിദുരന്തങ്ങളെത്തുടർന്നുള്ള പുനരധിവാസ പ്രവർത്തനങ്ങൾ റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രളയം തടയാൻ റൂം ഫോർ റിവർ അടക്കമുള്ള പദ്ധതികൾ റീ ബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

പ്രളയത്തെത്തുടർന്ന് ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതിദുരന്തങ്ങളെക്കൂടി അതിജീവിക്കാൻ ഉതകുംവിധമുള്ള സംവിധാനത്തോടെയും പരിസ്ഥിതി സൗഹൃദപരമായും കേരളത്തെ പുനർനിർമ്മിക്കുന്നതിന് ബഹുമുഖമായ പരിപാടികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ നടപ്പിലാക്കിവരുന്നത്. കുട്ടനാട് മേഖലയിൽ വെള്ളപ്പൊക്കം ലഘൂകരിക്കുന്നതിനായുള്ള റൂം ഫോർ റിവർ പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കിവരികയാണ്. ആർ.കെ.ഐ. ഫണ്ടുപയോഗിച്ച പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്നതിനും വിശദമായ പദ്ധതി രേഖ തയാറാക്കുന്നതിനുമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കുട്ടനാട് മേഖലയിൽ റൂം ഫോർ റിവർ പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഐ.ഐ.ടി മദ്രാസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനം പുരോഗമിക്കുകയാണ്. പമ്പ, അച്ചൻകോവിൽ, മണിമല എന്നീ നദികളിലെ ജലമാണ് കുട്ടനാട്ടിലെ പ്രളയത്തിന്റെ പ്രധാന കാരണം. പമ്പ, അച്ചൻകോവിൽ നദികളിലെ ജലം കടലിലേയ്ക്ക് പതിക്കുന്നത് തോട്ടപ്പള്ളി സ്പിൽവേ വഴിയാണ്. തോട്ടപ്പള്ളി പൊഴിമുഖത്തിന്റെ സംരക്ഷണ ജോലികൾക്കായി 14.7 കോടി രൂപയുടെ റീബിൽഡ് കേരള പദ്ധതിക്ക് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. കടലിലേയ്ക്ക് ജലം ഒഴുക്കാൻ 360 മീറ്റർ വീതിയിൽ പൊഴിമുറിച്ച് ആഴം വർദ്ധിപ്പിച്ചു. ഇതേത്തുടർന്ന് ഇത്തവണ പ്രളയ തീവ്രത ഗണ്യമായി കുറഞ്ഞു. തോട്ടപ്പള്ളി സ്പിൽവേയും പ്രധാന ചാനലും ആധുനീകരിക്കുന്നതിനും ആലപ്പുഴ-ചങ്ങനാശേരി കനാലിന്റെ ഒന്നാംകര മുതൽ നെടുമുടിവരെയും നെടുമുടി മുതൽ പള്ളാത്തുരുത്തിവരെയുമുള്ള ഭാഗങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. കൂടാതെ, ജലസ്രോതസ്സുകളുടെ വികസനവും നദീതടങ്ങളിലൂടെയുള്ള ഉപയോഗവും നിയന്ത്രിക്കുന്നതിനും ജലവിഭവ മാനേജ്മെന്റ് പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനും ലക്ഷ്യമിട്ടു കൊണ്ടുള്ള ഒരു പ്രത്യേക ഏജൻസിയായി റിവർ ബേസിൻ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നിയമത്തിന്റെ കരട് തയ്യാറാക്കിവരുന്നു. പ്രളയസാധ്യത ഒഴിവാക്കുന്നതിനായി കനാലുകളിലെ എക്കൽ നീക്കുക, ആഴം കൂട്ടുക, ജലനിർഗ്ഗമനപാത ഒരുക്കുക, ബണ്ട് നിർമ്മിക്കുക എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന അനവധി പദ്ധതികൾ റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. ഇതിന് ഉദാഹരണങ്ങളാണ് പൊന്നാനി കോൾ നിലങ്ങളിൽ നടപ്പാക്കുന്ന കൃഷി വകുപ്പിന്റെ പദ്ധതി, മണ്ണ് സംരക്ഷണ വകുപ്പിന്റെ മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ, തുറമുഖ വകുപ്പിന്റെ പുതിയങ്ങാടി, ഷിറിയ തുറമുഖങ്ങളിൽ നടപ്പിലാക്കുന്ന റിവർ ട്രെയിനിംഗ് പ്രവൃത്തികൾ എന്നിവ.

## അടിയന്തര സാഹചര്യങ്ങളിലെ മുന്നറിയിപ്പ് സന്ദേശങ്ങൾ

25(5371) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിയന്തര സാഹചര്യങ്ങളിൽ ജനങ്ങളിലേയ്ക്ക് മുന്നറിയിപ്പ് സന്ദേശങ്ങൾ എത്തിക്കുന്നതിനായി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ?

കാലാവസ്ഥയുമായി ബന്ധപ്പെട്ടുള്ള അടിയന്തര സാഹചര്യങ്ങളിൽ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിന് സംസ്ഥാനത്ത് നിരവധി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ് സംവിധാനമാണ് സംസ്ഥാനം ഔദ്യോഗിക മുന്നറിയിപ്പിനായി പരിഗണിക്കാറുള്ളത്. ഇത്തരത്തിൽ പുറപ്പെടുവിക്കുന്ന മുന്നറിയിപ്പുകൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുഖേന ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്കും മാധ്യമ സ്ഥാപനങ്ങൾക്കും നൽകുന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി പ്രസ്തുത മുന്നറിയിപ്പുകൾ താലൂക്ക് തലത്തിലും, പത്ര-ദൃശ്യ-ശ്രവ്യ- സാമൂഹ്യമാധ്യമങ്ങൾ വഴിയും ജില്ലാ വെബ്സൈറ്റ് മുഖേനയും പ്രചരിപ്പിക്കുന്നു. പ്രളയസാധ്യതയുള്ള പ്രദേശങ്ങളിൽനിന്നും മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽനിന്നും ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനായി ദുരിതാശ്വാസ ക്യാമ്പുകൾ ഒരുക്കുകയും ആവശ്യം വരുന്ന മുറയ്ക്ക് ആളുകളെ മാറ്റിപ്പാർപ്പിക്കുകയും ചെയ്യാറുണ്ട്. കൂടാതെ ഡാമുകൾ തുറക്കുന്നതിനുമുമ്പുതന്നെ വെള്ളം തുറന്നുവിടുന്ന നദികൾ കടന്നുപോകുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രസിഡണ്ടുമാരെയും സെക്രട്ടറിമാരെയും ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽനിന്ന് പ്രസ്തുത വിവരം ഫോണിലൂടെ അറിയിക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങൾ മൈക്ക് അനൗൺസ്മെന്റ് മുഖേനയും ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെയും ഇക്കാര്യം ജനങ്ങളെ അറിയിക്കുകയും ചെയ്യുന്നുണ്ട്.

(ബി) മേൽപ്പറഞ്ഞ സംവിധാനത്തിലൂടെ 2021 ഒക്ടോബർ 14 മുതൽ 17 വരെ സംസ്ഥാനത്തുണ്ടായ കനത്ത മഴയെയും ഉരുൾപൊട്ടലിനെയും സംബന്ധിച്ച എന്തൊക്കെ മുന്നറിയിപ്പ് സന്ദേശങ്ങൾ ഏതൊക്കെ പ്രദേശങ്ങളിൽ ഏതൊക്കെ മാർഗ്ഗങ്ങളിലൂടെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2021 ഒക്ടോബർ 14 മുതൽ 17 വരെ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് നൽകിയ കാലാവസ്ഥാ മുന്നറിയിപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു. ജില്ലകളിൽ ലഭ്യമായിട്ടുള്ള ഈ മുന്നറിയിപ്പ് സന്ദേശങ്ങൾ ഇ-മെയിൽ, WhatsApp, ഫോൺ സന്ദേശം, ജില്ലാ കളക്ടറുടെ ഫേസ് ബുക്ക് പേജ്, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് മുഖേന ദൃശ്യ-ശ്രവ്യ-പത്ര

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാധ്യമങ്ങൾ എന്നിവ വഴി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കുമായി നൽകിയിട്ടുണ്ട്.

**പരിസ്ഥിതിലോല പ്രദേശമായ കൂട്ടിക്കലിന്റെ സംരക്ഷണം**

26(5372) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂട്ടിക്കൽ പഞ്ചായത്തിലെ കൊടുങ്ങ, വല്യേന്ത പാറമടകൾ പ്രവർത്തിക്കുന്നത് പരിസ്ഥിതിലോല പ്രദേശത്താണെന്നും ഇവയുടെ പ്രവർത്തനം നിരോധിക്കണമെന്നും കാട്ടി ജൈവവൈവിദ്ധ്യ ബോർഡ് റിപ്പോർട്ട് നൽകിയിരുന്നോ; എങ്കിൽ ഈ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പ് പരിശോധിച്ചുവരുന്നു.

(സി) പശ്ചിമഘട്ടത്തിലെ ഏറ്റവും പരിസ്ഥിതിലോലവും ജൈവവൈവിദ്ധ്യമുള്ളതും സംരക്ഷിക്കപ്പെടേണ്ടതുമായ പ്രദേശമാണ് കൂട്ടിക്കൽ എന്ന് പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ?

പരാമർശിച്ചിട്ടുണ്ട്.

**പ്രകൃതി ദുരന്തങ്ങൾ നേരിടാനുള്ള നടപടി**

27(5373) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷമാകുമ്പോൾ സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന ദുരന്തങ്ങളുടെ കാരണങ്ങളെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

കേരളത്തിൽ 2018 മുതലുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളിൽ ഭൂരിഭാഗവും അതിതീവ്ര മഴയുടെ ഭാഗമായാണ് ഉണ്ടായിട്ടുള്ളത്. ആവർത്തിച്ചുവരുന്ന തീവ്രമായ മഴയുടെയും തുടർന്നുണ്ടാകുന്ന പ്രളയത്തിന്റെയും ഉരുൾപൊട്ടലിന്റെയും കാരണങ്ങൾ പരിശോധിക്കുന്നതിനായി ശാസ്ത്ര-സാങ്കേതിക വകുപ്പിന്റെ 22-8-2019-ലെ സ.ഉ (സാധാ) നം. 42/2019/ശാ.സാ.വ പ്രകാരം ഒരു സമിതി രൂപീകരിച്ചിരുന്നു. സമിതി 20-10-2021-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രകൃതിക്ഷോഭമടക്കമുള്ള ദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതിന് ദീർഘകാല പദ്ധതികൾ ശാസ്ത്രീയമായി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രകൃതി ദുരന്തങ്ങൾ ഉൾപ്പെടെയുള്ള ദുരന്തങ്ങൾ നേരിടുന്നതിനും മുന്നൊരുക്കങ്ങൾ നടത്തുന്നതിനുമായി സംസ്ഥാന ദുരന്ത നിവാരണ പദ്ധതി രേഖ 2016-ൽ തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ അത് പുതുക്കുന്ന പ്രക്രിയ അന്തിമഘട്ടത്തിലാണ്. ഇതിനുപുറമെ എല്ലാ ജില്ലകളിലും ജില്ലാ ദുരന്ത നിവാരണ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. ഇന്ത്യയിലാദ്യമായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ ദുരന്ത നിവാരണ പദ്ധതിരേഖ തയ്യാറാക്കിയ സംസ്ഥാനമാണ് കേരളം. സംസ്ഥാനത്ത് ഇടിമിന്നൽ ആക്ഷൻ പ്ലാൻ, സ്കൂൾ സുരക്ഷാ കൈപ്പുസ്തകം, ആശുപത്രി സുരക്ഷാ മാർഗ്ഗരേഖ, ഉഷ്ണകാല ദുരന്ത ലഘൂകരണ മാർഗ്ഗരേഖ തുടങ്ങി വിവിധ പദ്ധതികൾ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. 2018-ലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ അതിജീവനക്ഷമതയുള്ള പുനർനിർമ്മാണം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളേറ്റെടുത്ത് നടപ്പാക്കുന്നതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് (കേരള പുനർനിർമ്മാണ പദ്ധതി) സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്നവിധം കരുത്തോടെയും പ്രകൃതി സൗഹൃദപരമായും കേരളത്തെ പുനർനിർമ്മിക്കുകയെന്നതാണ് കേരള പുനർനിർമ്മാണ പദ്ധതി ലക്ഷ്യമിടുന്നത്. പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായ പശ്ചാത്തല സൗകര്യങ്ങളുടെയും ഭൂവ്യവസ്ഥകളുടെയും പുന:സ്ഥാപനം വൻ മുതൽമുടക്കും സമയവും വേണ്ടിവരുന്ന പ്രകിയയാണ്. കൃഷി, മൃഗപരിപാലനം, ഫിഷറീസ്, വനം, ഭൂമി, ജീവനോപാധികൾ, റോഡുകളും പാലങ്ങളും, ഗതാഗതം, നഗരവികസനവും അടിസ്ഥാന സൗകര്യങ്ങളും, ജലവിതരണവും ശുചിത്വവും, ജലവിഭവം, വിവിധ മേഖലകളിലായി വ്യാപിച്ചു കിടക്കുന്ന പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്തസാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖലയെ ശക്തിപ്പെടുത്തൽ എന്നീ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ട് അതിജീവനക്ഷമവും പരിസ്ഥിതി സൗഹൃദപരവുമായ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. 12 വകുപ്പുകളിലായി ഇതിനകം 7797.14 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് റൂം ഫോർ റിവർ. ആദ്യഘട്ടം പമ്പാ നദിയിലാണ് നടപ്പാക്കുന്നത്. കുട്ടനാട്ടിലെ തോട്ടപ്പള്ളി സ്പിൽവേ, എ സി കനാൽ എന്നിവയുടെ നവീകരണമാണ് ലക്ഷ്യംവയ്ക്കുന്നത്. കാലവർഷത്തിൽ കുട്ടനാടിലെ 20000 ഹെക്ടർ പാടശേഖരത്തിൽ ജലം സംഭരിക്കാനും പദ്ധതി നടത്തിപ്പുകൊണ്ട് സാധിക്കും.

ഇതുകൂടാതെ, ലോകബാങ്കും ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റുമെന്റ് ബാങ്കും (AIIB) തുല്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഫലപ്രാപ്തി അധിഷ്ഠിത (PR) വായ്പാ പദ്ധതികളെല്ലാം പൂർണ്ണ തോതിലാകുന്നതോടെ തുടർച്ചയായുണ്ടാകുന്ന പ്രകൃതിക്ഷോഭം പരിസ്ഥിതിയിലും ജന ജീവിതത്തിലും സൃഷ്ടിക്കുന്ന ആഘാതം കുറയ്ക്കാനാകും.

(സി) പ്രകൃതിവിഭവങ്ങളുടെ അനാവശ്യ ചൂഷണങ്ങളും പരിസ്ഥിതിക്ക് കോട്ടം വരുത്തുന്ന കയ്യേറ്റങ്ങളും ഇത്തരം ദുരന്തങ്ങൾക്ക് കാരണമാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് ശക്തവും ശാസ്ത്രീയവുമായി തടയുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേന്ദ്ര ദുരന്ത നിവാരണ നിയമം 2005-ന്റെ 23 (1) വകുപ്പനുസരിച്ച് തയ്യാറാക്കിയിട്ടുള്ള സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി 2016-ന്റെ (State Disaster Management Plan, ചാപ്റ്റർ 3.21.1 പ്രകാരം അതിതീവ്ര ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ/പാറനിരങ്ങൽ സാധ്യതാ മേഖലയായി (Landslide Susceptibility - High Hazard Zone) നിർണ്ണയിച്ചിട്ടുള്ള പ്രദേശങ്ങളിൽ വെടിമരുന്നുപയോഗിച്ചുള്ള പാറ ഖനനം നിരോധിക്കണമെന്ന് കേന്ദ്ര ദുരന്ത നിവാരണ നിയമം 2005-ന്റെ 22 (2)(b) വകുപ്പനുസരിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. 2016-ന് സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ആയതുപ്രകാരം അനുമതി ലഭിച്ചാലും അതിതീവ്ര ഉരുൾപൊട്ടൽ/ മണ്ണിടിച്ചിൽ/ പാറനിരങ്ങൽ സാധ്യതാമേഖലയിലാണ് ക്വാറിയെങ്കിൽ വെടിമരുന്നുപയോഗിച്ചുള്ള പാറ ഖനനം നടത്തുവാൻ സാധിക്കില്ല. അവ അനുവദിക്കുന്നത് ഗുരുതരമായ ഉരുൾപൊട്ടൽ/ മണ്ണിടിച്ചിൽ/പാറനിരങ്ങൽ എന്നിവയ്ക്ക് കാരണമാകും. രണ്ട് ദിവസം അടുപ്പിച്ച് ഒരു വില്ലേജിൽ മഴ പെയ്താൽ, ആ വില്ലേജിലുള്ള പാറമടകളിൽ പാറ പൊട്ടിക്കുന്നത് മഴ കഴിഞ്ഞ് 24 മണിക്കൂർവരെ നിർത്തിവയ്ക്കുവാൻ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട് .

## പ്രകൃതിക്ഷോഭങ്ങൾ സംബന്ധിച്ച മുന്നറിയിപ്പുകൾ

28(5374) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതിക്ഷോഭങ്ങളുണ്ടാകുന്നത് സംബന്ധിച്ച് 2021 ഒക്ടോബർ 14 മുതൽ 16 വരെയുള്ള തീയതികളിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുഖേന എന്തെങ്കിലും മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ പ്രദേശങ്ങളിലേയ്ക്ക് ഏത് രീതിയിലുള്ള മുന്നറിയിപ്പുകളാണ് നൽകിയതെന്നതിന്റെ വിശദാംശം നൽകുമോ?

ദേശീയ ദുരന്ത നിവാരണ അതോറിറ്റി നോഡൽ ഏജൻസിയായി പ്രഖ്യാപിച്ചിട്ടുള്ള കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാലാവസ്ഥാ പ്രവചനത്തിന് ഔദ്യോഗികമായി പരിഗണിക്കുന്നത്. എല്ലാ ദിവസവും രാവിലെ 10 മണി, ഉച്ചയ്ക്ക് 1 മണി, വൈകിട്ട് 4 മണി എന്നീ സമയങ്ങളിലാണ് കാലാവസ്ഥാ പ്രവചനം പുറപ്പെടുവിക്കുന്നത്. ഈ കാലാവസ്ഥാ പ്രവചനം മലയാളത്തിൽ വിവർത്തനം നടത്തി മാപ്പുകൾ, ഗ്രാഫുകൾ എന്നിവയുടെ സഹായത്തോടെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ, മാധ്യമങ്ങൾ, വിവിധ വകുപ്പുകൾ, സുരക്ഷാ സേനകൾ എന്നിവർക്ക് ടെലിഫോൺ സന്ദേശം, ഇ-മെയിൽ, ഹോട്ട് മെയിൽ, ഔദ്യോഗിക സമൂഹ മാധ്യമ പേജുകൾ എന്നിവവഴി നൽകുകയും പൊതുജനങ്ങളിലെത്തിക്കുകയും ചെയ്യുന്നു. ശക്തമായ മഴ പ്രവചിക്കപ്പെടുന്ന സാഹചര്യങ്ങളിൽ 3 നേരവും അല്ലാത്ത സന്ദർഭങ്ങളിൽ ഉച്ചയ്ക്ക് ഒരു മണിക്കും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽനിന്നും ഈ രീതിയിൽ മുന്നറിയിപ്പുകൾ പുറപ്പെടുവിക്കാറുണ്ട്. 2021 ഒക്ടോബർ 14 മുതൽ 16 വരെ കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറത്തിറക്കിയ എല്ലാ മുന്നറിയിപ്പുകളും മേൽ വിവരിച്ച മാതൃകയിൽ സമയബന്ധിതമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മുന്നറിയിപ്പ് സംവിധാനങ്ങൾ വഴി നൽകിയിട്ടുണ്ട്. ഒക്ടോബർ 14, 2021-ന് അറബിക്കടലിലും ബംഗാൾ ഉൾക്കടലിലും രൂപപ്പെട്ട ന്യൂനമർദ്ദങ്ങളുടെ ഫലമായി 14-10-2021 മുതൽ 16-10-2021 വരെ സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ/അതിശക്തമായ മഴ ഉണ്ടാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് രാവിലെ 10 മണിക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. 14-10-2021-ന് 6 ജില്ലകളിലും 15-10-2021-ന് 7 ജില്ലകളിലും ഓറഞ്ച് അലെർട്ട് പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ ഉച്ചയ്ക്ക് 1 മണിക്ക് പുറപ്പെടുവിച്ച ജില്ലാതല മഴ പ്രവചനത്തിൽ 14-10-2021-ലെ ഓറഞ്ച് അലെർട്ടുകൾ കേന്ദ്ര കാലാവസ്ഥാ വകുപ്പ് പിൻവലിച്ചു. ഈ മുന്നറിയിപ്പുകൾ കൃത്യമായി വിവിധ കേന്ദ്രങ്ങളിൽ നൽകിയിട്ടുണ്ട്. 14-10-2021 മുതൽ 16-10-2021 വരെ കടൽപ്രക്ഷുബ്ധമായ മേഖലകളിൽ മത്സ്യബന്ധനത്തിന് പോകരുതെന്ന് പ്രസ്തുത ഇടങ്ങളുടെ മാപ്പ് സഹിതം ഉച്ചയ്ക്ക് ഒരു മണിക്ക് അറിയിപ്പ് കൊടുത്തിരുന്നു. കൂടാതെ വൈകിട്ടോടെ കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറത്തിറക്കിയ പുതുക്കിയ മത്സ്യത്തൊഴിലാളി ജാഗ്രതാ നിർദ്ദേശം പ്രകാരം കടലിൽ പോയവരെല്ലാം വൈകിട്ടോടെ അടുത്ത തീരത്ത് എത്തേണ്ടതാണെന്ന് കടലോരങ്ങളുള്ള എല്ലാ ജില്ലകളുടെയും കളക്ടർമാർക്കും, അടിയന്തരഘട്ട കാര്യ നിർവ്വഹണ കേന്ദ്രങ്ങൾ, ഫിഷറീസ് കൺട്രോൾ റൂം, കോസ്റ്റ് ഗാർഡ്, കോസ്റ്റൽ പോലീസ് കൺട്രോൾ റൂം, ADGP ഇന്റലിജൻസ് ഓഫീസ് എന്നിവിടങ്ങളിൽ

ഹോട്ട് ലൈൻ വഴിയും ഇ-മെയിൽ വഴിയും നിർദ്ദേശം നൽകി. മാധ്യമങ്ങളുടെ WhatsApp ഗ്രൂപ്പ് വഴി വിവരങ്ങൾ കൈമാറുകയും പൊതുജനങ്ങൾക്കായി സ്ക്രോളിംഗ് നൽകുകയും ചെയ്തു. 14-10-2021 മുതൽ 18-10-2021 വരെ ശക്തമായ കാറ്റും ഇടിമിന്നലും ഉണ്ടാകുമെന്ന കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ അറിയിപ്പും സമാന രീതിയിൽ കൈമാറി. 15-10-2021-ന് രാവിലെ 10 മണിക്കുള്ള പ്രവചന പ്രകാരം അറബിക്കടലിലും ബംഗാൾ ഉൾക്കടലിലും രൂപപ്പെട്ട ന്യൂനമർദ്ദങ്ങളുടെ ഫലമായി 16-10-2021-ന് മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് അലേർട്ട് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്കും, ജില്ലാ അടിയന്തരഘട്ട കാര്യ നിർവ്വഹണ കേന്ദ്രങ്ങൾക്കും എല്ലാ വകുപ്പുകൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. മാധ്യമങ്ങൾ വഴിയും ദുരന്ത നിവാരണ അതോറിറ്റിയുടെ ഫേസ് ബുക്ക് പേജ്, വാട്സ്ആപ് ഗ്രൂപ്പുകൾ വഴിയും പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകി. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ 15-10-2021 മുതൽ 16-10-2021 വരെ മത്സ്യബന്ധനത്തിന് പോകാൻ പാടുള്ളതല്ലെന്ന കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ അറിയിപ്പ് കടലോര മേഖലകളുള്ള ജില്ലകളിലെ കളക്ടർമാർ, അടിയന്തരഘട്ട കാര്യ നിർവ്വഹണ കേന്ദ്രങ്ങൾ, ഫിഷറീസ് കൺട്രോൾ റൂം, കോസ്റ്റ് ഗാർഡ്, കോസ്റ്റൽ പോലീസ് കൺട്രോൾ റൂം, ADGP ഇന്റലിജൻസ് ഓഫീസ് എന്നിവിടങ്ങളിൽ ഹോട്ട് ലൈൻ വഴിയും ഇ-മെയിൽ വഴിയും നിർദ്ദേശം നൽകി. കേന്ദ്ര കാലാവസ്ഥാ വകുപ്പ് വൈകിട്ടോടെ പുറത്തിറക്കിയ പുതുക്കിയ ജില്ലാതല മഴ മുന്നറിയിപ്പ് ബന്ധപ്പെട്ട ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾക്ക് ഹോട്ട് ലൈൻ വഴിയും ഇ-മെയിൽ വഴിയും കൈമാറി. ഒക്ടോബർ 16, 2021-ന് അറബിക്കടലിലും ബംഗാൾ ഉൾക്കടലിലും രൂപപ്പെട്ട ന്യൂനമർദ്ദങ്ങളുടെ ഫലമായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് രാവിലെ 10 മണിക്ക് പുറപ്പെടുവിച്ച ജില്ലാതല മഴ പ്രവചന പ്രകാരം 11 ജില്ലകളിൽ ഓറഞ്ച് അലേർട്ടും 2 ജില്ലകളിൽ മഞ്ഞ അലേർട്ടും പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്കും, ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുകൾക്കും ഇ-മെയിൽ വഴി അറിയിപ്പും നിർദ്ദേശങ്ങളും നൽകി. കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഉച്ചയ്ക്ക് 1 മണിക്ക് പുറപ്പെടുവിച്ച ജില്ലാതല മഴ പ്രവചനത്തിൽ 16-10-2021-ന് 5 ജില്ലകളിൽ റെഡ് അലേർട്ടും 7 ജില്ലകളിൽ ഓറഞ്ച് അലേർട്ടും 2 ജില്ലകളിൽ മഞ്ഞ അലേർട്ടും പ്രഖ്യാപിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്കും, ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുകൾക്കും ഇ-മെയിൽ വഴിയും ഹോട്ട് ലൈൻ വഴിയും അറിയിപ്പും നിർദ്ദേശങ്ങളും നൽകി. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ 16-10-2021 മുതൽ 17-10-2021 വരെ മത്സ്യബന്ധനത്തിന് പോകാൻ പാടുള്ളതല്ലെന്ന കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ അറിയിപ്പ് കടലോര മേഖലകളുള്ള ജില്ലകളിലെ കളക്ടർമാർ, അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ, ഫിഷറീസ് കൺട്രോൾ റൂം, കോസ്റ്റ് ഗാർഡ്, കോസ്റ്റൽ പോലീസ് കൺട്രോൾ റൂം,

ADGP ഇന്റലിജൻസ് ഓഫീസ് എന്നിവിടങ്ങളിൽ ഹോട്ട് ലൈൻ വഴിയും ഇ-മെയിൽ വഴിയും നിർദ്ദേശം നൽകി. 16-10-2021 മുതൽ 17-10-2021 വരെ ശക്തമായ കാറ്റും, ഇടിമിന്നലും ഉണ്ടാകുമെന്ന കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ അറിയിപ്പ് ബന്ധപ്പെട്ടവർക്കെല്ലാം കൈമാറി. കേന്ദ്ര കാലാവസ്ഥാ വകുപ്പ് വൈകിട്ടോടെ പുറത്തിറക്കിയ പുതുക്കിയ ജില്ലാതല മഴ മുന്നറിയിപ്പ് പ്രകാരം 6 ജില്ലകളിൽ റെഡ് അലെർട്ടും, 7 ജില്ലകളിൽ ഓറഞ്ച് അലെർട്ടും, 2 ജില്ലകളിൽ മഞ്ഞ അലെർട്ടും പ്രഖ്യാപിച്ചു. ബന്ധപ്പെട്ട ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾക്ക് ഹോട്ട് ലൈൻ വഴിയും ഇ-മെയിൽ വഴിയും വിവരം കൈമാറി. ദുരന്ത നിവാരണ അതോറിറ്റിയുടെ ഫേസ് ബുക്ക് പേജ്, വാട്സ് ആപ് ഗ്രൂപ്പുകൾ, വെബ്സൈറ്റ് എന്നിവ വഴി പൊതുജനങ്ങൾക്കുള്ള നിർദ്ദേശങ്ങളും ദുരന്ത മുന്നൊരുക്കങ്ങളും അടങ്ങുന്ന പോസ്റ്ററുകൾ പ്രചരിപ്പിച്ചു. ഇതിനുപുറമെ എല്ലാ മുന്നറിയിപ്പുകളും ദുരന്തനിവാരണ അതോറിറ്റിയുടെ ഔദ്യോഗിക വാട്സ്ആപ് ഗ്രൂപ്പുകൾ വഴി പ്രചരിപ്പിക്കുകയും ബന്ധപ്പെട്ടവർക്ക് കൈമാറുകയും ചെയ്തു. 2021 ഒക്ടോബർ 14 മുതൽ 17 വരെ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് നൽകിയ കാലാവസ്ഥാ മുന്നറിയിപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

**തീരദേശ നിയന്ത്രണ മേഖലയിലെ വീട് നിർമ്മാണം**

29(5375) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ നിയന്ത്രണ മേഖലയിലുൾപ്പെടുന്നവർക്ക് വീട് നിർമ്മിക്കുന്നതിനായി നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2011-ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള CRZ ദൂരപരിധിയിൽ ഇളവ് വരുത്തിക്കൊണ്ട് 18-1-2019- ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സംസ്ഥാന തീരദേശ പരിപാലന പ്ലാൻ കേന്ദ്ര സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ വിജ്ഞാപനത്തിന്റെ ആനുകൂല്യങ്ങൾ ലഭ്യമാകുകയുള്ളൂ. കരട് തീരദേശ പരിപാലന പ്ലാനിന് അന്തിമ രൂപം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. തീരദേശ പരിപാലന പ്ലാനിന് കേന്ദ്ര സർക്കാരിൽനിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് CRZ മേഖലയിലെ വാസഗൃഹനിർമ്മാണത്തിന് ഇളവുകൾ ലഭിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മേഖലയിൽ ഭൂമിയുണ്ടെന്ന കാരണത്താൽ വേറെ ഭൂമിയില്ലാത്തവർക്ക് ലൈഫ് പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നില്ലെന്നത് പരിഗണിച്ച് പ്രസ്തുത മേഖലയിൽ ഉൾപ്പെടുന്നവർക്ക് വീട് നിർമ്മിക്കാൻ അനുമതി നൽകുന്നതിനുള്ള നടപടി വേഗത്തിലാക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

തീരദേശ നിയന്ത്രണ മേഖല വിജ്ഞാപന പ്രകാരം CRZ മേഖലയിലെ ഏതൊരു നിർമ്മാണ പ്രവർത്തനത്തിനും തീരദേശ പരിപാലന അതോറിറ്റിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ നിലവിൽ CRZ മേഖലയിലെ നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി നൽകുവാൻ തീരദേശ പരിപാലന അതോറിറ്റിക്ക് സാധിക്കുകയുള്ളൂ.

**പയ്യന്നൂർ മണ്ഡലത്തിലെ രാമന്തളി ഗ്രാമപഞ്ചായത്ത്**

30(5376) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമത്തിൽ പയ്യന്നൂർ മണ്ഡലത്തിലെ രാമന്തളി മുമ്പ് കായൽ ദ്വീപ് എന്ന വിഭാഗത്തിലാണോ ഉൾപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കാമോ?

1996, 2011 തീരദേശ പരിപാലന പ്ലാൻ പ്രകാരം രാമന്തളി ഗ്രാമപഞ്ചായത്ത് CRZ III-ൽ ഉൾപ്പെടുന്നു.

(ബി) നാല് ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന രാമന്തളി ഗ്രാമപഞ്ചായത്തിനെ കായൽ ദ്വീപ് വിഭാഗത്തിൽ ഉൾപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച 2019-ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപന പ്രകാരമുള്ള കരട് തീരദേശ പരിപാലന പ്ലാനിന് അന്തിമരൂപം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുവാൻ സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസിയായ തിരുവനന്തപുരത്തെ ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം (NCESS) തീരദേശ പരിപാലന അതോറിറ്റിക്ക് കൈമാറിയിട്ടുള്ള പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാനിൽ രാമന്തളി ഗ്രാമപഞ്ചായത്തിനെ CRZ III-ലെ വികസന നിഷിദ്ധ മേഖലയായും CRZ III-B ആയുമാണ് പരിഗണിച്ചിട്ടുള്ളത്. കായൽ ദ്വീപ് സംബന്ധിച്ച വിഷയം തീരദേശ പരിപാലന അതോറിറ്റി പരിശോധിച്ചുവരുന്നു.

## മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് യഥാസമയം നല്കാൻ നടപടി

31(5377) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആർ.സി.സി.-യിൽ ജോലി ചെയ്തുവരവേ രോഗ ബാധിതരായ ജീവനക്കാർക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് യഥാസമയം നൽകാൻ നടപടി സ്വീകരിക്കുമോ?

ആർ.സി.സി.-യിൽ കേരള സ്റ്റേറ്റ് ഗവ. സർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960 അനുസരിച്ചുള്ള ആനുകൂല്യങ്ങളാണ് നൽകി വരുന്നത്. എന്നാൽ 8-8-2018-ലെ സ.ഉ.(കൈ) 158/2018/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2019-2020 മുതൽ ജീവനക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ട രീതിയിൽ ആർ.സി.സി എംപ്ലോയീസ് ആൻഡ് പെൻഷനേഴ്സ് ഹെൽത്ത് ഇൻഷുറൻസ് സ്കീം (REPHIS) എന്ന പേരിൽ ഒരു സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. മേൽപ്പടി പദ്ധതി നടപ്പാക്കുന്നതോടെ കാലതാമസം ഒഴിവാക്കാൻ കഴിയും.

(ബി) നിലവിൽ എത്ര പേർക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് നൽകാനുണ്ട്; വിശദാംശം നൽകാമോ?

നിലവിൽ 382 അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

(സി) ഇതിൽ മാരക രോഗങ്ങൾക്ക് ചികിത്സ തേടുന്ന ജീവനക്കാർക്കും വിരമിച്ചവർക്കും യഥാസമയം പ്രസ്തുത തുക അനുവദിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ആർ.സി.സി എംപ്ലോയീസ് ആൻഡ് പെൻഷനേഴ്സ് ഹെൽത്ത് ഇൻഷുറൻസ് സ്കീം (REPHIS) എന്ന ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്ന മുറയ്ക്ക് നിലവിലുള്ള അപേക്ഷകളെല്ലാം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ തീർപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

## കെ.എ.എസ്. സംബന്ധിച്ച കേസുകൾ

32(5378) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്.-മായി ബന്ധപ്പെട്ട് വിവിധ കോടതികളിലായി സർക്കാർ/ചീഫ് സെക്രട്ടറി എതിർകക്ഷിയായ എത്ര കേസുകൾ നിലവിലുണ്ട്; പ്രസ്തുത കേസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കെ.എ.എസുമായി ബന്ധപ്പെട്ട് 14 കേസുകൾ നിലവിലുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) കെ.എ.എസ്.-മായി ബന്ധപ്പെട്ട് വിവിധ കോടതികൾ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും വിധിന്യായം കെ.എ.എസ്. അഡ്വൈസിനെയും നിയമനത്തെയും ബാധിക്കുമോ; വ്യക്തമാക്കുമോ?

കെ.എ.എസ്-മായി ബന്ധപ്പെട്ട് വിവിധ കോടതികൾ പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായങ്ങളിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

**കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിയമനം**

33(5379) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വന്നിട്ടുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് വിവിധ വകുപ്പുകളിൽനിന്നും ആകെ എത്ര ഒഴിവുകളാണ് കണ്ടെത്തിയിട്ടുള്ളതെന്നറിയിക്കാമോ?

105 തസ്തികകളാണ് മൊത്തം നിയമനത്തിനായി മാറ്റിവച്ചിരിക്കുന്നത്.

(ബി) കെ.എ.എസ്.-ലേയ്ക്ക് നീക്കിവച്ച രണ്ടാം ഗസറ്റഡ് തസ്തികകളിലെ ഒഴിവുകൾ മൂന്ന് ഘട്ടമായി മാത്രമേ നികത്തുകയുള്ളൂവെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയോ വിവിധ ജീവനക്കാരുടെ സംഘടനകൾക്ക് മുഖ്യമന്ത്രി ഉറപ്പ് നൽകുകയോ ചെയ്തിരുന്നോയെന്ന് വ്യക്തമാക്കാമോ?

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരമാണ് കെ.എ.എസ് നിയമന നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

(സി) കെ.എ.എസ്.-മായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച 5-1-2015-ലെ G.O(MS) No. 01/2015/GAD ഉത്തരവിന്റെയും കെ.എ.എസ്-മായി ബന്ധപ്പെട്ട് വിവിധ സർവ്വീസ് സംഘടനകളുമായി മുഖ്യമന്ത്രി നടത്തിയ 13-1-2017-ലെ മീറ്റിംഗിന്റെ മിനിറ്റ്സിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ?

പകർപ്പുകൾ ഇതോടൊപ്പം അനുബന്ധമായി* ചേർക്കുന്നു.

(ഡി) 5-1-2015-ലെ G.O(MS) No. 01/2015/GAD ഉത്തരവിനും 13-1-2017-ലെ മീറ്റിംഗിൽ സർവ്വീസ് സംഘടനകൾക്ക് മുഖ്യമന്ത്രി നല്കിയ ഉറപ്പിനും വിധേയമായിട്ടാണോ കെ.എ.എസ്. നിയമന നടപടികൾ പുരോഗമിക്കുന്നതെന്ന് വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) അല്ലായെങ്കിൽ 13-1-2017-ലെ മീറ്റിംഗിൽ സർവ്വീസ് സംഘടനകൾക്ക് മുഖ്യമന്ത്രി നല്കിയ ഉറപ്പ് പാലിക്കാൻ നിർദ്ദേശം നല്കുമോയെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) 29-12-2017-ലെ ജിഒ(പി)നം 12/2017 പി&എആർഡി നമ്പർ ഉത്തരവ് പ്രകാരമുള്ള വിശേഷാൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് കെ.എ.എസ്-ന്റെ നിയമന നടപടികൾ പുരോഗമിക്കുന്നത്.

## കെ.എ.എസ്. നിയമനം

34(5380) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനായി നാളിതുവരെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ആകെ ഒഴിവുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

105

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

രേഖകളുടെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി* ചേർക്കുന്നു.

(സി) നിലവിൽ റിപ്പോർട്ട് ചെയ്തതുകൂടാതെ ഇനിയും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; ആയതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പരിഗണനയിലില്ല.

(ഡി) 186/2019, 187/2019, 188/2019 എന്നീ കാറ്റഗറി നമ്പർ പ്രകാരമുള്ള പി.എസ്.സി റാങ്ക് ലിസ്റ്റുകളിൽനിന്ന് ആകെ എത്ര പേരെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ പി.എസ്.സി നിയമന ശിപാർശ നൽകുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

(ഇ) 5-1-2015-ലെ G.O(MS) No. 01/2015/GAD ഉത്തരവിനും മുഖ്യമന്ത്രിയുടെ 13-1-2017-ലെ ഉറപ്പിനും വിധേയമായി ആകെ ഒഴിവുകളുടെ മൂന്നിലൊന്ന് നിയമനങ്ങളാണോ പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽനിന്ന് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് കെ.എ.എസ്.-ലേയ്ക്കുള്ള നിയമന നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കെ.എ.എസ്. നിയമനം

35(5381) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വന്നിട്ടുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് വിവിധ വകുപ്പുകളിൽനിന്നും ആകെ എത്ര ഒഴിവുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) കെ.എ.എസ്.-ലേയ്ക്ക് നീക്കിവച്ച രണ്ടാം ഗസറ്റഡ് തസ്തികകളിലെ ഒഴിവുകൾ മൂന്ന് ഘട്ടമായി മാത്രമേ നികത്തുകയുള്ളൂവെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയോ വിവിധ ജീവനക്കാരുടെ സംഘടനകൾക്ക് മുഖ്യമന്ത്രി ഉറപ്പുനല്കുകയോ ചെയ്തിരുന്നോവെന്ന് വ്യക്തമാക്കാമോ?

(എ&ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ഷെഡ്യൂൾ II ടേബിൾ I-ൽ പ്രതിപാദിക്കുന്ന രണ്ടാം ഗസറ്റഡ് തസ്തികയിലെ 105 തസ്തികകളാണ് മൊത്തം നിയമനത്തിനായി മാറ്റിവച്ചിരിക്കുന്നത്.

(സി) കെ.എ.എസ്.-മായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച 5-1-2015-ലെ G.O(MS) No. 01/2015/GAD ഉത്തരവിന്റെയും കെ.എ.എസ്.-മായി ബന്ധപ്പെട്ട് വിവിധ സർവ്വീസ് സംഘടനകളുമായി ബഹു.മുഖ്യമന്ത്രി നടത്തിയ 13-1-2017-ലെ മീറ്റിംഗിന്റെ മിനിറ്റ്സിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ?

പകർപ്പുകൾ ഇതോടൊപ്പം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) 5-1-2015-ലെ G.O(MS) No. 01/2015/GAD ഉത്തരവിനും 13-1-2017-ലെ മുഖ്യമന്ത്രിയുടെ ഉറപ്പിനും വിധേയമായിട്ടാണോ കെ.എ.എസ്. നിയമന നടപടികൾ പുരോഗമിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) അല്ലായെങ്കിൽ 13.01.2017-ലെ മീറ്റിംഗിൽ സർവ്വീസ് സംഘടനകൾക്ക് മുഖ്യമന്ത്രി നല്കിയ ഉറപ്പ് പാലിക്കാൻ നിർദ്ദേശം നല്കുമോയെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) വിശേഷാൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് കെ.എ.എസ്.-ന്റെ നിയമന നടപടികൾ പുരോഗമിക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കെ.എ.എസ്. നിയമനം**

36(5382) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്ന് ഘട്ടമായി മാത്രമേ മുഴുവൻ ഒഴിവുകൾ നികത്തി കെ.എ.എസ്. നടപ്പിലാക്കുകയുള്ളൂവെന്ന നിലപാടിൽ മാറ്റം വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വിശേഷാൽ ചട്ടപ്രകാരമാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നിയമനം നടത്തുന്നത്.

(ബി) നിലവിൽ നടന്നിട്ടുള്ള കെ.എ.എസ്. സെലക്ഷനായി എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

105

**കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്- 2 തസ്തികയിലെ നിയമനം**

37(5383) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്- 2 തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി പി.എസ്.സി. നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിലാണെന്നും നിയമന നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

(എ&ബി) വിവിധ വകുപ്പുകളിലേയ്ക്കുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് -2 [(കാറ്റഗറി നം. 277/18 - Direct) (കാറ്റഗറി നം. 278/2018 - By Transfer)] തസ്തികയുടെ തെരഞ്ഞെടുപ്പിനായി 14 ജില്ലകളിലേയ്ക്കുമായി 29-12-2018-ന് വിജ്ഞാപനം ക്ഷണിച്ച് യോഗ്യരായ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി ഡിക്റ്റേഷൻ ടെസ്റ്റിനുവേണ്ടിയുള്ള ഏകീകൃത ലിസ്റ്റ് 14 ജില്ലകളിൽ സെപ്റ്റംബർ മാസത്തിൽ പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡിക്റ്റേഷൻ ടെസ്റ്റ് നടത്തുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

(സി) ഓരോ ജില്ലയിലും പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ വീതമാണുള്ളതെന്ന് പറയാമോ?

ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത തസ്തികയിലേയ്ക്ക് ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. റിപ്പോർട്ട് ചെയ്യപ്പെട്ട ഹെഡ് ക്വാർട്ടേഴ്സ് ഒഴിവുകൾ ജില്ലകളിലേയ്ക്ക് ടേൺ അനുസരിച്ച് അനുവദിച്ചുനൽകുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

(ഇ) 2021-2022 വർഷത്തിൽ പ്രസ്തുത തസ്തികയിൽ ഉണ്ടാവുമെന്ന് കരുതുന്ന പ്രതീക്ഷിത ഒഴിവുകൾ എത്രയെന്ന് വകുപ്പ്/ജില്ല തിരിച്ച് വിശദാംശങ്ങൾ നൽകാമോ?

2022 കലണ്ടർ വർഷത്തിൽ ഓരോ വകുപ്പിലുമുണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി 30-10-2021-നകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും 5-10-2021-ലെ ഉപസി3/174/2021/ഉഭപവ നമ്പർ സർക്കുലർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഉയർന്ന തസ്തികകളിലേയ്ക്ക് പി.എസ്.സി. നിയമനം

38(5384) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാർ മാതൃകയിൽ കേരള പി.എസ്.സി. മുഖേന ഡെപ്യൂട്ടി സെക്രട്ടറി റാങ്ക് മുതൽ മുകളിലേയ്ക്കുള്ള തസ്തികകളിൽ നേരിട്ട് നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

പരിഗണനയിലില്ല.

## മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ, ഓവർസിയർ, ട്രേസർ തസ്തികകളുടെ യോഗ്യത

39(5385) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിവരുന്ന വിവിധ വകുപ്പുകളിലെ മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ, ഓവർസിയർ, ട്രേസർ തസ്തികകളിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യത എന്താണെന്ന് വ്യക്തമാക്കാമോ?

മൂന്നാം ഗ്രേഡ് ഓവർസിയർ, ഡ്രാഫ്റ്റ്സ്മാൻ, ട്രേസർ തസ്തികയുടെ നിലവിലെ വിജ്ഞാപന പ്രകാരമുള്ള യോഗ്യതകൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വിവിധ വകുപ്പുകളിലെ മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ, ഓവർസിയർ, ട്രേസർ തസ്തികകളുടെ അംഗീകൃത അംഗബലം എത്ര; വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്നവരിൽ ഡിപ്ലോമ, ബി.ടെക്., എം.ടെക്. ബിരുദമുള്ള എത്രപേരുണ്ടെന്ന് വ്യക്തമാക്കാമോ?

(ബി&സി)വിവരം ശേഖരിച്ചു വരുന്നു.

## തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് ഒഴിവുകൾ

40(5386) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് മലയാളം മീഡിയം എത്ര ഒഴിവുകളാണ് ബന്ധപ്പെട്ട വകുപ്പ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നറിയിക്കാമോ?

60 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 20-10-2020-ൽ പ്രസിദ്ധീകരിച്ച തിരുവനന്തപുരം ജില്ല എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് മലയാളം മീഡിയം (കാറ്റഗറി നമ്പർ 227/2016) റാങ്ക് ലിസ്റ്റിൽനിന്നും എത്രപേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ നിലവിലുണ്ടായിട്ടും പ്രസ്തുത തസ്തികയിലേയ്ക്ക് നിയമന ശിപാർശ നൽകിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത തസ്തികയിലെ നിയമന ശിപാർശയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള കേസുകളോ പരാതികളോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് എത്രയും വേഗം തീർപ്പ് കൽപ്പിച്ച് നിയമന ശിപാർശ നൽകുവാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി-ഡി) കോടതി വ്യവഹാരം നിലനിൽക്കുന്നതിനാൽ നിയമന ശിപാർശകൾ നൽകിയിട്ടില്ല. വ്യവഹാരങ്ങൾ തീർപ്പാകുന്ന മുറയ്ക്ക് മാത്രമേ നിയമന ശിപാർശ നൽകാൻ കഴിയുകയുള്ളൂ.

## മലപ്പുറം ജില്ലയിലെ എൽ.പി.എസ്.എ. നിയമനം

41(5387) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 516/2019 പ്രകാരം എൽ.പി.എസ്.എ. തസ്തികയിലേക്ക് ഷോർട്ട് ലിസ്റ്റ് തയ്യാറാക്കിയപ്പോൾ മെയിൻ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നവരുടെ എണ്ണം നിശ്ചയിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഓരോ ജില്ലയ്ക്കും പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ടായിരുന്നോ; വിശദാംശം നൽകുമോ?

ഇതുസംബന്ധിച്ച് പി.എസ്.സി. പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ അനുബന്ധം I* ആയി ചേർത്തിരിക്കുന്നു.

(ബി) മലപ്പുറം ജില്ലയിലെ ഷോർട്ട് ലിസ്റ്റ് തയ്യാറാക്കിയപ്പോൾ നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

നിലവിലെ മാനദണ്ഡങ്ങൾ പാലിച്ചാണ് പി.എസ്.സി. ചുരുക്കപ്പട്ടികകൾ തയ്യാറാക്കിയിട്ടുള്ളത്.

(സി) പ്രസ്തുത വിജ്ഞാപനപ്രകാരം 14 ജില്ലകളിലും തയ്യാറാക്കിയ ഷോർട്ട് ലിസ്റ്റിന്റെ മുഖ്യ പട്ടികയിലുൾപ്പെട്ടവരുടെ എണ്ണവും ലിസ്റ്റ് തയ്യാറാക്കാൻ പരിഗണിച്ച ഒഴിവുകളും കണക്കാക്കിയ തീയതിയും ജില്ല തിരിച്ച് വിശദീകരിക്കാമോ?

വിശദാംശങ്ങൾ അനുബന്ധം II* ആയി ചേർക്കുന്നു.

(ഡി) മലപ്പുറം ജില്ലയിലെ എൽ.പി.എസ്.എ. തസ്തികയിലേയ്ക്കുള്ള നിയമന നടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം നൽകുമോ?

തസ്തികയുടെ തെരഞ്ഞെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.

## ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊമോഷൻ

42(5388) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് വർഷം സർവ്വീസ് പൂർത്തിയായതും വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലറിക്കൽ തസ്തികയിലേക്ക് പ്രൊമോഷൻ നൽകാൻ എന്തെങ്കിലും തടസ്സമുണ്ടോയെന്നറിയിക്കാമോ; എങ്കിൽ വിശദമാക്കാമോ; ഇല്ലെങ്കിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലറിക്കൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

വിവിധ വകുപ്പുകളിലെ ലോവർ ഡിവിഷൻ ക്ലർക്ക്/ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളുടെ അംഗബലത്തിന്റെ (Cadre Strength) 10%-ൽ കുറയാത്ത തസ്തികകളിലേയ്ക്ക് അതത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ വകുപ്പുതല തസ്തികമാറ്റ (ബൈ ട്രാൻസ്ഫർ) നിയമനവും ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുൾപ്പെടെയുള്ള താഴ്ന്ന വേതനക്കാരായ ജീവനക്കാർക്ക് പി.എസ്.സി. മുഖേന വിവിധ വകുപ്പുകളിലെ എൽ.ഡി. ക്ലർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ 10%-ഉം, ക്ലർക്ക്-ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ്-ക്ലർക്ക് തസ്തികകളിൽ 5%-ഉം തസ്തികമാറ്റ നിയമനം നൽകിവരുന്നുണ്ട്.

(ബി) ലാസ്റ്റ് ഗ്രേഡ് വിഭാഗത്തെ ക്ലറിക്കൽ തസ്തികകൾ ഉൾപ്പെടുന്ന സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ?

ലാസ്റ്റ് ഗ്രേഡ് വിഭാഗം കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടത്തിന്റെ പരിധിയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ചട്ടങ്ങളിൽ ഭേദഗതി വരുത്തിയാൽ മാത്രമേ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്താനാവൂ. നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ക്ലറിക്കൽ തസ്തികയിലുള്ളവർക്ക് വകുപ്പുതല പരീക്ഷ നടത്തി പ്രൊമോഷൻ നൽകുന്ന അതേ മാതൃകയിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും വകുപ്പുതല പരീക്ഷ നടത്തി ക്ലറിക്കൽ തസ്തികയിലേയ്ക്ക് സമയബന്ധിതമായി സ്ഥാനക്കയറ്റം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലറിക്കൽ തസ്തികയിലെ ആകെ ഒഴിവുകളിൽ പത്ത് ശതമാനം മാത്രമേ പ്രൊമോഷൻ നൽകാവൂ എന്ന വ്യവസ്ഥ കാരണം പ്രസ്തുത ജീവനക്കാർ അതേ തസ്തികയിൽത്തന്നെ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നൽകുന്ന പത്ത് ശതമാനം പ്രൊമോഷൻ വർദ്ധിപ്പിക്കുന്നത് അനുഭാവപൂർവ്വം പരിഗണിക്കുമോ?

പി.എസ്.സി. മുഖേനയുള്ള ബൈ ട്രാൻസ്ഫർ നിയമനങ്ങൾക്കുപുറമേ 10%-ൽ കുറയാത്ത വകുപ്പുതല തസ്തികമാറ്റ നിയമനവും നിലവിൽ ലാസ്റ്റ് ഗ്രേഡ്

ജീവനക്കാരുൾപ്പെടെയുള്ള താഴ്ന്ന വേതനക്കാരായ ജീവനക്കാർക്ക് അനുവദിക്കുന്നുണ്ട്.

(ഇ) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് സമയബന്ധിതമായി റേഷ്യോ പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് സമയബന്ധിത ഗ്രേഡ് പ്രൊമോഷൻ അനുവദിക്കുന്നുണ്ട്.

**സർക്കാർ ഉത്തരവുകൾ മലയാളത്തിലാക്കാൻ നടപടി**

43(5389) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ മാതൃഭാഷയാക്കുന്നതിന്റെ ഭാഗമായി ഫയലുകൾ മലയാളത്തിൽ പരിശോധിക്കണമെന്ന നിർദ്ദേശം വിവിധ വകുപ്പുകൾക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുകയെന്ന സർക്കാർ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടില്ലാത്ത എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും സർക്കാർ/ അർദ്ധസർക്കാർ/ സ്വയംഭരണ/ പൊതുമേഖല/ സഹകരണ/ തദ്ദേശഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴും കന്നഡയും ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് 13-1-2015 – ൽ സ.ഉ (അച്ചടി) നമ്പർ. 03/2015/ഉഭപവ നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിയമപരമായി ഇംഗ്ലീഷിൽ കത്തിടപാടുകൾ നടത്തേണ്ട സാഹചര്യങ്ങളിലും കുറിപ്പു ഫയൽ മലയാളത്തിലായിരിക്കണമെന്ന്, 13-1-2015-ലെ സ.ഉ (അച്ചടിച്ചത്) നമ്പർ.2/2015/ഉഭപവ ഉത്തരവ് വ്യക്തമാക്കുന്നു. പ്രസ്തുത ഉത്തരവുകളും സർക്കുലറുകളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളിലുള്ള പരിശോധനാവിഭാഗങ്ങളുടെ പരിശോധനാ വിഷയങ്ങളിൽ ഭാഷാമാറ്റപുരോഗതി എന്ന ഇനംകൂടി ഉൾപ്പെടുത്തുന്നതിനും പി & എ ആർ ഡി നടത്തുന്ന പ്രവൃത്തിപഠനത്തിന്റെ ഭാഗമായുള്ള ഓഫീസ് പരിശോധനയിൽ ഭരണഭാഷ ഉപയോഗിക്കുന്നതിന്റെ പുരോഗതികൂടി പരിശോധിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കോവിഡ് നിയന്ത്രണങ്ങളും ഇളവുകളും സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ എത്ര ഉത്തരവുകൾ മലയാളത്തിൽ പുറപ്പെടുവിച്ചുവെന്ന് വ്യക്തമാക്കാമോ;

കോവിഡ് നിയന്ത്രണങ്ങളും ഇളവുകളും സംബന്ധിച്ച് 16 ഉത്തരവുകൾ മലയാളത്തിൽ പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങൾക്കും കേന്ദ്രസർക്കാരിനും കോവിഡ് സംബന്ധമായ ഉത്തരവുകൾ ആവശ്യമായിവരുമെന്നുള്ളതിനാൽ പ്രസ്തുത ഉത്തരവുകൾ ഇംഗ്ലീഷിൽ പുറപ്പെടുവിച്ചതോടൊപ്പം അതിന്റെ മലയാള പരിഭാഷകൂടി പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സാധാരണ ജനങ്ങൾക്ക് ആവശ്യമായ സർക്കാർ ഉത്തരവുകൾ ഇംഗ്ലീഷിൽ പുറപ്പെടുവിക്കുന്നത് ഭരണഭാഷ മാതൃഭാഷയാക്കുന്നതിനുള്ള ശ്രമങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; ഇത്തരത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഇംഗ്ലീഷിൽ ഉത്തരവ് പുറപ്പെടുവിക്കുന്ന സാഹചര്യത്തിൽ ആയത് നിരുത്സാഹപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(സി&ഡി) ഉണ്ട്. ഭരണത്തിന്റെ എല്ലാതലങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയായിരിക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഔദ്യോഗികഭാഷ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്ന നിയമസഭാ സമിതിയുടെ നിർദ്ദേശത്തെത്തുടർന്ന് ഔദ്യോഗികഭാഷ സംബന്ധിച്ച ഉത്തരവുകൾ കർശനമായി പാലിക്കാത്ത വകുപ്പുതലവൻമാർ, ജില്ലാകളക്ടർമാർ, സെക്രട്ടറിമാർ എന്നിവരെ സംബന്ധിച്ച വിവരം മേൽ നടപടികൾക്കായി ചീഫ് സെക്രട്ടറിക്ക് നൽകുന്നതാണെന്ന് 4-2-2006-ലെ ജി.ഒ (ആർ.ടി) നമ്പർ 21/2006/ പി.&എ ആർ ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സെക്രട്ടേറിയറ്റ് ഉൾപ്പെടെ എല്ലാ വകുപ്പുകളിൽനിന്നും പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും സർക്കുലറുകളും നിയമപരമായി ഇംഗ്ലീഷും, ന്യൂനപക്ഷഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളിലൊഴികെ മലയാളത്തിലായിരിക്കണമെന്ന്, വകുപ്പുതലവൻമാർ ഉറപ്പു വരുത്തേണ്ടതാണെന്നും ഓരോ വകുപ്പിന്റെയും ഭാഷാമാറ്റ നടപടികൾ വകുപ്പുസെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള വകുപ്പുതല സമിതി മൂന്ന് മാസത്തിലൊരിക്കൽ അവലോകനം ചെയ്യേണ്ടതാണെന്നും വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണെന്നും വ്യക്തമാക്കിക്കൊണ്ട് 26-4-2017-ലെ ജി.ഒ (പി).6/2017/പി& എ ആർ ഡി നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## സ്റ്റാർട്ടപ്പുകളുടെ പ്രോത്സാഹനം

44(5390) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുവാൻ ചെയ്തുവരുന്ന കാര്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വിവിധ ഘടകങ്ങളടങ്ങിയ യുവ സംരംഭകത്വ വികസന പദ്ധതി സംസ്ഥാന സർക്കാർ കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്റ്റാർട്ടപ്പുകൾക്കായി നടത്തുന്ന പരിപാടികളും നല്കുന്ന സഹായങ്ങളും താഴെ പറയുന്നവയാണ്:

1. പ്രചാരണ സഹായം

2. ഇൻകുബേഷനുള്ള സഹായം

3. വിജ്ഞാന / നൈപുണ്യ വികസനം

4. ആക്സിലറേറ്ററുകൾ

5. ഫണ്ടിംഗ് & എന്റർപ്രൈസ് ഡെവലപ്മെന്റ്

6. പ്രോഡക്റ്റൈസേഷൻ / മാർക്കറ്റിംഗ്

7. എക്സ്ചേഞ്ചസ് & ഗ്ലോബൽ ഇമേർഷൻസ്

8. റിസർച്ച് ഇന്നവേഷൻ പ്രോഗ്രാം

9. വനിതാ സംരംഭകത്വ സ്റ്റാർട്ടപ്പ് പ്രോഗ്രാം.

മേൽപ്പറഞ്ഞ ഘടകങ്ങളിലൂടെ സാങ്കേതികത്വത്തിലും സംരംഭകത്വത്തിലും പ്രോത്സാഹനം നൽകി വിജയകരമായ സ്റ്റാർട്ടപ്പുകളെ സൃഷ്ടിക്കുന്നതുമുതൽ സംരംഭകത്വത്തിന്റെ വളർച്ചയ്ക്കായി സാമ്പത്തിക സഹായം, വിദഗ്ദ്ധ മെന്ററിംഗ്, വിപണനത്തിനുള്ള സഹായം, വിജ്ഞാനവും നൈപുണ്യവും വികസിപ്പിക്കുന്നതിനുള്ള സഹായം എന്നിവയും നൽകി വരുന്നുണ്ട്.

(ബി) കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്റ്റാർട്ടപ്പുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കേരള സ്റ്റാർട്ടപ്പ് മിഷന്റെ യുണീക്ക് ഐഡി ലഭിക്കുന്നതിനായി രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകളുടെ ജില്ലതിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്.

തിരുവനന്തപുരം- 372

കൊല്ലം- 59

പത്തനംതിട്ട -25

ആലപ്പുഴ -41

കോട്ടയം -65

ഇടുക്കി -19

എറണാകുളം -580

തൃശ്ശൂർ -87

പാലക്കാട് -34

മലപ്പുറം - 57

കോഴിക്കോട് -137

വയനാട്- 17

കണ്ണൂർ-56

കാസർഗോഡ് -26

ആകെ - 1575

(സി) വിദേശ ഓർഡറുകൾ ലഭിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

വിദേശ ഓർഡറുകൾ ലഭിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേകമായി സഹായം നൽകുന്ന പദ്ധതി നിലവിലില്ല.

(ഡി) പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനാവശ്യമായ അനുമതികൾക്കായി ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

പുതിയ സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനാവശ്യമായ കമ്പനി രജിസ്ട്രേഷൻ, സ്റ്റാർട്ടപ്പ് ഇന്ത്യയുടെ രജിസ്ട്രേഷൻ, കേരള സ്റ്റാർട്ടപ്പ് മിഷന്റെ യുണീക്ക് ഐഡി എന്നിവ കാലതാമസം കൂടാതെ ലഭ്യമാകുന്നതിനുവേണ്ട സഹായം നൽകിവരുന്നുണ്ട്.

(ഇ) സ്റ്റാർട്ടപ്പ് സംരംഭകർക്കാവശ്യമായ അനുമതികൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്നതിനായി പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുമോ?

സ്റ്റാർട്ടപ്പ് സംരംഭം ആരംഭിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ അനുമതി ആവശ്യമില്ല. എന്നാൽ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് അത് ആവശ്യമായിവരുന്നപക്ഷം ലഭിക്കുന്നതിന് ഏകജാലക സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്.

**വർക്കല മണ്ഡലത്തിലെ കെ-ഫൈ പദ്ധതി**

45(5391) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കെ-ഫൈ പദ്ധതി പ്രകാരം വർക്കല മണ്ഡലത്തിൽ എവിടെയെല്ലാം സൗജന്യ വൈ-ഫൈ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വർക്കല മണ്ഡലത്തിൽ കെ-ഫൈ പദ്ധതി പ്രകാരം സൗജന്യ വൈ-ഫൈ ലഭ്യമാക്കിയിട്ടുള്ള 14 കേന്ദ്രങ്ങളുടെ വിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**കുണ്ടറ നിയോജകമണ്ഡലത്തിലെ ടെക്നോപാർക്കിന്റെ പ്രവർത്തനം**

46(5392) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിലെ ടെക്നോപാർക്കിന്റെ നിലവിലെ പ്രവർത്തനം വിശദമാക്കാമോ?

തിരുവനന്തപുരം ടെക്നോപാർക്കിന്റെ വികസന ഘട്ടങ്ങളിലുൾപ്പെട്ട കുണ്ടറയിലെ കൊല്ലം ടെക്നോപാർക്ക് പൂർണ്ണമായും പ്രത്യേക സാമ്പത്തിക മേഖലയിലാണ് പ്രവർത്തിക്കുന്നത്. 1 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ മികച്ച അടിസ്ഥാന സൗകര്യങ്ങളോടുകൂടി നിർമ്മാണം പൂർത്തിയാക്കിയ അഷ്ടമുടി ഐ.ടി കെട്ടിട സമുച്ചയത്തിൽ 2015 മുതൽ കമ്പനികൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൊല്ലം ടെക്നോപാർക്കിന്റെ പ്രവർത്തനങ്ങൾ പരിപാലിക്കുന്നതിനായി പാർക്ക് സെന്റർ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. മികച്ച അടിസ്ഥാന സൗകര്യങ്ങളോടുകൂടി തിരുവനന്തപുരം ടെക്നോപാർക്ക് പോലെ 24/7/365 മാതൃകയിൽ കൊല്ലം ടെക്നോപാർക്ക് പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ടെക്നോപാർക്കിൽ നിലവിൽ ഏതൊക്കെ കമ്പനികളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

നിലവിൽ 22 കമ്പനികൾ പ്രവർത്തിച്ചുവരുന്നുണ്ട്. കമ്പനികളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(സി) പ്രസ്തുത ടെക്നോപാർക്കിന്റെ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പ്രത്യേക സാമ്പത്തിക മേഖലയിൽ പ്രവർത്തിക്കുന്ന ഐ.ടി./ഐ.ടി.ഇ.എസ് സംരംഭങ്ങൾക്കായി SEZ-ന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജല – വൈദ്യുതി – കണക്ടിവിറ്റി, അപ്രോച്ച് റോഡുകൾ തുടങ്ങിയ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. പൂർണ്ണമായും പ്രത്യേക സാമ്പത്തിക മേഖലയിൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തിക്കാൻ താൽപ്പര്യമുള്ള ഐ.ടി/ഐ.ടി.ഇ.എസ് കമ്പനികൾക്ക് ആവശ്യമായ മികച്ച നിലവാരത്തിൽ ഫർണിഷ് ചെയ്ത ബിസിനസ് ഓഫീസുകളും (SBC- Smart Business Centre-കൾ) ഫർണിഷ് ചെയ്യാത്ത ബിൽട്ട് അപ്പ് സ്ഥലസൗകര്യങ്ങളും അഷ്ടമുടി ഐ.ടി കെട്ടിടത്തിൽ കമ്പനികൾക്കായി ഒരുക്കിയിട്ടുണ്ട്. തിരുവനന്തപുരത്തെ ടെക്നോപാർക്കിനെ അപേക്ഷിച്ച് 50% കുറഞ്ഞ വാടക നിരക്കിലാണ് കൊല്ലം ടെക്നോപാർക്കിൽ കമ്പനികൾക്ക് സ്ഥലസൗകര്യങ്ങൾ നൽകുന്നത്. തിരുവനന്തപുരം ടെക്നോപാർക്ക് നടപ്പിലാക്കുന്ന മാർക്കറ്റിംഗ് സ്ട്രാറ്റജിയിലും പ്രമോഷണൽ ക്യാമ്പയിനുകളിലും കൊല്ലം ടെക്നോപാർക്കിനും അർഹമായ സ്ഥാനം നല്കിവരുന്നുണ്ട്. 110 kV വൈദ്യുതി സബ്സ്റ്റേഷൻ, പമ്പ് ഹൗസ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP), ഡീസൽ ജനറേറ്റർ ആൻഡ് 1.15 MLD കപ്പാസിറ്റിയോടുകൂടിയ വാട്ടർ ടാങ്ക്, പൊതുമരാമത്തുമായി ചേർന്ന് ഡിപ്പോസിറ്റ് വർക്കിൽ ചെയ്ത ഒന്നര കിലോമീറ്റർ ദൈർഘ്യത്തിൽ കാഞ്ഞിറോഡ് മുതൽ കൊല്ലം ടെക്നോപാർക്ക് വരെയുള്ള പബ്ലിക് റോഡ് തുടങ്ങിയവയെല്ലാം കൊല്ലം ടെക്നോപാർക്കിന്റെ വികസനത്തിനായി നടപ്പിലാക്കിയിട്ടുള്ളവയാണ്.

**മാറനല്ലൂർ പഞ്ചായത്തിലെ മിനി ഐ.ടി. പാർക്ക്**

47(5393) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ മാറനല്ലൂർ പഞ്ചായത്തിൽ മിനി ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിന് 2021-22 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

ഇല്ല.

(ബി) എങ്കിൽ പ്രസ്തുത പാർക്ക് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ബാധകമല്ല.

**പ്രളയവും ഉരുൾപൊട്ടലുംമൂലം വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസം**

48(5394) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയം, ഉരുൾപൊട്ടൽ, മണ്ണൊലിപ്പ് എന്നിവയാൽ വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

പ്രസ്തുത നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തുടർച്ചയായ വർഷങ്ങളിലുണ്ടായ പ്രളയത്തിന്റെ ഭാഗമായുള്ള ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവമൂലം സംസ്ഥാനത്ത് നിരവധിയാളുകൾക്ക് വീടുകൾ നഷ്ടമാകുകയും വീടും സ്ഥലവും വാസയോഗ്യമല്ലാതാകുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ദുരിതമനുഭവിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് ശാസ്ത്രീയവും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ പ്രവർത്തനങ്ങളാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. 2018-ൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ തുടങ്ങിയവ ബാധിച്ച പ്രദേശങ്ങൾ പരിശോധിച്ച് ജനവാസയോഗ്യമാണോ എന്ന ശിപാർശ നൽകുന്നതിന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് രണ്ട് ജിയോളജിസ്റ്റുകൾ വീതമുള്ള 10 ടീമുകളെ നിയോഗിച്ച് സർവ്വേ നടത്തുകയും അപകട ഭീഷണിയിലുള്ള കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കാൻ വേണ്ട നിർദ്ദേശങ്ങളടങ്ങിയ സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. സംസ്ഥാനത്ത് മൊത്തം 1626 ഉരുൾപൊട്ടലുകൾ നടന്ന പ്രദേശങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 689 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കാൻ റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. 27-2-2019-ലെ സർക്കാർ ഉത്തരവ് നമ്പർ 6/2019/DMD പ്രകാരം അപകട ഭീഷണിയിലുള്ള കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കാനുള്ള നിർദ്ദേശം നൽകി. 2019-ലെ പ്രളയത്തിനുശേഷം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ മൈനിംഗ് & ജിയോളജി, ഭൂജല, മണ്ണ് പര്യവേക്ഷണ- മണ്ണ് സംരക്ഷണ വകുപ്പുകളെ ഉൾപ്പെടുത്തി കേരളത്തിലെ 9 ജില്ലകളിൽ നടത്തിയ സർവ്വേയിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ ഭീഷണി നേരിടുന്ന 411 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. 23-8-2019-ലെ സർക്കാർ ഉത്തരവ് 25/2019/DMD പ്രകാരം സർക്കാർ ‘ Vulnerability linked relocation’ പദ്ധതി നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രളയ ഭീഷണി നേരിടുന്ന പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളിൽ വസിച്ചിരുന്നവരെ ഇതിനോടകം പുനരധിവസിപ്പിച്ചിട്ടുണ്ടോ; ഇക്കാര്യത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. 2018, 2019 വർഷങ്ങളിലെ പ്രളയങ്ങൾക്കുശേഷം ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും നടത്തിയ പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളിലെ പരിശോധനയിൽ വാസയോഗ്യമല്ലെന്ന് കണ്ടെത്തിയ പ്രദേശങ്ങളിൽ താമസിക്കുന്നവരായി കണ്ടെത്തിയ കുടുംബങ്ങളുടെ പുനരധിവാസത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

ഇതിന്റെ ഭാഗമായി മാറിതാമസിക്കേണ്ടി വരുന്ന കുടുംബങ്ങൾക്ക് പകരം ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനോ ഭൂമിയും വീടും ഒരുമിച്ച് വാങ്ങുന്നതിനോ പരമാവധി പത്ത് ലക്ഷം രൂപവരെ അനുവദിക്കുകയും ദുരിതബാധിതരെ ഘട്ടംഘട്ടമായി മാറ്റിത്താമസിപ്പിക്കുകയും ചെയ്തുവരുന്നു. സ്വന്തം ഉടമസ്ഥതയിൽ സംസ്ഥാനത്ത് വേറെ സ്ഥലം ലഭ്യമാണെങ്കിൽ വീട് വയ്ക്കുന്നതിന് 4 ലക്ഷം രൂപയും അനുവദിക്കുന്നതാണ്. സർക്കാരിന്റെയും വിവിധ ഏജൻസികളുടെയും സന്നദ്ധ സംഘടനകളുടെയും ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ഇവർക്ക് മുൻഗണന നൽകിവരുന്നുമുണ്ട്.

(സി) 2018-ലെയും 2019-ലെയും പ്രളയത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ടവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2018-ലെയും 2019-ലെയും പ്രളയത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ടവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു.

## ഉജ്ജീവന വായ്പാ പദ്ധതി

49(5395) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ സർക്കാർ പ്രളയബാധിതമായി പ്രഖ്യാപിച്ച വില്ലേജുകളിലെ കർഷകരും സൂക്ഷ്മ-ചെറുകിട-ഇടത്തരം വാണിജ്യ വ്യവസായ സ്ഥാപനം നടത്തിപ്പുകാരും, ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും സഹകരണ ബാങ്കിൽനിന്നും എടുക്കുന്ന വായ്പകൾക്ക് ഉജ്ജീവന വായ്പാ പദ്ധതി പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സഹായം നൽകുന്ന പദ്ധതി പ്രഖ്യാപിച്ചിരുന്നോ; വ്യക്തമാക്കുമോ?

പ്രഖ്യാപിച്ചിരുന്നു. പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ-ചെറുകിട-ഇടത്തരം വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്തബാധിതർക്കും അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് 17-12-2018-ലെ സ.ഉ.(കൈ)നമ്പർ 27/2018/DMD ഉത്തരവ് പ്രകാരം ഉജ്ജീവന വായ്പാ പദ്ധതി പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതിയുടെ കാലാവധി 12-2-2020-ലെ സ.ഉ.(കൈ)നം.04/2020/DMD പ്രകാരം 2020 മാർച്ച് 31 വരെ ദീർഘിപ്പിച്ച് ഉത്തരവായിരുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്ര ആളുകൾക്ക് സഹായം നൽകിയിട്ടുണ്ടെന്ന് കാർഷിക, വ്യവസായ മേഖലകൾ തരംതിരിച്ച് വിശദമാക്കുമോ?

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേയ്ക്ക് ബാങ്കുകൾ മുഖേന ലഭിച്ച പ്രൊപ്പോസലുകളിൽ ആവശ്യമായ രേഖകൾ, പൂർണ്ണ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയവയിൽ നടപടി സ്വീകരിച്ച് ബാങ്കുകൾക്ക് തുക ലഭ്യമാക്കിയിരുന്നു. ആവശ്യമായ വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്താത്ത കേസുകളിൽ അപാകത പരിഹരിച്ച് ലഭ്യമാക്കാൻ ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. വ്യവസായ വകുപ്പ് പരിശോധിച്ച് നൽകുന്ന ശിപാർശകൾ പ്രകാരമുള്ള തുക അതതു സമയത്ത് അനുവദിച്ചുവരുന്ന രീതിയാണ് സ്വീകരിക്കുന്നത്. ഗുണഭോക്താക്കളുടെ എണ്ണവും അവർ ഏത് മേഖലയിൽപ്പെടുന്നുവെന്നതും പ്രത്യേകം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ സർക്കാർ ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ?

പ്രസ്തുത പദ്ധതിക്കായി നാളിതുവരെയായി 20,40,69,111 രൂപ സർക്കാർ ചെലവഴിച്ചിട്ടുണ്ട്.

## പൂഞ്ഞാർ മണ്ഡലത്തിലെ തകർന്ന ഗതാഗത, വൈദ്യുതി വിതരണ സംവിധാനങ്ങളുടെ പുന:സ്ഥാപനം

50(5396) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ കനത്ത മഴയെത്തുടർന്നുണ്ടായ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും വെള്ളപ്പൊക്കത്തിലും തകർന്ന ഗതാഗത-വൈദ്യുതി വിതരണ സംവിധാനങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. കനത്ത മഴയെത്തുടർന്നുണ്ടായ മലവെള്ളപ്പാച്ചിലിൽ പൂഞ്ഞാർ മണ്ഡലത്തിലെ കൂട്ടിക്കൽ, മുണ്ടക്കയം, എരുമേലി, കാഞ്ഞിരപ്പള്ളി, പാറത്തോട്, പൂഞ്ഞാർ, ഈരാറ്റുപേട്ട തുടങ്ങിയ പ്രദേശങ്ങളിൽ കനത്ത നാശനഷ്ടങ്ങളുണ്ടായി. കൂട്ടിക്കൽ മേഖലയിലാണ് വ്യാപകമായ നാശനഷ്ടം രേഖപ്പെടുത്തിയത്. പ്രളയത്തിലും മണ്ണിടിച്ചിലിലും തകർന്ന ഗതാഗത- വൈദ്യുതി വിതരണ സംവിധാനങ്ങൾ പൂർവ്വസ്ഥിതിയിലാക്കാൻ പൊതുമരാമത്ത് വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ, കെ.എസ്.ഇ.ബി എന്നിവ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രാഥമിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.-ക്ക് 3.20 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കപ്പെടുന്നു. പൂഞ്ഞാർ

മണ്ഡലത്തിലെ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ പരിധിയിൽ വരുന്ന 59 റോഡുകളിലാണ് പ്രധാനമായും നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളത്. ഇവയിൽ മുണ്ടക്കയം-കൂട്ടിക്കൽ-ഇളംകാട്-വല്യേന്താ-കോലാഹലമേട്-വാഗമൺ റോഡും കൂട്ടിക്കൽ - കാവാലി - പ്ലാപ്പള്ളി - ഏന്തയാർ റോഡും ഒഴികെയുള്ള എല്ലാ റോഡുകളിലും ഗതാഗതം പുനഃസ്ഥാപിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ തകർന്ന റോഡുകളും പാലങ്ങളും സംരക്ഷണഭിത്തികളും പുനർനിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

റോഡുകൾക്കും പാലങ്ങൾക്കുമുണ്ടായ നാശനഷ്ടങ്ങൾ അടിസ്ഥാനമാക്കി അറ്റകുറ്റപ്പണികൾക്കും പുനർനിർമ്മാണത്തിനും പരിപാലനത്തിനും ആവശ്യമായ തുകയുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി റോഡുകൾ അടിയന്തരമായി പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

### ജപ്തി ഭീഷണി നേരിടുന്നവരെ സഹായിക്കാൻ പദ്ധതി

51(5397) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മാരക രോഗങ്ങളുടെ ചികിത്സയ്ക്കായി കിടപ്പാടം പണയപ്പെടുത്തി ജപ്തി ഭീഷണി നേരിടുന്നവരെ സഹായിക്കാൻ ഏതെങ്കിലും പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ; വിശദമാക്കാമോ?

സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുക്കുന്നവർക്ക് ഗുരുതരമായ രോഗങ്ങൾ വരികയോ മരണപ്പെടുകയോ ചെയ്താൽ റിസ്ക് ഫണ്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ ഇപ്പോൾത്തന്നെ നൽകിവരുന്നുണ്ട്. ലോൺ തിരിച്ചടയ്ക്കുവാൻ കഴിയാതെ കിടപ്പാടം ജപ്തി ചെയ്യുന്നവരുടെ വിഷയത്തിന് ഒരു ശാശ്വതപരിഹാരമെന്ന നിലയിൽ പുതിയ നിയമംകൊണ്ടുവരാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

### തിരൂർ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ

52(5398) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും അവ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

(എ&ബി) തിരൂർ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിവഴി

സർക്കാർ നടപ്പാക്കുന്ന പ്രോജക്റ്റുകളുടെ വിശദാംശം അനുബന്ധം 1*-ൽ കൊടുത്തിരിക്കുന്നു.

(സി) സംസ്ഥാനത്ത് റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ പരിശോധിച്ച്, ഫണ്ട് ലഭ്യതകൂടി പരിഗണിച്ച് ഭരണാനുമതി നൽകുകയാണ് ചെയ്തുവരുന്നത്.

### ദുരന്ത നിവാരണ ഇൻഷ്വറൻസ്

53(5399) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രകൃതിക്ഷോഭങ്ങൾമൂലമുള്ള ദുരന്തസാധ്യത കൂടിയ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് വിവിധതരം ദുരന്തങ്ങളുടെ അനന്തരഫലങ്ങളെ നേരിടുന്നതിന് പര്യാപ്തമായ രീതിയിൽ ദുരന്ത നിവാരണ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുമോ; വിശദാംശം നൽകുമോ?

കേരളത്തിൽ പ്രകൃതി ദുരന്തങ്ങളുടെ തോത് വർദ്ധിച്ചുവരുന്നതിനാലും സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്ന് ലഭിക്കുന്ന ധനസഹായം പര്യാപ്തമല്ലാത്ത സാഹചര്യത്തിലും ദുരന്തബാധിതർക്ക് കൂടുതൽ ധനസഹായം ലഭ്യമാക്കുന്നതിനായുള്ള സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 20-02-2021-ലെ സ.ഉ.(സാധാ)നം. 256/2021/ ഡി.എം.ഡി പ്രകാരം സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗം ഡോ. കെ. രവിരാമന്റെ നേതൃത്വത്തിൽ 7 അംഗ കമ്മിറ്റിയെ ചുമതലപ്പെടുത്തിട്ടുണ്ട്. ഈ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

### ഏവിയേഷൻ കോഴ്സുകൾ തുടങ്ങാൻ നടപടി

54(5400) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർദ്ദേശീയതലത്തിൽ തൊഴിൽ സാധ്യതയുള്ള ഏവിയേഷൻ കോഴ്സുകൾക്കായി പുതിയ പഠന കേന്ദ്രങ്ങളും സ്ഥാപനങ്ങളും തുടങ്ങാൻ നടപടിയുണ്ടാകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് കേരള സർക്കാരിന് കീഴിലുള്ള ഏക പൈലറ്റ് പരിശീലന സ്ഥാപനമാണ് രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി. ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ അംഗീകാരത്തോടുകൂടിയാണ് അക്കാദമി പ്രവർത്തിക്കുന്നത്. കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് (CPL) നേടുന്നതിനാവശ്യമായ ഗ്രൗണ്ട് ക്ലാസ്സ് പരിശീലനം, പറക്കൽ പരിശീലനം എന്നിവ ഏറ്റവും മികച്ച രീതിയിൽ പൈലറ്റ് ട്രെയിനികൾക്ക് ലഭ്യമാക്കുന്നു. ഇതിനുപുറമെ പ്രൈവറ്റ് പൈലറ്റ് ലൈസൻസ് (PPL), ഫോറിൻ ലൈസൻസ് കൺവേർഷൻ, ലൈസൻസ് റിന്യൂവൽ, എയ്റോനോട്ടിക്കൽ എഞ്ചിനീയറിംഗ്/ എയർ ക്രാഫ്റ്റ് മെയിന്റനൻസ് എഞ്ചിനീയറിംഗ്, ബിരുദധാരികൾക്ക് സാങ്കേതിക പരിശീലനം തുടങ്ങിയ സൗകര്യങ്ങളും അക്കാദമി ചെയ്തുവരുന്നു. എയ്റോനോട്ടിക്കൽ സയൻസ് & ടെക്നോളജി എന്ന വിഷയം അടിസ്ഥാനമാക്കി ഒരു എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുകയെന്നത് അക്കാദമിയുടെ ഭാവി ലക്ഷ്യമാണ്.

(ബി) പ്രസ്തുത കോഴ്സുകൾ തുടങ്ങുന്നതിന് ഏതെങ്കിലും ഏജൻസി മുന്നോട്ടുവന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

അന്തർദ്ദേശീയതലത്തിൽ തൊഴിൽ സാധ്യതയുള്ള ഏവിയേഷൻ കോഴ്സുകൾ തുടങ്ങുന്നതിന് ഏജൻസികളൊന്നുംതന്നെ രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയെ സമീപിച്ചിട്ടില്ല.

### ലൈറ്റ് മെട്രോ പദ്ധതി

55(5401) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>:
<u>ശ്രീ. പി. ടി. എ. റഹീം</u>:
<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>:
<u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി ലൈറ്റ് മെട്രോ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പദ്ധതി നടപ്പാക്കുന്നതിന് ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ടോ; പദ്ധതിക്കാവശ്യമായ തുകയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തലസ്ഥാന മെട്രോയുടേയും കോഴിക്കോട് മെട്രോയുടേയും ലൈറ്റ് മെട്രോ പദ്ധതികളുടെ വിശദമായ പഠനരേഖ (ഡി.പി.ആർ) 2017-ൽ പ്രഖ്യാപിച്ച കേന്ദ്ര

മെട്രോ നയത്തിനനുസൃതമായി ആവശ്യമായ മാറ്റങ്ങളോടെ DMRC പുതുക്കി സമർപ്പിച്ചിരുന്നു. 2021 ഫെബ്രുവരിയിൽ പ്രസ്തുത ഡി.പി.ആർ അംഗീകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി നൽകി. തുടർന്ന് കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി പ്രസ്തുത ഡി.പി.ആർ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള കേരളാ റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) എന്ന സ്ഥാപനം കേന്ദ്ര ഭവന-നഗരകാര്യ മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്നു. തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ വയബിലിറ്റി വർദ്ധിപ്പിക്കുന്നതിനായി നിലവിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സഞ്ചാരപഥത്തിൽനിന്ന് ടെക്നോപാർക്ക് ഭാഗത്തേയ്ക്ക് മെട്രോ പാത ദീർഘിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനം പൂർത്തിയായിട്ടുണ്ട്. ഇതിനുള്ള വിശദ പദ്ധതിരേഖ (ഡി.പി.ആർ) തയ്യാറാക്കാനുള്ള നടപടികൾ KRTL ആരംഭിച്ചിരുന്നു. മെട്രോ പദ്ധതികളുടെ കാര്യക്ഷമവും സുഗമവുമായ ഏകോപനത്തിനും നടത്തിപ്പിനും ഒരു സംസ്ഥാനത്തിന് ഒരു Special Purpose Vehicle (SPV) ആയിരിക്കും അഭികാമ്യമെന്ന കേന്ദ്ര ഭവന - നഗരകാര്യ മന്ത്രാലയത്തിന്റെ ശിപാർശ പരിഗണിച്ചും കേന്ദ്രസർക്കാരിന്റെ പുതുക്കിയ മെട്രോ നയങ്ങൾക്കനുസൃതമായും നിലവിലെ അലൈൻമെന്റിൽ കിഴക്കേക്കോട്ടയെ ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കിയ ഡി.പി.ആർ തയ്യാറാക്കുവാനും തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസിയായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ (KMRL) നിശ്ചയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി KMRL-ന്റെ നേതൃത്വത്തിൽ സൈറ്റ് വിസിറ്റ് നടത്തി പുതുക്കിയ സഞ്ചാരപഥം സംബന്ധിച്ച പഠനം നടത്തിവരികയാണ്. തിരുവനന്തപുരം ലൈറ്റ് മെട്രോയ്ക്ക് 4673 കോടി രൂപയും കോഴിക്കോട് ലൈറ്റ് മെട്രോയ്ക്ക് 2773 കോടി രൂപയും 12-2-2021-ലെ സ.ഉ(കൈ)നം.11/2021/PWD നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ:

<u>തിരുവനന്തപുരം</u>

ആകെ നീളം - 21.81 കി.മീ

സഞ്ചാരപഥം - കരമന മുതൽ ടെക്നോസിറ്റി വരെ

എസ്റ്റിമേറ്റ് തുക - 4673 കോടി രൂപ

സ്റ്റേഷനുകൾ - 19 എണ്ണം

<u>കോഴിക്കോട്</u>

ആകെ നീളം - 13.3 കി.മീ

സഞ്ചാരപഥം - മെഡിക്കൽകോളേജ് മുതൽ മീഞ്ചന്ത വരെ

എസ്റ്റിമേറ്റ് തുക - 2773 കോടി രൂപ,

സ്റ്റേഷനുകൾ - 14 എണ്ണം.

(ബി) സംസ്ഥാനത്താരംഭിക്കുന്ന പുതിയ മെട്രോ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽനിന്നും സഹായം ലഭിച്ചിട്ടുണ്ടോ; ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ലൈറ്റ് മെട്രോ പദ്ധതികൾക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടില്ല. പദ്ധതി അടങ്കൽ തുകയുടെ 20% (സ്ഥലമെടുപ്പിനുള്ള തുക ഒഴികെ) കേന്ദ്രസർക്കാർ ലഭ്യമാക്കുമെന്നാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകുകയും തുടർന്ന് കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച നടപടികൾ ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിന് കേന്ദ്ര നഗരകാര്യ വകുപ്പുമന്ത്രിയുമായി മുഖ്യമന്ത്രി കൂടിക്കാഴ്ച നടത്തിയിരുന്നു.

(സി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ ഡി.പി.ആർ. അംഗീകരിച്ചിട്ടുണ്ടോ; തിരുവനന്തപുരത്ത് ടെക്നോപാർക്കിനെ ലൈറ്റ് മെട്രോയുമായി ബന്ധിപ്പിക്കുന്നത് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. നിലവിൽ ടെക്നോപാർക്ക് ഭാഗം മെട്രോ അലൈൻമെന്റിൽ ഉൾപ്പെട്ടിട്ടില്ല. കഴക്കൂട്ടത്തുനിന്ന് ബൈപാസ് വഴി ടെക്നോപാർക്ക് ഭാഗത്തേയ്ക്ക് ലൈറ്റ് മെട്രോ നീട്ടുന്നതിനുള്ള സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. ഇതിനുള്ള ഡി.പി.ആർ. തയ്യാറാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ എയർപോർട്ടും കിഴക്കേക്കോട്ടയും ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുവാനും തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസിയായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ (KMRL) നിശ്ചയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വടകര-മാഹി കനാലിന്റെ നിർമ്മാണ പ്രവൃത്തികൾ**

56(5402) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മാഹി കനാലിന്റെ രണ്ടാം റീച്ചിലെ കോട്ടപ്പള്ളി പാലത്തിന്റെയും നാലാം റീച്ചിലെ കളിയാംപള്ളി പാലത്തിന്റെയും നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങളുടെ ഡിസൈൻ ഏത് ഏജൻസിയാണ് നിർവ്വഹിക്കുന്നതെന്നും എസ്റ്റിമേറ്റ് തുക എത്രയാണെന്നും അറിയിക്കുമോ?

(എ&ബി) ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (IDRB) ആണ് ഡിസൈൻ തയ്യാറാക്കുന്നത്. IDRB-യിൽനിന്നും ലഭ്യമായ കോട്ടപ്പള്ളി പാലത്തിന്റെ ഡിസൈനിന്റെ അടിസ്ഥാനത്തിൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. കളിയാംപള്ളി പാലത്തിന്റെ ഡിസൈൻ ലഭ്യമായിട്ടില്ല. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമേ എസ്റ്റിമേറ്റ് തുക കണക്കാക്കുവാൻ കഴിയുകയുള്ളൂ.

(സി) പാലങ്ങളുടെ അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

19(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പാലങ്ങളുടെ പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

2023-നകം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

### ദേശീയ ജലപാതാ വികസനം

57(5403) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ആന്റണി ജോൺ:
ശ്രീമതി ദെലീമ:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയുടെ വികസനത്തിന് കേന്ദ്ര ഫണ്ട് ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഫണ്ട് ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ:

(ബി) ദേശീയ ജലപാതാ വികസന പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

(എ&ബി) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ദൂരവും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള NW-3-Extension ആയ 160 കി.മീ. ദൂരവും വരുന്ന ദേശീയ ജലപാത കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഉൾനാടൻ ജലപാതാ വികസന അതോറിറ്റിയുടെ IWAI (Inland Waterways Authority of India)-യുടെ അധീനതയിലാണ്. ടി ഭാഗത്ത് വികസന പ്രവർത്തനങ്ങൾ IWAI (Inland Waterways Authority of India)-യുടെ മേൽനോട്ടത്തിലാണ് നടന്നുവരുന്നത്.

ദേശീയ ജലപാതയുടെ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള ഭാഗത്തിന്റെ സമഗ്ര വികസനത്തിനായി വിശദമായ പദ്ധതി രേഖ (DPR), IWAI (Inland Waterways Authority of India) തയ്യാറാക്കി അംഗീകാരത്തിനായി കേന്ദ്രസർക്കാരിന് നൽകിയിട്ടുണ്ട്.

(സി) ഉൾനാടൻ ജലഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനും ഇതിന്റെ പ്രചരണത്തിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കോവളം മുതൽ കാസർഗോഡ് ബേക്കൽ വരെ 616 കി.മീ. ദൂരമുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗം ദേശീയ ജലപാത (NW3) യായി പ്രഖ്യാപിച്ചിട്ടുള്ളതും നിലവിൽ ഇത് സഞ്ചാരയോഗ്യവുമാണ്. കോട്ടപ്പുറം മുതൽ വടക്കോട്ട് കോഴിക്കോട് ജില്ലയിലെ കല്ലായിപ്പുഴവരെ ദേശീയ ജലപാതാ നിലവാരത്തിൽ (NW 3) extension ആയി പ്രഖ്യാപിച്ചിട്ടുണ്ട്. കോവളം മുതൽ കൊല്ലം വരെയുള്ള ഭാഗം സംസ്ഥാന ജലപാതാ നിലവാരത്തിൽ വികസിപ്പിക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കോഴിക്കോട് പട്ടണത്തിൽക്കൂടി കടന്നുപോകുന്നതും ജലപാതാ വികസനത്തിന് തടസ്സമായിട്ടുള്ളതുമായ കല്ലായി മുതൽ ഇരഞ്ഞിക്കൽ വരെയുള്ള കനോലി കനാൽ എന്നറിയപ്പെടുന്ന ഭാഗത്തെ വികസനത്തിനാവശ്യമായ സാമ്പത്തിക സഹായം കിഫ്ബിയിൽനിന്ന് ലഭിക്കുന്നതിനായി ഒരു കൺസപ്റ്റ് നോട്ട് (ആശയക്കുറിപ്പ്) KWIL തയ്യാറാക്കി വരുന്നു. വടകര – മാഹി കനാലിൽ ദേശീയ ജലപാതാ നിലവാരത്തിൽ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നതോടൊപ്പം ആയതിന്റെ പൂർത്തീകരണത്തിലേയ്ക്കാവശ്യമായ 75 ഏക്കർ ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ഇതിലേയ്ക്കായി എട്ട് (8) പ്രവൃത്തികളിലേയ്ക്ക് 11 (1) വിജ്ഞാപനം ആവശ്യമുള്ളതിൽ ഏഴിനും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മാഹി - വളപട്ടണം ഭാഗത്തെ കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമിയേറ്റെടുക്കൽ പ്രവർത്തനങ്ങൾ KWIL-ന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് അലൈൻമെന്റ് മാറ്റേണ്ടതായി വന്നതിനാൽ പുതുക്കിയ DPR സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിരിക്കുകയാണ്. നീലേശ്വരം ബേക്കൽ ഭാഗത്തെ കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് KWIL-ന്റെ നേതൃത്വത്തിൽ ഭൂമിയേറ്റെടുക്കൽ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ജലലഭ്യത വിലയിരുത്തുന്നതിനാവശ്യമായ വാട്ടർ ബാലൻസ് പഠനം നടന്നുവരുന്നു. ജലഗതാഗതപാതാ വികസനത്തിന്റെ പ്രാധാന്യം സംബന്ധിച്ച ബോധവത്കരണം പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രസിദ്ധീകരണങ്ങളിൽക്കൂടിയും ഡോക്യുമെന്ററികൾ നിർമ്മിച്ച് ദൃശ്യമാധ്യമങ്ങളിൽക്കൂടിയും നടത്തിയിട്ടുണ്ട്.

**കോവളം-ബേക്കൽ ദേശീയ പാത**

58(5404) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം-ബേക്കൽ ദേശീയ ജലപാതയുടെ അലൈൻമെന്റ് ഫൈനലൈസ് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ കോവളം മുതൽ വടക്കോട്ട് കൊല്ലം വരെയുള്ള കനാൽ ഭാഗം 25 മീറ്റർ വീതിയിലും ഇരുവശവും റോഡിനും പൈപ്പ് ലൈൻ, സീവർ ലൈൻ തുടങ്ങിയവ സ്ഥാപിക്കുന്നതിനുമായി 5 മീറ്റർ വീതിയിലുമാണ് ഇപ്പോഴത്തെ അലൈൻമെന്റ് ഫിക്സ് ചെയ്തിരിക്കുന്നത്. കൊല്ലം മുതൽ കോഴിക്കോട് വരെ ദേശീയ ജലപാത NW-3 ആണ്. ദേശീയ ജലപാതയ്ക്ക് നദികളിൽ 50 മീറ്റർ വീതിയിലും, കനാലുകളിൽ 40 മീറ്റർ വീതിയിലുമാണ് അലൈൻമെന്റ്. കോഴിക്കോടിന് വടക്കോട്ട് നദികളിൽ 50 മീറ്ററും കനാലുകൾ 40 മീറ്റർ വീതിയുമാണ് ഫിക്സ് ചെയ്തിരിക്കുന്നത്.

(ബി) ഈ ജലപാതയുടെ ഭാഗമായി പുതുതായി എത്ര കിലോമീറ്റർ കനാൽ നിർമ്മിക്കേണ്ടിവരുമെന്നറിയിക്കുമോ?

മാഹി - വളപട്ടണം ഭാഗത്ത് 26.3 കിലോമീറ്ററും നീലേശ്വരം - ബേക്കൽ ഭാഗത്ത് 6.45 കിലോമീറ്ററും പുതുതായി കനാൽ നിർമ്മിക്കേണ്ടതുണ്ട്.

(സി) പ്രസ്തുത ജലപാത യാഥാർത്ഥ്യമാക്കാൻ എത്ര കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

പ്രസ്തുത ജലപാത യാഥാർത്ഥ്യമാക്കുന്നതിന് വിവിധ ഘട്ടങ്ങളിലെ പ്രവർത്തനങ്ങളായ സ്ഥലമേറ്റെടുക്കൽ, പുനരധിവാസം, വിവിധ നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയവയുടെ വിശദമായ പദ്ധതിരേഖകൾ പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ കൃത്യമായ കണക്ക് ലഭ്യമാകുകയുള്ളൂ.

**വിമാനത്താവളങ്ങളിലെ ആർ.ടി.പി.സി.ആർ. ടെസ്റ്റ് നിരക്ക്**

59(5405) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശങ്ങളിലേയ്ക്ക് തൊഴിലിനായി പോകുന്നവർക്ക് ആർ.ടി.പി.സി.ആർ. ടെസ്റ്റിനായി വിമാനത്താവളങ്ങളിൽ സാധാരണ നിരക്കിന്റെ 5 ഇരട്ടിയോളം അടയ്ക്കേണ്ടിവരുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ കോവിഡ്-19 ടെസ്റ്റുകൾക്ക് വ്യത്യസ്ത നിരക്കുകൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ നിശ്ചയിച്ച് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വിമാനത്താവളങ്ങളിലെ കോവിഡ്-19 ടെസ്റ്റുകളുടെ നിരക്കുകൾ സംബന്ധിച്ച് വ്യക്തത വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം അബോട്ട് ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ്, തെർമോ ഫിഷർ സയന്റിഫിക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നിവയുടെ റാപിഡ് പിസിആർ പരിശോധനയ്ക്ക് 2490 രൂപയും സാധാരണ RTPCR പരിശോധനയ്ക്ക് 500 രൂപയുമാണ് നിശ്ചയിച്ചിരിക്കുന്നത്. ചില വിദേശരാജ്യങ്ങൾ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഇന്ത്യയിൽനിന്നും യു.എ.ഇ-യിലേയ്ക്കുള്ള യാത്രക്കാർക്ക് യാത്ര പുറപ്പെടുന്നതിന് 48 മണിക്കൂറിനകമുള്ള RTPCR നെഗറ്റീവ് ഫലം ആവശ്യമാണ്. അതിനുപുറമേ, പുറപ്പെടുന്നതിനുമുമ്പുള്ള 4 മണിക്കൂറിനുള്ളിൽ വിമാനത്താവളത്തിൽവച്ച് നടത്തുന്ന Rapid PCR പരിശോധനയ്ക്ക് വിധേയമാകണം. ചില രാജ്യങ്ങൾ പിന്നീട് 4 മണിക്കൂറെന്നുള്ളത് 6 മണിക്കൂറായി പരിഷ്കരിച്ചിട്ടുമുണ്ട്. എയർപോർട്ടിൽനിന്നും പുറപ്പെടുന്നതിന് 4 മുതൽ 6 മണിക്കൂർ മുമ്പ് RTPCR ടെസ്റ്റ് നടത്തേണ്ടതിനാൽ, പരിശോധനാഫലം ലഭിക്കാൻ കൂടുതൽ സമയമെടുക്കുന്ന സാധാരണ ആർടിപിസിആർ ടെസ്റ്റ് എയർപോർട്ടിൽ സാധ്യമല്ല. അതിനാൽ വളരെ ചെറിയ സമയത്തിനുള്ളിൽ ആർടിപിസിആർ പരിശോധനാഫലം നൽകാൻ റാപിഡ് പിസിആർ ടെസ്റ്റാണ് നടത്തുന്നത്. റാപിഡ് പിസിആർ ടെസ്റ്റ് കിറ്റുകളുടെ വില സാധാരണ ആർടിപിസിആർ ടെസ്റ്റുകളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയാണ് റാപിഡ് പിസിആർ ടെസ്റ്റിംഗ് നിരക്ക് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

### കുടുംബശ്രീ മുഖേന പ്രവാസി സംരംഭങ്ങൾ

60(5406) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെത്തുടർന്ന് ജോലി നഷ്ടപ്പെട്ട പ്രവാസികൾക്ക് കുടുംബശ്രീ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ?

കോവിഡ് -19 മഹാമാരിയെത്തുടർന്ന് പ്രതിസന്ധിയിലായ അവിദഗ്ദ്ധ തൊഴിൽ മേഖലകളിൽനിന്നുള്ളവരും കുറഞ്ഞ വരുമാന പരിധിയിൽ വരുന്നവരുമായ പ്രവാസി കേരളീയർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി

പലിശരഹിത സംരംഭകത്വ വായ്പകളും സഹായങ്ങളും നൽകി സാമ്പത്തിക സ്വാശ്രയത്വം നൽകുന്നതിലേയ്ക്കായി നോർക്ക-റൂട്ട്സ് ആവിഷ്കരിച്ച പ്രവാസി ഭദ്രതാ-പേൾ എന്ന പദ്ധതി കുടുംബശ്രീ മുഖേന നടത്തിവരുന്നു. പദ്ധതിയുടെ സവിശേഷതകൾ ചുവടെ ചേർക്കുന്നു.

1. റിവോൾവിംഗ് ഫണ്ട് മാതൃകയിൽ വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾക്ക് സഹായം

2. സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി വ്യക്തിഗത/ഗ്രൂപ്പ് വായ്പകൾ

3. 2 ലക്ഷം രൂപ വരെയുള്ള പലിശരഹിത വായ്പ

(ബി) പ്രവാസികൾക്ക് കുടുംബശ്രീ മുഖേന സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി സർക്കാർ നിശ്ചയിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ആയത് തുടങ്ങാൻ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തടസ്സം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**എയർപോർട്ടിൽ ആറ് മണിക്കൂർ മുമ്പ് ആർ.റ്റി.പി.സി.ആർ. ടെസ്റ്റ്**

61(5407) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില എയർലൈൻസുകൾ 48 മണിക്കൂറിനുള്ള ആർ.റ്റി.പി.സി.ആർ. ടെസ്റ്റ് ചെയ്ത് നെഗറ്റീവ് സർട്ടിഫിക്കറ്റുമായി വരുന്നവരെയും ആറ് മണിക്കൂർ മുന്നേ എയർപോർട്ടിൽ എത്താൻ നിർദ്ദേശം നൽകി വീണ്ടും ആർ.റ്റി.പി.സി.ആർ ടെസ്റ്റിന് വിധേയരാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എയർപോർട്ട് അതോറിറ്റിക്ക് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) യു.എ.ഇ.-യിലേയ്ക്കുള്ള യാത്രക്കാർക്ക് യാത്ര പുറപ്പെടുന്നതിനുമുമ്പ് 48 മണിക്കൂറിനകമുള്ള RTPCR നെഗറ്റീവ് ഫലം ആവശ്യമാണ്. അതിനുപുറമേ, പുറപ്പെടുന്നതിനുമുമ്പുള്ള 4 മണിക്കൂറിനുള്ളിൽ വിമാനത്താവളത്തിൽവച്ച് നടത്തുന്ന Rapid PCR പരിശോധനയ്ക്കും വിധേയമാകണം. അതത് രാജ്യങ്ങളാണ് ഇതുസംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്. ചില രാജ്യങ്ങൾ 4 മണിക്കൂറെന്നുള്ളത് 6 മണിക്കൂറായി പരിഷ്കരിച്ചിട്ടുമുണ്ട്. വിദേശ രാജ്യങ്ങൾ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയാണ് നടപടി സ്വീകരിക്കുന്നത്.

## ഇതര സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും മരണമടഞ്ഞ പ്രവാസികളുടെ കണക്ക്

62(5408) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ജോലിക്കായി മറ്റ് സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും പോയി കോവിഡ്മൂലം മരണപ്പെട്ട പ്രവാസികളുടെ കൃത്യമായ കണക്കുണ്ടോ; അവരുടെ കുടുംബത്തിന് ധനസഹായം പ്രഖ്യാപിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

വിദേശ രാജ്യങ്ങളിൽവച്ച് കോവിഡ് ബാധിച്ച് മരണപ്പെട്ട പ്രവാസി മലയാളികളെ സംബന്ധിച്ച കണക്ക് തയ്യാറാക്കുന്നതിനായി ജില്ലാ കളക്ടർമാർ, വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ മിഷനുകൾ, കേന്ദ്ര വിദേശകാര്യമന്ത്രാലയം എന്നിവരുമായി ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിക്കുവാൻ ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. കോവിഡ്മൂലം മരണമടഞ്ഞ പ്രവാസികളുടെ കുടുംബങ്ങൾക്ക് സാന്ത്വന പദ്ധതി പ്രകാരം പരമാവധി ഒരു ലക്ഷം രൂപയും പ്രവാസി ക്ഷേമനിധി അംഗങ്ങളുടെ ആശ്രിതർക്ക് പരമാവധി അമ്പതിനായിരം രൂപയും മരണാനന്തര ധനസഹായമായി നൽകുകയും പ്രവാസി വ്യവസായി ഡോ. രവിപിള്ളയുടെ ആർ.പി ഫൗണ്ടേഷന്റെ സാമ്പത്തിക പിന്തുണയോടെ നോർക്ക റൂട്ട്സ് നടപ്പിലാക്കിയിട്ടുള്ള പ്രവാസി തണൽ പദ്ധതി പ്രകാരം കോവിഡ്മൂലം മരണമടഞ്ഞ പ്രവാസികളുടെ അവിവാഹിതരായ പെൺമക്കൾക്ക് 25,000 രൂപ വീതം ഒറ്റത്തവണ വിവാഹ ധനസഹായം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

## എയർപോർട്ടുകളിലെ ആർ.റ്റി.പി.സി.ആർ. ടെസ്റ്റ് തുക

63(5409) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തേയ്ക്ക് പോകുന്ന പ്രവാസികൾ ഉൾപ്പെടെയുള്ളവരിൽ നിന്ന് സംസ്ഥാനത്തെ എയർപോർട്ടുകളിൽ ആർ.ടി.പി.സി.ആർ. ടെസ്റ്റിന് എത്ര തുക വീതമാണ് ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക മറ്റ് സംസ്ഥാനങ്ങളിലെ എയർപോർട്ടുകളിൽനിന്ന് ഈടാക്കുന്ന തുകയേക്കാൾ കൂടുതലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോവിഡ് പ്രതിസന്ധിയിൽ തിരിച്ചുപോകുന്ന പ്രവാസികളിൽ നിന്നും പ്രസ്തുത തുക ഈടാക്കുന്നതൊഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ കോവിഡ്-19 ടെസ്റ്റുകൾക്ക് വ്യത്യസ്ത നിരക്കുകൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ

നിശ്ചയിച്ച് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വിമാനത്താവളങ്ങളിലെ കോവിഡ്-19 ടെസ്റ്റുകളുടെ നിരക്കുകൾ സംബന്ധിച്ച് വ്യക്തത വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയത് പ്രകാരം യാത്രക്കാർക്ക് ഓരോ രാജ്യങ്ങളുടെയും കോവിഡ് ടെസ്റ്റിംഗ് റെഗുലേറ്ററി പ്രോട്ടോക്കോളുകളനുസരിച്ച് ഉചിതമായ രീതിയിൽ ഒരു ടെസ്റ്റ്/ടെസ്റ്റുകൾ തെരഞ്ഞെടുക്കാൻ കഴിയുന്നതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം അബോട്ട് ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ്, തെർമോ ഫിഷർ സയന്റിഫിക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നിവയുടെ റാപിഡ് പിസിആർ പരിശോധനയ്ക്ക് 2490 രൂപയും സാധാരണ RTPCR പരിശോധനയ്ക്ക് 500 രൂപയുമാണ് നിശ്ചയിച്ചിരിക്കുന്നത്. എയർപോർട്ടിൽനിന്നും പുറപ്പെടുന്നതിന് 4 മുതൽ 6 മണിക്കൂർ മുമ്പ് RTPCR ടെസ്റ്റ് നടത്തേണ്ടതിനാൽ, പരിശോധനാഫലം നൽകാൻ കൂടുതൽ സമയമെടുക്കുന്ന സാധാരണ ആർടിപിസിആർ ടെസ്റ്റ് എയർപോർട്ടിൽ സാധ്യമല്ല. അതിനാൽ വളരെ ചെറിയ സമയത്തിനുള്ളിൽ ആർടിപിസിആർ പരിശോധനാഫലം നൽകാൻ റാപിഡ് പിസിആർ ടെസ്റ്റാണ് നടത്തുന്നത്. റാപിഡ് പിസിആർ ടെസ്റ്റ് കിറ്റുകളുടെ വില സാധാരണ ആർടിപിസിആർ ടെസ്റ്റുകളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. വിമാനത്താവളങ്ങളിൽ നടത്തുന്ന റാപ്പിഡ് ആർടിപിസിആർ ടെസ്റ്റിനുള്ള നിരക്ക് സംബന്ധിച്ച തീരുമാനം എയർപ്പോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയാണ് കൈക്കൊണ്ടിട്ടുള്ളത്.

**നോർക്ക വഴി വിദേശത്ത് ജോലി**

64(5410) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലത്ത് നോർക്ക റൂട്ട്സ് വഴി എത്ര പേരെ വിദേശത്ത് ജോലിക്കയച്ചിട്ടുണ്ടെന്നറിയിക്കാമോ?

മുൻസർക്കാരിന്റെ കാലത്ത് നോർക്ക റൂട്ട്സ് വഴി നേരിട്ട് 1614 പേർക്ക് വിദേശത്ത് ജോലി ലഭ്യമാക്കിയിട്ടുണ്ട്.

**ഓവർസീസ് എംപ്ലോയീസ് കോൺഫറൻസ്**

65(5411) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഓവർസീസ് എംപ്ലോയീസ് കോൺഫറൻസിന്റെ വിശദാംശം ലഭ്യമാക്കാമോ?

കോവിഡ് മഹാമാരി ലോകത്തെമ്പാടും മാന്ദ്യവും തൊഴിലില്ലായ്മയും സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ പ്രത്യേക സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ചെറുപ്പക്കാർക്ക് ഇന്നും ധാരാളം തൊഴിലവസരങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ

ലഭ്യമാണ്. ഇത്തരത്തിലുള്ള തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിന്റെ ഭാഗമായി 12-10-2021-ൽ ഓവർസീസ് എംപ്ലോയേഴ്സ് കോൺഫറൻസ് എന്ന പരിപാടി ഓൺലൈനായി സംഘടിപ്പിച്ചിരുന്നു. ലോകമെമ്പാടുമുള്ള വൻകിട തൊഴിൽദാതാക്കളും നയതന്ത്ര ഉദ്യോഗസ്ഥരും വിഷയ വിദഗ്ധരും ഈ പരിപാടിയിൽ സംബന്ധിച്ചു. ഇന്ത്യയിലാദ്യമായി ഒരു സംസ്ഥാനം ഇത്തരം ഒരു പരിപാടി സംഘടിപ്പിച്ചത് പങ്കാളിത്തം കൊണ്ടും പ്രാതിനിധ്യംകൊണ്ടും ശ്രദ്ധേയമായിരുന്നു. ഈ പരിപാടി കുടിയേറ്റത്തിന് നവോർജ്ജം പകരുന്നതിനുള്ള നിരവധി ആശയത്തെക്കുറിച്ചുള്ള അറിവ് നൽകുന്നതായിരുന്നു. കോൺഫറൻസിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ പഠനവിധേയമാക്കിയശേഷം നടപ്പിലാക്കുന്നതാണ്.

(ബി) പ്രസ്തുത വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിദേശത്ത് ജോലി ചെയ്യാൻ അവസരം ലഭിക്കുന്നവരെ അതത് രാജ്യങ്ങളിലെ ഭാഷ പഠിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

1. ജാപ്പനീസ്, ജർമ്മൻ, ഇംഗ്ലീഷ്, ഫ്രഞ്ച് എന്നീ ഭാഷകളിൽ പ്രാവീണ്യം നേടുന്നതിന് തൊഴിലന്വേഷകരെ പ്രാപ്തരാക്കുന്നതിനുള്ള ട്രെയിനിംഗ് കോഴ്സുകൾ നോർക്ക റൂട്സ് വിഭാവനം ചെയ്തിട്ടുണ്ട്. ആയത് ഉടൻതന്നെ ആരംഭിക്കുന്നതാണ്.

2. നോർക്ക - റൂട്ട്സും ജർമ്മൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസിയും കേരളത്തിൽനിന്ന് ജർമ്മനിയിലേയ്ക്ക് ഹെൽത്ത് കെയർ പ്രൊഫഷണൽസിനെ റിക്രൂട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ധാരണാപത്രം ഉടൻതന്നെ ഒപ്പുവയ്ക്കുന്നതാണ്. ഇതിന്റെ ഭാഗമായി, റിക്രൂട്ട് ചെയ്യപ്പെടുന്നവർക്ക് ജർമ്മൻ ഭാഷാ പരിശീലനം നൽകുന്നതാണ്. ജപ്പാനിലേയ്ക്ക് സ്പെസിഫൈഡ് സ്കിൽഡ് വർക്കേഴ്സ്-നെ റിക്രൂട്ട് ചെയ്യുന്നതിന് മുന്നോടിയായി, നോർക്ക - റൂട്ട്സിനെ നോഡൽ ഏജൻസിയായി തെരഞ്ഞെടുത്ത് വിദേശകാര്യ മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് ജപ്പാൻ ഓവർസീസ് കോ-ഓപ്പറേഷൻ വോളന്റിയേഴ്സ് പ്രോഗ്രാം പ്രകാരം ജപ്പാനിലേയ്ക്കുള്ള റിക്രൂട്ട്മെന്റ്, ജാപ്പനീസ് ഭാഷാ പരിശീലനം എന്നിവയ്ക്കായി വോളന്റിയർ ടീച്ചറുടെ സേവനം കേരളത്തിന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കോവിഡിനെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾക്ക് നാട്ടിൽ തൊഴിൽ സംരംഭങ്ങൾ

66(5412) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 നെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് നിരവധി പ്രവാസികളാണ് ദിവസംതോറും കേരളത്തിലേയ്ക്ക് തിരികെ എത്തുന്നതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ ഒരു കണക്കെടുപ്പ് നടത്താൻ നോർക്ക എന്തെങ്കിലും സംവിധാനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. കോവിഡ് കാലത്ത് കേരളത്തിലേയ്ക്ക് തിരികെയെത്തുന്ന പ്രവാസികളുടെ കണക്കുകൾ ലഭ്യമാകുന്നതിന് സർക്കാർ കോവിഡ് ജാഗ്രതാ പോർട്ടൽ രൂപീകരിച്ചിരുന്നു. ടി പോർട്ടൽ പ്രകാരം 29-10-2021 വരെ 17,53,897 പ്രവാസികൾ കേരളത്തിലേയ്ക്ക് എത്തിയിട്ടുണ്ട്. അതിൽ 12,68,834 പേർ തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയവരാണ്. എന്നാൽ എയർപോർട്ട് അതോറിറ്റി ലഭ്യമാക്കുന്ന വിവരങ്ങൾ പ്രകാരം 2020 മേയ് മുതൽ 2021 ഒക്ടോബർ വരെയുള്ള കാലയളവിൽ കേരളത്തിലെ എയർപോർട്ടുകൾ വഴി 33,55,230 പേർ വിദേശങ്ങളിലേയ്ക്ക് യാത്ര ചെയ്തിട്ടുണ്ട്. തിരിച്ചുപോകാൻ ആഗ്രഹിച്ചവരിൽ ഭൂരിഭാഗം പേരും തിരിച്ചുപോയിട്ടുണ്ടെന്ന് ഈ കണക്കുകൾ പ്രകാരം കരുതാവുന്നതാണ്.

(ബി) കോവിഡ്-19 നെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തിയ പ്രവാസികൾക്ക് നാട്ടിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നോർക്ക സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കോവിഡ്-19 നെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ടും മറ്റും തിരിച്ചെത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും തൊഴിൽസംരംഭ പദ്ധതികൾ ആവിഷ്കരിക്കുന്നതിലേയ്ക്കും 2021-22 ബഡ്ജറ്റിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. താഴെപ്പറയുന്ന തൊഴിൽ സംരംഭകത്വ പദ്ധതികളാണ് പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്.

1. <u>നാനോ എന്റർപ്രൈസ് അസിസ്റ്റന്റ്സ് സ്കീം (പ്രവാസി ഭദ്രത - പേൾ)</u>

അവിദഗ്ദ്ധ തൊഴിൽ മേഖലകളിൽനിന്നുള്ളവരും കുറഞ്ഞ വരുമാനപരിധിയിൽ വരുന്നവരുമായ പ്രവാസി കേരളീയർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി കുടുംബശ്രീവഴി പലിശരഹിത സംരംഭകത്വ വായ്പകളും പിന്തുണ സഹായങ്ങളും നൽകി സാമ്പത്തിക സ്വാശ്രയത്വം നൽകുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അപേക്ഷകൻ കുടുംബശ്രീ/അയൽക്കൂട്ട അംഗത്വം നേടിയ പ്രവാസിയോ അല്ലെങ്കിൽ അയൽക്കൂട്ട അംഗത്തിന്റെ കുടുംബാംഗമായ പ്രവാസിയോ ആയിരിക്കണം. പരമാവധി 2 ലക്ഷം രൂപ വരെയുള്ള പലിശരഹിത വായ്പയാണ് ലഭിക്കുന്നത്.

2. <u>മൈക്രോ എന്റർപ്രൈസ് അസിസ്റ്റന്റ്സ് സ്കീം (പ്രവാസി ഭദ്രത - മൈക്രോ)</u>

കെ.എസ്.എഫ്.ഇ മുഖേന സ്വയംതൊഴിൽ വായ്പ നൽകുന്ന പദ്ധതിയാണ് പ്രവാസി ഭദ്രത - മൈക്രോ. പരമാവധി 5 ലക്ഷം രൂപ വരെയുള്ള വായ്പയാണ്

ഇതിലൂടെ ലഭിക്കുന്നത്. അഞ്ചു ലക്ഷം രൂപ വായ്പാ തുകയിൽ ഒരു ലക്ഷം രൂപ മൂലധന സബ്സിഡി അനുവദിക്കുമെന്നതാണ് പദ്ധതിയുടെ സവിശേഷത. കൃത്യമായ തിരിച്ചടവുള്ളവർക്ക് ത്രൈമാസ കാലയളവിൽ പലിശ സബ്സിഡിയും നൽകുന്നതാണ്. പദ്ധതി നടത്തിപ്പിനായി KSFE-യുമായി നോർക്ക റൂട്ട്സ് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

3. <u>സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത - മെഗാ)</u>

സ്വയംതൊഴിൽ പദ്ധതികൾക്കായി KSIDC മുഖാന്തരം 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെ 8.25% മുതൽ 8.75% വരെ പലിശ നിരക്കിൽ വായ്പ നൽകുന്ന പദ്ധതിയാണ് പ്രവാസി ഭദ്രത - മെഗാ. പ്രസ്തുത പലിശ നിരക്കിൽ, 5% ഗുണഭോക്താവും 3.25% മുതൽ 3.75% വരെ പലിശ സബ്സിഡിയായി ത്രൈമാസ കാലയളവിൽ നോർക്ക റൂട്ട്സും അനുവദിക്കും.

4. <u>NDPREM</u>

മേൽ പദ്ധതികൾ കൂടാതെ തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിനാവശ്യമായ കൈത്താങ്ങൽ നൽകുന്ന നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) പദ്ധതി വിപുലീകരിക്കുകയും പദ്ധതി വിഹിതം 2021-22 സാമ്പത്തിക വർഷത്തിൽ 24.4 കോടി രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവർക്ക് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി) മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുന്നു. കൃഷി, വ്യവസായം, കച്ചവടം, സേവനങ്ങൾ, വാഹന വായ്പ, ഉത്പാദനം എന്നീ സംരംഭങ്ങൾക്കും സ്റ്റാർട്ട് അപ്പ് മിഷൻ മുഖേനയുള്ള പ്രോജക്ടുകൾക്കും ടി പദ്ധതി മുഖേന ബാങ്ക് വായ്പ ലഭ്യമാക്കി വരുന്നു.

(സി) ഇതിനോടകം എത്ര പേർ പ്രസ്തുത സഹായം സ്വീകരിച്ച് തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രവാസി ഭദ്രത പദ്ധതിയുടെ കീഴിലുള്ള ഉപപദ്ധതികളായ പ്രവാസി ഭദ്രത – പേൾ, പ്രവാസി ഭദ്രത-മൈക്രോ, പ്രവാസി ഭദ്രത-മെഗാ എന്നീ പദ്ധതികളിലേയ്ക്ക് ഗുണഭോക്താക്കളെ കണ്ടെത്തിക്കൊണ്ടിരിക്കുന്നു. തിരിച്ചു വരുന്ന പ്രവാസികളുടെ

സമഗ്ര പുനരധിവാസ പദ്ധതിയായ NDPREM-ൽ കോവിഡ് മഹാമാരി ആരംഭിച്ച 2020-2021 മുതൽ നാളിതുവരെയായി 1030 പ്രവാസികൾ ഗുണഭോക്താക്കളായിട്ടുണ്ട്.

## ലോക കേരള സഭ സമ്മേളനങ്ങളിൽ ഇറ്റലിയിൽനിന്നും പങ്കെടുത്ത പ്രതിനിധികൾ

67(5413) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭ സമ്മേളനങ്ങളിൽ ഇറ്റലിയിൽനിന്ന് പ്രതിനിധിയായി അനിത പുല്ലയിൽ എന്ന വ്യക്തി പങ്കെടുത്തിരുന്നോ?

പങ്കെടുത്തിരുന്നു.

(ബി) ഇവരെ പ്രതിനിധിയായി തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വിശദമാക്കാമോ?

റോമിലെ പ്രവാസി മലയാളി ഫെഡറേഷൻ സെക്രട്ടറിയായും ഈ സംഘടനയുടെതന്നെ ഗ്ലോബൽ വനിതാ പ്രതിനിധിയായും പ്രവർത്തിച്ചുവരുന്നു എന്ന് രേഖപ്പെടുത്തി ശ്രീമതി അനിത പുല്ലയിൽ, വ്യക്തി എന്ന നിലയിൽ ഇറ്റലിയിൽനിന്നും നാമനിർദ്ദേശം സമർപ്പിച്ചിരുന്നു. ചുമതലപ്പെട്ട കമ്മിറ്റി അവ പരിശോധിച്ചതിനുശേഷമാണ് അംഗമായി തെരഞ്ഞെടുത്തത്.

(സി) പ്രസ്തുത സമ്മേളനങ്ങളിൽ ഇറ്റലിയിൽനിന്ന് എത്ര പേരാണ് പ്രതിനിധികളായി പങ്കെടുത്തതെന്ന് അറിയിക്കുമോ; പ്രത്യേക പ്രതിനിധിയായി പങ്കെടുത്തത് ആരെല്ലാമെന്ന് വ്യക്തമാക്കുമോ?

ലോക കേരള സഭയുടെ ആദ്യ സമ്മേളനത്തിൽ ഇറ്റലിയിൽനിന്നും അംഗങ്ങളായ ശ്രീമതി അനിത പുല്ലയിൽ, സിസ്റ്റർ ഡാനി മേരി എന്നിവരും രണ്ടാം സമ്മേളനത്തിൽ അംഗമായ ശ്രീമതി അനിത പുല്ലയിലും പ്രത്യേക പ്രതിനിധിയായി ശ്രീ. ജോസ്. വി. ഫിലിപ്പുമാണ് പങ്കെടുത്തിരുന്നത്.

(ഡി) ഏതൊക്കെ സമ്മേളനങ്ങളിലാണ് അനിത പുല്ലയിൽ പങ്കെടുത്തതെന്ന് വെളിപ്പെടുത്തുമോ?

ലോക കേരള സഭയുടെ രണ്ടു സമ്മേളനങ്ങളിലും ശ്രീമതി അനിത പുല്ലയിൽ പങ്കെടുത്തിരുന്നു.

(ഇ) ഇവരുടെ യാത്ര, താമസം, മറ്റ് ചെലവുകൾ എന്നിവയ്ക്ക് സർക്കാർ ഖജനാവിൽനിന്നും എത്ര തുക ചെലവായെന്ന് വ്യക്തമാക്കുമോ?

ഖജനാവിൽനിന്ന് ഇവർക്കുമാത്രമായി പ്രത്യേക ചെലവുകളൊന്നും വഹിച്ചിരുന്നില്ല.

## ബ്രഹ്മോസ് എയ്റോസ്പേസ് തിരുവനന്തപുരം ലിമിറ്റഡിൽ അജ്ഞാതൻ കയറിയ സംഭവം

68(5414) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മോസ് എയ്റോസ്പേസ് തിരുവനന്തപുരം ലിമിറ്റഡിൽ അജ്ഞാതൻ കയറിയ സംഭവത്തിൽ ജീവനക്കാരെ ദ്രോഹിക്കുന്നതായ ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഇല്ല.

(ബി) ഇതുസംബന്ധിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ അശ്രദ്ധയും ഉത്തരവാദിത്തമില്ലായ്മയും സംബന്ധിച്ച് പോലീസിന് എന്തെങ്കിലും പരാതി ലഭിച്ചിരുന്നോയെന്ന് അറിയിക്കുമോ?

പോലീസിന് ഇത്തരത്തിൽ പരാതി ലഭിച്ചിട്ടില്ല. ബ്രഹ്മോസിൽ അജ്ഞാതൻ കയറിയതുമായി ബന്ധപ്പെട്ട് മാനേജിംഗ് ഡയറക്ടർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പേട്ട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2073/2021 U/s 447 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും അന്തിമ റിപ്പോർട്ട് ബഹുമാനപ്പെട്ട കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതുമാണ്.

(സി) ഇക്കാര്യത്തിൽ തൊഴിലാളി യൂണിയനുകൾ എന്തെങ്കിലും പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

പരാതി ലഭിച്ചിട്ടില്ല.

## ഹണിട്രാപ്പ് സംഭവം

69(5415) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാരെ കുടുക്കിയ ഹണിട്രാപ്പ് സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് തിരുവനന്തപുരം റൂറൽ പോലീസ് ജില്ലയിലെ പാങ്ങോട് പോലീസ് സ്റ്റേഷൻ ക്രൈം നം. 1454/2021 U/s 384, 385 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) ഈ സംഭവത്തിലെ പരാതിക്കാരനാരാണെന്ന് വ്യക്തമാക്കാമോ?

സുമേഷ് ലാൽ (സബ് ഇൻസ്പെക്ടർ) ആണ് ഈ കേസിലെ പരാതിക്കാരൻ.

(സി) പരാതിക്കാരനും ചേർന്നാണ് ഹണിട്രാപ്പിന് രൂപം നൽകിയതെന്ന് തെളിയിക്കുന്ന വിവരങ്ങൾ പുറത്തു വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

പ്രസ്തുത കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

(ഡി) ഈ കേസിന്റെ അന്വേഷണത്തിന് പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത കേസിൽ ഇപ്പോൾ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ 10-9-2021-ലെ ഉത്തരവ് നം. D1-48515/2021/T പ്രകാരം നെയ്യാറ്റിൻകര ഡി.വൈ.എസ്.പി.-യുടെ നേതൃത്വത്തിൽ അന്വേഷണം നടത്തി വരുന്നു.

(ഇ) എങ്കിൽ പ്രസ്തുത സംഘത്തിന്റെ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്താണെന്ന് വ്യക്തമാക്കാമോ?

കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കേസ് സംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ വെളിവാകുകയുള്ളൂ.

**ഫോറൻസിക് സയൻസ് ലാബിൽ പരിശോധനയ്ക്ക് എത്തിച്ച സാമ്പിളുകൾ**

70(5416) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫോറൻസിക് സയൻസ് ലാബിൽ പരിശോധനയ്ക്ക് എത്തിച്ച സാമ്പിളുകൾ ഉപയോഗശൂന്യമായെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് എത്രത്തോളം കേസുകളെയാണ് ബാധിക്കുകയെന്ന് ബോദ്ധ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സാമ്പിളുകൾ ഉപയോഗശൂന്യമാകാൻ പ്രധാന കാരണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇത് ഉദ്യോഗസ്ഥരുടെ വീഴ്ചമൂലമാണോയെന്ന് പരിശോധിക്കുമോ; ഇപ്രകാരം സാമ്പിളുകൾ ഉപയോഗശൂന്യമാക്കി മാറ്റുന്നതിന് ബോധപൂർവ്വമായ ശ്രമം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ-ഡി) സംസ്ഥാന ഫോറൻസിക് സയൻസ് ലാബിൽ പരിശോധനയ്ക്കെത്തിച്ച സാമ്പിളുകൾ ഉപയോഗശൂന്യമായിയെന്നത് സംബന്ധിച്ച് വന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വാർത്തയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വിഭാഗത്തിൽ നടത്തിയ വിശദമായ അന്വേഷണത്തിൽ പത്രവാർത്ത

വസ്തുതാവിരുദ്ധമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ വിവിധ വിഭാഗങ്ങളിൽ ശാസ്ത്രീയ പരിശോധനയ്ക്കായി ലഭിച്ച സാമ്പിളുകളൊന്നും ഉപയോഗശൂന്യമായിട്ടില്ലെന്ന് പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## പ്ലാന്റേഷൻ കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടർക്കെതിരെയുള്ള പരാതി

71(5417) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്കെതിരെ ലൈംഗികപീഡന പരാതി ലഭിച്ചിട്ടുണ്ടോ?

പരാതി ലഭിച്ചിട്ടുണ്ട്.

(ബി) തൊഴിൽ സ്ഥലത്ത് ലൈംഗികമായി പീഡിപ്പിച്ചു എന്ന വകുപ്പുകൾ ചേർത്താണോ പ്രസ്തുത പരാതിയിന്മേൽ പോലീസ് അന്വേഷണം നടത്തി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുള്ളത്; പ്രസ്തുത വകുപ്പുകൾ ചേർത്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

അല്ല, നിലവിലുള്ള നിയമപ്രകാരം തൊഴിൽ സ്ഥലത്തെ പീഡനം സംബന്ധിച്ച പരാതികൾക്ക് പ്രസ്തുത വകുപ്പിലെ ഇന്റേണൽ കമ്മിറ്റി അന്വേഷണം നടത്തി റിപ്പോർട്ട് ഹാജരാക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇതുവരേയും പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടില്ല. പരാതിയുടെ അടിസ്ഥാനത്തിൽ കോട്ടയം ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നം. 1425/2021 U/s 354(A)(1)(i)IPC പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇന്റേണൽ കമ്മിറ്റി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് കേസിലേയ്ക്ക് ഉചിതമായ വകുപ്പുകൾ കൂട്ടിച്ചേർത്ത് അന്വേഷണം നടത്തുന്നതാണ്.

(സി) എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് കേസ് എടുത്തതിനുശേഷം എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

പരാതിക്കാരിയുടെ 164 CrPC പ്രകാരമുള്ള മൊഴി രേഖപ്പെടുത്തിയും മറ്റു സാക്ഷികളുടെ മൊഴികൾ രേഖപ്പെടുത്തിയും പ്ലാന്റേഷൻ കോർപ്പറേഷനിലെ വിവിധ രേഖകൾ ബന്തവസ്സിൽ എടുത്തും അന്വേഷണം നടത്തിവരുന്നു.

(ഡി) വനിതാ ജീവനക്കാരി കോട്ടയം ജില്ലാ സൂപ്രണ്ടിന് നൽകിയ പരാതി കോട്ടയം ഡി.വൈ.എസ്.പി. അന്വേഷിച്ച ശേഷമാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് കേസ് എടുത്തതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വനിതാ ജീവനക്കാരി ജില്ലാ പോലീസ് മേധാവിക്ക് നൽകിയ പരാതി അന്വേഷണത്തിനായി കോട്ടയം ഡി.വൈ.എസ്.പി-ക്ക് അയച്ച് നൽകിയിട്ടുള്ളതും ആയതിന്മേൽ വിശദമായ പ്രാഥമിക അന്വേഷണം നടത്തി കുറ്റകൃത്യം വെളിവായതിന്റെ അടിസ്ഥാനത്തിലാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

## കായികപരിശീലനത്തിനായി നൽകുന്ന പെർമിറ്റുകൾ

72(5418) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ചട്ടങ്ങൾ പ്രകാരം കൊല്ലം ജില്ലയിലെ കായിക പരിശീലനത്തിനായി നാളിതുവരെ എത്ര പെർമിറ്റുകളാണ് പോലീസ് വകുപ്പിൽനിന്നും അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കൊല്ലം ജില്ലയിലെ കായിക പരിശീലനത്തിനായി നാളിതുവരെ മൂന്ന് പെർമിറ്റുകളാണ് നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത പെർമിറ്റുകളുടെ കാലാവധി എത്രയെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

അനുവദിച്ച രണ്ട് പെർമിറ്റുകളുടെ കാലാവധി രണ്ടു വർഷവും ഒരു പെർമിറ്റിന്റെ കാലാവധി ഒരു വർഷവുമാണ്.

(സി) പെർമിറ്റുകളുടെ കാലാവധിക്കുശേഷവും കായികപരിശീലനം നടത്തുന്നവർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കാലാവധിക്കുശേഷവും കായികപരിശീലനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പെർമിറ്റുകൾ ഇല്ലാതെ അനധികൃതമായി കായിക പരിശീലനം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഇത്തരം പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

## ക്രിമിനൽ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട പോലീസുകാർ

73(5419) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രിമിനൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ള പോലീസുകാരുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ?

നിലവിൽ 744 പോലീസുദ്യോഗസ്ഥർ ക്രിമിനൽ കേസുകളിൽ പ്രതികളായി ഉൾപ്പെട്ടിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞവരിൽ എത്ര പേർക്കെതിരെയാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്; ഇതിൽ സർവ്വീസിൽനിന്ന് പുറത്താക്കിയവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ?

ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള 744 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ നടപടി ചട്ടം പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 18 പേരെ സർവ്വീസിൽനിന്ന് പുറത്താക്കിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുള്ളവയിൽ വകുപ്പുതലത്തിലും ക്രിമിനൽ നടപടിക്രമം പ്രകാരവും സ്വീകരിച്ചിട്ടുള്ള നടപടികൾ എത്ര വീതമാണ്; വിശദാംശങ്ങൾ നൽകുമോ?

നിലവിലുള്ള ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള 691 പേർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള 744 പേർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്ത് ക്രിമിനൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കോവിഡ് വാറിയർ പുരസ്കാരം

74(5420) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ മുന്നണിപ്പോരാളികളായ പോലീസുകാർക്ക് സംസ്ഥാന പോലീസ് മേധാവിയുടെ കോവിഡ് വാറിയർ (Covid warrior) പുരസ്കാരം എന്ന പേരിൽ ഒരു ബാഡ്ജ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. കോവിഡ് -19 മഹാമാരിയുടെ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ജോലികളിൽ കുറഞ്ഞത് 30 ദിവസമെങ്കിലും നേരിട്ട് പങ്കെടുത്ത പോലീസ് ഉദ്യോഗസ്ഥരെ അനുമോദിച്ചുകൊണ്ട് ' കോവിഡ് വാറിയർ പിൻ' അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ബാഡ്ജിനായി പോലീസുകാരിൽനിന്നും 100 രൂപ ഈടാക്കിയിട്ടുണ്ടോ; അല്ലെങ്കിൽ 100 രൂപ ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ബാഡ്ജ് സൗജന്യമായാണോ നൽകുന്നതെന്ന് വ്യക്തമാക്കുമോ?

(ബി&സി) ഇല്ല. അർഹരായ ഉദ്യോഗസ്ഥർക്ക് സൗജന്യമായാണ് ' കോവിഡ് വാറിയർ പിൻ' അനുവദിക്കുന്നത്.

(ഡി) സംസ്ഥാനത്ത് പ്രസ്തുത പുരസ്കാര ബാഡ്ജ് എത്ര പോലീസുകാർക്ക് വിതരണം ചെയ്തുവെന്നും ഇനി എത്ര പേർക്ക് വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്നും വിശദമാക്കുമോ?

അർഹരായ ഉദ്യോഗസ്ഥർക്ക് നൽകുന്നതിനായി 5000 ' കോവിഡ് വാറിയർ പിൻ' വിവിധ യൂണിറ്റ് മേധാവികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം അനുസരിച്ച് അർഹരായ പോലീസ് ഉദ്യോഗസ്ഥർക്ക് ' കോവിഡ് വാറിയർ പിൻ' അനുവദിക്കുന്നതാണ്. കോവിഡ്-19-ന്റെ വ്യാപനം ഇനിയും പൂർണ്ണമായും അവസാനിക്കാത്തതിനാൽ എത്ര പേർക്കുകൂടി നൽകേണ്ടതായി വരുമെന്ന കാര്യം കണക്കാക്കാൻ കഴിയുകയില്ല.

(ഇ) പ്രസ്തുത പുരസ്കാര ബാഡ്ജിന് എത്ര രൂപ ചെലവഴിച്ചുവെന്നും പ്രസ്തുത തുക ഏത് ഇനത്തിൽനിന്നുമാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ?

കോവിഡ് വാറിയർ ബാഡ്ജിനായി പോലീസ് വെൽഫെയർ ഫണ്ടിൽ നിന്നും തിരിച്ചടയ്ക്കാമെന്ന വ്യവസ്ഥയിൽ 5,00,000 രൂപ (അഞ്ച് ലക്ഷം രൂപ) അനുവദിച്ചിട്ടുണ്ട്.

## സംസ്ഥാനത്തെ പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ

75(5421) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകൾ ഏതെല്ലാം; വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന Law & Order (Local) പോലീസ് സ്റ്റേഷനുകളുടെ വിവരം അനുബന്ധം 1 ആയും* വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകളുടെ വിവരം അനുബന്ധം 2 ആയും*ചേർത്തിട്ടുണ്ട്.

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും അനുവദിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൊല്ലം ജില്ലയിലെ ഇരവിപുരം പോലീസ് സ്റ്റേഷന് സ്വന്തമായി സ്ഥലവും കെട്ടിടവും അനുവദിക്കണമെന്ന ആവശ്യം അനുകൂലമായി പരിഗണിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇരവിപുരം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഇരവിപുരം വില്ലേജ് ബ്ലോക്ക് നമ്പർ 25 റീസർവ്വേ നമ്പർ 360/15/1 & 360/16-1 ൽ ഉൾപ്പെട്ട 0.0607 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമി ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് പോലീസ് വകുപ്പിന് ഉപയോഗാനുമതി അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭൂമിക്കുമേൽ SNDP യോഗം അധികൃതർ അവകാശം ഉന്നയിച്ചുകൊണ്ടുള്ള കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ സാധിച്ചിട്ടില്ല.

## സ്വപ്ന സുരേഷ് എന്ന വ്യക്തി ട്രിപ്പിൾ ലോക്ഡൗൺ ലംഘിച്ച് ഒളിവിൽ പോയ സംഭവം

76(5422) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വപ്ന സുരേഷ് എന്ന വ്യക്തി ട്രിപ്പിൾ ലോക്ഡൗൺ ലംഘിച്ച് തിരുവനന്തപുരത്തുനിന്ന് ഒളിവിൽ പോയി കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ താമസിച്ചിരുന്നോ; വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വ്യക്തി എവിടെയാണ് താമസിച്ചതെന്നും അവർക്ക് ഒളിത്താവളം ഒരുക്കിയതാരെന്നും വിശദമാക്കാമോ;

(സി) ട്രിപ്പിൾ ലോക്ഡൗൺ പ്രഖ്യാപിച്ചിരുന്ന സമയത്ത് ഇവർക്ക് ജില്ലാ അതിർത്തികൾ കടക്കാൻ സാധിച്ചതെങ്ങനെയെന്ന് വിശദമാക്കാമോ;

(ഡി) ഇവരെ സഹായിച്ച പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) തിരുവനന്തപുരത്തുനിന്ന് ഒളിവിൽ പോയ ഇവർ എന്നാണ് കേരളം വിട്ട് ബാംഗ്ലൂരിലേയ്ക്ക് പോയതെന്നറിയിക്കുമോ?

(എ-ഇ) സ്വപ്ന സുരേഷ് എന്ന വ്യക്തിയെ കേന്ദ്രസർക്കാർ ഏജൻസിയായ NIA ആണ് ബാംഗ്ലൂരിൽനിന്നും അറസ്റ്റ് ചെയ്തതായി അറിവായിട്ടുള്ളത്. സ്വപ്ന സുരേഷ് ട്രിപ്പിൾ ലോക്ഡൗൺ സമയത്ത് നടത്തിയതായി പറയുന്ന യാത്രകളുടെ വിവരങ്ങളോ ഒളിവിൽ താമസിച്ചിരുന്ന സ്ഥലത്തെക്കുറിച്ചുള്ള വിവരങ്ങളോ പോലീസ് വകുപ്പിൽ ലഭ്യമല്ല. പോലീസുദ്യോഗസ്ഥർ എന്തെങ്കിലും സഹായം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഒളിവിൽ കഴിയുന്ന സമയത്ത് ഇവരുടെ ശബ്ദസന്ദേശം എങ്ങനെയാണ് പുറത്തുവന്നതെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത ശബ്ദസന്ദേശം പുറത്തുവിട്ടയാൾക്ക് ഇത് എങ്ങനെ കിട്ടിയെന്ന് അന്വേഷിച്ചിട്ടുണ്ടോ;

(ജി) സ്വപ്ന സുരേഷ് എന്ന വ്യക്തി എവിടെവച്ചാണ് ഈ ശബ്ദ സന്ദേശം റെക്കോഡ് ചെയ്തതെന്നും ആർക്കാണ് ഇത് കൈമാറിയതെന്നും വ്യക്തമാക്കാമോ?

(എഫ്&ജി) ശബ്ദ സന്ദേശത്തിന്റെ ഉറവിടം ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമല്ല.

## അടിവാരം പോലീസ് സ്റ്റേഷൻ ആരംഭിക്കൽ

77(5423) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി പോലീസ് സ്റ്റേഷൻ ജനസംഖ്യാനുപാതികമായി വിഭജിച്ച് അടിവാരം കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) താമരശ്ശേരി പോലീസ് സ്റ്റേഷൻ വിഭജിച്ച് അടിവാരം കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## പോലീസിന്റെ പരിശീലന പരിപാടി

78(5424) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിന്റെ പരിശീലന പരിപാടിയുടെ ഭാഗമായി ഡിസാസ്റ്റർ മാനേജ്മെന്റ് മൊഡ്യൂൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

സംസ്ഥാന പോലീസിന്റെ പരിശീലന പരിപാടിയുടെ ഭാഗമായി 5 ദിവസത്തെ ഡിസാസ്റ്റർ മാനേജ്മെന്റ് മൊഡ്യൂൾ സബ് ഇൻസ്പെക്ടർമാരുടെയും റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾമാരുടെയും പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൊഡ്യൂളിൽ Introduction, Warning Systems and SOPs, Classification, Preparedness and response, Case Studies, First Aid, Refugee Camps, Fire Fighting and Rescue Operations, Handling emergencies involving hazardous goods etc. തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) നിലവിൽ പോലീസ് സേനയുടെ ഭാഗമായിരിക്കുന്നവർക്കും ഡിസാസ്റ്റർ മാനേജ്മെന്റിൽ പ്രത്യേക പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ദുരന്ത സാധ്യതയുള്ള മേഖലകളിൽ ജോലി ചെയ്തുവരുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് Disaster Management-ൽ പരിശീലനം ലഭിച്ചിട്ടുള്ള പോലീസുദ്യോഗസ്ഥരുടെയും ഫയർ ആൻഡ് റെസ്ക്യൂ വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെയും സേവനമുപയോഗിച്ച് പ്രകൃതി ദുരന്തം ഉണ്ടായാൽ നടത്തേണ്ട അടിയന്തര രക്ഷാപ്രവർത്തനത്തിനുംമറ്റുമുള്ള പരിശീലനം നൽകിവരുന്നുണ്ട്.

## കല്ലമ്പലം ജംഗ്ഷനിൽ സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നത്

79(5425) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലമ്പലം ജംഗ്ഷനിൽ ഗതാഗത നിയന്ത്രണത്തിനായി സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി പോലീസ് വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

കല്ലമ്പലം പോലീസ് സ്റ്റേഷൻ പരിധിയിലുള്ള കല്ലമ്പലം ജംഗ്ഷനിൽ ഗതാഗത നിയന്ത്രണത്തിനായി സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ?

സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി നടപടികൾ പൂർത്തിയാക്കി സമർപ്പിച്ച പ്രൊപ്പോസൽ റോഡ് സേഫ്റ്റി അതോറിറ്റി അംഗീകരിക്കുകയും വിശദമായ പഠനം നടത്തുവാൻ NATPAC-നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ വിശദാംശങ്ങൾ

80(5426) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആകെ പോലീസ് സ്റ്റേഷനുകളുടെ എണ്ണം എത്ര; ഇവയിൽ എത്ര സ്റ്റേഷനുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു; വിശദാംശം വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ആകെ 554 പോലീസ് സ്റ്റേഷൻ നിലവിലുണ്ട്. ഇതിൽ Law & Order Police Station (Local) – കളുടെ എണ്ണം 484 ആണ്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 42 പോലീസ് സ്റ്റേഷനുകൾ നിലവിലുണ്ട്. ഇതിനുപുറമേ മറ്റ് വിഭാഗങ്ങളിൽപ്പെടുന്ന താഴെപ്പറയുന്ന പോലീസ് സ്റ്റേഷനുകളും ഉണ്ട്.

1. Railway Police Station - 13

2. Vanitha Police Station - 14

3. Cyber Crime Police Station - 19

4. Coastal Police Station - 18

5. Kochi Metro Police Station - 01

6. Crime Branch Police Station - 01

7. Special Mobile Squad (SMS) Charging Police Station - 03

8. ATS Police Station (New) - 01

(ബി) സംസ്ഥാനത്ത് ശിശു സൗഹൃദ കേന്ദ്രംകൂടി ഉൾപ്പെടുന്ന എത്ര പോലീസ് സ്റ്റേഷനുകളുണ്ട്; ഇവയിലൂടെ കുട്ടികൾക്ക് പോലീസിന്റെ മഹത്വം മനസ്സിലാക്കാനുള്ള എന്തൊക്കെ അവസരങ്ങളാണ് നടപ്പാക്കിവരുന്നത്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ശിശു സൗഹൃദമായ 126 പോലീസ് സ്റ്റേഷനുകളാണുള്ളത്. ശിശു സൗഹൃദ സ്റ്റേഷനുകളിലൂടെ പ്രായം, ലിംഗം, മതം, ജാതി എന്നിവയിലെ വ്യത്യസ്തത പരിഗണിക്കാതെ കുട്ടികളെ അംഗീകരിക്കുകയും മാനസിക പിരിമുറുക്കം, വിഷാദം, ആത്മഹത്യാ പ്രവണത, ലഹരി ഉപയോഗം തുടങ്ങിയവ അനുഭവിക്കുന്ന കുട്ടികൾക്ക് നൽകേണ്ടതായ മാനസിക പിൻബലം നൽകുകയും

ഇത്തരത്തിലുള്ള കുട്ടികളെ മുൻവിധിയില്ലാതെ കേൾക്കുന്നതിനും വിലയിരുത്തുന്നതിനും ആവശ്യമെങ്കിൽ വിദഗ്ധ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇപ്രകാരം കുട്ടികളുടെ ആശ്രയ കേന്ദ്രം, മാർഗ്ഗദർശിനി എന്നിവയാണ് പോലീസ് എന്ന വ്യക്തമായ ബോദ്ധ്യം പോലീസ് സ്റ്റേഷനുകളെ സമീപിക്കുന്ന കുട്ടികളിൽ ഉണ്ടാക്കിയെടുക്കാൻ കഴിയുന്നു.

(സി) ഗെയിം അടക്കമുള്ള ഓൺലൈൻ ചതിക്കുഴികളിൽ കുടുങ്ങുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

എണ്ണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇത്തരം ചതിക്കുഴിയിൽ കുട്ടികൾപെട്ടുപോയതായ ചില സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) എങ്കിൽ ഇത്തരം കുട്ടികൾക്കായി ഡിജിറ്റൽ ഡീ അഡിക്ഷൻ കേന്ദ്രങ്ങൾ നിലവിൽ ശിശു സൗഹൃദ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകൾ മുഖേന തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

പോലീസ് വകുപ്പിൽ റേഞ്ച് തലത്തിൽ ഓരോ ഡിജിറ്റൽ ഡീ-അഡിക്ഷൻ സെന്ററുകൾ (Digital De-addiction Centers) 2022-23-ലെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

(ഇ) അഗതികൾക്ക് എല്ലാ ദിവസവും സൗജന്യ ഭക്ഷണം നൽകുന്നതോ, മത്സരപരീക്ഷകൾക്ക് പരിശീലനം നൽകുന്നതോ, പൊതു വായനശാലകൾ നടത്തുന്നതോ ആയിട്ടുള്ള പോലീസ് സ്റ്റേഷനുകളെ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

തിരുവനന്തപുരം റൂറൽ പോലീസ് ജില്ലയിലെ പാങ്ങോട് പോലീസ് സ്റ്റേഷനിൽ പി.എസ്.സി. കോച്ചിംഗ് സെന്ററും, തൃശ്ശൂർ സിറ്റി പോലീസ് ജില്ലയിലെ ചാവക്കാട്, തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിലെ കൊരട്ടി, കാസർഗോഡ് പോലീസ് ജില്ലയിലെ കാസർഗോഡ് എന്നീ പോലീസ് സ്റ്റേഷനുകളിൽ പൊതുജന പങ്കാളിത്തം, സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ എല്ലാ ദിവസവും അഗതികൾക്ക് സൗജന്യ ഉച്ചഭക്ഷണ വിതരണവും നടത്തിവരുന്നു. കൂടാതെ കോഴിക്കോട് സിറ്റി പോലീസ് ജില്ലയിലെ മാറാട് പോലീസ് സ്റ്റേഷനിൽ പബ്ലിക്ക് ലൈബ്രറിയും കണ്ണൂർ സിറ്റി പോലീസ് ജില്ലയിലെ തലശ്ശേരി, പാനൂർ എന്നീ പോലീസ് സ്റ്റേഷനുകളിൽ യുവതീ-

യുവാക്കൾക്ക് മത്സരപരീക്ഷകൾക്കുള്ള ക്ലാസുകളും കായികക്ഷമതയ്ക്കാവശ്യമായ പരിശീലനവും നടത്തിവരുന്നു.

**കൊടകര കുഴൽപ്പണക്കേസ്സിന്റെ അന്വേഷണം**

81(5427) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടകര കുഴൽപ്പണക്കേസ്സിന്റെ അന്വേഷണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

കൊടകര കുഴൽപ്പണ കവർച്ചക്കേസിലെ 22 പ്രതികൾക്കെതിരെ പ്രത്യേക അന്വേഷണ സംഘം ഇരിങ്ങാലക്കുട JFCM കോടതി മുമ്പാകെ 23-7-2021 തീയതി കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്. കുറ്റപത്രം സമർപ്പിച്ചതിനുശേഷം ഈ കേസിലേയ്ക്ക് കൂടുതൽ തെളിവുകൾ സംബന്ധിച്ച വിശ്വസനീയമായ വിവരം ലഭിച്ചതിനെത്തുടർന്ന് 23-9-2021 തീയതി തുടരന്വേഷണം സംബന്ധിച്ച് റിപ്പോർട്ട് ബഹുമാനപ്പെട്ട കോടതിക്ക് സമർപ്പിച്ച് അന്വേഷണം നടത്തിവരുന്നു.

(ബി) പ്രസ്തുത കേസിൽ പ്രതികളായവരെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഇതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെന്ന് കണ്ടെത്തിയ 22 പേരെയും അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. ടി കേസിന്റെ അന്വേഷണം തുടർന്നു വരുന്നു.

(സി) കുഴൽപ്പണത്തിന്റെ ഉറവിടം കണ്ടെത്താനായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

നാളിതുവരെയുള്ള അന്വേഷണത്തിൽ പോലീസിന് കണ്ടെത്താനായിട്ടില്ല. ഇത്തരം പണത്തിന്റെ ഉറവിടം സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തേണ്ടത് കേന്ദ്രസർക്കാർ ഏജൻസിയായ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റായതിനാൽ ഇതുസംബന്ധിച്ച റിപ്പോർട്ട് 1-6-2021, 2-8-2021 എന്നീ തീയതികളിൽ കൊച്ചിൻ എൻഫോഴ്സ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

**ദേശീയപാതയിൽ കക്കൂസ് മാലിന്യങ്ങൾ തള്ളുന്നുവെന്ന പരാതി**

82(5428) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതകളുടെ വിവിധ ഭാഗങ്ങളിൽ വ്യാപകമായി കക്കൂസ് മാലിന്യങ്ങൾ തള്ളുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇത്തരത്തിലുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) ദേശീയപാത 544-ൽ പുതുക്കാട് മണ്ഡലത്തിൽപ്പെട്ട തലോർ ബി.ആർ.ഡി.-ക്ക് എതിർവശത്തായി നിരന്തരം കക്കൂസ് മാലിന്യങ്ങൾ തള്ളുന്നത് സംബന്ധിച്ച് പഞ്ചായത്തിൽനിന്നും പോലീസിൽ നൽകിയ പരാതിയിന്മേൽ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിലെ പുതുക്കാട് പോലീസ് സ്റ്റേഷൻ പരിധിയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള BRD Car World-ന് എതിർവശത്ത് ദേശീയപാതയിൽ 19-3-2021-ൽ കക്കൂസ് മാലിന്യങ്ങൾ ശേഖരിച്ച് കൊണ്ടുവന്ന KL-59-B-8251 നമ്പർ ടാങ്കർ ലോറി റോഡരികിൽ നിർത്തി കക്കൂസ് മാലിന്യം നിക്ഷേപിക്കുവാൻ ശ്രമിച്ച കാര്യത്തിന് പുതുക്കാട് പോലീസ് സ്റ്റേഷൻ ക്രൈം നം.193/21 u/s 269, 277, 278, 34 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ പ്രദേശത്ത് നിരന്തരം കക്കൂസ് മാലിന്യങ്ങൾ തള്ളുന്നത് സംബന്ധിച്ച് നെന്മണിക്കര ഗ്രാമപഞ്ചായത്തിൽനിന്ന് പരാതികളൊന്നും പുതുക്കാട് പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടില്ല. എന്നാൽ കക്കൂസ് മാലിന്യം നിറച്ച KL-10 AA 4290, KL-10 BE 8462, KL-10 AK 2179, KL-08 AU 0737 എന്നീ വാഹനങ്ങൾ പാലിയേക്കര ബാഡ് ബോയ് പെട്രോൾ പമ്പിന് സമീപമുള്ള സർവ്വീസ് സ്റ്റേഷനോട് ചേർന്ന ഷെഡിൽ നിർത്തിയിട്ടിരിക്കുന്നതായി ഗ്രാമപഞ്ചായത്ത് അധികൃതർ കണ്ടെത്തുകയും 21-10-2021-ൽ സ്വീഷർ മഹസ്സർ തയ്യാറാക്കി പരാതി സഹിതം സ്റ്റേഷനിൽ 22-10-2021 -ന് സമർപ്പിക്കുകയും അതനുസരിച്ച് പുതുക്കാട് പോലീസ് സ്റ്റേഷൻ ക്രൈം 609/21 u/s 269 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്.

(സി) പാതയോരങ്ങളിലും മറ്റും കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ളവ തള്ളുന്ന ക്രിമിനലുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നിലവിലുള്ള നാമമാത്രമായ പിഴശിക്ഷ വർദ്ധിപ്പിച്ച് ജയിൽ ശിക്ഷ ഉൾപ്പെടെ ഉറപ്പ് വരുത്തുന്നതിനുമാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

1994-ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട്, വകുപ്പ് 340 പ്രകാരം ചവറോ മാലിന്യമോ പൊതുസ്ഥലങ്ങളിലിടുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ആക്ട് പ്രകാരം ചവറോ മാലിന്യമോ പൊതുസ്ഥലങ്ങളിൽ ഇടുകയോ ഇടുവിക്കുയോ

ചെയ്യുന്ന ആൾക്കെതിരെ തത്സമയം തന്നെ 250 രൂപയിൽ കവിയാത്ത തുക പിഴശിക്ഷയായി ചുമത്തേണ്ടതും അപ്രകാരം ചുമത്തിയ പിഴത്തുക പതിനഞ്ചു ദിവസത്തിനകം മുനിസിപ്പൽ ഫണ്ടിൽ അടയ്ക്കേണ്ടതും അപ്രകാരം അടയ്ക്കാത്തപക്ഷം അയാളുടെ മേൽ സെക്രട്ടറി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതുമാണ്. 340 (എ) വകുപ്പ് പ്രകാരം ചവറോ മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസുകളിലും നിക്ഷേപിക്കുന്നതിനെതിരെയുള്ള നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. 208 എ വകുപ്പ് (1)- ാം ഉപവകുപ്പ് പ്രകാരം മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായ ഒരു പൊതുജലമാർഗ്ഗത്തിലോ ജലാശയത്തിലോ അപ്രകാരമുള്ള ജലസ്രോതസ്സിലോ ചവറോ മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ നിക്ഷേപിക്കുകയോ അതിലേയ്ക്ക് മലിനജലം ഒഴുക്കുകയോ മറ്റ് ഏതെങ്കിലും വിധത്തിൽ ജലം ദൂഷിപ്പിക്കുകയോ, അത്തരം ഒരു പ്രവൃത്തി ചെയ്യുന്നതിന് ആരെയെങ്കിലും നിയമിക്കുകയോ, നിയോഗിക്കുകയോ, നിർബന്ധിക്കുകയോ, പ്രേരിപ്പിക്കുകയോ ചെയ്താൽ ആ കുറ്റം കൊഗ്നിസിബിളും ജാമ്യം ഇല്ലാത്തതുമാണ്. കൂടാതെ കുറ്റസ്ഥാപത്തിനുമേൽ പതിനായിരം രൂപയിൽ കുറയാതെയും 25,000 രൂപയിൽ കവിയാതെയുമുള്ള പിഴയും ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേയ്ക്ക് തടവും നൽകി ശിക്ഷിക്കുന്നു. 340 (എ) വകുപ്പ് പ്രകാരമുള്ള ഒരു കുറ്റകൃത്യം ചെയ്യുന്നതിനുള്ള ഉദ്ദേശ്യത്തോടെ മാലിന്യമോ വിസർജ്യ വസ്തുക്കളോ പൊതുസ്ഥലങ്ങൾ വഴി കടത്തിക്കൊണ്ടുപോകുന്നതോ, അഥവാ അപ്രകാരം നിക്ഷേപിക്കുന്നതിന് ഉപയോഗിച്ചതിനുശേഷം തിരികെ പോകുന്നതോ ആണെന്ന് ന്യായമായി സംശയിക്കാൻ കാരണമുള്ള വാഹനത്തെ വകുപ്പ് 340 (ബി) പ്രകാരം പിടിച്ചെടുത്ത് നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചശേഷം ആധികാരികതയുള്ള സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കുന്നു. അപ്രകാരം പിടിച്ചെടുക്കപ്പെട്ട ഒരു വാഹനം, അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചശേഷം വിട്ടുകൊടുക്കുകയോ കണ്ടുകെട്ടുകയോ ചെയ്യുന്നു. കണ്ടുകെട്ടുന്ന വാഹനങ്ങൾ ലേലം ചെയ്ത് തുക മുനിസിപ്പൽ ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുകയും ചെയ്യുന്നു.

**സംസ്ഥാന പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം**

83(5429) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയിലെ ആകെ അംഗബലം എത്രയെന്ന് വ്യക്തമാക്കാമോ; ആയതിൽ വനിതാ പ്രാതിനിധ്യം എത്രയെന്ന് തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്തെ പോലീസ് സേനയിലെ ആകെ അംഗബലം 51,626 (അൻപത്തിയൊന്നായിരത്തി അറുനൂറ്റി ഇരുപത്തിയാറ്) ആണ്. അതിൽ വനിതകളുടെ എണ്ണം 4,380 (നാലായിരത്തി മുന്നൂറ്റി എൺപത്) ആണ്. ആയത് തസ്തിക തിരിച്ച് അനുബന്ധമായി *ചേർക്കുന്നു.

(ബി) സംസ്ഥാനത്തെ പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം സർക്കാർ മുമ്പാകെയുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ഉണ്ട്; പരിശോധിച്ചു വരുന്നു.

(സി) സംസ്ഥാന പോലീസ് സേനയിൽ എത്ര ഐ.പി.എസ്. തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കാമോ; അതിൽ കേഡർ, നോൺ കേഡർ തസ്തികകൾ എത്രയെന്ന് അറിയിക്കാമോ?

സംസ്ഥാന പോലീസ് സേനയിൽ 94 ഐ.പി.എസ്. കേഡർ തസ്തികകളാണ് നിലവിലുള്ളത്. ഇവയിൽ നിലവിൽ 60 തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. ഇതിനുപുറമേ 15 എക്സ് കേഡർ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ, 4 സ്റ്റേറ്റ് ഡെപ്യൂട്ടേഷൻ തസ്തികകളിലും ഐ.പി.എസ് ഉദ്യോഗസ്ഥർ സേവനമനുഷ്ഠിക്കുന്നുണ്ട്. സംസ്ഥാന ഐ.പി.എസ്.-ൽ നോൺ കേഡർ തസ്തികകൾ നിലവിലില്ല.

(ഡി) കഴിഞ്ഞ 10 വർഷം സംസ്ഥാനത്തെ പോലീസ് സേനയിൽ ഐ.പി.എസ്. കൺഫർ ചെയ്ത ഉദ്യോഗസ്ഥരുടെ എണ്ണം അവരുടെ പേര് വിവരങ്ങൾ സഹിതം വ്യക്തമാക്കാമോ?

കഴിഞ്ഞ പത്ത് വർഷം സംസ്ഥാന പോലീസ് സേനയിൽ 76 ഉദ്യോഗസ്ഥർക്ക് ഐ.പി.എസ്. കൺഫർ ചെയ്തിട്ടുണ്ട്. ഈ ഉദ്യോഗസ്ഥരുടെ പേരു വിവരം അനുബന്ധമായി*ചേർത്തിട്ടുണ്ട്.

**ഇറ്റലിയിൽനിന്നുള്ള വ്യക്തിയുടെ പോലീസ് ആസ്ഥാന സന്ദർശനം**

84(5430) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറ്റലിയിൽ നിന്നുള്ള അനിത പുല്ലയിൽ എന്ന വ്യക്തി പോലീസ് ആസ്ഥാനത്ത് വന്നിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര പ്രാവശ്യം വന്നിരുന്നുവെന്നും പ്രസ്തുത വ്യക്തിയുടെ സന്ദർശനം ഏതൊക്കെ തീയതികളിൽ ആയിരുന്നുവെന്നും വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലീസ് ആസ്ഥാനത്തെ സന്ദർശക പുസ്തകത്തിലെ രേഖകളനുസരിച്ച് രണ്ടു തവണയാണ് സന്ദർശിച്ചിട്ടുള്ളത്. അത് 11-1-2019, 27-7-2019 എന്നീ തീയതികളിലാണ്.

(ബി) അന്നത്തെ ഡി.ജി.പി.-യുമായി ഇവർ കൂടിക്കാഴ്ച നടത്തിയിരുന്നോ?

കൂടിക്കാഴ്ച നടത്തിയിരുന്നു.

(സി) പ്രസ്തുത വ്യക്തി ഏതെങ്കിലും പരാതികൾ സമർപ്പിച്ചിരുന്നോയെന്നും എങ്കിൽ പ്രസ്തുത പരാതികൾ ഏതൊക്കെയെന്നും പരാതികളിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

സഹോദരനായ ലിൻസൺ എന്നയാളെ കാണ്മാനില്ലെന്നു കാണിച്ച് ശ്രീമതി ലിനിത വിത്സൺ കെ.എ., വെള്ളാങ്കല്ലൂർ എന്നയാളിന്റെ പരാതിയിന്മേൽ നിയമനടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പ്രവാസി മലയാളി ഫെഡറേഷൻ ഭാരവാഹി എന്ന നിലയിൽ ശ്രീമതി അനിത പുല്ലയിൽ മുൻ സംസ്ഥാന പോലീസ് മേധാവിയെ സന്ദർശിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ നിർദ്ദേശത്തെത്തുടർന്ന് പ്രസ്തുത പരാതിയിന്മേൽ ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിൽ ക്രൈം നം. 689/2019 u/s 57 KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. 31-8-2019-ന് റോമിലുള്ള ലിൻസണുമായി വീഡിയോ കോൾ മുഖാന്തരം ബന്ധപ്പെടുകയും തുടർന്ന് കേസ് Further Action Dropped (FAD) ആയി പരിഗണിച്ച് ബഹുമാനപ്പെട്ട കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

**ഉദ്യോഗാർത്ഥികളുടെ വെരിഫിക്കേഷൻ**

85(5431) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലേയ്ക്ക് നടക്കുന്ന വിവിധ റിക്രൂട്ട്മെന്റുകളിൽ ഉദ്യോഗാർത്ഥികൾക്കായി നടത്തുന്ന പോലീസ് വെരിഫിക്കേഷനുകളിൽ മാസ്ക് ധരിക്കാത്തതിന് പെറ്റി അടച്ചവരെയും അദാലത്തുകളിൽ പെറ്റി അടച്ച് കേസ് തീർപ്പാക്കിയവരെയും നിലവിൽ കേസിൽ ഉൾപ്പെട്ടിട്ടുള്ളവരോടൊപ്പം കാൻഡിഡേറ്റ്സ് ക്ലിയറൻസിന് വിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പെറ്റി കേസിൽപ്പെട്ടവരെയും കേസ് തീർപ്പാക്കിയവരെയും കാൻഡിഡേറ്റ്സ് ക്ലിയറൻസിന് വിടണമെന്നുള്ള സർക്കാർ ഉത്തരവോ, കോടതി ഉത്തരവുകളോ നിലവിലുണ്ടോ; എങ്കിൽ ഉത്തരവുകളുടെ പകർപ്പുകൾ നൽകാമോ?

ഉദ്യോഗാർത്ഥികളുടെ പോലീസ് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട് കോൺഫിഡൻഷ്യൽ രേഖയായി തരം തിരിച്ചിട്ടുള്ള 31-7-2006-ലെ സ.ഉ. (പി)നം.112/2006/ആഭ്യന്തരം നമ്പർ ഉത്തരവ് നിലവിലുണ്ട്.

(സി) കേസുകൾ അവസാനിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളുടെ വെരിഫിക്കേഷൻ കാൻഡിഡേറ്റ്സ് ക്ലിയറൻസിന് വിടുന്നതുമൂലം ഉദ്യോഗാർത്ഥികൾ ട്രെയിനിംഗിന് പ്രവേശിക്കുന്നതിന് വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുമൂലം ആദ്യ ബാച്ചിൽ പോകാൻ അർഹരായവർക്ക് അവസരം നഷ്ടപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. കേസുകൾ അവസാനിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളുടെ വെരിഫിക്കേഷൻ ക്ലിയറൻസിന് വിടുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുന്നതിനുള്ള കാലതാമസം മാത്രമേ സാധാരണ ഉണ്ടാകാറുള്ളൂ. അതുമൂലം അർഹരായവർക്ക് അവസരം നഷ്ടപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പെറ്റി കേസുകൾ അവസാനിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളിൽ കേസ് തീർപ്പാക്കിയ ജഡ്ജ്മെന്റ്, എ.പി.പി.-യുടെ ലീഗൽ ഒപീനിയൻസ് സർട്ടിഫിക്കറ്റ്, വൂണ്ട് സർട്ടിഫിക്കറ്റ് എന്നിവ കൈവശമുള്ളവരുടെ വെരിഫിക്കേഷൻ നടപടികൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

പെറ്റി ഒഫെൻസ് കേസുകളിൽ എ.പി.പി.-യുടെ ലീഗൽ ഒപ്പീനിയൻ സർട്ടിഫിക്കറ്റ്, വൂണ്ട് സർട്ടിഫിക്കറ്റ് എന്നിവ സാധാരണ ആവശ്യമില്ല. എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത കേസുകൾ അവസാനിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അനുബന്ധ രേഖകൾ, മറ്റ് വെരിഫിക്കേഷൻ റിപ്പോർട്ടുകൾ എന്നിവ ലഭിച്ചാലുടൻതന്നെ അനന്തര നടപടികൾ സ്വീകരിക്കുന്നുണ്ട്.

**സംസ്ഥാന ഫോറൻസിക് ലാബിൽ എത്തിച്ച സാമ്പിളുകൾ**

86(5432) ശ്രീ. നജീബ് കാന്തപുരം:

ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫോറൻസിക് ലാബിൽ പരിശോധനയ്ക്കായി എത്തുന്ന സാമ്പിളുകൾ നശിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇത്തരം സാമ്പിളുകളിൽ പോക്സോ കേസ്സുകളുമായി ബന്ധപ്പെട്ട സാമ്പിളുകൾ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സാമ്പിളുകൾ ഉപയോഗശൂന്യമാകുന്നത് കോടതിയിൽ നിലവിലുള്ള കേസ്സുകളെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(എ-സി) സംസ്ഥാന ഫോറൻസിക് ലാബിൽ പരിശോധനയ്ക്കായി എത്തുന്ന സാമ്പിളുകൾ നശിക്കുന്നതായ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വാർത്തയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വിഭാഗത്തിൽ നടത്തിയ വിശദമായ അന്വേഷണത്തിൽ പത്രവാർത്ത വസ്തുതാവിരുദ്ധമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ വിവിധ വിഭാഗങ്ങളിൽ ശാസ്ത്രീയ പരിശോധനയ്ക്കായി ലഭിച്ച സാമ്പിളുകളൊന്നുംതന്നെ ഉപയോഗ ശൂന്യമായിട്ടില്ല എന്ന് പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## തിരുവനന്തപുരം പേരൂർക്കടയിൽ പ്രസവിച്ച കുഞ്ഞിനെ വീട്ടുകാർ എടുത്തുമാറ്റി എന്ന പരാതി

87(5433) ശ്രീ. എം. വിൻസെന്റ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പേരൂർക്കടയിൽ പ്രസവിച്ച കുഞ്ഞിനെ വീട്ടുകാർ എടുത്തുമാറ്റി ശിശുക്ഷേമ സമിതിയെ ഏല്പിച്ചു എന്നുകാണിച്ച് യുവതി സമർപ്പിച്ച പരാതി മുഖ്യമന്ത്രിക്ക് ലഭിച്ചിരുന്നോ?

13-7-2021-ൽ ഒരു പരാതി ലഭിച്ചിരുന്നു.

(ബി) പ്രസ്തുത പരാതിയിൽ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ; ഈ പരാതിയിൽ സർക്കാർ അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഈ പരാതിയിൽ കേസ് രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കേസിന്റെ വിശദവിവരങ്ങളും സ്വീകരിച്ച നടപടിയും വ്യക്തമാക്കാമോ?

(ബി&സി) പരാതിയിൽ പോലീസ് അന്വേഷണം നടത്തിയിരുന്നു. ശിശുക്ഷേമ സമിതിവഴിയോ ബഹുമാനപ്പെട്ട കോടതി മുഖേനയോ പ്രസ്തുത

പരാതിയിൽ പരിഹാരം കാണുന്നതിനായി പരാതി കക്ഷിക്ക് 19-9-2021-ന് മറുപടി നൽകിയിട്ടുള്ളതുമാണ്. തുടർന്ന് സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ പരാതിയിൽ തിരുവനന്തപുരം ജില്ലാ ഗവൺമെന്റ് പ്ലീഡറുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ പേരൂർക്കട പോലീസ് സ്റ്റേഷൻ ക്രൈം നം. 1842/2021 U/s 343, 361, 471, & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വിഷയം സമഗ്രമായി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി വനിതാ ശിശു വികസന വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## സ്ത്രീധന പീഡനങ്ങൾ തടയുന്നതിനുള്ള നടപടി

88(5434) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീധന പീഡനങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വണ്ടൂർ നിയോജകമണ്ഡലത്തിലെ മമ്പാട്, പന്തലിങ്ങലിൽ മകൾക്കെതിരെയുണ്ടായ സ്ത്രീധന പീഡനത്തിൽ മനംനൊന്ത് മൂസക്കുട്ടി എന്നയാൾ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സംഭവത്തിൽ കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സംഭവത്തിൽ 23-9-2021-ൽ വണ്ടൂർ പോലീസ് സ്റ്റേഷൻ ക്രൈം നം. 339/21 U/s 174 Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്ന് Section alter ചെയ്ത് 306 IPC ആയി അന്വേഷണം തുടർന്നുവരികയുമാണ്. കൂടാതെ ടിയാളുടെ മകളുടെ പരാതി പ്രകാരം നിലമ്പൂർ പോലീസ് സ്റ്റേഷനിൽ 3-10-2021-ൽ ക്രൈം നം. 522/21 u/s 498(A), 406 r/w 34 IPC പ്രകാരം മറ്റൊരു കേസ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിൽ കൂടുതൽ അന്വേഷണം നടത്തിയതിൽ വെളിവായ വസ്തുതകളുടെ അടിസ്ഥാനത്തിൽ 7-10-2021-ന് Sec. 4 of Dowry Prohibition Act 1961-ഉം 8-10-2021-ന് Sec. 323, 324 IPC-യും കൂട്ടിച്ചേർത്ത് അന്വേഷണം നടത്തിവരുന്നു. കേസിൽ യുവതിയുടെ ഭർത്താവായ അബ്ദുൾ ഹമീദ്, മാതാവ് ഫാത്തിമ, പിതാവ് ഇസ്മായിൽ തുടങ്ങിയവരെ പ്രതി ചേർത്തിട്ടുള്ളതും യുവതിയുടെ ഭർത്താവും ഒന്നാം പ്രതിയുമായ

അബ്ദുൾ ഹമീദിനെ 6-10-2021-ന് അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ഈ രണ്ട് കേസുകളിലേയും കുറ്റക്കാർക്ക് പരമാവധി ശിക്ഷ ലഭിക്കുന്നതിനാവശ്യമായ എല്ലാ തെളിവുകളും ശേഖരിച്ച് നിലമ്പൂർ ഡി.വൈ.എസ്.പി.-യുടെ മേൽനോട്ടത്തിൽ കേസുകൾ ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

## വനിതകൾക്ക് നേരെയുള്ള അക്രമം, പീഡനം എന്നിവ സംബന്ധിച്ച കണക്കുകൾ

89 (5435) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകൾക്ക് നേരെയുള്ള അക്രമം, പീഡനം എന്നിവ സംബന്ധിച്ച് 2020 മുതൽ 2021 സെപ്തംബർ 30 വരെ മുഖ്യമന്ത്രിക്കും പോലീസിനും എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ലഭിച്ച പരാതികളിൽ എത്ര എണ്ണം തീർപ്പാക്കിയിട്ടുണ്ട്; എത്ര പരാതികളിൽ തുടരന്വേഷണം നടന്നുവരുന്നുണ്ടെന്നും വിശദീകരിക്കുമോ?

വിവരം അനുബന്ധം 1 ആയി* ചേർക്കുന്നു.

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് എത്ര വനിതകൾ ആത്മഹത്യ ചെയ്തിട്ടുണ്ട്; കണക്കുകൾ വിശദമാക്കാമോ?

ഈ കാലയളവിൽ 3262 വനിതകൾ ആത്മഹത്യ ചെയ്തിട്ടുണ്ട്.

(സി) വനിതകൾക്കിടയിലുള്ള ആത്മഹത്യ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ പ്രധാന കാരണങ്ങൾ എന്തെല്ലാമാണെന്നത് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വനിതകൾക്കിടയിലെ ആത്മഹത്യയിൽ നേരിയ വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടുംബ പ്രശ്നങ്ങളും മാനസിക സംഘർഷങ്ങളുമാണ് പ്രധാന കാരണങ്ങളായി കരുതുന്നത്.

## കുറ്റ്യാടി ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ്

90(5436) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപത്തട്ടിപ്പ് സംബന്ധിച്ച അന്വേഷണത്തിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ?

കുറ്റ്യാടി ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപത്തട്ടിപ്പുമായി ബന്ധപ്പെട്ട് കോഴിക്കോട് റൂറൽ ജില്ലയിലെ കുറ്റ്യാടി, നാദാപുരം, പയ്യോളി എന്നീ പോലീസ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്റ്റേഷൻ പരിധികളിലായി രജിസ്റ്റർ ചെയ്തിട്ടുള്ള 13 കേസുകൾ നിലവിൽ അന്വേഷണാവസ്ഥയിലാണ്.

(ബി) പ്രസ്തുത നിക്ഷേപത്തട്ടിപ്പ് നടത്തിയവരുടെ സ്വത്തുക്കൾ കൈമാറുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

പ്രസ്തുത നിക്ഷേപത്തട്ടിപ്പ് നടത്തിയവരുടെ സ്വത്ത് വിവരം കണ്ടെത്തി അറിയിക്കുന്നതിലേയ്ക്കായി വില്ലേജ് ഓഫീസർക്കും ഇവരുടെ വസ്തു കൈമാറ്റം ചെയ്യുന്നത് തടയണമെന്നാവശ്യപ്പെട്ട് രജിസ്ട്രാർക്കും ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിന് ബാങ്കുകളിലും അപേക്ഷ നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത തട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത തട്ടിപ്പുമായി ബന്ധപ്പെട്ട് പയ്യോളി, നാദാപുരം, കുറ്റ്യാടി എന്നീ പോലീസ് സ്റ്റേഷൻ പരിധികളിൽ രജിസ്റ്റർ ചെയ്ത 13 കേസുകളിൽ 8 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ തട്ടിപ്പിനിരയായവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിക്കുന്ന നടപടികളുടെ വിശദാംശം നല്കാമോ?

കേസുകളെല്ലാം നിലവിൽ അന്വേഷണാവസ്ഥയിലാണ്.

**സദാചാര പോലീസ്**

91(5437) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. ടി. വി. ഇബ്രാഹിം:</u>
<u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സദാചാര പോലീസ് പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എവിടെയെല്ലാം സദാചാര പോലീസിന്റെ ആക്രമണം ഉണ്ടായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് സദാചാര പോലീസ് പ്രവർത്തിക്കുന്നതായി റിപ്പോർട്ടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സദാചാര സംരക്ഷകരാണെന്ന് ചമഞ്ഞ് ആക്രമണം നടത്തിയ ഒരു സംഭവം ഈ സർക്കാരിന്റെ കാലത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സദാചാര ഗുണ്ടകളെ നിയന്ത്രിച്ച് പ്രസ്തുത സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ പോലീസ് നിതാന്ത ജാഗ്രത പുലർത്തിവരുന്നു. ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്ക് മാതൃകാപരമായ ശിക്ഷ ലഭിക്കത്തക്കവണ്ണം കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

**ഭീകരവാദ പ്രവർത്തനം തടയുന്നതിന് കേന്ദ്ര ഫണ്ട്**

92(5438) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സംസ്ഥാനത്ത് ഭീകരവാദ പ്രവർത്തനം തടയുന്നതിന് കേന്ദ്ര ഫണ്ടായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുകയിൽ ഇതിനോടകം ചെലവഴിച്ചിട്ടുള്ള തുക എത്ര; ഇതിന്റെ വരവുചെലവുകൾ ഏതൊക്കെ വകുപ്പുകളാണ് കൈകാര്യം ചെയ്യുന്നത്; വെളിപ്പെടുത്തുമോ?

(എ&ബി)

1. Security Related Expenditure സ്കീമിൽ 2018-19, 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 38.455 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. റീ-ഇംബേഴ്സ്മെന്റ് വ്യവസ്ഥയിൽ കേന്ദ്രവും സംസ്ഥാനവും 60:40 അനുപാതത്തിൽ ഈ തുക ലഭ്യമാക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൽ കേന്ദ്ര വിഹിതത്തിന്റെ 25% തുക മാത്രമേ കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടുള്ളൂ. ഏകദേശം 52% തുക ഇതിനോടകം ചെലവഴിച്ചുകഴിഞ്ഞു.

2. Special Infrastructure സ്കീമിൽ 2017-18, 2018-19, 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 6 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ തുക റീ-ഇംബേഴ്സ്മെന്റ് വ്യവസ്ഥയിൽ കേന്ദ്രവും സംസ്ഥാനവും 60:40 അനുപാതത്തിൽ ലഭ്യമാക്കുവാനാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതിൽ കേന്ദ്രവിഹിതത്തിന്റെ 25% തുക മാത്രമേ ലഭിച്ചിട്ടുള്ളൂ. ഏകദേശം 90% തുക ഇതിനോടകം ചെലവഴിച്ചുകഴിഞ്ഞു. മലപ്പുറം, വയനാട്, പാലക്കാട് ജില്ലകളിലെ മാവോയിസ്റ്റ് സാന്നിദ്ധ്യത്തിന്റെ പശ്ചാത്തലത്തിലാണ് കേരളത്തെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പോലീസ് വകുപ്പാണ് ഇതിന്റെ വരവുചെലവുകൾ കൈകാര്യം ചെയ്യുന്നത്.

(സി) പ്രസ്തുത തുക ഏതൊക്കെ ഇനത്തിൽ എത്ര രൂപ വീതം ചെലവഴിച്ചുവെന്ന് വിശദമാക്കുമോ;

(ഡി) മേൽപ്പറഞ്ഞ പണം ചെലവഴിക്കുന്നതിന് എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് കേന്ദ്രസർക്കാർ നൽകിയിട്ടുള്ളതെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

(സി&ഡി) മേൽ പദ്ധതികളുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് തുക ചെലവഴിച്ചിട്ടുള്ളത്. Security Related Expenditure Scheme-മായി ബന്ധപ്പെട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, Special Infrastructure സ്കീമുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ താഴെ പറയുന്നവയാണ്:

Security Related Expenditure Scheme:-പോലീസുദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുക, ആയുധങ്ങൾ വാങ്ങുക, മാവോയിസ്റ്റ് മേഖലകളിലെ ജനങ്ങളുടെ സാമൂഹ്യക്ഷേമത്തിനും ആരോഗ്യ പരിപാലനത്തിനും ഉതകുന്ന ക്യാമ്പുകൾ ഉൾപ്പെടെ സംഘടിപ്പിക്കുക, സ്പെഷ്യൽ പോലീസ് ഓഫീസർമാർക്ക് ഓണറേറിയം നൽകുക, മാവോയിസ്റ്റ് കാഡറുകളുടെ പുനരധിവാസം, വാഹനങ്ങൾ വാടകയ്ക്ക് എടുക്കുക, മാവോയിസ്റ്റ് മേഖലകളിലെ പോലീസ് സ്റ്റേഷനുകൾ ശക്തിപ്പെടുത്തുക, സെക്യൂരിറ്റി ജീവനക്കാർക്ക് ഇൻഷ്വറൻസ് പ്രീമിയം നൽകുക.

Special Infrastructure Scheme:- ഫീൽഡ് ഉദ്യോഗസ്ഥർക്ക് അവശ്യം വേണ്ട ബുള്ളറ്റ് പ്രൂഫ് ജാക്കറ്റ്, കൂടാതെ അത്യാധുനിക ക്യാമറകൾ ഉൾപ്പെടെയുള്ള സുരക്ഷാ ഉപകരണങ്ങൾ വാങ്ങുക, വയർലെസ്സ് സെറ്റുകൾ വാങ്ങുക, കമ്പ്യൂട്ടർ ഉപകരണങ്ങൾ, ഫോട്ടോകോപ്പിയർ, പ്രിന്ററുകൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങുക, ആഭ്യന്തര സുരക്ഷാ സംവിധാനം സംസ്ഥാനത്ത് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ഇന്റലിജൻസ് ഓഫീസിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, കൂടാതെ പോലീസുദ്യോഗസ്ഥർക്ക് വിവിധ പരിശീലനങ്ങൾക്കുതകുന്ന തരത്തിലുള്ള അത്യാധുനിക ഉപകരണങ്ങൾ വാങ്ങുക.

**പീഡനക്കേസ് ഒതുക്കിത്തീർക്കാൻ പോലീസ് മധ്യസ്ഥത**

93(5439) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നോർത്ത് പോലീസ് സ്റ്റേഷനിൽ പീഡനക്കേസ് ഒതുക്കിത്തീർക്കാൻ പോലീസ് മധ്യസ്ഥതയിൽ പത്തുലക്ഷം രൂപ പ്രതിയിൽനിന്നും വാങ്ങി സംഭവത്തിലെ ഇരയ്ക്ക് നൽകാൻ ശ്രമിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ് ഒതുക്കിത്തീർക്കാൻ പോലീസ് അഞ്ച് ലക്ഷം രൂപ വിലയിട്ടതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം നിലപാട് സ്വീകരിച്ചവർക്കെതിരെ എന്ത് വകുപ്പുതല നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസന്വേഷണം തുടർന്നും നോർത്ത് പോലീസ് സ്റ്റേഷനെത്തന്നെയാണോ ഏൽപ്പിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

(എ-സി) പോലീസിന്റെ ഭാഗത്ത് വീഴ്ചയുണ്ടെന്ന ആരോപണം സംബന്ധിച്ച പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്വമേധയാ കേസെടുക്കുകയുണ്ടായി. ഇതിന്മേലുള്ള ബഹുമാനപ്പെട്ട കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചി പോലീസ് കമ്മീഷണർ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് എറണാകുളം നോർത്ത് പോലീസ് രജിസ്റ്റർ ചെയ്ത 1115/21, 1149/21 എന്നീ ക്രൈം കേസുകളുടെ അന്വേഷണം ജില്ലാ ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണർക്ക് കൈമാറിയിട്ടുണ്ട്.

**വർക്കല, അയിരൂർ പോലീസ് സ്റ്റേഷനുകളിൽ നിലവിലുള്ള ഒഴിവുകൾ**

94(5440) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ വർക്കല, അയിരൂർ പോലീസ് സ്റ്റേഷനുകളിൽ അനുവദിക്കപ്പെട്ട തസ്തികകളിലെല്ലാം ഉദ്യോഗസ്ഥർ നിലവിലുണ്ടോ?

വർക്കല നിയോജകമണ്ഡലത്തിലെ വർക്കല, അയിരൂർ പോലീസ് സ്റ്റേഷനുകളിൽ SI, ASI, CPO എന്നിവരുടെ ഒഴിവുകൾ നിലവിലുണ്ട്.

(ബി) ഒഴിവ് നിലവിലുണ്ടെങ്കിൽ ടൂറിസം മേഖല ഉൾപ്പെടുന്ന പ്രസ്തുത സ്റ്റേഷനുകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

വർക്കല, അയിരൂർ പോലീസ് സ്റ്റേഷനുകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ പോലീസ് മേധാവി സ്വീകരിച്ചിട്ടുണ്ട്.

## എറണാകുളം നോർത്ത് പോലീസ് സ്റ്റേഷനിൽ പീഡനക്കേസ് ഒതുക്കിത്തീർക്കാൻ ശ്രമിച്ചതിനെതിരെയുള്ള പരാതി

95(5441) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നോർത്ത് പോലീസ് സ്റ്റേഷനിൽ പീഡനക്കേസ് ഒതുക്കിത്തീർക്കാൻ പോലീസ് മധ്യസ്ഥതയിൽ പത്തുലക്ഷം രൂപ പ്രതിയിൽനിന്നും വാങ്ങി ഇരയ്ക്ക് നൽകാൻ ശ്രമിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) കേസ് ഒതുക്കിത്തീർക്കാൻ അഞ്ച് മക്കൾക്ക് പോലീസ് അഞ്ച് ലക്ഷം രൂപ വിലയിട്ടതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം നിലപാട് സ്വീകരിച്ചവർക്കെതിരെ എന്തെല്ലാം വകുപ്പുതല നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസന്വേഷണം തുടർന്നും നോർത്ത് പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർക്കുതന്നെയാണോ നല്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ-സി) പോലീസിന്റെ ഭാഗത്ത് വീഴ്ചയുണ്ടെന്ന ആരോപണം സംബന്ധിച്ച പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്വമേധയാ കേസെടുക്കുകയുണ്ടായി. ഇതിന്മേലുള്ള ബഹുമാനപ്പെട്ട കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചി പോലീസ് കമ്മീഷണർ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് എറണാകുളം നോർത്ത് പോലീസ് രജിസ്റ്റർ ചെയ്ത 1115/21, 1149/21 എന്നീ ക്രൈം കേസുകളുടെ അന്വേഷണം ജില്ലാ ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണർക്ക് കൈമാറിയിട്ടുണ്ട്.

## മാവൂർ ഗ്വാളിയർ റയോൺസിന്റെ ഭൂമി കയ്യടക്കൽ

96(5442) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയർ റയോൺസിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ ഉപേക്ഷിക്കപ്പെട്ട കെട്ടിടങ്ങളും കാടുകയറിയ സ്ഥലങ്ങളും വന്യമൃഗങ്ങളും

സാമൂഹ്യവിരുദ്ധരും കയ്യടക്കിയതുകാരണം കൃഷിക്കാർക്കും പൊതു സമൂഹത്തിനുമുണ്ടാകുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇതുസംബന്ധിച്ച് പോലീസ് എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവൂർ ഗ്വാളിയർ റയോൺസിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ഉൾപ്പെടുന്ന പ്രദേശത്ത് ഉപേക്ഷിക്കപ്പെട്ട കെട്ടിടങ്ങളും മറ്റും കാടുകയറിക്കിടക്കുന്നത് സാമൂഹ്യവിരുദ്ധർ താവളമാക്കുന്നുവെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ടി പ്രദേശത്ത് പോലീസ് റെയ്ഡുകൾ നടത്തിയിട്ടുള്ളതും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലേർപ്പെട്ടിരുന്നവർക്കെതിരെ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. ടി പ്രദേശത്തെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് ശക്തമായ പോലീസ് പട്രോളിംഗ് നടത്തിയും മഫ്തിയിൽ പോലീസുദ്യോഗസ്ഥരെ നിയോഗിച്ചും നിരീക്ഷണം നടത്തിവരുന്നുണ്ട്.

## പരപ്പനങ്ങാടി കോടതി സമുച്ചയം

97(5443) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി കോടതി സമുച്ചയ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുവേണ്ടിയുള്ള സി.4/276/2018/ആഭ്യന്തര ഫയലിൽ അനുകൂല നടപടി സ്വീകരിക്കുമോ;

(ബി) ഈ പ്രവൃത്തിക്ക് അനുമതി നൽകുന്നതിന് ഹൈക്കോടതി രണ്ട് പ്രാവശ്യം സർക്കാരിന് കത്ത് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) കേന്ദ്ര സർക്കാരിൽനിന്നും കോടതി സമുച്ചയ നിർമ്മാണങ്ങൾക്കായി ലഭ്യമായ തുകയും അതിന്റെ ധനവിനിയോഗവും സംബന്ധിച്ച വിശദാംശങ്ങൾ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. അത് ലഭ്യമാകുന്ന മുറയ്ക്ക് പരപ്പനങ്ങാടി കോടതി സമുച്ചയ നിർമ്മാണത്തിന്റെ കാര്യവും പരിശോധിക്കാവുന്നതാണ്.

(സി) സ്ഥല സൗകര്യമില്ലാത്തതിനാൽ പല കോടതികളും ആരംഭിക്കാനാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

കോടതികൾ ആരംഭിക്കുന്നതിന് അനുയോജ്യമായ കെട്ടിടം കണ്ടെത്തി സർക്കാരിലേയ്ക്ക് അറിയിക്കുന്നത് ഹൈക്കോടതിയാണ്.

## കരുനാഗപ്പള്ളി കോടതി സമുച്ചയ നിർമ്മാണം

98(5444) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കരുനാഗപ്പള്ളി കോടതി സമുച്ചയ നിർമ്മാണത്തിന് ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കരുനാഗപ്പള്ളി കോടതി സമുച്ചയ നിർമ്മാണത്തിന് താഴെപ്പറയുംപ്രകാരം ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ട്.

| | |
|---|---|
| 2017-18 | 9,30,000 |
| 2018-19 | 10,22,000 |
| 2019-20 | 16,70,000 |
| 2020-21 | 16,92,000 |
| 2021-22 | 13,95,000 |

## ഹൈക്കോടതി 14-9-2021-ൽ ഡബ്ല്യൂ.പി. (സി) 14305/2021-ന് നൽകിയ അന്തിമ വിധിന്യായം

99(5445) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് അതിക്രമവുമായി ബന്ധപ്പെട്ട് ഹൈക്കോടതി 14-9-2021-ൽ ഡബ്ല്യൂ.പി.(സി) 14305/2021 എന്ന അന്യായത്തിൽ നൽകിയ അന്തിമ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത വിധിന്യായത്തിൽ പരാമർശിക്കുന്നതും മനുഷ്യാവകാശ ലംഘനം, സ്വകാര്യത നിയമ ലംഘനം എന്നിവ പോലീസിനെതിരെ ആരോപിച്ച് ഡി.ജി.പി.-ക്ക് സമർപ്പിച്ചതുമായ പരാതിയിന്മേൽ എ.ഐ.ആർ 2017 എസ്.സി 4161, എ.ഐ.ആർ 1997 എസ്.സി 568 എന്നീ അന്യായങ്ങളിൽ സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത നടപടികൾ എത്ര ദിവസത്തിനുള്ളിൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ-സി) പ്രസ്തുത പരാതിയിലെ ആരോപണങ്ങളുടെ ഗൗരവം പരിഗണിച്ച് ഡി.വൈ.എസ്.പി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെക്കൊണ്ട് പരാതിയിന്മേൽ സമഗ്രമായ അന്വേഷണം നടത്തുവാൻ സംസ്ഥാന പോലീസ് മേധാവി എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പരവൂരിലെ നിർദ്ദിഷ്ട കുടുംബകോടതി**

100(5446) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പരവൂരിൽ കുടുംബകോടതി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) പരവൂരിൽ കുടുംബകോടതിക്കായി കെട്ടിടം കണ്ടെത്തിയിട്ടുണ്ടോ; ആയത് സംബന്ധിച്ച് ഹൈക്കോടതി രജിസ്ട്രാറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) 11-2-2021-ലെ G.O.(Ms)No.38/2021/Home ഉത്തരവ് പ്രകാരം കുന്നംകുളം, നെയ്യാറ്റിൻകര, അടൂർ, പുനലൂർ, പരവൂർ (കൊല്ലം) എന്നിവിടങ്ങളിൽ കുടുംബകോടതികൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കുടുംബകോടതികളിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട കേരളാ ഹൈക്കോടതിയുടെ ശിപാർശയിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പരവൂരിൽ കുടുംബ കോടതിക്കായി ഗവൺമെന്റ് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളൊന്നും ലഭ്യമല്ലെന്ന് പൊതുമരാമത്ത് വകുപ്പ് സാക്ഷ്യപ്പെടുത്തിയതിനാൽ പരവൂർ വില്ലേജിൽ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടം മുൻകൂറായി ഏറ്റെടുക്കുന്നതിന് അനുമതി നൽകണമെന്ന് ഹൈക്കോടതി ജില്ലാ ജുഡീഷ്യറി രജിസ്ട്രാറുടെ ശിപാർശ ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിച്ചുവരുന്നു.

**വടക്കാഞ്ചേരി കോടതി കെട്ടിടം**

101(5447) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ തലപ്പിള്ളി താലൂക്ക് ആസ്ഥാനത്ത് സ്ഥിതിചെയ്യുന്ന പഴയ കോടതി കെട്ടിടം പൊളിച്ചുമാറ്റി ആധുനികരീതിയിലുള്ള കോടതി സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ?

ഹൈക്കോടതി ഡിസ്ട്രിക്ട് ജുഡീഷ്യറി രജിസ്ട്രാറിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

(ബി) വടക്കാഞ്ചേരി കോടതിയിൽ ഹൈക്കോടതി പ്രയോറിറ്റി പ്രകാരം അനുവദിച്ചിട്ടുള്ള സബ്കോടതിയും എം.എ.സി.റ്റി കോടതിയും കുടുംബകോടതിയും അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ?

സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിലേയ്ക്കായി 2-3-2016-ലെ സ.ഉ.(കൈ)നം.79/2016/ആഭ്യന്തരം പ്രകാരം മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള മുൻഗണനാ ലിസ്റ്റിൽ മൂന്നാമതായിട്ടാണ് വടക്കാഞ്ചേരി സബ്കോടതിയെ ഉൾപ്പെടുത്തിയിരിക്കുന്നത്. 31-10-2015-ലെ സ.ഉ.(സാധാ)നം.2780/2015/ആഭ്യന്തരം പ്രകാരം വടക്കാഞ്ചേരി എം.എ.സി.റ്റി കോടതി 15-ാമതായിട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. ഹൈക്കോടതി രജിസ്ട്രാറുടെ ശിപാർശ പരിശോധിച്ചശേഷം മുൻഗണനാക്രമം നിശ്ചയിച്ചാണ് കോടതികൾ അനുവദിക്കുന്നത്. വടക്കാഞ്ചേരി കുടുംബകോടതി സ്ഥാപിക്കുന്നതിന് പ്രൊപ്പോസൽ നിലവിലില്ല.

## കൊണ്ടോട്ടിയിൽ പുതിയ ഫയർ സ്റ്റേഷൻ

102(5448) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഫയർസ്റ്റേഷനുകൾ അനുവദിക്കുന്നതിന് മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

18-2-2021-ലെ ജി.ഒ(എം.എസ്) നം.51/2021/ആഭ്യന്തരം പ്രകാരം 5 സ്ഥലങ്ങളിൽ ഫയർസ്റ്റേഷൻ അനുവദിച്ചും 9 സ്ഥലങ്ങളിൽ സ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഒരു മുൻഗണനാപട്ടിക തയ്യാറാക്കിയിട്ടുണ്ട്.

(ബി) കൊണ്ടോട്ടി കേന്ദ്രമായി ഒരു ഫയർസ്റ്റേഷൻ നിർമ്മിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുള്ള സാഹചര്യത്തിൽ കൊണ്ടോട്ടി കേന്ദ്രമാക്കി ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിൽ ഇല്ല.

## വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണം

103(5449) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് അനുവാദം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുള്ള പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

18-2-2021-ലെ സ.ഉ.(എം.എസ്) 51/2021/ആഭ്യന്തരം പ്രകാരം തത്വത്തിൽ അനുമതി നൽകിയ ഫയർ സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചതിനുശേഷം മാത്രം പുതിയ ഫയർ സ്റ്റേഷനുകൾ അനുവദിച്ചാൽ മതിയെന്ന് തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ വളാഞ്ചേരി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള ശിപാർശ തൽക്കാലം പരിഗണനയിലില്ല.

(ബി) പ്രസ്തുത നിർമ്മാണത്തിനുവേണ്ടി ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക നീക്കിവച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ലഭ്യമായിട്ടുണ്ട്. നേരത്തെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ സംബന്ധിച്ച Work Appendix II Vol. 1-ൽ ആണ് വളാഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം ഉൾപ്പെടുത്തിയിരുന്നതെന്നതിനാൽ പ്രത്യേകം ഭരണാനുമതി ആവശ്യമില്ല.

(സി) ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

മറുപടി (എ) യുടെ വെളിച്ചത്തിൽ ബാധകമല്ല.

**തിരൂരങ്ങാടി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

104(5450) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി ഫയർസ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

തിരൂരങ്ങാടി കേന്ദ്രമാക്കി ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത് നിലവിൽ പരിഗണനയിൽ ഇല്ല.

**കാസർഗോഡ് ഫയർ & റസ്ക്യൂ സ്റ്റേഷൻ കെട്ടിടനിർമ്മാണം**

105(5451) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഫയർ & റസ്ക്യൂ സ്റ്റേഷൻ കെട്ടിടം എത്ര വർഷം പഴക്കമുള്ളതാണെന്ന് വ്യക്തമാക്കാമോ?

40 വർഷം.

(ബി) പ്രസ്തുത കെട്ടിടവും അതിനടുത്ത് ജീവനക്കാർ താമസിക്കുന്ന കെട്ടിടവും ജീർണ്ണാവസ്ഥയിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ചില ക്വാർട്ടേഴ്സുകൾ ഉപയോഗപ്രദമല്ലെന്ന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

(സി) എങ്കിൽ പുതിയ കെട്ടിടം പണിയുന്നതിന് തീരുമാനമായിട്ടുണ്ടോ; പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണ്; വിശദാംശം ലഭ്യമാക്കാമോ?

പുതിയ കെട്ടിടം പണിയുന്നതിന് വകുപ്പുതലത്തിൽ നടപടി ആരംഭിച്ചിട്ടുണ്ട്. പ്രാരംഭനടപടിയായി പൊതുമരാമത്തുവകുപ്പ് സോയിൽ ടെസ്റ്റ് നടത്തിയിട്ടുള്ളതും കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

(ഡി) ജീവനക്കാരുടെ അപര്യാപ്തതയടക്കം മറ്റേതെല്ലാം പോരായ്മകളാണ് കാസർഗോഡ് ഫയർ സ്റ്റേഷനിൽ ഇപ്പോഴുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പോരായ്മകൾ പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

2 ഫയർ & റെസ്ക്യൂ ഓഫീസർ ഡ്രൈവറുടെയും 6 ഫയർ & റെസ്ക്യൂ ഓഫീസറുടെയും ഒഴിവുകൾ നിലവിലുണ്ടായിരുന്നത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റ് പോരായ്മകളൊന്നുമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വിചാരണത്തടവുകാരുടെ ശിക്ഷാകാലാവധി**

106(5452) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: **താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:**

(എ) ഒരു വർഷം പിന്നിട്ട എത്ര വിചാരണത്തടവുകാർ സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഒരു വർഷം പിന്നിട്ട 417 വിചാരണത്തടവുകാർ സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്നുണ്ട്. ഇതിൽ 9 പേർ വനിതാ ജയിലിലുള്ളവരാണ്. 39 പേർ അതീവ സുരക്ഷാജയിലിലാണ്.

(ബി) യു.എ.പി.എ. ചുമത്തപ്പെട്ട എത്രപേർ ഇത്തരത്തിൽ വിചാരണത്തടവുകാരായി കഴിയുന്നുണ്ട്; വ്യക്തമാക്കുമോ?

യു.എ.പി.എ. ചുമത്തപ്പെട്ട 28 പേർ വിചാരണത്തടവുകാരായി കഴിയുന്നുണ്ട്.

(സി) ലഭിച്ചേക്കാവുന്ന ശിക്ഷാകാലാവധിയേക്കാൾ കൂടുതൽകാലം വിചാരണത്തടവുകാരായി ജയിലുകളിൽ കഴിയേണ്ടിവരുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ലഭിച്ചേക്കാവുന്ന ശിക്ഷാകാലാവധിയേക്കാൾ കൂടുതൽകാലം വിചാരണത്തടവുകാരായി ജയിലുകളിൽ കഴിയേണ്ടിവരുന്ന സാഹചര്യം ജയിലുകളിൽ നിലവിലുള്ളതായി കാണുന്നില്ല. വിചാരണത്തടവുകാർ കൂടുതൽ കാലം ജയിലിൽ കഴിയേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(1) Under Trial Review Committee / District Level Committee 3 മാസത്തിലൊരിക്കൽ കൂടുകയും കേസുകളുടെ കാലതാമസം ഒഴിവാക്കുന്നതിനും വേഗത്തിൽ വിചാരണ നടത്തുന്നതിനും വേണ്ട നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. എല്ലാ ജില്ലകളിലും വിചാരണത്തടവുകാരായ അന്തേവാസികളുടെ മോചനം സംബന്ധിച്ച് Under Trial Review Committee / District Level Committee കൂടി കേസുകൾ പരിഗണിക്കുന്നുണ്ട്.

(2) 436 A CrPC പ്രകാരമുള്ള വിടുതൽ ലഭിക്കാവുന്ന ശിക്ഷയേക്കാൾ കൂടുതൽ ഒരു കേസിൽ പകുതിയിലധികം കഴിഞ്ഞുവെങ്കിൽ അവരെ മോചിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്. കേരളത്തിലെ ജയിലുകളിൽ കഴിഞ്ഞുവരുന്നവരിൽ ഇത്തരം അന്തേവാസികൾ ആരുംതന്നെ നിലവിലില്ല.

(3) 167 CrPC പ്രകാരം 10 വർഷമോ അതിൽ കൂടുതലോ ശിക്ഷ ലഭിക്കാവുന്ന കേസുകളിൽ ചാർജ്ജ് ഷീറ്റ് 90 ദിവസത്തിനകവും മറ്റു കേസുകളിൽ 60 ദിവസത്തിനകവും ഫയൽ ചെയ്യണം. അല്ലായെങ്കിൽ അവരെ ജാമ്യത്തിൽ വിടുന്നതാണ്.

(4) ലീഗൽ സർവ്വീസസ് അതോറിറ്റി നിയമ സഹായ സമിതി വഴിയും 'plea bargaining' നടത്തുക വഴിയും കേസുകളിൽ ഒത്തുതീർപ്പുണ്ടാകുന്നുണ്ട്.

(5) നിയമസഹായം, ലീഗൽ സർവ്വീസസ് അതോറിറ്റി വഴി അഡ്വക്കേറ്റിന്റെയും കൗൺസിലറുടെയും പാരാലീഗൽ വോളന്റിയേഴ്സിന്റെയും സേവനം എന്നിവ നൽകിവരുന്നു.

(6) ഗുരുതര രോഗമുള്ളവരെയും മറ്റും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്ത് മോചനത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(7) വീഡിയോ കോൺഫറൻസിംഗ് വഴി കേസുകൾ കാലതാമസംകൂടാതെ തീർപ്പാക്കിവരുന്നുണ്ട്.

(8) പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട് സെക്ഷൻ 4(3) പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

(9) ചെറിയ കുറ്റം ചെയ്തവരെ പ്രൊബേഷനിൽ വിടുന്നതിന് ശിപാർശ ചെയ്ത് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(10) ആദ്യകുറ്റവാളികളെയും യുവകുറ്റവാളികളെയും "താക്കീത്" നൽകി മോചിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(11) പ്രത്യേക കോടതികൾ രൂപീകരിച്ച് വിചാരണ വേഗത്തിലാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(12) ജില്ലാ ജഡ്ജിമാർ, ജയിൽ വകുപ്പ് അദ്ധ്യക്ഷൻ, KELSA / DLSA മെമ്പർമാർ, മനുഷ്യാവകാശ കമ്മീഷൻ അംഗങ്ങൾ തുടങ്ങിയവരുടെ ജയിൽ സന്ദർശനം അന്തേവാസികളുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി ജാമ്യം/ വിചാരണ ഇവ വേഗത്തിലാക്കുന്നുണ്ട്.

**ജയിൽ പരിഷ്കരണ റിപ്പോർട്ട്**

107(5453) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിട്ട. ഡി.ജി.പി. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. സർക്കാരിന് സമർപ്പിച്ച ജയിൽ പരിഷ്കരണ റിപ്പോർട്ടിൽ മൂന്ന് സെൻട്രൽ ജയിൽ കേന്ദ്രീകരിച്ച് നൂറ് അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാർ വീതമുള്ള റിസർവ് സേന രൂപീകരിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ ആയത് പരിഗണനയിലുണ്ടോ?

റിട്ടയേർഡ് ഡി.ജി.പി. ഡോ. അലക്സാണ്ടർ ജേക്കബ് ചെയർമാനായ ജയിൽ പരിഷ്കരണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ മൂന്ന് സെൻട്രൽ ജയിലുകൾ കേന്ദ്രീകരിച്ച് നൂറ് അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാർ വീതമുള്ള മൂന്ന് റിസർവ് സേന രൂപീകരിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. ടി ശിപാർശ നടപ്പിലായിട്ടില്ല. 11-5-2018-ലെ സ.ഉ.(സാധാ) നം. 1378/2018/ആഭ്യന്തരം പ്രകാരം വിവിധ ജയിലുകളിലേയ്ക്കായി അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ, പ്രിസൺ ഓഫീസർ, ഗേറ്റ് കീപ്പർ കാറ്റഗറികളിലായി ആകെ 206 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അതിൽ 3 സെൻട്രൽ ജയിലുകളിലായി 79 അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികകളും 27 ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികകളും വിന്യസിച്ചിട്ടുണ്ട്.

(ബി) ഒരു സബ്ഡിവിഷനിൽ ഒരു ജയിൽ ഉണ്ടാകണമെന്ന് പ്രസ്തുത റിപ്പോർട്ട് ശിപാർശ ചെയ്തിരുന്നോ; ഉണ്ടെങ്കിൽ കാട്ടാക്കട ഡിവിഷൻ പരിധിയിൽ ഒരു ജയിൽ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ?

റിട്ടയേർഡ് ഡി.ജി.പി. ഡോ. അലക്സാണ്ടർ ജേക്കബ് ചെയർമാനായ ജയിൽ പരിഷ്കരണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ ഒരു പോലീസ് സബ്ഡിവിഷനിൽ ഒരു ജയിൽ ഉണ്ടാകണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ശിപാർശ പ്രായോഗികമാണെന്ന് കണക്കാക്കിയിട്ടില്ല.

**കാസർഗോഡ് ജില്ലാജയിൽ സ്ഥാപിക്കാൻ ഭൂമി**

108(5454) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:**

(എ) കാസർഗോഡ് മണ്ഡലത്തിൽ ജില്ലാജയിൽ സ്ഥാപിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

സ്ഥലം കണ്ടെത്തിയിട്ടില്ല.

(ബി) ഈ സ്ഥലം വകുപ്പിന് കൈമാറിക്കിട്ടുന്നതിനുള്ള നടപടികൾ ഏതുവരെയായി; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത ജയിൽ സ്ഥാപിക്കുന്നതിനായി എത്ര തുക വേണ്ടിവരും; ആയതിന് തുക കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(ബി&സി) ബാധകമല്ല.

**മറ്റ് ജില്ലകളിൽ തടവിൽ കഴിയുന്ന വയനാട് ജില്ലക്കാർ**

109(5455) <u>ശ്രീ. ഒ. ആർ. കേളു:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി **സദയം മറുപടി നൽകുമോ:**

(എ) വയനാട് ജില്ലക്കാരായ എത്ര ശിക്ഷാതടവുകാർ കേരളത്തിലെ മറ്റ് ജില്ലകളിലെ ജയിലുകളിൽ തടവിൽ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

വയനാട് ജില്ലക്കാരായ 108 ശിക്ഷാതടവുകാർ കേരളത്തിലെ മറ്റ് ജില്ലകളിലെ ജയിലുകളിൽ തടവിൽ കഴിയുന്നുണ്ട്.

(ബി) ഇതിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട എത്ര തടവുകാരുണ്ടെന്ന് അറിയിക്കുമോ?

26 പേർ.

(സി) ശിക്ഷാതടവുകാരെ പാർപ്പിക്കാൻ വയനാട് ജില്ലയിൽ ജയിൽ ഇല്ലാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് പരിഹരിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കുമോ?

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വയനാട് ജില്ലയിൽ 3 മാസംവരെ ശിക്ഷ ലഭിക്കുന്ന ശിക്ഷാതടവുകാരെ പാർപ്പിക്കുവാൻ വൈത്തിരി സ്പെഷ്യൽ സബ് ജയിലും 6 മാസം വരെ ശിക്ഷ ലഭിക്കുന്ന ശിക്ഷാതടവുകാരെ പാർപ്പിക്കുവാൻ മാനന്തവാടി ജില്ലാജയിലും പ്രവർത്തിച്ചുവരുന്നു.

**ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിലെ കോച്ചിംഗ് സെന്ററുകൾ**

110(5456) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് പി.എസ്.സി./യു.പി.എസ്.സി. പരീക്ഷകളുടെ കോച്ചിംഗ് നൽകുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി./യു.പി.എസ്.സി., റെയിൽവേ, ബാങ്കിംഗ് തുടങ്ങിയ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിനായുള്ള പരീക്ഷാപരിശീലനവും ആയതിനുപുറമെ ആലുവ പരിശീലന കേന്ദ്രത്തിനുകീഴിൽ സേനകളിൽ ചേരുന്നതിനുള്ള ഫിസിക്കൽ ട്രെയിനിംഗും നൽകിവരുന്നുണ്ട്. അത്തരത്തിൽ സംസ്ഥാനത്താകെ 24 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രവും 32 ന്യൂനപക്ഷ യുവജന പരിശീലന ഉപകേന്ദ്രവും പ്രവർത്തിച്ചുവരുന്നു.

(ബി) ഇവിടെ പരിശീലനം നേടിയ എത്ര വിദ്യാർത്ഥികൾ സിവിൽ സർവ്വീസ്/കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷകളിൽ ഇതേവരെ വിജയികളായിട്ടുണ്ടെന്ന് വിശദമാക്കാമോ?

നിലവിൽ ആരുംതന്നെയില്ല.

(സി) ആവശ്യമായ സ്ഥലങ്ങളിൽ കൂടുതൽ സബ്സെന്ററുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ മതിയായ ഭൗതിക സാഹചര്യങ്ങളുള്ള ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ നടത്തുന്ന വിവിധ സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവരിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ

പരിശോധിച്ച് ആയതിന്റെ ആവശ്യകത വിലയിരുത്തിയാണ് പരിശീലന ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നത്. അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**കേന്ദ്രീയ വിദ്യാലയ മാതൃകയിൽ സ്കൂളുകൾ ആരംഭിക്കാൻ നടപടി**

111(5457) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:**

(എ) കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയത്തിനുകീഴിലുള്ള മൗലാനാ ആസാദ് എഡ്യൂക്കേഷൻ ഫൗണ്ടേഷൻ സംസ്ഥാനത്ത് ഏതെങ്കിലും സ്ഥലങ്ങൾ കേന്ദ്രീയ വിദ്യാലയ മാതൃകയിൽ സ്കൂളുകൾ ആരംഭിക്കുന്നതിന് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് അറിയിപ്പുകളോ റിപ്പോർട്ടുകളോ സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ബി) മൗലാനാ ആസാദ് ഫൗണ്ടേഷന്റെ മേയ് 2017-ലെ കമ്മിറ്റി ഓൺ ദ എസ്റ്റാബ്ലിഷ്മെന്റ് ഓഫ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ എഡ്യൂക്കേഷണലി ബാക്ക്വേർഡ് മൈനോരിറ്റീസ് റിപ്പോർട്ടിൽ മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ (പട്ടിക 31, പേജ് 52) കേന്ദ്രീയ വിദ്യാലയ മാതൃകയിൽ സ്കൂൾ സ്ഥാപിക്കുന്നതിന് നിർദ്ദേശിച്ചിരുന്നോ; വിശദമാക്കാമോ;

(സി) ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടത് ആരാണെന്നറിയിക്കാമോ; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ലഭിച്ച അറിയിപ്പുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) ഇത്തരം സ്കൂളുകൾ ആരംഭിക്കുന്നതിന് എത്ര സ്ഥലമാണ് വേണ്ടതെന്നും കെട്ടിടം അടക്കമുള്ള ഭൗതിക സാഹചര്യങ്ങളുടെ നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത് ആരാണെന്നും ഇതിനാവശ്യമായ അനുമതികൾക്കായി ആരെയാണ് സമീപിക്കേണ്ടതെന്നും വിശദമാക്കാമോ?

(എ-ഡി) മൗലാനാ ആസാദ് എഡ്യൂക്കേഷൻ ഫൗണ്ടേഷന്റെ കമ്മിറ്റി ഓൺ ദ എസ്റ്റാബ്ലിഷ്മെന്റ് ഓഫ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ എഡ്യൂക്കേഷണലി ബാക്ക്വേർഡ് മൈനോരിറ്റീസ് റിപ്പോർട്ടിൽ ന്യൂനപക്ഷ സമുദായങ്ങൾ കൂടുതലായുള്ള പ്രദേശങ്ങളിൽ കേന്ദ്രീയ വിദ്യാലയ മാതൃകയിൽ സ്കൂളുകൾ തുടങ്ങുവാനുള്ള ശിപാർശ മൗലാനാ ആസാദ് എഡ്യൂക്കേഷൻ ഫൗണ്ടേഷൻ നൽകിയിരുന്നു. കേരളത്തിൽ മലപ്പുറത്ത് നിലമ്പൂർ അടക്കം 14 സ്ഥലങ്ങളിലാണ് ഇത്തരത്തിൽ സ്കൂളുകൾ തുടങ്ങുവാനുള്ള നിർദ്ദേശം ശിപാർശയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇതുസംബന്ധിച്ച അറിയിപ്പുകളോ

നിർദ്ദേശങ്ങളോ സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടില്ല. മൗലാനാ ആസാദ് എഡ്യൂക്കേഷൻ ഫൗണ്ടേഷൻ സമർപ്പിച്ച റിപ്പോർട്ടിന്മേൽ ഫൗണ്ടേഷനും കേന്ദ്രന്യൂനപക്ഷ മന്ത്രാലയവുമാണ് തുടർനടപടി സ്വീകരിക്കേണ്ടത്. കേന്ദ്രീയ വിദ്യാലയം മാതൃകയിൽ സ്കൂളുകൾ അനുവദിക്കേണ്ടത് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയമാണ്. റിപ്പോർട്ടിൻ പ്രകാരം ഇതിനായുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്രന്യൂനപക്ഷ മന്ത്രാലയമാണ്.

## ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

112(5458) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ മാനദണ്ഡങ്ങളും അപേക്ഷാ മാതൃകയും ലഭ്യമാക്കാമോ?

ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ മാനദണ്ഡങ്ങളും അപേക്ഷാ മാതൃകയും അനുബന്ധമായി* ചേർക്കുന്നു.

## ബഡ്സ് നിയമം 2019

113(5459) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്സ് നിയമം 2019 സംസ്ഥാനത്ത് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ധനകാര്യ സ്ഥാപനങ്ങൾ/വ്യക്തികൾ പൊതുജനങ്ങളെ കബളിപ്പിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത നിയമം നടപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

പ്രസ്തുത നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി, നിയമത്തിന്റെ സെക്ഷൻ 7(1) പ്രകാരം ശ്രീ. സഞ്ജയ് എം. കൗൾ ഐ.എ.എസ്.-നെ കോംപീറ്റന്റ് അതോറിറ്റിയായി നിയമിച്ചുകൊണ്ട് 25-9-2020-ന് വിജ്ഞാപനം ചെയ്തിട്ടുണ്ട്. പിന്നീട് ശ്രീ. സഞ്ജയ് എം. കൗൾ, ഐ.എ.എസ്.-നെ കോംപീറ്റന്റ് അതോറിറ്റി 1 ആയും ശ്രീ.ഗോകുൽ ജി. ആർ., ഐ.എ.എസ്. -നെ കോംപീറ്റന്റ് അതോറിറ്റി 2 ആയും 10-8-2021-ലെ എസ്.ആർ.ഒ. നം. 597/2021 പ്രകാരം അധികാര പരിധി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിന്റെ സെക്ഷൻ 7(2) പ്രകാരം കോംപീറ്റന്റ് അതോറിറ്റിമാരെ സഹായിക്കുന്നതിനുള്ള ഓഫീസർമാരായി എല്ലാ ജില്ലാ കളക്ടർമാരേയും നിയമിച്ചുകൊണ്ട് 18-12-2020-ലെ എസ്.ആർ.ഒ. നം. 887/2020 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ 14 കോടതികളെ ബഡ്സ് നിയമം നടപ്പാക്കുന്നതിനുള്ള ഡെസിഗ്നേറ്റഡ് കോടതികളാക്കി നിയമിച്ചുകൊണ്ട് 22-10-2020-ൽ എസ്.ആർ.ഒ. നം. 894/2020 പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പ്രസ്തുത നിയമത്തിലെ സെക്ഷൻ 38 അനുസരിച്ച് സംസ്ഥാനം ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ പ്രസ്തുത ചട്ടങ്ങൾ എന്നത്തേയ്ക്ക് രൂപീകരിക്കുമെന്നറിയിക്കാമോ?

കേന്ദ്ര ബഡ്സ് ആക്ട് (സെക്ഷൻ 38) അനുസരിച്ച് തയ്യാറാക്കിയ കരട് ചട്ടങ്ങൾ അനുമതിക്കായി കേന്ദ്രസർക്കാരിലേയ്ക്ക് (consultation) അയച്ചിരിക്കുകയാണ്.

## കേന്ദ്ര കാർഷിക ബില്ലിലെ വ്യവസ്ഥകൾ

114(5460) **<u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:**

(എ) കേന്ദ്രസർക്കാർ പാസ്സാക്കിയ കാർഷികോത്പന്നങ്ങളുടെ വ്യാപാരം-വാണിജ്യം (പ്രോത്സാഹനവും സംവിധാനമൊരുക്കലും) ബിൽ-2020, വിലസ്ഥിരതയും കൃഷിസേവനങ്ങളും സംബന്ധിച്ച കർഷകരുടെ കരാറുകൾ (ശാക്തീകരണവും സംരക്ഷണവും) ബിൽ-2020, അവശ്യവസ്തുക്കളുടെ ഭേദഗതി ആക്ട്-2020 എന്നിവയിലെ വ്യവസ്ഥകളെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

(എ&ബി) കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്ന ഈ നിയമങ്ങൾ റദ്ദാക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. പ്രസ്തുത നിയമങ്ങൾ റദ്ദാക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെടുന്ന പ്രമേയം 2020 ഡിസംബർ 31-ാം തീയതി കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കുകയും പ്രസ്തുത പ്രമേയം കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത ബില്ലുകൾ പ്രാബല്യത്തിൽ വരുന്നതോടുകൂടി സംസ്ഥാനത്തെ കർഷകർക്കുണ്ടായേക്കാവുന്ന പ്രതിസന്ധികളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. കേരളത്തിലെ കർഷകരെ ബാധിക്കുന്ന പ്രധാനപ്പെട്ട പ്രതിസന്ധികൾ ചുവടെ ചേർക്കുന്നു.

a) <u>ഭക്ഷ്യവിളകളിലെ ഉൽപ്പാദന കേന്ദ്രീകരണം</u>: ഈ നിയമങ്ങളുടെ പിൻബലത്താൽ കോർപ്പറേറ്റ് കമ്പനികളുടെ കടന്നുകയറ്റം വ്യാപകമാവും. നെല്ല്, വാഴ, പച്ചക്കറികൾ തുടങ്ങിയ മേഖലകളിൽ കരാർ കൃഷി വ്യാപകമാവുകയും കമ്പനികൾ കർഷകരുമായും കർഷക ഗ്രൂപ്പുകളുമായും ഉണ്ടാക്കുന്ന കരാറുകളിലൂടെ നാമമാത്ര കർഷകരെ കൂടുതൽ കടക്കെണിയിലേയ്ക്ക് തള്ളിവിടുകയും ഗുണനിലവാരം, ഗ്രേഡുകൾ മുതലായവ അനുസരിച്ച് വില നിശ്ചയിച്ച് കരാറിൽ ഏർപ്പെടുമ്പോൾ കർഷകരുടെ പല ഉൽപ്പന്നങ്ങളും തിരസ്കരിക്കപ്പെടുകയും വളരെ കുറഞ്ഞ വിലയ്ക്ക് വിൽക്കേണ്ട അവസ്ഥ സംജാതമാവുകയും ചെയ്യും. കർഷകരുടെ വരുമാനം കുറയുവാനും കൃഷി ഉപേക്ഷിക്കുവാനും കേരളത്തിന്റെ ഭക്ഷ്യപ്രതിസന്ധി വർദ്ധിക്കുവാനും സാധ്യതയുണ്ട്. കരാർ ലംഘനമുണ്ടായാൽ വൻകിട കോർപ്പറേറ്റ് കമ്പനികളുമായി കർഷകർക്ക് വ്യവഹാരത്തിലേർപ്പെടാനാവില്ല. കോർപ്പറേറ്റുകളുടെ നിർദ്ദേശത്തിന് കർഷകർ വിധേയരാകേണ്ടിവരുന്ന സ്ഥിതിയുമുണ്ടാകും.

b) <u>കോർപ്പറേറ്റ് കമ്പനികളുടെ അയൽ സംസ്ഥാനങ്ങളിലെ ഉൽപ്പാദനവും കേരളത്തിലെ വിപണനവും</u>: വലിയ കമ്പനികൾ അയൽ സംസ്ഥാനങ്ങളിൽ വ്യാപകമായി കൃഷി വർദ്ധിപ്പിച്ച് ഭക്ഷ്യവിളകൾ കേരളത്തിൽ വ്യാപകമായി വില കുറച്ച് വിപണനം നടത്തി, കേരളത്തിലെ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് വില കുറയ്ക്കുവാനും അതുവഴി കാർഷിക മേഖല തകരുന്നതിനും ഇടവരും. വലിയ കമ്പനികളുടെ അയൽ സംസ്ഥാനങ്ങളിലെ ഉൽപ്പന്നങ്ങൾ ആധാരമാക്കി, ഇപ്പോൾത്തന്നെ കേരളത്തിൽ ഓൺലൈൻ പ്ലാറ്റ്ഫോം വന്നുകഴിഞ്ഞു.

c) <u>രാസവളങ്ങളിൽ അധിഷ്ഠിതമായ കൃഷിരീതികൾ</u>: ലാഭം മാത്രം ലക്ഷ്യമാക്കി കരാർ കമ്പനികൾ രാസവളം, കീടനാശിനികൾ എന്നിവ ഉപയോഗിച്ച് കേരളത്തിന്റെ മണ്ണ് ദീർഘകാലമായി കൃഷിക്ക് ഉപയോഗിക്കാൻ പറ്റാത്തവിധം ദുരുപയോഗപ്പെടുത്തുകയും കർഷകർ കൃഷി ഉപേക്ഷിക്കാൻ നിർബന്ധിതരായിത്തീരുകയും ചെയ്യും.

d) <u>പ്രൈവറ്റ് ഫാം സർവ്വീസുകൾ</u>: കേരളത്തിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ ആധികാരികമായ വിജ്ഞാന വ്യാപനം നടത്തുവാനുള്ള കൃഷിഭവൻ ശൃംഖല കൃഷി വകുപ്പിനുണ്ട്. ഇപ്പോൾ കർഷകർക്ക് ലഭ്യമാകുന്ന ഫാം സർവ്വീസുകൾക്ക് കമ്പനികൾ വർദ്ധിച്ച തുക ഈടാക്കി അസമത്വം സൃഷ്ടിക്കുകയും നാമമാത്ര കർഷകരെ ഒഴിവാക്കുകയും ചെയ്യാനുള്ള സാധ്യതയുണ്ട്.

e) <u>ഭൂവിനിയോഗത്തിലുണ്ടാകാവുന്ന മാറ്റങ്ങൾ</u>: ലാഭത്തിലൂന്നിയ കരാർ കൃഷി വ്യാപകമാകുന്നതോടെ പരിസ്ഥിതിക്ക് യോജിക്കാത്ത വിളക്രമങ്ങൾ വരികയും ദീർഘകാലമായി ഭൂമിയുടെ ഉപയോഗം മാറ്റുകയും കാർഷിക മേഖലയെ തകർച്ചയിലേയ്ക്ക് നയിക്കുകയും ചെയ്യും. കേരളത്തിലെ 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളിലേയും കൃഷി രീതി മാറ്റിയെടുത്ത് ആവാസവ്യവസ്ഥതന്നെ തകരുന്നതിന് ഇടയാക്കുകയും ചെയ്യും.

f) <u>ജനിതകമാറ്റം വരുത്തിയ വിളകളുടെ കൃഷി</u>: ഏതൊക്കെ സാങ്കേതികവിദ്യകൾ കാർഷിക മേഖലയിൽ വ്യാപിപ്പിക്കണമെന്നതിന് സംസ്ഥാനങ്ങൾക്ക് അധികാരമില്ലാതെവരുന്നതുകൊണ്ട് കേരളം അനുവദിക്കാതിരുന്ന ജനിതകമാറ്റം വരുത്തിയ വിളകൾ സംസ്ഥാനത്തിന്റെ അനുവാദമില്ലാതെതന്നെ കൃഷി ചെയ്യുകയും തത്ഫലമായി പാരിസ്ഥിതിക ആരോഗ്യപ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്യും. കമ്പനികൾക്ക് നേരിട്ട് കർഷകരുമായി കരാറിൽ ഏർപ്പെടുവാൻ സാധിക്കുമെന്നതിനാൽ ഇത് വ്യാപകമാകുകയും ചെയ്യും.

g) <u>മിൽമയ്ക്കും പാലുൽപ്പാദനത്തിനും ഭീഷണി</u>: പശു വളർത്തൽ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളതുകൊണ്ട് ക്ഷീര മേഖലയിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ ഇല്ലാതാകാനും കമ്പനികൾ നേരിട്ട് വലിയ ഫാമുകൾ സ്ഥാപിക്കുന്നതിന്റെ ഫലമായി മിൽമ വിപണന ശൃംഖലകൾ തകരുവാനും പ്രൈവറ്റ് പാൽ വിപണികൾ ശക്തിപ്രാപിക്കുവാനും ദീർഘകാലാടിസ്ഥാനത്തിൽ കർഷകർക്ക് പാലിന്റെ വില കുറയുന്ന അവസ്ഥ സംജാതമാവുകയും ചെയ്യും.

h) <u>കുറഞ്ഞ താങ്ങു വില ഇല്ലാതാകുന്ന അവസ്ഥ</u>: നെല്ല്, കൊപ്ര ഉൾപ്പെടെ 25 ഉൽപ്പന്നങ്ങൾക്ക് കേന്ദ്രസർക്കാർ താങ്ങുവില പ്രഖ്യാപിക്കുന്നുണ്ട്. വില നിശ്ചയിച്ച് കരാറിൽ ഏർപ്പെടാൻ വ്യവസ്ഥ ചെയ്യുന്ന ഈ ബില്ലിൽ, കരാർ വ്യാപകമാകുന്നതോടെ, കുറഞ്ഞ താങ്ങുവിലയിൽനിന്ന് കേന്ദ്രസർക്കാർ പിന്മാറുകയും കമ്പനികളുടെ താത്പര്യത്തിനനുസരിച്ചുള്ള വില സമ്പ്രദായങ്ങൾ നിലവിൽ വരികയും അതുവഴി വിപണി വില ഇടിയുന്നതിനും കർഷകരുടെ വരുമാനം കുറയുന്നതിനും ഇടയാകും. കാർഷിക മേഖലയിലെ പ്രതിസന്ധി രൂക്ഷമാകും.

i) <u>വില നിശ്ചയിക്കുന്നതിലെ അവ്യക്തത</u>: ഈ ബില്ലിൽ വില നിശ്ചയിച്ച് കരാറിൽ ഏർപ്പെടണമെന്നാണ് വ്യവസ്ഥ. സ്വാമിനാഥൻ റിപ്പോർട്ടുപ്രകാരം മൊത്തം ഉൽപ്പാദനച്ചെലവിന്റെ (C2 കോസ്റ്റ്) 50 ശതമാനം കൂടുതൽ നൽകി താങ്ങുവില നിശ്ചയിക്കണമെന്നതാണ് നിർദ്ദേശം. ഈ രീതി കരാറിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ കുറഞ്ഞ വില കരാറിൽ ഉൾപ്പെടുത്താം. കൂടാതെ

ഗുണനിലവാരം, ഗ്രേഡുകൾ അനുസരിച്ച് വില നിശ്ചയിക്കുവാൻ വ്യവസ്ഥയുള്ളതിനാൽ, കർഷകരുടെ ഉൽപ്പന്നങ്ങൾ കുറഞ്ഞ ഗ്രേഡിംഗിലേയ്ക്ക് മാറ്റി വിലയിടിക്കുവാൻ ഇടയാകും.

j) <u>തർക്കപരിഹാരം</u>: സിവിൽ കോടതിയിൽ തർക്കപരിഹാരത്തിന് വ്യവസ്ഥയില്ലാത്തതിനാലും നാമമാത്ര കർഷകർക്ക് കമ്പനികൾക്കെതിരെ അനുകൂലവിധി ലഭിക്കാൻ ഇടയില്ലാത്തതിനാലും ഈ വ്യവസ്ഥ കോർപ്പറേറ്റുകൾക്ക് അനുകൂലമാകാനാണ് സാധ്യത. കർഷകർ പിന്തള്ളപ്പെടുകയും കുറഞ്ഞ വിലയിൽ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിൽക്കേണ്ട അവസ്ഥയുണ്ടാവുകയും ചെയ്യും.

k) <u>നഷ്ടപ്പെടുന്ന ജൈവവൈവിദ്ധ്യം</u>: പല നാടൻ ഇനങ്ങളും അപ്രത്യക്ഷമാവുകയും കമ്പനികൾക്ക് കൂടുതലായി ലാഭം നേടുന്നതിന് ഹൈബ്രിഡ് വിത്തുകളിലേയ്ക്ക് മാറുകയും തുടർന്ന് ഓരോ വർഷവും വർദ്ധിച്ച വിലയിൽ കർഷകർ വിത്ത് വാങ്ങുന്ന അവസ്ഥ ഉണ്ടാവുകയും കേരളം ആർജ്ജിച്ച നാടൻ വിളകളുടെ ജൈവവൈവിദ്ധ്യം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാക്കുകയും ചെയ്യും. ഗുജറാത്തിൽ കർഷകരിൽനിന്ന് 1 കോടി രൂപ വാങ്ങുവാൻ ഒരു കുത്തക കമ്പനി കോടതിയെ സമീപിച്ചത് വിത്തിന്റെ കാര്യത്തിൽ കമ്പനികളുടെ സർവ്വാധിപത്യമാണ് കാണിക്കുന്നത്.

l) <u>കാർഷിക വിഭവങ്ങളുടെ സംസ്കരണം</u>: കേരളത്തിൽ ആരംഭിക്കേണ്ട പല കാർഷിക വിഭവങ്ങളുടെയും സംസ്കരണം അയൽ സംസ്ഥാനങ്ങളിൽ കേരളത്തിലെ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ആരംഭിക്കുകയും അതുവഴി ഇവിടെ ലഭിക്കേണ്ട തൊഴിലവസരങ്ങൾ നഷ്ടപ്പെടുകയും ചെയ്യും. 1955-ലെ അവശ്യസാധന ഭേദഗതി ബിൽ അംഗീകരിച്ച സാഹചര്യത്തിൽ കാർഷികമേഖല കൂടുതൽ തകർച്ചയിലേയ്ക്ക് പോകാനാണ് സാധ്യത. ധാന്യങ്ങൾ, ഭക്ഷ്യ എണ്ണകൾ, എണ്ണക്കുരുക്കൾ, പയറുവർഗ്ഗങ്ങൾ, ഉള്ളി, ഉരുളക്കിഴങ്ങ് എന്നിവയെ വില നിയന്ത്രണത്തിൽനിന്ന് ഒഴിവാക്കിയിരിക്കുകയാണ്. ഈ ഭക്ഷ്യവസ്തുക്കളുടെ വില നിയന്ത്രണത്തിൽ സർക്കാരിന് ഇടപെടാൻ കഴിയാത്ത അവസ്ഥ സൃഷ്ടിച്ചിരിക്കുകയാണ്. വർദ്ധിച്ച വിലയ്ക്ക് ഇവ മാർക്കറ്റിൽനിന്ന് വാങ്ങാൻ ഉപഭോക്താക്കൾ നിർബന്ധിതരാവും, കരിഞ്ചന്തയ്ക്കും പൂഴ്ത്തിവയ്പിനുമുള്ള വഴിയൊരുക്കും. വൻകിട വ്യാപാരികൾക്കും കുത്തക കമ്പനികൾക്കും സംഭരിക്കുന്നതിനുവേണ്ടി നിക്ഷേപം നടത്തുന്നതിന് പ്രോത്സാഹനം നൽകുവാനെന്നാണ് കേന്ദ്രസർക്കാർ അവകാശപ്പെടുന്നത്. എന്നാൽ ഇത്തരം വ്യാപാരികളും കമ്പനികളും ഉൽപ്പാദന സമയത്തുതന്നെ കുറഞ്ഞ വിലയ്ക്ക് കൂടുതൽ അളവിൽ വാങ്ങിക്കൂട്ടി വിപണിയിൽ കൃത്രിമക്ഷാമം സൃഷ്ടിച്ച് ഏറ്റവും

വർദ്ധിച്ച വിലയ്ക്ക് വിൽക്കാനുള്ള അവസരമാണ് സൃഷ്ടിക്കപ്പെടുന്നത്. കാർഷിക വിപണിയാകെ കോർപ്പറേറ്റുകളെ ഏൽപ്പിക്കുകയും പൊതുസംഭരണം ദുർബ്ബലമാവുകയും ചെയ്യും. ഇത് ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ സംസ്ഥാനത്ത് വലിയ വിലക്കയറ്റം സൃഷ്ടിക്കുന്നതിനും ഇടവരുത്തും. ഒരേസമയം കർഷകരെയും ഉപഭോക്താക്കളെയും ചൂഷണം ചെയ്യുന്നതിനുവേണ്ടിയുള്ള ഭേദഗതിയാണ് കേന്ദ്രസർക്കാർ അംഗീകരിച്ചിരിക്കുന്നത്.

**കർണ്ണാടകയിലേയ്ക്കുള്ള യാത്രാ നിയന്ത്രണങ്ങൾ**

115(5461) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: **താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:**

(എ) കേരള-കർണ്ണാടക അതിർത്തിയായ തലപ്പാടിയിൽ കോവിഡിന്റെ പേരിൽ കർണ്ണാടക സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾമൂലം മംഗലാപുരം നഗരത്തിലേയ്ക്ക് കേരളീയർക്ക് പ്രത്യേകിച്ച് മഞ്ചേശ്വരം, കാസർഗോഡ് താലൂക്കുകളിലെ ജനങ്ങൾക്ക് പോകാൻ കഴിയാത്തതിനാൽ പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കർണ്ണാടകയിലെ മംഗലാപുരം നഗരത്തെ ചികിത്സ, വിദ്യാഭ്യാസം, വ്യാപാരം, തൊഴിൽ തുടങ്ങിയ ആവശ്യങ്ങൾക്ക് ആശ്രയിക്കുന്ന ആളുകളുടെ സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കുന്ന കർണ്ണാടക സർക്കാരിന്റെ നയം പിൻവലിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; ഇതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) കേരളത്തിലെ ജനങ്ങൾ നേരിടുന്ന പ്രയാസം കർണ്ണാടക സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഇ) കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് കർണ്ണാടകയിലേയ്ക്കുള്ള യാത്രാ നിയന്ത്രണങ്ങൾ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി-ഇ) കേരളത്തിൽനിന്നും കർണ്ണാടകയിലേയ്ക്ക് യാത്ര ചെയ്യുന്നവർക്ക് ഏർപ്പെടുത്തിയിരുന്ന അധിക നിബന്ധനകൾ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്നും ആയതിനാൽ പ്രസ്തുത വിഷയത്തിൽ അടിയന്തരമായി കേന്ദ്രസർക്കാർ ഇടപെടണമെന്നും മുഖ്യമന്ത്രിയുടെ 23-2-2021-

ലെ D.O No.177/2021/CM നമ്പർ കത്ത് മുഖേന ആവശ്യപ്പെട്ടിരുന്നു. കേരളത്തിൽ കോവിഡ് വ്യാപനത്തിന്റെ തോത് കുറഞ്ഞുവരികയാണെന്നും ജനസംഖ്യയുടെ 92% കോവിഡ് വാക്സിന്റെ ആദ്യഡോസും 41% രണ്ടാംഡോസും സ്വീകരിച്ചുകഴിഞ്ഞുവെന്നും കേരളത്തിലേയ്ക്ക് അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്നവർക്ക് കേന്ദ്രസർക്കാരിന്റെ കോവിഡ് മാനദണ്ഡപ്രകാരമുള്ള നിയന്ത്രണങ്ങളല്ലാതെ സംസ്ഥാനതലത്തിൽ ക്വാറന്റീൻ നിബന്ധനകളൊന്നും നിഷ്കർഷിച്ചിട്ടില്ലായെന്നും ആയതിനാൽ കേരളത്തിൽനിന്നും കർണ്ണാടകയിലേയ്ക്ക് യാത്ര ചെയ്യുന്നവർക്ക് ഏർപ്പെടുത്തിയിട്ടുള്ള അധിക നിബന്ധനകൾ പിൻവലിക്കണമെന്നും ചീഫ് സെക്രട്ടറിയുടെ 4-10-2021-ലെ 168/ സ്പെഷ്യൽ സെൽ/2021/സി എസ് ഒ നമ്പർ കത്ത് മുഖാന്തരം കർണ്ണാടക സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**മണലൂർ ഫാമിലി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിടം**

116(5462) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ ഫാമിലി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് ഭരണാനുമതി ലഭിച്ചതെന്നറിയിക്കാമോ?

(എ&ബി) തൃശ്ശൂർ ജില്ലാ കളക്ടറുടെ 6-3-2020-ലെ RD.6/2493(3) പ്രകാരം ബഹു.മണലൂർ എം.എൽ.എ.-യുടെ 2019-2020-ലെ ആസ്തി വികസന പദ്ധതിപ്രകാരം 22 ലക്ഷം രൂപ മണലൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി LSGD തൃശ്ശൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനായി നിലവിലെ പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ഡി) അനുമതി വൈകുന്നതുമൂലം തദ്ദേശസ്വയംഭരണ വകുപ്പിന് പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കാനും കരാറുകാരന് സൈറ്റ് കൈമാറാനും കഴിയാത്ത സ്ഥിതിയുള്ളതിനാൽ ഇക്കാര്യത്തിൽ സത്വരനടപടി സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുമോ എന്ന് വ്യക്തമാക്കാമോ?

(സി&ഡി) പഴയ കെട്ടിടങ്ങൾ എത്രയും പെട്ടെന്ന് പൊളിച്ചുമാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## അവയവ ദാതാക്കൾക്കായി പദ്ധതികൾ

117(5463) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവ ദാതാക്കൾക്കായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നറിയിക്കാമോ?

അവയവ ദാതാവിന്റെ ചികിത്സയ്ക്കും അനുബന്ധ ചെലവുകൾക്കുംവേണ്ടി കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ഒരു ലക്ഷം രൂപവരെ നൽകി വരുന്നുണ്ട്.

(ബി) വിലയേറിയ മരുന്നുകൾ അവയവ ദാതാക്കൾക്ക് ആജീവനാന്തം വേണ്ടി വരുന്നതിനാൽ ഈ മരുന്നുകൾ സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

അവയവ ദാതാക്കൾക്ക് അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് ദീർഘകാലം മരുന്ന് കഴിക്കേണ്ടിവരുന്ന സാഹചര്യം ഉണ്ടാകുന്നില്ല. Immuno Suppressant മരുന്നുകളായ Cap.TACROLIMUS IP 0.5mg, Cap.TACROLIMUS IP 1 mg എന്നിവ ഡ്രഗ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ സർക്കാർ ആശുപത്രികളിൽനിന്നും സൗജന്യമായി നൽകിവരുന്നുണ്ട്.

(സി) കരൾ ദാതാക്കൾക്ക് പ്രത്യേക പരിഗണന നൽകി അവയവ ദാതാക്കൾക്കായി ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ?

ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## ചിറ്റൂർ മണ്ഡലത്തിൽ ആരോഗ്യവകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ

118(5464) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിൽ ആരോഗ്യവകുപ്പ് മുഖാന്തരം 2016 ജൂൺ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിൽ അനുവദിച്ച നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോന്നിനും വകയിരുത്തിയ തുക എത്രയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നിർമ്മാണം പുരോഗമിക്കുന്ന പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നറിയിക്കുമോ?

നിർമ്മാണം പുരോഗമിക്കുന്ന ചിറ്റൂർ താലൂക്കാശുപത്രിയിൽ ഗൈനക്കോളജി ആൻഡ് പീഡിയാട്രിക് ബ്ലോക്കിന്റെ നിർമ്മാണം 2022 ജൂൺ മാസം അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കിഫ്ബി ഫണ്ട് മുഖേനയുള്ള കെട്ടിടനിർമ്മാണം 5-10-2022-ൽ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും ആയത് ത്വരിതപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

സി.എച്ച്.സി. കൊഴിഞ്ഞാംപാറ, പി.എച്ച്.സി പറമ്പിക്കുളം, പി.എച്ച്.സി പൊൽപ്പുള്ളി എന്നീ മൂന്ന് സ്ഥാപനങ്ങളുടെയും ഡി.പി.ആർ തയ്യാറാക്കിവരികയാണ്. ഡി.പി.ആർ തയ്യാറായാലുടൻ ഭരണാനുമതി നൽകി പ്രവൃത്തികൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എം.എൽ.എ. ഫണ്ടുപയോഗിച്ച് പൊൽപ്പുള്ളിയിൽ പുതിയ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള ഐസൊലേഷൻ വാർഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

**സാന്ത്വനം ചികിത്സാ പദ്ധതി**

119(5465) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) സാന്ത്വനം ചികിത്സാ പദ്ധതിയിൽ നിലവിൽ എത്ര ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ട്; വിശദവിവരം ലഭ്യമാക്കുമോ?

മൂന്ന് തലങ്ങളായി നടപ്പിലാക്കുന്ന സാന്ത്വനം പദ്ധതിയുടെ പ്രൈമറിതലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾവഴി നിയമിതരായിട്ടുള്ള 1085 പാലിയേറ്റീവ് കെയർ നഴ്സുമാരും സെക്കണ്ടറി തലത്തിൽ ദേശീയ ആരോഗ്യദൗത്യംവഴി 329 സ്റ്റാഫ് നഴ്സുമാരും 11 ഡോക്ടർമാരും 247 ഫിസിയോതെറാപ്പിസ്റ്റുമാരും പ്രവർത്തിച്ചുവരുന്നു. കൂടാതെ എല്ലാ ജില്ലയിലും ഒരു പാലിയേറ്റീവ് കെയർ കോ-ഓർഡിനേറ്ററിനെയും ദേശീയ ആരോഗ്യദൗത്യം വഴി നിയമിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പി.എച്ച്.സി. തലത്തിലേയ്ക്ക് വ്യാപിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന പാലിയേറ്റീവ് കെയർ പദ്ധതിയുടെ അടിസ്ഥാന പ്രവർത്തന കേന്ദ്രം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ്. പഞ്ചായത്ത് തലത്തിൽ നിയമിതരാകുന്ന പാലിയേറ്റീവ് കെയർ നഴ്സിന്റെ ആസ്ഥാനം പ്രാഥമികാരോഗ്യ കേന്ദ്രമാണ്. സംസ്ഥാനത്ത് എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാന്ത്വന പരിചരണ പരിപാടി ഇപ്പോൾത്തന്നെ നടപ്പിലാക്കിവരുന്നുണ്ട്.

(സി) പദ്ധതിയിൽ നിലവിൽ എത്ര രോഗികൾക്ക് പരിചരണം നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്താകമാനം രണ്ട് ലക്ഷത്തി ഇരുപത്തി അയ്യായിരത്തോളം രോഗികൾക്ക് പാലിയേറ്റീവ് പരിചരണം ലഭിക്കുന്നുണ്ട്.

**എന്റെ ക്ഷയരോഗമുക്ത കേരളം പദ്ധതി**

120(5466) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-ഓടെ ക്ഷയരോഗ നിവാരണം എന്ന ലക്ഷ്യത്തിലെത്താൻ നടപ്പിലാക്കുന്ന 'എന്റെ ക്ഷയരോഗമുക്ത കേരളം' പദ്ധതിയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്താമോ?

2017 ഫെബ്രുവരിയിൽ ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തുവച്ച് ക്ഷയരോഗ നിർമ്മാർജ്ജന മാർഗ്ഗരേഖ രൂപീകരിക്കുന്നതിനായി അന്തർദ്ദേശീയതല സമ്മേളനം നടന്നു. അതിന്റെ ഭാഗമായി സംസ്ഥാനത്തുനിന്നും ക്ഷയരോഗം പൂർണ്ണമായും തുടച്ചുനീക്കാൻ 'എന്റെ ക്ഷയരോഗമുക്ത കേരളം' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നാല് ഘട്ടങ്ങളിലായാണ് ക്ഷയരോഗ നിർമ്മാർജ്ജനം സംസ്ഥാനത്ത് നടക്കുന്നത്. ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും അതാത് അദ്ധ്യക്ഷന്മാർ നേതൃത്വം നൽകുന്ന ക്ഷയരോഗ നിർമ്മാർജ്ജന കർമ്മസേന രൂപീകരിക്കുകയും പരിശീലനം നൽകിയ 78000 സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ സംസ്ഥാനത്തെ 82% ഭവനങ്ങളും സന്ദർശിച്ച്

ബോധവത്കരണവും വീടുകളിൽ കഴിയുന്ന ക്ഷയരോഗ സാധ്യത കൂടിയ വ്യക്തികളുടെ ക്ഷയരോഗ സാധ്യതാ നിർണ്ണയവും നടത്തിക്കഴിഞ്ഞു (TB Vulnerability mapping). ഇതിലൂടെ 25 ലക്ഷത്തോളം ടി ബി സാധ്യതയുള്ളവരേയും അവരിൽനിന്ന് 7.74 ലക്ഷത്തോളം അധിക ക്ഷയരോഗ സാധ്യതയുള്ളവരെയും mapping നടത്തിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ക്ഷയരോഗ സാധ്യത അധികമായിട്ടുള്ള (TB Vulnerability) 7.74 ലക്ഷത്തോളം വ്യക്തികളെ മൂന്നുമാസത്തിലൊരിക്കൽ അവരുടെ ഭവനങ്ങൾ സന്ദർശിച്ച് നേരത്തെ രോഗം കണ്ടെത്തുകയെന്നതാണ് 2019-ൽ ആരംഭിച്ച രണ്ടാംഘട്ട പ്രവർത്തനങ്ങൾ. തദ്ദേശസ്വയംഭരണ വകുപ്പിന്റേയും പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ആഫീസർമാരുടെയും നേതൃത്വത്തിൽ ഇത് നടന്നുവരുന്നു. മൂന്നാംഘട്ടത്തിൽ സമൂഹത്തിൽ ക്ഷയരോഗ സാധ്യത അധികമായുള്ള വ്യക്തികളിൽ ക്ഷയരോഗ സാധ്യത കുറയ്ക്കുക (TB Vulnerability) എന്നതാണ് ലക്ഷ്യമിടുന്നത്. പുകയില, മദ്യം ഇവയുടെ ഉപയോഗം കുറയ്ക്കുക, പ്രമേഹരോഗ നിയന്ത്രണം സാധ്യമാക്കുക, പോഷകാഹാരക്കുറവ് പരിഹരിക്കുക, ദീർഘകാല ശ്വാസകോശ രോഗങ്ങൾക്ക് കൃത്യമായ ചികിത്സ ലഭ്യമാക്കുകവഴി ക്ഷയരോഗസാധ്യത കുറയ്ക്കുക എന്നിവ വിവിധ പദ്ധതികളായ SWAS, NCD Programme എന്നിവയുമായി ഏകോപിപ്പിച്ചുകൊണ്ട് നടപ്പിലാക്കിവരുന്നു. മൂന്നാംഘട്ട പ്രവർത്തനങ്ങൾ 2020 ഒക്ടോബർ 2-ാം തീയതി മുതൽ തുടങ്ങിക്കഴിഞ്ഞു. ക്ഷയരോഗ നിർമ്മാർജ്ജന യജ്ഞ ദൗത്യത്തിന്റെ നാലുഘട്ടങ്ങളിൽ അവസാനത്തേതായ Latent TB Infection Management (LTBI) എന്നത് ലേറ്റന്റ് ടി.ബി. അണുബാധ കണ്ടുപിടിക്കുകയും അതിനെ ചികിത്സിക്കുകയും ചെയ്യുകയെന്നതാണ്. 5-15 വയസ്സ് പ്രായമായ കുട്ടികൾക്കും കൗമാരക്കാർക്കും ലേറ്റന്റ് ടി.ബി. അണുബാധ നിയന്ത്രണത്തിനായി ടെസ്റ്റ് ആൻഡ് ട്രീറ്റ് സമീപനത്തിലൂടെയുള്ള പ്രതിരോധ ചികിൽസ 2020 നവംബർ മുതൽ IGRA (Interferon-Gamma Release Assay) പരിശോധനാ സംസ്ഥാനത്ത് Latent TB Infection Management Guidelines-ൽ അധിഷ്ഠിതമായി ആരംഭിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ഈ വിഭാഗത്തിൽ സംസ്ഥാനത്ത് 20.3 ശതമാനം പേർക്ക് പോസിറ്റീവായി കാണുകയും അവർക്ക് പ്രതിരോധ ചികിത്സ 3HR regimens ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. National TB Infection Management Guidelines പ്രകാരം 15 വയസ്സും അതിന് മുകളിലുള്ളവരുടേയും ലേറ്റന്റ് ടി.ബി. അണുബാധ നിയന്ത്രണത്തിനായി ടെസ്റ്റ് & ട്രീറ്റ് സമീപനത്തിലൂടെയുള്ള പ്രതിരോധ ചികിത്സ 2021 ആഗസ്റ്റിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ NCD, SWAS clinic-കൾ വഴിയും ജയിൽ, വൃദ്ധസദനങ്ങൾ, അതിഥിത്തൊഴിലാളികളുടെ വാസസ്ഥലം എന്നിവിടങ്ങളിലും Active Case Finding(ACF) നടത്തിവരുന്നുണ്ട്.

(ബി) ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്ക് കോവിഡ് രോഗവ്യാപനം പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്ക് കോവിഡ് മഹാമാരി കടുത്തവെല്ലുവിളി ഉയർത്തിയിട്ടുണ്ട്. ആഗോളതലത്തിൽത്തന്നെ ക്ഷയരോഗനിർണ്ണയം നടത്തുന്നതിന് കാര്യമായ തടസ്സം നേരിട്ടിട്ടുണ്ട്. രണ്ടിന്റെയും പ്രധാന ലക്ഷണങ്ങൾ ചുമയും പനിയും ആയതിനാൽ ക്ഷയരോഗം കണ്ടെത്തുന്നതിൽ കാലതാമസം അനുഭവപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും സംസ്ഥാനത്ത് ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾ കോവിഡിനെതിരെയുള്ള പ്രവർത്തനങ്ങൾക്കും സഹായകരമായിട്ടുണ്ട്. ക്ഷയരോഗം വരാൻ അധിക സാധ്യതയുള്ള പ്രായമായവർ, ദീർഘകാല രോഗങ്ങളുള്ളവർ, പുകവലി, അമിത മദ്യപാനശീലമുള്ളവർ എന്നിവരെ കണ്ടെത്തുവാൻ പഞ്ചായത്തടിസ്ഥാനത്തിൽ സർവ്വെ നടത്തിയിരുന്നു. ഈ വിവരങ്ങൾ കോവിഡ് കാലത്ത് റിവേഴ്സ് ക്വാറന്റീൻ ഉറപ്പുവരുത്തുവാനും മരണ നിരക്ക് കുറയ്ക്കുവാനും പ്രാഥമികാരോഗ്യ സംവിധാനങ്ങളെ സഹായിച്ചിട്ടുണ്ട്. കോവിഡ് സംശയിക്കുന്നവരെ കോവിഡ് പരിശോധനയ്ക്ക് വിധേയമാക്കുകയും പരിശോധനയിൽ കോവിഡ് നെഗറ്റീവ് ആണെന്ന് കണ്ടെത്തുന്നവരെ ക്ഷയരോഗ പരിശോധയ്ക്കുകൂടി വിധേയമാക്കുകയും ചെയ്യുന്ന സംയുക്ത ക്ഷയരോഗ നിർമ്മാർജ്ജന-കോവിഡ് നിയന്ത്രണ സംരംഭവും ആവിഷ്കരിച്ചിട്ടുണ്ട്. കോവിഡ് ആദ്യതരംഗ സമയത്തുതന്നെ ടി.ബി, കോവിഡ് എന്നിവയ്ക്കുള്ള ദ്വിദിശാ സ്ക്രീനിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ഫസ്റ്റ് ലൈൻ, സെക്കൻഡ് ലൈൻ കോവിഡ് ചികിത്സാ സെന്ററുകൾ, വാക്സിനേഷൻ സെന്ററുകൾ, പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ എന്നിവയിൽ എത്തുന്നവർക്കും ILI, SARI അനുബന്ധ പ്രശ്നങ്ങൾ ഉള്ളവർക്കും ടി.ബി സ്ക്രീനിംഗ് നടത്തിവരുന്നു. കോവിഡ് -19 പശ്ചാത്തലത്തിൽ ലോക്ക്ഡൗൺ കാലത്ത് ക്ഷയരോഗ ചികിത്സയുമായി ബന്ധപ്പെട്ട സംശയനിവാരണത്തിന് ജില്ലാതല ഹെൽപ്പ്ലൈൻ രൂപീകരിച്ചു. ലോക്ക്ഡൗൺ കാലത്ത് മരുന്നുകൾ മുടങ്ങാതിരിക്കാനായി ഒരുമാസത്തേയ്ക്കുള്ള മരുന്നുകൾ ഒന്നിച്ച് ചികിത്സാസഹായ കേന്ദ്രങ്ങളിൽനിന്നും രോഗബാധിതർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(സി) ക്ഷയരോഗബാധിതരെ കണ്ടെത്തി ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

2017 ഫെബ്രുവരിയിൽ ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തുവച്ച് ക്ഷയരോഗ നിർമ്മാർജ്ജന മാർഗ്ഗരേഖ രൂപീകരിക്കുന്നതിനായി അന്തർദ്ദേശീയതല സമ്മേളനം നടന്നു. അതിന്റെ ഭാഗമായി സംസ്ഥാനത്തുനിന്നും ക്ഷയരോഗം പൂർണ്ണമായും തുടച്ചുനീക്കാൻ 'എന്റെ ക്ഷയരോഗമുക്ത കേരളം' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നാല്

ഘട്ടങ്ങളിലായാണ് ക്ഷയരോഗ നിർമ്മാർജ്ജനം സംസ്ഥാനത്ത് നടക്കുന്നത്. ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും അതാത് അദ്ധ്യക്ഷന്മാർ നേതൃത്വം നൽകുന്ന ക്ഷയരോഗ നിർമ്മാർജ്ജന കർമ്മസേന രൂപീകരിക്കുകയും പരിശീലനം നൽകിയ 78000 സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ സംസ്ഥാനത്തെ 82% ഭവനങ്ങളും സന്ദർശിച്ച് ബോധവത്കരണവും വീടുകളിൽ കഴിയുന്ന ക്ഷയരോഗ സാധ്യത കൂടിയ വ്യക്തികളുടെ ക്ഷയരോഗ സാധ്യതാനിർണ്ണയവും നടത്തിക്കഴിഞ്ഞു (TB Vulnerability mapping). ഇതിലൂടെ 25 ലക്ഷത്തോളം ടി.ബി സാധ്യതയുള്ളവരേയും അവരിൽനിന്ന് 7.74 ലക്ഷത്തോളം അധിക ക്ഷയരോഗ സാധ്യതയുള്ളവരെയും mapping നടത്തിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ക്ഷയരോഗസാധ്യത അധികമായിട്ടുള്ള (TB Vulnerability) 7.74 ലക്ഷത്തോളം വ്യക്തികളെ മൂന്നുമാസത്തിലൊരിക്കൽ അവരുടെ ഭവനങ്ങൾ സന്ദർശിച്ച് നേരത്തെ രോഗം കണ്ടെത്തുക എന്നതാണ് 2019-ൽ ആരംഭിച്ച രണ്ടാംഘട്ട പ്രവർത്തനങ്ങൾ. തദ്ദേശസ്വയംഭരണ വകുപ്പിന്റെയും പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ആഫീസർമാരുടെയും നേതൃത്വത്തിൽ ഇത് നടന്നുവരുന്നു. മൂന്നാംഘട്ടത്തിൽ സമൂഹത്തിൽ ക്ഷയരോഗ സാധ്യത അധികമായുള്ള വ്യക്തികളിൽ ക്ഷയരോഗ സാധ്യത കുറയ്ക്കുക (TB Vulnerability) എന്നതാണ് ലക്ഷ്യമിടുന്നത്. പുകയില, മദ്യം ഇവയുടെ ഉപയോഗം കുറയ്ക്കുക, പ്രമേഹരോഗ നിയന്ത്രണം സാധ്യമാക്കുക, പോഷകാഹാരക്കുറവ് പരിഹരിക്കുക, ദീർഘകാല ശ്വാസകോശ രോഗങ്ങൾക്ക് കൃത്യമായ ചികിത്സ ലഭ്യമാക്കുകവഴി ക്ഷയരോഗസാധ്യത കുറയ്ക്കുക എന്നിവ വിവിധ പദ്ധതികളായ SWAS, NCD Programme എന്നിവയുമായി ഏകോപിപ്പിച്ചുകൊണ്ട് നടപ്പിലാക്കിവരുന്നു. മൂന്നാംഘട്ട പ്രവർത്തനങ്ങൾ 2020 ഒക്ടോബർ 2-ാം തീയതി മുതൽ തുടങ്ങിക്കഴിഞ്ഞു. ക്ഷയരോഗ നിർമ്മാർജ്ജന യജ്ഞ ദൗത്യത്തിന്റെ നാല് ഘട്ടങ്ങളിൽ അവസാനത്തേതായ Latent TB Infection Management (LTBI) എന്നത് ലേറ്റന്റ് ടി.ബി. അണുബാധ കണ്ടുപിടിക്കുകയും അതിനെ ചികിത്സിക്കുകയും ചെയ്യുകയെന്നതാണ്. 5-15 വയസ്സ് പ്രായമായ കുട്ടികൾക്കും കൗമാരക്കാർക്കും ലേറ്റന്റ് ടി.ബി. അണുബാധ നിയന്ത്രണത്തിനായി ടെസ്റ്റ് ആൻഡ് ട്രീറ്റ് സമീപനത്തിലൂടെയുള്ള പ്രതിരോധ ചികിൽസ 2020 നവംബർ മുതൽ IGRA (Interferon-Gamma Release Assay) പരിശോധന സംസ്ഥാനത്ത് Latent TB Infection Management Guidelines-ൽ അധിഷ്ഠിതമായി ആരംഭിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ഈ വിഭാഗത്തിൽ സംസ്ഥാനത്ത് 20.3 ശതമാനം പേർക്ക് പോസിറ്റീവായി കാണുകയും അവർക്ക് പ്രതിരോധ ചികിത്സ 3HR regimens ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. National TB Infection Management Guidelines പ്രകാരം 15 വയസ്സും അതിന്

മുകളിലുള്ളവരുടേയും ലേറ്റന്റ് ടി.ബി. അണുബാധ നിയന്ത്രണത്തിനായി ടെസ്റ്റ് & ട്രീറ്റ് സമീപനത്തിലൂടെയുള്ള പ്രതിരോധ ചികിത്സ 2021 ആഗസ്റ്റിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ NCD, SWAS clinic-കൾ വഴിയും ജയിൽ, വൃദ്ധസദനങ്ങൾ, അതിഥിത്തൊഴിലാളികളുടെ വാസസ്ഥലം എന്നിവിടങ്ങളിലും Active Case Finding (ACF) നടത്തിവരുന്നുണ്ട്.

**മൃതസഞ്ജീവനി പദ്ധതി**

121(5467) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) അവയവം ലഭിക്കാനായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന രോഗികളുടെ എണ്ണം എത്രയാണെന്നും അതിൽ വൃക്ക, കരൾ എന്നിവ ലഭിക്കാനായി രജിസ്റ്റർ ചെയ്തവരുടെ എണ്ണം തരംതിരിച്ചും വ്യക്തമാക്കാമോ?

വിവിധ അവയവങ്ങൾക്കായി 3364 രോഗികൾ മൃതസഞ്ജീവനി പദ്ധതിയുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 28-10-2021-ലെ കണക്കുപ്രകാരം 687 രോഗികൾ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കും 2028 രോഗികൾ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുംവേണ്ടിയാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) മൃതസഞ്ജീവനി പദ്ധതിവഴി നാളിതുവരെ നൽകിയത് എത്ര അവയവങ്ങളാണെന്നും അതുവഴി എത്ര പേരുടെ ജീവൻ നിലനിർത്താൻ സാധിച്ചുവെന്നും വ്യക്തമാക്കുമോ?

മൃതസഞ്ജീവനി പദ്ധതിവഴി നാളിതുവരെ 328 മരണാനന്തര അവയവ ദാതാക്കളിൽനിന്നുമായി 929 അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുവാൻ സാധിച്ചിട്ടുണ്ട്.

(സി) ഇടനിലക്കാർ അവയവക്കച്ചവടത്തിന്റെ മറവിൽ ലക്ഷങ്ങളുടെ ഇടപാട് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര പേർക്കെതിരെ/ എത്ര സംഘടനകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

(സി&ഡി) ഈ വിഷയവുമായി ബന്ധപ്പെട്ട് 209/സി.ബി/ടി.എസ്.ആർ/ 2020 എന്ന ക്രൈം നമ്പരിൽ തൃശ്ശൂർ ക്രൈംബ്രാഞ്ച് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പരാതി ലഭിച്ചാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂവെന്ന് 7-7-2021-ലെ 327/ടി.ഡി.ആർ/സി.ബി.ഐ/ ടി.എസ്.ആർ/2021 നമ്പർ കത്ത് മുഖേന തൃശ്ശൂർ

ക്രൈംബ്രാഞ്ച് സൂപ്രണ്ട് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) അവയവദാനം സുതാര്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) എന്ന പേരിൽ സൊസൈറ്റി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) തിരുവിതാംകൂർ-കൊച്ചി ലിറ്ററി, സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്പ്രകാരം സൊസൈറ്റിയായി രൂപീകരിക്കുന്നതിന് 6-8-2021-ലെ സ.ഉ (കൈ) നം. 146/2021/ആ.കു.വ പ്രകാരം അനുമതി നൽകുകയും സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറെയും കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് നോഡൽ ഓഫീസറെയും ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 22-9-2021-ന് കെ-സോട്ടോ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുണ്ട് (രജിസ്ട്രേഷൻ നം. TVM/TC/669/2021).

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ വിപുലീകരണം

122(5468) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗത്തിന് ചികിത്സ നൽകുന്ന സ്വകാര്യമേഖലയിലെ ആശുപത്രികളെക്കൂടി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കേരളത്തിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നത് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയാണ്. ചില സ്വകാര്യ ആശുപത്രികൾ കാൻസർ രോഗ ചികിത്സ നൽകുന്നതിനായി എംപാനൽ ചെയ്യാൻ താല്പര്യപ്പെട്ടുകൊണ്ട് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കത്ത് നൽകിയിട്ടുണ്ട്. കാൻസർ രോഗ ചികിത്സയുമായി ബന്ധപ്പെട്ട നിലവിലെ മാനദണ്ഡപ്രകാരം സ്വകാര്യ ആശുപത്രികൾ ഇതിന്റെ പരിധിയിൽ വരില്ല. പദ്ധതി മാനദണ്ഡം പുനഃക്രമീകരിക്കുന്നതും സ്വകാര്യ ആശുപത്രികളെക്കൂടി കാൻസർ ചികിത്സയ്ക്ക് ഉൾപ്പെടുത്തുന്നതും പരിശോധിക്കുന്നതാണ്.

(ബി) നിലവിൽ സ്വകാര്യ ആശുപത്രിയിൽനിന്നും ചികിത്സ ലഭിക്കുന്ന ഏതെല്ലാം രോഗങ്ങൾക്കാണ് പ്രസ്തുത പദ്ധതി മുഖേന ആനുകൂല്യങ്ങൾ നൽകിവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നാഷണൽ ഹെൽത്ത് അതോറിറ്റി രൂപകൽപ്പന ചെയ്ത ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് (HBP)പ്രകാരമാണ് KASP പദ്ധതിയിലെ സൗജന്യ ചികിത്സ സംസ്ഥാന ആരോഗ്യ ഏജൻസി നടപ്പിലാക്കുന്നത്. നിലവിൽ ഹെൽത്ത് ബെനിഫിറ്റ് പാക്കേജിൽ 25 സ്പെഷ്യാലിറ്റികളിലായി 1667 പാക്കേജുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത 89 പാക്കേജുകളിൽനിന്നും സൗജന്യ ചികിത്സ ലഭ്യമാണ്. ഇതിൽ Medical Oncology, Radiation Oncology, Surgical Oncology തുടങ്ങിയവയും കൂടാതെ 62 മറ്റു പാക്കേജുകളും സർക്കാർ ആശുപത്രികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതാണ്. 1756 (1667+89) പാക്കേജുകളിൽനിന്നും മുകളിൽ സൂചിപ്പിച്ച സർക്കാർ ആശുപത്രികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ള പാക്കേജുകൾ ഒഴികെയുള്ള എല്ലാ പാക്കേജുകളും സ്വകാര്യ ആശുപത്രികളിൽ ലഭ്യമാണ്. 62 മറ്റു പാക്കേജുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രസ്തുത പദ്ധതിയിൽ കൂടുതൽപേരെ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

2018-2019 സാമ്പത്തിക വർഷം പ്രാബല്യത്തിലുള്ള ആർഎസ്ബിവൈ കാർഡ് പുതുക്കിയവരും ചിസ്, ചിസ് പ്ലസ് എന്നീ പദ്ധതികളിൽ ഉൾപ്പെട്ടിരുന്നവരുമായ എല്ലാ ഗുണഭോക്താക്കളുമുൾപ്പെടെ കേരളത്തിലെ 41.70 ലക്ഷം കുടുംബങ്ങൾക്ക് പ്രതിവർഷം 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ ലഭ്യമാണ്. കൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലുൾപ്പെടാത്തതും 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതുമായ കുടുംബങ്ങൾക്ക് APL, BPL വ്യത്യാസമില്ലാതെ ഒറ്റത്തവണത്തേയ്ക്ക് 2 ലക്ഷം രൂപയുടെ സൗജന്യ ചികിത്സയും SHA-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽനിന്നും കാരുണ്യ ബെനവലന്റ് ഫണ്ട് (KBF) പദ്ധതിയിലൂടെയും ലഭ്യമാക്കിവരുന്നു. വൃക്ക സംബന്ധമായ അസുഖമാണെങ്കിൽ മൂന്ന് ലക്ഷം രൂപയുടെ ചികിത്സാ ആനുകൂല്യം ലഭ്യമാണ്.

**മൃതസഞ്ജീവനി പദ്ധതി**

123(5469) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. ഡി. കെ. മുരളി:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവദാന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള മൃതസഞ്ജീവനി പദ്ധതിയുടെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അവയവദാന പ്രവർത്തനങ്ങൾ സുതാര്യവും വേഗത്തിലുമാക്കുന്നതിന് കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) എന്ന പേരിൽ സൊസൈറ്റി രൂപീകരിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) അനധികൃത അവയവദാന പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും ഇതുസംബന്ധിച്ച് ഈ സർക്കാർ നടത്തിയ നിയമവ്യവഹാരങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ?

(എ-സി) 1994-ൽ ലോകസഭ പാസ്സാക്കിയ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ടിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ടാണ് സംസ്ഥാനത്ത് അവയവദാന പ്രക്രിയകൾ നടക്കുന്നത്. നിലവിൽ മരണാനന്തര അവയവദാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് (മൃതസഞ്ജീവനി) ആണ്. അവയവദാനവും അവയവമാറ്റ ശസ്ത്രക്രിയകളും ഒരു സൊസൈറ്റിയുടെ കീഴിൽ കൊണ്ടുവന്ന് സംസ്ഥാനത്ത് അവയവദാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയെന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) രൂപീകരിക്കുന്നതിനും ആയതിനെ തിരുവിതാംകൂർ-കൊച്ചി ലിറ്റററി, സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടുപ്രകാരം ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിനും 6-8-2021-ലെ സ.ഉ (കൈ) നം. 146/2021/ആ.കു.വ. പ്രകാരം അനുമതി നൽകുകയും സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറെയും കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് നോഡൽ ഓഫീസറെയും ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 22-9-2021-ന് കെ-സോട്ടോ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുണ്ട് (രജിസ്ട്രേഷൻ നം. TVM/TC/669/2021). നിലവിലുള്ള കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗിനെ കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷനിൽ ലയിപ്പിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. അനധികൃത അവയവദാനവുമായി ബന്ധപ്പെട്ട വിഷയത്തിൽ സർക്കാർ നേരിട്ട് നിയമവ്യവഹാരങ്ങൾ നടത്തിയിട്ടില്ല.

## ഇ-ഹെൽത്ത് പദ്ധതിയുടെ പ്രവർത്തന പുരോഗതി

124(5470) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്ത് ആരോഗ്യ മേഖലയിലുണ്ടാക്കിയ മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉണ്ട്. വിശദാംശം ആനുബന്ധം I* ആയി ചേർക്കുന്നു.

(ബി) ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി പൂർണ്ണമായും കടലാസുരഹിതമായി പ്രവർത്തിക്കുന്ന ആശുപത്രികൾ സജ്ജീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉണ്ട്. കടലാസുരഹിതമായി പ്രവർത്തിക്കുന്ന ആശുപത്രികളുടെ ലിസ്റ്റ് ആനുബന്ധം II* ആയി ചേർക്കുന്നു.

(സി) വിവര സാങ്കേതികവിദ്യാധിഷ്ഠിതമായി ആരോഗ്യ മേഖലയിൽ മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പുവരുത്തുന്ന കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ?

സർക്കാർ ആശുപത്രികളുടെ ചികിത്സാ സംവിധാനങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെ പിൻബലത്തിലൂടെ മെച്ചപ്പെട്ടതാക്കുന്നതിനുള്ള തീവ്രശ്രമങ്ങളാണ് ഇ-ഹെൽത്ത് പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിനൊപ്പം സംസ്ഥാന ആരോഗ്യ വകുപ്പിനുകീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും കമ്പ്യൂട്ടറധിഷ്ഠിത സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(ഡി) സംസ്ഥാനത്തെ ടെലിമെഡിസിൻ സംവിധാനമായ ഇ-സഞ്ജീവനി പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(ഇ) ടെലിമെഡിസിൻ സംവിധാനം വിപുലീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(ഡി&ഇ) വിശദാംശം അനുബന്ധം III* ആയി ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആലത്തൂർ മണ്ഡലത്തിലെ ഹെൽത്ത് സെന്ററുകളുടെ നവീകരണം

125(5471) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ വിവിധ ഹെൽത്ത് സെന്ററുകളുടെ നവീകരണത്തിനായി നടത്തുന്ന പദ്ധതികൾ വ്യക്തമാക്കാമോ?

ആർദ്രം ഒന്നാംഘട്ടത്തിലുൾപ്പെടുത്തി വണ്ടാഴി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 13 ലക്ഷം രൂപയുടേയും കിഴക്കഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 8 ലക്ഷം രൂപയുടേയും നവീകരണ പ്രവർത്തനങ്ങൾ നടത്തി ഇവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്. ആർദ്രം രണ്ടാംഘട്ടത്തിൽ തേങ്കുറിശ്ശി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 15 ലക്ഷം രൂപയുടേയും കുനിശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 14 ലക്ഷം രൂപയുടേയും നവീകരണ പ്രവർത്തനങ്ങൾ നടത്തി ഇവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ആർദ്രം മൂന്നാംഘട്ടത്തിൽ മേലാർകാട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. സ്ഥാപനത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 15.5 ലക്ഷം രൂപ എൻ.എച്ച്.എം. വഴി അനുവദിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. കൂടാതെ ആർദ്രം പദ്ധതികളുടെ ഭാഗമായി മൂന്ന് ഘട്ടങ്ങളിലായി തെരഞ്ഞെടുത്തിരിക്കുന്ന ടി സ്ഥാപനങ്ങളിൽ ലബോറട്ടറി സൗകര്യം ഒരുക്കുന്നതിന് എൻ.എച്ച്.എം വഴി ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായിത്തന്നെ സംസ്ഥാനത്തെ ഒരു റവന്യൂ ബ്ലോക്കിൽനിന്നും ഒരു സ്ഥാപനത്തെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് നവീകരിച്ച് ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ ആലത്തൂർ നിയോജകമണ്ഡലത്തിൽനിന്നും കുഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഇതിനായുള്ള നവീകരണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഒന്നുവീതം ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്ന പദ്ധതിയിൽ ടി നിയോജകമണ്ഡലത്തിൽനിന്നും കുഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. കൂടാതെ കുഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 പ്രോജക്ട് മുഖേന 56,08,801 രൂപയുടെ നവീകരണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. (കുട്ടികളുടെ വാർഡ് നിർമ്മാണം, ഒ.പി കൗണ്ടർ നവീകരണം, ഒ.പി. വിഭാഗം നവീകരണം, ഡ്രെയിനേജ് പുനർനിർമ്മാണം എന്നിവ).

(ബി) ആലത്തൂർ താലൂക്കാശുപത്രിയിൽ ആരോഗ്യവകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഔട്ട് പേഷ്യന്റ് യൂണിറ്റ്, അത്യാഹിത വിഭാഗം, രോഗപരിശോധനാ സംവിധാനങ്ങൾ എന്നിവയുടെ നവീകരണത്തിനായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 12.31 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ നിർമ്മാണ ഏജൻസിയായ ഹൈറ്റ്സ് തയ്യാറാക്കിയ വിശദ പദ്ധതിരേഖ പരിശോധിച്ച് 26-2-2021-ന് കിഫ്ബി 11.039 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. നവീകരണത്തിനുള്ള പദ്ധതിരേഖ കിഫ്ബി ഡിസൈൻ റിവ്യൂ നടത്തിവരികയാണ്. ആയത് പൂർത്തിയായതിനുശേഷം ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. പുതിയ കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്തെ പഴയ കെട്ടിടങ്ങൾ പൊളിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കിഫ്ബി മുഖേന 1.568 കോടി രൂപയ്ക്ക് സ്ഥാപനത്തിലേയ്ക്ക് അനുവദിച്ച ഡയാലിസിസ് കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഡയാലിസിസ് കേന്ദ്രത്തിന്റെ പ്രവർത്തനത്തിനാവശ്യമായ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**നിലമ്പൂർ മണ്ഡലത്തിലെ ഇ-ഹെൽത്ത് പദ്ധതി**

126(5472) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കുന്നതെന്നറിയിക്കാമോ; മണ്ഡലത്തിലെ കൂടുതൽ ആശുപത്രികളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലമ്പൂർ മണ്ഡലത്തിലെ വഴിക്കടവ്, മുമ്മുള്ളി, കരുളായ്, പോത്തുകല്ല് എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ വഴിക്കടവ്, കരുളായ് എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഇ-ഹെൽത്ത് പദ്ധതി പൂർണ്ണമായും ആരംഭിച്ചു. മുമ്മുള്ളി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇ-ഹെൽത്ത് പദ്ധതിക്കുവേണ്ടിയുള്ള വയറിംഗ് ജോലികൾ പൂർത്തീകരിച്ചുവരുന്നു. നിലമ്പൂർ മണ്ഡലത്തിലെ നിലമ്പൂർ ജില്ലാ ആശുപത്രി അടുത്ത ഘട്ടത്തിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഇ-ഹെൽത്ത് പദ്ധതിയിൽ ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; പദ്ധതിക്കായി മണ്ഡലത്തിൽ ഇതുവരെ

ചെലവഴിച്ച തുക എത്രയെന്നും ഏതൊക്കെ ഇനങ്ങളിലാണ് ചെലവഴിച്ചതെന്നും അറിയിക്കാമോ; തുക അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണെന്ന് അറിയിക്കാമോ?

ആശുപത്രി സംവിധാനവും പൊതുജനാരോഗ്യ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് നടപ്പിലാക്കിവരുന്ന ഒരു ബൃഹത് പദ്ധതിയാണ് 'ഇ- ഹെൽത്ത് '. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ, " ഒരു പൗരന് ഒരു Electronic Health Record [EHR]" എന്ന ലക്ഷ്യത്തിലൂന്നി കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികളെയും Computer Network മുഖേന ബന്ധപ്പെടുത്തി ചികിത്സ ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇ- ഹെൽത്ത് പദ്ധതിയുടെ ഭാഗമായി ഓരോ വ്യക്തിക്കും ആധാർ നമ്പർ അടിസ്ഥാനമാക്കി ഒരു UHID നൽകുന്നു. ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള കേരളത്തിലെ സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുമ്പോൾ UHID ഉപയോഗിച്ച് പ്രസ്തുത വ്യക്തിയുടെ എല്ലാ ചികിത്സാ വിവരങ്ങളും (ക്ലിനിക്കൽ ഡീറ്റെയിൽസ്) ഡോക്ടർക്ക് ഓൺലൈനായി ലഭ്യമാകുന്നു. രോഗികളെ സംബന്ധിച്ചിടത്തോളം പേരും മറ്റു വിവരങ്ങളും നേരത്തെതന്നെ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നതിനാൽ ഒ.പി ടിക്കറ്റ് എടുക്കുന്ന പ്രക്രിയ സുഗമവും എളുപ്പവുമായി തീരുന്നു. ഒ.പി ക്ലിനിക്കുകൾ, ഫാർമസി, ലാബറട്ടറി, എക്സ്റേ എന്നിങ്ങനെ എല്ലാ സ്ഥലങ്ങളിലും ടോക്കൺ അടിസ്ഥാനത്തിലുള്ള ക്യൂ സമ്പ്രദായം നിലവിൽ വന്നു. ഡോക്ടർമാരുടെ കുറിപ്പടികൾ (prescriptions) നെറ്റ്‌വർക്ക് വഴി ഫാർമസികളിലും ലബോട്ടറികളിലും എക്സ്റേ കൗണ്ടറിലും ഓൺലൈനായി എത്തുന്നു. ടെസ്റ്റ് റിസൽറ്റുകൾ ഡോക്ടർമാരുടെ മുന്നിലെ കമ്പ്യൂട്ടറിൽ തൽസമയം ലഭ്യമാകുന്നു. വ്യക്തികളുടെ സമഗ്രമായ ആരോഗ്യരേഖകൾ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയ ഏതൊരു ആശുപത്രിയിലും കമ്പ്യൂട്ടർ ശൃംഖല വഴി ലഭ്യമാകുമെന്നതിനാൽ വിവിധ ആശുപത്രികളിൽ തുടർചികിത്സകൾ വേണ്ടിവരുന്ന സന്ദർഭങ്ങളിൽ ഡോക്ടർമാർക്ക് തങ്ങളുടെ മുന്നിലിരിക്കുന്ന രോഗിയുടെ പൂർണ്ണമായ രോഗചികിത്സാ സംഗ്രഹം ഓൺലൈനായി ലഭിക്കുന്നതിനാൽ കൃത്യമായ തുടർചികിത്സ നിർണ്ണയിക്കാൻ സാധിക്കുന്നു. രോഗികൾക്ക് തങ്ങളുടെ ചികിത്സാസംബന്ധിയായ രേഖകൾ കൊണ്ടുനടക്കേണ്ട ആവശ്യം ഇല്ലാതാകുന്നു. ഓരോ ആശുപത്രികളുടെയും വലിപ്പം, പ്രവർത്തനസജ്ജമായ കെട്ടിടങ്ങൾ, നൽകിവരുന്ന സേവനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിലുംവരുന്ന ആശുപത്രികളിലും ആവശ്യമായി വരുന്ന തുകയുടെ കാര്യത്തിൽ ഏറ്റക്കുറച്ചിലുകളുണ്ട്. ആയതിനാൽ പദ്ധതി നിർവ്വഹണത്തിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് ഓരോ ആശുപത്രിക്കും പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടാണ് ഇ-ഹെൽത്ത്

പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുന്നത്. എന്നിരുന്നാലും ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവയ്ക്ക് 20 ലക്ഷം രൂപയും ജനറൽ/ ജില്ലാ ആശുപത്രികൾക്ക് 1.85 കോടി രൂപയും വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെടുന്നത്.

(സി) ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പ് മണ്ഡലത്തിൽ നടത്തിയ ഒരുക്കങ്ങളും നടപടികളും വ്യക്തമാക്കാമോ; ഇ-ഹെൽത്ത് രജിസ്ട്രേഷൻ ക്യാമ്പുകൾ, കുടുംബാരോഗ്യ സർവ്വേ തുടങ്ങിയവ മണ്ഡലത്തിൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ആശ, അങ്കണവാടി പ്രവർത്തകർ, ഡിവിഷൻ കൗൺസിലർമാർ, പൊതു പ്രവർത്തകർ, ക്ലബ് ഭാരവാഹികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി മുനിസിപ്പൽതല മീറ്റിംഗുകളും സബ്സെന്റർതല മീറ്റിംഗുകളും സംഘടിപ്പിച്ചു. എല്ലാ ഡിവിഷനുകളിലും ക്യാമ്പുകൾ സംഘടിപ്പിച്ച വ്യക്തികളുടെ ആധാർ ഇ-ഹെൽത്തിലേയ്ക്ക് രജിസ്ട്രേഷൻ ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ചു. ഇ-ഹെൽത്ത് പദ്ധതി ആരംഭിച്ച വഴിക്കടവ് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇതുവരെ 27733 വ്യക്തികൾക്ക് യു.എച്ച്.ഐ.ഡി കാർഡ് വിതരണം ചെയ്യുകയുണ്ടായി. കരുളായ് കുടുംബാരോഗ്യ കേന്ദ്രത്തിൽ യു.എച്ച്.ഐ.ഡി കാർഡ് വിതരണം സെപ്തംബർ 28-ന് ആരംഭിച്ചു.

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിച്ച്, സർക്കാർ ആശുപത്രികളിലെ ഒ.പി. ടിക്കറ്റ് വീട്ടിലിരുന്ന് ബുക്ക് ചെയ്യുന്നതടക്കമുള്ള സേവനങ്ങൾ രോഗികൾക്ക് ലഭ്യമാക്കാനാകുമെന്ന് അറിയിക്കാമോ?

ഇ- ഹെൽത്ത് സിറ്റിസൺ പോർട്ടൽ ഉപയോഗിച്ച് ഓൺലൈൻ വഴി ഇ-ഹെൽത്തിൽ രജിസ്റ്റർ ചെയ്ത് യു.എച്ച്.ഐ.ഡി നമ്പർ സ്വന്തമാക്കാനും ഇ-ഹെൽത്ത് ആരംഭിച്ച സർക്കാർ ആശുപത്രികളിലേയ്ക്ക് ഒ.പി ടിക്കറ്റ് വീട്ടിലിരുന്ന് ബുക്ക് ചെയ്യാനുമുള്ള സംവിധാനം നിലവിൽ https://ehealth.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**ഇരവിപുരം മണ്ഡലത്തിൽ ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ**

127(5473) <u>ശ്രീ. എം. നൗഷാദ്</u>: **താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

മുൻസർക്കാരിന്റെ കാലത്ത് ഇരവിപുരം നിയോജകമണ്ഡലത്തിൽ ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; പ്രസ്തുത

പദ്ധതികൾ പ്രകാരമുള്ള ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ടെന്ന് വ്യക്തമാക്കാമോ?

ഇരവിപുരം നിയോജകമണ്ഡലത്തിലെ ഇരവിപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം ഒന്നാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ദേശീയ ആരോഗ്യ ദൗത്യം മുഖേന 3,17,46,000 രൂപ (മൂന്ന് കോടി പതിനേഴ് ലക്ഷത്തി നാൽപത്തി ആറായിരം രൂപ മാത്രം) അനുവദിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി നടന്നുവരികയുമാണ്. കൂടാതെ ടി ആരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ടു സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം രണ്ടാംഘട്ടത്തിൽ മയ്യനാട്, പാലത്തറ എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. മയ്യനാട് കുടുംബാരോഗ്യ കേന്ദ്രത്തിന് 10,09,707 (പത്ത് ലക്ഷത്തി ഒൻപതിനായിരത്തി എഴുന്നൂറ്റി ഏഴ് രൂപ മാത്രം) രൂപയും പാലത്തറ കുടുംബാരോഗ്യ കേന്ദ്രത്തിന് 16,13,583 രൂപയും (പതിനാറ് ലക്ഷത്തി പതിമൂന്നായിരത്തി അഞ്ഞൂറ്റി എൺപത്തി മൂന്ന് രൂപ മാത്രം) ദേശീയ ആരോഗ്യ ദൗത്യംവഴി അനുവദിച്ചിട്ടുണ്ട്. നിലവിൽ ടി സ്ഥാപനങ്ങൾ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരികയാണ്. ഇതിനുപുറമെ പാലത്തറ ആരോഗ്യ കേന്ദ്രത്തിന് നബാർഡ് പദ്ധതിപ്രകാരം 10 കോടി രൂപ അനുവദിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## സ്മാർട്ട് കിച്ചൻ പദ്ധതി

128(5474) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താരംഭിക്കാൻ തീരുമാനിച്ച സ്മാർട്ട് കിച്ചൻ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ;

6-10-2021-ൽ ബഹു. കേരള ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സ്മാർട്ട് കിച്ചൺ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ആലോചനായോഗം കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്മാർട്ട് കിച്ചൺ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കരട് ആക്ഷൻ പ്ലാൻ തയ്യാറാക്കി വരുന്നു.

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സ്മാർട്ട് കിച്ചൺ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ നിയോഗിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ശിപാർശയുടെ സംക്ഷിപ്ത രൂപം അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കുമെന്നറിയിക്കുമോ?

വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. ഓരോ വകുപ്പും ഏറ്റെടുത്തു നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കുണ്ടറ മണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റെ പദ്ധതികൾ**

129(5475) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യത്തിന് **ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

കുണ്ടറ നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ നിലവിൽ പ്രവർത്തനം നടന്നുവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിലെ ആരോഗ്യ വകുപ്പിനുകീഴിലുള്ള കുണ്ടറ താലൂക്ക് ആശുപത്രി വികസനത്തിനായി കിഫ്ബി പദ്ധതിവഴി 76.13 കോടി രൂപയുടെ (എഴുപത്തി ആറ് കോടി പതിമൂന്ന് ലക്ഷം രൂപ മാത്രം) ഭരണാനുമതിയും 35.36 കോടി രൂപയുടെ (മുപ്പത്തി അഞ്ച് കോടി മുപ്പത്തി ആറ് ലക്ഷം രൂപ മാത്രം) സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പേരയം പ്രാഥമികാരോഗ്യകേന്ദ്രത്തെ ആർദ്രം പദ്ധതി രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനായി 20,57,538 രൂപ (ഇരുപത് ലക്ഷത്തി അൻപത്തി ഏഴായിരത്തി അഞ്ഞൂറ്റി മുപ്പത്തി എട്ട് രൂപ മാത്രം) എൻ.എച്ച്.എം വഴി അനുവദിച്ചിട്ടുണ്ട്. കൂടാതെ തീരദേശ വികസന ഫണ്ട് 1.68 കോടിരൂപ (ഒരു കോടി അറുപത്തി എട്ട് ലക്ഷം രൂപ മാത്രം) ഉപയോഗിച്ച് പുതിയ ഒ.പി കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. നെടുമ്പന സാമൂഹികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയുടെ ഭാഗമായി ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനായി ദേശീയ ആരോഗ്യ ദൗത്യം വഴി 37.5 ലക്ഷം (മുപ്പത്തി ഏഴ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. കൂടാതെ കോവിഡ്-19 പശ്ചാത്തലത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഒന്നുവീതം ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്ന പദ്ധതി പ്രകാരം കുണ്ടറ നിയോജകമണ്ഡലത്തിൽനിന്നും നെടുമ്പന സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. നിർവ്വഹണ ഏജൻസിയായ കെ.എം.എസ്.സി.എൽ ഇതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തൃക്കോവിൽവട്ടം കുടുംബാരോഗ്യ കേന്ദ്രത്തെ ആർദ്രം

രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനായി ദേശീയ ആരോഗ്യ ദൗത്യം വഴി 8,80,164 (എട്ട് ലക്ഷത്തി എൺപതിനായിരത്തി ഒരുന്നൂറ്റി അറുപത്തി നാല് രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പെരിനാട് ആരോഗ്യ കേന്ദ്രത്തെ ആർദ്രം രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ ദേശീയ ആരോഗ്യ ദൗത്യംവഴി 20,57,538 (ഇരുപത് ലക്ഷത്തി അൻപത്തി ഏഴായിരത്തി അഞ്ഞൂറ്റി മുപ്പത്തി എട്ട് രൂപ മാത്രം) രൂപ എൻ.എച്ച്.എം.വഴി അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കൊറ്റങ്കര പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം മൂന്നാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിനായുള്ള പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്.

### ആർദ്രം പദ്ധതി

130(5476) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

(എ&ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>ആർദ്രം ഒന്നാംഘട്ടം</u>: ആർദ്രം ഒന്നാംഘട്ടത്തിൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കരിന്തളം, എണ്ണപ്പാറ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി പ്രവർത്തിച്ചുവരികയാണ്. ഇതിനായി എണ്ണപ്പാറ കുടുംബാരോഗ്യകേന്ദ്രത്തിന് 10,09,100 രൂപയും (പത്ത് ലക്ഷത്തി ഒൻപതിനായിരത്തി ഒരുന്നൂറ് രൂപ മാത്രം) കരിന്തളം കുടുംബാരോഗ്യ കേന്ദ്രത്തിന് 13,75,400 രൂപയും (പതിമൂന്ന് ലക്ഷത്തി എഴുപത്തി അയ്യായിരത്തി നാനൂറ് രൂപ മാത്രം) അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ ലാബ് സൗകര്യം വർദ്ധിപ്പിക്കുന്നതിന് എൻ.എച്ച്.എം വഴി ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്.

<u>ആർദ്രം രണ്ടാംഘട്ടം</u>: ആർദ്രം രണ്ടാംഘട്ടത്തിൽ ടി നിയോജകമണ്ഡലത്തിലെ അജാനൂർ, ആനന്ദാശ്രമം, മടിക്കൈ, പാണത്തൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ടി സ്ഥാപനങ്ങൾ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരികയുമാണ്. ഇതിനായി 15 ലക്ഷം (പതിനഞ്ച് ലക്ഷം രൂപ മാത്രം) രൂപ എൻ.എച്ച്.എം വഴി അനുവദിച്ചു നൽകിയിട്ടുണ്ട്.

<u>ആർദ്രം മൂന്നാംഘട്ടം</u>: ആർദ്രം മൂന്നാംഘട്ടത്തിൽ ടി നിയോജകമണ്ഡലത്തിലെ കൊന്നക്കാട് പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിനായുള്ള പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. ആർദ്രം പദ്ധതിയുടെ ഭാഗമായിത്തന്നെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഒ.പി രജിസ്ട്രേഷൻ, ഫാർമസി നവീകരണം, രോഗീസൗഹൃദ സംവിധാനങ്ങൾ, ഫർണിച്ചറുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനായി 1.30 കോടി രൂപ (ഒരു കോടി മുപ്പത് ലക്ഷം രൂപ മാത്രം) അനുവദിച്ചു നൽകിയിട്ടുമുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായിത്തന്നെ സംസ്ഥാനത്തെ ഒരു റവന്യൂ ബ്ളോക്കിൽനിന്നും ഒരു സ്ഥാപനത്തെ തെരഞ്ഞെടുത്ത് അടിസ്ഥാന സൗകര്യങ്ങൾ, രോഗീസൗഹൃദ അന്തരീക്ഷം, സേവനങ്ങൾ തുടങ്ങിയവ വർദ്ധിപ്പിച്ച് ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ടി നിയോജകമണ്ഡലത്തിലെ കാഞ്ഞങ്ങാട് റവന്യൂ ബ്ലോക്കിൽനിന്നും പെരിയ സാമൂഹികാരോഗ്യ കേന്ദ്രത്തെയും പരപ്പ റവന്യൂ ബ്ലോക്കിൽനിന്നും വെള്ളരിക്കുണ്ട് സാമൂഹികാരോഗ്യ കേന്ദ്രത്തെയും തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ പെരിയ സാമൂഹികാരോഗ്യ കേന്ദ്രത്തിന് അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി 37.5 ലക്ഷം രൂപ (മുപ്പത്തി ഏഴരലക്ഷം രൂപ മാത്രം) എൻ.എച്ച്.എം വഴി അനുവദിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. കൂടാതെ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും ഒന്നുവീതം ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്ന പദ്ധതിയിൽ ടി നിയോജകമണ്ഡലത്തിൽനിന്നും താലൂക്കാശുപത്രി പൂടംകല്ല് (പാണത്തടി) എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഇതിന്റെ പ്രവർത്തനങ്ങൾ കെ.എം.എസ്.സി.എൽ. ആണ് നിർവ്വഹിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടും കിഫ്ബി ഫണ്ടും ആണ് ഉപയോഗിക്കാൻ തീരുമാനിച്ചിരിക്കുന്നത്.

## ട്രോമാകെയർ സംവിധാനമുള്ള ആശുപത്രികളിൽ ന്യൂറോ ഡോക്ടർമാരുടെ സേവനം

131(5477) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോമാകെയർ സംവിധാനമുള്ള ഏതെല്ലാം ആശുപത്രികളിലാണ് ന്യൂറോ ഡോക്ടർമാരുടെ സേവനം ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

നിലവിൽ ആരോഗ്യവകുപ്പിന്റെ കീഴിലെ ട്രോമാകെയർ സംവിധാനമുള്ള ആശുപത്രികളിൽ എറണാകുളം ജനറൽ ആശുപത്രിയിൽ ന്യൂറോ സർജന്റെ സേവനം ലഭ്യമാണ്. എറണാകുളം ജനറൽ ആശുപത്രിയിൽ എൻ.എച്ച്.എം മുഖേന നിയമിച്ച ഒരു ന്യൂറോ സർജൻ ജോലി ചെയ്തുവരുന്നു.

(ബി) ട്രോമാകെയർ സംവിധാനമുള്ള എല്ലാ ആശുപത്രികളിലും ന്യൂറോ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ ജില്ലാതല ആശുപത്രികളിൽ മാത്രമാണ് ന്യൂറോളജി വിഭാഗം. തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിച്ചുവരുന്നത്.

(സി) ജനറൽ ആശുപത്രികളിൽ കാർഡിയാക് ഒ.പി. ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ജില്ലാതല ആശുപത്രികളിൽ കാർഡിയോളജി വിഭാഗം തസ്തികകൾ സൃഷ്ടിക്കുകയും കാർഡിയോളജി ഒ.പി. ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മുഴുവൻ ജില്ലാതല ആശുപത്രികളിലും പ്രസ്തുത സൗകര്യം ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു.

## പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്ന നടപടി

132(5478) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ കടലുണ്ടി നഗരം പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും ശിപാർശകൾ വകുപ്പുതലത്തിൽ നിലവിലുണ്ടോ; ഇല്ലെങ്കിൽ തുടർനടപടികൾ സ്വീകരിക്കുവാൻ വകുപ്പിന് നിർദ്ദേശം നൽകാമോ?

(എ&ബി) സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ കടലുണ്ടി നഗരം പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിലേയ്ക്കായി 15.5 ലക്ഷം രൂപ ആരോഗ്യ കേരളം വഴി അനുവദിച്ചിട്ടുമുണ്ട്. ആയതിനുള്ള പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്.

**കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിലെ ജീവനക്കാർ**

133(5479) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ ഡോക്ടർമാരടക്കം എത്ര ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രി കോവിഡ് ആശുപത്രിയായി പ്രവർത്തിക്കുന്നത് നിർത്തിയ സാഹചര്യത്തിൽ ഈ ജീവനക്കാരെ മറ്റുസ്ഥലങ്ങളിലേയ്ക്ക് മാറ്റാൻ ആലോചനയുണ്ടോ; എങ്കിൽ എവിടങ്ങളിലേയ്ക്ക് മാറ്റാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഡോക്ടർമാരടക്കം 87 ജീവനക്കാരെയാണ് കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ നിയമിച്ചിട്ടുള്ളത്. തസ്തിക തിരിച്ചുള്ള നിയമനത്തിന്റെ വിശദമായ പട്ടിക അനുബന്ധമായി* ചേർക്കുന്നു. നിലവിൽ പ്രവൃത്തിയെടുക്കാൻ കഴിയാതെ കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ തുടർന്നുവരുന്ന ജീവനക്കാരെ ടി കോളേജിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിക്കുന്നതുവരെ മറ്റ് മെഡിക്കൽ കോളേജുകളിൽ ഉപയോഗപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

(സി) അറ്റകുറ്റപ്പണി തീർന്നാലുടനെ ഒ.പി. വിഭാഗം പ്രവർത്തിക്കാനും അതിനാവശ്യമായ ജീവനക്കാരെ നിലനിർത്താനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഒ.പി വിഭാഗത്തിന് എന്തെല്ലാം സൗകര്യങ്ങളും സംവിധാനങ്ങളുമാണ് ആവശ്യമുള്ളത്; ഇത് കാസർഗോഡ് മെഡിക്കൽ കോളേജിൽ ഇപ്പോഴുണ്ടോ എന്ന് വ്യക്തമാക്കാമോ?

സമഗ്രമായ ഒ.പി സംവിധാനം ഒരുക്കാൻ താഴെപ്പറയുന്ന കാര്യങ്ങളാണ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രധാനമായും ആവശ്യമുള്ളത്.

എ) ഒ.പി രജിസ്ട്രേഷൻ കൗണ്ടർ

ബി) ടോയ്‌ലറ്റ്, കുടിവെള്ള സൗകര്യം, മറ്റാവശ്യമായ സൗകര്യങ്ങൾ

സി) പരിശോധനാ മുറികൾ

ഡി) ലാബ് സംവിധാനം

ഇ) എക്സ് റേ, സ്കാൻ സംവിധാനങ്ങൾ

എഫ്) പ്ലാസ്റ്റർ റൂം

ജി) പ്രൊസീഡിയർ റൂം

എച്ച്) ഫാർമസി

ഐ) ഓൺലൈൻ ടോക്കൺ സംവിധാനം

കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ അക്കാഡമിക് ബ്ലോക്കിലെ നിലവിലെ സൗകര്യങ്ങളും സംവിധാനങ്ങളും ഉപയോഗിച്ച് ഒ.പി. തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. നിർദ്ദിഷ്ട സ്ഥലത്ത് കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി സമുച്ചയത്തിന്റെ പണി പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ സൗകര്യങ്ങളോടുംകൂടിയ ഒ.പി സംവിധാനം നിലവിൽ വരുന്നതാണ്.

## പ്രാഥമികാരോഗ്യ പരിചരണം

134(5480) ശ്രീ. എം. എം. മണി:
ശ്രീ. എച്ച്. സലാം:
ശ്രീ. പി. നന്ദകുമാർ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നഗര പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ പരിചരണം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

നഗര പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ പരിചരണം അർബൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ മേൽനോട്ടത്തിലാണ് നിർവ്വഹിക്കുന്നത്. കുട്ടികൾക്ക് രോഗപ്രതിരോധം വർദ്ധിപ്പിക്കുന്നതിനാവശ്യമായ വാക്സിനേഷൻ പ്രവർത്തനങ്ങൾ അർബൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ മേൽനോട്ടത്തിൽ ജെ.പി.എച്ച്.എൻ.-മാർ നിർവ്വഹിക്കുന്നുണ്ട്. 93 അർബൻ പി.എച്ച്.സി.-കൾ

കേരളത്തിലുടനീളം പ്രവർത്തിക്കുന്നുണ്ട്. എല്ലാ അർബൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 8 am - 4 pm ലാബ് സർവ്വീസ് നൽകിവരുന്നുണ്ട്. പകർച്ചേതരവ്യാധി ക്ലിനിക്കുകൾ ആഴ്ചയിൽ 2 ദിവസവും നടക്കുന്നുണ്ട്. തെരഞ്ഞെടുത്ത അർബൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആഴ്ചയിൽ ഒരു ദിവസം സ്പെഷ്യാലിറ്റി ക്ലിനിക്കുകളും നടത്തിവരുന്നു (ഗൈനക്, ഇ.എൻ.റ്റി.) എല്ലാ ബുധനാഴ്ചകളിലും കുട്ടികൾക്ക് കുത്തിവയ്പ്പ് നൽകിവരുന്നു. ആഴ്ചയിൽ 2 ദിവസം കുത്തിവയ്പ്പ് ഫീൽഡുതലത്തിലും നൽകിവരുന്നു. ഒട്ടുമിക്ക അർബൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ആഴ്ചയിൽ 6 ദിവസവും ദന്തൽ ക്ലിനിക്കുകളും നടത്തിവരുന്നുണ്ട്. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി മഹിളാ ആരോഗ്യ സമിതി സ്കീമും നടന്നുവരുന്നുണ്ട്. ആയുഷ്മാൻ ഭാരതിന്റെ ഭാഗമായി വെൽനസ് സെക്ഷനുകൾ നടത്തിവരുന്നു. ആശമാരും ജെ.പി.എച്ച്.എൻ.-മാരും ഫീൽഡ് വിസിറ്റ് നടത്തുകയും ഗർഭിണികൾക്കാവശ്യമായ പരിചരണം നൽകുകയും ഹെൽത്ത് എഡ്യൂക്കേഷൻ നടത്തുകയും ചെയ്യുന്നുണ്ട്. 47 അർബൻ ഹെൽത്ത് സെന്ററുകളിൽ ഇ-ഹെൽത്ത് ഇംപ്ലിമെന്റേഷൻ നടത്തിയിട്ടുണ്ട്. 34 അർബൻ ഹെൽത്ത് സെന്ററുകൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് (NQAS) സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്.

### കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

135(5481) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ആരോഗ്യവകുപ്പിന് തത്വത്തിൽ സൃഷ്ടിച്ച 1200 തസ്തികയുടെ ആദ്യഘട്ടമെന്ന നിലയിൽ 22-9-2021-ലെ സ.ഉ(കൈ) നം.168/2021/ആ.കു.വ എന്ന ഉത്തരവ് പ്രകാരം സ്റ്റാഫ് നഴ്സ് -7, ഫാർമസിസ്റ്റ് -2, ക്ലാർക്ക്-2, ഓഫീസ് അറ്റൻഡന്റ്-1 എന്നീ തസ്തികകൾ ടി ആശുപത്രിയിൽ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ആശുപത്രിയിൽ എന്തൊക്കെ സജ്ജീകരണങ്ങളാണ് നാളിതുവരെ ഒരുക്കിയിട്ടുള്ളതെന്നും ഇനി എന്തൊക്കെ സജ്ജീകരണങ്ങളാണ് ഒരുക്കാനുള്ളതെന്നും അറിയിക്കുമോ?

ആധുനിക നിലവാരത്തിലുള്ള 100 ബെഡ്ഡുള്ള ആശുപത്രി കെട്ടിടത്തിൽ ഓപ്പറേഷൻ തിയേറ്റർ, മൈനർ ഓപ്പറേഷൻ തിയേറ്റർ, ഒ.പി റൂമുകൾ, ലബോറട്ടറി,

അത്യാഹിത വിഭാഗം, ഫാർമസി എന്നിവ സജ്ജീകരിച്ചിരിക്കുന്നു. ട്രാൻസ്ഫോർമർ, ജനറേറ്റർ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് റിപ്പയർ, ഡ്രെയിനേജ് വർക്ക്, സെക്യൂരിറ്റി ക്യാബിൻ, പ്രവേശന കവാടത്തിന്റെ കമാനം, അമ്മയും കുഞ്ഞും ശില്പത്തിന്റെ നിർമ്മാണം എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. മെഡിക്കൽ ഓക്സിജൻ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് നാഷണൽ ഹെൽത്ത് മിഷൻ വഴി 285 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കി ടി പ്രവൃത്തിയുടെ പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. ആശുപത്രിക്കാവശ്യമായ ഉപകരണങ്ങൾ KMSCL മുഖേന ലഭ്യമാക്കിവരുന്നു.

(സി) പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

നിർമ്മാണ പ്രവൃത്തികളും ജീവനക്കാരുടെ നിയമനവും പൂർത്തിയായാലുടനെ ആശുപത്രിയുടെ പ്രവർത്തനം തുടങ്ങാൻ കഴിയും.

**തിരൂരങ്ങാടി താലൂക്ക് ആശുപത്രി**

136(5482) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയുടെ കാഷ്വാലിറ്റി ബ്ലോക്കിന്റെ കെട്ടിട നിർമ്മാണത്തിനായി പതിനാല് കോടി രൂപ അനുവദിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ?

തിരൂരങ്ങാടി താലൂക്ക് ആശുപത്രിയുടെ കാഷ്വാലിറ്റി ബ്ലോക്കിന്റെ നിർമ്മാണത്തിന് KIIFB പദ്ധതിയിലുൾപ്പെടുത്തി 13.64 കോടി രൂപയുടെ ഭരണാനുമതിയും 10.42 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തോയെന്ന് വിശദമാക്കാമോ?

പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള നിർദ്ദിഷ്ട സ്ഥലത്ത് സ്ഥിതി ചെയ്തിരുന്ന പഴയ കെട്ടിടങ്ങൾ പൊളിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ആയത് പൂർത്തിയാക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. സാങ്കേതികാനുമതിക്കായുള്ള രേഖകൾ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ പദ്ധതി നിർവ്വഹണ ഏജൻസിയായി കിറ്റ്കോയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

## ചുനക്കര സാമൂഹികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം

137(5483) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ചുനക്കര സാമൂഹികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി എം.എൽ.എ. ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ഒന്നരക്കോടി രൂപ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മാവേലിക്കര മണ്ഡലത്തിലെ ചുനക്കര സാമൂഹികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നരക്കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് സി.എച്ച്.സി. കോമ്പൗണ്ടിൽ നിൽക്കുന്ന ഉപയോഗശൂന്യമായ വാട്ടർ ടാങ്ക് പൊളിച്ചുനീക്കാൻ കെ.ഡബ്ല്യൂ.എ.-യുടെ അനുമതി ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള വാട്ടർ അതോറിറ്റി ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും രേഖാമൂലം അനുമതി ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത ടാങ്ക് നീക്കം ചെയ്യുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

വാട്ടർ ടാങ്ക് നീക്കം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## പെരുവള്ളൂർ സി.എച്ച്.സി.

138(5484) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പെരുവള്ളൂർ സി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമാക്കിയതിനെത്തുടർന്ന് നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ ഭാഗമായിത്തന്നെ സംസ്ഥാനത്തെ ഒരു റവന്യൂ ബ്ലോക്കിൽനിന്നും ഒരു സ്ഥാപനത്തെ തെരഞ്ഞെടുത്ത് അടിസ്ഥാന സൗകര്യങ്ങളും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെട്ട സേവനങ്ങളും വർദ്ധിപ്പിച്ച് ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ മലപ്പുറം ജില്ലയിലെ

തിരൂരങ്ങാടി ഹെൽത്ത് ബ്ലോക്കിൽനിന്നും പെരുവള്ളൂർ സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

(ബി) കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയതിന്റെ ഭാഗമായി അനുവദിക്കുന്ന അടിസ്ഥാന സൗകര്യങ്ങളും പശ്ചാത്തല സൗകര്യങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയതിന്റെ ഭാഗമായി വരാവുന്ന പുതുക്കിയ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) 22-1-2021-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 207/2021/ആ.കു.വ. പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖ അനുബന്ധമായി* ചേർക്കുന്നു.

## വൈപ്പിൻ മണ്ഡലത്തിൽ നിർമ്മാണപ്രവൃത്തികൾ നടന്നുവരുന്ന ആശുപത്രികൾ

139(5485) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്ന ആശുപത്രികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിജസ്ഥിതി വിശദമാക്കാമോ?

(എ-സി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ വിവിധ പദ്ധതികൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് നടപടി

140(5486) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഹോമിയോ ഡിസ്പെൻസറി ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ ലിസ്റ്റിൽ ഉൾപ്പെട്ട പുതുക്കാട് മണ്ഡലത്തിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതുസംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സന്നദ്ധത അറിയിച്ചുകൊണ്ടുള്ള അപേക്ഷ പരിഗണിച്ച് അടിയന്തരമായി വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) കേരള സംസ്ഥാനത്തെ സമ്പൂർണ്ണ ഹോമിയോപ്പതി സംസ്ഥാനമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെയോ എൻ.എച്ച്.എം.-ന്റെയോ, എസ്.സി.പി.-യുടെയോ ഡിസ്പെൻസറികൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഹോമിയോപ്പതി ഡിസ്പെൻസറികൾ ആരംഭിക്കുകയെന്നതാണ് സർക്കാരിന്റെ നയം. പ്രസ്തുത നയം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹോമിയോ ഡിസ്പെൻസറികൾ നിലവിലില്ലാത്ത വല്ലച്ചിറ ഗ്രാമപഞ്ചായത്ത് ഉൾപ്പെടെയുള്ള എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നത് സംബന്ധിച്ച് അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയുടെയും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെയും അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

## നൂറനാട് ലെപ്രസി സാനിറ്റോറിയം

141(5487) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നൂറനാട് ലെപ്രസി സാനിറ്റോറിയത്തിലെ നബാർഡ് പ്രവൃത്തിയുടെ രണ്ടാംഘട്ടം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഫിനാൻഷ്യൽ സാങ്ഷൻ അടിയന്തരമായി ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കുമോ?

നബാർഡ് RIDF ഫണ്ടുപയോഗിച്ച് പണിയുന്ന നൂറനാട് ലെപ്രസി സാനിറ്റോറിയത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 40,30,00,000 രൂപയുടെ (നാൽപത് കോടി മുപ്പത് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളുടെ ആദ്യഘട്ടത്തിന്റെ 90% പണി പൂർത്തിയായിട്ടുണ്ട്. രണ്ടാംഘട്ട നിർമ്മാണമായ ഒ.പി ബ്ലോക്ക് (2500 സ്ക്വയർ മീറ്റർ), അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് (1631.23 സ്ക്വയർ മീറ്റർ), സ്വീവേജ് ട്രീറ്റുമെന്റ്പ്ലാന്റ്, കോമ്പൗണ്ട് വാൾ, ഇന്റേണൽ റോഡ് എന്നിവയുടെ നിർമ്മാണത്തിനായുള്ള 16,77,06,000 (പതിനാറു കോടി എഴുപത്തി ഏഴ് ലക്ഷത്തി ആറായിരം മാത്രം) രൂപയുടെ പ്രൊപ്പോസൽ പ്ലാൻ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റുതലത്തിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും ആയിട്ടില്ല. ഒന്നാംഘട്ട നിർമ്മാണത്തിനനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം (യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്) ലഭ്യമായതിനുശേഷം ഇതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കൂത്തുപറമ്പ് മണ്ഡലത്തിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ**

142(5488) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ പൂല്ലൂക്കര, കടവത്തൂർ, കല്ലിക്കണ്ടി, വടക്കെപൊയിലൂർ എന്നിവിടങ്ങളിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പ്രവർത്തനക്ഷമമല്ലാത്തതുകാരണം ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളും ആരോഗ്യവകുപ്പും സ്വീകരിച്ച നടപടികളും ആയതിന്റെ പുരോഗതിയും വിശദമാക്കുമോ?

(എ&ബി) പുല്ലൂക്കര, കല്ലിക്കണ്ടി എന്നീ സബ് സെന്ററുകൾ നിലവിൽ പ്രവർത്തനക്ഷമമല്ല. കടവത്തൂർ, വടക്കെപൊയിലൂർ എന്നീ സബ് സെന്ററുകളിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആയുഷ്മാൻ ഭാരത് പദ്ധതി പ്രകാരം പുല്ലൂക്കര കുടുംബാരോഗ്യ കേന്ദ്രം ഹെൽത്ത് & വെൽനസ് സെന്റർ ആയി ഉയർത്തി ഉത്തരവാകുകയും ആയതിലേയ്ക്ക് ദേശീയ ആരോഗ്യ ദൗത്യം ഫണ്ട് 7 ലക്ഷം രൂപ (ഏഴ് ലക്ഷം രൂപ മാത്രം) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ NHM-2021-22-ROP-യിൽ കെൽ മുഖേന പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 67 ലക്ഷം രൂപ (അറുപത്തി ഏഴ് ലക്ഷം രൂപ) അനുവദിക്കുകയും ആയതിലേയ്ക്കുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉപകേന്ദ്രം പുതുക്കിപ്പണിയുന്ന പ്രവൃത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സ്ഥാപന മേധാവി പാനൂർ മുൻസിപ്പാലിറ്റി അധികൃതർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. കടവത്തൂർ സബ്സെന്ററിൽ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചതിനാൽ താമസയോഗ്യമല്ല. ആയുഷ്മാൻ ഭാരത് പദ്ധതിപ്രകാരം ഹെൽത്ത് & വെൽനസ് സെന്ററുമായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. ആയതിലേയ്ക്ക് 7 ലക്ഷം (ഏഴ് ലക്ഷം രൂപ മാത്രം) രൂപ ദേശീയ ആരോഗ്യ ദൗത്യം ഫണ്ടും അനുവദിച്ചിട്ടുണ്ട്. വടക്കെപൊയിലൂർ സബ്സെന്ററിൽ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. നിലവിൽ ഒരു വായനശാലയുടെ ഒറ്റമുറി കെട്ടിടത്തിലാണ് സബ്സെന്റർ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. സൗകര്യപ്രദമായി പ്രവർത്തനങ്ങൾ നടത്തുന്നതിന് അങ്കണവാടി കെട്ടിടവും ആവശ്യാനുസരണം ഉപയോഗപ്പെടുത്തിവരുന്നു. കല്ലിക്കണ്ടി സബ്സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിന് ഇലക്ട്രിസിറ്റി, പ്ലംബിംഗ്, ചുറ്റുമതിൽ നിർമ്മാണം എന്നിവയ്ക്ക് ഫണ്ട് വകയിരുത്തുന്നതിനായി പഞ്ചായത്ത് അധികൃതർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൂത്തുപറമ്പ് മണ്ഡലത്തിലെ ആദിവാസി മേഖലയായ നരിക്കോട്ടു മലയിലെ പാവങ്ങളുടെ ഏക ആശ്രയമായ നരിക്കോട്ടു മല കുടുംബക്ഷേമ ഉപകേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

നരിക്കോട്ടുമല സബ് സെന്ററിൽ ഇലക്ട്രിസിറ്റി, പ്ലംബിംഗ്, മറ്റ് അറ്റകുറ്റപ്പണികൾ എന്നിവ നടത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്.

**നല്ലൂർനാട് ട്രൈബൽ ഹോസ്പിറ്റലിൽ കാൻസർ ചികിത്സ**

143(5489) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) മാനന്തവാടിയിലെ നല്ലൂർനാട് ട്രൈബൽ ഹോസ്പിറ്റലിൽ നിലവിൽ എത്ര കാൻസർ രോഗികൾ ചികിത്സ തേടുന്നുണ്ടെന്നറിയിക്കുമോ?

നല്ലൂർനാട് ആശുപത്രിയിലെ ഒ.പി. വിഭാഗത്തിൽ പ്രതിദിനം അറുപതോളം രോഗികൾ കാൻസർ ചികിത്സയ്ക്കായി എത്തുന്നുണ്ട്. ഇതിനു പുറമേ നാൽപ്പതോളം കീമോതെറാപ്പിയും പതിനഞ്ചോളം റേഡിയേഷനും ആശുപത്രിയിൽ ഓരോ ദിവസവും നടക്കുന്നുണ്ട്.

(ബി) കാൻസർ ചികിത്സയ്ക്കായി പ്രസ്തുത സ്ഥാപനത്തിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

വയനാട് പാക്കേജിൽ ഉൾപ്പെടുത്തി നല്ലൂർനാട് ഗവൺമെന്റ് ആശുപത്രിയിലെ കാൻസർ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള ഒരു പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്**

144(5490) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന് നൽകിയ പ്രൊപ്പോസലിന് അനുമതി നൽകിയോ എന്നറിയിക്കുമോ?

തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന് ഡി.പി.ആർ തയ്യാറാക്കിയെങ്കിലും Ultra Filtration

ആവശ്യമാണെന്ന് ആശുപത്രി വികസന സമിതി നിർദ്ദേശിക്കുകയും ഈ പ്രവൃത്തിക്ക് 27 ലക്ഷം രൂപയുടെ അധിക ഫണ്ട് ആവശ്യമാവുകയും ചെയ്യുമെന്നുള്ളതിനാൽ നിർമ്മാണ പ്രവൃത്തിയുടെ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

എൻ.എച്ച്.എം. ഫണ്ടിൽനിന്ന് ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് വിശദമാക്കാമോ?

നിർവ്വഹണ ഏജൻസി WAPCOS ആണ്.

**ഇറവങ്കര പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് നടപടി**

145(5491) **ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) മാവേലിക്കര മണ്ഡലത്തിലെ ഇറവങ്കര പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആർദ്രം പദ്ധതി രണ്ടാംഘട്ടത്തിൽ മാവേലിക്കര മണ്ഡലത്തിലെ ഇറവങ്കര പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആരോഗ്യ കേരളം (NHM) വഴി 15.50-ലക്ഷം രൂപയും ഗ്രാമപഞ്ചായത്തിന്റെ 23.3 ലക്ഷം രൂപയും ചെലവഴിച്ച് അടിസ്ഥാന സൗകര്യങ്ങൾ, മെച്ചപ്പെട്ട സേവനങ്ങൾ മുതലായ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് സ്ഥാപനം നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരികയുമാണ്. ഇതിനായി ഒരു അസിസ്റ്റന്റ് സർജൻ, ഒരു സ്റ്റാഫ് നഴ്സ് എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണം നാളിതുവരെയും ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ വ്യക്തമാക്കാമോ; ടി തടസ്സങ്ങൾ ഒഴിവാക്കി നിർമ്മാണം അടിയന്തരമായി ആരംഭിക്കുമോ; വ്യക്തമാക്കാമോ;

(ഡി) എം.എൽ.എ. ആസ്തിവികസന പദ്ധതിയിൽ തുക അനുവദിച്ചിട്ടും നിർമ്മാണം ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഇ) പ്രസ്തുത നിർമ്മാണം അടിയന്തരമായി ആരംഭിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(ബി-ഇ) സ്ഥാപനത്തിന്റെ വികസനത്തിനായി മുൻ മാവേലിക്കര എം.എൽ.എ. ആയിരുന്ന ശ്രീ. ആർ. രാജേഷ് അവർകളുടെ ആസ്തി വികസന പദ്ധതി പ്രകാരം പുതിയ കെട്ടിടം നിർമ്മിക്കാൻ തുക അനുവദിച്ചിട്ടുണ്ടെങ്കിലും ഉദ്ദേശിക്കുന്ന സ്ഥലത്ത് കോവിഡ് വാക്സിനേഷൻ, കോവിഡ് ടെസ്റ്റ് എന്നിവയ്ക്കായെത്തുന്ന ആളുകൾക്കായുള്ള വെയിറ്റിംഗ് ഏരിയ, രജിസ്ട്രേഷൻ ഏരിയ, ഒ.പി വെയിറ്റിംഗ് ഏരിയ എന്നിവ ക്രമീകരിച്ചിരിക്കുന്നതിനാൽ നിലവിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. മേൽപ്പറഞ്ഞവ അനുയോജ്യമായ സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിച്ച് സ്ഥലം നിർവ്വഹണ ഏജൻസിക്ക് കൈമാറുന്നതാണ്.

**മലപ്പുറം താലൂക്ക് ആശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ**

146(5492) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയെ ജനറൽ ആശുപത്രിയാക്കി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ?

ഓരോ ആരോഗ്യ സ്ഥാപനത്തിലും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന നയമാണ് ആരോഗ്യവകുപ്പ് തുടർന്നുവരുന്നത്. ഇതനുസരിച്ച് ഒരു ജില്ലയിൽ ഒരാശുപത്രിയെ ജില്ലാതല ആശുപത്രിയായും ഒരു റവന്യൂ താലൂക്കിൽ ഒരാശുപത്രിയെ താലൂക്കുതല ആശുപത്രിയായും വികസിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ആർദ്രം മിഷന്റെ ഭാഗമായി നടന്നുവരുന്നത്. 22-4-2017-ലെ സർക്കാർ ഉത്തരവ് നം. 58/2017/എച്ച് & എഫ് ഡബ്ല്യു ഡി പ്രകാരം മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി താലൂക്കാശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ആയതിന്റെ ഭാഗമായി 2 ലാബ് ടെക്നീഷ്യൻ, 2 സ്റ്റാഫ് നഴ്സ്, 1 ഡെന്റൽ മെക്കാനിക് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ട് 3.45 കോടി രൂപ ചെലവിൽ നിർമ്മിച്ച ഇരുനില കെട്ടിടം 2020 മാർച്ച് മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. എൻ.എച്ച്.എം.ഫണ്ട് (69 ലക്ഷം രൂപ) ഉപയോഗിച്ച് നിർമ്മിച്ച ലക്ഷ്യ നിലവാരത്തിലുള്ള ലേബർ റൂം 2021 സെപ്റ്റംബർ മുതൽ

പ്രവർത്തിച്ചു വരുന്നുണ്ട്. കോവിഡ് 19-ന്റെ ഭാഗമായി 91 ലക്ഷം രൂപ ചെലവഴിച്ച് 10 ബഡ്സ്ലോട്ടുകൂടിയ മെഡിക്കൽ ഐ.സി.യു. 2021 ഓഗസ്റ്റ് മുതൽ പ്രവർത്തിച്ചുവരുന്നു.

(ബി) മലപ്പുറം താലൂക്ക് ആശുപത്രിയിൽ ഫോറൻസിക് സർജന്റെ തസ്തികയുൾപ്പെടെ ആവശ്യമായ ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ?

ആർദ്രം മാനദണ്ഡപ്രകാരം താലൂക്കുതല ആശുപത്രികളിൽ ഫോറൻസിക് സർജന്റെ തസ്തിക അനുവദിക്കപ്പെട്ടിട്ടില്ല. ജില്ലാതല ആശുപത്രികളിൽ മാത്രമാണ് ഫോറൻസിക് സർജന്റെ തസ്തിക സൃഷ്ടിച്ചിട്ടുള്ളത്.

(സി) കാരുണ്യ ഫാർമസി, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് എന്നിവ സ്ഥാപിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

മലപ്പുറം താലൂക്ക് ആശുപത്രിയിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുന്നതിനുള്ള സ്ഥലം ലഭ്യമാണെന്ന് ആശുപത്രി സൂപ്രണ്ട് അറിയിച്ചതിൻപ്രകാരം, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രതിനിധി ടി സ്ഥലം സന്ദർശിക്കുകയും അനുകൂല സാഹചര്യം ബോദ്ധ്യപ്പെടുകയും ചെയ്തു. ഫാർമസി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. ടി ആശുപത്രിയിൽ നിലവിൽ ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

**ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ**

147(5493) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം, സംഭരണം, വിതരണം, വില്പന തുടങ്ങിയവയിൽ ഏർപ്പെട്ടിരിക്കുന്നവർ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമനുസരിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം, സംഭരണം, വിതരണം, വില്പന തുടങ്ങിയവയിൽ ഏർപ്പെട്ടിരിക്കുന്നവർ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമനുസരിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഭക്ഷ്യസുരക്ഷാ വകുപ്പ് 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം പരിശോധനകളും ആയതിൻപ്രകാരം തുടർനടപടികളും സ്വീകരിച്ചുവരുന്നു. കഴിഞ്ഞ മൂന്നുവർഷക്കാലയളവിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്തൊട്ടാകെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി 1,13,310 പരിശോധനകൾ നടത്തുകയും 58,665 സാമ്പിളുകൾ (സർവ്വയലൻസ് സാമ്പിളുകളും

സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും ഉൾപ്പെടെ) ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തിയതിൽ 2543 സാമ്പിളുകൾ Unsafe ആയും 1867 സാമ്പിളുകൾ Substandard ആയും 1036 സാമ്പിളുകൾ Misbranded ആയും പരിശോധനാ ഫലം ലഭിച്ചിട്ടുണ്ട്. ആയതിൻപ്രകാരം സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളുടെ പരിശോധനയിൽ Unsafe ആയി പരിശോധനാ ഫലം ലഭിച്ച 701 സാമ്പിളുകൾക്കെതിരെ പ്രോസിക്യൂഷൻ കേസുകളും സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളിൽ Substandard/Misbranded ആയി പരിശോധനാഫലം ലഭിച്ച 1787 സാമ്പിളുകൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. ഫയൽ ചെയ്ത പ്രോസിക്യൂഷൻ കേസുകളിൽ 8 എണ്ണം തീർപ്പായിട്ടുള്ളതും 3 കേസുകളിലായി 3,68,000 രൂപ പിഴ വിധിക്കുകയും ഒരു കേസിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. അഡ്ജ്യൂഡിക്കേഷൻ കേസുകളിൽ 659 കേസുകൾ തീർപ്പാക്കുകയും 2,25,49,800 രൂപ പിഴ വിധിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഭക്ഷ്യവസ്തുക്കളിൽ ഹാനികരമായ രാസവസ്തുക്കൾ കലർത്തൽ, മായം ചേർക്കൽ എന്നിവ തടഞ്ഞ് സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തുന്നതിന് ഭക്ഷ്യസുരക്ഷാവിഭാഗം നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നറിയിക്കുമോ?

ഭക്ഷ്യ വസ്തുക്കളിൽ ഹാനികരമായ രാസവസ്തുക്കൾ കലർത്തൽ, മായം ചേർക്കൽ എന്നിവ തടഞ്ഞ് സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ വിഭാഗം സംസ്ഥാനത്തൊട്ടാകെ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തുകയും ഭക്ഷ്യസാമ്പിളുകൾ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്കായി നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷവേളകളിലും ശബരിമല മണ്ഡല/മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർപൂരം തുടങ്ങിയ ഉത്സവ സീസണുകളിലും പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തിവരുന്നു. പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. മത്സ്യത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കിയ പ്രത്യേക പദ്ധതിയായ 'ഓപ്പറേഷൻ സാഗർ റാണി' വിജയകരമായി നടപ്പിലാക്കിവരുന്നു. 'ഓപ്പറേഷൻ പനേല' എന്ന പേരിൽ സംസ്ഥാനത്തുടനീളം ശർക്കരയുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ

വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുകയും Unsafe ആയി റിപ്പോർട്ട് ലഭിച്ചിട്ടുള്ളവയ്ക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള പ്രോസികൃൂഷൻ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ആരാധനാലയങ്ങൾ ഉൾപ്പെടെ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഭക്ഷ്യവിഷബാധയുണ്ടാകുന്ന സാഹചര്യത്തിൽ ആരാധനാലയങ്ങളിൽനിന്നും വിതരണം ചെയ്യുന്ന ഭക്ഷ്യയോഗ്യമായ പ്രസാദങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നടപ്പിലാക്കിയ പദ്ധതിയായ BHOG (Blissfull Hygienic Offering to God) സംസ്ഥാനത്തും നടപ്പിലാക്കിവരുന്നു. ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്ത് സ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിലെ മെസ്സുകൾ, ക്യാന്റീനുകൾ, കഫറ്റേരിയകൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ശുചിത്വ മാനദണ്ഡങ്ങളും ഭൗതിക സാഹചര്യങ്ങളും പരിശോധിക്കുന്നതിനും ഏർപ്പെടുത്തിയ പദ്ധതിയാണ് ‘ Operation FISH’ (Food Inspection at Student's Hostel). 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, വകുപ്പ് 16(3)h പ്രകാരം ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തട്ടുകടകൾ, മറ്റു ഭക്ഷ്യ ഉൽപ്പാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികളോ സംരംഭകരോ ആയവർക്ക് കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിരിക്കുന്ന തരത്തിലുള്ള ട്രെയിനിംഗ് നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് FoSTaC (Food Safety Training and Certification). സംസ്ഥാനത്ത് അടിയന്തര സാഹചര്യങ്ങളിൽ ഭക്ഷ്യസുരക്ഷാ പ്രവർത്തനം നടത്തുന്നതിനുവേണ്ടി 24 മണിക്കൂറും പ്രവർത്തനസജ്ജമായ Quick Respose Team (QRT) എല്ലാ ജില്ലകളിലും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പൊതുജനങ്ങളുടെ പരാതി നേരിട്ട് സ്വീകരിച്ച് പരിഹരിക്കുന്നതിനായി 24X7 പ്രവർത്തിക്കുന്ന 1800 425 1125 എന്ന ടോൾഫ്രീ നമ്പർ ഗവൺമെന്റ് കോൺടാക്ട് സെന്റർ മുഖേന പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടിയും ഗ്രാമപഞ്ചായത്തുകളിലെ എല്ലാ ഭക്ഷ്യസംരംഭകർക്കും ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷനിൽ കൊണ്ടുവരുന്നതിനും ഭക്ഷ്യസുരക്ഷാ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയായ സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമ പഞ്ചായത്ത് വിജയകരമായി നടപ്പിലാക്കിവരുന്നു.

(സി) ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം ശക്തവും സജീവവുമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഭക്ഷ്യവിഷബാധപോലെയുള്ള അടിയന്തര സാഹചര്യങ്ങളിൽ പൊതുജനങ്ങളിൽനിന്നും ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പരാതികൾക്ക് ഉടനടി

പരിഹാരം കാണുന്നതിനുവേണ്ടി 24 മണിക്കൂറും പ്രവർത്തനസജ്ജമായ Quick Respose Team (QRT) എല്ലാ ജില്ലകളിലും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പൊതുജനങ്ങളുടെ പരാതി നേരിട്ട് സ്വീകരിച്ച് പരിഹരിക്കുന്നതിനായി 24X7 പ്രവർത്തിക്കുന്ന 1800 425 1125 എന്ന ടോൾഫ്രീ നമ്പർ ഗവൺമെന്റ് കോൺടാക്ട് സെന്റർ മുഖേന പ്രവർത്തിച്ചുവരുന്നു. ചെക്ക് പോസ്റ്റുകൾ, പ്രധാന മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് പാൽ, മത്സ്യം എന്നിവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ക്ഷീര വികസനം, ഫിഷറീസ് വകുപ്പുകളുമായി സഹകരിച്ച് പരിശോധനകൾ നടത്തിവരുന്നു. പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി കൃഷി വകുപ്പുമായി ചേർന്ന് കർഷകർക്ക് ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം ശക്തവും സജീവവുമാക്കുന്നതിനായി ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടേത് ഉൾപ്പെടെയുള്ള അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## ഡയാലിസിസ് സെന്ററുകൾ

148(5494) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: **താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഇവയിൽ സർക്കാർ, സ്വകാര്യ ആശുപത്രികളുമായി ചേർന്നുള്ളവ, സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവ എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്തെ 10 മെഡിക്കൽ കോളേജുകളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ 933 ഡയാലിസിസ് മെഷീനുകൾ DHS-ന് കീഴിലുള്ള 91 സർക്കാർ ആശുപത്രികളിലായി പ്രവർത്തിക്കുന്നുണ്ട്. ആശുപത്രികളുടെ സ്ഥലലഭ്യതയനുസരിച്ച് ടി മെഷീനുകൾ യൂണിറ്റുകളായി തിരിച്ച് അതാത് ആശുപത്രികളിൽ ഡയാലിസിസ് ചെയ്തുവരുന്നു. സ്വകാര്യ ആശുപത്രികളുമായി ചേർന്നുള്ളവ, സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവ എന്നിവയുടെ കണക്കുകൾ നിലവിൽ ലഭ്യമല്ല.

(ബി) പ്രസ്തുത സെന്ററുകളുടെ രജിസ്ട്രേഷൻ, സജ്ജീകരണങ്ങളുടെ പരിശോധന, ഡയാലിസിസ് ചെയ്യുന്നതിനുള്ള നിരക്കുകളുടെ ഏകീകരണം എന്നിവയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ ഇല്ല. സജ്ജീകരണങ്ങളുടെ പരിശോധന, ജില്ലാ മെഡിക്കൽ ഓഫീസർ, ആശുപത്രി സൂപ്രണ്ട്, ആർ.എം.ഒ, നെഫ്രോളജിസ്റ്റ്, എച്ച്.എം.സി ചെയർമാൻ തുടങ്ങിയവരടങ്ങിയ ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ നിരക്കുകൾ സംബന്ധിച്ച് അതാത് ഹോസ്പിറ്റൽ എച്ച്.എം.സി. ആണ് തീരുമാനമെടുക്കുന്നത്. 2018-ലെ കേരള ക്ലിനിക്കൽ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരം സംസ്ഥാനത്തെ എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. പ്രസ്തുത രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് സ്ഥിരരജിസ്ട്രേഷൻ നൽകുമ്പോൾ മാത്രമാണ് കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് 2018 അനുസരിച്ച് നേരിട്ടുള്ള പരിശോധന നടത്തുന്നത്. നിരക്കുകളുടെ ഏകീകരണം സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല.

(സി) സൗജന്യ ഡയാലിസിസ് ചെയ്യുന്നതിന് സർക്കാർതലത്തിൽ സൗകര്യം ഏർപ്പെടുത്തുകയോ ആയതിന് സൗകര്യമില്ലാത്ത സാഹചര്യത്തിൽ സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസ് ചെയ്യുന്നതിന് ധനസഹായം നൽകുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട് എന്നീ പദ്ധതികളിലുൾപ്പെടുത്തി പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാണ്. എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽ KASP, KBF പദ്ധതി മുഖാന്തരം ഡയാലിസിസ് സൗജന്യമായി നൽകിവരുന്നുണ്ട്.

### കാൻസർ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കൽ

149(5495) ശ്രീമതി ശാന്തകുമാരി. കെ.: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കാൻസർ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

വർദ്ധിച്ചുവരുന്ന കാൻസർ രോഗികളുടെ ബാഹുല്യത്തിനനുസൃതമായി കാൻസർ ചികിത്സാകേന്ദ്രങ്ങളുടെ ദൗർലഭ്യം കണക്കിലെടുത്തുകൊണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ് ജില്ലാ കാൻസർ കെയർ പദ്ധതി ആരംഭിച്ചിട്ടുണ്ട്. സർവ്വീസിലുള്ള കാൻസർ രോഗ വിദഗ്ദ്ധരുടേയും പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് ജില്ലാ ആശുപത്രികളിലും തെരഞ്ഞെടുത്ത താലൂക്കാശുപത്രികളിലും കാൻസർ രോഗ ചികിത്സ നൽകുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കീമോതെറാപ്പി ഉൾപ്പെടെയുള്ള നൂതന

കാൻസർ ചികിത്സാ സങ്കേതങ്ങൾ ആരോഗ്യ വകുപ്പിനുകീഴിലുള്ള 24 ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച കാൻസർ സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ പ്രകാരം ആശുപത്രികളെ മികവിന്റെ അടിസ്ഥാനത്തിൽ പല തലങ്ങളായി വിഭജിക്കുന്നതിനും ഓരോ തലത്തിലും ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ സജ്ജമാക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിലെയും സർക്കാർ മേഖലയിലെയും കാൻസർ ചികിത്സാ കേന്ദ്രങ്ങളെ കോർത്തിണക്കിക്കൊണ്ട് ഒരു കാൻസർ ഗ്രിഡ് യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ആദ്യഘട്ടമായി സംസ്ഥാനത്ത് കാൻസർ ബോർഡ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ അർബുദ രോഗം തുടക്കത്തിൽ കണ്ടെത്തുന്നതിനുള്ള പാപ്സ്മിയർ, മാമോഗ്രാം, ബയോപ്സി, സി.റ്റി സ്കാൻ, FNAC, അൾട്രാ സൗണ്ട് സ്കാൻ തുടങ്ങിയ ടെസ്റ്റുകൾ നടത്താനുള്ള സൗകര്യം ലഭ്യമാണ്. സർക്കാർ മെഡിക്കൽ കോളേജുകളിലെ കാൻസർ രോഗ ചികിത്സാ വിഭാഗമായ ഡിപ്പാർട്ടുമെന്റ് ഓഫ് റേഡിയോ തെറാപ്പിയിൽ നൂതനമായ കീമോതെറാപ്പി, ഹോർമോൺ തെറാപ്പി, ടാർജറ്റഡ് തെറാപ്പി എന്നിവ കാൻസർ രോഗ വിദഗ്ദ്ധരായ ഡോക്ടർമാർ നൽകിവരുന്നു. ഇതിനുപുറമേ റേഡിയേഷൻ ചികിത്സയും മറ്റ് അനുബന്ധ ചികിത്സകളും നിലവിലുള്ള ലോകോത്തര ചികിത്സാ മാനദണ്ഡങ്ങൾ പ്രകാരം സൗജന്യമായി നൽകിവരുന്നു. ആധുനിക ചികിത്സാ ഉപകരണമായ ലീനിയർ ആക്സിലേറ്റർ ഉപയോഗിച്ചുള്ള ചികിത്സയും നടത്തിവരുന്നു. കൂടാതെ സ്കൂളുകൾ, സന്നദ്ധ സംഘടനകൾ മുതലായവവഴി കാൻസർ ബോധവത്കരണ ക്ലാസ്സുകളും ക്യാമ്പുകളും സംഘടിപ്പിക്കുന്നു. കാൻസർ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ റീജിയണൽ കാൻസർ സെന്റർ തിരുവനന്തപുരം, മലബാർ കാൻസർ സെന്റർ തലശ്ശേരി, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ എന്നീ സ്ഥാപനങ്ങളിലെ സൗകര്യങ്ങളും മാനവശേഷിയും വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**സൗജന്യ മരുന്ന് വിതരണം**

150(5496) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗജന്യ മരുന്ന് വിതരണത്തിൽ വന്നുചേർന്നിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) സർക്കാർ ആശുപത്രികളിൽ വിതരണത്തിനാവശ്യമായ അളവിലുള്ള മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ലെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) 2021-22 സാമ്പത്തിക വർഷം സർക്കാർ ആശുപത്രികളിലൂടെയുള്ള സൗജന്യ മരുന്ന് വിതരണത്തിനായി ദർഘാസ് ക്ഷണിച്ച 742 ഇനങ്ങളിൽ വിതരണക്കാരെ ലഭ്യമായ 538 ഇനങ്ങളും വാർഷിക ഇൻഡന്റിന് ആനുപാതികമായി ബന്ധപ്പെട്ട ആശുപത്രികൾക്ക് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ദർഘാസിലും പുനർദർഘാസിലും വിതരണക്കാരെ ലഭ്യമാകാത്ത ഇനങ്ങളിൽ ചികിത്സയ്ക്ക് വളരെ അത്യാവശ്യമായിട്ടുള്ള 51 ഇനങ്ങൾ കോർപ്പറേഷന്റെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന സംഭരിച്ച് വിതരണം ചെയ്തിട്ടുണ്ട്. അവശ്യ മരുന്നുകളുടെ ആവശ്യകത റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ അവ മറ്റ് വിതരണക്കാരിൽനിന്നോ കോർപ്പറേഷന്റെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേനയോ സംഭരിച്ച് വിതരണം നടത്തുന്നതിനുള്ള അടിയന്തര നടപടികൾ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്വീകരിക്കുന്നുണ്ട്. നിലവിൽ സർക്കാർ ആശുപത്രികളിൽ മരുന്ന് വിതരണം കാര്യക്ഷമമായി നടന്നുവരുന്നുണ്ട്.

(സി) 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ സർക്കാർ ആശുപത്രികളിലെ മരുന്നു വിതരണത്തിനായി 741 ഇനങ്ങൾക്കുള്ള ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ട്. 2021 നവംബർ മാസം ദർഘാസ് ക്ഷണിച്ച് നടപടികൾ പൂർത്തിയാക്കി 2022 ഫെബ്രുവരി മാസം ആദ്യഘട്ട വിതരണ ഉത്തരവ് നൽകാനാണ് ഉദ്ദേശിക്കുന്നത്. 3 ഘട്ടങ്ങളിലായി വിതരണ ഉത്തരവ് നൽകി ലഭ്യതക്കുറവുണ്ടാകാതെ മരുന്ന് വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഗുണനിലവാരമുള്ള മരുന്നുകൾ യഥാസമയം സൗജന്യമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഗുണനിലവാരമുള്ള മരുന്നുകൾ യഥാസമയം സൗജന്യമായി നൽകുന്നതിന് ദർഘാസിൽ താഴെപ്പറയുന്ന നിബന്ധനകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

1. ദർഘാസിൽ പങ്കെടുക്കുന്ന കമ്പനികളിൽ മാനുഫാക്ചർ/ലോൺ ലൈസൻസി ആയിട്ടുള്ള കമ്പനികൾ, അവർ ദർഘാസ് സമർപ്പിച്ചിരിക്കുന്ന ഇനങ്ങളുടെ മാനുഫാക്ച്ചറിംഗ് & മാർക്കറ്റിംഗ് ലൈസൻസ്, WHO-GMP

സർട്ടിഫിക്കറ്റ് തുടങ്ങിയവ നിർബന്ധമായി സമർപ്പിച്ചിരിക്കേണ്ടതാണ്. ഇറക്കുമതിക്ക് അനുമതിയുള്ള കമ്പനികൾക്ക് ദർഘാസിൽ പങ്കെടുക്കുന്നതിന് സാധുവായിട്ടുള്ള ഇറക്കുമതി ലൈസൻസ്/സെയിൽ ലൈസൻസ് ഉണ്ടായിരിക്കേണ്ടതാണ്.

2. നിയുക്ത ദർഘാസിനെക്കുറിച്ച് കമ്പനികൾക്കുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനായി പ്രീ -ടെണ്ടർ മീറ്റിംഗ് നടത്തുന്നു.

3. വിതരണം ചെയ്യുന്ന മരുന്നുകളുടെ എല്ലാ ബാച്ചുകളുടെയും സ്വതന്ത്ര എൻ.എ.ബി.എൽ അംഗീകൃത ടെസ്റ്റിംഗ് ലാബുകളുടെയോ/സെൻട്രൽ ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയുടെയോ അനാലിസിസ് സർട്ടിഫിക്കറ്റ് മരുന്ന് വിതരണത്തിനൊപ്പം കമ്പനികൾ ഹാജരാക്കേണ്ടതാണ്.

4. മേൽ സർട്ടിഫിക്കറ്റിനൊപ്പം ഇൻഹൗസ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ അനാലിസിസ് സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

5. കൂടാതെ വിതരണക്കാർ ജില്ലാ മരുന്നുസംഭരണശാലകളിൽ വിതരണം ചെയ്യുന്ന മരുന്നുകളിൽനിന്നും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഗുണനിലവാര പരിശോധനാ വിഭാഗം Random ആയി സാമ്പിൾ എടുത്ത് കോർപ്പറേഷൻ എംപാനൽ ചെയ്തിരിക്കുന്ന NABL Accredited (National Accreditation Board for Testing and Calibration Laboratories) ലാബിൽ പരിശോധനയ്ക്കയച്ച് ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്.

6. ഇതിനുപുറമേ പ്രമാണ പരിശോധനയിൽ യോഗ്യത നേടിയ കമ്പനികളുടെ ഉത്പാദന യൂണിറ്റുകൾ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റിലെ ഇൻസ്പെക്ടർമാരും സർക്കാർ ഫാർമസി കോളേജുകളിലെ അദ്ധ്യാപകരും അടങ്ങുന്ന സാങ്കേതിക വിദഗ്ദ്ധരുടെ പാനൽ, കമ്പനികളുടെ ഫാക്ടറി നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനനുസരിച്ച് കമ്പനികളെ യോഗ്യതാ പട്ടികയിൽ ഉൾപ്പെടുത്തുന്നു. വിതരണശേഷം ഏതെങ്കിലും കമ്പനിയെയോ അവരുടെ മരുന്നുകളോ മറ്റു സംസ്ഥാനങ്ങളിലെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുകൾ കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഇക്കാര്യം താഴെത്തട്ടിലുള്ള ആശുപത്രികളിൽവരെ അറിയിച്ച് ടി മരുന്നുകളുടെ വിതരണം തടയുകയും ചെയ്യുന്നു.

## ആത്മഹത്യാ പ്രവണത തടയാൻ നടപടി

151(5497) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആത്മഹത്യാ പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2019-ലെ കണക്കുപ്രകാരം കേരളത്തിലെ ആത്മഹത്യാനിരക്ക് ലക്ഷത്തിൽ 24.3 ആണ്. ആത്മഹത്യാ നിരക്ക് കുറയ്ക്കുന്നത് ലക്ഷ്യംവച്ച് സർക്കാർ 'ജീവരക്ഷ' - ആത്മഹത്യാ പ്രതിരോധ പദ്ധതി 2020 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. ആത്മഹത്യാ നിരക്ക് കുറയ്ക്കുവാൻ ലക്ഷ്യമിട്ട് താഴെപ്പറയുന്ന പദ്ധതികൾ സർക്കാർ ആരോഗ്യവകുപ്പിനുകീഴിൽ നടപ്പിലാക്കിയിട്ടുണ്ട്.

1) ജീവരക്ഷാ-ആത്മഹത്യാ പ്രതിരോധ പദ്ധതി: പ്രസ്തുത പദ്ധതിയിലൂടെ സമൂഹത്തിൽ ആത്മഹത്യാ പ്രതിരോധത്തിനാവശ്യമായ അവബോധം സൃഷ്ടിക്കുന്നതിനും പരിശീലനം നൽകുന്നതിനും ലക്ഷ്യമിടുന്നു. മാനസിക വിഷമങ്ങൾ ഉള്ളവരുമായി ഇടപഴകുന്ന ആരോഗ്യ പ്രവർത്തകർ, പോലീസ്, ജനപ്രതിനിധികൾ, അദ്ധ്യാപകർ, മതപുരോഹിതർ തുടങ്ങിയവർക്ക് പരിശീലനം നൽകുന്നു. ആത്മഹത്യയുടെ അപകട സൂചനകൾ, മന:ശാസ്ത്ര പ്രഥമ ശുശ്രൂഷ എന്നിവയിലാണ് പ്രധാനമായും പരിശീലനം നൽകുന്നത്.

2) 'ആശ്വാസം' - വിഷാദരോഗ ചികിത്സാ പദ്ധതി: കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വിഷാദരോഗ ക്ലിനിക്കുകൾ ആരംഭിക്കുകയുണ്ടായി. PHQ 9 എന്ന ചോദ്യാവലി ഉപയോഗിച്ച് വിഷാദമുള്ളവരെ കണ്ടെത്തുവാനും മാനസികാരോഗ്യ പ്രഥമ ശുശ്രൂഷ നൽകുവാനുമുള്ള പരിശീലനം കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഹെൽത്ത് വർക്കർമാർക്കും നഴ്സുമാർക്കും നൽകുന്നു. വിഷാദരോഗ നിർണ്ണയ ചികിത്സയ്ക്കുള്ള പരിശീലനം ഡോക്ടർമാർക്കും നൽകുന്നു. ജില്ലാമാനസികാരോഗ്യ പരിപാടിയിലേയ്ക്ക് രോഗികളെ റഫർ ചെയ്യാനുള്ള സംവിധാനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3) 'സമ്പൂർണ്ണ മാനസികാരോഗ്യം' പദ്ധതി: പ്രസ്തുത പദ്ധതി ഗ്രാമ പഞ്ചായത്ത് തലത്തിൽ നടപ്പാക്കുകയുണ്ടായി. ആശമാരുടെ സേവനം

ഉപയോഗിച്ച് മാനസിക പ്രശ്നങ്ങളും വൈകല്യങ്ങളും രോഗങ്ങളും മദ്യം ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപയോഗമുള്ളവരെയും കണ്ടെത്തി അവരുടെ തൊട്ടടുത്തുള്ള കുടുംബാരോഗ്യ കേന്ദ്രത്തിൽ (FHC) ത്തന്നെ ചികിത്സയും മറ്റു സേവനങ്ങളും ലഭ്യമാക്കുന്ന പദ്ധതിയാണിത്. ആശമാരുടെ പരിശീലനത്തിനൊപ്പം പഞ്ചായത്ത് ജനപ്രതിനിധികൾ, അങ്കണവാടി വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ, ആരോഗ്യ സേനാംഗങ്ങൾ എന്നിവരെയും ബോധവൽക്കരണ ക്ലാസ്സുകൾവഴി ഇതിൽ പങ്കാളികളാക്കുന്നു.

സമ്പൂർണ്ണ മാനസികാരോഗ്യം പദ്ധതി വഴി-

1.മാനസിക പ്രശ്നങ്ങൾ, വൈകല്യങ്ങൾ, രോഗങ്ങൾ, ലഹരി വസ്തുക്കളുടെ ഉപയോഗം, കുട്ടികളുടെയും കൗമാരക്കാരുടെയും മാനസികാരോഗ്യ പ്രശ്നങ്ങൾ, ആത്മഹത്യാപ്രവണത, മറവിരോഗം തുടങ്ങിയവയ്ക്കെല്ലാം ചികിത്സ പ്രാഥമികാരോഗ്യ (ഗ്രാമപഞ്ചായത്ത്) തലത്തിൽത്തന്നെ ലഭ്യമാക്കുന്നു.

2.ചികിത്സ മുടക്കുന്നവരെ കണ്ടെത്തി തിരിച്ച് ചികിത്സയിലേയ്ക്ക് എത്തിക്കുന്നു.

3.ജനങ്ങൾക്കിടയിൽ മാനസികാരോഗ്യത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നു.

4.മാനസിക അസുഖങ്ങൾ ബാധിച്ചവർക്കുള്ള പുനരധിവാസ പദ്ധതികൾ ഗ്രാമപഞ്ചായത്തുതലത്തിൽ ആസൂത്രണം ചെയ്തത് നടപ്പിലാക്കുന്നു.

4) " ഒറ്റയ്ക്കല്ല ഒപ്പമുണ്ട് " - കോവിഡ് -19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് മാനസിക - സാമൂഹിക പിന്തുണ നൽകുന്നതിനായി സൈക്യാട്രിസ്റ്റുകൾ, സൈക്യാട്രിക് സോഷ്യൽ വർക്കർമാർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ, കൗൺസിലർമാർ എന്നിവരുൾപ്പെട്ട മാനസികാരോഗ്യ പ്രവർത്തകർ ജില്ലാടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു. ഇവർ ക്വാറന്റൈൻ/ഐസോലേഷനിൽ കഴിയുന്നവർക്ക് സൈക്കോ സോഷ്യൽ സപ്പോർട്ട് സേവനങ്ങൾ നൽകുന്നു. കൂടാതെ മനോരോഗ ചികിത്സയിലിരിക്കുന്നവർ, ഭിന്നശേഷി കുട്ടികൾ, അതിഥിത്തൊഴിലാളികൾ, ഒറ്റയ്ക്ക് കഴിയുന്ന വയോജനങ്ങൾ എന്നിവർക്ക് ലോക്ക്ഡൗൺ സമയത്ത് 'സൈക്കോസോഷ്യൽ സപ്പോർട്ട് ' കോളുകൾ നൽകിയിട്ടുണ്ട്. കൊറോണ രോഗനിയന്ത്രണത്തിൽ പ്രവർത്തിക്കുന്നവരുടെ മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനും ടെലി കൗൺസിലിംഗ് നൽകുന്നു. സ്കൂൾ കുട്ടികളുടെ മാനസിക സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുവാനും സൈക്കോസോഷ്യൽ സപ്പോർട്ട്/കൗൺസിലിംഗ് കോളുകൾ നൽകുന്നു. ഇതുവരെ എല്ലാ വിഭാഗത്തിനുമായി 1,29,06,945 സൈക്കോ സോഷ്യൽ സപ്പോർട്ട്/ കൗൺസിലിംഗ് കോളുകൾ ടീം സംസ്ഥാനമൊട്ടാകെ നൽകിക്കഴിഞ്ഞു.

(സി) 2021-ൽ നാളിതുവരെ സംസ്ഥാനത്ത് എത്രപേർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്നതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ; വർദ്ധിച്ചുവരുന്ന ആത്മഹത്യാ പ്രവണതയെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

2021-ൽ നാളിതുവരെ സംസ്ഥാനത്ത് ആത്മഹത്യ ചെയ്തവരുടെ കണക്ക് ആരോഗ്യവകുപ്പിനു കീഴിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ആത്മഹത്യാ പ്രവണതയുടെ കാരണങ്ങളെപ്പറ്റിയുള്ള പഠനം ആരോഗ്യവകുപ്പിന്റെ കീഴിൽ നടത്തിയിട്ടില്ല.

**മറവിരോഗം നിയന്ത്രിക്കുന്നതിന് പദ്ധതി**

152(5498) <u>ശ്രീ. അനൂപ് ജേക്കബ്</u>: **താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്ത് മറവിരോഗം ബാധിക്കുന്നവരുടെ എണ്ണം ക്രമാതീതമായി ഉയരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ?

സംസ്ഥാനത്ത് മറവിരോഗം ബാധിക്കുന്നവരുടെ എണ്ണം ക്രമാതീതമായി ഉയരുന്ന സാഹചര്യം നിലവിലില്ല.

(ബി) പ്രസ്തുത രോഗം നിയന്ത്രിക്കുന്നതിന് പര്യാപ്തമായ രീതിയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ എല്ലാ ജില്ലാ ജനറൽ ആശുപത്രികളിലെയും ജനറൽ മെഡിസിൻ ഒ.പി.-യിലും ന്യൂറോ ഒ.പി ലഭ്യമായ സ്ഥലങ്ങളിലും അൾഷിമേഴ്സ് ഡിസീസിന് ചികിത്സ നൽകിവരുന്നു. എല്ലാ ജില്ലാ ജനറൽ ആശുപത്രികളിലെ സൈക്യാട്രിക് ഒ.പി.-കളിലും ഡി.എം.എച്ച്.പി. ക്ലിനിക്കുകളിലും അൾഷിമേഴ്സ് രോഗത്തിനും മറവിരോഗത്തിന്റെ ഒരു വകഭേദമായ ഡിമെൻഷ്യയ്ക്കും ചികിത്സ നൽകിവരുന്നു. പ്രസ്തുത രോഗം പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാവുന്നതല്ല. ചികിത്സവഴി രോഗത്തിന്റെ കാഠിന്യം കുറയ്ക്കാൻ സാധിക്കും. പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി പി.എച്ച്.സി. തലം മുതൽ ഇതിനുവേണ്ട പരിചരണവും കുടുംബാംഗങ്ങൾക്ക് കൗൺസിലിംഗും നൽകിവരുന്നു. മെഡിക്കൽ കോളേജിലെ സൈക്യാട്രി ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ജെറിയാട്രിക് ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനം വിപുലീകരിച്ച് മറവി രോഗികളുടെ മാനസികപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ പുനരധിവാസത്തിനും

മനോരോഗികളെ പരിചരിക്കുന്നവരുടെ ബുദ്ധിമുട്ട് കുറയ്ക്കുന്നതിനുംവേണ്ടിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. വൃദ്ധസദനങ്ങളിലെയും മറ്റ് പുനരധിവാസ കേന്ദ്രങ്ങളിലെയും ഇത്തരം രോഗികളെ പരിശോധിക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകൾ നടത്തുന്നകാര്യവും പരിശോധിക്കുന്നതാണ്. ജനങ്ങൾക്ക് അവബോധം നൽകാൻവേണ്ടി Alzehimer's Day September 1-ന് ആചരിക്കുകയും ആ ദിവസം പൊതുജനങ്ങൾക്കും ആരോഗ്യപ്രവർത്തകർക്കും അൾഷിമേഴ്സ് രോഗത്തെപ്പറ്റി ബോധവൽക്കരണം നടത്താനുള്ള പ്രഭാഷണങ്ങളും മീറ്റിംഗുകളും സോഷ്യൽമീഡിയ വഴിയും ടി.വി., ആകാശവാണി മുതലായ മാധ്യമങ്ങളിലൂടെയും നടത്താറുണ്ട്.

(സി) രോഗികൾക്ക് വേണ്ടത്ര പരിചരണം നൽകുന്നതിന് നിലവിൽ ആശുപത്രികളിലുള്ള സംവിധാനം പര്യാപ്തമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആശുപത്രികളിൽ മെമ്മറി ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

രോഗികൾക്ക് പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെടുത്തിയും ജറിയാട്രിക് ക്ലിനിക്ക് വഴിയും പരിചരണവും ചികിത്സയും കുടുംബാംഗങ്ങൾക്ക് കൗൺസിലിംഗും നൽകിവരുന്നു. എറണാകുളം ജില്ലയിൽ അൾഷിമേഴ്സ് രോഗം ബാധിച്ചവരുടെ ചികിത്സയ്ക്കും സുരക്ഷിത ജീവിതം ഉറപ്പാക്കുന്നതിനുംവേണ്ടി ജില്ലാ ഭരണകൂടവും കൊച്ചിൻ യൂണിവേഴ്സിറ്റി സെന്റർ ഫോർ ന്യൂറോ സയൻസും ചേർന്ന് ´ഉദ്ബോധ്´ എന്ന പേരിൽ ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഒരു മെമ്മറി ക്ലിനിക്ക് ജനറൽ ആശുപത്രിയിൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടി സ്വീകരിച്ചിട്ടുണ്ട്.

**ഡയാലിസിസ് ചികിൽസാ സഹായ പദ്ധതികൾ**

153(5499) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: **താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കൂടാതെ വേറെ ചികിൽസാ സഹായ പദ്ധതികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പിന്റെ കീഴിൽ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു പുവർ പദ്ധതി മുഖേന ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് സൊസൈറ്റി അംഗീകൃത ആശുപത്രികളിലെ ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ ഒറ്റത്തവണ ധനസഹായമായി

നൽകിവരുന്നു. കൂടാതെ ആരോഗ്യ ഇൻഷ്വറൻസ് കാർഡ് ഇല്ലാത്ത വൃക്ക രോഗികൾക്ക് കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ 3 ലക്ഷം രൂപയുടെവരെ ചികിത്സാ ആനുകൂല്യവും നൽകുന്നു.

(ബി) ജീവിതകാലം മുഴുവൻ ഡയാലിസിസ് ചെയ്യേണ്ടിവരുന്നവർക്ക് നിലവിലുള്ള ചികിത്സാ സഹായ പദ്ധതികൾ കൂടാതെ പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**കാൻസർ രോഗികൾക്കുള്ള സമാശ്വാസ പെൻഷൻ**

154(5500) ശ്രീ. കെ. കെ. രാമചന്ദ്രൻ: **താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) കാൻസർ രോഗികൾക്കുള്ള സമാശ്വാസ പെൻഷൻ തുക മറ്റു സാമൂഹ്യ പെൻഷനുകളുടെ തുകയ്ക്കൊപ്പം അതത് മാസങ്ങളിൽത്തന്നെ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

അതാത് മാസം തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ അതത് പ്രദേശങ്ങളിലെ സർക്കാർ ഡോക്ടർമാരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കാൻസർ രോഗികൾക്കുള്ള സമാശ്വാസ പെൻഷൻ തുടർന്നും അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാത്ത് ലാബിന്റെ പ്രവർത്തനം**

155(5501) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): **താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്ര കാത്ത് ലാബുകളാണ് പ്രവൃത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

രണ്ട്.

(ബി) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. സ്ഥാപിച്ച കാത്ത് ലാബ് നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രവർത്തിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉണ്ട്.

(സി) കാത്ത് ലാബുകൾ പ്രവർത്തിക്കാത്തതുകാരണം ചികിത്സാ പരിശോധന മുടങ്ങിയ രോഗികളുടെ എണ്ണം എത്രയെന്നും രോഗികൾക്ക് കാത്ത് ലാബ് സൗകര്യം ലഭിക്കുന്നതിന് നിലവിൽ എത്ര കാലതാമസം വരുന്നുവെന്നും വിശദമാക്കാമോ?

രണ്ട് കാത്ത് ലാബുകളുള്ളതിനാൽ അവിചാരിതമായ കാരണങ്ങളാൽ ഏതെങ്കിലും ഒരു ലാബിന് കേടുവന്നാൽ അന്ന് ചെയ്യാനുള്ള കേസുകൾ മുഴുവനും പ്രവർത്തനക്ഷമമായ ലാബിൽ രാത്രി വൈകിയാണെങ്കിലും ചെയ്തു തീർക്കുന്നുണ്ട്.

(ഡി) കാത്ത് ലാബ് സൗകര്യത്തിനായി ആറു മാസം കഴിഞ്ഞുള്ള തീയതികൾ നിശ്ചയിച്ചുനൽകുന്നത് രോഗികളുടെ ജീവൻ അപകടത്തിലാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വെയ്റ്റിംഗ് ലിസ്റ്റിലുള്ളവർക്ക് ഏതെങ്കിലും കാരണവശാൽ രോഗാവസ്ഥ കൂടുകയാണെങ്കിൽ അടിയന്തരമായി അവരെ പരിശോധിക്കുന്നുണ്ട്.

(ഇ) കാത്ത് ലാബുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിച്ച് യഥാസമയം ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

അവിചാരിതമായ കാരണങ്ങളാൽ കാത്ത് ലാബിന്റെ പ്രവർത്തനം സംബന്ധിച്ച് എന്തെങ്കിലും ബുദ്ധിമുട്ട് നേരിടുന്നപക്ഷം ആയത് അടിയന്തരമായി പരിഹരിച്ചുപോകുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്.

**പാരിപ്പള്ളി ഗവൺമെന്റ് മെഡിക്കൽ കോളേജിന് ഭൂമിയേറ്റെടുക്കൽ**

156(5502) <u>ശ്രീ. ജി. എസ്. ജയലാൽ</u>: **താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) 2021-2022-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി കൊല്ലം പാരിപ്പള്ളി ഗവൺമെന്റ് മെഡിക്കൽ കോളേജിനോടനുബന്ധിച്ച് നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

G.O(Rt) No.1391/2021 dtd 29-6-2021 ഉത്തരവ് പ്രകാരം കൊല്ലം, മഞ്ചേരി മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് പുതിയ നഴ്സിംഗ് കോളേജുകൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. തുടർന്ന് ജോയിന്റ് ഡയറക്ടർ ഓഫ് നഴ്സിംഗ്

എഡ്യൂക്കേഷൻ, സ്പെഷ്യൽ ഓഫീസർ ഫോർ ന്യൂ നഴ്സിംഗ് കോളേജസ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പ്ലാനിംഗ് ഓഫീസർ എന്നിവർ അടങ്ങുന്ന ഒരു ടീം കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് സന്ദർശിക്കുകയും പുതിയ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി 5-10-2021-ൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചിരുന്നു. പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ കൈക്കൊണ്ടുവരികയാണ്.

(ബി) 2021-2022-ലെ ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിട്ടുള്ള കൊല്ലം പാരിപ്പള്ളി ഗവൺമെന്റ് മെഡിക്കൽ കോളേജിനായി സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

കൊല്ലം ഗവ.മെഡിക്കൽ കോളേജിന്റെ വികസനത്തിനായി അധിക ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടി ആവശ്യത്തിനായി അധിക ഭൂമി കണ്ടെത്തുകയും അതിന്റെ ഏകദേശ വില സംബന്ധിച്ച റിപ്പോർട്ട് ഗവൺമെന്റിൽ സമർപ്പിക്കുന്നതിനായി കൊല്ലം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**സീനിയർ ഗ്രേഡ് ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയുടെ പുനർനാമകരണം**

157(5503) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർവ്വചനപ്രകാരം ആരോഗ്യ വകുപ്പിലെ സീനിയർ ഗ്രേഡ് ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയുടെ പേര് പുനർനാമകരണം ചെയ്യാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

അപേക്ഷ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) ഇവർക്ക് ജില്ലാതലത്തിൽ സൂപ്പർവൈസറി തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) തസ്തിക പുനർനാമകരണം ചെയ്യുന്നതിനും മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

(ബി&സി) പരിശോധിച്ചുവരുന്നു.

**സർവ്വീസ് ബുക്കുകൾ തിരികെ അയയ്ക്കുവാൻ നടപടി**

158(5504) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ടാറ്റാ കോവിഡ് ആശുപത്രിയിൽ തെക്കൻ ജില്ലകളിൽനിന്നും സീനിയർ നഴ്സിംഗ് ഓഫീസർ, നഴ്സിംഗ് ഓഫീസർ ഗ്രേഡ് -I എന്നീ തസ്തികകളിൽ ജോലി ചെയ്ത് തിരികെപ്പോയ ഉദ്യോഗസ്ഥരുടെ സർവ്വീസ് ബുക്കുകൾ നാളിതുവരെയും ബന്ധപ്പെട്ട ഓഫീസുകളിലേയ്ക്ക് തിരികെ അയച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്റ്റാമ്പ് വാങ്ങാൻ സർക്കാരിൽനിന്നും തുക ലഭ്യമല്ലാത്തതിനാലാണ് സർവ്വീസ് ബുക്കുകൾ തപാൽവഴി തിരികെ അയയ്ക്കുവാൻ കഴിയാത്തതെന്ന് ബന്ധപ്പെട്ട സെക്ഷനുകളിലെ ഉദ്യോഗസ്ഥർ പറഞ്ഞതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിക്കുമോ;

(സി) അടിയന്തരമായി പ്രസ്തുത സർവ്വീസ് ബുക്കുകൾ തിരികെ അയയ്ക്കുവാൻ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

(എ-സി) 30-4-2021, 11-6-2021, 29-7-2021 & 3-9-2021 തീയതികളിലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 36370/19 നമ്പർ ഉത്തരവുകൾ പ്രകാരം നഴ്സിംഗ് ഓഫീസർ തസ്തികയിൽനിന്നും നഴ്സിംഗ് ഓഫീസർ ഗ്രേഡ്- 1 തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം, സ്ഥലം മാറ്റം എന്നിവയെത്തുടർന്ന് ടാറ്റാ ട്രസ്റ്റ് ഗവൺമെന്റ് ആശുപത്രിയിലെ 30 നഴ്സിംഗ് ഓഫീസർ ഗ്രേഡ് -1 തസ്തികയിലേയ്ക്ക് കഴിഞ്ഞ ഏതാനും മാസങ്ങൾക്കുള്ളിൽ 81 ജീവനക്കാരെ നിയമിക്കുകയും വീണ്ടും സ്ഥലംമാറ്റം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ജീവനക്കാരിൽ 51 ജീവനക്കാരുടെ സേവന പുസ്തകങ്ങളാണ് മുമ്പ് ജോലി ചെയ്തിരുന്ന സ്ഥാപനങ്ങളിൽനിന്നും ലഭിച്ചിട്ടുള്ളത്. ഇവയിൽ 12 എണ്ണം നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലേയ്ക്ക് തിരിച്ചയച്ചിട്ടുണ്ട്. ശമ്പള നിർണ്ണയം, മറ്റ് സർവ്വീസ് രേഖപ്പെടുത്തലുകൾ എന്നിവ നടത്തി ബാക്കിയുള്ളവ എത്രയും പെട്ടെന്ന് തിരികെ അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. സീനിയർ നഴ്സിംഗ് ഓഫീസർമാരുടെ സേവന പുസ്തകങ്ങൾ തിരികെ അയച്ചിട്ടുണ്ട്.

**സർക്കാർ ആശുപത്രികളിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ**

159(5505) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതെല്ലാമാണെന്ന് ആശുപത്രി തിരിച്ച് വ്യക്തമാക്കാമോ;

(ബി) ആവശ്യത്തിന് ജീവനക്കാരില്ലാത്തതുകാരണം പല ആശുപത്രികളുടെയും പ്രവർത്തനം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

(എ-സി) തിരൂർ നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ആശുപത്രിയുടെ പേര് | ഒഴിഞ്ഞുകിടക്കുന്ന തസ്തിക | എണ്ണം |
|---|---|---|---|
| 1 | വളവന്നൂർ CHC | ലാബ് ടെക്നീഷ്യൻ<br>JPHN | 1<br>1 |
| 2 | ആതവനാട് പി.എച്ച്.സി. | PHN<br>JPHN Gr.I<br>ഫാർമസിസ്റ്റ് ഗ്രേഡ് -2<br>പാർട്ട് ടൈം സ്വീപ്പർ | 1<br>1<br>1<br>1 |
| 3 | വെട്ടം സി.എച്ച്.സി. | JPHN<br>PHN<br>ഹെഡ് ക്ലാർക്ക്<br>ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് -2<br>പാർട്ട് ടൈം സ്വീപ്പർ | 1<br>1<br>1<br>1<br>1 |
| 4 | കൽപകഞ്ചേരി പി.എച്ച്.സി. | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് -2<br>JPHN Gr.I<br>JPHN Gr. II<br>ക്ലാർക്ക് | 1<br>1<br>1<br>1 |
| 5 | തലക്കാട് എഫ്.എച്ച്.സി. | പാർട്ട് ടൈം സ്വീപ്പർ<br>നഴ്സിംഗ് ഓഫീസർ ഗ്രേഡ് -2<br>JPHN | 1<br>1<br>1 |

| | | | |
|---|---|---|---|
| 6 | തിരുനാവായ പി.എച്ച്.സി. | ക്ലാർക്ക്<br>സ്റ്റാഫ് നഴ്സ് ഗ്രേഡ് 2, JHI 2,<br>JPHN Gr.I<br>ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് -2<br>പാർട്ട് ടൈം സ്വീപ്പർ | 1<br>1<br>1<br>1 |
| 7 | ജില്ലാആശുപത്രി, തിരൂർ | കൺസൾട്ടന്റ്<br>മെഡിക്കൽറിക്കോർഡ് ലൈബ്രേറിയൻ<br>സ്റ്റാഫ് നഴ്സ് ഗ്രേഡ് 1&2<br>ലാബ് ടെക്നീഷ്യൻ<br>പബ്ലിക്ഹെൽത്ത് നഴ്സ്<br>JPHN<br>ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ<br>നേഴ്സിംഗ് അസിസ്റ്റന്റ്<br>ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്- 2<br>പാർട്ട് ടൈം സ്വീപ്പർ<br>പ്ലംബർ കം ഓപ്പറേറ്റർ<br>ഡയാലിസിസ് ടെക്നീഷ്യൻ | 1<br>1<br>12<br>1<br>1<br>1<br>1<br>5<br>7<br>3<br>1<br>3 |
| 8 | ഒഴൂർ പ്രാഥമികാരോഗ്യ കേന്ദ്രം | ലാബ് ടെക്നീഷ്യൻ<br>ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 1<br>1 |

പ്രസ്തുത ഒഴിവുകൾ PSC വഴിയും പ്രൊമോഷൻ വഴിയും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാത്രമല്ല ഒഴിവുകൾ നികത്തുന്നതിനായി താൽക്കാലിക അടിസ്ഥാനത്തിലും അഡ്ഹോക്ക് വ്യവസ്ഥയിലും നിയമനം നടത്തിവരുന്നുണ്ട്.

## ഇടുക്കി ജില്ലയിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് നിയമനം

160(5506) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശു വികസനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ പഠന വൈകല്യ പരിശോധനയ്ക്കും മന:ശാസ്ത്ര പരിശോധനയ്ക്കും ചികിത്സയ്ക്കുമായി ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ താലൂക്ക് ആശുപത്രിയിലും മെഡിക്കൽ കോളേജിലും ക്ലിനിക്കൽ സൈക്കോളജിസ്റ്റ് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ പരിഗണനയിലില്ല.

(ബി) ആരോഗ്യവകുപ്പിൽ പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികകൾ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉൾപ്പെട്ടിട്ടില്ല.

(സി) നിലവിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലും എത്ര ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് അറിയിക്കാമോ; ഈ ഒഴിവുകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യവകുപ്പിന്റെ കീഴിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ ആകെ 17 സ്ഥിരം തസ്തികകളാണുള്ളത്. അതിൽ 3 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ളവയാണ്. ആയതിലേയ്ക്ക് നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 3 ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികകളാണ് ഒഴിവുള്ളത്. ടി ഒഴിവുകൾ പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. തുടർന്ന് ടി തസ്തികയിൽ ഒരു നിയമന ശിപാർശ ലഭിക്കുകയും അതിന്മേലുള്ള നിയമന നടപടികൾ സ്വീകരിച്ചുവരികയുമാണ്.

## ഒപ്റ്റോമെട്രിസ്റ്റുകളുടെ അധിക തസ്തിക സൃഷ്ടിക്കൽ

161(5507) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിന് കീഴിൽ അന്ധതാ നിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എത്ര വിഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത വിഷൻ സെന്ററുകളിൽ പ്രാഥമിക നേത്ര പരിശോധകരായ

ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം ലഭ്യമാണോ; എങ്കിൽ ഓരോ വിഷൻ സെന്ററിലുമുള്ള പ്രസ്തുത ജീവനക്കാരുടെ എണ്ണം അറിയിക്കാമോ;

സംസ്ഥാനമൊട്ടാകെ നിലവിൽ പ്രാഥമികാരോഗ്യകേന്ദ്രം, സാമൂഹികാരോഗ്യകേന്ദ്രം, കുടുംബാരോഗ്യകേന്ദ്രം എന്നിവയിൽ 317 വിഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഒപ്റ്റോമെട്രിസ്റ്റ് തസ്തിക വിഷൻ സെന്ററുകളിൽ നിലവിലില്ല. പ്രാഥമികാരോഗ്യ/ കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തികകൾ അനുവദിച്ചിട്ടില്ല. എന്നാൽ ഈ വിഷൻ സെന്ററുകൾ ഉൾപ്പെടുന്ന സാമൂഹികാരോഗ്യകേന്ദ്രങ്ങളിലെ ഒപ്റ്റോമെട്രിസ്റ്റുകൾ ആഴ്ചയിൽ ഒരു ദിവസം വിഷൻ സെന്ററുകളിൽ സേവനം നൽകിവരുന്നു. 200 ഒപ്റ്റോമെട്രിസ്റ്റുകൾ 317 വിഷൻ സെന്ററുകളിൽ സേവനം നൽകിവരുന്നു.

(ബി) ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം ലഭ്യമല്ലാത്ത വിഷൻ സെന്ററുകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; രോഗികളുടെ വർദ്ധനവിനനുസരിച്ച് ആവശ്യമായ ഒപ്റ്റോമെട്രിക് അസിസ്റ്റന്റുമാരുടെ അധിക തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

### ഡയാലിസിസ് ടെക്നീഷ്യൻ തസ്തിക

162(5508) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകളുണ്ടെന്നും ആയത് പ്രവർത്തിപ്പിക്കുന്നതിന് എത്ര ടെക്നീഷ്യൻ തസ്തികകളാണ് നിലവിലുള്ളതെന്നും അറിയിക്കുമോ?

നിലവിൽ 91 സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 23-9-2017-ലെ സ.ഉ. (കൈ) നം. 136/2017/ആ.കു.വ പ്രകാരം ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് ടെക്നീഷ്യൻമാരുടെ 68 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ കോന്നി, കാസർഗോഡ് എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകളിലൊഴികെ മറ്റെല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

(ബി) ആരോഗ്യവകുപ്പിനുകീഴിൽ എത്ര സ്ഥിരം ഡയാലിസിസ് ടെക്നീഷ്യന്മാരും എത്ര താൽക്കാലിക ഡയാലിസിസ് ടെക്നീഷ്യന്മാരും ഉണ്ടെന്ന് വ്യക്തമാക്കാമോ;

ആരോഗ്യവകുപ്പിൽ ഡയാലിസിസ് ടെക്നീഷ്യന്മാരുടെ 68 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ തസ്തികകളിൽ നിയമനം നടത്തിയിട്ടില്ല. ആരോഗ്യവകുപ്പിന് കീഴിൽ 404 താൽക്കാലിക ഡയാലിസിസ് ടെക്നീഷ്യന്മാർ ജോലി ചെയ്യുന്നുണ്ട്.

(സി) ഡയാലിസിസ് ടെക്നീഷ്യൻ തസ്തികയിലേയ്ക്കുള്ള അടിസ്ഥാനയോഗ്യത എന്താണെന്നും പ്രസ്തുത യോഗ്യത ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ?

അടിസ്ഥാന യോഗ്യത നിർണ്ണയിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**റേഡിയോഗ്രാഫറുടെ സ്ഥിരം തസ്തിക**

163(5509) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനുകീഴിൽ എക്സ്റേ, സി.ടി. സ്കാൻ, മാമോഗ്രാം തുടങ്ങിയ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനായി റേഡിയോഗ്രാഫറുടെ സ്ഥിരം തസ്തികകളില്ലാത്ത എത്ര ആശുപത്രികളുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പിനുകീഴിൽ സി.ടി. സ്കാൻ, മാമോഗ്രാം എന്നിവ അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ റേഡിയോഗ്രാഫർമാരുടെ സ്ഥിരം തസ്തികകൾ നിലവിലുണ്ട്. എന്നാൽ എക്സ്റേ സൗകര്യം മാത്രമുള്ള 43 സ്ഥാപനങ്ങളിൽ റേഡിയോഗ്രാഫർമാരുടെ സ്ഥിരം തസ്തിക നിലവിലില്ല.

(ബി) പ്രസ്തുത ഉപകരണങ്ങളുള്ള എല്ലാ ആശുപത്രികളിലും റേഡിയോഗ്രാഫർ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**ഡയാലിസിസ് രോഗികൾക്കുള്ള സഹായങ്ങൾ**

164(5510) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയാലിസിസ് രോഗികൾക്ക് സർക്കാരിൽനിന്നും സഹായങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന Society for Medical Assistance to the Poor പദ്ധതി മുഖേന മൂന്ന് ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള ഡയാലിസിസ് രോഗികൾക്ക് Society അംഗീകൃത ആശുപത്രികളിലെ

ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ വരെ ധനസഹായം നൽകിവരുന്നു. ഡയാലിസിസ് രോഗികൾക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്), കാരുണ്യ ബനവലന്റ് ഫണ്ട് (കെ.ബി.എഫ്) എന്നീ പദ്ധതികൾ പ്രകാരം ചികിത്സാ സഹായം ലഭിക്കുന്നതാണ്. കൂടാതെ ആർ.ബി.എസ്.ബി.വൈ., പി.എം.ജെ.എ.വൈ. മുഖേനയും സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) ഗുണഭോക്താക്കളായിട്ടുള്ള ഡയാലിസിസ് രോഗികൾക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA)-യിൽ എംപാനൽ ചെയ്തിട്ടുള്ള ഡയാലിസിസ് ചികിത്സ ലഭ്യമാകുന്ന ആശുപത്രികളിൽനിന്നും തികച്ചും സൗജന്യമായാണ് ചികിത്സ ലഭ്യമാകുന്നത്. KASP ഗുണഭോക്താക്കളല്ലാത്ത 3 ലക്ഷം രൂപയിൽതാഴെ വാർഷിക വരുമാനമുള്ള എല്ലാവർക്കും APL/ BPL വ്യത്യാസമില്ലാതെ 2 ലക്ഷം രൂപയുടെ ചികിത്സ ഒറ്റത്തവണത്തേയ്ക്ക് കാരുണ്യ ബനവലന്റ് ഫണ്ട് (KBF) പദ്ധതി മുഖേന നൽകിവരുന്നുണ്ട്. വൃക്ക സംബന്ധമായ അസുഖങ്ങൾക്കാണെങ്കിൽ KBF-ൽ നിന്നും 3 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ ലഭ്യമാണ്.

(ബി) കാരുണ്യാ ഫണ്ടിൽനിന്നും ഡയാലിസിസ് രോഗികൾക്ക് ചികിത്സാ ചെലവിനും മറ്റുമായി ധനസഹായം നൽകാറുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്നും അതിനുള്ള നടപടിക്രമങ്ങളും വിശദമാക്കാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി എന്നിവയിൽനിന്ന് ഡയാലിസിസ് രോഗികൾക്ക് ചികിത്സാ ചെലവിനും മറ്റുമായി ധനസഹായം നേരിട്ട് കൈമാറാറില്ല. അർഹരായ ഗുണഭോക്താക്കൾക്ക് ഡയാലിസിസ് ചികിത്സ ആവശ്യമായി വന്നാൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA)-യിൽ എംപാനൽ ചെയ്ത ഡയാലിസിസ് ചികിത്സ ലഭ്യമാകുന്ന സർക്കാർ/സ്വകാര്യ ആശുപത്രികളിൽനിന്നും ചികിത്സ തേടാവുന്നതാണ്. KASP/KBF ഗുണഭോക്താക്കൾക്ക് തികച്ചും സൗജന്യമായാണ് ഈ ആശുപത്രികളിൽ ചികിത്സ ലഭ്യമാക്കിവരുന്നത്. KASP/KBF ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സ നൽകിയതിന് ആശുപത്രികൾക്ക് ചെലവായ തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നേരിട്ട് ആശുപത്രികൾക്ക് കൈമാറുന്നതാണ് നടപടിക്രമം. വാർഷിക വരുമാനം 3 ലക്ഷത്തിന് താഴെയുള്ള കുടുംബത്തിലെ ഡയാലിസിസ് രോഗികൾക്കാണ് കെ.ബി.എഫ്. പദ്ധതിപ്രകാരം ചികിത്സ ലഭിക്കുന്നത്. ഡയാലിസിസിന് 3 ലക്ഷം രൂപയുടെ സുരക്ഷ ലഭിക്കുന്നു.

## മഴക്കാലജന്യ രോഗങ്ങൾ പടരാതിരിക്കാൻ മുൻകരുതൽ

165(5511) ശ്രീ.കെ.ജെ.മാക്സി:
ശ്രീ.എം.മുകേഷ്:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴക്കാലജന്യ രോഗങ്ങൾ പടരാതിരിക്കാനും രോഗബാധിതർക്ക് മികച്ച ചികിത്സ ഉറപ്പുവരുത്തുന്നതിനും നടത്തുന്ന പ്രവർത്തനങ്ങളുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് 2018 മുതൽ വർഷം തോറും 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ നടത്തിവരുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ വാർഷിക കർമ്മപരിപാടിവഴി മഴക്കാലജന്യ രോഗങ്ങൾ ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ പടരാതിരിക്കുവാനും രോഗബാധിതർക്ക് മികച്ച ചികിത്സ ഉറപ്പുവരുത്തുന്നതിനും ഫലപ്രദമാണെന്ന് കണ്ടിരുന്നു. അതുകൊണ്ടുതന്നെയാണ് 2018-നുശേഷം ഓരോ വർഷവും ഈ കർമ്മപരിപാടി സർക്കാർ നടപ്പിലാക്കിവരുന്നത്. മഴക്കാലജന്യ രോഗങ്ങൾ പടരാതിരിക്കുവാനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ശുചിത്വ മിഷൻ, ഹരിതകേരള മിഷൻ, കുടുംബശ്രീ, ഇതര വകുപ്പുകൾ, ഏജൻസികൾ, സന്നദ്ധ സംഘടനകൾ എന്നിവകൾക്കൊപ്പം ആരോഗ്യ വകുപ്പും സംയോജിതമായി മഴക്കാല പൂർവ്വ ശുചീകരണം, മാലിന്യ നിർമ്മാർജ്ജനം, ശുദ്ധജല ലഭ്യത ഉറപ്പാക്കൽ, കുടിവെള്ളം ക്ലോറിനേഷൻ, ഡ്രൈ-ഡേ ആചരണം, കൊതുക് ഉറവിട നശീകരണം, എലിപ്പനിക്കെതിരെ പ്രതിരോധ ചികിത്സ, പ്രതിരോധ-ബോധവത്കരണം കാമ്പയിനുകൾ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ വിവിധതലങ്ങളിൽ നടത്തിവരുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിശദമായ സർക്കുലറും ആരോഗ്യ വകുപ്പിന്റെ ആരോഗ്യജാഗ്രതാ കൈപ്പുസ്തകത്തേയും അടിസ്ഥാനമാക്കിയാണ് പ്രവർത്തനങ്ങൾ നടത്തിവരുന്നത്. വാർഡ്തലങ്ങളിൽ പകർച്ചവ്യാധി പ്രതിരോധത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. മഴക്കാലത്തോടെ പകർച്ചവ്യാധികൾ കൂടാൻ സാധ്യതയുള്ളതിനാൽ ആവശ്യമായ മരുന്ന്, രോഗ പരിശോധനാ കിറ്റുകൾ, കീടനാശിനികൾ, അനുബന്ധ സാധന സാമഗ്രികൾ തുടങ്ങിയവയുടെ ലഭ്യത ഉറപ്പാക്കുകയും പനി വാർഡ്, പനി ക്ലിനിക്ക്, ഒ.ആർ.ടി കോർണർ, ഡെങ്കി കോർണർ, ഡോക്സി കോർണർ തുടങ്ങിയവ ആരോഗ്യ കേന്ദ്രങ്ങളിൽ സജ്ജീകരിക്കുകയും ചെയ്യുന്നു. എല്ലാ സർക്കാർ, സ്വകാര്യ ആശുപത്രിയിലും അംഗീകൃത ചികിത്സാ മാർഗ്ഗരേഖകൾ ലഭ്യമാക്കുകയും ശരിയായ ചികിത്സ ഉറപ്പാക്കുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ മെഡിക്കൽ ക്യാമ്പുകൾ, ഔട്ട് റീച്ച് ക്ലിനിക്കുകൾ തുടങ്ങിയവ സജ്ജീകരിക്കുന്നു. രോഗം പൊട്ടിപ്പുറപ്പെടുന്നതായി കണ്ടെത്തിയാൽ ജില്ലാതല/സ്ഥാപനതല ദ്രുതകർമ്മസേന സ്ഥലം സന്ദർശിച്ച്

കാര്യകാരണ വിശകലനം നടത്തി സത്വര നിയന്ത്രണവും നടത്തുന്നു. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും IDSP വഴി പകർച്ചവ്യാധികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ദിവസേനയും ആഴ്ചതോറും ശേഖരിച്ച് ക്രോഡീകരിച്ച് അപഗ്രഥിച്ച് വേണ്ട നടപടി സ്വീകരിക്കുന്നുണ്ട്. വാർഡ്തലം മുതൽ സംസ്ഥാനതലം വരെ നടത്തുന്ന അവലോകന യോഗങ്ങളിലും ഇന്റർസെക്ടറൽ യോഗങ്ങളിലും രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകി പകർച്ചവ്യാധി നിയന്ത്രണം കാര്യക്ഷമമാക്കുന്നു. വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, പേമാരി മുതലായ പ്രകൃതി ദുരന്തങ്ങളോടനുബന്ധിച്ചും പകർച്ചവ്യാധി സാധ്യത നിലനിൽക്കുന്നതിനാൽ അത്തരം പ്രദേശങ്ങളിലും റിലീഫ് ക്യാമ്പുകൾ സംഘടിപ്പിച്ച് ആവശ്യമായ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതുവഴി ഡെങ്കിപ്പനി, എലിപ്പനി, വയറിളക്ക രോഗങ്ങൾ മുതലായ പകർച്ചവ്യാധികൾ ഫലപ്രദമായി തടയുവാനും സാധിക്കുന്നുണ്ട്.

(ബി) മഴക്കാലത്ത് പടർന്നുപിടിക്കുന്ന രോഗങ്ങളെ ഫലപ്രദമായി നേരിടുന്നതിന്റെ ഭാഗമായി മരുന്നുകളുടെ ലഭ്യത, ഗുണനിലവാരം, ന്യായവില എന്നിവ ഉറപ്പുവരുത്തുന്നതിനായി ആവശ്യമായ മുന്നൊരുക്കങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

മഴക്കാലത്ത് പടർന്നുപിടിക്കുന്ന രോഗങ്ങൾക്ക് ആവശ്യമായ മരുന്നുകളുടെ വാർഷിക ഇൻഡന്റ്, സ്ഥാപനങ്ങളിൽനിന്നും ജില്ലാതലത്തിൽ ശേഖരിച്ച് സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിവരുന്നു. അവയുടെ ലഭ്യത ഉറപ്പാക്കുകയും അധികമായി ആവശ്യം വരുന്ന മുറയ്ക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ അറിയിക്കുകയും ചെയ്യുന്നു. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽനിന്നും ലഭ്യമാകാത്ത ഏറ്റവും അത്യാവശ്യമായ മരുന്നുകൾ സ്ഥാപന മേധാവിയുടെ അഭ്യർത്ഥന പരിഗണിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ സ്ഥാപനതലത്തിൽ വാങ്ങാനുള്ള അനുമതി നൽകുന്നതാണ്.

**ആർ.സി.സി.-യിലെ ശമ്പള പരിഷ്കരണം**

166(5512) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആർ.സി.സി.-യിൽ ആറാം കേന്ദ്ര ശമ്പള കമ്മിഷൻ ശിപാർശ പ്രകാരം ശമ്പള പരിഷ്കരണം നടത്തിയത് എന്നാണെന്നും എത്ര തുകയാണ് ഈ ഇനത്തിൽ ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ;

3-11-2009-ലെ സ.ഉ(കൈ) നം.382/2009/ആരോഗ്യം നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് ആറാം കേന്ദ്ര ശമ്പള കമ്മീഷൻ ശിപാർശ പ്രകാരമുള്ള ശമ്പള പരിഷ്കരണം ആർ. സി. സി.- യിൽ നടപ്പാക്കിയത്. പുതുക്കിയ ശമ്പളം കൊടുത്ത വകയിൽ 2008-09 സാമ്പത്തിക വർഷത്തിൽ ശമ്പള ഇനത്തിനുള്ള ചെലവ് 14.08 കോടി രൂപയാണ്. 2009-10 വർഷത്തിൽ ശമ്പള ഇനത്തിനുള്ള ചെലവ് 23.38 കോടി രൂപയാണ്. ശമ്പള പരിഷ്കരണം നടപ്പിലാക്കിയതുകൊണ്ട് ഓരോ വർഷവും ഏകദേശം 10 കോടി രൂപയോളം അധികച്ചെലവ് വരുന്നുണ്ട്. 2020-21-ൽ ശമ്പള ഇനത്തിനുള്ള ചെലവ് 84.87 കോടി രൂപയാണ്.

(ബി) മുൻകാലങ്ങളിൽ ക്രമവിരുദ്ധമായി ശമ്പളം നിർണ്ണയിച്ചതുമൂലം അധികമായി നൽകിയ തുക ജീവനക്കാരിൽനിന്നും തിരിച്ചുപിടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ഈ ഇനത്തിൽ എത്ര തുകയാണ് തിരികെ ലഭിച്ചതെന്നും ബാക്കി തുക എങ്ങനെയാണ് ഈടാക്കുന്നതെന്നും വ്യക്തമാക്കുമോ?

(സി) ഏഴാം കേന്ദ്ര ശമ്പള കമ്മിഷൻ ശിപാർശകളുടെ അടിസ്ഥാനത്തിൽ അടിസ്ഥാന ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ എന്നുമുതൽ ജീവനക്കാർക്ക് ലഭ്യമായിത്തുടങ്ങുമെന്ന് വ്യക്തമാക്കുമോ;

(ഡി) ശമ്പള പരിഷ്കരണ ഉത്തരവ് 26-2-2021-ൽ ഇറങ്ങിയിട്ടും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

(ബി-ഡി) റിട്ടയർ ചെയ്തതും റിട്ടയർ ചെയ്യാൻ പോകുന്നതുമായ ജീവനക്കാരുടെ കാര്യത്തിലാണ് അധികമായി നൽകിയ തുക തിരിച്ച് പിടിക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുള്ളത്. 2020-21 വർഷത്തിൽ 1.045 കോടി രൂപ തിരിച്ചുപിടിച്ചിട്ടുണ്ട്. ബാക്കി ജീവനക്കാരുടെ കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നു. 7-ാമത് ശമ്പളപരിഷ്കരണം RCC-യ്ക്ക് അനുവദിച്ചുകൊണ്ടുള്ള 26-2-2021-ലെ സ.ഉ(കൈ) നം. 76/2021/ആരോഗ്യം നമ്പർ ഉത്തരവിൽ വ്യക്തത വരുത്തി 22-9-2021-ൽ സ.ഉ(കൈ) നം.169/2021/ആരോഗ്യം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ശമ്പളം ഒക്ടോബർ 2021-ലെ ശമ്പളത്തോടുകൂടി നൽകിയിട്ടുണ്ട്.

(ഇ) 12-8-2021-ലെ സർക്കാർ കത്ത് നം. ഹെൽത്ത്-എഫ്. ഡബ്ല്യൂ./65/2018 ഹെൽത്ത്-പാർട്ട്(2)-ന്റെ വെളിച്ചത്തിൽ ക്രമവിരുദ്ധമായ ശമ്പള നിർണ്ണയത്തിലൂടെ ഏതെല്ലാം വിഭാഗത്തിലെ എത്ര ജീവനക്കാരാണ് ശമ്പളം കൈപ്പറ്റിവരുന്നതെന്നറിയിക്കുമോ?

ഏഴാം ശമ്പളക്കമ്മീഷൻ അനുസരിച്ചുള്ള പുനർനിർണ്ണയം പൂർത്തിയാകുമ്പോൾ മാത്രമേ ഏതെല്ലാം വിഭാഗത്തിലെ എത്ര ജീവനക്കാരാണ് ക്രമവിരുദ്ധമായി ശമ്പളം കൈപ്പറ്റിയതെന്നറിയാൻ കഴിയുകയുള്ളൂ.

**ഡോക്ടർമാരുടെ സ്ഥലംമാറ്റത്തിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ**

167(5513) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ഡോക്ടർമാരുടെ സ്ഥലംമാറ്റത്തിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 25-2-2017-ലെ G.O(P)3/2017/P&ARD എന്ന സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് ആരോഗ്യ, വിദ്യാഭ്യാസ വകുപ്പുകളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം നടത്തുന്നത്.

(ബി) മൂന്നുവർഷത്തിൽ കൂടുതൽ കാലം ഒരേ സ്ഥലത്തുതന്നെ ജോലി ചെയ്യുന്ന ഡോക്ടർമാർ ഉണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ലഭ്യമായ വിവരം അനുസരിച്ച് ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെയും ആരോഗ്യ വകുപ്പിലെയും ഡോക്ടർമാരുടെ വിശദാംശം യഥാക്രമം അനുബന്ധം I*, അനുബന്ധം II* ആയി ചേർക്കുന്നു.

**മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള പാർക്ക്**

168(5514) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള പാർക്ക് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാർക്കിന്റെ പ്രവർത്തനം വിശദമാക്കാമോ?

(എ&ബി) തിരുവനന്തപുരത്തെ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുമായി (SCTIMST) സഹകരിച്ച് ലൈഫ് സയൻസ് പാർക്കിൽ മെഡിക്കൽ ഉപകരണ പാർക്ക് (മെഡ്സ്പാർക്ക്) സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) കൈക്കൊണ്ടുവരുന്നു. മെഡിക്കൽ ഉപകരണ വ്യവസായത്തിന്, പ്രത്യേകിച്ച് മെഡിക്കൽ ഉപകരണ രംഗത്ത് ആധിപത്യം പുലർത്തുന്ന ചെറുകിട വ്യവസായത്തിന് മുഴുവൻ സേവനങ്ങളും നൽകുന്ന ഗവേഷണത്തിനും പരീക്ഷണത്തിനും പരിശോധനയ്ക്കും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രാപ്തമാക്കുന്ന ഒരു പിന്തുണ സംവിധാനം സൃഷ്ടിക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. സാങ്കേതിക വിദ്യകളുടെ സമന്വയംവഴി ഗുണമേന്മയേറിയ മെഡിക്കൽ ഉപകരണങ്ങൾ കുറഞ്ഞ വിലയ്ക്ക് കുറഞ്ഞ സമയത്തിനുള്ളിൽ ലഭ്യമാക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. മെഡിക്കൽ ഉപകരണ പരിശോധനയും വിലയിരുത്തൽ, റിസർച്ച് ആൻഡ് ഡെവലപ്മെന്റ്, ഉല്പാദന പിന്തുണയും സാങ്കേതിക നവീകരണവും വിജ്ഞാന വ്യാപനവും എന്നിവയാണ് മെഡ്സ്പാർക്കിന്റെ പ്രവർത്തന മേഖലയിൽ ഉൾപ്പെടുന്നത്. മെഡ്സ്പാർക്ക് മുഖേന ലഭ്യമാകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.

1. മെഡിക്കൽ ഉപകരണ പരിശോധന & മൂല്യനിർണ്ണയ കേന്ദ്രത്തിന് അന്താരാഷ്ട്ര ഏജൻസികളുടെ അംഗീകാരം.

2. റിസർച്ച് & ഡെവലപ്മെന്റ് റിസോഴ്സ് സുഗമമാക്കുന്നതിനുള്ള റിസർച്ച് & ഡെവലപ്മെന്റ് റിസോഴ്സ് സെന്റർ.

3. വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനുള്ള കേന്ദ്രീകൃത യൂണിറ്റായ വിജ്ഞാന കേന്ദ്രം.

4. സ്റ്റാർട്ടപ്പുകളും പ്രാരംഭഘട്ട കമ്പനികളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്റർ.

5. മോഡുലാർ മാനുഫാക്ചറിംഗ് യൂണിറ്റുകൾ പാർക്കിൽ ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് പാട്ടത്തിന് നൽകുക. പ്രസ്തുത പാർക്ക് പൂർത്തിയാകുമ്പോൾ, മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്ന മുപ്പതോളം വ്യവസായങ്ങൾക്ക് മെഡ്സ്പാർക്ക് ആതിഥേയത്വം വഹിക്കുകയും 1200 പേർക്ക് നേരിട്ടും ,000 പേർക്ക് പരോക്ഷമായും തൊഴിലവസരങ്ങൾ നൽകുകയും ചെയ്യും. ആവശ്യമായ സ്ഥലം ഏറ്റെടുത്ത് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ പ്രാരംഭ നടപടികൾ കെ.എസ്.ഐ.ഡി.സി. മുഖേന ആരംഭിച്ചിട്ടുണ്ട്.

### കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. പേവാർഡ് കെട്ടിടങ്ങൾ

169(5515) <u>ശ്രീമതി സി. കെ. ആശ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവ. ആശുപത്രികളിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. പേവാർഡ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി നിലവിലുള്ള പൊതുമാനദണ്ഡങ്ങൾ അറിയിക്കുമോ?

പേവാർഡുകളുടെ വർദ്ധിച്ചുവരുന്ന ഉപഭോഗം മുൻനിർത്തി ജനോപകാരപ്രദമായ രീതിയിൽ ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് ഉപയോഗപ്പെടുത്തി പേവാർഡുകളുടെ നിർമ്മാണം, നടത്തിപ്പ് എന്നിവയ്ക്കായി 1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി, സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് 19-6-1973-ലെ ജി.ഒ (എം.എസ്) നം.146/73/HD ഉത്തരവ് പ്രകാരം കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. എന്ന സ്ഥാപനം നിലവിൽവന്നു. പ്രസ്തുത ഉത്തരവ് പ്രകാരം സർക്കാർ ആശുപത്രികളോട് ചേർന്നുകിടക്കുന്ന സ്ഥലം 18-5-1960-ലെ സർക്കാർ ഉത്തരവിലെ [(എം.എസ്) 258/60/ധന] വ്യവസ്ഥകൾക്ക് വിധേയമായി വേർതിരിച്ച് പേവാർഡുകളുടെ നിർമ്മാണത്തിനായി സൊസൈറ്റിക്ക് കൈമാറാൻ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിൻപ്രകാരം സർക്കാർ ആശുപത്രികളുടെ ആവശ്യകതയും സ്ഥല ലഭ്യതയും അനുസരിച്ച് പേവാർഡുകൾ (ലാബ്, കാത്ത് ലാബ് തുടങ്ങിയവ ഉൾപ്പെടെ) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. നിർമ്മിച്ചുവരുന്നു.

(ബി) പേവാർഡ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി കെ.എച്ച്.ആർ.ഡബ്ല്യു.എസ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെയോ ആശുപത്രി അധികൃതരുടെയോ അനുമതി വാങ്ങുകയോ കരാറിൽ ഏർപ്പെടുകയോ ചെയ്യാറുണ്ടോ; വ്യക്തമാക്കുമോ?

ആശുപത്രി അധികൃതരിൽനിന്നും അനുവാദം വാങ്ങാറുണ്ട്. തദ്ദേശഭരണ സ്ഥാപനവുമായോ ആശുപത്രി അധികൃതരുമായോ കരാറിൽ ഏർപ്പെടാറില്ല.

(സി) എങ്കിൽ അടൂർ ജനറൽ ആശുപത്രിയിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടവുമായി ബന്ധപ്പെട്ട് കെ.എച്ച്.ആർ.ഡബ്ല്യു.എസ്. തദ്ദേശഭരണ സ്ഥാപനവുമായോ ആശുപത്രി അധികൃതരുമായോ ഏതെങ്കിലും തരത്തിലുള്ള കരാറിൽ ഏർപ്പെട്ടതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

തദ്ദേശഭരണ സ്ഥാപനവുമായോ ആശുപത്രി അധികൃതരുമായോ കരാറിൽ ഏർപ്പെട്ടിട്ടില്ല.

(ഡി) അടൂർ ജനറൽ ആശുപത്രി വികസനത്തിനായി വിഭാവനം ചെയ്തിട്ടുള്ള മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തെല്ലാമെന്നറിയിക്കുമോ;

(ഇ) പ്രസ്തുത പേവാർഡ് പൊളിച്ചുമാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി&ഇ) ഇക്കാര്യം പരിശോധിച്ചുവരുന്നു.

### ആരോഗ്യ പ്രവർത്തകർക്ക് ട്രെയിനിംഗ്

170(5516) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും വിവിധ ചികിത്സകൾക്കായെത്തുന്ന സാധാരണക്കാരായ രോഗികളോട് ദയാപൂർവ്വവും മാനുഷികപരവുമായി മാത്രം ഇടപെടുന്നതിനുള്ള ട്രെയിനിംഗ് ആരോഗ്യപ്രവർത്തകർക്ക് ലഭ്യമാക്കാനും നിർദ്ദേശിക്കുമോ; വ്യക്തമാക്കാമോ?

ആർദ്രം ദൗത്യം ആദ്യഘട്ടത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ആശുപത്രികൾ ജനസൗഹൃദമാക്കുകയെന്നതായിരുന്നു. ഇതിന്റെ ഭാഗമായി ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനോടൊപ്പം ജീവനക്കാരുടെ രോഗികളോടുള്ള മനോഭാവവും പെരുമാറ്റവും മെച്ചപ്പെടുത്തുന്നതിനായി, പ്രധാനമായും കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ-കേരള (SHSRC-K)-യുടെ നേതൃത്വത്തിൽ നിരവധി പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് പ്രധാനമായും മൂന്ന് തരത്തിലുള്ള പരിശീലനങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ടീം പരിശീലനം (team training), ആശയത്തിലൂന്നിയുള്ള പരിശീലനം, നൈപുണ്യ വികസനത്തിനുള്ള പരിശീലനം തുടങ്ങിയവ. സംഘപരിശീലനത്തിൽ ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥർക്ക് പുറമേ തദ്ദേശ സ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളെയും സാമൂഹ്യനീതി വകുപ്പിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിയിരുന്നു. ഇതിൽ പ്രധാനമായും സംഘപരിശീലനത്തിനും ജീവനക്കാരുടെ മനോഭാവം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനങ്ങൾക്കുമാണ് ഊന്നൽ നൽകിയിട്ടുള്ളത്.

### ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പുനർനിർമ്മാണം

171(5517) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പുനർ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പ്രളയത്തിൽ തകർന്ന ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേനയും എൻ.എച്ച്.എം, പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ (PIP), MLA ഫണ്ട് എന്നിവ ഉപയോഗിച്ചും പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

(ബി) പ്രസ്തുത കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

പ്രസ്തുത കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) ഇവയുടെ പുനർനിർമ്മാണത്തിന് കേന്ദ്ര-സംസ്ഥാന വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ?

സബ് സെന്ററുകളുടെ നിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾക്കുവേണ്ടി കേന്ദ്ര-സംസ്ഥാന വിഹിതമായി N.H.M 896.37 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) മാവേലിക്കര മണ്ഡലത്തിൽ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ നിർമ്മിക്കുവാൻ ചുമതലപ്പെടുത്തിയ ഏജൻസികളുടെ വിശദവിവരം ലഭ്യമാക്കുമോ; നിർമ്മാണം അടിയന്തരമായി ആരംഭിക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ നൂറനാട് കുടുംബക്ഷേമ ഉപകേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനം കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനി (കെൽ) എന്ന ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ടി വർക്കിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ഉടനാരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ക്യാൻസർ ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ

172(5518) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറവൂർ താലൂക്ക്, കോട്ടുവള്ളി വില്ലേജ്, നോർത്ത് പറവൂർ പി.ഒ., പെരുവാരം, ഞാറക്കാട്ടുറോഡ്, കറുകയിൽ വീട്ടിൽ ശ്രീമതി സരള കെ.എൻ. ക്യാൻസർ രോഗത്തിന് ചികിത്സാ ധനസഹായം ലഭിക്കുന്നതിനായി 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ' പദ്ധതിയിൽ 1-1-2019-ന് സമർപ്പിച്ച അപേക്ഷപ്രകാരം തുക അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ തുക അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത തുക എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതുസംബന്ധിച്ച, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ MH4 (NDIS)7311/9/ആ.വ.ഡ. നമ്പർ ഫയലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

(എ-ഡി) തുക അനുവദിച്ചിട്ടില്ല, ശ്രീമതി സരള ധനസഹായത്തിനായി സമർപ്പിച്ച അപേക്ഷ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാകുകയും തപാൽ നമ്പർ 7311/19 ആയി രജിസ്റ്റർ ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത അപേക്ഷയോടൊപ്പം രോഗിയുടെ ബാങ്ക് പാസ്ബുക്കിന്റെ മുൻപേജിന്റെ പകർപ്പ് ഹാജരാക്കാത്തതിനാൽ തുക അനുവദിക്കുവാൻ സാധ്യമായിരുന്നില്ല. ആയതിലേയ്ക്കായി അപേക്ഷ എം.എച്ച്.4 (എൻഡിസ്) 7311/19/ ഡി.എച്ച്.എസ്. എന്ന നമ്പറിൽ 18-6-2020-ൽ തിരിച്ചയച്ചിരുന്നു. അപാകതകൾ പരിഹരിച്ച് അപേക്ഷ പുനർസമർപ്പിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്.

**കോളേജ് വിദ്യാർത്ഥികൾക്ക് വാക്സിൻ നൽകൽ**

173(5519) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ രണ്ടാം ഡോസ് കോവിഡ് വാക്സിൻ സ്വീകരിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള എൺപത്തിനാല് ദിവസത്തെ ഇടവേളയെന്നതിൽനിന്നും കോളേജ് വിദ്യാർത്ഥികൾക്ക് ഇളവുനൽകി ആയത് സ്വീകരിക്കുന്നതിനും അതിനോടൊപ്പം വാക്സിൻ സർട്ടിഫിക്കറ്റ് നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

കോവിഷീൽഡ് വാക്സിന്റെ രണ്ടാമത്തെ ഡോസ് നൽകുന്നതിനുള്ള ഇടവേള 84 ദിവസത്തിൽനിന്നും കുറയ്ക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിൽനിന്നും ലഭിച്ചിട്ടില്ല.

**ഇരിക്കൂർ മണ്ഡലത്തിൽ കോവിഡ് വാക്സിൻ സ്വീകരിച്ചവർ**

174(5520) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിക്കൂർ മണ്ഡലത്തിൽ നാളിതുവരെ കോവിഷീൽഡ്, കോവാക്സിൻ എന്നിവയുടെ ഫസ്റ്റ് ഡോസും സെക്കന്റ് ഡോസും എടുത്തവരുടെ എണ്ണം എത്ര വീതമാണെന്ന് വിശദമാക്കാമോ?

29-10-2021-ലെ കണക്കുപ്രകാരം ഇരിക്കൂർ മണ്ഡലത്തിൽ കോവിഷീൽഡ്, കോവാക്സിൻ എന്നിവയുടെ ഫസ്റ്റ് ഡോസും സെക്കന്റ് ഡോസും എടുത്തവരുടെ എണ്ണം അനുബന്ധമായി* ചേർക്കുന്നു.

**കുട്ടികൾക്ക് കോവിഡ് വാക്സിൻ**

175(5521) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് മൂന്നാം തരംഗം ഏറ്റവും ഗുരുതരമായി ബാധിക്കുന്നത് കുട്ടികളെയാണെന്ന അനുമാനത്തിന്റെ അടിസ്ഥാനത്തിലും സ്കൂളുകളും കോളേജുകളും തുറക്കുവാൻ തീരുമാനിച്ചിട്ടുള്ള പശ്ചാത്തലത്തിലും കുട്ടികൾക്ക് വാക്സിൻ നൽകുന്നത് സംബന്ധിച്ച് പ്രത്യേക കർമ്മപരിപാടി ആസൂത്രണം ചെയ്യുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ?

കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽനിന്നും നൽകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് കോവിഡ് പ്രതിരോധ കുത്തിവയ്പ്പ് നടത്തി വരുന്നത്. 18 വയസ്സിൽ താഴെ പ്രായമുള്ളവർക്ക് കോവിഡ് പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നതിനുള്ള അനുമതി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും ലഭ്യമായാൽ മാത്രമേ വാക്സിൻ നൽകാൻ കഴിയുകയുള്ളൂ.

**കോളേജ് വിദ്യാർത്ഥികൾക്കുള്ള കോവിഡ് വാക്സിൻ**

176(5522) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതര സംസ്ഥാനങ്ങളിലെ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് രണ്ട് ഡോസ് വാക്സിൻ നിർബന്ധമായതിനാൽ അത്തരം വിദ്യാർത്ഥികൾക്കുള്ള കോവിഷീൽഡ് വാക്സിന്റെ ദൈർഘ്യം 84 ദിവസത്തിൽനിന്ന് കുറയ്ക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കോവിഷീൽഡ് വാക്സിന്റെ രണ്ടാമത്തെ ഡോസ് നൽകുന്നതിനുള്ള ഇടവേള 84 ദിവസത്തിൽനിന്നും കുറയ്ക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിൽനിന്നും ലഭിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോവിഡ് ബ്രിഗേഡ് ജീവനക്കാർ

177(5523) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്.എം. സംസ്ഥാന ഡയറക്ടറുടെ 29-9-2021-ലെ ഉത്തരവ് പ്രകാരം പിരിച്ചുവിടപ്പെട്ട കോവിഡ് ബ്രിഗേഡ് ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ചും ആശുപത്രി തിരിച്ചും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചശേഷവും കോവിഡ് ബ്രിഗേഡായി തുടരുന്ന ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ചും ആശുപത്രി തിരിച്ചും ലഭ്യമാക്കുമോ?

(എ&ബി) സേവനം അവസാനിപ്പിക്കപ്പെട്ട കോവിഡ് ബ്രിഗേഡ് ജീവനക്കാരുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി* ചേർക്കുന്നു. ആശുപത്രി തിരിച്ചും തസ്തിക തിരിച്ചുമുള്ള വിവരങ്ങൾ ജില്ലകളിൽനിന്ന് ലഭ്യമായി വരുന്നതേയുള്ളൂ. 2021 ഒക്ടോബർ 31-നുശേഷം കോവിഡ് ബ്രിഗേഡ് തുടരുന്നില്ല.

## കോവിഡ് ബാധിച്ച് മരിച്ചവർക്ക് സഹായധനം

178(5524) ശ്രീ. എൻ. എ നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് സംസ്ഥാനത്തിനുപുറത്ത് എത്രപേർ ചികിത്സ തേടിയിട്ടുണ്ടെന്നും ഇതിൽ എത്രപേർ മരിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇവർക്ക് സഹായധനം നൽകുമോയെന്ന് വ്യക്തമാക്കാമോ;

ഇതുസംബന്ധിച്ച വിശദാംശങ്ങൾ ആരോഗ്യ വകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) കോവിഡ് ബാധിച്ച് വിദേശ രാജ്യങ്ങളിൽ മരിച്ച കേരളീയരുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇവരുടെ കുടുംബത്തിന് സഹായധനം നൽകുമോ?

ഇതുസംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമല്ല. ഡാറ്റ തയ്യാറാക്കുന്നതിനായി ജില്ലാ കളക്ടർമാർ, വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ മിഷനുകൾ, കേന്ദ്ര വിദേശകാര്യമന്ത്രാലയം എന്നിവയുമായി ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിക്കാനുള്ള ശ്രമങ്ങൾ നോർക്ക വകുപ്പ് നടത്തിവരുന്നുണ്ട്. കൂടാതെ കോവിഡുമൂലം മരണമടഞ്ഞ പ്രവാസികളുടെ കുടുംബങ്ങൾക്ക് സാന്ത്വന പദ്ധതി പ്രകാരം പരമാവധി ഒരു ലക്ഷം രൂപയും പ്രവാസി ക്ഷേമനിധികളുടെ ആശ്രിതർക്ക് പരമാവധി അമ്പതിനായിരം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപയും മരണാനന്തര ധനസഹായമായി നൽകുകയും കോവിഡുമൂലം മരണമടഞ്ഞ പ്രവാസികളുടെ അവിവാഹിതരായ പെൺമക്കൾക്ക് ഡോ. രവിപിള്ളയുടെ ആർ.പി ഫൗണ്ടേഷന്റെ സാമ്പത്തിക പിന്തുണയോടെ നോർക്ക-റൂട്ട്സ് നടപ്പിലാക്കിയിട്ടുള്ള പ്രവാസി തണൽ പദ്ധതി പ്രകാരം 25000 രൂപ വീതം ഒറ്റത്തവണ വിവാഹ ധനസഹായം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

(സി) ഒരു വീട്ടിൽത്തന്നെ കോവിഡ് ബാധിച്ച് അച്ഛനും അമ്മയും മരിച്ച എത്ര കുടുംബങ്ങളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇവർക്ക് നൽകുന്ന സഹായധനത്തെക്കുറിച്ചുള്ള വിശദാംശം നൽകാമോ?

ഒരു വീട്ടിൽത്തന്നെ കോവിഡ് ബാധിച്ച് അച്ഛനും അമ്മയും മരിച്ച എത്ര കുടുംബങ്ങളുണ്ടെന്നുള്ളതിന്റെ വിശദാംശങ്ങൾ ആരോഗ്യ വകുപ്പിൽ ലഭ്യമല്ല. എന്നിരുന്നാലും കോവിഡ് ബാധിച്ച് മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്കായി (18 വയസ്സിനുതാഴെ) സർക്കാർ പ്രഖ്യാപിച്ച ധനസഹായം നൽകുന്നതിനായി കോവിഡ് ബാധിച്ച് മാതാപിതാക്കൾ മരണപ്പെട്ട കുട്ടികളെ സംബന്ധിച്ച് വനിതാ ശിശു വികസന വകുപ്പിൽ ലഭ്യമായ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. കൂടാതെ മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് സുരക്ഷിതമായ ജീവിതം ഒരുക്കുന്നതിനും ആവശ്യമായ പിന്തുണ നൽകുന്നതിനും ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഇത്തരം കുട്ടികൾക്ക് 3 ലക്ഷം രൂപ ഒറ്റത്തവണയായി നൽകുന്നു. അതിനുപുറമെ 18 വയസ്സുവരെ പ്രതിമാസം 2000 രൂപ വീതം നൽകുകയും ബിരുദതലം വരെയുള്ള വിദ്യാഭ്യാസച്ചെലവ് സർക്കാർ ഏറ്റെടുക്കുകയും ചെയ്യും. ആദ്യഘട്ടമെന്ന നിലയിൽ 52 കുട്ടികൾക്കായി 1,65,24,000 രൂപ (ഒരു കോടി അറുപത്തിയഞ്ചുലക്ഷത്തി ഇരുപത്തിനാലായിരം രൂപ മാത്രം) ജില്ലകൾക്ക് അലോട്ടുമെന്റായി നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന കുട്ടികൾക്ക് ധനസഹായം നൽകുന്നതിനായി ആവശ്യമായ അന്വേഷണങ്ങൾ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് അടിയന്തരമായി പൂർത്തിയാക്കി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**അംഗപരിമിതർക്ക് കോവിഡ് വാക്സിൻ**

179(5525) <u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അംഗപരിമിതർക്കും യാത്രാവൈകല്യമുള്ളവർക്കും പ്രത്യേക പരിഗണന അർഹിക്കുന്നവർക്കും വീട്ടിലെത്തി കോവിഡ് വാക്സിൻ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിച്ചിട്ടുണ്ട്. കിടപ്പ് രോഗികൾക്കും അംഗപരിമിതർക്കും യാത്രാവൈകല്യമുള്ളവർക്കും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ആരോഗ്യപ്രവർത്തകർ അവരവരുടെ താമസസ്ഥലത്തെത്തി കോവിഡ് വാക്സിൻ നൽകിവരുന്നു.

## കോവിഡ് മൂന്നാം തരംഗം ലഘൂകരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ

180(5526) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രോഗവ്യാപനത്തിന്റെ മൂന്നാം തരംഗത്തിന്റെ പ്രത്യാഘാതം ലഘൂകരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

കോവിഡ്-19 രോഗവ്യാപനത്തിന്റെ മൂന്നാം തരംഗത്തിന്റെ പ്രത്യാഘാതം ലഘൂകരിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ് റിപ്പോർട്ട് ചെയ്ത നാൾ മുതൽതന്നെ ചെയ്തുവരുന്ന ടെസ്റ്റിംഗ്, ട്രാക്കിംഗ്, ട്രീറ്റ്മെന്റ് എന്നിവ ശക്തമാക്കുന്നു. കൂടാതെ ഈ പ്രവർത്തനങ്ങൾ ഇനിയും ഊർജ്ജിതമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് പരമാവധി ആളുകൾക്ക് വാക്സിനേഷൻ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മൂന്നാം തരംഗത്തെ മുൻകൂട്ടിക്കണ്ട് കൂടുതൽ ഓക്സിജൻ ബെഡുകൾ, വെന്റിലേറ്ററുകൾ, ICU സൗകര്യം എന്നിവ സജ്ജീകരിച്ചു. ആവശ്യമെങ്കിൽ പ്രത്യേകമായുള്ള കോവിഡ് ആശുപത്രികൾ ആരംഭിച്ചും നിലവിലുള്ള കോവിഡ് ആശുപത്രികളിലെ സൗകര്യം വർദ്ധിപ്പിച്ചും വിദഗ്ധ ചികിത്സ ഉറപ്പുവരുത്തിവരുന്നു. ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ് ലൈനുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ സജ്ജീകരിക്കുന്നതിനുവേണ്ട നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഓക്സിജൻ വാർറൂമുകളും ഓഡിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡ് ചികിത്സയ്ക്കാവശ്യമായ മരുന്നുകളുടെയും ഉപകരണങ്ങളുടെയും ലഭ്യത കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തരം ഉറപ്പുവരുത്തിയിട്ടുണ്ട്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP-ൽ എംപാനൽ ചെയ്ത രോഗികൾക്കും കോവിഡ് ചികിത്സയ്ക്കായി 50% ബെഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റിവച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള സ്ഥാപനങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾവഴി കോവിഡിനുശേഷമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സ ലഭ്യമാക്കിവരുന്നു. ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടി നിരന്തരമായി നടത്തിവരുന്നു. കൂടാതെ വാക്സിൻ ലഭ്യത ഉറപ്പുവരുത്തുന്നതിനും പരമാവധി ജനങ്ങളിലേയ്ക്ക് വാക്സിൻ എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിവരുന്നു. കുട്ടികൾക്കുള്ള ചികിത്സാ സൗകര്യം കൂടുതലായി

സജ്ജീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കോവിഡ്-19 വൈറസിന്റെ ജനിതകമാറ്റം വന്ന വകഭേദങ്ങൾ കണ്ടെത്തുന്നതിന് ജീനോമിക് സീക്വൻസിംഗ് നടത്തുന്നതിനുവേണ്ട സജ്ജീകരണങ്ങൾ IGIB വഴിയും RGCB വഴിയും ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡ് രോഗവ്യാപനത്തിന്റെ മൂന്നാം തരംഗത്തിന്റെ പ്രത്യാഘാതം ലഘൂകരിക്കുന്നതിന് എമർജൻസി കോവിഡ് റെസ്പോൺസ് ഫേസ് - 2 പ്രകാരം നടപ്പ് സാമ്പത്തിക വർഷം ദേശീയ ആരോഗ്യ ദൗത്യം മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. 42 ബഡുകളുള്ള ശിശു കേന്ദ്രീകൃത കെയർ യൂണിറ്റുകൾ സ്ഥാപിക്കുക (100 ബെഡിന് മുകളിലുള്ള 2 ആശുപത്രികളിൽ 30 ഓക്സിജൻ ബെഡുകൾ, 12 ഹൈബ്രിഡ് ICU യൂണിറ്റ് ബെഡുകൾ).

2. 32 ബെഡുകളുള്ള ശിശു കേന്ദ്രീകൃത കെയർ യൂണിറ്റുകൾ (100 ബെഡും അതിനുതാഴെയുള്ള 46 ആശുപത്രികളിൽ).

3. കുട്ടികൾക്കായി സംസ്ഥാനത്ത് ഒരു മികവിന്റെ കേന്ദ്രം തുടങ്ങുക.

4. അഡീഷണൽ ബെഡുകൾ ഒരുക്കുക (കോവിഡ് ഐസൊലേഷൻ വാർഡുകൾ, Non ICU ബെഡുകൾ, വെന്റിലേറ്റഡ് ICU ബെഡുകൾ (ഇതിൽ 5 ശതമാനം ICU ബെഡുകളും 4 ശതമാനം Non ICU ബെഡുകളും കുട്ടികൾക്കായി)

5. ഫീൽഡ് ലെവൽ താത്ക്കാലിക ആശുപത്രികൾ (100 ബെഡും 50 ബെഡും) സ്ഥാപിക്കുക.

6 എല്ലാ ജില്ലകളിലും 10 KL -ന്റെ Liquid Medical Oxygen tank ഒരുക്കുക.

7.ഹോസ്പിറ്റൽ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (e-Sushrut) വിപുലീകരിക്കുക.

8. ടെലി കൺസൽട്ടേഷൻ ഹബ്സ് വിപുലീകരിക്കുക.

9. അത്യാവശ്യ മരുന്നുകളും ചികിത്സാ സൗകര്യങ്ങളും ഒരുക്കുക.

10. MBBS, Nursing അവസാന വർഷ വിദ്യാർത്ഥികളുടെ സേവനം ഉപയോഗിക്കുക.

(ബി) വിദ്യാർത്ഥികൾക്കായി വാക്സിനേഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും സാർവ്വത്രികമാക്കുന്നതിനും പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ സംസ്ഥാനത്തുടനീളം മതിയായ അളവിൽ കോവിഡ് വാക്സിൻ ലഭ്യമാണ്. ഇതുവരെ 18 വയസ്സിന് മുകളിലുള്ള 94% ഗുണഭോക്താക്കൾ ആദ്യ ഡോസും 49% പേർ രണ്ട് ഡോസുകളും എടുത്തിട്ടുണ്ട്. ഇതുവരെ കോവിഡ്

വാക്സിനേഷൻ സ്വീകരിക്കാത്ത ഏതൊരു ഗുണഭോക്താവിനും അടുത്തുള്ള കോവിഡ് വാക്സിനേഷൻ സെന്ററിൽനിന്ന് വാക്സിനേഷൻ എടുക്കാവുന്നതാണ്. 18 വയസ്സിൽ താഴെ പ്രായമുള്ളവർക്ക് കോവിഡ് പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നതിനുള്ള അനുമതി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽനിന്നും ഇതുവരെ ലഭിച്ചിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാനത്ത് വാക്സിനേഷൻ പൂർത്തിയാക്കാൻ എത്ര ഡോസ് വാക്സിൻ ഇനിയും ആവശ്യമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ആയതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

വാക്സിനേഷൻ ഡ്രൈവ് പൂർത്തിയാക്കാൻ സംസ്ഥാനത്തിന് 13938057 ഡോസുകൾ കൂടി ആവശ്യമായി വരും. നിലവിലെ ദേശീയ കോവിഡ് വാക്സിനേഷൻ നയം അനുസരിച്ച്, കേന്ദ്രസർക്കാർ ഈ ഡോസുകൾ സംസ്ഥാനത്തിന് സൗജന്യമായി നൽകും.

(ഡി) അലർജിയും മറ്റ് അസുഖവുമുള്ളവർക്ക് വാക്സിനേഷനായി പ്രത്യേക സംവിധാനമുള്ള ആശുപത്രികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

മറ്റ് അസുഖങ്ങളുള്ളവർക്ക് മെഡിക്കൽ കോളേജുകളിലോ, മറ്റ് കൂടുതൽ സൗകര്യങ്ങളുള്ള ആശുപത്രികളിലോ ഡോക്ടറുടെ നിർദ്ദേശം ലഭിച്ചതിനുശേഷം വാക്സിൻ സ്വീകരിക്കാവുന്നതാണ്. വാക്സിനോടോ, വാക്സിന്റെ ചേരുവകളോടോ അലർജിയുള്ളവർക്ക് കോവിഡ് വാക്സിൻ നൽകാൻ കഴിയില്ല.

## കോവിഡ് മരണ പട്ടിക

181(5527) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മറുനാട്ടിൽ മരിച്ച മലയാളികളെ കോവിഡ് മരണ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവരെ കോവിഡ് മരണ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ലഭ്യമാക്കാമോ?

(എ&ബി) നിലവിൽ കേരളത്തിൽ കോവിഡ്-19 രോഗബാധമൂലം മരണപ്പെട്ടവരെയാണ് മരണ പട്ടികയിൽ ഉൾപ്പെടുത്തുന്നത്. കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയത്തിന്റെയും ഐ.സി.എം.ആർ-ന്റെയും കോവിഡ്-19 മരണങ്ങൾ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡ പ്രകാരം ഡെത്ത് സർട്ടിഫിക്കറ്റുകൾ ചികിത്സിച്ച ആശുപത്രികളിൽനിന്നാണ് ലഭ്യമാക്കുന്നത്.

## സംസ്ഥാനത്തെ ലബോറട്ടറികൾ

182(5528) ശ്രീ. ടി. പി.രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രക്തപരിശോധനയിലൂടെ അലർജി കണ്ടെത്താമെന്ന് പരസ്യം നൽകിയ ലബോറട്ടറികളിലേറെയും അനധികൃതവും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്യാത്തവയുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

രക്തപരിശോധനയിലൂടെ അലർജി കണ്ടെത്താമെന്ന് പരസ്യം നൽകിയ രണ്ട് ലബോറട്ടറികൾ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്യാത്തവയാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ലബോറട്ടറികൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഇത്തരത്തിൽ നടത്തുന്ന അലർജി ടെസ്റ്റിന്റെ ആധികാരികത സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ പബ്ലിക് ഹെൽത്ത് ലാബ് ഡയറക്ടർക്കും തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർക്കും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് കൗൺസിൽ സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയോട് ഇൻസ്പെക്ഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

## തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എച്ച്.ഡി.എസ്. ലാബിലേയ്ക്കുള്ള പർച്ചേസ്

183(5529) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എച്ച്.ഡി.എസ്. ലാബിലേയ്ക്കുള്ള പർച്ചേസ്, ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെയാണ് നടത്തുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ എച്ച്.ഡി.എസ്. ലാബിലേയ്ക്ക് നടത്തിയ പർച്ചേസുകളുടെ ടെണ്ടർ നടപടി വിശദാംശങ്ങൾ വ്യക്തമാക്കുമോ?

കഴിഞ്ഞ അഞ്ച് വർഷവും സർക്കാർ ഉത്തരവ് GO (P) No. 1/2019/SPD dated 2-1-2019 പ്രകാരമുള്ള സ്റ്റോർ പർച്ചേസ് റൂൾസ് പ്രകാരം ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് തെരഞ്ഞെടുക്കുന്ന കമ്പനികളുടെ മെഷീൻ സ്ഥാപിക്കുന്നതോടൊപ്പം റീ ഏജന്റ്, മറ്റ് പരിശോധനാ കിറ്റുകൾ മുതലായവ

ടെണ്ടർ നടപടിപ്രകാരം കരാർ ഉറപ്പിച്ച തുകയ്ക്ക് വാങ്ങി മെഷീനുകൾ പ്രവർത്തിപ്പിച്ചുവരികയാണ് ചെയ്യുന്നത്.

(ബി) കാലപ്പഴക്കവും എഗ്രിമെന്റ് കാലാവധി പൂർത്തീകരിച്ചതുമായ ലബോറട്ടറി ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനെന്ന വ്യാജേന പരിശോധനാ കിറ്റുകൾ വാങ്ങിക്കൂട്ടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റീ ഏജന്റുകൾ ആവശ്യത്തിനുമാത്രമാണ് വാങ്ങുന്നത്.

(സി) മെഡിക്കൽ കോളേജിലെ എ.സി.ആർ. ലാബിൽ കാലപ്പഴക്കംകൊണ്ട് കമ്പനികൾ പുറംതള്ളിയ ലബോറട്ടറി ഉപകരണം വാങ്ങി സ്ഥാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മെഡിക്കൽ കോളേജ് എ.സി.ആർ. ലാബിൽ ഇൻസ്റ്റാൾ ചെയ്തിരിക്കുന്ന എല്ലാ മെഷീനുകളും 7 വർഷത്തിലധികം പഴക്കമില്ലാത്തതും വാടക കരാർ വ്യവസ്ഥയിൽ സ്ഥാപിച്ചിട്ടുള്ളതും ഉപകരണങ്ങൾ തടസ്സംകൂടാതെ പ്രവർത്തിക്കുവാനായി കമ്പനിയുമായി കരാറിലുള്ളതുമാണ്. ഉപകരണങ്ങളെല്ലാം നന്നായി പ്രവർത്തിച്ചുവരുന്നുണ്ട്. എല്ലാ ഉപകരണങ്ങളുടെയും പാരാമീറ്ററുകളുടെ ക്വാളിറ്റി കൺട്രോൾ വാല്യുകളും അംഗീകൃത പരിധിക്കുള്ളിലാണ്.

(ഡി) കാലാവധി കഴിഞ്ഞ ഉപകരണങ്ങൾ വാങ്ങി സ്ഥാപിച്ചതിന് ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കാലാവധി കഴിഞ്ഞ ഉപകരണങ്ങൾ ഒന്നുംതന്നെ വാങ്ങി സ്ഥാപിച്ചിട്ടില്ല.

**സ്കാനറുകളും എക്സ്റേ മെഷീനുകളും കേടുവരുത്തുന്നതായ ആക്ഷേപം**

184(5530) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും സ്കാനറുകളും എക്സ്റേ മെഷീനുകളും തകരാറിലാക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ എക്സ്റേ, സ്കാനിംഗ് എന്നിവയ്ക്കായി രോഗികളെ സ്വകാര്യ ലാബുകളിലേയ്ക്ക് അയയ്ക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഈ വിഷയത്തിൽ അന്വേഷണം നടത്തേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

(ഡി) ഇത്തരം ഉപകരണങ്ങളുടെ സംരക്ഷണത്തിനായി ആശുപത്രി അധികൃതർ ഒരുക്കിയിരിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

എക്സ്റേ മെഷീനുകൾ, സി.റ്റി സ്കാനറുകൾ തുടങ്ങിയ ഉപകരണങ്ങളുടെ വാറണ്ടി പിരീഡ് കഴിഞ്ഞാൽ AMC/CAMC നൽകുന്നതിനും തുടർന്ന് ഇവ പുതുക്കുന്നതിനും മറ്റുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. സ്കാനറുകളും എക്സ്റേ മെഷീനുകളും സ്ഥാപിക്കുന്നത് അതാത് കമ്പനികൾ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് നിർമ്മിച്ചിട്ടുള്ള മുറികളിലാണ്. കോടികൾ വിലമതിക്കുന്ന എം.ആർ.ഐ സ്കാനർ, സി.റ്റി സ്കാനർ, ഡി.എസ്.ഐ മെഷീൻ എന്നിവയുടെ സ്ഥാപിക്കൽ ഉത്തരവാദിത്തം അതാത് കമ്പനികൾക്കുതന്നെയാണ്. ഈ മെഷീനുകളുടെ തുടർന്നുള്ള പരിപാലനത്തിനുള്ള കൃത്യമായ വ്യവസ്ഥകൾ മെഷീൻ വാങ്ങുമ്പോൾ ഏർപ്പെടുന്ന കരാറുകളിൽ ഉൾപ്പെടുത്തിവരുന്നുണ്ട്. ഇതുപ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലെ ഉപകരണങ്ങളുടെ തകരാർ പരിഹരിക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തേർഡ് പാർട്ടി സർവ്വീസ് (ബയോമെഡിക്കൽ എക്യൂപ്മെന്റ്സ് മെയിന്റനൻസ് പ്രോഗ്രാം) കരാർ ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി ഉപകരണങ്ങൾക്കുണ്ടാകുന്ന തകരാർ സമയബന്ധിതമായി കരാറുകാരൻ പരിഹരിക്കുന്നതാണ്. മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഉപകരണങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് പുതിയ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ബയോമെഡിക്കൽ എഞ്ചിനീയറുടെ മേൽനോട്ടത്തിൽ താത്കാലികമായുണ്ടാകുന്ന തകരാറുകൾ യഥാസമയം പരിഹരിക്കുന്നുണ്ട്.

## ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്യാത്ത ക്ലിനിക്കൽ ലാബുകൾ

185(5531) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്യാത്ത ക്ലിനിക്കൽ ലാബുകൾ രക്തപരിശോധനയിലൂടെ അലർജി കണ്ടെത്താമെന്ന പരസ്യം നൽകി തട്ടിപ്പ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

രക്തപരിശോധനയിലൂടെ അലർജി കണ്ടെത്താമെന്ന് പരസ്യം നൽകിയ രണ്ട് ലബോറട്ടറികൾ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്യാത്തവയാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇത്തരത്തിൽ നടത്തുന്ന അലർജി ടെസ്റ്റിന്റെ ആധികാരികത സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഇത്തരത്തിൽ നടത്തുന്ന അലർജി ടെസ്റ്റിന്റെ ആധികാരികത സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ പബ്ലിക് ഹെൽത്ത് ലാബ് ഡയറക്ടർക്കും തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർക്കും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് കൗൺസിൽ സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയോട് ഇൻസ്പെക്ഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

## കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ

186(5532) <u>ശ്രീ എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ?

നിലവിൽ ആരോഗ്യ വകുപ്പിനുകീഴിൽ 31-3-2021-ലെ കണക്കുപ്രകാരം 5408 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ (Sub centres) ഉണ്ട്.

(ബി) ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത ഉപകേന്ദ്രങ്ങൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള ഏതെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് പുതിയ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ തുടങ്ങുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ബി-ഡി) പുതുതായി ഉപകേന്ദ്രങ്ങൾ തുടങ്ങുന്നതിന് കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. 2019-20 സാമ്പത്തിക വർഷത്തിൽ എൻ.എച്ച്.എം. മുഖേന 728 സബ് സെന്ററുകളെ ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകളായി മാറ്റുന്നതിനുവേണ്ടിയുള്ള അംഗീകാരം ലഭിച്ചു. ഓരോ സബ് സെന്ററിനും 7 ലക്ഷം രൂപ വീതമാണ് അനുവദിച്ചിരിക്കുന്നത്. ആയതിന്റെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ എൻ.എച്ച്.എം. മുഖേന 825 സബ് സെന്ററുകളെ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളായി മാറ്റുന്നതിനുവേണ്ടിയുള്ള അംഗീകാരം ലഭിച്ചു. ഓരോ സബ് സെന്ററിനും 7 ലക്ഷം രൂപ വീതമാണ് അനുവദിച്ചിരിക്കുന്നത്. ആയതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ എൻ.എച്ച്.എം. മുഖേന 1510 സബ് സെന്ററുകളെ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളായി മാറ്റുന്നതിനുവേണ്ടിയുള്ള അംഗീകാരം ലഭിച്ചു. ഓരോ സബ് സെന്ററിനും 7 ലക്ഷം രൂപ വീതമാണ് അനുവദിച്ചിരിക്കുന്നത്. ആയതിന്റെ പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) മഞ്ചേശ്വരം താലൂക്കിൽ സ്വന്തമായി കെട്ടിടമില്ലാത്ത കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്.

1. പൈവളിഗെ കുടുംബക്ഷേമ ഉപകേന്ദ്രം.

2. കടമ്പനാർ കുടുംബക്ഷേമ ഉപകേന്ദ്രം.

(എഫ്) മഞ്ചേശ്വരം താലൂക്കിൽ ശോച്യാവസ്ഥയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുണ്ടോയെന്നും പ്രസ്തുത ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്നും വിശദമാക്കുമോ?

കെട്ടിടങ്ങളുടെ നവീകരണം ആവശ്യമുള്ള ഉപകേന്ദ്രങ്ങൾക്ക് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നു.

## ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ

187(5533) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ആരോഗ്യവകുപ്പിനുകീഴിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ഏതൊക്കെയാണെന്നും ഇവയെല്ലാം പ്രവർത്തനസജ്ജമാണോയെന്നും വിശദമാക്കാമോ;

(ബി) പ്രവർത്തന സജ്ജമല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

(എ&ബി) കോടോവള്ളി, തിമിരി, മൂന്നാകുന്ന്, കൂട്ടാപറമ്പ്, കൊട്ടയാട്, ഒറ്റതൈ, നെടുങ്ങോം, കോട്ടൂർ, കാഞ്ഞിലേരി, നെടിയേങ്ങ, അരിവിളഞ്ഞപൊയിൽ, തൊമരക്കാട്, താളിപ്പാറ, ചീക്കാട്, ചെങ്ങളായി, വളകൈ, കൊയ്യം, ചുഴലി, നിടുവാലൂർ, പെരുവളത്ത് പറമ്പ്, പട്ടുവം, ചേടിക്കുണ്ട്, പൂലിക്കുരുമ്പ, പാത്തൻപാറ, പൊട്ടൻപ്ലാവ്, നടുവിൽ, മിഥിലാക്കയം, മുയിപ്ര, നെല്ലിക്കുറ്റി, മാമ്പോയിൽ, മുരിക്കടവ്, ഉളിക്കൽ, നെല്ലിക്കാംപൊയിൽ, അറബി, വയത്തൂർ, മണിപ്പാറ, തേർമല, മാട്ടറ, പയ്യാവൂർ, കാഞ്ഞിരക്കൊല്ലി, പാടാംകവല, കുന്നത്തൂർ, പൈസക്കരി, ചമതച്ചാൽ എന്നിവയാണ് ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ആരോഗ്യവകുപ്പിനുകീഴിൽ വരുന്ന കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ. എല്ലാ സബ് സെന്ററുകളും പ്രവർത്തനസജ്ജമാണ്.

(സി) പ്രസ്തുത മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണെന്നും ഇവയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതികളുണ്ടോയെന്നും വിശദമാക്കാമോ?

ഉണ്ട്. നെടിയേങ്ങ, തൊമരക്കാട്, താളിപ്പാറ, ചീക്കാട്, വളകൈ, കൊയ്യം, നിടുവാലൂർ, പട്ടുവം, മൂരിക്കടവ്, ഉളിക്കൽ, കാഞ്ഞിരക്കൊല്ലി, പാടാംകവല, കുന്നത്തൂർ, പൈസക്കരി, ചമതച്ചാൽ എന്നിവയാണ് ഇരിക്കൂർ നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ തീരുമാന പ്രകാരം കെട്ടിടമില്ലാത്ത കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി ഫണ്ട് അനുവദിച്ചുകിട്ടുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**കോവിഡ് പശ്ചാത്തലത്തിൽ വിദേശ മെഡിക്കൽ പഠനം**

188(5534) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ ഇന്ത്യയ്ക്കുപുറത്ത് പഠനം നടത്തിവന്നിരുന്ന മെഡിക്കൽ വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതത്വത്തിലായത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

(എ&ബി) ഈ വിഷയം നാഷണൽ മെഡിക്കൽ കമ്മീഷന്റെ പരിധിയിൽ വരുന്നതാണ്. കമ്മീഷന്റെ തീരുമാന പ്രകാരം സംസ്ഥാനത്ത് തുടർനടപടി സ്വീകരിക്കുന്നതാണ്.

**ഹൗസ് സർജൻമാരുടെ സ്റ്റൈപ്പൻഡ്**

189(5535) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവുപ്രകാരം മെഡിക്കൽ കോളജുകളിൽ ഹൗസ് സർജന്മാർക്ക് നൽകിവരുന്ന സ്റ്റൈപ്പൻഡ് തുക എത്രയാണെന്നറിയിക്കാമോ?

സർക്കാർ മെഡിക്കൽ കോളേജുകളിൽ ഹൗസ് സർജന്മാർക്ക് 26,000 രൂപയാണ് സ്റ്റൈപ്പൻഡായി നൽകിവരുന്നത്.

(ബി) സ്വകാര്യ മെഡിക്കൽ കോളേജുകളിൽ നൽകിവരുന്ന ഹൗസ് സർജന്മാരുടെ സ്റ്റൈപ്പൻഡ് തുക എത്രയാണ്; അറിയിക്കാമോ?

വിവരം ലഭ്യമല്ല.

(സി) കോവിഡ് മഹാമാരിക്കാലത്ത് 24 മണിക്കൂറും ജോലി ചെയ്യുന്ന ഹൗസ് സർജന്മാരുടെ സ്റ്റൈപ്പൻഡ് പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ ഹൗസ് സർജന്മാരുടെ സ്റ്റൈപ്പൻഡ് വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി&ഡി) 08/07/2019-ലെ G.O(MS)No.101/2019/H&FWD പ്രകാരം ഹൗസ് സർജന്മാർ ഉൾപ്പെടെ മെഡിക്കൽ/ഡെന്റൽ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് വർദ്ധിപ്പിച്ചുനൽകിയിട്ടുണ്ട്. 2020 ജൂലൈ മുതൽ സ്റ്റൈപ്പന്റിൽ 4% വർദ്ധനവ്

വീണ്ടും നൽകിയിട്ടുണ്ട്. സർക്കാർ കോളേജുകളിലെ PG & UG ഇന്റേൺസിന് നൽകുന്ന സ്റ്റൈപ്പന്റിന് തുല്യമായിത്തന്നെ സ്വകാര്യ കോളേജുകളിലേയും PG & UG ഇന്റേൺസിന് സ്റ്റൈപ്പന്റ് നൽകണമെന്ന് കേരള ആരോഗ്യ സർവ്വകലാശാലയ്ക്കുകീഴിൽ വരുന്ന എല്ലാ സ്വകാര്യ കോളേജുകളിലെയും പ്രിൻസിപ്പൽമാർക്ക് 22/01/2016-ലെ 938/AC-H/2016/KUHS നമ്പർ സർക്കുലർ പ്രകാരം കേരളാ യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശം കർശനമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആരോഗ്യ സർവ്വകലാശാലയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

### സ്റ്റേറ്റ് അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ

190(5536) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റേറ്റ് അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരണം പരിഗണനയിലുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൗൺസിൽ രൂപീകരിച്ച് രജിസ്ട്രേഷൻ നടപടികൾ തുടങ്ങുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ നടന്നുവരുന്നു.

### സ്റ്റേറ്റ് അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരണം

191(5537) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിലെ യു.ജി.സി. അംഗീകൃത സ്ഥാപനങ്ങളിൽനിന്നും അലൈഡ് ഹെൽത്ത് കോഴ്സുകൾ പൂർത്തിയാക്കിയ കേരളീയരായ ഉദ്യോഗാർത്ഥികൾക്ക് സംസ്ഥാനത്ത് സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യാനോ കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നേടാനോ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ പരിപാലന രംഗത്തെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ കൃത്യതയും ഗുണനിലവാരവും വിലയിരുത്തുന്നതിനും മറ്റുമായി "നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത് കെയർ പ്രൊഫഷൻസ് (NCAHP) ആക്ട് 2021" എന്ന പേരിൽ 28-3-2021-ൽ കേന്ദ്രസർക്കാർ നിയമം പാസ്സാക്കിയിട്ടുണ്ട്. അതുപ്രകാരം സംസ്ഥാനതലത്തിൽ സ്റ്റേറ്റ് അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. സംസ്ഥാനതലത്തിൽ കൗൺസിൽ രൂപീകരിക്കുമ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ കേരളാ പാരാമെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷനിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും സംസ്ഥാനങ്ങളിലെ പാരാമെഡിക്കൽ കൗൺസിൽ യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട് കോഴ്സുകളുടെ നിലവാരവും വിദ്യാർത്ഥികളുടെ യോഗ്യതയും പരിശോധിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാനും യോഗ്യരായവർക്ക് കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ലഭ്യമാക്കുവാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാനതലത്തിൽ സ്റ്റേറ്റ് അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിക്കുന്നത് നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കൗൺസിൽ രൂപീകരിച്ച് രജിസ്ട്രേഷൻ നടപടികൾ എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

നടപടികൾ സ്വീകരിച്ചുവരുന്നു. വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൗൺസിൽ രൂപീകരിച്ച് രജിസ്ട്രേഷൻ നടപടികൾ തുടങ്ങുന്നതുസംബന്ധിച്ച പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**സ്വകാര്യ മെഡിക്കൽ കോളേജുകൾ**

192(5538) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില സ്വകാര്യ മെഡിക്കൽ കോളേജുകൾ ഒന്നാം വർഷത്തെ ക്ലാസ്സുകൾ അവസാനിക്കുന്നതിനുമുമ്പ് രണ്ടാം വർഷത്തെ ഫീസും ഹോസ്റ്റൽ ഫീസും ആവശ്യപ്പെട്ട് വിദ്യാർത്ഥികളെ വിഷമത്തിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒന്നാംവർഷ ക്ലാസുകൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും ഒന്നാം വർഷ പരീക്ഷ 2022 ഫെബ്രുവരിയിൽ മാത്രമേ നടക്കുകയുള്ളൂവെന്നതിനാലും കോവിഡ് കാലത്തെ സാമ്പത്തിക പ്രതിസന്ധികൾ പരിഗണിച്ച് 2021 ഡിസംബർ വരെ രണ്ടാംവർഷത്തെ ഫീസടയ്ക്കുന്നതിന് ഇളവ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) സ്വകാര്യ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്ക് ബാധകമായ പ്രോസ്പെക്ടസിലെ വ്യവസ്ഥയനുസരിച്ചാണ് ഫീസ് ഈടാക്കേണ്ടത്. ഈ വിഷയത്തിൽ വിദ്യാർത്ഥികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതും ആയത് കോടതിയുടെ പരിഗണനയിലുമാണ്.

**ഡോ. ജെസ്സി വർഗ്ഗീസിന് സ്റ്റൈപന്റ് അരിയർ അനുവദിക്കാൻ നടപടി**

193(5539) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മെഡിക്കൽ കോളേജിൽ കോൺട്രാക്റ്റ് സീനിയർ റസിഡന്റ് എന്ന നിലയിൽ സേവനമനുഷ്ഠിച്ച ഡോ. ജെസ്സി വർഗ്ഗീസിന് സ്റ്റൈപന്റ് അരിയർ അനുവദിക്കണമെന്ന അപേക്ഷയിൽ തുടർനടപടി സ്വീകരിക്കാനാവശ്യപ്പെട്ട് നൽകിയ ബഹു. മന്ത്രിയുടെ 9-8-2021-ലെ E/5349357/21/M(H,W&CD) നമ്പർ കത്തിന്മേൽ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

എറണാകുളം മെഡിക്കൽ കോളേജിലെ ജനറൽ മെഡിസിൻ വിഭാഗത്തിൽ സീനിയർ റസിഡന്റായിരുന്ന ഡോ. ജെസ്സി വർഗ്ഗീസ് അവിടെ കരാർ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കാലയളവിൽ ജോലി ചെയ്തിരുന്നു. 19-1-2018 to 18-1-2019, 1-2-2019 to 31-1-2020, 5-2-2020 to 20-3-2020 മേൽ കാലയളവിൽ 31/12/2018-ലെ G.O(Rt)3837/2018/H&FWD പ്രകാരം 50000 രൂപയാണ് വേതനമായി നൽകിയിരുന്നത്. 8-7-2019-ലെ G.O (Ms) 101/2019/H&FWD പ്രകാരം സീനിയർ റസിഡന്റുമാരുടെ വേതനം 70,000 ആയി വർദ്ധിപ്പിച്ചിരുന്നു. എന്നാൽ കരാറടിസ്ഥാനത്തിലുള്ളവരെ ഇതിൽ ഉൾപ്പെടുത്തിയിരുന്നില്ല. അതുകൊണ്ടുതന്നെ ഡോ. ജെസ്സി വർഗ്ഗീസിന് ഉയർത്തിയ വേതനം നൽകുവാൻ കഴിയുമായിരുന്നില്ല. 15-4-2020-ലെ GO(MS)63/2020/H&FWD പ്രകാരം കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സീനിയർ റസിഡന്റുമാരുടെ വേതനം 1-4-2020 മുതൽ വർദ്ധിപ്പിച്ചുനൽകി. പക്ഷേ ഡോ. ജെസ്സിയുടെ സേവനം പ്രസ്തുത തീയതിക്കുമുന്നേ (20-3-2020-ന്) അവസാനിച്ചതിനാൽ കരാർ അടിസ്ഥാനത്തിലുള്ളവർക്ക് നൽകിയ വേതന വർദ്ധനവും ടിയാൾക്ക് നൽകാൻ കഴിയുന്നതല്ല.

(ബി) ഈ വിഷയത്തിൽ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) സ്റ്റൈപന്റ് അരിയർ എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) ലഭ്യമായ വിവര പ്രകാരം ഡോ. ജെസ്സി വർഗ്ഗീസിന് സ്റ്റൈപന്റ് അരിയറിന് അർഹതയില്ല.

**തൃശ്ശൂർ മെഡിക്കൽ കോളേജിലെ മെഡിക്കൽ അദ്ധ്യാപകരുടെ ഒഴിവ്**

194(5540) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിലെ വിവിധ വിഭാഗങ്ങളിൽ മെഡിക്കൽ അദ്ധ്യാപകരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ നിലവിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ വിവിധ വിഭാഗങ്ങളിലായി മെഡിക്കൽ അദ്ധ്യാപകരുടെ 53 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. വിശദ വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) മെഡിക്കൽ അദ്ധ്യാപന രംഗത്തേയും പരിചരണ മേഖലയേയും ഒരുപോലെ ബാധിക്കുന്ന പ്രസ്തുത പ്രശ്നം അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ സീനിയോറിറ്റി നിർണ്ണയവുമായി ബന്ധപ്പെട്ടുള്ള കോടതി കേസുകൾ നിലനിൽക്കുന്നതിനാൽ അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം തടസ്സപ്പെട്ടിരിക്കുകയാണ്. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ചെറുവട്ടൂർ ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച്

195(5541) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ചെറുവട്ടൂർ ആയുർവ്വേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിലെ ആയുഷ് വകുപ്പിൽ 2313134/ആയുഷ് എ 1/234 ആയുഷ്/18 നമ്പർ ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശുപത്രി 30 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ടി ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറിൽനിന്നും ലഭിച്ച പ്രൊപ്പോസലിന്മേൽ അധിക വിവരങ്ങൾ ചോദിച്ചത് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ നാളിതുവരെയായി എന്തുകൊണ്ടാണ് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറിൽനിന്നും അധിക വിവരങ്ങൾ ലഭ്യമാകാത്തതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ഫയലിൽ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറിൽനിന്നും ആവശ്യപ്പെട്ടിട്ടുള്ള അധിക വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(ഇ) ചെറുവട്ടൂർ ആയുർവ്വേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-ഇ) ചെറുവട്ടൂർ സർക്കാർ ആയുർവ്വേദ ആശുപത്രി 30 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച പ്രൊപ്പോസൽ എ 1-234/2018/ആയുഷ് നമ്പർ ഫയൽ പ്രകാരം പരിശോധിച്ചിരുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത്, ടി ഡിസ്പെൻസറി അപ്ഗ്രേഡ് ചെയ്യുന്നതിന്റെ ആവശ്യകത വ്യക്തമാക്കി, ടി ഡിസ്പെൻസറിക്ക് അടുത്തുള്ള മറ്റ് ആശുപത്രികളുടെ വിവരങ്ങൾ സഹിതം പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കാൻ 25-5-2018-ലെ എ 1/234/2018/ആയുഷ് നമ്പർ കത്തുപ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. ആയതുപ്രകാരം 10-6-2019-ലെ ബി2-16792/2015 നമ്പർ കത്തുപ്രകാരം ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത പ്രൊപ്പോസൽ സ്ഥാപനങ്ങളുടെ അപ്ഗ്രഡേഷനുവേണ്ടി ആയുഷ് വകുപ്പിന്റെ പ്രത്യേക പാക്കേജ് തയ്യാറാക്കി ആയതിൽ ഉൾപ്പെടുത്തി സമർപ്പിക്കുവാൻ 19-7-2019-ലെ കത്തുപ്രകാരം ഭാരതീയ ചികിത്സാ വകുപ്പ്

ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ആയതുപ്രകാരമുള്ള ശിപാർശ സർക്കാരിൽ ലഭിച്ചിട്ടില്ല. പ്രസ്തുത ശിപാർശ അടിയന്തരമായി സമർപ്പിക്കാൻ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

**പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജ്**

196(5542) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

6.62 കോടി രൂപ എസ്റ്റിമേറ്റിൽ പണിയുന്ന ലേഡീസ് ഹോസ്റ്റൽ പുതിയ ബ്ലോക്കിന്റെ ഗ്രൗണ്ട് ഫ്ലോർ നിർമ്മാണം അവസാന ഘട്ടത്തിലാണ്. 58.60 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള സെൻട്രൽ റിസർച്ച് ലാബ് കെട്ടിടത്തിന്റേയും 26 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള ആനിമൽ ഹൗസ് കെട്ടിടത്തിന്റേയും നിർമ്മാണത്തിനുള്ള പ്രാഥമിക നടപടികൾ പി.ഡബ്ല്യു.ഡി. ആരംഭിച്ചിട്ടുണ്ട്. 30 ലക്ഷം രൂപ എസ്റ്റിമേറ്റിൽ പണിയുന്ന സി. ബ്ലോക്ക് കെട്ടിടത്തിനുമുകളിൽ ട്രസ് റൂഫ് നിർമ്മിക്കുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്. നിലവിലുള്ള ആശുപത്രിയുടെ ഒ. പി. ബ്ലോക്കിന്റെ മുകളിൽ 1.92 കോടി രൂപ എസ്റ്റിമേറ്റിൽ പണിയുന്ന പേവാർഡ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പി.ഡബ്ല്യു.ഡി. ആരംഭിച്ചിട്ടുണ്ട്.

(ബി) പുതിയതായി ആരംഭിച്ച പി.ജി. കോഴ്സും യു.ജി. കോഴ്സുകളിലേയ്ക്കുള്ള കുട്ടികളുടെ വർദ്ധനവും പരിഗണിച്ച് പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പുതിയ അക്കാദമിക് ബ്ലോക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പി.ഡബ്ല്യു.ഡി. 87 കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് സമർപ്പിച്ചതുപ്രകാരം ഭരണാനുമതിക്കായി പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ബേസ്മെന്റ് ഫ്ലോർ, ഗ്രൗണ്ട് ഫ്ലോർ എന്നിവ നിർമ്മിക്കുന്നതിന് പി.ഡബ്ല്യു.ഡി. 24.69 കോടി രൂപയുടെ എസ്റ്റിമേറ്റ് സഹിതം വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കി സമർപ്പിക്കുമെന്ന് ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സി) നബാർഡിലോ കിഫ്ബിയിലോ ഉൾപ്പെടുത്തി അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) ലഭ്യമാകുന്ന മുറക്ക് നബാർഡ് മുഖേനയോ KIIFB മുഖേനയോ ഫണ്ട് ലഭിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിക്കുന്നതാണ്.

**ഭാരതീയ ചികിത്സാ വകുപ്പിനുകീഴിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ**

197(5543) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതീയ ചികിത്സാ വകുപ്പിനുകീഴിൽ ആയുർവ്വേദ മെഡിക്കൽ ഓഫീസർ, സീനിയർ മെഡിക്കൽ ഓഫീസർ, ചീഫ് മെഡിക്കൽ ഓഫീസർ എന്നീ തസ്തികകളിൽ മാസങ്ങളായി ഒഴിവുകൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

മെഡിക്കൽ ഓഫീസർ തസ്തികയിലെ നിലവിലുള്ള എല്ലാ ഒഴിവുകളും (സർവ്വീസ് ക്വാട്ടയിൽ പി.ജി. ചെയ്യുന്നതൊഴികെ) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സീനിയർ മെഡിക്കൽ ഓഫീസർ, ചീഫ് മെഡിക്കൽ ഓഫീസർ എന്നീ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത തസ്തികകളിൽ സ്ഥിരം ഡോക്ടർമാരില്ലാത്ത എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഈ ഒഴിവുകൾ എപ്രകാരം ഉണ്ടായെന്നും വ്യക്തമാക്കാമോ;

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ സ്ഥിരം ഡോക്ടർമാരില്ലാത്ത ഒഴിവ് വിവരം ജില്ലതിരിച്ച് അനുബന്ധമായി* ചേർക്കുന്നു.

(സി) ഭാരതീയ ചികിത്സാ വകുപ്പിൽ പ്രൊമോഷൻ നടക്കാത്തതുമൂലം എൻട്രി കേഡറായ മെഡിക്കൽ ഓഫീസർ തസ്തികയിലുണ്ടാകേണ്ട ഒഴിവുകൾ മാസങ്ങളായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രൊമോഷൻ നടത്തുന്നതിനും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ചീഫ് മെഡിക്കൽ ഓഫീസർ, സീനിയർ മെഡിക്കൽ ഓഫീസർ തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പിൽനിന്നും ലഭിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത വകുപ്പിന് ബഡ്ജറ്റിൽ പ്രഖ്യാപിച്ച തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത തസ്തികകൾ ഏതെല്ലാമാണെന്നും എത്രയെണ്ണമുണ്ടെന്നും ഇനം തിരിച്ച് വെളിപ്പെടുത്തുമോ?

സർക്കാരിന്റെ 19-2-2021-ലെ സ.ഉ(കൈ) 52/2021/ ആ.കു.വ നമ്പർ ഉത്തരവുപ്രകാരം ആയുഷ് വകുപ്പിനുകീഴിൽ 300 പുതിയ തസ്തികകൾ തത്വത്തിൽ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ആയതിൽ സർക്കാരിന്റെ 25-2-2021-ലെ ജി.ഒ (എം.എസ്) 7/2021/ആയുഷ് നമ്പർ പ്രകാരം ഭാരതീയ ചികിത്സാ വകുപ്പിൽ 8 സിദ്ധ മെഡിക്കൽ ഓഫീസർ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. അവശേഷിക്കുന്ന തസ്തികകൾ അനുവദിക്കുന്നത് സർക്കാർ പരിശോധിച്ചുവരികയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ (2016-21) പുതുതായി അനുവദിച്ച തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു.

സ്ഥിരം തസ്തികകൾ - 109

താത്ക്കാലിക തസ്തികകൾ - 8

ആകെ - 117

**ആയുഷ് വകുപ്പിലെ പുതിയ തസ്തികകൾ**

198(5544) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 19-2-2021-ന് ആയുഷ് വകുപ്പിനുകീഴിൽ 300 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ടോയെന്ന് അറിയിക്കുമോ?

300 തസ്തികകൾ തത്വത്തിൽ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികകൾ ഏതൊക്കെ സ്ഥാപനങ്ങളിലേയ്ക്കാണെന്ന് അവയുടെ കാറ്റഗറി, ശമ്പള സ്കെയിൽ എന്നിവ വിശദീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വെളിപ്പെടുത്താമോ?

25-2-2021-ലെ സ.ഉ.(കൈ) നം.5/2021/ആയുഷ് പ്രകാരം ഹോമിയോപ്പതിക് മെഡിക്കൽ വിദ്യാഭ്യാസ വിഭാഗത്തിന് 19 തസ്തികയും 25-2-2021-ലെ സ.ഉ.(കൈ) നം.7/2021/ആയുഷ്പ്രകാരം ഭാരതീയ ചികിത്സാ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന സിദ്ധ വിഭാഗത്തിന് 8 തസ്തികയും സൃഷ്ടിച്ച് ഉത്തരവായിരുന്നു. അവശേഷിക്കുന്ന തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ?

പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി* ചേർക്കുന്നു.

**സ്ത്രീ സുരക്ഷയ്ക്കായി നിയമനിർമ്മാണം**

199(5545) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെ സുരക്ഷയ്ക്കും പുരോഗതിക്കുമായി സംസ്ഥാനത്ത് നടത്തിവരുന്ന ക്ഷേമ-സുരക്ഷാ പ്രവർത്തനങ്ങൾ രാജ്യത്തിനുതന്നെ മാതൃകാപരമാണെന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള സുരക്ഷയും നിയമപരിരക്ഷയും മുതലെടുത്തുകൊണ്ട് നിക്ഷിപ്തതാല്പര്യത്തോടെ ചില സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സർക്കാർ സർവ്വീസിൽ സേവനമനുഷ്ഠിക്കുന്ന സ്ത്രീകൾ ഏതെങ്കിലും വ്യക്തികൾക്കെതിരെ വ്യാജരേഖ ചമയ്ക്കുകയോ ഊമക്കത്തുകൾ അയയ്ക്കുകയോ ചെയ്യുതായി തെളിയിക്കപ്പെട്ടാൽ അവർക്കെതിരെ ഔദ്യോഗികമായും നിയമപരമായും ഏതെല്ലാം വകുപ്പുകൾ പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നറിയിക്കാമോ?

നിലവിൽ 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമവും 1960-ലെ Kerala Civil Service (Classification control & Appeal) Rules, 1960-ലെ Kerala Govt. Servant Conduct Rules എന്നിവ പ്രകാരവും 2013-ലെ Sexual Harassment of Women at Work Place (Prevention, Prohibition and Redressal) Act-ന്റെ section 14 പ്രകാരവും നടപടികൾ സ്വീകരിക്കാൻ കഴിയും.

(ഡി) നിയമത്തിലെ പഴുതുകളടച്ച് സ്ത്രീസുരക്ഷാ നിയമങ്ങൾ കൂടുതൽ ഗുണപ്രദവും സാമൂഹികനന്മയും പ്രദാനം ചെയ്യുംവിധം ഭേദഗതി വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

സ്ത്രീസുരക്ഷാ നിയമങ്ങൾ കൂടുതൽ ഗുണപ്രദവും സാമൂഹികനന്മ പ്രദാനം ചെയ്യുംവിധവും ഭേദഗതി വരുത്തുന്നതിന് ആവശ്യമെങ്കിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കുഞ്ഞിനെ ശിശുക്ഷേമ സമിതിയിൽ ഏല്പിച്ചുവെന്ന യുവതിയുടെ പരാതി**

200(5546) ശ്രീ. എം. വിൻസെന്റ് :
ശ്രീ. പി. ടി. തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പേരൂർക്കടയിൽ പ്രസവിച്ച കുഞ്ഞിനെ വീട്ടുകാർ എടുത്തുമാറ്റി ശിശുക്ഷേമ സമിതിൽ ഏല്പിച്ചുവെന്ന് കാണിച്ചുകൊണ്ടുള്ള യുവതിയുടെ പരാതി ശിശുക്ഷേമ സമിതി കമ്മിറ്റിക്ക് ലഭിച്ചിട്ടുണ്ടോ?

പ്രസ്തുത വിഷയം സംബന്ധിച്ച പരാതി കേരള സംസ്ഥാന ശിശുക്ഷേമ സമിതിക്ക് ലഭിച്ചിട്ടില്ല. 22-4-2021-ലെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഓൺലൈൻ സിറ്റിംഗിൽ തങ്ങളുടെ കുഞ്ഞിനെ അനുപമയുടെ അച്ഛൻ തട്ടികൊണ്ടുപോയെന്നും കുഞ്ഞ് എവിടെയാണെന്നറിയില്ലെന്നും ആയതിനെ സംബന്ധിച്ച പരാതി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ നൽകിയെന്നും അനുപമയും അജിത് കുമാറും അറിയിച്ചിരുന്നു. 11-8-2021-ന് ശ്രീമതി അനുപമയും ശ്രീ. അജിത് കുമാറും ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരായി അമ്മത്തൊട്ടിലിൽ കഴിയുന്ന 'X' എന്ന കുഞ്ഞിനെ കാണാനും തങ്ങളുടെ കുഞ്ഞാണോ എന്ന് മനസ്സിലാക്കുവാനും അനുവദിക്കണമെന്നഭ്യർത്ഥിച്ച് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിന്റെ കണ്ടെത്തൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ടി വ്യക്തികൾ 11-8-2021-ൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ശിശുക്ഷേമ സമിതിയുടെ സംരക്ഷണയിൽ നിലവിൽ തുടരുന്ന 'X' എന്ന കുട്ടിയുടെയും അനുപമയുടെയും അജിത് കുമാറിന്റെയും DNA പരിശോധന നടത്താൻ ആവശ്യപ്പെട്ടുകൊണ്ട് 29-9-2021-ൽ രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. 5-10-2021-ന് രേഖപ്പെടുത്തിയ DNA പരിശോധനാ റിപ്പോർട്ട് അനുസരിച്ച് 'X' എന്ന കുട്ടിയുടെ മാതാപിതാക്കളല്ല അനുപമയും അജിത് കുമാറും എന്ന് വ്യക്തമായിട്ടുണ്ട്. പ്രസ്തുത DNA റിപ്പോർട്ട് 11-10-2021-ന് കമ്മിറ്റി മുമ്പാകെ ഹാജരായ അനുപമയെ കാണിച്ച് ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്.

(സി) 22-10-2020-ന് ശിശുക്ഷേമ സമിതിയിലേൽപ്പിച്ച ഇവരുടെ കുഞ്ഞിനെ മറ്റൊരാൾക്ക് ദത്തുനൽകി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശിശുക്ഷേമസമിതിയിൽ ഏല്പിക്കുന്ന കുട്ടികളെ ദത്ത് നൽകുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ഇതുസംബന്ധിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ സർക്കാർ ഇതുസംബന്ധിച്ച് അന്വേഷണം നടത്താൻ ഉത്തരവ് നൽകിയിരുന്നു. Juvenile Justice (Care and Protection of Children) Act, 2015, Adoption Regulation, 2017 എന്നിവയിൽ പ്രതിപാദിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് ദത്ത് നൽകുന്നത്.

**ആരോഗ്യ കിരണം പദ്ധതി**

201(5547) ശ്രീമതി. യു. പ്രതിഭ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രീയമാർഗ്ഗങ്ങളിലൂടെ ശിശുവൈകല്യങ്ങൾ ഇല്ലാതാക്കുന്നതിനായി ആരംഭിച്ച ശിശുവികസന കേന്ദ്രത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ശിശുവികസന കേന്ദ്രത്തിന്റെ (CDC) പ്രവർത്തനം 2017-ൽ വിലയിരുത്തുകയും ഈ കേന്ദ്രത്തിനെ മികവിന്റെ കേന്ദ്രമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. കുട്ടികളുടെയും കൗമാരക്കാരുടെയും വളർച്ച, വികസനം എന്നിവയിലുള്ള ഗവേഷണം, പരിശീലനം, ക്ലിനിക്കൽ എന്നിവ അടിസ്ഥാനമാക്കിയായിരുന്നു വിലയിരുത്തൽ. കാലാകാലങ്ങളിൽ ഈ സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും പ്രവർത്തനം വിലയിരുത്തി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നുണ്ട്.

(ബി) ആരോഗ്യമുള്ള ഒരു യുവതലമുറയെ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ രൂപീകരിച്ച പ്രസ്തുത കേന്ദ്രത്തിന്റെ സേവനങ്ങൾ വിശദമാക്കാമോ?

കുട്ടികളിലും കൗമാരക്കാരിലുമുണ്ടാകുന്ന വളർച്ച, ബുദ്ധിവികാസം, സ്വഭാവരൂപീകരണം എന്നിവയിലുള്ള വ്യതിയാനം നേരത്തെ കണ്ടുപിടിക്കുകയും ചികിത്സിക്കുകയും ചെയ്യുന്നു. ഈ പ്രവർത്തനത്തിനുവേണ്ടിയുള്ള ഗവേഷണം, പരിശീലനം, ക്ലാസ്സുകൾ എന്നിവ നടത്തിവരുന്നു. ഇരുപതോളം സ്പെഷ്യാലിറ്റി

ക്ലിനിക്കുകൾ, ജനറ്റിക് ആൻഡ് മെറ്റബോളിക് ലബോറട്ടറി, ഫീറ്റൽ മെഡിസിൻ ക്ലിനിക്ക് എന്നിവ ഇവിടെ പ്രവർത്തിച്ചുവരികയാണ്. മെഡിക്കൽ വിദ്യാർത്ഥികൾക്കും നഴ്സിംഗ് വിദ്യാർത്ഥികൾക്കും ഐ.സി.ഡി.എസ്.-ലും ആരോഗ്യ മേഖലയിലും പ്രവർത്തിക്കുന്നവർക്കുംവേണ്ടിയുള്ള പരിശീലനം നൽകിവരുന്നു. മാതാപിതാക്കൾക്കും പരിശീലനത്തിനെത്തുന്നവർക്കുംവേണ്ടി പലതരത്തിലുള്ള ലഘുലേഖകളും കൈപ്പുസ്തകങ്ങളും ലഭ്യമാക്കുന്നുണ്ട്.

(സി) ജനനം മുതൽ പതിനെട്ട് വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സയും അനുബന്ധ വൈദ്യസേവനങ്ങളും ലഭ്യമാക്കുന്നതിനായി ആരംഭിച്ച ആരോഗ്യകിരണം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് ജീവൻ സുരക്ഷാപ്രാധാന്യമുള്ള എല്ലാ രോഗങ്ങൾക്കും ചികിത്സാസഹായം സർക്കാർ ആശുപത്രികൾ മുഖേന തികച്ചും സൗജന്യമായി നൽകുന്ന കേരള സർക്കാരിന്റെ പദ്ധതിയാണ് ആരോഗ്യകിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം പദ്ധതി (ആർ.ബി.എസ്.കെ.) പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന 30 രോഗങ്ങൾ ഒഴികെയുള്ള ജീവൻരക്ഷാ പ്രാധാന്യമുള്ള എല്ലാ രോഗങ്ങൾക്കും ആരോഗ്യകിരണം പദ്ധതിയിലൂടെ ചികിത്സാസഹായം ലഭിക്കുന്നതാണ്. എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ ഈ പ്രായത്തിനുള്ളിലുള്ള എല്ലാവരുംതന്നെ ആരോഗ്യകിരണം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ആദായനികുതിദായകർക്കും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയില്ല.

## മാവേലിക്കര മണ്ഡലത്തിലെ സ്മാർട്ട് അങ്കണവാടികൾ

202(5548) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ശിശുവികസന പദ്ധതിയുടെ ഭാഗമായി മാവേലിക്കര മണ്ഡലത്തിൽ എത്ര അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികളാക്കി ഉയർത്തിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ സമഗ്ര ശിശുവികസന പദ്ധതിയുടെ ഭാഗമായി അങ്കണവാടികളൊന്നുംതന്നെ വകുപ്പിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തി സ്മാർട്ട് അങ്കണവാടികളാക്കി ഉയർത്തിയിട്ടില്ല.

(ബി) പ്രസ്തുത മണ്ഡലത്തിലെ സ്മാർട്ടായി ഉയർത്തുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുള്ള അങ്കണവാടികൾ പൂർണ്ണതോതിൽ സ്മാർട്ട് അങ്കണവാടികളായി പ്രവർത്തനസജ്ജമായിട്ടുണ്ടോ; ഇവയുടെ നിലവിലെ സ്ഥിതി ലഭ്യമാക്കുമോ?

പ്രസ്തുത മണ്ഡലത്തിലെ അങ്കണവാടികൾ സ്മാർട്ടായി ഉയർത്തുന്നതിന് നിലവിൽ പ്രൊപ്പോസലുകളൊന്നുംതന്നെ ലഭ്യമായിട്ടില്ല.

(സി) ഈ മണ്ഡലത്തിലെ കൂടുതൽ അങ്കണവാടികൾ സ്മാർട്ടായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാക്കി നിശ്ചിത തുക LSGD വിഹിതമായി കണ്ടെത്തുന്നപക്ഷം വകുപ്പ് വിഹിതംകൂടി ഉറപ്പാക്കി സ്മാർട്ട് കെട്ടിട നിർമ്മാണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

### വനിതാ ശിശു വികസന വകുപ്പ് - തസ്തിക സൃഷ്ടിക്കൽ

203(5549) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റൂറൽ ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റിന് കീഴിലുള്ള ഡിസ്ട്രിക്ട് വുമൺ വെൽഫെയർ ഓഫീസർ, എക്സ്റ്റൻഷൻ ഓഫീസർ ഓഫ് വുമൺ വെൽഫെയർ എന്നീ തസ്തികകൾ വനിതാ-ശിശു വികസന വകുപ്പിലേയ്ക്ക് മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

റൂറൽ ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റിന് കീഴിലുള്ള ഡിസ്ട്രിക്ട് വുമൺ വെൽഫെയർ ഓഫീസർ, എക്സ്റ്റൻഷൻ ഓഫീസർ ഓഫ് വുമൺ വെൽഫെയർ എന്നീ തസ്തികകൾ വനിതാ ശിശുവികസന വകുപ്പിലേയ്ക്ക് മാറ്റുന്നതിന് നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

### അനാഥാലയങ്ങളിലെ കുട്ടികൾക്ക് ജാതിസംവരണ ആനുകൂല്യം

204(5550) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങളിൽ വളരുന്ന കുട്ടികൾക്ക് ജാതിസംവരണത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കേണ്ട ആനുകൂല്യങ്ങളും മുൻഗണനയും നിഷേധിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ അറിയിക്കാമോ;

(ബി) ഈ വിഷയത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം നടത്തുന്നതിനായി സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന് മുന്നിൽ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) അനാഥാലയങ്ങളിൽ വളരുന്ന കുട്ടികൾക്ക് ജാതിസംവരണത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങളും അർഹമായ മുൻഗണനയും ലഭിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(എ-ഡി) ജെ. ജെ. ആക്ട് 2015 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവുപ്രകാരം പ്രവേശിപ്പിച്ചിട്ടുള്ള ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട് ദത്തുനൽകുന്നതിന് യോഗ്യരായവരെ ഒഴിവാക്കി അവശേഷിക്കുന്ന കുട്ടികളെ പിന്നോക്ക വിഭാഗത്തിൽ (ഒ.ബി.സി.) ഉൾപ്പെടുത്തുന്നതിന് പിന്നോക്ക വിഭാഗ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയം സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ പരിശോധിച്ചുവരികയാണ്.

**ജൻഡർ പാർക്കിലെ പദ്ധതികൾ**

205(5551) ശ്രീമതി യു. പ്രതിഭ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ജൻഡർ പാർക്കിൽ വനിതാശാക്തീകരണവും ലിംഗസമത്വവും ലക്ഷ്യംവച്ച് ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) കോഴിക്കോട് പ്രവർത്തിക്കുന്ന ജൻഡർ പാർക്കിൽ വനിതാശാക്തീകരണത്തിന്റെ ഭാഗമായി വിവിധ മേഖലകളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; വിശദമാക്കാമോ?

(എ&ബി) വനിതാശാക്തീകരണവും ലിംഗസമത്വവും ലക്ഷ്യംവച്ച് ജൻഡർ പാർക്കിന്റെ കീഴിൽ ആരംഭിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഹെറിറ്റേജ് മ്യൂസിയം (ഒന്നാം ഘട്ടം)

2. ജൻഡർ ലൈബ്രറി (ഒന്നാം ഘട്ടം)

3. ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ

4. ആംഫി തിയേറ്റർ

5. ജൻഡർ ഡാറ്റാ ഹബ്

6. ലിംഗ സമത്വത്തിനായുള്ള അന്താരാഷ്ട്ര സമ്മേളനം

7. ബിസിനസ്സ് ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ കോഴ്സ്

8. ഓഫ് ക്യാമ്പസ് പദ്ധതികൾ - ഷീ ടാക്സി

മേല്പറഞ്ഞവ കൂടാതെ താഴെപ്പറയുന്ന പദ്ധതികൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും ആയവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

1. ഹെറിറ്റേജ് മ്യൂസിയം (രണ്ടാം ഘട്ടം)

2. ജൻഡർ ലൈബ്രറി (രണ്ടാം ഘട്ടം)

3. വുമൺ ഇൻ സസ്റ്റൈനബിൾ എന്റർപ്രണർഷിപ്പ് (WiSE)

4. ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ശാക്തീകരണം-സംവാദവും ആക്ഷൻ പ്ലാനും

5. അന്താരാഷ്ട്ര വനിതാ വ്യാപാര കേന്ദ്രം (iWTC)

6. ജൻഡർ സൗഹൃദ നഗരാസൂത്രണം

7. ഓഫ് ക്യാമ്പസ് പദ്ധതികൾ-ഇന്റഗ്രേഷൻ പദ്ധതി (സംയോജിത സ്ത്രീ സുരക്ഷാ പദ്ധതി)

(സി) ആധുനിക വിഷ്വൽ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി ജൻഡർ മ്യൂസിയം സ്ഥാപിക്കുന്നതിന് പദ്ധതികളുണ്ടോ; വ്യക്തമാക്കാമോ?

ജൻഡർ പാർക്കിന്റെ കോഴിക്കോട് ക്യാമ്പസിൽ കേരള സ്ത്രീ ചരിത്രത്തെക്കുറിച്ചും സ്ത്രീകളുടെ പോരാട്ടത്തെക്കുറിച്ചും പ്രദർശിപ്പിക്കുന്ന ഇടമായ ഹെറിറ്റേജ് മ്യൂസിയത്തിന്റെ ആദ്യഘട്ടം 2021 ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്തു. വിഷ്വൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് ആദ്യഘട്ടത്തിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്.

1. ഓഡിയോ-വിഷ്വൽ റൂം

2. ഷോർട്ട് വീഡിയോ/സിഗ്നേച്ചർ ചിത്ര നിർമ്മാണം

3. 5 സ്ത്രീകളുടെ ജീവിത കഥകളെക്കുറിച്ചുള്ള ഹ്രസ്വവീഡിയോകളുടെ ഒരു പരമ്പര (2 മിനിട്ട് വീതം) - നിർമ്മാണം പുരോഗമിക്കുന്നു. രണ്ടാംഘട്ട പ്രവർത്തനത്തിൽ ചുവടെ പറയുന്ന വിഷ്വൽ സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് ഹെറിറ്റേജ് മ്യൂസിയം വിപുലീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് ഭരണാനുമതി ലഭിച്ചിട്ടുള്ളതുമാണ്.

1. 10 സ്ത്രീകളുടെ ജീവിത കഥകളെക്കുറിച്ചുള്ള ഹ്രസ്വവീഡിയോകളുടെ ഒരു പരമ്പര (3 മിനിട്ട് വീതം)

2. മ്യൂസിക് വീഡിയോ (2 എണ്ണം) ചരിത്രത്തിലൂടെ സ്ത്രീകൾ, ജോലിയിൽ സ്ത്രീകൾ

3. ടച്ച് സ്ക്രീനുകളുടെ ഇൻസ്റ്റലേഷൻ

4. മ്യൂസിയം വെബ്സൈറ്റും ആപ്ലിക്കേഷനും

5.വെർച്വൽ ടൂർ (ഹെറിറ്റേജ് മ്യൂസിയം)

വിശദീകരണക്കുറിപ്പ് അനുബന്ധമായി* ചേർക്കുന്നു.

**കോവിഡുമൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾ**

206(5552) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് കാരണം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളുടെ കണക്ക് സ്വരൂപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. കോവിഡുമൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 10 |
| 2 | കൊല്ലം | 5 |
| 3 | പത്തനംതിട്ട | 3 |
| 4 | ആലപ്പുഴ | 7 |
| 5 | കോട്ടയം | 8 |
| 6 | ഇടുക്കി | 4 |
| 7 | എറണാകുളം | 9 |
| 8 | തൃശ്ശൂർ | 16 |
| 9 | പാലക്കാട് | 7 |
| 10 | മലപ്പുറം | 5 |
| 11 | കോഴിക്കോട് | 7 |
| 12 | വയനാട് | 0 |
| 13 | കണ്ണൂർ | 2 |
| 14 | കാസർഗോഡ് | 7 |
| | ആകെ | 90 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇവർക്ക് എന്തെല്ലാം സഹായം നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്; എത്ര കുട്ടികൾക്ക് ഈ സഹായം ലഭ്യമായിട്ടുണ്ട്; ഇനി എന്തെല്ലാം സഹായം നൽകാൻ ബാക്കിയുണ്ട്; വ്യക്തമാക്കുമോ?

മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് സുരക്ഷിതമായ ജീവിതം ഒരുക്കുന്നതിനും ആവശ്യമായ പിന്തുണ നൽകുന്നതിനുമായി ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നുണ്ട്. 20-6-2021-ലെ സ. ഉ (കൈ) നം. 18/2021/സാനീവ പ്രകാരം ഇത്തരം കുട്ടികൾക്ക് 3 ലക്ഷം രൂപ ഒറ്റത്തവണയായി നൽകുന്നതിനും 18 വയസ്സുവരെ പ്രതിമാസം 2000 രൂപ വീതം നൽകുന്നതിനും ബിരുദതലംവരെയുള്ള വിദ്യാഭ്യാസച്ചെലവ് ഏറ്റെടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ 52 കുട്ടികൾക്കായി 1,65,24,000 രൂപ (ഒരു കോടി അറുപത്തിയഞ്ച് ലക്ഷത്തി ഇരുപത്തിനാലായിരം രൂപ മാത്രം) ജില്ലകൾക്ക് അലോട്ടുമെന്റായി നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന കുട്ടികൾക്ക് ധനസഹായം നൽകുന്നതിനാവശ്യമായ അന്വേഷണങ്ങൾ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് അടിയന്തരമായി പൂർത്തിയാക്കി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വനിത-ശിശു വികസന വകുപ്പിൽ ഹെൽപ്പർ തസ്തികയിൽനിന്നുള്ള ഉദ്യോഗക്കയറ്റം

207(5553) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിത-ശിശു വികസന വകുപ്പിൽ ഹെൽപ്പർ തസ്തികയിൽനിന്നും വർക്കറായി ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് 31-5-2017 പ്രാബല്യത്തിൽ എത്ര ഐ.സി.ഡി.എസ്. പ്രോജക്ടുകളിലാണ് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്; ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ 14 ജില്ലകളിലുമായി 258 ഐ.സി.ഡി.എസ് പ്രോജക്ടുകളാണ് പ്രവർത്തിച്ചുവരുന്നത്. ഇവയിൽ 31-5-2017 പ്രാബല്യത്തിൽ 67 പ്രോജക്ടുകളിൽ ഹെൽപ്പർ പ്രൊമോഷൻ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I* ആയി ചേർക്കുന്നു.

(ബി) സർക്കാരിന്റെ 30-4-2018-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31-5-2017-ലെ ലിസ്റ്റ് നിലനിൽക്കവെ എത്ര ഐ.സി.ഡി.എസ്. പ്രോജക്ടുകളിലേയ്ക്കാണ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്; ജില്ല തിരിച്ച് വിവരം നൽകാമോ?

31-5-2017-ലെ ലിസ്റ്റ് നിലനിൽക്കവെ തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ഐ.സി.ഡി.എസ്.-ൽ മാത്രമാണ് 30-4-2018-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ ലിസ്റ്റുണ്ടാക്കിയിട്ടുള്ളത്.

**സി.എഫ്.ആർ.ഡി.-യുടെ പ്രവർത്തനം**

208(5554) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട കോന്നിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് (സി.എഫ്.ആർ.ഡി.)-നെ സിവിൽ സപ്ലൈസ് വകുപ്പ് ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും റിപ്പോർട്ട് സർക്കാർ മുമ്പാകെയുണ്ടോ?

ഇല്ല.

(സി) നിലവിൽ സി.എഫ്.ആർ.ഡി.-യുടെ കെട്ടിടവും സ്ഥലവും ആരുടെ ഉടമസ്ഥതയിലാണെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിലാണ്.

(ഡി) എത്ര ജീവനക്കാരാണ് സ്ഥിരമായും താൽക്കാലികമായും ഇവിടെ ജോലിചെയ്യുന്നതെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ?

സ്ഥിരം ജീവനക്കാർ - 1

കരാർ ജീവനക്കാർ - 25

ദിവസവേതന ജീവനക്കാർ - 6

സപ്ലൈകോയിൽനിന്നുള്ള ജീവനക്കാർ - 2 (വർക്കിംഗ് അറേഞ്ച്മെന്റ്)
ഡെപ്യൂട്ടേഷൻ ജീവനക്കാർ – 1

## അഗതിമന്ദിരങ്ങൾക്കും കന്യാസ്ത്രീമഠങ്ങൾക്കും വാതിൽപ്പടി വിതരണം

209(5555) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗതിമന്ദിരങ്ങൾ, കന്യാസ്ത്രീമഠങ്ങൾ തുടങ്ങിയവയിലെ താമസക്കാർക്ക് പൊതുവിതരണ വകുപ്പിലെ ഉദ്യോഗസ്ഥർ ഭക്ഷ്യക്കിറ്റുകൾ വാതിൽപ്പടിയായി വിതരണം ചെയ്തതിന്റെ വിശദവിവരം നൽകാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പാലക്കാട് ജില്ലയിൽ എത്ര അഗതിമന്ദിരങ്ങൾക്കും കന്യാസ്ത്രീമഠങ്ങൾക്കും ഇത്തരത്തിൽ സൗജന്യക്കിറ്റ് വിതരണം നടത്തിയെന്ന് വിശദമാക്കാമോ?

148 അഗതി മന്ദിരങ്ങൾ, കന്യാസ്ത്രീ മഠങ്ങൾ എന്നിവയിലെ താമസക്കാർക്ക് സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) അതിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ മാത്രം എത്ര അഗതിമന്ദിരങ്ങൾക്കും കന്യാസ്ത്രീമഠങ്ങൾക്കും ഇത്തരത്തിൽ സൗജന്യക്കിറ്റ് വിതരണം നടത്തിയെന്ന് വിശദമാക്കാമോ?

ഏഴ് (7).

## നീലനിറത്തിലുള്ള റേഷൻ കാർഡ് കൈവശം വച്ചിരിക്കുന്ന അനർഹരെ കണ്ടെത്താൻ നടപടി

210(5556) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർഹമായി നീലനിറത്തിലുള്ള റേഷൻ കാർഡ് കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. കാര്യക്ഷമമായ ഫീൽഡുതല പരിശോധനയിലൂടെ അനർഹമാണെന്ന് കണ്ടെത്തുന്ന കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുന്നുണ്ട്. അനർഹമായി കൈവശം വച്ചിരിക്കുന്ന കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്യണമെന്ന് പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും ബോധവൽക്കരണ പോസ്റ്ററുകളിലൂടെയും പൊതുജനങ്ങളെ അറിയിക്കുന്നുണ്ട്. അനർഹർ കൈവശം വച്ചിരിക്കുന്ന

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാർഡുകൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനായി പൊതുജനങ്ങൾക്ക് 9495998223 എന്ന നമ്പറും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതുവരെ ഇത്തരത്തിലുള്ള എത്ര കാർഡുടമകളെ മുൻഗണനാ പട്ടികയിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

| ക്രമ നമ്പർ | ജില്ല | പട്ടികയിൽ നിന്നും നീക്കം ചെയ്തവരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 3350 |
| 2 | കൊല്ലം | 4075 |
| 3 | പത്തനംതിട്ട | 2811 |
| 4 | ആലപ്പുഴ | 3724 |
| 5 | കോട്ടയം | 2598 |
| 6 | ഇടുക്കി | 1257 |
| 7 | എറണാകുളം | 5651 |
| 8 | തൃശ്ശൂർ | 5064 |
| 9 | പാലക്കാട് | 8415 |
| 10 | മലപ്പുറം | 12902 |
| 11 | കോഴിക്കോട് | 4748 |
| 12 | വയനാട് | 1083 |
| 13 | കണ്ണൂർ | 6131 |
| 14 | കാസർഗോഡ് | 1286 |
| | ആകെ | 63095 |

## നിലമ്പൂർ മണ്ഡലത്തിലെ റേഷൻ കാർഡുകൾ

211(5557) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിനുമുമ്പും ശേഷവും നിലമ്പൂർ നിയോജകമണ്ഡലത്തിലുണ്ടായിരുന്ന ആകെ റേഷൻ കാർഡുകളുടെ എണ്ണം, വിവിധതരം റേഷൻ കാർഡുകളുടെ തരംതിരിച്ചുള്ള എണ്ണം എന്നിവ ലഭ്യമാക്കാമോ;

(ബി) മേൽതാരതമ്യങ്ങളിൽനിന്നും ഏതുതരം റേഷൻ കാർഡുകളിലാണ് വലിയ തോതിലുള്ള അന്തരമുണ്ടായിട്ടുള്ളതെന്നും ആയതിനുള്ള കാരണങ്ങളും വിശദമാക്കാമോ; മുൻഗണനാ വിഭാഗങ്ങളിൽ കൂടുതൽ റേഷൻ കാർഡുകൾ ഉൾപ്പെടുത്താൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിനുമുമ്പ് താലൂക്ക് സപ്ലൈ ഓഫീസുകളിൽ മണ്ഡലം അടിസ്ഥാനമാക്കിയല്ല റേഷൻ കാർഡുകളുടെ വിവരങ്ങൾ സൂക്ഷിച്ചിരിക്കുന്നത്. പ്രസ്തുത നിയമം നടപ്പാക്കിയതിനുശേഷം നിലമ്പൂർ മണ്ഡലം അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ അനുബന്ധം-1* ആയി ചേർക്കുന്നു. താരതമ്യം ലഭ്യമല്ല. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 15480040 എണ്ണം അംഗങ്ങളാണ്. ആയതിനാൽ ടി വിഭാഗത്തിലെ അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ ഓരോ താലൂക്കിനും ആനുപാതികമായ എണ്ണത്തിൽ മാത്രമേ അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ.

(സി) അന്നപൂർണ്ണ പദ്ധതിയിലുൾപ്പെട്ട എത്ര റേഷൻ കാർഡുകളാണ് നിലമ്പൂർ നിയോജകമണ്ഡലത്തിലുള്ളതെന്ന് അറിയിക്കാമോ; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അന്നപൂർണ്ണ പദ്ധതിയിലുൾപ്പെട്ട റേഷൻ കാർഡുകൾ നിലമ്പൂർ നിയോജകമണ്ഡലത്തിലില്ല. അഗതികളും അശരണരുമായ വൃദ്ധജനങ്ങൾക്ക് ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുന്നതിനായി കേന്ദ്രസർക്കാർ 2000-ൽ ആവിഷ്കരിച്ച പദ്ധതിയാണ് അന്നപൂർണ്ണ പദ്ധതി. ടി പദ്ധതിയിൽ സംസ്ഥാനത്തിന് ഉൾപ്പെടുത്താൻ കഴിയുന്ന ഗുണഭോക്താക്കളുടെ പരിധി 44980 ആണ്. പ്രസ്തുത പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കേന്ദ്രസർക്കാർ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1. അപേക്ഷകന്റെ പ്രായം 65 വയസ്സോ അതിനുമുകളിലോ ആയിരിക്കണം.

2. സ്വന്തമായോ കുടുംബാംഗങ്ങളുടെയോ ഇതര സ്രോതസുകളിലൂടെയുള്ള വരുമാനംകൊണ്ട് ഉപജീവനത്തിന് മാർഗ്ഗമില്ലാത്ത അഗതികളായിരിക്കണം.

3. അപേക്ഷകൻ നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീമിലെയോ (NoAPS) മറ്റുസംസ്ഥാന സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതി പ്രകാരമോ പെൻഷൻ ലഭിക്കാത്ത ആളായിരിക്കണം. ഇപ്രകാരമുള്ള ഗുണഭോക്താക്കളെ കണ്ടെത്തി 1-4-2000 മുതൽ സംസ്ഥാനത്ത് പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ കൂടുതലായി ഉൾപ്പെടുത്താൻ യോഗ്യരായ ഗുണഭോക്താക്കളെ കണ്ടെത്താൻ റവന്യൂ വകുപ്പ്, സാമൂഹ്യനീതി വകുപ്പ് എന്നിവ മുഖേന വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ എത്ര വെൽഫയർ ഹോസ്റ്റലുകൾ, പട്ടിക വിഭാഗ ഹോസ്റ്റലുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്കാണ് നിലവിൽ റേഷൻ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇവയുടെ പട്ടിക ലഭ്യമാക്കാമോ?

8 സ്ഥാപനങ്ങൾ. പട്ടിക അനുബന്ധം-2* ആയി ചേർക്കുന്നു.

**മണ്ണാർക്കാട് മണ്ഡലത്തിലെ റേഷൻ കാർഡില്ലാത്ത ആദിവാസി കുടുംബങ്ങൾ**

212(5558) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിൽ റേഷൻ കാർഡില്ലാത്ത എത്ര ആദിവാസി കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

37 ഗോത്രവർഗ്ഗ കുടുംബങ്ങൾ.

(ബി) അവർക്ക് റേഷൻ കാർഡ് അനുവദിച്ചുനൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

എസ്.ടി. പ്രൊമോട്ടർ മുഖേന ലഭ്യമാക്കുന്ന അപേക്ഷകൾ പരിശോധിച്ച് ആധാർ കാർഡുള്ള എല്ലാ ആദിവാസി കുടുംബങ്ങൾക്കും റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഇരിക്കൂർ മണ്ഡലത്തിലെ റേഷൻ കാർഡുകൾ

213(5559) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ നിലവിൽ എത്ര റേഷൻ കാർഡുകളാണുള്ളതെന്നും അവയിൽ അന്ത്യോദയ അന്നയോജന, മുൻഗണന, മുൻഗണനേതര, മുൻഗണനേതര സബ്സിഡി എന്നിങ്ങനെ എത്രയെന്ന് തരംതിരിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ?

അനുബന്ധം-1* ആയി ചേർക്കുന്നു.

(ബി) പ്രസ്തുത പട്ടികയിൽനിന്നും നിലവിൽ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട എത്ര റേഷൻ കാർഡുടമകൾ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് കാർഡ് മാറ്റുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ഇതിൽ എത്രപേർക്ക് മാറ്റിനൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് അടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ?

അനുബന്ധം-2* ആയി ചേർക്കുന്നു.

(സി) അർഹരായ മുഴുവൻ അപേക്ഷകരുടെയും റേഷൻ കാർഡുകൾ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റിനൽകുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകളുടെ എണ്ണം 15480040 അംഗങ്ങളായി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം അംഗങ്ങളുടെ പരിധി നിശ്ചയിച്ചതിനാൽ അർഹരായ എല്ലാ കുടുംബങ്ങളേയും മുൻഗണനാ പട്ടികയിലുൾപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി വർദ്ധിപ്പിച്ചുനൽകുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും അനുകൂല പ്രതികരണം ഉണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ അനർഹരായവരെ ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ അനുവദനീയമായ മുൻഗണനാ ഒഴിവുകളിൽ അർഹരായവരെ ഉൾപ്പെടുത്താനാകൂ. അതിനാൽ അനർഹരെ ഒഴിവാക്കുന്ന നടപടികൾ ത്വരിതഗതിയിൽ നടപ്പാക്കിവരുന്നു. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്ന നടപടികൾ തുടർന്നുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ചേർത്തല താലൂക്കിലെ മുൻഗണനാ റേഷൻ കാർഡുകൾ

214(5560) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചേർത്തല താലൂക്കിൽ റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിലേയ്ക്ക് ഉൾപ്പെടുത്തുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആയതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയെന്ന് വിശദമാക്കാമോ?

6382 അപേക്ഷകൾ. ആയതിൽ 3290 പേരെ പി.എച്ച്.എച്ച് വിഭാഗത്തിലേയ്ക്കും 210 പേരെ എ.എ.വൈ വിഭാഗത്തിലേയ്ക്കും മാറ്റിയിട്ടുണ്ട്. ശേഷിക്കുന്ന 1925 അപേക്ഷകളിൽ ഹിയറിംഗ് നടത്തി ലിസ്റ്റ് തയ്യാറാക്കി വരുന്നു.

## റേഷൻകടകൾ വഴി കുത്തരി വിതരണം ചെയ്യാൻ നടപടി

215(5561) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകൾവഴി ഏതൊക്കെ ഇനം അരിയാണ് വിതരണം ചെയ്യുന്നതെന്ന് അറിയിക്കാമോ?

നെല്ല് സംഭരണം മുഖേന സപ്ലൈകോ ലഭ്യമാക്കുന്ന CMR (പ്രധാനമായും കുത്തരി), FCI-യിൽനിന്ന് ലഭ്യമാകുന്ന പുഴുക്കലരി (Boiled Rice), പച്ചരി (Raw Rice) എന്നിങ്ങനെ മൂന്നിനം അരികളാണ് റേഷൻകടകൾ വഴി വിതരണം ചെയ്യുന്നത്.

(ബി) റേഷൻ കടകൾവഴി കുത്തരി നൽകുന്ന ജില്ലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വയനാട്, കാസർഗോഡ് എന്നീ ജില്ലകളൊഴികെ മറ്റെല്ലാ ജില്ലകളിലും നിലവിൽ കുത്തരി വിതരണം ചെയ്യുന്നുണ്ട്.

(സി) കാസർഗോഡ് ജില്ലയിൽ റേഷൻ കടകൾവഴി കുത്തരി വിതരണം ചെയ്യാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ഡി) കുത്തരി വിതരണം ചെയ്യാത്ത ജില്ലകളിൽ ആയത് നൽകുന്നതിന് നടപടികൾ സ്വീകരിക്കാമോ?

(സി&ഡി) സംസ്ഥാനത്തിലെ കർഷകരിൽനിന്ന് സംഭരിക്കപ്പെടുന്ന നെല്ല് പ്രോസസ് ചെയ്ത് അരിയാക്കി ലഭ്യമാക്കുന്നതിനായി സപ്ലൈകോയുമായി കരാറുള്ള മില്ലുകളിൽ ഭൂരിഭാഗവും എറണാകുളം, പാലക്കാട് ജില്ലകളിലാണുള്ളത്.

മുൻകാലങ്ങളിൽ നെല്ലുസംഭരണം മുഖേന ലഭ്യമായിരുന്ന അരിയുടെ അളവ് കുറവായിരുന്നതിനാൽ പത്തനംതിട്ട മുതൽ പാലക്കാട് വരെയുള്ള 7 ജില്ലകളിലായി CMR അരിയുടെ വിതരണം പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത അരിയുടെ അളവ് വർദ്ധിച്ച സാഹചര്യത്തിൽ 2016 നവംബർ മുതലാണ് തിരുവനന്തപുരം, കൊല്ലം, മലപ്പുറം എന്നീ ജില്ലകളിലേയ്ക്കുകൂടി വിതരണം വ്യാപിപ്പിച്ചത്. പിന്നീട് സപ്ലൈകോ ലഭ്യമാക്കുന്ന CMR അരിയിൽ ഗണ്യമായ വർദ്ധനവുണ്ടായ സാഹചര്യത്തിൽ 2019-ൽ കോഴിക്കോട് ജില്ലയിലും 2021 ആഗസ്റ്റ് മുതൽ കണ്ണൂർ ജില്ലയിലും വിതരണം നടത്തിവരുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ CMR എത്തിക്കുന്നതിന് കടത്തുകൂലിയിനത്തിൽ വലിയ തുക സർക്കാരിന് ചെലവ് വരുന്നുണ്ടെങ്കിലും കാസർഗോഡ് ജില്ലയിൽനിന്നും CMR അരി വേണമെന്ന ആവശ്യമുയർന്നുവരുന്ന സാഹചര്യത്തിൽ 2021 ഡിസംബർ മാസം മുതൽ സപ്ലൈകോ ലഭ്യമാക്കുന്ന അളവിനനുസൃതമായി ടി ജില്ലയിലും CMR അരി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ആദിവാസി മേഖലകൾ കൂടുതൽ കാണപ്പെടുന്ന സാഹചര്യത്തിൽ ജില്ലയിലെ ആവശ്യകത വിലയിരുത്തി വിതരണം ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**റേഷൻ വിതരണത്തിലെ കേന്ദ്രവിഹിതം**

216(5562) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ വിതരണത്തിൽ കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും വഹിക്കുന്ന ചെലവ് എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കാമോ?

അരിയുടെയും ഗോതമ്പിന്റെയും വിലയുടെയും നെല്ല് സംഭരണത്തിലൂടെ ലഭ്യമാകുന്ന അരിക്കുള്ള കേന്ദ്ര വിഹിതത്തിനുള്ള ക്ലെയിമിന്റെയും അടിസ്ഥാനത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിക്കുന്ന ചെലവ് വിവരങ്ങൾ അനുബന്ധം-1* ആയി ചേർത്തിരിക്കുന്നു. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം വാതിൽപ്പടി വിതരണത്തിന് ക്വിന്റലിന് 32.5 രൂപ നിരക്കിലും വ്യാപാരികൾക്കുള്ള കമ്മീഷനായി 43.5 രൂപ നിരക്കിലും എ.എ.വൈ/ പ്രയോറിറ്റി വിഭാഗത്തിന് മാത്രമായാണ് കേന്ദ്രസർക്കാരിൽനിന്ന് തുക ലഭിക്കുന്നത്. ഇത് സംസ്ഥാനത്തിന് വാതിൽപ്പടി വിതരണത്തിന് ആകെ ചെലവാകുന്ന തുകയുടെ ഏകദേശം 14 ശതമാനവും കമ്മീഷൻ ഇനത്തിൽ ചെലവാകുന്ന തുകയുടെ ഏകദേശം 11.85 ശതമാനവും മാത്രമാണ്. മണ്ണെണ്ണയുടെ വിതരണത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചെലവുകളൊന്നും വഹിക്കുന്നില്ല. എ.എ.വൈ.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഭാഗത്തിന് മാത്രമാണ് നിലവിൽ പഞ്ചസാര അനുവദിച്ചുവരുന്നത്. കേന്ദ്രസർക്കാർ 1 കിലോ പഞ്ചസാരയ്ക്ക് 18.50 രൂപ സബ്സിഡി നൽകുകയും സപ്ലൈകോ ഇ-ടെണ്ടർ മുഖേന വാങ്ങുന്നതിന്റെ വിപണിവിലയുടെ 18.50 രൂപ കിഴിച്ചുള്ള തുക സംസ്ഥാന സർക്കാർ നൽകുകയുമാണ് ചെയ്യുന്നത്.

(ബി) ഇക്കഴിഞ്ഞ വർഷം സംസ്ഥാനത്ത് വിതരണം ചെയ്യുന്നതിനായി കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള റേഷൻ ഉൽപ്പന്നങ്ങൾ ഏതൊക്കെയാണ്; ഓരോ ഇനവും എത്ര അളവുകളിലാണ് ആനുവദിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകാമോ?

വിശദാംശങ്ങൾ അനുബന്ധം-2* ആയി ചേർത്തിരിക്കുന്നു.

(സി) കേന്ദ്രസർക്കാരിൽനിന്നും അനുവദിച്ചിട്ടുള്ള റേഷൻ ഉൽപ്പന്നങ്ങളിൽ എത്ര ശതമാനം ഉൽപ്പന്നങ്ങളുടെ വിതരണമാണ് നാളിതുവരെ പൂർത്തിയാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) എങ്കിൽ ആയത് മുഴുവനായും വിതരണം ചെയ്യാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ?

(സി&ഡി) മണ്ണെണ്ണ 100 ശതമാനവും അരി, ഗോതമ്പ് എന്നിവയുടെ 98 ശതമാനത്തോളവും പഞ്ചസാരയുടെ 93 ശതമാനവും വിതരണം നടത്തിയിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പി.എം.ജി.കെ.എ.വൈ. സ്കീം മുഖേന അരി, ഗോതമ്പ് എന്നിവയുടെ അധിക അലോട്ട്മെന്റ് ലഭ്യമായതും മുൻഗണനേതര വിഭാഗത്തിന് എഫ്.സി.ഐ.-യിൽനിന്ന് അരി വാങ്ങി സ്പെഷ്യൽ വിതരണമുണ്ടായിരുന്നതും കാരണമാകാം 100 ശതമാനം വിതരണം പൂർത്തിയാകാത്തത്. മുൻഗണനാ അതിജീവനക്കിറ്റുകളിൽ പഞ്ചസാര ഉൾപ്പെട്ടിരുന്നത് കാരണമാവാം പഞ്ചസാരയുടെ വിതരണം കുറഞ്ഞത്.

(ഇ) നാളിതുവരെ സംസ്ഥാനത്തിന് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള റേഷൻ വിഹിതത്തിൽ സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടുള്ള അളവുകളിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ ഒരോ ഇനത്തിലും എത്ര വീതമാണ് കുറവുണ്ടായിട്ടുള്ളത്; കുറവുണ്ടായതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

കേരള സംസ്ഥാനത്ത് വളരെ ശ്രദ്ധേയമായ സാർവ്വത്രിക റേഷനിംഗ് സമ്പ്രദായമാണ് നിലവിലുണ്ടായിരുന്നത്. പ്രസ്തുത കാലയളവിൽ പ്രതിമാസം ഏകദേശം 150000 ടൺ അരിയും 50000 ടൺ ഗോതമ്പും 12375 ടൺ പഞ്ചസാരയും 31000 കിലോ ലിറ്റർ മണ്ണെണ്ണയും കേന്ദ്ര വിഹിതമായി ലഭിച്ചിരുന്നു. തുടർന്ന് 2000-ൽ കേന്ദ്രസർക്കാർ എ.എ.വൈ. സ്കീം, അന്നപൂർണ്ണ സ്കീം എന്നിവ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പാക്കി. അപ്പോഴും അഡ്ഹോക്ക് അലോട്ട്മെന്റിലൂടെ ഒരുവിധം തൃപ്തികരമായ രീതിയിൽ സംസ്ഥാനത്തിന് 2016 വരെ ഭക്ഷ്യ വിഹിതം നൽകിയിരുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിലെ അനുച്ഛേദം 3 (1) പ്രകാരം ടി നിയമം നിലവിൽവന്ന 2013-നുമുമ്പുള്ള മൂന്ന് വർഷത്തെ നോർമൽ അലോട്ടുമെന്റിന്റെ ശരാശരി അളവ് സംരക്ഷിക്കപ്പെടുമെന്ന് ഉറപ്പുനൽകുന്നു. എന്നാൽ അഡ്ഹോക്ക് വിഹിതമുൾപ്പെടെ ലഭ്യമായ ശരാശരി 16 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം പൂർണ്ണമായും വിട്ടെടുത്ത് ഉപയോഗിച്ച സംസ്ഥാനമെന്ന നിലയിൽ ടി വിഹിതം കണക്കാക്കാതെ സംസ്ഥാനത്തിന്റെ വാർഷിക വിഹിതം 14.25 ലക്ഷം മെട്രിക് ടൺ ആയിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നിലവിൽവന്ന 1-11-2016 മുതൽ പ്രസ്തുത നിരക്കിലാണ് ധാന്യം ലഭിച്ചുവരുന്നത്. ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിൽവരുന്നതിന് മുമ്പും ശേഷവുമുള്ള അലോട്ടുമെന്റിന്റെ വിവരം അനുബന്ധം-3* ആയി ചേർത്തിരിക്കുന്നു.

**അരിയുടെയും ഗോതമ്പിന്റെയും പ്രതിമാസ കണക്ക്**

217(5563) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ മാസവും കേന്ദ്രം സംസ്ഥാനത്തിനനുവദിച്ച അരിയും ഗോതമ്പും എത്ര ടൺ വീതമാണ്; ഇതിൽ എത്ര ടൺ വീതം ഏറ്റെടുത്ത് വിതരണം ചെയ്യുകയുണ്ടായി; വിശദമാക്കാമോ?

2021 മേയ് മുതൽ ഒക്ടോബർവരെ സംസ്ഥാനത്തിന് ലഭ്യമായ അരിയുടെയും ഗോതമ്പിന്റെയും കണക്ക് അനുബന്ധമായി* ചേർത്തിരിക്കുന്നു. ലഭ്യമായ മുഴുവൻ ഭക്ഷ്യധാന്യങ്ങളും വിട്ടെടുത്ത് വിതരണത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഏതെല്ലാം സ്കീമിൽ ഏതെല്ലാം നിരക്കിലാണ് അരിയും ഗോതമ്പും അനുവദിച്ചതെന്നും കേന്ദ്രം നൽകുന്ന അരിയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതെങ്ങനെയെന്നും വിശദമാക്കാമോ?

ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം എ.എ.വൈ, പ്രയോറിറ്റി വിഭാഗങ്ങൾക്ക് അരി കിലോഗ്രാമിന് 3 രൂപ നിരക്കിലും ഗോതമ്പ് കിലോഗ്രാമിന് 2 രൂപ നിരക്കിലുമാണ് അനുവദിച്ചിട്ടുള്ളത്. ടൈഡ് ഓവർ വിഹിതമായി അരി കിലോഗ്രാമിന് 8.30 രൂപ നിരക്കിലും ഗോതമ്പ് കിലോഗ്രാമിന് 6.10 രൂപ നിരക്കിലും ലഭിച്ചുവരുന്നു. പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന (PMGKAY) സ്കീം മുഖേന എ.എ.വൈ, പ്രയോറിറ്റി വിഭാഗത്തിനുള്ള അരിയും ഗോതമ്പും സൗജന്യമായാണ് അനുവദിച്ചിട്ടുള്ളത്. ഓരോ മാസവും വിതരണത്തിനുമുമ്പ് എഫ്.സി.ഐ.-ൽനിന്നും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അലോട്ട് ചെയ്യുന്ന സ്റ്റോക്ക്, എഫ്.സി.ഐ. അധികാരികളുടെ സാന്നിദ്ധ്യത്തിൽ ജില്ലാ സപ്ലൈ ഓഫീസർ ചുമതലപ്പെടുത്തുന്ന വകുപ്പിലെ ഉദ്യോഗസ്ഥർ, റീജിയണൽ മാനേജർ നിയോഗിക്കുന്ന സപ്ലൈകോ ഉദ്യോഗസ്ഥർ എന്നിവർ പരിശോധിച്ച് ലോട്ട്മാർക്ക് ചെയ്യുന്നുണ്ട്. ഇപ്രകാരം എഫ്.സി.ഐ.-യിലെയും സപ്ലൈകോയിലെയും ക്വാളിറ്റി അഷ്വറൻസ് വിഭാഗങ്ങൾ കർശന പരിശോധന നടത്തിയതിനുശേഷമാണ് എഫ്.സി.ഐ.-യിൽനിന്നും സി.എം.ആർ. മില്ലുകളിൽനിന്നും ഭക്ഷ്യധാന്യങ്ങൾ ഗോഡൗണുകളിലെത്തുന്നത്. ഗോഡൗണുകളിൽനിന്നും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ കടകളിലെത്തുന്ന റേഷൻ സാധനങ്ങളുടെ ഗുണമേന്മ ബോദ്ധ്യപ്പെടേണ്ട ഉത്തരവാദിത്തം എ.ആർ.ഡി.-കൾക്കുണ്ട്. മോശമായ ഭക്ഷ്യധാന്യങ്ങൾ സംബന്ധിച്ച് പരാതികൾ ലഭിക്കുന്നപക്ഷം ഗോഡൗണുകളുമായി ബന്ധപ്പെട്ട് അവ മാറ്റി നൽകുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ ജില്ലാ സപ്ലൈ ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥർ റേഷൻ കടകളിൽ പരിശോധന നടത്തി റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. NFSA ഗോഡൗണുകളിൽനിന്നും റേഷൻ കടകളിൽനിന്നും സാധനങ്ങൾ വിതരണം ചെയ്യുന്നതിന് FIFO തത്വം പാലിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അരിയുടെയും ഗോതമ്പിന്റെയും യഥാർത്ഥ ആവശ്യം പ്രതിമാസം എത്ര ടൺ വീതമാണെന്നും എന്ത് വിലയ്ക്കാണ് അവ സമാഹരിക്കുന്നതെന്നും വിശദമാക്കാമോ?

എ.എ.വൈ/പ്രയോറിറ്റി വിഭാഗങ്ങൾക്കായി പ്രതിമാസം 69830.668 മെട്രിക് ടൺ അരിയും 15629.217 മെട്രിക് ടൺ ഗോതമ്പും ലഭ്യമാകുന്നുണ്ട്. എന്നാൽ സംസ്ഥാനത്തെ മൊത്തം റേഷൻ കാർഡുടമകളുടെ 57 ശതമാനത്തോളം വരുന്ന പൊതുവിഭാഗത്തിന് (മുൻഗണനേതര സബ്സിഡി/ മുൻഗണനേതര-സബ്സിഡിയിതരം) ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന 26835.124 മെട്രിക് ടൺ അരിയും 6459.074 മെട്രിക് ടൺ ഗോതമ്പും മാത്രമാണ് വിതരണത്തിനായുള്ളത്. പൊതുവിഭാഗത്തിലെ ഒരംഗത്തിന് 5 കിലോഗ്രാം ഭക്ഷ്യധാന്യമെന്ന് കണക്കാക്കിയാൽ ഏകദേശം 1 ലക്ഷം മെട്രിക് ടൺ ധാന്യമാണ് പ്രതിമാസം ടൈഡ് ഓവർ വിഹിതമായി ആവശ്യമുള്ളത്. മുൻഗണനേതര വിഭാഗത്തിന് കൂടുതൽ ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിനായി കിലോഗ്രാമിന് 20 രൂപ മുതൽ 22.50 രൂപ വരെയുള്ള നിരക്കുകളിൽ എഫ്.സി.ഐ.-യിൽനിന്ന് അരി ലഭ്യമാക്കി 15 രൂപ നിരക്കിലാണ് വിതരണം നടത്തിവരുന്നത്.

## വിദ്യാലയങ്ങൾക്ക് നൽകുന്ന ചാക്കരിയുടെ അളവ്

218(5564) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി ഉച്ചഭക്ഷണത്തിനായി വിദ്യാലയങ്ങൾക്ക് നൽകുന്ന ചാക്കരിയിൽ കുറവുണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) ഭക്ഷ്യധാന്യങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും ലഭിക്കാതിരിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ?

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ലഭ്യമാക്കുന്ന ഇൻഡന്റ് പ്രകാരം കൃത്യമായ അളവിലും തൂക്കത്തിലുമാണ് അരി വിതരണം ചെയ്തുവരുന്നത്. ഇതുസംബന്ധിച്ച് പരാതികളൊന്നും ഇതുവരെ ലഭ്യമായിട്ടില്ല.

## സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി

219(5565) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ എത്തിച്ചുനൽകുന്നതിനായി രൂപീകരിച്ച സഞ്ചരിക്കുന്ന റേഷൻ കട പദ്ധതിയുടെ പ്രവർത്തനങ്ങൾ സർക്കാർ നിരീക്ഷിക്കുന്നുണ്ടോ?

(ബി) ഇതിന് പ്രത്യേക നിരീക്ഷണ സംവിധാനം വകുപ്പുതലത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) വനാതിർത്തിക്കുള്ളിലും ഒറ്റപ്പെട്ട പ്രദേശങ്ങളിലും വസിക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് റേഷൻ സാധനങ്ങൾ എത്തിച്ചുനൽകുന്നതിന് സംസ്ഥാന സർക്കാർ ആരംഭിച്ച 'സഞ്ചരിക്കുന്ന റേഷൻ കട' പദ്ധതി എട്ട് ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. റേഷൻ സാധനങ്ങൾ വാങ്ങുന്നതിന് വന്യമൃഗശല്യം, വളരെ ദൂരം യാത്ര ചെയ്യേണ്ടി വരിക, കുന്നിൻ പ്രദേശം, ഒറ്റപ്പെട്ട കോളനികൾ എന്നീ ക്ലേശഘടകങ്ങൾ പരിഗണിച്ച് അതാത് ജില്ലാ സപ്ലൈ ഓഫീസർമാർ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ മുഖേന വാഹനസൗകര്യം ഏർപ്പെടുത്തി ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടർമാരുടെ മേൽനോട്ടത്തിൽ റേഷൻ വിതരണം നടത്തിവരുന്നു. പദ്ധതി നടത്തിപ്പിനാവശ്യമായ തുക സിവിൽ സപ്ലൈസ് ഡയറക്ടർ ത്രൈമാസ

അലോട്ടുമെന്റായി ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അനുവദിച്ചുനൽകുന്നു. സഞ്ചരിക്കുന്ന റേഷൻകട പദ്ധതി വകുപ്പിന്റെ പൂർണ്ണനിയന്ത്രണത്തിൽ കാര്യക്ഷമമായി നടന്നുവരുന്നു.

**പുതുതായി ആരംഭിച്ച മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും**

220(5566) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-21-ലെ സർക്കാർ പുതുതായി എത്ര മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും മാവേലി സൂപ്പർ സ്റ്റോറുകളും പീപ്പിൾസ് ബസാറുകളും അനുവദിച്ചിട്ടുണ്ടെന്ന വിവരം ജില്ലതിരിച്ച് ലഭ്യമാക്കാമോ?

2016-2021 കാലയളവിൽ അനുവദിച്ചിട്ടുള്ള മാവേലി സ്റ്റോറുകൾ/മാവേലി സൂപ്പർ സ്റ്റോറുകൾ/സൂപ്പർ മാർക്കറ്റുകൾ/പീപ്പിൾസ് ബസാറുകൾ എന്നിവയുടെ വിവരം അനുബന്ധം 1*-ലും നിലവാരം ഉയർത്തിയത് സംബന്ധിച്ച വിവരം അനുബന്ധം 2*-ലും ചേർക്കുന്നു.

**തൃക്കരിപ്പൂർ മണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ**

221(5567) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എവിടെയൊക്കെയാണ് സഞ്ചരിക്കുന്ന മാവേലി സ്റ്റോർ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സപ്ലൈകോയുടെ 20 ഡിപ്പോകളുടെ കീഴിലുള്ള 21 മൊബൈൽ മാവേലി സ്റ്റോറുകളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) തൃക്കരിപ്പൂർ മണ്ഡലത്തിലെ വലിയ പറമ്പ് ദ്വീപ് പഞ്ചായത്തിലും മറ്റ് തീരദേശ ഗ്രാമങ്ങൾക്കും ഗുണപ്രദമാകുന്ന തരത്തിൽ ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോർ അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ കാഞ്ഞങ്ങാട് ഡിപ്പോയ്ക്ക് സഞ്ചരിക്കുന്ന മാവേലി സ്റ്റോറിനാവശ്യമായ വാഹനം ലഭ്യമല്ല. വാഹനം ലഭ്യമാക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചുവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സഞ്ചരിക്കുന്ന മാവേലി സ്റ്റോർ തൃക്കരിപ്പൂർ മണ്ഡലത്തിൽ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### മങ്കട മണ്ഡലത്തിലെ മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും

222(5568) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; പഞ്ചായത്തുതിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; മണ്ഡലത്തിൽ എത്ര സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

7 മാവേലി സ്റ്റോറുകളും 2 സൂപ്പർ മാർക്കറ്റുകളും ഉൾപ്പെടെ 9 വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തുതിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) ഈ മണ്ഡലത്തിൽ ഏതെങ്കിലും സ്ഥലത്ത് പുതുതായി മാവേലി സ്റ്റോറുകളോ സപ്ലൈകോ ഔട്ട്‌ലെറ്റുകളോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഈ വിഷയം സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും നിലവിലില്ല.

(സി) മണ്ഡലത്തിലെ ഏതെങ്കിലും മാവേലിസ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; കൂടുതൽ സൂപ്പർമാർക്കറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

ഇല്ല. അനുയോജ്യമായ കെട്ടിട സൗകര്യം വാടകയിളവിൽ ലഭ്യമാകുന്ന സാഹചര്യത്തിൽ വിപണന സാധ്യതകൂടി മുൻനിർത്തി നിലവിലെ മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നത് പരിഗണിക്കുന്നതാണ്.

### നെല്ല് സംഭരണം കാര്യക്ഷമമാക്കുവാൻ നടപടി

223(5569) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

നടപ്പുവർഷത്തെ നെല്ല് സംഭരണം ഊർജ്ജിതമാക്കുന്നതിന് നെല്ല് സംഭരണത്തിൽ വലിയ പ്രാതിനിധ്യമുള്ള പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലെ ജനപ്രതിനിധികൾ, കർഷക പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ യോഗങ്ങൾ വിളിച്ചുചേർത്ത് നെല്ല് സംഭരണം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2021-22 സീസണിൽ ഇതുവരെ 54 മില്ലുകൾ സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ കർഷക രജിസ്ട്രേഷനായി ഓൺലൈൻ സംവിധാനവും ഒരുക്കിയിട്ടുണ്ട്. പാടശേഖരത്തിലെ കൊയ്ത്ത് ആരംഭിച്ചാലുടൻതന്നെ നെല്ല് സംഭരിക്കുന്നതിനുള്ള മിൽ അനുവദിക്കുകയും സംഭരണത്തിന് തയ്യാറായ നെല്ല് പരിശോധിച്ച് തൊട്ടടുത്ത ദിവസങ്ങളിൽത്തന്നെ സംഭരണം ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംഭരണം കാര്യക്ഷമമാക്കാനാവശ്യമായ പാഡി മാർക്കറ്റിംഗ് ഓഫീസർമാരെയും പ്രോക്യൂർമെന്റ് അസിസ്റ്റന്റുമാരെയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം സംഭരണ വില കർഷകർക്ക് താമസംവിനാ ലഭ്യമാക്കുന്നതിനായി പി.ആർ.എസ്. വായ്പാ പദ്ധതി ബാങ്കുകളുമായി ചേർന്ന് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കൃത്യസമയത്ത് നെല്ല് സംഭരണം നടത്താത്തതിനാൽ കർഷകർ നിരവധി പ്രയാസങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. മുൻസീസണുകളിൽ മില്ലുകാരുമായി കരാറിൽ ഏർപ്പെടുന്നതിലെ തർക്കംമൂലം സംഭരണം വൈകുകയും കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെടുകയും ചെയ്തിരുന്നു. ഈ സാഹചര്യം കണക്കിലെടുത്ത് നിലവിൽ സംഭരണം നടക്കുന്ന 2021-22 സീസണിൽ മില്ലുകാരുമായി സമയബന്ധിതമായിത്തന്നെ കരാറിൽ ഏർപ്പെടുകയും കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകാതെ കൃത്യസമയത്തുതന്നെ നെല്ല് സംഭരണം നടത്തുകയും ചെയ്യുന്നുണ്ട്.

(സി) സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണം നടത്തുന്നതിന് ജില്ലാതലത്തിൽ സംവിധാനമൊരുക്കുവാൻ നടപടി സ്വീകരിക്കുമോ?

സപ്ലൈകോയുടെ നിയന്ത്രണത്തിൽ നെല്ല് സംഭരണം കാര്യക്ഷമമായി നടന്നുവരുന്നതിനാൽ സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**നെല്ല് സംഭരണ പദ്ധതി**

224(5570) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യായവിലയ്ക്ക് നെൽക്കൃഷിക്കാരിൽനിന്നും നെല്ല് ശേഖരിക്കുന്ന നെല്ല് സംഭരണ പദ്ധതി നടപ്പാക്കിയതിലൂടെ നെൽക്കൃഷിക്കാർക്ക് എന്തെല്ലാം നേട്ടങ്ങൾ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; നെല്ല് സംഭരണ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് സപ്ലൈകോ മുഖേന സർക്കാർ നിശ്ചയിച്ചിട്ടുള്ള വിലയ്ക്ക് നെല്ല് സംഭരിക്കുന്നതിലൂടെ കർഷകർക്ക് കൃഷി ലാഭകരമാകുകയും അവർക്ക് കൃത്യമായ വരുമാനം ലഭിക്കുകയും ചെയ്യുന്നു. നിലവിൽ സംഭരണം അവസാനിച്ച 2020-21 സീസണിൽ കിലോഗ്രാമിന് 27.48 രൂപ നിരക്കിലാണ് നെല്ല് സംഭരിച്ചിരുന്നത്. 2021-22 സീസണിൽ നെല്ലിന്റെ സംഭരണവില കിലോഗ്രാമിന് 28.00 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഇത് രാജ്യത്തെതന്നെ ഉയർന്ന വിലയാണ്. സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് ബാങ്കുകൾ വഴി താമസംവിനാ ലഭിക്കുന്നതിനായി പി.ആർ.എസ്. വായ്പാ പദ്ധതി പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. നെല്ല് സംഭരണ പദ്ധതി സംസ്ഥാനത്ത് കാര്യക്ഷമമായിത്തന്നെ പുരോഗമിക്കുന്നു. സപ്ലൈകോ മുഖേന നെല്ല് സംഭരിച്ച് അരിയാക്കി പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നു. മെച്ചപ്പെട്ട സംഭരണ പ്രവർത്തനങ്ങൾമൂലം സംസ്ഥാനത്തെ നെല്ല് സംഭരണത്തിന്റെ അളവ് വർഷാവർഷം വർദ്ധിച്ചുവരുന്നുണ്ട്.

(ബി) നെല്ലിന്റെ ഉല്പാദന വർദ്ധനവിനനുസരിച്ച് സംഭരണം നടക്കാതിരിക്കുന്നത് പ്രയാസങ്ങൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

നെല്ലിന്റെ ഉൽപ്പാദന വർദ്ധനവിനനുസൃതമായി നെല്ല് ഏറ്റെടുക്കാതിരിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

**പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം**

225(5571) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ നടത്തിയ പ്രവർത്തനം എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലയിലെ ജനപ്രതിനിധികൾ, കർഷക പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ യോഗങ്ങൾ വിളിച്ചുചേർത്ത് നെല്ല് സംഭരണം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 2021-22 സീസണിൽ ഇതുവരെ 54 മില്ലുകൾ സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. കൂടാതെ കർഷക രജിസ്ട്രേഷനായി ഓൺലൈൻ സംവിധാനവും ഒരുക്കിയിട്ടുണ്ട്. പാടശേഖരത്തിലെ കൊയ്ത്ത് ആരംഭിച്ചാലുടൻതന്നെ നെല്ല് സംഭരിക്കുന്നതിനുള്ള മിൽ അനുവദിക്കുകയും സംഭരണത്തിന് തയ്യാറായ നെല്ല് പരിശോധിച്ച് തൊട്ടടുത്ത ദിവസംതന്നെ സംഭരണമാരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംഭരണം കാര്യക്ഷമമാക്കാനാവശ്യമായ പാഡി മാർക്കറ്റിംഗ് ഓഫീസർമാരെയും പ്രോക്യൂർമെന്റ് അസിസ്റ്റന്റുമാരെയും നിയമിച്ചിട്ടുണ്ട്. ഇതോടൊപ്പം സംഭരണ വില കർഷകർക്ക് താമസംവിനാ ലഭ്യമാക്കുന്നതിനായി പി.ആർ.എസ് വായ്പാ പദ്ധതി

ബാങ്കുകളുമായി ചേർന്ന് നടപ്പിലാക്കിയിട്ടുണ്ട്. നെല്ലിന്റെ ഈർപ്പം സംബന്ധിച്ച് പരാതികൾ പരിഹരിക്കുന്നതിനായി ബ്ലോക്കുതലത്തിൽ മോയിസ്ചർ മെഷീനുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കാലവർഷം കണക്കിലെടുത്ത് കർഷകരിൽനിന്നും ഈർപ്പം നോക്കാതെ നെല്ല് സംഭരിക്കുന്നതിനും പരാതിക്കിടനൽകാതെ നെല്ല് സംഭരണം സുഗമമായി നടത്തുന്നതിനും മിൽ ഉടമകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിൽനിന്നും സംഭരിക്കുന്ന നെല്ലിന്റെ അളവ് എത്രയാണെന്നും എത്രപേരിൽനിന്നാണ് സംഭരിക്കുന്നതെന്നും അറിയിക്കാമോ?

2021-22 സീസണിൽ നിലവിലെ കർഷക രജിസ്ട്രേഷൻ പ്രകാരം പാലക്കാട് ജില്ലയിലെ 49848 കർഷകരിൽനിന്നായി ഏകദേശം 170000 മെട്രിക് ടൺ നെല്ലാണ് സംഭരിക്കുന്നത്.

(സി) ഷൊർണ്ണൂർ മണ്ഡലത്തിൽ എത്ര കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

213 കർഷകരുടെ നെല്ല് സംഭരിക്കുന്നുണ്ട്.

(ഡി) പ്രസ്തുത ജില്ലയിൽ കഴിഞ്ഞ പത്ത് വർഷമായി നെല്ല് സംഭരണത്തിൽ വർദ്ധനവുണ്ടോ; ഓരോ വർഷവും സംഭരിച്ച നെല്ല് എത്രയാണെന്ന് വിശദമാക്കാമോ?

കഴിഞ്ഞ 10 വർഷമായി നെല്ല് സംഭരണത്തിൽ വർദ്ധനവുണ്ട്. ഓരോ വർഷവും സംഭരിച്ച നെല്ലിന്റെ അളവ് അനുബന്ധമായി* ചേർക്കുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തകർന്ന റോഡുകൾ നന്നാക്കാൻ നടപടി

226(5572) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ കാലവർഷംമൂലം തകരുന്നതിനാലും വിവിധ പദ്ധതികൾക്കായി റോഡ് വെട്ടിപ്പൊളിക്കുന്നതിനാലും ഗ്രാമീണ റോഡുകളിലൂടെയുള്ള യാത്ര ദുരിതപൂർണ്ണമാകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) ഇത്തരം റോഡുകൾ പുനർനിർമ്മിക്കാൻ തദ്ദേശസ്ഥാപനങ്ങൾക്ക് പ്രത്യേകമായ ഒരു ഫണ്ട് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ തുക വകയിരുത്താറുണ്ട്. ആയതിനാൽ ഈ ആവശ്യത്തിനായി പ്രത്യേക ഫണ്ട് അനുവദിക്കേണ്ട സാഹചര്യമില്ല.

**ഭൂമി അക്വയർ ചെയ്യുന്നതിന് സർക്കാർ ഫണ്ട്**

227(5573) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആശുപത്രികൾ, സ്കൂളുകൾ, കൃഷിഭവനുകൾ തുടങ്ങി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വികസനത്തിനായി ഭൂമി അക്വയർ ചെയ്യുന്നതിന് സർക്കാർ ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വികസനഫണ്ട്, തനത് ഫണ്ട് എന്നിവ ഉപയോഗിച്ചും സംസ്ഥാന ബഡ്ജറ്റിലെ വിഹിതം ഉപയോഗിച്ചും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വികസനത്തിനായി ഭൂമി അക്വയർ ചെയ്യുന്നതിന് തുക വകയിരുത്താറുണ്ട്. ഫണ്ട് അപര്യാപ്തതയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്നപക്ഷം ആയത് പരിശോധിച്ച് ഫണ്ട് അനുവദിക്കുന്ന കാര്യം തീരുമാനിക്കുന്നതാണ്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്റ്റേഡിയം, മാർക്കറ്റുകൾ, അറവുശാലകൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ തുടങ്ങിയവയുടെ വികസനത്തിന് ഭൂമി അക്വയർ ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ സർക്കാർ ഫണ്ട് അനുവദിക്കുമോ; ആയതിന് സ്വീകരിക്കേണ്ട നടപടികൾ വിശദീകരിക്കാമോ?

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഭൂമി അക്വയർ ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ ലഭിക്കുന്നപക്ഷം ആയത് ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് ഫണ്ട് അനുവദിക്കുന്ന കാര്യം സർക്കാർ തീരുമാനിക്കുന്നതാണ്.

**ലൈഫ് മിഷൻ പട്ടികയിലുൾപ്പെട്ട ഭൂരഹിതർക്ക് വീട് നിർമ്മിക്കാൻ നടപടി**

228(5574) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പട്ടികയിലുൾപ്പെട്ട ഭൂരഹിതർക്ക് വീടുകൾ നിർമ്മിച്ചുനൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ലൈഫ് മിഷൻ പട്ടികയിലുൾപ്പെട്ട ഭൂരഹിതർക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നതിന് 28-5-2020-ലെ സ.ഉ (കൈ) നം. 85/2020/ത.സ്വ.ഭ.വ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം ഗുണഭോക്താക്കൾ ഭൂമി സ്വന്തമായി വാങ്ങുക, ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് തദ്ദേശസ്ഥാപനങ്ങൾ ധനസഹായം നൽകുക, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വന്തമായുള്ള ഭൂമിയിൽനിന്ന് 3 സെന്റ് വീതം ഗുണഭോക്താക്കൾക്ക് നൽകുക എന്നിവ അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ഭൂമി ലഭ്യമാകുന്നവർക്ക് ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ സബ്സിഡിയായി അനുവദിക്കുന്നതുമാണ്. ഇതുകൂടാതെ സർക്കാർ ഭൂമിയോ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭൂമിയോ ലഭ്യമായിടത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതുമാണ്. ഇപ്രകാരമുള്ള 36 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പട്ടികയിലുൾപ്പെടാത്ത അർഹരായ ഭൂരഹിതരെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

നിലവിലുള്ള പട്ടികയിൽ ഉൾപ്പെടാതെപോയവരെ ഉൾപ്പെടുത്തുന്നതിനായി 2020 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും പിന്നീട് 2021 ഫെബ്രുവരി മാസത്തിലും അപേക്ഷ സ്വീകരിക്കുകയുണ്ടായി. ഇപ്രകാരം ഭൂരഹിത-ഭവനരഹിതരായ 278608 പേരുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളുടെ സൂക്ഷ്മപരിശോധന 2021 നവംബർ 1-ന് ആരംഭിക്കുന്നതാണ്.

## ആലത്തൂർ മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി

229(5575) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് ഭവന പദ്ധതി പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിലെ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് നാളിതുവരെ എത്ര വീടുകളാണ് അനുവദിച്ചതെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

അനുബന്ധമായി* ചേർക്കുന്നു.

## സാങ്കേതിക വിഭാഗം ജീവനക്കാരുടെ നിയമനം

230(5576) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയ സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്.

(ബി) സാങ്കേതിക വിഭാഗം ജീവനക്കാരുടെ അഭാവംമൂലം നിരവധി പദ്ധതികൾ മുടങ്ങിയ അവസ്ഥയിലായതിനാൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം, കുറ്റിപ്പുറം, പൊൻമള, എടയൂർ എന്നീ പഞ്ചായത്തുകളിലെയും കോട്ടയ്ക്കൽ നഗരസഭയിലെയും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിലെയും ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(ബി&സി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### കുടിപ്പള്ളിക്കൂടം ആശാന്മാരുടെയും/ആശാട്ടിമാരുടേയും ഗ്രാന്റ് വർദ്ധന

231(5577) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കുടിപ്പള്ളിക്കൂടം ആശാന്മാരുടെയും ആശാട്ടിമാരുടെയും ഗ്രാന്റ് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

നിലത്തെഴുത്താശാന്മാർക്കും ആശാട്ടിമാർക്കും പ്രതിമാസ ഗ്രാന്റ് 1000 രൂപയായി വർദ്ധിപ്പിച്ചത് 2017 നവംബറിലാണ്. അത് ഇനിയും വർദ്ധിപ്പിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

### ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നിരീക്ഷണകാലം

232(5578) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നിരീക്ഷണകാലം പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് 16-2-2011-ലെ ജി.ഒ.(പി) നം. 44/2011/തസ്വഭവ. നമ്പർ സ്പെഷ്യൽ റൂളിൽ വ്യക്തത വരുത്തുന്നതിനായി 16-6-2017-ൽ ഇറക്കിയ ജി.ഒ.(എം.എസ്.) നം. 112/2017/തസ്വഭവ. നമ്പർ ഉത്തരവിൽ പിഴവ് സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2013-ൽ അക്കൗണ്ട് ടെസ്റ്റ് ഹയറും എം.ഒ.പി.-യും പാസ്സായ വ്യക്തി 2019-ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമിതനായാൽ ടിയാന് നിരീക്ഷണകാലം പൂർത്തിയാക്കുന്നതിന് അക്കൗണ്ട് ടെസ്റ്റ് എക്സിക്യൂട്ടീവ് വിജയിക്കേണ്ടതുണ്ടോ?

16-2-2011-നുശേഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിയമിക്കപ്പെടുന്നവർക്ക് ടി തീയതിക്കുമുമ്പായി അക്കൗണ്ട് ടെസ്റ്റ് (ലോവർ/ഹയർ) പാസ്സായിട്ടുള്ളപക്ഷം അവരുടെ നിരീക്ഷണകാലം പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിന് അക്കൗണ്ട് ടെസ്റ്റ് ഫോർ എക്സിക്യൂട്ടീവ് ഓഫീസർ ടെസ്റ്റ് വിജയിക്കേണ്ടതില്ല.

(സി) സ്പെഷ്യൽ റൂളിൽ വ്യക്തത വരുത്തി 2017-ൽ ഉത്തരവ് ഇറക്കുന്നതിന് നിയമ വകുപ്പിന്റെയോ ഉദ്യോഗസ്ഥ ഭരണപരിഷ്കരണ വകുപ്പിന്റെയോ ഉപദേശം തേടിയിരുന്നോ?

സ്പെഷ്യൽ റൂളിൽ വ്യക്തത വരുത്തി 16-6-2017-ൽ ഉത്തരവ് ഇറക്കുന്നതിന് ഇആർബി1/96/2015/തസ്വഭവ നമ്പർ ഫയലിൽ നിയമവകുപ്പിന്റെയും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെയും ഉപദേശം തേടിയിട്ടുള്ളതാണ്.

(ഡി) 2018-നുശേഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ പ്രവേശിച്ചവരുടെ നിരീക്ഷണകാലം പൂർത്തിയാക്കുന്നതിനുള്ള അപേക്ഷ, അക്കൗണ്ട് ടെസ്റ്റ് ഹയർ, എം.ഒ.പി. യോഗ്യതകൾ സ്പെഷ്യൽ റൂൾ ഇറങ്ങിയതിനുമുമ്പ് ആർജ്ജിച്ചതല്ലെന്ന കാരണത്താൽ നിരസിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

2018-നുശേഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ പ്രവേശിച്ചവരുടെ നിരീക്ഷണകാലം പൂർത്തിയാക്കുന്നതിനുള്ള അപേക്ഷ, അക്കൗണ്ട് ടെസ്റ്റ് ഹയർ, എം.ഒ.പി. യോഗ്യതകൾ സ്പെഷ്യൽ റൂൾ ഇറങ്ങിയതിനുമുമ്പ് ആർജ്ജിച്ചതല്ലെന്ന കാരണത്താൽ സർക്കാരിൽനിന്നും നിരസിച്ചിട്ടില്ല.

## വ്യവസായ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിലെ വാഹന പാർക്കിംഗ് ഫീസ്

233(5579) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ്, 2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് എന്നിവയിലെ വ്യവസ്ഥ പ്രകാരം വാണിജ്യാവശ്യങ്ങൾക്കുവേണ്ടി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് വാഹന പാർക്കിംഗ് സംവിധാനം നിർബന്ധമാക്കിയിട്ടുണ്ടോ; ഇപ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങളിലെ

പാർക്കിംഗ് ഏരിയകളിൽ വാഹനങ്ങളിൽനിന്നും പാർക്കിംഗ് ഫീസ് ഈടാക്കുവാൻ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

(I) 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിൽ, റൂൾസ് 34-ലെ പട്ടിക 5.2-ൽ ക്രമ നമ്പർ 6-ലെ ഗണം-F-ൽ വരുന്ന വാണിജ്യ/കച്ചവട സ്ഥാപനങ്ങൾ നിർമ്മിക്കുമ്പോൾ, ആകെ കാർപ്പെറ്റ് വിസ്തീർണ്ണം 1000 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടത്തിന് 75 ചതുരശ്ര മീറ്റർ കാർപ്പെറ്റ് വിസ്തീർണ്ണവും 1000 ചതുരശ്ര മീറ്ററിൽ കവിഞ്ഞുള്ളവയ്ക്ക് 50 ചതുരശ്ര മീറ്റർ കാർപ്പെറ്റ് വിസ്തീർണ്ണത്തിലും പാർക്കിംഗിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(II) 2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസിൽ, റൂൾ 81-ൽ വിട്ടുകൊടുത്ത ഭൂവിസ്തീർണ്ണത്തിന്റെ ശതമാനത്തിനാനുപാതികമായി ആവശ്യമായ പാർക്കിംഗ് സ്ഥലത്തിൽ കുറവ് അനുവദിക്കേണ്ടതും അങ്ങനെ കുറച്ചതിനുശേഷം പ്രസ്തുത ചട്ടങ്ങൾ പ്രകാരം ആവശ്യമായ പാർക്കിംഗ് സ്ഥലത്തിന്റെ 75% ഉണ്ടായിരിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2019-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസിൽ, റൂൾ 29-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം വാണിജ്യാവശ്യങ്ങൾക്കുവേണ്ടി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് വാഹന പാർക്കിംഗ് സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്. ഇപ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് മേൽച്ചട്ടങ്ങളിലൊന്നുംതന്നെ പാർക്കിംഗ് ഏരിയകളിൽ വാഹനങ്ങളിൽനിന്നും പാർക്കിംഗ് ഫീസ് ഈടാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടില്ല.

(ബി) ഇപ്രകാരം വാഹന പാർക്കിംഗ് ഫീസ് ഈടാക്കുന്ന വൻകിട വ്യാപാരസ്ഥാപനങ്ങളും മാളുകളും സംബന്ധിച്ച് സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണ്; വിശദാംശം നൽകുമോ?

സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കെ.എം.ബി.ആർ., കെ.പി.ബി.ആർ. ചട്ടങ്ങളിൽ വാഹന പാർക്കിംഗ് ഫീസ് പിരിക്കുവാൻ പാടില്ലെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

**ഗ്രാമപഞ്ചായത്തുകളിൽ സോഫ്റ്റ്‌വെയറുകൾ ഏകോപിപ്പിക്കുന്നതിന് നടപടി**

234(5580) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സങ്കേതം, ഐ.എൽ.ജി.എം.എസ്. എന്നീ രണ്ട് സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നതിനാൽ പൊതുജനങ്ങൾക്ക് സേവനം നൽകുന്നതിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ്തുത സോഫ്റ്റ്‌വെയറുകൾ ഏകോപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സങ്കേതം സോഫ്റ്റ്‌വെയർ ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ നിലവിൽ ഇന്റഗ്രേറ്റ് ചെയ്യാത്തതിനാൽ കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷ സങ്കേതം സോഫ്റ്റ്‌വെയറിൽ സമർപ്പിക്കേണ്ടതും ഫയൽ നടപടികൾ ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ ചെയ്യേണ്ടതുണ്ട്. പ്രസ്തുത സോഫ്റ്റ്‌വെയറുകൾ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## പ്ലാസ്റ്റിക് നിരോധന നിയമം ലംഘിക്കുന്നവർക്കെതിരെ നടപടി

235(5581) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്- 19-ന്റെ വരവോടെ നിരോധിത പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് കർശനനടപടി സ്വീകരിക്കുമോ?

ഉണ്ട്. പരിസ്ഥിതി വകുപ്പിന്റെ 27-11-2019-ലെ സ.ഉ.(കൈ)നം.6/2019 പ്രകാരം ഒറ്റത്തവണ മാത്രം ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ 1-1-2020 മുതൽ നിരോധിച്ചിരുന്നു. ഈ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ ലംഘിക്കപ്പെടുന്ന സാഹചര്യത്തിൽ കർശനമായ നടപടി സ്വീകരിക്കേണ്ടതിനായി ജില്ലാ കളക്ടർമാർ, സബ് ഡിവിഷണൽ മജിസ്ട്രേറ്റുമാർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ, എല്ലാ തദ്ദേശസ്ഥാപനങ്ങളിലെയും സെക്രട്ടറിമാർ, 1986-ലെ Environmental Protection Act സെക്ഷൻ 19 പ്രകാരം കേന്ദ്രസർക്കാർ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ/ സ്ഥാപനങ്ങൾ എന്നിവരെ ചുമതലപ്പെടുത്തി നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്ലാസ്റ്റിക് നിരോധന നിയമം ലംഘിക്കുന്നവർക്കെതിരെ ഏതൊക്കെ തരം പിഴയാണ് ചുമത്തുന്നതെന്ന് വ്യക്തമാക്കാമോ?

പരിസ്ഥിതി വകുപ്പിന്റെ 27-11-2019-ലെ സ.ഉ.കൈ നം.6/2019/പരി. പ്രകാരം നിയമലംഘനം നടത്തുന്ന നിർമ്മാതാക്കൾ, മൊത്ത വിതരണക്കാർ, ചെറുകിട വിൽപ്പനക്കാർ, കടക്കാർ, വിൽക്കുന്നവർ എന്നിവർക്കെതിരെ 10,000 രൂപ പിഴ സബ്ഡിവിഷണൽ മജിസ്ട്രേറ്റുമാർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ എന്നിവർ അതതുനിയമപ്രകാരം ചുമത്തേണ്ടതാണ്. രണ്ടാമത്തുള്ള

നിർദ്ദേശ ലംഘനത്തിന് 25,000 രൂപയും അതിനുശേഷം തുടർന്നുള്ള നിർദ്ദേശ ലംഘനത്തിന് 50,000 രൂപയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ചുമത്താവുന്നതാണ്.

## ജനന സർട്ടിഫിക്കറ്റിലെ തെറ്റുകൾ തിരുത്തുന്നതിനായി ഓൺലൈൻ അപേക്ഷ

236(5582) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനന സർട്ടിഫിക്കറ്റിൽ കുട്ടിയുടെയോ രക്ഷിതാക്കളുടെയോ പേരിലും ഇനിഷ്യലിലുമുള്ള കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതിനും തെറ്റുകൾ തിരുത്തുന്നതിനുമുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

1969-ലെ ജനനമരണ രജിസ്ട്രേഷൻ ആക്ടിലെ സെക്ഷൻ 14 പ്രകാരം പേര് ചേർക്കുന്നതിനും സെക്ഷൻ 15 പ്രകാരം തെറ്റായ ഉൾക്കുറിപ്പുകൾ തിരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നതിനും സാധ്യമാണ്. ജനനമരണ രജിസ്ട്രേഷൻ ആക്ട് പ്രാബല്യത്തിൽ വന്ന 1-4-1970-നുശേഷം രജിസ്ട്രേഷനിൽ വന്നിട്ടുള്ള തെറ്റുകൾ 1969-ലെ ജനനമരണ രജിസ്ട്രേഷൻ ആക്റ്റിലെ സെക്ഷൻ 15-ാം വകുപ്പിലെയും 1999-ലെ കേരള ജനനമരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 11-ാം ചട്ടത്തിലെയും വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തിരുത്തുന്നതിന് രജിസ്ട്രാർമാർതന്നെ തീരുമാനമെടുക്കേണ്ടതാണ്. 1-4-1970-നുമുമ്പുള്ള രജിസ്ട്രേഷനുകളിലെ എല്ലാ തിരുത്തലുകൾക്കും ചീഫ് രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണ്. രജിസ്ട്രേഷനുകളിലെ വസ്തുതാപരമായ തെറ്റുകൾ തിരുത്തുന്നതിന് അപേക്ഷിക്കുന്ന കക്ഷി, തിരുത്തേണ്ട വസ്തുത സംബന്ധിച്ച സത്യവാങ്മൂലം, അത് തെളിയിക്കുന്നതിനുള്ള രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്. ജനനമരണ രജിസ്ട്രേഷനിലെ തിരുത്തലുകൾ സംബന്ധിച്ച് ചീഫ്രജിസ്ട്രാറുടെ 10-5-2017 -ലെ ബി 1-15343/2017 നമ്പർ സർക്കുലറിലെ 9.1 മുതൽ 9.20 വരെയുള്ള ഖണ്ഡികയിൽ വിശദമായി പരാമർശിക്കുന്നുണ്ട്.

(ബി) ജനന സർട്ടിഫിക്കറ്റിലെ തെറ്റുകൾ തിരുത്തുന്നതിന് കുഞ്ഞ് ജനിച്ച സ്ഥലത്തെ തദ്ദേശഭരണ സ്ഥാപനത്തിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കേണ്ടിവരുന്നതിനാൽ രക്ഷിതാക്കൾ നേരിടേണ്ടിവരുന്ന പ്രയാസം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ജനന സർട്ടിഫിക്കറ്റിലെ തെറ്റുകൾ തിരുത്തുന്നതിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കാൻ സാധിക്കുമോ; ഇല്ലെങ്കിൽ ആയതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ILGMS (Integrated Local Government Management System) നടപ്പിലാക്കിയിട്ടുള്ള 309 പഞ്ചായത്തുകളിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാനുള്ള സൗകര്യം ലഭ്യമാണ്. മറ്റു പഞ്ചായത്തുകളിലേയ്ക്ക് പ്രസ്തുത സൗകര്യം വ്യാപിപ്പിക്കാനുള്ള നടപടികൾ ഇൻഫർമേഷൻ കേരള മിഷൻ സ്വീകരിച്ചുവരുന്നു.

**അൻപത് മൈക്രോണിന് താഴെയുള്ള അധിക കവറുകളുടെ ഉപയോഗം**

237(5583) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൻപത് മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് കവറുകൾ നിർമ്മിക്കാനോ വില്പന നടത്താനോ പാടില്ലെന്ന നിയമം നിലനിൽക്കെ അവയുടെ ഉപയോഗം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അൻപത് മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് കവറുകൾ ഉൾപ്പെടെയുള്ള ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക് വസ്തുക്കൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് കോവിഡ് മഹാമാരിയെ തുടർന്നുണ്ടായ സാഹചര്യത്തിൽ അവയുടെ ഉപയോഗം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇവ ഗുരുതരമായ മാലിന്യപ്രശ്നങ്ങളും ആരോഗ്യപ്രശ്നങ്ങളും ഉണ്ടാക്കുന്നതായ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉണ്ട്. പരിസ്ഥിതി വകുപ്പിൽനിന്ന് പുറപ്പെടുവിച്ചിട്ടുള്ള 27-11-2019-ലെ സ.ഉ.(കൈ)നം.6/2019/പരി. ഉത്തരവുപ്രകാരം സംസ്ഥാനത്ത് ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് ക്യാരിബാഗുകൾ (കനം നോക്കാതെ) 1-1-2020 മുതൽ നിരോധിച്ചിട്ടുണ്ട്. നിരോധനം നടപ്പിലാക്കുന്നത് സംബന്ധിച്ച് കർശന നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർ, സബ് ഡിവിഷണൽ മജിസ്ട്രേറ്റുമാർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ, എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെയും സെക്രട്ടറിമാർ, 1986-ലെ Environmental Protection Act സെക്ഷൻ 19 പ്രകാരം കേന്ദ്രസർക്കാർ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ/സ്ഥാപനങ്ങൾ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നിരോധനം

238(5584) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനവരി 1 മുതൽ പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിച്ചെങ്കിലും അവയുടെ ഉപയോഗം തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉൾപ്പെടെയുള്ള ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക് വസ്തുക്കളുടെ നിരോധനം ഫലപ്രദമായി നടപ്പിലാക്കിയെങ്കിലും സംസ്ഥാനത്ത് കോവിഡ് മഹാമാരിയെത്തുടർന്നുണ്ടായ സാഹചര്യത്തിൽ അവയുടെ ഉപയോഗം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനായി കർശന പരിശോധനകൾ നടത്താറുണ്ടോ; ഉണ്ടെങ്കിൽ പരിശോധനയിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിച്ചുകൊണ്ടുള്ള 27-11-2019-ലെ സർക്കാർ ഉത്തരവ് സ.ഉ (കൈ)നം 6/2019 പ്രകാരം നിർദ്ദേശങ്ങളുടെ പാലനം, നിരീക്ഷണം, നിർദ്ദേശങ്ങൾ ലംഘിക്കപ്പെടുന്ന സാഹചര്യത്തിൽ കർശനമായ നടപടി സ്വീകരിക്കുക എന്നിവയ്ക്കായി ജില്ലാ കളക്ടർമാർ, സബ് ഡിവിഷണൽ മജിസ്ട്രേറ്റുമാർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ, എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെയും സെക്രട്ടറിമാർ, 1986-ലെ Environmental Protection Act സെക്ഷൻ 19 പ്രകാരം കേന്ദ്രസർക്കാർ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ/സ്ഥാപനങ്ങൾ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പരിശോധനയിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ബന്ധപ്പെട്ട വകുപ്പുമേധാവികൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

(സി) പ്ലാസ്റ്റിക് നിരോധനം കർശനമായി നടപ്പിലാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

പ്ലാസ്റ്റിക് നിരോധനം കർശനമായി നടപ്പിലാക്കുന്നതിന് മേൽ സൂചിപ്പിച്ച ഉദ്യോഗസ്ഥർ, തദ്ദേശ സ്ഥാപന സെക്രട്ടറിമാർ എന്നിവർ റെയ്ഡ് നടത്തുന്നതിനും നിരോധിത പ്ലാസ്റ്റിക് വസ്തുക്കൾ പിടിച്ചെടുക്കുന്നതിനും നിയമം ലംഘിക്കുന്നവർക്കെതിരെ പിഴ ഈടാക്കുന്നതിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജില്ലാതല യോഗങ്ങളിലും സംസ്ഥാനതല യോഗങ്ങളിലും

ഇതുസംബന്ധിച്ച അവലോകനം നടത്തുന്നുണ്ട്. പുനരുപയോഗിക്കാവുന്ന വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനുമായി ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നുമുണ്ട്.

**കെ.എ.എൽ. നിർമ്മിക്കുന്ന ഇലക്ട്രിക് ഓട്ടോകൾ**

239(5585) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എ.എൽ. നിർമ്മിക്കുന്ന ഇലക്ട്രിക് ഓട്ടോകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രകാരം സബ്സിഡി നൽകി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് നിലവിൽ ബാധകമായ സബ്സിഡി മാർഗ്ഗരേഖ പ്രകാരം, സ്വയംതൊഴിൽ പ്രോജക്ടുകളുടെ ഭാഗമായി ഓട്ടോറിക്ഷ വാങ്ങുന്നതിന് പൊതുനിബന്ധനകൾക്ക് വിധേയമായി പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് 50,000 രൂപയും പട്ടികജാതി ഗുണഭോക്താക്കൾക്ക് 60,000 രൂപയും പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 70,000 രൂപയും എല്ലാ വിഭാഗത്തിലെയും വനിതകൾക്ക് 70,000 രൂപയും സബ്സിഡി അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പൊതുനിബന്ധനകൾ പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് മേൽപ്പറഞ്ഞ പ്രകാരമുള്ള സബ്സിഡി, ഇലക്ട്രിക് ഓട്ടോറിക്ഷകൾക്കുൾപ്പെടെ അനുവദിക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ വർഷത്തെ വികസന പദ്ധതികൾ രൂപീകരിച്ച് നിർവ്വഹണം തുടങ്ങിക്കഴിഞ്ഞു. ഇലക്ട്രിക് ഓട്ടോയ്ക്ക് മാത്രമായി പ്രത്യേക സബ്സിഡി മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് സംബന്ധിച്ച വിഷയം അടുത്ത വർഷത്തെ പദ്ധതി രൂപീകരണ മാർഗ്ഗരേഖ തയ്യാറാക്കുന്ന സമയത്ത് പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

**ഗ്രാമീണ റോഡുകളുടെ പ്രവൃത്തിക്കാവശ്യമായ മെറ്റീരിയൽസ് സ്റ്റോക്ക് ചെയ്യൽ**

240(5586) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ ആവശ്യമായ മെറ്റീരിയൽസ് സ്റ്റോക്ക് ചെയ്ത് റിപ്പോർട്ട് സമർപ്പിക്കേണ്ടതിന്റെ നടപടിക്രമങ്ങൾ അറിയിക്കാമോ?

ഗ്രാമീണ റോഡുകളുടെ പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ ആവശ്യമായ മെറ്റീരിയൽസ് സ്റ്റോക്ക് ചെയ്ത് റിപ്പോർട്ട് സമർപ്പിക്കേണ്ടതിന്റെ നടപടിക്രമങ്ങൾ 31-12-2020-ലെ സ.ഉ(പി)നം. 167/2020/ഫിൻ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇത്തരത്തിൽ സ്റ്റോക്ക് ചെയ്യാനുള്ള സൗകര്യം പല സ്ഥലങ്ങളിലും ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്റ്റോക്ക് റിപ്പോർട്ട് ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം കാരണം പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(സി) പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിലെ ലെവൽസ് റിപ്പോർട്ട് ചെയ്യുന്നതുവഴി ഈ പ്രയാസം ഒഴിവാക്കാൻ സാധിക്കുമോയെന്ന് അറിയിക്കാമോ?

31-12-2020-ലെ സ.ഉ(പി)നം. 167/2020/ഫിൻ ഉത്തരവുപ്രകാരം സ്റ്റോക്ക്, ലെവൽസ് ചെയ്യേണ്ടതാണ്.

(ഡി) പ്രവൃത്തിക്കാവശ്യമായ മെറ്റീരിയൽസിന്റെ അളവും ഗുണമേന്മയും ഉറപ്പുവരുത്തുന്നതിന് നൂതന സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കാമോ?

31-12-2020-ലെ സ.ഉ(പി)നം. 167/2020/ഫിൻ ഉത്തരവിൽ പരാമർശിച്ചിട്ടുള്ളതുപ്രകാരം സാധനസാമഗ്രികളുടെ അളവുകൾ പരിശോധിച്ച് ഉറപ്പുവരുത്താവുന്നതും ഓരോ സാധന സാമഗ്രികൾക്കും ആയതിന് നിഷ്കർഷിച്ചിട്ടുള്ള അംഗീകൃത 'Indian Standard Code'-കൾ പ്രകാരം ഗുണനിലവാരം ഉറപ്പുവരുത്തുന്നുമുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിൽ അതിനായി ജില്ലാ/ബ്ലോക്കുതലത്തിൽ Quality Lab Facility set ചെയ്ത് വരികയാണ്. കൂടാതെ, Regional അടിസ്ഥാനത്തിൽ കൊല്ലം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലായി കിലയുമായി സഹകരിച്ച് Regional Lab-കൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**അനധികൃത ബോർഡുകളും നിർമ്മാണങ്ങളും നീക്കം ചെയ്യുന്നതിന് നടപടി**

241(5587) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ വരുന്ന അനധികൃത ബോർഡുകളും നിർമ്മാണങ്ങളും നീക്കം ചെയ്യുന്നതിന് വർഷത്തിൽ എത്ര തവണയാണ് നടപടികൾ സ്വീകരിച്ചുവരുന്നതെന്ന് പറയാമോ; 2021-ൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതിനായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പരസ്യത്തിന്റെ ഭാഗമായി റോഡ് തടസ്സപ്പെടുത്തി ബോർഡുകൾ സ്ഥാപിക്കുന്നതും വഴിയോരക്കച്ചവടത്തിന്റെ ഭാഗമായി റോഡ് തടസ്സപ്പെടുത്തി സ്ഥിരം നിർമ്മാണങ്ങൾ നടത്തിയിട്ടുള്ളതും കേരളത്തിലെ ഏതെല്ലാം പഞ്ചായത്തുകളുടെ പരിധിയിലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവയുടെ വിവരങ്ങൾ ലഭ്യമാക്കുമോ; ഈ അനധികൃത പ്രവൃത്തികൾ നീക്കം ചെയ്ത് റോഡ് യാത്ര സുഗമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) അനധികൃത ബോർഡുകളും നിർമ്മാണങ്ങളും നീക്കംചെയ്യുന്നതിന് സർക്കാർ നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ; ഇത് കർശനമായി പാലിക്കാൻ ബന്ധപ്പെട്ടവർക്ക് ഒരിക്കൽക്കൂടി കർശന നിർദ്ദേശം നൽകുമോ?

(എ-സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ വരുന്ന അനധികൃത ബോർഡുകളും നിർമ്മാണങ്ങളും നീക്കംചെയ്യുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല. 7-3-2018, 6-10-2018, 9-7-2021 എന്നീ തീയതികളിൽ സർക്കാർ പുറപ്പെടുവിച്ച 41/ആർ.സി2/2018/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം അനധികൃത ബോർഡുകൾ, ഹോർഡിംഗുകൾ, ബാനറുകൾ എന്നിവ നീക്കം ചെയ്യുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ബന്ധപ്പെട്ട സർക്കുലറുകളുടെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

## കെട്ടിട നിർമ്മാണത്തൊഴിലാളി സെസ്സ്

242(5588) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണത്തൊഴിലാളി സെസ്സായി കെട്ടിട ഉടമകളിൽനിന്നും നിശ്ചിത തുക ഈടാക്കുന്നുണ്ടോ; കെട്ടിട നിർമ്മാണത്തിന്റെ ഏതുഘട്ടത്തിലാണ് തുക അടയ്ക്കുന്നത് സംബന്ധിച്ച് ഉടമകൾക്ക് അറിയിപ്പ് നൽകുന്നത്; തുക കണക്കാക്കുന്നതും ഈടാക്കുന്നതും എപ്രകാരമാണ്; ഒരോ കെട്ടിടത്തിനും ഈടാക്കുന്ന തുക സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

കെട്ടിട നിർമ്മാണത്തൊഴിലാളി സെസ്സായി കെട്ടിട ഉടമകളിൽനിന്നും നിശ്ചിത തുക ഈടാക്കിവരുന്നുണ്ട്. 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട് വകുപ്പ് 3, 1998-ലെ ചട്ടങ്ങളിലെ ചട്ടം-3 എന്നിവ പ്രകാരമാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് സെസ്സ് ഈടാക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിക്കഴിഞ്ഞ് തദ്ദേശഭരണ സ്ഥാപനങ്ങൾ Completion Certificate നൽകുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് സെസ്സ് ഈടാക്കുന്നത്. കൂടാതെ, നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഒരു വർഷത്തിൽ കൂടുതൽ സമയം എടുക്കുന്നുവെങ്കിൽ നിർമ്മാണ പ്രവർത്തനം തുടങ്ങി ഒരു വർഷത്തിനകം ഉടമ Form 1-ൽ പൂർത്തീകരിച്ചത് എത്രത്തോളമെന്നതുസംബന്ധിച്ച declaration നൽകി അതിനനുസരിച്ച് സെസ്സ് കണക്കാക്കുകയും തുടർന്നുവരുന്ന വർഷങ്ങളിലും നിർമ്മാണ പ്രവർത്തനം തുടരുകയാണെങ്കിൽ നിർമ്മാണം പൂർത്തിയാക്കുന്നതുവരെ ഓരോ വർഷവും തൊഴിലുടമ നൽകുന്ന declaration പ്രകാരം സെസ്സ് ചുമത്തുന്നു. 14-7-2017-ലെ സ.ഉ (കൈ) നമ്പർ 52/2017/തൊഴിൽ ഉത്തരവുപ്രകാരം (അനുബന്ധം-1 ആയി* ചേർക്കുന്നു) നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയ വർഷത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയാണ് സെസ്സ് തുക കണക്കാക്കുന്നത്. ഇതിനായി തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ ഓഫീസർമാർ, അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ്-1)-മാർ എന്നിവരെ അസസ്സിംഗ് ഓഫീസർമാരായി നിയമിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ടി അസസ്സിംഗ് ഓഫീസർമാർ അവരുടെ ജൂറിസ്ഡിക്ഷനിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് സെസ്സ് തുക നിശ്ചയിച്ച് ആദ്യം അസസ്സിംഗ് നോട്ടീസ് നൽകുന്നു. നിർമ്മിതിയുടെ കാലയളവ് സംബന്ധിച്ചോ മറ്റ് കാരണങ്ങളോ ഉണ്ടെങ്കിൽ അക്കാര്യം അസസ്സിംഗ് ഓഫീസറെ ബോദ്ധ്യപ്പെടുത്തുന്നതിന് ഒരു സമയപരിധി നൽകുകയും ചെയ്യുന്നു. ടി സമയപരിധിയിൽ ഹാജരാകുന്നില്ലെങ്കിൽ ഉടമയ്ക്ക് മറ്റുകാര്യങ്ങളൊന്നും ബോധിപ്പിക്കുവാനില്ലായെന്നതിന്റെ അടിസ്ഥാനത്തിൽ സെസ്സ് തുക അടയ്ക്കുന്നതിന് അസസ്സ്മെന്റ് ഉത്തരവ് നൽകുന്നു. ടി ഉത്തരവുപ്രകാരവും തുക അടയ്ക്കാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടത്തുന്നതിനെതിരെ കാര്യങ്ങൾ ബോധിപ്പിക്കുവാനുണ്ടെങ്കിൽ അക്കാര്യം അറിയിക്കണമെന്ന് കാണിച്ച് ഒരു നിശ്ചിത സമയവും നൽകി Show Cause Notice രജിസ്റ്റേർഡ് തപാലിൽ അയയ്ക്കുന്നു. ഇത്രയും നടപടികൾക്കുശേഷവും തുക അടയ്ക്കാത്തവരിൽനിന്നും സെസ്സ് തുക റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് റവന്യൂ റിക്കവറി റിക്വിസിഷൻ നൽകുന്നു.

(ബി) ഇതുസംബന്ധിച്ച നിയമം പാസ്സാക്കിയതെന്നാണെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത നിയമം പാസ്സാക്കുന്നതിനുമുമ്പ് നിർമ്മിച്ച കെട്ടിടങ്ങൾക്കും ഈ സെസ്സ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബാധകമാണോയെന്നും അറിയിക്കാമോ?

1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമം പ്രാബല്യത്തിൽ വന്നിരിക്കുന്നത് 3-11-1995 മുതൽ മുൻകാല പ്രാബല്യത്തോടെയാണ്. ടി കാലയളവുമുതലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് സെസ്സ് ചുമത്തിവരുന്നു.

(സി) പ്രസ്തുത തുക അടയ്ക്കുന്നതുമായി ബന്ധപ്പെട്ട് കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകിയിരുന്നോ; മുൻകൂർ നോട്ടീസ് നൽകാതെ കെട്ടിട ഉടമകളിൽനിന്ന് പലിശസഹിതം കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായോ;

(ഡി) എങ്കിൽ എന്നുമുതലുള്ള പലിശയാണ് ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്; കുടിശ്ശികയായ ഓരോ വർഷത്തേയ്ക്കും ഈടാക്കുന്നത് എത്ര ശതമാനം പലിശയാണെന്നും കുടിശ്ശികയ്ക്ക് പിഴപ്പലിശ ഈടാക്കുന്നുണ്ടോയെന്നും വിശദമാക്കാമോ?

(സി&ഡി) 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് നിയമങ്ങളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിച്ച് അസസ്സ്മെന്റ് നോട്ടീസ്, അസസ്സ്മെന്റ് ഉത്തരവ് എന്നിവ കെട്ടിട ഉടമകൾക്ക് നൽകിവരുന്നു. അസസ്സ്മെന്റ് ഉത്തരവിൽ സെസ്സ് അടയ്ക്കുന്നതിന് നൽകിയിരിക്കുന്ന തീയതിക്കുള്ളിൽ തുക അടച്ചില്ലെങ്കിൽ അന്നുമുതൽ കുടിശ്ശികയായി കണക്കാക്കി പ്രതിമാസം 2% എന്ന നിരക്കിൽ പലിശ ഈടാക്കുവാനാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിനുശേഷവും തുക അടയ്ക്കാത്തപക്ഷം രജിസ്റ്റേർഡായി കാരണം കാണിക്കൽ നോട്ടീസ് നൽകി പലിശയും പിഴപ്പലിശയും ഉൾപ്പെടെ റവന്യൂ റിക്കവറി വഴി തുക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) കോവിഡ് കാരണം തൊഴിൽ നഷ്ടപ്പെട്ട് ദുരിതമനുഭവിക്കുന്ന സാധാരണക്കാരായ ജനങ്ങൾക്ക് സെസ്സും പലിശയും ഉടനടി അടയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഈ നിയമം സംബന്ധിച്ച് അറിവില്ലാത്തവർക്കും നാളിതുവരെ ഇതുമായി ബന്ധപ്പെട്ട അറിയിപ്പുകൾ ലഭിച്ചിട്ടില്ലാത്തവർക്കും പിഴ കൂടാതെ കുടിശ്ശികത്തുക അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ഇ&എഫ്) 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ടിലെ നടപടിക്രമങ്ങൾ പാലിച്ച് സെസ്സ് തുക നിർണ്ണയിച്ച് അസസ്സ്മെന്റ് നോട്ടീസ് ഉടമകൾക്ക് നൽകുന്നുണ്ട്. ഇതുസംബന്ധിച്ച്

ഉടമകൾക്ക് അസസ്സിംഗ് ഓഫീസറെ നേരിൽ കാണാവുന്നതും സംശയങ്ങൾ ദൂരീകരിക്കാവുന്നതുമാണ്. എല്ലാ അറിയിപ്പുകളും നൽകി രജിസ്റ്റേർഡ് തപാലായി കാരണം കാണിക്കൽ നോട്ടീസും നൽകിയതിനുശേഷമാണ് റവന്യൂ റിക്കവറി നടപടികൾക്കായി റിക്വിസിഷൻ അയയ്ക്കുന്നത്. ആയതിനാൽ അറിയിപ്പ് ലഭിച്ചില്ലായെന്നത് പരിഗണിക്കാനാകില്ല. കൂടാതെ പിഴ ഈടാക്കുന്നതുസംബന്ധിച്ച് നിയമത്തിൽ വ്യവസ്ഥയുണ്ട്. എന്നാൽ 27-10-2021-ലെ സ.ഉ. (സാധാ) നം. 1253/2021/തൊഴിൽ പ്രകാരം (അനുബന്ധം - 2* ആയി ചേർക്കുന്നു) 2021 ഒക്ടോബർ 21 വരെ രജിസ്റ്റർ ചെയ്ത് പ്രാഥമിക നോട്ടീസ്, അസ്സസ്സ്മെന്റ് നോട്ടീസ്, കാരണം കാണിക്കൽ നോട്ടീസ് എന്നീ ഘട്ടങ്ങളിൽ പെന്റിംഗിലുള്ള എല്ലാ ഫയലുകളും സെസ്സ് അദാലത്ത് നടത്തി, അന്തിമ ഉത്തരവ്/കാരണംകാണിക്കൽ നോട്ടീസ് എന്നിവ നൽകിയിട്ടുള്ള ഗാർഹിക കെട്ടിടങ്ങൾക്ക് പലിശ പൂർണ്ണമായും ഒഴിവാക്കിയും വാണിജ്യ കെട്ടിടങ്ങൾക്ക് പലിശയുടെ 50% ഇളവ് അനുവദിച്ചും സെസ്സ് തുക പൂർണ്ണമായും അടയ്ക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

**ക്ഷേമ പെൻഷന് പ്രായം തെളിയിക്കുന്നതിനായി ഹാജരാക്കേണ്ട രേഖകൾ**

243(5589) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകൾ ലഭിക്കുന്നതിന് പ്രായം തെളിയിക്കുന്നതിനായി നിലവിൽ എന്തെല്ലാം രേഖകളാണ് സ്വീകരിക്കുന്നത്?

ക്ഷേമ പെൻഷനുകൾ ലഭിക്കുന്നതിന് പ്രായം തെളിയിക്കുന്നതിനായി ജനന സർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ് എന്നിവ സ്വീകരിക്കാവുന്നതാണ്. ഇവയുടെ അഭാവത്തിൽ മാത്രം, വയസ് തെളിയിക്കുന്നതിന് മറ്റുരേഖകൾ ഒന്നുംതന്നെ ഇല്ലായെങ്കിൽ സ്വയം സാക്ഷ്യപത്രത്തിന്മേൽ ഡോക്ടർ സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.

(ബി) സ്കൂൾ രേഖകൾ ലഭ്യമല്ലാത്തവർക്ക് വയസ് തെളിയിക്കുന്നതിനായി എന്തെല്ലാം രേഖകൾ ഹാജരാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

സ്കൂൾ രേഖകൾ ലഭ്യമല്ലാത്തവർക്ക് വയസ് തെളിയിക്കുന്നതിനായി ജനന സർട്ടിഫിക്കറ്റ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ് എന്നിവ ഹാജരാക്കാവുന്നതാണ്. ഇവയുടെ അഭാവത്തിൽ മാത്രം, വയസ് തെളിയിക്കുന്നതിന് മറ്റുരേഖകൾ ഒന്നുംതന്നെ ഇല്ലായെങ്കിൽ സ്വയം സാക്ഷ്യപത്രത്തിന്മേൽ ഡോക്ടർ സർട്ടിഫിക്കറ്റ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹാജരാക്കാവുന്നതാണ്.

(സി) വയസ്സ് തെളിയിക്കുന്നതിനായി ആധാർ കാർഡ്, റേഷൻ കാർഡ് തുടങ്ങിയവ പരിഗണിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ കഴിയുന്നതല്ല

**സംസ്ഥാനത്തെ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങൾ**

244(5590) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. ജോയി:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കാലികമായി നവീകരിക്കുന്നതിനും ആവശ്യമായ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ (സെൻ കമ്മിറ്റി) ശിപാർശകളുടെ അടിസ്ഥാനത്തിൽ പാസാക്കിയ ഭേദഗതി നിയമങ്ങൾ ജനങ്ങളുടെ സമ്പൂർണ്ണ പങ്കാളിത്തമുള്ള പ്രാദേശിക ആസൂത്രണത്തിന് നിയമപരമായ ചട്ടക്കൂട് ഒരുക്കിയിട്ടുണ്ട്. അതിനാൽ പ്രത്യേക നിയമനിർമ്മാണം ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. എന്നാൽ പദ്ധതി ആസൂത്രണ ചട്ടങ്ങൾ (Plan Rules) രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കാലികമായി നവീകരിക്കുന്നതിനും സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഓരോ പഞ്ചവത്സര പദ്ധതിയിലും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കുകയും അവയുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പദ്ധതി മാർഗ്ഗരേഖകളിൽ ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്യാറുണ്ട്.

(ബി) ഇതിന്റെ ഭാഗമായി ജില്ലാ ആസൂത്രണ സമിതികൾ നടത്തുന്ന പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ?

ഭരണഘടനാ സ്ഥാപനമായ ജില്ലാ ആസൂത്രണ സമിതികളുടെ പ്രവർത്തനം സർക്കാർ കാലാകാലങ്ങളിൽ വിലയിരുത്താറുണ്ട്. ജില്ലാ ആസൂത്രണ സമിതികളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2006-ൽ ജില്ലാ പ്ലാനിംഗ് ഓഫീസ്, ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസ്, സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് എന്നീ മൂന്ന് ഓഫീസുകൾ ഉൾപ്പെടുത്തിക്കൊണ്ട് ടെക്നിക്കൽ

സെക്രട്ടേറിയറ്റ് രൂപീകരിച്ചു. ജില്ലാ ആസൂത്രണ സമിതികൾക്കാവശ്യമായ പിന്തുണാ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 2019-ൽ ജില്ലാ റിസോഴ്സ് സെന്ററുകൾക്കും രൂപം നൽകിയിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണത്തെ ബലപ്പെടുത്തുന്നതിന് ജില്ലാ ആസൂത്രണ സമിതികളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സാങ്കേതിക സഹായം നൽകുന്നതിനുമുള്ള നടപടികൾ പതിനാലാം പഞ്ചവൽസര പദ്ധതിയിലും തുടരുന്നതാണ്. ഇതിനായി രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകൾ ജില്ലാ ആസൂത്രണ സമിതികളെ ശക്തിപ്പെടുത്താനാവശ്യമായ നടപടികൾ ചർച്ച ചെയ്തിട്ടുണ്ട്.

(സി) വകുപ്പിന്റെ കാര്യക്ഷമതയോടെയുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിന് എന്തെല്ലാം ഗവേഷണ പരിപാടികൾക്കാണ് രൂപം നൽകിയിരിക്കുന്നതെന്ന് അറിയിക്കാമോ?

കഴിഞ്ഞ 25 വർഷത്തെ ജനകീയാസൂത്രണത്തിന്റെ അനുഭവ സമ്പത്തിനെ അടിസ്ഥാനമാക്കി പതിനാലാം പഞ്ചവൽസര പദ്ധതി പ്രവർത്തനം രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. പതിനാലാം പഞ്ചവൽസര പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വികേന്ദ്രീകൃതാസൂത്രണവുമായി ബന്ധപ്പെട്ട് "വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന രംഗത്തെ ഇടപെടലുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ സേവനങ്ങളുടെ വിതരണം, തദ്ദേശഭരണ സ്ഥാപനങ്ങളും കാർഷിക വികസനവും, ഭവനമേഖല, നഗരാസൂത്രണം" എന്നീ വിഷയങ്ങളിൽ 6 വർക്കിംഗ് ഗ്രൂപ്പുകൾ സംസ്ഥാന ആസൂത്രണ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. പ്രാദേശിക ആസൂത്രണവും പ്രാദേശിക ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനാണ് ഇവ രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത മേഖലകളിൽ പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിനുള്ള പരിപ്രേക്ഷ്യവും നിർദ്ദേശങ്ങളും തയ്യാറായിവരുന്നു. വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ സവിശേഷ ശ്രദ്ധ വേണ്ട വിഷയങ്ങൾ കൂടുതൽ ആഴത്തിൽ പഠിക്കുന്നതിന് സംസ്ഥാന പ്ലാനിംഗ് ബോർഡ് പരിപാടികൾ തയ്യാറാക്കി വരുന്നുണ്ട്. മുൻവർഷങ്ങളിലെ അനുഭവങ്ങൾ വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ നേട്ടങ്ങൾ കൂടുതൽ ബലപ്പെടുത്തിയും പോരായ്മകൾ പരിഹരിച്ചും മുന്നോട്ടുപോകുകയെന്ന സമീപനമായിരിക്കും പതിനാലാം പഞ്ചവൽസര പദ്ധതിയിൽ സ്വീകരിക്കുക.

(ഡി) നഗരാസൂത്രണം, നഗരാധിവാസം, പൈതൃകസംരക്ഷണം, ഗതാഗത സംവിധാനം എന്നിവ സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നിലവിൽ പതിനാലാം പദ്ധതിയുടെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡ്, 'നഗരാസൂത്രണം' എന്ന വിഷയത്തിൽ രൂപീകരിച്ചിട്ടുള്ള വർക്കിംഗ്

ഗ്രൂപ്പ്, നഗരാസൂത്രണം, നഗരാധിവാസം, പൈതൃക സംരക്ഷണം, ഗതാഗത സംവിധാനം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുകയും നിലവിലെ അവസ്ഥകൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ആയതുസംബന്ധിച്ച റിപ്പോർട്ടുകൾ തയ്യാറായിവരുന്നു. സംസ്ഥാനത്തെ 93 നഗരസഭാ പ്രദേശങ്ങളുടെയും ആസൂത്രിത വികസനത്തിനായി, കേരള നഗര ഗ്രാമാസൂത്രണ ആക്ടിന്റെ വ്യവസ്ഥകൾ പ്രകാരം 'മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കൽ' എന്ന പ്ലാൻ പദ്ധതിയുടെ കീഴിൽ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി വരികയാണ്. ഇതിന്റെ ഭാഗമായി സാമ്പത്തിക അടിസ്ഥാനം, കൃഷി, വ്യാപാരം, വാണിജ്യം, ഭവന നിർമ്മാണം, ഗതാഗതം, വിദ്യാഭ്യാസം, പൈതൃക സംരക്ഷണം, പ്രകൃതി ദുരന്ത സാധ്യതാ പ്രദേശങ്ങൾ, ജനസംഖ്യാപഗ്രഥനം, പരിസ്ഥിതി, വിനോദസഞ്ചാരം തുടങ്ങിയ വിവിധ മേഖലകളിൽ പഠനം നടത്തി, അതിന്റെ അടിസ്ഥാനത്തിൽ ഏകദേശം ഇരുപത് വർഷക്കാലയളവിലേയ്ക്കുള്ള ദീർഘകാല വീക്ഷണത്തോടുകൂടിയ വികസന സങ്കൽപ്പവും നയങ്ങളും രൂപീകരിക്കുന്നതിനെ ആസ്പദമാക്കി ഭൂവിനിയോഗം, മറ്റുമേഖലാ വികസന നിർദ്ദേശങ്ങൾ, മേഖലാ നിയന്ത്രണങ്ങൾ എന്നിവ തയ്യാറാക്കുന്നു. കേരളത്തിലെ പൈതൃക പ്രാധാന്യമുള്ള പ്രദേശങ്ങൾ കണ്ടെത്തി അവയുടെ പൈതൃകമൂല്യങ്ങൾ നിലനിർത്തിക്കൊണ്ട് ആ പ്രദേശത്തെ ഭൂവികസനങ്ങൾ, നിർമ്മാണങ്ങൾ എന്നിവ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പൈതൃക പ്രാധാന്യമുള്ള നിർമ്മിതികളും പ്രദേശങ്ങളും സംരക്ഷിക്കുന്നതിനും ലക്ഷ്യമിട്ട് Art and Heritage കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, കിലയിൽ അർബൻ ചെയർ സ്ഥാപിച്ച്, നഗരവൽക്കരണ സംബന്ധിയായ കൂടുതൽ പഠന, ഗവേഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇറച്ചിക്കോഴി കടകളിലെ മാലിന്യസംസ്കരണം

245(5591) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇറച്ചിക്കോഴി കടകളിലെ മാലിന്യം സംസ്കരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കാമോ?

നഗരസഭകളിൽ ഇറച്ചിക്കോഴി മാലിന്യം നിശ്ചിത യൂസർ ഫീ ഈടാക്കി, അംഗീകൃത ഏജൻസികൾവഴിയും സ്വകാര്യ ഏജൻസികൾ വഴിയും റെന്ററിംഗ് പ്ലാന്റുകൾവഴിയും സംസ്കരിച്ചുവരുന്നു. കൂടാതെ ലൈസൻസികളുടെ ഉത്തരവാദിത്തത്തിൽ

സംസ്കരിക്കുന്നവരും പന്നി ഫാമുകളിലേയ്ക്ക് നൽകുന്നവരുമുണ്ട്. സംസ്ഥാനത്തെ ഇറച്ചിക്കോഴി കടകളിലെ മാലിന്യം സംസ്കരിക്കുന്നതിന് അനുയോജ്യമായ റെന്ററിംഗ് പ്ലാന്റുകൾ (അറവു മാലിന്യ സംസ്കരണ പ്ലാന്റുകൾ) സ്ഥാപിക്കുന്നതിനായി സാങ്കേതിക സഹായം തദ്ദേശസ്ഥാപനങ്ങൾക്ക് ശുചിത്വമിഷൻ നൽകിവരുന്നു.

(ബി) കോഴിയിറച്ചി വിൽക്കുന്നവർതന്നെ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. പൗൾട്രി മീറ്റ് സ്റ്റാളുകൾ, പൗൾട്രി വേസ്റ്റ് റെന്ററിംഗ് പ്ലാന്റുകൾ എന്നിവയ്ക്ക് അനുമതി നൽകുന്ന മാർഗ്ഗരേഖയിൽ കോഴിയിറച്ചി വിൽക്കുന്നവർ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പരാമർശിക്കുന്നുണ്ട്. പ്രസ്തുത മാർഗ്ഗരേഖയിൽ കോഴിയിറച്ചി മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിലേയ്ക്ക് അംഗീകൃത റെന്ററിംഗ് പ്ലാന്റ് ഉടമയുമായി കരാറിൽ ഏർപ്പെട്ട് മാലിന്യം കൈമാറാവുന്നതാണെന്നും പ്ലാന്റ് സ്ഥിതിചെയ്യുന്ന ജില്ലയ്ക്കുള്ളിൽ റെന്ററിംഗ് പ്ലാന്റ് സൗകര്യം ലഭ്യമല്ലാത്തപക്ഷം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അനിവാര്യമായ മാലിന്യസംസ്കരണ സംവിധാനങ്ങൾ സജ്ജീകരിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്.

### സാമൂഹ്യക്ഷേമ പെൻഷനുകൾ പുനരാരംഭിക്കൽ

246(5592) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസ്റ്ററിംഗ് നടക്കാത്തതുമൂലം ഏതെല്ലാം സാമൂഹ്യക്ഷേമ പെൻഷനുകളാണ് തടയപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

5 വിഭാഗങ്ങളായിട്ടാണ് സാമൂഹ്യക്ഷേമ പെൻഷനുകൾ നൽകിവരുന്നത്.

1. വാർദ്ധക്യകാല പെൻഷൻ

2. വിധവാ പെൻഷൻ

3. ഡിസെബിലിറ്റി പെൻഷൻ

4. 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ.

5. കർഷകത്തൊഴിലാളി പെൻഷൻ

കൂടാതെ വിവിധ ക്ഷേമനിധി ബോർഡുകൾ മുഖേനയും ക്ഷേമപെൻഷനുകൾ നൽകുന്നുണ്ട്. 2019 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ്

പെൻഷൻ ഗുണഭോക്താക്കളായിരുന്നവരിൽ മസ്റ്ററിംഗ് പൂർത്തിയാക്കാത്തവരുടെ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകളാണ് തടയപ്പെട്ടിരിക്കുന്നത്.

(ബി) പെൻഷൻ വിതരണവും മസ്റ്ററിംഗും സംബന്ധിച്ച് യഥാസമയം അറിയിപ്പ് കൊടുക്കുന്നതിൽ വന്ന വീഴ്ചയ്ക്ക് പരിഹാരം കണ്ടെത്തുമോ; വിശദമാക്കാമോ?

ബയോമെട്രിക് മസ്റ്ററിംഗ് സംബന്ധിച്ച അറിയിപ്പുകൾ മാധ്യമങ്ങൾ മുഖേനയും പ്രാദേശിക സർക്കാരുകൾ മുഖേനയും യഥാസമയം നൽകിയിരുന്നു.

**ലൈഫ് പദ്ധതിയിലെ പുതിയ അപേക്ഷകൾ**

247(5593) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ പുതുതായി എത്ര വീടുകൾക്കാണ് അപേക്ഷ ലഭിച്ചതെന്ന് വ്യക്തമാക്കാമോ?

ലൈഫ് പദ്ധതിയിൽ പുതുതായി 920260 വീടുകൾക്കാണ് അപേക്ഷ ലഭിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത അപേക്ഷകൾക്ക് മുൻഗണന നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

പ്രസ്തുത അപേക്ഷകൾക്ക് മുൻഗണന നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 27-7-2020-ലെ സ.ഉ.(കൈ) നമ്പർ 112/2020/തസ്വഭവ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി* ചേർക്കുന്നു.

(സി) നിബന്ധനകൾക്കനുസരിച്ച് മുൻഗണനാ പട്ടിക നിശ്ചയിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

25-10-2021-ലെ സ.ഉ.(സാധാ) നമ്പർ 2086/2021/തസ്വഭവ പ്രകാരം മുൻഗണനാ പട്ടിക നിശ്ചയിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) അന്തിമ പട്ടിക എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

2022 ഫെബ്രുവരി 28-ന് അന്തിമ പട്ടിക പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്ലാസ്റ്റിക് കവറുകളുടെ വർദ്ധിച്ച ഉപയോഗം

248(5594) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അൻപത് മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് കവറുകൾ നിർമ്മിക്കാനോ വില്പന നടത്താനോ പാടില്ലെന്ന നിയമം നിലനിൽക്കെ അവയുടെ ഉപയോഗം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അൻപത് മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് കവറുകൾ ഉൾപ്പെടെയുള്ള ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക് വസ്തുക്കൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് കോവിഡ് മഹാമാരിയെത്തുടർന്നുണ്ടായ സാഹചര്യത്തിൽ അവ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇവ ഗുരുതരമായ മാലിന്യപ്രശ്നങ്ങളും ആരോഗ്യപ്രശ്നങ്ങളും ഉണ്ടാക്കുന്നതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

ഉണ്ട്

(സി) എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ?

പരിസ്ഥിതി വകുപ്പിൽനിന്ന് പുറപ്പെടുവിച്ചിട്ടുള്ള 27-11-2019-ലെ സ.ഉ. (കൈ)നമ്പർ 6/2019/പരി. ഉത്തരവുപ്രകാരം സംസ്ഥാനത്ത് ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് ക്യാരിബാഗുകൾ (കനം നോക്കാതെ) 1-1-2020 മുതൽ നിരോധിച്ചിട്ടുണ്ട്. നിരോധനം നടപ്പിലാക്കുന്നത് സംബന്ധിച്ച് കർശന നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർ, സബ് ഡിവിഷണൽ മജിസ്ട്രേറ്റുമാർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ, എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെയും സെക്രട്ടറിമാർ, 1986-ലെ Environmental Protection Act സെക്ഷൻ 19 പ്രകാരം കേന്ദ്രസർക്കാർ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ/സ്ഥാപനങ്ങൾ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ചിറയിൻകീഴ് മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം നിർമ്മിച്ച ഭവനങ്ങൾ

249(5595) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിലെ 8 ഗ്രാമപഞ്ചായത്തുകളിൽ ലൈഫ് പദ്ധതി പ്രകാരം പട്ടികജാതി, മത്സ്യത്തൊഴിലാളി, ജനറൽ വിഭാഗങ്ങളിലായി നിർമ്മാണം പൂർത്തീകരിച്ച ഭവനങ്ങൾ എത്രയാണ്; നിർമ്മാണം നടന്നുവരുന്ന ഭവനങ്ങൾ എത്രയാണ്; വിവരങ്ങൾ ലഭ്യമാക്കാമോ?

മറുപടി അനുബന്ധം 1*ആയി ചേർക്കുന്നു.

(ബി) ഭവനരഹിതരുടെ അപേക്ഷകളിൽ പരിഹരിക്കപ്പെടാത്ത അപേക്ഷകളുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

മറുപടി അനുബന്ധം 2*ആയി ചേർക്കുന്നു.

(സി) ഭൂരഹിതരും ഭവനരഹിതരുമായവരുടെ എത്ര അപേക്ഷകളാണ് പഞ്ചായത്തടിസ്ഥാനത്തിൽ ലഭിച്ചിട്ടുള്ളത്; പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

11,403 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഈ അപേക്ഷകളിന്മേലുള്ള അർഹതാ പരിശോധനയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ പട്ടികയുടെ അന്തിമലിസ്റ്റ് പ്രസിദ്ധീകരിക്കും. മൂന്നാംഘട്ടം ഭൂരഹിത/ഭവനരഹിതരുടെ ലിസ്റ്റിൽനിന്നും ഇതുവരെ 115 പേർക്ക് ഭൂമി ലഭ്യമാക്കുകയും അവർ കരാർവച്ച് ഭവനനിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ഗുണഭോക്താൾക്ക് ഘട്ടംഘട്ടമായി ഭൂമി ലഭ്യമാക്കാനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്തുവരുന്നുണ്ട്. അപേക്ഷകളുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരം അനുബന്ധം (3)* ആയി ചേർക്കുന്നു.

## ലീസ് ഭൂമിയിൽ നിന്നുമുള്ള പാറ ഖനനം

250(5596) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലീസ് ഭൂമിയിൽനിന്നുള്ള പാറ ഖനനത്തിന് ലൈസൻസ് നൽകുന്നത് തദ്ദേശസ്ഥാപനങ്ങൾ മുഖേനയാണോ; എങ്കിൽ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ?

തദ്ദേശ സ്ഥാപനത്തിൽനിന്നുള്ള ലൈസൻസ് ആവശ്യമാണ്. ലൈസൻസ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നുള്ള സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ, സ്വകാര്യ ഭൂമിയാണെങ്കിൽ കൈവശാവകാശ സർട്ടിഫിക്കറ്റ്, റവന്യൂ ഭൂമിയാണെങ്കിൽ കേരള ലാൻഡ് കൺസർവേഷൻ ആക്ട് 1957 പ്രകാരമുള്ള അനുമതി, PESO (Petroleum & Explosive Safety Organization)-യുടെ അനുമതി, പാറ പൊട്ടിക്കുന്ന ആളുടെ വൈദഗ്ധ്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, മൈനിംഗ് & ജിയോളജി വകുപ്പിൽനിന്നുള്ള അനുമതി പത്രം, ക്വാറി നടത്താനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സർട്ടിഫൈഡ് സർവ്വേ സ്കെച്ചും ലൊക്കേഷൻ മാപ്പും, അഞ്ച് ഹെക്ടറിൽ താഴെയുള്ള ഭൂമിയാണെങ്കിൽ SEIAA (State Environment Impact Assessment Authority)-യുടെ അനുമതി, അഞ്ച് ഹെക്ടർ മുതലുള്ള ഭൂമിയാണെങ്കിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി, റവന്യൂ വകുപ്പിൽനിന്നോ ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സിന്റെ പക്കൽ നിന്നോ ലഭിച്ച അനുമതി, ജില്ലാ കളക്ടറുടെ ഉത്തരവ്, ലീസ് ഭൂമിയുടെ ഉടമസ്ഥന്റെ സമ്മതപത്രം എന്നീ രേഖകൾ സഹിതം അപേക്ഷ ലഭിക്കുമ്പോൾ ഭരണസമിതി തീരുമാനമെടുത്താണ് ലൈസൻസ് അനുവദിക്കുന്നത്.

### ലൈഫ് ഭവന പദ്ധതിയുടെ അന്തിമ ഗുണഭോക്തൃലിസ്റ്റ്

251(5597) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ലെ ലൈഫ് ഭവന പദ്ധതിയുടെ അന്തിമ ഗുണഭോക്തൃലിസ്റ്റ് പരിശോധന പൂർത്തീകരിച്ച് അംഗീകരിച്ചുനൽകുന്നതിന് സർക്കാർ തയ്യാറാകാത്തതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഭവനനിർമ്മാണ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ വെളിയങ്കോട് ഗ്രാമപഞ്ചായത്ത് ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ 2020-ലെ ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കുന്നതിനായി സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ നടപടി വൈകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; അന്തിമ ഗുണഭോക്തൃലിസ്റ്റ് അടിയന്തരമായി അംഗീകരിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ലൈഫ് ഭവനപദ്ധതിക്ക് ലഭിച്ച അപേക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കായി നിശ്ചയിച്ചിരുന്ന സമയക്രമം പ്രകാരം പരിശോധന പൂർത്തീകരിച്ച് പട്ടിക

പ്രസിദ്ധീകരിക്കുവാൻ കഴിയാതിരുന്നത് നിയമസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം, കോവിഡിന്റെ രണ്ടാം തരംഗം മുതലായ കാരണങ്ങളാലാണ്. എന്നാൽ അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തി അന്തിമപട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള പുതിയ സമയക്രമം 25-10-2021-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം അന്തിമപട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ വെളിയങ്കോട് ഗ്രാമപഞ്ചായത്ത് ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ 2020-ലെ ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കുന്നതിനായി സർക്കാരിനെ സമീപിച്ചിരുന്നു. മേൽപ്പറഞ്ഞ പ്രകാരം വൈകിയ നടപടികളിൽ തുടർനടപടി ആരംഭിച്ചിട്ടുണ്ട്.

## മുനിസിപ്പൽ സർവ്വീസിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കുള്ള അന്തർ വകുപ്പ് മാറ്റം

252(5598) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിവിധ സർക്കാർ വകുപ്പുകളിൽ ജോലി ചെയ്യുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അന്തർവകുപ്പ് മാറ്റത്തിന് അവസരമുള്ളപ്പോൾ മുനിസിപ്പൽ സർവ്വീസിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ഈ ആനുകൂല്യം ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

6-3-2019-ലെ 4904/ലെഗ്.സി1/2019/നിയമം നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ സർക്കാർ ജീവനക്കാർക്കുള്ള എല്ലാ ആനുകൂല്യങ്ങളും ഇവർക്കും ലഭ്യമാണ്.

## തദ്ദേശസ്വയംഭരണ എകീകൃത പൊതു സർവ്വീസ് അന്തർ വകുപ്പ് മാറ്റം

253(5599) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ ഏകീകൃത പൊതുസർവ്വീസ് രൂപപ്പെടുമ്പോൾ ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് നഗരസഭയിലും നഗരസഭയിൽ ജോലി ചെയ്യുന്നവർക്ക് ഗ്രാമവികസന വകുപ്പിലും ട്രാൻസ്ഫർ നേടുവാൻ കഴിയുമോ;

(ബി) ഇത്തരത്തിൽ പൊതുസർവ്വീസിനുള്ളിലുള്ള എല്ലാ വകുപ്പുകളിലെയും ജീവനക്കാർക്ക് പരസ്പരം എല്ലാ വകുപ്പുകളിലും ജോലി ചെയ്യുവാനുള്ള സാധ്യത ഉണ്ടോ;

(എ&ബി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, എഞ്ചിനീയറിംഗ് വിഭാഗം, നഗരഗ്രാമാസൂത്രണം എന്നീ വകുപ്പുകളെ സംയോജിപ്പിച്ച് രൂപീകരിക്കുന്ന ഏകീകൃത പൊതുസർവ്വീസിൽ വിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്ന തസ്തികകളിലേയ്ക്ക് മാറ്റം ലഭ്യമാകുന്നതാണ്.

(സി) നിലവിൽ പൊതുസർവ്വീസിൽ ഉൾപ്പെട്ട ഓരോ വകുപ്പുകളിലേയും ജോലിയുടെ സ്വഭാവം വ്യത്യസ്തമായിരിക്കെ ഏത് രീതിയിലാണ് സമാന തസ്തികകളെ ഏകോപിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ പൊതുസർവ്വീസിലുൾപ്പെട്ട എല്ലാ വകുപ്പുകളിലെയും സമാനതസ്തികകളെ ഏതുരീതിയിലാണ് വിന്യസിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(സി&ഡി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ കരട് വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## ഗുരുവായൂർ മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായുള്ള ഫ്ലാറ്റുകൾ

254(5600) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ ഏതൊക്കെ പ്രദേശങ്ങളിൽ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഫ്ലാറ്റ് നിർമ്മാണത്തിന് ഭൂമി കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ?

ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട് നഗരസഭയിൽ മണത്തല വില്ലേജിൽ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഫ്ലാറ്റ് നിർമ്മാണത്തിന് 51.5 സെന്റ് ഭൂമി കണ്ടെത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഭൂരഹിത, ഭവനരഹിതർക്ക് ഫ്ലാറ്റ് നിർമ്മിക്കുന്നതിന്റെ ഭാഗമായി ഇതുവരെ സ്വീകരിച്ച നടപടികൾ പഞ്ചായത്ത്/ നഗരസഭ അടിസ്ഥാനത്തിൽ വിശദീകരിക്കാമോ?

ചാവക്കാട് നഗരസഭയിൽ മാത്രമാണ് പാർപ്പിട സമുച്ചയ നിർമ്മാണത്തിനായി ഭൂമി കണ്ടെത്തിയിട്ടുള്ളത്. ഇവിടെ നഗരസഭയുമായി ചേർന്ന് ഫ്ലാറ്റ് നിർമ്മിക്കുന്ന വിഷയം പരിഗണിച്ചുവരുന്നു. മറ്റ് തദ്ദേശ സ്ഥാപനങ്ങളിലൊന്നും ഭൂമി കണ്ടെത്തിയിട്ടില്ല.

(സി) സംസ്ഥാനത്ത് ഭൂരഹിത, ഭവനരഹിതർക്കായി ലൈഫ് മിഷൻ എത്ര ഫ്ലാറ്റുകൾ നിർമ്മിച്ചുവെന്ന വിശദവിവരം അറിയിക്കാമോ?

സംസ്ഥാനത്ത് ഭൂരഹിത, ഭവനരഹിതർക്കായി ഫ്ലാറ്റിന്റെ നിർമ്മാണം പൂർത്തീകരിച്ചത് അടിമാലി ഗ്രാമപഞ്ചായത്തിലാണ്. മറ്റ് 36 പാർപ്പിട സമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

**റിസർജന്റ് വായ്പാ പദ്ധതി**

255(5601) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-ലെ പ്രളയാനന്തര പാക്കേജ്, 2019-ലെ കോവിഡ് പാക്കേജ് എന്നിവയുടെ ഭാഗമായി പ്രഖ്യാപിച്ച റിസർജന്റ് വായ്പാ പദ്ധതി പ്രകാരം കുടുംബശ്രീ വഴി എത്ര രൂപയുടെ വായ്പാ ലഭ്യത ഉറപ്പാക്കാൻ സാധിച്ചു; ഈ വായ്പകൾ പലിശരഹിതമാക്കുന്നതിനായി സർക്കാർ സഹായം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

1. റിസർജന്റ് കേരള ലോൺ സ്കീം (RKLS):- 2018 ഓഗസ്റ്റിലുണ്ടായ പ്രളയക്കെടുതിയെത്തുടർന്ന് വീടുകൾക്കും വീട്ടുപകരണങ്ങൾക്കും നാശനഷ്ടം സംഭവിച്ചവർക്ക് തിരിച്ചടവ് ഉറപ്പാക്കിക്കൊണ്ട് ഗാർഹിക ഉപകരണങ്ങൾ വാങ്ങുന്നതിനും ഉപജീവനോപാധികൾ നേടുന്നതിനും ആവശ്യകത കണക്കാക്കി കുടുംബശ്രീ അംഗത്തിന് 1,00,000 രൂപ വരെ പലിശരഹിത വായ്പ ലഭ്യമാക്കുന്ന പദ്ധതിയാണ് റിസർജന്റ് കേരള ലോൺ സ്കീം (RKLS). ഈ പദ്ധതി പ്രകാരം ആകെ 30,267 അയൽക്കൂട്ടങ്ങൾ വഴി 1.95 ലക്ഷം പേർക്ക് 1794.02 കോടി രൂപ പലിശരഹിത വായ്പയായി നൽകിയിട്ടുണ്ട്. സർക്കാരിൽനിന്നും തുക ലഭ്യമാക്കിയതനുസരിച്ച് 261.06 കോടി രൂപ പലിശ സബ്സിഡി അയൽക്കൂട്ടങ്ങൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

2. മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ (CM's Helping Hand Loan Scheme-CMHLS): കോവിഡ് ഒന്നാം തരംഗം നേരിടാൻ പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ കോവിഡ് പാക്കേജിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ് മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതി (CMHLS). 2019-ൽ കോവിഡ് - 19 എന്ന മഹാമാരിയെ ചെറുക്കാൻ സർക്കാർ ഏർപ്പെടുത്തിയ ലോക്ക്ഡൗൺമൂലം ഉണ്ടാകാവുന്ന തൊഴിൽനഷ്ടവും അതിന്റെ തുടർച്ചയായിട്ടുണ്ടാകാവുന്ന സാമ്പത്തികനഷ്ടവും കണക്കിലെടുത്ത് സാധാരണക്കാർക്ക് അടിയന്തര വായ്പാ

സഹായം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണ് മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി. ഒരു അയൽക്കൂട്ടത്തിന് പരമാവധി 4 ലക്ഷം രൂപ വരെ പലിശരഹിത വായ്പയായി ലഭ്യമാക്കുന്ന തരത്തിലാണ് പദ്ധതി. 2,03,746 അയൽക്കൂട്ടങ്ങളിലായി 24,55,461 കുടുംബശ്രീ വനിതകൾക്ക് ഇതിനോടകം മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതിപ്രകാരം 1917.55 കോടിരൂപ നൽകി. സർക്കാർ അനുമതിയോടെ പലിശ സബ്സിഡിയുടെ ആദ്യഗഡുവായ 165 കോടി രൂപ അയൽക്കൂട്ടങ്ങൾക്ക് നൽകിയിട്ടുണ്ട്.

## കുറ്റ്യാടി മണ്ഡലത്തിലെ എസ്.സി. ഫണ്ട് വിനിയോഗം

256(5602) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ തദ്ദേശസ്ഥാപനങ്ങളിലെ 2020-21 സാമ്പത്തിക വർഷത്തെ എസ്.സി. ഫണ്ട് വിനിയോഗം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

കുറ്റ്യാടി മണ്ഡലത്തിലെ 2020-21 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ താഴെപ്പറയുംപ്രകാരം 66,75,000 രൂപയുടെ പ്രോജക്ടുകൾ ഏറ്റെടുക്കുകയും 60,29,034 രൂപയുടെ പദ്ധതികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

1. വിദ്യാർത്ഥികൾക്ക് പഠന മുറി - 2000000
2. ലൈഫ് ഭവന നിർമ്മാണ വിഹിതം - 80000
3. പി.എം.എ.വൈ. ഭവനനിർമ്മാണ വിഹിതം - 72000
4. കുളിക്കുന്ന് എസ്.സി കോളനി റോഡ് - 756000
5. ഭവന നിർമ്മാണം - 847000
6. വിദ്യാർത്ഥികൾക്ക് മെമ്മോറിയൽ സ്കോളർഷിപ്പ് - 560000
7. ഐ.എ.വൈ. ലോൺ തിരിച്ചടവ് - 1640000.

കുറ്റ്യാടി മണ്ഡലത്തിലെ തദ്ദേശസ്ഥാപനങ്ങളിലെ 2020-21 സാമ്പത്തിക വർഷത്തെ എസ്.സി ഫണ്ട് വിനിയോഗം സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധം 1* ആയി ചേർത്തിരിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എസ്.സി. ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

എസ്.സി/എസ്.റ്റി ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിനും 100% ചെലവ് പുരോഗതി കൈവരിക്കുന്നതിനുമായി പഞ്ചായത്തുകൾക്ക് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധം 2* ആയി ചേർക്കുന്നു). എസ്.സി.എസ്.പി/റ്റി.എസ്.പി പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി പ്രത്യേകമായി അവലോകനം ചെയ്തുവരുന്നുണ്ട്. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ ഗ്രാമസഭ, വികസന സെമിനാർ എന്നിവയിൽ ചർച്ചകൾക്ക് വിധേയമായി എസ്.സി ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും എസ്.സി പ്രൊമോട്ടർമാർ, പട്ടികജാതി വികസന ഓഫീസർ എന്നിവർ മുഖേന പ്രാദേശിക വിവരങ്ങൾ ശേഖരിച്ച് പദ്ധതികൾ തയ്യാറാക്കുന്നുമുണ്ട്. ഗുണഭോക്താക്കളുടെ യോഗം യഥാസമയങ്ങളിൽ വിളിച്ചുകൂട്ടി പദ്ധതികളെ സംബന്ധിച്ച കൃത്യമായ അറിവ് നൽകുന്നുമുണ്ട്.

## കാസർഗോഡ് ജില്ലയിലെ പ്രീഫാബ് ടെക്നോളജി ഉപയോഗിച്ചുള്ള ഭവന നിർമ്മാണം

257(5603) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ ചെമ്മനാട് പഞ്ചായത്തിൽ പ്രീഫാബ് ടെക്നോളജി ഉപയോഗിച്ചുള്ള ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തി പാതിവഴിയിൽ നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്. പ്രസ്തുത നിർമ്മാണം പ്രീഫാബ് സാങ്കേതിക വിദ്യയിലാണ് നടത്തുന്നത്. പ്രസ്തുത നിർമ്മാണത്തിനുള്ള സാമഗ്രികളും വിദഗ്ദ്ധ തൊഴിലാളികളും അന്യസംസ്ഥാനങ്ങളിൽനിന്നാണ് ലഭ്യമാകുന്നത്. കോവിഡ്-19 നിയന്ത്രണങ്ങൾ ഇവയുടെ ലഭ്യതയെ ബാധിച്ചതുകാരണമാണ് നിർമ്മാണത്തിൽ തടസ്സം നേരിട്ടത്.

(സി) പ്രസ്തുത പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ?

നവംബർ മാസം രണ്ടാംവാരം ദീപാവലിക്കുശേഷം അന്യസംസ്ഥാനങ്ങളിൽനിന്നുള്ള വിദഗ്ദ്ധ തൊഴിലാളികൾ തിരികെയെത്തുന്നതോടെ നിർമ്മാണം പുനരാരംഭിക്കാൻ കഴിയും.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വെഞ്ഞാറമൂട് മത്സ്യ മാർക്കറ്റിനോടനുബന്ധിച്ച് സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റ്

258(5604) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ നെല്ലനാട് ഗ്രാമപഞ്ചായത്തിലെ വെഞ്ഞാറമൂട് മത്സ്യ മാർക്കറ്റിനോടനുബന്ധിച്ചുള്ള ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചത് ഏത് ഫണ്ടുപയോഗിച്ചാണെന്നും ഏതുവർഷമാണ് സ്ഥാപിച്ചതെന്നും എത്ര തുകയാണ് ഇതിനായി വിനിയോഗിച്ചതെന്നും അറിയിക്കാമോ?

വെഞ്ഞാറമൂട് ഗ്രാമപഞ്ചായത്തിലെ വെഞ്ഞാറമൂട് മത്സ്യ മാർക്കറ്റിനോടനുബന്ധിച്ചുള്ള ബയോഗ്യാസ് പ്ലാന്റ് 2011-2012 സാമ്പത്തിക വർഷത്തിൽ സ്ഥാപിച്ചിട്ടുള്ളതാണ്. പ്ലാൻ ഫണ്ട് 2,25,000 രൂപ, തനത് ഫണ്ട് 2,75,000 രൂപ സംസ്ഥാനാവിഷ്കൃത ഫണ്ട് 5,00,000 രൂപ, ജില്ലാ പഞ്ചായത്ത്-3,00,000 രൂപ എന്നിവ ഉൾപ്പെടുത്തി ആകെ 13,00,000/- രൂപ വകയിരുത്തുകയും 10,46,870 രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത പ്ലാന്റ് എത്രനാൾ പ്രവർത്തിച്ചുവെന്നും പ്ലാന്റിന്റെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

പ്രസ്തുത പ്ലാന്റ് ആറര വർഷം പ്രവർത്തിച്ചു. നിലവിൽ പ്രവർത്തനരഹിതമാണ്.

(സി) പ്രസ്തുത പ്ലാന്റിന്റെ നിർമ്മാണം സംബന്ധിച്ചും പ്രവർത്തനം നിർത്തിയത് സംബന്ധിച്ചുമുള്ള വിശദവിവരങ്ങൾ നൽകാമോ?

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് നിർമ്മാണ ചുമതല നിർവ്വഹിച്ചു. സാങ്കേതിക തകരാറുമൂലം പ്രവർത്തനരഹിതമായി കിടക്കുന്നു. ബയോഗ്യാസ് പ്ലാന്റിന്റെ മെയിന്റനൻസിനായി 3,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.

## അരൂർ മണ്ഡലത്തിലെ ലൈഫ് പദ്ധതി

259(5605) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് വീട് അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

2802 പേർക്ക് വീട് അനുവദിച്ചിട്ടുണ്ട്.

(ബി) ലൈഫ് പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് പുതിയ അപേക്ഷ നൽകുവാൻ അനുമതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

നിലവിൽ അനുമതിയില്ല. ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് അപേക്ഷ സമർപ്പിക്കുവാൻ 2021 ഫെബ്രുവരി 20 വരെ അവസരം നൽകിയിരുന്നു.

## തൊഴിലുറപ്പ് പദ്ധതിയിൽ മേറ്റ് പദവി

260(5606) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ മേറ്റ് പദവിയിൽ നിയമിക്കുന്നതിനുള്ള യോഗ്യതകൾ എന്തൊക്കെയാണെന്നും പഞ്ചായത്തടിസ്ഥാനത്തിൽ ഇവരെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ആർക്കാണെന്നും വ്യക്തമാക്കുമോ?

തൊഴിലുറപ്പ് പദ്ധതിയിൽ മേറ്റ് പദവിയിൽ നിയമിക്കുന്നതിന് താഴെപ്പറയുന്ന യോഗ്യതകളാണ് നിശ്ചയിച്ചിട്ടുള്ളത്.

1. തൊഴിൽ കാർഡുള്ള വനിതയായിരിക്കണം.

2. കുടുംബശ്രീ എ.ഡി.എസ് ജനറൽ ബോഡിയിലെ അംഗമായിരിക്കണം.

3. 2017-18 മുതൽ ഏതെങ്കിലും ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 25 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ചെയ്ത വ്യക്തിയാകണം. തുടർന്നുള്ള വർഷങ്ങളിലും അതിനുമുമ്പുള്ള 3 സാമ്പത്തിക വർഷങ്ങളിൽ ഏതെങ്കിലും ഒരു വർഷം കുറഞ്ഞത് 25 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ചെയ്തവരെ മാത്രമേ പരിഗണിക്കുവാൻപാടുള്ളൂ.

4. കുറഞ്ഞത് പത്താംക്ലാസ്സ് പാസ്സായിരിക്കണം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് എട്ടാം ക്ലാസ്സ് പൂർത്തിയാക്കിയാൽ മതിയാകും.

5. തെരഞ്ഞെടുക്കപ്പെടുന്ന വർഷം ജനുവരി 1-ന് 18 മുതൽ 60 വയസ്സുവരെ പ്രായപരിധിയിലുള്ളവരായിരിക്കണം.

6. നിശ്ചിത പരിശീലനം ലഭിച്ചവരാകണം. കുടുംബശ്രീ എ.ഡി.എസ്. ജനറൽ ബോഡിയിൽ അംഗങ്ങളായവരിൽനിന്നും നിശ്ചിത യോഗ്യതയുള്ളവരെ മേറ്റായി തെരഞ്ഞെടുക്കുകയും ഇത് എ.ഡി.എസ്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും സി.ഡി.എസ്.-ന്റെയും അംഗീകാരത്തോടെ ഗ്രാമപഞ്ചായത്തിന് സമർപ്പിക്കുകയുമാണ് ചെയ്യുന്നത്.

(ബി) അങ്കമാലി നിയോജകമണ്ഡലത്തിൽ മഞ്ഞപ്ര പഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിൽ മേറ്റ് തസ്തികയിൽ പ്രവർത്തിച്ചുവന്ന ശ്രീമതി ഷീബ ബിജുവിനെ ഈ പദവിയിൽനിന്നും ഒഴിവാക്കിയതിനുള്ള കാരണം വ്യക്തമാക്കാമോ?

മേറ്റുമാരുടെ നിയമനം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ പ്രകാരം എ.ഡി.എസ്. എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അപേക്ഷകൾ പരിശോധിച്ച് അർഹരായിട്ടുള്ളവരുടെ ലിസ്റ്റ് അംഗീകരിച്ച് പാസ്സാക്കി സി.ഡി.എസ് കമ്മിറ്റിക്ക് നൽകേണ്ടതുണ്ട്. എന്നാൽ വാർഡ് 12-ലെ എ.ഡി.എസ്. എക്സിക്യൂട്ടീവ് കമ്മിറ്റി, ശ്രീമതി ഷീബ ബിജുവിന്റെ മേറ്റ് നിയമനത്തിനുള്ള അപേക്ഷ അംഗീകരിച്ചിട്ടില്ല.

(സി) ടിയാളെ ഈ പദവിയിൽ തിരിച്ചെടുക്കുന്നതിനായി അങ്കമാലി ബി.ഡി.ഒ., പഞ്ചായത്ത് സെക്രട്ടറി എന്നിവർക്ക് നൽകിയ അപേക്ഷയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഈ കാര്യത്തിലുള്ള അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

26-8-2021-ലെ സി.2336/18 നം. കത്ത് പ്രകാരം ശ്രീമതി ഷീബ ബിജുവിന് മേറ്റ് നിയമനത്തിന് യോഗ്യതയുണ്ടെന്നറിയിച്ചുകൊണ്ട് അങ്കമാലി ബി.ഡി.ഒ. മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

**എളവള്ളി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ കെട്ടിട നിർമ്മാണം**

261(5607) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ എളവള്ളി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചതെന്നാണെന്നും കരാർ വച്ചതെന്നാണെന്നും വ്യക്തമാക്കാമോ?

മണലൂർ മണ്ഡലത്തിലെ എളവള്ളി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തിക്ക് 31-3-2017-ലെ സ.ഉ (സാധാ) നം. 924/2017/ GEDN. പ്രകാരം ഭരണാനുമതിയും, 23-7-2018-ലെ 41/ഇഇ/എൽ.എസ്.ജി.ഡി/ ഡിവിഷൻ തൃശ്ശൂർ/18-19 നമ്പർ പ്രകാരം കരാർ ഉടമ്പടിയും വച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതെന്നാണെന്നും എത്ര ശതമാനം പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിക്കാനായെന്നും അറിയിക്കാമോ?

കരാർ ഉടമ്പടി പ്രകാരം 23-1-2020 (18 മാസം)-നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. ഇപ്പോൾ 60 ശതമാനത്തോളം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാകാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

കരാറുകാരനുണ്ടായ സാമ്പത്തിക പ്രതിസന്ധിയും കോവിഡ് കാലത്ത് വിദഗ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവും ചെയ്ത പ്രവൃത്തിയിൽ ഉദ്യോഗസ്ഥർ കണ്ടെത്തിയ അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി കരാറുകാരൻ നൽകിയ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിലുണ്ടായ കാലതാമസവും പ്രവൃത്തി നീണ്ടുപോകുവാൻ കാരണമായിട്ടുണ്ട്. എന്നാൽ ഇപ്പോൾ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ഇപ്പോൾ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്. പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തിരുവല്ല മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ

262(5608) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല മണ്ഡലത്തിൽ റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

(എ&ബി) പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതിയും വ്യക്തമാക്കുന്ന പട്ടിക അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഇരിക്കൂർ മണ്ഡലത്തിൽ അനുവദിച്ച മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

263(5609) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ഇരിക്കൂർ മണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ പട്ടിക നൽകാമോ;

(ബി) പ്രസ്തുത റോഡുകൾക്കോരോന്നിനും അനുവദിച്ച തുക എത്രയാണെന്നും ഏതെല്ലാം റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും അറിയിക്കാമോ;

(സി) പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ-സി) പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും അടങ്ങിയ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

## മണലൂർ മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

264(5610) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും അടങ്ങിയ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

## കുട്ടനാട് കാവാലം പഞ്ചായത്തിൽ ലൈഫ് പദ്ധതിയിൽ വീട്

265(5611) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് കാവാലം ഗ്രാമപഞ്ചായത്തിൽ ചാരിറ്റി ട്രസ്റ്റ് മുഖേന വീട് അനുവദിച്ചവർക്ക് പ്രസ്തുത പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചതിനെത്തുടർന്ന്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലൈഫ് പദ്ധതിയിൽ വീട് ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർക്കും ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീട് അനുവദിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവരാരും ലൈഫ് പദ്ധതിയുടെ 2017-ലെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവരായിരുന്നില്ല. എന്നാൽ 2017-ലെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്കായി 2020-21 കാലയളവിൽ ഓൺലൈനായി അപേക്ഷ സ്വീകരിച്ചിരുന്നു. ഇത്തരത്തിൽ ഓൺലൈനായി അപേക്ഷ സ്വീകരിച്ചപ്പോൾ ഇവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയിന്മേലുള്ള അർഹതാ പരിശോധനാ നടപടികൾ 2021 നവംബർ 1-ാം തീയതി മുതൽ ആരംഭിക്കുന്നുണ്ട്. ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുകയാണെങ്കിൽ ഭവനനിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതാണ്.

(ബി) ഇതുസംബന്ധിച്ച് ലൈഫ് മിഷന് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ലൈഫ് മിഷന് നൽകിയ പരാതിയിന്മേൽ അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഇവരാരും ലൈഫ് പദ്ധതിയുടെ 2017-ലെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവരായിരുന്നില്ല. എന്നാൽ 2017-ൽ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്കായി 2020-21 കാലയളവിൽ ഓൺലൈനായി അപേക്ഷ സ്വീകരിച്ചിരുന്നു. ഇത്തരത്തിൽ ഓൺലൈനായി അപേക്ഷ സ്വീകരിച്ചപ്പോൾ ഇവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയിന്മേലുള്ള അർഹതാ പരിശോധനാ നടപടികൾ 2021 നവംബർ 1-ാം തീയതി മുതൽ ആരംഭിക്കുന്നുണ്ട്. ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുകയാണെങ്കിൽ ഭവനനിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതാണ്.

(സി) സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്ന ഇവരെ സഹായിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ലൈഫ് അർഹതാ മാനദണ്ഡങ്ങളുടെയും ക്ലേശഘടകങ്ങളുടെയും അടിസ്ഥാനത്തിൽ അർഹരായി കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കോട്ടയ്ക്കൽ മണ്ഡലത്തിലെ വട്ടപ്പറമ്പ് എസ്.സി. കോളനിയിലെ റോഡ് നിർമ്മാണം

266(5612) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ വട്ടപ്പറമ്പ് എസ്.സി. കോളനി നിവാസികൾക്ക് മെയിൻ റോഡിലെത്തുവാൻവേണ്ടി മലപ്പുറം ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ?

കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ വട്ടപ്പറമ്പ് എസ്.സി. കോളനി നിവാസികൾക്ക് മെയിൻ റോഡിലെത്തുവാൻവേണ്ടി മലപ്പുറം ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച വട്ടപ്പറമ്പ് തോട്ടിലാക്കൽ കുണ്ട് അതിർത്തി തോട് എന്ന പ്രവൃത്തിയുടെ 25 ശതമാനം പൂർത്തിയായിട്ടുണ്ട്. മഴക്കാലത്തിനുശേഷം പ്രവൃത്തി പുനരാരംഭിക്കുന്നതാണ്.

(ബി) നഗരസഞ്ചയ പദ്ധതിയിലുൾപ്പെടുത്തിയ പ്രസ്തുത പ്രവൃത്തിക്ക് കൂടുതൽ ഫണ്ടനുവദിക്കണമെന്ന് കാണിച്ച് പഞ്ചായത്ത് അധികൃതർ ഡി.ഡി.പി.-ക്ക് അയച്ച കത്തിൽ സ്വീകരിച്ച നടപടികൾ എന്തെന്ന് അറിയിക്കുമോ?

നഗരസഞ്ചയ പദ്ധതിയിലുൾപ്പെടുത്തിയ പ്രസ്തുത പ്രവൃത്തിക്ക് കൂടുതൽ ഫണ്ട് അനുവദിക്കണമെന്ന് കാണിച്ച് പഞ്ചായത്ത് അധികൃതർ ഡി.ഡി.പി.-ക്ക് കത്ത് നൽകിയിട്ടില്ല.

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

മലപ്പുറം ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള വട്ടപ്പറമ്പ് തോട്ടിലാക്കൽ കുണ്ട് അതിർത്തി തോട് എന്ന പ്രവൃത്തി (പ്രോജക്ട് നം. 1093/22) അക്രഡിറ്റഡ് ഏജൻസിവഴിയാണ് നിർവ്വഹണം നടത്തുന്നത്. നിലവിൽ തോട്ടിൽ നിറയെ വെള്ളമുള്ളതിനാൽ വെള്ളം ഇറങ്ങിയതിനുശേഷം മാത്രമേ പ്രവൃത്തി പുനരാരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**മാനന്തവാടി നിയോജകമണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

267(5613) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കീഴിലെ എത്ര റോഡുകളാണ് റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നത്;

(ബി) പ്രസ്തുത റോഡുകളുടെ നവീകരണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ&ബി) റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി ചീഫ് എഞ്ചിനീയർ നിർവ്വഹിക്കുവാൻ ചുമതലപ്പെടുത്തിയിരുന്ന മൂളിത്തോട് കാവാട്ടുകുഴി റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് നിർവ്വഹിക്കുന്നവയിൽ ഒന്നാംഘട്ട പ്രവൃത്തികളുടെ (15 എണ്ണം) നിർമ്മാണ പുരോഗതി അനുബന്ധമായി* ചേർക്കുന്നു. രണ്ടാംഘട്ടമായി അനുവദിച്ച 28 പ്രവൃത്തികളുടെ സർവ്വെ നടപടികൾ പുരോഗമിച്ചുവരുന്നു.

**ഗുരുവായൂർ മണ്ഡലത്തിൽ അനുവദിച്ച പി.എം.ജി.എസ്.വൈ. പദ്ധതി**

268(5614) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ നാളിതുവരെ അനുവദിച്ച പി.എം.ജി.എസ്.വൈ. പദ്ധതികളുടെ വിശദവിവരങ്ങൾ അറിയിക്കുമോ?

ഗുരുവായൂർ മണ്ഡലത്തിൽ നാളിതുവരെ പി.എം.ജി.എസ്.വൈ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി ഗുരുവായൂർ മണ്ഡലത്തിൽനിന്നും പദ്ധതി നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

ചാവക്കാട് മുനിസിപ്പാലിറ്റി, ഗുരുവായൂർ മുനിസിപ്പാലിറ്റി എന്നിവ ഉൾപ്പെടുന്ന ഗുരുവായൂർ മണ്ഡലത്തിൽ, ഗ്രാമീണ റോഡുകൾക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ജി.എസ്.വൈ-യുടെ പദ്ധതി മാർഗ്ഗരേഖ പ്രകാരം അപ്ഗ്രേഡ് ചെയ്ത് നിർമ്മിക്കാൻ സാധിക്കുന്ന റോഡുകൾ നിലവിലില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ചാത്തന്നൂർ മണ്ഡലത്തിലെ ലൈഫ് പദ്ധതി

269(5615) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നഗരസഭ/ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ എത്ര വീടുകൾ ലൈഫ് പദ്ധതിയിലുൾപ്പെടുത്തി നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ടെന്നും എത്ര വീടുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നുവെന്നും അറിയിക്കാമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ലൈഫ് ഒന്ന്, രണ്ട്, മൂന്ന് ഘട്ടങ്ങൾ, അഡീഷണൽ ലിസ്റ്റ് (എസ്.സി/എസ്.ടി/ഫിഷറീസ് പട്ടിക) എന്നിവയിലുൾപ്പെടുത്തി ആകെ 2940 ഗുണഭോക്താക്കളെയാണ് അർഹരായി കണ്ടെത്തിയിട്ടുള്ളത്. ആയതിൽ 1256 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. നാളിതുവരെ വിവിധ ഘട്ടങ്ങളിലായി 1074 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 11 വീടുകൾ റൂഫ് ലെവലിലും 9 വീടുകൾ ലിന്റൽ ലെവലിലും 7 വീടുകൾ ബേസ്മെന്റ് ലെവലിലുമായി 53 വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(ബി) ചാത്തന്നൂർ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം വീട് ലഭിച്ചവരിൽ പട്ടികജാതി വിഭാഗം എത്രയെന്നും പൊതുവിഭാഗം എത്രയെന്നും ലൈഫ് പദ്ധതി പ്രകാരം ഭൂരഹിതരായ എത്രപേർക്ക് ഭൂമി നൽകിയെന്നും വ്യക്തമാക്കാമോ?

ലൈഫ് ഭവന പദ്ധതിപ്രകാരം 623 ജനറൽ ഗുണഭോക്താക്കളും 451 പട്ടികജാതി വിഭാഗം ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 47 ജനറൽ ഗുണഭോക്താക്കളുടെയും 33 പട്ടികജാതി ഗുണഭോക്താക്കളുടെയും ഭവനനിർമ്മാണം പുരോഗതിയിലാണ്. 112 ജനറൽ ഗുണഭോക്താക്കൾക്കും 67 പട്ടികജാതി ഗുണഭോക്താക്കൾക്കും തദ്ദേശ സ്ഥാപനം വഴി ഭൂമി ലഭ്യമാക്കിയിട്ടുണ്ട്.

(സി) ചാത്തന്നൂർ മണ്ഡലത്തിലെ പഞ്ചായത്തുകളിലും നഗരസഭയിലും ലൈഫ് പദ്ധതി പ്രകാരം നിലവിൽ എത്ര അപേക്ഷകർക്ക് വീടുകൾ അനുവദിക്കുവാനുണ്ടെന്നും ഇനി പരിഗണിക്കുവാനുള്ള ഭൂരഹിത/ഭവനരഹിത അപേക്ഷകരുടെ എണ്ണം എത്രയെന്നും വിശദമാക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിൽ 365 ഭവനരഹിത ഗുണഭോക്താക്കൾക്കും 1525 ഭൂരഹിത, ഭവനരഹിത ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകാൻ അവശേഷിക്കുന്നു. കൂടാതെ ലൈഫ് 2020 അപേക്ഷ പ്രകാരം ചാത്തന്നൂർ മണ്ഡലത്തിൽ ഗ്രാമപഞ്ചായത്തുതലത്തിൽ 3825 ഭവനരഹിത ഗുണഭോക്താക്കളും മുനിസിപ്പാലിറ്റിതലത്തിൽ 414 ഭവനരഹിതരും ഗ്രാമപഞ്ചായത്തുതലത്തിൽ 2248 ഭൂരഹിത, ഭവനരഹിത ഗുണഭോക്താക്കളും മുനിസിപ്പാലിറ്റിതലത്തിൽ 518 അപേക്ഷകരും ഉൾപ്പെട്ടിട്ടുണ്ട്.

**കുരാച്ചുണ്ട് സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം**

270(5616) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട് സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി വിട്ടുനൽകുന്നതിനായി ഗവൺമെന്റിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഫയലിന്മേൽ നടപടി സ്വീകരിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറേറ്റിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൂരാച്ചുണ്ട് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി വിട്ടുകൊടുക്കുന്നതിനായി സത്വര നടപടി സ്വീകരിക്കുമോ?

(ബി&സി) ഉണ്ട്. പഞ്ചായത്ത് ഡയറക്ടറേറ്റിൽനിന്നും 23-4-2021-ൽ പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ടി വിഷയത്തിൽ അധിക വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ആവശ്യപ്പെട്ടിരിക്കുന്ന അധിക വിവരങ്ങൾ ലഭ്യമായാലുടൻ, ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മണലൂർ മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി**

271(5617) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം അനുവദിച്ച വീടുകൾ എത്രയെന്നും അതിൽ പൂർത്തീകരിച്ചവ എത്രയെന്നും തദ്ദേശസ്ഥാപനാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

മറുപടി അനുബന്ധം 1*ആയി ചേർക്കുന്നു.

(ബി) പൂർത്തീകരിക്കാൻ ബാക്കിയുള്ള വീടുകളുണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

മറുപടി അനുബന്ധം 2* ആയി ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പുതിയ സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

272(5618) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് നിലവിലെ മാനദണ്ഡങ്ങളെന്തെന്ന് വിശദവിവരം സഹിതം അറിയിക്കാമോ?

പുതിയ സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ 24-1-2020-ലെ ഇഡബ്ല്യു3/330/2019/ തസ്വഭവ. നമ്പർ സർക്കുലർ മുഖേനയും ആയതിലെ ചില വ്യവസ്ഥകൾ 15-2-2021-ലെ ഇഡബ്ല്യുഎ 3/179/2020/തസ്വഭവ. നമ്പർ സർക്കുലർ മുഖാന്തരം ഭേദഗതി ചെയ്തും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറുകൾ പ്രകാരം 1-1-2012-നുമുമ്പ് ഒക്യുപെൻസി ലഭ്യമായ സ്കൂൾ കെട്ടിടങ്ങൾക്ക് Built up area-യുടെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കിക്കൊണ്ട് സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി ഉറപ്പുവരുത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്. 1-1-2012-നുശേഷം ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭ്യമായ കെട്ടിടങ്ങൾക്ക് 1.25 ശതമാനം നിരക്കിൽ സൂപ്പർവിഷൻ ചാർജ്ജ് ഈടാക്കിയാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത്. സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് ആദ്യതവണ, ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും തുടർന്നുള്ള വാർഷിക സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുമാണ് നൽകേണ്ടത്.

(ബി) പുതിയ സ്കൂൾ കെട്ടിടങ്ങളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് അപേക്ഷയിൽ അപാകതകളുള്ളപക്ഷം അവ ക്രമവൽക്കരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

സ്കൂൾ കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നിലവിലുള്ള പഞ്ചായത്ത്/മുനിസിപ്പൽ ബിൽഡിംഗ് റൂൾസ്പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(സി) പുതിയ സ്കൂൾ കെട്ടിടത്തിന് ഫിറ്റ്നസ് ലഭിക്കാത്തതിനാൽ കുറ്റ്യാടി മണ്ഡലത്തിലെ ആറങ്ങോട്ട് സ്കൂളിലെ അദ്ധ്യാപകർക്ക് 10 മാസമായി ശമ്പളം ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

ഉണ്ട്. സ്കൂളിന്റെ പ്രീ-കെ.ഇ.ആർ കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം പണിഞ്ഞതിൽ പി.ഡബ്ല്യൂ.ഡി റോഡിൽനിന്നും നിശ്ചിത അകലം പാലിക്കാത്തതിനാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാതെ 2019-20 വർഷത്തെ തസ്തികനിർണ്ണയം നടത്താൻ സാധിക്കാത്ത സാഹചര്യത്തിലാണ് ശമ്പളം തടഞ്ഞിട്ടുള്ളത്. റോഡിൽനിന്നുള്ള അകലം ക്രമീകരിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉടൻ തീരുമാനമെടുക്കുന്നതാണ്.

**ഷൊർണ്ണൂർ മണ്ഡലത്തിലെ ടേക്ക് എ ബ്രേക്ക് പദ്ധതി**

273(5619) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടേക്ക് എ ബ്രേക്ക് പദ്ധതിയിലുൾപ്പെടുത്തി ഷൊർണ്ണൂർ മണ്ഡലത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന വഴിയോര വിശ്രമകേന്ദ്രങ്ങൾ എത്രയെന്ന് വിശദമാക്കാമോ?

19 വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ഷൊർണ്ണൂർ മണ്ഡലത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്നത്.

(ബി) ഇതിൽ നിർമ്മാണം പൂർത്തീകരിച്ചവ എത്രയെന്ന് വിശദമാക്കാമോ?

4 എണ്ണം നിർമ്മാണം പൂർത്തീകരിച്ചു. (അനങ്ങാടി ഗ്രാമപഞ്ചായത്ത്-2 എണ്ണം, തൃക്കടീരി ഗ്രാമപഞ്ചായത്ത്-1 എണ്ണം, വെള്ളിനേഴി ഗ്രാമപഞ്ചായത്ത് -1 എണ്ണം.)

**പാലക്കാട് പുതുക്കോട് സർവ്വജന സ്കൂൾ കെട്ടിടനിർമ്മാണം**

274(5620) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ ബഡ്ജറ്റിൽ പാലക്കാട് ജില്ലയിലെ പുതുക്കോട് പഞ്ചായത്തിലെ സർവ്വജന സ്കൂളിന് പ്രഖ്യാപിച്ച പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

സർവ്വജന സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിച്ചിട്ടില്ല.

**ആരാധനാലയങ്ങൾക്ക് കെട്ടിടം നിർമ്മിക്കാനുള്ള അനുമതി**

275(5621) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരാധനാലയങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകാനുള്ള അധികാരം ആർക്കാണ് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) നടപടികൾ ലഘൂകരിക്കുന്നതിനായി ഈ വിഷയത്തിൽ സർക്കാർ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) 2019-ലെ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം (4) പ്രകാരം, ഏതൊരു നിർമ്മാണത്തിനും കെട്ടിട നിർമ്മാണാനുമതി നൽകേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുസെക്രട്ടറിയാണ്. ആരാധനാലയങ്ങളുടെ നിർമ്മാണത്തിന് അനുമതി നൽകുമ്പോൾ, ജില്ലാ കളക്ടറുടെ NOC കൂടി വേണമെന്ന നിബന്ധന (ചട്ടം 5(4)), 28-6-2021-ലെ സ.ഉ.(കൈ) നം.120/2021/തസ്വഭവ. ഉത്തരവും സ.ഉ.(കൈ)നം. 121/2021/തസ്വഭവ. ഉത്തരവും പ്രകാരം, ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റിയുടെ NOC മതി എന്നാക്കി മാറ്റിയിട്ടുണ്ട്. 2005-ലെ "Manual of Guidelines to Prevent and Control Communal Disturbances and to promote communal Harmony - മാർഗ്ഗരേഖയിലെ ഖണ്ഡിക 23-ൽ ഭേദഗതി കൊണ്ടുവന്ന് ആഭ്യന്തര വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള G.O.(P)No.19/2021/Home. Dated 14-2-2021 ഉത്തരവിൽ ആരാധനാലയങ്ങളുടെ നിർമ്മാണവും വിപുലീകരണവും സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നാണ് "clearance" വാങ്ങേണ്ടതെന്ന് നിർദ്ദേശിച്ചിരുന്നു.

(സി) ഇതിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

ബഹു. കേരള ഹൈക്കോടതിയിൽ നിലവിലുള്ള WP(C)നമ്പർ 11776/2021 നമ്പർ കേസിന്മേൽ 7-7-2021-ന് പുറപ്പെടുവിച്ചിട്ടുള്ള ഇടക്കാല ഉത്തരവിൽ ആഭ്യന്തര വകുപ്പിന്റെ G.O.(P)No. 19/2021/Home dated 14-2-2021 നമ്പർ ഉത്തരവ് സ്റ്റേ ചെയ്തിട്ടുള്ളതാണ്.

## ലൈഫ് ഭവന പദ്ധതി

276(5622) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോക്താക്കളുടെ പട്ടിക നിലവിലുണ്ടോ?

പട്ടിക നിലവിലുണ്ട്.

(ബി) 2020-ൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചിരുന്നുവെങ്കിലും പട്ടിക ഇതുവരെ പ്രസിദ്ധീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

2020-ൽ ഓൺലൈനായി സമർപ്പിച്ച അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തുന്നതിനായി 27-7-2020-ലെ സ.ഉ.(കൈ) നമ്പർ 112/2020/തസ്വഭവ.പ്രകാരം മാനദണ്ഡങ്ങളും സമയക്രമവും നിശ്ചയിച്ചിരുന്നു. എന്നാൽ തദ്ദേശ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ പരിശോധന മാറ്റിവയ്ക്കേണ്ടിവന്നു. തുടർന്ന് നിയമസഭാ തെരഞ്ഞെടുപ്പ്, കോവിഡിന്റെ രണ്ടാം തരംഗം എന്നിവമൂലമാണ് തുടർനടപടികൾ മുടങ്ങിയത്.

(സി) വെരിഫിക്കേഷൻ നടത്തുന്നതിനും പട്ടിക പ്രസിദ്ധീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ?

പുതിയ സമയക്രമം നിശ്ചയിച്ചതുപ്രകാരം 2021 നവംബർ 1-ന് വെരിഫിക്കേഷൻ ആരംഭിക്കുന്നതും തുടർന്ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതുമാണ്.

## മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതി

277(5623) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി പ്രവൃത്തി പൂർത്തീകരിച്ച റോഡുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

നാളിതുവരെ 2673 പ്രവൃത്തികളാണ് പൂർത്തീകരിച്ചത്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം പൂർത്തീകരിച്ച പ്രവൃത്തികളുടെ തുക അനുവദിച്ച് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ആകെ ലഭിച്ച 2400 ബില്ലുകളിൽ 1236 ബില്ലുകളിലായി 169 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 1164 പ്രവൃത്തികൾക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ

278(5624) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ നിലവിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ പ്രാവർത്തികമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയർ പ്രാവർത്തികമാക്കിയിട്ടുണ്ട്.

## വളാഞ്ചേരി സബ്ട്രഷറി നിർമ്മാണം

279(5625) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി സബ്ട്രഷറി നിർമ്മാണത്തിനായി ഗ്രാമവികസന വകുപ്പിന്റെ കൈവശമുള്ള ഭൂമി ലഭ്യമാക്കണമെന്ന വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിലുള്ള ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി സബ്ട്രഷറി നിർമ്മാണത്തിനായി ഗ്രാമവികസന വകുപ്പിന്റെ കൈവശമുള്ള ഭൂമി ട്രഷറി വകുപ്പിന് അനുവദിക്കുന്നതിന് ഭരണസമിതി തീരുമാനസഹിതം 13-3-2020-ലെ കത്ത് മുഖേന ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി പ്രസ്തുത ഭൂമി സർക്കാരിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കുന്നതിനുള്ള പ്രൊപ്പോസൽ നിർദ്ദിഷ്ട പെർഫോമയിൽ വ്യക്തമായ ശിപാർശ സഹിതം ലഭ്യമാക്കുവാൻ ഗ്രാമവികസന കമ്മീഷണറോട് ആവശ്യപ്പെട്ടിരുന്നു.

(ബി) RC3/1564/2019 നമ്പർ ഫയലിൽ ഗ്രാമവികസന കമ്മീഷണർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഭൂമി പുനർനിക്ഷിപ്തമാക്കുന്നതിനുള്ള പ്രൊപ്പോസൽ 29-10-2021-ന് ഗ്രാമവികസന കമ്മീഷണർ സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(സി) പരിമിതമായ സൗകര്യങ്ങളോടുകൂടി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സബ് ട്രഷറിക്കുവേണ്ടി സ്ഥലം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ**

280(5626) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസിന് എവിടെയെല്ലാം സോണൽ ഓഫീസുകൾ ഉണ്ടെന്ന് അറിയിക്കുമോ?

തിരുവനന്തപുരം കോർപ്പറേഷന്റെ സോണൽ ഓഫീസുകളുടെ പേരുകൾ ചുവടെ ചേർക്കുന്നു,

| | |
|---|---|
| 1. | കടകംപള്ളി |
| 2. | തിരുവല്ലം |
| 3. | കഴക്കൂട്ടം |
| 4. | കുടപ്പനക്കുന്ന് |
| 5. | ഫോർട്ട് |
| 6. | വിഴിഞ്ഞം |
| 7. | ഉള്ളൂർ |
| 8. | നേമം |
| 9. | വട്ടിയൂർക്കാവ് |
| 10. | ശ്രീകാര്യം |
| 11. | ആറ്റിപ്ര |

(ബി) ഈ ഓഫീസുകളിലായി ആകെ എത്ര ജീവനക്കാരുണ്ടെന്ന് അറിയിക്കുമോ?

തിരുവനന്തപുരം നഗരസഭയുടെ എല്ലാ സോണൽ ഓഫീസുകളിലുമായി 271 ജീവനക്കാരുണ്ട്.

(സി) ഈ ഓഫീസുകളിലെല്ലാം ഓഡിറ്റ് പരിശോധന നടത്താറുണ്ടോയെന്നും എവിടെയെല്ലാമാണ് നികുതി പിരിവിലും കണക്ക് സൂക്ഷിപ്പിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ?

കാലങ്ങളായി നഗരസഭയുടെ കൺകറന്റ് ഓഡിറ്ററായ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് നടത്തിവരുന്നു. 2018-19 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് മാത്രമാണ് നിലവിൽ ലഭ്യമായിട്ടുള്ളത്. നിലവിൽ നേമം, ആറ്റിപ്ര, ശ്രീകാര്യം സോണൽ ഓഫീസുകളിലാണ് ക്രമക്കേട് കണ്ടെത്തിയിട്ടുള്ളത്.

(ഡി) തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ സാമ്പത്തിക സുതാര്യത ഉറപ്പുവരുത്താൻ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

തദ്ദേശഭരണ സ്ഥാപനങ്ങളിൽ സാമ്പത്തിക സുതാര്യത ഉറപ്പുവരുത്തുന്നതിനായി വിവിധതരത്തിലുള്ള ഓഡിറ്റ് സംവിധാനവും പരിശോധനാ സംവിധാനവും നിലവിലുണ്ട്. കൂടാതെ ഓംബുഡ്സ്മാൻ, ട്രിബ്യൂണൽ സംവിധാനവും പ്രവർത്തിക്കുന്നു. കൂടാതെ തദ്ദേശസ്ഥാപനങ്ങളിലെ സ്റ്റാൻഡിംഗ് കമ്മിറ്റികളും ഭരണസമിതികളും ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

(ഇ) പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; ഇതിനായി വീടുകളിൽനിന്നും പണപ്പിരിവ് നടത്തുന്നതിന് ആലോചനയുണ്ടോ; വിശദാംശം നൽകുമോ?

തദ്ദേശ സ്ഥാപനങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള ഹരിത കർമ്മ സേനകൾ വഴി അജൈവമാലിന്യം ശേഖരിച്ച് തദ്ദേശ സ്ഥാപന തലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള MCF (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി)-കളിൽ സംഭരിക്കുകയും അവിടെനിന്നും RRF (റിസോഴ്സ് റിക്കവറി ഫെസിലിറ്റി) -കളിൽ എത്തിക്കുകയും, ആയത് പുനഃചംക്രമണത്തിനായി തദ്ദേശ സ്ഥാപനം ക്ലീൻ കേരള കമ്പനി/സ്ക്രാപ്പ് വ്യാപാരികൾക്കും കൈമാറിവരുന്നു. ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി വിവിധ പദ്ധതികൾ മുഖേന ജൈവ കമ്പോസ്റ്റിംഗ് ഉപകരണങ്ങൾ സബ്സിഡിയോടുകൂടി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു. മാർക്കറ്റുകളിൽ തദ്ദേശസ്ഥാപനം സാമൂഹ്യ കമ്പോസ്റ്റിംഗ് യൂണിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. ഹരിത കർമ്മ സേനകൾ വഴി പാഴ്വസ്തുക്കൾ ശേഖരിച്ച് മാലിന്യം സംസ്കരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നിശ്ചയിച്ചിരിക്കുന്ന യൂസർ-ഫീ ശേഖരിക്കുന്നതിന് 12-10-2021-ലെ സ.ഉ (കൈ)നം. 1972/2021/ തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(എഫ്) ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ തനത് ഫണ്ട് ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള ഹരിതകർമ്മ സേന ഈടാക്കുന്ന യൂസർ-ഫീ സർക്കാർ ഉത്തരവുകൾക്കനുസൃതമായി

ഇവരുടെ വേതനാവശ്യങ്ങൾക്കായി ചെലവഴിച്ചുവരുന്നു. എന്നാൽ കോവിഡ്-19 പ്രതിസന്ധിമൂലമുണ്ടാകുന്ന ഹരിത കർമ്മസേനയുടെ വരുമാനക്കുറവ്/വരുമാനമില്ലായ്മ നികത്തുന്നതിനായി 2021 ജൂൺ മാസം മുതൽ 4 മാസത്തേയ്ക്കുകൂടി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ/തനത് ഫണ്ടിൽനിന്നും ഹരിതകർമ്മ സേനകളുടെ പ്രവർത്തനത്തിന് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകുന്നതിന് അനുമതി നൽകി 12-10-2021-ലെ സ.ഉ.(കൈ)നം. 1972/2021/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

## ഗ്രാമപഞ്ചായത്ത് വകുപ്പിൽ സ്പാർക്ക്

281(5627) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാർക്ക് സ്പാർക്ക് നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാർ ഗ്രാമപഞ്ചായത്ത് ഓഫീസിൽനിന്നും ഡയറക്ടറേറ്റ്, പെർഫോമൻസ് ഓഡിറ്റ്‌വിംഗ്, ജില്ലാ ഓഫീസുകൾ തുടങ്ങിയ ഓഫീസുകളിൽ ട്രാൻസ്ഫർ ആയി പോകുമ്പോൾ സ്പാർക്ക് ഉപയോഗിക്കുന്നതിലെ സാങ്കേതിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി മുഴുവൻ ജീവനക്കാർക്കും ഏകീകൃത രീതിയിൽ സ്പാർക്ക് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) തദ്ദേശസ്വയംഭരണ പൊതുസർവ്വീസിൽ ഉൾപ്പെട്ട മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, നഗരവികസനം, ഗ്രാമവികസനം എന്നീ വകുപ്പുകളിൽ സ്പാർക്ക് നിലവിലുള്ളപ്പോൾ ഗ്രാമപഞ്ചായത്തുകളിൽ മാത്രം ആയത് നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) സർക്കാരിന് സാമ്പത്തിക ബാദ്ധ്യത വരാത്തതും എന്നാൽ ജീവനക്കാർക്ക് ഗുണകരവുമാകുന്ന തരത്തിൽ ഗ്രാമപഞ്ചായത്തുകളിൽ സ്പാർക്ക് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

(എ-ഡി) ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാർക്ക് അതത് ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽനിന്നും ശമ്പളം നൽകുന്നതിനാൽ നിലവിലുള്ള SPARK സംവിധാനത്തിൽ ഗ്രാമപഞ്ചായത്ത് ഓഫീസുകളെ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ ധനകാര്യ വകുപ്പ് (ITSF)-ന്റെ 4-8-2020-ലെ G.O(P).No.103/2020/FIN. നമ്പർ ഉത്തരവനുസരിച്ച് എല്ലാ ഗ്രാമപഞ്ചായത്ത് ഓഫീസുകളിലും G-SPARK സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ G-SPARK സംവിധാനം

നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. G-Spark സംവിധാനം പൂർണ്ണമായി നടപ്പിലാക്കുമ്പോൾ, സ്ഥലംമാറ്റത്തിന്റെ ഭാഗമായി സ്പാർക്ക് ഉപയോഗിക്കുന്നതിലെ സാങ്കേതികപ്രശ്നങ്ങൾ പരിഹരിക്കപ്പെടും.

## തദ്ദേശ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് പെൻഷൻ

282(5628) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് പെൻഷനും ആരോഗ്യ സുരക്ഷാ പദ്ധതികളും ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

(എ&ബി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് പെൻഷനും ആരോഗ്യ സുരക്ഷാ പദ്ധതികളും ഏർപ്പെടുത്തുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഇതിനായി ഉപസമിതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉപസമിതിയിലെ അംഗങ്ങൾ ആരൊക്കെയെന്നും പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും വിശദീകരിക്കുമോ?

ഇതിനായി ഉപസമിതി രൂപീകരിച്ചിട്ടില്ല. എന്നാൽ മുൻ ജനപ്രതിനിധികളുടെ വിവിധ ആവശ്യങ്ങൾ പഠിക്കുന്നതിനും മുൻ ജനപ്രതിനിധികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി നൽകുന്നതിനുംവേണ്ടി ഉപസമിതി രൂപീകരിച്ചിട്ടുണ്ട്.

## വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗവ. ന്യൂ എൽ.പി. സ്കൂളിന്റെ പുതിയ കെട്ടിടം നിർമ്മാണം

283(5629) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷം നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽനിന്നും 90 ലക്ഷം രൂപയ്ക്ക് 24-11-2017-ൽ ആർ.ഡി.4-1023/17 നമ്പർ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതും തദ്ദേശസ്വയംഭരണ വകുപ്പിനെ നിർമ്മാണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളതുമായ വൈപ്പിൻ നിയോജകമണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗവ. ന്യൂ എൽ.പി. സ്കൂളിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

പുതിയ സ്കൂൾ കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് നിലനിൽക്കുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റിയാൽ മാത്രമേ നിർമ്മാണം ആരംഭിക്കാനാകുകയുള്ളൂ. ഇതിന് പഴയ കെട്ടിടത്തിന്റെ സർവ്വെ റിപ്പോർട്ട് തയ്യാറാക്കി ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതി വാങ്ങി പ്രസ്തുത സ്കൂളിൽനിന്നും ലേലനടപടികൾ കൈക്കൊണ്ട് വിദ്യാഭ്യാസ വകുപ്പിൽനിന്നും അനുമതി നേടിയിട്ടുണ്ട്. ടി നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ടായ കാലതാമസമാണ് നിർമ്മാണം ആരംഭിക്കുന്നതിന് തടസ്സമായത്.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

2021 നവംബർ 15-ാം തീയതിയോടുകൂടി കരാറുകാരന് സൈറ്റ് കൈമാറുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയുടെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി പ്രകാരമുള്ള പൂർത്തീകരണ കാലാവധി ആറുമാസമാണ്.

(ഡി) കാലാവധി അവസാനിച്ചിട്ടുണ്ടെങ്കിൽ ഭരണാനുമതി പുതുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

ഉണ്ട്. പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുവേണ്ടി 25-10-2021-ൽ ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

**നിലമ്പൂർ മണ്ഡലത്തിലെ എടക്കര ബൈപ്പാസ് നിർമ്മാണം**

284(5630) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ എടക്കര ബൈപ്പാസ് നിർമ്മാണത്തിന് എടക്കര ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുള്ള ചില റോഡുകളുടെ ഭാഗങ്ങൾ പൊതുമരാമത്ത് വകുപ്പിന് വിട്ട് നൽകിയിട്ടുണ്ടോ; ഈ ഭാഗങ്ങൾ കൈമാറണമെന്ന് പൊതുമരാമത്ത് വകുപ്പ് എടക്കര ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പും എടക്കര ഗ്രാമപഞ്ചായത്തിൽ കത്ത് ലഭിച്ച തീയതിയും ലഭ്യമാക്കാമോ?

എടക്കര ബൈപ്പാസ് നിർമ്മാണത്തിന് എടക്കര ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുള്ള ചില റോഡുകളുടെ ഭാഗങ്ങൾ പൊതുമരാമത്ത് വകുപ്പിന് വിട്ടുനൽകിയിട്ടില്ല. റോഡുകൾ കൈമാറിക്കിട്ടുന്നതിന് പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ സെക്ഷൻ നിലമ്പൂർ) അസിസ്റ്റന്റ് എഞ്ചിനീയർ 1-3-2021, 24-8-2021 എന്നീ തീയതികളിൽ 321/2020 നമ്പർ കത്തും ഓർമ്മക്കുറിപ്പും എടക്കര ഗ്രാമപഞ്ചായത്തിന് നല്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധം-I* ആയി ചേർക്കുന്നു.

(ബി) എടക്കര ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ തീരുമാനങ്ങളുടെ പകർപ്പുകളും ഗ്രാമപഞ്ചായത്ത് സെക്രട്ടറി പൊതുമരാമത്ത് വകുപ്പിന് നൽകിയ കത്തുകളുടെയും മറുപടികളുടെയും പകർപ്പുകളും ലഭ്യമാക്കാമോ?

എടക്കര ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 17-9-2021-ലെ 3/1 നമ്പർ തീരുമാനത്തിന്റെ പകർപ്പ്, പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ നിലമ്പൂർ സെക്ഷൻ, അസിസ്റ്റന്റ് എഞ്ചിനീയർക്ക് എടക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നല്കിയ കത്തിന്റെ പകർപ്പ് എന്നിവ അനുബന്ധം-II* ആയി ചേർക്കുന്നു.

(സി) പൊതുമരാമത്ത് റോഡുകളുടെ അലൈൻമെന്റ് നിശ്ചയിക്കുന്നതിലും മാറ്റുന്നതിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടോയെന്ന് അറിയിക്കാമോ; വിശദമാക്കാമോ?

പൊതുമരാമത്ത് റോഡുകളുടെ അലൈൻമെന്റ് നിശ്ചയിക്കുന്നതിനും മാറ്റുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികാരമില്ല.

(ഡി) പൊതുമരാമത്ത് നിശ്ചയിക്കുന്ന അലൈൻമെന്റുകൾ സ്വകാര്യ താൽപ്പര്യാധിഷ്ഠിതമാണെന്ന് ഏത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കണ്ടെത്താനാകുക; ഇത്തരം പരിശോധനകൾക്കായി തദ്ദേശസ്വയംഭരണ വകുപ്പ് മാർഗ്ഗനിർദ്ദേശങ്ങളോ ചട്ടങ്ങളോ രൂപീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

പൊതുമരാമത്ത് നിശ്ചയിക്കുന്ന അലൈൻമെന്റുകൾ സ്വകാര്യ താത്പര്യാധിഷ്ഠിതമാണെന്ന് കണ്ടെത്തുന്നതിന് നിലവിൽ തദ്ദേശഭരണ സ്ഥാപനത്തിന് സംവിധാനമില്ല. ആയതിന് സർക്കാരോ തദ്ദേശസ്വയംഭരണ വകുപ്പോ മാർഗ്ഗനിർദ്ദേശങ്ങളോ ചട്ടങ്ങളോ രൂപീകരിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) എടക്കര ബൈപ്പാസുമായി ബന്ധപ്പെട്ട നിലവിലുള്ള അലൈൻമെന്റിൽ വാസഗൃഹങ്ങളും കിണറും ശൗചാലയങ്ങളും നഷ്ടപ്പെടുമെന്ന് കാണിച്ച് എടക്കര ഗ്രാമപഞ്ചായത്തിൽ ആരുടെയെങ്കിലും സങ്കട ഹർജികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നാളിതുവരെ ലഭിച്ച സങ്കട ഹർജികളുടെ പകർപ്പ് ലഭ്യമാക്കാമോ; മേൽ സങ്കട ഹർജികളിൽ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ഉണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് ഡോ. ജെ. ഗീതകുമാരി അമ്മ, ടി. എൻ. കെ റോഡ്, കലാസാഗർ എന്നവരുടെ ഹർജികൾ 15-9-2021 -നം ശ്രീ. ജോൺ കെ. പി, കൊല്ലംപറമ്പിൽ, ടി. എൻ. കെ റോഡ്, കലാസാഗർ എന്നവരുടെ ഹർജികൾ 16-9-2021-നം എടക്കര ഗ്രാമപഞ്ചായത്ത് ഓഫീസിൽ ലഭിച്ചിരുന്നു (പകർപ്പ് അനുബന്ധം-III* ആയി ഉള്ളടക്കം ചെയ്യുന്നു). ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 17-9-2021-ലെ യോഗത്തിൽ എടക്കര ബൈപ്പാസ് നിർമ്മാണത്തിന് റോഡ് കൈമാറുന്നത് സംബന്ധിച്ച 3-ാം നമ്പർ അജണ്ടയായി, ചർച്ച ചെയ്ത് തീരുമാനമെടുക്കുകയും ആയത് പൊതുമരാമത്ത് വകുപ്പിന് 23-9-2021-ന് നല്കിയിട്ടുമുണ്ട്.

(എഫ്) പൊതുതാൽപ്പര്യമുള്ള എടക്കര ബൈപ്പാസ്പോലുള്ള വിഷയങ്ങളിൽ അധികാരപരിധിയിൽ വരാത്ത കാരണങ്ങൾ ചൂണ്ടിക്കാട്ടി പൊതുമരാമത്ത് വകുപ്പിന് സ്ഥലം വിട്ടുനൽകുന്നത് മനഃപൂർവ്വം താമസിപ്പിക്കുന്നതരത്തിൽ കത്തുകളും മറുപടികളും നൽകുന്നതായി ആരോപിക്കപ്പെടുന്ന എടക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അന്വേഷണം നടത്തുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി ജനകീയ സമിതികൾ**

285(5631) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ?

ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി 62 ഗ്രാമപഞ്ചായത്തുകളിലും 34 നഗരസഭകളിലും ജനകീയ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കാസർഗോഡ് ജില്ലയിൽ ജനകീയ സമിതികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ഏതൊക്കെ നദികളും നീർച്ചാലുകളുമാണ് പുനരുജ്ജീവിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ ജനകീയ സമിതികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ പുനരുജ്ജീവിപ്പിച്ച നദികളുടെയും നീർച്ചാലുകളുടെയും ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

**ഗ്രാമ പഞ്ചായത്തുകളിലെ പ്രായോഗികമല്ലാത്ത നിർദ്ദേശങ്ങൾ**

286(5632) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകളിൽ പ്രായോഗികമല്ലാത്ത നിർദ്ദേശങ്ങൾ പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥൻ ജീവനക്കാരുടെ പേരിൽ കഠിന നടപടികൾ സ്വീകരിക്കുന്നുവെന്ന ആക്ഷേപം പരിശോധിക്കുമോ;

(സി) പഞ്ചായത്തുകളിൽ ഏതെങ്കിലും കാര്യം നടപ്പിലാക്കുന്നതിന് ആവശ്യമായ സമയം നൽകാതെ ജീവനക്കാരെ സമ്മർദ്ദത്തിലാക്കുന്നത് തടയുവാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

(എ-സി ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പഞ്ചായത്ത് ജീവനക്കാർ ഫോൺ മൂന്ന് റിംഗിനുള്ളിൽ എടുക്കണമെന്ന പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ ഫോൺ വിളിച്ചാൽ ഈ ഉദ്യോഗസ്ഥൻ ഫോൺ എടുക്കാറില്ലെന്ന ആക്ഷേപം അന്വേഷിക്കുമോ; ഈ വിഷയത്തിൽ സർക്കാർ നയം വ്യക്തമാക്കാമോ?

പഞ്ചായത്ത് വകുപ്പിലെ ഓഫീസുകളുടെ സുഗമമായ പ്രവർത്തനം, കാര്യക്ഷമത, സേവനങ്ങളുടെ വേഗത വർദ്ധിപ്പിക്കൽ എന്നിവയ്ക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ 15-7-2021-ലെ PAN/2444/2020-D3(DP) നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ജനപ്രതിനിധികൾ ഉൾപ്പടെയുള്ളവർ ഫോൺ വിളിച്ചാൽ ഈ ഉദ്യോഗസ്ഥൻ ഫോൺ എടുക്കാറില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ഈ ഉദ്യോഗസ്ഥൻ ഫയലുകൾ വച്ചുതാമസിപ്പിക്കുന്നതും തുടർച്ചയായി ഓഫീസ് വിട്ടുനിൽക്കുന്നതുമായ ആരോപണം അന്വേഷിച്ച് നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പഞ്ചായത്തുകളിൽ തനത് ഫണ്ട് വർദ്ധിപ്പിക്കാൻ നടപടി**

287(5633) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തനത് ഫണ്ട് കുറവുള്ള പഞ്ചായത്തുകളിൽ പ്രസ്തുത ഫണ്ട് വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികളെക്കുറിച്ച് ആലോചിക്കുന്നുണ്ടോ;

(ബി) തനത് ഫണ്ട് കുറവുള്ള പഞ്ചായത്തുകളിൽ ആയത് വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് പഞ്ചായത്തുകളെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

(എ&ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണപരമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിന് സംസ്ഥാന ബഡ്ജറ്റിൽനിന്നും അനുവദിക്കുന്ന പൊതുആവശ്യഫണ്ട്, വിടവ് നികത്തൽ ഫണ്ട് എന്നിവയ്ക്ക് പുറമേ കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകളനുസരിച്ച് ചുമത്താവുന്ന നികുതികളും ഫീസുകളും പിഴ തുകകളും ഉപയോഗിക്കാവുന്നതാണ്. കൂടാതെ പഞ്ചായത്തുവക ആസ്തികളിൽ (ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ്, ബസ് സ്റ്റാൻഡ്, കംഫർട്ട് സ്റ്റേഷൻ തുടങ്ങിയവ) നിന്നുള്ള വരുമാനവും ഭരണപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാം. നികുതി-നികുതിയേതര വരുമാനങ്ങളിൽ കാലാകാലങ്ങളിൽ ആനുപാതിക വർദ്ധനവുണ്ടാകുന്നത് ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനം വർദ്ധിക്കുന്നതിന് സഹായകരമാകുന്നതാണ്. വരുമാനം കുറവായ ഗ്രാമ പഞ്ചായത്തുകൾ ലഭ്യമായ വിഭവ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തിയും പുതിയ വിഭവ സ്രോതസ്സുകൾ കണ്ടെത്തിയും കൂടുതൽ വിഭവ സമാഹരണം നടത്താവുന്നതാണ്. കൂടാതെ അതത് തദ്ദേശ സ്ഥാപനങ്ങൾക്ക് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അവരുടെ പ്രാദേശിക സാഹചര്യങ്ങൾക്കനുസൃതമായി തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

## ബയോമെട്രിക് മസ്റ്ററിംഗ്

288(5634) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സാമൂഹികക്ഷേമ പെൻഷനുകൾ എത്ര പേർക്ക് ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ ബയോമെട്രിക് മസ്റ്ററിംഗ് അടിയന്തരമായി നടത്തി അർഹതപ്പെട്ട എല്ലാവർക്കും കുടിശ്ശികയടക്കമുള്ള പെൻഷൻ ലഭ്യമാക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) 2019 ഡിസംബർ 31 വരെ സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളായിരുന്നവരിൽ 342985 പേർ മസ്റ്ററിംഗ് പൂർത്തിയാക്കിയിരുന്നില്ല. ഇവരിൽ പല കാരണങ്ങളാൽ സസ്പെൻഡ് ചെയ്യപ്പെട്ടവർ ഒഴികെ 195142 സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും വിവിധ ക്ഷേമനിധി ബോർഡുകളിലെ 107541 പെൻഷൻ ഗുണഭോക്താക്കളുടെയും പെൻഷൻ തടയപ്പെട്ടിട്ടുണ്ട്. ബയോമെട്രിക് മസ്റ്ററിംഗിനായി സമയം അനുവദിക്കുന്ന അവസരത്തിൽ മസ്റ്ററിംഗ് പൂർത്തിയാക്കുന്നപക്ഷം ഇവർക്ക് തുടർന്ന് പെൻഷൻ ലഭിക്കുന്നതാണ്. മസ്റ്ററിംഗിനായി സമയം അനുവദിക്കുന്ന വിഷയം ധനകാര്യ വകുപ്പിൽ പരിശോധിച്ചുവരുന്നു.

(സി) ക്ഷേമ പെൻഷൻ വിതരണത്തിൽ വരുന്ന കാലതാമസം പരിഹരിക്കുന്നതിനായി സത്വരനടപടികൾ കൈക്കൊള്ളുമോ?

സാമൂഹ്യസുരക്ഷാ പെൻഷനുകളും ക്ഷേമനിധി ബോർഡ് പെൻഷനുകളും വിതരണം ചെയ്യുന്നതിൽ കാലതാമസം വരുന്നില്ല. 2020 സെപ്റ്റംബർ മുതൽ അതാത് മാസം പെൻഷൻ അനുവദിച്ച് വിതരണം ചെയ്തുവരുന്നു. 2021 ഒക്ടോബർ മാസത്തെ പെൻഷൻ അനുവദിച്ചുകൊണ്ട് ഇതിനകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടി

289(5635) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രോൺ സർവ്വേ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി തദ്ദേശസ്ഥാപനങ്ങളുടെ ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നറിയിക്കാമോ? ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നതുപ്രകാരം

എന്തൊക്കെ പ്രയോജനങ്ങളാണ് ലഭിക്കുന്നതെന്ന് അറിയിക്കാമോ; ഡിജിറ്റൈസ് ചെയ്ത ആസ്തികൾ യഥാസമയം അപ്ഡേറ്റ് ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഡ്രോൺ സർവ്വേ സംവിധാനം പ്രയോജനപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ മാത്രമായി ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചിട്ടില്ല. ആസ്തികൾ ഡിജിറ്റലൈസ് ചെയ്യുന്നതു മുഖേന, നിലവിലെ ആസ്തികളെ സംബന്ധിക്കുന്ന കൃത്യവും പൂർണ്ണവുമായ വിവരങ്ങൾ സംരക്ഷിക്കുന്നതിനും ഭാവിയിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികളെ സംബന്ധിക്കുന്ന വിവരങ്ങൾ അതാത് സമയങ്ങളിൽത്തന്നെ രേഖപ്പെടുത്തുന്നതിനും സാധിക്കുന്നു. കൂടാതെ, ആസ്തി സംരക്ഷണം, സൃഷ്ടിക്കൽ എന്നിവ സംബന്ധിച്ച പദ്ധതികൾ തയ്യാറാക്കുന്നതിനും ആസ്തികളിന്മേലുള്ള കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും സഹായിക്കുന്നു. തദ്ദേശസ്ഥാപനങ്ങളുടെ നിലവിലെ ആസ്തി രജിസ്റ്റർ ഐ.കെ.എം-ന്റെ നേതൃത്വത്തിൽ സചിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ഇതിലൂടെ യഥാസമയം അപ്ഡേറ്റ് ചെയ്യുവാനും സാധിക്കും.

(ബി) ഇത്തരത്തിൽ എത്ര തദ്ദേശസ്ഥാപനങ്ങൾ ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെ ത്രിതല പഞ്ചായത്തുകളുടെ റോഡ് ആസ്തികൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് റോഡ് കണക്ടിവിറ്റി മാപ്പിംഗ് എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നതിന് ഏതൊക്കെ സർക്കാർ അംഗീകൃത ഏജൻസികളാണ് നിലവിലുള്ളതെന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ?

12-12-2019-ലെ സ.ഉ(സാധാ)നം.2834/2019/തസ്വഭവ. നമ്പർ ഉത്തരവുപ്രകാരം ഗ്രാമീണപഠന കേന്ദ്രം, കേരളം, സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആൻഡ് എൻവയോൺമെന്റൽ സ്റ്റഡീസ് എന്നീ ഏജൻസികളെ ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നതിന് അക്രഡിറ്റേഷൻ ഏജൻസിയാക്കിയിട്ടുണ്ട്. 4-10-2018-ലെ സ.ഉ.(സാധാ) നം.2556/2018/തസ്വഭവ. പ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവായിട്ടുണ്ട്. IKM-ന് മേൽനോട്ടച്ചുമതല നൽകിയിട്ടുണ്ട്. കൂടാതെ കേരള സർക്കാർ സ്ഥാപനമായ

പ്ലാനിംഗ് & ഇക്കണോമിക് അഫയേഴ്സിന്റെ കീഴിലുള്ള KSREC (Kerala State Remote Sensing and Environment Centre), ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയർ സേവനം നൽകുന്നു.

**കാസർഗോഡ് ജില്ലയിൽ ലൈഫ് ഭവന പദ്ധതി**

290(5636) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ ലൈഫ് ഭവന പദ്ധതിപ്രകാരം നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് നൽകിയ വീടുകൾ എത്രയെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ?

മറുപടി അനുബന്ധമായി* ചേർക്കുന്നു.

**തദ്ദേശസ്വയംഭരണ വകുപ്പിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ**

291(5637) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ വകുപ്പിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിലെ വിവിധ തസ്തികകളിലുണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്.

**ഗ്രാമ പഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി തസ്തികകൾ**

292(5638) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ എത്ര അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളാണുള്ളത്; അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളില്ലാത്ത പഞ്ചായത്തുകളിൽ എന്തുകൊണ്ടാണ് പ്രസ്തുത തസ്തികകൾ സൃഷ്ടിക്കാത്തത്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ 865 അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലില്ലാത്ത 76 ഗ്രാമപഞ്ചായത്തുകളിൽ പുതുതായി തസ്തിക സൃഷ്ടിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പഞ്ചായത്ത് വകുപ്പിൽ ഹെഡ് ക്ലർക്ക് - ജൂനിയർ സൂപ്രണ്ട് അനുപാതം എത്രയാണ്; വ്യക്തമാക്കാമോ?

പ്രത്യേക അനുപാതം നിശ്ചയിച്ചിട്ടില്ല.

(സി) സർക്കാരിന് യാതൊരു അധിക സാമ്പത്തിക ബാദ്ധ്യതയുമില്ലാതെ പഞ്ചായത്തുകളിലെ ഹെഡ് ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ടായി മാറ്റാവുന്നതാണെന്നിരിക്കെ നാളിതുവരെ ഇതുസംബന്ധിച്ച് ഒരു തീരുമാനം ഉണ്ടാകാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) അഞ്ച് ക്ലറിക്കൽ തസ്തികയ്ക്ക് ഒരു ജൂനിയർ സൂപ്രണ്ട് എന്ന അനുപാതം നിലനിൽക്കെ, അഞ്ച് ക്ലറിക്കൽ തസ്തികയിൽ കൂടുതലുള്ള പഞ്ചായത്തുകളിൽ പ്രസ്തുത അനുപാതം പാലിക്കാതെ വരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിക്കുമോ; അനുകൂലമായ നടപടി സ്വീകരിക്കുമോ?

(സി&ഡി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജൂനിയർ സൂപ്രണ്ട് അല്ലെങ്കിൽ ഹെഡ് ക്ലാർക്ക് തസ്തിക (ഏതെങ്കിലും ഒന്ന്) നിലവിലുണ്ട്. നിലവിൽ വിഷയം പരിഗണനയിലില്ല.

**അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ**

293(5639) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ?

133

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി ഈ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

അഭിമുഖം പൂർത്തിയാക്കിയിട്ടുണ്ട്. നിയമന ഉത്തരവുകൾ തയ്യാറാക്കുന്നു.

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാനുള്ള ഉത്തരവ് നിലനിൽക്കുന്നുണ്ടോ; പ്രസ്തുത ഉത്തരവിലെ വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്. ദിവസവേതന/കരാർ ജീവനക്കാരുടെ വേതന വർദ്ധനവുമായി ബന്ധപ്പെട്ട ഏറ്റവും പുതിയ ഉത്തരവ് 11-02-2021-ലെ സ.ഉ(പി) നം. 29/2021/ധന ആണ്. എല്ലാ വർഷവും, സർക്കാരിന് അനിവാര്യമെന്ന് തോന്നുന്നപക്ഷം മാറുന്ന വിലസൂചികയ്ക്കനുസരിച്ച് ഇവരുടെ വേതനം പുതുക്കി നിശ്ചയിക്കാറുണ്ട്.

(ഡി) ഈ ഉത്തരവുകളിലെ നിബന്ധനകൾ പ്രകാരം നിയമിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് നിർവ്വഹണച്ചുമതല ഏറ്റെടുക്കാൻ സാധിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കാമോ?

കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ഡി.ഡി.ഒ. ചുമതല നൽകാൻ കഴിയാത്തതിനാൽ നിർവ്വഹണച്ചുമതലയും നൽകാൻ കഴിയുകയില്ല. പദ്ധതികളുടെ രൂപീകരണവും മേൽനോട്ടവും മാത്രമേ ഇവർക്ക് നൽകാൻ കഴിയുകയുള്ളൂ. അത്തരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ പദ്ധതി നിർവ്വഹണച്ചുമതല ബന്ധപ്പെട്ട സെക്രട്ടറിമാർക്കാണ്.

**തദ്ദേശസ്വയംഭരണ വകുപ്പിലെ ഓവർസിയർമാരുടെ തസ്തികകൾ**

294(5640)<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ ഓവർസിയർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉണ്ട്.

(ബി) സാങ്കേതിക വിഭാഗത്തിൽപ്പെട്ട ഓവർസിയർമാരുടെ സേവനം പദ്ധതി നിർവ്വഹണത്തിന് അത്യന്ത്യാപേക്ഷിതമായിരിക്കെ, ഒഴിവുള്ള മുഴുവൻ തസ്തികകളിലും നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പി.എസ്.സി. മുഖേന നികത്തേണ്ട ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ

295(5641) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വകുപ്പിനുകീഴിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര തസ്തികകൾ ഒഴിവുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ 18 ഒഴിവുകളാണ് നിലവിലുള്ളത്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## എൽ.ഡി ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കൽ

296(5642) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കണമെന്നുള്ള പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയിൽ നടപടി കൈക്കൊള്ളണമെന്ന കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 10-9-2021-ലെ ഒ.എ. (ഇ.കെ.എം) 1115/2021 വിധിന്യായത്തിലെ നിർദ്ദേശത്തിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പഞ്ചായത്തുകളിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കണമെന്ന പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശ നിരസിച്ചുകൊണ്ടും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 10-9-2021-ലെ ഒ.എ.(ഇ.കെ.എം) 1115/2021 വിധിന്യായം നടപ്പാക്കികൊണ്ടും 1-11-2021-ലെ സ.ഉ(സാധാ) നം.2156/21/തസ്വഭവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്*.

(ബി) എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ പേര് എൽ.ഡി. കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നാക്കണമെന്ന പത്താം ശമ്പള കമ്മീഷന്റെ ശിപാർശ നടപ്പാക്കാൻ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇക്കാര്യത്തിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ പേര് എൽ.ഡി. കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നാക്കണമെന്ന പത്താം ശമ്പള കമ്മീഷന്റെ ശിപാർശ സംബന്ധിച്ച് ഈ വകുപ്പിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## നഗരസഭകളിലെ അക്കൗണ്ടന്റ് തസ്തിക

297(5643) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലേതിന് സമാനമായി നഗരസഭകളിൽ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ച് ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

ഉണ്ട്. 30-6-12-ലെ സ.ഉ (എം.എസ്) നം.182/2012/തസ്വഭവ. നമ്പർ ഉത്തരവുപ്രകാരം നഗരസഭകളിൽ നിലവിലുള്ള ഒരു യു.ഡി.ക്ലാർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്ത് അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) നഗരസഭകളിൽ അക്കൗണ്ടന്റ് തസ്തിക ഇല്ലാത്തതിനാൽ എ.എഫ്.എസ്., ധനവിനിയോഗ കണക്കുകൾ എന്നിവ തയ്യാറാക്കുന്നതിൽ പ്രയാസം നേരിടുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എ.എഫ്.എസ്., ഡബിൾ എൻട്രി അക്കൗണ്ടിംഗ് എന്നിവ കൈകാര്യം ചെയ്യുന്നതിന് ഏതെല്ലാം നഗരസഭകളിലാണ് പുറമേനിന്നുള്ള വിദഗ്ധരുടെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സേവനം ഉപയോഗപ്പെടുത്തുന്നതെന്ന വിവരം ലഭ്യമാക്കാമോ?

| നഗരസഭകളുടെ പേര് | |
|---|---|
| 1) | വടക്കാഞ്ചേരി |
| 2) | കൊട്ടാരക്കര |
| 3) | മണ്ണാർക്കാട് |
| 4) | പിറവം |
| 5) | ഇരിട്ടി |
| 6) | ഫറോക്ക് |
| 7) | കണ്ണൂർ |
| 8) | കൊടുവള്ളി |
| 9) | പട്ടാമ്പി |
| 10) | തിരൂരങ്ങാടി |
| 11) | പന്തളം |
| 12) | രാമനാട്ടുകര |
| 13) | വളാഞ്ചേരി |
| 14) | മാനന്തവാടി |
| 15) | കൂത്താട്ടുകുളം |
| 16) | ചെർപ്പുളശ്ശേരി |
| 17) | മുക്കം |
| 18) | ആന്തൂർ |
| 19) | കൊടുവള്ളി |
| 20) | പരപ്പനങ്ങാടി |
| 21) | താനൂർ |
| 22) | ശ്രീകണ്ഠാപുരം |

**കാസർഗോഡ് ജില്ലയിൽ ഒഴിവുള്ള തസ്തികകൾ**

298(5644) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

അനുബന്ധം 1* ആയി ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ഒഴിവുകളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തവ എത്രയെന്നും താൽക്കാലികമായി നികത്തിയ ഒഴിവുകൾ എത്രയെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ചുവടെ ചേർക്കുന്നു:

പഞ്ചായത്ത് വകുപ്പ് ക്ലാർക്ക് തസ്തിക-19, ക്ലാർക്ക് തസ്തികയിലെ 3 ഒഴിവുകൾ ആശ്രിത നിയമനത്തിനായി മാറ്റിവച്ചിട്ടുണ്ട്. ഒഴിവുകളിൽ താൽക്കാലിക നിയമനം നടത്തിയിട്ടില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ-15, ഒന്നാം തരം ഓവർസിയർ-6, രണ്ടാം തരം ഓവർസിയർ-6, മൂന്നാംതരം ഓവർസിയർ -2, ക്ലാർക്ക് - 2, ഓഫീസ് അറ്റന്റന്റ് -1, നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർ-2, ഒന്നാംതരം ഓവർസിയർ-1 എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ഒരു അസിസ്റ്റന്റ് എഞ്ചിനീയർ കരാർ അടിസ്ഥാനത്തിലും ജോലി ചെയ്തുവരുന്നു. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ നിലവിൽ ഒഴിവുള്ള തസ്തികകളിലേയ്ക്ക് താൽക്കാലികമായി നിയമനം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുള്ളതായി ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഗ്രാമവികസന വകുപ്പിലും നഗരകാര്യ വകുപ്പിലും പി.എസ്.സി.-ക്ക് അനുബന്ധം 1-ൽ ചേർത്തിട്ടുള്ള എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത ഒഴിവുകളിൽ താൽക്കാലിക നിയമനം നടത്തിയിട്ടില്ലെന്നും വകുപ്പ് അദ്ധ്യക്ഷന്മാർ അറിയിച്ചിട്ടുണ്ട്.

(സി) എഞ്ചിനീയറിംഗ് വിഭാഗത്തിലായി ജില്ലയിൽ ഏതൊക്കെ തസ്തികകളിൽ ഒഴിവുകൾ നിലനിൽക്കുന്നുണ്ടെന്നും ഈ ഒഴിവുകൾ എന്നുമുതലാണ് നിലവിൽ വന്നതെന്നും വ്യക്തമാക്കാമോ?

അനുബന്ധം 2* ആയി ചേർത്തിട്ടുണ്ട്.

**തൊഴിലുറപ്പ് പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് നടപടി**

299(5645) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവശസ്ഥലവും താമസസ്ഥലവും വ്യത്യസ്ത തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലായതിനാൽ തൊഴിലുറപ്പ് പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കാത്തതുകാരണം കർഷകർ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കാരണങ്ങളാൽ മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ പൂർത്തീകരിക്കാൻ കഴിയുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005, പട്ടിക 1, ഖണ്ഡിക 5-ൽ ഉൾപ്പെട്ടുവരുന്ന കുടുംബങ്ങളുടെ ഭൂമിയിലാണ് തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾ നിർവ്വഹിക്കാൻ സാധിക്കുന്നത്. ഇപ്രകാരം ഒരു പുരയിടത്തിൽ പ്രവൃത്തി ചെയ്യുമ്പോൾ ടി ഭൂവുടമയ്ക്ക് തൊഴിൽ കാർഡ് ഉണ്ടാകണമെന്നും ടി കുടുംബത്തിലെ ഒരംഗം തൊഴിൽ ചെയ്യണമെന്നും വ്യവസ്ഥയുണ്ട്. എന്നാൽ തൊഴിൽ കാർഡ് ഒരു പഞ്ചായത്തിലും ഭൂമി മറ്റൊരു പഞ്ചായത്തിലും ആകുന്ന അവസരത്തിൽ നിയമത്തിലെ ടി വ്യവസ്ഥ പാലിക്കാൻ സാധിക്കില്ല. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്രനിയമത്തിൽ ഭേദഗതി ആവശ്യമാണ്.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണം**

300(5646) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ കനത്ത മഴയെത്തുടർന്നുണ്ടായ മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലും വെള്ളപ്പാച്ചിലിലും തകർന്ന ഗ്രാമീണ റോഡുകളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിലുൾപ്പെടുന്ന പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര, തീക്കോയി, തിടനാട്, എരുമേലി, കൂട്ടിക്കൽ, കോരുത്തോട്, മുണ്ടക്കയം എന്നീ ഗ്രാമപഞ്ചായത്തുകളിൽ കനത്ത മഴയെത്തുടർന്നുണ്ടായ മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലും വെള്ളപ്പാച്ചിലിലും തകർന്ന ഗ്രാമീണ റോഡുകളുടെ കണക്കെടുപ്പ് നടത്തിയിട്ടുള്ളതും പാറത്തോട് ഗ്രാമപഞ്ചായത്തിൽ കണക്കെടുപ്പ് പൂർത്തിയായിട്ടില്ലാത്തതുമാണ്.

(ബി) തകർന്ന ഗ്രാമീണ റോഡുകൾ അടിയന്തരമായി പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

തകർന്ന ഗ്രാമീണ റോഡുകൾ പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നു.

## പ്രധാൻ മന്ത്രി ഗ്രാമ സഡക് യോജന പദ്ധതിപ്രകാരം ആലപ്പുഴ ജില്ലയിൽ റോഡ് നിർമ്മാണം

301(5647) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാൻ മന്ത്രി ഗ്രാമ സഡക് യോജന പദ്ധതി പ്രകാരം 2020-21 വർഷത്തിൽ ആലപ്പുഴ ജില്ലയിൽ എത്ര കിലോമീറ്റർ റോഡിനുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2020-21 വർഷത്തിൽ ആകെ 9.60 കി.മീ. റോഡുകൾക്കുള്ള 2 (രണ്ട്) ഡി.പി.ആർ.-കൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം 2018-19 മുതൽ ആലപ്പുഴ ജില്ലയിൽ ഭരണാനുമതി ലഭിച്ച റോഡുകളുടെ വിശദവിവരം ലഭ്യമാക്കുമോ?

പ്രസ്തുത പദ്ധതി പ്രകാരം 2018-19 മുതൽ ആലപ്പുഴ ജില്ലയിൽ ആകെ 66.407 കി.മീ. ദൈർഘ്യം വരുന്ന 15 റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## കില-യുടെ പരിശീലന പാഠ്യപദ്ധതി

302(5648) ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എം. വിജിൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അധികാര വികേന്ദ്രീകൃത ഭരണം സാർത്ഥകമാക്കുന്നതിന്റെ ഭാഗമായി ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സമഗ്രപരിശീലനം നൽകുന്നതിനായി സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് അധികാര വികേന്ദ്രീകൃത ഭരണം സാർത്ഥകമാക്കുന്നതിന്റെ ഭാഗമായി ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സമഗ്രപരിശീലനം നൽകുന്നതിനായി കില മുഖേന സ്വീകരിച്ച നടപടികൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വികേന്ദ്രീകൃത ഭരണപരിശീലന കേന്ദ്രമായ കില-യുടെ പരിശീലന പാഠ്യപദ്ധതിയുടെ അടിസ്ഥാന ഘടകങ്ങളും പാഠ്യപദ്ധതിയുടെ രൂപീകരണ പ്രക്രിയയും വിശദമാക്കാമോ?

കിലയുടെ പരിശീലന പരിപാടിയുടെ അടിസ്ഥാന ലക്ഷ്യം തദ്ദേശഭരണ സ്ഥാപനങ്ങളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും ജനകീയ, നിയമാനുസൃത പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുകയെന്നതും ഇതിനായി ഈ സ്ഥാപനങ്ങളുടെ കാര്യശേഷി വികസനം സാധ്യമാക്കുകയെന്നതുമാണ്. ഇതിനായി വികേന്ദ്രീകരണ സംബന്ധിയായ ഭരണഘടനാ അനുച്ഛേദങ്ങളും പഞ്ചായത്ത് രാജ് നിയമങ്ങളെയും ചട്ടങ്ങളെയും അടിസ്ഥാനമാക്കിയുള്ള പ്രാദേശിക പൊതുഭരണം, ജനകീയാസൂത്രണ രീതിശാസ്ത്രം അടിസ്ഥാനമാക്കിയുള്ള പ്രാദേശിക വികസന പ്രവർത്തനങ്ങൾ, സാമൂഹിക നീതിയിലധിഷ്ഠിതമായ പ്രവർത്തനങ്ങൾ, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ, ലിംഗനീതി, ബാലസൗഹൃദ, ഭിന്നശേഷി സൗഹൃദ, വയോജന സൗഹൃദ, തദ്ദേശ ഭരണം, സാന്ത്വന പരിചരണം, പട്ടികജാതി-പട്ടികവർഗ്ഗ - മത്സ്യബന്ധന തൊഴിലാളി വിഭാഗങ്ങളുടെ ഉന്നമനം കൂടാതെ പുതുതലമുറയുടെ വെല്ലുവിളികളായ മാലിന്യ സംസ്കരണം, ദുരന്ത നിവാരണം, സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈവരിക്കൽ എന്നിവയെ അടിസ്ഥാനമാക്കിയുള്ള പരിശീലന പാഠ്യപദ്ധതിക്കാണ് കില രൂപം നൽകിയിട്ടുള്ളത്. പരിശീലന പദ്ധതിയുടെ രൂപീകരണ പ്രക്രിയ താഴെപ്പറയുന്ന ഘട്ടങ്ങളിലുള്ള പ്രവർത്തനങ്ങളിലൂടെയാണ് നടത്തപ്പെടുന്നത്.

1. പരിശീലനാവശ്യം തിട്ടപ്പെടുത്തൽ (Training need assessment)

2. പരിശീലന വിഷയ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി ശില്പശാലകൾ നടത്തി പരിശീലനക്കുറിപ്പുകൾ, സെക്ഷൻ പ്ലാൻ, പി.പി.ടി.-കൾ, മാതൃകാപ്രവർത്തനങ്ങൾ, കേസ് സ്റ്റഡീസ്, അസൈൻമെന്റുകൾ എന്നിവ ഉൾപ്പെടുത്തി പരിശീലന മൊഡ്യൂളുകൾ തയ്യാറാക്കൽ, ആവശ്യമുള്ള പക്ഷം കൈപ്പുസ്തകങ്ങൾ തയ്യാറാക്കൽ.

3. അനുയോജ്യരായ പരിശീലകരെ കണ്ടെത്തൽ

4. പരിശീലക പരിശീലനം നടത്തൽ

5. പരിശീലനാർത്ഥികൾക്കുള്ള പരിശീലനം സംഘടിപ്പിക്കൽ

6. പരിശീലനം സംബന്ധിച്ച വിലയിരുത്തൽ ശേഖരിച്ച് ആവശ്യമായ മാറ്റങ്ങൾ, മെച്ചപ്പെടുത്തലുകൾ നടത്തൽ.

(സി) മറ്റ് വികസന വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന പരിശീലന സ്ഥാപനങ്ങളുടെ പാഠ്യപദ്ധതിയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പാഠ്യപദ്ധതിയും തമ്മിലുള്ള ഏകോപനം സാധ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ദീർഘകാലാടിസ്ഥാനത്തിൽ അക്കാദമിക-സാങ്കേതിക സഹായം നൽകാൻ പ്രാപ്തരായ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, വകുപ്പുകൾ, ഏജൻസികൾ, പദ്ധതികൾ, മിഷനുകൾ എന്നിവയുമായി സംയുക്ത പ്രവർത്തനങ്ങൾ നട<u>ത്തു</u>ന്നതിന്റെ ഭാഗമായി ഐ.ഐ.ടി. ബോംബെ, മഹാത്മാഗാന്ധി സർവ്വകലാശാല, കർണ്ണാടക റൂറൽ ഡെവലപ്മെന്റ് സർവ്വകലാശാല, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയവയുമായി കില MoU ഒപ്പിട്ട് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുമായും കേരള ഡിജിറ്റൽ സർവ്വകലാശാലയുമായും ചേർന്ന് ജനപ്രതിനിധികൾക്കായി സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ്, ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കാർഷിക സർവ്വകലാശാല എന്നിവയുമായി ചേർന്ന് സംയോജിത പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകൾക്കുകീഴിൽ പ്രവർത്തിക്കുന്ന പരിശീലന ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് സംയോജിത പരിശീലന, കാര്യശേഷി വികസന പ്രവർത്തനങ്ങളും ഗവേഷണ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങളെ തദ്ദേശ സ്ഥാപനങ്ങളിലൂടെ സമൂഹത്തിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തുവരുന്നു.

## കിലയ്ക്ക് റീജിയണൽ സെന്റർ

303(5649) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കില-യ്ക്ക് തൃശ്ശൂർ കൂടാതെ മറ്റെവിടെയെങ്കിലും സെന്റർ നിലവിലുണ്ടോയെന്ന് അറിയിക്കാമോ?

കില-യ്ക്ക് തൃശ്ശൂർ കൂടാതെ സെന്റർ ഫോർ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ്, കൊട്ടാരക്കര, സെന്റർ ഫോർ ട്രൈബൽ ഡെവലപ്മെന്റ് ആൻഡ് നാച്ചറൽ റിസോഴ്സ് മാനേജ്മെന്റ്, അഗളി, സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ഡെവലപ്മെന്റ്, കൊട്ടാരക്കര, സെന്റർ ഫോർ ഗുഡ് ഗവേണൻസ്-മണ്ണുത്തി, സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് ആൻഡ് വേസ്റ്റ് മാനേജ്മെന്റ്, തളിപ്പറമ്പ്, റീജിയണൽ സെന്റർ, തിരുവനന്തപുരം എന്നിങ്ങനെ ആറ് കേന്ദ്രങ്ങൾ നിലവിലുണ്ട്.

(ബി) ടി സ്ഥാപനത്തിന് റീജിയണൽ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) നെയ്യാറ്റിൻകര താലൂക്കിൽ റീജിയണൽ സെന്റർ സ്ഥാപിക്കാനായി സ്ഥലം ഏറ്റെടുക്കുന്നതിന് സത്വരനടപടി സ്വീകരിക്കുമോ?

(ബി&സി)തിരുവനന്തപുരത്ത് നിലവിലുള്ള റീജിയണൽ സെന്ററിനുപുറമെ കൂടുതൽ റീജിയണൽ സെന്റർ ആരംഭിക്കുന്നതുസംബന്ധിച്ച് നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(ഡി) മലബാർ മേഖലയിൽ ഒരു സെന്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മലബാർ മേഖലയിൽ നിലവിൽ കിലയ്ക്ക് സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് ആൻഡ് വേസ്റ്റ് മാനേജ്മെന്റ്, തളിപ്പറമ്പ് എന്നൊരു സെന്റർ നിലവിലുണ്ട്. പ്രസ്തുത സെന്ററിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന, നൈപുണ്യ വികസന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## മയക്കുമരുന്ന് ഉപയോഗിക്കുന്നവരുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർദ്ധനവ്

304(5650) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗിക്കുന്നവരുടെ എണ്ണം സംബന്ധിച്ച് സർക്കാർ ശേഖരിച്ച കണക്കുകളുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗിക്കുന്നവരുടെ എണ്ണം സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. 2020 ജനുവരി മുതൽ 2021 സെപ്റ്റംബർ വരെ സംസ്ഥാനത്ത് 6540 എൻ.ഡി.പി.എസ്. കേസുകൾ കണ്ടെടുക്കുകയും ടി കേസുകളിലായി 6651 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിൽ മയക്കുമരുന്ന് പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട വിശദാംശം ലഭ്യമാക്കുമോ; മുൻവർഷത്തേക്കാൾ ഇതിന്റെ തോത് എത്രയാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് 2020 ഒക്ടോബർ 1 മുതൽ 2021 സെപ്റ്റംബർ 30 വരെയുള്ള കഴിഞ്ഞ ഒരു വർഷക്കാലയളവിൽ 4789.184 കിലോഗ്രാം കഞ്ചാവ്, 917 കഞ്ചാവ് ചെടി, 14797.090 ഗ്രാം ഹാഷിഷ്, 1.180 ഗ്രാം ഹെറോയിൻ, 99.600 ഗ്രാം ബ്രൗൺ ഷുഗർ, 2954.815 ഗ്രാം എം.ഡി.എം.എ, 4.68 ഗ്രാം എൽ.എസ്.ഡി. എന്നിവ പിടിച്ചെടുത്തിട്ടുണ്ട്. തൊട്ടുമുമ്പുള്ള 2019 ഒക്ടോബർ 1 മുതൽ 2020 സെപ്റ്റംബർ 30 വരെയുള്ള ഒരു വർഷക്കാലയളവിൽ 2968.110 കിലോഗ്രാം കഞ്ചാവ്, 1148 കഞ്ചാവ് ചെടി, 1516.084 ഗ്രാം ഹാഷിഷ്, 21.280 ഗ്രാം ഹെറോയിൻ, 30.511 ഗ്രാം ബ്രൗൺ ഷുഗർ, 159.753 ഗ്രാം എം.ഡി.എം.എ, 2.549 ഗ്രാം എൽ.എസ്.ഡി. എന്നിവ പിടിച്ചെടുത്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് കുട്ടികളിലെ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത് തടയുന്നതിനായി പ്രത്യേകമായി സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ?

വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചും 'ഉണർവ്' എന്ന പേരിൽ കായിക പരിശീലന പദ്ധതി ആവിഷ്കരിച്ചും കുട്ടികളിലെ ലഹരി ഉപയോഗം തടയുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. SPC, NCC, NSS എന്നിവ മുഖേനയും ലഹരിവിരുദ്ധ ആശയങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുന്നു. ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസുകളിൽ ' നേർക്കൂട്ടം' എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ ' ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ചുവരുന്നു. കുട്ടികൾക്ക് മയക്കുമരുന്ന് വില്പന നടത്തുന്നവർക്കെതിരെയും കുട്ടികളെ ഉപയോഗിച്ച് ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്ന കുറ്റവാളികൾക്കെതിരെയും ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം നടപടി സ്വീകരിക്കുന്നതിന് എക്സൈസ് വകുപ്പിനെക്കൂടി അധികാരപ്പെടുത്തിക്കൊണ്ട് Juvenile Justice (Care and Protection of Children) Model Rules, 2016-ലെ 56(1), 57(1) ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ ഉപയോഗവും വിപണനവും തടയുന്നതിനായി നിലവിലെ സംവിധാനം അപര്യാപ്തമാണെന്നതിനാൽ കൂടുതൽ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാർ പദ്ധതികൾ തയ്യാറാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ ഉപയോഗവും വിപണനവും തടയുന്നതിനായി നിലവിലെ സംവിധാനം അപര്യാപ്തമാണ്. എന്നിരുന്നാലും മയക്കുമരുന്നുകളുടെ

ഉപയോഗവും വിൽപ്പനയും തടയുന്നതിനായി ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ രഹസ്യവിവരങ്ങൾ ശേഖരിച്ച് നടപടികൾ സ്വീകരിക്കുകയും ലഹരിമരുന്ന് കേസുകൾ കണ്ടെടുക്കുന്നതിന് പ്രാമുഖ്യം നൽകി എല്ലാ ജില്ലകളിലും എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡും സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും മേഖലാ സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നു. സ്കൂൾ/കോളേജ് പരിസരങ്ങളിലെ കടകൾ, ഓൺലൈൻ ഉൾപ്പെടെയുള്ള പാഴ്സൽ സർവ്വീസ് സ്ഥാപനങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന ബസ്സുകൾ, ആഡംബര വാഹനങ്ങൾ എന്നിവ ഉൾപ്പെടെയുള്ളവ പരിശോധിച്ച് മയക്കുമരുന്നുകളുടെ വിപണനം തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തിക

305(5651) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി സംബന്ധമായ കേസുകളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എക്സൈസ് സേനയുടെ സംഖ്യാബലം കൂട്ടുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ?

എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സജ്ജീകരിക്കുന്ന സംവിധാനങ്ങളുടെ ഭാഗമായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയവും പരിശോധിച്ചുവരുന്നു.

(ബി) സിവിൽ എക്സൈസ് ഓഫീസർ തസ്തികകളുടെ എത്ര ശതമാനമാണ് വനിതകൾക്കായി നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേരള എക്സൈസ് & പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരം സിവിൽ എക്സൈസ് ഓഫീസർ തസ്തികയുടെ 10 ശതമാനം വനിതാ സിവിൽ എക്സൈസ് ഓഫീസർ നിയമനത്തിനായി നീക്കിവച്ചിരിക്കുന്നു.

(സി) എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ, വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികകളിലെ അനുവദിക്കപ്പെട്ട അംഗബലം എത്രയാണെന്ന് വ്യക്തമാക്കാമോ?

എക്സൈസ് വകുപ്പിൽ 2744 സിവിൽ എക്സൈസ് ഓഫീസർമാരുടെ തസ്തികകളും 562 വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ തസ്തികകളും നിലവിലുണ്ട്.

(ഡി) വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട F1/153/2021/TD. നമ്പർ ഫയലിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ അംഗബലം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധനയിലാണ്.

**പുതുക്കാട് എക്സൈസ് ഓഫീസ് അനുവദിക്കുന്നതിന് നടപടി**

306(5652) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസി, തോട്ടം, മലയോര ഗ്രാമങ്ങൾ ഉൾപ്പെടുന്ന വരന്തരപ്പിള്ളി, മറ്റത്തൂർ, തൃക്കൂർ ഉൾപ്പെടെ ഏഴ് പഞ്ചായത്തുകളുള്ള പുതുക്കാട് ഒരു എക്സൈസ് ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിലുള്ള ഇരിങ്ങാലക്കുട എക്സൈസ് റേഞ്ച് ഓഫീസ് വിഭജിച്ച് പുതുക്കാട് റേഞ്ച് രൂപീകരിക്കുന്നതുസംബന്ധിച്ച് എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**കെ.എസ്.ബി.സി. ജീവനക്കാർക്ക് ഹൗസ് ബിൽഡിംഗ് അഡ്വാൻസ്**

307(5653) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് പുന:സ്ഥാപിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കെ.എസ്.ബി.സി.-യിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് പുന:സ്ഥാപിക്കുന്നതിൽ സാങ്കേതികപ്രശ്നങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് പുന:സ്ഥാപിക്കുന്നതിൽ സാങ്കേതിക പ്രശ്നങ്ങൾ നിലവിലില്ല.

(സി) കെ.എസ്.ബി.സി.-യിലെ ജീവനക്കാർക്ക് നിലവിലുള്ള കാഷ്വൽ ലീവ്, സിക്ക് ലീവ് (sick leave) എന്നിവയ്ക്കുപകരം ആകസ്മികാവധി,

അർദ്ധവേതനാവധി എന്നിവ നടപ്പാക്കുന്നതിന് നിയമതടസ്സമുണ്ടോ; ഉണ്ടെങ്കിൽ ആയതുപരിഹരിച്ച് മറ്റ് വകുപ്പുകളിലേതുപോലെ ലീവ് പാറ്റേൺ നടപ്പിലാക്കുമോ; വിശദമാക്കാമോ?

കെ.എസ്.ആർ. പ്രകാരമുള്ള അവധി ആനുകൂല്യങ്ങൾ (ആകസ്മികാവധി, അർദ്ധ വേതനാവധി) നടപ്പിലാക്കുന്നതിന് നിയമ തടസ്സങ്ങളില്ല. ലീവ് പാറ്റേൺ പരിഷ്കരിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**വിദേശ മദ്യം ചില്ലുകുപ്പികളിൽ ലഭ്യമാക്കാൻ നടപടി**

308(5654) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ നിർമ്മിത വിദേശ മദ്യം ചില്ലുകുപ്പികളിൽ ലഭ്യമാക്കണമെന്ന ബിവറേജസ് കോർപ്പറേഷന്റെ നിർദ്ദേശം മറ്റ് കമ്പനികൾ നടപ്പാക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ 750ml പാക്കുകൾ നിർബന്ധമായും ചില്ല് കുപ്പികളിൽ ലഭ്യമാക്കണമെന്ന് ബിവറേജസ് കോർപ്പറേഷൻ 2020-21-ൽ ക്ഷണിച്ച ടെണ്ടറിൽ നിഷ്കർഷിച്ചിട്ടുണ്ട്. 750ml പാക്കുകൾ വിതരണം ചെയ്യേണ്ട 37 കമ്പനികൾ ഇതുവരെയായി ചില്ല് കുപ്പികളിൽ മദ്യം വിതരണം ചെയ്തിട്ടില്ല. അവർക്കെതിരെ കെ.എസ്.ബി.സി. നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഭാവിയിലെ പ്ലാസ്റ്റിക്ക് നിരോധനം മുന്നിൽക്കണ്ട് വിദേശമദ്യം ചില്ലുകുപ്പിയിലേയ്ക്ക് മാറ്റുവാൻ വേണ്ട നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

വിവിധ ഘടകങ്ങൾ കണക്കിലെടുക്കുമ്പോൾ ചില്ലുകുപ്പികളിലും പ്ലാസ്റ്റിക് കുപ്പികളിലും മദ്യം വിതരണം ചെയ്യുന്നതിന് അനുകൂലവും പ്രതികൂലവുമായ ഘടകങ്ങൾ പരിഗണിച്ചുമാത്രമേ ഇക്കാര്യം നടപ്പിലാക്കുന്നത് പരിഗണിക്കുകയുള്ളൂ.

(സി) ബിവറേജസ് കോർപ്പറേഷൻ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപയുടെ മദ്യമാണ് വിറ്റഴിച്ചതെന്ന് വ്യക്തമാക്കാമോ?

ബിവറേജസ് കോർപ്പറേഷൻ കഴിഞ്ഞ സാമ്പത്തിക വർഷം 13202 കോടി രൂപയുടെ മദ്യമാണ് വിറ്റഴിച്ചത്.

**കുണ്ടറ പെരുമ്പുഴ ബിവറേജസ് ഔട്ട്‌ലെറ്റ്**

309(5655) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജനവാസകേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട്‌ലെറ്റുകൾമൂലം പൊതുജനം നേരിടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതി പരിഹരിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശമദ്യ ചില്ലറ വിൽപ്പനശാലകളിൽ മദ്യം വാങ്ങാൻ വരുന്നവരുടെ തിരക്ക് ഗതാഗത തടസ്സത്തിന് കാരണമായതിനെത്തുടർന്ന് WP(C) No.13498/2021 നമ്പരായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്വമേധയാ പൊതുതാൽപ്പര്യഹർജി എടുത്തിട്ടുള്ളതാണ്. ആയതിനെത്തുടർന്ന് സംസ്ഥാനത്തെ എല്ലാ FL1 വിദേശമദ്യ ചില്ലറ വിൽപ്പനശാലകളിലും കൂടുതൽ കൗണ്ടറുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള എല്ലാ കൗണ്ടറുകൾ വഴിയും ഷോപ്പുകൾ പ്രവർത്തിക്കുന്ന സമയമത്രയും മദ്യം വിതരണം ചെയ്യുവാനും കൺസ്യൂമർഫെഡിനും ബിവറേജസ് കോർപ്പറേഷനും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സംസ്ഥാനത്ത് ആകെയുള്ള 306 FL-1 വിദേശമദ്യ ചില്ലറ വിൽപ്പനശാലകളിൽ നിലവിൽ സെൽഫ് സർവ്വീസ് കൗണ്ടറുകൾ ഇല്ലാത്തവയിൽ സ്ഥലസൗകര്യമുള്ള 47 ഷോപ്പുകളിൽ സെൽഫ് സർവ്വീസ് കൗണ്ടറുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഉപഭോക്താക്കൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളോ പാർക്കിംഗ് സൗകര്യമോ ഇല്ലാത്തതും ആയവ ഒരുക്കുന്നതിനുള്ള സ്ഥലസൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദേശ മദ്യഷോപ്പുകൾ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടും ഗതാഗത തടസ്സവും ഉണ്ടാക്കാത്ത അനുയോജ്യമായ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. അപ്രകാരം 9 FL1 ഷോപ്പുകൾ മാറ്റി സ്ഥാപിച്ചിട്ടുള്ളതാണ്. ഇതുകൂടാതെ സെക്യൂരിറ്റി ഗാർഡിനെ നിയമിച്ച് തിരക്ക് നിയന്ത്രിച്ച് ബുദ്ധിമുട്ട് ഒഴിവാക്കാൻ ശ്രമിക്കുന്നുണ്ട്. ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചും കമ്പ്യൂട്ടർ അധിഷ്ഠിത/ഓൺലൈൻ ബുക്കിംഗ് സംവിധാനം എന്നിവ ഏർപ്പെടുത്തിയും തിരക്ക് നിയന്ത്രിക്കുന്നുണ്ട്.

(ബി) പൊതുജനങ്ങൾക്കും സമീപവാസികൾക്കും ബുദ്ധിമുട്ടുണ്ടാകാത്ത വിധം പ്രത്യേക പാർക്കിംഗ് ഏരിയ ക്രമീകരിക്കണമെന്ന ഹൈക്കോടതി ഉത്തരവ്, കുണ്ടറ നിയോജകമണ്ഡലത്തിലെ പെരുമ്പുഴയിൽ പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട്‍ലെറ്റിൽ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവ് പാലിച്ചിട്ടില്ലായെങ്കിൽ ആയത് പാലിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിലെ പെരുമ്പുഴയിൽ പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട്‍ലെറ്റിന്റെ കോമ്പൗണ്ടിനുള്ളിൽ പൊതുജനങ്ങൾക്കും സമീപവാസികൾക്കും ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ പാർക്കിംഗ് ഏരിയ സജ്ജീകരിച്ചിട്ടുള്ളതാണ്. ടി പാർക്കിംഗ് ഏരിയയ്ക്ക് ഏകദേശം 200 ചതുരശ്രമീറ്റർ വിസ്തൃതിയുണ്ട്.

(സി) മേൽപ്പറഞ്ഞ കുണ്ടറ പെരുമ്പുഴ ബിവറേജസ് ഔട്ട്‍ലെറ്റിന് പുറകുവശത്തുള്ള കല്ലുംപുറം പട്ടികജാതി കോളനിയിൽനിന്നും മതിയായ ദൂരപരിധി അളക്കണമെന്ന നിർദ്ദേശം, പരാതിക്കാരുടെ സാന്നിദ്ധ്യത്തിലാണോ എക്സൈസ് അധികൃതർ നിർവ്വഹിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പരാതിക്കാരുടെ സാന്നിദ്ധ്യത്തിൽ ദൂരപരിധി അളന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

(ഡി) പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ലെങ്കിൽ പരാതിക്കാരുടെ സാന്നിദ്ധ്യത്തിൽ ദൂരപരിധി അളക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

മറുപടി (സി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## മദ്യ നിരോധനം

310(5656) <u>ശ്രീ. യു. എ. ലത്തീഫ്</u>:
<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>:
<u>ഡോ. എം. കെ. മുനീർ</u>:
<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യുന്ന ക്രിമിനൽ കേസ്സുകളുടെയും വർദ്ധിച്ചുവരുന്ന റോഡപകടങ്ങളുടെയും കാരണം മദ്യപാനമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യുന്ന ചില ക്രിമിനൽ കേസ്സുകളിലും ചില റോഡപകടങ്ങളിലും കാരണമായത് വ്യക്തികളുടെ മദ്യപാനമാണെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് സാമാധാന അന്തരീക്ഷം നിലനിർത്തുന്നതിനും പൊതുജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും മദ്യനിരോധനം സഹായകരമാകുമെന്ന് കരുതുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ മദ്യനിരോധനം ഏർപ്പെടുത്താതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

(ബി&സി) കരുതുന്നില്ല. പൂർണ്ണമായ മദ്യനിരോധനം നടപ്പിലാക്കുന്നത് വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ വർദ്ധിച്ച വില്പനയ്ക്കും ഉപഭോഗത്തിനും കാരണമാകുകയും അത് സംസ്ഥാനത്തെ സമാധാന അന്തരീക്ഷത്തെയും ആരോഗ്യ സംരക്ഷണ മേഖലയെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യും. സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമല്ലെന്ന ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലാണ് മദ്യവർജ്ജനം എന്ന ആശയം ഉയർത്തിപ്പിടിച്ച് സർക്കാർ നിലവിലെ മദ്യനയം പ്രഖ്യാപിച്ചിട്ടുള്ളത്. കേരള സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനവും പരമാവധി കുറച്ച്, മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണത്തോടെ നടപ്പിലാക്കി, മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവന്ന്, സമ്പൂർണ്ണ ലഹരി വിമുക്ത കേരളീയ സമൂഹത്തെ വാർത്തെടുക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**മയക്കുമരുന്ന് വ്യാപനം തടയാൻ സ്പെഷ്യൽ ഡ്രൈവ്**

311(5657) ശ്രീ. മോൻസ് ജോസഫ്:താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപനം തടയാൻ സ്പെഷ്യൽ ഡ്രൈവ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ വ്യാപനം തടയുന്നതിനായി സംസ്ഥാനത്ത് ഊർജ്ജിതമായ റെയ്ഡും വ്യാപകമായ പരിശോധനയും എക്സൈസ് വകുപ്പ് നിരന്തരം നടത്തിവരുന്നു. കൂടാതെ, ഓണം, ക്രിസ്തുമസ്, പുതുവത്സരം, ഇലക്ഷൻ തുടങ്ങിയ പ്രത്യേക അവസരങ്ങളിൽ സ്പെഷ്യൽ ഡ്രൈവ് പ്രഖ്യാപിച്ച് പ്രത്യേക പരിശോധനകൾ നടത്തുന്നുണ്ട്.

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശി- ക്കുന്നത്; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ലഹരി മരുന്നുകളുടെയും വ്യാജമദ്യത്തിന്റെയും വ്യാപനം തടയുക; മദ്യം, മയക്കുമരുന്ന്, പാൻമസാല തുടങ്ങിയ വിപത്തുകളിൽനിന്നും യുവതലമുറയെ സംരക്ഷിക്കുക; മയക്കുമരുന്ന്, സ്പിരിറ്റ് ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങളിൽ സ്ഥിരമായി ഏർപ്പെടുന്നവർ വീണ്ടും ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നത് തടയുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുകയെന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഓണം, ക്രിസ്തുമസ്, പുതുവത്സരം തുടങ്ങിയ പ്രത്യേക അവസരങ്ങളിൽ വ്യാജമദ്യം, മയക്കുമരുന്ന്, മറ്റ് ലഹരിപദാർത്ഥങ്ങൾ എന്നിവയുടെ കടത്ത്, വിൽപ്പന, ഉപയോഗം എന്നിവ തടയുന്നതിനായി ജില്ലാതലത്തിൽ എല്ലാ വകുപ്പുകളുടെയും സഹകരണത്തോടെ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകാറുണ്ട്. കൂടാതെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി കുറ്റകൃത്യങ്ങൾ കണ്ടെത്തുവാൻ എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗം തടയുന്നതിനായി എന്തെല്ലാം ബോധവൽക്കരണ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും വിമുക്തി ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ 4 സ്കൂളുകളിൽ ആരംഭിച്ച 'ഉണർവ്' എന്ന പദ്ധതി മറ്റ് 13 ജില്ലകളിൽക്കൂടി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. കോളേജുതലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ ' ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ചുവരുന്നു. ലഹരിവിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും യുവാക്കളുടെ ശ്രദ്ധയും കഴിവും കർമ്മശേഷിയും മറ്റ് ക്രിയാത്മകമായ മേഖലകളിലേയ്ക്ക് വഴിതിരിച്ച് വിടുന്നതിനും ഉദ്ദേശിച്ച് വിവിധ സർക്കാർ വകുപ്പുകളുമായിച്ചേർന്ന്

ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ കലാ-കായിക മത്സരങ്ങൾ, സെമിനാറുകൾ, വെബിനാറുകൾ, പി.എസ്.സി. പഠന പരിശീലനങ്ങൾ, മാരത്തോണുകൾ, റാലികൾ എന്നിവ നടത്തിവരുന്നു. വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വാർഡുതലം മുതൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും പരാതികളും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനും ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഡീ-അഡിക്ഷൻ സെന്റർ എറണാകുളം, കോഴിക്കോട് ജില്ലകളിൽക്കൂടി ഈ വർഷം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിമുക്തി മിഷൻ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും രണ്ട് ഡി-അഡിക്ഷൻ സെന്ററുകൾകൂടി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു.

## ചാലക്കുടി എക്സൈസ് സർക്കിൾ ഓഫീസ്

312(5658) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി എക്സൈസ് സർക്കിൾ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(സി) ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെന്ന് വെളിപ്പെടുത്തുമോ?

(എ - സി) ചാലക്കുടി എക്സൈസ് സർക്കിൾ ഓഫീസ് രൂപീകരിച്ച് ഉത്തരവായിട്ടില്ല. ചാലക്കുടി ഉൾപ്പെടെ പുതുതായി രൂപീകരിച്ച താലൂക്കുകളിൽ എക്സൈസ് സർക്കിൾ ഓഫീസ് അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ചാലക്കുടിയിൽ സർക്കിൾ ഓഫീസ് അനുവദിക്കുന്നമുറയ്ക്ക് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 AM]

## II അടിയന്തരപ്രമേയം

### ലൈഫ് പദ്ധതി ഗുണഭോക്തൃ ലിസ്റ്റ്

മി. സ്പീക്കർ: ഭവനരഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യത്തോടെ സർക്കാർ പ്രഖ്യാപിച്ച ലൈഫ് പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ലഭിച്ച അപേക്ഷകരിൽനിന്നും ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതുമൂലം സംസ്ഥാനത്ത് ഭവനരഹിതർക്ക് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. ബഷീർ, അൻവർ സാദത്ത്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, കേരളത്തെ സംബന്ധിച്ചിടത്തോളം ലൈഫ് പദ്ധതി ഇന്ത്യയിലെ മറ്റിതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി സാധാരണ മനുഷ്യന്റെ ഗുണമേന്മയുള്ള ജീവിതത്തിന് ഉദാഹരണമായി രാജ്യം ചൂണ്ടിക്കാണിക്കുന്ന ഒന്നായി മാറിക്കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ സമഗ്ര വികസനം എന്ന കാഴ്ചപ്പാടോടെ ഒന്നാം പിണറായി സർക്കാർ ആവിഷ്കരിച്ച നവകേരള നിർമ്മാണത്തിന്റെ പ്രധാന സ്തംഭങ്ങളിൽ ഒന്നായിരുന്നു ലൈഫ് മിഷൻ ഉൾപ്പെടെയുള്ള നാല് മിഷനുകൾ. അതിൽ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നത് ലൈഫ് മിഷനിലൂടെയാണ്. അർഹരായ മുഴുവൻ കുടുംബങ്ങൾക്കും സുരക്ഷിതവും കെട്ടുറപ്പുള്ളതുമായ വീട് നൽകുകയും അവരുടെ ജീവിതാവശ്യങ്ങൾക്കുള്ള ഭൗതിക അടിത്തറ ഒരുക്കുകയുമാണ് ലൈഫ് ഭവന പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് നമുക്കെല്ലാം അറിയുന്നതുപോലെ ലൈഫ് മിഷനിൽ 262409 വീടുകളാണ് പൂർത്തീകരിച്ച് ഗുണഭോക്താക്കൾ താമസം തുടങ്ങിയത്. ഇപ്പോഴത് 276009 വീടുകളായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദ്യത്തെ നൂറ് ദിന പരിപാടികളുടെ ഭാഗമായി 12000 വീടുകളാണ് പൂർത്തീകരിച്ച് താമസം തുടങ്ങിയത്. ഈ വർഷം ആദ്യത്തെ നൂറ് ദിവസങ്ങൾക്കുള്ളിൽ യഥാർത്ഥത്തിൽ 10000 വീടുകൾ ലക്ഷ്യമിട്ടാണ് മുമ്പോട്ടുപോകാൻ തീരുമാനിച്ചത്. ഈ സർക്കാർ വന്നശേഷം ഇതുവരെ 13600 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് ഭവന പദ്ധതി ഇപ്പോഴും സജീവമായി തുടരുന്നുണ്ട്. അതിന്റെ

തെളിവാണ് ഞാൻ ഇവിടെ പറഞ്ഞ കണക്ക്. അതുകൊണ്ട് ഈ പദ്ധതി പ്രതിസന്ധിയില്ലാതെ തന്നെ, ആക്ഷേപത്തിന് യാതൊരു അടിസ്ഥാനവുമില്ലാതെ തന്നെ മുന്നോട്ടുകൊണ്ടുപോകുക എന്നുള്ളത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദ്ദേശമാണ്. വരുന്ന അഞ്ച് വർഷംകൊണ്ട് പുതിയ ഗുണഭോക്താക്കളുടെയെല്ലാം വീടുനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഇതിനുള്ള ധനസ്രോതസ്സ് ഉറപ്പിക്കുന്നതിനും കരട് രൂപരേഖ തയ്യാറാക്കുന്നതിനും സംസ്ഥാന പ്ലാനിംഗ് ബോർഡ്, ധനകാര്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, കില എന്നിവിടങ്ങളിൽ നിന്നുള്ള ചുമതലപ്പെട്ടവരും വിദഗ്ദ്ധരും ഉൾപ്പെടുന്ന ഉപസമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. നടപ്പുവർഷം 1037 കോടി രൂപ സംസ്ഥാന സർക്കാർ ലൈഫ് മിഷനുവേണ്ടി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 1500 കോടി രൂപയുടെ ഹഡ്കോ വായ്പയ്ക്കുവേണ്ടിയുള്ള നടപടികൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ലഭ്യമാക്കും. ലൈഫ് പദ്ധതി അടുത്ത അഞ്ച് വർഷത്തേയ്ക്ക് നടപ്പാക്കുന്നതിനുവേണ്ടിയുള്ള ധനസ്രോതസ്സുകൾ സർക്കാർ ഉറപ്പുവരുത്തുമെന്നാണ് ഈ പറഞ്ഞതിന്റെ അർത്ഥം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഓരോ വർഷവും ഒരു ലക്ഷം വീതം ആളുകൾക്ക് പുതിയതായി വീട് നൽകുമെന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ വർഷം ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ പതിമൂന്നായിരത്തിലധികം വീടുകളുടെ പണി പൂർത്തിയാക്കിക്കഴിഞ്ഞു. ഇനി 87000 വീടുകൾ ഈ വർഷം തന്നെ പൂർത്തിയാക്കി നൽകേണ്ടതുണ്ട്. ഇനിയുള്ള ഓരോ വർഷവും ഒരു ലക്ഷം വീതം ആളുകൾക്ക് വീട് നൽകുന്ന ബൃഹത്തായ, മാതൃകാപരമായ പദ്ധതിയാണ് കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനവും സജീവമായി മുന്നോട്ടുപോകുകയാണ്. ഭവനരഹിതരായ എല്ലാവർക്കും വീട് ഉറപ്പാക്കുകയെന്ന കാഴ്ചപ്പാടിന്റെ ഭാഗമായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിവിധ കാരണങ്ങൾകൊണ്ട് ലിസ്റ്റിൽ ഉൾപ്പെടുത്താൻ സാധിക്കാതിരുന്നവർക്ക് വീട് ലഭിക്കണമെന്നുള്ള കാര്യം കണക്കിലെടുത്തുകൊണ്ടാണ് 2020 സെപ്റ്റംബറിലും 2021 ഫെബ്രുവരിയിലും പുതിയ അപേക്ഷകൾ ക്ഷണിച്ചത്. കോവിഡ് മഹാമാരിയുടെ പ്രതിസന്ധിക്കിടയിലും പരമാവധി പ്രേരണ നൽകിക്കൊണ്ട് ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുന്നതിനുവേണ്ട സൗകര്യമാണ് ഒരുക്കിയത്. ഇതിലൂടെ 920260 അപേക്ഷകൾ ലഭിച്ചു. ഇതിൽ 641651 അപേക്ഷകൾ ഭൂമിയുള്ള ഭവനരഹിതരുടേയും 278607 അപേക്ഷകൾ ഭൂരഹിത-ഭവനരഹിതരുടേതുമായാണ് കണ്ടിട്ടുള്ളത്. ടി അപേക്ഷയിന്മേൽ സർക്കാർ ഒരു നടപടിയും സ്വീകരിച്ചില്ലെന്ന വിമർശനം ശരിയല്ല. 2020

സെപ്റ്റംബറിൽ പുതിയ അപേക്ഷകൾ സ്വീകരിച്ച ഉടനെയാണ് തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് വന്നത്. അതിനുശേഷം 2021 ഫെബ്രുവരി വരെ അപേക്ഷ നൽകാനുള്ള സമയം നീട്ടിനൽകേണ്ടിവന്നു. അത് കഴിഞ്ഞപ്പോഴേയ്ക്കും സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പ് വന്നു. തുടർച്ചയായി വന്ന ഈ രണ്ട് തെരഞ്ഞെടുപ്പുകളും അവയുടെ പെരുമാറ്റച്ചട്ടവുംമൂലം ആ ഘട്ടത്തിൽ പുതിയ അപേക്ഷകളുടെ പരിശോധന നടത്താനായിട്ടില്ല. തെരഞ്ഞെടുപ്പുകളുടെ നിയന്ത്രണങ്ങൾ ഒഴിവായി വരുമ്പോഴേയ്ക്കും സംസ്ഥാനത്ത് കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗം മൂലമുള്ള അടച്ചിടൽ നടപ്പിലാക്കി. എങ്കിലും 2021 ഫെബ്രുവരി വരെ ലഭിച്ച എല്ലാ അപേക്ഷകളുടെയും പട്ടിക തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അത്തരത്തിൽ പരസ്യമായി അപേക്ഷകളുടെ പട്ടിക പ്രസിദ്ധീകരിച്ചുകൊണ്ട് ജനകീയ പരിശോധന നടത്താനുള്ള അവസരം നൽകിയിരിക്കുകയാണ്. ഈ നടപടികളുടെ തുടർച്ചയായി അപേക്ഷകളുടെ വിശദമായ പരിശോധനയ്ക്കുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. വളരെ ഫലപ്രദമായ ജനകീയ പരിശോധനകളിലൂടെയും ഗവൺമെന്റ് സംവിധാനത്തിന്റെ ഭാഗമായുള്ള പരിശോധനയിലൂടെയും മാത്രമേ നേരത്തേ പറഞ്ഞ അത്രയും നമ്പറുകൾ ഫൈനലൈസ് ചെയ്യാൻ സാധിക്കുകയുള്ളൂ. അതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പ്രവർത്തന കലണ്ടറും അംഗീകരിച്ച് ഒക്ടോബർ 25-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അപേക്ഷ പരിശോധന നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്കുള്ള പരിശീലനങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. അപ്പോൾ ചില ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഈ പ്രവർത്തനം നടത്താനാവശ്യമായ ഉദ്യോഗസ്ഥരുടെ എണ്ണം പരിമിതിമാണെന്ന പ്രശ്നം ഉന്നയിക്കുകയുണ്ടായി. അതുസംബന്ധിച്ച് വ്യക്തമായ തീരുമാനമെടുത്തുകഴിഞ്ഞു. മൂന്നിൽ കുറയാത്ത ഉദ്യോഗസ്ഥരെ ഈ പരിശോധനാ നിർവ്വഹണത്തിന് നിയമിക്കേണ്ടി വരുമെന്ന് കണക്കിലെടുത്തുകൊണ്ടുള്ള ഉത്തരവ് ഇറങ്ങുകയാണ്. നവംബർ 1 മുതൽ ഫീൽഡ്തല പരിശോധന ആരംഭിച്ചിട്ടുണ്ട്. ഈ മാസംകൊണ്ടുതന്നെ അത് പൂർത്തിയാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. ഡിസംബർ 1-ന് കരട് പട്ടിക പ്രസിദ്ധീകരിക്കുന്നതിനും ഡിസംബർ 15 വരെ ഒന്നാംഘട്ട അപ്പീൽ സമർപ്പിക്കുന്നതിനും ഡിസംബർ 30-നകം അതിൽ തീർപ്പ് കൽപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. രണ്ടാംഘട്ട അപ്പീൽ സമർപ്പിക്കുന്നതിന് ജനുവരി 15 വരെ സമയം നൽകും; ജനുവരി 31-നകം അത് തീർപ്പാക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ഗ്രാമസഭകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് ഫെബ്രുവരിയോടെ അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്ന് തന്നെയാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. പ്രമേയാവതാരകൻ പറഞ്ഞിട്ടുള്ളതുപോലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിൽ

അവകാശമൊന്നുമില്ലെന്നത് ശരിയല്ല. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും ആനുകൂല്യങ്ങൾ നൽകുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളും ഉൾപ്പെടുന്ന പ്രാദേശിക സർക്കാരുകൾക്ക് അവകാശം നൽകിയില്ലെന്നാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. ശാസ്ത്ര-സാങ്കേതിക രംഗത്തുണ്ടായിട്ടുള്ള വികാസം ഉപയോഗപ്പെടുത്തിക്കൊണ്ട് ഭരണ സംവിധാനത്തെ മുന്നോട്ട് കൊണ്ടുപോകുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തി ലിസ്റ്റുകൾ വളരെ വേഗത്തിൽ തയ്യാറാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഇങ്ങനെ തയ്യാറാക്കുന്ന ലിസ്റ്റുകൾ ഗ്രാമസഭയിൽവച്ച് അംഗീകരിച്ചാണ് അവസാന തീരുമാനത്തിലേയ്ക്കെത്തുക. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് മുതൽ പദ്ധതികളുടെ നിർവ്വഹണമാകെ തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെയാണ് നടപ്പിലാക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ എഗ്രിമെന്റ് വയ്ക്കുന്നതും നിർമ്മാണത്തിന്റെ ഓരോ സ്റ്റേജ് പൂർത്തീകരിക്കുന്നതിനനുസരിച്ച് പണം നൽകുന്നതും വീട് പൂർത്തീകരിച്ചുകഴിഞ്ഞാൽ താക്കോൽ ദാനം നിർവ്വഹിക്കുന്നതുമെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങളാണ്. ആ നിലയിൽ ലൈഫ് മിഷന്റെ എല്ലാ പ്രവർത്തനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളാണ് നടത്തുന്നത്. വസ്തുതകൾ ഇതാണെന്നിരിക്കെ തെറ്റിദ്ധാരണ പരത്തുന്ന കാര്യങ്ങളാണ് പ്രമേയാവതാരകൻ മുന്നോട്ടുവച്ചത്. അതുകൊണ്ടുതന്നെ സഭ നിർത്തിവച്ച് ഇത് ചർച്ച ചെയ്യേണ്ട സാഹചര്യം നിലവിലില്ല.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, "പൂർവ്വികർ സൃഷ്ടിച്ചതെല്ലാം അതേപടി തുടരണമെന്ന് ഗുരുവായൂർ സത്യാഗ്രഹത്തിന്റെ ഈ നവതിയാഘോഷവേളയിൽ ആര് പറഞ്ഞാലും അംഗീകരിക്കാൻ കഴിയില്ല. പൂർവ്വികർ പറഞ്ഞതിൽ തള്ളേണ്ടത് തള്ളുകതന്നെ ചെയ്യും." ഇന്നലെ ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ ഈ നിയമസഭയിൽ നടത്തിയ ഒരു പ്രസംഗത്തിന്റെ ഭാഗമാണിത്. 74, 75 ഭരണഘടനാ ഭേദഗതി പ്രകാരം ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ നിയമം കേരളത്തിൽ വന്നപ്പോൾ അതിന് ജനകീയാസൂത്രണം എന്ന ഓമനപ്പേര് നൽകി. അധികാര വികേന്ദ്രീകരണം താഴേത്തട്ടിലേയ്ക്ക് എന്ന് അക്കാലത്ത് ഒരു മുദ്രാവാക്യമുയർത്തി മഹാനായ ഇ.എം.എസ്. നമ്പൂതിരിപ്പാട് ജനകീയാസൂത്രണ പദ്ധതി കൊണ്ടുവന്നു. ആ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ പാർട്ടി ഇന്ന് കേരളം ഭരിക്കുമ്പോഴാണ് വികേന്ദ്രീകരണം കേന്ദ്രീകരണമായി മാറുന്നത്. ഇക്കാര്യം 'പൂർവ്വികർ ചെയ്തതെല്ലാം ഞങ്ങൾ തിരുത്തും' എന്ന ശ്രീ. കെ. രാധാകൃഷ്ണന്റെ ഇന്നലത്തെ വാചകത്തോടുകൂടി തന്നെ മനസ്സിലായി. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ തെറ്റിദ്ധരിപ്പിക്കുന്ന ധാരാളം കാര്യങ്ങൾ പറഞ്ഞു. പ്രമേയാവതാരകന് തെറ്റിയിട്ടില്ല. നിങ്ങൾക്കാണ് തെറ്റിയത്. 2016-ൽ പിണറായി

വിജയൻ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് ഭവന പദ്ധതിക്ക് രൂപം കൊടുത്തിരുന്നത് കേരളത്തിലെ 941 ഗ്രാമപഞ്ചായത്തുകളും 87 മുനിസിപ്പാലിറ്റികളും 6 കോർപ്പറേഷനുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും 14 ജില്ലാ പഞ്ചായത്തുകളും അടങ്ങുന്ന ത്രിതല പഞ്ചായത്തുകളും എസ്.സി./എസ്.ടി. ഡിപ്പാർട്ടുമെന്റും ആയിരുന്നു. ആ ഭവന പദ്ധതിക്കാണ് ലൈഫ് മിഷൻ എന്ന ഓമനപ്പേരിട്ട് ഒരു ഭവന പദ്ധതിയായി രൂപം കൊടുത്തിരിക്കുന്നത്. 2016-17-ൽ ആ പദ്ധതി നടപ്പിലാക്കിയില്ല. 2018-ലാണ് നടപ്പിലാക്കിയത്. 2021 ആകുമ്പോഴേയ്ക്കും കേരളത്തിൽ ഭവനരഹിതരുണ്ടാകില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പ്രസ്താവനയിൽ പറഞ്ഞു. ഒരു കൊല്ലം ഒരു ലക്ഷം വീട് കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അഞ്ച് കൊല്ലം ഭരിച്ചിട്ട് രണ്ടരലക്ഷം വീടാണ് കൊടുത്തത്. ആ കണക്ക് ബഹുമാനപ്പെട്ട മന്ത്രി പറയണം. ലൈഫ് പദ്ധതിയിൽ വളരെ വ്യക്തമായും ആധികാരികമായും ഈ സർക്കാരിന്റെ മുന്നിൽ കണക്കുപറയാൻ ആഗ്രഹിക്കുകയാണ്. IKM (Information Kerala Mission)-ന്റെ വെബ്സൈറ്റിൽ കൊടുത്തിരിക്കുന്നതുപ്രകാരം Phase-I-ൽ 52435 വീടുകളാണ് നൽകിയിരിക്കുന്നത്. എന്താണ് Phase-I ? 2011 മുതൽ 2016 വരെ ത്രിതല പഞ്ചായത്തുകൾ പണം നീക്കിവച്ച പദ്ധതിയിൽ പൂർത്തീകരിക്കാത്ത വീടുകളാണ് Phase-I എന്ന് പറഞ്ഞിരിക്കുന്നത്. ലൈഫ് ഭവന പദ്ധതി പ്രകാരം Phase-II-ൽ സംസ്ഥാനത്ത് ആകെ വന്നത് 89542 വീടുകൾ മാത്രമാണ്. Phase-III ആർക്കാണ്? വീടും സ്ഥലവുമില്ലാത്ത ആളുകൾക്ക് കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് കൊടുത്ത വീടുകൾ എത്രയാണ്? IKM-ന്റെ വെബ്സൈറ്റ് പ്രകാരം 5798 വീടുകളാണ്. നിങ്ങൾ പറയുന്നത് രണ്ടേമുക്കാൽ ലക്ഷം ആളുകൾക്ക് വീട് കൊടുത്തുവെന്നാണ്. PMAY-U (Pradhan Mantri Awas Yojana-Urban)-ൽ 69033-ഉം PMAY-G (Pradhan Mantri Awas Yojana-Gramin) Rural-ൽ 17854-ഉം വീടുകളാണ് കൊടുത്തത്. മുമ്പ് എസ്.സി. ഡിപ്പാർട്ടുമെന്റ് കൊടുത്തിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശ്രീ. ബി. സത്യൻ അവതരിപ്പിച്ച ശ്രദ്ധ ക്ഷണിക്കലിന് അന്ന് മന്ത്രിയായിരുന്ന ശ്രീ. എ. കെ. ബാലൻ മറുപടി പറഞ്ഞപ്പോൾ അദ്ദേഹം വികാരഭരിതനാകുകയും അവസാനം ബഹുമാനപ്പെട്ട സ്പീക്കർ മൈക്ക് ഓഫാക്കുകയും ചെയ്തു. സാധാരണ ആ കാലഘട്ടത്തിൽ 14,000-15,000 വീടുകൾ ഡിപ്പാർട്ടുമെന്റ് കൊടുത്തിരുന്നു. അഞ്ചുകൊല്ലംകൊണ്ട് എസ്.ടി. ഡിപ്പാർട്ടുമെന്റ് 75000 വീടുകൾ നൽകിയിരുന്നു. എസ്.സി. ഡിപ്പാർട്ടുമെന്റ് കൊടുത്ത 22605 വീടുകളും എസ്.ടി. ഡിപ്പാർട്ടുമെന്റ് കൊടുത്ത 2899 വീടുകളും ചേർത്താണ് 257000. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണം. ഇത് ആദ്യം അങ്ങയുടെ കീഴിലായിരുന്നു. 2019-ൽ ഞാൻ അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ അങ്ങായിരുന്നു മറുപടി പറഞ്ഞിരുന്നത്. ഇന്നിപ്പോൾ സ്ഥിതിയെന്താണ്? 2020 ആഗസ്റ്റ് 1 മുതൽ അപേക്ഷ

സ്വീകരിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞല്ലോ. ജൂലൈയിൽ അപേക്ഷ ക്ഷണിച്ചു. ആ അപേക്ഷയുടെ സ്ഥിതിയെന്താണ്? അന്ന് ഓൺലൈൻ അപേക്ഷ സ്വീകരിക്കൽ 2020 ആഗസ്റ്റ് 1 മുതൽ 14 വരെയായിരുന്നു. അത് പ്രസിദ്ധീകരിക്കൽ ആഗസ്റ്റ് 17, അപേക്ഷകളുടെ ഫീൽഡ്തല പരിശോധന ആഗസ്റ്റ് 21, കരട് ഗുണഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിക്കൽ ആഗസ്റ്റ് 22, അന്തിമ പട്ടിക പ്രസിദ്ധീകരിക്കൽ സെപ്റ്റംബർ 30 എന്നിങ്ങനെയായിരുന്നു നടന്നത്. പഞ്ചായത്ത് ഇലക്ഷൻ പ്രഖ്യാപിച്ചത് ഒക്ടോബർ മാസം അവസാനമാണ്. എവിടെയാണ് ഇവിടെ പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ പ്രശ്നം വരുന്നത്? അന്ന് തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് ജനങ്ങളിൽനിന്ന് അപേക്ഷ ക്ഷണിച്ച് അവരുടെ കണ്ണിൽ പൊടിയിടാനാണ് ശ്രമിച്ചത്. ഒരു വർഷം കഴിഞ്ഞ് അസംബ്ലി ഇലക്ഷൻ വന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് 6 മാസമായല്ലോ. എന്തുകൊണ്ട് ഗുണഭോക്തൃ ലിസ്റ്റുണ്ടാക്കിയില്ല; നിങ്ങൾ അത് എപ്പോഴാണ് തയ്യാറാക്കുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 6-9-2021-ൽ കൂടിയ കർമ്മ സമിതിയുടെ തീരുമാനത്തിന്മേൽ 25-10-2021-ലാണ് സർക്കാർ ഉത്തരവിറക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ചോദിക്കട്ടെ, അങ്ങ് പാവപ്പെട്ടവർക്കുവേണ്ടി നിൽക്കുന്നയാളാണല്ലോ! മുഖ്യമന്ത്രിക്കൊഴികെ ബാക്കിയുള്ളവർക്കൊക്കെ വളരെ വിശാലമായി ക്ലാസ്സും കാര്യങ്ങളുമൊക്കെ എടുത്ത ആളാണല്ലോ; ജില്ലാ യോഗവും മോണിറ്ററിംഗ് സമിതിയും ഒക്ടോബർ മാസം കൂടുമെന്ന് അങ്ങ് പറഞ്ഞല്ലോ? കേരളത്തിലെ 14 ജില്ലകളിൽ എവിടെയെങ്കിലും നിങ്ങളുടെ ഈ ഉത്തരവ് പ്രകാരം ഏതെങ്കിലുമൊരു മോണിറ്ററിംഗ് സമിതി കൂടിയിട്ടുണ്ടോ? ഇനി അതൊന്നുമല്ല രസം, നമ്മളൊക്കെ പഞ്ചായത്ത് മെമ്പർമാരും പ്രസിഡന്റുമാരും ഒക്കെ ആയിരുന്നവരാണ്. ഈ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും എന്തിനാണ് പരിശീലനം നൽകുന്നത്? അവർക്കിത് അറിയില്ലേ? ആവശ്യമില്ലാത്ത ചെലവുണ്ടാക്കുകയല്ലാതെ മറ്റെന്തിനാണ് ഇങ്ങനെയൊരു പരിശീലനം കൊടുക്കുന്നത്? പഞ്ചായത്തിലുള്ളവരൊക്കെ ഇള്ളക്കുട്ടികളാണോ? നിങ്ങളൊന്ന് ആലോചിച്ചുനോക്കണം. അതുപോലെ ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ആദ്യത്തെ പ്രവർത്തന കലണ്ടർ പോയിട്ട് ഇപ്പോൾ ഒരു കൊല്ലം കഴിഞ്ഞു, പുതിയ കലണ്ടർ കൊണ്ടുവന്നു. രണ്ടാമത്തെ പ്രവർത്തന കലണ്ടർ എങ്ങനെയാണ് നിങ്ങൾ ഇറക്കിയത്? 2022 ഫെബ്രുവരി മാസം 28-ാം തീയതി ഫൈനൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുമെന്നാണ് നിങ്ങൾ ഇപ്പോൾ പറയുന്നത്. ഇതിലൊക്കെ സന്തോഷിക്കുന്ന ഒരാൾ ഇവിടെയുണ്ട്. കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ. 2020-21-ൽ ഒരു ഗ്രാമപഞ്ചായത്തിന് അല്ലെങ്കിൽ ഒരു ബ്ലോക്ക് പഞ്ചായത്തിന് ആറോ ഏഴോ കോടി രൂപയാണ് കിട്ടുന്നത്. അതിൽ നാല് കോടി രൂപ, സേവന മേഖലയിൽനിന്നുള്ള പണത്തിന്റെ 20%

പഞ്ചായത്തുകളുടെ പദ്ധതിയിൽനിന്നും ലൈഫ് പദ്ധതിക്കായി നീക്കിവയ്ക്കണം. അപ്പോൾ ഒരു പഞ്ചായത്തിന് 80 ലക്ഷം രൂപ വരും. അത്തരത്തിൽ 1000 പഞ്ചായത്ത്, 172 ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിങ്ങനെ എത്ര കോടി രൂപ വരും? 980 കോടി രൂപ. രണ്ട് കൊല്ലംകൊണ്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് മാർച്ച് മാസത്തിൽ എഗ്രിമെന്റ് വയ്ക്കുമോ? ഇല്ല, പണം ലാപ്സാകും. പഞ്ചായത്തിന്റെ പണമായ 1900 കോടി രൂപ നിങ്ങൾ വിഴുങ്ങുകയാണ്. വേറെ എന്താണ്? നിങ്ങൾ ആലോചിക്കണം. എവിടെയാണ് നിങ്ങൾ പാവപ്പെട്ടവർക്ക് കൊടുക്കുന്നത്? അദ്ധ്വാനിക്കുന്നവന്റെ പാർട്ടിയാണല്ലോ. നടപ്പുവർഷത്തെ പദ്ധതിയിലുമില്ല, അടുത്ത വർഷത്തേതിലുമില്ല. പഞ്ചായത്ത് മെമ്പർമാരുടെ സ്ഥിതി നിങ്ങൾ ആലോചിച്ചുനോക്കണം, അവരുടെ സ്ഥിതിയാണ് ഏറ്റവും കഷ്ടം. അർഹതയുള്ള ഗുണഭോക്താക്കൾ കൺമുന്നിൽ വന്നുനിൽക്കുമ്പോൾ ഒരു പൈസ അവർക്ക് ധനസഹായം കൊടുക്കാൻ കഴിയുന്നില്ല. എന്താണ് കാരണം? ഗുണഭോക്താക്കളുടെ ലിസ്റ്റ് ഇല്ല. പണം പഞ്ചായത്തിന്റെ പക്കലുണ്ട്, ചെലവഴിക്കാൻ കഴിയുന്നുണ്ടോ? ഇല്ല. നിങ്ങൾ പറയണം. പഞ്ചായത്ത് മെമ്പർമാർക്ക് ഗുണഭോക്താക്കൾക്ക് കൊടുക്കാനും കഴിയുന്നില്ല, ഒന്നും നടക്കുന്നുമില്ല. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഒരു ഗൗരവമായ വിഷയമാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. പി. കെ. ബഷീർ, ആദ്യം പറയേണ്ടത് ഗൗരവമായ വിഷയമല്ലേ?

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ വിഷയത്തിൽനിന്നും മാറിയില്ലല്ലോ. നിങ്ങൾ അങ്ങനെ പറയരുത്. 924000 ആളുകളുടെ അപേക്ഷ, മുമ്പൊക്കെ എങ്ങനെയായിരുന്നു? പഞ്ചായത്ത് അപേക്ഷ വിളിച്ചിട്ട് ഗ്രാമസഭ കൂടി ലിസ്റ്റ് തയ്യാറാക്കും. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിലുള്ള ആളുകൾക്ക് എങ്ങനെ മഞ്ചേരിക്കാരുടെ കണക്കറിയാൻ സാധിക്കും? അവിടെ ഗ്രാമസഭ കൂടി, ഒരു മാർക്ക് ഉണ്ടാക്കി, അത് പരിശോധിച്ച്, ആക്ഷേപം ഉന്നയിച്ചാൽ അതും പരിശോധിച്ച്, വികസന സെമിനാറിൽ വന്ന്, ബോർഡിൽ അംഗീകരിച്ച് എഗ്രിമെന്റ് വയ്ക്കും. ഇപ്പോൾ എവിടെയാണ് അങ്ങനെയുള്ളത്? നിങ്ങൾ നാല് ലക്ഷം രൂപ കൊടുത്തോളൂ. ഞാൻ കഴിഞ്ഞ തവണ അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ ഒരു കാര്യം പറഞ്ഞിട്ടുണ്ട്. നിങ്ങൾ അധികമായി കൊടുക്കുന്ന ഈ പണം പഞ്ചായത്തിന് കൊടുക്കണം അല്ലെങ്കിൽ പഞ്ചായത്ത് പ്രാദേശികമായി അവിടത്തെ സർവ്വീസ് ബാങ്കിൽനിന്നോ പ്രാദേശിക ബാങ്കിൽനിന്നോ ലോൺ എടുക്കട്ടെ, പലിശ നിങ്ങൾ കൊടുക്കണം. അവരുടെ പദ്ധതിയുടെ പണം നീക്കിവച്ചിട്ട് ബാക്കി പണം അടച്ചോളും. ഞാൻ അന്ന് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു 'പരിശോധിക്കാം' എന്ന്. എവിടെയാണ് നിങ്ങൾ പരിശോധിച്ചത്. xxx xxx xxx*. അതാണ് ഇവിടത്തെ പ്രശ്നം.

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖകളിൽനിന്നും നീക്കംചെയ്തു.

<u>മി. സ്പീക്കർ</u>: ശ്രീ. പി. കെ. ബഷീർ, അത് സ്ത്രീവിരുദ്ധമായൊരു പരാമർശമാണ്. അത് രേഖയിൽ ഉണ്ടാകില്ല.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ക്ഷമിക്കണം. ഞാനത് പിൻവലിച്ചു. അതങ്ങനെ വാചകത്തിൽ വരുന്നതാണ്, മനഃപൂർവ്വം പറഞ്ഞതല്ല. പഞ്ചായത്തിന്റെ കൈവശം പണമുണ്ട്. 1000 തെങ്ങുള്ള ഭ്രവുടമയ്ക്ക് പല്ലിൽ കുത്താൻ ഒരു ഈർക്കിലില്ല എന്നുപറഞ്ഞതുപോലെയാണിത്. അധികാര വികേന്ദ്രീകരണത്തിന്റെ രജത ജൂബിലി ആഘോഷിക്കുകയാണിപ്പോൾ. എല്ലാ പദ്ധതികളും സർക്കാരിന് വിട്ടിരിക്കുകയാണ്. സ്വന്തമായി ഭ്രമിയും വീടുമില്ലാത്തവർക്ക് അത് കൊടുക്കാൻ കഴിയുന്നില്ല, സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ പറ്റുന്നില്ല, അവർക്ക് ആനുകൂല്യം കിട്ടുന്നുമില്ല. ഇപ്പോൾ എന്താണ് പരിപാടി? സംസ്ഥാന തലത്തിൽ മുഖ്യമന്ത്രിയുടെ വക പാലുകാച്ചൽ, അതുകഴിഞ്ഞപ്പോൾ തിരുവനന്തപുരം കോർപ്പറേഷൻ വക ഒരു പാലുകാച്ചൽ, അതുകഴിഞ്ഞപ്പോൾ ജില്ലാ പഞ്ചായത്ത് ഒരു പാലുകാച്ചൽ, ബ്ലോക്ക് പഞ്ചായത്ത് ഒരു പാലുകാച്ചൽ, അവസാനം പഞ്ചായത്ത് ഒരു പാലുകാച്ചൽ.

<u>മി. സ്പീക്കർ</u>: യെസ്. പ്ലീസ് പ്ലീസ്. ഒരു മിനിറ്റുകൂടി കഴിഞ്ഞു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, പഞ്ചായത്തിന് പണമില്ലാത്തതുകൊണ്ട് ഇപ്പോൾ നൂറ് പേർക്ക് പതിനായിരം രൂപ കൊടുക്കാൻ കഴിയില്ലെന്നാണ് പറയുന്നത്. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ, അങ്ങ് കാര്യകാരണ സിദ്ധാന്തത്തിന്റെ ഒരു വക്താവാണ്. അങ്ങ് പാർട്ടിക്കാർക്ക് ക്ലാസ്സെടുക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയൊഴികെ ബാക്കിയുള്ളവർക്കൊക്കെ ക്ലാസ്സെടുത്തിട്ടുണ്ടാകും. ഒരു കാര്യത്തിന് ഒരു കാരണമുണ്ടാകും, ഒരു കാരണത്തിന് ഒരു കാര്യമുണ്ടാകും. അതാണ് അങ്ങയുടെ സിദ്ധാന്തം. അങ്ങനെയാണെങ്കിൽ ഈ ലൈഫ് പദ്ധതിക്ക് എന്ത് സംഭവിച്ചുവെന്നത് കാര്യകാരണ സഹിതം അങ്ങ് പറയണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ഈ പാവപ്പെട്ടവരുടെ വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ സാധിക്കാതെ, ത്രിതല പഞ്ചായത്തുകളുടെ അധികാരം സർക്കാരിൽ നിക്ഷിപ്തമാക്കി, ഉള്ള ഫണ്ട് കൊടുത്തെങ്കിലും ആ ഫണ്ട് ചെലവഴിക്കാൻ കഴിയാതെ പഞ്ചായത്തുകളെ മുൾമുനയിൽ നിർത്തുന്ന സർക്കാരിന്റെ ഈ നയം അവസാനിപ്പിക്കണം. ത്രിതല പഞ്ചായത്തുകൾക്ക് ഭവന പദ്ധതി നടപ്പിലാക്കാനുള്ള അധികാരം കൊടുക്കണം.

<u>മി. സ്പീക്കർ</u>: പ്ലീസ് പ്ലീസ്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, 14 ലക്ഷം രൂപ ലൈഫ് ഭവന പദ്ധതിക്ക് കൺസൾട്ടേഷൻ ഇനത്തിൽ കൂട്ടുകയാണ് ചെയ്യുന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം. അതുകൊണ്ട് ലൈഫ് ഭവന പദ്ധതിയിൽ ഇപ്പോഴുള്ള അപാകതകൾ പരിഹരിച്ച്

പാവപ്പെട്ടവന് വീട് ലഭ്യമാക്കാൻ ത്രിതല പഞ്ചായത്തുകൾക്ക് അധികാരം തിരിച്ചുനൽകണമെന്നും ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നും ഞാൻ ആവശ്യപ്പെടുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ബഹുമാനപ്പെട്ട അംഗം പി. കെ. ബഷീർ ഇവിടെ അവതരിപ്പിച്ച കാര്യങ്ങളെല്ലാം സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുന്നതിൽ ഞങ്ങൾക്ക് യാതൊരു പ്രയാസവുമില്ല. അദ്ദേഹം പറഞ്ഞ് അവസാനിപ്പിച്ചതുപോലെ കാര്യകാരണ നിയമം ഒരു സിദ്ധാന്തമാണ്. ഒരു കാര്യത്തിനേ ഒരു കാരണമുണ്ടാകൂ, ഒരു കാരണത്തിനേ ഒരു കാര്യവുമുണ്ടാകൂ. കാരണമില്ലാതെ കാര്യമോ കാര്യമില്ലാതെ കാരണമോ ഉണ്ടാകില്ല. അപ്പോൾ സ്വാഭാവികമായും ഈ സിദ്ധാന്തം അനുസരിച്ചുതന്നെ നിങ്ങൾ അവതരിപ്പിച്ച അടിയന്തരപ്രമേയം നമുക്ക് സൂക്ഷ്മമായി വിലയിരുത്താം. അങ്ങനെ വിലയിരുത്തുമ്പോൾ 2020 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ അപേക്ഷ ക്ഷണിച്ചപ്പോൾ സമയം നീട്ടിനൽകണമെന്ന് ആവശ്യപ്പെട്ടത് പ്രമേയാവതാരകൻ ശ്രീ. പി. കെ. ബഷീർ ഉൾപ്പെടെയുള്ളവരാണെന്ന് നാം കാണണം. കക്ഷി-രാഷ്ട്രീയ ഭേദമെന്യേ എല്ലാ ഭാഗത്തുനിന്നും സമ്മർദ്ദമുണ്ടായപ്പോഴാണ് അപേക്ഷ സമർപ്പിക്കാനുള്ള തീയതി 2020 സെപ്റ്റംബറിലേയ്ക്ക് നീട്ടിയത്. അത് കഴിഞ്ഞപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് വന്നു. സ്വാഭാവികമായും അതിനുമീതെ ആവശ്യമായ പരിശോധനയും കാര്യങ്ങളും നടത്തുന്നതിന് സാധിച്ചില്ല. മറ്റൊരു കാര്യം പറയാനുള്ളത് ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് സെക്രട്ടേറിയറ്റിലല്ല നടക്കുന്നതെന്നാണ്. അദ്ദേഹം തെറ്റിദ്ധരിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ വരുന്ന ജനുവരി മാസം വരെയുള്ള പരിശോധനയുടെ ഘട്ടം ഓരോന്നോരോന്നായി നടക്കുന്നത് ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ടാണ്. ഗ്രാമപഞ്ചായത്തിൽത്തന്നെ ചിലപ്പോൾ ഒന്നോ രണ്ടോ ആളുകൾ മാത്രമുള്ള സ്ഥലത്ത് മൂന്നിൽ കുറയാത്ത ആളുകളുണ്ടാവണമെന്ന് തീരുമാനിച്ച് പ്രവർത്തനം മുന്നോട്ടുവന്നപ്പോൾ ആവശ്യമായ ആളുകളെ നിശ്ചയിക്കാൻവേണ്ടി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷകൾ ഓൺലൈനിൽ സ്വീകരിച്ചുകഴിഞ്ഞാൽ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് ഞാൻ ഈ പറഞ്ഞ രീതിയിൽ തയ്യാറാക്കിയ കലണ്ടർ അടിസ്ഥാനപ്പെടുത്തിയാണ് നടത്താൻ പോകുന്നത്. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാരെയാണ് ഇതിനായി ചുമതലപ്പെടുത്തിയത്. അവരുടെ കൂടെ ചില ഉയർന്ന ഉദ്യോഗസ്ഥരെക്കൂടി ചേർത്തുകൊണ്ടുവേണം ഈ പരിശോധന നടത്തേണ്ടത്. അതുകഴിഞ്ഞ് ഇതെല്ലാം ഗ്രാമസഭയിൽ അവതരിപ്പിച്ചാണ് ഫൈനലൈസ് ചെയ്യുന്നത്. യു.ഡി.എഫ്.ന്റെ കാലത്ത് വലിയ രീതിയിലുള്ള ഭവന നിർമ്മാണ പദ്ധതി

നടപ്പിലാക്കിയിരുന്നുവെന്ന് ഇവിടെ പറഞ്ഞു. 2011 മുതൽ 2016 വരെയുള്ള യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് കൈമാറിയ വീടിന്റെ കണക്ക് സംബന്ധിച്ച് 13-ാം കേരള നിയമസഭയുടെ 16-ാം സമ്മേളനത്തിൽ ഉമ്മൻചാണ്ടി സർക്കാരിന്റെ അവസാന സമയത്ത് 2016 ഫെബ്രുവരി 24-ന് നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3204-ന് അന്നത്തെ മുഖ്യമന്ത്രി നൽകിയ വിവരപ്രകാരം 3724 വീടുകളാണ് പൂർത്തീകരിച്ച് നൽകിയിട്ടുള്ളത്. കൃത്യമായ കണക്കാണിത്. ബഹുമാനപ്പെട്ട അന്നത്തെ മുഖ്യമന്ത്രി ഇവിടെയുണ്ട്. ...(ബഹളം)... പ്രിയപ്പെട്ട പി. കെ. ബഷീർ ഉൾപ്പെടെയുള്ള ആളുകൾ ഞാൻ പറയുന്ന കണക്ക് നോട്ട് ചെയ്തോളൂ. അതായത് 2016 ഫെബ്രുവരി 24-ന് നക്ഷത്രചിഹ്നമിടാത്ത 3204-ാം നമ്പർ ചോദ്യത്തിന് നൽകിയ മറുപടിയിൽ അന്നത്തെ മുഖ്യമന്ത്രി നൽകിയ വിവര പ്രകാരം 3724 വീടുകളാണ് പൂർത്തീകരിച്ച് നൽകിയിട്ടുള്ളത്. ......(ബഹളം)... ഞാൻ പറഞ്ഞില്ലേ, 2011 മുതൽ 2016 വരെയുള്ള യു.ഡി.എഫ്.ന്റെ ഭരണകാലത്തെ സംബന്ധിച്ചാണ് ഞാൻ വിശദീകരിച്ചത്. ഞാൻ അന്നത്തെ ചോദ്യം വായിക്കാം. നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3204. 24-2-2016-ലെ മറുപടി. 'ഭവനപദ്ധതി' എന്നാണ് അതിന്റെ ഹെഡ്ഡിംഗ്. ചോദ്യം ചോദിക്കുന്നത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ. ഉത്തരം പറയുന്നത് ശ്രീ. ഉമ്മൻചാണ്ടി. ചോദ്യം: 'കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനുള്ളിൽ എത്ര പേർക്ക് സർക്കാർ പദ്ധതിയിലൂടെ പാർപ്പിടം നൽകി; ഇപ്പോഴും പാർപ്പിടമില്ലാത്ത കുടുംബങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ?' അതിന്റെ ഉത്തരം 'വിശദാംശം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു'. 'ദുർബല ജനവിഭാഗങ്ങൾക്കായി പ്രത്യേകം നടപ്പിലാക്കിയ ഭവന പദ്ധതികൾ ഏതൊക്കെയാണ്?' എന്ന ചോദ്യത്തിന്റെ ഉത്തരവും 'വിശദാംശം അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു' എന്നാണ്. 'ലക്ഷം വീട് കോളനികളുടെ വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്?' ഈ ചോദ്യങ്ങൾക്കെല്ലാം അവസാനം പറയുന്ന കാര്യമാണ് ഞാൻ നേരത്തേ സൂചിപ്പിച്ച കണക്കുകൾ. വർഷം, വീടുകളുടെ എണ്ണം എന്നിങ്ങനെ ഓരോ വർഷത്തെയും പ്രത്യേകം കണക്കുണ്ട്. സുരക്ഷാ ഭവന പദ്ധതിയെ സംബന്ധിച്ച കൃത്യമായ കണക്കാണ് അനുബന്ധത്തിൽ പറയുന്നത്. (.....ബഹളം.....)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ. ചോദ്യത്തിന്റെ ഉത്തരം വായിക്കുകയല്ലേ. സഭയിൽ നൽകിയ ഉത്തരമല്ലേ വായിക്കുന്നത്. കേൾക്കൂ. (.....ബഹളം.....) കേൾക്കൂ.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, 2011-12 (.....ബഹളം.....) സുരക്ഷാ ഭവനപദ്ധതിയെ അടിസ്ഥാനപ്പെടുത്തിയാണ് ഞാൻ പറയുന്നത്. (.....ബഹളം.....) ഈ ചോദ്യത്തിന്റെ ഉത്തരമായി പറഞ്ഞ മുഴുവൻ കാര്യങ്ങളും ഇതിൽ വളരെ

വിശദമായി പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി, എം.എൻ. ലക്ഷം വീട് മേൽക്കൂര അറ്റകുറ്റപ്പണി പദ്ധതി, സുരക്ഷാ ഭവന പദ്ധതി, പത്രപ്രവർത്തകർക്കുള്ള ഭവന പദ്ധതി തുടങ്ങിയ പദ്ധതികളിലൂടെ ധനസഹായം അനുവദിച്ചതിന്റെ വിശദാംശങ്ങളാണ് ഇതിൽ ചേർത്തിട്ടുള്ളത്. അതിന്റെ എണ്ണവും പറഞ്ഞിട്ടുണ്ട്. സുരക്ഷാ ഭവന പദ്ധതി - 698, എം.എൻ. ലക്ഷം വീട് നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് 2191, അറ്റകുറ്റപ്പണി തീർത്തത് 772, പത്രപ്രവർത്തകർക്കുള്ള സബ്സിഡി അനുവദിച്ചിട്ടുള്ളത് 74 എന്നിങ്ങനെയാണ്. ഇപ്രകാരം കൃത്യമായി കണക്ക് വിശദീകരിച്ചിട്ടുണ്ട്. (..ബഹളം....) അതാണ് ഞാൻ പറഞ്ഞത്. മൊത്തം കൊടുത്തതിനെ സംബന്ധിച്ച് നിങ്ങൾ പറഞ്ഞ കണക്കാണ് 3724 വീടുകൾ. അതാണ് അന്നത്തെ മുഖ്യമന്ത്രി നൽകിയ—വിവരം. അന്ന് അത്ര മാത്രമെ കൊടുത്തിട്ടുള്ളൂവെന്നതുകൊണ്ട് ഞങ്ങളും അത്രയേ കൊടുക്കേണ്ടതുള്ളൂ എന്നതല്ല ഞാൻ പറഞ്ഞുവരുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ 5 വർഷക്കാലംകൊണ്ട് കൊടുത്തുതീർത്ത കണക്ക് ഞാൻ നേരത്തേ വിശദീകരിച്ചതിൽ യാതൊരു വ്യത്യാസവുമില്ല. അത് കൃത്യമായ കണക്കാണ്. 2,62,409 വീടുകളാണ് പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് നൽകിയത്. അതിനുശേഷം 12067 വീടുകളാണ് 100 ദിവസംകൊണ്ട് പൂർത്തിയാക്കിയത്. ഇപ്പോൾ അതിനുശേഷമുള്ള ദിവസവും കൂടി കണക്കിലെടുത്തപ്പോൾ 13600 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം, അതായത് വരുന്ന മാർച്ച് മാസം വരെ 87000 വീടുകൾ കൊടുത്ത് തീർക്കാനാവശ്യമായ പ്രവർത്തനം തന്നെയാണ് നടന്നുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി വീടുകളുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. 920260 അപേക്ഷകൾ ലഭിച്ചതിൽ 641653 അപേക്ഷകൾ ഭൂമിയുള്ള ഭവനരഹിതരുടേതാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഇപ്പോൾ യാതൊരു തരത്തിലുള്ള പ്രവർത്തനവും നടക്കുന്നില്ലെന്നാണ്. ഇപ്പോൾ എല്ലാ പ്രവർത്തനവും നടക്കുന്നുണ്ട്. അതുകൊണ്ടാണല്ലോ ആയിരക്കണക്കിന് ആളുകൾക്ക് വീടുകൊടുക്കാൻ സാധിച്ചത്. പിന്നെ അദ്ദേഹം പാലുകാച്ചലിന്റെ വ്യാപ്തിയെ സംബന്ധിച്ച് പറഞ്ഞു. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട പി. കെ. ബഷീറിന് പറഞ്ഞാൽ മനസ്സിലാകില്ല. കാരണം വീടില്ലാതെ, കയറിക്കിടക്കാൻ ഇടമില്ലാതെ, പല മേഖലയിലും വിഷമിക്കുന്ന ആളുകൾക്ക് ലഭിച്ച വീടുകളുടെ താക്കോൽദാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചപ്പോൾ യഥാർത്ഥത്തിൽ ഓരോ വീട്ടിലും ഉത്സവ ഛായയോടുകൂടിയാണ് അവർ ഗൃഹപ്രവേശം നടത്തിയത്. അന്ന് അതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ ചില വീടുകളിൽ പോയപ്പോൾ അവിടെയുള്ള നാട്ടുകാരും ആളുകളുമെല്ലാം കൂടിച്ചേർന്ന് ആ

ഗൃഹപ്രവേശം ഉത്സവഛായയോടുകൂടി നടത്തിയതാണ് കാണാൻ കഴിഞ്ഞത്. അതിന്റെ കൃത്യമായ അർത്ഥം കേരളത്തിലെ 12067 വീടുകളിൽ അന്ന് ഉത്സവമായിരുന്നു എന്നാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും അവർക്ക് വീട് നൽകുകയും ചെയ്തെന്ന് മാത്രമല്ല, താക്കോൽദാനം നിർവ്വഹിച്ചുകൊണ്ട് വീട്ടിൽ പ്രവേശിച്ച് താമസം തുടങ്ങുകയാണ്. അങ്ങനെ ഒറ്റദിവസം ഈ പ്രക്രിയയിലൂടെ 12067 ആളുകൾ സ്വന്തം വീട്ടിലേയ്ക്ക് പോയി എന്നുള്ളതാണ്. ഇനിയിപ്പോൾ 43702 വീടുകളുടെ നിർമ്മാണം പുരോഗതിയിലാണ്. ഇപ്പോൾ ഒന്നും നടക്കുന്നില്ലെന്നാണോ പറയുന്നത്? 43702 വീടുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗതിയിലാണ്. ഈ വർഷം പൂർത്തിയാകുമ്പോഴേയ്ക്കും അതെല്ലാം പൂർത്തിയാക്കേണ്ടതുണ്ട്. നേരത്തേ പറഞ്ഞതുപോലെ ഏതാണ്ട് 83000 വീടുകൾ കൊടുക്കേണ്ടതായിട്ടുണ്ട്. എല്ലാ അർത്ഥത്തിലും വീടുകൾ കൊടുക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. 1500 കോടി രൂപയുടെ ഹഡ്കോ വായ്പ ഇപ്പോൾ വാങ്ങുന്നതിനുള്ള സംവിധാനം തയ്യാറായിട്ടുണ്ട്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, 1500 കോടി രൂപയുടെ വായ്പയെക്കുറിച്ച് പറഞ്ഞു. ഭൂമിയില്ലാത്തവർക്ക് കേരളത്തിലെവിടെയെങ്കിലും നിങ്ങൾ ഫ്ലാറ്റ് നിർമ്മിച്ച് കൊടുക്കുമെന്നുപറഞ്ഞു. വർക്കലയിൽ നിർമ്മിച്ച ഫ്ലാറ്റ് ലൈഫ് മിഷൻ വിലയ്ക്ക് വാങ്ങിയെന്നല്ലാതെ, ഏതെങ്കിലുമൊരു സ്ഥലത്ത് നിങ്ങൾ തറക്കല്ലിട്ടു എന്നല്ലാതെ, എവിടെയെങ്കിലും ഭൂരഹിതരായ ആളുകൾക്ക് ഫ്ലാറ്റ് നിർമ്മിച്ചുനൽകിയോ? (...ബഹളം...)

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, ഇവിടെ നിരവധി സ്ഥലങ്ങളിൽ വീടിന്റെ സമുച്ചയങ്ങൾ പൂർത്തിയാക്കി താമസം തുടങ്ങിയിട്ടുണ്ട്. അത് ഏതെങ്കിലും ഒരു സ്ഥലത്ത് മാത്രമല്ല. നിരവധി സ്ഥലങ്ങളിൽ താമസിക്കാൻ സാധിച്ചിട്ടുണ്ട്. സ്പോൺസർഷിപ്പിലൂടെ ലഭിച്ച 4 ഫ്ലാറ്റുകൾ തിരുവനന്തപുരത്ത് മണ്ണന്തലയിലും എൻ.ജി.ഒ. യൂണിയന്റെ ഭാഗമായ വെങ്ങാനൂർ, കീഴാട് ഗ്രാമപഞ്ചായത്തുകളിലും അങ്കമാലി മുനിസിപ്പാലിറ്റി മുഖേനയും നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് താമസിക്കാൻ സൗകര്യം ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇടുക്കി അടിമാലിയിൽ 217 യൂണിറ്റുകളുള്ള ഭവനസമുച്ചയം 24 കോടി രൂപയ്ക്ക് ലൈഫ് മിഷൻ വാങ്ങി ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. വിവിധ ജില്ലകളിൽ 36 ഫ്ലാറ്റുകളിലായി 1713 യൂണിറ്റുകളാണ് നിർമ്മാണത്തിന് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 28 ഫ്ലാറ്റുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. മറ്റ് 8 ഫ്ലാറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന വിവിധ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ചുവരുന്നു. ഈ വർഷം 4 ഫ്ലാറ്റുകളുടെ നിർമ്മാണം

പൂർത്തീകരിക്കാനും മറ്റുള്ളവയുടെ നിർമ്മാണം ത്വരിതഗതിയിലാക്കാനുമുള്ള ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവയ്ക്കെല്ലാം പുറമെ 17 ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുമുണ്ട്. തുടർനടപടികളും നടന്നുവരികയാണ്. മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഫിഷറീസ് വകുപ്പ് മുഖേന പുനർഗേഹം പദ്ധതിയിലൂടെയും പ്രകൃതി ദുരന്തങ്ങളിൽ വീട് തകർന്നുപോകുന്നവർക്ക് സഹകരണ വകുപ്പുവഴി കെയർ ഹോം പദ്ധതിയുടെ ഭവന സമുച്ചയ പാർപ്പിടങ്ങളും നിർമ്മിച്ചുവരുന്നുണ്ട്. ലൈഫ് മിഷന്റെ സജീവവും സമഗ്രവുമായ പ്രവർത്തനത്തിന്റെയും കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ ഈ സർക്കാരിന് അഞ്ച് വർഷംകൊണ്ട് 5 ലക്ഷം പേർക്ക് പാർപ്പിടം നൽകുന്നതിന് സാധിക്കുമെന്ന് തന്നെയാണ് കണ്ടിട്ടുള്ളത്. വളരെയേറെ പ്രാധാന്യമുള്ള ഒരു വിഷയം തന്നെയാണെന്നതിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് ലൈഫ് പദ്ധതി. എന്താണോ ഈ പദ്ധതിയിലൂടെ ഉദ്ദേശിച്ചത് അത് അതുപോലെതന്നെ നിർവ്വഹിക്കുന്നതാണ്. ഗുണഭോക്തൃ പട്ടികയില്ലാത്ത ഒരു പ്രശ്നവും കേരളത്തിലെ ഒരു പഞ്ചായത്തിലുമില്ല. ഒരു വർഷം കൊടുക്കാൻ ആവശ്യമുള്ളത്രയും ഗുണഭോക്താക്കളുടെ എണ്ണം നമ്മുടെ കയ്യിലുണ്ട്. അത് ഒരു ലക്ഷത്തിലധികം വരും. ഇനി വരാൻ പോകുന്ന അപേക്ഷ കൂടി പരിശോധിച്ച് കൃത്യമായി തീരുമാനത്തിലെത്തുമ്പോൾ 5 ലക്ഷം ആളുകൾക്ക് വീട് നൽകുന്നതിനുവേണ്ടിയുള്ള ഗുണഭോക്തൃ ലിസ്റ്റ് നമ്മുടെ മുമ്പിൽ വരികയും ചെയ്യും. എല്ലാം കുറ്റമറ്റ രീതിയിലാണ് കൈകാര്യം ചെയ്യുന്നത്. ജനകീയമായി ലിസ്റ്റ് പ്രസിദ്ധീകരിച്ചുകൊണ്ട് ഗ്രാമസഭകൾ മുഖേനയാണ് മുഴുവൻ കാര്യങ്ങളും തീരുമാനിക്കാൻ പോകുന്നത്. അതിൽ യാതൊരു തരത്തിലുള്ള സംശയവും ഉണ്ടാകേണ്ടതില്ല. കക്ഷി-രാഷ്ട്രീയത്തിനതീതമായി എല്ലാ രാഷ്ട്രീയ പാർട്ടിയിലുംപെട്ട മുഴുവൻ മനുഷ്യരെയും മുഖവിലയ്ക്കെടുത്തുകൊണ്ട് കേരളത്തിലെ മുഴുവൻ പാവപ്പെട്ട മനുഷ്യർക്കും തലചായ്ക്കാൻ ഇടമുണ്ടെന്ന് ഉറപ്പുവരുത്താനുള്ള പദ്ധതിയാണ് ഗവൺമെന്റ് കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ വിവിധ മേഖലയിൽ 30 കോടിയോളം വരുന്ന മനുഷ്യർക്ക് സ്വന്തമായി കയറിക്കിടക്കാൻ ഇടമില്ലാതിരിക്കുമ്പോൾ ഗുണമേന്മയുള്ള ജീവിതം നയിക്കുന്ന പാവപ്പെട്ട മനുഷ്യരുള്ള നാടാണ് കേരളമെന്ന് ലോകത്തിന്റെ മുമ്പിൽ കാണിച്ചുകൊടുക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒന്നായിരിക്കും ലൈഫ് പദ്ധതിയെന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് സഭാ നടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ഒരു കാര്യവും ഇതിൽ ഇല്ല എന്നുള്ളതുകൊണ്ട് എല്ലാവരും സഹകരിച്ച് ഈ ലിസ്റ്റ് തയ്യാറാക്കി എല്ലാവരുടെയും പരിപൂർണ്ണ പിന്തുണയോടുകൂടി ലൈഫ് പദ്ധതി നടപ്പിലാക്കാനാകണമെന്നാണ് ഇത് സംബന്ധിച്ച് പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നാട്ടിൽ ഭൂരഹിതരായ ലക്ഷക്കണക്കിനാളുകളുണ്ട്. ഈ വലിയ ഭൂമിയിൽ കിടക്കാൻ ഒരു തുണ്ട് ഭൂമിയില്ലാത്തവരുടെ ദുഃഖം വളരെ വലുതാണ്. ഭൂമിയുണ്ടായിട്ടും ആ ഭൂമിയിൽ നാല് ചുമരും മേൽക്കൂരയുമുള്ള ഒരു വീട് കുത്തിക്കൂട്ടി കുടുംബാംഗങ്ങൾക്ക് സംരക്ഷണമേർപ്പെടുത്താൻ പറ്റാത്തവരുടെ സങ്കടം അതിലും ദയനീയമാണ്. ഭവനരഹിതരുടെ അല്ലെങ്കിൽ ഭൂരഹിതരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനുള്ള വലിയ ഉത്തരവാദിത്വം ഗവൺമെന്റിനുണ്ട്. കാലാകാലങ്ങളിൽ സംസ്ഥാനത്തും ദേശീയ തലത്തിലും നിരവധി ഭവനനിർമ്മാണ പദ്ധതികൾ വിവിധ സർക്കാരുകൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ വ്യത്യസ്ത പദ്ധതികളുമുണ്ട്. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും തദ്ദേശഭരണ സ്ഥാപനങ്ങളും വിവിധ ഡിപ്പാർട്ടുമെന്റുകളും ദുർബ്ബലരായ ജനവിഭാഗങ്ങൾക്കും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും സംസ്ഥാനത്തിന്റെ തന്നെ ഭവനനിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. അത്തരത്തിൽ ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. 1970-കളുടെ തുടക്കത്തിലുള്ള ലക്ഷംവീട് പദ്ധതി തന്നെ അന്നത്തെ കാലഘട്ടത്തിനോട് ചേർത്തുവയ്ക്കുമ്പോൾ ഒരു വലിയ വിപ്ലവകരമായ പദ്ധതിയാണ്. അതുപോലെ ധാരാളം പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതി നിലവിൽ വന്നത് 9-2-2017-ലാണ്. ലൈഫ് മിഷൻ പദ്ധതിയെന്ന് പറഞ്ഞാൽ അന്നോളം സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന എല്ലാ ഭവനനിർമ്മാണ പദ്ധതികളെയും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു പദ്ധതിയാണ്. കേരളത്തിൽ അതുവരെയുള്ള 1034-ഓളം തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വന്തമായി നടത്തിയിരുന്ന ഭവനനിർമ്മാണ പദ്ധതികൾ കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് നടത്തിയിരുന്ന ദുർബ്ബല വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ പദ്ധതി, ഫിഷറീസ് ഡിപ്പാർട്ടുമെന്റ് നടത്തിയിരുന്ന മത്സ്യത്തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതി, Indira Awas Yojana (IAY) എന്ന് ആദ്യകാലത്തും അതിനുശേഷം Prime Minister Awas Yojana (PMAY) എന്നും അറിയപ്പെട്ട കേന്ദ്ര സർക്കാരിന്റെ പദ്ധതികളുമെല്ലാം സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതികളാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലം ഇവിടെ നിർമ്മിച്ച വീടുകൾ 266000 ആണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അതിൽ 52635 വീടുകൾ ലൈഫ് മിഷൻ തുടങ്ങുന്നതിനുമുമ്പ് തദ്ദേശഭരണ സ്ഥാപനങ്ങളിലായി തുടങ്ങിയ പദ്ധതികളാണ്. അവ പൂർത്തിയാക്കി ലൈഫ് മിഷന്റെ അക്കൗണ്ടിലും ഉൾപ്പെടുത്തുകയുണ്ടായി.

ഭൂമിയുള്ള ഭവന രഹിതർക്കായി കഴിഞ്ഞ അഞ്ചുവർഷക്കാലം പണിതത് 91915 വീടുകളും ഭൂരഹിതരായ ആളുകൾക്ക് നൽകിയത് 5798 വീടുകളുമാണ്. ബാക്കിയുള്ളത് എസ്.സി./എസ്.ടി. ഡിപ്പാർട്ടുമെന്റിന്റെയും ഫിഷറീസ് വകുപ്പിന്റെയും മേഖലകളിൽ നടന്നിരുന്ന പദ്ധതികളെല്ലാം കൂടിയാണ്. രണ്ട് ലക്ഷത്തിൽ താഴെ വീടുകളാണ് ലൈഫ് മിഷന്റെ ഭാഗമായി യഥാർത്ഥത്തിൽ അഞ്ച് കൊല്ലത്തിൽ പണിതത്. അങ്ങ് ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്തെ കണക്ക് ഇവിടെ വായിച്ചു. 3074 വീടുകളാണ് ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് പണിതതെന്ന് പറഞ്ഞാൽ അവിടെയിരിക്കുന്നവർപോലും സമ്മതിക്കുമെന്ന് തോന്നുന്നില്ല. അസംബ്ലിയിൽ നൽകിയ ഒരു ഉത്തരത്തെക്കുറിച്ച് അങ്ങ് പറഞ്ഞല്ലോ. ഞാൻ ഏതായാലും ഒരു ചോദ്യം വായിക്കാം. 16-5-2017-ൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് നിങ്ങളുടെ അന്നത്തെ മന്ത്രി ഡോ. കെ. ടി. ജലീൽ ഉത്തരം കൊടുത്തതാണ്. '2015-2016 വർഷം ലക്ഷ്യമാക്കിയിരുന്ന വീടുകളുടെ പൂർത്തീകരണം എത്രമാത്രമായി' എന്ന ചോദ്യത്തിന് "2015-2016 വർഷത്തിൽ അനുവദിച്ച വീടുകളിൽ 74.77 ശതമാനം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ആകെ വീട് 42020. 2011-2012 മുതൽ 2015-2016 വരെ സംസ്ഥാനത്ത് IAY പദ്ധതിയിൽ മാത്രം 294670 വീടുകൾ അനുവദിക്കുകയും 275038 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 19632 വീടുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു...." എന്നാണ് ഉത്തരം നൽകിയിരിക്കുന്നത്. എല്ലാ ഡീറ്റെയിൽസും ഇതിലുണ്ട്. ചോദ്യോത്തരം വായിക്കാതെ കൃത്യമായി ഞാൻ പറഞ്ഞുതരാം. 2011-2012 മുതൽ 2015-2016 വരെയുള്ള അഞ്ച് സാമ്പത്തിക വർഷത്തിനിടയിൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 434000 കുടുംബങ്ങൾക്ക് വീട് ലഭിച്ചിട്ടുണ്ട്. ഇത് നിങ്ങളുടെ സർക്കാരിന്റെ കയ്യിൽനിന്നും ഇവിടെ ലഭിച്ച ഉത്തരമാണ്. ഞാൻ വേണമെങ്കിൽ ഇവിടെ അവതരിപ്പിക്കാം. എന്തിനാണ് മന്ത്രി ഇങ്ങനെ പറയുന്നത്? അതിൽ 71710 കുടുംബങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളും 12938 കുടുംബങ്ങൾക്ക് മുനിസിപ്പാലിറ്റികളും 12815 കുടുംബങ്ങൾക്ക് കോർപ്പറേഷനുകളും സ്വന്തമായി ഭവന പദ്ധതി തയ്യാറാക്കി വീട് നിർമ്മിച്ചുനൽകിയിട്ടുണ്ട്. IAY പദ്ധതി പ്രകാരം ഞാൻ നേരത്തെ വായിച്ച 274616 കുടുംബങ്ങൾക്ക് വീട് ലഭിച്ചു. പട്ടികജാതി വികസന വകുപ്പ് മുഖേന 24887 കുടുംബങ്ങൾക്കും പട്ടികവർഗ്ഗ വകുപ്പ് മുഖേന 17588 കുടുംബങ്ങൾക്കും ഭവന പദ്ധതി ആനുകൂല്യം ലഭിച്ചു. ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ 19000-ലധികം വീടുകൾ നിർമ്മിച്ചു. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് മൊത്തം നിർമ്മിച്ച വീടുകളുടെ എണ്ണം 434000 എന്ന് നിങ്ങളുടെ സർക്കാർ തന്നെ മറുപടി തന്നിരിക്കുകയാണ്. ഇതുപോലെയുള്ള കള്ളക്കണക്ക് തന്നതിന് ഉദ്യോഗസ്ഥരോടോ പേഴ്സണൽ സ്റ്റാഫിനോടോ അങ്ങ് ഒരു വിശദീകരണം ചോദിക്കണം. അസംബ്ലിയിൽ വന്ന് അങ്ങയെപ്പോലെയുള്ള

ഒരാൾ 3074 വീടുകളാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നിർമ്മിച്ചതെന്ന് പറഞ്ഞാൽ കഷ്ടമാണ് എന്നല്ലാതെ എന്താണ് പറയേണ്ടത്. ഞങ്ങളുടെ കയ്യിൽ കണക്കുണ്ട്; നിങ്ങളുടെ സർക്കാർ നൽകിയ ഓരോ സെക്ടറിലെയും കണക്കുണ്ട്. ഡോ. കെ. ടി. ജലീലിനോടും പട്ടികജാതി വകുപ്പുമന്ത്രിയോടും ഫിഷറീസ് വകുപ്പുമന്ത്രിയോടും ചോദിക്കണം. ആ കാലഘട്ടത്തിലെ കണക്ക് അവരുടെ കൈവശമുണ്ടാകും. ഞങ്ങൾ 434000 വീട് പണിതപ്പോൾ നിങ്ങൾ രണ്ട് ലക്ഷത്തിൽ താഴെ വീടുകൾ അഞ്ച് കൊല്ലംകൊണ്ട് പണിതിട്ടുണ്ട്. പക്ഷെ ഉമ്മൻ ചാണ്ടി സർക്കാരും പിണറായി വിജയൻ സർക്കാരും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഉമ്മൻ ചാണ്ടി സർക്കാർ ഇത് ആരോടും പറഞ്ഞില്ല. പബ്ലിസിറ്റി കൊടുത്തില്ല. പക്ഷെ നിങ്ങൾ ഇത് കൊട്ടിഘോഷിച്ച് ആഘോഷമാക്കി നവകേരള സ്വപ്നമെന്ന് പറഞ്ഞ് വലിയ സംഭവമാക്കി. ഈ ഒറ്റ വ്യത്യാസം മാത്രമേയുള്ളൂ. മനസ്സിലായോ? അത് നിങ്ങളുടെ മിടുക്കെന്നേ ഞാൻ പറയുന്നുള്ളൂ. അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് സംസാരിക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരം കവർന്നെടുക്കുകയും ചെയ്യുന്ന പദ്ധതിയാണ് ലൈഫ് മിഷൻ പദ്ധതി. അവരുടെ 20 ശതമാനം ഫണ്ട് നീക്കിവയ്ക്കുകയാണ്. നിങ്ങൾ 4 ലക്ഷം രൂപ കൊടുക്കുമെന്ന് പറയും. ഒരു ലക്ഷം രൂപ സംസ്ഥാന സർക്കാർ കൊടുക്കും. ബാക്കിയുള്ള 3 ലക്ഷം രൂപയിൽ 80,000 രൂപ അവരുടെ പ്ലാൻ ഫണ്ടിൽനിന്ന് പത്തോ പതിനഞ്ചോ വർഷത്തേയ്ക്ക് മാറ്റിവയ്ക്കണം. അതായത് അടുത്ത 10-15 വർഷക്കാലത്തേയ്ക്ക് ഈ 20 ശതമാനം തുക വേറൊരു കാര്യത്തിനും ഉപയോഗിക്കാൻ പറ്റില്ല. ഇത് നീക്കിവയ്ക്കണം. അപ്പോൾ തന്നെ നിങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മൂക്കുകയറിട്ടു. അവരെ സാമ്പത്തികമായി നിയന്ത്രിക്കുന്നത് ഇവിടെയിരുന്നാണ്. അത് അധികാര വികേന്ദ്രീകരണ സങ്കൽപ്പങ്ങൾക്ക് എതിരാണ്. എന്നിട്ട് അവർക്ക് യാതൊരു റോളുമില്ല. ലൈഫ് മിഷനിൽ നടത്തുന്ന സർവ്വേയുടെ ഭാഗമായാണ് വീടുകളുടെ സെലക്ഷൻ നടക്കുന്നത്. ഗ്രാമസഭകളിൽ പറയുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അവിടെനിന്ന് മാറ്റാൻ പറ്റുമോ? ഈ പ്രോസസ്സുകളെല്ലാം കഴിഞ്ഞ് ഗ്രാമസഭകളിൽ കൊണ്ടുപോയി ഈ ലിസ്റ്റ് വായിക്കുമ്പോൾ അവിടെ ലിസ്റ്റ് മാറ്റാൻ പറ്റുമോ? വെറുതെ അവരെ കാണിച്ചിട്ട് ഗ്രാമസഭയാണ് തീരുമാനിക്കുന്നത് എന്നാണ് പറയുന്നത്. സർവ്വേയെല്ലാം നടത്തി പ്രോസസ്സുകളെല്ലാം കഴിഞ്ഞതിനുശേഷമാണ് ഇത് ചെയ്യുന്നത്. ഇപ്പോഴുള്ള പ്രശ്നമെന്താണ്; കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിനുമുമ്പ് പ്രഖ്യാപിച്ച ഒരു സ്കീമിന്റെ ഭാഗമായി 9,20,000-ത്തിലധികം അപേക്ഷകൾ നിങ്ങളുടെ കയ്യിൽ കിട്ടി. നിങ്ങൾ അതിന് ഒരു ഷെഡ്യൂളിട്ടു. ഓഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 30 വരെ രണ്ടുമാസം നീണ്ടുനിൽക്കുന്ന ഒരു പ്രൊസീഡ്യുവറാണ്. ഫൈനൽ ലിസ്റ്റ് പബ്ലിഷ് ചെയ്യണം. ഞങ്ങൾ പറഞ്ഞിട്ടായിരിക്കും, കുറച്ചുകൂടി ആളുകൾക്ക് കിട്ടാൻവേണ്ടി അത് നീട്ടിവച്ചു. രണ്ട്

മാസംകൊണ്ട് തീരേണ്ട പദ്ധതിയാണ്. അതിന്റെ ഫൈനൽ ലിസ്റ്റ് പബ്ലിഷ് ചെയ്യേണ്ട പ്രോസസ്സാണ്. 2022 ഫെബ്രുവരിയിൽ തീരുമെന്നാണ് മന്ത്രി ഇപ്പോൾ പറഞ്ഞത്. അതായത് 2020 സെപ്റ്റംബർ 30-ാം തീയതി ഫൈനൽ ലിസ്റ്റ് വരേണ്ട പദ്ധതി 2022 ഫെബ്രുവരിയിൽ വരാൻ പോകുകയാണ്. 17 മാസം വൈകി. ഇപ്പോഴത്തെ ഈ പോക്കുപോയാൽ അത് ഫെബ്രുവരിയിലും വരാൻ പോകുന്നില്ല. അതിനർത്ഥം ഇനിയും 10, 20 മാസക്കാലത്തേയ്ക്ക് കേരളത്തിലെ ഭവന നിർമ്മാണ പദ്ധതി സ്തംഭനാവസ്ഥയിലാണ് എന്നാണ്. ഈ വിഷയമാണ് ഞങ്ങൾ കൊണ്ടുവന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങനെയൊരു സ്തംഭനാവസ്ഥയുടെ പ്രശ്നം വരുന്നില്ല. നേരത്തെയുള്ള ഭവന പദ്ധതി അതുപോലെതന്നെ തുടരുകയാണ്. അതേസമയം പുതിയ ആളുകൾക്ക് അപേക്ഷ നൽകാൻ അവസരം വേണമെന്ന് എല്ലാ ഭാഗത്തുനിന്നും ആവശ്യം ഉയർന്നുവന്നതിന്റെ ഭാഗമായാണ് പുതിയ അപേക്ഷകൾ ക്ഷണിച്ചത്. അപേക്ഷ ക്ഷണിച്ചപ്പോഴുണ്ടായ പ്രയാസത്തെ സംബന്ധിച്ച് നമുക്കെല്ലാവർക്കും അറിയാം. ഇപ്പോൾ സമയം നീണ്ടുപോയെന്ന് നിങ്ങൾ പറയുന്നുണ്ടെങ്കിലും എന്തുകൊണ്ടാണ് പ്രോസസ്സ് ചെയ്യാൻ കഴിയാത്തതെന്ന് എല്ലാവർക്കുമറിയാം. അത് ഗവൺമെന്റിന്റെ കയ്യിൽ നിൽക്കുന്ന കാര്യങ്ങളായിരുന്നില്ല. അതിന്റെ ഭാഗമായാണ് പദ്ധതി നീണ്ടുപോയത്. അത് സമയബന്ധിതമായി പൂർത്തിയാക്കും. അതേസമയം നേരത്തെയുള്ള ഭവന നിർമ്മാണ പദ്ധതി അതുപോലെ നടപ്പാക്കുകയും ചെയ്യും. അതിനാൽ ഭവന നിർമ്മാണ പദ്ധതി ഉപേക്ഷിച്ചു എന്നൊരു ചിത്രം ഉണ്ടാകേണ്ടതില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഭവന നിർമ്മാണ പദ്ധതി ഉപേക്ഷിച്ചുവെന്ന ആക്ഷേപം ഞാൻ ഉന്നയിച്ചില്ല. ഭവന നിർമ്മാണ പദ്ധതിക്ക് അനാവശ്യമായ കാലതാമസം ഉണ്ടാക്കിയെന്നാണ് സൂചിപ്പിച്ചത്. സാമ്പത്തിക പ്രശ്നമാണ് ഇതിലെ പ്രധാനപ്പെട്ട പ്രശ്നം. വെറുതെയല്ല അടിയന്തര പ്രമേയം അവതരിപ്പിച്ച ശ്രീ. പി. കെ. ബഷീർ ധനകാര്യ വകുപ്പുമന്ത്രിയെ നോക്കി ഇതിൽ കാശിന്റെ അലോക്കേഷൻ വേണം എന്നുപറഞ്ഞത്. നിങ്ങൾ മനഃപൂർവ്വം കാലതാമസം വരുത്തി സാമ്പത്തിക പ്രയാസത്തിന് മറപിടിക്കുകയാണ്. പ്രോസസ്സിംഗ് ഡിലേ വരുത്തുകയാണ്. എന്നിട്ട് എല്ലാവർഷവും ഞങ്ങൾ ഒരു ലക്ഷം വീട് നിർമ്മിക്കുമെന്ന് പ്രഖ്യാപിക്കുകയാണ്. നിങ്ങൾ എന്തായാലും അഞ്ച് വർഷംകൊണ്ട് രണ്ട് ലക്ഷം വീടുകളല്ലേ നിർമ്മിച്ചുള്ളൂ? അതായത് ഒരു വർഷം നാൽപ്പതിനായിരം വീടുകൾ മാത്രമാണ് നിർമ്മിച്ചത്. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റ് ഏകദേശം ഒരു ലക്ഷത്തിലധികം വീടുകളാണ് 5 കൊല്ലത്തിനുള്ളിൽ നിർമ്മിച്ചത്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഇക്കാര്യങ്ങൾ ആവർത്തിക്കുന്നതുകൊണ്ട് ഞാൻ പറയുകയാണ്; സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച സാമ്പത്തിക സർവ്വേയിൽ അച്ചടി പിശകുമൂലമുണ്ടായ കണക്കാണ് 4 ലക്ഷമെന്നുള്ളത്. അതാണ് യു.ഡി.എഫ്. ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. വസ്തുതാപരമായി ഇത്തരത്തിൽ 4 ലക്ഷം വീട് യു.ഡി.എഫ്.-ന്റെ കാലത്തുണ്ടായിട്ടില്ല. സത്യസന്ധമായി നമുക്ക് പരിശോധിക്കാം. കാരണം സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച സാമ്പത്തിക സർവ്വേയിൽ അച്ചടിപ്പിശകുമൂലം സംഭവിച്ച ഒരു കാര്യത്തെ പർവ്വതീകരിച്ച് 4 ലക്ഷത്തിലധികം വീട് എന്നുപറയുന്നത് ശരിയല്ല. ഞങ്ങൾ അധികാരത്തിൽ വന്നാൽ ലൈഫ് മിഷൻ പിരിച്ചുവിടുമെന്ന് പറഞ്ഞവരാണ് യു.ഡി.എഫ്. എന്ന കാര്യംകൂടി നിങ്ങളുടെ മനസ്സിലുണ്ടാകുന്നത് നല്ലതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ നിയമസഭയിൽ ഞങ്ങൾ ചോദിച്ച ചോദ്യത്തിന് എഴുതിത്തന്ന ഉത്തരത്തെയാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചോദ്യം ചെയ്തിരിക്കുന്നത്. എല്ലാ മന്ത്രിമാരും ഇടപെട്ടാൽ എങ്ങനെയാണ് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നത്? ബഹുമാനപ്പെട്ട ചെയർ എന്നെ നിയന്ത്രിക്കുകയും ചെയ്യും. ഞാൻ വളരെ ഗൗരവത്തോടെയാണ് ഈ വിഷയം പറയുന്നത്. ഞാൻ ഇവിടെ വച്ചിരിക്കുന്ന കണക്കുകൾക്ക് പിശകുണ്ടെങ്കിൽ അത് തെളിയിക്കണമെന്ന് മന്ത്രിയേയും സർക്കാരിനേയും വെല്ലുവിളിക്കുന്നു. മാത്രമല്ല, അസംബ്ലിയിൽ ഞങ്ങൾക്ക് ലഭിച്ച കണക്കാണ്; അല്ലാതെ പുറത്തുനിന്നുള്ള കള്ളക്കണക്കുമായിട്ടല്ല വരുന്നത്. പ്രതിപക്ഷത്തിരുന്ന് ഞങ്ങൾ എഴുതി ചോദിച്ചുവാങ്ങിയ ഉത്തരം സഭയിൽ ക്വാട്ട് ചെയ്യുമ്പോൾ അത് തെറ്റാണെന്ന് പറഞ്ഞാൽ പിന്നെ ഏത് ഡോക്യുമെന്റ് ഇവിടെ ക്വാട്ട് ചെയ്യും? ഇങ്ങനെ പറയുന്നതിന്റെ അർത്ഥമെന്താണ്? സർക്കാരിന് ഈ പദ്ധതി ചെയ്യാൻ കഴിയുന്നില്ല. 9 ലക്ഷം അപേക്ഷ നിലവിലുള്ളപ്പോൾ അതിൽ റേഷൻ കാർഡ് ഇല്ലാത്ത ആളുകൾ ഈ എണ്ണത്തിന് പുറത്താണ്. ഇതിന് റേഷൻ കാർഡ് നിർബന്ധമാക്കുകയാണ്. എസ്.സി./എസ്.ടി.യുടെ ഭവന നിർമ്മാണ പദ്ധതി, ഫിഷറീസിന്റെ (തീരപ്രദേശത്തെ) ഭവന നിർമ്മാണ പദ്ധതി എന്നീ പദ്ധതികളെല്ലാം വളരെ ലിബറലായിരുന്നു. ദൗർഭാഗ്യവശാൽ ആ ദുർബ്ബല വിഭാഗങ്ങളുടെ പദ്ധതി ലൈഫ് മിഷനിൽ വന്നപ്പോൾ വല്ലാത്ത ക്ലേശഘടകങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. യഥാർത്ഥത്തിൽ ഡിപ്പാർട്ടുമെന്റിന്റെ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുകയായിരുന്നു വേണ്ടത്. അതിൽ വീട് ലഭിക്കുമായിരുന്ന പാവങ്ങൾക്ക്

ഇന്ന് വീടില്ല. ഈ പദ്ധതിക്ക് റേഷൻ കാർഡ് നിർബന്ധമാക്കിയിരിക്കുകയാണ്. വീടില്ലാത്ത ആളിന് എങ്ങനെയാണ് റേഷൻ കാർഡുണ്ടാകുന്നത്? അഞ്ചുപേർ ഒരുമിച്ച് താമസിക്കുന്ന ഒരു ചെറിയ വീട്ടിലെ ആരുടെയെങ്കിലും പേര് റേഷൻ കാർഡിലുണ്ടെങ്കിൽ അവർക്ക് വീട് ലഭിക്കില്ല. ഇനി സ്വന്തമായി സ്ഥലം ഉണ്ടെങ്കിലോ? ഈ പ്രശ്നവുമായി എന്റെയടുക്കൽ കഴിഞ്ഞ ദിവസം ഒരു കുടുംബം വന്നിരുന്നു. അവർക്ക് മൂന്ന് സെന്റിൽ ഒരു വീടുണ്ട്. അവിടെ ഒരാൾ താമസിക്കുന്നു. ഈ മൂന്ന് സെന്റിന് ആ കുടുംബത്തിലെ അഞ്ചുപേരാണ് അവകാശികൾ. ഒരാൾ താമസിക്കുന്നതുകൊണ്ട് ഇത് ജോയിന്റ് പ്രോപ്പർട്ടിയാണ്. ജോയിന്റ് പ്രോപ്പർട്ടിയായതിനാൽ മറ്റ് നാലുപേർക്ക് വീടില്ല. എന്നാൽ അവർക്ക് ലൈഫ് മിഷൻ പദ്ധതിയിൽ അപേക്ഷ നൽകാനും കഴിയില്ല.

മി. സ്പീക്കർ: അങ്ങ് കാര്യമാത്ര പ്രസക്തമായി മാത്രം സംസാരിച്ചിരുന്ന ആളായിരുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, രണ്ടുപേർ ഇടപെട്ട് സംസാരിച്ചതുകൊണ്ടാണ്. ഞാൻ പത്തുമിനിട്ടുകൊണ്ട് പൂർത്തിയാക്കാം. ഞാൻ കണ്ടന്റില്ലാതെ പറയുന്നുവെന്നാണോ അങ്ങ് പറയുന്നത്?

മി. സ്പീക്കർ: അങ്ങനെയല്ല. പ്രസംഗം നീണ്ടുപോകുന്നുവെന്ന് സൂചിപ്പിച്ചതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അവസാനിപ്പിക്കാം. മന്ത്രിമാർ ഇടപെട്ടതുകൊണ്ടാണ്. അങ്ങേയ്ക്കറിയാമല്ലോ ഞാൻ കൃത്യസമയത്ത് പ്രസംഗം അവസാനിപ്പിക്കുമെന്ന്. ഞാൻ ആർക്കും വഴങ്ങാറില്ലെന്ന് പണ്ടേ എനിക്കൊരു ചീത്തപ്പേരുണ്ട്. അത് മാറ്റാൻ ഞാൻ ശ്രമിക്കുകയാണ്. ഇവരെല്ലാം പല പ്രാവശ്യം എന്നെ ആക്ഷേപിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ ഇപ്പോൾ എല്ലാവർക്കും വഴങ്ങിക്കൊടുക്കുന്നത്. ഞാൻ കാര്യമില്ലാതെയല്ല സംസാരിക്കുന്നത്. ഇവിടെ മന്ത്രി പറഞ്ഞതിന് ഞങ്ങൾക്ക് മറുപടി പറയണ്ടേ. സഭയുടെ രേഖയിലുള്ളതല്ലേ; അതുപോലെ സങ്കീർണ്ണമായ മാനദണ്ഡങ്ങളുൾപ്പെടുത്തി ഗുണഭോക്താക്കളുടെ എണ്ണം വെട്ടിച്ചുരുക്കി, സർവ്വേ ഘട്ടത്തിൽത്തന്നെ ഏറ്റവും പാവപ്പെട്ട നാലുലക്ഷം കുടുംബങ്ങൾ ഈ സ്കീമിൽനിന്നും പുറത്തായി. ഇപ്പോൾ റിപ്പയർ വർക്കുകൾ നടക്കുന്നുണ്ടോ? നേരത്തെ വീടിന്റെ നിർമ്മാണവും റിപ്പയർ വർക്കുകളും നടന്നിരുന്നു. ഒരു വാർഡിൽ ശരാശരി 20 വീടുകളുടെ റിപ്പയർ നടന്നിരുന്നു. ഇപ്പോൾ എന്താണ് സ്ഥിതി? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതെല്ലാം റിവ്യൂ

ചെയ്യണം. ഇപ്പോൾ എത്ര റിപ്പയർ വർക്കുകൾ നടക്കുന്നുണ്ട്? ഒരു പഞ്ചായത്തിൽ മുന്നൂറോളം വീടുകളുടെ റിപ്പയർ വർക്കുകൾ നടത്തി വാസയോഗ്യമാക്കുന്ന പദ്ധതികളുണ്ടായിരുന്നു. ലൈഫ് മിഷൻ പദ്ധതി വന്നതോടുകൂടി അതൊന്നും കാര്യമായി നടക്കാതെ നിർവ്വഹണ ഘട്ടത്തിൽ ഈ സ്കീം വെട്ടിച്ചുരുക്കിക്കൊണ്ടിരിക്കുകയാണ്. ദുർബ്ബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി/ പട്ടികവർഗ്ഗ/മത്സ്യത്തൊഴിലാളി വിഭാഗങ്ങളെ ലൈഫ് മിഷൻ സ്കീമിൽപ്പെടുത്തിയത് അവരെ ഗൗരവമായി ബാധിച്ചിട്ടുണ്ട്. അതുപോലെ ഭൂരഹിതർക്കുള്ള പദ്ധതിയിൽ വളരെ കുറച്ച് ആളുകൾക്ക് മാത്രമാണ് കൊടുക്കാൻ കഴിഞ്ഞത്. മറ്റൊരു സ്കീമിൽ പ്രാദേശിക വിഭവ സമാഹരണവും ജില്ലാതല വിഭവ സമാഹരണവും പ്ലാൻ ചെയ്തെങ്കിലും ഒരു രൂപ പോലും സമാഹരിക്കാൻ കഴിഞ്ഞില്ല. ദുബായിൽനിന്നും സമാഹരിച്ച 20 കോടി രൂപ എവിടേയ്ക്ക് പോയെന്ന് നമ്മൾ കണ്ടു. ഈ സ്കീമിന്റെ പേര് ലൈഫ് മിഷനെന്നാണല്ലോ. അതിന്റെ ഫുൾഫോം എന്നുപറയുന്നത് Livelihood Inclusion and Financial Empowerment എന്നാണ്. അതിലെ ലൈവ്‍ലിഹുഡ് എന്ന കമ്പോണന്റ് ഇതുവരെ പ്രാവർത്തികമാക്കിയില്ല. ഇതെല്ലാം പ്രഖ്യാപിച്ചിട്ടുള്ളതാണ്. ലോക്കൽ ബോഡികളുടെമേൽ അനാവശ്യ സാമ്പത്തിക നിയന്ത്രണവും ബാദ്ധ്യതയും കൊണ്ടുവരികയും അവരുടെ ഭരണഘടനാപരമായ അവകാശങ്ങൾ കവർന്നെടുക്കുകയും ചെയ്യുന്നതുകൊണ്ടാണ് യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ ഈ സ്കീം മാറ്റുമെന്ന് പറഞ്ഞത്. താരതമ്യം ചെയ്താൽ നിങ്ങൾ കഴിഞ്ഞ അഞ്ചുവർഷക്കാലംകൊണ്ട് വളരെ കുറച്ച് വീടുകളാണ് പൂർത്തിയാക്കിയിട്ടുള്ളത്. ഇപ്പോൾ ഈ പദ്ധതി മന:പൂർവ്വമായി ഡിലേ ചെയ്യുന്നു. 17 മാസക്കാലം ഡിലേയുണ്ടെന്ന് മന്ത്രിതന്നെ സമ്മതിച്ചിരിക്കുന്നു. 9 ലക്ഷത്തിലധികം ആളുകൾ അപേക്ഷ നൽകി വീട് നിർമ്മാണത്തിനുവേണ്ടി കാത്തിരുന്നിട്ടും ഗവൺമെന്റ് കാണിക്കുന്ന അനാസ്ഥയും കെടുകാര്യസ്ഥതയും വളരെ പ്രധാനമായതിനാൽ ഭവനരഹിതരായ പാവങ്ങളുടെ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ലൈഫ് മിഷൻ പദ്ധതി വളരെ വികേന്ദ്രീകൃതമായ രീതിയിൽ നന്നായി നടന്നുവന്ന ഒരു പദ്ധതിയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വായിച്ചത് യു.ഡി.എഫ്. ഗവൺമെന്റിന്റെ

കാലത്തുള്ള പദ്ധതികളിൽ പഞ്ചായത്തുകളിൽ പൂർത്തിയായ പദ്ധതികളുടെ കണക്ക് ശേഖരിച്ച് ജനറലായി എത്ര വീടുകൾ നിർമ്മിച്ചുവെന്നതിന് കൊടുത്ത ഉത്തരമല്ല. പ്രത്യേക സ്കീമിൽ പറഞ്ഞ 3,500 വീടുകളുടെ എണ്ണമാണ് പറഞ്ഞത്. എല്ലാ പഞ്ചായത്തുകളിൽനിന്നും ശേഖരിച്ച കണക്കല്ല. അന്നുണ്ടായിരുന്ന വ്യത്യാസമെന്ന് പറയുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാകുമ്പോൾ കുറച്ചുകൂടി പ്രാദേശികമായി ഇതുസംബന്ധിച്ച് ഒരു മിഷൻ മോഡിൽ കാര്യങ്ങൾ നടത്തുന്നു. സംസ്ഥാന തലത്തിൽ ഒരു മിഷൻ മോഡാക്കി മാറ്റിയപ്പോൾ വിപരീത ഫലമാണുണ്ടായത്. തുടക്കത്തിൽ വളരെ ഡിലേയുണ്ടായി; നടപടിക്രമങ്ങളിൽ കാലതാമസം വരുത്തി, പ്രശ്നങ്ങളുണ്ടായി. ഒന്നും നടക്കാതെ കാര്യങ്ങൾ മുന്നോട്ടുപോകാത്തതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ കാര്യങ്ങൾ റിവ്യൂ ചെയ്തത് സംബന്ധിച്ച് അക്കാലത്ത് പത്രങ്ങളിലെല്ലാം വാർത്ത വന്നിരുന്നു. മിഷൻ മോഡാക്കിയത്, വികേന്ദ്രീകൃതമായി ഭവന നിർമ്മാണം നടന്ന പദ്ധതിയെ ദോഷകരമായി ബാധിച്ചതാണ്. ബഹുമാനപ്പെട്ട അംഗം പി. കെ. ബഷീർ അടിയന്തര പ്രമേയം കൊണ്ടുവരാനുള്ള കാരണം തന്നെ നാട്ടിൽ പ്രശ്നങ്ങളായതുകൊണ്ടാണ്. വീടിന്റെ നിർമ്മാണം പഴയതുപോലെ പഞ്ചായത്തുകളിൽ നടക്കുന്നില്ലെന്ന പൊതുപരാതിയാണ് ഇങ്ങനെയൊരു പ്രമേയം കൊണ്ടുവരാൻ കാരണം. മിഷൻ മോഡിലാക്കിയതിനാൽ കഴിഞ്ഞ വർഷങ്ങളിൽ പദ്ധതി മുന്നോട്ടുപോകുകയോ വലിയ ഫലമുണ്ടാക്കുകയോ ചെയ്തിട്ടില്ല. ഇനിയെങ്കിലും അത് മുന്നോട്ടുപോകണം. കക്ഷി-രാഷ്ട്രീയത്തിനതീതമായി പാവങ്ങൾക്ക് വീട് ലഭിക്കുന്ന കാര്യത്തിലുള്ള വിഷയങ്ങളാണ് ഇവിടെ പറഞ്ഞത്. അല്ലാതെ മറ്റ് ആക്ഷേപങ്ങളൊന്നുമല്ല. ജനറലായി എല്ലാ സ്കീമിന്റേയും പ്രത്യേകത അതാണ്; വികേന്ദ്രീകൃതമായി നടക്കുമ്പോൾ കൂടുതൽ മുന്നോട്ടുപോകാൻ കഴിയും. ഇവിടെ ഉദ്യോഗസ്ഥരുടെ നിയന്ത്രണവും ബാക്കിയുള്ള കാര്യങ്ങളുമൊക്കെയായി മിഷൻ മോഡെന്നൊരു പേരുണ്ടെങ്കിലും ഫലത്തിൽ വീടുകൾ അനുവദിക്കുന്ന കാര്യത്തിൽ കാലതാമസവും പ്രശ്നങ്ങളുമാണ് ഉണ്ടായിരിക്കുന്നത്. നാട്ടിലുള്ള ആ വികാരം സഭയിൽ പ്രതിഫലിപ്പിക്കാനാണ് ഞങ്ങൾ ശ്രമിച്ചത്. അത് ചർച്ച ചെയ്യുന്നതിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, 2020 സെപ്റ്റംബറിൽ ഫൈനലൈസ് ചെയ്യേണ്ട ലിസ്റ്റ് 2022 ഫെബ്രുവരി വരെ നീട്ടിക്കൊണ്ടുപോയി. അധികാര വികേന്ദ്രീകരണത്തിന് കോട്ടം സംഭവിച്ചിരിക്കുകയാണ്. ഈ രണ്ട് കാര്യങ്ങളും

ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, കേരളത്തിൽ ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാംഘട്ട ലിസ്റ്റ് പ്രസിദ്ധീകരിക്കാനുണ്ടാകുന്ന കാലതാമസം ബോധപൂർവ്വം സൃഷ്ടിക്കുന്ന ഒന്നാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പ് സമയത്ത് ഇവർ ലിസ്റ്റിനുവേണ്ടിയുള്ള അപേക്ഷകൾ സ്വീകരിച്ചു. അതിനുശേഷം യാതൊരു തുടർനടപടിയും ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി കോവിഡ്-19-ഉം അതിനുശേഷമുള്ള തെരഞ്ഞെടുപ്പുമെല്ലാം കാരണങ്ങളായി നിരത്തുന്നു. ഇതിനോടനുബന്ധിച്ച് പിന്നോക്കം നിൽക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ എന്നിവരടക്കമുള്ളവരുടെ ഭവന നിർമ്മാണ പദ്ധതികളും അവതാളത്തിലായിരിക്കുകയാണ്. അതും ലഭിക്കാത്ത സാഹചര്യമാണ്. അർഹതപ്പെട്ട പല കുടുംബങ്ങൾക്കും ഇന്ന് ഭവനമില്ലാത്ത സാഹചര്യത്തിലേയ്ക്ക് കാര്യങ്ങൾ പോകുന്നു. ലൈഫ് പദ്ധതിയിലുണ്ടായിരിക്കുന്ന ഒട്ടനവധി അപാകതകളുണ്ട്. ആ വിഷയങ്ങൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, ഭൂമിയും വീടുമില്ലാത്ത ആയിരക്കണക്കിന് മനുഷ്യർ ഇന്ന് പെരുവഴിയിലാണ്. പാലക്കാട് ജില്ലയിലെ ഗോവിന്ദാപുരം അംബേദ്കർ കോളനിയിൽ നൂറുകണക്കിന് മനുഷ്യർ ഭൂമിക്കും വീടിനും വേണ്ടി വെയിലും മഴയുംകൊണ്ട് പഞ്ചായത്ത് ഓഫീസിനുമുമ്പിൽ ഇന്നും സമരം ചെയ്യുകയാണ്. ഇത്തരം വിഷയങ്ങൾ സർക്കാർ കണ്ണുതുറന്ന് കാണണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭവിട്ട് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ ഹാജരായി.)

11.00 am]

# III ശ്രദ്ധ ക്ഷണിക്കൽ

(1) ഭൂമി തരംതിരിവ് അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സ്വസ്ഥാനങ്ങളിൽ ഇരിക്കണം.

ശ്രീ. പി. മമ്മിക്കുട്ടി: സർ, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പാസ്സാക്കിയ ഒരു സംസ്ഥാനമാണ് കേരളം. 2008-ലെ വി.എസ്. അച്യുതാനന്ദൻ ഗവൺമെന്റാണ് ഇത് നടപ്പിലാക്കിയത്. ഇത് നടപ്പിലാക്കിയതിന്റെ പ്രായോഗിക അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നിയമത്തിൽ ചില ഭേദഗതികൾ പിന്നീട് വരുത്തുകയുണ്ടായി. ഈ ഭേദഗതികളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് തലത്തിൽ നിരവധി ഉത്തരവുകളിറങ്ങുകയുണ്ടായി. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനവും സ്മാർട്ടാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിക്കൊണ്ട് പ്രവർത്തിക്കുന്ന എൽ.ഡി.എഫ്. ഗവൺമെന്റിനെയും അതിന് പ്രത്യേക താൽപ്പര്യമെടുത്ത് പ്രവർത്തിക്കുന്ന റവന്യു വകുപ്പുമന്ത്രിയെയും ഞാൻ അഭിനന്ദിക്കുകയാണ്. നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമവുമായി ബന്ധപ്പെട്ടുകൊണ്ട് നൂറുകണക്കിനാളുകൾ തങ്ങൾക്ക് ഒരു വീടെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് അപേക്ഷ നൽകി പരിവർത്തനാനുമതിക്കുവേണ്ടി കാത്തുനിൽക്കുകയാണ്. 1910-11 കാലഘട്ടത്തിൽ തയ്യാറാക്കിയ സർവ്വേയുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയെടുത്ത ബേസിക് ടാക്സ് രജിസ്റ്ററിനെ ആധാരപ്പെടുത്തിയാണ് വില്ലേജുകളിലെല്ലാം ഡാറ്റാ ബാങ്കുകളെ സംബന്ധിച്ചുള്ള നിർണ്ണയം നടത്തിക്കൊണ്ടിരിക്കുന്നത്. 1910 വർഷത്തെ ബേസിക് ടാക്സ് രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ എല്ലാ ഭൂമികളും തണ്ണീർത്തടമായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അറുപത് മുതൽ എൺപത് കൊല്ലംവരെ പ്രായമുള്ള മാവുകളും പ്ലാവുകളും പടുവൃക്ഷങ്ങളും വളർന്ന് സ്വമേധയായും സ്വാഭാവികമായും പരിവർത്തനം ചെയ്യപ്പെട്ട ഭൂമിയാണ്

അത്. നമ്മുടെ നാട്ടിൽ പറമ്പെന്നും ആധാരത്തിൽ കരഭൂമിയെന്നും പറയും. ഏതായാലും അത്തരത്തിലുള്ള ഭൂമിയിൽപ്പോലും, തറവാട് സ്വത്തോ, കുടുംബ സ്വത്തോ ആയി ഭാഗം കിട്ടി വീടുവയ്ക്കുന്നതിനുവേണ്ടി അപേക്ഷ കൊടുക്കുന്നവർക്ക് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണെന്ന കാരണംകൊണ്ടോ, കൺവേർട്ടഡ് എന്ന് എഴുതിവച്ചതിന്റെ ഭാഗമായോ അനുമതി കിട്ടുന്നില്ല. സ്വാഭാവികമായും 2008-ൽ ഈ നിയമം വരുന്നതിനുമുമ്പ് കാലാകാലങ്ങളായി രൂപപരിണാമം വന്ന ഏക്കർ/ഹെക്ടർ കണക്കിനുള്ള ഭൂമിയും ഡാറ്റാ ബാങ്കിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടില്ല. നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമവുമായി ബന്ധപ്പെട്ടുകൊണ്ട് അർഹതപ്പെട്ട ആളുകൾക്ക് നിയമപരമായി അംഗീകാരം കൊടുക്കുന്നതിന് തടസ്സങ്ങളില്ലെങ്കിലും ഇടയ്ക്കിടയ്ക്ക് ഇറങ്ങിയ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പല ഉന്നത ഉദ്യോഗസ്ഥരും ഈ നിയമങ്ങളെ വ്യാഖ്യാനിക്കുകയാണ് ചെയ്യുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ പുറം തിരിഞ്ഞ് നിൽക്കുന്നത് ശരിയായിട്ടുള്ള കാര്യമല്ല.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. പി. മമ്മിക്കുട്ടി: നിയമം നാടിന്റെയും ജനങ്ങളുടെയും രക്ഷയ്ക്കുവേണ്ടിയുള്ളതാണ്. കേരളത്തിന്റെ പച്ചപ്പിനെയും ജലസമൃദ്ധിയെയും കാർഷിക മേഖലയെയും പ്രകൃതിയെയും സംരക്ഷിക്കാൻ വേണ്ടിയാണ്. അതേസമയം കേരളത്തിന്റെ പ്രത്യേകതയെടുത്ത് പരിശോധിക്കുമ്പോൾ ഒരു ഭാഗം മുഴുവൻ തീരപ്രദേശവും മറ്റൊരു ഭാഗം മലമ്പ്രദേശവുമാണ്. മധ്യമേഖലയിൽ മാത്രമാണ് സമതല പ്രദേശമുള്ളത്. വർദ്ധിച്ച ജനസാന്ദ്രതയാണ് കേരളത്തിലുള്ളത്. ബാങ്കുകളിൽനിന്ന് വായ്പയെടുത്ത് സ്വന്തമായി ഒരു വീടുവയ്ക്കാനുള്ള അനുവാദത്തിനുവേണ്ടി കാത്തിരിക്കുന്ന ആളുകൾക്കും വലിയ ബുദ്ധിമുട്ട് നേരിടുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ് ...

ശ്രീ. പി. മമ്മിക്കുട്ടി: അതുകൊണ്ട് നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം സംരക്ഷിക്കുമ്പോൾത്തന്നെ അതിനുവേണ്ടിയുള്ള ഉത്തരവുകളിൽ കാലാനുസൃതമായ മാറ്റം വരുത്തി ഒരു സബ് കമ്മിറ്റി രൂപീകരിച്ച് ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: മിനിസ്റ്റർ.....

ശ്രീ. പി. മമ്മിക്കുട്ടി: ലൈഫ് മിഷൻ ഭവന പദ്ധതിയിലുൾപ്പെട്ട് വീടുലഭിച്ച ആളുകൾക്ക് വീടുവയ്ക്കാൻ അനുവാദത്തിനുവേണ്ടി അപേക്ഷ കൊടുത്തിട്ടും അനുവാദം കിട്ടാത്തൊരു സ്ഥിതിയുണ്ട്. ...... (....മൈക്ക് ഓഫ്......)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഈ സഭയിൽ നിരവധിപേർ ഉന്നയിച്ച ഗൗരവമായ വിഷയമാണ് ബഹുമാനപ്പെട്ട പി. മമ്മിക്കുട്ടി, എം.എൽ.എ ഇവിടെ അവതരിപ്പിച്ചത്. അതുകൊണ്ട് വിശദീകരിക്കാൻ അധികം സമയം വേണമെന്ന് എനിക്ക് തോന്നുന്നില്ല. കേരളത്തിലെ പ്രധാനപ്പെട്ടൊരു വിഷയമാണ് ഇപ്പോൾ സംസാരിക്കുന്നത്. കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ ഗവൺമെന്റിന് 447 കോടി രൂപ ലഭ്യമാകാൻ കഴിയുന്ന വിധത്തിൽ തരംമാറ്റമുണ്ടായ ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് ഞാൻ വായിക്കുന്നത്.

ഏകദേശം നൂറ് വർഷത്തിനുമുമ്പ് നടന്ന ഭൂമിയുടെ സെറ്റിൽമെന്റ് പ്രകാരം കേരളത്തിൽ 30 ലക്ഷം ഏക്കർ നെൽവയലുകളുണ്ടായിരുന്നു. 1970-കളിൽ 20 ലക്ഷം ഏക്കറായിരുന്നു നെൽവയലുകളുടെ വിസ്തൃതി. എന്നാൽ പതിനാല് വർഷം മുമ്പെടുത്ത കണക്കുപ്രകാരം നെൽവയലുകളുടെ വിസ്തൃതി ഏകദേശം 5 ലക്ഷം ഏക്കറായി കുറഞ്ഞു. കേരളത്തിലെ നെൽവയലുകളുടെയും ചതുപ്പുപ്രദേശങ്ങളുടെയും വിസ്തൃതി ക്രമാതീതമായി കുറഞ്ഞുവരുന്നതുമൂലം സംഭവിക്കാൻ സാധ്യതയുള്ള പാരിസ്ഥിതിക പ്രത്യാഘാതങ്ങളായ പ്രകൃതി ദുരന്തങ്ങളെയും ജലദൗർലഭ്യത്തേയും തടയുക, കൃഷി ഭൂമിയുടെ വിസ്തൃതി ക്രമാതീതമായി കുറയുന്നത് തടഞ്ഞ് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമാക്കിക്കൊണ്ടാണ് നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും അവ പരിവർത്തനപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നത് നിയന്ത്രിക്കുന്നതിനുമാവശ്യമായ വിവിധ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് 2008-ലെ കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ നിയമം അന്നത്തെ ഇടതുപക്ഷ സർക്കാർ കൊണ്ടുവന്നത്. നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അനധികൃതമായി തണ്ണീർത്തടം പരിവർത്തനം ചെയ്യുന്നതിന് പൂർണ്ണമായും വിലക്കേർപ്പെടുത്തിയിട്ടുണ്ട്. ഈ നിയമം നിലവിൽ വന്ന 12-8-2008 മുതൽ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി വീട് നിർമ്മിക്കുന്നതിനും പൊതു ആവശ്യത്തിനുമല്ലാതെ നെൽവയൽ നികത്താൻ പാടില്ല. അപ്രകാരം നികത്തിയിട്ടുള്ള നെൽവയലുകൾ പൂർവ്വസ്ഥിതിയിലാക്കാനുള്ള അധികാരം ജില്ലാ കളക്ടർമാർക്കുണ്ട്. ഇത്തരത്തിൽ നിയമ ലംഘനം നടത്തി ഭൂമി തരം മാറ്റുന്നവരെ ആറുമാസം മുതൽ മൂന്നുവർഷംവരെ തടവിൽ പാർപ്പിക്കുന്നതിനും 50,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ പിഴയീടാക്കാവുന്നതുമാണ്. എന്നാൽ നെൽവയൽ മാത്രമുള്ളതും വീടുവയ്ക്കാൻ, മറ്റ് ഭൂമിയോ, വീടോ സ്വന്തമായി

ഇല്ലാത്തവർക്കും വീടുവയ്ക്കുന്ന ആവശ്യത്തിലേയ്ക്ക് മാത്രമായി പഞ്ചായത്ത് പ്രദേശത്ത് 10 സെന്റ് വരെയും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് 5 സെന്റ് വരെയും വ്യവസ്ഥകൾക്ക് വിധേയമായി നെൽവയൽ നികത്താൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ അനധികൃത പരിവർത്തനം തടയുന്നതിനായി ജില്ലാ കളക്ടറേറ്റുകൾ, താലൂക്കുകൾ എന്നിവ കേന്ദ്രീകരിച്ച് സ്ക്വാഡുകൾ രൂപീകരിക്കുകയും അവധി ദിവസങ്ങളിലുൾപ്പെടെ പട്രോളിംഗ് നടത്തുകയും ചെയ്യുന്നു. അപ്രകാരം ഭൂമിയുടെ അനധികൃത പരിവർത്തനം ഒരു പരിധിവരെ തടയുന്നതിന് സാധിച്ചിട്ടുണ്ട്. നിയമം നിലവിൽ വന്ന തീയതിയിൽ നെൽവയലായി കിടന്ന ഭൂമിയുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കാൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ നെൽവയലാണോയെന്ന് പരിശോധിച്ച് തുടർന്നുള്ള നടപടികളെല്ലാം സ്വീകരിക്കുന്നത്. 2008-ന് മുമ്പ് നികത്തപ്പെട്ട നിലങ്ങൾ ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവ ഡാറ്റാ ബാങ്കിൽനിന്ന് ഒഴിവാക്കുന്നതിനായി റവന്യൂ ഡിവിഷണൽ ഓഫീസർക്കോ പ്രാദേശികതല നിരീക്ഷക സമിതിക്കോ (എൽ.എൽ.എം.സി.) അപേക്ഷ നൽകി പരിഹരിക്കാവുന്നതാണ്. 2008-നുമുമ്പ് നികത്തപ്പെട്ട ഭൂമി നിയമപ്രകാരം ഡാറ്റാ ബാങ്കിൽ ഉൾപ്പെടില്ല. എന്നാൽ ഇത്തരം ഭൂമി റവന്യൂ റിക്കാർഡുകളിൽ നിലം എന്നുതന്നെയാണ് രേഖപ്പെടുത്തി വരുന്നത്. ഇത്തരം ഭൂമിയുടെ തരം റിക്കാർഡുകളിൽ മാറ്റുന്നതിനായി 30-12-2017-ൽ പ്രാബല്യത്തിൽവന്ന 27(എ) വകുപ്പ് നിയമത്തിൽ ഭേദഗതി ചെയ്ത് ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇതുപ്രകാരം 10 സെന്റ് ഭൂമിയിൽ 120 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിനും 5 സെന്റ് ഭൂമിയിൽ 40 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനും ഈ വകുപ്പുപ്രകാരം യാതൊരു അനുമതിയും പ്രത്യേകമായി ആവശ്യമില്ല. എന്നാൽ മറ്റാവശ്യങ്ങൾക്കായി ചട്ടപ്രകാരം നിശ്ചയിച്ചിട്ടുള്ള ഫീസ് തരം മാറ്റുന്നത് അനുവദിക്കുന്നതിനായി നൽകേണ്ടതുണ്ട്. ഇതുപ്രകാരം ഭൂമിയുടെ തരം മാറ്റുന്നതിനുള്ള അപേക്ഷ റവന്യൂ ഡിവിഷണൽ ഓഫീസർക്കാണ് നൽകേണ്ടത്. 50 സെന്റ് വരെ വിസ്തൃതിയുള്ള ഭൂമി സംബന്ധിച്ച് വില്ലേജ് ഓഫീസറുടേയും 50 സെന്റിന് മുകളിലുള്ള ഭൂമി സംബന്ധിച്ച് വില്ലേജ് ഓഫീസറുടേയും കൃഷി ഓഫീസറുടെയും റിപ്പോർട്ട് വാങ്ങി രേഖകൾ പരിശോധിച്ചും ആവശ്യമെങ്കിൽ നേരിട്ട് സ്ഥല പരിശോധന നടത്തിയും കേന്ദ്ര-സംസ്ഥാന ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾ തയ്യാറാക്കിയ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ ഭൂമിയുടെ തരം മാറ്റത്തിനായുള്ള അപേക്ഷകളിൽ RDO തീർപ്പ് കൽപ്പിക്കണമെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. 2008-ന് ശേഷം അനധികൃതമായി പരിവർത്തനം ചെയ്ത നെൽവയലുകൾക്ക് തരംമാറ്റം

ലഭിക്കാതിരിക്കാനാണ് ഇത്തരം കർശന നടപടിക്രമം നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. 25-5-2020-ൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം ഒരാൾക്ക് 25 സെന്റ് വരെ മാത്രമേ നെൽവയൽ ഉള്ളൂവെങ്കിൽ തരംമാറ്റം സൗജന്യമായിരിക്കും. ഒരേക്കർ തരം മാറ്റുന്നതിനായി ന്യായമായ വാല്യൂവിന്റെ പത്ത് ശതമാനവും ഒരേക്കറിന് മുകളിലാണെങ്കിൽ 20 ശതമാനവും തുക ഈടാക്കി തരംമാറ്റം അനുവദിച്ച് നൽകാവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 24-10-2021-ൽ എസ്.ആർ.ഒ 369/2021 മുഖാന്തരം ചട്ടത്തിൽ ആവശ്യമായ ഭേദഗതിയും വരുത്തിയിട്ടുണ്ട്. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരംമാറ്റം, സ്വഭാവ വ്യതിയാനം സംബന്ധിച്ചുള്ള അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപേക്ഷകളുടെ ബാഹുല്യം, കോവിഡ്-19-ന്റെ വ്യാപനവും നിയന്ത്രണങ്ങളും, ഇലക്ഷൻ, പ്രകൃതി ദുരന്ത-ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നിവയിലേയ്ക്ക് റവന്യൂ ജീവനക്കാരെ നിയമിക്കേണ്ടി വന്നതിനാലും ടി അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. കൂടാതെ 25 സെന്റ് വരെയുള്ള തരംമാറ്റം സൗജന്യമാക്കിക്കൊണ്ടുള്ള ചട്ടഭേദഗതി സംബന്ധിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കുണ്ടായ നിരവധി സംശയങ്ങൾമൂലം കാലതാമസം നേരിട്ടിരുന്നു. ഇക്കാര്യത്തിൽ 25-2-2021-നുമുമ്പ് നൽകിയിട്ടുള്ള തരംമാറ്റ അപേക്ഷകളിൽക്കൂടി ഭേദഗതി പ്രകാരമുള്ള സൗജന്യം നൽകണമെന്നായിരുന്നു റവന്യൂ വകുപ്പിന്റെ അഭിപ്രായമെങ്കിലും അപ്രകാരം നൽകാൻ കഴിയില്ലെന്നും ചട്ടം ഭേദഗതി ചെയ്ത 24-4-2021 മുതലേ സൗജന്യം അനുവദിക്കാനാവൂ എന്നും നിയമ വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. ഇക്കാര്യം 24-2-2021-ന് ശേഷമുള്ള അപേക്ഷകളിൽ മാത്രമേ പരിഗണിക്കാൻ സാധിക്കുകയുള്ളൂ എന്നാണ് ആ സർക്കുലറിൽ പറഞ്ഞത്. ഇക്കാര്യത്തിലും ഉന്നയിക്കപ്പെട്ട മറ്റ് വിഷയങ്ങളിലും വ്യക്തത വരുത്തിക്കൊണ്ട് 23-7-2021-ൽ സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ഇതിനുശേഷം അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനായി യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഉത്തരം ദീർഘമാണോ?

ശ്രീ. കെ. രാജൻ: സർ, ഇല്ല. പെട്ടെന്ന് അവസാനിപ്പിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ആറ് മിനിട്ടായി.

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഭൂമി തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ ചില തെറ്റായ പ്രവണതകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഫോർട്ട് കൊച്ചി ആർ.ഡി.ഒ. ഓഫീസിലെ മുഴുവൻ ജീവനക്കാരേയും ഒറ്റ ദിവസംകൊണ്ട് മാറ്റുന്നതിനുള്ള നടപടി ഗവൺമെന്റ്

കൈക്കൊണ്ടിരുന്നു. കഴിഞ്ഞ ആഗസ്റ്റ് 6-ാം തീയതി "ഓപ്പറേഷൻ ക്ലീൻ" എന്ന പേരിൽ സമർപ്പിച്ച മുഴുവൻ അപേക്ഷകളും രജിസ്റ്ററാക്കാനുള്ള നടപടിയും റവന്യൂ വകുപ്പ് കൈകാര്യം ചെയ്തിരുന്നു. ഭൂമി തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി ഓരോ ആർ.ഡി.ഒ. ഓഫീസിലും 7 ജീവനക്കാരെ വരെ അധികമായി നിയമിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. ഏറ്റവും കൂടുതൽ പെൻഡിംഗ് ഉണ്ടായിരുന്ന ചെങ്ങന്നൂർ ആർ.ഡി.ഒ. ഓഫീസിൽ 20 ക്ലാർക്കുമാരേയും 6 സീനിയർ സൂപ്രണ്ടുമാരേയുമടക്കം നിയമിച്ചുകൊണ്ട് ഒരു സ്പെഷ്യൽ ഡ്രൈവ് നടന്നുവരികയാണ്. തരംമാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകളുടെ വിവരം, നിലവിലെ അവസ്ഥ എന്നിവ ക്രോഡീകരിച്ച് അതിനനുസൃതമായി നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. ഭൂമി തരംമാറ്റത്തിനായുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് ഓൺലൈൻ സമ്പ്രദായത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി ഇപ്പോൾ സ്വീകരിച്ചുകഴിഞ്ഞു. പ്രസ്തുത അപേക്ഷകൾ റവന്യൂ ഇ-സർവ്വീസ് വഴി ഓൺലൈൻ ആയി സമർപ്പിക്കാവുന്നതാണ്. അപേക്ഷയുടെ നിലവിലെ അവസ്ഥ അപേക്ഷകന് സ്വയം പരിശോധിച്ച് അറിയാവുന്ന തരത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികളും ഗവൺമെന്റ് ഇതിനകം രൂപീകരിച്ചുകഴിഞ്ഞു. എല്ലാ ബുധനാഴ്ചയും റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന റവന്യൂ സെക്രട്ടേറിയറ്റ് അപേക്ഷകളുടെ തീർപ്പാക്കൽ നടപടികൾ പരിശോധിക്കുന്നുണ്ട്. കൂടാതെ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാരുടേയും യോഗം കഴിഞ്ഞ മാസങ്ങളിൽ ഓൺലൈൻ ആയി ചേരുകയും പ്രവർത്തനം പരിശോധിക്കുകയും ചെയ്യുന്നുണ്ട്. ഇതിനുപുറമെ ഈ പ്രവർത്തനങ്ങൾ ഓൺലൈൻ ആയി പ്രോസസ് ചെയ്ത് ഗൂഗിൾ സ്പ്രെഡ് ഷീറ്റിൽ രേഖപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണർ തലത്തിൽ വിലയിരുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ അതിവേഗം നടപടികൾ സ്വീകരിക്കാനുള്ള ശ്രമത്തിലാണ് റവന്യൂ വകുപ്പുള്ളത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. എസ്.ആർ.ഒ. ഇറക്കിയതിനുശേഷം അതിന്റെ അവ്യക്തതകൾ നിലനിൽക്കുന്നതിനാലും തെരഞ്ഞെടുപ്പ് സംബന്ധിച്ച് ചില പ്രശ്നങ്ങളുള്ളതിനാലും ധാരാളം അപേക്ഷകൾ പെൻഡിംഗിൽ വന്നതാണ് പ്രശ്നം. അതുമായി ബന്ധപ്പെട്ട നിയമ പ്രശ്നങ്ങളിൽ ഒരു ഘട്ടം കൂടി കഴിഞ്ഞിരിക്കുകയാണ്. അതിവേഗം ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട അംഗത്തിന് ഉറപ്പ് നൽകുകയാണ്.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടി തൃപ്തികരമാണ്. പക്ഷേ, 2008-ന് ശേഷവും സർക്കാരിന്റെ ഭാഗത്തുനിന്ന് ഒട്ടേറെ ഉത്തരവുകളിറങ്ങുന്നുണ്ട്. ഈ ഉത്തരവുകളുടെ കൺഫ്യൂഷൻ പറഞ്ഞാണ് പല

ഉദ്യോഗസ്ഥരും ഇതെങ്ങനെ നൽകാതിരിക്കാമെന്നതിനെ സംബന്ധിച്ച് ഗവേഷണം നടത്തുന്നത്. അതുകൊണ്ട് ഇറങ്ങിയ ഉത്തരവുകളെല്ലാം ക്രോഡീകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഒരു സബ് കമ്മിറ്റി രൂപീകരിച്ച് ഇത് ഗുണകരമായ രീതിയിൽ പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള ഇടപെടൽ നടത്തണമെന്നാണ് വിനയപുരസ്സരം അഭ്യർത്ഥിക്കാനുള്ളത്. സേവനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികൾക്ക് ഒരു മാസത്തിനുള്ളിൽ മറുപടി നൽകണമെന്ന വ്യവസ്ഥ നിലനിൽക്കുമ്പോൾത്തന്നെ മാസങ്ങളായി ഇത് ലഭിക്കുന്നില്ലെന്ന പരാതിയുമുണ്ട്. അത് പരിഹരിക്കണം.

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഒന്നുരണ്ട് മാസക്കാലത്തിനുള്ളിൽ നിലവിലുള്ള എല്ലാ പ്രശ്നങ്ങളും പരിഹരിക്കാനും അതോടൊപ്പം പുതിയതായി വരാനുള്ള എല്ലാ കാര്യങ്ങളും ഓൺലൈനാക്കി മാറ്റാനും വേണ്ടിയുള്ള ശ്രമം നടത്തുന്നു. ലാൻഡ് റവന്യൂ കമ്മീഷണറുടെ ഓഫീസിൽ ആരംഭിച്ചിട്ടുള്ള ഓൺലൈൻ പ്രോസസ്സിംഗ് സംവിധാനം ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കുറഞ്ഞ കാലയളവിനുള്ളിൽ, സേവനാവകാശ നിയമ പ്രകാരമുള്ള സമയത്തിനുള്ളിൽ, നമുക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് സഭയിൽ ഉറപ്പുനൽകുകയാണ്.

## (2) നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം

ശ്രീ. സണ്ണി ജോസഫ്: സർ, കോവിഡ്-19 ലോക്ഡൗൺ സാരമായി ബാധിച്ച ഒരു മേഖല നിർമ്മാണ മേഖലയാണ്. നിർമ്മാണ സാമഗ്രികൾ ഉൽപ്പാദിപ്പിക്കുകയും അത് വിതരണം ചെയ്യുകയും ചെയ്യുന്ന സ്ഥാപനങ്ങൾ അടഞ്ഞുകിടന്നു. സംസ്ഥാനത്തെ അതിഥി തൊഴിലാളികൾ പലരും സ്വന്തം നാടുകളിലേയ്ക്ക് മടങ്ങിപ്പോയി. പലരും തിരികെ വന്നിട്ടില്ല. ഇത്തരത്തിൽ നടുവൊടിഞ്ഞുനിന്ന നിർമ്മാണ മേഖലയിൽ സാധനങ്ങളുടെ വിലക്കയറ്റം പ്രശ്നങ്ങളുടെ രൂക്ഷത വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇന്ന് നിർമ്മാണ മേഖലയാകെ നട്ടം തിരിഞ്ഞുനിൽക്കുന്നു. ഇരുമ്പ്, സ്റ്റീൽ, സിമെന്റ്, പൈപ്പ് തുടങ്ങിയ സാധനങ്ങൾക്കെല്ലാം നാല് മാസക്കാലംകൊണ്ട് 30-40 ശതമാനം വരെ വിലവർദ്ധനവുണ്ടായി. പത്രങ്ങളിലെല്ലാം അത് വലിയ വാർത്തയായിരുന്നു. ഓരോ സാധനങ്ങൾക്കും ഗണ്യമായ വില വർദ്ധനയാണ്. ഒരു മാസത്തിനുള്ളിൽ സിമെന്റിന്റെ വില 70 രൂപയിലധികം വർദ്ധിച്ചു. പ്രീമിയം ബ്രാൻഡ് സിമെന്റുൽപ്പാദന കമ്പനികളെല്ലാം തന്നെ സംഘടിതമായി സിമെന്റിന്റെ വില ഉയർത്തി. റാംകോ, ശങ്കർ, എ സി സി, അൾട്രാ ടെക് ഇവയ്ക്കെല്ലാം 530-540 രൂപ വരെ വില ഉയർന്നു. ചെറിയൊരു ഡിസ്കൗണ്ട് അവർ അനുവദിക്കുന്നതാണ് ഏക ആശ്വാസം. അതോടൊപ്പം നോൺ-ബ്രാൻഡ് സിമെന്റ് കമ്പനികളും വില

ഉയർത്തി. മലബാർ സിമെന്റ് പോലും വില ഉയർത്തുന്ന സാഹചര്യമുണ്ടായി. തമിഴ്നാട് സർക്കാർ സിമെന്റ് വിലയിൽ നിയന്ത്രണമേർപ്പെടുത്തി. കേരളത്തിൽ നിയന്ത്രണങ്ങൾ യാതൊന്നും വന്നിട്ടില്ല. ചെങ്കല്ലിന് വില ഉയരുകയും ലഭിക്കാനില്ലാത്ത സാഹചര്യവുമുണ്ടായി. കരിങ്കല്ല്, ഹോളോ ബ്രിക്സ്, മെറ്റൽ, എം-സാൻഡ് തുടങ്ങിയവയ്ക്കും ഗണ്യമായ തോതിൽ വിലവർദ്ധനവുണ്ടായി. ആണി, പ്ലേറ്റ് ഇവയുടെയെല്ലാം വില കൂടി. പി.വി.സി ഫിറ്റിംഗ്സിന് 30 ശതമാനത്തിലധികം വിലവർദ്ധനവുണ്ടായി. മീറ്ററിന് 100 രൂപയുണ്ടായിരുന്ന പൈപ്പിന്റെ വില 130 രൂപയായി ഉയർന്നു. വാർപ്പ് കമ്പി ഒരു കിലോയ്ക്ക് 50 രൂപയിൽനിന്ന് 75 രൂപയായും ഷീറ്റിന് 85 രൂപയിൽ നിന്ന് 120 രൂപയായും ഉയർന്നു. റൂഫിംഗ് പൈപ്പിന് 75 രൂപയിൽനിന്നും 107 ആയി ഉയർന്നു. സ്റ്റീൽ എക്സ്പോർട്ട് ചെയ്യുന്ന സംവിധാനം ഇപ്പോഴും തുടരുകയാണ്. സിലിക്കൺ, മാംഗനീസ് എക്സ്പോർട്ട് ചെയ്യുന്നു. കേരളത്തിലെ നിർമ്മാണ മേഖലയിൽ 70 ശതമാനം പ്രവൃത്തികളും നടക്കുന്നത് ചെറുകിട ഭവന നിർമ്മാണ രംഗത്താണ്. സാധാരണക്കാർ ജീവിതകാലം മുഴുവനും നടത്തിയ അദ്ധ്വാനത്തിന്റെ ഫലമായിട്ടും ബാങ്കിൽ നിന്ന് വായ്പയെടുത്തുമാണ് ചെറിയ വീടുകൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനത്തിന് തുടക്കം കുറിക്കുന്നത്. എന്നാൽ ഇന്നുണ്ടാകുന്ന വമ്പിച്ച ചെലവ് നിർമ്മാണ മേഖലയെ കടുത്ത പ്രതിസന്ധിയിലാക്കുന്നു. വായ്പ എടുത്തവർക്കും ചെറിയ സമ്പാദ്യംകൊണ്ട് വീടുപണി തുടങ്ങിയവർക്കും വീടുനിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തൊരു സാഹചര്യമുണ്ടാകുന്നു. കേരളത്തിൽ വൻകിട ഫ്ലാറ്റുകൾ നിർമ്മിക്കുന്നവർ വളരെ കുറവായിരിക്കും. അവരെ ഒരുപക്ഷേ ഇതൊന്നും ബാധിക്കുന്നുണ്ടാകില്ല. അതുപോലെ മറ്റൊരു വിഷയം ചെറുകിട കോൺട്രാക്ടർമാർ വലിയ പ്രതിസന്ധിയിൽ ആണെന്നുള്ളതാണ്. ഗവൺമെന്റ് വർക്കാണെങ്കിലും സ്വകാര്യ വർക്കുകളാണെങ്കിലും മുമ്പുണ്ടായിരുന്ന റേറ്റിലെടുത്ത ചെറുകിട കോൺട്രാക്ടർമാർക്ക് ഇന്നത്തെ ചിലവിനും നിർമ്മാണ സാധനങ്ങളുടെ വില വർദ്ധനവിനുമനുസരിച്ച് കാര്യങ്ങൾ ചെയ്തുതീർക്കാൻ സാധിക്കുന്നില്ല. എം.എൽ.എ. വർക്ക് പോലും പല കോൺട്രാക്ടർമാരും ടെണ്ടർ ചെയ്യുന്നില്ല. എടുത്ത കോൺട്രാക്ട് വർക്കുപോലും പൂർത്തീകരിക്കാൻ കഴിയുന്നില്ല. ചിലർക്കെങ്കിലും അറിയാവുന്നതാണ്. പലർക്കും ടെർമിനേഷൻ നോട്ടീസ് നൽകേണ്ട സാഹചര്യമുണ്ടായിരിക്കുന്നു. എം.എൽ.എ.മാരുടെ നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ, വികസന പ്രവൃത്തികൾ എന്നിവ പൂർത്തിയാകാത്തൊരു സാഹചര്യമുണ്ട്. ചെറുകിട കോൺട്രാക്ടർമാർ ആത്മഹത്യയുടെ വക്കിലെത്തിയിരിക്കുന്നുവെന്നാണ് പറയുന്നത്. ഒരു വർഷം മുമ്പ് വച്ച എഗ്രിമെന്റാണ്. അത് ഇന്ന് പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിരിക്കുന്നു. ഇന്ധന വിലവർദ്ധനവാണ് നിത്യോപയോഗ

സാധനങ്ങളുടെ വിലയോടൊപ്പം നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവിന് അടിസ്ഥാന കാരണം. അതോടൊപ്പം കൽക്കരി മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധികൂടി നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവിനെ സാരമായി ബാധിച്ചിരിക്കുന്നു. ഇത്രയും കാര്യങ്ങളുണ്ടായിട്ടും ഇതുസംബന്ധിച്ച് യാതൊരു വിധത്തിലുള്ള ഇടപെടലുകളും നടത്തി സാധാരണക്കാരന് ഈ സാമഗ്രികൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കാനുള്ള ഒരു നടപടിയും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടില്ല. അത് അടിയന്തരമായി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത് വളരെ ഗൗരവമായ പ്രശ്നമാണ്. സംസ്ഥാനത്ത് നിർമ്മാണ വസ്തുക്കളുടെ വില കൂടുന്നതുമൂലം തൊഴിലാളികളും സാധാരണക്കാരും നേരിടുന്ന പ്രശ്നങ്ങളും അവ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് വ്യാപനമാണ് ഈ പ്രതിസന്ധി രൂക്ഷമാക്കുന്നത്. അത് ഈ മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരുടെ ജീവിതം കൂടുതൽ ദുരിതത്തിലാക്കിയിരുന്നു. അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റംമൂലം നിർമ്മാണത്തിനുപയോഗിക്കുന്ന സിമെന്റ്, ഇരുമ്പ്, പി.വി.സി. പൈപ്പ്, എം-സാൻഡ്, പി-സാൻഡ് എന്നിവയുടെ വില വർദ്ധിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവും കൽക്കരിക്ഷാമവും വിലവർദ്ധനവിന് ആക്കം കൂട്ടി. കൂടാതെ അയൽ സംസ്ഥാനങ്ങളിൽനിന്ന് സിമെന്റ് റോഡ്/റെയിൽ മാർഗ്ഗം എത്തിക്കേണ്ടിവരുന്നതും സിമെന്റിന്റെ വിലവർദ്ധനവിന് കാരണമാകുന്നുണ്ട്. സംസ്ഥാനത്തിന് ആവശ്യമുള്ള സിമെന്റിന്റെ 10 ശതമാനം മാത്രമേ ഇവിടെ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. കേരളത്തിലെ സിമെന്റ് വിപണിയുടെ 90 ശതമാനവും നിയന്ത്രിക്കുന്നത് സംസ്ഥാനത്തിന് പുറത്തുള്ള സ്വകാര്യ സിമെന്റ് ഉൽപ്പാദകരാണ്. സംസ്ഥാനത്തെ നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി ഈ മേഖലയുമായി ബന്ധപ്പെട്ട് സ്റ്റീൽ, സിമെന്റ് ഉൽപ്പാദകരുടെയും വിപണനക്കാരുടെയും യോഗം സർക്കാർ തലത്തിൽ വിളിച്ച് വിലയുടെ തോത് വിലയിരുത്തി വിലയിൽ ഗണ്യമായ കുറവ് വരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഉൽപ്പാദന-വിപണന ചെലവ് വർദ്ധനവ് കണക്കിലെടുത്താണ് വില കൂട്ടിയതെന്നാണ് ഉൽപ്പാദകർ പ്രസ്തുത യോഗത്തിൽ അഭിപ്രായപ്പെട്ടത്. കോവിഡ് അനുബന്ധ ലോക്ഡൗണിൽ തന്നെ ഖനന മേഖലയിലെ നിയന്ത്രണങ്ങൾക്ക് ആദ്യഘട്ടത്തിൽ സർക്കാർ ഇളവ് നൽകിയിരുന്നു. കൂടാതെ കോവിഡ് വ്യാപനത്തോടനുബന്ധിച്ച് ഖനന മേഖലയിലെ പ്രതിസന്ധികളെയും അതിലൂടെ നിർമ്മാണ മേഖലയിലുണ്ടാകുന്ന

ബുദ്ധിമുട്ടുകളെയും മറികടക്കുന്നതിന് ഈ കാലയളവിലുണ്ടായ ഖനനാനുമതിയുടെ കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിച്ചു. സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കൂടുതൽ സിമെന്റ് ഉൽപ്പാദിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുന്നുണ്ട്. അധിക ഉൽപ്പാദനം വരുമ്പോൾ വില നിർണ്ണയത്തിലിടപെടാൻ സർക്കാരിന് അതുവഴി സാധിക്കുന്നതാണ്. പൊതുമേഖലയിലുള്ള മലബാർ സിമെന്റ്സ് ലിമിറ്റഡ് നിലവിലുള്ള കമ്പനികളെക്കാൾ കുറഞ്ഞ നിരക്കിലാണ് വിപണനം നടത്തിവരുന്നത്. മലബാർ സിമെന്റിന്റെ ഉൽപ്പാദനം ഉയർത്തുന്നതിനുവേണ്ട നടപടികൾ മാസ്റ്റർപ്ലാനിൽ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മറ്റൊരു പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ സിമെന്റ്സ് ഗ്രേ സിമെന്റ് ഉൽപ്പാദനം ആരംഭിക്കുന്നതിനും നിലവിലുള്ള വൈറ്റ് സിമെന്റ്, വാൾ പുട്ടി എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ സംരംഭങ്ങളിൽ സിമെന്റ് ഉൽപ്പാദനത്തിന് സർക്കാർ പ്രത്യേക പരിഗണന നൽകുന്നു. നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം കാരണമുണ്ടായ വർദ്ധനവ് നിയന്ത്രിക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ എം.എസ്.എം.ഇ. ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ കീഴിൽ ക്ലസ്റ്ററധിഷ്ഠിത പൊതുസേവന കേന്ദ്രമായി റാ-മെറ്റീരിയൽ ബാങ്കുകൾ ആരംഭിക്കാൻ സർക്കാർ ഇപ്പോൾ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. സണ്ണി ജോസഫ്: സർ, മലബാർ സിമെന്റിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുവെന്നത് സ്വാഗതാർഹമാണ്. അതുപോലൊരു വിഷയമാണ് ചെങ്കൽ ഖനന മേഖലയിലെ പ്രതിസന്ധി. അത് തൊഴിലാളികളെയും നിർമ്മാണം നടത്തേണ്ട ആളുകളെയും ബാധിക്കുന്നു. അത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ഇത് വടക്കൻ ജില്ലകളിലെ ഏറ്റവും ഗൗരവമായ പ്രശ്നമാണ്. ചെങ്കല്ലിന്റെ ഖനനത്തിനാവശ്യമായ നടപടിക്ക് പാരിസ്ഥിതികാനുമതികൂടി ഇപ്പോൾ ആവശ്യമാണ്. ഇതുസംബന്ധിച്ചുള്ള സമിതിയുടെ കാലാവധി കഴിഞ്ഞ സെപ്റ്റംബർ 18-ന് കഴിഞ്ഞു. കേന്ദ്ര ഗവൺമെന്റാണ് നമ്മൾ കൊടുത്ത ലിസ്റ്റനുസരിച്ച് ആവശ്യമായ സംവിധാനം കൊണ്ടുവരേണ്ടത്. വീട്ടാവശ്യത്തിനുവേണ്ടിയുള്ള ചെങ്കല്ലുമായി ബന്ധപ്പെട്ട കാര്യത്തിൽ പ്രത്യേക പരിഗണന കൊടുക്കണമെന്ന് മൈനിംഗ് ഡിപ്പാർട്ടുമെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: അംഗങ്ങൾ ഒരു മിനിട്ടിനുള്ളിൽ വിഷയം മാത്രം സൂചിപ്പിച്ച് സബ്മിഷൻ അവതരിപ്പിക്കണം. മന്ത്രിമാർ ഉത്തരങ്ങൾ ദീർഘമാണെങ്കിൽ പ്രധാനപ്പെട്ട പോയിന്റുകൾ പറഞ്ഞശേഷം മറുപടി മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

# IV സബ്മിഷൻ

## (1) പട്ടാമ്പിയിലെ റോഡുകളുടെ പുനർനിർമ്മാണം

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പട്ടാമ്പി മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട പ്രശ്നമാണിത്. നിലവിൽ പല റോഡുകളും അതീവ ശോചനീയാവസ്ഥയിലാണ്. കൊപ്പം-വളാഞ്ചേരി, കൈപ്പുറം-ചെമ്പ്ര, കൂരാച്ചിപ്പടി-നടുവട്ടം, തിരുവേഗപ്പുറം-അഞ്ചുമൂല, വെറ്ററിനറി ഹോസ്പിറ്റൽ- മുതുതല എന്നീ റോഡുകൾ പുതുതായി ഫണ്ട് അനുവദിച്ച് അതിന്റെ നിർമ്മാണം ആരംഭിച്ചുകൊണ്ടിരിക്കുകയാണ്. ആ ഘട്ടത്തിലാണ് വാട്ടർ അതോറിറ്റിയുടെ ജൽജീവൻ പദ്ധതി വന്നത്. തുടർന്ന് വാട്ടർ അതോറിറ്റിയുടെ തർക്കം കാരണം വർക്ക് നിന്നിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടതിന്റെ പേരിൽ രണ്ട് യോഗം വിളിച്ച്, ആ പ്രശ്നത്തിൽ വാട്ടർ അതോറിറ്റി 13 കോടി രൂപ അനുവദിച്ച് വർക്ക് ആരംഭിക്കാറായിട്ടുണ്ട്. അതിന് പ്രത്യേക നന്ദി അറിയിക്കുകയാണ്. ആ പ്രശ്നം പരിഹരിച്ചെങ്കിലും വാട്ടർ അതോറിറ്റിയും പി.ഡബ്ല്യൂ.ഡി.-യും തമ്മിലുള്ള പ്രശ്നത്തിന് എം.എൽ.എ.-യും മന്ത്രിയുമൊക്കെ ഇടപെടേണ്ട സാഹചര്യമുണ്ട്. രണ്ട് കൂട്ടരും ഒരു ഫോൺ കോൾ ചെയ്യുകയാണെങ്കിൽ ഈ പ്രശ്നം തീരാവുന്നതേയുള്ളൂ. അത്തരം കാര്യങ്ങളിലുള്ള പ്രശ്നംമൂലമാണ് ഇത്രയും നീണ്ടുപോയത്. രണ്ടാമത്തെ വളരെ പ്രധാനപ്പെട്ട പ്രശ്നമാണ് പട്ടാമ്പിയിലെ നിള-ഐ.പി.റ്റി. റോഡും പട്ടാമ്പി-ആമയൂർ റോഡും. അതായത് പട്ടാമ്പി മുതൽ തൃത്താല-കൊപ്പം വരെയുള്ള രണ്ട് റോഡുകൾ കിഫ്ബിയിൽ അനുവദിച്ച റോഡുകളാണ്. കിഫ്ബിയിലെ പദ്ധതികളായ ആശുപത്രിയും മേൽപ്പാലവുമൊക്കെ പട്ടാമ്പിയിൽ വന്നിട്ടുണ്ട്. പക്ഷേ കിഫ്ബിയുടെ രണ്ട് റോഡുകൾക്ക് അഞ്ച് വർഷമായി ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. എഞ്ചിനീയർമാർ ഡി.പി.ആർ. തയ്യാറാക്കിയാലും അവിടെനിന്ന് ക്വറിയെഴുതി തിരിച്ചയയ്ക്കുകയല്ലാതെ വേറെയൊന്നും ചെയ്യുന്നില്ല. അഞ്ച് കൊല്ലമായി അതാണ് സ്ഥിതി. സ്കൂളിന്റെയും മേൽപ്പാലത്തിന്റെയും പണി നടന്നെങ്കിലും ഈ റോഡ് ഗതാഗതയോഗ്യമല്ല. അത് പൂർത്തീകരിക്കാൻ കിഫ്ബി അടിയന്തരമായി അനുവദിച്ച ഫണ്ടുപയോഗിച്ച് അറ്റകുറ്റപ്പണികൾ ചെയ്തെങ്കിലും ഗതാഗതയോഗ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ചുരുക്കിപ്പറയുന്നതിനാൽ റോഡുകളുടെ പേരുകളൊന്നും ഞാൻ ഇവിടെ പറയുന്നില്ല. കേരള വാട്ടർ അതോറിറ്റി അടയ്ക്കേണ്ടിയിരുന്ന റെസ്റ്റോറേഷൻ ചാർജ്ജ് അടച്ച സാഹചര്യത്തിൽ വാട്ടർ അതോറിറ്റിയുടെ പ്രവൃത്തി ആരംഭിക്കുന്നുവെന്നാണ് ആദ്യം പറഞ്ഞ റോഡിന്റെ റിപ്പോർട്ട്. കൂരാച്ചിപ്പടി-

നടുവട്ടം റോഡിന്റെ റെസ്റ്റോറേഷൻ ചാർജ്ജ് അടച്ച് എഗ്രിമെന്റ് വച്ചാലുടൻ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് സാധ്യമാകും. എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ ജില്ലാ കളക്ടർ ഇതിനുള്ള യോഗം നേരത്തെ വിളിച്ചിരുന്നു. ഞാനും അതിൽ രണ്ടുതവണ ഇടപെട്ടിരുന്നു. ശ്രീ. മുഹമ്മദ് മുഹസിൻ പറഞ്ഞ മറ്റ് വിഷയങ്ങൾ കിഫ്ബിയുമായി ബന്ധപ്പെട്ടതാണ്. മറ്റ് രണ്ട് റോഡുകളും മികച്ച നിലവാരത്തിലേയ്ക്ക് ഉയർത്താനാണ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതെന്ന് നമുക്കറിയാം. ഇതിൽ നിള ഹോസ്പിറ്റൽ-ഷൊർണ്ണൂർ-ഐ.പി.റ്റി. റോഡ് പ്രവൃത്തിയുടെ ഡി.പി.ആർ. പുതുക്കി നൽകാൻ കിഫ്ബി നിർദ്ദേശിച്ചിരുന്നു. അത് സമയബന്ധിതമായി സമർപ്പിക്കുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡിന്റെ നിലവിലുള്ള ശോച്യാവസ്ഥ പരിഹരിക്കുവാൻ അറ്റകുറ്റപ്പണിക്ക് തുക വകയിരുത്തണമെന്ന് കിഫ്ബിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പട്ടാമ്പി-ആമയൂർ റോഡ് പ്രവൃത്തിയുടെ അഡീഷണൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് വേഗത്തിൽ കൈമാറുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. സംസ്ഥാനത്ത് റോഡ് പ്രവർത്തനങ്ങളുടെ ഭാഗമായി ഡ്രെയിനേജ് നിർമ്മാണം ഉൾപ്പെടുത്തുന്നതിനെക്കുറിച്ചുള്ള ഏകോപനം അനിവാര്യമാണ്. കിഫ്ബിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഈ സർക്കാർ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് ഓരോ മാസത്തിലും ചർച്ച നടത്തുന്നുണ്ട്. പുതിയ റോഡുകളുടെ പ്രവൃത്തിയിൽ സ്റ്റോപ്പ് മെമ്മോ നൽകരുതെന്ന വകുപ്പിന്റെ അഭിപ്രായം കിഫ്ബി സ്വീകരിച്ചിട്ടുണ്ട്. ചില കാര്യങ്ങളിൽ അത്തരം ആലോചനകളും നിർദ്ദേശങ്ങളും മാസം തോറും നടക്കുന്ന യോഗങ്ങളിലൂടെ ഫലപ്രദമായി മാറിയിട്ടുണ്ട്.

(2) ആശാവർക്കർമാരുടെ ശമ്പളപരിഷ്കരണം

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കാൽ ലക്ഷത്തിന് മുകളിൽ വരുന്ന സാധുക്കളുടെ ഒരു വിഷയമായതിനാൽ അത് പറയാനുള്ള സമയം അങ്ങ് തരണം. കേരളത്തിൽ 26000-ത്തിന് മുകളിൽ ആശാ പ്രവർത്തകരുണ്ട്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ ഇവർ ഏറ്റവും മാതൃകാപരവും നിസ്വാർത്ഥവുമായി സേവനമനുഷ്ഠിക്കുന്നവരാണ്. എന്നാൽ ഇവരുടെ വരുമാനം സർക്കാരിന്റെ പ്രതിമാസ ഓണറേറിയമായ 6000 രൂപയും അതോടൊപ്പം കേന്ദ്ര വിഹിതമായ 2000 രൂപയുമാണ്. കേന്ദ്രവിഹിതം ഇൻസെന്റീവാണ്. 2020 ഫെബ്രുവരി മാസം മുതൽ കോവിഡിന്റെ പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് 1000 രൂപ ഇവർക്ക് നൽകുകയും ചെയ്യുന്നുണ്ട്. പ്രധാനപ്പെട്ട പ്രശ്നം, നിലവിലുള്ള ഓണറേറിയം കൃത്യസമയത്ത് ലഭിക്കാത്ത അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. ഇപ്പോൾ രണ്ട് മാസത്തെ ഓണറേറിയം ലഭിച്ചെങ്കിലും രണ്ട് മാസത്തെ കുടിശ്ശിക ബാക്കിയാണ്. ആശാ പ്രവർത്തകരുടെ സേവനം കോവിഡ്

കാലത്ത് നമ്മളെല്ലാം അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. കോവിഡിന്റെ ഭാഗമായുള്ള വാക്സിനേഷൻ പ്രവർത്തനം മൂന്ന് ഘട്ടമായാണ് അവർക്ക് ഏറ്റെടുക്കേണ്ടിവരുന്നത്. ഈ ചുമതല നിർവ്വഹിക്കുന്നവരെ ഒരു കാര്യവുമില്ലാതെ വാർഡുകളിൽനിന്നും മാറ്റുക, അവരെ ജോലിയിൽനിന്ന് പറഞ്ഞുവിടുക എന്നിങ്ങനെയുള്ള നടപടികൾ ചില സ്ഥലങ്ങളിൽ സ്വീകരിക്കുകയാണ്. റാന്നിയിലെ നാറാണമൂഴി പഞ്ചായത്തിൽ മൂന്ന് ആശാ പ്രവർത്തകരെയാണ് അന്യായമായി പിരിച്ചുവിട്ടിരിക്കുന്നത്. ഇവർക്കാവശ്യമായ ടെലഫോൺ ചാർജ്ജ്, യാത്രാ ബത്ത എന്നിങ്ങനെ വളരെ ഗൗരവമുള്ള പ്രശ്നങ്ങൾ പലപ്പോഴും ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. കിട്ടുന്ന കാശിൽ മഹാഭൂരിപക്ഷവും ഇതിനൊക്കെയായി ചെലവാകുന്നതാണ് സ്ഥിതി വിശേഷം. അതിനാൽ ഇവരുടെ നിലവിലുള്ള ഓണറേറിയം ന്യായമായി വർദ്ധിപ്പിക്കുകയും ടെലഫോൺ ചാർജ്ജും യാത്രാ ചാർജ്ജും കൊടുക്കുവാനുള്ള നടപടി സ്വീകരിക്കുകയും നിലവിലെ തുക പ്രതിമാസം അവരുടെ കൈകളിൽ എത്തിക്കുന്നതിനുവേണ്ടിയും നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): സർ, ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങൾ, നഗരപ്രദേശങ്ങൾ, ട്രൈബൽ മേഖല എന്നിവിടങ്ങളിലായി 26362 പേരാണ് ആശാ പദ്ധതിയിൽ പ്രവർത്തിച്ചുവരുന്നത്. ആരോഗ്യ മേഖലയിൽ ആശാ പ്രവർത്തകർ വിലപ്പെട്ട സേവനമാണ് നൽകുന്നത്. പ്രത്യേകിച്ച് കോവിഡ് മഹാമാരിക്കാലത്ത് ഇവർ നടത്തിയ ത്യാഗപൂർണ്ണമായ സേവനം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ വളരെ നിർണ്ണായകമാണ്. അതുകൊണ്ടുതന്നെ ഏറെ ശ്ലാഘനീയവുമാണ്. ആശാ പ്രവർത്തകർക്ക് വേതനമല്ല മറിച്ച് സംസ്ഥാന സർക്കാർ നൽകുന്ന 6000 രൂപ പ്രതിമാസ ഓണറേറിയവും വിവിധ പദ്ധതികളിൽനിന്ന് ലഭിക്കുന്ന ഇൻസെന്റീവുകളും കേന്ദ്ര സർക്കാർ നൽകുന്ന 2000 രൂപ പ്രതിമാസ നിശ്ചിത ഇൻസെന്റീവുമാണ് ലഭിക്കുന്നത്. കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശപ്രകാരമാണ് 2000 രൂപ ഇൻസെന്റീവ് അനുവദിക്കുന്നത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മാസംതോറും 1000 രൂപ കോവിഡ് ഇൻസെന്റീവായും നൽകിവരുന്നുണ്ട്. 2016-17-ൽ 1500 രൂപയായിരുന്ന ആശാ പ്രവർത്തകരുടെ പ്രതിമാസ ഓണറേറിയം വർഷംതോറും വർദ്ധനവുവരുത്തി 2021 ഏപ്രിൽ മുതൽ പ്രതിമാസം 6000 രൂപയായി നൽകിവരുന്നുണ്ട്. ആശാ പ്രവർത്തകർ മുഴുവൻ സമയവും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ വ്യാപൃതരായതുകൊണ്ട് 2020 മാർച്ച് മുതൽ മാനദണ്ഡങ്ങൾ നോക്കാതെ എല്ലാവർക്കും ഓണറേറിയവും ഇൻസെന്റീവും നൽകിവരുന്നു. ആശാ പ്രവർത്തകർക്കായി യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ്

കമ്പനി ലിമിറ്റഡ് മുഖേന 'ആശാ കിരണം' ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം അപകടമരണം സംഭവിച്ചാൽ 5 ലക്ഷം രൂപയും പൂർണ്ണ അംഗവൈകല്യം സംഭവിച്ചാൽ 3 ലക്ഷം രൂപയും ഭാഗിക അംഗവൈകല്യം സംഭവിച്ചാൽ ഒരു ലക്ഷം രൂപയും ലഭിക്കുന്നതാണ്. കൂടാതെ അസുഖത്തോടനുബന്ധിച്ചുള്ള ആശുപത്രിച്ചെലവിന് 20,000 രൂപയും കുട്ടികളുടെ വിദ്യാഭ്യാസത്തിന് 2000 രൂപയും സ്വാഭാവിക മരണ സംസ്കാര കർമ്മത്തിന് 50,000 രൂപയും ആശാ വർക്കർമാർക്ക് ലഭിക്കുന്നതാണ്. ഇതുകൂടാതെ PMJJBY (Pradhan Mantri Jeevan Jyoti Bima Yojana), PMSBY (Pradhan Mantri Suraksha Bima Yojana), PMSYM (Pradhan Mantri Shram Yogi Maandhan) തുടങ്ങിയ കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളിൽ ഇവരെ അംഗങ്ങളാക്കുന്നതിനുള്ള എൻറോൾമെന്റ് നടപടികൾ നടന്നുവരികയാണ്. NHM (National Health Mission) ഓരോ വർഷവും കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്ന RoP അനുമതി പ്രകാരമാണ് ആശാ പ്രവർത്തകർക്കുള്ള എല്ലാ ഇൻസെന്റീവുകളും നൽകിവരുന്നത്. പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാൻ തയ്യാറാക്കുന്നത് കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശപ്രകാരമാണ്. ആരോഗ്യരംഗത്ത് സ്തുത്യർഹമായ പ്രവർത്തനങ്ങൾ നടത്തിവരുന്ന ആശാ പ്രവർത്തകർക്ക് കേന്ദ്രസർക്കാരിന്റെ ഇൻസെന്റീവുകൾകൂടി വർദ്ധിപ്പിച്ച് നൽകുന്നതിനായി കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ആശാ വർക്കർമാർക്ക് 2021 സെപ്റ്റംബർ വരെയുള്ള ഓണറേറിയം ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. ഒക്ടോബർ മാസത്തെ ഓണറേറിയം എത്രയും പെട്ടെന്ന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മറ്റൊരു വിഷയം ആശാവർക്കർമാരെ അന്യായമായി മാറ്റുന്നത് സംബന്ധിച്ചാണ്. ചിലയിടങ്ങളിൽ അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആ രീതിയിൽ മാറ്റുന്നത് തെറ്റാണ്. കാരണം എൻ.എച്ച്.എം. ആണ് അപ്പോയിന്റിംഗ് അതോറിറ്റി. അങ്ങനെ എന്തെങ്കിലും വിഷയങ്ങളുണ്ടെങ്കിൽ ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ഒന്നിച്ച് ആലോചിച്ചുമാത്രമേ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(3) അരുവിക്കര ഡാമിലെ എക്കലും മണലും നീക്കം ചെയ്യൽ

ശ്രീ. ജി. സ്റ്റീഫൻ: സർ, അരുവിക്കര നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന അരുവിക്കര ഡാമിലെ എക്കലും മണലും നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 1934-ൽ കമ്മീഷൻ ചെയ്യപ്പെട്ടതാണ് അരുവിക്കര ഡാം. തിരുവനന്തപുരം നഗരത്തിലേയ്ക്കുള്ള പ്രധാന കുടിവെള്ള സ്രോതസ്സാണ് ജല അതോറിറ്റിയുടെ കീഴിലുള്ള ഈ ഡാം. നിലവിൽ അരുവിക്കരയിലെ മൂന്നും നെടുമങ്ങാട്, വെള്ളയമ്പലം എന്നിവിടങ്ങളിലെ

ഓരോ ജലശുദ്ധീകരണ ശാലയിലേയ്ക്കും അരുവിക്കര ജലസംഭരണിയിലെ ജലമാണ് ഉപയോഗിക്കുന്നത്. തലസ്ഥാന ജില്ലയുടെ കുടിനീർ വാഹിനിയായ അരുവിക്കര ഡാമിന്റെ വൃഷ്ടിപ്രദേശം മണ്ണും ചെളിയുമടിഞ്ഞ് സംഭരണശേഷി പകുതിയായി കുറഞ്ഞിരിക്കുകയാണ്. സംഭരണശേഷി കുറഞ്ഞതിനാൽ പലവട്ടം ഡാം തുറന്നുവിടേണ്ട സാഹചര്യവും നിലവിലുണ്ട്. മാത്രമല്ല, നിരവധി തവണ പൊതുജനങ്ങളും വിദഗ്ദ്ധരും ഈ വിഷയം ഉന്നയിച്ചിട്ടുണ്ടെങ്കിലും ഡാമിൽ അടിഞ്ഞുകൂടിയ എക്കലും മണ്ണും നീക്കം ചെയ്യാൻ നടപടിയുണ്ടായിട്ടില്ല. അരുവിക്കര ഡാമിന്റെ ജലസംഭരണശേഷി സംരക്ഷിക്കപ്പെടണമെന്ന നാട്ടുകാരുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും സ്ഥലം സന്ദർശിക്കുകയും പ്രാഥമിക നടപടികളാരംഭിക്കുകയും ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് തുടർപ്രവർത്തനങ്ങൾ പൂർണ്ണതോതിൽ യാഥാർത്ഥ്യമാക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. ഡാമിൽ കാലാകാലങ്ങളായി അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കുന്നതിന് വലിയ ബാധ്യത സർക്കാരിനുണ്ടാകുമെന്നുള്ളത് വസ്തുതയാണ്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്തുണ്ടായ വരൾച്ചാ ഘട്ടത്തിൽ അരുവിക്കര ഡാമിൽനിന്നും തലസ്ഥാനത്തിനാവശ്യമായ വെള്ളം പമ്പുചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടായപ്പോൾ നെയ്യാർ ഡാമിന്റെ റിസർവോയറിന്റെ ഭാഗമായ കാപ്പുകാട് നിന്ന് ജലം പമ്പുചെയ്ത് അരുവിക്കര റിസർവോയറിലെത്തിച്ചാണ് തലസ്ഥാനത്തേയ്ക്ക് ജലം എത്തിച്ചതെന്നുള്ള വസ്തുത നിലനിൽക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്.....

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, ഒരു മിനിട്ടുകൂടി തരണം. കുടിവെള്ള പ്രശ്നമായതുകൊണ്ടാണ്. നെയ്യാർ റിസർവോയറിൽ ആവശ്യത്തിന് ജലമില്ലാത്ത സാഹചര്യമായിരുന്നെങ്കിൽ എന്താണ് നഗരത്തിൽ സംഭവിക്കുമായിരുന്നതെന്ന് ചിന്തിക്കാൻപോലും കഴിയില്ല. 10 ലക്ഷം ജനങ്ങൾ നേരിട്ടും 40 ലക്ഷം ജനങ്ങൾ പരോക്ഷമായും ആശ്രയിക്കുന്ന അരുവിക്കര ഡാമിലാണ് മണലിന്റെ വിഷയമുള്ളത്. ഈ സാഹചര്യത്തിൽ തലസ്ഥാന നഗരത്തിലെയും അരുവിക്കര മണ്ഡലത്തിലെയും കുടിവെള്ള ലഭ്യതയുടെ അളവ് വർദ്ധിപ്പിക്കുന്നതിനായി ഡാമിലെ എക്കലും ചെളിയും നീക്കം ചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കണമെന്നും അതോടൊപ്പം മാലിന്യ നിക്ഷേപം തടയാൻ സംരക്ഷണ വേലികൾ പുന:സ്ഥാപിക്കണമെന്നും നിരീക്ഷണ ക്യാമറകൾ പ്രവർത്തനക്ഷമമാക്കണമെന്നും ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. അരുവിക്കര ഡാമിന്റെ സംഭരണശേഷി കുറയുന്നതുകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. തലസ്ഥാന

നഗരിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ഇതിനാൽ തടസ്സങ്ങൾ നേരിടുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 6-1-2020-ലെ സർക്കാർ ഉത്തരവ് പ്രകാരം അവിടെ ഡീസിൽട്ടേഷൻ ചെയ്യാൻ ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. 5-3-2020-ന് ഇതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ വ്യവസ്ഥയിൽ നടപടികൾ സ്വീകരിച്ചുവരികയാണ്. ടെണ്ടർ നടപടികളിൽ രണ്ട് കമ്പനികളാണ് പങ്കെടുത്തത്. അതിന്റെ ഡി.പി.ആർ. തയ്യാറാക്കി പുതിയ ടെണ്ടർ വിളിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എംപവേർഡ് കമ്മിറ്റിയുടെ തീരുമാനപ്രകാരം മണലും എക്കലും വേർതിരിക്കുന്നതിന് ഉപയോഗിക്കേണ്ട സാങ്കേതികവിദ്യയും പദ്ധതി രൂപരേഖയും തയ്യാറാക്കുന്നതിനുള്ള കൺസൾട്ടൻസിയെ തെരഞ്ഞെടുത്തിട്ടുള്ള ടെണ്ടർ രേഖകൾക്ക് ടെക്നിക്കൽ കമ്മിറ്റി അംഗീകാരം നൽകുകയുണ്ടായി. ടി പ്രവൃത്തികൾക്കുവേണ്ടിയുള്ള ദർഘാസ് 13-10-2021-ൽ പരസ്യപ്പെടുത്തി. ദർഘാസ് സമർപ്പിക്കാനുള്ള അവസാന തീയതി 15-11-2021 ആണ്. ദർഘാസ് ലഭിക്കുന്ന കൺസൾട്ടൻസി 4 മാസത്തിനകം ഡി.പി.ആർ. തയ്യാറാക്കുകയും പ്രസ്തുത ഡി.പി.ആർ. പ്രകാരം ഡാമിൽനിന്ന് ചെളി നീക്കം ചെയ്യുന്ന പ്രവൃത്തി ചെയ്ത് പരിചയമുള്ള കരാറുകാരിൽനിന്ന് ദർഘാസ് വിളിക്കുന്നതുമാണ്. പി.ഡബ്ല്യു.ഡി. കുവക്കുടി പാലം നിർമ്മിച്ച സമയത്ത് പാലത്തിന് ഇരുവശങ്ങളിലും സംരക്ഷണവേലി സ്ഥാപിച്ചിരുന്നതാണ്. പ്രസ്തുത വേലി ചില സ്ഥലങ്ങളിൽ തകർന്നതായി കാണപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവ പുനഃസ്ഥാപിക്കണമെന്ന് പി.ഡബ്ല്യൂ.ഡി.യോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കുവക്കുടി പാലത്തിനുസമീപം മാലിന്യം നിക്ഷേപിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കാൻ ക്യാമറകൾ സ്ഥാപിക്കുന്ന പ്രവൃത്തി 6-11-2021-ന് പൂർത്തീകരിക്കും. അരുവിക്കര ഡാമിന്റെ റിസർവോയറിന് ചുറ്റുമുള്ള ഒരു കിലോമീറ്റർ നീളത്തിൽ സംരക്ഷണ വേലികെട്ടി ഡാമിൽ മാലിന്യം നിക്ഷേപിക്കുന്നത് ശിക്ഷാർഹമാണെന്ന ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇരുകരകളിലുമായി 1.5 കിലോമീറ്ററും 0.4 കിലോമീറ്ററും നീളത്തിൽ വേലികെട്ടുന്ന പണികൾ 7-1-2022-ൽ പൂർത്തീകരിക്കുന്നതാണ്. ഡാമിന് ചുറ്റുമുള്ള സ്ഥലങ്ങൾ ദീർഘദൂരം നിരീക്ഷിക്കുന്നതിനായി ഹൈമാസ്റ്റ് ലൈറ്റിൽ നിരീക്ഷണ ക്യാമറകൾ ഘടിപ്പിക്കുകയും 24 സ്ഥലങ്ങളിൽ വേറെയും ക്യാമറകൾ സ്ഥാപിക്കുകയും നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത നിരീക്ഷണ ക്യാമറകൾ നന്നാക്കുകയും ചെയ്യുന്ന പ്രവൃത്തി 6-11-2021-ന് പൂർത്തീകരിക്കും. അതോടൊപ്പം ഈ സബ്മിഷനിൽ ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങളെല്ലാം അടിയന്തര പ്രാധാന്യത്തോടെ ചെയ്യുന്നതാണെന്നും അറിയിക്കുന്നു.

## (4) കരാർ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, കേരളത്തിലെ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനും മലിനജലം നിർമ്മാർജ്ജനം ചെയ്യുന്നതിനുമായി 1984-ൽ

രൂപീകൃതമായ സ്ഥാപനമാണ് കേരള വാട്ടർ അതോറിറ്റി. കഴിഞ്ഞ 25 വർഷത്തിലധികമായി ഈ മേഖലയിൽ വിവിധ തസ്തികകളിലായി ആറായിരത്തി അഞ്ഞൂറോളം തൊഴിലാളികൾ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു. ഈ രംഗത്ത് നടക്കുന്ന നവീകരണ പരിപാടിയുടെ പേരിൽ വർഷങ്ങളായി ജോലി ചെയ്തുവരുന്ന കരാർ തൊഴിലാളികൾക്ക് ഇപ്പോൾ തൊഴിൽ നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. ഇടത്തട്ടുകാരായി പ്രവർത്തിക്കുന്ന കരാറുകാരെ ഒഴിവാക്കി തൊഴിലാളികൾക്ക് നേരിട്ട് ശമ്പളം നൽകുന്നതിനും 10 വർഷത്തിലധികമായി നടപ്പിലാക്കാത്ത വേതന വർദ്ധനവ് നടപ്പിലാക്കുന്നതിനും കരാർ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വളരെ ഗൗരവമുള്ള കാര്യമാണെങ്കിലും നിയമപരമായി ചില തടസ്സങ്ങൾ ഇതിൽ നേരിടുന്നുണ്ട്. വാട്ടർ അതോറിറ്റിയിൽ ഏകദേശം ഏഴായിരത്തിലധികം എച്ച്.ആർ. ജീവനക്കാരാണുള്ളത്. ഇവരിൽ വലിയ വിഭാഗവും കരാറുകാരുടെ കീഴിൽ നിയമിക്കപ്പെട്ടിരിക്കുന്ന ജീവനക്കാരാണ്. കരാറുകാർവഴി നിയമിതരായ കരാർ തൊഴിലാളികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത പെറ്റീഷനിൽ ബഹുമാനപ്പെട്ട കോടതിതന്നെ വളരെ വ്യക്തമായി വിധി പ്രസ്താവിച്ചിട്ടുണ്ട്. കരാറുകാർ വഴി നിയമിക്കപ്പെട്ട തൊഴിലാളികൾക്ക് സ്ഥിരനിയമനം ക്ലെയിം ചെയ്യുന്നതിന് അവകാശമില്ലെന്നും നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തണമെന്നുമുള്ള സാഹചര്യം നിലനിൽക്കുന്നതിനാൽ പമ്പ് ഓപ്പറേറ്റർ പോലുള്ള തസ്തികകളിലേയ്ക്ക് ഇപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് നിയമനം നടത്തുന്നത്. എന്നിരുന്നാലും നിലവിൽ കരാറുകാർ മുഖേന ജോലി ചെയ്തിരുന്ന ജീവനക്കാരെ കൂട്ടത്തോടെ പിരിച്ചുവിടുന്നതിനോ അവരുടെ ജീവിതം വഴിമുട്ടിക്കുന്നതിനോ ഉദ്ദേശിക്കുന്നില്ല. സ്ഥിരം ഓപ്പറേറ്റർ തസ്തിക സൃഷ്ടിച്ചാലുണ്ടാകുന്ന സാമ്പത്തിക ബാധ്യത വളരെ വലുതായതിനാൽ നിലവിൽ അങ്ങനെയൊരു തസ്തിക സൃഷ്ടിച്ച് സ്ഥിര നിയമനം നടത്താൻ സാധ്യമല്ല. വാട്ടർ അതോറിറ്റിയിൽ കാലാനുസൃതമായ ആധുനികവൽക്കരണം നടത്തി മീറ്റർ റീഡിംഗ് സമ്പ്രദായം പരിഷ്കരിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ഉപഭോക്താവിനുതന്നെ മീറ്റർ റീഡിംഗ് രേഖപ്പെടുത്തി നേരിട്ട് ബിൽ അടയ്ക്കാനുള്ള സംവിധാനമുൾപ്പെടെ നടപ്പിലാക്കിവരികയാണ്. ഇതെല്ലാം മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും സാമ്പത്തിക ചെലവ് കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. സർക്കാരിന്റെ നോൺ പ്ലാൻ ഗ്രാന്റുകൂടി ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനത്തിന് അധിക ബാദ്ധ്യതയാകുന്ന പ്രവണത കുറച്ചുകൊണ്ടുവരുന്നതിന് ആധുനികവൽക്കരണം ആവശ്യമാണ്. നിലവിൽ MARCH (Monitoring Accounting & Reporting by

Centralized HR) എന്ന സോഫ്റ്റ്വെയറിൽ വിശദമായ വിവരങ്ങൾ രേഖപ്പെടുത്തിയാണ് കരാറുകാർ മുഖാന്തരം എച്ച്.ആർ. വേതനം നൽകിവരുന്നത്. കരാറുകാർക്ക് അവരുടെ അക്കൗണ്ടിലേയ്ക്കാണ് പണം നൽകുന്നത്. വേതനത്തിൽ കുറവ് വരുന്നതായിട്ടുള്ള കരാർ ജീവനക്കാരുടെ പരാതി ശ്രദ്ധയിൽ വരുന്ന സാഹചര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതിനും കരാറുകാരെ മാറ്റുന്നതിനുമുള്ള സ്വാതന്ത്ര്യം വാട്ടർ അതോറിറ്റിക്കുണ്ട്. ആയതിനാൽ ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച വിഷയം ഗൗരവമായി പരിഗണിക്കാം. പക്ഷേ ഏഴായിരത്തിലധികം ജോലിക്കാരെ വാട്ടർ അതോറിറ്റിക്ക് നിയമിക്കാൻ സാധിക്കുന്ന സാഹചര്യം നിലവിലില്ല. മോഡണൈസേഷന്റെ ഭാഗമായി മീറ്റർ റീഡിംഗ് എടുക്കാനും അതോടൊപ്പം അവ അറിയാനുമുള്ള സാഹചര്യം കൺസ്യൂമേഴ്സിന് കൊടുക്കേണ്ടതായിട്ടുണ്ട്. നവീകരണത്തിന്റെ ഭാഗമായാണ് ഇത് കണക്കാക്കപ്പെടേണ്ടത്. കരാറുകാരന്റെ നിയമനത്തിന്റെ ഭാഗമായി ജോലി ചെയ്യുന്നവരാണെങ്കിലും അവർക്ക് എന്തെങ്കിലും ബുദ്ധിമുട്ടുകളുണ്ടെങ്കിൽ പരിശോധിക്കാനാവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

(5) പാറശ്ശാലയിൽ സിവിൽ സപ്ലൈസ് ഗോഡൗൺ

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, പാറശ്ശാല മണ്ഡലത്തിൽ ഭക്ഷ്യധാന്യ വിതരണരംഗത്ത് നിലവിലുള്ള കാലതാമസം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്ന ഒരു സബ്മിഷനാണിത്. നെയ്യാറ്റിൻകര താലൂക്കിൽ അമരവിള വെയർഹൗസിംഗ് കോർപ്പറേഷന്റെ കീഴിലുള്ള ഒരു ഗോഡൗണിലാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ സംഭരിച്ചുവയ്ക്കുന്നത്. 387 റേഷൻ കടകൾക്ക് വിതരണം ചെയ്യാനുള്ള ഏഴായിരത്തോളം ടൺ ഭക്ഷ്യ ധാന്യമാണ് ഇവിടെ എത്തിച്ചേരുന്നത്. പലപ്പോഴും മലയോര പഞ്ചായത്തുകളിൽ റേഷൻ വിതരണം യഥാസമയം നടത്താൻ കഴിയുന്നില്ല. ഓരോ മാസവും ആദ്യത്തെ ആഴ്ചതന്നെ റേഷൻ സാധനങ്ങൾ വിതരണത്തിനായി എത്തിക്കേണ്ടതാണ്. അതിനായി മാസാവസാനത്തിൽ 25 ശതമാനം തുക അഡ്വാൻസായി കൊടുക്കുന്ന പതിവുമുണ്ട്. എന്നാൽ ഇവ എത്തുന്നത് 20-ാം തീയതിവരെ നീണ്ടുപോകുകയാണ്. ഈ കാലതാമസം ഒഴിവാക്കാൻ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റുതന്നെ മലയോര മേഖലയിൽ ഒരു ഭക്ഷ്യധാന്യ ഗോഡൗൺ ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഉന്നയിക്കാനുള്ളത്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, പാറശ്ശാല നിയോജകമണ്ഡലത്തിലെ 9 ഗ്രാമപഞ്ചായത്തുകളിലായി 154 റേഷൻ കടകളാണുള്ളത്. ആയതിൽ 105 എണ്ണം നെയ്യാറ്റിൻകര താലൂക്ക് സപ്ലൈ

ഓഫീസിന്റെ പരിധിയിലും 49 എണ്ണം കാട്ടാക്കട താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിലുമാണ് വരുന്നത്. നെയ്യാറ്റിൻകര താലൂക്കിൽ വാതിൽപ്പടി വിതരണം നടത്തുന്നത് സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള അമരവിള പള്ളിച്ചൽ ഗോഡൗണിൽ നിന്നും, കാട്ടാക്കട താലൂക്കിലെ വാതിൽപ്പടി വിതരണം സപ്ലൈകോയുടെ കീഴിലുള്ള മലയിൻകീഴ് എൻ.എഫ്.എസ്.എ. ഗോഡൗണിൽനിന്നുമാണ്. പാറശ്ശാല നിയോജകമണ്ഡലത്തിലെ ചില പ്രദേശങ്ങളിൽ വാതിൽപ്പടി വിതരണത്തിൽ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. നെയ്യാറ്റിൻകര താലൂക്കിൽ PMGKY (Pradhan Mantri Garib Kalyan Yojana) പദ്ധതി പ്രകാരം വിതരണം ചെയ്യേണ്ട ഭക്ഷ്യധാന്യങ്ങൾകൂടി അമരവിള ഗോഡൗണിൽ നിലവിലുണ്ടായിരുന്ന ഗോഡൗൺ സൗകര്യവും വാഹന സൗകര്യവും പ്രയോജനപ്പെടുത്തിക്കൊണ്ടാണ് വിതരണം ചെയ്തുവരുന്നത്. റേഷൻ വിതരണത്തിന് കാലതാമസം ഉണ്ടാകുന്നതിനുള്ള ഒരു കാരണം ഇതാണ്. ഈ പദ്ധതി പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങൾ നവംബർ 2021 വരെയാണ് അനുവദിച്ചിട്ടുള്ളത്. വാതിൽപ്പടി വിതരണം കൂടുതൽ സുതാര്യവും ഏകീകൃതവുമാക്കുന്നതിന് പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിൽ ഗോഡൗണുകൾ നിർമ്മിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 2022-27 പഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തി എല്ലാ താലൂക്കിലും NFSA (National Food Security Act) ഗോഡൗണുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. എൻ.എഫ്.എസ്.എ. ഗോഡൗണുകൾ നിർമ്മിക്കുന്നതിനായി എല്ലാ റേഷൻ താലൂക്കിലും ഏകദേശം മധ്യഭാഗത്തായി 50 സെന്റ് സ്ഥലം കണ്ടെത്തി നൽകുവാനാണ് താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരിക്കുന്നത്. പാറശ്ശാല നിയോജകമണ്ഡലത്തിലുൾപ്പെടുന്ന റേഷൻകടകളിലേയ്ക്ക് കൂടുതൽ വാഹന സൗകര്യം ഏർപ്പെടുത്തി സമയബന്ധിതമായി സാധനങ്ങൾ എത്തിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (6) പട്ടികവിഭാഗ പാരമ്പര്യ ചികിത്സകർ

ശ്രീ. ഒ. ആർ. കേളു: സർ, സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒട്ടനവധി ആൾക്കാർ അവരുടെ പാരമ്പര്യപരമായിട്ടുള്ള വംശീയ നാട്ടുപച്ചമരുന്ന് ചികിത്സ നടത്തിവരുന്നു. എം.എൽ.എ.മാർ, മന്ത്രിമാർ, രാഷ്ട്രീയക്കാർ, കലാ-സാംസ്കാരിക രംഗത്തെ ആൾക്കാർ തുടങ്ങി എല്ലാവരും ഫലപ്രദമായി പ്രസ്തുത ചികിത്സ തേടാറുണ്ട്. വളരെ ചെലവ് കുറഞ്ഞതും സൗജന്യ നിരക്കിലുമാണ് അത്തരം ചികിത്സകൾ നേടുന്നത്. ഇത്തരം ചികിത്സയ്ക്ക് എല്ലാവരും വലിയ പ്രാധാന്യം കൊടുക്കുന്ന അവസരത്തിൽ, ചികിത്സ നടത്തുന്ന

ആൾക്കാർക്ക് സർക്കാർ ഒരു തരത്തിലുമുള്ള പരിരക്ഷയും നൽകുന്നില്ലെന്നതാണ് വസ്തുത. അതുകൊണ്ട് വളരെ ഭയപ്പെട്ടാണ് ഇത്തരം ആൾക്കാർ പ്രസ്തുത ചികിത്സാ കേന്ദ്രങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. അവർക്ക് ഏതെങ്കിലും തരത്തിലുള്ള പരിരക്ഷയോ ഐഡന്റിറ്റിയോ കൊടുക്കാൻ സർക്കാരിന് സാധിക്കുമോ എന്നതാണ് ഈ സബ്മിഷനിലൂടെ ചോദിക്കാനുള്ളത്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, കേരളത്തിലെ പട്ടികജാതി- പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ നാട്ടുവൈദ്യ ചികിത്സ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി നിരവധി പ്രവർത്തനങ്ങൾ വകുപ്പ് നടത്തിവരുന്നുണ്ട്. വയനാട് ജില്ലയിലെ വാളാട്, തിരുവനന്തപുരം ജില്ലയിലെ ഇരിഞ്ചയം തുടങ്ങിയ കേന്ദ്രങ്ങളിൽവച്ച് പട്ടികവർഗ്ഗ യുവാക്കൾക്ക് വൈദ്യചികിത്സയിൽ പരിശീലനം നൽകിയിട്ടുണ്ട്. അത്തരത്തിൽ പരിശീലനം ലഭിച്ച വൈദ്യന്മാർ ചികിത്സാ രംഗത്ത് പ്രമുഖരായി തുടരുകയും ചെയ്യുന്നുണ്ട്. ഗോത്രവർഗ്ഗ വൈദ്യചികിത്സാ രീതികളിൽ പുതിയ തലമുറയിൽപ്പെട്ടവർക്കും പരിശീലനം നൽകുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിൽ അടിയർ, പണിയർ വിഭാഗങ്ങൾക്കായി പ്രത്യേക ചികിത്സാ പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. വൈദ്യം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി Ethnomedicine Research and Treatment Centre വയനാട് ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. ഗോത്രവർഗ്ഗ യുവതീ-യുവാക്കൾക്കായി വൈദ്യപരിശീലനത്തിന് വേണ്ടിയുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വികസന വിഭാഗങ്ങളുടെ പാരമ്പര്യ ചികിത്സയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കിർത്താഡ്സ് തെരഞ്ഞെടുത്ത വൈദ്യന്മാർക്കായി 10000 രൂപ വീതം ഗ്രാന്റ് അനുവദിച്ച് വരുന്നുണ്ട്. അതോടൊപ്പം കിർത്താഡ്സിന്റെയും പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സംസ്ഥാനാടിസ്ഥാനത്തിൽ രണ്ട് സ്ഥലങ്ങളിൽ വച്ച് സംഘടിപ്പിക്കുന്ന ഉൽപ്പന്ന പ്രദർശന മേളയായ "ഗദ്ദിക"യിലും പ്രസ്തുത പാരമ്പര്യ ചികിത്സകൾ നടത്തിവരുന്നുണ്ട്. വൈദ്യന്മാർക്ക് ഔഷധച്ചെടികൾ നട്ടുപിടിപ്പിക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 50,000 രൂപ വീതം ധനസഹായം നൽകി വരുന്നു. കേരളത്തിലെ വംശീയ വൈദ്യന്മാരുടെ 5 ദിവസത്തെ സംസ്ഥാനതല ശിൽപ്പശാലയും ചികിത്സാ ക്യാമ്പും ഈ വർഷം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ പാരമ്പര്യ നാട്ടുവൈദ്യ ചികിത്സാ രംഗത്ത് പ്രവർത്തിക്കുന്നവരുടെ അറിവും വിവരവും കൂടുതൽ ഉപകാരപ്രദമാക്കുന്നതിനുവേണ്ടി സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്.

## (7) അദ്ധ്യാപക തസ്തികകൾ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, കേരളപ്പിറവിക്ക് ശേഷമുള്ള ആദ്യത്തെ മന്ത്രിസഭയിൽ യശ:ശരീരനായ ഇ.എം.എസ്. മുഖ്യമന്ത്രിയായിരുന്ന കാലത്ത്

1958-ൽ സ്ഥാപിതമായതാണ് കണ്ണൂർ ഗവ. പോളിടെക്നിക് കോളേജ്. മലബാറിലെ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും ശ്രദ്ധേയമായ പാരമ്പര്യവും പ്രശസ്തിയും കൈവരിച്ചിട്ടുള്ള ഒരു സ്ഥാപനമാണിത്. ഈ കോളേജിൽ 6 വിവിധ ബ്രാഞ്ചുകളിലായി ആയിരത്തിഇരുന്നൂറോളം വിദ്യാർത്ഥികൾ ഇപ്പോൾ പഠിക്കുന്നുണ്ട്. അഭിമാനസ്തംഭമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ NBA (National Board of Accreditation) യുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അതിന്റെ ഉന്നതസ്ഥായിയിലാണ്. AICTE (All India Council For Technical Education)-യുടെ നിബന്ധന പ്രകാരം സ്ഥാപനത്തിൽ 46 അദ്ധ്യാപകരുണ്ടെങ്കിൽ മാത്രമേ അംഗീകാരം നിലനിൽക്കുകയുള്ളൂ. എന്നാൽ 3 അസിസ്റ്റന്റ് പ്രൊഫസർ, 1 ലക്ചറർ ഇൻ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് എന്നീ തസ്തികകൾ മറ്റു സ്ഥാപനങ്ങളിലേയ്ക്ക് മാറ്റാൻ ഉത്തരവായതായി മനസ്സിലാക്കുന്നു. എന്താണ് ഇതിന്റെ അടിസ്ഥാന കാരണമെന്ന് അറിയില്ല. ഈ ഉത്തരവ് സ്ഥാപനത്തിന്റെ എ.ഐ.സി.റ്റി.ഇ. അംഗീകാരത്തെ സാരമായി ബാധിക്കുമെന്നതിനാൽ ഈ തസ്തികകൾ ഇവിടെത്തന്നെ നിലനിർത്തണമെന്നതാണ് എന്റെ നിർദ്ദേശം. ഇതുമൂലം ഒന്നാംവർഷ ക്ലാസുകൾ നടത്താൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ആയതിനാൽ കോളേജിലെ അദ്ധ്യാപക തസ്തിക മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് മാറ്റാതെ, എ.ഐ.സി.റ്റി.ഇ. നിബന്ധന പ്രകാരമുള്ള എൻ.ബി.എ.യുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അവസരം ഒരുക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, AICTE-യുടെ മാനദണ്ഡമനുസരിച്ച് 1:20 ആയിരുന്ന അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം. അത് പിന്നീട് എ.ഐ.സി.റ്റി.ഇ. തന്നെ 1:25 ആയി വർദ്ധിപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ പോളിടെക്നിക് കോളേജിൽ 6 ബ്രാഞ്ചുകളിലായി 1:25 എന്ന അനുപാതത്തിൽ കണക്കാക്കുമ്പോൾ അധികമായി 4 അദ്ധ്യാപക തസ്തികകൾ വരികയുണ്ടായി. ആ 4 അദ്ധ്യാപക തസ്തികകൾ വിവിധ പോളിടെക്നിക്കുകളിലേയ്ക്കായി പുനർവിന്യസിപ്പിക്കുകയും ചെയ്തു. അതിനുശേഷം പരിശോധിച്ചപ്പോഴാണ് വീണ്ടും കണ്ണൂർ പോളിടെക്നിക്കിൽ 4 അദ്ധ്യാപകരുടെ കുറവുണ്ടെന്നത് കണ്ടെത്തിയത്. അദ്ധ്യാപക തസ്തികകളുടെ അഭാവംമൂലം എ.ഐ.സി.റ്റി.ഇ. അക്രെഡിറ്റേഷൻ നഷ്ടപ്പെടുന്ന അവസ്ഥ കണ്ണൂർ ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ ഉണ്ടാകില്ലെന്ന് സർക്കാർ ഉറപ്പുവരുത്തുകയാണ്. കണ്ണൂർ സർക്കാർ പോളിടെക്നിക് കോളേജിൽ അദ്ധ്യാപക തസ്തികകളുടെ അഭാവം, സ്ഥാപനത്തിന്റെ

പ്രവർത്തനത്തെ ബാധിക്കുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് തലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് അദ്ധ്യാപക തസ്തികകളുടെ പുനർക്രമീകരണം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരിക്കുകയാണ്. ഇത്തരത്തിൽ സംസ്ഥാനത്തെ എല്ലാ പോളിടെക്നിക് കോളേജുകളിലും അക്രെഡിറ്റേഷൻ നടപടികൾകൂടി കണക്കിലെടുത്ത് അദ്ധ്യാപക തസ്തികകൾ പുന:ക്രമീകരിക്കുകയും കണ്ണൂർ പോളിടെക്നിക് കോളേജിൽ ആവശ്യമായ അദ്ധ്യാപകരെ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുമെന്ന് ഈ സന്ദർഭത്തിൽ ഉറപ്പ് നൽകുകയാണ്.

## (8) കോടിമത, വെള്ളൂരുത്തി പാലങ്ങളുടെയും ബോർമ്മ കവല റോഡിന്റെയും നിർമ്മാണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നാലു പാലങ്ങളുടെ മധ്യത്തിലാണ് പഴയ കോട്ടയം പട്ടണം സ്ഥിതിചെയ്യുന്നത്. അതിലേറ്റവും പ്രധാനപ്പെട്ടത് എം.സി.റോഡിന്റെ അപ്പുറവും ഇപ്പുറവുമുള്ള പാലങ്ങളാണ്. അതിലൊന്ന് കോടിമത പാലമാണ്. അവിടെ യാത്രാ ബാഹുല്യം വളരെ കൂടുതലായതുകൊണ്ട് രണ്ടാം പാലത്തിന് വേണ്ടി പ്ലാനിട്ടു. ഏതാണ്ട് 90 ശതമാനത്തോളം പണി പൂർത്തിയായി. ശേഷിക്കുന്ന ഭാഗംകൂടി പൂർത്തിയാക്കി ജനങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. അവിടെ ഒരാളിനെ മാറ്റിപ്പാർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമിയുടെ ചെറിയ പ്രശ്നമുണ്ടായിരുന്നു. ആ പ്രശ്നവും പരിഹരിച്ചു. ഇനി അവശേഷിക്കുന്നതിൽ പ്രകടമായ മറ്റു പ്രശ്നങ്ങളൊന്നും തന്നെയില്ല. അതിനുവേണ്ടി നടപടിയെടുക്കണം. അതാണ് ആദ്യത്തെ ആവശ്യം. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് റോഡുകൾ അനുവദിച്ചിരുന്നു. അതിലൊന്ന് വെള്ളൂരുത്തി പാലവും ബോർമ്മ കവല റോഡുമാണ്. അതിന്റെ സർവ്വേയും ബാക്കി നടപടികളൊന്നുമായിട്ടില്ല, എന്നാൽ 16 കോടി രൂപ കിഫ്ബിയിൽ മാറ്റിവച്ചുവെന്ന് പല പ്രാവശ്യം നിയമസഭയിൽ മുൻ ധനകാര്യ വകുപ്പുമന്ത്രി പറയുകയും ചെയ്തതാണ്. പക്ഷെ അതിനെക്കാളും ഒരിഞ്ചുപോലും മുന്നോട്ടുപോയിട്ടില്ലെന്ന ഭാഗം നിൽക്കുകയാണ്. കോട്ടയം ജില്ലാ ആശുപത്രിയുടെ കെട്ടിടം പണിയുന്നതിനുവേണ്ടി കിഫ്ബിയിൽനിന്ന് തുക മാറ്റിവച്ചിട്ടുണ്ടെന്ന് എന്നെ വിളിച്ചറിയിച്ചു. ഞാൻ അന്വേഷിച്ചപ്പോൾ അതെല്ലാം വളരെ കൃത്യമാണ്. അതിന്റെ നടപടികൂടി മുന്നോട്ടുകൊണ്ടുപോകണം. ഈ മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങൾക്ക് അടിയന്തരമായി നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത് കോട്ടയം മണ്ഡലത്തിലെ പാലങ്ങളും റോഡുകളുമായി ബന്ധപ്പെട്ട വളരെ ന്യായമായ പ്രശ്നമാണ്. അദ്ദേഹം വ്യക്തിപരമായി നേരത്തെ ഇത് ശ്രദ്ധയിൽപ്പെടുത്തുകയും

ചില ഇടപെടലുകൾ നടത്തുകയും ചെയ്തിരുന്നു. കോടിമത സമാന്തര പാലത്തിന്റെ ആകെയുള്ള മൂന്ന് സ്പാനുകളിൽ രണ്ടെണ്ണവും കോട്ടയം ഭാഗത്തെ അപ്രോച്ച് റോഡിന്റെ സംരക്ഷണ ഭിത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാമത്തെ സ്പാനും അതിനോട് ചേർന്നുള്ള അപ്രോച്ച് റോഡും നിർമ്മിക്കാൻ സാധിക്കാതെ വന്നത് അപ്രോച്ച് റോഡിന്റെ പുറമ്പോക്കിൽ താമസിച്ചിരുന്ന രണ്ട് കുടുംബങ്ങളെ ഒഴിപ്പിക്കാൻ സാധിക്കാത്തതുകൊണ്ടാണ്. അത് 2021 ഫെബ്രുവരിയിലാണ് സാധ്യമായത്. 31-3-2017-ന് കരാർ കാലാവധി അവസാനിച്ചുവെങ്കിലും തടസ്സരഹിത സ്ഥലം ലഭ്യമായതിനാൽ പ്രവൃത്തി പുനരാരംഭിക്കുവാൻ കരാറുകാരന് കത്ത് നൽകിയിരുന്നു. പക്ഷെ, നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനയും ജി.എസ്.ടി. സംവിധാനം നിലവിൽ വന്നതുമൂലമുള്ള പ്രശ്നങ്ങളും പറഞ്ഞുകൊണ്ട് കരാറുകാരൻ പ്രവൃത്തി തുടരുന്നതിന് വിസമ്മതം അറിയിച്ചിട്ടുണ്ട്. മണ്ണിന്റെ നിലവിലെ ഘടനയനുസരിച്ച് സോയിൽ സ്റ്റെബിലൈസേഷൻ ആവശ്യമായതിനാൽ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നുള്ള ടെക്നിക്കൽ ഗൈഡൻസ് ആവശ്യപ്പെടുകയും 6 മീറ്റർ അപ്രോച്ച് റോഡ് മണ്ണിട്ട് ഉയർത്തുന്നതിനുപകരം ലാൻഡ് സ്പാൻ നൽകുവാൻ കെ.എച്ച്.ആർ.ഐ. (Kerala Highway Research Institute) ശിപാർശ ചെയ്യുകയുമുണ്ടായി. അതനുസരിച്ച് 7 കോടി 68 ലക്ഷം രൂപയുള്ള ബാലൻസ് എസ്റ്റിമേറ്റ് ബ്രിഡ്ജസ് വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. ഇത് വകുപ്പിൽ അടിയന്തരമായി സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്ങ് ഇവിടെ പറഞ്ഞതിന്റെ ഭാഗമായി പ്രത്യേകം ഇടപെടൽ നടത്തണമെന്ന് പറഞ്ഞിട്ടുണ്ട്.

ബോർമ്മ കവല - തൃക്കോതമംഗലം ഹൈസ്കൂൾ ജംഗ്ഷൻ റോഡിന്റെ പ്രവൃത്തി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുവാൻ 20 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടി പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ വിഭാഗത്തിന് അധിക വിവരങ്ങൾ നൽകി വേഗതയിൽ പൂർത്തിയാക്കുവാൻ കെ.ആർ.എഫ്.ബി.-ക്ക് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിക്കുകയാണ്. പാവങ്കല്ലിംഗൽ പാലം നിർമ്മാണത്തിനായി 9 കോടി 50 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റ് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ലഭിച്ചിട്ടുള്ളത് പരിശോധിച്ചുവരികയാണ്. അതും വേഗത്തിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കോട്ടയം ജില്ലാ ആശുപത്രിയുടെ സമഗ്ര വികസനം കിഫ്ബിയിലുൾപ്പെടുത്തി നിർവ്വഹിക്കുന്നതിനായി സർക്കാർ ഭരണാനുമതി നൽകിയിരുന്നു. സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ ഇൻകെൽ തയ്യാറാക്കിയ വിശദ പദ്ധതിരേഖയുടെ അടിസ്ഥാനത്തിൽ കിഫ്ബിയിൽനിന്നും

106.933 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി നൽകിയിരുന്നു. 23-10-2021-ൽ 110.08 കോടി രൂപയുടെ പദ്ധതിക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി ഇൻകെൽ സ്വീകരിച്ചുവരുന്നുണ്ട്. ഇതിലെല്ലാം വേഗത്തിലിടപെടാൻ വേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകി മുന്നോട്ടുപോകാവുന്നതാണ്.

(9) നാട്ടുകാണി-പരപ്പനങ്ങാടി പാത നവീകരണം

ശ്രീ. കെ. പി. എ. മജീദ്: സർ, കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് ആരംഭിച്ച മലപ്പുറം ജില്ലയിലെ ഏഴ് നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന ഏകദേശം 90 കിലോമീറ്ററോളം വരുന്ന നാട്ടുകാണി-പരപ്പനങ്ങാടി റോഡ് വിഭാവനം ചെയ്ത രീതിയിൽ നവീകരണ പ്രവൃത്തികളൊന്നും പൂർത്തീകരിക്കാതെ ഡിസംബർ മാസത്തോടുകൂടി അവസാനിപ്പിക്കുന്നതിലുള്ള ആശങ്കയും പ്രതിഷേധവും അറിയിക്കാനാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇക്കാര്യത്തിൽ എം.എൽ.എ. എന്നുള്ള നിലയിൽ ഞാനും പരാതി കൊടുത്തിരുന്നു. അതിനുപുറമെ ഏഴ് എം.എൽ.എ.മാരുടെ പരാതിയും അങ്ങയുടെ മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്. 2016-ൽ അംഗീകാരം നൽകിയ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഏറ്റെടുത്ത ഈ പദ്ധതിയിൽ 12 മീറ്റർ റോഡും 9 മീറ്റർ ടാറിംഗും നടത്തേണ്ടതാണ്. തിരൂരങ്ങാടി മണ്ഡലത്തിൽ കക്കാട് മുതൽ പരപ്പനങ്ങാടി വരെ വിവിധ സ്ഥലങ്ങളിലെ റോഡ് കയ്യേറ്റങ്ങൾ ഒഴിവാക്കിയിട്ടില്ല. റോഡിനാവശ്യമായ ലാൻഡ് എടുക്കാനുള്ള സംവിധാനമുണ്ടായില്ല. ഡ്രെയിനേജ്, ഫുട്പാത്ത്, കൈവരി സ്ഥാപിക്കൽ, കൾവർട്ടിന്റെ പണി പലതും പൂർത്തീകരിച്ചിട്ടില്ല. തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ കക്കാടിൽനിന്നും വരുന്ന ഭാഗത്തെ പി.ഡബ്ള്യൂ.ഡി.യുടെ കൾവർട്ട് അടച്ചതുകാരണം അവിടെയും പ്രശ്നമാണ്. ഗതാഗത തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും മാറ്റിയിട്ടില്ല. റോഡ് പണി തുടങ്ങുന്നതിനുമുമ്പ് എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച ബസ് വെയ്റ്റിംഗ് ഷെഡ്, പഞ്ചായത്ത്-മുനിസിപ്പാലിറ്റികൾ നിർമ്മിച്ച വെയ്റ്റിംഗ് ഷെഡ് എന്നിവ പുനഃസ്ഥാപിച്ചിട്ടില്ല. 2-12-2000-ൽ 12 മീറ്ററിൽ വീതികുറഞ്ഞ സ്ഥലങ്ങളിൽ സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ ഭരണാനുമതിക്കുവേണ്ടി അലൈൻമെന്റ് പ്ലാനും സർവ്വേ നമ്പരും സ്കെച്ചും ചീഫ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തെങ്കിലും തുടർനടപടിയുണ്ടായില്ല. എന്റെ മണ്ഡലത്തിലെ തിരൂരങ്ങാടി, ചെമ്മാട്, പരപ്പനങ്ങാടി എന്നിവിടങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നടപടിയുണ്ടായില്ല. മറ്റ് ആറ് മണ്ഡലങ്ങളിലും ഇതേ പ്രശ്നം നേരിടുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പെട്ടെന്ന് അവസാനിപ്പിക്കു. സമയകൃത്യത പാലിച്ചേ പറ്റൂ.

ശ്രീ. കെ. പി. എ. മജീദ്: സർ, ഇത് ഏഴ് എം.എൽ.എ.മാരെ ബാധിക്കുന്ന പ്രശ്നമാണ്. അതുകൊണ്ട് ആറ് സബ്മിഷനുകൾ ഒഴിവായി കിട്ടും. നിലമ്പൂർ, വണ്ടൂർ, മഞ്ചേരി, മലപ്പുറം, വേങ്ങര, ഏറനാട് മണ്ഡലങ്ങളിലെ സ്ഥിതി ഇതിൽനിന്നും വ്യത്യസ്തമല്ല. അതുകൊണ്ട് ഇത് വളരെ ഗൗരവമായി ഗവൺമെന്റ് കാണണം. ഈ കരാർ അവസാനിപ്പിച്ചാൽ അത് വലിയ ദുരന്തമായിരിക്കും. ഇപ്പോഴത്തെ അവസ്ഥ രാമേശ്വരത്തെ ക്ഷൗരം പോലെയായിരിക്കുകയാണ്. റോഡ് പണി ആരംഭിച്ചിട്ട് പാതിവഴിയിൽ വച്ച് നിർത്തിപ്പോവുകയാണ്; അവിടെ എം.എൽ.എ.മാർക്ക് കടന്നുചെല്ലാൻ കഴിയുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ദയവുണ്ടായി വളരെ അനുകൂലമായ നിലപാട് ഇക്കാര്യത്തിൽ സ്വീകരിച്ച് ഞങ്ങളെ രക്ഷപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. കെ. പി. എ. മജീദ് ഉന്നയിച്ച വിഷയം ഒരു ജില്ലയിലെ ഭൂരിപക്ഷം വരുന്ന മണ്ഡലങ്ങളെ ബാധിക്കുന്ന പ്രശ്നമാണ്. ഏഴ് മണ്ഡലങ്ങളെന്ന് പറഞ്ഞാൽ, ആ നിലയിൽ തന്നെയാണ് ഈ വിഷയത്തെ കാണുന്നത്. അതിന്റെ നാൾവഴികൾ വളരെ വലുതായതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല; ഏകദേശം 106 കിലോമീറ്റർ നീളം വരുന്നതും ഏഴ് മണ്ഡലങ്ങളിലൂടെ പോകുന്നതുമായ പ്രവൃത്തിയാണ് നാടുകാണി-പരപ്പനങ്ങാടി റോഡ് നിർമ്മാണം. മറ്റ് എം.എൽ.എ.മാരും ഇത് ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇതിൽ ചില വിഷയങ്ങളുണ്ട്. 2015-16 ബഡ്ജറ്റിൽ അനുവദിച്ച ഈ പദ്ധതിയിൽ ഡിഫക്ട് ലയബിലിറ്റി പീരിയഡിലുള്ള റോഡുകളുടെയടക്കം പ്രവൃത്തി നിശ്ചയിച്ചതിനാൽ അതൊരു വിഷയമാണെന്നാണ് ചീഫ് ടെക്നിക്കൽ എക്സാമിനർമാർ അറിയിച്ചിട്ടുള്ളത്. അതൊരു പ്രതിസന്ധിയായി മാറും. മാത്രമല്ല, 2018-19 വർഷങ്ങളിലുണ്ടായ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും കാരണം റോഡ് തകർന്നതിനാൽ നേരത്തെയുള്ള പ്രവൃത്തിയിൽനിന്ന് ചില മാറ്റങ്ങൾ ആവശ്യമായി വന്നു. എന്നാൽ ഇപ്പോഴും റോഡ് പൂർണ്ണതോതിൽ പ്രവൃത്തി പൂർത്തിയാക്കപ്പെട്ടില്ലെന്ന് എം.എൽ.എ.മാർ ചൂണ്ടിക്കാട്ടിയ കാര്യം വളരെ ശരിയാണ്. 2018-ൽ ഡി.എൽ.പി. (Defects Liability Period) അവസാനിച്ചിട്ടുള്ളതും നിലവിൽ കേടുപാടുള്ളതുമായ ഭാഗങ്ങൾ നവീകരിക്കപ്പെടണമെന്ന നിർദ്ദേശമാണ് മുന്നിലുള്ളത്. ഇത് പരിശോധിക്കാനായി ഒരു ഉന്നതതല യോഗം ഉടൻതന്നെ വിളിച്ചുചേർക്കാം. ഇതിൽ ഒരു പ്രധാന വിഷയമുണ്ട്. ഒരു റോഡ് പ്രവൃത്തി നടത്തിക്കഴിഞ്ഞാൽ ഡിഫക്ട്സ് ലയബിലിറ്റി പീരിയഡിനകത്തുള്ള കേടുപാടുകൾ കരാറുകാർ നിർവ്വഹിക്കണമെന്ന് മാന്വലിൽ പറയുന്നുണ്ട്. പല

ഇടങ്ങളിലും ഇത് നടക്കുന്നുണ്ടോയെന്ന് പരിശോധന നടത്തേണ്ടതുണ്ട്. അങ്ങനെ നടത്തി മുന്നോട്ടുപോകുമ്പോൾ ഇതിൽ സുതാര്യത അനിവാര്യമാണ്. അതിനായി കേരളത്തിലെ എല്ലാ റോഡുകളുടെയും ഡി.എൽ.പി. കാലാവധി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന വിവരം ഈ സഭയെ അറിയിക്കാൻ ഉദ്ദേശിക്കുകയാണ്. ഇത് ജനങ്ങൾ അറിയട്ടെ. ഭാവിയിൽ റോഡുകളുടെ രണ്ടറ്റത്തും ഡിഫക്ട്സ് ലയബിലിറ്റി പീരീഡും കരാറുകാരുടെ പേരും ഉദ്യോഗസ്ഥരുടെ പേരും ഫോൺ നമ്പറും ഉൾപ്പെടെ വയ്ക്കുന്ന കാര്യംകൂടി സഭയെ അറിയിക്കാൻ ഉദ്ദേശിക്കുകയാണ്. ഈ വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് എം.എൽ.എ.മാരുടെ യോഗം വിളിച്ചുചേർക്കുന്നതാണ്.

## (10) <u>ഇടയാർ പാലം പുനർ നിർമ്മാണം</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, കൂത്താട്ടുകുളം മുനിസിപ്പാലിറ്റിയിലെ ഇടയാർ പാലത്തിന്റെ പുനർനിർമ്മാണം വൈകുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് എനിക്ക് ഉന്നയിക്കാനുള്ളത്. ഒരു വർഷം മുമ്പാണ് ഈ പാലത്തിന്റെ നിർമ്മാണോദ്ഘാടനം ബഹുമാനപ്പെട്ട മന്ത്രി നിർവ്വഹിച്ചത്. മാസങ്ങൾക്കുമുമ്പ് പാലം പൊളിച്ചുവെങ്കിലും നിർമ്മാണത്തിന് ഇതുവരെ ആരംഭം കുറിച്ചിട്ടില്ല. അതുകാരണം വലിയ രീതിയിലുള്ള ഗതാഗത പ്രശ്നം ജനങ്ങൾ അഭിമുഖീകരിക്കുകയാണ്. അതുവഴിയുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിർത്തലാക്കി. പാലം പൊളിച്ചിട്ടിട്ട് മാസങ്ങൾ പിന്നിടുകയാണ്. അവിടെ വലിയ രീതിയിൽ ആശങ്കകൾ നിലനിൽക്കുന്നുണ്ട്. അതുമായി ബന്ധപ്പെട്ട് ഞാൻ ഉദ്യോഗസ്ഥ തലത്തിൽ മീറ്റിംഗുകൾ വിളിച്ചുകൂട്ടിയപ്പോൾ അവർ പലതരത്തിലുള്ള സാങ്കേതിക കാരണങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ മഴയാണെന്നാണ് പറയുന്നത്. പ്രധാനപ്പെട്ടൊരു റോഡിന്റെ പാലം പൊളിച്ചിട്ടിട്ട് നിരുത്തരവാദപരമായ സമീപനമാണ് പൊതുമരാമത്ത് ബ്രിഡ്ജസ് വിഭാഗം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഈ വിഷയം സബ്മിഷനായി ഉന്നയിക്കേണ്ടി വരുമ്പോൾ അതിന്റെ പ്രാധാന്യം ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കുമെന്ന് കരുതുകയാണ്. ഇടയാർ പാലത്തിന്റെ നിർമ്മാണം എത്രയുംവേഗം ആരംഭിച്ച് പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. അതൊടൊപ്പംതന്നെ ഇതേ മുനിസിപ്പാലിറ്റിയിലൂടെ കടന്നുപോകുന്ന എം.സി. റോഡിന്റെ നിർമ്മാണം കോടിക്കണക്കിന് രൂപ ചെലവഴിച്ച് കെ.എസ്.ടി.പി. പൂർത്തീകരിച്ചതാണ്. പക്ഷെ ഇപ്പോൾ അതിരൂക്ഷമായ വെള്ളക്കെട്ട് ഈ ടൗണിൽ അനുഭവപ്പെടുകയാണ്. ഇതിനകത്തും സാങ്കേതികമായ പിഴവ് ഉണ്ടായിരിക്കാം. അത് പരിഹരിക്കാനുള്ള നടപടിയുണ്ടാകണം. ഇടയാർ പാലത്തിന്റെ നിർമ്മാണം

എത്രയും വേഗം ആരംഭിച്ച് പൂർത്തിയാക്കാനും എം.സി. റോഡിലുണ്ടായിരിക്കുന്ന വെള്ളക്കെട്ട് ഒഴിവാക്കാനുമുള്ള ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

12.00 Noon]

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട എം.എൽ.എ. അനൂപ് ജേക്കബ് ഉന്നയിച്ച വിഷയം വളരെ പ്രാധാന്യമുള്ളതാണ്. എറണാകുളം ജില്ലയിലെ പിറവം നിയോജകമണ്ഡലത്തിൽ ഇടയാർ-രാമൻചിറ പാലം പുനർ നിർമ്മിക്കുന്നതിനായി 2 കോടി 50 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിരുന്നു. ഞാൻ അതിന്റെ മുഴുവൻ കാര്യങ്ങളിലേയ്ക്കും കടക്കുന്നില്ല. 2021 ഏപ്രിൽ മാസത്തിലാണ് വാട്ടർ അതോറിറ്റിയുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പൂർത്തിയായത്. ഏപ്രിൽ 15 മുതൽ പഴയ പാലം പൊളിച്ച് പുതിയ പാലത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട എം.എൽ.എ.യും ജനപ്രതിനിധികളും നിർദ്ദേശിച്ചതനുസരിച്ച് പാലത്തിന് സമീപത്തെ ചെക്ക് ഡാമിന് മുകളിൽക്കൂടി കാൽനട യാത്രക്കാർക്കുള്ള ക്രമീകരണങ്ങൾ ഒരുക്കുകയാണ് ചെയ്തത്. മഴ ശക്തമായപ്പോൾ പഴയ പാലം സ്ഥിതി ചെയ്തിരുന്നതിനേക്കാൾ ഉയർത്തിയും മഴക്കാലത്ത് വെള്ളം കയറാത്ത രീതിയിലും നടപ്പാലം മാറ്റി നിർമ്മിച്ചു. പഴയ പാലം പൊളിച്ച് പുതിയ പാലത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ ആരംഭിച്ചുവെങ്കിലും അപ്രതീക്ഷിതമായി തുടർച്ചയായി പെയ്ത മഴമൂലം പ്രവൃത്തികൾ തടസ്സപ്പെട്ടു. ഇപ്പോഴും പൂർണ്ണതോതിൽ നിർമ്മാണം പുനരാരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലാവധി 3-3-2022 വരെ നീട്ടി നൽകിയിട്ടുണ്ട്. കാലാവസ്ഥ അനുകൂലമാകുന്ന മുറയ്ക്ക് നിർമ്മാണം പുനരാരംഭിക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കാലയളവിൽ നിർമ്മാണം പൂർത്തീകരിക്കുന്നതിന് വർക്ക് ഷെഡ്യൂൾ തയ്യാറാക്കി സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് ഉറപ്പുവരുത്താം. വർക്ക് ഷെഡ്യൂൾ പ്രകാരം വർക്ക് നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് മന്ത്രിയുടെ ഓഫീസിൽനിന്നുതന്നെ ശ്രദ്ധചെലുത്തി മുന്നോട്ടുപോകുന്നതാണ്. ഇക്കാര്യം നേരത്തെ ബഹുമാനപ്പെട്ട എം.എൽ.എ.യുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കൂത്താട്ടുകുളം മുനിസിപ്പാലിറ്റിയിലെ എം.സി. റോഡിലെ വെള്ളക്കെട്ടുമായി ബന്ധപ്പെട്ട പ്രശ്നം പരിശോധിക്കുവാൻ പൊതുമരാമത്ത് (റോഡ്സ്) വിഭാഗത്തിന് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്.

# V മേശപ്പുറത്തുവച്ച കടലാസ്സുകൾ

ചട്ടം 47(2), 236(5), 236(6) എന്നിവ പ്രകാരമുള്ള കടലാസുകൾ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 39, പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 153, പതിമൂന്നാം സമ്മേളനത്തിലെ 151, 195, 2090, പതിനാലാം സമ്മേളനത്തിലെ 1881, പതിനഞ്ചാം സമ്മേളനത്തിലെ 104, 135, 148 പതിനാറാം സമ്മേളനത്തിലെ 136, പതിനെട്ടാം സമ്മേളനത്തിലെ 149, പത്തൊമ്പതാം സമ്മേളനത്തിലെ 1742, ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 177, 1906, 1959, 2019, 2052, 2053 പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 1397, 1446, 1455, 1486, 3089, 3119, 4760, 4857 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

236(5)

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIII —സാമൂഹ്യസേവനം | 2018-19 | 3 | 50, 51 |
| | 2019-20 | 4 | 50 |
| XIV —ആഭ്യന്തരകാര്യങ്ങൾ | 2018-19 | 3 | 8 |
| | 2019-20 | 4 | 8, 12 |
| | 2020 -21 | 5 | 12, 19 -21, 71-138, 178, 179, 181-189 |

236(6)

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| 1 | 2 | 3 |
| II– സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2018-19 (കാലതാമസ പത്രിക സഹിതം) | ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യാ (ബി) വകുപ്പ് (കേരള സംസ്ഥാന ഐ.ടി. മിഷൻ) |
| ,, | 2019-20 (കാലതാമസ പത്രിക സഹിതം) | ,, |
| III– നീതിന്യായ നിർവ്വഹണം | ,, | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-12) വകുപ്പ് (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ) |
| XVII– വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 2019-20 (കാലതാമസ പത്രിക സഹിതം) | ശാസ്ത്ര സാങ്കേതിക വകുപ്പ് (കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ) |
| II– സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2020-21 (കാലതാമസ പത്രിക സഹിതം) | പൊതുഭരണ (സ്പെഷ്യൽ - ഇ) വകുപ്പ് (കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ) |
| ,, | ,, | ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ് (സംസ്ഥാന ആസൂത്രണ ബോർഡ്) |
| IV– തെരഞ്ഞെടുപ്പുകൾ | ,, | ഇലക്ഷൻ വകുപ്പ് |
| XIV– സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | ,, | പൊതുഭരണ (എ.ഐ.എസ്-എ) വകുപ്പ് |
| XXIII– വാർത്താ വിതരണവും പ്രചരണവും | ,, | ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് |
| XXIX– കൃഷി | ,, | കാസർഗോഡ് വികസന പാക്കേജ് |
| XLI– ഗതാഗതം | ,, | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (ഉൾനാടൻ ജലഗതാഗത വകുപ്പ്) |

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

236(5)

| സബ്ജക്റ്റ് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| II — ഭൂനികുതിയും ദേവസ്വവും | 2019-20 | 4 | 21, 22 |

236(6)

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXI – ഭവന നിർമ്മാണം | 2020 -21 (കാലതാമസ പത്രിക സഹിതം) | ഭവന നിർമ്മാണ വകുപ്പ് (ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം) |

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XX– ശുദ്ധജല വിതരണവും ശുചീകരണവും | 2017-18 | കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ ഏജൻസി (KRWSA) |

വൈദ്യുതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 2524-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ

സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIII— സാമൂഹ്യസേവനം | 2017-18 | 2 | 3, 4, 6 |
| | 2019-20 | 4 | 6 |

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 300, 328, 351 രണ്ടാം സമ്മേളനത്തിലെ 49, 221, 1730, 1761, 3463, 5215, 5220 മൂന്നാം സമ്മേളനത്തിലെ 392, 395, 397, 399, 427, 433, 446, 448, 472, 482, 494, 519 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| X– ട്രഷറികളും അക്കൗണ്ടുകളും<br>XI– ജില്ലാ ഭരണവുംപലവകയും<br>XVI– പെൻഷനും പലവകയും<br>XLIII– നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും<br>XLV-പലവക വായ്പകളും മുൻകൂറുകളും<br>XLVI– സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2020-21 (കാലതാമസ പത്രിക സഹിതം) | ധനകാര്യ വകുപ്പ്. |

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 1757, പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ 530 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV—വ്യവസായവും ധാതുക്കളും | 2018 - 19 | 3 | 49, 50 |
| | 2019-20 | 4 | 35 |
| | 2020 - 21 | 5 | 38, 40 |

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVII–വ്യവസായങ്ങൾ | 2019-20 (കാലതാമസ പത്രിക സഹിതം) | കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ) |
| ,, | 2020 -21 (കാലതാമസ പത്രിക സഹിതം) | കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) |

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 1047, 1049 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I—കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2017-18 | 2 | 23 |
| | 2019-20 | 4 | 28 |
| II — ഭൂനികുതിയും ദേവസ്വവും | 2019-20 | 4 | 21,22 |

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX– കൃഷി<br>XXX– ഭക്ഷ്യം<br>XXXIX– വൈദ്യുത പദ്ധതികൾ | 2020 - 21 (കാലതാമസ പത്രിക സഹിതം) | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് |
| XXIX– കൃഷി | ,, | മണ്ണുപര്യവേക്ഷണ മണ്ണുസംരക്ഷണ വകുപ്പ് |

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 1757-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI —വിദ്യാഭ്യാസം | 2020-21 | 5 | 26-32, 39, 45, 50, 51, 56, 57, 87-89, 92, 95 |
| XIII — സാമൂഹ്യസേവനം | 2019-20 | 4 | 23-28 |

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VIII—സാമ്പത്തിക കാര്യങ്ങൾ | 2019-20 | 4 | 15, 16 |

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXI– ഭവന നിർമ്മാണം | 2019-20 (കാലതാമസ പത്രിക സഹിതം) | സഹകരണ വകുപ്പ് (പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ) |

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXIII– മത്സ്യബന്ധനം | 2018-19 (കാലതാമസ പത്രിക സഹിതം) | മത്സ്യബന്ധന വകുപ്പ് & ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് |

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI—വിദ്യാഭ്യാസം | 2019-20 | 4 | 1 -20, 50-55 |
| VII—വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2019 - 20 | 4 | 6 |
| | 2020-21 | 5 | 9, 12, 15, 41-45, 47, 50, 51, 54-61 |

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVII– വിദ്യാഭ്യാസം, കായികവിനോദം,കല, സംസ്കാരം | 2019-20 (കാലതാമസ പത്രിക സഹിതം) | പൊതുവിദ്യാഭ്യാസ വകുപ്പ് |
| XXIV– തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | ,, | തൊഴിലും നൈപുണ്യവും (ജി) വകുപ്പ് [വ്യവസായിക ട്രിബ്യൂണലുകൾ, തൊഴിൽ കോടതികൾ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ്, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള) വകുപ്പ്, ഓവർസീസ് ഡെവലപ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ്] |
| XXIV– തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2019-20 (കാലതാമസ പത്രിക സഹിതം) | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്. |

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 4382, 4686 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXI– മൃഗസംരക്ഷണം | 2020 - 21 (കാലതാമസ പത്രിക സഹിതം) | കൃഷി (മൃഗ) സംരക്ഷണ വകുപ്പ് (കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡ്) |
| XXXII– ക്ഷീരവികസനം | ,, | ക്ഷീരവികസന വകുപ്പ് |

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 1526, 3180, 3273, 4903, 4906, 4910, 4919, 4923, 4924, 4942, 4950, 4954, 4966,

4982 മൂന്നാം സമ്മേളനത്തിലെ 2070, 2071 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIII—സാമൂഹ്യസേവനം | 2019-20 | 4 | 34, 38, 40, 46 |

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI—വിദ്യാഭ്യാസം | 2019-20 | 4 | 120 |

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVII– വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 2018-19 (കാലതാമസ പത്രിക സഹിതം) | കായിക യുവജനകാര്യ വകുപ്പ് |

# VI റിപ്പോർട്ടുകളുടെ സമർപ്പണം

1 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ, 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

വൈദ്യുതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ ചെയർമാനായ വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ, 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

2. പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത്തെയും രണ്ടാമത്തെയും റിപ്പോർട്ടുകൾ

ശ്രീ. എ. സി. മൊയ്തീൻ: സർ, പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത്തെയും രണ്ടാമത്തെയും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

# VII നിയമനിർമ്മാണകാര്യം

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ

(ii) 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ

(iii) 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ

(iv) 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ, 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ, 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, മേൽപ്പറഞ്ഞ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ വിശദമായ ചർച്ച നടത്തി. സമയക്കുറവുകൊണ്ട് പല കാര്യങ്ങൾക്കും എനിക്ക് അന്ന് മറുപടി പറയാൻ സാധിച്ചില്ല. ഇപ്പോൾ ഞാൻ അതിനൊന്നും മറുപടി പറയാൻ ഉദ്ദേശിക്കുന്നുമില്ല. ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ കാര്യങ്ങളും നിർദ്ദേശങ്ങളും സബ്ജക്ട് കമ്മിറ്റി വിശദമായി പരിശോധിച്ചു. അതിന്റെയടിസ്ഥാനത്തിൽ ചില ഭേദഗതികൾ സബ്ജക്ട് കമ്മിറ്റിയിൽവച്ചുതന്നെ അംഗീകരിച്ചു. ചില നിർദ്ദേശങ്ങൾ പ്രത്യേകം ഒഫീഷ്യലായി അംഗീകരിക്കാനും ഉദ്ദേശിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ നിർദ്ദേശിച്ച ഭേദഗതികൾ അംഗീകരിച്ചുകൊണ്ടുള്ള നിയമനിർമ്മാണമാണ്

നടത്താൻ പോകുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട നാല് നിയമങ്ങളാണിത്. അതിൽ 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെയും വിപണന കേന്ദ്രങ്ങളെയും സംബന്ധിച്ചും മത്സ്യത്തൊഴിലാളികൾക്ക് ന്യായവില ലഭ്യമാക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുമുതകുന്ന ഒട്ടേറെ പ്രാധാന്യമുള്ള തീരുമാനങ്ങളാണ് ഈ ബില്ലുകളുടെ ഭാഗമായി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ചർച്ച ചെയ്ത് നടപ്പിലാക്കാൻ പോകുന്നത്. അതുപോലെ നമ്മുടെ ഉൾനാടൻ മത്സ്യമേഖലയെക്കുറിച്ചും വിശദമായ ചർച്ചയാണ് നടന്നത്. ഉൾനാടൻ മത്സ്യമേഖലയിലേയ്ക്ക് കേന്ദ്രീകരിക്കുന്നൊരു പ്രവർത്തനം അടുത്ത നാലര വർഷംകൊണ്ട് നടത്താൻ ലക്ഷ്യമിട്ടാണ് ഈ നിയമം മുന്നോട്ടുകൊണ്ടുപോകാൻ ഉദ്ദേശിക്കുന്നത്. ആന്ധ്രാപ്രദേശിലെ കണക്കുകൾ അവതരിപ്പിച്ച് അന്ന് ഞാൻ സംസാരിച്ചു. വളരെ താഴ്ന്നനിലയിലായിരുന്ന ഉൾനാടൻ മത്സ്യോല്പാദനം പത്തുമടങ്ങോളം വർദ്ധിപ്പിക്കാനും സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ നല്ലൊരു ഭാഗം ഫിഷറീസ് മേഖലയിൽനിന്നും ലഭിക്കുന്ന തരത്തിലേയ്ക്ക് വികസിപ്പിക്കാനും അവർക്ക് സാധിച്ചു. ലോകത്ത് നമ്മൾ കണ്ടുപഠിക്കേണ്ട രണ്ട് രാജ്യങ്ങൾ വിയറ്റ്നാമും ബംഗ്ലാദേശുമാണ്. ഈ രണ്ട് രാജ്യങ്ങളും അവരുടെ ജീവിതത്തിന്റെ പ്രധാന വരുമാന സ്രോതസ് മത്സ്യബന്ധന മേഖലയിൽനിന്നും നേടിയെടുത്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് നമ്മൾ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് ഉൾനാടൻ മത്സ്യബന്ധന മേഖലയിലാകണം. ഇന്ത്യയിൽ ഇതിന് അനന്ത സാധ്യതകളുള്ള സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തെ കായലുകളുടെയും നദികളുടെയും പാടശേഖരങ്ങളുടെയുമെല്ലാം വിശദമായ കണക്ക് ഞാൻ ഇവിടെ സൂചിപ്പിച്ചു. അതൊന്നും ആവർത്തിക്കാൻ ഉദ്ദേശിക്കുന്നില്ല. സംസ്ഥാനത്തിന്റെ 65-70 ശതമാനത്തോളം മത്സ്യസമ്പത്ത് വളർത്തിയെടുക്കാൻ കഴിയുന്ന പ്രകൃതിപരമായ സാധ്യതയും ഭൂമിശാസ്ത്രപരമായ പ്രത്യേകതയുമുള്ളതുകൊണ്ട് ഈ ഗവൺമെന്റിന്റെ അഞ്ചുവർഷക്കാലം ഉൾനാടൻ മത്സ്യമേഖലയിലേയ്ക്ക്, അക്വാകൾച്ചർ മേഖലയിലേയ്ക്ക് നല്ല രീതിയിലുള്ള ഇടപെടൽ നടത്താൻ ഉദ്ദേശിക്കുന്നു. അതിനാവശ്യമായ ഫാമുകളും ഹാച്ചറികളും തയ്യാറാക്കി വലിയ തരത്തിലുള്ള മുന്നേറ്റമുണ്ടാക്കണം. ശ്രീ. കെ. ബാബു ഇവിടെ 5 കോടിയുടെ കണക്ക് പറഞ്ഞു. ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് 7 കോടി മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അത് 2 കോടിയായിരുന്നു. അവരെ കുറ്റം പറയുന്നതല്ല. ഇപ്പോഴത് 7 കോടിയിലെത്തി. അത് 12 കോടിയിലെത്തിയാൽപ്പോലും നമ്മുടെ ആവശ്യത്തിന്റെ പകുതിപോലും ആകില്ല. അതിന്റെ ഭാഗമായി പുതിയ ഹാച്ചറികൾ നിർമ്മിക്കേണ്ടതുണ്ട്. ഈ ഗവൺമെന്റ്

വന്നതിനുശേഷം കുട്ടനാട്ടിൽ പുതിയൊരു ഹാച്ചറിക്കുവേണ്ടിയുള്ള സ്ഥലമേറ്റെടുക്കുന്നതിന് നടപടി ആരംഭിച്ചു. നിരവധി പുതിയ ഹാച്ചറികൾ ആവശ്യമാണ്. പുതിയ ഹാച്ചറികൾ മാത്രം പോര, നമുക്ക് പ്രിയമേറിയ നാടൻ മത്സ്യങ്ങളെ ഉത്പാദിപ്പിക്കുന്ന ഹാച്ചറികൾ വികസിപ്പിക്കാൻ സാധിക്കണം. അതിന്റെ ഭാഗമായി പ്രിയമുള്ള മത്സ്യങ്ങളെ ഉൽപ്പാദിപ്പിച്ച് എക്സ്പോർട്ടിംഗ് അടക്കമുള്ള കാര്യങ്ങളിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിച്ചെങ്കിൽ മാത്രമേ ഉൾനാടൻ മത്സ്യമേഖലയിൽ വലിയ മാറ്റമുണ്ടാക്കാൻ കഴിയുകയുള്ളൂ. അതനുസരിച്ചുള്ള പദ്ധതികൾ ഇതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്. ഈ ബിൽ പാസ്സാകുന്നതോടുകൂടി കേരളത്തിലെ ഉൾനാടൻ മത്സ്യമേഖലയിൽ ഒരു കുതിച്ചുചാട്ടമുണ്ടാകുകയും അതിന്റെ ഫലമായി തൊഴിലും വരുമാനവും വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്യും. അഞ്ചുവർഷംകൊണ്ട് അഞ്ചുലക്ഷം പേർക്കെങ്കിലും ജോലി നൽകാൻ കഴിയുന്ന ഒരു വ്യവസായമായി ഇതിനെ രൂപാന്തരപ്പെടുത്തിയെടുക്കാൻ കഴിയുമെന്ന പ്രതീക്ഷയോടുകൂടിയാണ് ഗവൺമെന്റ് ഈ ബില്ലിനെ സമീപിക്കുന്നത്.

ഫിഷറീസ് സർവ്വകലാശാലയെ സംബന്ധിച്ച് നമ്മൾ വിശദമായ ചർച്ച നടത്തി. ഇന്ത്യയിലാദ്യമായി ഫിഷറീസ് സർവ്വകലാശാല ആരംഭിച്ചത് കേരളത്തിലാണെങ്കിലും അതിനായി ഒരു കോളേജുപോലും തുടങ്ങാൻ നമുക്ക് കഴിഞ്ഞില്ല. ഇപ്പോൾ അതിനനുബന്ധമായി ചില സ്ഥാപനങ്ങൾ തുടങ്ങാനുള്ള ആലോചനയിലാണ്. നമുക്കുശേഷം ആരംഭിച്ച തമിഴ്നാട്ടിൽ അതുമായി ബന്ധപ്പെട്ട് നിരവധി അനുബന്ധ സ്ഥാപനങ്ങൾ തുടങ്ങിക്കഴിഞ്ഞു. നമ്മൾ ആരംഭിച്ചതിന്റെ മാതൃക പിന്തുടർന്ന് പല സംസ്ഥാനങ്ങളിലും യൂണിവേഴ്സിറ്റികൾ നിലവിൽ വന്നു. നമുക്ക് നിന്നിടത്തുനിന്നും മുന്നോട്ടുപോകാൻ നിരവധി തടസ്സങ്ങൾ കാരണമായി. അതുസംബന്ധിച്ച് നിരവധി ചർച്ചകളും നടന്നിട്ടുണ്ട്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബില്ലിലെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ "മത്സ്യ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി........ വനാമി ചെമ്മീൻ, പങ്കേഷ്യസ് എന്നീ വിദേശ മത്സ്യയിനങ്ങൾ ഉപയോഗിക്കുന്നതിനാലും അക്വാകൾച്ചർ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി ക്രമീകരിക്കേണ്ടതിന്റെ ആവശ്യകതയും വന്നിരിക്കുന്നു." എന്നുപറയുന്നുണ്ട്. വനാമി കൃഷി സംസ്ഥാന ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ടോ; എവിടെയെല്ലാം ആരംഭിച്ചു; ആ പദ്ധതി സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, സർവ്വകലാശാലയുമായി ബന്ധപ്പെട്ട വിഷയത്തെക്കുറിച്ച് പറഞ്ഞതിനുശേഷം അതിലേയ്ക്ക് വരാം. ഈ സർവ്വകലാശാല കേരളത്തിന്റെ ഫിഷറീസ് മേഖലയിൽ, സമുദ്രപഠന മേഖലയിൽ നല്ല രീതിയിൽ മുന്നേറാൻ കഴിയുന്ന ഒരു സ്ഥാപനമായി, നമ്മുടെ കുട്ടികൾക്ക് ഈ മേഖലയിൽ പഠിച്ച് ലോകത്തെമ്പാടും തൊഴിൽ ലഭിക്കാൻ സാധിക്കുന്ന സാഹചര്യം സൃഷ്ടിക്കത്തക്ക നിലയിൽ യൂണിവേഴ്സിറ്റിയുടെ മൊത്തത്തിലുള്ള വളർച്ചയെ ലക്ഷ്യമാക്കിയാണ് ഈ ബിൽ അവതരിപ്പിച്ച് അംഗീകാരത്തിന് സമർപ്പിക്കുന്നത്. അതുപോലെ കടലിലേയ്ക്ക് മത്സ്യബന്ധനത്തിന് പോകുന്നവരുടെയും അവരുമായി ബന്ധപ്പെട്ടവരുടെയും സുരക്ഷിതത്വമടക്കമുള്ള കാര്യങ്ങൾ ഉറപ്പുവരുത്തുന്ന തരത്തിലുള്ള ചില നടപടിക്രമങ്ങളുമായി ബന്ധപ്പെട്ടാണ് മറൈൻ ഫിഷിംഗ് റെഗുലേഷൻ അമെന്റ്മെന്റ് ബിൽ ഇവിടെ പ്രസന്റ് ചെയ്തത്. നിലവിൽ സമുദ്ര മത്സ്യസമ്പത്തിന്റെ അളവ് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. 2018-19-ൽ സമുദ്ര മത്സ്യസമ്പത്ത് റിക്കോർഡായി മുന്നോട്ടുവരികയും കോവിഡിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും പശ്ചാത്തലത്തിൽ സമുദ്ര മത്സ്യസമ്പത്ത് കുറയുകയുമാണ്. കോവിഡ് മാറിവരുന്നതിലൂടെയും കാലാവസ്ഥയിൽ മാറ്റം വരുന്നതിലൂടെയും തീർച്ചയായും നമുക്ക് മുന്നോട്ടുപോകാൻ സാധിക്കും. നമുക്കുള്ള സാധ്യതകളുടെ പതിനായിരത്തിലൊന്നുപോലും ഉപയോഗപ്പെടുത്തുന്നില്ലെന്നതാണ് ഏറ്റവും വലിയ പ്രശ്നം. അതിന് പരിഹാരം കാണാൻ കഴിയുന്ന രീതിയിൽ സാധ്യതകൾ ഉപയോഗപ്പെടുത്തി നമ്മുടെ നാടിന്റെ സാമ്പത്തിക മേഖലയിലും തൊഴിൽ മേഖലയിലും മാറ്റം വരുത്തി വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിയുന്ന സാഹചര്യമുണ്ട്. ഈ നിയമത്തിൽ തുടർച്ചയായി ഭേദഗതികൾ കൊണ്ടുവന്ന് ശക്തമായ നിയമം നിർമ്മിച്ച് നടപ്പാക്കണം. എല്ലാ അടിസ്ഥാന സംവിധാനങ്ങളുമൊരുക്കി നിയമം നടപ്പാക്കാൻ സാധിക്കണം. ആ നിലയിൽ ഈ നാല് ബില്ലുകളും അംഗീകരിച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. കെ. ബാബുവിന്റെ ചോദ്യത്തിന് പിന്നീട് വിശദമായ മറുപടി നൽകാം.

ഡോ. മാത്യു കുഴൽനാടൻ: സർ, യഥാർത്ഥത്തിൽ ഈ വിഷയം ബില്ലിന്റെ അവതരണവേളയിൽ ഉന്നയിക്കേണ്ടതായിരുന്നു. നിരവധി ബില്ലുകൾ ഒരുമിച്ച് വരുന്നതുകൊണ്ട് ഇത് പരിശോധിക്കാനുള്ള സമയം പലപ്പോഴും ലഭിക്കാറില്ല. പിന്നീടുള്ള വായനയിലാണ് വളരെ ഗുരുതരമായൊരു വിഷയം ശ്രദ്ധയിൽപ്പെട്ടത്. സെൻട്രൽ ആക്റ്റിന് വിരുദ്ധമായി നിയമമുണ്ടാക്കാൻ പാടില്ലെന്ന അടിസ്ഥാന കാര്യം നമുക്കെല്ലാവർക്കും അറിയാം. ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാന്റേർഡ്സ് ആക്റ്റ് 2006-ന്റെ ഡൊമൈനിൽ കവർ ചെയ്യുന്നതുതന്നെയാണ് ഈ നിയമത്തിലും കൊണ്ടുവന്നത്. ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാന്റേർഡ്സ് ആക്റ്റ് മത്സ്യത്തിന്റെ സ്റ്റോറേജും വിപണനവും പ്രോസസ്സിംഗും ഗവേൺ ചെയ്യുമെന്ന കാര്യത്തിൽ

സംശയമില്ല. അതിൽ വരുന്ന പ്രശ്നമുള്ളത്, സെൻട്രൽ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാന്റേർഡ്സ് ആക്ടിന്റെ സെക്ഷൻ 97-ൽ പറയുന്നത് " ...(1) With effect from such date as the Central Government may appoint in this behalf, the enactment and orders specified in the Second Schedule shall stand repealed: If there is any other law for the time being in force in any State, corresponding to this Act, the same shall upon the commencement of this Act, stand repealed...." എന്നാണ്. അതായത് സംസ്ഥാനങ്ങളുണ്ടാക്കിയിരുന്ന നിയമങ്ങളെല്ലാം അസാധുവാക്കിക്കൊണ്ടാണ് ഫുഡ് സേഫ്റ്റി ആക്ട് നിലവിൽ വന്നത്. അതിനുശേഷം ഫുഡ് സേഫ്റ്റി ആക്ടിന് വിരുദ്ധമായൊരു നിയമം നമ്മളുണ്ടാക്കിയാൽ ഒരു നിലയ്ക്കും അത് നിലനിൽക്കുമെന്ന അഭിപ്രായം എനിക്കില്ല. കാരണം, ഇതിൽ 'ഫുഡ്' എന്നത് കൃത്യമായി ഡിഫൈൻ ചെയ്തിട്ടുണ്ട്. അതോടൊപ്പം മത്സ്യമടക്കമുള്ള കാര്യങ്ങൾ വരികയും അവർ സ്റ്റാന്റേർഡ്സ് സെറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഫുഡ് സേഫ്റ്റി ആക്ട് പ്രകാരം ലൈസൻസെടുത്ത് മാത്രമേ മത്സ്യത്തിന്റെ പ്രോസസ്സിംഗോ മത്സ്യ സ്റ്റോറേജോ വിപണനമോ നടത്താൻ സാധിക്കുകയുള്ളൂ. ഇങ്ങനെയിരിക്കെ നമ്മൾ മറ്റൊരു ആക്ട് കൊണ്ടുവരികയാണ്. അതായത് 5 ലക്ഷം രൂപവരെയാണ് ഫുഡ് സേഫ്റ്റി ആക്ട് പ്രകാരം പിഴ കൊടുക്കേണ്ടത്. നമ്മൾ ഇതിൽ ആ തുക കുറവ് ചെയ്തിരിക്കുകയാണ് (പ്രസ്തുത ബില്ലിലെ 29-ാം ഖണ്ഡം). ഡയറക്ട് കോൺഫ്ലിക്ട് വരുന്ന രീതിയിൽ ഈ ആക്ട് എങ്ങനെ നിലനിൽക്കും? മാത്രമല്ല, നമ്മുടെ നാട്ടിൽ മത്സ്യത്തിന്റെ സ്റ്റോറേജും പ്രോസസ്സിംഗും വിൽപ്പനയും നടത്താൻ ഈ ആക്ട് പ്രകാരമുള്ള ലൈസൻസ് മാത്രം മതിയോ; അങ്ങ് കൊണ്ടുവരുന്ന ആക്ടിലെ 14(2)-ൽ ഒരു അനുമതി പത്രത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു, " (1)-ാം ഉപവകുപ്പ് പ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ നിർണ്ണയിക്കപ്പെട്ട പ്രകാരത്തിലും അങ്ങനെയുള്ള ഫോറത്തിലും അപ്രകാരമുള്ള ഫീസ് ഒടുക്കിയും 2006-ലെ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാന്റേർഡ്സ് ആക്ടിലെ (2006-ലെ 34-ാം കേന്ദ്ര ആക്ട്) വ്യവസ്ഥകൾ പ്രകാരം കരസ്ഥമാക്കിയ ലൈസൻസുണ്ടെങ്കിൽ ആയതിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്തുകൊണ്ടും ആയിരിക്കണം." അതിന്റെ അർത്ഥം ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാന്റേർഡ്സ് ആക്ട് പ്രകാരം നമുക്ക് ലൈസൻസ് ഉണ്ടെങ്കിലും —അഡീഷണലായി ഇതുകൂടി വേണമെന്നുള്ളതാണോ; ഫുഡ് സേഫ്റ്റി ആക്ടിന്റെ തന്നെ ലക്ഷ്യം കൂടുതൽ ലൈസൻസുള്ള ആളുകൾ വേണമെന്നുള്ള വ്യവസ്ഥ മാറ്റാൻ വേണ്ടിയായിരുന്നു. ഇത് ഡയറക്ട് കോൺഫ്ലിക്റ്റായി തോന്നി. ഇൻട്രൊഡക്ഷന്റെ സമയത്ത് പറയാൻ പറ്റിയില്ല. ഇക്കാര്യം രേഖയിലുണ്ടാകണമെന്ന് ആഗ്രഹിച്ചുകൊണ്ടാണ് ഇതിവിടെ സൂചിപ്പിച്ചത്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ലീഗൽ സ്ക്രൂട്ടിണി പ്രോപ്പറായിരുന്നോ?

ശ്രീ. സജി ചെറിയാൻ: സർ, ഇക്കാര്യത്തിൽ ആശങ്ക വേണ്ട. ഇതുമായി ബന്ധപ്പെട്ട് ഫുഡ് സേഫ്റ്റി ആക്ട് വിശദമായി സ്ക്രൂട്ടിണി ചെയ്തിട്ടുണ്ട്. ഫുഡ് സേഫ്റ്റി ആക്ടിൽ ആദ്യ വിൽപ്പനയ്ക്കുശേഷമാണ് ഇത് ബാധകമാകുന്നത്. ഉൽപ്പാദകരായ മത്സ്യത്തൊഴിലാളികൾക്കും മത്സ്യകർഷകർക്കും ബാധകമാവില്ല. അതുകൊണ്ട് നിലവിലെ ആക്ടിലൂടെ ആദ്യ വിൽപ്പന വരെയുള്ള കാര്യങ്ങളാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതിൽ ഒരുതരത്തിലും അങ്ങോട്ടുമിങ്ങോട്ടും കോൺഫ്ലിക്ട് വരില്ല. അത് വ്യത്യസ്തമായ നിയമമെന്ന നിലയിൽത്തന്നെ മാറും. മത്സ്യത്തൊഴിലാളികളെയും മത്സ്യകൃഷിക്കാരെയും ബാധിക്കില്ല. അതനുസരിച്ചാണ് ക്രമീകരിച്ചിരിക്കുന്നത്. അങ്ങ് പറഞ്ഞത് സംശയത്തിനിടവരുത്താൻ സാധ്യതയുള്ള കാര്യമാണ്. 2006-ലെ 34-ാം കേന്ദ്ര ആക്ട് ഇതിൽ ബാധകമാകും. അതാണ് ആദ്യ വിൽപ്പനയ്ക്കുശേഷമാണ് ബാധകമാകുന്നതെന്ന് ഞാൻ പറഞ്ഞത്. അത് കൃത്യമായി തന്നെയാണ് സ്ക്രൂട്ടിണി ചെയ്തിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: നാലു ബില്ലുകളെ സംബന്ധിച്ചുള്ള ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്. ഇപ്പോൾ സമയം 12.30 ആകാറായി. പതിനൊന്ന് പേർ സംസാരിക്കാനുണ്ട്. രണ്ടായിരത്തിലധികം അമെന്റ്മെന്റുകളുണ്ട്. വളരെ ചുരുക്കി പത്ത് മിനിട്ടിനുള്ളിൽ അംഗങ്ങൾ സഹകരിച്ച് ചർച്ച നടത്തണമെന്നാണ് പറയാനുള്ളത്.

2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ, 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ, 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. മത്സ്യമേഖലയുമായി ബന്ധപ്പെട്ട് നാല് ബില്ലുകൾ ഇന്ന് ചർച്ച ചെയ്യുകയാണ്. മത്സ്യമേഖലയുമായി ബന്ധപ്പെട്ട് അടിസ്ഥാനപരമായ ഒട്ടനവധി വിഷയങ്ങളുണ്ടെന്നത് ഈ സഭയിൽ പലതവണ ചർച്ച ചെയ്തിട്ടുള്ളതാണ്. അത് യാഥാർത്ഥ്യവുമാണ്. അത്തരത്തിലുള്ള വിഷയങ്ങളിലേയ്ക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കുന്നില്ലെന്നതാണ് എനിക്ക് ആദ്യമേ സൂചിപ്പിക്കാനുള്ളത്. അടിക്കടിയുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങളും പ്രകൃതിക്ഷോഭങ്ങളും മത്സ്യമേഖലയിൽ ഇന്ന് വലിയരീതിയിൽ പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികൾ അവരുടെ ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത നിലയിലുള്ള പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. അത്തരത്തിലുള്ള വിഷയങ്ങൾ അഡ്രസ്

ചെയ്ത് അതിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റുകാര്യങ്ങളിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിച്ച് പോകുന്നുവെന്ന ആക്ഷേപം നിലനിൽക്കുകയാണ്. ഞാൻ ഇതുമായി ബന്ധപ്പെട്ട നിരാകരണപ്രമേയ ചർച്ചയിൽ ചില വിഷയങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളും അവരുടെ സുരക്ഷയെ സംബന്ധിച്ചുള്ള പ്രശ്നങ്ങളും ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും മത്സ്യവിപണനവുമായി ബന്ധപ്പെട്ട അനവധി വിഷയങ്ങളും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. മത്സ്യവിപണനവും ലേലവും ഗുണനിലവാരവും സംബന്ധിച്ച ബിൽ മത്സ്യത്തൊഴിലാളികളുടെ അവകാശത്തിന്മേലുള്ള കടന്നുകയറ്റമായി മാറരുതെന്നുള്ളതാണ് നിരാകരണപ്രമേയത്തിൽ പ്രധാനമായും മുന്നോട്ടുവച്ച വിഷയങ്ങൾ. എൻ.എഫ്.എസ്.എ.-യുമായി ബന്ധപ്പെട്ട കോൺട്രഡിക്റ്ററി വിഷയം സംബന്ധിച്ച് അങ്ങ് 15-ാം വകുപ്പിൽ ചെറിയ മാറ്റം വരുത്തിക്കൊണ്ട് ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കാൻ പോകുകയാണ്. സ്വാഭാവികമായും ഇത് കോൺട്രഡിക്റ്ററി ആകുമെന്ന പ്രശ്നം നിലനിൽക്കുകയാണ്. ഈ നിയമം നടപ്പിലാക്കുമ്പോൾ രണ്ട് കേന്ദ്ര ആക്റ്റുകൾക്കും വിപരീതമായ നിലയിലേയ്ക്ക് കാര്യങ്ങൾ വരുമെന്നതിൽ യാതൊരു സംശയവുമില്ല. ഇക്കാര്യം വീണ്ടും ഒരു ഭേദഗതിയായി സഭയിൽ ചർച്ച ചെയ്യേണ്ട അവസ്ഥയാണ് വരാൻ പോകുന്നത്. 2, 20, 21 വകുപ്പുകളെ സംബന്ധിച്ചാണ് ഏറ്റവും കൂടുതൽ ആക്ഷേപമുണ്ടായത്. അതിനാൽ ബഹുമാനപ്പെട്ട മന്ത്രി സബ്ജക്ട് കമ്മിറ്റിയിൽ തന്നെ മാറ്റംവരുത്തി. ഞാൻ അത് സ്വാഗതം ചെയ്യുന്നു. 20-ാം വകുപ്പുപ്രകാരം ഒരു മത്സ്യത്തൊഴിലാളി പിടിക്കുന്ന മത്സ്യത്തിന്റെ ഉറവിടവും അത് എങ്ങനെ പിടിച്ചുവെന്നും അതിന്റെ ഗുണനിലവാരവുമെല്ലാം ഉദ്യോഗസ്ഥന്റെ മുമ്പിൽ സാക്ഷ്യപ്പെടുത്തണമെന്നുള്ളതാണ്. അതിപ്പോൾ 'എക്സ്പോർട്ട് ചെയ്യുന്നവർക്കുവേണ്ടി മാത്രമെന്ന' ഒഫീഷ്യൽ ഭേദഗതിയായി അങ്ങ് ഇവിടെ അവതരിപ്പിക്കാൻ പോകുകയാണ്. എക്സ്പോർട്ട് ചെയ്യുന്നവർക്ക് എക്സ്പോർട്ടിംഗ് ലൈസൻസുണ്ടാകും. ആയതിനാൽ അത്തരത്തിലുള്ള ഒരു പ്രൊവിഷന്റെ ആവശ്യമില്ലെന്നാണ് അങ്ങയോട് എനിക്ക് പറയാനുള്ളത്. അങ്ങയുടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കാൻ പോകുന്നത് കയറ്റുമതി ചെയ്യുന്നവർക്ക് ആവശ്യമുണ്ടെങ്കിൽ ഇതിനുവേണ്ടിയുള്ള സർട്ടിഫിക്കേഷൻ എടുത്താൽ മതിയാകുമെന്നാണ്. കയറ്റുമതി ചെയ്യുന്നവർക്ക് പ്രത്യേകം എക്സ്പോർട്ടിംഗ് ലൈസൻസ് ഉണ്ടാകും. അതിനുപുറമെ വീണ്ടും വരുമ്പോൾ സാധാരണക്കാരായ മത്സ്യത്തൊഴിലാളികൾക്ക് പ്രായോഗിക ബുദ്ധിമുട്ടുണ്ടാകും. മറ്റൊരു വിഷയം, അടിസ്ഥാനവില നിർണ്ണയിക്കാൻ കമ്മിറ്റിയെ നിയോഗിച്ചിരിക്കുകയാണ്. ഇതിൽ യാതൊരു മാറ്റവും വരുത്താൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. മത്സ്യത്തൊഴിലാളികളുമായി ബന്ധമുള്ള ജനപ്രതിനിധികൾക്ക്

അതിനെ സംബന്ധിച്ച് വ്യക്തമായ ധാരണ ഉണ്ടാകുമല്ലോ? അതിനെ സംബന്ധിച്ച് സംശയങ്ങളും ആശങ്കകളും നിലനിൽക്കുകയാണ്. മത്സ്യം പിടിച്ചുകൊണ്ടുവന്ന ബോട്ട് ഏത് മേഖലയിലാണോ അടുപ്പിക്കുന്നത് അവിടെ വിപണനം ചെയ്തുകൊണ്ടിരുന്ന സാഹചര്യം ഇന്നലെവരെ മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടായിരുന്നു. ഇനിമുതൽ ഗവൺമെന്റ് നോട്ടിഫൈ ചെയ്യുന്ന പ്രദേശങ്ങളിൽ മാത്രമേ അതിന് സാധ്യമാകുകയുള്ളൂ. ഇന്ന ഹാർബർ അല്ലെങ്കിൽ ഇന്ന സ്ഥലങ്ങളിൽവച്ച് മാത്രമേ ലേലമോ വിപണനമോ നടത്താൻ കഴിയുകയുള്ളൂവെന്ന് നിങ്ങൾ നോട്ടിഫൈ ചെയ്യും. അവിടങ്ങളിലല്ലാതെ ലേലം/വിപണനം നടത്തിക്കഴിഞ്ഞാൽ മത്സ്യത്തൊഴിലാളികൾ നിയമനടപടികൾക്ക് വിധേയമാകേണ്ടിവരും. അങ്ങനെയുള്ള വിഷയങ്ങൾ സ്വാഭാവികമായും കടന്നുവരുന്നു എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ]

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഈ ബില്ലിൽ '........മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം ഫിഷ് ലാൻഡിംഗ് സെന്ററുകളിലോ ഹാർബറുകളിലോ.......' എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ അതോടൊപ്പം തന്നെ ഇപ്പോൾ മത്സ്യബന്ധനം നടത്തിക്കൊണ്ടിരിക്കുന്ന, മത്സ്യം പിടിച്ചുകൊണ്ടുവന്ന് വിപണനം നടത്തുന്ന ചെറിയ കേന്ദ്രങ്ങളുണ്ട്. ആ കേന്ദ്രങ്ങളിൽക്കൂടി ഇത് നടപ്പാക്കുന്നതിനാവശ്യമായ അനുവാദം നൽകിയാൽ നിശ്ചയമായും വിലയിൽവരുന്ന വ്യത്യാസത്തിന് വലിയ തോതിൽ മാറ്റമുണ്ടാക്കാനും നിശ്ചിത വിലയ്ക്കുതന്നെ മത്സ്യം കൊടുക്കാനുള്ള സാഹചര്യം സൃഷ്ടിക്കാനും കഴിയും. അക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായമെന്താണെന്ന് അറിഞ്ഞാൽ കൊള്ളാമായിരുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങ് പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. ഞാൻ ആവശ്യപ്പെടുന്നതും അതുതന്നെയാണ്. ഫിഷ് ലാൻഡിംഗ് സെന്റർ അടക്കം നോട്ടിഫൈ ചെയ്യാൻ പോകുകയാണ്. അങ്ങനെയുള്ള സ്ഥലങ്ങളിൽ മാത്രമേ വിപണനം ചെയ്യാൻ സാധിക്കുകയുള്ളൂ. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അവരുടെ തീരങ്ങളിൽ വള്ളങ്ങൾ അടുപ്പിക്കാൻ കഴിയും. അവിടെ വിപണനം നടത്താനുള്ള സാഹചര്യങ്ങളുണ്ട്. കാര്യങ്ങൾ കുറച്ചുകൂടി ബ്രോഡ് സെൻസിലേയ്ക്ക് കൊണ്ടുവരാൻ കഴിയണം. കാലാകാലങ്ങളായി/പരമ്പരാഗതമായി മത്സ്യത്തൊഴിലാളികൾ ഏതൊക്കെ പ്രദേശങ്ങളിൽ ബോട്ടുകൾ അടുപ്പിക്കാറുണ്ടെന്ന കാര്യം മനസ്സിലാക്കണം. അത്തരത്തിലുള്ള സ്ഥലങ്ങൾ നോട്ടിഫിക്കേഷന്റെ ഭാഗമാക്കിയാൽ ടി പ്രശ്നങ്ങൾ ഒഴിവാക്കാൻ കഴിയും. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പല കാര്യങ്ങളും

കഴിഞ്ഞ തവണ പറഞ്ഞുകഴിഞ്ഞതാണ്. ചൂഷണത്തിൽനിന്നും മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്ന നടപടികളെ സ്വാഗതം ചെയ്യുന്നതോടൊപ്പം അനാവശ്യ നിബന്ധനകൾ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെമേൽ അടിച്ചേൽപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കണം. കുറച്ച് മാറ്റങ്ങൾ അങ്ങ് കൊണ്ടുവരുമ്പോഴും ചില കാര്യങ്ങൾ അങ്ങനെതന്നെ നിലനിൽക്കുന്നുണ്ടെന്നത് വിയോജനക്കുറിപ്പിൽ ഞാൻ രേഖപ്പെടുത്താൻ ആഗ്രഹിക്കുന്നു. കുഫോസുമായി ബന്ധപ്പെട്ടുള്ള അനവധി വിഷയങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ഒരുപാട് ആക്ഷേപങ്ങൾ അതുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനമായും കുഫോസ് ലക്ഷ്യം വച്ചിരിക്കുന്നത് മത്സ്യമേഖലയും കടലുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ പഠനവും അതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ആധികാരികമായി ഇടപെടാൻ സാഹചര്യമൊരുക്കുകയെന്നതുമാണ്. പക്ഷേ ഈ ലക്ഷ്യത്തിൽ നിന്നുള്ള വ്യതിചലനം ഈ നിയമം നടപ്പിലാവുമ്പോൾ ഉണ്ടാകുന്നു. പേരന്റ് ആക്ടിൽ അക്കാഡമിക് കൗൺസിലിന്റെ അംഗീകാരത്തോടെ ഫാക്കൽറ്റികളെ നിയമിക്കാൻ അനുമതി നൽകുന്നുണ്ട്. ഇപ്പോൾ നമ്മൾ കൊണ്ടുവരുന്ന ബില്ലിൽ സർവ്വകലാശാലയിൽ നാല് ഫാക്കൽറ്റികളെ നിഷ്കർഷിച്ചിരിക്കുകയാണ്. ഇതുമൂലം അനാവശ്യമായ സാങ്കേതിക നിയമപ്രശ്നം ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുണ്ട്. ചിലപ്പോൾ പുതിയൊരു ഫാക്കൽറ്റിയുടെ ആവശ്യം വന്നാൽ ഈ സഭയിൽ അങ്ങുതന്നെ മറ്റൊരു ഭേദഗതി അവതരിപ്പിക്കേണ്ടിവരും. അതിന്റെ ആവശ്യമെന്താണ്? പേരന്റ് ആക്ട് പ്രകാരം തുടർന്നുകഴിഞ്ഞാൽ ഒരു ബുദ്ധിമുട്ടും ഉണ്ടാകാൻ സാധ്യതയില്ല. അതിനോടനുബന്ധിച്ചുതന്നെ കുഫോസുമായി ബന്ധപ്പെട്ട് ഭരണനിർവ്വഹണ കൗൺസിൽ, സെനറ്റ്, അക്കാദമിക കൗൺസിൽ തുടങ്ങിയ സമിതികളിൽ അദ്ധ്യാപകരുടെ എണ്ണം കുറയ്ക്കുകയാണ്. ആക്ടിൽ അദ്ധ്യാപകരുടെ പ്രാതിനിധ്യം രണ്ട് ആയിരുന്നു. നിങ്ങൾ കൊണ്ടുവന്ന ഓർഡിനൻസിൽ ഞാൻ മനസ്സിലാക്കുന്നത് മൂന്നോ നാലോ ആയി ഉയർത്തിയിരിക്കുന്നുവെന്നാണ്. ഇപ്പോൾ അത് ഒന്നായി ചുരുക്കിയിരിക്കുന്നു. അദ്ധ്യാപക പ്രാതിനിധ്യം ഒന്നും വിദ്യാർത്ഥി പ്രാതിനിധ്യം ഇപ്പോഴും മൂന്നുമാണ്. അദ്ധ്യാപക പ്രാതിനിധ്യം കുറയ്ക്കുന്നതിനെ സംബന്ധിച്ചും പരാതികൾ വരുന്നുണ്ട്. അങ്ങയുടെ കയ്യിൽ ഇതുസംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടാകും. മാധ്യമ വാർത്തകളിൽ തുടരെ ഇക്കാര്യം വന്നുകൊണ്ടിരിക്കുന്നു. അങ്ങ് ഇക്കാര്യം ശ്രദ്ധിച്ചിട്ടുണ്ടാകും. അദ്ധ്യാപകർക്കുള്ള അടിസ്ഥാന യോഗ്യത ബി.എഫ്.എസ്‌സി. (Bachelor of Fisheries Science) ആക്കിയിരിക്കുകയാണ്. നിയമം കൊണ്ടുവരുമ്പോൾ അദ്ധ്യാപക നിയമനത്തിന് ബി.എഫ്.എസ്‌സി. അടിസ്ഥാന യോഗ്യതയായി നിർണ്ണയിക്കുന്നത് അപഹാസ്യമാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ബി.എഫ്.എസ്‌സി. കോഴ്സിന് 20 ശതമാനം പ്രത്യേക റിസർവേഷനുണ്ടെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ; മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നുള്ളവർ ഈ മേഖലയിലേയ്ക്ക് പരിഗണിക്കപ്പെടേണ്ടതല്ലേ?

ശ്രീ. അനൂപ് ജേക്കബ്: സർ, ബി.എഫ്.എസ്‌സി. കോഴ്സ് ചെയ്തവരെ ഒഴിവാക്കണമെന്നല്ല പറഞ്ഞത്. ഈ കോഴ്സ് മാത്രം യോഗ്യതയായി നിശ്ചയിക്കുമ്പോൾ മറ്റ് സർവ്വകലാശാലകളിൽനിന്നും ഇതിനോടനുബന്ധിച്ച കോഴ്സുകൾ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് അവസരങ്ങൾ നിഷേധിക്കപ്പെടുന്നുവെന്നത് വസ്തുതയാണ്. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഈ മേഖലയിൽ 20 ശതമാനം സംവരണം ഏർപ്പെടുത്തിയിട്ടുള്ളതും അതനുസരിച്ച് അവർക്ക് ജോലി ലഭിക്കുന്നതും നല്ല കാര്യം തന്നെയാണ്. തീർച്ചയായും അതിന് തടസ്സമൊന്നുമില്ല. പക്ഷെ അതിന്റെ പേരിൽ മറ്റ് സർവ്വകലാശാലകളിൽ നിന്നും ഇതുമായി ബന്ധപ്പെട്ട കോഴ്സുകൾ പഠിച്ചിറങ്ങുന്ന പാവപ്പെട്ട മറ്റ് വിദ്യാർത്ഥികൾക്കുള്ള അവസരങ്ങൾ നിഷേധിക്കപ്പെടുന്നു. അങ്ങനെ നിഷേധിക്കപ്പെടരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട അംഗം പി. പി. ചിത്തരഞ്ജൻ പറഞ്ഞ 20 ശതമാനം സംവരണം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഏർപ്പെടുത്തിയതാണെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, കുഫോസ് അടക്കമുള്ള കാര്യങ്ങളിൽ യു.ഡി.എഫ്. ഗവൺമെന്റ് വളരെ ക്രിയാത്മകമായ സമീപനമാണ് എല്ലാ കാലത്തും സ്വീകരിച്ചിരുന്നത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, വി.സി.മാരുടെ നിയമനങ്ങളിലടക്കം വലിയ വിവാദങ്ങളുണ്ടാക്കുകയും വിഷയങ്ങളുണ്ടാക്കുകയും ഫിഷറീസ് സർവ്വകലാശാല തന്നെ താളംതെറ്റിയ നിലയിലേയ്ക്ക് എത്തിയതും യു.ഡി.എഫ്. ഗവൺമെന്റിന്റെ നയത്തിന്റെ ഫലമാണെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, കുഫോസിലെ നിയമനങ്ങളെ സംബന്ധിച്ച് ഒട്ടേറെ ആക്ഷേപങ്ങൾ നിലവിലുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രി രേഖാമൂലം നൽകിയ മറുപടിയിലുമുണ്ട്. അവിടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായ പല നിയമനങ്ങളേയും സംബന്ധിച്ച് ശക്തമായ ആക്ഷേപം നിലനിൽക്കുകയാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട അംഗം പി. പി. ചിത്തരഞ്ജൻ പറഞ്ഞത് വസ്തുതാപരമല്ല. കാരണം യു.ഡി.എഫ്. ഗവൺമെന്റ്

അധികാരത്തിൽ വന്നപ്പോഴുള്ള വൈസ് ചാൻസലർ എൽ.ഡി.എഫ്. ഗവൺമെന്റ് നിയമിച്ച വ്യക്തിയാണ്. അന്നത്തെ ഗവേണിംഗ് കൗൺസിലിലുണ്ടായിരുന്ന എം.എൽ.എ.മാർ ഇവിടെയുണ്ട്. പിന്നീട് വൈസ് ചാൻസലർമാരെ നിയമിച്ചത് യൂണിവേഴ്സിറ്റി നിയമം അനുസരിച്ചുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണ്. അങ്ങനെ നിയമിച്ചിട്ടുള്ള വൈസ് ചാൻസലർമാർ കാലാവധി പൂർത്തിയാകുന്നതുവരെ അവിടെ തുടരുകയും ചെയ്യു. അവിടെ എന്ത് അനിശ്ചിതത്വമാണുണ്ടായത്? ഭാര്യമാരെ നിയമിച്ചതുമായി ബന്ധപ്പെട്ട അഴിമതി ഇപ്പോഴാണ് ഉണ്ടായിട്ടുള്ളത്. സാധാരണഗതിയിൽ യൂണിവേഴ്സിറ്റികളിൽ നിയമനം നടക്കുമ്പോൾ ഫിഷറീസ് സർവ്വകലാശാലാ നിയമമനുസരിച്ച് വൈസ് ചാൻസലർ ആ സബ് കമ്മിറ്റിയിൽ ഉണ്ടാകണമെന്നത് നിർബന്ധമാണ്. വൈസ് ചാൻസലറുടെ ഭാര്യ ഇന്റർവ്യൂവിന് വന്നാൽ, നിയമമനുസരിച്ച് വൈസ് ചാൻസലർ, ചാൻസലറായ ഗവർണറെ അറിയിച്ച് അദ്ദേഹം ഇന്റർവ്യൂ സബ് കമ്മിറ്റിയിൽനിന്നും മാറി നിൽക്കുകയും പകരം മറ്റൊരാളെ ബഹുമാനപ്പെട്ട ഗവർണറുടെ അനുമതിയോടെ റിക്രൂട്ട്മെന്റ് കമ്മിറ്റിയിൽ ഉൾപ്പെടുത്തുകയുമാണ് ചെയ്യേണ്ടത്. ആ നിയമം ലംഘിച്ചത് ഈ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, അക്കാര്യം ശരിയാണ്. അതോടൊപ്പം ഫിഷറീസ് സർവ്വകലാശാലയിലെ നിയമനങ്ങളെ സംബന്ധിച്ച വിഷയങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിലുള്ളതാണ്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ച് നടപടിയെടുക്കുമെന്നാണ് രേഖാമൂലം സഭയിൽ നൽകിയ മറുപടിയിലുള്ളത്. സർവ്വകലാശാലാ നിയമനങ്ങളെ സംബന്ധിച്ച് ആക്ഷേപങ്ങൾ വരുന്ന സാഹചര്യത്തിൽ നിയമനങ്ങൾ സുതാര്യമായ നിലയിൽ മുന്നോട്ടുകൊണ്ടുപോകുകയെന്നത് ഗവൺമെന്റ് ശ്രദ്ധിക്കേണ്ട ഒരു വിഷയം തന്നെയാണ്. ഈ മേഖലയുമായി ബന്ധപ്പെട്ട് ഇത്തരത്തിലൊരു സർവ്വകലാശാലയ്ക്ക് ആദ്യമായി തുടക്കം കുറിച്ചത് കേരളത്തിലാണെന്ന് അങ്ങ് പറഞ്ഞല്ലോ? അത് അഭിമാനത്തോടെ പറയുമ്പോൾ തന്നെ അതിന്റെ എല്ലാ പ്രവർത്തനങ്ങളും സുതാര്യമാക്കേണ്ട ഉത്തരവാദിത്വം ഗവൺമെന്റിനുണ്ടെന്ന് ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ബി.എഫ്.എസ്സി. ബിരുദം അടിസ്ഥാന യോഗ്യതയായി നിശ്ചയിക്കുമ്പോൾ അതുമൂലം മറ്റ് സർവ്വകലാശാലകളിൽനിന്നും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾ അവഗണിക്കപ്പെടുന്ന സാഹചര്യമുണ്ടാകരുത്. അത് ഇവിടത്തെ അദ്ധ്യാപക നിയമനത്തിലേയ്ക്ക് മാത്രമാണല്ലോയെന്ന് അങ്ങ് ചിന്തിക്കും. അങ്ങനെയല്ല, ഫിഷറീസ് വകുപ്പിൽ നാളെ മറ്റേതെങ്കിലും ജോലിക്ക് പ്രവേശിക്കുന്നതിനായി ഒരു വ്യക്തി വരികയാണെങ്കിൽ, പറഞ്ഞില്ലെങ്കിൽപ്പോലും

സ്വാഭാവികമായും ഈ ബിരുദമുള്ളവർക്ക് കുറച്ചുകൂടി പരിഗണന കിട്ടുന്ന സാഹചര്യം മറ്റ് ജോലിയുടെ കാര്യത്തിലും വരാൻ സാധ്യത കൂടുതലാണ്. അങ്ങനെയൊരു ആശങ്ക നിലനിൽക്കുകയാണ്. വിവിധ കോഴ്സുകൾ പഠിച്ചിറങ്ങുന്ന പല വിദ്യാർത്ഥികളും ഇതിന്റെ പേരിൽ അവഗണന നേരിടാൻ പോകുന്ന സാഹചര്യമുണ്ടാകും. കുഫോസിന്റെ അനുമതിയോടെ മാത്രമേ മറ്റ് കോഴ്സുകൾ ഈ മേഖലയുമായി ബന്ധപ്പെട്ട് ആരംഭിക്കാൻ കഴിയുകയുള്ളൂവെന്ന് പറയുന്നുണ്ട്. അത് നിലനിൽക്കുന്ന ഒന്നാണോ? നമ്മൾ തന്നെ പാസ്സാക്കിയ വിവിധ നിയമങ്ങളുടെ അടിസ്ഥാനത്തിൽ മറ്റ് സർവ്വകലാശാലകൾ നടത്തുന്ന കോഴ്സുകൾക്ക് വെല്ലുവിളി സൃഷ്ടിക്കുന്ന നിലയിലേയ്ക്ക് അത്തരം കാര്യങ്ങൾ കടന്നുവരുമെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഉണ്ടായിരിക്കുന്ന ആശങ്കകൾ ദൂരീകരിക്കുന്നതിനുള്ള യാതൊരു നടപടിയും ഇതിലുണ്ടായിട്ടില്ല. കുഫോസിൽ ഉണ്ടായിരിക്കുന്ന നിയമനങ്ങളെ സംബന്ധിച്ചും കൃത്യമായ നിലയിലുള്ള അന്വേഷണവും പരിശോധനയും നടത്താൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. മത്സ്യമേഖലയുമായി ബന്ധപ്പെട്ട് നിരവധി വിഷയങ്ങളുണ്ടെന്ന് ഞാൻ ആദ്യമേ സൂചിപ്പിച്ചു, സമയക്കുറവുകാരണം അതിലേയ്ക്കൊന്നും അധികം കടക്കാൻ ആഗ്രഹിക്കുന്നില്ല. 'പുനർഗേഹം' പദ്ധതി ഗവൺമെന്റ് ശ്രദ്ധിക്കേണ്ട ഒന്നുതന്നെയാണ്. മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 2019-ൽ ആരംഭം കുറിച്ച 'പുനർഗേഹം' പദ്ധതി ഇഴഞ്ഞുനീങ്ങുകയാണെന്ന് ഞാൻ പറയാതെ തന്നെ അങ്ങേയ്ക്ക് അറിയാം. കാസർഗോഡ് ജില്ലയിൽ പുനർഗേഹം പദ്ധതി പ്രകാരം വാങ്ങി രജിസ്റ്റർ ചെയ്ത ഭൂമിയിൽ മുക്കാൽ സെന്റ് ഭൂമിയുടെ കുറവുണ്ടായിരിക്കുകയാണ്. അതുപോലെയുള്ള വളരെ ഗുരുതരമായ ആക്ഷേപങ്ങൾ ഈ പദ്ധതിയിൽ കടന്നുവന്നിരിക്കുകയാണ്. ഇതിൽ നിഷ്കർഷിച്ചിരിക്കുന്ന പല നിബന്ധനകളുടേയും പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. ഇപ്പോൾ പത്തുലക്ഷം രൂപ കൊടുത്താൽ, പന്ത്രണ്ട് മാസംകൊണ്ട് ഭവനം പൂർത്തിയായില്ലെങ്കിൽ 18 ശതമാനം പിഴപ്പലിശ ഈടാക്കാനുള്ള തീരുമാനം വന്നിരിക്കുന്നു. ക്രയവിക്രയ സ്വാതന്ത്ര്യമുണ്ടാകുന്നില്ല. അത്തരത്തിലുള്ള നടപടികൾ ഒഴിവാക്കണം. ഒരാൾ സ്വന്തം ഭൂമി കൊടുത്തിട്ടാണ് ഗവൺമെന്റ് നൽകുന്ന മറ്റൊരു ഭൂമിയിലേയ്ക്ക് മാറുന്നത്. അങ്ങനെയുള്ളവർക്ക് ക്രയവിക്രയ സ്വാതന്ത്ര്യം ഹനിക്കുകയെന്നത് ഒരിക്കലും യോജിക്കുന്ന കാര്യമല്ലായെന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്......

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, പുനർഗേഹം പദ്ധതിയുമായി ബന്ധപ്പെട്ട് നേരത്തെയുണ്ടായിരുന്ന വ്യവസ്ഥകളിൽ ധാരാളം മാറ്റം വന്നിട്ടുള്ള കാര്യം

അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഭൂമിക്ക് 6 ലക്ഷം രൂപ നിശ്ചയിച്ചിരുന്നു. പിന്നീട് 6 ലക്ഷം രൂപയിൽ കുറഞ്ഞ ഭൂമി വാങ്ങിയാലും ബാക്കി തുക വീടിന്റെ നിർമ്മാണത്തിന് വിനിയോഗിക്കാമെന്ന നിലയിലേയ്ക്കും അതോടൊപ്പം ഏത് ഭൂമിയാണോ വിട്ടുകൊടുത്തിട്ട് മറ്റൊരു ഭൂമിയിലേയ്ക്ക് മാറുന്നത്, അങ്ങനെ വിട്ടുകൊടുത്ത ഭൂമിയുടെ അവകാശം ബന്ധപ്പെട്ട ആളിൽത്തന്നെ നിക്ഷിപ്തമാകുന്ന നിലയിലേയ്ക്കുള്ള മാറ്റം വന്നിട്ടുണ്ടെന്നതടക്കമുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ഇങ്ങനെ വിട്ടുകൊടുത്ത ഭൂമിയിൽ ഏതെങ്കിലും രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പിന്നീട് സാധ്യമാകില്ല. ആ ഭൂമിയിൽ യാതൊരു തരത്തിലുള്ള നിർമ്മാണവും സാധ്യമാകില്ലെന്ന് ഗവൺമെന്റുതന്നെ വ്യക്തമാക്കിയിട്ടുണ്ട്.

മി. ചെയർമാൻ: പ്ലീസ്... ആ പോയിന്റ് കൂടി പറഞ്ഞ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇതിനോടൊപ്പം അങ്ങ് മനസ്സിലാക്കേണ്ട കാര്യം, ഈ അസംബ്ലിയിൽ ശ്രീ. ഇ. ചന്ദ്രശേഖരൻ ചോദിച്ച ചോദ്യത്തിനുള്ള മറുപടിയിൽ പറഞ്ഞിരിക്കുന്നത് പുനർഗേഹം പദ്ധതി പ്രകാരം ലഭിച്ച വസ്തുവിന്റെ അളവിൽ കുറവ് വന്നിരിക്കുന്നുവെന്നാണ്. അത് എത്രയോ ഗുരുതരമായ വീഴ്ചയാണ്. ഒരു മത്സ്യത്തൊഴിലാളി സ്വന്തം ഭൂമി കൊടുത്ത് മറ്റൊരു ഭൂമിയിലേയ്ക്ക് മാറുമ്പോൾ, സർക്കാർ കൊടുത്ത ഭൂമിയിൽ, പറഞ്ഞ അളവ് ഭൂമിയില്ലായെന്ന് പറയുന്നത് വളരെ ഗുരുതരമായ വീഴ്ചയാണ്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് അക്വാകൾച്ചർ അടക്കം വ്യാപിപ്പിക്കുന്നതിനെപ്പറ്റി പറഞ്ഞു. മത്സ്യത്തീറ്റയുടെ വിലക്കയറ്റമാണ് അതിലേറ്റവും പ്രധാനമായിട്ടുള്ളത്. മത്സ്യത്തീറ്റയുടെ വില നിയന്ത്രിക്കുന്നതിനും കർഷകർക്ക് സബ്സിഡി നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുമുള്ള സാഹചര്യമുണ്ടാകണം. അതോടൊപ്പം മത്സ്യോൽപ്പന്നങ്ങൾക്ക് വിപണിയില്ലാത്തത് വളരെ വലിയ പ്രശ്നമാണ്. ഉൽപ്പാദനം നടത്താൻ ഗവൺമെന്റ് പറയും. എന്നാൽ എവിടെ കൊണ്ടുപോയി വിപണനം നടത്തുമെന്ന് വ്യക്തമാക്കുന്നില്ല. അത് പ്രധാനപ്പെട്ടൊരു പ്രശ്നമായി മാറിയിരിക്കുകയാണ്. ഈ മേഖലയിലേയ്ക്ക് കൂടുതൽ കർഷകരെ കൊണ്ടുവരുമെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുമ്പോൾ ഒരിക്കൽ ആ മേഖലയിലേയ്ക്ക് കടന്നവർ പിന്നെ അതിലേയ്ക്ക് കടക്കാത്ത സാഹചര്യം ഇന്ന് നിലനിൽക്കുകയാണ്. അങ്ങനെ പല തരത്തിലുള്ള പ്രശ്നങ്ങൾ ഈ മേഖല അഭിമുഖീകരിക്കുന്നുവെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇന്നിവിടെ അവതരിപ്പിക്കുന്ന പല ബില്ലുകളും യാഥാർത്ഥ്യങ്ങളെ മറച്ചുവച്ചുകൊണ്ട് മത്സ്യത്തൊഴിലാളികളുടെ സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റമാണ് അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. നമ്മുടെ കടൽത്തീരങ്ങളിൽ ആശങ്കയുടെ തിരമാലകളാണ് ഇപ്പോൾ അലയടിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ 15 ശതമാനം മാത്രം വരുന്ന തീരദേശ മേഖലയിലാണ് മത്സ്യത്തൊഴിലാളികളുടെ മുക്കാൽ ഭാഗവും നമ്മുടെ ജനസംഖ്യയുടെ 30 ശതമാനവും വരുന്നവർ താമസിക്കുന്നത്. ഗോത്ര വർഗ്ഗക്കാർ ആവാസ വ്യവസ്ഥയിൽനിന്ന് വിഭവ സമാഹരണം നടത്തി ഉപജീവനം നടത്തുന്നതുപോലെ തീരവാസികൾ സമുദ്രങ്ങളിൽനിന്ന് വിഭവങ്ങൾ സ്വായത്തമാക്കിയാണ് ജീവിച്ചുപോരുന്നത്. ആ വിഭവ ലഭ്യത തന്നെയാണ് അവരെ മത്സ്യത്തൊഴിലാളികളാക്കി മാറ്റിയത്. മത്സ്യത്തൊഴിലാളികൾ 98 ശതമാനവും പരമ്പരാഗത മത്സ്യത്തൊഴിലാളികളാണ്. ഇവരിൽ 70 ശതമാനത്തിലധികം കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുമാണ്. കരുവാന്റെ ആലയിൽ കെട്ടിയ മുയലിനെപ്പോലെയാണ് ഈ പാവം ജനങ്ങളുടെ ജീവിതാവസ്ഥ. തിരമാല ഒന്നുയർന്നാൽ, കാറ്റൊന്ന് വീശിയാൽ, മഴയൊന്ന് കടുത്താൽ അവരിൽ ഉയരുന്ന ഭയവും മറ്റ് വിഹ്വലതകളും പ്രയാസങ്ങളും നാം ഉൾക്കൊള്ളേണ്ടതുണ്ട്. കേരളത്തിന്റെ വികസനങ്ങളിൽനിന്നും ആദിവാസികളെപ്പോലെ പിറകിലാണ് അവർ. അവർ കൊണ്ടുവരുന്ന മത്സ്യം നമുക്ക് വേണം; എന്നാൽ അവരെ വേണ്ട. കേരളത്തിന് പ്രോട്ടീൻ സമ്മാനിക്കുന്നത് അവരാണ്. പ്രളയകാലത്ത് അവർ നടത്തിയ പ്രവർത്തനങ്ങൾ മഹത്തരങ്ങളാണ്. അതിന് അവരെ നമ്മൾ വാനോളം പുകഴ്ത്തുകയുണ്ടായി. എന്നാൽ പ്രത്യേകിച്ച് നാം എന്താണ് അവർക്ക് നൽകിയത്? ഭവനരഹിതരും സ്വന്തമായി സ്ഥലമില്ലാത്തവരുമാണ് അവർ. ഉള്ള സ്ഥലം തന്നെ എത്ര കാലം നിലനിൽക്കുമെന്ന് ഒരുറപ്പുമില്ല. അപകടകരമായി മത്സ്യബന്ധനം നടത്തുന്നവർക്ക് എന്ത് സുരക്ഷിതത്വമാണ് നാം നൽകുന്നത്? Sea Ambulance ആരംഭിക്കുമെന്ന് നാം പറഞ്ഞിരുന്നുവല്ലോ; ഹെലികോപ്റ്റർ തയ്യാറാക്കുമെന്നും പറഞ്ഞതല്ലേ; അതൊന്നും പ്രാവർത്തികമായില്ല. ഇത്രയും കഷ്ടപ്പാടുകൾ നിറഞ്ഞ ജീവിതം നയിക്കുന്ന ഏത് ജനവിഭാഗമാണ് കേരളത്തിലുള്ളത്? കടലിലെ ജലനിരപ്പ് ഉയരൽ, ആഗോളതാപനം, കൊടുങ്കാറ്റ്, തീവ്രമഴ, കടൽക്ഷോഭം, വെള്ളപ്പൊക്കം തുടങ്ങിയ പ്രശ്നങ്ങൾ എന്നും അവരെ അസ്വസ്ഥമാക്കിക്കൊണ്ടിരിക്കുകയാണ്. "കുനിന്മേൽ കുരു" എന്നപോലെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഇടപെടലുകളും മറ്റ് ചിലപ്പോൾ സർക്കാരിന്റെ അലസമായ സമീപനങ്ങളും അവരുടെ ദുരിതം കനപ്പെടുത്തുന്നു. തീരദേശ മേഖലാ നിയന്ത്രണ ചട്ടം (CRZ) വ്യക്തതയോടെ നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായി. 1966-ൽ കേരളം സമർപ്പിച്ച പ്ലാൻ അന്തിമ രൂപമാകാതെ കരട് മാത്രമായി ഇപ്പോഴും തുടരുന്നു. അതിനുമീതെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക കൗൺസിൽ തയ്യാറാക്കിയ കേന്ദ്ര സർക്കാരിന്റെ ദേശീയ ഫിഷറീസ് നയം-2020, ബ്ലൂ ഇക്കോണമി എന്നറിയപ്പെടുന്ന

സമുദ്ര സമ്പദ്‌വ്യവസ്ഥയുടെ കരടും തയ്യാറായി. 2020 ഫെബ്രുവരി 17-ന് പുറത്തിറക്കിയ ഈ നയത്തിൽ അഭിപ്രായം പറയാൻ 10 ദിവസം മാത്രമാണ് അനുവദിച്ചത്. പ്രസ്തുത ദിവസം കഴിഞ്ഞശേഷമാണ് മത്സ്യത്തൊഴിലാളികളും തൊഴിലാളി സംഘടനകളും മാത്രമല്ല, സംസ്ഥാന സർക്കാരുകൾപോലും ആ വിവരം അറിഞ്ഞത്. സാധാരണഗതിയിൽ രണ്ടോ മൂന്നോ മാസം വരെ സമയം അനുവദിക്കാറുണ്ട്. 7 പുസ്തകങ്ങളിലായി 607 പേജുകളുള്ള ഈ രേഖ തിരക്കിട്ട് അവതരിപ്പിച്ചതിന്റെ താൽപ്പര്യത്തിൽ വലിയ ദുരൂഹതയും ആശങ്കയുമുണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിനും മത്സ്യോല്പന്ന സംസ്കരണത്തിനും വിപണനത്തിനുമായി കേരളത്തിലെ ഇടതുപക്ഷ സർക്കാർ ഒരു അമേരിക്കൻ കമ്പനിയുമായി ചേർന്ന് 5324.49 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയത് നമുക്കറിയാമല്ലോ; ജനങ്ങളുടെ പ്രതിഷേധത്തിന് മുമ്പിൽ പിടിച്ചുനിൽക്കാനാകാതെ വന്നപ്പോൾ അത് മാറ്റിവച്ചുവെന്നതും ശരിയാണ്. മുഖം മാറ്റി ഇനിയും അത് പ്രത്യക്ഷപ്പെടുമോ എന്നറിയില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകേണ്ട പരിസ്ഥിതി മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് പ്രാദേശിക ഭൂപടങ്ങൾ തയ്യാറാക്കേണ്ടതുണ്ട്. ഭൂപടം തയ്യാറാക്കിയിട്ടില്ലാത്തതിനാൽ 1,2,3,4 എന്നീ സോണുകൾ എവിടെയൊക്കെയാണെന്ന് ഒരറിവുമില്ല. കാര്യങ്ങൾ വളരെ അലസമായാണ് നീങ്ങുന്നത്. എന്നാൽ ഒരു രസാവഹമായ കാര്യം അതിനിടയ്ക്ക് നടന്നു. പെട്ടെന്നൊരു നാൾ സർക്കാർ സടകുടഞ്ഞ് എഴുന്നേറ്റു. പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന ഹൈവേകളിലെ മദ്യവില്പനശാലകൾ പൂട്ടണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശം വന്നപ്പോഴായിരുന്നു അത്. കേരളം ചെറിയൊരു സംസ്ഥാനമാണെന്നും ഇവിടെ ചതുരശ്ര കിലോമീറ്ററിലെ ജനസാന്ദ്രത 859 വരെയാണെന്നും ഇവിടെ നഗര-ഗ്രാമ വ്യത്യാസങ്ങളില്ലെന്നും അതുകൊണ്ട് കേരളത്തെ ഒരു നഗരമായി കാണേണ്ടതുണ്ടെന്നും ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സത്യവാങ്മൂലം നൽകാൻ സർക്കാർ മുന്നോട്ടുവന്നു. സുപ്രീംകോടതി 2018-ൽ അത് അംഗീകരിക്കുകയും ചെയ്തു. തീരദേശത്തെ ആശ്രയിച്ച് ജീവിക്കുന്ന ജനവിഭാഗങ്ങളുടെ സുരക്ഷയ്ക്കും അവരുടെ സുസ്ഥിര പുരോഗതിക്കും കോട്ടം തട്ടാതെയും തീരദേശ ആവാസ വ്യവസ്ഥയ്ക്ക് തകർച്ച സംഭവിക്കാതെയുമാകണം അവിടത്തെ വികസന പ്രവർത്തനങ്ങൾ നടത്തേണ്ടത്. 1991 മുതൽ 2019 വരെയുള്ള വിജ്ഞാപനങ്ങളിൽ പല ഭേദഗതികളും പരിഷ്കാരങ്ങളും നടന്നുവെങ്കിലും തീരദേശവാസികളുടെ ആവശ്യങ്ങളെ മാനിച്ചുകൊണ്ടുള്ള മാറ്റങ്ങൾ ഉണ്ടായിട്ടില്ല. തീരദേശങ്ങളിൽ പ്രത്യേകിച്ച് അനുമതി ആവശ്യമില്ലാത്ത നിർമ്മാണങ്ങൾപോലും തടഞ്ഞുവയ്ക്കുന്ന അവസ്ഥ ഇന്നുണ്ട്. മത്സ്യഫെഡിൽ രജിസ്റ്റർ ചെയ്ത സംഘങ്ങളിൽനിന്നും മത്സ്യഫെഡ് മത്സ്യം സംഭരിക്കുന്നില്ലെന്നുള്ളതാണ് വസ്തുത. പുറംരാജ്യങ്ങളിൽനിന്നും അയൽ

സംസ്ഥാനങ്ങളിൽനിന്നുമുള്ള മത്സ്യങ്ങൾ നിർബാധം ഒഴുകിവരുന്നു. അവ ഏറെ വിഷം കലർന്നവയുമാണ്. നമ്മുടെ തീരമേഖലയെ മാത്രമല്ല സംസ്ഥാനത്തെ മുഴുവൻ ജനങ്ങളുടെയും ആരോഗ്യത്തെ ഇത് ബാധിക്കുന്നു. അതിരൂക്ഷ തീരദേശ ശോഷണ മേഖലയിൽ പരമാവധി വേലിയേറ്റ നിരപ്പിൽനിന്നും 50 മീറ്റർ ദൂരത്തിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ തീരദേശത്തുനിന്നും അകലത്തിലല്ലാതെ, അവരുടെ ഉപജീവനത്തിന് വിഘ്നം വരാതെ മാറ്റിപ്പാർപ്പിക്കുന്നതിന് സംവിധാനമൊരുക്കണം. സംസ്ഥാനത്തിന്റെ വരുമാനത്തിൽ വലിയൊരു തുക സമ്മാനിക്കുന്നവരാണ് തീരദേശവാസികൾ. 2019-20 വർഷത്തിൽ 5020.34 കോടി രൂപ മത്സ്യം കയറ്റുമതിയിലൂടെ രാജ്യത്തിന് ലഭിക്കുകയുണ്ടായി. ഇവർക്ക് നമ്മൾ എന്താണ് തിരിച്ചുകൊടുക്കുന്നത് എന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. നമ്മുടെ റവന്യൂ വരുമാനത്തിൽ വലിയൊരു തുക അവരുടെ അദ്ധ്വാനത്തിലൂടെ, മത്സ്യത്തൊഴിലാളികളിലൂടെ നമുക്ക് വന്നുചേരുന്നുണ്ട്. എന്നാൽ അതിനനുസൃതമായുള്ള തിരിച്ചുകൊടുക്കൽ നടക്കുന്നില്ലെന്നത് വളരെ ഖേദകരമാണ്. അപകട ഇൻഷ്വറൻസിൽ 25 ശതമാനം ആളുകൾപോലും ഇപ്പോഴും അംഗങ്ങളായിട്ടില്ല. അതിന് ഒരു വിഹിതം/പ്രീമിയം അങ്ങോട്ട് കൊടുക്കേണ്ടതുണ്ട് എന്നുള്ളതൊക്കെ അവർക്ക് തടസ്സമായും പ്രയാസമായും മാറുന്നു. അതുകൊണ്ട് ഒരു പ്രത്യേക വിഭാഗമെന്ന നിലയ്ക്കുതന്നെ മത്സ്യത്തൊഴിലാളികളെ കണ്ടുകൊണ്ട്, ആ പ്രീമിയം സർക്കാർ ഏറ്റെടുത്തുകൊണ്ട് പൂർണ്ണമായും മുഴുവൻ ആളുകളെയും ഇൻഷ്വറൻസിൽ ഉൾപ്പെടുത്താവുന്ന സംവിധാനം ഒരുക്കേണ്ടതുണ്ട്.

മണ്ണെണ്ണ വില ഇന്നും വർദ്ധിച്ചതായി നമ്മൾ വാർത്തയിൽ വായിക്കുകയുണ്ടായി. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ 1000 ലിറ്റർ വരെ ഉപയോഗിക്കേണ്ടതായി വരാറുണ്ട്. 140 മുതൽ 190 ലിറ്റർ വരെ മണ്ണെണ്ണയാണ് മത്സ്യഫെഡ് മുഖേന സബ്സിഡിയായി നൽകിവരുന്നത്. അത് വർദ്ധിപ്പിക്കുകയും ആവശ്യമുള്ള മണ്ണെണ്ണ കൊടുക്കാവുന്നൊരു സാഹചര്യമുണ്ടാകുകയും ചെയ്യണം. ഡീസൽ എഞ്ചിൻ ഉപയോഗിക്കുന്ന മത്സ്യത്തൊഴിലാളികളുണ്ട്. മണ്ണെണ്ണയ്ക്ക് കൊടുക്കുന്നതുപോലെയുള്ള സബ്സിഡി സംവിധാനം ഡീസലിനുകൂടി ഉൾപ്പെടുത്തേണ്ടതുണ്ട്.

വിദ്യാഭ്യാസ പ്രോത്സാഹനത്തിലൂടെയല്ലാതെ ഏതൊരു വിഭാഗത്തെയും ഉയർത്തിക്കൊണ്ടുവരാൻ കഴിയില്ല. അതുകൊണ്ട് മത്സ്യത്തൊഴിലാളി കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് പ്രത്യേകമായ സൗജന്യങ്ങളും സൗകര്യങ്ങളും ഒരുക്കിക്കൊടുക്കേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസ തലങ്ങളിലേയ്ക്ക് അവരെ കൈപിടിച്ചുയർത്താൻ സഹായകമാകുന്ന രീതിയിൽ പ്രത്യേക സംവരണ വ്യവസ്ഥ മത്സ്യത്തൊഴിലാളി കുടുംബത്തിലെ കുട്ടികൾക്ക് നൽകേണ്ടത് അനിവാര്യമാണ്.

അല്ലെങ്കിൽ ഈ മേഖലയിലെ കുട്ടികൾക്ക് മുൻഗണന നൽകുന്ന പ്രത്യേക കോളേജുകൾ ആരംഭിച്ചുകൊണ്ട് അവിടത്തെ വിദ്യാർത്ഥികൾക്ക് പഠിക്കുവാൻ, ഗിരിവർഗ്ഗ ഗോത്രത്തിലെ വിദ്യാർത്ഥികൾക്ക് നൽകുന്നതുപോലെയുള്ള ഒരു സൗകര്യവും സംവിധാനവും അവർക്കും തയ്യാറാക്കിക്കൊടുക്കേണ്ടതുണ്ട്. അതുപോലെതന്നെ ഫിഷറീസ് സ്കൂളുകൾ മികവിന്റെ കേന്ദ്രമായി മാറ്റേണ്ടതുണ്ട്. തീരദേശവാസികളുടെ വീട്ടുപണി ഇപ്പോൾ നടക്കുന്നില്ല, സ്തംഭിച്ചു നിൽക്കുകയാണ്. കെട്ടിട പെർമിറ്റ് കിട്ടാത്തതാണ് ഇതിൽ മഹാഭൂരിപക്ഷം ആളുകളുടെയും പ്രശ്നം. കെട്ടിട പെർമിറ്റിനുവേണ്ടി കാത്തിരിക്കാതെ മറ്റ് നിബന്ധനകൾ പാലിച്ചുകൊണ്ട് വീട് നിർമ്മിക്കുവാനുള്ള അവസരം മത്സ്യത്തൊഴിലാളികൾക്ക് നൽകേണ്ടതുണ്ട്. ഒരു വർഷത്തിൽ മൂന്നോ നാലോ മാസം വരെ കടലിൽ പോകാൻ കഴിയാത്ത കാലം മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം വന്നുചേരാറുണ്ട്. ആ കാലഘട്ടത്തിൽ അവരുടെ വീട്ടിലെ സ്ഥിതി വളരെയേറെ പരിതാപകരമാണ്. പട്ടിണിയോടുകൂടി കഴിയുന്ന, നമുക്ക് ചിന്തിക്കാൻ പോലും കഴിയാത്ത സാഹചര്യങ്ങൾ അവർ ആ സമയത്ത് നേരിടുകയാണ്. നമ്മുടെ സമ്പത്തിൽ വലിയൊരു തുക സമ്മാനിക്കുന്ന, നമുക്ക് പ്രോട്ടീൻ നൽകുന്ന, ഇതുമായി ബന്ധപ്പെട്ട് ധാരാളം ആളുകൾക്ക് അനുബന്ധ വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും അവസരം ലഭിക്കുന്ന, കേരളത്തിലെ വലിയൊരു വ്യവസായ വ്യാപാര സംരംഭത്തിന് കൈത്തിരി നൽകുന്ന മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകുവാനും അദ്ധ്വാനിക്കാനും കഴിയാത്ത കാലത്ത് പൂർണ്ണമായി അവരുടെ ജീവിതച്ചെലവ് സർക്കാർ ഏറ്റെടുക്കുന്ന സാഹചര്യമാണുണ്ടാകേണ്ടത്.

എന്റെ മണ്ഡലമായ തിരൂരിൽ ഒരു മിനി ഹാർബറിനുവേണ്ടിയുള്ള ആവശ്യം വളരെക്കാലമായി ഉന്നയിക്കുന്നുണ്ട്. അത് ലഭ്യമാക്കുവാനുള്ള സംവിധാനം ഉണ്ടാക്കണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. അതുപോലെ നമ്മൾ ഇവിടെ അംഗീകരിക്കുന്ന ഫിഷറീസ് സർവ്വകലാശാലയുടെ ഒരു സെന്റർ തിരൂരിൽ ആരംഭിക്കണമെന്നുകൂടി ഞാൻ ഇവിടെ ആവശ്യപ്പെടുന്നു. അതുപോലെ വെട്ടം പഞ്ചായത്തിലെ പറവണ്ണ ബീച്ചിൽ ഒരു മിനി പാർക്കും വാക്കിംഗ് ട്രാക്കും ഒരു ഓപ്പൺ ജിമ്മും അവിടത്തെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുവേണ്ടി സജ്ജീകരിക്കുവാൻ തയ്യാറാകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, വിയോജിപ്പ് രേഖപ്പെടുത്തുന്നു. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട വിഴിഞ്ഞം സ്വദേശിയായ ഒരു മത്സ്യത്തൊഴിലാളി ചെറുപ്പക്കാരൻ, പനിയടിമ കഴിഞ്ഞ ദിവസം മത്സ്യബന്ധനത്തിനിടെ കടലിൽ വീണുമരിച്ചു. അദ്ദേഹത്തിന്റെ മൃതദേഹം പോസ്റ്റ്മോർട്ടം കഴിഞ്ഞ് മെഡിക്കൽ കോളേജിൽനിന്നും വീട്ടിലേയ്ക്ക് കൊണ്ടുപോകുന്ന സന്ദർഭത്തിലാണ് നമ്മളിവിടെ

ഈ ബില്ലുകളെക്കുറിച്ച് ചർച്ച ചെയ്യുന്നത്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതത്വത്തെക്കുറിച്ചല്ലേ ആദ്യം ചിന്തിക്കേണ്ടത്? അങ്ങ് ആ സ്ഥലം സന്ദർശിച്ചതാണ്. അവിടെ മണ്ണടിയുന്നുവെന്നും ആ മണ്ണ് ഡ്രെഡ്ജ് ചെയ്ത് നീക്കണമെന്നും അതിന് അദാനി കമ്പനിയെ ചുമതലപ്പെടുത്തിയെന്നുമൊക്കെ അങ്ങിവിടെ പറയുകയുണ്ടായി. പക്ഷേ അപകടങ്ങൾ ഒരു തുടർക്കഥയായി അവിടെ നടക്കുകയാണ്. മത്സ്യത്തൊഴിലാളികളുടെ ജീവന് ഒരു സുരക്ഷിതത്വവും കൊടുക്കാൻ നമുക്ക് ഇതുവരെയും കഴിഞ്ഞിട്ടില്ല. അവരുടെ സുരക്ഷിതത്വത്തിനുവേണ്ടി നമ്മൾ ഒരുക്കിയിട്ടുള്ള എല്ലാ സംവിധാനങ്ങളും പരാജയപ്പെടുകയാണ്. ഓഖി ദുരന്തമുണ്ടായതിനുശേഷം ഉൾക്കടലിൽനിന്നും മെസ്സേജ് അയയ്ക്കാനേർപ്പെടുത്തിയ നാവിക് സംവിധാനം ഇന്ന് പ്രവർത്തിക്കുന്നില്ല. അതുപോലെ V.H.F. (Very High Frequency) radio; അതിന്റെ ലൈസൻസ് ഫീസുൾപ്പെടെ 6253 രൂപ മത്സ്യത്തൊഴിലാളി വിഹിതമായി അടച്ചെങ്കിലും നാളിതുവരെ വി.എച്ച്.എഫ്. റേഡിയോ വിതരണം ചെയ്തിട്ടില്ല. അതുപോലെ ഉൾക്കടലിൽനിന്നുപോലും വിവരങ്ങൾ വീട്ടിലേയ്ക്കും ഡിപ്പാർട്ടുമെന്റിലേയ്ക്കും വിളിച്ചറിയിക്കാൻ കഴിയുന്ന തരത്തിലുള്ള സാറ്റലൈറ്റ് ഫോണിന് 1000 രൂപ മത്സ്യത്തൊഴിലാളി അടച്ചതാണ്. ഒരു കോളിനുതന്നെ 30 രൂപയാണ്. ഒരു വർഷം കഴിഞ്ഞ് സർക്കാർ അത് റീ-ചാർജ്ജ് ചെയ്ത് കൊടുക്കാത്തതിനാൽ പ്രവർത്തിക്കുന്നില്ല. ഇൻഷ്വറൻസ് യാനങ്ങൾക്ക് ഇൻഷ്വറൻസുണ്ടെങ്കിലും യഥാസമയം ഇൻഷ്വറൻസിന്റെ ക്ലെയിം ലഭിക്കുന്നില്ല. ടൗട്ടേ ചുഴലിക്കാറ്റുണ്ടായ സന്ദർഭത്തിൽ അങ്ങ് ഉൾപ്പെടെ 5 മന്ത്രിമാർ വിഴിഞ്ഞത്ത് വന്നിരുന്നു. അന്ന് അപകടത്തിൽപ്പെട്ട രണ്ടുപേരുടെ ബോട്ടുകൾക്ക് - (ജെയ്ലോപ്പസും റോവിനും) - ഇതുവരെയും ക്ലെയിം കിട്ടിയിട്ടില്ല. ഇതുമാത്രമല്ല എല്ലായിടത്തും ഈ വിഷയമുണ്ട്. ക്ലെയിം കൊടുക്കുന്ന കാര്യത്തിൽ ഇൻഷ്വറൻസ് കമ്പനി കുറ്റകരമായ അനാസ്ഥയാണ് കാണിക്കുന്നത്. അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കാനുള്ള സുരക്ഷാ ബോട്ടുകളുടെ അവസ്ഥയെന്താണെന്ന് അങ്ങേയ്ക്ക് വളരെ കൃത്യമായറിയാം. അത് സമ്പൂർണ്ണ പരാജയമാണെന്ന് അറിഞ്ഞുകൊണ്ട് തന്നെയാണ് അങ്ങിപ്പോൾ പുതിയ ചില സംരംഭങ്ങളിലേയ്ക്ക് എത്തിയിരിക്കുന്നത്. പക്ഷേ അത് എത്ര കാലമെടുക്കുമെന്ന് നമ്മൾ കാത്തിരുന്ന് കാണേണ്ടതാണ്. മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ് എന്നിവയുടെ പ്രവർത്തനത്തിനായി വാടകയ്ക്കെടുത്ത ബോട്ടുകളെല്ലാം പല സ്ഥലങ്ങളിലും കട്ടപ്പുറത്തിരിക്കുകയാണ്. ഇങ്ങനെ മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതത്വത്തിനുവേണ്ടി നമ്മൾ ഒരുക്കിയെന്ന് പറയുന്ന എല്ലാ സംവിധാനങ്ങളും പരാജയപ്പെട്ടിരിക്കുമ്പോൾ ആ മത്സ്യത്തൊഴിലാളികളെ കൂടുതൽ കുരുക്കിലേയ്ക്കെത്തിക്കുന്ന നിയമങ്ങളുമായിട്ടാണ് സർക്കാർ വന്നിരിക്കുന്നത്. മത്സ്യബന്ധന ലേലവുമായി ബന്ധപ്പെട്ടുള്ള ഈ

നിയമം മത്സ്യത്തൊഴിലാളികളെ കൂടുതൽ കുരുക്കിലേയ്ക്കാണ് എത്തിക്കുന്നതെന്നാണ് കാണുന്നത്. നമ്മൾ സാധാരണ ചെകുത്താനും കടലിനും ഇടയ്ക്ക് എന്നുപറയുന്നതുപോലെ ഇന്ന് മത്സ്യത്തൊഴിലാളികൾ കടലിനും സർക്കാരിന്റെ ഈ നിയമത്തിനുമിടയിൽ കുടുങ്ങിപ്പോകുകയാണ്. പതിറ്റാണ്ടുകളായി ഒരോ മത്സ്യഗ്രാമത്തിലും മത്സ്യത്തൊഴിലാളികൾ സെറ്റിൽ ചെയ്തിട്ടുള്ള സമ്പ്രദായങ്ങളുടെ അടിസ്ഥാനത്തിലാണ് മത്സ്യവിപണനവും വ്യാപാരവും ലേലവും നടക്കുന്നത്. എല്ലാം സെറ്റിൽഡായ ചില തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഓരോ മത്സ്യത്തൊഴിലാളിയും അവന്റെ വീടിനടുത്തുതന്നെ അവരുടെ യാനങ്ങൾ കൊണ്ടടുപ്പിച്ച് അവിടെയിറങ്ങുന്നു. അവന്റെ കുടുംബാംഗങ്ങൾ ഓടിവന്ന് ആ യാനങ്ങൾ കരയ്ക്കെടുത്തുവയ്ക്കുകയും സ്ത്രീകൾക്ക് ആ മത്സ്യം വിൽക്കുകയും അവർ അത് കൊണ്ടുപോയി വിൽക്കുകയും ചെയ്യുന്നു. ഇങ്ങനെ വളരെ സെറ്റിൽഡായിട്ടുള്ള സിസ്റ്റം എല്ലായിടത്തും നിലനിൽക്കുകയാണ്. തിരുവനന്തപുരം ജില്ലയിൽ പൊഴിയൂർ മുതൽ മാമ്പള്ളി വരെ രണ്ട് ഹാർബറുകളേയുള്ളൂ. വളരെ ശാന്തമായി പോകുന്ന ഒരു മേഖല, വളരെ സെറ്റിൽഡായി കാര്യങ്ങൾ നടന്നുപോകുന്ന, മത്സ്യത്തൊഴിലാളികളും വിൽക്കുന്നവരും വാങ്ങുന്നവരും തമ്മിൽ വലിയ തർക്കങ്ങളില്ലാതെ പോകുന്ന ഒരു മേഖലയാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, സർക്കാരിന്റെ കോടിക്കണക്കിന് രൂപയുടെ ഫണ്ടുപയോഗിച്ച് നിർമ്മിച്ചിട്ടുള്ള ഹാർബറുകളിൽ സർക്കാർ സംവിധാനത്തിന് ഇടപെടാൻ കഴിയാത്ത നിലയിൽ ഇന്നും അവിടെനിന്ന് സ്വകാര്യ വ്യക്തികൾ പണം പിരിക്കുന്നതും ലേലം നടത്തിക്കൊടുക്കുന്നതുമൊക്കെ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. വിൻസെന്റ്: സർ, ഹാർബർ ഒരുക്കുന്നത് മത്സ്യം വിപണനം നടത്തുന്നവർക്കും മത്സ്യബന്ധനത്തിന് പോകുന്നവർക്കും വേണ്ടിയാണ്. അവിടെ ഹാർബർ വരുമ്പോഴും അതിനുമുമ്പും പരസ്പര ധാരണയോടുകൂടി സംഘർഷമില്ലാതെ പോകുന്ന ചില സിസ്റ്റമുണ്ട്. ആ സിസ്റ്റത്തെ ഡിസ്റ്റർബ് ചെയ്യരുതെന്നാണ് ഞാൻ പറയുന്നത്. ഈ നിയമം, ഗ്യാലറിയിലിരുന്ന് കളി കാണുന്നവനെ വിക്ടറി സ്റ്റാൻഡിൽ കയറി നിൽക്കാൻ പ്രാപ്തനാക്കുന്ന നിയമമാണ്. യാനങ്ങൾ മത്സ്യത്തൊഴിലാളിയുടേതാണ്. എല്ലാ പ്രതികൂല കാലാവസ്ഥയേയും തരണം ചെയ്ത് കടലിൽപോയി മത്സ്യം പിടിക്കുന്നതും പിടിച്ച മത്സ്യം കരയ്ക്കുകൊണ്ടുവരുന്നതും മത്സ്യത്തൊഴിലാളിയാണ്. കരയ്ക്കെത്തിക്കഴിഞ്ഞാൽ പിന്നെ കരയിലിരിക്കുന്ന കുറേ ആളുകളാണ് ബാക്കിയെല്ലാം തീരുമാനിക്കുന്നത്. പിന്നെ അവർക്ക് ഇതിൽ യാതൊരു റോളുമില്ല. മത്സ്യത്തൊഴിലാളികൾക്ക് പിന്നെ അതിലൊരു കാര്യവുമില്ല.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, അങ്ങ് വഴങ്ങുമോ?

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ ഈ പോയിന്റ് പറഞ്ഞിട്ട് വഴങ്ങാം. അങ്ങ് ഈ മേഖലയിലുള്ള ആളായതുകൊണ്ട് ഞാൻ അങ്ങേയ്ക്ക് എത്ര തവണ വേണമെങ്കിലും വഴങ്ങിത്തരാം. പക്ഷേ മറ്റേതെങ്കിലും മേഖലകളിൽ, കാർഷിക മേഖലയിൽ ഒരു കൃഷിക്കാരൻ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ എങ്ങനെ, എവിടെ, ആർക്ക് വിൽക്കണമെന്ന് തീരുമാനിക്കാൻ നമ്മൾ നിയമമുണ്ടാക്കുമോ? ഒരു വ്യവസായ യൂണിറ്റ് തുടങ്ങിയാലും അതുതന്നെയല്ലേ അവസ്ഥ? അങ്ങനെ ഒരു മേഖലയിലും ഇത്തരത്തിലുള്ള നിയന്ത്രണമില്ല. കേരളത്തിന്റെ സ്വന്തം സൈന്യമെന്ന് നിങ്ങൾ വിശേഷിപ്പിച്ച, നമ്മൾ വിശേഷിപ്പിക്കുന്ന മത്സ്യത്തൊഴിലാളികൾ എല്ലാ ദിവസവും കഷ്ടപ്പെട്ട്, ബുദ്ധിമുട്ടുകൾ തരണംചെയ്ത് ജീവൻ കയ്യിൽ പിടിച്ചുകൊണ്ട് അപകടകരമായ സാഹചര്യത്തിൽ ജീവസന്ധാരണത്തിനുവേണ്ടി കടലിൽ പോയി പിടിച്ചുകൊണ്ടുവരുന്ന മത്സ്യസമ്പത്ത് എന്ത് ചെയ്യണമെന്നുള്ളത് ഇന്നയിന്ന ആളുകൾ തീരുമാനിക്കുമെന്ന് പറയുന്നത് എത്ര തെറ്റായ കാര്യമാണ്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ബഹുമാനപ്പെട്ട അംഗം യഥാർത്ഥത്തിൽ ഈ ബില്ലിന്റെ അന്തഃസത്തയിൽനിന്നുതന്നെ മാറുകയല്ലേ? മത്സ്യം പിടിച്ചുകൊണ്ടുവരുന്ന തൊഴിലാളിക്ക് അവൻ പിടിച്ചുകൊണ്ടുവന്ന മത്സ്യത്തിന്റെ പൂർണ്ണ അവകാശം ഉറപ്പുവരുത്തുകയല്ലേ; ബഹുമാനപ്പെട്ട അംഗം നേരത്തെ ഇവിടെ പറഞ്ഞതുപോലെ കരയ്ക്കെത്തിക്കുന്ന ജോലി മാത്രമേ അവനുള്ളൂ. അതു കഴിഞ്ഞാൽ അവൻ കാഴ്ചക്കാരനാണ്. അവൻ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് എന്ത് വില കിട്ടണമെന്നോ അത് ആർക്ക് കൊടുക്കണമെന്നോ ഒന്നും അവന് തീരുമാനിക്കാനുള്ള അവകാശമില്ല. പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് വില ഉറപ്പുവരുത്താനും അതിൽ അവനുള്ള അവകാശം ഉറപ്പുവരുത്താനും കഴിയുന്ന കാര്യങ്ങളാണ് യഥാർത്ഥത്തിൽ ഈ ബില്ലിനകത്ത് ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നുള്ള വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ?

1.00 pm]

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, എങ്ങനെയാണ് ഓരോ മേഖലയിലും വില നിശ്ചയിക്കുന്നതെന്ന് അങ്ങേയ്ക്ക് വളരെ വ്യക്തമായി അറിയാം. ആദ്യം വരുന്ന യാനങ്ങളിലെ മത്സ്യത്തിന് ഒരു വിലയായിരിക്കും, കൂടുതൽ മത്സ്യം വരുമ്പോൾ ആ വിലയിൽ വ്യത്യാസം വരും. പിന്നീട് മത്സ്യം കുറഞ്ഞാണ് വരുന്നതെങ്കിൽ അതിലും വ്യത്യാസം വരും. രാവിലെയുള്ള വിലയായിരിക്കുകയില്ല ഉച്ചയ്ക്കും വൈകുന്നേരവുമുള്ള വില. ഓരോ വിലയും അപ്പോഴുള്ള സാഹചര്യത്തിനനുസരിച്ച്

കൃത്യമായി മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന സ്ഥിതിയാണുള്ളത്. ഈ നിയമത്തിന്റെ 19-ാം വകുപ്പനുസരിച്ച് അടിസ്ഥാനവില വേറെ ആളുകൾ തീരുമാനിച്ച് മുന്നോട്ടുപോകുന്ന സാഹചര്യമാണ് വരാൻ പോകുന്നത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ,.......

ശ്രീ. എം. വിൻസെന്റ്: സർ, എല്ലായ്പ്പോഴും വഴങ്ങാൻ ഞാൻ നിൽക്കുന്നില്ല. ബഹുമാനപ്പെട്ട ചെയർ എനിക്ക് സമയം തന്നാൽ ഞാൻ വഴങ്ങാം. അങ്ങേയ്ക്ക് വഴങ്ങിത്തരണമെന്ന് വലിയ ആഗ്രഹമുള്ള ആളാണ് ഞാൻ. പക്ഷേ സമയ പരിമിതികൊണ്ടാണ് ഞാൻ വഴങ്ങാത്തത്. മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ചൂഷണത്തിൽനിന്ന് അവരെ രക്ഷിക്കാനെന്ന പേരിലാണ് ഈ ബിൽ കൊണ്ടുവന്നത്. ചൂഷണത്തിൽ നിന്ന് രക്ഷിക്കാൻവേണ്ടി നടത്തുന്നൊരു മോഷണമാണിത്. മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് അഞ്ച് ശതമാനം കമ്മീഷൻ മാനേജ്മെന്റ് കമ്മിറ്റിക്ക് കൊടുക്കണം. ആ അഞ്ച് ശതമാനത്തിന്റെ സ്പ്ലിറ്റ്-അപ്പിൽ നിങ്ങൾ പറഞ്ഞിരിക്കുന്നത്, അതിൽ നാൽപ്പത് ശതമാനം ഇവർക്ക് ബോണസ്സായി കൊടുക്കുമെന്നാണ്. അവരുടെ കയ്യിൽനിന്നും പണം വാങ്ങി അവർക്ക് ഒരുമിച്ച് കൊടുക്കുന്നതിന് നിങ്ങളുടെ സഹായം എന്തിനാണ്? അവർക്ക് വല്ല ചിട്ടിക്കമ്പനിയിലും ചേർന്നാൽ പോരെ? അതിൽ സർക്കാർ എന്തുകൊടുക്കുന്നു? നിങ്ങൾ അഞ്ച് ശതമാനം കമ്മീഷൻ വാങ്ങി, അത് പലയാളുകൾക്കും വീതിച്ചു കൊടുത്തിട്ട് ആ അഞ്ച് ശതമാനത്തിന്റെ നാൽപ്പത് ശതമാനം ഇവർക്ക് ഒരുമിച്ച് ബോണസ് കൊടുക്കുമെന്ന് പറഞ്ഞാൽ, എന്തോ വലിയ കാര്യം ചെയ്യുന്നതുപോലെയാണ്. സർക്കാർ ഇക്കാര്യത്തിൽ എന്തുചെയ്യാൻ പോകുന്നു; അവർക്ക് എത്ര കൊടുക്കാൻ പോകുന്നുവെന്നുള്ളതാണ് പ്രസക്തമായ കാര്യം. നിങ്ങൾ അത് ചെയ്യുന്നില്ല. അതുപോലെ മത്സ്യത്തൊഴിലാളി മത്സ്യം കൊണ്ടുവന്നാൽ എന്തൊക്കെയാണ് ചെയ്യേണ്ടത്? അവർ പിടിച്ചുകൊണ്ടുവന്ന മത്സ്യം നിയമവിധേയമായിട്ടാണോ എന്നത് ഉപഭോക്താവിനെ ബോദ്ധ്യപ്പെടുത്താൻ മത്സ്യത്തിന്റെ ഉറവിടം, പിടിച്ചെടുത്ത മാർഗ്ഗം എന്നിവയടങ്ങുന്ന സാക്ഷ്യപത്രം ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസറിൽനിന്നും വാങ്ങണം. മത്സ്യം പിടിച്ചാൽ മാത്രം പോര, അത് വിപണനം ചെയ്യുന്നതിനുമുമ്പ് മത്സ്യത്തൊഴിലാളി ചെയ്യേണ്ട കാര്യങ്ങളാണിത്. കൂടാതെ മത്സ്യബന്ധനം നടത്തി പിടിച്ചെടുത്ത മത്സ്യം ഗുണനിലവാരമുള്ളതാണെന്നതിനും ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസറിൽ നിന്ന് സാക്ഷ്യപത്രം വാങ്ങണം. ഇതെല്ലാം വാങ്ങിയിട്ടാണ് ഇവരുടെ കയ്യിൽ കൊടുക്കുന്നത്. ഗുണനിലവാരം നിശ്ചയിക്കുന്നത് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, ഫിഷറീസ് ഓഫീസർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരാണെന്നാണ് വിവിധ സെക്ഷനുകളിലായി പറഞ്ഞിരിക്കുന്നത്.

മത്സ്യത്തിൽ വിഷാംശം കലർന്നിട്ടുണ്ടോ, ഇല്ലയോ എന്ന് അറിയാൻവേണ്ടി ഈ ഓഫീസർമാർ എന്ത് യോഗ്യതയാണ് നേടിയിട്ടുള്ളത്? ഫുഡ് സേഫ്റ്റി ഓഫീസർമാരാണ് സാധാരണ പരിശോധന നടത്തിക്കൊണ്ടിരിക്കുന്നത്. ഇവരുടെ അടിസ്ഥാന യോഗ്യതയായി എട്ട് കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതിൽ ഏതെങ്കിലും യോഗ്യതയുള്ളവർക്കാണ് ഫുഡ് സേഫ്റ്റി ഓഫീസറായി വരാൻ കഴിയുന്നത്. അങ്ങനെയുള്ളവരിൽ ഏറ്റവും കുറഞ്ഞ യോഗ്യത എം.എസ്സ്സി. കെമിസ്ട്രിയാണ്. മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന്റെ എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നത് മാനേജ്മെന്റ് കമ്മിറ്റികളാണ്. ഫിഷ് ലാൻഡിംഗ് സെന്ററിൽ ഒരു മാനേജ്മെന്റ് കമ്മിറ്റി, ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് കമ്മിറ്റി, ഹാർബർ മാനേജ്മെന്റ് കമ്മിറ്റി., ഈ കമ്മിറ്റികളിലെല്ലാം സർക്കാരിന് ഇഷ്ടമുള്ള ആളുകളെ നിയമിക്കാൻ കഴിയുന്ന തരത്തിലാണ് വച്ചിരിക്കുന്നത്. ഫിഷ് ലാൻഡിംഗ് സെന്ററിന്റെ മാനേജ്മെന്റ് കമ്മിറ്റിയിൽ 13 പേർ, അതിൽ 10-ലും സർക്കാരിന് ഇഷ്ടമുള്ള ആളുകളെ നിയമിക്കാൻ സാധിക്കും, 3 പേരാണ് ജനപ്രതിനിധികൾ. ഹാർബർ മാനേജ്മെന്റ് കമ്മിറ്റിയിൽ 16 പേർ, അതിൽ ജില്ലാ കളക്ടറും എം.എൽ.എ.യും ഒഴികെ ബാക്കിയെല്ലാവരേയും സർക്കാരിന് ഇഷ്ടംപോലെ തീരുമാനിക്കാൻ സാധിക്കും. ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് കമ്മിറ്റിയിൽ 9 പേർ, ഒരു ജനപ്രതിനിധി ഒഴിച്ച്, പഞ്ചായത്ത് പ്രസിഡന്റ് അല്ലെങ്കിൽ മുനിസിപ്പൽ ചെയർമാൻ ഒഴിച്ച് ബാക്കിയുള്ളവരിൽ സർക്കാരിന് ഇഷ്ടമുള്ളവരെ തീരുമാനിക്കാം. കേരളത്തിലെ മത്സ്യമേഖല മുഴുവനും ഇടതുപക്ഷവൽക്കരണം നടത്തുന്നതിനുവേണ്ടിയുള്ള, ഇടതുപക്ഷത്തിന്റെ ഒരു കടലാക്രമണമാണ് ഈ നിയമം. ഇടതുപക്ഷം നടത്തുന്ന ഒരു കടലാക്രമണമാണിത്. അല്ലെങ്കിൽ ഇതിൽ വളരെ നിഷ്പക്ഷരായിട്ടുള്ള ആളുകളെ മാത്രമേ വയ്ക്കുകയുള്ളൂവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയണം. നിങ്ങൾ വയ്ക്കാൻ പോകുന്നതെല്ലാം നിങ്ങളുടെ അനുഭാവികളെയാണ്. നിങ്ങളുടെ അനുഭാവികളെ കുത്തിനിറച്ച്, എല്ലാ പ്രതികൂല കാലാവസ്ഥയിലും കടലിൽ പോയി മത്സ്യം പിടിക്കുന്നവർ അവരുടെ ദയാദാക്ഷണ്യങ്ങൾക്കുവേണ്ടി കാത്തുനിൽക്കേണ്ടി വരുന്ന ഒരു നിയമമായിട്ടാണ് അങ്ങ് ഇത് അവതരിപ്പിച്ചിരിക്കുന്നത്.

മത്സ്യത്തൊഴിലാളികൾക്ക് ഒരു സഹായവും ഈ നിയമംകൊണ്ട് ചെയ്യുന്നില്ല. പക്ഷേ മത്സ്യത്തൊഴിലാളികളെ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിലേയ്ക്ക് കയറ്റുന്ന നിയമമാണിത്. ബില്ലിലെ 4, 6, 15 സെക്ഷനുകളിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കുള്ള ശിക്ഷ, ആദ്യത്തെ തവണ രണ്ടുമാസം തടവോ ഒരു ലക്ഷം രൂപയോ ഇവ രണ്ടും കൂടിയോ, രണ്ടാം തവണയായാൽ ഒരു വർഷം തടവോ മൂന്ന് ലക്ഷം രൂപ പിഴയോ ഇവ രണ്ടും കൂടിയോ. മൂന്നാം തവണ ഒരു

വർഷം തടവോ അഞ്ച് ലക്ഷം രൂപയോ ഇവ രണ്ടും കൂടിയോ എന്നാണ്. അതുപോലെ പിഴ ശിക്ഷ 10,000 രൂപ, 25,000 രൂപ, 1,00,000 രൂപ എന്നിങ്ങനെയാണ് തീരുമാനിച്ചിരിക്കുന്നത്. ഇതുവരെ ഒരു പ്രശ്നവുമില്ലാതെ പോയിക്കൊണ്ടിരുന്ന മത്സ്യത്തൊഴിലാളികളെ ഇനി കോടതി കയറ്റേണ്ട സാഹചര്യത്തിലേയ്ക്കാണ് നിങ്ങൾ എത്തിച്ചിരിക്കുന്നത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.... പ്ലീസ്....

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ നിർത്തുകയാണ്. ഡോ. മാത്യു കുഴൽനാടൻ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ നിയമപരമായ ചില പ്രശ്നങ്ങൾകൂടി ഇതിലുണ്ട്. ബില്ലിലെ സെക്ഷൻ 28 പ്രകാരം ഒരു ന്യായനിർണ്ണയ ഉദ്യോഗസ്ഥന് ചില കാര്യങ്ങൾ ചെയ്യാൻ ചുമതലയുണ്ട്. അതിലൊന്ന്, 'ഏതെങ്കിലും കോടതിയിൽനിന്നോ ഓഫീസിൽനിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുക' എന്നതാണ്. ഇങ്ങനെ ആവശ്യപ്പെട്ടത് കിട്ടിയില്ലെങ്കിൽ Cr.P.C. 345, 346 പ്രകാരം ആ കോടതിക്കെതിരെ നടപടിയെടുക്കാനുള്ള അധികാരംവരെ കൊടുത്തിരിക്കുകയാണ്. അതായത് contempt of court ആണ്. IPC 175, 178, 179, 180, 228 എന്നീ വകുപ്പുകൾ ഉദ്യോഗസ്ഥർ കോടതികൾക്ക് ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ടതാണ്. ഇത് നടപ്പിലാക്കിയില്ലെങ്കിൽ അവർക്കെതിരെ കോടതിക്ക് നടപടി സ്വീകരിക്കാൻ കഴിയുന്ന ക്രിമിനൽ പ്രൊസീഡ്യൂർ കോഡിലെ വകുപ്പുകളാണ് 345, 346 എന്നിവ. ഈ വകുപ്പുകൾകൂടി അവർക്ക് നൽകുകയാണ് ഇതിൽ ചെയ്തിരിക്കുന്നത്. ഐസ് പ്ലാന്റ്, ചിൽഡ് സ്റ്റോറേജ്, പൂർവ്വ സംസ്കരണ കേന്ദ്രം ഇങ്ങനെയുള്ള സംസ്കരണ കേന്ദ്രങ്ങളെല്ലാം തന്നെ ഉദ്യോഗസ്ഥരുടെ ദയാ വായ്പുകൾക്കനുസരിച്ച് പ്രവർത്തിക്കണം. ഉദ്യോഗസ്ഥർക്ക് ഇഷ്ടമുള്ളതുപോലെ എന്തുകാര്യവും ചെയ്യാൻ കഴിയുന്ന ഒരവസരം ഒരുക്കിക്കൊടുത്തിരിക്കുകയാണ്. ഇത് പലപ്പോഴും അഴിമതിക്കും അതുപോലെ മറ്റ് പല അനഭിലഷണീയ പ്രവണതകൾക്കും ഇടവരുത്തുന്നതാണെന്ന് ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്. ഈ നാട്ടിൽ വളരെ കഷ്ടപ്പെട്ട് മത്സ്യംപിടിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മറ്റൊരു മേഖലയിലുമില്ലാത്ത വിധത്തിൽ അവന്റെ ഉൽപ്പന്നങ്ങളുടെമേൽ മാത്രം കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും നിയന്ത്രണങ്ങൾക്ക് വിധേയമായി മാത്രം വിപണനം ചെയ്യാൻ കഴിയുകയും പല കാര്യങ്ങളിലും ഉണ്ടാകുന്ന തെറ്റുകുറ്റങ്ങൾക്ക് കടുത്ത ശിക്ഷ നൽകുകയും കോടതി കയറ്റുകയും ചെയ്യുന്ന ഈ നിയമത്തിലുള്ള കടുത്ത വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എം. നൗഷാദ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ധീരതയുടെ കിരീടം ചൂടിയ നമ്മുടെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഈ സഭയിൽ സംസാരിക്കാൻ അവസരം ലഭിച്ചതിൽ ഞാൻ ഏറെ അഭിമാനിക്കുകയാണ്. സ്വന്തം ജീവൻകൊണ്ട് വല നെയ്ത് തിരപ്പുറത്ത് വിധിയോട് യുദ്ധം ചെയ്യുന്നവരാണ് നമ്മുടെ മത്സ്യത്തൊഴിലാളികൾ. കഴിഞ്ഞ പ്രളയകാലത്ത് നമ്മുടെ സഹോദരങ്ങളുടെ ജീവൻ രക്ഷിക്കാൻ വേണ്ടി അവർ നടത്തിയ പ്രവർത്തനം നമ്മൾ നേരിട്ട് കണ്ടതാണ്. കേരളത്തിന്റെ സൈന്യമെന്നാണ് ബഹുമാന്യനായ മുഖ്യമന്ത്രി അവരെ വിശേഷിപ്പിച്ചത്. അവരുടെ ഇന്നത്തെ അവസ്ഥ എന്താണ്? പതിറ്റാണ്ടുകളായി അവഗണന മാത്രം അനുഭവിക്കുന്ന വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. മനോഹര വാഗ്ദാനങ്ങൾ നൽകി യാതൊരുവിധ ആനുകൂല്യങ്ങളും നൽകാതെ അവരെ വോട്ട് ബാങ്കുകളാക്കി മാത്രം നിലനിർത്തിപ്പോന്നിരുന്ന ഒരു സംവിധാനമാണ് കഴിഞ്ഞ കാലങ്ങളിലുണ്ടായിരുന്നത്. കടലിൽ കിടക്കുന്ന മത്സ്യസമ്പത്താണ് അവരുടെ ജീവിത മാർഗ്ഗം. ആ സമ്പത്ത് വിദേശ കുത്തകകൾക്ക് തീറെഴുതിക്കൊടുത്തവരാണ് അവർക്കുവേണ്ടി മുതലക്കണ്ണീരൊഴുക്കുന്നത്. വിദേശ ട്രോളറുകൾക്ക് മത്സ്യബന്ധനത്തിന് അനുവാദം നൽകി നമ്മുടെ കടലിന്റെ മത്സ്യസമ്പത്ത് കൊള്ളയടിക്കുക മാത്രമല്ല, നശിപ്പിക്കുകകൂടി ചെയ്തവരാണ് ഇപ്പോൾ അവർക്കുവേണ്ടി മുതലക്കണ്ണീരൊഴുക്കുന്നത്. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗമായ മത്സ്യബന്ധനം അസാധ്യമാക്കുന്ന തരത്തിൽ മത്സ്യസമ്പത്ത് നശിപ്പിക്കുകയും കൊള്ളയടിക്കപ്പെടുകയും ചെയ്യുന്നതിനോടൊപ്പം ആസിയാൻ കരാറിൽ ഒപ്പുവച്ചതുവഴി വിദേശ മത്സ്യങ്ങൾ നമ്മുടെ മാർക്കറ്റുകൾ കീഴടക്കുന്ന സ്ഥിതിവിശേഷമുണ്ടാകുന്നു. 'ഇടിവെട്ടിയവനെ പാമ്പുകടിച്ചു' എന്നുപറയുന്ന തരത്തിലാണ് മത്സ്യത്തൊഴിലാളികളുടെ സ്ഥിതി. ഇതാണ് ഒരുപക്ഷമെങ്കിൽ, മറുപക്ഷം ഈ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ കുടുംബത്തേയും മക്കളേയും വിട്ട് പുറംലോകവുമായി യാതൊരു ബന്ധവുമില്ലാതെ ആഴക്കടലിലൂടെ പോയി പത്തും പതിനഞ്ചും ദിവസം ജോലി ചെയ്ത് തീരത്തെത്തിക്കുന്ന മത്സ്യത്തിന്റെ വില നിശ്ചയിക്കാനുള്ള അവകാശം ഈ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്കില്ലായിരുന്നു. കടലിൽ പോകാതെ കരയിൽനിന്നും കാര്യങ്ങൾ നിയന്ത്രിക്കുന്ന തരകൻമാരുടെ നിയന്ത്രണത്തിലാണ് പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ. അതിൽനിന്നും അവർക്ക് മോചനം ലഭ്യമാക്കാൻ കൊണ്ടുവന്ന ഈ ബില്ലിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മാറ്റിമറിക്കുന്നതാണ് ഈ ബിൽ.

അവർ കഷ്ടപ്പെട്ട് കൊണ്ടുവരുന്ന മത്സ്യത്തിന്റെ വില നിശ്ചയിക്കാൻ, അവർക്ക് യഥാർത്ഥ വില ലഭ്യമാക്കുവാൻ വേണ്ടിയുള്ള സംവിധാനമാണ് ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ കാലങ്ങളിൽ മത്സ്യത്തൊഴിലാളികൾ മത്സ്യം കൊണ്ടുവന്നാൽ അത് ലേലക്കാരന് ഇഷ്ടമുള്ള വിലയ്ക്ക്, ഇഷ്ടമുള്ളവർക്ക് മാത്രമേ കൊടുക്കാൻ സാധിക്കുമായിരുന്നുള്ളൂ. എന്നിട്ട് അവർ കൊടുക്കുന്ന തുച്ഛമായ പൈസയും വാങ്ങി പോകേണ്ട അവസ്ഥയായിരുന്നു ഉണ്ടായിരുന്നതെങ്കിൽ ഈ ഓർഡിനൻസ് നടപ്പിലാക്കിയതിനുശേഷം അവരുടെ വരുമാനത്തിൽ വലിയ മാറ്റമാണുണ്ടായിട്ടുള്ളത്. അത് ഈ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് അറിയാം. എന്നിട്ടും അതെല്ലാം മറച്ചുവച്ചുകൊണ്ട് മത്സ്യത്തൊഴിലാളികളെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ, കടൽ വിൽക്കാൻ പോകുന്നുവെന്നുള്ള തരത്തിൽ വർത്തമാനം പറഞ്ഞ് അവരെ വീണ്ടും പടുകുഴിയിലേയ്ക്ക് തള്ളിവിടുന്ന പ്രവർത്തനങ്ങളുമായാണ് പ്രതിപക്ഷം ഇപ്പോഴും പോകുന്നത്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് വില നിശ്ചയിക്കുന്നതിനായി ഹാർബർ അല്ലെങ്കിൽ ലാൻഡിംഗ് സെന്റർ കേന്ദ്രീകരിച്ച് ഒരു പ്രത്യേക കമ്മിറ്റിയുണ്ട്. മത്സ്യത്തൊഴിലാളി മേഖലയിലെ എല്ലാ സംഘടനകളുടെ പ്രതിനിധികളും ആ മേഖലയുമായി ബന്ധപ്പെട്ടവരും അടങ്ങുന്നതാണ് ഈ കമ്മിറ്റിയെന്നത് അങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീ. എം. നൗഷാദ്</u>: സർ, ബില്ലിൽ അത് കൃത്യമായി പ്രിന്റ് ചെയ്തുവച്ചിട്ടുണ്ടല്ലോ! അത് വായിക്കാതെയാണ് ഞാൻ വർത്തമാനം പറയുന്നതെന്നാണോ വിചാരിക്കുന്നത്. പാവപ്പെട്ട മത്സ്യത്തൊഴിലാളിക്ക് അവന്റെ മത്സ്യത്തിന് വില നിശ്ചയിക്കാനുള്ള അവകാശമില്ല. മറ്റുള്ളവരുടെ മുമ്പിൽ കൈനീട്ടി നിൽക്കണമെന്നൊക്കെ ഇതിലുണ്ടെന്നാണ് ഇവിടെ മറ്റ് പലരും പറയുന്നത്. ഇന്നലകളിൽ ഈ മേഖലയിലെ സ്ഥിതി എങ്ങനെയായിരുന്നു? 15 മുതൽ 17 ശതമാനംവരെ ലേലത്തുക നൽകിക്കൊണ്ടിരുന്ന സാഹചര്യത്തിൽ നിന്നും മാറി കൃത്യമായി 5 ശതമാനം മാത്രം തുക ഈടാക്കി അവന്റെ മത്സ്യത്തിന് കൃത്യമായി വില നിശ്ചയിക്കുന്ന സ്ഥിതിവിശേഷം ഇപ്പോഴുണ്ടായി. ഇവിടെ നേരത്തെ സൂചിപ്പിച്ചല്ലോ, മണിക്കൂറുകൾ വ്യത്യാസത്തിൽ വില മാറിക്കൊണ്ടേയിരിക്കുമെന്ന്. ആദ്യം എത്തുന്നയാളിന് നല്ല വില ലഭിക്കും, രാത്രി 8.00 മണിക്ക് എത്തിയാൽ ഒരു വില, 10.00 മണിക്കാണെങ്കിൽ മറ്റൊരു വില, അതിലും വൈകിയാൽ വീണ്ടും വില വ്യത്യാസം വരുമെന്നൊക്കെ. രാത്രി 8.00 മണിക്ക് കിട്ടുന്നതിന്റെ പകുതി വിലപോലും 10.00 മണിക്ക് ലഭിക്കില്ല. അതിൽ

നിന്നും മാറ്റംവരുത്തിക്കൊണ്ടുവന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, അഞ്ച് രൂപ കമ്മീഷൻ എടുക്കുന്നതിൽ 2 രൂപ തിരിച്ചുകൊടുക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. നൗഷാദ്: സർ, അത് വളരെ കൃത്യമായി ബില്ലിലുണ്ടല്ലോ, ബിൽ ശ്രദ്ധയോടെ വായിച്ചാൽ മനസ്സിലാകുന്നതാണ്. ഞാൻ പറഞ്ഞുവന്നത് വില നിശ്ചയിക്കുന്ന കാര്യമാണ്. കൃത്യമായി 24 മണിക്കൂർ നേരത്തേയ്ക്ക് ഒരു വില എന്ന രീതിയിലാണ് നിശ്ചയിച്ചിരിക്കുന്നത്. അവിടെ 8.00 മണി, 10.00 മണി എന്ന രീതിയിലുള്ള സമയ വ്യത്യാസം ബാധകമാകുന്നില്ല. വില വ്യത്യാസം വരുമെന്നതുകൊണ്ട് നേരത്തെ മറ്റൊരപകടം കൂടിയുണ്ടായിരുന്നു, മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള എഞ്ചിനുകൾക്ക് (Outboard Engine) നിശ്ചിത സ്പീഡ് പറഞ്ഞിട്ടുണ്ട്. മത്സ്യത്തിന് നല്ല വില ലഭ്യമാകില്ലെന്ന ആശങ്കയിൽ ആദ്യമെത്താനായി യാനത്തിന്റെ വേഗത കൂട്ടുന്നതിന്റെ ഭാഗമായി അപകട സാധ്യത കൂടുകയും എഞ്ചിനുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷവും വിലസ്ഥിരതാ നിയന്ത്രണത്തിലൂടെ, ഈ നിയമം നടപ്പിലാക്കുന്നതോടുകൂടി ഇല്ലാതാകുകയാണ്.

ശ്രീ. കെ. ജെ. മാക്സി: സർ, മത്സ്യോത്പാദനത്തിലും കയറ്റുമതിയിലും ഒന്നാം സ്ഥാനത്തായിരുന്ന നമ്മുടെ സംസ്ഥാനം ഇന്ന് മൂന്നാം സ്ഥാനത്തേയ്ക്ക് പിന്തള്ളപ്പെട്ടത് എന്തുകൊണ്ടാണ്? കോൺഗ്രസ് ഗവൺമെന്റ് കൊണ്ടുവന്ന പുത്തൻ സാമ്പത്തിക നയത്തിന്റെ ഫലമായുള്ള ആഴക്കടൽ മത്സ്യബന്ധനത്തിലെ വിദേശ ട്രോളിംഗുകളും ഇപ്പോഴത്തെ ബി.ജെ.പി ഗവൺമെന്റ് നടപ്പിലാക്കാൻ പോകുന്ന ബ്ലൂ ഇക്കോണമി പോളിസിയും ഇതിന് എതിരാണെന്ന് അങ്ങേയ്ക്കറിയാമോ?

ശ്രീ. എം. നൗഷാദ്: സർ, 1952-ൽ കേരളമാണ് ആദ്യമായി സമുദ്രോത്പന്ന കയറ്റുമതി തുടങ്ങിയത്. ഇപ്പോഴും ഇതുസംബന്ധിച്ച ഗവേഷണ സ്ഥാപനങ്ങളും കേന്ദ്ര ഗവൺമെന്റിന്റെ കയറ്റുമതി പ്രോത്സാഹന ഏജൻസികളും [MPEDA (Marine Products Exports Development Authority), CIFT (Central Institute of Fisheries Technology), CMFRI (Central Marine Fisheries Research Institute)] കേരളത്തിലാണുള്ളത്, ഇവയുടെ ആസ്ഥാനം കൊച്ചിയിലാണ്. ഇതിന് തുടക്കം കുറിച്ചത് നമ്മളാണെങ്കിലും ഇന്ന് മൂന്നാം സ്ഥാനത്താണ്. കർണ്ണാടകയും ആന്ധ്രാപ്രദേശും ഈ മേഖലയിൽ നമ്മളേക്കാൾ മുമ്പിലാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കി പ്രവർത്തിക്കേണ്ടതുണ്ട്. ഈ നിയമത്തിൽ പറയുന്ന വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യമുണ്ട്. നേരത്തെ

ശ്രീ. പി. പി. ചിത്തരഞ്ജൻ സൂചിപ്പിച്ചതുപോലെ പൊതുവേ മത്സ്യത്തൊഴിലാളികൾ സമ്പാദ്യ ശീലരല്ല. അവർ അന്നന്ന് ലഭിക്കുന്ന തുക അന്നന്നുതന്നെ ചെലവഴിച്ചുതീർക്കുന്ന ശീലത്തിനുടമകളാണ്. അതിന് മാറ്റം വരുത്തിക്കൊണ്ട് ഈ ലഭിക്കുന്ന അഞ്ച് രൂപയിൽനിന്നും രണ്ട് രൂപ അവർക്കുതന്നെ തിരിച്ചുനൽകുകയാണ്. കോടിക്കണക്കിന് രൂപ ചെലവഴിച്ച് മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നിർമ്മിച്ച ഹാർബറുകളിൽ ഈ ഓർഡിനൻസ് വരുന്നതിനുമുമ്പുവരെ മത്സ്യത്തൊഴിലാളികൾക്ക് യാതൊരു റോളുമില്ലായിരുന്നു. ഇപ്പോൾ ഹാർബറുകളിൽ അവർക്ക് പ്രാധാന്യമുണ്ടായി, ഹാർബറുകളുടെ മെയിന്റനൻസിന് ഉൾപ്പെടെയാണ് മാറ്റിവച്ച തുക വിനിയോഗിക്കുന്നത്. തുകയുടെ വിഭജനം വളരെ കൃത്യമായി ബില്ലിൽ പറയുന്നുണ്ട്.

ശ്രീ. മുരളി പെരുനെല്ലി: സർ, ഒരു ഉത്പന്നത്തിന് അടിസ്ഥാനവില നിശ്ചയിക്കുമ്പോൾ പ്രസ്തുത ഉത്പന്നത്തിന്റെ വില കുറയുകയല്ല മറിച്ച് അടിസ്ഥാനവിലയേക്കാൾ മാർക്കറ്റ് വില ഉയരാനാണ് പൊതുവേയുള്ള സാധ്യത. ഇതാണ് ഉത്പന്നങ്ങളുടെ വില നിശ്ചയിക്കുമ്പോഴുള്ള സ്ഥിതിവിശേഷം. ഇവിടെ മത്സ്യത്തൊഴിലാളികളടങ്ങുന്ന കമ്മിറ്റി നിശ്ചയിച്ച വില താഴ്ന്നുപോകാതെ മുമ്പോട്ടുപോകാൻ മത്സ്യത്തൊഴിലാളിക്ക് സഹായകരമാകുന്നതാണ് ഈ വകുപ്പെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. നൗഷാദ്: സർ, ഞങ്ങളുടെ അനുഭവത്തിലുള്ള കാര്യം പറയാം. ഈ നിയമം വന്നതിനുശേഷമുള്ള കാര്യങ്ങൾ മനസ്സിലാക്കാൻ ബന്ധപ്പെട്ട പ്രദേശങ്ങളിലെ അനുഭവങ്ങൾ നോക്കിയാൽ മതിയാകും. മുമ്പുണ്ടായിരുന്നതിന്റെ ഇരട്ടിയിലധികം വരുമാനം ഇപ്പോൾ മത്സ്യത്തൊഴിലാളിക്ക് ലഭിക്കുന്നുണ്ട്. ആ സ്ഥിതിയിലേയ്ക്ക് ഇതിനെ മാറ്റുകയുണ്ടായി. ഈ ഗവൺമെന്റിന്റെ നയം പ്രസംഗത്തിലല്ല, പ്രവൃത്തിയിലാണ്. നിയമങ്ങൾ കൊണ്ടുവരിക മാത്രമല്ല, അവ പ്രവൃത്തി പഥത്തിലേയ്ക്ക് എത്തിക്കുന്നതിനുകൂടി നേതൃത്വം കൊടുക്കുന്ന ഗവൺമെന്റാണിത്. മത്സ്യത്തൊഴിലാളി മേഖലയിൽ ഏതെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങളാണ് നൽകിയത്. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക്, അതിൽ 16 പേർക്ക് എം.ബി.ബി.എസ്.-ന് അഡ്മിഷൻ ലഭിച്ചു. എങ്ങനെ? അവർക്ക് സൗജന്യമായി എൻട്രൻസ് പരിശീലനം നൽകിയതിന്റെ അടിസ്ഥാനത്തിലാണ്. അവർ അവിടെ പരിശീലിച്ച് എൻട്രൻസ് പരീക്ഷ എഴുതി വിജയികളായി. പാവപ്പെട്ടവന്റെ, കടലിന്റെ മക്കളെ ഡോക്ടർമാരാക്കുന്ന നിലപാട് സ്വീകരിച്ച ഗവൺമെന്റാണിത്. അതുപോലെ അവർക്കുള്ള അപകട ഇൻഷ്വറൻസ് 5 ലക്ഷം രൂപയായിരുന്നത് 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. അവരുടെ ക്ഷേമനിധി തുകയിലും ഡിപ്പാർട്ടുമെന്റ് കൊടുക്കുന്ന തുകയിലും വർദ്ധനവുണ്ടായി.

അതിനോടൊപ്പം തന്നെ അവരുടെ പ്രീമിയം പൂർണ്ണമായും സർക്കാരാണ് അടയ്ക്കുന്നത്. അത്തരത്തിലാണ് തീരുമാനമുണ്ടാക്കിയിട്ടുള്ളത്. ഇവിടെ 'പുനർഗേഹം' പദ്ധതിയെക്കുറിച്ച് പറഞ്ഞു. കഴിഞ്ഞ കാലങ്ങളിൽ 10 ലക്ഷം രൂപ അനുവദിച്ചിരുന്നതിൽ 6 ലക്ഷം രൂപയ്ക്ക് വസ്തു വാങ്ങുകയും 4 ലക്ഷം രൂപയ്ക്ക് വീട് വയ്ക്കുകയും ചെയ്യണമായിരുന്നു. എന്നാൽ ഇത് രണ്ടുംകൂടി ഒരുമിച്ചുള്ളത് വാങ്ങിക്കാം എന്നതരത്തിലേയ്ക്ക് ഇപ്പോൾ മാറ്റം വന്നിട്ടുണ്ട്. പുനർഗേഹം പദ്ധതിയിൽ വരുത്തേണ്ട മാറ്റം സംബന്ധിച്ചാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കോർപ്പറേഷൻ പരിധിയിൽ 3 സെന്റ് ഭൂമിയാണ് അനുവദിച്ചിട്ടുള്ളത്. 3 സെന്റ് വാങ്ങാൻ പോകുമ്പോൾ അത് മൂന്നേകാൽ സെന്റോ മൂന്നര സെന്റോ ആയിരിക്കും. പക്ഷേ അത് രണ്ട് തരത്തിൽ, മൂന്ന് സെന്റിൽ കൂടുതൽ ഒറ്റ പ്രമാണമായി എഴുതാൻ പാടില്ലെന്നൊരു വ്യവസ്ഥ നിലനിൽക്കുന്നുണ്ട്. അതിൽ മാറ്റം വരുത്തേണ്ടതാണ്. അതിനോടൊപ്പംതന്നെ അവർ വാങ്ങുന്ന വീടുകൾക്ക് 500 സ്ക്വയർ ഫീറ്റാണ് വലിപ്പം പറയുന്നത്. പക്ഷേ 400 സ്ക്വയർ ഫീറ്റാണ് ലൈഫ് പദ്ധതിയുൾപ്പെടെയുള്ളതിൽ പറഞ്ഞിട്ടുള്ളത്. 500 സ്ക്വയർ ഫീറ്റ് എന്നുള്ളത് 400 സ്ക്വയർ ഫീറ്റാക്കി മാറ്റണമെന്നാണ് അതിനെക്കുറിച്ച് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊന്ന്, മത്സ്യത്തൊഴിലാളി മേഖലയിലെ സ്കൂളുകൾ ശക്തിപ്പെടുത്തുന്നതിന്, കിഫ്ബി പദ്ധതി വഴിയും എം.എൽ.എ.മാരുടെ ഫണ്ട് ഉപയോഗിച്ചുമൊക്കെ കുറച്ച് കാര്യങ്ങൾ നടക്കുന്നുണ്ട്. പക്ഷെ മത്സ്യത്തൊഴിലാളി മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ടിയുള്ള ഫിഷറീസ് സ്കൂളുകളും അതിനോടൊപ്പംതന്നെ തീരദേശ മേഖലയിലെ എയ്ഡഡ് സ്കൂളുകളും ഗവൺമെന്റ് സ്കൂളുകളും സർക്കാർ എയ്ഡഡ് സ്കൂളുകളും മെച്ചപ്പെടുത്താൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തണമെന്നാണ് അതിനെ സംബന്ധിച്ച് പറയാനുള്ളത്. സ്വാഭാവികമായും മത്സ്യ സമ്പത്ത് കുറഞ്ഞുവരുന്നതിനെക്കുറിച്ച് ആരും ഒന്നും പറയുന്നില്ല. 53.1 ലക്ഷം ടൺ ആണ് നമ്മുടെ മത്സ്യ സമ്പത്തെന്നാണ് കണക്കാക്കിയിട്ടുള്ളത്. പക്ഷെ ഇന്ന് 35 ലക്ഷം ടണ്ണിൽ കൂടുതൽ ലഭിക്കുന്നില്ല. ആ മത്സ്യ മേഖല നേരിടുന്ന, മത്സ്യത്തൊഴിലാളികൾ നേരിടുന്ന യഥാർത്ഥ വസ്തുതകൾ മനസ്സിലാക്കി അത് പരിഹരിക്കാനാവശ്യമായ പ്രവർത്തനങ്ങളുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഒട്ടേറെ വികസന-ക്ഷേമപ്രവർത്തനങ്ങൾ മത്സ്യത്തൊഴിലാളികൾക്കായി നടത്തിയിട്ടുണ്ട്. ആ നടത്തിയ പ്രവർത്തനങ്ങളെയെല്ലാം ഹൃദയപൂർവ്വം അഭിവാദ്യം ചെയ്തുകൊണ്ട് പാവപ്പെട്ട മത്സ്യത്തൊഴിലാളിക്ക്, അവൻ അദ്ധ്വാനിച്ച്, മരണത്തോട് മല്ലടിച്ച് മരണത്തെ മുഖാമുഖം അഭിമുഖീകരിച്ച് സ്വന്തം കുടുംബത്തെ സംരക്ഷിക്കാൻവേണ്ടി ആഴക്കടലിൽ പോയി പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് യഥാർത്ഥ വില അവന്റെ കൈകളിലേയ്ക്ക് എത്തിച്ചുകൊടുക്കുന്നതിന് ഉതകുന്ന തരത്തിൽ ക്രമീകരിച്ചിട്ടുള്ള

ഈ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ബില്ലിൽ എല്ലാം ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ളതുകൊണ്ടാണ് അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ച് കുറച്ചുകൂടി വെടിപ്പും വൃത്തിയോടുംകൂടി മടങ്ങിവരണമെന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ നിന്നത്. ശ്രീ. എം. നൗഷാദ് സംസാരിക്കാനായി എഴുന്നേറ്റപ്പോൾ ഞാൻ ഉന്നയിക്കാൻ പോകുന്ന ആവശ്യമാണ് അദ്ദേഹവും ഉന്നയിക്കാൻ പോകുന്നതെന്ന് പ്രതീക്ഷിച്ചു. ദൗർഭാഗ്യവശാൽ അദ്ദേഹം പറഞ്ഞത് മത്സ്യത്തൊഴിലാളികളെല്ലാം ഇപ്പോൾ നല്ല ഗംഭീരമായ അവസ്ഥയിലാണ്; മെഡിക്കൽ കോളേജിലെ റിസൾട്ട് വന്നപ്പോൾ അവരെല്ലാം രക്ഷപ്പെട്ടു; ഇപ്പോൾ മത്സ്യമേഖലയിൽ വേറെ പ്രശ്നമൊന്നുമില്ല; കടലിന്റെ മക്കൾക്ക് ഇനിയിപ്പോൾ കോളടിച്ച മട്ടാണ് എന്നൊക്കെയാണ്. ശ്രീ. എം. നൗഷാദ് പറഞ്ഞതുകൊണ്ട് ഞാൻ അതിനെ വിമർശനത്തോടുകൂടി കാണുന്നില്ല. യഥാർത്ഥത്തിൽ മത്സ്യത്തൊഴിലാളികളുടെ ഇപ്പോഴത്തെ ജീവിത സ്ഥിതി അതല്ല. ചിലപ്പോൾ നമുക്ക് പരിചയമുള്ള നൂറോ നൂറ്റിയൻപതോ മത്സ്യത്തൊഴിലാളികൾ മെച്ചപ്പെട്ട രൂപത്തിൽ ആയിട്ടുണ്ടാകാം. പക്ഷേ, ശരാശരി മത്സ്യത്തൊഴിലാളികളുടെ അവസ്ഥ വളരെ ദയനീയമാണ്. ഇന്നലെ സംസാരിച്ച ബില്ലിനെക്കുറിച്ച് ഒരു റഫറൻസ് വന്നപ്പോൾ അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി എന്തെങ്കിലും പറയുമെന്നുള്ള പ്രതീക്ഷ ഉണ്ടായിരുന്നു. അത് പറയാത്തതുകൊണ്ട് ഞാൻ ഒരു കാര്യം കൂടി പറയുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ സരിൻ മോഹൻ എന്ന ആളുടെ ഒരു ഫെയ്സ്ബുക്ക് പോസ്റ്റുണ്ട്. അതിപ്പോൾ നമ്മുടെ സമൂഹത്തിൽ സർക്കുലേറ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. അതിന്റെയൊരു പശ്ചാത്തലം ആലോചിക്കേണ്ടതല്ലേ; അദ്ദേഹം ഷോപ്പ് ഉടമയാണ്. ജീവിക്കാൻ മറ്റ് മാർഗ്ഗമില്ല. കോവിഡ് വന്നപ്പോൾ ആളുകൾ കടയിൽ കയറുന്നില്ല. ജീവിക്കാൻ ഒരു രക്ഷയുമില്ല. മക്കളിൽ ഒരാൾ ഓട്ടിസം ബാധിച്ച കുട്ടിയാണ്. ഞാൻ അവരെ കാണാൻ പോയപ്പോഴുണ്ടായ അവസ്ഥ സത്യം പറഞ്ഞാൽ ഹൃദയം തകരുന്നതാണ്. സ്വന്തം അച്ഛൻ മരിച്ച് പോസ്റ്റുമോർട്ടം മുറിയിലേയ്ക്ക് മാറ്റുമ്പോൾ, ഈ കുട്ടി ചിരിച്ച് ആഹ്ലാദിച്ച് അവിടെ ഇരിക്കുകയാണ്. അവൻ അവിടെ ബിസ്കറ്റ് കഴിച്ചുകൊണ്ടിരിക്കുകയാണ്. എന്താണ് സംഭവിച്ചതെന്ന് അവനറിയില്ല. എന്താണ് സാഹചര്യം എന്നുപോലും അവനറിയില്ല. എന്നാലും

അവനിങ്ങനെ ആഹ്ലാദിച്ച് ഇരിക്കുകയാണ്. അവന്റെ അമ്മയ്ക്ക് ഈ കുട്ടിയെ തല്ലാൻ കഴിയുമോ അല്ലെങ്കിൽ ഈ കുട്ടിയെ തല്ലിയാലും അവനത് ബോദ്ധ്യപ്പെടുമോ? ആ കുട്ടിയുടെ കളിചിരി തമാശയിൽ ആ അമ്മയ്ക്ക് ചേരാൻ പറ്റുമോ? തളർന്ന് കിടക്കുന്ന ഒരമ്മ. ആ അമ്മയുടെ ഇരുവശങ്ങളിലായി രണ്ട് പെൺകുട്ടികൾ. അവർ പഠിക്കാൻ സമർത്ഥരായ കുട്ടികളാണ്. ഈ കുട്ടികളുടെ നടുവിലായി അവൻ ആഹ്ലാദിച്ച് ഇരിക്കുമ്പോൾ മന:സാക്ഷിയുള്ള ഏത് മനുഷ്യന്റെയും ഹൃദയം തകർന്നുപോകുമെന്നുള്ളത് സത്യമല്ലേ? മത്സ്യ വിപണന രംഗത്തുള്ള ആളുകളുടെ ഇപ്പോഴത്തെ അവസ്ഥയാണ് ഞാൻ പറയുന്നത്. അത് നിങ്ങളാണ് വരുത്തിയതെന്ന് എനിക്ക് അഭിപ്രായമില്ല. കോവിഡ് കൊണ്ടുവന്നത് ഇന്ന രൂപത്തിലാണെന്നൊക്കെ പറയുന്നത് ഒരു മൗഢ്യമാണ്. ഞാൻ അങ്ങനെയൊന്നും പറയുന്നില്ല. പക്ഷേ ഇങ്ങനെയൊരു അന്തരീക്ഷം ഉണ്ടായാൽ ആ കുടുംബത്തെ രക്ഷിക്കാൻ നമ്മുടെ ഭാഗത്തുനിന്ന് എന്തെങ്കിലും നടപടി ഉണ്ടാകണ്ടേ? നമ്മുടെ നാട്ടിൽ  ഷോപ്പ് ഉടമകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന വലിയ പരിതാപകരമായ അവസ്ഥയുണ്ട്. ആ അവസ്ഥയിൽനിന്ന് അവരെ രക്ഷിക്കാനുള്ള ഒരു നടപടിയും ഉണ്ടാകുന്നില്ല.  സരിൻ മോഹന്റെ ഫെയ്സ്ബുക്ക് പോസ്റ്റിലെ അവസാന വാചകം മാത്രം ഞാൻ വായിക്കാം. "സ്നേഹിക്കാൻ മാത്രം അറിയാവുന്ന ഭാര്യയും രണ്ട് കുട്ടികളും, അവർക്ക് ഇനിയും ജീവിക്കണം. ഇളയ മകന് ഓട്ടിസമാണ്. അവനും ഈ ഭൂമിയിൽ ജീവിക്കാനുള്ള അവകാശമുണ്ട്.'  അതിന്റെ അവസാന ഭാഗത്തിൽ പറയുന്നത് "എന്റെ തൊട്ടടുത്ത് കിടക്കുന്ന മൊബൈൽ ഫോൺ എടുത്ത് മൂത്ത മക്കൾക്ക് കൊടുക്കണം.  കാരണം അവർക്ക് ഓൺലൈൻ ക്ലാസുണ്ട്, അതുകൊണ്ട് ഇതെങ്കിലും അവർക്ക് ഉപകരിക്കട്ടെ"  എന്നാണ്. ഇതൊരു ഫെയ്സ്ബുക്ക് പോസ്റ്റ് മാത്രമല്ല. നമ്മുടെ സമൂഹത്തിൽ സാധാരണ ആളുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന വേദനയും ദു:ഖവുമാണ്. കട പോയാൽ എന്താണ് പരിഹാരം? ഒരു പരിഹാരവുമില്ല. ഇൻഷ്വറൻസ് ഇല്ലെങ്കിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമോ? ഗവൺമെന്റ് എന്തെങ്കിലും സാമ്പത്തിക സഹായം നൽകുമോ? ഒരു സഹായവുമില്ല.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u> സർ, അങ്ങയെപ്പോലെ പരിണതപ്രജ്ഞനായ ഒരംഗം മത്സ്യത്തൊഴിലാളി മേഖലയിലെ വിപണനവും ലേലവുമായി ബന്ധപ്പെട്ട ബില്ലിന്റെ ചർച്ചയിൽ, ഇന്നലെ സഭയിൽ ചർച്ച ചെയ്ത  വിഷയം വീണ്ടും അവതരിപ്പിച്ചിരിക്കുകയാണ്.  യഥാർത്ഥത്തിൽ മത്സ്യവിതരണവുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഏതെങ്കിലുമൊരാൾക്ക് ഈ പറഞ്ഞ ഹോട്ടലുടമയുടെ അവസ്ഥയുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. കാരണം കോവിഡിന്റെ കാലഘട്ടത്തിലും നിയന്ത്രണങ്ങൾക്ക് വിധേയമായി നമ്മുടെ നാട്ടിൽ മത്സ്യ വിപണനം  നടന്നിട്ടുണ്ട്.

ഓട്ടിസം ബാധിച്ച കുഞ്ഞും ആ നിസ്സഹായാവസ്ഥയുമെല്ലാം ഇന്നലെയും സഭയിൽ ചർച്ച ചെയ്തതാണ്. ഇന്നത്തെ ബില്ലും ഇതുമായി എന്ത് ബന്ധമാണുള്ളതെന്ന് പറഞ്ഞാൽ കൊള്ളാമായിരുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ അക്കൗണ്ടിലൊരു പ്രസംഗം നടത്താൻ പോകുന്നുവെന്ന് ഭാവിക്കുന്നതിന്റെ ഭീഷണി കണ്ടതുകൊണ്ടാണ് ഞാൻ എഴുന്നേറ്റത്. യഥാർത്ഥത്തിൽ അങ്ങൊരു ചോദ്യം ചോദിച്ചാൽ ഞാൻ വഴങ്ങുകയും ശാന്തനായി കേട്ടിരിക്കുകയും ചെയ്യും. പക്ഷേ ഞാൻ ഇത് പറയാൻ കാരണം ഇന്നലെ പറഞ്ഞിട്ട് ഇന്നലെ പരിഹാരം കിട്ടിയില്ല; ഇന്നുപറഞ്ഞാൽ ഇന്നും പരിഹാരമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. കാരണം മനഃസാക്ഷിയാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അതുണ്ടായിരുന്നുവെങ്കിൽ അങ്ങ് എഴുന്നേറ്റ് ഈ ചോദ്യം ചോദിക്കുമായിരുന്നില്ല. അങ്ങേയ്ക്ക് മത്സ്യത്തൊഴിലാളികളുടെ വേദനയും ദുഃഖവുമൊക്കെ അറിയാവുന്നതല്ലേ? ഈ ബില്ലിൽ മത്സ്യത്തൊഴിലാളികളെക്കുറിച്ച് പറഞ്ഞ് തുടങ്ങിയപ്പോൾ ഞാൻ എനിക്കുണ്ടായ ഒരു അനുഭവത്തെക്കുറിച്ച് പറഞ്ഞത് ശരിയായില്ലെന്ന് അദ്ദേഹം പറഞ്ഞാൽ അതിൽനിന്നും ഞാൻ മനസ്സിലാക്കേണ്ടത് എന്താണ്? ഇതുപോലെ ഓട്ടിസം ബാധിച്ച കുട്ടികളുള്ള കുടുംബങ്ങളിൽ വളരെ നിർദ്ദയമായ നിലപാടെടുക്കുന്ന നടപടിയോട് യോജിക്കുന്നോ? അങ്ങും അതിൽ യോജിച്ചതിലാണ് സത്യത്തിൽ എന്റെ ദുഃഖം; ഞാൻ അങ്ങയോട് ഖേദം രേഖപ്പെടുത്തുകയാണ്. ഞാൻ പറഞ്ഞുവന്നത് ഇന്നലെ പറഞ്ഞ ഒരു കാര്യത്തിന് പരിഹാരമുണ്ടാകാതെ വന്നതുകൊണ്ട് ഇന്ന് ഞാനത് വീണ്ടും പറഞ്ഞു. മാത്രമല്ല, ശ്രീ. എം. നൗഷാദ് സംസാരിച്ച് അവസാനിപ്പിച്ചപ്പോൾ അദ്ദേഹം വിപണനം സംബന്ധിച്ച ബുദ്ധിമുട്ടുകളെക്കുറിച്ച് പറഞ്ഞു. ഞാൻ അതിന്റെ ഒരു ഭാഗം സൂചിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ. അങ്ങയിൽനിന്ന് ഈ കടുംകൈ ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. കേരളത്തിൽ മത്സ്യലേലവും വിപണനവും ഗുണനിലവാര പരിശോധനയും സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഓർഡിനൻസാണിത്. ഇതിന്റെ പേര് കേട്ടാൽ സംഗതി നല്ല ഉഷാറാണ്. അങ്ങ് ഇത് കേൾക്കണം. ഇതുകേൾക്കാതെ മറ്റെന്തെങ്കിലും വിചാരിച്ച് പിന്നീടും എന്നോട് ചോദ്യം ചോദിക്കരുത്. അതുകൊണ്ട് ഞാൻ പ്രസംഗം തീർക്കുന്നതുവരെ ദയവായി അങ്ങ് ഇവിടെയിരുന്ന് കേൾക്കണം. യഥാർത്ഥത്തിൽ മത്സ്യത്തൊഴിലാളികളുടെ സ്വാതന്ത്ര്യത്തിലേയ്ക്കുള്ള കടന്നുകയറ്റമാണ് ഈ ബിൽ എന്നുള്ളതാണ് എന്റെ പ്രാഥമികമായ വിലയിരുത്തൽ. മത്സ്യക്കച്ചവടത്തിൽ നിലവിലുള്ള ഇടനിലക്കാരെ ഒഴിവാക്കി നിയമാനുസരണ ഇടനിലക്കാരനെ സർക്കാർ സ്പോൺസേർഡായി കൊണ്ടുവരുന്നുവെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ഇടനിലക്കാരൻ വേണമെന്ന് നിർബന്ധമെന്താണ്? അങ്ങയുടെ

നിയോജകമണ്ഡലത്തിന്റെ ഓരം ചേർന്നെല്ലാം കടലല്ലേ? ഇടനിലക്കാരില്ലെങ്കിൽ ഒരു രക്ഷയുമില്ല. പണ്ട് തരകന്മാർ എന്നുപറയുന്ന ഒരു ഇടനില മദ്ധ്യവർഗ്ഗമുണ്ടായിരുന്നു. ഇന്നത് മാറ്റി പുതിയ രൂപത്തിൽ ഇടനിലക്കാരെ കൊണ്ടുവരികയാണ്. ഇടനിലക്കാരെ കൊണ്ടുവരാനുള്ള നിയമവുമായി ബന്ധപ്പെട്ടാണ് എന്നോട് അങ്ങ് ചോദ്യം ചോദിച്ചതെങ്കിലും അങ്ങ് ഇതിനെ സഹായിക്കുന്നുവെന്ന മട്ടിൽ വന്നത് കഷ്ടമായിപ്പോയി എന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഇന്ന് നിലനിൽക്കുന്ന ചൂഷണവ്യവസ്ഥ അവസാനിപ്പിക്കണം.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഇടനിലക്കാരെന്ന നിലയിൽ ഇപ്പോൾ നിലനിൽക്കുന്നവരുടെ ചൂഷണത്തെക്കുറിച്ച് അങ്ങേയ്ക്ക് അറിയാമോ എന്നതാണ് എന്റെ ഒന്നാമത്തെ ചോദ്യം; രണ്ടാമത്തെ ചോദ്യം, ഇടനിലക്കാരെന്ന നിലയിലല്ല, മത്സ്യം ലേലം ചെയ്തുകൊടുക്കുന്നവർക്ക് കൃത്യമായ വേതനം നിശ്ചയിച്ചുകൊണ്ടുതന്നെയാണ് ഈ ബിൽ വന്നിട്ടുള്ളത്. അതാണ് തമ്മിലുള്ള വ്യത്യാസം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആ വ്യത്യാസം നിലനിൽക്കുമ്പോൾ മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം ഇന്ന സ്ഥലത്തേ ഇറക്കാവൂ, ഇന്ന സ്ഥലത്തേ കൊടുക്കാവൂ എന്ന് എന്തിനാണ് നിബന്ധന വയ്ക്കുന്നത്? ഇതുസംബന്ധിച്ച് ഓർഡിനൻസിൽ വ്യവസ്ഥകളുണ്ട്. ആ വ്യവസ്ഥകളിൽ ഇത് ഇന്ന കടവിലേ എത്തിക്കാവൂ, ഇന്ന സ്ഥലത്തേ കൊടുക്കാവൂ എന്നുപറയുന്നത് എന്തിനാണ്? പാവപ്പെട്ട മത്സ്യത്തൊഴിലാളി ജീവൻ പണയം വച്ച് വെളുപ്പാൻ കാലത്ത് പോകുന്നതല്ലേ? അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം ഇന്ന സ്ഥലത്തുതന്നെ ഇറക്കണമെന്ന് പറഞ്ഞ് കുറച്ച് രാക്ഷസൻമാർ കരയിൽ കാത്തിരിക്കുകയാണ്. അങ്ങോട്ട് ഇറക്കണമെന്ന് പറയുന്നത് വില കൂട്ടാനല്ലല്ലോ; ഉള്ളതിൽനിന്ന് വില കുറയ്ക്കാനല്ലേ? യഥാർത്ഥത്തിൽ വില നിയന്ത്രിക്കുന്നത് ചൂഷണ വിഭാഗത്തിൽപ്പെട്ട ആളുകളല്ലേ? ആര് മത്സ്യം പിടിച്ചാലും ആര് കരയ്ക്കടുപ്പിച്ചാലും ഇതിന് എത്ര വില വേണമെന്ന് അവർ തീരുമാനിക്കും. അങ്ങനെ മത്സ്യത്തൊഴിലാളികളെ ചൂരൽ വടി കാണിച്ച് ഭീഷണിപ്പെടുത്തുന്ന രൂപത്തിൽ ഒരു വിഭാഗത്തെ ഗവൺമെന്റ് സ്പോൺസർ ചെയ്ത് നിർത്തുന്നത് ശരിയാണോ?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഹാർബറുകളിലോ ലാൻഡിംഗ് സെന്ററുകളിലോ മത്സ്യം കൊണ്ടുവന്നാലുണ്ടാകുന്ന ഗുണത്തെക്കുറിച്ച് അങ്ങേയ്ക്ക് ബോദ്ധ്യമുണ്ടോ? അവിടെ മത്സ്യക്കച്ചവടക്കാർ നിരവധിയുണ്ടാകുന്നത് കാരണം മത്സ്യത്തിന് ന്യായമായ വിലയുണ്ടാകും. വികേന്ദ്രീകരിച്ച് പോകുമ്പോൾ മത്സ്യത്തിന് പലയിടത്തും യഥാർത്ഥ വില കിട്ടാത്ത അവസ്ഥ വരും. എങ്കിൽപ്പോലും ഈ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ലാൻഡിംഗ്

സെന്ററുകളിൽ മാത്രമല്ല അല്ലാതെയുള്ള കേന്ദ്രങ്ങളിലും മത്സ്യബന്ധനവും മത്സ്യവിപണനവും നടത്താമെന്ന് പറഞ്ഞിട്ടുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ലാൻഡിംഗ് സെന്ററിനെക്കുറിച്ച് ഇതിൽ പറഞ്ഞിട്ടില്ലേ? ഇന്ന ലാൻഡിംഗ് സെന്ററിൽ കൊണ്ടുവരേണ്ടതില്ല എന്ന് ഇതിൽ പറഞ്ഞിട്ടില്ല. ലാൻഡിംഗ് സെന്ററിലേ കൊണ്ടുവരാവൂ, വേറൊരു സ്ഥലത്തും കൊണ്ടുപോകരുത്. അങ്ങനെ കൊണ്ടുവന്ന് അവിടെത്തന്നെ കൊടുക്കണമെന്ന് പറയുകയാണ്. അത് മാത്രമല്ല, അങ്ങ് പറയാതെ ബോധപൂർവ്വമായി ഒളിച്ചുവച്ചതെന്ന് ഞാൻ പറയുന്നില്ല, കാരണം അങ്ങ് പൊതുവെ ശ്രദ്ധനായൊരാളാണ്. 5 ശതമാനം കമ്മീഷൻ കൊടുക്കണമെന്ന് എഴുതിയിട്ടുണ്ടോ? അങ്ങ് ഈ പറയുന്നതുപോലെ ഒരു ഗവൺമെന്റ് സർവ്വീസാണെങ്കിൽ എന്തിനാണ് 5 ശതമാനം കമ്മീഷൻ? 5 ശതമാനം കമ്മീഷൻ എന്നുപറയുമ്പോൾ വില തീരുമാനിക്കുന്നത് ആരാണ്? 100 രൂപ വില തീരുമാനിക്കുന്ന വ്യക്തിയല്ലേ 5 ശതമാനം ഏതെന്ന് തീരുമാനിക്കുന്നത്? 100 രൂപ വില തീരുമാനിക്കുന്ന വ്യക്തി ആരാണ്? അതാണ് ഞാൻ പറഞ്ഞത് വിലയിടുന്നതും കമ്മീഷൻ തീരുമാനിക്കുന്നതും ഇവർ തന്നെയാണെന്ന്. അതിന് ഗവൺമെന്റ് കൂട്ടുനിൽക്കുന്നത് എന്തിനാണ്? അത് ശരിയല്ലെന്നുള്ളതാണ് എന്റെ പക്ഷം.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, 100 രൂപയുടെ മത്സ്യം വിറ്റാൽ 10 രൂപ കമ്മീഷനും ആ മത്സ്യം വാങ്ങുന്നയാളിന്റെ 5 രൂപയും അങ്ങനെ 15 രൂപയാണ് ഇന്ന് യഥാർത്ഥത്തിൽ പല സ്ഥലത്തും നിൽക്കുന്നത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ആ സ്ഥാനത്ത് പത്തും അഞ്ചും ഒഴിവാക്കി 5 രൂപ കമ്മീഷൻ എന്നുപറയുന്നതിൽ ഒരു രൂപ മത്സ്യത്തൊഴിലാളികളുടെ സൊസൈറ്റിക്കാണ് കൊടുക്കുന്നത്. ഒരു രൂപ ഈ സ്ഥലത്ത് ജോലി ചെയ്ത മീൻ വിലവയ്ക്കുന്നവർക്കുള്ളതാണ്. ഒരു രൂപയാണ് അതിന്റെ ഭൗതിക സൗകര്യങ്ങൾക്കുവേണ്ടി എടുക്കുന്നത്. ബാക്കി രണ്ടുരൂപയും തൊഴിലാളിക്കാണ് തിരിച്ചുകിട്ടുന്നതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അവരുടെ കയ്യിൽനിന്ന് പിടിച്ചെടുത്തിട്ട് അവർക്കുതന്നെ കൊടുക്കുന്നുവെന്ന് പറയുന്നതിൽ എന്ത് കഥയാണുള്ളത്? അങ്ങ് പറഞ്ഞതെല്ലാം ശാന്തമായി ഞാൻ കേൾക്കുകയല്ലേ. ഇനി ചോദിച്ചാലും ഞാൻ പറയും. ബഹുമാനപ്പെട്ട മന്ത്രി വളരെ ത്വര കൂട്ടി നിൽക്കുന്നുണ്ട്. അങ്ങേയ്ക്ക് ചോദിക്കാൻ കഴിയാത്തതുകൊണ്ടാണ് ശ്രീ. പി. പി. ചിത്തരഞ്ജനെ ചൂടാക്കുന്നതെന്ന് എനിക്കറിയാം. എന്നാലും അതും ഞാൻ സമ്മതിക്കുന്നു. ഈ പറയുന്ന തുക അഞ്ച് ശതമാനം കമ്മീഷൻ എന്ന് തീരുമാനിച്ചോ? ഞാൻ നൂറ് രൂപയെന്ന് പറയുന്നത് മത്സ്യത്തിന് മൊത്തം വരുന്ന തുക എന്ന മട്ടിലല്ല. ഞാൻ

പറഞ്ഞത് കണക്കുകൂട്ടാനുള്ള എളുപ്പത്തിലാണ്. ഞാൻ നൂറ് രൂപ എന്നുപറയുമ്പോൾ അതിന്റെ ശതമാനം പറയാനുള്ള എളുപ്പത്തിന് ഒരു സാങ്കൽപ്പിക തുക പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. ഞാൻ പറഞ്ഞതുതന്നെ അങ്ങ് അംഗീകരിച്ചു. ആ പറയുന്ന അഞ്ച് ശതമാനത്തിൽ ഒരു രൂപ ഇന്ന രൂപത്തിൽ, ഒരു രൂപ മറ്റൊരു രൂപത്തിൽ അങ്ങനെ അഞ്ചുവരെയുണ്ടാകും. രണ്ട് രൂപ മത്സ്യത്തൊഴിലാളികൾക്ക്. എന്നാൽ കഷ്ടപ്പാട് സഹിച്ചുവരുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കയ്യിൽനിന്ന് പിടിക്കാതെ സൊസൈറ്റി തന്നെ ഈ ചെലവ് ഏറ്റെടുത്താൽ പോരേ? സൊസൈറ്റിക്ക് ഉണ്ടാകുന്ന ചെലവ് സൊസൈറ്റി എടുത്താൽ പോരേ? ഇവരുടെ കയ്യിൽനിന്ന് പിടിച്ചെടുത്തിട്ട് സൊസൈറ്റി തിരിച്ചുകൊടുക്കണോ? അപ്പോൾ കയറ്റിറക്ക് ഏർപ്പാടും ഇതിന്റെ വിലയിടുന്ന സമ്പ്രദായവും പഴയ രൂപത്തിലേയ്ക്ക് കൊണ്ടുപോകണ്ടല്ലോ. അതിന്റെ ചെലവ് ഇവർ തന്നെ എടുക്കണ്ടേ? അപ്പോൾ ഇവർ എടുക്കേണ്ട ചെലവ് പാവപ്പെട്ട മത്സ്യത്തൊഴിലാളിയുടെ കയ്യിൽനിന്ന് കൈക്കലാക്കിയതിനുശേഷം അവർക്ക് വീതിച്ച് കൊടുക്കുന്നുണ്ടെന്നാണ് പറയുന്നത്. ഞാൻ അതിനോട് യോജിക്കുന്നില്ല. അങ്ങേയ്ക്കും യോജിപ്പുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. സഭയിൽ ആയതുകൊണ്ട് അങ്ങ് എന്നോട് തർക്കിക്കുകയാണെന്നാണ് എന്റെ വിശ്വാസം. മത്സ്യവിപണന രംഗത്ത് സർക്കാർ കൊണ്ടുവരുന്ന ഏജൻസികൾക്ക് ലേലത്തുകയുടെ 5 ശതമാനം കമ്മീഷനായി എടുക്കാനുള്ള അധികാരമുണ്ടെന്ന് നിയമത്തിലുണ്ട്. അങ്ങ് അത് പരിശോധിച്ചോളൂ, ഇല്ലെങ്കിൽ ഞാൻ തിരുത്താം. സഹകരണ സംഘങ്ങൾ മത്സ്യത്തൊഴിലാളികളുടെ മേൽ മത്സ്യവിപണന രംഗത്ത് അവരുടെ അധികാരം അടിച്ചേൽപ്പിക്കാനുള്ള സാധ്യത വളരെ കൂടുതലാണ് എന്നുള്ളതാണ് എന്റെ വിമർശനം. കാരണം മത്സ്യത്തൊഴിലാളികളുടെ ജീവിതരീതി അങ്ങേയ്ക്കറിയാമല്ലോ. കടുത്ത പട്ടിണിയല്ലേ ഒരു കാലഘട്ടം വരെ ഉണ്ടായിരുന്നത്? ചാകര വന്നാൽ അന്ന് ഉണ്ടാകും. പക്ഷേ അപ്പോഴേയ്ക്കും വിലയും കുറയും. ഞാനൊരു സാങ്കൽപ്പിക ചോദ്യം ചോദിക്കുകയാണ്. ധാരാളം മത്സ്യം വന്നാൽ മത്സ്യത്തിന്റെ വില കുറയും. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ശരാശരി ജീവിതം എന്താണ്? കുടിക്കാൻ വെള്ളമുണ്ടോ, നടക്കാൻ റോഡുണ്ടോ, പലപ്പോഴും പഠിക്കാൻ പോകാൻ കഴിയുമോ?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, നിങ്ങൾ ഉദ്ദേശിക്കുന്നതുപോലെ മത്സ്യത്തൊഴിലാളിക്ക് കുടിക്കാൻ വെള്ളമില്ലെന്നോ മത്സ്യത്തൊഴിലാളിയുടെ വീട്ടിൽ ലൈറ്റില്ലെന്നോ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസമില്ലെന്നോ ഉള്ള ഒരു നിലവാരമുണ്ടായിരുന്നത് 25 വർഷം മുമ്പാണ്. ഇന്ന് എല്ലാ വിഭാഗത്തിന്റെയും പിന്നോക്കാവസ്ഥപോലെ തന്നെയാണ് അത്തരം കാര്യങ്ങളിൽ അവർക്കുള്ളതെന്നുള്ള യാഥാർത്ഥ്യം അങ്ങെങ്കിലും മനസ്സിലാക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ സമ്മതിച്ചു. അങ്ങ് ഇവിടെ പറഞ്ഞ ഇരുപത്തിയഞ്ച് കൊല്ലമൊന്നുമല്ല, ഏഴ് കൊല്ലം മുമ്പാണ്. അതിനുശേഷം കുറേ കാര്യങ്ങൾ അവിടെ നടന്നിട്ടുണ്ട്. കോഴിക്കോട് കാപ്പാട് കോസ്റ്റൽ ബെൽറ്റുണ്ട്. അവിടെ ഞാൻ പോയിട്ടുള്ളതാണ്. അങ്ങ് ഈ പറഞ്ഞതുപോലെയുള്ള വലിയ മണിമാളികകളോ കൊട്ടാരങ്ങളോ ഒന്നും അവിടത്തെ പാവപ്പെട്ട തൊഴിലാളികൾക്കില്ല. ഞാൻ എന്റെ അനുഭവത്തിൽനിന്ന് പറയുന്നതാണ്, അവിടെ ധാരാളം പാവങ്ങളുണ്ട്. അവരെല്ലാം സമ്പന്നരാണെന്ന് വെറുതെ പറയരുത്. മാനസികമായി വളർച്ചയുള്ളതുകൊണ്ട് അവർ സമ്പന്നത കാണിക്കാം. പക്ഷേ അവരുടെ ജീവിത രീതിയിൽ വളരെ വിഷമങ്ങളുണ്ട്. അതാണ് പ്രധാനപ്പെട്ട പ്രശ്നം.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിച്ച തീരുമാനത്തിനെതിരായി ഒരു അപ്പീൽ സമർപ്പിക്കണമെങ്കിൽ പിഴത്തുക പൂർണ്ണമായും കെട്ടിവയ്ക്കണം. ഇങ്ങനെ ഒരു വ്യവസ്ഥ ലോകത്തെ ഏതെങ്കിലും നിയമത്തിൽ കേട്ടിട്ടുണ്ടോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ അങ്ങയോട് ചോദിക്കുന്നില്ല. കാരണം അങ്ങയോട് ചോദിച്ചുകഴിഞ്ഞാൽ ഇതും ഗംഭീരമാണെന്ന് പറയാൻ അങ്ങ് ബാധ്യസ്ഥനാണ്. അത് മത്സ്യത്തൊഴിലാളികളോടുള്ള സ്നേഹമല്ല, അങ്ങയുടെ പൊളിറ്റിക്കൽ ബാദ്ധ്യതയാണ്. അതുകൊണ്ട് അങ്ങ് അത് പറഞ്ഞുകൊണ്ടേയിരിക്കും. പ്രിയപ്പെട്ട കെ. ബാബു (തൃപ്പൂണിത്തുറ), അപ്പീൽ കൊടുക്കാൻപോലും നിവൃത്തിയില്ലെന്ന് ഇവിടെ പറഞ്ഞു. പിഴത്തുക മുഴുവൻ കെട്ടിവയ്ക്കണം. ഒരു ബ്ലേഡ് കമ്പനിക്കാരന് ഒരു കേസ് വന്നാൽ അപ്പീൽ കൊടുക്കണമെങ്കിൽ 50 ശതമാനം പിഴത്തുക കെട്ടിവച്ചാൽ മതിയാകും. അവർക്ക് കൊടുക്കുന്ന ആനുകൂല്യമെങ്കിലും പാവപ്പെട്ട മത്സ്യത്തൊഴിലാളിക്ക് അപ്പീൽ കൊടുക്കുന്ന കാര്യത്തിൽ വേണ്ടതല്ലേ എന്നാണ് ശ്രീ. കെ. ബാബു എന്നോട് ചോദിച്ചത്. അങ്ങനെ അപ്പീൽ കൊടുക്കാനുള്ള അവകാശം ഈ പാവങ്ങൾക്ക് കൊടുക്കേണ്ടതല്ലേ? അത് കൊടുത്തിട്ടില്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഗുണനിലവാര പരിപാലന ഉത്തരവാദിത്വത്തിന്റെ മുഖ്യ പങ്ക് മത്സ്യത്തൊഴിലാളികളുടെ തലയിൽ കെട്ടിവയ്ക്കരുത്. കാരണം ഗുണമില്ലാത്ത മത്സ്യങ്ങൾ വന്നാൽ അതിന്റെ ഉത്തരവാദിത്വം എങ്ങനെയാണ് മത്സ്യത്തൊഴിലാളി ഏറ്റെടുക്കുന്നത്? ഗുണനിലവാര പരിപാലനത്തിന്റെ ഉത്തരവാദിത്വം സൊസൈറ്റിയോ മറ്റാരെങ്കിലുമോ ഏറ്റെടുക്കണം. അതുകൊണ്ട് അതിൽ മാറ്റം വേണം. അത് യുക്തിരഹിതമാണ്, ഒരിക്കലും മനഃസാക്ഷിക്ക് യോജിച്ചതുമല്ല. അദ്ധ്വാനിച്ച് തളർന്നുവരുന്ന മത്സ്യത്തൊഴിലാളികൾക്ക് എത്രയും

പെട്ടെന്ന് വീടുപറ്റണമെന്നുള്ളതാണ് ആഗ്രഹം. പിടിച്ചുകൊണ്ടുവരുന്ന മത്സ്യം വിറ്റ് നിത്യനിദാന ചെലവുകൾ വഹിക്കാൻ ധൃതി കൂട്ടുന്നവരാണവർ. മത്സ്യം കരയ്ക്കടുത്തശേഷം ഗുണനിലവാര സർട്ടിഫിക്കറ്റുമായി സർക്കാർ ഉദ്യോഗസ്ഥരെയും കാത്ത് സമയം ചെലവഴിക്കണമെന്നാണോ അങ്ങ് പറയുന്നത്? അതാണ് ഈ നിയമത്തിൽ പറയുന്നത്. ഇതൊക്കെ നമുക്ക് മാറ്റാൻ കഴിയും. നിങ്ങൾ ശ്രദ്ധിക്കാതെ ഏതെങ്കിലും കാര്യത്തിൽ കണ്ണടച്ചുകൊടുത്തിട്ടുണ്ടെങ്കിൽ അതെല്ലാം നിങ്ങളുടെ കുറ്റമാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ അതെല്ലാം തിരുത്താൻ നമുക്ക് സന്ദർഭമുണ്ട്. ഈ സഭയാണ് ആ സന്ദർഭം. അതുകൊണ്ട് അത് തിരുത്തുന്നതിനുള്ള നടപടിയെടുക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

സർക്കാർ അംഗീകൃത സ്ഥലങ്ങളിൽ മാത്രമേ മത്സ്യബന്ധന യാനങ്ങൾ കരയ്ക്കടുപ്പിക്കാൻ പാടുള്ളൂവെന്ന് ഇതിൽ പറയുന്നു. ഇക്കാര്യം ഞാൻ അങ്ങയോട് നേരത്തെ ചോദിച്ചതാണ്. മത്സ്യം മൊത്തം ഇങ്ങോട്ടുതന്നെ വരണമെന്നുള്ളതാണ് ഇതിന് കാരണം. അതുകൊണ്ട് അംഗീകൃത ലാൻഡിംഗ് സെന്ററിൽ മാത്രമേ ഉരുക്കൾ അടുപ്പിക്കാവൂ എന്നും സർക്കാർ നിശ്ചയിക്കുന്ന ലേല സ്ഥലത്തുവച്ച് മാത്രമേ മത്സ്യം ലേലം ചെയ്യാവൂ എന്നും ബില്ലിൽ പറയുന്നുണ്ട്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം ഇറക്കുന്നത് നിശ്ചയിക്കപ്പെട്ട സ്ഥലത്തുമാത്രം ആയിരിക്കണമെന്ന് ഈ നിയമം നിഷ്കർഷിക്കുന്നില്ല. എന്നാൽ നിയമപ്രകാരം പ്രഖ്യാപിച്ചിട്ടുള്ള ഹാർബറുകളിലും ലാൻഡിംഗ് സെന്ററുകളിലും മാത്രമേ മത്സ്യം ലേലം ചെയ്യാൻ പാടുള്ളൂ എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ മത്സ്യം ലേലം കൂടാതെ നേരിട്ട് വിൽക്കാനുള്ള അധികാരം ഈ നിയമംമൂലം മത്സ്യത്തൊഴിലാളികളിൽ നിക്ഷിപ്തമാകുകയാണ്. അതാണ് ഇതിന്റെയൊരു പ്രത്യേകത. അങ്ങത് ഒന്നുകൂടി നോക്കണം.

<u>മി. ചെയർമാൻ</u>: യെസ്..... പ്ലീസ്..... പ്ലീസ്..... അങ്ങ് സഹകരിക്കണം.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, സാധാരണഗതിയിൽ മത്സ്യബന്ധനം കഴിഞ്ഞുവരുന്ന ആളുകൾ തലേ ദിവസം രാത്രിയോ രണ്ട് ദിവസം മുമ്പോ കടലിൽ പോയതായിരിക്കും. പുലർച്ചെ വരുമ്പോൾ മത്സ്യം എങ്ങനെയെങ്കിലും മാർക്കറ്റിൽ കൊടുത്ത് പോകണമെന്ന് ആഗ്രഹിക്കുന്നവരാണ്. പക്ഷേ ഇപ്പോഴത്തെ ഈ വ്യവസ്ഥയനുസരിച്ച്, ഇവർ മത്സ്യബന്ധനം നടത്തി സ്വായത്തമാക്കിയ മത്സ്യം നിയമ വിധേയമായി പിടിച്ചെടുത്തതാണെന്ന് ഉപഭോക്താവിനെ ബോദ്ധ്യപ്പെടുത്തുന്ന വിധത്തിൽ മത്സ്യത്തിന്റെ ഉറവിടം, പിടിച്ചെടുത്ത മാർഗ്ഗം മുതലായ വിവരങ്ങളടങ്ങിയ സാക്ഷ്യപത്രം യാന ഉടമകൾ

നൽകണം. ഇത് യഥാർത്ഥത്തിൽ മത്സ്യത്തൊഴിലാളി മാരണ നിയമമാണ്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. ചെയർമാൻ: ഇനിയും അങ്ങ് ഇങ്ങനെ വഴങ്ങരുത്, സഹകരിക്കണം. മാക്സിമം ഡിബേറ്റ് നടക്കുന്നുണ്ട്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, .....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വഴങ്ങരുതെന്ന് ചെയർ പറയുന്നുണ്ട്. അല്ലെങ്കിൽ ഞാൻ നിത്യേന വഴങ്ങിത്തരുമല്ലോ. ശ്രീ. പി. പി. ചിത്തരഞ്ജൻ, നമ്മൾ മുറിയിൽ അപ്പുറവും ഇപ്പുറവുമല്ലേ, അവിടെ ചർച്ച ചെയ്യാം. ഇന്ന് വൈകുന്നേരം നല്ല മത്സ്യം കൂട്ടി ഭക്ഷണം കഴിക്കാം. അതുകൊണ്ട് നമുക്ക് അവിടെ ചർച്ച ചെയ്യാം. അംഗീകൃത ലാൻഡിംഗ് സെന്ററിൽ മാത്രമേ ഉരുക്കൾ അടുപ്പിക്കാവൂ എന്നതും സർക്കാർ നിശ്ചയിച്ചിരിക്കുന്ന ലേല സ്ഥലത്തുവച്ച് മാത്രമേ ലേലം ചെയ്യാവൂ എന്നും നിഷ്കർഷിക്കുന്ന നിയമമാണ് ഇവിടെ വരുന്നത്. സർക്കാർ നിശ്ചയിക്കുന്ന സ്ഥലത്ത് യാനങ്ങൾ കരയ്ക്കടുപ്പിച്ചില്ലെങ്കിൽ 30-ാംവകുപ്പ് പ്രകാരം ജയിൽ വാസമടക്കമുള്ള ശിക്ഷയ്ക്ക് വിധേയമാകും. 4-ാംവകുപ്പുകൂടി അങ്ങ് പരിശോധിക്കണം. അതിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകളായ സർക്കാർ ഏജൻസിക്കുള്ള ലേല അവകാശം, മത്സ്യബന്ധനോപകരണങ്ങൾ കരയ്ക്കടുപ്പിക്കൽ, മത്സ്യത്തിന്റെ ഗുണനിലവാരം എന്നിവ ലംഘിച്ചാൽ 30-ാംവകുപ്പനുസരിച്ച് ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ വിചാരണയ്ക്ക് വിധേയരാകേണ്ടിവരും. ജീവിക്കാൻ നിവൃത്തിയില്ലാത്ത, റെഡ് അലെർട്ട്, യെല്ലോ അലെർട്ട് തുടങ്ങിയ അലെർട്ടുകളെല്ലാം കേട്ടിരിക്കുന്ന ഈ കാലത്ത് പാവപ്പെട്ട മത്സ്യത്തൊഴിലാളി മത്സ്യബന്ധനത്തിന് പോയി മടങ്ങിവരുമ്പോൾ അവരെ നേരെ ജയിലിൽകൊണ്ടുപോയി ഇടുന്നതിനെക്കുറിച്ചുള്ള ഒരു നിയമമാണ് ഇതിൽ പറയുന്നത്. അങ്ങ് ഇതിനെ എതിർക്കണം. നമ്മൾ തല കുലുക്കിയാൽ നിയമം മാഞ്ഞുപോകുമോ? നിയമത്തിൽ എഴുതിവച്ചിരിക്കുകയാണ്. ഇതൊന്നും പഠിക്കാതെയും മനസ്സിലാക്കാതെയുമാണ് സർക്കാർ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഞാൻ അങ്ങയെക്കുറിച്ച് പറയുന്നില്ല, അതുകൊണ്ട് ഗവൺമെന്റ് ഇത് പഠിക്കണം, പഠിച്ചശേഷം ഇതിനൊരു പരിഹാരമുണ്ടാക്കണം. മത്സ്യത്തൊഴിലാളികളെ ശിക്ഷിക്കുന്ന ഈ മാരണ നിയമം ഒഴിവാക്കണം, മത്സ്യത്തൊഴിലാളികൾക്ക് സ്വതന്ത്രമായി മത്സ്യം പിടിച്ച് കരയ്ക്കെത്തിച്ച് വിപണനം നടത്തുന്നതിനുള്ള നടപടിയുണ്ടാകണം. അതിനെ നിയന്ത്രിക്കുന്ന ഒരു നിയമത്തോടും യോജിക്കാൻ പറ്റില്ല. അതുകൊണ്ട് ഈ ബിൽ ഇതേ സബ്ജക്ട് കമ്മിറ്റിക്കുതന്നെ വിട്ട് ഒന്നുകൂടി പരിശോധിച്ച് ഈ സഭയിൽ കൊണ്ടുവരണമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കെ. യു. ജനീഷ് കുമാർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുകയാണ്. മത്സ്യമേഖലയുമായി ബന്ധപ്പെട്ട ബില്ലിന്റെ ചർച്ചാവേളയിൽ സംസാരിക്കുന്നതിൽ എനിക്ക് ഏറെ സന്തോഷമുണ്ട്. ഞാൻ താമസിക്കുന്ന സ്ഥലത്തുനിന്നും കടൽ കാണണമെങ്കിൽ തിരുവനന്തപുരത്തോ കൊല്ലത്തോ ആലപ്പുഴയിലോ വരണം. പക്ഷെ ഞങ്ങളുടെ നാട്ടിൽ ഒരു പ്രതിസന്ധിയുണ്ടായപ്പോൾ, പ്രളയമുണ്ടായപ്പോൾ പാവപ്പെട്ട മത്സ്യത്തൊഴിലാളികളാണ് അവരുടെ കുടുംബവും ജീവനും ജീവിതവുമെല്ലാം ഉപേക്ഷിച്ച് പത്തനംതിട്ടയിലെത്തി ഞങ്ങളുടെ നിരവധി സഹോദരങ്ങളുടെ ജീവൻ രക്ഷിച്ചത്. എനിക്ക് ഈ സഭയിൽ നിൽക്കുമ്പോൾ വളരെ വിഷമം തോന്നുകയാണ്. പ്രതിപക്ഷ നിരയുടെ ഒരവസ്ഥ നോക്കൂ. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ അതീവ ഗൗരവമുള്ളതല്ലേ? ഇന്ന് ഈ ബില്ലാണ് ചർച്ച ചെയ്യുന്നത് എന്നറിഞ്ഞിട്ടും ഇവർ സഭയിൽ ഹാജരാകാതിരിക്കുന്നതിന് കാരണം മത്സ്യത്തൊഴിലാളികളോടുള്ള ദേഷ്യമാണോ? നിങ്ങൾ മുഴുവൻ ആളുകളും വേണമെന്ന് ഞാൻ പറയുന്നില്ല. പകുതി വേണമെന്നും പറയുന്നില്ല. പക്ഷെ ഒരു പത്ത് ശതമാനം ആളുകളെങ്കിലും വേണ്ടേ!

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട അംഗം ബിൽ അവതരണവേളയിൽ ഞങ്ങൾ സഭയിൽ ഹാജരായില്ലെന്ന് പറഞ്ഞു. ഞങ്ങളുടെ പാർട്ടിയുടെ ഒരു യോഗം നടക്കുന്നുണ്ട്. അവർ അതിന് പോയിരിക്കുകയാണ്. നിങ്ങളുടെ സംസ്ഥാന കമ്മിറ്റി യോഗങ്ങളൊക്കെ കൂടുമ്പോൾ നിങ്ങളുടെ ഇടയിലും ആൾക്കാർ കുറവായിരിക്കും. പക്ഷെ അപ്പുറത്തും ഇപ്പുറത്തുമുള്ളവരുടെ total number-ഉം percentage-ഉം നോക്കിയാൽ ഞങ്ങളാണ് കൂടുതൽ. ഭരണകക്ഷിയുടെ മുൻനിരയിലുള്ള ഒരാളെങ്കിലും ഇവിടെയുണ്ടോ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പരിശോധിക്കാം. ശ്രീ. കെ. യു. ജനീഷ് കുമാർ, അങ്ങ് പ്രസംഗം തുടരൂ.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, നിങ്ങൾ മുഴുവൻപേരും ഇരിക്കണമെന്ന് ഞാൻ പറയുന്നില്ല. നിങ്ങൾ പകുതിപേർ ഇരിക്കണമെന്ന് ജനവും പ്രതീക്ഷിക്കുന്നില്ല. എങ്കിലും ഒരു പത്ത് ശതമാനം പേർ വേണ്ടേ? ബഹുമാനപ്പെട്ട

തൃപ്പൂണിത്തുറ അംഗം, ഈ ദിവസം അവരുടെ പാർട്ടിയുടെ കെ.പി.സി.സി. യോഗം ചേരുന്നുണ്ടെന്ന് പറഞ്ഞു. വളരെ ഗൗരവമുള്ള ബിൽ ചർച്ച ചെയ്യുമ്പോൾ, ഞാനൊരു കാര്യം സ്നേഹപൂർവ്വം പറയട്ടെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ അതിനെ കുറ്റപ്പെടുത്തലോ കീഴ്വഴക്ക ലംഘനമെന്നോ പറയുന്നില്ല. പക്ഷെ ദൗർഭാഗ്യവശാൽ ഈ ബിൽ ചർച്ച ചെയ്യുമ്പോൾ ബിൽ പൈലറ്റ് ചെയ്ത മന്ത്രിയൊഴിച്ച് ഒരൊറ്റ മന്ത്രിമാരും ഇവിടെയില്ല. മുൻനിരയിൽ മുഴുവൻ കാർപ്പെറ്റ് ബോംബിട്ടത് പോലെയാണ്. ഒരൊറ്റയാളുമില്ല. സത്യം പറഞ്ഞാൽ വലിയൊരു മൈതാനത്തിൽ ഒറ്റയ്ക്കുനിന്ന് കച്ചവടക്കാരൻ പറയുന്നതുപോലെ പറഞ്ഞുപോകാമെന്ന ആത്മാർത്ഥതകൊണ്ടാണ് ഞാൻ അങ്ങനെയൊരു നിലപാടെടുത്തത്. അതുകൊണ്ട് ദയവായി അങ്ങ് അങ്ങനെയൊരു അഭിപ്രായം പിൻവലിക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

മി. ചെയർമാൻ: യെസ്.. ദയവായി ബില്ലിന്റെ ചർച്ചയിലേയ്ക്ക് വരൂ.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോബ് മൈക്കിൾ]

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഈയൊരു പൊതുസ്ഥിതി നമ്മൾ കുറേ ദിവസങ്ങളായി സഭയിൽ കാണുകയാണ്. നിങ്ങൾ കാറിന് കല്ലെറിഞ്ഞതുകൊണ്ടോ സിനിമാ നടന്മാരെ ചീത്ത വിളിച്ചതുകൊണ്ടോ ഒന്നും ജനങ്ങളുടെ പിന്തുണ ലഭിക്കില്ല. ജനങ്ങൾ ഇതൊക്കെ വിലയിരുത്തുന്നുണ്ടെന്ന് സാന്ദർഭികവശാൽ ഞാൻ സൂചിപ്പിച്ചുവെന്ന് മാത്രം. ഞാൻ ബില്ലിലേയ്ക്ക് കടക്കാം. ഇവിടെ ഈ ബില്ലുമായി ബന്ധപ്പെട്ട് സംസാരിച്ച ശ്രീ. എം. വിൻസെന്റ് ഉൾപ്പെടെയുള്ളയാളുകൾ ഇപ്പോൾ ഈ സഭയിലില്ല. ഈ ബിൽ ഒന്ന് നോക്കിയിട്ടുപോലുമല്ല അവർ സംസാരിച്ചത്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ രാജ്യത്താദ്യമായി ഫിഷറീസിനും സമുദ്രപഠനങ്ങൾക്കും മാത്രമായി ഒരു സർവ്വകലാശാല സ്ഥാപിച്ചത് കേരളത്തിലാണ്. അത്തരം ദീർഘവീക്ഷണത്തോടുകൂടിയായിരുന്നു 2010 നവംബറിൽ അന്നത്തെ ഗവൺമെന്റ് ഈ സർവ്വകലാശാല സ്ഥാപിച്ചത്. അതിനുമുമ്പ് കേരള കാർഷിക സർവ്വകലാശാലയുടെ ഭാഗമായിരുന്ന ഫിഷറീസ് കോളേജ് 2011-ലെ 5-ാം നമ്പർ ആക്ടിലൂടെ കേരള സർവ്വകലാശാലയിൽനിന്നും വേർപെടുത്തി 2011 മാർച്ച് 1-ാം തീയതി മുതലാണ് സ്വതന്ത്ര സർവ്വകലാശാലയായി പ്രവർത്തനമാരംഭിക്കുന്നത്. ഇപ്പോൾ 10 വർഷം കഴിഞ്ഞു. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ നമുക്ക് എങ്ങുമെത്താൻ കഴിഞ്ഞിട്ടില്ല. പിന്നീടുണ്ടായിരുന്ന കുറേ വർഷങ്ങൾ നമ്മൾ ലക്ഷ്യംവച്ച തലത്തിലേയ്ക്ക് ആ സർവ്വകലാശാലയെ എത്തിക്കാനുള്ള പ്രവർത്തനങ്ങളുണ്ടായിട്ടില്ല. കേരളത്തിലെ ഫിഷറീസ് മേഖലയുടെ സമഗ്ര

വികസനത്തിനും ഉന്നത വിദ്യാഭ്യാസത്തിനും ഗവേഷണത്തിനുമൊക്കെ ഊർജ്ജമാകാൻ വേണ്ടിയാണ് നമ്മൾ ഈ സർവ്വകലാശാല രൂപീകരിച്ചത്. 2019-ലെ റാങ്കിംഗിൽ ഫിഷറീസ് സർവ്വകലാശാലയുടെ സ്ഥാനം 57 ആയിരുന്നുവെങ്കിൽ 2018-ലെ റാങ്കിംഗിൽ ഉൾപ്പെടുത്താൻപോലും നമുക്ക് കഴിഞ്ഞിട്ടില്ല. പക്ഷെ സർവ്വകലാശാല രൂപീകരിച്ചതിനുശേഷം 2012-ൽ രൂപീകൃതമായ തമിഴ്നാട് ഫിഷറീസ് യൂണിവേഴ്സിറ്റി ഇന്ന് വളരെ മികച്ച നിലയിലാണ് പ്രവർത്തിക്കുന്നത്. പത്ത് ഫിഷറീസ് കോളേജുകൾ, ഗവേഷണ കേന്ദ്രങ്ങൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, റഫറൽ ലാബുകൾ എന്നിവയൊക്കെയായി വളരെ മെച്ചപ്പെട്ട നിലയിലേയ്ക്ക് എത്തിയിരിക്കുകയാണ്. ആ ഘട്ടത്തിലാണ് നമുക്കും നമ്മുടെ സർവ്വകലാശാലയെ വളരെ ഉയർന്ന നിലവാരത്തിലേയ്ക്ക് കൊണ്ടുവരണമെന്ന ആശയം ഉയർന്നുവരുന്നത്. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ വളരെ ചെറിയ സമയംകൊണ്ടുള്ള ചടുലമായ ഇടപെടലിന്റെയും ഈ മേഖലയിൽ ഗവൺമെന്റിന്റെ ദീർഘവീക്ഷണത്തോടുകൂടിയുള്ള പ്രവർത്തനങ്ങളും ഒക്കെക്കൊണ്ടാണ് ഫിഷറീസ് സർവ്വകലാശാലയെ മെച്ചപ്പെടുത്താനാവശ്യമായ ഭേദഗതികൾ ഈ സഭയിൽ കൊണ്ടുവരുന്നത്. എങ്ങനെയാണ് തമിഴ്നാട് സർവ്വകലാശാല മെച്ചപ്പെട്ട നിലയിലേയ്ക്ക് മാറിയതെന്ന് പരിശോധിച്ചു. രാജ്യത്തെ കാർഷിക വിദ്യാഭ്യാസം നിയന്ത്രിക്കുന്നതിനും കൃഷി അനുബന്ധ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സർവ്വകലാശാലകൾക്ക് സാമ്പത്തിക സഹായം നൽകുന്ന ICAR (Indian Council of Agricultural Research)-ന്റെ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് തമിഴ്നാട് സർവ്വകലാശാല പ്രവർത്തിക്കുന്നത്. അതുകൊണ്ട് അവർക്ക് കൂടുതൽ സാമ്പത്തിക സഹായങ്ങൾ ലഭിച്ച് ആ സ്ഥാപനം മെച്ചപ്പെട്ട നിലയിലേയ്ക്ക് പോകുന്നു. അങ്ങനെയാണ് നമുക്കും ആ ലക്ഷ്യത്തിലേയ്ക്കെത്തണമെന്ന നിലയിലേയ്ക്ക് ചിന്തിക്കുകയും അതിനാവശ്യമായിട്ടുള്ള നിയമ ഭേദഗതിയുൾപ്പെടെ കൊണ്ടുവന്നതും. പല കാര്യങ്ങളിലും നമ്മൾ ഉദ്ദേശിച്ച തലങ്ങളിലേയ്ക്കെത്താൻ അവിടെ വലിയ മാറ്റങ്ങളുണ്ടാകണം. അതിനാവശ്യമായ ഒരു തുടക്കമാണ് ഈ ഭേദഗതി. ബഹുമാനപ്പെട്ട അംഗം ശ്രീ. അനൂപ് ജേക്കബ് സൂചിപ്പിച്ചതുപോലെ മത്സ്യമേഖല ധാരാളം വെല്ലുവിളികൾ നേരിടുന്നുണ്ട്. ആ വെല്ലുവിളികളെല്ലാം ഞാനിവിടെ പറയുന്നില്ല. മത്സ്യസമ്പത്തിന്റെ ശോഷണം, കാലാവസ്ഥാ വ്യതിയാനം, അടിക്കടിയുണ്ടാകുന്ന ന്യൂനമർദ്ദം, നിരന്തരമായ കടലാക്രമണ ഭീഷണി എന്നിവയാണവ. ഇതിൽ നിന്നൊക്കെ നാം മറികടക്കണമെങ്കിൽ പ്രായോഗിക പരിജ്ഞാനത്തിലും അർപ്പണ മനോഭാവത്തിലും മുൻപന്തിയിൽ നിൽക്കുന്ന ഒരു കൂട്ടം പ്രൊഫഷണലുകളെ വാർത്തെടുക്കുകയാണ് അനിവാര്യമെന്ന തിരിച്ചറിവ്

നമുക്കുണ്ടാകണം. അതിന്റെ അടിസ്ഥാനത്തിലാണ് ഫിഷറീസ് സർവ്വകലാശാലയെ വളരെ പെട്ടെന്നുതന്നെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുവാൻ നമ്മൾ തീരുമാനിച്ചത്. അതിന്റെ തുടക്കമെന്ന നിലയിലാണ് ഇക്കാര്യങ്ങളെല്ലാം നടക്കുന്നത്. ഐ.സി.എ.ആർ.ന്റെ അംഗീകാരം നമുക്കില്ലാത്തതിന്റെ ഭാഗമായി അവിടെനിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾ വലിയ പ്രതിസന്ധി നേരിടുന്നുണ്ട്. അവിടെ ഒരു ടേമിൽ അഞ്ഞൂറിലധികം കുട്ടികൾ പാസൗട്ടാകുകയാണ്. അവർക്ക് ഇന്ത്യയിലെ മറ്റ് ഫിഷറീസ് സർവ്വകലാശാലകളിൽ ഗവേഷണം നടത്തുന്നതിനോ ഉപരിപഠനത്തിനോ തൊഴിൽ സാധ്യതകൾ നിഷേധിക്കപ്പെടുന്ന ഘട്ടത്തിലാണ് ഈ ഗവൺമെന്റ് ഇക്കാര്യങ്ങളിൽ ചടുലമായി ഇടപെടുന്നത്. നമ്മുടെ സർവ്വകലാശാലയിൽ ഭരണപരവും അക്കാദമികപരവും സാമ്പത്തികപരവുമായ മാറ്റങ്ങളുണ്ടാക്കണം. സർവ്വകലാശാലയുടെ കൂടുതൽ സെന്ററുകൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിക്കണം. അങ്ങനെയുള്ള ലക്ഷ്യങ്ങൾവച്ചുകൊണ്ടാണ് ഈ ഭേദഗതി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. തീർച്ചയായും വളരെ പെട്ടെന്നുതന്നെ ഫിഷറീസ് സർവ്വകലാശാലയെ ഇത്തരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ട ബഹുമാനപ്പെട്ട മന്ത്രിയെയും ഗവൺമെന്റിനെയും ഞാൻ ഈ ഘട്ടത്തിൽ അഭിനന്ദിക്കുകയാണ്. മത്സ്യമേഖലയിൽ ഈ ഗവൺമെന്റ് നടപ്പിലാക്കിയതുപോലുള്ള കാര്യങ്ങൾ ഒരു ഗവൺമെന്റും നടപ്പിലാക്കിയിട്ടില്ല. 5160 കോടി രൂപയാണ് മത്സ്യമേഖലയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് അനുവദിച്ചിട്ടുള്ളത്. പുനർഗേഹം പദ്ധതി 2450 കോടി രൂപ, സംസ്ഥാന പദ്ധതി വിഹിതം 2303 കോടി രൂപ, ഓഖി വന്നപ്പോൾ സഹായിക്കാൻ 76 കോടി രൂപ, ലൈഫ് മിഷൻ 150 കോടി രൂപ, കിഫ്ബി വഴി പാവപ്പെട്ടവരെ സഹായിക്കാൻ 578 കോടി രൂപ, വിദ്യാഭ്യാസ സഹായം 137 കോടി രൂപ, തീരദേശ റോഡുകൾ 883 കോടി രൂപ, കടാശ്വാസം 23 കോടി രൂപ, മണ്ണെണ്ണ സബ്സിഡി അനുവദിക്കാൻ 189 കോടി രൂപ, ആർ.കെ.വി.വൈ 58 കോടി രൂപ, തീരദേശ പഞ്ചായത്തുകളെ സഹായിക്കാൻ 68 കോടി രൂപ, മത്സ്യത്തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കാൻ 532 കോടി രൂപ അങ്ങനെ 5160 കോടി രൂപയുടെ പദ്ധതികളാണ് ഈ മേഖലയിലെ പാവപ്പെട്ട തൊഴിലാളികളെ സഹായിക്കാൻവേണ്ടി നടപ്പിലാക്കുന്നത്. നിരവധി ജനകീയ പദ്ധതികൾ ഈ ഗവൺമെന്റ് നടപ്പിലാക്കി. ഇപ്പോൾ എവിടെ ജലാശയമുണ്ടെങ്കിലും അവിടെയെല്ലാം മത്സ്യകൃഷി ആരംഭിക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ കോന്നിയിലെ കക്കി ആനത്തോട് ഡാമിൽ ബഹുമാനപ്പെട്ട മന്ത്രി തന്നെ നേരിട്ടുവന്നാണ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചത്. മുമ്പുണ്ടായിരുന്ന സ്ഥിതിയിൽനിന്നും വ്യത്യസ്തമായി മലയാളിക്ക് ഏറെ ഇഷ്ടമുള്ള നാടൻ മത്സ്യക്കുഞ്ഞുങ്ങളെയാണ്

നിക്ഷേപിച്ചത്. അത്തരത്തിൽ മത്സ്യോല്പാദനം വർദ്ധിപ്പിക്കുക മാത്രമല്ല ഗവൺമെന്റിന്റെയും ബഹുമാന്യനായ മന്ത്രിയുടെയും ദീർഘവീക്ഷണത്തോടെയുള്ള ഇടപെടലിന്റെ ഭാഗമായി കാട്ടിലുള്ള ആദിവാസി സഹോദരങ്ങൾക്കുകൂടി ജോലി കൊടുക്കുകയാണ്. പലപ്പോഴും അവരുടെ കുടിലുകളിൽ പട്ടിണിയായിരുന്നു. അങ്ങനെയുള്ള കുടിലുകളിൽ അവർക്ക് സഹായമായി ഒരു കുടുംബത്തിന് 400 രൂപ വീതം കൊടുക്കുകയാണ്. അങ്ങനെ നിരവധി പദ്ധതികൾ കൊണ്ടുവന്നു. സംസ്ഥാനത്തെ 28 റിസർവോയറുകളിലാണ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പ്രവൃത്തി ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ളത്. മത്സ്യോത്പാദനത്തിന്റെ വർദ്ധനവ് 2 കോടിയിൽനിന്നും 5 കോടിയായി ഉയർന്നു. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സഹായിക്കാൻ മത്സ്യ വിപണനം ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ വീടുകൾ മുൻകാല അവസ്ഥയിലാണോ ഇപ്പോഴുള്ളത്? എല്ലാം പൂർണ്ണമായും നല്ലതാണെന്നല്ല ഞങ്ങൾ പറയുന്നതിന്റെ അർത്ഥം. പക്ഷെ വീട് എന്നത് ഈ പാവങ്ങൾക്ക് സ്വപ്നമായിരുന്നു. എന്നാൽ ഇന്ന് ആ സ്ഥിതിയിൽ ഒരുപാട് മാറ്റമുണ്ടായി. ഇന്ന് അവരുടെ ഭവനങ്ങൾ നിർമ്മിക്കാൻ ധാരാളം പണം അനുവദിച്ചുകൊണ്ടിരിക്കുകയാണ്. മത്സ്യത്തൊഴിലാളികളുടെ വീട് നിർമ്മാണത്തിനുമുമ്പ് അനുവദിച്ചിരുന്ന തുക ഇരട്ടിയാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. അങ്ങനെ വിവിധ പദ്ധതികളിലുൾപ്പെടുത്തി, 'പുനർഗേഹം' പദ്ധതിയുടെ ഭാഗമായൊക്കെ വലിയ നിലയിലുള്ള സഹായങ്ങളാണ് ഇവിടെ എത്തിച്ചുകൊടുത്തുകൊണ്ടിരിക്കുന്നത്. അതുപോലെ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം ഇവിടെ സൂചിപ്പിച്ചതാണ്. നിരാലംബരായ വിദ്യാർത്ഥികളെ ദത്ത് എടുക്കുന്നതുൾപ്പെടെയുള്ള നിരവധി ക്ഷേമപദ്ധതികളാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. തീർച്ചയായും ഗവൺമെന്റിന്റെ ഇത്തരം ചടുലമായ ഇടപെടലുകൾ ഈ രംഗത്ത് വലിയൊരു കുതിച്ചുചാട്ടം തന്നെ സൃഷ്ടിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

2.00 pm]

ശ്രീ. പി. അബ്ദുൽ ഹമീദ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എൻ. ഷംസുദ്ദീൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ബിൽ വിശദമായ ചർച്ചകൾക്കും ചിന്തകൾക്കുമായി വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്നതാണ്

എന്റെ ഭേദഗതി. ഫിഷറീസ് യൂണിവേഴ്സിറ്റി സ്ഥാപിതമാകുന്നത് വളരെ മഹത്തായ ചില ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിലാണ്. ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനസമൂഹത്തെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള മികവിന്റെ ഒരു കേന്ദ്രം പഠനത്തിനും ഗവേഷണത്തിനുമായി വേണമെന്നുള്ള നിർദ്ദേശത്തെത്തുടർന്നാണ് ഫിഷറീസ് യൂണിവേഴ്സിറ്റി സ്ഥാപിതമാകുന്നത്. ചൈനയിലേയും ജപ്പാനിലേയും ഫിഷറീസ് യൂണിവേഴ്സിറ്റികൾ ഈ മേഖലയിലുണ്ടാക്കിയ ഗവേഷണ പുരോഗതിയും ചരിത്രത്തിൽ രേഖപ്പെട്ട് കിടക്കുകയാണ്. ചൈനീസ്-ജപ്പാൻ സമ്പദ്ഘടനകളുടെ എഞ്ചിനായിട്ടാണ് ഫിഷറീസ് സർവ്വകലാശാലകൾ അവിടെ പ്രവർത്തിച്ചത്. കേരളത്തിലേയ്ക്ക് വന്നാൽ ആഭ്യന്തര ഉൽപ്പാദന വളർച്ചയിൽ ഫിഷറീസ് സെക്ടർ 3 ശതമാനം പങ്കുവഹിക്കുന്നുണ്ട്. അതോടൊപ്പം സമ്പദ്ഘടനയിൽ രണ്ടായിരത്തോളം കോടി രൂപയുടെ വിദേശനാണ്യമാണ് ഈ മേഖല ഓരോ വർഷവും നമുക്ക് നേടിത്തരുന്നത്. പതിനൊന്ന് ലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികളും പത്ത് ലക്ഷം വരുന്ന അനുബന്ധ തൊഴിലാളികളും ഈ മേഖലയിലുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ ഒരു പ്രധാന സാമ്പത്തിക സ്രോതസ്സാണ് സമുദ്രവുമായി ബന്ധപ്പെട്ട മത്സ്യബന്ധന മേഖല. ഇനിയുള്ള നാളുകളിൽ കാലത്തിനനുസൃതമായ പരിഷ്ക്കാരങ്ങളും മറ്റും ആ മേഖലയിൽ നടപ്പാക്കി നമ്മുടെ സാമ്പത്തികമായ വളർച്ചയ്ക്കും പുരോഗതിക്കും ഉപയോഗപ്പെടുത്തണമെന്നുള്ളത് ഭരണകൂടങ്ങളുടെ വളരെ പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ്. കാരണം, നമുക്കുള്ള വിഭവങ്ങളാണ് ഉപയോഗപ്പെടുത്താൻ സാധിക്കുക. ദൈവം കനിഞ്ഞരുളി നൽകിയ 600 കി. മീറ്ററോളമുള്ള തീരദേശം നമ്മുടെ മുമ്പിലുണ്ട്. അത്തരം സാധ്യതകളെ ചൈനയും ജപ്പാനും ഉപയോഗപ്പെടുത്തിയതാണ് ഞാനിവിടെ ചൂണ്ടിക്കാണിച്ചത്. ചൈനയും ജപ്പാനും സാമ്പത്തികമായി വളർന്നതിൽ വലിയ പങ്കുവഹിച്ചത് അവരുടെ തീരദേശങ്ങളും സമുദ്രങ്ങളും അതിലെ ഉൽപ്പന്നങ്ങളുമാണ്. ഇപ്പോൾ കാലം മാറി, പഴയ സങ്കൽപ്പമൊന്നും മതിയാകില്ല, കാലത്തിനനുസൃതമായ പരിഷ്ക്കാരങ്ങളുണ്ടാകണം. ഓഷ്യൻ സയൻസ് എന്നത് ആദ്യകാലത്ത് മത്സ്യബന്ധനത്തിനും കപ്പൽ ഗതാഗതത്തിനുമുള്ള ഒരു ഉപാധി മാത്രമായിരുന്നു. എന്നാൽ ഇന്ന് ഭക്ഷ്യ വസ്തുക്കൾ, എണ്ണ, വാതകം, ധനിജങ്ങൾ, രാസവസ്തുക്കൾ, മരുന്നുകൾ, കുടിവെള്ളം തുടങ്ങിയ എല്ലാത്തിന്റെയും അമൂല്യ ശേഖരമായി സമുദ്രം മാറിയിരിക്കുകയാണ്. കടലിന് അനന്ത സാധ്യതകളുണ്ടെന്നുള്ളതാണ് ഇത് സൂചിപ്പിക്കുന്നത്. കടലിന്റെ അനന്ത സാധ്യതകളെ പരിസ്ഥിതിക്കനുസൃതമായിത്തന്നെ പ്രയോജനപ്പെടുത്താൻ നമുക്ക് സാധിക്കണം. കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക പുരോഗതിക്ക് ആ സാധ്യതകളെ പ്രയോജനപ്പെടുത്തുന്ന നിലയിലേയ്ക്കുകൂടി നമ്മുടെ യൂണിവേഴ്സിറ്റി കടന്നുവരണം. ഓഷ്യൻ സ്റ്റഡീസ് ആ രീതിയിലേയ്ക്ക് മാറണം. അനന്തസാധ്യതകളെ ഉപയോഗപ്പെടുത്താനാണ് ഈ യൂണിവേഴ്സിറ്റി. യൂണിവേഴ്സിറ്റി രൂപകൽപ്പന ചെയ്യുമ്പോൾ അതിനുണ്ടായിരുന്ന സ്വപ്നവും അതുതന്നെയായിരുന്നുവെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചു. 2010-ൽ

അന്നത്തെ മന്ത്രി യൂണിവേഴ്സിറ്റി ബിൽ അവതരിപ്പിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിൽ അത് കൃത്യമായി പറയുന്നുണ്ട്. ഈ യൂണിവേഴ്സിറ്റി നിലവിൽ വന്നാൽ അതുകൊണ്ടുണ്ടാകേണ്ട നേട്ടവും മാറ്റവുമെന്താണെന്ന് കൃത്യമായി ബില്ലിൽ പറയുന്നുണ്ട്. കൂടാതെ, ഈ മേഖലയിൽ വൈദഗ്ദ്ധ്യം നേടുന്നവർക്ക് 2025-ഓടുകൂടി 32 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും കണക്കാക്കിയിട്ടുള്ളതായി പറയുന്നുണ്ട്. 2025 ആകാൻ ഇനി 4 കൊല്ലമേയുള്ളൂ. എത്ര തൊഴിലവസരങ്ങൾ നമുക്ക് ലഭിച്ചു? നമ്മുടെ യൂണിവേഴ്സിറ്റികൊണ്ട് ആർജ്ജിക്കേണ്ട നേട്ടം നേടാൻ സാധിച്ചിട്ടില്ല. ആ ലക്ഷ്യത്തിന്റെ നാലയലത്തുപോലുമെത്താൻ സാധിച്ചിട്ടില്ലെന്നുള്ളതാണ് ഇപ്പോൾ നമുക്ക് കാണാൻ സാധിക്കുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, അങ്ങ് ഫിഷറീസ് യൂണിവേഴ്സിറ്റിയെക്കുറിച്ചാണ് പറയുന്നത്. നല്ല ആശയവും ഗുണപരമായ മാറ്റവുമുണ്ടാക്കുന്നതിനുവേണ്ടിയാണെന്നതിൽ സംശയമില്ല. ഐ.ടി. മേഖലയിലും ടെക്നിക്കൽ മേഖലയിലും എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് വലിയൊരു മാറ്റമുണ്ടാക്കുന്നതിനുവേണ്ടിയാണ് Kerala Technological University (KTU)നിലവിൽവന്നത്; അതുപോലെയാണ് ലാ യൂണിവേഴ്സിറ്റിയും. കെ.ടി.യു.വിന് കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളുമില്ലാത്തതിനാൽ ജീവനക്കാർ വലിയ ബുദ്ധിമുട്ടിലാണ്. ഗവൺമെന്റ് ആഗ്രഹിക്കുന്ന തരത്തിൽ അത് മുന്നോട്ടുപോയിട്ടില്ല. അതോടൊപ്പംതന്നെ നിയമ യൂണിവേഴ്സിറ്റി ഒരു വാടകക്കെട്ടിടത്തിലാണ് ഇന്ന് പ്രവർത്തിക്കുന്നത്. നമ്മുടെ ആശയങ്ങളും താൽപ്പര്യങ്ങളും ഉദ്ദേശ്യങ്ങളും വളരെ വിപുലമാണെങ്കിലും അതിനനുസരിച്ചുള്ള ക്രിയാത്മകമായ ഇടപെടലുകളും പ്രവർത്തനങ്ങളും നടത്താതെ അത്തരം സ്ഥാപനങ്ങളെ തകർക്കുകയെന്ന തരത്തിലേയ്ക്ക് പോകുമ്പോൾ ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ ഗതിയും അതുപോലെ തന്നെയാകുമോ എന്നതിനെക്കുറിച്ച് താങ്കൾക്ക് എന്താണ് അഭിപ്രായം?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട കോട്ടയ്ക്കൽ അംഗം പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ പറഞ്ഞത് വളരെ പ്രധാനപ്പെട്ട പോയിന്റാണ്. കാരണം നമ്മൾ പുതിയ നിയമനിർമ്മാണത്തിലൂടെ പുതിയ യൂണിവേഴ്സിറ്റികൾ കൊണ്ടുവരികയാണ്. ആ യൂണിവേഴ്സിറ്റികളുടെ നിലവാരം പരിശോധിക്കണം. ലാ യൂണിവേഴ്സിറ്റിയുടെയും ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെയും കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു. ടെക്നിക്കൽ യൂണിവേഴ്സിറ്റിക്കും ലാ യൂണിവേഴ്സിറ്റിക്കുമുണ്ടാകേണ്ട ഒരുപാട് ഭൗതിക സൗകര്യങ്ങളും പഠന സംവിധാനങ്ങളുമുണ്ട്. അതിന്റെ ഒരംശംപോലും ഇതുവരെ സ്വായത്തമാക്കാൻ ഈ രണ്ട് സർവ്വകലാശാലകൾക്കും ആയിട്ടില്ലെന്നുള്ളത് അനുഭവമാണ്. ഫിഷറീസ് യൂണിവേഴ്സിറ്റിയും ആ ദിശയിലേയ്ക്ക് പോകുമെന്ന ആശങ്ക എനിക്കുണ്ട്. ആശങ്കയുണ്ടോയെന്നാണ് ബഹുമാനപ്പെട്ട തങ്ങൾ ചൂണ്ടിക്കാണിച്ചത്; ആശങ്കയുണ്ട്. കാരണം, പേരിന് കുറേ

യൂണിവേഴ്സിറ്റികൾ പെറ്റുപെരുകിയതുകൊണ്ടായില്ല. നമ്മൾ ഉദ്ദേശിക്കുന്ന നിലവാരം ആ യൂണിവേഴ്സിറ്റികൾക്കുണ്ടാക്കാൻ കഴിയണം. ഇവിടെ സമുദ്രത്തിന്റെ അനന്ത സാധ്യതകളെക്കുറിച്ച് പറയുന്ന ബ്ലൂ ഇക്കോണമി നമുക്കറിയാം. റിയോ ഉച്ചകോടിയിൽ ബ്ലൂ ഇക്കോണമിയുടെ പ്രസക്തി പറഞ്ഞതാണ്. പക്ഷെ ഇന്ത്യാ ഗവൺമെന്റ് അത് ത്വരിതഗതിയിൽ നടപ്പാക്കാൻ ശ്രമിക്കുന്നത് തീരങ്ങളെ മുഴുവൻ വിറ്റ് തുലയ്ക്കാൻ വേണ്ടിയാണ്. ഓരോരുത്തരുടെയും താൽപ്പര്യങ്ങളാണ് അതിൽ പ്രധാനം. ഇതുപോലെ മറ്റ് പല സംഗതികളും പല ഉച്ചകോടികളിലും പറഞ്ഞിട്ടുണ്ട്. പക്ഷെ, മോദി സർക്കാർ അതിലൊന്നും കയറി പിടിച്ചില്ല, ഇതിൽ പിടിക്കുന്നത് നമ്മുടെ തീരങ്ങളെ മൊത്തം വിറ്റ് തുലയ്ക്കാൻവേണ്ടിയാണ്. ശ്രീ. നരേന്ദ്ര മോദിയുടെ വിശ്വസ്തനായ 15 മുതലാളിമാർക്കുവേണ്ടി കടലും കരയും വിഭവങ്ങളുമൊക്കെ വിറ്റ് തുലയ്ക്കുകയാണ്. ഞാൻ പറഞ്ഞത് അതിന്റെ മറുവശമാണ്. റിയോ ഉച്ചകോടി ചൂണ്ടിക്കാണിച്ചത് മറുവശമാണ്. കടലിന്റെ അനന്തസാധ്യതകൾ പരിസ്ഥിതിക്ക് ദോഷമില്ലാതെ നിയമവിധേയമായി നമുക്ക് പ്രയോജനപ്പെടുത്താനും ഉപയോഗപ്പെടുത്താനും സാധിക്കണം. ഇത് പറയുമ്പോൾ യൂണിവേഴ്സിറ്റി ജനിച്ച് വീണിട്ടേയുള്ളൂ. ഇപ്പോൾ എന്താണ് സ്ഥിതി? വിവാദങ്ങളുടെ നടുക്കടലിലാണ് ഈ യൂണിവേഴ്സിറ്റി. ഈ യൂണിവേഴ്സിറ്റിയുടെ ഓർഡിനൻസ് മാത്രമേ ആയിട്ടുള്ളൂ, ബില്ലിലേയ്ക്കുപോലും വന്നിട്ടില്ല. എന്താണ് യൂണിവേഴ്സിറ്റിയുടെ സ്ഥിതി; കുഫോസിൽ ഇപ്പോൾ നടക്കുന്നതെന്താണ്? ഏറ്റവും വലിയ സ്വജനപക്ഷപാതമാണ് നടക്കുന്നത്. കേട്ടാൽ ഇതൊക്കെ എങ്ങനെ അംഗീകരിക്കാൻ കഴിയും? കേരളത്തിലാണോ നടക്കുന്നതെന്ന് നമ്മൾ ആലോചിച്ചുപോകും. യൂണിവേഴ്സിറ്റി വൈസ് ചാൻസലർ തന്റെ ഭാര്യയെ അവിടത്തെ ഡീനായി നിയമിച്ചു. വൈസ് ചാൻസലർ നിയമനത്തിനായി നാലാളെ നിയോഗിക്കുകയാണ്. നാലാളുംകൂടി ചേർന്ന് അങ്ങയുടെ ഭാര്യയെപ്പോലെ ഫിറ്റായ മറ്റൊരു കാൻഡിഡേറ്റില്ലെന്ന് പറയുകയാണ്. എന്നിട്ട് നിയമിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി, നിങ്ങളുടെ കീഴിലുള്ള ഒരു യൂണിവേഴ്സിറ്റിയിലാണ് ഇത് നടക്കുന്നത്. പ്രബുദ്ധ കേരളത്തിന് നാണക്കേടല്ലേയിത്? അതിന്റേതായ ഫോർമാലിറ്റീസ് അനുസരിച്ച് ചെയ്തിട്ടില്ല; പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയില്ല. ഇതെല്ലാം ഈ നിയമത്തിൽ എഴുതിവയ്ക്കണം. ഉന്നത ഉദ്യോഗസ്ഥരുടെ ഭാര്യമാരെ അല്ലെങ്കിൽ മക്കളെ നിയമിക്കാൻ പാടില്ലെന്ന് പല നിയമത്തിലും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ സ്വന്തം ഭാര്യയെ ഒരു ഉളുപ്പുമില്ലാതെ നിയമിക്കുകയാണ്. അതിനാൽ രജിസ്ട്രാർക്ക് വെറുതെയിരിക്കാൻ സാധിക്കുമോ; ഏതായാലും വൈസ് ചാൻസലർ ഭാര്യയെ ഡീനാക്കി. അതുകൊണ്ട് എന്റെ ഭാര്യയെ റിസർച്ച് ഡയറക്ടറാക്കണമെന്ന് രജിസ്ട്രാർ പറഞ്ഞു. കളവുമുതൽ പങ്കുവയ്ക്കുമ്പോഴുണ്ടാകുന്ന ധാരണയുണ്ടല്ലോ? അതുപോലെ വി.സി.യുടെ ഭാര്യയെ

ഡീനായി നിയമിച്ചപ്പോൾ രജിസ്ട്രാറുടെ ഭാര്യയെ റിസർച്ച് ഡയറക്ടറായി നിയമിച്ചു. ഇതൊരു കുട്ടുകച്ചവടമാണ്. കേരളത്തിൽ ഇതൊക്കെ നടക്കുന്നുവെന്നത് ഗവൺമെന്റിന് ഏറെ നാണക്കേടല്ലേ? അതുകൊണ്ട് അത്തരം സംഗതികൾ ഉണ്ടാകരുത്. എന്താണ് മന്ത്രി, ഇത് ഉത്തര കൊറിയയാണോ; കേരളമല്ലേ? ഉത്തര കൊറിയയിൽ ചിലപ്പോൾ ഇതെല്ലാം നടക്കും. ഉത്തര കൊറിയ ഒരു കമ്മ്യൂണിസ്റ്റ് രാജ്യമാണ്. അവിടത്തെ ഭരണാധികാരിയെ നമുക്കെല്ലാം അറിയാം. കിം ജോങ് ഉൻ (Kim Jong-un) ആണ് ഉത്തര കൊറിയയിലെ ഭരണാധികാരി. അദ്ദേഹത്തിന്റെ പല പരാമർശങ്ങളും വളരെ പ്രസിദ്ധമാണ്. അദ്ദേഹം അമേരിക്കയെ ഇടയ്ക്ക് ഹൈഡ്രജൻ ബോംബൊക്കെ കാണിച്ച് ഞെട്ടിക്കാറുണ്ട്. അദ്ദേഹത്തിന് രണ്ട് സഹോദരിമാരുണ്ട്; Kim Yo-jong -ഉം Kim Sol-song -ഉം. ഈ രണ്ട് സഹോദരിമാരെയാണ് അദ്ദേഹം ആ രാഷ്ട്രത്തിന്റെ സുപ്രധാന തീരുമാനങ്ങളെടുക്കുന്ന സംവിധാനത്തിലെ സുപ്രീം ക്യാബിനറ്റിലേയ്ക്ക് നിയമിച്ചത്. ഒരു രാഷ്ട്രത്തിന്റെ സുപ്രധാന തീരുമാനങ്ങളെടുക്കുന്ന ഒരു സുപ്രീം ക്യാബിനറ്റിലേയ്ക്ക് സ്വന്തം സഹോദരിമാരെ നിയമിച്ച Kim Jong-un-നെ ഓർമ്മപ്പെടുത്തുന്നതാണ് ഇപ്പോഴത്തെ സർവ്വകലാശാല അധികാരികളുടെ പ്രവർത്തനമെന്ന് ഈ സന്ദർഭത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സാന്ദർഭികമായി ഒരു വാക്കുകൂടി, അമേരിക്കൻ സാമ്രാജ്യത്വത്തെ പ്രതിരോധിക്കുന്നതിൽ ഈ മഹാനാണ് മാതൃകയെന്ന് ഒരു ഘട്ടത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കിം ജോങ് ഉന്നിനെക്കുറിച്ച് പറഞ്ഞു. ചൈനയേക്കാൾ അമേരിക്കൻ സാമ്രാജ്യത്വത്തെ ഇന്ന് വിറകൊള്ളിക്കുന്നത് അദ്ദേഹമാണെന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് താല്പര്യമുള്ള കക്ഷിയാണ് അദ്ദേഹം. എന്നാൽ അയാളുടെ മാതൃകയാണ് ഇവിടത്തെ ചില സർവ്വകലാശാല അധികാരികൾ സ്വീകരിച്ചതെന്നത് നമുക്കേറെ ലജ്ജാകരമാണെന്ന് ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. ഇതുൾപ്പെടെയുള്ള ഭേദഗതികൾ കൊണ്ടുവരുന്നത് എന്തിനാണെന്നാണ് അവകാശവാദം. ഐ.സി.എ.ആർ.ന്റെ നിർദ്ദേശങ്ങളുടെ പേരിലാണ് ഈ ഭേദഗതിയുള്ളത്. Indian Council of Agricultural Research എന്നത് പ്രധാനപ്പെട്ട ഒരു അപ്പെക്സ് ബോഡിയാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, സഹോദരിമാർക്ക് അധികാരം കൊടുക്കുന്നതിനുമുമ്പ് അമ്മാവൻ Jang Song-thaek-നാണ് ചുമതലകൾ നൽകിയിരുന്നത്. അമ്മാവൻ തനിക്ക് ഭീഷണിയാണെന്ന് കണ്ടപ്പോൾ അദ്ദേഹത്തെ നായ്ക്കൾക്ക് ഇട്ടുകൊടുത്ത് കൊല്ലുകയായിരുന്നുവെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? നമ്മുടെ രാജ്യത്ത് ഇങ്ങനെയൊരു ഭരണഘടന നിലവിലുള്ളതുകൊണ്ടാണ് ഇത്തരം സംരക്ഷണങ്ങൾ ലഭിക്കുന്നതെന്ന കാര്യവും മാതൃകയാക്കുന്ന ആൾക്കാരുടെ കാര്യത്തെ ഉദാഹരിക്കുമ്പോൾ അങ്ങ്

മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അതെ. ഞാൻ സമയക്കുറവുകൊണ്ടാണ് ആ കഥയിലേയ്ക്ക് പോകാത്തത്. Kim Jong-un-ന്റെ അമ്മാവനായിരുന്ന ആ രാജ്യത്തിന്റെ ഭരണാധികാരി. ചില ഉത്തരവാദിത്വങ്ങൾ ഭരണാധികാരിയെ ഏൽപ്പിച്ചു. അതിൽ വീഴ്ച വരുത്തിയപ്പോൾ, ഒരാഴ്ചയോളം നായ്ക്കളെ പട്ടിണിക്കിട്ടതിനുശേഷം ഈ പച്ച മനുഷ്യനെ ആ നായ്ക്കൾക്ക് എറിഞ്ഞുകൊടുത്തു. നായ്ക്കൾ പച്ചയ്ക്ക് അയാളെ കടിച്ചുതിന്നുവെന്നാണ് ചരിത്രം പറയുന്നത്. അത്രയും ക്രൂരനായ ഭരണാധികാരിയാണ്. എന്നാൽ നിങ്ങൾ കാണേണ്ടത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ലോകത്തുതന്നെ ഇന്ന് മാതൃകയായി ചില ഇടതുപക്ഷ സ്നേഹിതർ ചൂണ്ടിക്കാണിക്കുന്നത് കമ്മ്യൂണിസ്റ്റ് രാജ്യമായ ഉത്തര കൊറിയയെയും അവിടത്തെ ഭരണാധികാരിയായ കിം ജോങ് ഉന്നിനെയും അദ്ദേഹത്തിന്റെ നടപടികളെയുമൊക്കെയാണെന്ന് പറയുമ്പോൾ അതിൽ വലിയ നാണക്കേടുണ്ട്. ഞാൻ പറഞ്ഞുവന്ന പോയിന്റ് ഐ.സി.എ.ആർ.-ന്റെ നിർദ്ദേശങ്ങൾ പ്രകാരം യൂണിവേഴ്സിറ്റിയിൽ ഗവേണിംഗ് കൗൺസിൽ, അക്കാദമിക് കൗൺസിൽ, റിസർച്ച് കൗൺസിൽ, എക്സ്റ്റൻഷൻ കൗൺസിൽ, ഫാക്കൽറ്റികൾ, ബോർഡ് ഓഫ് സ്റ്റഡീസ് എന്നിവയൊക്കെ രൂപീകരിച്ചാൽ മാത്രമേ കോഴ്സിന് അംഗീകാരം ലഭിക്കുകയുള്ളൂവെന്നാണ് ഇതിൽ പ്രധാനമായും പറയുന്നത്. അതിനോടൊന്നും ഞങ്ങൾക്ക് വിയോജിപ്പില്ല. അതെല്ലാം രൂപീകരിക്കട്ടെ. ഈ ബില്ലിൽ പ്രധാനമായും പറയുന്ന കാര്യം ഈ കൗൺസിലുകളും അതിന്റെ ഘടനയും അതിലെ നിയമനങ്ങളും അതിൽനിന്ന് രാജിവയ്ക്കലുമൊക്കെയാണ്. അതിലൊന്നും ഞങ്ങൾക്ക് തർക്കമില്ല. എന്നാൽ ഇവിടെ വേറൊരു പ്രശ്നമുണ്ട്. സംസ്ഥാനത്തെ ചില വിദ്യാർത്ഥികളുടെയും ഉദ്യോഗാർത്ഥികളുടെയും പ്രശ്നമുണ്ട്. കേരളത്തിൽ ഈ യൂണിവേഴ്സിറ്റി വരുന്നതിനുമുമ്പുതന്നെ കോളേജുകളിൽ Fisheries and Ocean Sciences കോഴ്സുകൾ നിലവിലുണ്ട്. പൊന്നാനി എം.ഇ.എസ്. കോളേജിൽ ഫിഷറീസ് ബി.എസ്സി., എം.എസ്സി. കോഴ്സുകളുണ്ട്. അത്തരം യൂണിവേഴ്സിറ്റികളിൽനിന്നുള്ള ബിരുദക്കാരെ ഒന്നിനും പരിഗണിക്കേണ്ടതില്ലെന്ന ഒരു ഗൂഢതന്ത്രം ഇതിന്റെകൂടെ വരികയാണ്. അത് ശരിയല്ല. അതിനാൽ അക്കാര്യത്തെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്, ഈ യൂണിവേഴ്സിറ്റിയിൽനിന്നും പഠിച്ചവരെ മാത്രമേ എടുക്കാവൂയെന്ന് ഐ.സി.എ.ആർ.-ൽ ഒരിടത്തും പറയുന്നില്ല. അവരെക്കൂടി പരിഗണിക്കണം. B.FSc. (Bachelor of Fisheries Science)-കാരെയും M.FSc. (Master of Fisheries Science)-കാരെയും മാത്രമേ നിയമിക്കാവൂ എന്ന് ഐ.സി.എ.ആർ. പറയുന്നില്ല. എന്നാൽ നമ്മുടെ ആക്ടിൽ അങ്ങനെ പറയുന്നുണ്ട്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഇതൊന്ന് ഏകീകരിക്കണമെന്നാണ്. ഒരു

യൂണിവേഴ്സിറ്റി വരികയാണ്. യൂണിവേഴ്സിറ്റിക്ക് പുറത്തും ഫിഷറീസ് ഓഷ്യൻ പഠനങ്ങൾ മറ്റ് കോളേജുകളിലും യൂണിവേഴ്സിറ്റിയിലുമുണ്ടെങ്കിൽ അതെല്ലാം ഒരു കുടക്കീഴിലേയ്ക്ക് കൊണ്ടുവരണം. ഇന്നേവരെ പാസ്സായിട്ടുള്ളവർക്ക് ഇതിന്റെ പരിധിയിൽ അംഗീകാരം കൊടുക്കണം. അങ്ങനെയായാൽ ഭാവിയിൽ ഒരു തരത്തിലുള്ള കോഴ്സ് മാത്രമേ ഉണ്ടാകുകയുള്ളൂ. ആ രീതിയിലേയ്ക്ക് പരിവർത്തനം ചെയ്യാം. പക്ഷേ ഇപ്പോഴുള്ള കുട്ടികളെ വഴിയാധാരമാക്കുന്ന നിലപാടിനോട് യോജിക്കാൻ കഴിയില്ല. ഈ ബില്ലിൽ ഇങ്ങനെ എഴുതിവച്ചതുകൊണ്ട് നൂറുകണക്കിന് കുട്ടികൾ തങ്ങളുടെ കയ്യിലെ ഡിഗ്രിക്ക് ഒരു വിലയുമില്ലാതെ, തൊഴിലില്ലാതെ അലയേണ്ട സ്ഥിതിവിശേഷത്തിലേയ്ക്ക് പോകാൻ ഇടവരുമെന്നത് വളരെ ദയനീയമായ സാഹചര്യമാണ്. ബിരുദവും ബിരുദാനന്തര ബിരുദവും നേടിയവരുണ്ട്. അതുപോലെതന്നെ ഐ.സി.എ.ആർ.-നെ മോഡലാക്കി S.A.U. (South Asian University)-കളിൽ ഫാക്കൽറ്റി സ്ഥാനത്തേയ്ക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികളുടെ യോഗ്യതയെക്കുറിച്ച് ഒരു സ്പെസിഫിക്കേഷൻ പരാമർശിക്കുന്നില്ല. നിങ്ങൾ പറയുന്ന B.FSc.-യും M.FSc.-യും വേണമെന്ന് ആരും പറയുന്നില്ല. അതുകൊണ്ട് യു.ജി.സി. യോഗ്യതകളെ പൂർണ്ണമായും അംഗീകരിക്കണമെന്നാണ് പറയുന്നത്. യു.ജി.സി. അംഗീകരിച്ച കോഴ്സുകളാണ് മറ്റ് ഫിഷറീസ് കോഴ്സുകൾ. അതിനെക്കൂടി ഈ കുഫോസ് ആക്ടിൽ ഉൾപ്പെടുത്തണം. അങ്ങനെ നിർബന്ധിച്ച് അവരെ മാറ്റി നിർത്തുന്നത് ശരിയല്ലെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഇവിടെ ഐ.സി.എ.ആർ. പറയുന്നതെല്ലാം സ്വീകരിക്കുന്നുണ്ടോ; തരാതരം പോലെയാണ് ഇടപാട്. ഐ.സി.എ.ആർ.-ൽ സ്വീകരിക്കാത്തത് എന്താണെന്ന് നിങ്ങൾ കാണേണ്ട ഒരു കാര്യമുണ്ട്. അതായത് യൂണിവേഴ്സിറ്റിക്ക് പ്രോ-ചാൻസലറും പ്രോ-വൈസ്ചാൻസലറും ഇല്ല. അങ്ങനെയാണ് ഐ.സി.എ.ആർ.-ന്റെ റെക്കമെന്റേഷൻ. യൂണിവേഴ്സിറ്റിക്ക് അവരുടെ കണക്കുപ്രകാരം ചാൻസലറും വൈസ് ചാൻസലറും മതി. പ്രോ-ചാൻസലറും പ്രോ-വൈസ്ചാൻസലറും ഇല്ല. എന്നാൽ ഈ ബില്ലിൽ ഉണ്ടല്ലോ; അതിനാൽ ഐ.സി.എ.ആർ.-ന്റെ മുഴുവൻ നിബന്ധനകളും നിങ്ങൾ എടുത്തിട്ടില്ല. ആവശ്യമില്ലാത്തതിനെ തെറ്റിദ്ധരിപ്പിച്ച് ചിലരുടെ താല്പര്യങ്ങൾക്കുവേണ്ടി ഇതിനെ എടുത്തിട്ടുണ്ടെന്നുള്ളതാണ് കാണാൻ സാധിക്കുന്നത്. സമയത്തിന്റെ കുറവുള്ളതുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല, പൊതുവേ യൂണിവേഴ്സിറ്റി നിയമങ്ങളിൽ കുറെ മാറ്റങ്ങൾ കാലാനുസൃതമായി വരുത്തേണ്ടതുണ്ട്. പഴയ കാലത്തൊക്കെ അഞ്ച് വർഷം കൂടുമ്പോഴാണ് സിലബസ് പരിഷ്കരിക്കുന്നത്. എന്നാലിപ്പോൾ ആ രീതിയല്ല പ്രാവർത്തികമാക്കേണ്ടത്. കാരണം ഒരു കൊല്ലത്തിൽത്തന്നെ ശാസ്ത്രസാങ്കേതിക മേഖലയിൽ വലിയ മാറ്റങ്ങൾ വരികയാണ്. ഒരു കൊല്ലം കൂടുമ്പോൾ സിലബസ് പരിഷ്കരിക്കാൻ

സാധിക്കണം. അതുപോലെ ഓരോ മേഖലയിലും വിദഗ്ധരായ അദ്ധ്യാപകരെ ഗസ്റ്റ് ലക്ചറർമാരായി കൊണ്ടുവന്ന് കുട്ടികളുമായി സംവദിക്കാൻ അവസരമുണ്ടാക്കണം. സാധാരണ ഗസ്റ്റ് ലക്ചറർ എന്നുപറഞ്ഞാൽ ഏറ്റവും ജൂനിയറായിട്ടുള്ള ഒരാളെ ഒഴിവുള്ള തസ്തികയിലേയ്ക്ക് അവിടത്തെ ഗസ്റ്റ് ലക്ചററായി നിയമിക്കാം. എന്നാൽ അന്തർദ്ദേശീയ തലത്തിലെ ഗസ്റ്റ് ലക്ചർ കാഴ്ചപ്പാടെന്ന് പറഞ്ഞാൽ അങ്ങനെയല്ല. ഒരു വിഷയത്തിൽ വിദഗ്ധരായ, ആ മേഖലയിൽ വിദഗ്ധരായി പ്രവർത്തിക്കുന്ന നല്ല അനുഭവ സമ്പത്തുള്ള ഒരാളെ കുറച്ചുകാലം അല്ലെങ്കിൽ കുറച്ചുമണിക്കൂറുകൾ വിദ്യാർത്ഥികൾക്ക് ഗസ്റ്റ് ലക്ചററായി അനുവദിക്കുന്നു. അങ്ങനെ നൽകുന്നത് അയാളുടെ അനുഭവ സമ്പത്തും ജ്ഞാനവും കുട്ടികൾക്ക് ആർജ്ജിക്കുന്നതിനുവേണ്ടിയാണ്. അങ്ങനെയുള്ള മാറ്റങ്ങൾ എല്ലാ യൂണിവേഴ്സിറ്റികളിലും വരണം. അത് നമ്മുടെ യൂണിവേഴ്സിറ്റിയിലും വരണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. പഴയ പഠന രീതികൾക്ക് മാറ്റം ഉണ്ടായില്ലെങ്കിൽ ഇതൊക്കെ കാലഹരണപ്പെട്ടതായിപ്പോകും. മുമ്പൊക്കെ യൂണിവേഴ്സിറ്റിയിൽനിന്നും ലഭിക്കുന്ന വിവരം മാത്രമേ കുട്ടികൾക്ക് വിവരം/ജ്ഞാനം എന്നുപറയാനുണ്ടായിരുന്നുള്ളൂ. വിവരങ്ങളുടെ/വിജ്ഞാനത്തിന്റെ ഒരു മഹാപ്രവാഹമാണ് കുട്ടികൾക്ക് ചുറ്റുമുള്ളത്. അതിനനുസരിച്ച് വിദ്യാഭ്യാസ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ യൂണിവേഴ്സിറ്റി വരുത്തണമെന്ന് ഞാൻ ചൂണ്ടിക്കാണിക്കുന്നു. അതോടൊപ്പം ബില്ലിൽ ധാരാളം സംഗതികൾ പറയാനുണ്ടായിരുന്നു. ബില്ലിന്റെ അന്തഃസത്തയിലേയ്ക്ക് വരേണ്ടതുണ്ട്. ഇതിന്റെ പുറമേയുള്ള/ഉപരിതലത്തിലുള്ള കാര്യങ്ങളാണ് പറഞ്ഞത്. ബില്ലിന്റെ 60-ാം വകുപ്പിൽ സർവ്വകലാശാല ഓംബുഡ്സ്മാനെ നിയമിക്കുമെന്ന് പറയുന്നു. ഇപ്പോഴത്തെ നടപടികൾ കണ്ടിട്ടായിരിക്കും അത്തരം തീരുമാനമെടുത്തതെന്ന് തോന്നുന്നു. അത് നല്ല കാര്യമാണ്. കാരണം അവിടെയുള്ള എല്ലാ അരുതായ്മകളും അഴിമതികളുമൊക്കെ അവിടെത്തന്നെ ചോദ്യം ചെയ്യാൻ ഒരു വേദിയുണ്ടാകുന്നത് നല്ല കാര്യമാണ്. 60-ാം വകുപ്പിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. വി.സി.യെ നിയമിക്കുന്ന കാര്യത്തിൽ നിങ്ങൾക്ക് വലിയ ambiguity നിലനിൽക്കുന്നു. നിയമത്തിലൊരിക്കലും ambiguity ഉണ്ടാകരുത്. വി.സി.യെ നിയമിക്കാൻ മൂന്നംഗ പാനലിനെ നിയമിക്കുമെന്നാണ് ഇതിൽ പറയുന്നത്. ഈ മൂന്നംഗ പാനൽ ഭൂരിപക്ഷം കൊടുത്താൽ ഗവർണ്ണർ വി.സി.യെ പ്രഖ്യാപിക്കും. ഈ മൂന്നംഗ പാനൽ ഗവർണ്ണർക്ക് ഭൂരിപക്ഷം കൊടുക്കാതെ, മൂന്നാളും മൂന്നാളിന്റെ പേരെഴുതി കൊടുത്താൽ എന്താണ് ഗവർണ്ണർ ചെയ്യേണ്ടതെന്ന് ഇതിൽ പറയുന്നില്ല. ഗവർണ്ണറുടെ ഭാര്യയുടെ പേരെഴുതണമെന്ന് പറയുന്നുണ്ട്. അത് എന്റെ അഭിപ്രായമല്ല, ഇവരൊക്കെ പറഞ്ഞതാണ്. പക്ഷേ ഞാൻ ചോദിക്കുന്നത് ഇതിന് ഒരു വ്യക്തത വരുത്തണ്ടേ? അങ്ങനെയുണ്ടെങ്കിൽ സർക്കാരിന്റെ അഭിപ്രായം

ചോദിക്കട്ടെ, സർക്കാരുകൾ മാറിമാറി വരും. ജനാധിപത്യത്തിൽ സർക്കാരിന് തന്നെയാണ് പ്രസക്തി. മൂന്നംഗ സെലക്ട് കമ്മിറ്റി മൂന്ന് ആളുകളുടെ പേര് നിർദ്ദേശിക്കുമ്പോൾ ഗവർണ്ണർ എന്തുചെയ്യണമെന്ന് ഈ ആക്ടിൽ പറയുന്നില്ല.

ശ്രീ. വി. കെ. പ്രശാന്ത്: സർ, പോയിന്റ് ഓഫ് ഓർഡർ...... ഗവർണ്ണറുടെ ഭാര്യയുടെ പേര് എഴുതണമെന്ന് അങ്ങ് പ്രസംഗിച്ചപ്പോൾ പറഞ്ഞു. അത് രേഖയിലുണ്ടാകാൻ പാടില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അത് ഞാനല്ല പറഞ്ഞത്. ഇവിടെ ഒരു നിർദ്ദേശം വന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഗവർണ്ണറുടെ പേര് എഴുതണമെന്ന് പറഞ്ഞു. അതൊക്കെ ആ സെൻസിൽ എടുത്താൽ മതി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, രേഖയിലാണെങ്കിലും തെറ്റായി കിടക്കരുത്. ഗവർണ്ണറുടെ ചോയിസ് എഴുതണമെന്നാണ് ഞാൻ പറഞ്ഞത്. ഗവർണ്ണറുടെ ചോയിസ്, അതല്ലേ പറ്റുകയുള്ളൂ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇപ്പോൾ നിങ്ങൾക്കുവേണ്ടിയാണ് ഞാൻ ഇത് പറയുന്നത്. ഗവർണ്ണറുടെ ചോയിസ് എഴുതരുതെന്നാണ് ഞാൻ പറഞ്ഞത്. കാരണം സെലക്ഷൻ കമ്മിറ്റിയിലുള്ള ഒരാളെ സർക്കാരാണ് നോമിനേറ്റ് ചെയ്യുന്നത്. സംസ്ഥാനം ഭരിക്കുന്ന സർക്കാരിന്റെ അഭിപ്രായത്തിന് പ്രസക്തിയുണ്ടാകണം. മുമ്പ് അങ്ങനെയൊരു ആശയക്കുഴപ്പമുണ്ടായി നിങ്ങൾക്ക് അടികിട്ടിയതാണ്. നിങ്ങൾ പറഞ്ഞ വി.സി.യെ അല്ല ഗവർണ്ണർ നിയമിച്ചത്. ഗവൺമെന്റ് ആഗ്രഹിക്കാത്ത വി.സി. വന്നു. അതിന് ഇനിയും വകുപ്പുണ്ടാക്കിക്കൊടുക്കരുതെന്നാണ് ഞാൻ പറയുന്നത്. ഇതുപോലുള്ള കാര്യങ്ങൾ വരാതിരിക്കാൻ ഇതിലൊരു വ്യക്തത വേണം. സെലക്ഷൻ കമ്മിറ്റിയിലെ മൂന്നംഗങ്ങൾ മൂന്നാളുകളുടെ പേരെഴുതിയാൽ സംസ്ഥാന ഗവൺമെന്റുമായി ആലോചിച്ച് ഗവർണ്ണർക്ക് അതിൽനിന്നും ഒരാളെ നിയമിക്കാമെന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ വരണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇങ്ങനെയുള്ള ഒരുപാട് പ്രയാസങ്ങളുള്ളതുകൊണ്ട് ഈ ബിൽ മൊത്തത്തിൽ സ്വീകാര്യമാണെങ്കിലും ഇതിൽ പരിഹരിക്കപ്പെടാൻ ഒരുപാട് കാര്യങ്ങളുള്ളതിനാൽ ഒന്നുകൂടി ബിൽ സബ്ജക്ട് കമ്മിറ്റിക്ക് പോയി വിശദമായ ചർച്ചയ്ക്ക് വയ്ക്കണമെന്നുള്ള ഭേദഗതി അവതരിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. വാഴൂർ സോമൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. വി. ശശി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി

സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധന നൗകകളെ നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥകളാണ് 1980-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ആക്ടിലെ ഉള്ളടക്കത്തിലുള്ളത്. ഈ ആക്ടിൽ നിലവിലുള്ള ചില വ്യവസ്ഥകളിൽ ഭേദഗതി വരുത്താനാണ് ഇപ്പോൾ സഭ പരിഗണിക്കുന്ന ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്. നിലവിലുള്ള വ്യവസ്ഥകൾ ലംഘിച്ചാൽ ആക്ടിലെ 17-ാം വകുപ്പുപ്രകാരം നൽകേണ്ടിയിരുന്ന പിഴയും പിഴയുടെ നിരക്കും കുറയ്ക്കണമെന്നത് മത്സ്യത്തൊഴിലാളികളുടെയും ബോട്ടുടമകളുടെയും നിരന്തരമായ ആവശ്യമായിരുന്നു. ന്യായമായ ആ ആവശ്യം പരിഗണിച്ചുകൊണ്ട് പിഴ നിരക്ക് കുറച്ചുകൊണ്ടുള്ള ഭേദഗതിയാണ് ഈ ബില്ലിലെ പ്രധാനപ്പെട്ട വിഷയം. മത്സ്യബന്ധന നൗകകളിൽ ആധാർ കാർഡുള്ള മത്സ്യത്തൊഴിലാളികളെ മാത്രമേ മത്സ്യബന്ധനത്തിന് കൊണ്ടുപോകേണ്ടതുള്ളൂ എന്നതാണ് മറ്റൊരു ഭേദഗതി. പുതിയൊരു വകുപ്പ് ഇതിനായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ വകുപ്പ് ലംഘിച്ചാൽ 17 (4A) വകുപ്പുപ്രകാരം പിഴ നൽകുന്നതിനുള്ള ഭേദഗതിയും ഈ ബില്ലിലുണ്ട്. കൂടാതെ മത്സ്യബന്ധനത്തിനല്ലാതെ മറ്റാവശ്യങ്ങൾക്കായി മത്സ്യബന്ധന നൗകകൾ പോകുന്നത് നിയന്ത്രിക്കുന്നതിനും അത്തരം നിയന്ത്രണങ്ങൾ ലംഘിച്ച് നൗകകൾ ഉപയോഗിക്കുന്നതിന് പിഴ ചുമത്തുന്നതിനായി 5(A) വകുപ്പും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭേദഗതികളെല്ലാം മത്സ്യത്തൊഴിലാളി സമൂഹം നിരന്തരമായി അഭ്യർത്ഥിച്ചിട്ടുള്ളതും അവരുടെ സുരക്ഷ ലക്ഷ്യമാക്കിയുള്ളതുമാണ്. അതുകൊണ്ട് ഈ ഭേദഗതികളെല്ലാം പൂർണ്ണമായും അംഗീകരിക്കാവുന്നതാണ്. പണി പൂർത്തിയാക്കാത്ത 8 ഫിഷിംഗ് ഹാർബർ ഉൾപ്പെടെ വലുതും ചെറുതുമായ 24 ഹാർബറുകളാണ് സംസ്ഥാനത്തുള്ളത്. ഏറ്റവും ഒടുവിൽ പണിപൂർത്തിയാക്കി ഉദ്ഘാടനം ചെയ്ത മത്സ്യബന്ധന തുറമുഖമാണ് ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ 2004-ൽ ഈ തുറമുഖത്തിന്റെ നിർമ്മാണം ആരംഭിച്ചു. അന്ന് തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട മാതൃകാ പഠനവും സാങ്കേതിക സഹായവുമെല്ലാം ലഭ്യമാക്കിയത് ചെന്നൈ കേന്ദ്രമായി പ്രവർത്തിക്കുന്ന ഐ.ഐ.ടി. ആയിരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതമായി 13 കോടിയോളം രൂപ ഇതിനായി ചെലവഴിച്ചു. എന്നാൽ പുലിമുട്ടുകളുടെ നിർമ്മാണം അശാസ്ത്രീയമാണെന്ന നിഗമനത്തെത്തുടർന്ന് നിർമ്മാണ പ്രവർത്തനം ഇടയ്ക്ക് നിർത്തിവച്ചു. ഐ.ഐ.ടി. മാതൃകാ പഠനത്തിൽ പറഞ്ഞതുപോലെയായിരുന്നില്ല അതിന്റെ നിർമ്മാണം. മാതൃകാ പഠനത്തിൽ പറഞ്ഞതിന് വിപരീത ദിശയിലേയ്ക്ക് മണ്ണ് സഞ്ചാരമുണ്ടാകുന്നതായും അന്ന് ശ്രദ്ധയിൽപ്പെട്ടു. ഇതിനുശേഷം Central Water and Power Research Station

(CWPRS)-ന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തുറമുഖം പുനർനിർമ്മിച്ചത്. പെരുമാതുറ ഭാഗത്ത് 480 മീറ്റർ നീളത്തിലും താഴമ്പള്ളി പ്രദേശത്ത് 420 മീറ്റർ നീളത്തിലും പുലിമുട്ടുകൾ പുനഃസ്ഥാപിച്ചു. ഇതിനായി 31 കോടി രൂപ അന്ന് ചെലവഴിക്കുകയുണ്ടായി. Rashtriya Krishi Vikas Yojana (RKVY) എന്ന പദ്ധതിയിൽനിന്നാണ് ഇതിനാവശ്യമായ തുക അന്ന് കണ്ടെത്തിയത്. തുറമുഖത്തിന്റെ താഴമ്പള്ളി ഭാഗത്തിൽ വാർഫ്, ലേലഹാൾ, ഓവർഹെഡ് ടാങ്ക്, ടോയ്‌ലെറ്റ്, പാർക്കിംഗ് ഏരിയ, ആന്തരിക റോഡ്, ലോക്കർ മുറികൾ എന്നീ സൗകര്യങ്ങളെല്ലാം അന്ന് നിർമ്മിക്കുകയുണ്ടായി. മണ്ണെണ്ണ ബങ്ക് (Kerosene Bunk) നിർമ്മിക്കുന്നതിനുള്ള നടപടിയും മത്സ്യഫെഡ് ആരംഭിച്ചിട്ടുണ്ട്. പെരുമാതുറ ഭാഗത്തും വാർഫ്, ലേലഹാൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പാർക്കിംഗ് ഏരിയ, ആന്തരിക റോഡ്, ലോക്കർ മുറികൾ എന്നീ സൗകര്യങ്ങളും സജ്ജമാക്കിയിട്ടുണ്ട്. ശൗചാലയ നിർമ്മാണവും ഇപ്പോൾ പുരോഗമിച്ചുവരുന്നു. തുറമുഖത്തിന്റെ ഉദ്ഘാടനം 2019-ലാണ് നടന്നതെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ഏതാണ്ട് 15 വർഷത്തോളം സമയമെടുത്തുവെന്നതാണ് വസ്തുത. എന്നിട്ടും ഇപ്പോഴും ഈ തുറമുഖത്ത് പ്രശ്നങ്ങൾ വിട്ടുപോകാതെ തുടരുകയാണ്. ഇതിന്റെ നിർമ്മാണത്തിൽ അപാകതകളുണ്ടെന്ന ആരോപണം പല കേന്ദ്രങ്ങളിൽനിന്നും ഉയർന്നുവരുന്നു. നിരവധി അപകട മരണങ്ങൾ ഈ തുറമുഖത്ത് ഇതിനകം സംഭവിച്ചുകഴിഞ്ഞു. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ടുകളുടെ പുനരുദ്ധാരണത്തിനുശേഷം അവശേഷിച്ച പാറക്കല്ലുകളിലും അടിഞ്ഞുകൂടുന്ന മണൽത്തിട്ടകളിലും തട്ടി മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങൾ അപകടത്തിലാകുന്നത് ഇവിടെ സ്ഥിരം സംഭവമായിക്കൊണ്ടിരിക്കുകയാണ്. 2018-ൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ നേതൃത്വത്തിൽ പൊഴിയിൽ കിടന്ന വലിയ പാറക്കല്ലുകളും മണ്ണും പൂർണ്ണമായി നീക്കം ചെയ്തു. അതിനുശേഷമാണ് വീണ്ടും മത്സ്യബന്ധന യാനങ്ങൾ മത്സ്യബന്ധനം നടത്തിത്തുടങ്ങിയത്. എന്നാൽ മഴക്കാലങ്ങളിൽ തുറമുഖത്തിന്റെ പൊഴിയിൽ മണ്ണടിയുന്നതും തുടർന്നുണ്ടാകുന്ന ശക്തമായ തിരയിളക്കവും ഇപ്പോഴും തുടരുന്നുണ്ട്. ഇതുമൂലം മത്സ്യബന്ധന യാനങ്ങൾ പൊഴിയിൽ അപകടത്തിൽപ്പെടുന്ന സംഭവങ്ങൾ ഇപ്പോഴുമുണ്ട്. അങ്ങനെ മരണങ്ങളും സംഭവിക്കുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ കല്ല് കടൽമാർഗ്ഗം കൊണ്ടുപോകുന്നതിനായി പുലിമുട്ടിനോട് ചേർന്ന് അദാനി ഗ്രൂപ്പ് load-out facility നിർമ്മിച്ചിട്ടുണ്ട്. അദാനിയുമായി സർക്കാരുണ്ടാക്കിയ കരാറനുസരിച്ച് തുറമുഖത്തിന്റെ പ്രവേശന കവാടത്തിലും ചാനലിലും അഞ്ചുമീറ്റർ താഴ്ചയിലും തുറമുഖ ബേസിൽ മൂന്നുമീറ്റർ താഴ്ചയിലും ഡ്രെഡ്ജ് ചെയ്ത് ആഴം കൂട്ടണമെന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചിരുന്നു.

ഇപ്പോഴുണ്ടാകുന്ന അപകടങ്ങളൊഴിവാക്കാൻ ഇതുമൂലം കഴിയുമെന്നാണ് കരുതുന്നത്. ഈ അടുത്ത സന്ദർഭത്തിൽ അവിടെയുണ്ടായ അപകട മരണത്തെത്തുടർന്ന് മത്സ്യബന്ധന വകുപ്പുമന്ത്രി സ്ഥലം സന്ദർശിക്കുകയും ബന്ധപ്പെട്ടവരുമായി ചർച്ച സംഘടിപ്പിക്കുകയും ചെയ്തു. അതിനെത്തുടർന്നെടുത്ത ഏറ്റവും പ്രധാനപ്പെട്ട തീരുമാനം കരാറനുസരിച്ച് അദാനി ഗ്രൂപ്പ് ഡ്രെഡ്ജിംഗ് ആരംഭിക്കണമെന്നതാണ്. അതനുസരിച്ച് പ്രതികൂല കാലാവസ്ഥ കാരണം ഡ്രെഡ്ജിംഗിനാവശ്യമായ യന്ത്രങ്ങൾ മുതലപ്പൊഴിയിൽ എത്തിക്കുവാൻ കഴിഞ്ഞില്ലെങ്കിലും ഇപ്പോൾ ഡ്രെഡ്ജിംഗ് ആരംഭിച്ചിട്ടുണ്ട്. അത് എത്രയും പെട്ടെന്ന് പൂർത്തിയാക്കുമെന്നാണ് കരുതുന്നത്. സാൻഡ് ബൈപ്പാസിംഗ് നടത്തുന്നതിനുള്ള പരിസ്ഥിതി വിശകലന പഠനം നടത്തണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പങ്കെടുത്ത യോഗത്തിൽ തീരുമാനിച്ചിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശപ്രകാരം തന്നെ അതിനുള്ള നടപടി തുറമുഖ വകുപ്പ് ആരംഭിക്കുകയുണ്ടായി. ആ പഠനം ഏതാണ്ട് പൂർത്തിയാകുകയാണ്. അത് കഴിഞ്ഞാൽ തീരശോഷണം നടക്കുന്ന വടക്കുഭാഗത്ത് സാൻഡ് ബൈപ്പാസിംഗ് നടത്തുന്നതിനായി പാരിസ്ഥിതികാഘാത പഠനവും ഇപ്പോൾ നടന്നുവരുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സാൻഡ് ബൈപ്പാസിംഗിനുള്ള പ്രോജക്ട് അവർ തയ്യാറാക്കിയിട്ടുണ്ട്. അത് എത്രയും പെട്ടെന്ന് നടപ്പാക്കാൻ തയ്യാറാകണമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. പൊഴിയുടെ പ്രശ്നങ്ങൾ ആഴത്തിൽ പഠിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി ചെന്നൈയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിയെ അതിനായി ചുമതലപ്പെടുത്തുകയുണ്ടായി. അവിടെനിന്നും പ്രൊഫ. രാമമൂർത്തി എന്ന വിദഗ്ദ്ധൻ 7-10-2021-ൽ മുതലപ്പൊഴി തുറമുഖം സന്ദർശിക്കുകയും രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം സമയബന്ധിതമായി നടപ്പാക്കി തുറമുഖത്തെയും അതിനെ ആശ്രയിച്ച് ജീവിക്കുന്ന ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളെയും സംരക്ഷിക്കുമെന്നാണ് പൂർണ്ണമായും ജനങ്ങൾ വിശ്വസിക്കുന്നത്. അത്രമാത്രം താൽപ്പര്യത്തോടെയാണ് മുതലപ്പൊഴി ഹാർബർ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടതെന്ന് നന്ദിയോടെ ഓർക്കുകയാണ്. താഴംപള്ളി തീരം സംരക്ഷിക്കുന്നതിന് കിഫ്ബി പദ്ധതി പ്രകാരം 18.31 കോടി രൂപ അനുവദിച്ചിരുന്നു. താഴംപള്ളി മുതൽ 2.7 കിലോമീറ്റർ തീരം സംരക്ഷിക്കുന്നതിനായി 40 മീറ്റർ മുതൽ 100 മീറ്റർ വരെ നീളമുള്ള 10 പുലിമുട്ടുകളാണ് പ്രൊപ്പോസലിലുള്ളത്. ഇത് എത്രയും പെട്ടെന്ന് നടപ്പാക്കണം. കിഫ്ബിയുടെ ആദ്യത്തെ പ്രോജക്ടുകളിൽ പ്രഖ്യാപിച്ച ഒരു പ്രോജക്ടാണ് ഇതെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതിനുപുറമെ പൂത്തുറ മുതൽ അഞ്ചുതെങ്ങ്, കായിക്കര, മാമ്പള്ളി, ഒന്നാംപാലം വരെ

നീണ്ടുപോകുന്ന തീരദേശംകൂടി സംരക്ഷിക്കേണ്ടതുണ്ട്. കിഫ്ബിയുടെ തീരദേശ ഹൈവേ നിർമ്മാണത്തിൽ ഈ പ്രദേശത്തിന്റെ തീരദേശ സംരക്ഷണംകൂടി ഉൾപ്പെടുത്തുമെന്നാണ് കരുതുന്നത്. അതിനുള്ള ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. തുറമുഖ വികസനത്തിന്റെ ഭാഗമായി ചില കാര്യങ്ങൾ കൂടി അവിടെ അടിയന്തരമായി ചെയ്യേണ്ടതുണ്ട്. താഴംപള്ളിയിലെയും പെരുമാതുറയിലേയും ലേല ഹാളുകളുടെ വികസനം, തൊഴിലാളികളുടെ വിശ്രമ ഷെഡ്ഡുകളുടെ നിർമ്മാണം, പെറ്റി ഷോപ്പുകളുടെ നിർമ്മാണം, പാർക്കിംഗ് ഏരിയയുടേയും ലോഡിംഗ് സൗകര്യത്തിന്റെയും വികസനം തുടങ്ങിയ ചില കാര്യങ്ങൾകൂടി അവിടെ പൂർത്തിയാക്കേണ്ടതുണ്ട്. അതിനാവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള നടപടിയും ഉടനെ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഏറെ പ്രതീക്ഷയോടുകൂടി, ദീർഘ കാലത്തെ കാത്തിരുപ്പിനുശേഷം, വളരെയേറെ ത്യാഗം സഹിച്ച്, സമരം ചെയ്ത് മത്സ്യത്തൊഴിലാളികൾ നേടിയെടുത്തതാണ് ഈ തുറമുഖം. ധാരാളം ജീവനുകൾ ഇവിടെ പൊലിഞ്ഞിട്ടും ഇപ്പോഴും ഈ തുറമുഖത്തിൽ പ്രതീക്ഷയർപ്പിച്ചാണ് ഇവിടത്തെ ജനങ്ങൾ കഴിയുന്നത്. അപകടരഹിതമായ മത്സ്യബന്ധന തുറമുഖമാണ് അവർക്കാവശ്യം. അത് അവർക്ക് എത്രയും വേഗം സമ്മാനിക്കാൻ ബഹുമാനപ്പെട്ട മത്സ്യബന്ധന വകുപ്പുമന്ത്രിക്ക് കഴിയട്ടെയെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. അതിനുവേണ്ടി അങ്ങ് നടത്തുന്ന എല്ലാ ശ്രമങ്ങൾക്കും അവിടത്തെ മത്സ്യത്തൊഴിലാളികളുടെയും ജനപ്രതിനിധികളുടെയും പിന്തുണയുണ്ടാകുമെന്നുകൂടി അറിയിച്ചുകൊണ്ട് ഞാൻ 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് എല്ലാവരേയും വിശ്വാസമാണ്. കടലിനെയും പ്രകൃതിയേയും മനുഷ്യരെയുമെല്ലാം സ്നേഹിക്കാനും വിശ്വസിക്കാനും മാത്രം അറിയാവുന്ന ഒരു ജനതയോട് നാം വിശ്വാസവഞ്ചന കാണിക്കുന്നത് നീതികേടാണ്. അവരുടെ മനക്കരുത്തും കൈക്കരുത്തും ഒന്നുകൊണ്ടുമാത്രമാണ് അവർ തൊഴിൽ ചെയ്യുന്നത്. മറ്റ് തൊഴിൽ മേഖലയിലുള്ളതുപോലെ തൊഴിൽ സുരക്ഷ ഇവർക്കില്ല. ഇവരുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കാനുള്ള നിയമനിർമ്മാണങ്ങളാണ് വേണ്ടത്. മത്സ്യത്തൊഴിലാളികൾ മത്സ്യം പിടിക്കുന്നത് സമൂഹത്തിനുവേണ്ടിയാണ്. നാം കിടന്നുറങ്ങുമ്പോൾ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ ആഴക്കടലിൽ പോയി നമുക്കുവേണ്ടി മത്സ്യം പിടിക്കുകയാണ്. അവർ ഒരു ദിവസം കടലിൽ പോയില്ലെങ്കിൽ നമുക്ക് ഭക്ഷണം

കഴിക്കാൻ കഴിയില്ല. എന്നാൽ മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന ജീവൽപ്രധാനമായ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇന്നേവരെയും സാധിച്ചിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. സുനാമി വന്നപ്പോൾ മരണപ്പെട്ടവരിലധികവും മത്സ്യത്തൊഴിലാളികളാണ്. അവരുടെ കുടുംബാംഗങ്ങളാണ് സുനാമി കോളനികളിൽ താമസിക്കുന്നത്. ആയിരക്കണക്കിനാളുകളാണ് തകർന്നുവീഴാറായ സുനാമി കോളനികളിൽ താമസിക്കുന്നത്. വെള്ളക്കെട്ടുകൾ നികത്തിയാണ് സുനാമി കാലഘട്ടത്തിൽ വീടുകൾ പലതും നിർമ്മിച്ചത്. ചെറിയ മഴ പെയ്താൽ പോലും വെള്ളക്കുഴിയുണ്ടാകുകയാണ്. കക്കൂസ് മാലിന്യം പൊട്ടിയൊഴുകുകയാണ്. അപകടം ഭയന്ന് രക്ഷിതാക്കൾ മക്കളെ ബന്ധുവീടുകളിൽ കൊണ്ടുപോയി പാർപ്പിച്ചിരിക്കുകയാണ്. 16 വർഷം പിന്നിട്ടിട്ടും സുനാമി വീടുകളുടെ മെയിന്റനൻസ് ഇന്നുവരെയും നടത്തിയിട്ടില്ല. സുനാമി കോളനികളിലെ വീടുകളുടെ നവീകരണത്തിന് ഫണ്ട് അനുവദിക്കേണ്ടതായിട്ടുണ്ട്. ഓഖി കൊടുങ്കാറ്റിൽപ്പെട്ട് വീടും വള്ളവും വലയുമെല്ലാം നഷ്ടപ്പെട്ടവർക്ക് ഇതുവരെയും പൂർണ്ണമായും നഷ്ടപരിഹാരം നൽകാൻ കഴിഞ്ഞിട്ടില്ല. പെട്രോളിന്റെയും ഡീസലിന്റെയും ദിവസേനയുണ്ടാകുന്ന വിലവർദ്ധനവും ജനജീവിതം ദു:സ്സഹമാക്കിക്കൊണ്ടിരിക്കുന്നതിനെക്കുറിച്ച് ഇന്നലെയും സഭ ചർച്ച ചെയ്യുകയുണ്ടായി.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ഓഖിയെക്കുറിച്ച് സൂചിപ്പിച്ചു. ഓഖി അപകടത്തെത്തുടർന്ന് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നൽകിയ സഹായവും അതിന് തുടർച്ചയായി അവരുടെ കുട്ടികളുടെ വിദ്യാഭ്യാസമടക്കമുള്ള കാര്യങ്ങളിൽ നടത്തിയ പ്രവർത്തനങ്ങളെയും സംബന്ധിച്ച് അങ്ങേയ്ക്ക് ഏതെങ്കിലും നിലയിൽ കാര്യങ്ങൾ ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; ഓഖിയിൽ മരണപ്പെട്ടവർക്ക് ഇനിയുമെന്തോ നൽകാനും സഹായിക്കാനുമുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞു. ഒന്ന് വിശദീകരിക്കാമോ?

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, അതിനുമുമ്പ് ഞാൻ സൂചിപ്പിച്ച സുനാമിയുടെ ദുരന്തം അനുഭവിക്കുന്നവരുടെ കാര്യം ബഹുമാനപ്പെട്ട അംഗം അഡ്മിറ്റ് ചെയ്തുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനെക്കുറിച്ച് അദ്ദേഹം പരാമർശിച്ചില്ല. ഓഖി കൊടുങ്കാറ്റിൽപ്പെട്ട് മരണമടഞ്ഞവർക്ക് സഹായം നൽകാനുണ്ടെന്നല്ല ഞാൻ പറഞ്ഞത്. ഓഖി കൊടുങ്കാറ്റിൽപ്പെട്ട് വീടും വള്ളവും വലയുമെല്ലാം നഷ്ടപ്പെട്ടവർക്ക് പൂർണ്ണമായും നഷ്ടപരിഹാരം നൽകിയിട്ടില്ലെന്നാണ്, തീരെ നൽകിയിട്ടില്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞതാണ് അതിന്റെ യാഥാർത്ഥ്യം, അല്ലെങ്കിൽ ബഹുമാനപ്പെട്ട അംഗത്തിന് തെളിയിക്കാം. ഡീസലിനും പെട്രോളിനും രാവിലെ നമ്മൾ നിയമസഭയിലേയ്ക്ക് കയറുമ്പോഴുള്ള വിലയായിരിക്കില്ല സഭയിൽനിന്ന് പുറത്തിറങ്ങുമ്പോൾ ഉണ്ടാകുന്നത്.

മണിക്കൂറുകൾക്കിടയിൽ വില ക്രമാതീതമായി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പെട്രോൾ കമ്പനികളെ നിയന്ത്രിക്കാൻ കേന്ദ്ര ഗവൺമെന്റിന് കഴിയുന്നില്ല. കേന്ദ്ര ഗവൺമെന്റ് പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിക്കുമ്പോൾ അതിൽനിന്നും ലഭിക്കുന്ന വരുമാനം ഉപേക്ഷിക്കാൻ സംസ്ഥാന ഗവൺമെന്റും തയ്യാറാകുന്നില്ല. പെട്രോളിന്റെയും ഡീസലിന്റേയും വിലവർദ്ധനവ് നമ്മളെക്കാളേറെ ബാധിക്കുന്നത് പാവപ്പെട്ട മത്സ്യത്തൊഴിലാളികളെയാണ്. പെട്രോളും ഡീസലും മണ്ണെണ്ണയും ഉപയോഗിച്ചുകൊണ്ടുള്ള ഉപകരണങ്ങളും ബോട്ടും മറ്റുമായിട്ടാണ് അവർ മീൻ പിടിക്കാൻ പോകുന്നത്. ഏറ്റവും കൂടുതൽ പ്രയാസമനുഭവിക്കുന്നത് ഈ മത്സ്യത്തൊഴിലാളികളാണ്. ഇതിന് പുറമെയാണ് കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനം. കാലാവസ്ഥാ വ്യതിയാനത്തിലും ഏറ്റവും കൂടുതൽ പ്രയാസമനുഭവിക്കുന്നത് പാവപ്പെട്ട മത്സ്യത്തൊഴിലാളികളാണ്. മത്സ്യത്തൊഴിലാളികളുടെ ജീവിതം വഴിമുട്ടി നിൽക്കുകയാണ്. പിഴ ഈടാക്കുന്നതുമായി ബന്ധപ്പെട്ട നിയമനിർമ്മാണങ്ങൾക്കപ്പുറത്ത് മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തിക്കൊണ്ടുവരാനാവശ്യമായ പദ്ധതികൾക്ക് രൂപം നൽകാൻ കഴിയണം. കടൽത്തീരത്തിനടുത്ത് താമസിച്ചാൽ മാത്രമേ വള്ളവും വലയും സൂക്ഷിക്കാനും അതിന്റെ സുരക്ഷ ഉറപ്പുവരുത്താനും മത്സ്യത്തൊഴിലാളിക്ക് സാധിക്കുകയുള്ളൂ. എന്നാൽ പുതിയ തീരദേശ നിയമം വന്നതോടുകൂടി ഇവരുടെ പാർപ്പിട പ്രശ്നവും രൂക്ഷമായിരിക്കുകയാണ്. ഇത്ര മീറ്റർ അകലെ മാത്രമേ താമസിക്കാൻ പാടുള്ളൂവെന്ന നിയമം വന്നതോടുകൂടി യഥാർത്ഥത്തിൽ അവരുടെ വള്ളവും വലയും സംരക്ഷിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷംകൂടി സംജാതമായിരിക്കുന്നു. ലൈഫ് പദ്ധതിയിൽ വീടിനുവേണ്ടി അപേക്ഷിച്ചവരിൽ മത്സ്യത്തൊഴിലാളികളിൽനിന്നും ഗണ്യമായൊരു വിഭാഗമുണ്ട്. ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾ ലൈഫ് പദ്ധതിയിൽ വീടിനുവേണ്ടി അപേക്ഷിച്ച് കാത്തിരിക്കുകയാണ്. അവർക്ക് വീടുകൾ നൽകാൻ കഴിഞ്ഞില്ല. കടൽക്ഷോഭത്തെത്തുടർന്ന് സ്വന്തം കുടിലുകളിൽനിന്ന് മാറ്റിത്താമസിപ്പിച്ച പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ ഇപ്പോഴും ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുകയാണ്. അവർക്കെല്ലാം വീടുകളും ഫ്ലാറ്റുകളും നിർമ്മിച്ചുകൊടുക്കുമെന്ന് പലതവണ നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രിമാർ പറഞ്ഞിട്ടും ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവരെ അവരുടെ സ്വന്തം വീടുകളിലേയ്ക്കോ നിർമ്മിച്ച് കൊടുക്കുമെന്ന് പറഞ്ഞ ഫ്ലാറ്റുകളിലേയ്ക്കോ മാറ്റിപ്പാർപ്പിക്കാൻ ഇതുവരെയും കഴിഞ്ഞില്ല.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, പ്രകൃതിക്ഷോഭത്തിൽ വീടുകൾ നഷ്ടപ്പെട്ടവർ ക്യാമ്പിലാണെന്നാണ് പറയുന്നത്. 2014-ലെ കടൽക്ഷോഭം മുതൽ

2018-ലെ കടൽക്ഷോഭം വരെയുള്ള സന്ദർഭങ്ങളിൽ വീടും സ്ഥലവും നഷ്ടപ്പെട്ട് ക്യാമ്പുകളിൽ താമസിച്ച തിരുവനന്തപുരവും കൊല്ലവും ആലപ്പുഴയും എറണാകുളവുമടക്കമുള്ള ജില്ലകളിലെ ആളുകൾക്ക് 'പുനർഗേഹം' പദ്ധതിയിലുൾപ്പെടുത്തി ഫ്ലാറ്റ് നിർമ്മിച്ചുകൊടുത്ത് അവരെ പുനരധിവസിപ്പിച്ചിരിക്കുന്നുവെന്ന വസ്തുത അങ്ങേയ്ക്ക് അറിയാമോ; മലപ്പുറം ജില്ലയിൽ അത് എവിടെയാണെന്ന് അങ്ങ് പറയണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, അങ്ങ് പറഞ്ഞ ജില്ലകൾ മാത്രമല്ല നമ്മുടെ സംസ്ഥാനത്തുള്ളത്. 14 ജില്ലകളാണുള്ളത്. അവിടെയുള്ള കണക്കുകൾ പരിശോധിച്ചശേഷം മാത്രമേ നിയമസഭയ്ക്കകത്ത് അങ്ങനെയുള്ള കാര്യങ്ങൾ പറയാവൂ. ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന മുഴുവൻ ആളുകൾക്കും സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വീടുകളും ഫ്ലാറ്റുകളും നിർമ്മിച്ചുകൊടുക്കാൻ ഇതുവരെ സാധിച്ചിട്ടില്ലെന്ന് ഞാൻ ഉറപ്പിച്ചുപറയുന്നു. 2018-ലും 2019-ലും ഒരു നൂറ്റാണ്ടിനിപ്പുറത്ത് കാണാത്ത തരത്തിലുള്ള പ്രളയം നമ്മുടെ സംസ്ഥാനത്തുണ്ടായി. അതിൽ ദുരിതമനുഭവിച്ചവരെ സഹായിക്കുന്നതിനായി സേവന സന്നദ്ധരായി രംഗത്തുവന്നത് യോദ്ധാക്കളെന്ന് വിശേഷിപ്പിച്ച പാവപ്പെട്ട മത്സ്യത്തൊഴിലാളികളായിരുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കിടയിൽപ്പോലും വള്ളങ്ങൾക്ക് നാശനഷ്ടം സംഭവിച്ച എത്രയോ അനുഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്. കടൽക്ഷോഭവും പ്രകൃതി ക്ഷോഭവുമുൾപ്പെടെയുള്ള ദുരന്തങ്ങളിൽപ്പെട്ടവരെ സഹായിക്കുന്നതിനുവേണ്ടി ഇറങ്ങിത്തിരിക്കുന്നതിനിടയിൽ സ്വന്തം വള്ളങ്ങൾക്ക് നാശനഷ്ടം സംഭവിച്ചിട്ടും അവർക്ക് ലഭിക്കേണ്ട നഷ്ടപരിഹാരംപോലും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. കേരളത്തിൽ 589.5 കിലോമീറ്റർ കടലോരമുള്ളതിൽ 70 കിലോമീറ്ററും അങ്ങ് പറഞ്ഞ മലപ്പുറം ജില്ലയിലാണ്. 11 ലക്ഷത്തിലധികം വരുന്ന മത്സ്യത്തൊഴിലാളികളിൽ അരലക്ഷത്തോളംപേർ താമസിക്കുന്നത് ഈ ജില്ലയിലാണ്. ഇവിടെയൊരു ഫിഷറീസ് സ്റ്റേഷനില്ല. പൊന്നാനിയിൽ ഫിഷറീസ് സ്റ്റേഷന്റെ കെട്ടിടം ഉദ്ഘാടനം നിർവ്വഹിച്ചെങ്കിലും പൂട്ടിക്കിടക്കുന്നത് എന്തുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. അവിടെ ആവശ്യമായ ജീവനക്കാർ ഇല്ലാത്തതുകൊണ്ടാണ് ഫിഷറീസ് സ്റ്റേഷൻ പ്രവർത്തിക്കാൻ കഴിയാത്തത്. അതിനാൽ ഫിഷറീസ് സ്റ്റേഷന് ആവശ്യമായ സ്റ്റാഫിനെ നിയോഗിച്ച് പ്രവർത്തനസജ്ജമാക്കണം.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, പൊന്നാനിയിൽ ഫ്ലാറ്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള വിവരവും പരപ്പനങ്ങാടിയിൽ ഹാർബർ നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്ന കാര്യവും അങ്ങേയ്ക്കറിയാമോ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഈ ബില്ലുകളെല്ലാം പൈലറ്റ് ചെയ്യേണ്ട ആളായിരുന്ന ശ്രീ. പി. പി. ചിത്തരഞ്ജൻ. അദ്ദേഹം ഈ വകുപ്പിന്റെ മന്ത്രിയാകേണ്ട ആളായിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ വിഷമം മാറാനായി സ്ഥിരമായി ഇടപെട്ടുകൊണ്ടിരിക്കുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, "അരിയെത്ര എന്ന് ചോദിച്ചാൽ പയറഞ്ഞാഴി" എന്ന് പറഞ്ഞതുപോലെയാണിത്. ഫിഷറീസ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്ത് അത് പ്രവർത്തന സജ്ജമാക്കുന്നതിനാവശ്യമായ സ്റ്റാഫിനെ നിയോഗിച്ചില്ല എന്നാണ് ഞാൻ ഇവിടെ പറഞ്ഞത്. അപ്പോൾ അദ്ദേഹം ഫ്ളാറ്റിനെക്കുറിച്ചാണ് ചോദിക്കുന്നത്. മറൈൻ എൻഫോഴ്സ്മെന്റ് വിംഗ് ഇവിടെയില്ല. ധാരാളം മത്സ്യത്തൊഴിലാളികളും ഇത്രയധികം കിലോമീറ്റർ കടലോരവുമുള്ള പ്രദേശത്ത് മറൈൻ എൻഫോഴ്സ്മെന്റ് വിംഗില്ല എന്നത് മറ്റൊരു പ്രധാനപ്പെട്ട വിഷയമായി നിലനിൽക്കുകയാണ്. ഈ എൻഫോഴ്സ്മെന്റ് വിംഗ് വന്നാൽ മാത്രമേ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. എറണാകുളത്തും ബേപ്പൂരിലുമാണ് ഈ ജില്ലയ്ക്ക് അപ്പുറത്തും ഇപ്പുറത്തും കോസ്റ്റ് ഗാർഡ് സ്റ്റേഷനുകളുള്ളത്. മലപ്പുറം ജില്ലയിൽ കോസ്റ്റ് ഗാർഡ് സ്റ്റേഷനില്ല. തീരസുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സമയബന്ധിതമായി ഇടപെടണമെങ്കിൽ ഇവിടെയൊരു കോസ്റ്റ് ഗാർഡ് സ്റ്റേഷൻ അനിവാര്യമാണ്.

കടൽ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കാൻ ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ആകെ ജില്ലയിലുള്ളത് ഒരു പട്രോൾ ബോട്ട് മാത്രമാണ്. താനൂരിൽ പട്രോൾ ബോട്ട് അനുവദിച്ചിട്ടുണ്ടെന്ന് പറയുന്നുണ്ടെങ്കിലും അതിന്റെ ക്വട്ടേഷൻ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. അത് ഇതുവരെയും യാഥാർത്ഥ്യമായിട്ടില്ല. ഫിഷറീസ് ഡിപ്പാർട്ടുമെന്റ് നടപ്പാക്കുന്ന പദ്ധതികളുടെ ഗുണഫലം സഖാവ് പി. പി. ചിത്തരഞ്ജൻ പറഞ്ഞതുപോലെ ആലപ്പുഴയിലും പരിസരത്തും മാത്രം പോരാ, ഈ സംസ്ഥാനത്തെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും അതിന്റെ ഗുണഫലം ലഭിക്കുന്ന തരത്തിൽ സംവിധാനങ്ങളുണ്ടാകണം. ധാരാളം പ്രശ്നങ്ങളും പ്രയാസങ്ങളും പീഡനങ്ങളും ദുരിതങ്ങളും അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ എത്ര മണിക്കൂറുകൾ പറഞ്ഞാലും തീരില്ല. അത്രമാത്രം നമുക്കിടയിൽ അവശതയനുഭവിക്കുന്ന വിഭാഗമായ അവരെ സംരക്ഷിക്കുന്നതിനും അവരുടെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തിക്കൊണ്ടുവരുന്നതിനും അവർക്കാവശ്യമായ പാർപ്പിട സൗകര്യമൊരുക്കുന്നതിനും ആവശ്യമായ സമഗ്ര പദ്ധതിക്ക് സർക്കാർ രൂപം നൽകണമെന്നുകൂടി അഭിപ്രായപ്പെട്ടുകൊണ്ട് ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഗവൺമെന്റ് കൊണ്ടുവന്ന ഈ ബിൽ, പ്രത്യേകിച്ച് മത്സ്യ ലേലം സംബന്ധിച്ച നിയമം, ശരിക്കും ഒരു മത്സ്യത്തൊഴിലാളി മാരണ നിയമമാണ്. കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് കർഷകദ്രോഹപരമായ കർഷക മാരണ നിയമം കൊണ്ടുവന്നു. ഇത് അതിനോട് കിടപിടിക്കുന്നൊരു നിയമമാണ്. ഞാൻ ആവർത്തിച്ച് പറയുകയാണ്. വളരെ സൂത്തായി ഈ നിയമം നമ്മുടെ തീരദേശത്ത് നടപ്പാക്കാൻ സാധിക്കുമെന്ന് ഞാൻ കരുതുന്നില്ല. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യം പുനഃപരിശോധിക്കണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഫിഷറീസ് സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ഇവിടെ ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത് കുഫോസുമായി ബന്ധപ്പെട്ടുള്ള ഓർഡിനൻസിൽ ധാരാളം അപാകതകളുണ്ടെന്നാണ്. ആ യൂണിവേഴ്സിറ്റി ആരംഭിച്ചത് എൽ.ഡി.എഫ്. ആണെന്നാണ് ഇവിടെ ഒരംഗം പറഞ്ഞത്. അത് ശരിയാണ്. 2011-ലെ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം വരുന്നതിന്റെ തലേദിവസമായിരുന്നു അതിന്റെ ഉദ്ഘാടനം. തുടർന്നുണ്ടായ എല്ലാ പ്രവർത്തനങ്ങളും യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തതാണ്. ഞങ്ങളവിടെ പി.ജി. കോഴ്സുൾപ്പെടെ 36 കോഴ്സുകൾ ആരംഭിച്ചു. മത്സ്യത്തൊഴിലാളികൾക്കുവേണ്ടി മറ്റൊരിടത്തുമില്ലാത്ത വിധത്തിൽ 20 ശതമാനം സംവരണം കൊണ്ടുവന്നു. അതുപോലെ അവിടെയുള്ളതും പുതുതായുണ്ടായ എല്ലാ ഇൻഫ്രാസ്ട്രക്ചറും ബഹുമാനപ്പെട്ട മന്ത്രി ഈ ദിവസങ്ങളിലെങ്ങാനും ഉദ്ഘാടനം ചെയ്യുന്നെങ്കിൽ അതും മുൻമന്ത്രി ശ്രീമതി മേഴ്സിക്കുട്ടി അമ്മ ഉദ്ഘാടനം നടത്തിയതുൾപ്പെടെ എല്ലാം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചതാണ്. ICAR (Indian Council of Agricultural Research) മോഡൽ ആക്ട് കാർഷിക സർവ്വകലാശാലയ്ക്കുള്ളതാണ്. ഒരു മൾട്ടി ഫാക്കൽറ്റി സ്റ്റേറ്റ് യൂണിവേഴ്സിറ്റിക്ക് ഇതെങ്ങനെ ബാധകമാകുമെന്നുള്ളതിനെക്കുറിച്ച് അങ്ങ് മറുപടി പറയണം. ഇപ്പോൾ UGC, NAAC, AICTE, ICAR എന്നിവയിൽനിന്നുള്ള അക്രഡിറ്റേഷന് ആവശ്യമുള്ള പ്രോഗ്രാമുകൾ കുഫോസിലുണ്ട്. എഞ്ചിനീയറിംഗും മാനേജ്മെന്റും പഠിപ്പിക്കുന്ന നിലവിലുള്ള മറ്റ് സ്കൂളുകളുടെ നാമകരണം മാറ്റിയത് എന്തിനാണെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. ഐ.സി.എ.ആർ. മാതൃകാ നിയമത്തിൽ കാർഷിക സർവ്വകലാശാലയ്ക്ക് പ്രോ-ചാൻസലറും പ്രോ-വൈസ് ചാൻസലറുമില്ല. ഈ ഓർഡിനൻസിലൂടെ കുഫോസിലുള്ള പ്രോ-ചാൻസലറും പ്രോ-വൈസ് ചാൻസലറും ഇല്ലാതാകുമോയെന്ന് വ്യക്തമാക്കണം. കാരണം ഐ.സി.എ.ആർ.

മാതൃകാ നിയമത്തിൽ പ്രോ-ചാൻസലറും പ്രോ-വൈസ് ചാൻസലറുമില്ല. അതുകൊണ്ട് ഇത് നിലനിൽക്കുമോയെന്നും വിശദീകരിക്കണം. പുതിയ നിയമമനുസരിച്ച് ഓർഡിനൻസ് വിഭാവന ചെയ്തിരിക്കുന്ന കമ്മിറ്റികളിലെല്ലാം രണ്ടാം ഗ്രേഡ് ഉദ്യോഗസ്ഥരടങ്ങുന്ന ജമ്പോ കമ്മിറ്റികളാണുള്ളത്. കുഫോസിലെ അക്കാദമിക് ഗവേണിംഗ് കൗൺസിലുകളിൽ രണ്ടാം നിരയിലുള്ള ഉദ്യോഗസ്ഥരെ കുത്തിനിറയ്ക്കുന്ന, ബ്യൂറോക്രാറ്റുകളെ കുത്തിനിറയ്ക്കുന്ന വിധത്തിലുള്ള ഒരു ഭേദഗതിയാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. അത് ഒഴിവാക്കാൻ സാധിച്ചാൽ കുഫോസിന്റെ ഉദ്ദേശലക്ഷ്യങ്ങൾ സാധൂകരിക്കുന്നതിൽ കുറേക്കൂടി മുന്നോട്ടുവരാൻ സാധിക്കും. സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും യു.ജി.സി. റെഗുലേഷൻ-2018 നടപ്പാക്കുന്നു. എന്നാൽ അദ്ധ്യാപകരുടെ യോഗ്യത നിശ്ചയിക്കുന്നതിന് ഐ.സി.എ.ആർ.ന് യാതൊരു പങ്കുമില്ല. ഈ ഭേദഗതിയിലൂടെ അക്കാദമിക് കൗൺസിലിന്റെ ഘടനയിൽ മാറ്റം വരുത്തുകയാണ്. ഐ.സി.എ.ആർ. മാതൃകാ നിയമമനുസരിച്ച് അദ്ധ്യാപകർക്ക് അക്കാദമിക് കൗൺസിലിൽ ഒരു പങ്കുമില്ല. ഇതാണ് ഈ ഭേദഗതി കൊണ്ടുവരുന്നതുകൊണ്ടുള്ള ഒരു പ്രശ്നം. അക്കാദമിക് കൗൺസിലിൽനിന്ന് അദ്ധ്യാപകരെ മാറ്റിനിർത്തുന്ന ഒരു ഭേദഗതിയാണ് ഈ ബില്ലിലുള്ളത്. ഐ.സി.എ.ആർ. മോഡൽ ആക്ടിൽ എസ്.ഐ.യു.-കളിൽ ഒരു ഫാക്കൽറ്റി സ്ഥാനത്തേയ്ക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികളുടെ യോഗ്യതയെക്കുറിച്ച് സ്പെസിഫിക്കേഷനൊന്നും പരാമർശിക്കുന്നില്ല. കൂടാതെ യു.ജി.സി. നിർദ്ദേശങ്ങളിലുള്ള യോഗ്യതയെ പൂർണ്ണമായും ആശ്രയിക്കുകയാണ്. എന്തുകൊണ്ടും ഫിഷറീസ് ഫാക്കൽറ്റിയിലെ നിയമനങ്ങൾക്ക് Bfsc., MFsc. എന്നിവ വേണമെന്ന് KUFOS (Kerala University of Fisheries and Ocean Studies) ഓർഡിനൻസ് നിർബന്ധമാക്കുന്നു. കേരളത്തിലെ മറ്റ് കോളേജുകളിലും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും പഠിക്കുന്ന കുട്ടികൾക്ക് അവസരം നിഷേധിക്കുന്ന ഒരു ഭേദഗതിയാണിത്. എന്തുകൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റ് ഇത് കൊണ്ടുവന്നതെന്നും അതുതന്നെ ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി തുടരുന്നതെന്നും എനിക്ക് മനസ്സിലാകുന്നില്ല. സംസ്ഥാനത്തെ മറ്റ് സർവ്വകലാശാലകളിലും കോളേജുകളിലും കേരളത്തിന് പുറത്തും പഠിക്കുന്ന കുട്ടികൾക്കെല്ലാം അവസരം നിഷേധിക്കുന്നതാണിത്. ഇത് ആർക്കുവേണ്ടിയാണെന്നുള്ളത് മനസ്സിലാകുന്നില്ല. അതുകൊണ്ട് ഗവൺമെന്റ് ഇത് പുനഃപരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കുഫോസ് ആരംഭിച്ചത് എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന്റെ തലേദിവസം ഓടിച്ചിട്ടുള്ള ഉദ്ഘാടനത്തിൽപ്പെട്ടതായിരുന്നു. ഞാനും അതിൽ പങ്കെടുത്തതാണ്.

പിന്നീട് യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് ആ സർവ്വകലാശാലയെ ഇന്നത്തെ രൂപത്തിലാക്കി വളർത്തിയെടുത്തത്. എൽ.ഡി.എഫ്. സർക്കാരിന്റെ കഴിഞ്ഞ അഞ്ച് വർഷക്കാലം എന്ത് നടന്നുവെന്ന് മന്ത്രി വിശദീകരിക്കുന്നത് ഉചിതമായിരിക്കും. അങ്ങയുടെ ആത്മാർത്ഥതയെ ഞാൻ ചോദ്യം ചെയ്യുകയല്ല. കാരണം, ഇതൊന്നും അങ്ങ് കൊണ്ടുവന്ന നിയമങ്ങളല്ല. ഇതെല്ലാം മുൻമന്ത്രി കൊണ്ടുവന്ന ഓർഡിനൻസിന്റെ ഭാഗമായിട്ടുള്ള നിയമങ്ങളാണ്. അതുകൊണ്ട് അങ്ങേയ്ക്ക് നിവൃത്തിയില്ലെന്നുള്ളതാണ് യഥാർത്ഥ വസ്തുത.

അക്വാകൾച്ചറുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങളാണ് പറയാനുള്ളത്. 1950-ലെ ട്രാവൻകൂർ-കൊച്ചിൻ ഉൾനാടൻ നിയമമനുസരിച്ചും 2010-ലെ കേരള സംസ്ഥാന ഉൾനാടൻ മത്സ്യബന്ധന നിയമമനുസരിച്ചും ഊന്നി വലകൾക്കും ചീന വലകൾക്കും സ്ഥിരം പട്ടയം നൽകുകയും അവയ്ക്ക് കരയിലെ സ്ഥലത്തിനെന്നപോലെ കരം അടയ്ക്കുകയുമാണ് ചെയ്തുകൊണ്ടിരുന്നത്. കൊച്ചി മേഖലയിലൊക്കെ സ്ത്രീധനമായിപ്പോലും ഊന്നി വലകൾ കൊടുക്കുന്നുണ്ട്. കുടുംബത്തിന്റെ സ്വത്ത് വീതം വയ്ക്കുമ്പോൾ ഈ ഊന്നി വലകളുംകൂടി വീതം വയ്ക്കും. അവർക്ക് അത്രയും മൂല്യവത്തായ കാര്യമാണ് ഈ ഊന്നി വലകൾ. അവയ്ക്ക് സ്ഥിരം പട്ടയം നൽകുകയും കരയിലുള്ള സ്ഥലത്തിനെന്നപോലെ കരം അടയ്ക്കുകയുമാണ് ചെയ്തുകൊണ്ടിരുന്നത്. ഒരു മത്സ്യത്തൊഴിലാളി കുടുംബത്തിന്റെ പൊതുസ്വത്തെന്ന നിലയിൽ ഊന്നി വലകളും ചീന വലകളും എണ്ണത്തിന്റെ അടിസ്ഥാനത്തിലും വലകളുടെ എണ്ണം കുറവാണെങ്കിൽ വല കെട്ടുന്ന സമയപരിധിയുടെ അടിസ്ഥാനത്തിലും കുടുംബാംഗങ്ങൾക്കായി വീതംവച്ച് നൽകുന്ന നടപടി നിലനിന്നിരുന്നു. ഊന്നി വലകൾക്കും ചീന വലകൾക്കുമുള്ള പട്ടയാവകാശം ഇല്ലാതാക്കി ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്താനുള്ള നിയമം കൊണ്ടുവന്നത് വല ഉടമകളായ മത്സ്യത്തൊഴിലാളികളോടും കുടുംബങ്ങളോടും മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട സാമൂഹ്യ സംഘടനകളോടും ട്രേഡ് യൂണിയൻ സംഘടനകളോടുമുള്ള പ്രതികാര ബുദ്ധിയോടെയുള്ള നടപടിയാണ്. അതുകൊണ്ട് ചീന വലകൾക്കും ഊന്നി വലകൾക്കും കരം അടയ്ക്കുന്ന വ്യവസ്ഥയിൽ പട്ടയം നൽകത്തക്കവിധത്തിൽ ഈ നിയമത്തിൽ ഭേദഗതി വരുത്തണം. നിലവിലുണ്ടായിരുന്നതുപോലെ അത് മുന്നോട്ടുകൊണ്ടുപോകാൻ സർക്കാർ തീരുമാനിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 'നാല് മീറ്ററിൽ കൂടുതൽ വായ്‌വട്ടമുള്ള കുറ്റിവല അഥവാ ഊന്നിവല ഉപയോഗിച്ചുള്ള മത്സ്യബന്ധനം പാടില്ലെന്ന് അഞ്ചാം വകുപ്പിലെ മൂന്നാം ഉപവകുപ്പിൽ പറയുന്നുണ്ട്. അതിൽ പ്രായോഗികമായൊരു മാറ്റം ആവശ്യമാണെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യം പരിശോധിക്കണം. അതുപോലെ

പാലത്തിന്റെ ഇരുവശങ്ങളിലുമായി 50 മീറ്റർ വരെയുള്ള ദൂരപരിധിയിൽ പൊതുജലാശയങ്ങളിലെ മത്സ്യങ്ങളുടെ സുഗമമായ സഞ്ചാരത്തെ തടസ്സപ്പെടുത്തുന്ന രീതിയിലുള്ള മത്സ്യബന്ധനം പാടില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. അമ്പത് മീറ്റർ വരെയുള്ള ദൂരപരിധി എന്നുള്ളതിൽ കുറേക്കൂടി പ്രായോഗികമായ മാറ്റം വരുത്തണം. പൊതുജലാശയത്തിന്റെ വീതിയുടെ 50 ശതമാനത്തിൽ കൂടുതൽ ഭാഗം തടസ്സപ്പെടുത്തിക്കൊണ്ടുള്ള മത്സ്യബന്ധനം പാടില്ലെന്നുള്ളത് അഞ്ചോ പത്തോ ശതമാനം എന്നാക്കി മാറ്റുന്നത് ഉചിതമായിരിക്കും.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ആളായ അങ്ങ് ചെയറിൽ വന്നത് നന്നായി. ഉൾനാടൻ ജലാശയങ്ങളിൽ അക്വാകൾച്ചർ നടത്തുന്നതിന് ലൈസൻസ് നൽകുമ്പോൾ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്കും മത്സ്യത്തൊഴിലാളി മേഖലയിലെ സാമൂഹിക സംഘടനകൾക്കും മുൻഗണന നൽകണം. രാഷ്ട്രീയ കക്ഷികൾക്കും അവരുടെ പ്രതിനിധികൾക്കും ഈ മേഖലയെ പുതിയൊരു മേച്ചിൽപ്പുറമായി മാറ്റാനും പാർട്ടിക്കാരുടെ താവളമാക്കി മാറ്റാനും ഇടവരുത്തരുത്. അത് മത്സ്യത്തൊഴിലാളി മേഖലയോട് ചെയ്യുന്ന വലിയ ദ്രോഹമായിരിക്കും. തലശ്ശേരി എം.എൽ.എ. കുഫോസിന്റെ ഗവേണിംഗ് ബോഡിയിലുണ്ടായിരുന്ന ആളാണ്. അക്കാര്യങ്ങൾ അവർക്കൊന്ന് പറഞ്ഞുകൊടുക്കണം. അക്വാകൾച്ചർ വികസനം അതത് തദ്ദേശഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കുമെന്ന ഉപവകുപ്പ് ഭേദഗതി ചെയ്ത് സർക്കാരിൽ നിക്ഷിപ്തമായിരിക്കുമെന്ന് വരുത്തുന്നതായിരിക്കും നല്ലത്. മത്സ്യവികസന ഏജൻസിയുടെ പ്രവർത്തനം അവസാനിപ്പിച്ച് ജില്ലാതല അക്വാകൾച്ചർ ഡെവലപ്മെന്റ് ഏജൻസികൾ രൂപീകരിക്കുമെന്ന് ബില്ലിൽ പറയുന്നുണ്ട്. മുമ്പ് ഫിഷ് ഫാർമേഴ്സ് ഡെവലപ്മെന്റ് ഏജൻസിക്ക് 50:50 എന്ന നിലയിലും തുടർന്ന് 75:25 എന്ന നിലയിലും ധനസഹായം ലഭിച്ചിരുന്നു. ഇപ്പോൾ കേന്ദ്രവിഹിതം ലഭിക്കുന്നില്ലെന്നാണ് പറയുന്നത്. നരേന്ദ്ര മോദി ഗവൺമെന്റ് നീല വിപ്ലവം പ്രഖ്യാപിച്ചു. ഇതിന്റെ ഫലമായി ട്രോളറുകൾക്ക് 12 നോട്ടിക്കൽ മൈലിൽക്കൂടി കടന്നുകയറ്റം നടത്താൻ സാധിക്കുന്ന വിധത്തിലാണ് കേന്ദ്രഗവൺമെന്റ് നിയമങ്ങളെല്ലാം കൊണ്ടുവരുന്നത്. ഇത് കേരളത്തിന്റെ പൊതുപ്രശ്നമാണ്. യു.പി.എ. ഗവൺമെന്റായിരുന്നപ്പോൾ ഫിഷറീസ് മേഖലയിലെ ഇൻഫ്രാസ്ട്രക്ചറിന് 75 ശതമാനം തുക നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡും 25 ശതമാനം തുക സംസ്ഥാന സർക്കാരും നൽകിയിരുന്നു. നിലവിലുള്ള ഹാർബറുകൾ പുനരുദ്ധരിക്കാനോ പുതിയ ഹാർബറുകളും ഫിഷ് ലാൻഡിംഗ് സെന്ററുകളും നിർമ്മിക്കാനോ സഹായം ലഭിക്കാത്ത വിധത്തിലുള്ള

നിലപാട് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിരിക്കുകയാണ്. ഫിഷറീസ് മേഖലയിൽ ബ്ലൂ റെവല്യൂഷൻ പ്രഖ്യാപിക്കുകയും ആ മേഖലയ്ക്കുണ്ടായിരുന്ന നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ സഹായമെല്ലാം വെട്ടിച്ചുരുക്കി ഈ മേഖലയിൽനിന്ന് പിന്മാറുന്ന നിലപാട് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇത് അങ്ങേയറ്റം പ്രതിഷേധകരമാണ്. ജില്ലാതല അക്വാകൾച്ചർ ഡെവലപ്മെന്റ് ഏജൻസിയിൽ നിലവിലുള്ള താൽക്കാലിക-സ്ഥിരം ജീവനക്കാർക്ക് സ്റ്റേറ്റ് ബഡ്ജറ്റിൽ മതിയായ രീതിയിൽ വിഹിതം ഉറപ്പാക്കിയിട്ടില്ല. അതുറപ്പാക്കുന്ന രീതിയിൽ ബില്ലിൽ വിഭാവന ചെയ്തില്ലെങ്കിൽ ഇത് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കില്ല.

3.00 pm]

ഒരു ലക്ഷത്തോളം ചെറുകിട മത്സ്യകൃഷിക്കാർ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മത്സ്യകൃഷിയിൽ ഗുണഭോക്താക്കളായുണ്ടായിരുന്നു. ഒരു സെന്റ് സ്ഥലം വരെയുള്ള ആളുകൾക്ക് ഞങ്ങൾ സഹായം നൽകിയിരുന്നു. ഇപ്പോൾ അത് 50 സെന്റായി പരിമിതപ്പെടുത്തി. അതുപോലെയുള്ള ഒരുപാട് കാര്യങ്ങളുണ്ട്. ഈ ബില്ലുകളെല്ലാം നടപ്പാക്കുമ്പോൾ അത് കർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും മത്സ്യകൃഷിക്കാർക്കും ഒരു ദ്രോഹമാകാൻ പാടില്ല. പ്രത്യേകിച്ച് ഏറ്റവും വരുമാനം കുറഞ്ഞവരും നമ്മുടെ നാട്ടിൽ ഒരുപാട് പദ്ധതികളുണ്ടായിട്ടും കാര്യമായ പുരോഗതി കൈവരിക്കാൻ സാധിക്കാത്തവരുമായ ജനവിഭാഗങ്ങളാണിവർ. ഓരോ യെല്ലോ അലർട്ട് വരുമ്പോഴും മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് പോകാൻ കഴിയില്ല. കഴിഞ്ഞ ദിവസം ഞാൻ ഇതുമായി ബന്ധപ്പെട്ട് ഒരു ചോദ്യം ചോദിച്ചു. മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ വ്യതിയാനംമൂലം മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാത്ത ദിവസങ്ങളിൽ 200 രൂപ വീതം നൽകുമെന്നും അത് അക്കൗണ്ടിൽ ഇട്ടുകൊടുക്കുമെന്നും അങ്ങ് പറഞ്ഞിരുന്നു. അത് കിട്ടുന്നില്ല. അക്കൗണ്ട് മാറിപ്പോയി. ഇവരുടെ അക്കൗണ്ടിലേയ്ക്ക് വരുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ കുറച്ചുകൂടി വ്യക്തത വരുത്തണം. ജനാധിപത്യ-മതേതര ശക്തികൾക്ക് വളരെ പ്രതീക്ഷ നൽകുന്ന ഒരു ദിവസമാണ് ഇന്ന്. ഇപ്പോൾ പുറത്തുവരുന്ന വിവിധ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് ഫലങ്ങളെ സംബന്ധിച്ച് ഒറ്റ നോട്ടത്തിൽ പറയാൻ കഴിയുന്ന കാര്യം ബി.ജെ.പി.യുടെ തകർച്ചയുടെ തുടക്കമായി എന്നതാണ്. അതോടൊപ്പം തന്നെ എടുത്തുപറയാവുന്ന ഒരു കാര്യം ഹിമാചൽ പ്രദേശിൽ ബി.ജെ.പി.യെ അട്ടിമറിച്ച് അടുത്ത പൊതുതെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് അധികാരത്തിൽ തിരിച്ചെത്തുമെന്നതാണ് ബി.ജെ.പി. വിരുദ്ധരായ പ്രാദേശിക പാർട്ടികളുടെ നില മെച്ചപ്പെട്ടതുകൊണ്ട് മനസ്സിലാക്കുന്നത്. നിങ്ങൾക്ക് വിഷമമുള്ള ഒരു കാര്യമാണ് പറയാൻ പോകുന്നത്. ഇന്ത്യയിൽ ഇടതുപക്ഷത്തിന്റെ തിരിച്ചുവരവ് ഒരു സംസ്ഥാനത്തും ആരും സ്വപ്നം

കാണേണ്ടതില്ലെന്ന കാര്യം ഓർമ്മപ്പെടുത്തുന്നതാണ് ഈ തെരഞ്ഞെടുപ്പ് ഫലം.

ശ്രീ. എ. എൻ. ഷംസീർ: സർ, കോൺഗ്രസ്സ് വരുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.... പ്ലീസ്...

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സ്പീക്കർ ഇടപെടുകയാണെങ്കിൽ ഞാൻ തീർച്ചയായും വഴങ്ങും. ഇപ്പോൾ വെസ്റ്റ് ബംഗാളിലെ ഫലം വന്നു. നിങ്ങൾക്ക് എവിടെയെങ്കിലും സീറ്റുണ്ടോ? നിങ്ങളുടെ ദേശീയ സമ്മേളനത്തിൽ പോളിറ്റ്ബ്യൂറോ പ്രമേയം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണല്ലോ? നിങ്ങൾ താഴോട്ട് വരികയല്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ സമയം കഴിയാറായി. അര മിനിട്ടുകൂടി മാത്രം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കേന്ദ്രം ബി.ജെ.പി. ഭരിക്കുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് രക്ഷയില്ല, അതാണ് പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചോദിച്ച രണ്ട് മിനിട്ട് സമയം കഴിഞ്ഞു. പ്ലീസ്..... പ്ലീസ് ......

ശ്രീ. എ. എൻ. ഷംസീർ: സർ, സി.പി.ഐ.(എം). തകർന്നടിഞ്ഞു എന്നാണ് അദ്ദേഹം പറഞ്ഞത്. സി.പി.ഐ.(എം)-ന് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഒരുപോലെ സ്വാധീനമുണ്ടായിരുന്നില്ല. പക്ഷെ കോൺഗ്രസ്സ് എല്ലായിടത്തും സ്വാധീനമുള്ള പാർട്ടിയായിരുന്നു. ഇന്ത്യയിൽ പ്രധാനമന്ത്രിമാരെ സംഭാവന ചെയ്ത സംസ്ഥാനമാണ് ഉത്തർപ്രദേശ്. അവിടെ ഇപ്പോൾ എന്താണ് കോൺഗ്രസ്സിന്റെ സ്ഥിതി? കോൺഗ്രസ്സ് തകർന്നടിഞ്ഞില്ലേ? ഉത്തരേന്ത്യയിൽ എവിടെയാണ് കോൺഗ്രസ്സ് ഇപ്പോഴുള്ളത്? അപ്പോൾ തെരഞ്ഞെടുപ്പുകളിൽ ചെറിയ രീതിയിൽ നില മെച്ചപ്പെട്ട് വരുമ്പോൾ തന്നെ അഹങ്കാരം. ഈ അഹങ്കാരം കൊണ്ടാണ് ഇങ്ങനെയായിപ്പോകുന്നത്..... (മൈക്ക് ഓഫ്)

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പറയാനുദ്ദേശിച്ചത് നിങ്ങൾ ബി.ജെ.പി.യെപ്പോലെ തന്നെ കോൺഗ്രസ്സിനെയും കാണുകയാണ് എന്നാണ്. ഇവിടത്തെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള പി.ബി. അംഗങ്ങൾ കോൺഗ്രസ്സുമായി സഖ്യമുണ്ടാക്കുന്നതിനെ എതിർത്തു. പത്രത്തിൽ വായിച്ചതാണ്. ബി.ജെ.പി. പറയുന്നത് കോൺഗ്രസ്സ് ഇല്ലാതാകണമെന്നാണ്. നിങ്ങൾ ഉദ്ദേശിക്കുന്നതും അതുതന്നെയാണ്. ബി.ജെ.പി.യുമായി നേരിട്ട് ഏറ്റുമുട്ടാൻ കോൺഗ്രസ്സിന് ശക്തിയില്ലായെന്ന് നിങ്ങൾ പറഞ്ഞു. ചെറുതാണെങ്കിലും ഈ തെരഞ്ഞെടുപ്പ് ഫലങ്ങളെല്ലാം അതിന് ശക്തിയുണ്ടെന്നുള്ളതാണ് തെളിയിക്കുന്നത്.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിന്റെ സാധ്യതകൾക്കനുസരിച്ച് മത്സ്യസമ്പത്ത് എത്രത്തോളം വർദ്ധിപ്പിക്കാൻ കഴിയും; അതിന്റെ വരുമാന മാർഗ്ഗങ്ങൾ എങ്ങനെ; ഈ മേഖലയിൽ പ്രവർത്തിക്കുന്നവരെ എങ്ങനെ സംരക്ഷിക്കണം; സർവ്വകലാശാലയുടെ പ്രവർത്തനം തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച ബില്ലുകൾ ഒന്നിച്ച് ചർച്ച ചെയ്യുന്ന ഒരവസരമാണിത്. കേരളത്തിന്റെ ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കുമനുസരിച്ച് ഇന്ത്യയിലെ ഏറ്റവും മികച്ച മത്സ്യ ഉൽപ്പാദനം നടത്തുന്ന സംസ്ഥാനമായി മാറാൻ എല്ലാ സാധ്യതകളുമുള്ള നമ്മുടെ നാട്ടിൽ ആ സാധ്യതകൾക്കനുസരിച്ച് കേരളത്തെ മാറ്റാൻ കഴിയുന്ന തരത്തിലേയ്ക്കുള്ള വേറിട്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സർക്കാർ നടത്തുന്ന ഒട്ടേറെ ശ്രദ്ധേയമായിട്ടുള്ള ഇടപെടലുകൾക്ക് എല്ലാ പിന്തുണയും ഈ അവസരത്തിൽ അറിയിക്കുകയാണ്. വെള്ളപ്പൊക്കമുണ്ടായ സമയത്ത് ബഹുമാനപ്പെട്ട മന്ത്രിയുടെ മണ്ഡലത്തിൽ മത്സ്യത്തൊഴിലാളികൾ നടത്തിയ രക്ഷാപ്രവർത്തനം; അതുപോലെ അവരുടെ പ്രവർത്തനം അടയാളപ്പെടുത്തുന്ന മറ്റൊരു സംഭവമായിരുന്നു 2018-ലെ പ്രളയം. 'കേരളത്തിന്റെ സൈന്യം' എന്നാണ് അവർ അറിയപ്പെടുന്നത്. അതുകൊണ്ടുതന്നെ അവരെ ഹൃദയത്തോട് ചേർത്തുപിടിച്ച് ഈ മേഖലയിൽ ഏറ്റവും നല്ല വികസന-ക്ഷേമ പ്രവർത്തനങ്ങൾ നടത്താനായി ബഹുമാനപ്പെട്ട മന്ത്രി പരിശ്രമിക്കുന്നുണ്ട്. ഉൾനാടൻ മത്സ്യകൃഷിക്ക് പറ്റിയ ജലസമൃദ്ധി കേരളത്തിനുണ്ടെന്നത് ആവർത്തിച്ച് പറയേണ്ടതില്ല. പുഴകളും തോടുകളും ഇടത്തോടുകളുമായി സമൃദ്ധമായ നാടാണ് കേരളം. കുട്ടനാട്ടിൽ ജനിച്ച് വളർന്നതുകൊണ്ടുതന്നെ അതിന്റെ അപാരമായ സാധ്യതകൾ അനുഭവിച്ചറിഞ്ഞിട്ടുള്ള ഒരാളാണ് ഞാൻ. ദേശീയ തലത്തിൽ മത്സ്യോല്പാദനത്തിന്റെ 70 ശതമാനം ഉൾനാടൻ മേഖലയിൽനിന്ന് ലഭിക്കുമ്പോൾ കേരളത്തിൽ പലപ്പോഴും നമുക്ക് അത്രയും ശതമാനം കിട്ടുന്നില്ല. അതിന് പല കാരണങ്ങളുണ്ട്. ആ കാരണങ്ങൾ കണ്ടെത്തി പരിഹരിക്കാനുള്ള പരിശ്രമമായിരുന്നു ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ നടന്നതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതും. 70 ശതമാനം ദേശീയ ഉൽപ്പാദനമുള്ളപ്പോൾ ഏകദേശം 40 ശതമാനത്തിന് താഴെ മാത്രം ആഭ്യന്തര ഉൽപ്പാദനം സംസ്ഥാനത്ത് ലഭിക്കുന്നത് എന്തുകൊണ്ടാണെന്നത് പരിശോധിച്ച് ആ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ മത്സ്യമേഖലയ്ക്ക് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ജലമലിനീകരണം ഒരു പ്രധാന പ്രശ്നമാണ്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി നേരത്തെ സൂചിപ്പിക്കുകയുണ്ടായി. അതോടൊപ്പം നിലവാരമുള്ള മത്സ്യവിത്തുകളുടെ കുറവ്, ഉൾനാടൻ

മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ഉല്പന്നം വിപണിയിലേയ്ക്ക് എത്തിക്കാനുള്ള ബുദ്ധിമുട്ട് ഇതൊക്കെ വലിയ പ്രതിസന്ധിയായി നിലനിൽക്കുന്നു. അതുപോലെ ജലത്തിലെ ശുദ്ധവായുവിന്റെ ദൗർലഭ്യം വലിയ തരത്തിൽ ബാധിച്ചിട്ടുണ്ട്. ടോയ്‌ലെറ്റുകളിലെ വേസ്റ്റും ഫുഡ് വേസ്റ്റും ഒഴുകി ജലാശയത്തിലേയ്ക്ക് പോകുന്നുണ്ട്. അതുപോലെ കായലുകളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും സമീപത്ത് താമസിക്കുന്നവരുടെ വീടുകളിലെ വേസ്റ്റ് വാട്ടറിന്റെ ഔട്ട്‌ലെറ്റ് തോടുകളിലേയ്ക്ക് വയ്ക്കുന്നുണ്ട്. അത് കൈനകരിപോലുള്ള കുട്ടനാടൻ പ്രദേശങ്ങളിലൊക്കെ കാണുന്ന കാഴ്ചയാണ്. മലമ്പ്രദേശങ്ങളിൽ നിന്നൊക്കെ വെള്ളം ഒഴുകിയിറങ്ങി കുട്ടനാട് അടക്കമുള്ള പ്രദേശങ്ങളിലേയ്ക്ക് വരുന്നുണ്ട്. പാടശേഖരങ്ങളിൽ നിന്നുള്ള പെസ്റ്റിസൈഡ്സ് കായലുകളിലൂടെ വലിയ തോതിൽ കലർന്നിട്ടുണ്ട്. അതുപോലെ ബോട്ടുകളിൽനിന്നുള്ള ഇന്ധനം വലിയ രൂപത്തിൽ വേമ്പനാട് കായലിനെയൊക്കെ ബാധിച്ചിട്ടുണ്ട്. അതിന് ബദലായി വൈക്കത്ത് സോളാർ ബോട്ട് വിജയകരമായി ഉപയോഗിച്ചിട്ടുണ്ട്. അത് കൂടുതൽ വ്യാപിപ്പിക്കുന്നതിനുവേണ്ടി ഇടപെടാവുന്നതാണ്. ഒപ്പം ഈ പറഞ്ഞ പോരായ്മകൾ അറിഞ്ഞുകൊണ്ടുതന്നെ ഹാച്ചറികളിലും നഴ്സറികളിലും മത്സ്യഫാമുകൾ ശക്തിപ്പെടുത്താനായി വലിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കുളങ്ങളിൽ മത്സ്യകൃഷിക്ക് കുറഞ്ഞ വിസ്തൃതിയാണ് പറഞ്ഞിരുന്നത്. അതിന്റെ വിസ്തൃതി വർദ്ധിപ്പിച്ചിട്ടുണ്ട്. 'ഒരു നെല്ലും ഒരു മീനും' പദ്ധതിക്ക് നേരത്തെ പറഞ്ഞിരുന്ന വിസ്തൃതി കുറവായിരുന്നു. അതിനാൽ കൃഷി ചെയ്യുന്ന പ്രദേശത്തിന്റെ വിസ്തൃതി വർദ്ധിപ്പിച്ചുകൊണ്ടുള്ള ഇടപെടൽ നടത്തിയിട്ടുണ്ട്. മലിനീകരണമടക്കമുള്ള കാര്യങ്ങൾക്ക് ഫിഷറീസ് വകുപ്പ് ശാസ്ത്രീയമായി പ്രതിവിധി കണ്ടെത്തേണ്ടത് വളരെ അത്യാവശ്യമാണ്. ജനകീയ ബോദ്ധ്യപ്പെടുത്തലുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുമായും വിവിധ വകുപ്പുകളുമായുള്ള ഏകീകരണം എന്നിവ ഉണ്ടാകേണ്ടതോടൊപ്പം കണ്ടൽകാട്, മുളങ്കാട് തുടങ്ങിയവ വച്ചുപിടിപ്പിക്കുകയും വേണം. അവ എല്ലായിടത്തും വച്ചുപിടിപ്പിക്കാൻ കഴിയുകയില്ല; അതിന്റേതായ ശാസ്ത്രീയ പ്രശ്നങ്ങളുണ്ടെങ്കിലും കണ്ടൽക്കാടും മുളങ്കാടും വച്ചുപിടിപ്പിച്ചുകൊണ്ട് തീരത്തെ സംരക്ഷിക്കാനുള്ള നടപടിയും ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്. കഴിഞ്ഞ 30 വർഷമായി മത്സ്യമേഖലയിൽ വളരെയധികം ഇടപഴകി നിൽക്കുന്ന ഒരാൾ എന്റെ നാട്ടിലുണ്ട്. അദ്ദേഹവുമായി സംസാരിക്കുമ്പോൾ ഈ മേഖലയിലെ കൂടുതൽ കാര്യങ്ങൾ അറിയാൻ സാധിക്കും. ബഹുമാനപ്പെട്ട മന്ത്രി ഈ മേഖലയിൽ ശ്രദ്ധിച്ചിട്ടുണ്ടെന്നറിയാം. അതുകൊണ്ട് ചില നിർദ്ദേശങ്ങളാണ് ഇവിടെ സൂചിപ്പിക്കുന്നത്. ആറ്റുവാളപോലെയുള്ള മത്സ്യങ്ങളിൽ ആർട്ടിഫിഷ്യൽ ബ്രീഡിംഗിനെക്കുറിച്ച് നമുക്ക് ചിന്തിക്കാവുന്നതാണ്. നേരത്തെ കരുതിവച്ച, ദോഷകരമല്ലാത്ത ഹോർമോൺ കൊടുത്ത് അവയെ പാടത്തേയ്ക്ക് വിട്ടാൽ കൃഷി

കഴിഞ്ഞ പാടത്ത് അതിന്റെ പ്രജനനം നടക്കും. പിന്നീട് വലിയ പാടശേഖരങ്ങളിൽനിന്ന് ഇവയെ വലിയതോതിൽ ഉൽപ്പാദിപ്പിക്കാനും കഴിയും. മലിനീകരണത്തെക്കുറിച്ചൊക്കെ പറയുമ്പോഴും പലപ്പോഴും നമ്മൾ അറിയാതെ പോകുന്ന ഒരു പ്രതിസന്ധി കുട്ടനാട് അടക്കം പലയിടങ്ങളിലുമുണ്ട്. 1982-ന് മുമ്പ് നമ്മുടെ നാട്ടിൽ നീർകാക്കയുടെ സാന്നിദ്ധ്യമുണ്ടായിരുന്നില്ല. എന്നാൽ അതിനുശേഷം നീർകാക്ക വലിയ ശല്യമായി മാറിയിരിക്കുകയാണ്. ഇതുമൂലം കുട്ടനാട്ടിൽ ധാരാളമായുണ്ടായിരുന്ന തവളയും നാടൻ ഇനമായ കാരി മത്സ്യവും ഇപ്പോൾ അവിടെയില്ലാത്ത അവസ്ഥയാണ്. ഉൾനാടൻ മത്സ്യത്തെ സംബന്ധിച്ച് പറയുമ്പോൾ, ഏറ്റവും സ്വാദിഷ്ടമായിട്ടുള്ള മത്സ്യങ്ങളായ കാരിയും വരാലുമൊക്കെ കുറെയധികമുണ്ട്. വരാൽ മത്സ്യം വൈദ്യനാണെന്നാണ് അറിയപ്പെടുന്നത്. വരാൽ കഴിച്ചാൽ വലിയ ശസ്ത്രക്രിയയിലൂടെയുണ്ടാകുന്ന മുറിവുവരെ ഭേദപ്പെടുമെന്നാണ് പറയുന്നത്. എന്നാൽ നീർകാക്കയുടെ സാന്നിദ്ധ്യത്തിനുശേഷം വലിയ രീതിയിൽ മത്സ്യത്തിന്റെ വേട്ടയാടലാണ് നടക്കുന്നത്. നീർകാക്കയുടെ പ്രജനനം വർദ്ധിച്ചതോടെ വലിയ ശല്യമായിരിക്കുകയാണ്. ഇപ്പോൾ എല്ലാവരും നീർകാക്കയ്ക്കുവേണ്ടി പറയുമ്പോഴും നമ്മുടെ തനതായിട്ടുള്ള മത്സ്യസമ്പത്തിന് വലിയതരത്തിലുള്ള ഇടിവ് സംഭവിക്കുകയാണ്. ചെറിയ മത്സ്യങ്ങളെപ്പോലും ഇവ ഭക്ഷിക്കുമെന്നുള്ളതുകൊണ്ട് ഒരു പാടശേഖരമൊക്കെ നിമിഷനേരം കൊണ്ടാണ് ശൂന്യമാകുന്നത്. ഇതൊക്കെ നമ്മുടെ നാട്ടിൽ സ്ഥിരമായി കാണുന്ന ഒരു കാഴ്ചയാണ്. അതുപോലെതന്നെ തണ്ണീർമുക്കം ഷട്ടറിന്റെ അശാസ്ത്രീയമായ പ്രവർത്തനത്തെ സംബന്ധിച്ച് വളരെ ശ്രദ്ധാപൂർവ്വം ഇടപെടേണ്ട ഒരു കാര്യമാണ്. തണ്ണീർമുക്കം ഷട്ടർ അശാസ്ത്രീയമായി അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നതുമൂലം കൊഞ്ച് മത്സ്യം കാണാനാകുന്നില്ല. കൊഞ്ച് പിടിച്ച് ഉപജീവനം നടത്തിയിരുന്ന ഒരുപാട് ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നമ്മുടെ നാട്ടിലുണ്ടായിരുന്നു, അവർ കഷ്ടത്തിലായിരിക്കുകയാണ്. കൊഞ്ച് മത്സ്യങ്ങൾ ശുദ്ധജലത്തിൽ വന്നിട്ടാണ് പ്രജനനം നടത്തുന്നത്. ഉപ്പുവെള്ളത്തിന്റെ റെഗുലേഷനാണ് അവിടെ നടക്കേണ്ടത്. അത് കൃത്യമായി നടക്കുന്നില്ല. കാർഷിക കലണ്ടർ സംവിധാനം കൃത്യമാക്കണമെന്നുള്ളത് കുട്ടനാട്ടിലെ ജനങ്ങളുടെ വർഷങ്ങളായിട്ടുള്ള ആവശ്യമാണ്. അത് കൃഷി വകുപ്പുമന്ത്രിയും ഫിഷറീസ് വകുപ്പുമന്ത്രിയും ചേർന്ന് ചെയ്യേണ്ട കാര്യമാണ്. അതുപോലെതന്നെ പാടശേഖരത്തിൽനിന്ന് മത്സ്യം പിടിക്കുന്നതിന് പണ്ടുകാലത്ത് പാടശേഖര സമിതിക്ക് അനുവാദം നൽകിയിരുന്നു. അതുകൊണ്ടൊക്കെയാണ് അവർ ഉപജീവനം നടത്തിയിരുന്നത്. എന്നാൽ ഇടക്കാലത്ത് അത് അവരിൽനിന്ന് നഷ്ടമായിട്ടുണ്ട്. പാടശേഖരങ്ങളിൽനിന്ന് മത്സ്യം പിടിക്കുന്നതിനുള്ള അവകാശം പാടശേഖര സമിതിക്കുതന്നെ നൽകാൻ ശ്രമിക്കണം. അതുപോലെ പാടശേഖരങ്ങളോട് ചേർന്ന് കാണുന്ന ഒരു കാഴ്ചയാണ് നഴ്സറി പോണ്ടുകൾ. ഇതിന്റെ ഘടനയിൽ മാറ്റം വരുത്തിയാണ് ഭേദഗതിയിൽ

പറയുന്നത്. സബ്ജക്ട് കമ്മിറ്റിയിൽ അത് വിശദമായി ചർച്ച ചെയ്തിട്ടുണ്ടെങ്കിലും കൂടുതൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ട ഒരു കാര്യമാണ്. നഴ്സറി പോണ്ടുകൾ നിർമ്മിക്കാനായി പ്രത്യേകം പണം ചെലവഴിക്കേണ്ട ആവശ്യം വരുന്നില്ല. കൂട്ടുകൃഷിക്കുവേണ്ടി ഒരുപാട് പണം നമ്മൾ മാറ്റിവയ്ക്കുന്നുണ്ട്. ജലാശയങ്ങളോട് ചേർന്നുള്ള പ്രദേശങ്ങളിൽ കേജുണ്ടാക്കി മൂന്ന്-നാല് മാസം പ്രായമുള്ള മത്സ്യക്കുഞ്ഞുങ്ങളെ വളർത്തി പാടശേഖരങ്ങളിൽ വിട്ടുകഴിഞ്ഞാൽ നീർകാക്കയുടെ ശല്യവും കുറയും, നല്ലരീതിയിൽ വരുമാനം ലഭ്യമാകാനുള്ള സാധ്യതയുമുണ്ടാകും.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, കുളങ്ങളും തോടുകളും പുഴകളും ഡാമുകളുമൊക്കെയുള്ള ഒരു ജില്ലയാണ് പാലക്കാട്. അവിടെ ഉൾനാടൻ മത്സ്യകൃഷി ഏറ്റവും കൂടുതൽ വ്യാപിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പാലക്കാട് ജില്ല മാത്രമല്ല, സംസ്ഥാനത്തെ വിവിധ ജില്ലകളിലെ ഡാമുകളിൽ കേജ് മത്സ്യകൃഷി സാധ്യമാകുമെന്നുള്ളതിന്റെ ഭാഗമായി ഉൾനാടൻ മത്സ്യകൃഷി കുറേക്കൂടി വ്യാപകമാക്കണമെന്ന് താങ്കൾക്ക് അഭിപ്രായമുണ്ടോ?

<u>ശ്രീമതി യു. പ്രതിഭ</u>: സർ, തീർച്ചയായും. ഇതുസംബന്ധിച്ച് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ 6-10-2021-ൽ ഉന്നയിച്ച ഒരു ചോദ്യത്തിന്റെ മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി ഉത്തരം നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ റിസർവോയർ ഫിഷറീസ് പദ്ധതിയുടെ ഭാഗമായി തെന്മല, ഇടുക്കി, ഭൂതത്താൻ കെട്ട്, ചിമ്മിനി, ഷോളയാർ തുടങ്ങി ധാരാളം സ്ഥലങ്ങളിൽ ഇത്തരത്തിൽ വംശനാശഭീഷണി നേരിടുന്ന തദ്ദേശീയ വിഭാഗത്തിൽപ്പെട്ട മത്സ്യം വളർത്തുന്നതിനുവേണ്ടിയുള്ള പദ്ധതി ആവിഷ്കരിച്ചതായി ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ഒരുപാട് സ്വകാര്യ വ്യക്തികൾ വളരെ ഭംഗിയായി നാടൻ മുഷിയെ വളർത്തുന്നുണ്ട്. ആഫ്രിക്കൻ മുഷി നമ്മുടെ ചെറുമീനുകളെ ഭക്ഷിക്കുകയാണ് ചെയ്യുന്നത്. നാടൻ മുഷിയടക്കമുള്ളവയെ ആർട്ടിഫിഷ്യൽ ബ്രീഡിംഗ് നടത്തി ഒരുപാട് സ്വകാര്യ വ്യക്തികൾ ഉത്പാദിപ്പിക്കുന്നുണ്ട്. അതിൽ ശാസ്ത്രീയമായി പരീക്ഷിച്ച് വിജയിച്ചവരുമുണ്ട്. അതുകൊണ്ട് അത്തരം വ്യക്തികളെക്കൂടി ഇതിൽ പാർട്ടിസിപ്പേറ്റ് ചെയ്ത് നല്ല ഗുണമേന്മയുള്ള മത്സ്യവിത്ത് ഉത്പാദിപ്പിക്കാൻ കഴിഞ്ഞാൽ നമുക്ക് വരുമാനം തീർച്ചയായും വർദ്ധിപ്പിക്കാൻ കഴിയും. ഗുണമേന്മയുള്ള മത്സ്യവിത്തിന്റെ ഉത്പാദനം 5 കോടിയിൽനിന്നും 12 കോടിയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ കുട്ടനാട്ടിലുണ്ടായിരുന്ന നല്ലയിനം മത്സ്യങ്ങളായ വെള്ളിവാള, നാടൻ മുഷി, തെമ്മാൻ അല്ലെങ്കിൽ ബട്ടർ ക്യാറ്റ് ഫിഷ് തുടങ്ങിയ മത്സ്യങ്ങളൊക്കെ ഇപ്പോൾ അന്യംനിന്ന് പോയിരിക്കുകയാണ്. അപ്പോൾ സ്വകാര്യ പങ്കാളിത്തം കൂടി ഉപയോഗപ്പെടുത്തി മത്സ്യവിത്തിന്റെ

ഉത്പാദനം വർദ്ധിപ്പിച്ച് മത്സ്യക്കുഞ്ഞുങ്ങളെ കായലിലേയ്ക്ക് വിടാനുള്ള സാധ്യതയെപ്പറ്റി ആലോചിക്കണം. മറ്റൊന്ന്, കടലിൽ ട്രോളിംഗ് നിരോധനമുള്ളതുപോലെ കായലുകളിലും ഇത്തരത്തിൽ ചില നിരോധനം കൊണ്ടുവരണം. കാരണം കൊറോണ സമയത്ത് കടലിൽ ആൾക്കാർക്ക് പോകാൻ കഴിയാതിരുന്നപ്പോൾ മത്സ്യസമ്പത്ത് വർദ്ധിച്ചതായി റിപ്പോർട്ടുണ്ടായിരുന്നു. അതുപോലെ 1992-ൽ വരാൽ അടക്കമുള്ള കുട്ടനാടൻ മത്സ്യങ്ങൾക്ക് ഒരു രോഗമുണ്ടായി. കുട്ടനാടൻ മത്സ്യമെന്ന് പറയുമ്പോൾ ഇത് വ്യാപകമായി എല്ലായിടത്തുമുള്ളതാണ്. ആ രോഗം വന്ന സമയത്ത് ഭയപ്പാടുമൂലം മനുഷ്യർ മത്സ്യം കഴിക്കാതിരുന്നു. ആ സമയത്ത് മത്സ്യ ഉത്പാദനം വലിയതോതിൽ വർദ്ധിച്ചു. അതുകൊണ്ട് ട്രോളിംഗ് പോലെ ചെറിയൊരു ബാൻ മൺസൂൺ സീസണിൽ കായലിലും ഇടത്തോടുകളിലുമൊക്കെ ഉണ്ടാകേണ്ടത് ആവശ്യമാണ്.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, ഉൾനാടൻ മത്സ്യസമ്പത്തിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഉൾനാടൻ ജലാശയങ്ങളിലെല്ലാം നാടൻ മത്സ്യങ്ങൾ വംശനാശഭീഷണി നേരിടുന്ന ഒരു സാഹചര്യമുണ്ട്. ആറ്റുവാളയെക്കുറിച്ചും വരാലിനെക്കുറിച്ചും നേരത്തെ പറഞ്ഞു. അതുകൂടാതെ ആരകൻ, ബ്ലാഞ്ഞിൽ തുടങ്ങിയ മത്സ്യങ്ങളൊക്കെ ഇപ്പോൾ കാണാതാകുന്ന സ്ഥിതിയുണ്ട്. ആറ്റുകൊഞ്ച് ഇപ്പോൾ കാണാനില്ല. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മറ്റൊന്ന്, ഇതുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന നിരവധി തൊഴിലാളികളുണ്ട്. അവരുടെ ജീവിത സാഹചര്യം വളരെ പ്രശ്നത്തിലാണ്. ഭവനങ്ങളുടെ പ്രശ്നങ്ങൾ, അറ്റകുറ്റപ്പണികൾ, ആ മേഖലയിൽ ജോലി ചെയ്യുന്ന വിദ്യാർത്ഥികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ, ഇതൊക്കെ സർക്കാർ ശ്രദ്ധിക്കുന്നുണ്ട്, ഇടപെടുന്നുമുണ്ട്. എന്നാൽ സമയബന്ധിതമായി ഇതൊക്കെ ലഭ്യമാകുന്നില്ലായെന്നുള്ള പ്രശ്നം മുന്നോട്ടുവന്നിട്ടുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീമതി യു. പ്രതിഭ</u>: സർ, തീർച്ചയായും. ആ മേഖലയിൽ വ്യക്തിഗത ആനുകൂല്യങ്ങൾക്കൊക്കെ നല്ല രൂപത്തിലുള്ള തുകകൾ നൽകുകയും അത് വർദ്ധിപ്പിച്ച് നൽകുന്നതിനുവേണ്ടിയുള്ള ഇടപെടലുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായതായി ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയും ചെയ്തിട്ടുണ്ട്. നമുക്ക് അത് അനുഭവവേദ്യവുമായിട്ടുണ്ട്. ഇപ്പോൾ കേജ് കൾട്ടിവേഷനിലൂടെ ഒരു കിലോഗ്രാമിന് 75 രൂപ നിരക്കിൽ നമുക്ക് മത്സ്യം ഉല്പാദിപ്പിക്കാൻ കഴിയണം. ബയോഫ്ലോക് നല്ലഭംഗിയായി ചെയ്തിട്ടുണ്ടെങ്കിലും അതിന് 150 രൂപയാകും. കേജ് കൾട്ടിവേഷനിലൂടെ ഉല്പാദിപ്പിക്കുന്ന മത്സ്യത്തെ നമുക്ക് എക്സ്പോർട്ട് ചെയ്ത് അതിന്റെ വരുമാനത്തിൽ വർദ്ധനവുണ്ടാക്കാൻ കഴിയുന്ന സാധ്യതയാണ്. തിലോപ്പിയപോലുള്ള മത്സ്യങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ നല്ല മാർക്കറ്റുണ്ട്.

സ്വാഭാവികമായും കേജ് കൾട്ടിവേഷന് നല്ല സാധ്യതയുമുണ്ട്. കേജിൽ വളർത്തുന്ന മത്സ്യക്കുഞ്ഞുങ്ങളെ എക്സ്പോർട്ട് ചെയ്തുകഴിഞ്ഞാൽ അന്തർദേശീയ മാർക്കറ്റിംഗിന് നമുക്ക് സാധ്യതയുണ്ടെന്നുള്ളതുകൂടി ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. ഇന്ന് രാവിലെ മന്ത്രി പറഞ്ഞതുപോലെ, വിയറ്റ്നാംപോലെ അനന്ത സാധ്യതയുള്ള നമ്മുടെ നാട്ടിൽ മത്സ്യസമ്പത്തിന്റെ വർദ്ധനവിലൂടെയും മാലിന്യവും മറ്റ് പ്രശ്നങ്ങളുമെല്ലാം ശാസ്ത്രീയമായി പരിഹരിക്കുന്നതിലൂടെയും ഈ മേഖലയിൽ കൂടുതൽ വരുമാന വർദ്ധകമായിട്ടുള്ള കാര്യങ്ങൾ ചെയ്യാൻ കഴിയും. പാലാട്ട് മോഹൻദാസ് മുഖ്യവിവരാവകാശ കമ്മീഷണറായിരിക്കെ പറഞ്ഞ ഒരു സ്റ്റേറ്റ്മെന്റ്, 'ഫയലിൽനിന്ന് കൃഷി വകുപ്പ് ഉദ്യോഗസ്ഥർ വയലിലേയ്ക്ക് ഇറങ്ങണമെന്നാണ്.' കേരളത്തിലെ ഒന്നാം പിണറായി സർക്കാരിന്റെ കാലത്തും അതുപോലെ ഇടതുപക്ഷം അധികാരത്തിൽ വരുമ്പോഴുമൊക്കെ 'എല്ലാവരും പാടത്തേയ്ക്ക് എന്നുള്ള മുദ്രാവാക്യം നമ്മൾ ഉയർത്തിയിരുന്നു. അങ്ങനെ എല്ലാവരെയും പാടത്തേയ്ക്കിറക്കിയതിന്റെ ഭാഗമായും കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ഇറങ്ങിയതിന്റെ ഭാഗമായും ഹരിതാഭമാർന്ന ഒരു കേരളമാണ് നമുക്ക് ലഭിച്ചിരിക്കുന്നത്. അതുപോലെ ഇനി ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരും 'കൈ നനയാതെ മീൻ പിടിക്കണമെന്ന് പറഞ്ഞാൽ നടക്കില്ല. കൈ നനഞ്ഞുകൊണ്ടുതന്നെ ജലാശയങ്ങളിലേയ്ക്കിറങ്ങിച്ചെന്ന് ജനകീയ കൂട്ടായ്മയിലൂടെ കേരളത്തിന്റെ അനന്തമായ സാധ്യതകൾക്ക് തീർച്ചയായും വേദിയൊരുക്കണം. അതിന് ധീരമായ നേതൃത്വം നൽകുന്ന മന്ത്രിയാണുള്ളത്. അങ്ങയുടെ ഈ പ്രവർത്തനങ്ങളെയെല്ലാം ഈയൊരു ഭേദഗതിയിൽ ചർച്ച ചെയ്തുകൊണ്ട് എല്ലാ പിന്തുണയും നൽകിക്കൊണ്ട് ഞാൻ നിർത്തുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, വളരെ ക്രിയാത്മകമായ ചർച്ചയും നിർദ്ദേശങ്ങളുമാണ് ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ മുന്നോട്ടുവച്ചിട്ടുള്ളത്. ഈ നിയമങ്ങൾകൊണ്ട് കേരളത്തിന്റെ ഫിഷറീസ് മേഖലയിൽ സമൂലമായ പരിവർത്തനമാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. സമയ പരിമിതികൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ചില കാര്യങ്ങൾ ബിൽ പാസ്സാക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട അംഗങ്ങളോട് പറയുന്നത് നല്ലതായിരിക്കുമെന്ന് തോന്നി.

2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ എന്നുപറയുന്നത് പുതിയൊരു നിയമമാണ്. ഈ പുതിയ നിയമത്തിൽ നമ്മൾ കാണേണ്ട ഒരു പ്രശ്നം, 2019-20-ൽ 10,736.10 കോടി രൂപയാണ് മത്സ്യമേഖലയിൽനിന്നുള്ള ആഭ്യന്തര ഉല്പാദനം. ഇത് സംസ്ഥാനത്തിന്റെ ആകെ ആഭ്യന്തര ഉല്പാദനത്തിന്റെ 1.4 ശതമാനമാണ്. ഇത് നമ്മുടെ കാർഷിക മേഖല

മൊത്തം എടുത്താൽ 13.96 ശതമാനം മാത്രമാണ്. നമ്മുടെ നെൽകൃഷി മേഖലയിൽനിന്ന് വലിയതോതിൽ ആളുകൾ പിറകോട്ടുപോകുകയും നെൽകൃഷി ഉപേക്ഷിക്കുകയും ചെയ്യുന്ന ഒരു കാലത്ത് നമുക്ക് ഏറ്റവും കൂടുതൽ ഉല്പാദന മേഖലയിൽ ഇടപെടാൻ കഴിയുന്ന ഒന്നാണ് മത്സ്യമേഖല. അതുകൊണ്ടാണ് സമൂലമായ പരിവർത്തനമെന്ന് ഞാൻ ആദ്യം തന്നെ പറഞ്ഞത്. ഇങ്ങനെ പറയുമ്പോൾ ഈ മേഖലയിലെ മത്സ്യത്തൊഴിലാളികളെപ്പറ്റി ഒരുപാട് കാര്യങ്ങൾ പറഞ്ഞു. അവരുടെ അവസ്ഥ മോശമാണ്. പക്ഷെ, പഴയ അവസ്ഥയാണോ ഇപ്പോഴുള്ളത്? വലിയതോതിൽ സാമൂഹികവും സാമ്പത്തികവുമായ പുരോഗതിക്കുവേണ്ടി വിദ്യാഭ്യാസപരമായും ആരോഗ്യപരമായ കാര്യങ്ങളിലുമൊക്കെ മറ്റ് ജനവിഭാഗങ്ങളോടൊപ്പം അവരെ എത്തിക്കാനുള്ള ശ്രമത്തിലാണ് നമ്മൾ പ്രവർത്തിച്ചത്; അത് ഒരു പരിധിവരെ വിജയിക്കുകയും ചെയ്തു. എങ്കിൽപ്പോലും ആളോഹരി വരുമാനമെന്ന് പറയുമ്പോൾ വാർഷിക ആളോഹരി വരുമാനം 2,45,323 രൂപയാണെങ്കിൽ മത്സ്യത്തൊഴിലാളികളുടേത് 1,19,300 രൂപ മാത്രമാണ്. അതിന്റെ നേർപകുതിയാണ്. അപ്പോൾ ഇവിടെ പറഞ്ഞതുപോലെ ഈ പ്രവർത്തനങ്ങളുടെയെല്ലാം ഫലമായി നമുക്ക് അവരെ കൂടുതൽ സാമൂഹികവും സാമ്പത്തികവുമായി ഉയർത്തിക്കൊണ്ടുവരാൻ കഴിയണമെന്ന കാര്യത്തിൽ സംശയമില്ല. മത്സ്യമേഖലയിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുടെ വളർച്ചയെക്കുറിച്ച് ഒരു പഠനം നടത്തേണ്ടതുണ്ടെന്ന് ഞാൻ ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ആമുഖമായി തന്നെ സൂചിപ്പിച്ചിരുന്നു. ഉൾനാടൻ മത്സ്യമേഖലയിൽ ആന്ധ്രാപ്രദേശിന്റേത് നമ്മൾ പഠിക്കേണ്ടൊരു വളർച്ചയാണ്. ആന്ധ്രാപ്രദേശ് 2000-2001-ൽ 4.07 ലക്ഷം ടൺ ഉൽപ്പാദനത്തിൽനിന്ന് 2019-2020-ൽ 36.1 ലക്ഷം ടൺ ഉൽപ്പാദനത്തിലേയ്ക്ക് എത്തിയെന്നതാണ് നമ്മുടെ സാധ്യതയെക്കുറിച്ച് വിലയിരുത്തുമ്പോൾ കാണേണ്ടത്. അവരുടെ എത്രയോ ഇരട്ടി ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും സാധ്യതകളുമുള്ള നമ്മുടെ സംസ്ഥാനത്ത് ആ ലക്ഷ്യത്തിലേയ്ക്കെത്താൻ പല തരത്തിലുമുള്ള തടസ്സങ്ങളുണ്ടായിട്ടുണ്ട്. 2001-ൽ 0.85 ലക്ഷം ടൺ ഉൽപ്പാദനമായിരുന്നു കേരളത്തിനുണ്ടായിരുന്നത്. അവിടെനിന്നും നമ്മൾ ഇപ്പോൾ 2.05 ലക്ഷം ടൺ ഉൽപ്പാദനത്തിൽ മാത്രമാണ് എത്തിയിരിക്കുന്നത്. ഇവിടെയാണ് ഈ വ്യത്യാസം നമ്മൾ കാണേണ്ടത്. മറൈൻ ഫിഷിംഗിന്റെ സ്ഥിതിയും ഇതുതന്നെയാണ്. ആ മേഖലയിൽ 4.75 ലക്ഷം ടൺ ആണ് ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത്. നമ്മുടെ സാധ്യതകളുടെ പതിനായിരത്തിലൊന്നുപോലും നമുക്ക് ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഇത് യു.ഡി.എഫ്.-ന്റെയോ എൽ.ഡി.എഫ്.-ന്റെയോ കുഴപ്പംകൊണ്ടാണെന്ന് ഞാൻ പറയുന്നില്ല. അതിന് പല കാരണങ്ങളുണ്ട്; കാലാവസ്ഥാ വ്യതിയാനംപോലുള്ള നിരവധി പ്രശ്നങ്ങളുണ്ട്. ഏത് പ്രശ്നമാണെങ്കിലും ഏറ്റവും കൂടുതൽ

കോൺസൻട്രേഷൻ നൽകേണ്ട മേഖലയായി ഫിഷറീസ് മേഖലയെ മാറ്റാൻ കഴിഞ്ഞാൽ കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ, തൊഴിൽ മേഖലയിൽ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നതിൽ എനിക്ക് യാതൊരു സംശയവുമില്ല. അതിനെയൊക്കെ അർത്ഥവത്താക്കുകയെന്നതാണ് നമ്മുടെ ലക്ഷ്യം.

ഇവിടെ ഹാർബറുകളെപ്പറ്റി പറഞ്ഞു. കേരളത്തിൽ ഹാർബറുകൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. എല്ലായിടത്തും ഹാർബറുകൾ നിർമ്മിക്കണം. അതിന് ബഹുമാനപ്പെട്ട എം.എൽ.എ.മാർ നിർദ്ദേശങ്ങൾ വയ്ക്കുന്നുണ്ട്; നിരവധി പഠനങ്ങൾ നടത്തുന്നുമുണ്ട്. കേരളത്തിലെ 590 കിലോമീറ്ററിൽ ഇപ്പോൾത്തന്നെ 21 ഹാർബറുകൾ പ്രവർത്തിക്കുന്നുണ്ട്. 5 ഹാർബറുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. നാലഞ്ചെണ്ണത്തിന്റെ പഠനം നടന്നുകൊണ്ടിരിക്കുന്നു. മുക്കിനുമുക്കിന് ബസ് സ്റ്റോപ്പ് കൊടുക്കുന്നതുപോലെ ഹാർബറിന്റെ ആവശ്യമുണ്ടോ; ഉള്ള ഹാർബറുകളെ നവീകരിക്കുകയെന്ന നയമല്ലേ സ്വീകരിക്കേണ്ടത്? ഈ നിയമത്തിന്റെ പശ്ചാത്തലത്തിൽ അന്താരാഷ്ട്ര നിലവാരമുള്ളതും ശുചിത്വവും ഗുണനിലവാരവുമുള്ള മത്സ്യം ജനങ്ങളിലെത്തിക്കാൻ കഴിയുന്ന ഫിഷ് ലാൻഡിംഗ് സെന്ററുകളായും ഹാർബറുകളായും മാറ്റപ്പെടുകയെന്ന ലക്ഷ്യത്തിനാണ് പ്രധാനമായും ഊന്നൽ നൽകുന്നത്. ഇവിടെ ലേലക്കാരെപ്പറ്റി പറഞ്ഞു. യു.ഡി.എഫ്.-ലെ ചില ബഹുമാനപ്പെട്ട മെമ്പർമാർ സംസാരിച്ചപ്പോൾ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയല്ല അവർ വാദിച്ചതെന്ന് എനിക്ക് പറയേണ്ടിവരും. 13 ശതമാനം മുതൽ 18 ശതമാനം വരെ ലേലക്കിഴിവുള്ള സംസ്ഥാനത്ത് അത് 5 ശതമാനത്തിലേയ്ക്ക് കൊണ്ടുവന്ന് അതിൽനിന്നും 2 ശതമാനം മത്സ്യത്തൊഴിലാളികൾക്ക് ബോണസായി തിരികെ നൽകാനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഒരു രൂപ പോലും സർക്കാർ എടുക്കുന്നില്ല. അതിൽ ഒരു ശതമാനം ഹാർബറിന്റെ നവീകരണത്തിനും ദൈനംദിന പ്രവർത്തനങ്ങൾക്കുമാണ് വിനിയോഗിക്കുന്നത്. ലേലത്തിന് മുൻകയ്യെടുക്കുന്ന സൊസൈറ്റികൾക്കാണ് ഒരു ശതമാനം സപ്പോർട്ട് ചെയ്യുന്നത്. ഈ സംസ്ഥാനത്തെ മുഴുവൻ മത്സ്യത്തൊഴിലാളികളും അംഗീകരിക്കാൻ പോകുന്ന ഒരു നിയമമായി ഈ ലേലവുമായി ബന്ധപ്പെട്ട നിയമം മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. വളരെ പ്രധാനപ്പെട്ട വിഷയം വേറൊരു രൂപത്തിൽ ട്വിസ്റ്റ് ചെയ്യുകയാണ്. രാഷ്ട്രീയം വേണം, നമുക്കെല്ലാവർക്കും രാഷ്ട്രീയമുണ്ട്. ഏത് തരത്തിലും ഏത് സാഹചര്യത്തെയും നമുക്ക് മാറ്റിത്തീർക്കാം. ഈ പ്രശ്നത്തെ സംസ്ഥാന ഗവൺമെന്റ് ആത്മാർത്ഥമായിത്തന്നെയാണ് കാണുന്നത്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, 13 മുതൽ 18 ശതമാനം വരെ ലേല ഫീസ് വാങ്ങുന്നുവെന്ന് അങ്ങ് പറഞ്ഞു. വിഴിഞ്ഞത്ത് ലേല ഫീസായി 3 ശതമാനമാണ്

വാങ്ങുന്നത്. പല സ്ഥലങ്ങളിലും ലേല ഫീസ് ഇല്ല. സമീപ സ്ഥലങ്ങളിൽ യാനങ്ങൾ അടുപ്പിച്ച് മത്സ്യങ്ങൾ വിറ്റുപോകുകയാണ് ചെയ്യുന്നത്. മത്സ്യത്തൊഴിലാളികൾക്ക് യാനം വാങ്ങാൻ ചിലയാളുകൾ പൈസ നൽകുന്നുണ്ട്. ലേലഫീസായി 13 ശതമാനം ഈടാക്കിയിട്ട് അതിൽനിന്നും 10 ശതമാനം മത്സ്യത്തൊഴിലാളികളിൽനിന്നും പിരിച്ചെടുക്കുകയാണ് ചെയ്യുന്നത്. 3 ശതമാനം മാത്രമാണ് ഇവർ എടുക്കുന്നത്. ഇങ്ങനെയൊരു പ്രശ്നമുള്ളതായി, ഞങ്ങളെ ചൂഷണം ചെയ്യപ്പെടുന്നുവെന്ന് മത്സ്യത്തൊഴിലാളി സമൂഹം ഒരു പ്രക്ഷോഭത്തിലൂടെയോ അല്ലെങ്കിൽ വേറെ ഏതെങ്കിലും വഴിയിലൂടെയോ സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടില്ല. നിങ്ങൾ ഈ നിയമം കൊണ്ടുവരുന്നതിന് മുന്നോടിയായി സി.ഐ.ടി.യു, എ.ഐ.ടി.യു.സി. എന്നീ ട്രേഡ് യൂണിയനുകളാണ് ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നത്. സ്വതന്ത്ര മത്സ്യത്തൊഴിലാളി സംഘടനകളോ മറ്റു മത്സ്യത്തൊഴിലാളി സംഘടനകളോ ഇങ്ങനെയൊരു ആവശ്യവുമായി മുന്നോട്ടുവന്നിട്ടില്ല.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഈ ബിൽ അവതരിപ്പിക്കുന്നതിനുമുമ്പ് കേരളത്തിലെ മിക്കവാറും ഹാർബറുകൾ ഞാൻ സന്ദർശിച്ചിരുന്നു. ഹാർബറുകളെപ്പറ്റി പഠിക്കാതെ ഇവിടെ വന്ന് സംസാരിച്ചാൽ അങ്ങയെപ്പോലെ ഈ രംഗത്ത് വളരെ കാലത്തെ പരിചയമുള്ള ആളുകൾ ഞങ്ങളെ കൈകാര്യം ചെയ്യുമല്ലോ; മുനമ്പം ഹാർബർ ഒരു മോഡലാണ്. പ്രിയപ്പെട്ട എം. വിൻസെന്റ് അടക്കം ഞങ്ങളോടൊന്ന് സഹകരിക്കുമോ; വിഴിഞ്ഞത്തെ ലേലം ഈ ഗവൺമെന്റിന് വിട്ടുതരാമോ; എനിക്കും അങ്ങേയ്ക്കും അറിയാവുന്ന കാര്യമൊന്നും ഞാൻ ഇവിടെ വിശദീകരിക്കുന്നില്ല. വിഴിഞ്ഞത്ത് എന്താണ് നടക്കുന്നതെന്ന് ഞാൻ വിശദീകരിക്കുന്നില്ല. ഞാൻ വിഴിഞ്ഞത്തും വന്നിരുന്നു. മുനമ്പം ഒരു മോഡലായി നമ്മൾ എടുക്കണം. അവിടെയൊരു മാനേജ്മെന്റ് സംവിധാനമുണ്ട്. തൊഴിലാളികളും ട്രേഡ് യൂണിയൻ നേതാക്കളും ഉദ്യോഗസ്ഥരും ജനപ്രതിനിധികളും എല്ലാം അടങ്ങുന്ന ആ മാനേജ്മെന്റ് സംവിധാനം നമ്മൾ പഠിക്കണം. വളരെ കൃത്യമായി നടത്തുന്ന, മത്സ്യത്തൊഴിലാളികളെ ചൂഷണം ചെയ്യാത്ത ഒരു സിസ്റ്റം അവിടെയുണ്ട്. ആ സിസ്റ്റത്തിന്റെ തുടർച്ചയാണ് ഈ പ്രൊപ്പോസൽ. സർക്കാർ സംവിധാനത്തിലുള്ള ലേലമല്ല വിഴിഞ്ഞത്ത് നടക്കുന്നത്. ഞാനതൊന്നും വിശദീകരിക്കുന്നില്ല. ലേലക്കിഴിവ് ഓരോ സ്ഥലത്തും ഓരോ തരത്തിലാണെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകുന്നതിന് ലേലക്കാരൻ പണം കൊടുക്കുകയാണ്. നമ്മുടെ സൊസൈറ്റികൾ സാമ്പത്തികമായി തകർന്നിരിക്കുകയാണ്. വസ്തുതകൾ വസ്തുതകളായിത്തന്നെ പറയണം. ഈ

കൊടുക്കുന്ന പണം ഉപയോഗിച്ച് പോകുന്ന മത്സ്യത്തൊഴിലാളി തിരികെ വരുമ്പോൾ മത്സ്യം കൊടുക്കണം. അങ്ങ് പറഞ്ഞത് ശരിയാണ്. അവിടെയും ഒരു വലിയ കിഴിവുണ്ട്, 10 ശതമാനം. അല്ലെങ്കിൽ പണം കൊടുക്കുന്നവൻ എത്ര ശതമാനമാണോ പറയുന്നത് അത്രയും കൊടുക്കണം. ഈ രംഗത്തുള്ള കടുത്ത ചൂഷണത്തിൽനിന്നും മത്സ്യത്തൊഴിലാളികളെ രക്ഷിക്കാൻ കഴിയുന്ന രണ്ട് വഴികളുണ്ട്. ഒന്ന്, ഹാർബർ മാനേജിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സിസ്റ്റമാറ്റിക്കായി ലേലക്കിഴിവ് 5 ശതമാനമാക്കുകയും അതിൽനിന്നും 2 ശതമാനം കൃത്യമായി ഈ മത്സ്യത്തൊഴിലാളികൾക്ക് വർഷാവസാനം ബോണസായി നൽകുകയും ചെയ്യണം. മിൽമയുടെ മോഡലാണ് ഉദ്ദേശിക്കുന്നത്. വലിയൊരു നിയമമാണ്. വർഷത്തിലൊരിക്കൽ തൊഴിലാളിക്ക് ഒന്നിച്ച് പണം കിട്ടും. അങ്ങനെ നമുക്ക് ചെയ്യാം. രണ്ട്, മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകാൻ നമ്മുടെ സൊസൈറ്റികളെ ശാക്തീകരിക്കണം. ഇക്കാര്യവുമായി ബന്ധപ്പെട്ട് ഞാൻ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുമായി സംസാരിച്ചു. ഒരു മീറ്റിംഗ് അദ്ദേഹം വിളിച്ചിട്ടുണ്ട്. നമുക്ക് 850-ഓളം സൊസൈറ്റികളുണ്ട്. ആ സൊസൈറ്റികളെ ശക്തിപ്പെടുത്താതെ, മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകാതെ എങ്ങനെയാണ് അവരെ ചൂഷണത്തിൽനിന്നും രക്ഷപ്പെടുത്തുന്നത്? അത് ഗൗരവമായി പരിശോധിക്കേണ്ടതാണ്. ആ ഒരു സെൻസിലാണ് ഈ നിയമത്തെ നമ്മൾ കാണേണ്ടത്. ഗുണനിലവാരത്തെക്കുറിച്ച് ഇവിടെ വിശദീകരിച്ചു. മത്സ്യത്തിന്റെ ഗുണനിലവാരം, മത്സ്യം സൂക്ഷിക്കുന്ന സ്ഥലങ്ങൾ, മത്സ്യം ഇടുന്ന സ്ഥലങ്ങൾ തുടങ്ങിയവയെല്ലാം പരിശോധിക്കണം. ഗുണനിലവാരം സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ഫുഡ് സേഫ്റ്റി ആക്ടുപ്രകാരം ഉണ്ടെന്നുപറയുമ്പോഴും സംസ്ഥാനത്ത് ഗുണമില്ലാത്ത മത്സ്യം അധികമായി വിതരണം ചെയ്ത് ആരോഗ്യപ്രശ്നമുണ്ടാക്കുകയല്ലേ? ഗുണനിലവാരം വർദ്ധിപ്പിക്കാനാവശ്യമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ശക്തമായി ഉണ്ടാകണമെന്ന് തന്നെയാണ് ഈ നിയമത്തിന്റെ ഭാഗമായി മുന്നോട്ടുവയ്ക്കാനുള്ളത്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ആദ്യകാലങ്ങളിൽ മത്സ്യങ്ങളിൽ ഈച്ച വന്നിരിക്കുമായിരുന്നു, എന്നാൽ ഇപ്പോൾ മത്സ്യത്തിൽ ഈച്ച വരാറില്ല. അതിന് കാരണം മത്സ്യങ്ങളിൽ വൻതോതിൽ കീടനാശിനികൾ ചേർക്കുന്നുവെന്നതാണ്. അനാരോഗ്യകരമായ ഇത്തരം പ്രവണതകൾക്ക് ഈ ബില്ലിലൂടെ നിയന്ത്രണമുണ്ടാകുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി എക്സ്പോർട്ടിംഗ് ക്വാളിറ്റി വർദ്ധിപ്പിക്കാൻ നിർബന്ധമായി നിയമമുണ്ടാക്കിയേ മതിയാകുകയുള്ളൂ. അമോണിയ, ഫോർമാലിൻ, യൂറിയ, സോഡിയം ബെൻസോയേറ്റ് തുടങ്ങിയ രാസവസ്തുക്കളാണ് മത്സ്യത്തിൽ ചേർത്ത് ഉപഭോക്താക്കൾക്ക് എത്തിക്കുന്നത്. കടലിൽനിന്നും കരയിലെത്തിക്കുന്ന മൊത്തം മത്സ്യത്തിന്റെ 20 മുതൽ 24 ശതമാനംവരെ അനുയോജ്യമായി കൈകാര്യം ചെയ്യാത്തതുകൊണ്ട് പാഴായിപ്പോകുകയാണ്. പാഴായിപ്പോകുന്ന മത്സ്യത്തെ ശരിയായ രീതിയിൽ കൈകാര്യം ചെയ്താൽ നമുക്ക് വളരെ പ്രയോജനമുണ്ടാകും. ഇതിന്റെ ഭാഗമായി ഹാർബർ, ഫിഷ്ലാൻഡിംഗ് സെന്റർ, മാർക്കറ്റ്, കടമുറി, ബൂത്ത്, കച്ചവടകേന്ദ്രം, ചിൽഡ് സ്റ്റോറേജ്, ഐസ് പ്ലാന്റ്, പൂർവ്വ സംസ്കരണകേന്ദ്രം, സംസ്കരണ കേന്ദ്രം, വാഹനങ്ങൾ, കണ്ടെയ്നറുകൾ തുടങ്ങിയ ഇടങ്ങളിലെല്ലാം ഗുണനിലവാരം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്. അതുമാത്രമാണ് ഈ നിയമത്തിന്റെ ഭാഗമായി നമ്മൾ പറഞ്ഞിട്ടുള്ളത്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഇതൊക്കെ പരിശോധിക്കേണ്ടത് ആരാണ്? പരിശോധിക്കേണ്ട ഉദ്യോഗസ്ഥർ അതിന് കോമ്പീറ്റന്റ് അല്ല.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, അത് ചട്ടം വരട്ടെ, ഉദ്യോഗസ്ഥർ കോമ്പീറ്റന്റ് ആണോ അല്ലയോ എന്നത് കൈകാര്യം ചെയ്യാവുന്ന വിഷയമാണ്. നിയമത്തിൽ പറയുന്ന കാര്യമാണ് ഇപ്പോൾ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഇതൊക്കെ ആരാണ് പരിശോധിക്കേണ്ടതെന്ന് ബില്ലിൽ പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ ചട്ടത്തിൽ വരുത്താം. ഇനം, വലിപ്പം എന്നിവ അടിസ്ഥാനമാക്കാതെ, ചെറിയ മത്സ്യങ്ങളെപ്പോലും പിടിക്കുന്നുവെന്ന വിഷയം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഇവിടെ സൂചിപ്പിച്ചു. അത് തടയണം. ഇതാണ് മത്സ്യസമ്പത്ത് കുറയാൻ പ്രധാന കാരണം. ഈ നിയമത്തിന്റെ പ്രസക്തമായ ഭാഗവും അതാണ്. ഇക്കാര്യങ്ങളെല്ലാം കൈകാര്യം ചെയ്യുന്ന മാനേജ്മെന്റ് സംവിധാനങ്ങൾ രൂപീകരിച്ച് മത്സ്യലേലം, വിൽപ്പന, ഗുണനിലവാര പരിശോധന എന്നിവ നിയമാനുസൃതമാണെന്ന് ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുകയെന്നതാണ് ഈ നിയമത്തിന്റെ ഭാഗമായി മുന്നോട്ടുവയ്ക്കുന്നത്. അതിന്റെ ഭാഗമായി മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും സംബന്ധിച്ച നിയമം ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ കാര്യങ്ങൾ കൂടി ചേർത്തുകൊണ്ടുള്ള ഭേദഗതികൾ വരുത്തി സമ്പൂർണ്ണമായി നടപ്പാക്കും. മറ്റൊന്ന്, ഉൾനാടൻ മത്സ്യക്കൃഷിയുമായി (ഫിഷറീസ് അക്വാകൾച്ചർ) ബന്ധപ്പെട്ട ഭേദഗതികളാണ്. 85000 ഹെക്ടർ വിസ്തീർണ്ണമുള്ള 44 നദികളും 33291

ഹെക്ടർ വിസ്തീർണ്ണമുള്ള 41 റിസർവോയറുകളും 46129 ഹെക്ടർ വിസ്തീർണ്ണമുള്ള കായലുകളും ഉൾപ്പെടുന്ന ജലാശയങ്ങളാൽ സമ്പന്നമായ കേരളത്തിൽ ഉൾനാടൻ മത്സ്യക്കൃഷിയെ പ്രോത്സാഹിപ്പിക്കാൻ കഴിഞ്ഞാൽ ഇന്ന് വിയറ്റ്നാമും ആന്ധ്രാപ്രദേശും എങ്ങനെയാണോ സാമ്പത്തികമായി മുന്നേറുന്നത് അതിന്റെ എത്രയോ ഇരട്ടി നമുക്ക് മുന്നേറാൻ കഴിയും. ഇതിന് പല കാര്യങ്ങളും നിർവ്വഹിക്കേണ്ടതായുണ്ട്. ചെറിയ കണ്ണി വല ഉപയോഗിച്ച് ചെറുമത്സ്യങ്ങളെ പിടിക്കൽ, മത്സ്യപ്രജനന കാലത്ത് ഊത്തപിടിത്തം, അനധികൃതമായി ചീനവല ഉപയോഗിച്ചുള്ള മത്സ്യബന്ധനം, മത്സ്യത്തിന്റെ പ്രകൃത്യാലുള്ള പ്രജനന കേന്ദ്രങ്ങളായ തണ്ണീർത്തടങ്ങളുടെ നാശം, മത്സ്യത്തിന്റെ പ്രജനന സഞ്ചാരത്തിൽ തടസ്സം സൃഷ്ടിക്കുന്ന രീതിയിലുള്ള തടയണ നിർമ്മാണം, ജലമലിനീകരണം, ജലാശയങ്ങളുടെ നികത്തൽ ഇതെല്ലാം ഉൾനാടൻ മത്സ്യകൃഷിയെ ഇല്ലായ്മ ചെയ്യുന്ന, മത്സ്യസമ്പത്ത് ശോഷിച്ച് ഉൾനാടൻ മത്സ്യമേഖലയിലെ തൊഴിലാളികൾക്ക് ദാരിദ്ര്യമുണ്ടാക്കുന്ന തരത്തിലേയ്ക്ക് നമ്മുടെ സംസ്ഥാനത്തെ മാറ്റപ്പെടുന്നു. ഇതിനെയെല്ലാം നിയമംകൊണ്ട് കർശനമായി നേരിടുകയെന്നതാണ് പ്രധാനം. ഇതെല്ലാം കൈകാര്യം ചെയ്യുന്ന മാനേജ്മെന്റ് സംവിധാനമായ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുകയെന്നതാണ് ഈ നിയമത്തിലൂടെ പ്രധാനമായും ഉണ്ടാകേണ്ടത്. എവിടെയെല്ലാം ജലാശയമുണ്ടോ അവിടെയെല്ലാം മത്സ്യകൃഷിയെന്ന ആശയമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനുള്ളത്. അത് കേരളത്തിൽ പ്രാവർത്തികമാക്കാനാണ് ഈ നിയമവുമായി നമ്മൾ മുന്നോട്ടുപോകുന്നത്.

2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബില്ലിനെ സംബന്ധിച്ച് ധാരാളം ചർച്ചകൾ നടന്നു. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞപ്പോൾ അവരുടെ കാലത്താണ് ഈ യൂണിവേഴ്സിറ്റി ഇന്നത്തെ നിലയിലായതെന്ന് പറഞ്ഞു. ഞാൻ അതൊന്നും എതിർക്കുന്നില്ല. കേരളത്തെ ഈ നിലയിലെത്തിച്ചത് കോൺഗ്രസ്സാണെന്ന് ഞാൻ പറയേണ്ട കാര്യമില്ല. നിങ്ങൾ ഈ നിലയിലെത്തിച്ചല്ലോ; ഇനി അതിൽനിന്നും കേരളത്തെ മോചിപ്പിച്ചെടുക്കണം. ഈ യൂണിവേഴ്സിറ്റിയെപ്പറ്റിയുള്ള ഗവൺമെന്റ് നിലപാടെന്താണ്? ഈ യൂണിവേഴ്സിറ്റി പ്രവർത്തിച്ചില്ലെന്ന് ഞാൻ പറഞ്ഞില്ല. ഈ നിയമത്തിലും പറയുന്നില്ല. രാജ്യത്താദ്യമായി ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമായി സർവ്വകലാശാല കേരളത്തിൽ സ്ഥാപിച്ചു. എന്തിനാണ് സർവ്വകലാശാല സ്ഥാപിച്ചത്? മത്സ്യ സമ്പത്തിന്റെ ശോഷണം, കാലാവസ്ഥാ വ്യതിയാനങ്ങൾമൂലമുള്ള നിരന്തരമായ പ്രശ്നങ്ങൾ, മത്സ്യ ഉല്പാദനം സുസ്ഥിരമായ രീതിയിൽ വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, മത്സ്യകൃഷി മേഖലയിലുണ്ടാകുന്ന

രോഗങ്ങൾ, മത്സ്യം കേടുകൂടാതെ സൂക്ഷിക്കാനുള്ള സുരക്ഷിത മാർഗ്ഗങ്ങൾ, മൂല്യവർദ്ധനവിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തൽ തുടങ്ങിയ പ്രധാനപ്പെട്ട നിരവധി വിഷയങ്ങളിൽ ഗവേഷണം നടത്താനും അതിന് പരിഹാരം നിർദ്ദേശിക്കുന്നതിനും കഴിയുന്നതോടൊപ്പം ഈ വിദ്യാഭ്യാസത്തിലൂടെ ഭാവി തലമുറയ്ക്ക് വലിയ തോതിൽ തൊഴിൽ നൽകാൻ കഴിയുന്ന സാധ്യതകളിലേയ്ക്ക് മാറാൻ വേണ്ടിയാണ് സർവ്വകലാശാല സ്ഥാപിച്ചത്. അത് മറ്റ് സർവ്വകലാശാലകളെപ്പോലെ വളർന്നുവരണമെന്ന് ആഗ്രഹിക്കുന്നു. ആ നിലയിൽ അതിനെയൊരു അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുകയെന്ന ലക്ഷ്യമാണ് ഗവൺമെന്റിനുള്ളത്. അല്ലാതെ അവിടെയൊന്നും നടന്നില്ല, അവിടെയെല്ലാം മോശമായിരുന്നു എന്ന രീതിയിലല്ല. നിരവധി മുന്നേറ്റങ്ങളുണ്ടായി, ധാരാളം മാറ്റങ്ങൾ വന്നു. പക്ഷേ അതിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാൻ കഴിയുന്ന ഒരു മേഖലയെന്ന നിലയിൽ ഫിഷറീസ് സർവ്വകലാശാലയെ രൂപപ്പെടുത്തുകയെന്നതാണ് ഈ നിയമംകൊണ്ട് ലക്ഷ്യമിടുന്നത്. ബഹുമാനപ്പെട്ട കെ. ബാബു (തൃപ്പൂണിത്തുറ) ഐ.സി.എ.ആർ.-നെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. കാർഷിക വിദ്യാഭ്യാസം നിയന്ത്രിക്കുന്നതിനും കൃഷി അനുബന്ധ മേഖലയിൽ ഗവേഷണം നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി സർവ്വകലാശാലകൾക്ക് സാമ്പത്തിക സഹായം നൽകാൻ ചുമതലപ്പെട്ട സ്ഥാപനമാണ് ഐ.സി.എ.ആർ.; Kerala University of Fisheries and Ocean Studies രൂപീകരിച്ചപ്പോൾ താൽക്കാലികമായി അഞ്ചുവർഷത്തേയ്ക്ക് ഐ.സി.എ.ആർ.ന്റെ അംഗീകാരം കിട്ടി. എന്നാൽ മോഡൽ ആക്ടിന് വിരുദ്ധമായി സർവ്വകലാശാല ആക്ട് രൂപീകരിച്ചതിനാലും ഐ.സി.എ.ആർ.-ന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തനങ്ങൾ നടപ്പാക്കാത്തതിനെത്തുടർന്നും അംഗീകാരം നഷ്ടപ്പെട്ടു. അതിന്റെ ഫലമായി ഐ.സി.എ.ആർ. നിയോഗിച്ച വിദഗ്ദ്ധ സംഘം ചില അപര്യാപ്തതകൾ ചൂണ്ടിക്കാണിച്ചു. അതിലൊന്ന്, ഭരണപരവും സാമ്പത്തികപരവും അക്കാദമികപരവുമായ അധികാരങ്ങൾ ഉണ്ടായിരിക്കേണ്ട ഡീൻ, ഫാക്കൽറ്റി, പഠന ബോർഡുകൾ എന്നിവയ്ക്കുപകരം മേലധികാരങ്ങളില്ലാത്ത സ്കൂൾ ഡയറക്ടർ/സ്കൂൾ ഗവേണിംഗ് കൗൺസിൽ/വകുപ്പ് ഗവേണിംഗ് കൗൺസിൽ/ സ്കൂൾ ഡയറക്ടർ അതാണ് രൂപീകരിച്ചിരിക്കുന്നത്. അത് മാറ്റും. രണ്ട്, അക്കാദമിക് കൗൺസിൽ, റിസർച്ച് കൗൺസിൽ എന്നിവയ്ക്ക് സ്വതന്ത്രാധികാരമില്ലാതിരിക്കൽ - അതിലും മാറ്റം വരുത്തി. കർഷകർക്ക് വിജ്ഞാന പ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ട എക്സ്റ്റൻഷൻ കൗൺസിലിന്റെ അഭാവം - അതിലും മാറ്റം വരുത്തും.

ഐ.സി.എ.ആർ. മോഡൽ ആക്ട് നടപ്പിലാക്കുന്നതിൽ വന്ന വീഴ്ച - അതും മാറ്റം വരുത്തി. ഈ നിലയിൽ ഐ.സി.എ.ആർ.-ന്റെ അംഗീകാരം ലഭിക്കാൻ ഇടവരുത്തുന്ന രൂപത്തിലുള്ള മാനദണ്ഡങ്ങൾ ഉണ്ടാക്കേണ്ടത് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഈ സർവ്വകലാശാലയെ ഉയർത്തുന്നതിന്റെ ഭാഗമായി അനിവാര്യമായ കാര്യമാണെന്നതാണ് ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നത്. അതനുസരിച്ച് ഗവേണിംഗ് കൗൺസിൽ, അക്കാദമിക് കൗൺസിൽ, മറ്റ് കമ്മിറ്റികൾ, സെനറ്റ് എന്നിവയെല്ലാം സംബന്ധിച്ച് ഈ നിയമത്തിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുണ്ട്. ഇവിടെ പറഞ്ഞ മറ്റൊരു പ്രശ്നം, അധികാരം ഉദ്യോഗസ്ഥരിലേയ്ക്ക് കേന്ദ്രീകരിക്കുന്നുവെന്നതാണ്. ഉദ്യോഗസ്ഥർക്ക് എന്തെങ്കിലും അധികാരമുണ്ടെങ്കിൽ അതുകൂടി എടുത്തുകളയുന്നതാണ് ഈ നിയമമെന്ന് ഇത് വായിക്കുന്ന ആർക്കും മനസ്സിലാകും. ഗവേണിംഗ് കൗൺസിലിനും സെനറ്റിനും അവിടത്തെ ദൈനംദിന പ്രവർത്തനങ്ങൾ നടത്താനുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികൾക്കും അധികാരം കൊടുക്കുകയാണ്. അങ്ങനെ അക്കാദമികവും ഭരണപരവുമായ കാര്യങ്ങൾ നിറവേറ്റാൻ പ്രാപ്തിയുള്ള ജനാധിപത്യപരമായ സംവിധാനത്തെ ശക്തിപ്പെടുത്തുന്ന ഒരു നിയമമായി ഈ നിയമം മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അതുപോലെതന്നെ വൈസ് ചാൻസലർക്ക് നിലവിലുള്ള അധികാരങ്ങൾ പരിമിതപ്പെടുത്തുകയാണ്, അതാണ് ഈ നിയമത്തിന്റെ പ്രത്യേകത. ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. 2019-ലെ റാങ്കിംഗിൽ കേരളം 57-ാം സ്ഥാനത്താണ്. തുടക്കം മുതൽ നമ്മൾ ആ സ്ഥാനത്ത് തന്നെയാണ്. 2018-ലെ റാങ്കിംഗിൽ ഉൾപ്പെടാൻ കഴിഞ്ഞിട്ടില്ല. ഐ.സി.എ.ആർ. നിബന്ധനകൾ കർശനമായി നടപ്പാക്കി ഉയർന്ന റാങ്കിലേയ്ക്കെത്താനും ഈ സർവ്വകലാശാലയെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്താനും ഇടവരുത്തുന്ന വളരെ പ്രധാനപ്പെട്ട, കേരളം എന്നും ഓർക്കുന്ന ഒരു നിയമമാണിത്. ഇവിടെ ഒരു യു.ഡി.എഫ്. അംഗം സംസാരിച്ചപ്പോൾ ഞാനൊരു പാവമാണെന്നും മുൻ മന്ത്രി ചെയ്തതിന്റെ ഫലമാണ് ഇപ്പോൾ എന്നെ ഏൽപ്പിച്ചിരിക്കുന്നതെന്നും പറഞ്ഞു. അങ്ങനെ ധരിക്കരുത്. ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ ജാഗ്രതയോടുകൂടി തയ്യാറാക്കിയ ഒരു നിയമം തന്നെയാണ് ഞാൻ ഇവിടെ പൈലറ്റ് ചെയ്യുന്നത്. സ്വാഭാവികമായും ചർച്ചയിലൂടെ ചില കാര്യങ്ങളിൽ മാറ്റങ്ങൾ വരാം. വിവിധ തലങ്ങളിലാണ് ചർച്ച ചെയ്യുന്നത്. ചർച്ചയിലൂടെ വരുത്തുന്ന മാറ്റങ്ങളല്ലാതെ അതിന്റെ ഉള്ളടക്കത്തിൽ മാറ്റങ്ങൾ വരുത്തേണ്ട കാര്യമില്ല. കൃത്യമായി ആലോചിച്ച് തന്നെയാണ് ബിൽ തയ്യാറാക്കിയിരിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ സംബന്ധിച്ചാണ് അടുത്തതായി പറയാനുള്ളത്. മത്സ്യസമ്പത്തിന്റെ സംരക്ഷണം, ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കൽ, പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താൽപ്പര്യസംരക്ഷണം, മത്സ്യബന്ധന യാനങ്ങളുടെയും വലകളുടെയും നിയന്ത്രണം ഉൾപ്പെടെയുള്ള കാര്യങ്ങളുമായി ബന്ധപ്പെട്ടും മുംബൈയിലെ കടലിൽ നടന്ന ഭീകരാക്രമണത്തിനുശേഷം ഉണ്ടായിട്ടുള്ള സാഹചര്യങ്ങൾ വിലയിരുത്തിയും കടലിൽ പോകുന്ന ആളുകൾക്ക് ഐഡന്റിഫിക്കേഷൻ അനിവാര്യമാണ്. അത്തരം കാര്യങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രധാനപ്പെട്ട ഒരു നിയമം തന്നെയാണ് 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ എന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട അംഗങ്ങളുമായും മത്സ്യത്തൊഴിലാളി സംഘടനകളുമായിട്ടുമെല്ലാം വിശദമായി നടത്തിയ ചർച്ചകളുടെ ഭാഗമായി ചില ഭേദഗതികൾ കൊണ്ടുവരാൻ തീരുമാനിച്ചു. അതിൽ മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം ലേലത്തിൽക്കൂടി മാത്രമേ വിൽക്കാൻ പാടുള്ളൂവെന്ന ആക്ഷേപമാണ് പ്രധാനമായി ഉന്നയിക്കുന്നത്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം നേരിട്ട് വിപണനം നടത്തുന്നതിനുള്ള അനുമതി നൽകുകയെന്നതാണ് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. അവർക്ക് ടെൻഷന്റെ ആവശ്യമില്ല. ശ്രീ. അനൂപ് ജേക്കബ് ഉന്നയിച്ചത് പ്രധാനപ്പെട്ട വിഷയമാണ്. അവർ പിടിക്കുന്ന മത്സ്യം എവിടെ വേണമെങ്കിലും അവർക്ക് വിൽക്കുന്നതിനുള്ള വ്യവസ്ഥ ഈ ഭേദഗതി ബില്ലിൽക്കൂടി കൊണ്ടുവരികയാണ്. അതുപോലെതന്നെ ലേല കമ്മീഷനായി വസൂലാക്കുന്ന തുകയുടെ 40% മത്സ്യം പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തൊഴിലാളിക്ക് തന്നെ വാർഷിക ഉൽപ്പാദന ബോണസ്സായി തിരികെ നൽകും. ലേലത്തിൽ പങ്കാളികളാകുന്ന ഹാർബർ ലാൻഡിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റിക്കും ലേലക്കാരനും 20 ശതമാനം തുക വീതം നൽകുന്ന നിർദ്ദേശമാണ് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. മത്സ്യത്തൊഴിലാളിയെ സംബന്ധിച്ച് വളരെ ആകർഷകവും ഗുണകരവുമായ നിർദ്ദേശം ഈ രൂപത്തിൽ കൊണ്ടുവരികയാണ്. അതുപോലെതന്നെ മറ്റൊരു പ്രധാനപ്പെട്ട വിഷയം ന്യായവില സംബന്ധിച്ചാണ്. പലപ്പോഴും മത്സ്യത്തിന് ന്യായവില ലഭിക്കുന്നില്ലെന്ന പരാതി തീരദേശ മേഖലകളിൽ ശക്തമാണ്. ഈ ബില്ലിലൂടെ അതിന് പരിഹാരം കാണാനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്. ഓരോ പ്രദേശത്തെയും പ്രത്യേകത കണക്കിലെടുത്ത് ഓരോ ഹാർബറിലും അടിസ്ഥാനവില നിശ്ചയിക്കുന്നതിന് ഹാർബർ മാനേജ്മെന്റ് സൊസൈറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. മത്സ്യത്തൊഴിലാളികൾക്ക് താൽപ്പര്യമുള്ളപക്ഷം അവർ അംഗങ്ങളായ

മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങൾ മുഖേന മത്സ്യത്തിന് അടിസ്ഥാനവില നൽകി സംഭരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. മത്സ്യത്തൊഴിലാളികളെ ഭീഷണിപ്പെടുത്തിക്കൊണ്ടുള്ള ഒരു സംഭരണവും ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. അവർക്ക് ഇഷ്ടമുണ്ടെങ്കിൽ നൽകിയാൽ മതി. അക്കാര്യം ഞാൻ കൃത്യമായി പറയാൻ ആഗ്രഹിക്കുന്നു. ഹാർബർ മാനേജ്മെന്റ് കമ്മിറ്റികളിൽ അതത് പ്രദേശത്തെ എം.എൽ.എ.മാർ അംഗങ്ങളായിരിക്കുമെന്ന് ഖണ്ഡം 9 (1)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരട് ബില്ലിൽ അത് ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു. മത്സ്യത്തിന്റെ സാക്ഷ്യപ്പെടുത്തലുമായി ബന്ധപ്പെട്ട് വളരെ തെറ്റായ ചർച്ചകൾ ഇവിടെ നടന്നു. മത്സ്യം പിടിച്ചുകൊണ്ടുവരുന്ന തൊഴിലാളി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അടുത്തുപോയി അപ്പോൾ തന്നെ സാക്ഷ്യപത്രം വാങ്ങണമെന്നൊക്കെയുള്ള തെറ്റായ രീതിയിലുള്ള ചർച്ചകൾ ഇവിടെ നടന്നു. പിടിച്ചുകൊണ്ടുവരുന്ന എല്ലാ മത്സ്യങ്ങളും സാക്ഷ്യപ്പെടുത്തുകയെന്നുള്ളതല്ല. മത്സ്യത്തിന്റെ കയറ്റുമതിക്ക് സാക്ഷ്യപത്രം ആവശ്യമുണ്ടെങ്കിൽ അത് നേടാൻ യാനം ഉടമയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ് എന്ന രീതിയിൽ ഭേദഗതി വരുത്തുകയാണ്. അമേരിക്ക, യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് ഇവിടെനിന്ന് ചെമ്മീൻ ഉൾപ്പെടെയുള്ള മത്സ്യങ്ങൾ കയറ്റുമതി ചെയ്യാൻ ഇത്തരം സർട്ടിഫിക്കറ്റുകൾ വളരെ പ്രധാനമാണ്. അതിനുവേണ്ടിയാണ് പ്രസ്തുത വ്യവസ്ഥ കൊണ്ടുവന്നത്. മത്സ്യത്തൊഴിലാളി പിടിച്ചുകൊണ്ടുവരുന്ന മീനിന് ഒരു സർട്ടിഫിക്കറ്റും ആവശ്യമില്ലെന്ന് നിസ്സംശയം ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്. 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബില്ലിലൂടെ പ്രസ്തുത സർവ്വകലാശാലയുടെ ഗവേണിംഗ് കൗൺസിലിൽ വനിതകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. ഫാക്കൽറ്റി, വകുപ്പുമേധാവി എന്നീ തസ്തികകളിൽ തെരഞ്ഞെടുക്കപ്പെടുന്ന മൂന്നുപേരിൽ ഒരാൾ വനിതയായിരിക്കണം; സർക്കാർ നിർദ്ദേശിക്കുന്ന മൂന്ന് നിയമസഭാംഗങ്ങളിൽ ഒരാൾ വനിതയായിരിക്കണം; ഒരു വനിതാ സാമൂഹ്യപ്രവർത്തകയെ പ്രസ്തുത ഗവേണിംഗ് കൗൺസിലിൽ ഉൾപ്പെടുത്തിയിരിക്കണം. ഇതുമൂലം ഭരണസമിതിയിൽ മൂന്ന് വനിതകളെ ഉൾപ്പെടുത്താതിരിക്കാൻ ആർക്കും കഴിയില്ല. കേരളചരിത്രത്തിൽ ആദ്യമായി സർവ്വകലാശാലയിൽ വനിതകൾക്കുവേണ്ടിയുള്ള പ്രത്യേക നിയമം കൊണ്ടുവരുന്നത് ഈ ഗവൺമെന്റാണ്. ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ സംസാരിച്ചപ്പോൾ 2006-ലെ ഫുഡ് സേഫ്റ്റി നിയമം (2006-ലെ 34-ാം ആക്ട്) പ്രകാരമുള്ള ശിക്ഷ എങ്ങനെ നടപ്പിലാക്കാൻ കഴിയുമെന്ന ആശങ്കയാണ് അദ്ദേഹം ഉന്നയിച്ചത്. പ്രസ്തുത നിയമത്തിലെ 18-ാം വകുപ്പിൽ " General principles to be followed in administration of Act" എന്നാണ് വ്യവസ്ഥ ചെയ്യുന്നത്. പ്രസ്തുത ആക്ടിന്റെ 18 (3)-ൽ " The provisions of this Act shall not apply to any farmer or fisherman or farming

operations or crops or livestock or aquaculture, and supplies used or produced in farming or products of crops produced by a farmer at farm level or a fisherman in his operations" എന്നാണ് വ്യവസ്ഥ ചെയ്യുന്നത്. മത്സ്യത്തൊഴിലാളി കൈകാര്യം ചെയ്യുന്നതും ലേലത്തിനുമുമ്പുള്ള മത്സ്യത്തെ സംബന്ധിച്ചും പ്രസ്തുത നിയമം ബാധകമല്ലാത്തതുമാകുന്നു. അതോടുകൂടി നമ്മൾ പറയുന്ന ശിക്ഷയും കാര്യങ്ങളുമെല്ലാം ഇതിനകത്ത് വരുമ്പോൾ യാതൊരു തരത്തിലുമുള്ള കോൺട്രഡിക്ഷനും ഉണ്ടാകില്ലെന്ന് ഞാൻ അറിയിക്കുന്നു. പല ബഹുമാനപ്പെട്ട അംഗങ്ങളും ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ലെന്ന് പറഞ്ഞുകേട്ടു. ലൈഫ് പദ്ധതിയെക്കുറിച്ച് രാവിലെ ഇവിടെ വിശദീകരിച്ചു. 2016-ൽ പിണറായി ഗവൺമെന്റ് വന്നതിനുശേഷം ലൈഫ് പദ്ധതിപ്രകാരം വീട് നിർമ്മാണത്തിനുള്ള തുക 2 ലക്ഷം രൂപയിൽനിന്നും 4 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും 5549 വീടുകൾ അഞ്ചുവർഷംകൊണ്ട് പൂർത്തീകരിക്കുകയും ചെയ്തു. പുനർഗേഹം പദ്ധതിയിലൂടെ 18685 പേരുടെ പുനരധിവാസ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം 301 ഫ്ലാറ്റുകളും 600 വീടുകളും പൂർത്തീകരിച്ചു. ഞാൻ എല്ലാം വിശദീകരിക്കുന്നില്ല. മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളികളുടെ ഇൻഷ്വറൻസ് പരിരക്ഷ 5 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയായി ഗവൺമെന്റ് വർദ്ധിപ്പിച്ചുകൊടുത്തു. സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ നിങ്ങളുടെ സർക്കാർ 2700 രൂപയാണ് നൽകിയിരുന്നതെങ്കിൽ ഈ ഗവൺമെന്റ് അത് 4500 രൂപയായി വർദ്ധിപ്പിച്ചു. കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്ക് പുനരധിവാസ പദ്ധതി ആവിഷ്കരിച്ച്, പത്ത് ലക്ഷം രൂപ അനുവദിച്ച ഇന്ത്യയിലെ ആദ്യ ഗവൺമെന്റാണ് പിണറായി വിജയൻ ഗവൺമെന്റ്. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് മുട്ടത്തറ, പൊന്നാനി, ബീമാപള്ളി, കാരോട് എന്നീ സ്ഥലങ്ങളിൽ ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകി. തീരപ്രദേശങ്ങളിൽ സാക്ഷരത വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള 'അക്ഷര സാഗരം' പദ്ധതി, കേരളത്തിലാദ്യമായി മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ എന്നിവ നടപ്പിലാക്കിയത് ഈ ഗവൺമെന്റാണ്. കേരളത്തിലാദ്യമായി 40000 മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റ് സൗജന്യമായി വിതരണം ചെയ്ത ഗവൺമെന്റാണിത്. ബഹുമാനപ്പെട്ട മുൻ ഫിഷറീസ് വകുപ്പുമന്ത്രി അപ്പുറത്തിരിപ്പുണ്ട്. അങ്ങയുടെ കാലത്ത് എത്രയാണ് നൽകിയതെന്ന കാര്യം അങ്ങേയ്ക്ക് അറിയാം. അപ്പോൾ ഈ ഗവൺമെന്റൊന്നും ചെയ്തില്ലെന്ന് പറയരുത്. മൂന്ന് മറൈൻ ആംബുലൻസുകളും കടൽ രക്ഷാ ഉപകരണങ്ങളും സുരക്ഷാ ഉപകരണങ്ങളും ഓരുജലാശയങ്ങളിൽ മത്സ്യക്കുട്ടകൃഷിയും നടപ്പാക്കിയത് ഈ ഗവൺമെന്റാണ്. തീരനൈപുണ്യ പദ്ധതിയിലൂടെ 1254 മത്സ്യത്തൊഴിലാളികൾക്ക് പരിശീലനവും തൊഴിലും കൊടുത്തത് ഈ ഗവൺമെന്റാണ്. തീരദേശത്തെ

മത്സ്യത്തൊഴിലാളി വനിതകൾക്ക് 916 പുതിയ സൂക്ഷ്മ സംരംഭങ്ങൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കി. ഓഖിയിൽ മരണപ്പെട്ടവർക്കും കാണാതായവർക്കും സമാനതകളില്ലാത്ത സഹായം യഥാസമയം അനുവദിച്ചു. തീരദേശ സ്കൂളുകളെപ്പറ്റി നിങ്ങൾ സൂചിപ്പിച്ചു. എല്ലാ ഫിഷറീസ് സ്കൂളുകളുടേയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. 49 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യമായി ഉന്നത വിദ്യാഭ്യാസം നൽകിയതിന്റെ ഫലമായി അവർക്ക് എം.ബി.ബി.എസ്. പഠനം പൂർത്തിയാക്കാൻ സാധിച്ചു. ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്താണ് സൗജന്യ ഉന്നത വിദ്യാഭ്യാസ പഠനം തുടങ്ങിയത്. എം.ബി.ബി.എസ്., എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള കോഴ്സുകൾക്ക് സൗജന്യ പരിശീലനം നൽകിയത് ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റിന്റെ കാലത്താണ്. അത് നിങ്ങളുടെ കാലത്ത് നടപ്പാക്കിയ പദ്ധതിയല്ല, ശ്രീ. എസ്. ശർമ്മ വകുപ്പുമന്ത്രിയായിരുന്ന സമയത്താണ് നടപ്പാക്കിയത്. അതിനുശേഷമാണ് നിങ്ങൾ അധികാരത്തിൽ വന്നത്. ഞങ്ങൾ നടപ്പിലാക്കിയ പദ്ധതിയെ നിങ്ങൾക്ക് എങ്ങനെ മാറ്റാൻ കഴിയും? ഞങ്ങൾ അതിനെ വർദ്ധിപ്പിച്ചപ്പോൾ അവർക്ക് എം.ബി.ബി.എസ്. ബിരുദം കിട്ടി. ആയിരക്കണക്കിന് ആളുകൾക്ക് ജോലി കൊടുക്കുന്ന 'സാഫ്' പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് മണ്ണെണ്ണയ്ക്ക് വില വർദ്ധിപ്പിച്ചതുകൊണ്ട് മത്സ്യത്തൊഴിലാളികൾ വലിയ പ്രതിസന്ധിയാണ് നേരിടുന്നത്. ഇതിന്റെ ഭാഗമായി ഇപ്പോൾ സബ്സിഡി രഹിത മണ്ണെണ്ണ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നുണ്ട്. എന്നാൽ 25 രൂപ സബ്സിഡിയോടുകൂടി 10 എച്ച്.പി. വരെയുള്ള യാനങ്ങൾക്ക് 140 ലിറ്ററും 10 മുതൽ 15 എച്ച്.പി.വരെ 150 ലിറ്ററും 15 എച്ച്.പി.-ക്ക് മുകളിൽ 190 ലിറ്ററും മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്നുണ്ട്. അതുപോലെതന്നെ വല വാങ്ങുന്നതിന് 10,000 രൂപയും എഞ്ചിൻ സബ്സിഡിയായി 30,000 രൂപയും പരമ്പരാഗത യാനങ്ങൾക്കുള്ള സഹായമായി നൽകിവരുന്നു. എഫ്.ആർ.പി. മത്സ്യബന്ധന യൂണിറ്റുകൾ നൽകുന്ന പദ്ധതി പ്രകാരം 120 യൂണിറ്റുകൾ സൗജന്യമായും 200 യൂണിറ്റുകൾ 40 ശതമാനം സബ്സിഡിയോടെയും നടപ്പാക്കിവരുന്നു. ഇത്തരത്തിൽ നിരവധി സഹായങ്ങൾ നടപ്പാക്കിയ ഒരു ഗവൺമെന്റാണിത്.

<u>മി. സ്പീക്കർ</u>: 2400-ലധികം ഭേദഗതികൾ പരിഗണനയ്ക്കെടുക്കാനുണ്ട്. എല്ലാ അംഗങ്ങളും സമയനിഷ്ഠ പാലിക്കണം.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, കൃത്യമായി പറഞ്ഞാൽ 36 മിനിട്ടേ ആയിട്ടുള്ളൂ, കൃത്യം ഒരു മണിക്കൂറാകുമ്പോൾ അവസാനിപ്പിക്കാം. ഗ്രൂപ്പ് ഇൻഷ്വറൻസിനെപ്പറ്റി പരാതി പറഞ്ഞു. കേരളത്തിൽ 18 മുതൽ 70 വയസ്സുവരെയുള്ള മത്സ്യത്തൊഴിലാളി/ അനുബന്ധ മത്സ്യത്തൊഴിലാളികളെ പദ്ധതിയിൽ അംഗങ്ങളായി ചേർത്തിട്ടുണ്ട്.

മത്സ്യബോർഡിൽ അംഗത്വമുള്ള 240211 മത്സ്യത്തൊഴിലാളികളേയും 84530 അനുബന്ധ തൊഴിലാളികളേയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് തുക 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിൽ ചൂണ്ടിക്കാണിച്ച ഒരു വിമർശനം ഞാൻ ഉൾക്കൊള്ളുകയാണ്. ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കുന്നതിൽ പല മത്സ്യത്തൊഴിലാളികളും വിമുഖത കാണിക്കുന്നുണ്ട്. അവരെ അംഗങ്ങളാക്കുന്നതിനുള്ള സർവ്വേ ഗവൺമെന്റ് ഇപ്പോൾ ആരംഭിക്കുകയാണ്. മത്സ്യത്തൊഴിലാളിക്ക് അപകടം സംഭവിച്ചാൽ പൂർണ്ണമായും ഇൻഷ്വറൻസ് തുക കിട്ടത്തക്ക രീതിയിലുള്ള ഇടപെടൽ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും. മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷയുണ്ട്. അതിന്റെ ഭാഗമായി 2018-2019-ൽ 647, 2019-2020-ൽ 856, 2020-2021-ൽ 924 എന്നിങ്ങനെ പരമ്പരാഗത യാനങ്ങളെ ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം രണ്ടുകോടി രൂപ ഇതിനായി ഗവൺമെന്റ് മാറ്റിവച്ചിട്ടുണ്ട്. അതുപോലെതന്നെ മത്സ്യസമ്പത്തിൽ വന്ന കുറവ് പരിഹരിക്കാനുള്ള മാർഗ്ഗങ്ങളും ഈ ഗവൺമെന്റ് നടപ്പിലാക്കുന്നുണ്ട്. അതിനെ ഞാൻ നിഷേധിക്കുന്നില്ല. അടുത്തതായി ഉന്നയിച്ച വിമർശനം പിഴത്തുക പൂർണ്ണമായും കെട്ടിവയ്ക്കണമെന്നത് സംബന്ധിച്ചാണ്. അത് ഞാൻ പിന്നീട് ചോദ്യത്തിനുള്ള മറുപടിയിൽ വിശദീകരിക്കുന്നതാണ്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ 157573 കടലോര മത്സ്യത്തൊഴിലാളികൾക്കും 21740 ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും സഹായം നൽകിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സഹായം 2018-2019, 2019-2020 എന്നീ വർഷങ്ങളിൽ ലഭിക്കാതിരുന്നിട്ടും സംസ്ഥാന ഗവൺമെന്റ് സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പാക്കി. 'മിൽമ' മോഡലിൽ ഇതിനെ മാറ്റുന്നതിനെപ്പറ്റി ചർച്ച നടന്നു, അതിനെപ്പറ്റി ഗൗരവമായി സർക്കാർ പരിശോധിക്കും. അടുക്കളക്കുളങ്ങൾ സൃഷ്ടിച്ചുകൊണ്ടുള്ള മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള അഭിപ്രായം ചിലർ മുന്നോട്ടുവച്ചു, അത് പരിഗണിക്കും. ട്രോളിംഗ് നടപ്പാക്കുന്നത് ശാസ്ത്രീയമായ രീതിയിലാണോ എന്നുള്ള സംശയങ്ങളും ഇവിടെ വന്നു. അതിനെപ്പറ്റി ഒന്നുകൂടി പരിശോധിക്കുകയും പഠിക്കുകയും ചെയ്യേണ്ടതുണ്ട്. അക്കാര്യത്തിൽ ആവശ്യമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കും. കടലിൽവച്ച് മരണപ്പെടുന്ന ഹൃദ്രോഗികളായ മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് സഹായം കിട്ടുന്നില്ലെന്ന പ്രശ്നത്തിൽ തീർച്ചയായും ഗവൺമെന്റ് ആവശ്യമായ പരിശോധന നടത്തുന്നതാണ്. കടലിൽവച്ച് ഏത് സാഹചര്യത്തിൽ മരണമുണ്ടായാലും അവർക്ക് ഇൻഷ്വറൻസ് സഹായം കിട്ടുന്ന രീതിയിൽ ഇൻഷ്വറൻസ് മോഡിഫൈ ചെയ്യുമെന്ന് ഉറപ്പുനൽകുന്നു. ജാതി സംഘടനകളെ മാനേജിംഗ് കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നത്

സംബന്ധിച്ച് ചിലർ പരാമർശിച്ചു. അതിന് ഒരിക്കലും കഴിയില്ല. ഇവിടെ ഒരു ജാതിയല്ല, നിരവധി ജാതികളുണ്ട്. അവരെയൊന്നും ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. തീരദേശ സ്മാർട്ട് ക്ലാസ്റൂമുകളെപ്പറ്റി ചോദ്യമുന്നയിച്ചിരുന്നു. 29 സ്കൂളുകളിൽ 40 സ്മാർട്ട് ക്ലാസ്സുകൾ സ്ഥാപിച്ചുകഴിഞ്ഞു. അതുപോലെതന്നെ മണ്ണെണ്ണ വിതരണവുമായി ബന്ധപ്പെട്ട് ഞാൻ വിശദീകരിച്ചിരുന്നു. ഇപ്പോൾ 13 ബങ്കുകളാണുള്ളത്, കൂടുതൽ ബങ്കുകൾ ആവശ്യമാണ്. 25 രൂപ നിരക്കിൽ മണ്ണെണ്ണ നൽകാമെന്ന് സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സെൻട്രൽ ഗവൺമെന്റിന്റെ ഒരു ഹോൾസെയിൽ ഏജന്റായി മത്സ്യഫെഡിനെ മാറ്റാൻ അനുവദിക്കുകയില്ല. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. ആർ. അനിലും ഞാനും പങ്കെടുത്ത രണ്ട് യോഗങ്ങൾ നടന്നിരുന്നു. വീണ്ടും അടുത്ത ദിവസം ഒരു യോഗം ചേരുന്നുണ്ട്, അതിൽ തീരുമാനമായാൽ 25 രൂപ നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യാൻ സാധിക്കും. എത്ര വില വർദ്ധനവുണ്ടായാലും കേരളത്തിലെ മത്സ്യത്തൊഴിലാളികളെ അത് ബാധിക്കില്ല. അതുപോലെതന്നെ 2018-ലെ പ്രളയ സഹായവുമായി ബന്ധപ്പെട്ട് ചില ചോദ്യങ്ങൾ ചോദിച്ചിരുന്നു. അതിനായി ഏതാണ്ട് 11.64 കോടി രൂപയുടെ പ്രൊപ്പോസലാണ് ലഭിച്ചത്. ആ പ്രൊപ്പോസലുകളെല്ലാം യാനങ്ങൾ സംബന്ധിച്ചും തൊഴിലാളികൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങളും നഷ്ടങ്ങളും പരിഹരിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതുമായിരുന്നു. അതിനുള്ള പണം ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. ഫിഷറീസ് യൂണിവേഴ്സിറ്റിയിൽ പഠിച്ചവർക്ക് മാത്രമേ അവിടെ ജോലി ലഭിക്കൂവെന്ന് ചൂണ്ടിക്കാണിച്ചു. അത് ശരിയായ കാര്യമല്ല. കാരണം കുഫോസിലെ ബിരുദവും ബിരുദാനന്തര ബിരുദവും മാത്രമാണ് കുഫോസിലെ സർക്കാർ അംഗീകൃത അദ്ധ്യാപക/അനദ്ധ്യാപക തസ്തികയ്ക്കുള്ള യോഗ്യതയെന്ന് നിഷ്കർഷിക്കുന്നില്ല. ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികയിലെ നിയമനം സർക്കാർ പുറപ്പെടുവിച്ച സ്പെഷ്യൽ റൂൾസിലെ യോഗ്യത പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷനാണ് നടത്തുന്നത്. എന്നാൽ ഫിഷറീസ് ഫാക്കൽറ്റിയിൽ ഐ.സി.എ.ആർ. അംഗീകരിച്ച, ഫിഷറീസിൽ പ്രൊഫഷണൽ ബിരുദാന്തര ബിരുദം നേടിയവർക്ക് മാത്രമേ അദ്ധ്യാപക തസ്തികയിൽ നിയമനം ലഭിക്കുകയുള്ളൂ. ഏത് കോളേജിൽ പഠിച്ചാലും അവിടെ ജോലി ലഭിക്കുന്നതിന് തടസ്സമില്ല. അവിടത്തെ പ്രധാനപ്പെട്ട തസ്തികകളിലെ നിയമനം സംബന്ധിച്ച് ചില അഭിപ്രായങ്ങൾ വന്നിരുന്നു. അതിന് സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യേണ്ടതായിവരും. അതുസംബന്ധിച്ച് പിന്നീട് ആലോചിച്ച് നടപ്പാക്കുന്നതാണ്. ഇത് നിയമമായിക്കഴിഞ്ഞാൽ ഗവൺമെന്റിന് ചില കാര്യങ്ങൾ അടിസ്ഥാനപരമായി ചെയ്യേണ്ടതുണ്ട്. അതെല്ലാം യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കും.

4.00 pm]

നിലവിൽ 5 ഫിഷറീസ് സ്റ്റേഷനുകളാണുള്ളത്. 4 ഫിഷറീസ് സ്റ്റേഷനുകൾ കൂടി ആരംഭിക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അത് ഉടൻ തന്നെ ആരംഭിക്കുന്നതാണ്. സഹകരണ സംഘങ്ങളെ സംബന്ധിച്ച് വിമർശനം വന്നു. 888 സഹകരണ സംഘങ്ങൾ ഇവിടെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 511 മത്സ്യ സഹകരണ സംഘങ്ങൾ മാത്രമാണ് പ്രവർത്തിക്കുന്നത്. 377 എണ്ണം പ്രവർത്തനരഹിതമാണ്. 666 സംഘങ്ങളെയാണ് മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളത്. അതിൽ 226 സംഘങ്ങളിൽ മാത്രമാണ് മത്സ്യഫെഡ് മുഖേന മത്സ്യലേലം നടക്കുന്നത്. അവിടെ ഒരുപാട് പ്രയാസങ്ങളുണ്ട്. അതെല്ലാം ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് പരിഹരിക്കാൻ ശ്രമിക്കുന്നതാണ്. മത്സ്യഭവനുകളുടെ സ്ഥിതിയിലും മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. മത്സ്യഭവനെ കൃഷിഭവൻ പോലെ മത്സ്യത്തൊഴിലാളികൾക്ക് ഏറ്റവും പ്രയോജനകരമായ ഒരു സ്ഥാപനമാക്കി ഉയർത്തണം. അതുകൊണ്ട് ഇപ്പോഴുള്ള മത്സ്യഭവനുകളെ ശാക്തീകരിക്കുകയും പുതിയ മത്സ്യഭവനുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുകയെന്ന നയമാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രിയാണ് മറുപടി പറയേണ്ടതെങ്കിലും ചരിത്രത്തിലില്ലാത്തവിധം അഞ്ചുവർഷക്കാലംകൊണ്ട് കേരളത്തിന്റെ കടലോര പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിച്ച് നിലപാടുകൾ സ്വീകരിച്ചൊരു ഗവൺമെന്റാണ് ഈ സംസ്ഥാനത്തുള്ളത്. മത്സ്യത്തൊഴിലാളികൾക്കുവേണ്ട ഉപകരണങ്ങളെ സംബന്ധിച്ചും വിമർശനം പറഞ്ഞു. ഞാൻ പറയുന്നത് 2010 മുതലുള്ള കണക്കുകളാണ്. ഗവൺമെന്റ് 2016-22-ൽ നൽകിയ Radio beacon-7262, Life jacket-40000, satellite phone-168, NAVIC-941, G.P.S.-1676, echo sounder-66, life buoy-1732 കൂടാതെ Vessel monitoring systems-300 എന്നിങ്ങനെ ഒരുപാട് സുരക്ഷാ ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ പല സുരക്ഷാ ഉപകരണങ്ങൾക്കും ഇപ്പോൾ കാലാവധി കഴിഞ്ഞിട്ടുള്ളതിനാൽ അവ മാറ്റികൊടുക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിൻസെന്റ് പറഞ്ഞതുപോലെ സുരക്ഷയുമായി ബന്ധപ്പെട്ട് പുതിയതരം ടെക്നോളജി നമുക്ക് ആവിഷ്കരിക്കേണ്ടതുണ്ട്. അതിനെക്കുറിച്ചെല്ലാം ചർച്ച ചെയ്തിട്ടുണ്ട്. ആ നിലയിൽ ഗവൺമെന്റ് ചെയ്യുമ്പോൾ മത്സ്യത്തൊഴിലാളിക്ക് സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള ബോധവൽക്കരണം നിർബന്ധമായും ചെയ്യേണ്ടതായിട്ടുണ്ട്. മറ്റൊന്ന് യാനങ്ങളുടെ ഫീസ് സംബന്ധിച്ച കാര്യമാണ്. മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതുമായി ബന്ധപ്പെട്ട് ഇവിടെ ചില

വിമർശനങ്ങൾ വന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1371.91 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ പൊതുജലാശയത്തിൽ നിക്ഷേപിച്ചിട്ടുണ്ട്. അത് നിർത്തലാക്കിയിട്ടില്ല. 2016-ൽ ഈ ഗവൺമെന്റ് വരുമ്പോൾ 2.44 കോടി മത്സ്യവിത്തുകളായിരുന്നു നമ്മുടെ സംസ്ഥാനത്ത് ഉല്പാദിപ്പിച്ചിരുന്നത്. ഇപ്പോൾ ഹാച്ചറികളുടെ ഉല്പാദനക്ഷമത 7 കോടിയിലെത്തി. 5 കോടി മത്സ്യക്കുഞ്ഞുങ്ങളെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ട്. മൊത്തം 17 കോടി മത്സ്യവിത്ത് ഈ നടപ്പ് സാമ്പത്തിക വർഷത്തിൽ നമുക്കാവശ്യമാണ്. ഇതിൽ നമ്മൾ കാർപ്പ്, തിലോപ്പിയ തുടങ്ങിയ മത്സ്യങ്ങളാണ് കൂടുതലായി ഉല്പാദിപ്പിക്കുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ രുചികരമായ മത്സ്യങ്ങളെയും നാടൻ മത്സ്യങ്ങളായ വരാൽ, വാള, കാരി തുടങ്ങിയവയേയും ഉല്പാദിപ്പിക്കാനുള്ള ഫാമുകൾ കൂടുതലായി നിർമ്മിക്കാൻ ലക്ഷ്യമിടുന്നു. അതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം ഏതാണ്ട് 545.85 ലക്ഷം രൂപ (5 കോടി 45 ലക്ഷം രൂപ) ഇതിനുവേണ്ടി മാത്രം മാറ്റിവച്ചിട്ടുണ്ട്. തീർച്ചയായും ഉൾനാടൻ മത്സ്യമേഖലകളെ ശക്തിപ്പെടുത്തുന്നതിനനുസരിച്ച് ഇക്കാര്യം കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. മത്സ്യവിള ഇൻഷ്വറൻസിനെപ്പറ്റിയും അതിന്റെ സാധ്യതകളെക്കുറിച്ചും ഇവിടെ ചർച്ച ചെയ്തു. അക്കാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുകയാണ്. കൃഷി വകുപ്പ് ചെയ്യുന്നതുപോലെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മാതൃകയിൽ മത്സ്യകൃഷി രംഗത്തും വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. മാർക്കറ്റിംഗ് രംഗത്തെ പ്രശ്നം നമുക്കറിയാം. ഈ രംഗത്തുള്ള അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് Matsyafed, the Kerala State Co-operative Federation for Fisheries Development Ltd., Society for Assistance to Fisher women (SAF) തുടങ്ങിയവയുമായി സഹകരിച്ച് പോവുകയാണ്. അങ്ങനെ മാർക്കറ്റിംഗ് ഒരു പ്രശ്നമല്ല. എക്സ്പോർട്ടിംഗ് അടക്കമുള്ള കാര്യങ്ങളെക്കുറിച്ച് നമ്മളിപ്പോൾ ആലോചിക്കുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് 38 മാർക്കറ്റുകളുടെ നവീകരണം പൂർത്തീകരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുണ്ട്. ഇപ്പോൾ 51 മാർക്കറ്റുകൾ കൂടി നവീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 120.57 കോടി രൂപ KIIFB അനുവദിച്ച് അതിന്റെ ടെണ്ടർ നടപടികളിലേയ്ക്ക് വന്നിട്ടുണ്ട്. എല്ലാ മാർക്കറ്റുകളും ശുചിത്വമുള്ളതാക്കുകയെന്ന നിലപാടാണുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പുമായി ചർച്ച ചെയ്ത് അക്കാര്യത്തിൽ വ്യക്തമായ തീരുമാനമെടുക്കും. ബഹുമാനപ്പെട്ട അനൂപ് ജേക്കബ്, എം.എൽ.എ. ഇവിടെ സൂചിപ്പിച്ച കാര്യത്തിന് മറുപടി പറയണം. കുഫോസിൽ 4 ഫാക്കൽറ്റി പ്രോഗ്രാമുകളാണുള്ളത്. അതിൽ ഐ.സി.എ.ആർ. അംഗീകാരം ആവശ്യമുള്ള ഫിഷറീസ് ഫാക്കൽട്ടി നടത്തുന്ന കോഴ്സുകൾക്ക് അദ്ധ്യാപനം നടത്തുന്നതിന്

മാത്രമാണ് ഫിഷറീസ് ബിരുദം ആവശ്യമായിട്ടുള്ളത്. ഇപ്പോൾ യോഗ്യതയായി നിഷ്കർഷിച്ചിട്ടുള്ളത് ബിരുദാനന്തര ബിരുദമാണ്. ഓഷ്യൻ സയൻസ് ഉൾപ്പെടെയുള്ള മൂന്ന് ഫാക്കൽറ്റികളിൽ അദ്ധ്യാപക നിയമനത്തിന് ഫിഷറീസ് സയൻസിലെ ബിരുദം അടിസ്ഥാന യോഗ്യതയായി നിഷ്കർഷിച്ചിട്ടില്ല. അതിന്റെ ഡീറ്റെയിൽസാണ് വിശദീകരിക്കാനുള്ളത്. അങ്ങ് പറഞ്ഞതിൽ ഒരു വസ്തുതയുമില്ലെന്ന് എനിക്ക് തോന്നുന്നു.

ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ ഇവിടെ പറഞ്ഞത് വി.സി.യുടെ നിയമനത്തിൽ ബഹുമാന്യനായ ഗവർണ്ണർക്ക് മൂന്നുപേരുടെ പേര് കൊടുത്താൽ അദ്ദേഹത്തിന് ഇഷ്ടപ്പെട്ടവരെ നിയമിക്കാമെന്നാണ്. അങ്ങനെ വരില്ല. അങ്ങനെ സംഭവിക്കാൻ യാതൊരു സാധ്യതയുമില്ല. മാത്രമല്ല മറ്റ് യൂണിവേഴ്സിറ്റികളുടെ നിയമവും ആ നിലയിൽ തന്നെയാണ് ഇപ്പോഴുള്ളത്. ഇപ്പോൾ അതിൽ ഒരു ഭേദഗതിയുടെ ആവശ്യമില്ലെന്ന് തോന്നുന്നു. ശ്രീ. കുറുക്കോളി മൊയ്തീൻ സീ-ആംബുലൻസിനെക്കുറിച്ച് സംസാരിക്കുകയുണ്ടായി. 108 മോഡൽ ആംബുലൻസുകൾ ആവശ്യത്തിന് എടുക്കാൻവേണ്ടി ആലോചിക്കുന്നുണ്ട്. അതിന്റെ ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. പല അംഗങ്ങളും പ്രദേശികമായി അവരുടെ വിഷയങ്ങളെക്കുറിച്ച് പറഞ്ഞു, അതിൽ പോസിറ്റീവായ നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇപ്പോൾ സഭയിൽ ഇല്ലെന്ന് തോന്നുന്നു, അദ്ദേഹം സംസാരിച്ചപ്പോൾ ഈ ബില്ലിന്റെ മൊത്തത്തിലുള്ള സത്ത ഉൾക്കൊണ്ടുകൊണ്ടല്ല സംസാരിച്ചത്. അദ്ദേഹം ഇവിടെയില്ലാത്തതുകൊണ്ട് അതിന് ഞാൻ മറുപടി പറയുന്നില്ല. ശ്രീ. എം. വിൻസെന്റും കുറേ കാര്യങ്ങൾ ഇവിടെ സംസാരിച്ചു. ഇടതുപക്ഷക്കാരെ കുത്തിനിറയ്ക്കുകയാണെന്നൊക്കെ പറഞ്ഞു. അതെങ്ങനെ കിട്ടിയ ആശയമാണെന്ന് അറിയില്ല. സർക്കാർ നോമിനേറ്റ് ചെയ്യുകയെന്ന് പറഞ്ഞാൽ ആരാണോ ഭരിക്കുന്നത് ആ സർക്കാർ അവർക്ക് കൊള്ളാവുന്നവരെ നോമിനേറ്റ് ചെയ്യും. നിങ്ങളുടെ കാലത്തും അങ്ങനെ തന്നെയാണ്. മാറ്റാൻ പറ്റുമോ? കേരള സർവ്വകലാശാലയിൽ ഞാൻ സിൻഡിക്കേറ്റ് മെമ്പർ ആയിരുന്നു. നിങ്ങളുടെ ഗവൺമെന്റ് വന്നപ്പോൾ ഞങ്ങളെയെല്ലാം മാറ്റിയല്ലേ ഇഷ്ടംപോലെ ആളുകളെ നോമിനേറ്റ് ചെയ്തത്?

ശ്രീ. എം. വിൻസെന്റ്: സർ, തീരദേശത്ത് അതുപോലെ .....

ശ്രീ. സജി ചെറിയാൻ: സർ, ശ്രീ. എം. വിൻസന്റ്, ഒരു കാര്യം മനസ്സിലാക്കണം. അതിനൊരു നോമിനേഷൻ ഉണ്ടാകും. അതിന് പ്രാപ്തിയുള്ളവരുണ്ട്. ഗവൺമെന്റ് സെക്രട്ടറിമാരെയാണ് നിയമിക്കുന്നത്. നമുക്കറിയാവുന്ന കാര്യമല്ലേ; നിയമമുണ്ടാക്കുമ്പോൾ ഈ കാര്യമൊക്കെ നമുക്ക്

പരിശോധിക്കാതിരിക്കാൻ സാധിക്കുമോ? എല്ലാം പരിശോധിച്ച് മാത്രമേ ചെയ്യാൻ കഴിയൂ. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി മത്സ്യത്തൊഴിലാളി വനിതാക്ഷേമം, ഉൾനാടൻ വികസനം, ഹാർബർ നവീകരണം, സഹകരണ സംഘങ്ങൾ, ജീവനക്കാരെ ഉയർത്തിക്കൊണ്ടുവരാൻ പൊതുവായിട്ടുള്ള പരിശീലനം, കുഫോസ് യൂണിവേഴ്സിറ്റി, കടൽ മത്സ്യബന്ധനം, മത്സ്യത്തൊഴിലാളി ക്ഷേമം, അടിസ്ഥാനസൗകര്യ വികസനം, തീര സംരക്ഷണം എന്നിവയുൾപ്പെടെ കേരളത്തിൽ അടുത്ത 5 വർഷക്കാലം നടത്താൻ കഴിയുന്ന എല്ലാ പദ്ധതികളും ഉൾക്കൊള്ളുന്ന ഒരു മാസ്റ്റർപ്ലാൻ ഈ പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഫിഷറീസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. അതാണ് നടത്താൻ ഞങ്ങൾ ഉദ്ദേശിക്കുന്നത്. മുതലപ്പൊഴിയിലെ വിഷയം ബഹുമാനപ്പെട്ട ശ്രീ. വി. ശശി, എം.എൽ.എ. ഉന്നയിച്ചു. അതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട പി. ഉബൈദുള്ള എം.എൽ.എ. ഇവിടെ സംസാരിച്ചപ്പോൾ ഓഖി സഹായം പൂർണ്ണമായും വിതരണം ചെയ്തില്ലെന്ന് പറഞ്ഞു. അത് ശരിയല്ല. ഓഖിയുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള എല്ലാ അപേക്ഷകളും സംബന്ധിച്ച് തീരുമാനമെടുക്കുകയും വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. കടൽക്ഷോഭത്തിന്റെ ഫലമായി ക്യാമ്പുകളിലേയ്ക്ക് മാറ്റിയവരെ സംരക്ഷിക്കുന്നതിനുവേണ്ടി അവരെ എത്രയും വേഗം മാറ്റിത്താമസിപ്പിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) 'വനാമി ചെമ്മീൻ കൃഷി' സംബന്ധിച്ച് ഒരു സംശയം ഉന്നയിച്ചു. അത് സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കുളങ്ങളിലും ബയോഫ്ലോക് ടാങ്കുകളിലും പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കിവരികയാണ്. 'വനാമി ചെമ്മീൻ കൃഷി' കേരളത്തിൽ വലിയ തോതിൽ ഹൈലൈറ്റ് ചെയ്യാൻ പോകുന്നൊരു പ്രോജക്ടാണ്. അതിന് ഈ ഗവൺമെന്റ് വലിയ പ്രാധാന്യം കൊടുക്കുകയാണ്. ആഴക്കടൽ മത്സ്യബന്ധനം സംബന്ധിച്ച ഒരു എഗ്രിമെന്റും ഒരു വിദേശ കമ്പനിയുമായി ബന്ധപ്പെട്ടും ഫിഷറീസ് വകുപ്പ് ഒപ്പിട്ടിട്ടില്ലെന്ന കാര്യം ഉറപ്പിച്ച് പറയുന്നു. നമ്മുടെ നയം അതല്ലായെന്ന കാര്യവും ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്. ഈ നിലയിൽ വളരെ ഫലപ്രദമായ ചർച്ചകളും നിർദ്ദേശങ്ങളും വന്നിട്ടുണ്ട്. അതെല്ലാം വച്ചുകൊണ്ട് വളരെ സമഗ്രമായൊരു നിയമം കേരളത്തിൽ നടപ്പാക്കും. നടപ്പാക്കിയാൽ തീർച്ചയായും വലിയ മാറ്റം കേരളത്തിന്റെ മത്സ്യമേഖലയിൽ ഉണ്ടാകുമെന്ന പ്രതീക്ഷയോടുകൂടി ഇത് അംഗീകരിച്ചുതരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ സംബന്ധിച്ച് ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ സംബന്ധിച്ച് ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ സംബന്ധിച്ച് ശ്രീ. വി. ശശി അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

ശ്രീ. വി. ശശി അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ളയ്ക്കുവേണ്ടി ശ്രീ. എ. കെ. എം. അഷ്റഫ്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ......

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ സംബന്ധിച്ച് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബില്ലും 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബില്ലും 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബില്ലും 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(i) 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ

രണ്ടാം വകുപ്പ്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

274. ഖണ്ഡം 2(എൽ)-ൽ "പരമ്പരാഗതമായി" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

201. ഖണ്ഡം 2 -ൽ "പൂർവ്വ" എന്ന് വരുന്നിടത്തെല്ലാം "പ്രാഥമിക" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

203. ഖണ്ഡം 2 (എ) -ൽ "ഉദ്യോഗസ്ഥൻ" എന്ന് വരുന്നിടത്തെല്ലാം അതിന് പകരം "ആഫീസർ" എന്ന് ചേർക്കുക.

219. ഖണ്ഡം 2 (സി)-ൽ "സൗകര്യങ്ങൾ" എന്നതിനുമുൻപായി "അടിസ്ഥാന" എന്ന് ചേർക്കുക.

221. ഖണ്ഡം 2(സി)-ൽ "വകയിൽ" എന്ന വാക്കിനുപകരം "അടിസ്ഥാനത്തിൽ" എന്ന് ചേർക്കുക.

227. ഖണ്ഡം 2(സി)-ൽ "മത്സ്യമോ" എന്ന വാക്കിനുമുൻപ് "അല്ലെങ്കിൽ" എന്ന് ചേർക്കുക.

230. ഖണ്ഡം 2(ഡി)-ൽ "മത്സ്യലേലത്തിനു" എന്നതിനുപകരം "മത്സ്യ ലേലത്തിന്റെ നടത്തിപ്പിന്" എന്ന് ചേർക്കുക.

235. ഖണ്ഡം 2(ഇ)-ൽ "ചുമതലപ്പെട്ട" എന്നതിനുപകരം "ഏൽപ്പിക്കപ്പെട്ട" എന്ന് ചേർക്കുക.

236. ഖണ്ഡം 2(ഇ)-ൽ "വിജ്ഞാപനം" എന്നതിന് മുൻപായി "ഗസറ്റ്" എന്ന് ചേർക്കുക.

238. ഖണ്ഡം 2(ഇ)-ൽ "ആ പ്രദേശത്ത്" എന്നതിന് പകരം "നിശ്ചിത പ്രദേശത്ത്" എന്ന് ചേർക്കുക.

241. ഖണ്ഡം 2(ഇ)-ൽ "പദവിയിലുള്ള" എന്നതിന് പകരം "പദവിയിൽ താഴെയല്ലാത്ത" എന്ന് ചേർക്കുക.

243. ഖണ്ഡം 2(എഫ്)-ൽ "ചിൽഡ്" എന്നതിന് പകരം "കോൾഡ്" എന്ന് ചേർക്കുക.

252. ഖണ്ഡം 2(എഫ്)-ൽ "തണുപ്പിച്ച്" എന്നതിന് പകരം "കേടുകൂടാതെ" എന്ന് ചേർക്കുക.

256. ഖണ്ഡം 2(ജി)-ൽ "റോഡ്" എന്നതിന് പകരം "ഉപരിതല ഗതാഗത" എന്ന് ചേർക്കുക.

262. ഖണ്ഡം 2(എച്ച്)-ൽ "ഭക്ഷ്യയോഗ്യമായതും" എന്നതിന് ശേഷം "ഗുണനിലവാരമുള്ളതും" എന്ന് ചേർക്കുക.

272. ഖണ്ഡം 2(കെ)-ൽ "ഒരു" എന്നതിന് ശേഷം "മത്സ്യ" എന്ന് ചേർക്കുക.

285. ഖണ്ഡം 2 (എൻ)-ൽ "സൗകര്യങ്ങളോടുകൂടിയ" എന്നതിന് പകരം " സൗകര്യങ്ങളോടു കൂടിയ" എന്ന് ചേർക്കുക.

293. ഖണ്ഡം 2(ക്യൂ)-ൽ "കരയിലെത്തിക്കുന്നതിനുവേണ്ടിയുള്ളതുമായ" എന്നതിന് പകരം" കരയിലെത്തിക്കുന്നതിനു വേണ്ടിയുള്ളതുമായ" എന്ന് ചേർക്കുക.

296. ഖണ്ഡം 2(ആർ) -ൽ "മാർക്കറ്റ്" എന്നതിന് പകരം "വിപണനകേന്ദ്രം" എന്ന് ചേർക്കുക.

320. ഖണ്ഡം 2 (ഇസഡ്)-ൽ "പശ്ചാത്തല" എന്നതിന് പകരം "അടിസ്ഥാന ഭൗതിക" എന്ന് ചേർക്കുക.

325. ഖണ്ഡം 2 (ഇസഡ്എ)-ൽ "കടത്തുന്നതിനോ" എന്നതിനുപകരം " കൊണ്ടുപോകുന്നതിനോ" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

209. ഖണ്ഡം 2(എ) -ൽ "അധികാരപ്പെടുത്തിയ" എന്നതിന് ശേഷം "ഒരു" എന്ന് ചേർക്കുക.

223. ഖണ്ഡം 2(സി)-ൽ "ഈടാക്കുന്ന തുകയോ" എന്നതിനുശേഷം "തത്തുല്യമായ" എന്ന് ചേർക്കുക.

231. ഖണ്ഡം 2(ഡി)-ൽ "മത്സ്യലേലത്തിനുവേണ്ടി" എന്നതിന് പകരം "മത്സ്യലേലം നടത്തുന്നതിന് വേണ്ടി" എന്ന് ചേർക്കുക.

234. ഖണ്ഡം 2(ഇ)-ൽ-

(i) "അധികാരങ്ങൾ" എന്നതിന് ശേഷം "സ്വതന്ത്രമായി" എന്ന് ചേർക്കുക.

(ii) "ആ പ്രദേശത്ത്" എന്നതിന് പകരം "ആ പ്രദേശത്തിന്റെ" എന്ന് ചേർക്കുക.

(iii) "പദവിയിലുള്ള" എന്നതിന് പകരം "പദവിയിൽ കുറയാത്ത" എന്ന് ചേർക്കുക.

264. ഖണ്ഡം 2(ഐ) യിൽ "ഏതെങ്കിലും" എന്നതിന് ശേഷം "പരമ്പരാഗതമോ അല്ലാത്തതോ ആയ" എന്ന് ചേർക്കുക.

269. ഖണ്ഡം 2(ജെ)-ൽ

1."ലാന്റിംഗ് സെന്ററിന്റെ" എന്നതിന് പകരം "ഫിഷ് ലാന്റിംഗ് സെന്ററിന്റെ" എന്ന് ചേർക്കുക.

2. "രൂപീകരിച്ച" എന്നതിന് ശേഷം "ഒരു" എന്ന് ചേർക്കുക.

271. ഖണ്ഡം 2(കെ)-ൽ

1. "ഒരു മാർക്കറ്റിന്റെ" എന്നതിന് പകരം "ഒരു ഫിഷ് മാർക്കറ്റിന്റെ" എന്ന് ചേർക്കുക.

2. "രൂപീകരിച്ച" എന്നതിന് ശേഷം "ഒരു" എന്ന് ചേർക്കുക.

276. ഖണ്ഡം 2(എൽ)-ൽ "പരമ്പരാഗതമായി" എന്നതിന് പകരം "പരമ്പരാഗതമായോ അല്ലാതെയോ" എന്ന് ചേർക്കുക.

281. ഖണ്ഡം 2(എൽ)-ൽ "മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന" എന്നതിന് പകരം "മത്സ്യബന്ധനത്തിലോ നേരിട്ടുള്ള മത്സ്യ വിതരണത്തിലോ ഏർപ്പെട്ടിരിക്കുന്ന" എന്ന് ചേർക്കുക.

284. ഖണ്ഡം 2 (എൻ)-ൽ "കൈകാര്യം ചെയ്യുന്നതിനും" എന്നതിന് ശേഷം " സംഭരിക്കുന്നതിനും" എന്ന് ചേർക്കുക.

310. ഖണ്ഡം 2(ഡബ്ല്യൂ)-ൽ

1) "സമാനമായ" എന്നതിന് ശേഷം "ഏതെങ്കിലും" എന്ന് ചേർക്കുക.

2) "തരത്തിൽ" എന്നതിന് ശേഷം "രീതിയിൽ" എന്ന് ചേർക്കുക.

322. ഖണ്ഡം 2 (ഇസഡ്)-ൽ "ഈടാക്കുന്ന ഫീസ്" എന്നതിന് പകരം "ഈടാക്കുന്ന നിർണ്ണയിക്കപ്പെട്ട ഫീസ്" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

210. ഖണ്ഡം 2(ബി) -ൽ "അതത് ജില്ലയുടെ അധികാരികതയുള്ള" എന്നതിന് പകരം "ബന്ധപ്പെട്ട" എന്ന് ചേർക്കുക.

308. ഖണ്ഡം 2(ഡബ്ല്യു)-ൽ "സമാനമായ" എന്നതിനുപകരം "മറ്റേതെങ്കിലും" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

222. ഖണ്ഡം 2(സി)-ൽ "സർവ്വീസ് ചാർജ്ജിനത്തിൽ" എന്നതിനുപകരം "സേവന നിരക്കിൽ" എന്ന് ചേർക്കുക.

270. ഖണ്ഡം 2(ജെ)-ൽ "രൂപീകരിച്ച" എന്നതിന് ശേഷം "അങ്ങനെയുള്ള' എന്ന് ചേർക്കുക.

279. ഖണ്ഡം 2(എൽ)-ൽ "ജീവസന്ധാരണത്തിനുവേണ്ടി" എന്നതിന് പകരം "ജീവനോപാധിയായി" എന്ന് ചേർക്കുക.

291. ഖണ്ഡം 2(പി)-ൽ, "വ്യാവസായിക/വാണിജ്യാടിസ്ഥാനത്തിൽ" എന്നതിന് പകരം "വ്യവസായിക അല്ലെങ്കിൽ വാണിജ്യാടിസ്ഥാനത്തിൽ" എന്ന് ചേർക്കുക.

319. ഖണ്ഡം 2 (ഇസഡ്)-ൽ "തദ്ദേശ സ്വയംഭരണ" എന്നതിന് പകരം "തദ്ദേശസ്വയംഭരണ" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

224. ഖണ്ഡം 2(സി)-ൽ "തുകയോ" എന്നതിനു ശേഷം "അല്ലെങ്കിൽ" എന്ന് ചേർക്കുക.

237. ഖണ്ഡം 2(ഇ)-ൽ "വിജ്ഞാപനം വഴി സർക്കാർ" എന്നതിന് പകരം "സർക്കാർ വിജ്ഞാപനം വഴി" എന്ന് ചേർക്കുക.

294. ഖണ്ഡം 2(ക്യൂ) -ൽ "കരയിലെത്തിക്കുന്നതിനുവേണ്ടിയുള്ളതുമായ" എന്നതിന് പകരം "കരയിലെത്തിക്കുന്നതിന് ഭൗതികസൗകര്യങ്ങളുള്ളതുമായ" എന്ന് ചേർക്കുക.

298. ഖണ്ഡം 2(ആർ)-ൽ "മത്സ്യ കൃഷിയിടം" എന്നതിന് പകരം "മത്സ്യക്കൃഷിയിടം" എന്ന് ചേർക്കുക.

301. ഖണ്ഡം 2(എസ്) -ൽ "എന്നാൽ" എന്നതിന് ശേഷം "സർക്കാർ" എന്ന് ചേർക്കുക.

302. ഖണ്ഡം 2(യു) -ൽ "മുതലായവ" എന്നതിന് പകരം "മുതലായവയിലൂടെ ഭക്ഷ്യയോഗ്യമാക്കുക" എന്ന് ചേർക്കുക.

304. ഖണ്ഡം 2(വി)-ൽ "വ്യവസായിക" എന്നതിന് പകരം "വ്യാവസായിക" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

229. ഖണ്ഡം 2(ഡി)-ൽ "മത്സ്യലേലത്തിനു" എന്നതിനുപകരം "മത്സ്യലേലത്തിന്" എന്ന് ചേർക്കുക.

292. ഖണ്ഡം 2(ക്യൂ)-ൽ "കരയിലെത്തിക്കുന്നതിനുവേണ്ടിയുള്ളതുമായ" എന്നതിന് പകരം" കരയിൽ എത്തിക്കുന്നതിന് വേണ്ടിയുള്ളതുമായ" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

240. ഖണ്ഡം 2(ഇ)-ൽ "അധികാരിതയുള്ള" എന്നതിന് പകരം "അധികാര പരിധിയിലുള്ള" എന്ന് ചേർക്കുക.

265. ഖണ്ഡം 2(ഐ) യിൽ "ഏതെങ്കിലും" എന്നതിന് ശേഷം "നിയമാനുസൃത" എന്ന് ചേർക്കുക.

286. ഖണ്ഡം 2(എൻ)-ൽ "സ്ഥലം" എന്നതിന് മുൻപായി "പൊതു" എന്ന് ചേർക്കുക.

288. ഖണ്ഡം 2(ഒ)-ൽ "നടത്തിപ്പിനും" എന്നതിന് മുൻപായി "മേൽനോട്ടത്തിലും" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

242. ഖണ്ഡം 2(ഇ)-ൽ "പദവിയിലുള്ള" എന്നതിന് പകരം "പദവിയിൽ കുറയാത്ത" എന്ന് ചേർക്കുക.

313. ഖണ്ഡം 2(ഡബ്ല്യൂ)-ൽ "വിപണനത്തിന്" എന്നതിന് പകരം "വിപണനത്തിനോ സംഭരണത്തിനോ" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

246. ഖണ്ഡം 2(എഫ്)-ൽ "വാണിജ്യാടിസ്ഥാനത്തിൽ" എന്നതിന് പകരം "വാണിജ്യ ആവശ്യത്തിനായി" എന്ന് ചേർക്കുക.

317. ഖണ്ഡം 2 (വൈ)-ൽ "രൂപീകരിച്ച" എന്നതിനുശേഷം "ഗുണനിലവാര പരിപാലനത്തിനുള്ള" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

254. ഖണ്ഡം 2(ജി)-ൽ "വാണിജ്യാടിസ്ഥാനത്തിൽ" എന്നതിന് ശേഷം "കേടുകൂടാതെ" എന്ന് ചേർക്കുക.

263. ഖണ്ഡം 2(എച്ച്)-ൽ "മൂല്യമുള്ളതുമായ" എന്നതിന് ശേഷം "പിടിച്ചെടുക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിരോധനമേർപ്പെടുത്തിയിട്ടില്ലാത്ത" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

255. ഖണ്ഡം 2(ജി)-ൽ "വാണിജ്യാടിസ്ഥാനത്തിൽ മത്സ്യം റോഡ് മാർഗ്ഗം" എന്നതിന് പകരം "മത്സ്യം റോഡ് മാർഗ്ഗം വാണിജ്യ അടിസ്ഥാനത്തിൽ" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

268. ഖണ്ഡം 2(ഐ)-ൽ "പിന്തുടരുകയോ" എന്നത് ഒഴിവാക്കുക.

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

273. ഖണ്ഡം 2(കെ)-ൽ "രൂപീകരിച്ച" എന്നതിന് ശേഷം "അങ്ങനെയുള്ള" എന്ന് ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

295. ഖണ്ഡം 2(ക്യു) -ൽ "വേണ്ടിയുള്ളതുമായ" എന്നതിനുപകരം "സൗകര്യം ഉള്ളതുമായ" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 201-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 203, 219, 221, 227, 230, 235, 236, 238, 241, 243, 252, 256, 262, 272, 285, 293, 296, 320, 325 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 209, 223, 231, 234, 264, 269, 271, 276, 281, 284, 310, 322 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 210, 308 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 222, 270, 279, 291, 319 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 224, 237, 294, 298, 301, 302, 304 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 229, 292 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 240, 265, 286, 288 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 242, 313 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 246, 317 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 254, 263 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 255-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 268-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 273-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 295-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ........................

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

328. ഖണ്ഡം 3(1)-ൽ "തൽസമയം" എന്നതിന് പകരം "യഥാസമയം" എന്ന് ചേർക്കുക.

340. ഖണ്ഡം 3(2)-ൽ "നിലവാരം" എന്നതിന് പകരം "ഗുണനിലവാരം" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

329. ഖണ്ഡം 3(1)-ൽ "ഈ ആക്റ്റിലെ ആവശ്യങ്ങൾക്കായി സർക്കാരിന്," എന്നതിന് പകരം "സർക്കാരിന്, ഈ ആക്റ്റിലെ ആവശ്യങ്ങൾക്കായി" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

331. ഖണ്ഡം 3-ൽ "ലാന്റിംഗ്" എന്ന് വരുന്നിടത്തെല്ലാം അതിന് മുൻപിലായി "ഫിഷ്" എന്നത് ചേർക്കുക.

342. ഖണ്ഡം 3(2)-ൽ "നിലവാരം" എന്നതിന് ശേഷം "എന്നിവ കാലാകാലങ്ങളിൽ" എന്നത് ചേർക്കുക.

മൂന്നാം വകുപ്പിലെ ഭേദഗതികളിൽ ലാന്റിംഗ് സെന്റർ എന്നാണ് കാണിച്ചിരിക്കുന്നത്. ഫിഷ് ലാന്റിംഗ് സെന്റർ എന്നതാണ് ശരിയായത്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

332. ഖണ്ഡം 3(1)-ൽ "മാർക്കറ്റ്" എന്നതിന് പകരം "വിപണനകേന്ദ്രം" എന്ന് ചേർക്കുക.

334. ഖണ്ഡം 3(1)-ൽ "കാലാകാലങ്ങളിൽ" എന്നതിന് പകരം "അതുസമയങ്ങളിൽ" എന്ന് ചേർക്കുക.

338. ഖണ്ഡം 3(2)-ൽ "മാർക്കറ്റ്" എന്നതിനുപകരം "വിപണന കേന്ദ്രം" എന്ന് ചേർക്കുക.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

336. ഖണ്ഡം 3(1)-ൽ "വഴി പ്രഖ്യാപിക്കാവുന്നതാണ്" എന്നതിനുപകരം "ചെയ്യാവുന്നതാണ്" എന്ന് ചേർക്കുക.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

337. ഖണ്ഡം 3(1)-ൽ "പ്രഖ്യാപിക്കാവുന്നതാണ്" എന്നതിന് പകരം "നിശ്ചയിക്കാവുന്നതാണ്" എന്ന് ചേർക്കുക.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

341. ഖണ്ഡം 3(2)-ൽ "നിലവാരം" എന്നതിന് പകരം "നിലവാരവും പരിപാലന മാർഗ്ഗങ്ങളും" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 328, 340 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 329-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 331, 342 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 332, 334, 338 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 336-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 337-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 341-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാലാം വകുപ്പ്

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

343. ഖണ്ഡം 4(1)-ൽ "ഈ" എന്ന വാക്ക് നീക്കം ചെയ്യുക.

345. ഖണ്ഡം 4(1)-ൽ "എന്നിവിടങ്ങളിൽക്കൂടിയല്ലാതെ" എന്നതിന് പകരം "എന്നിവിടങ്ങളിൽ കൂടിയല്ലാതെ" എന്ന് ചേർക്കുക.

359. ഖണ്ഡം 4(2)-ൽ "നിർവ്വഹിക്കാൻ" എന്നതിന് പകരം "നടത്താൻ" എന്ന് ചേർക്കുക.

378. ഖണ്ഡം 4(5)(എ)(iii)-ൽ "മത്സ്യത്തൊഴിലാളികൾക്ക്" എന്നതിന് പകരം "മത്സ്യത്തൊഴിലാളികളുടെ" എന്ന് ചേർക്കുക.

384. ഖണ്ഡം 4(5)(എ)(iv)-ൽ "സൊസൈറ്റികൾക്ക്" എന്നതിന് പകരം "സഹകരണ സംഘങ്ങൾക്ക്" എന്ന് ചേർക്കുക.

389. ഖണ്ഡം 4(6)-ൽ "പണമായോ" എന്നതിന് ശേഷം ", മത്സ്യമായോ അല്ലെങ്കിൽ" എന്നീ ചിഹ്നവും വാക്കുകളും ചേർക്കുക.

391. ഖണ്ഡം 4(6)-ൽ "മത്സ്യലേലവുമായി" എന്നതിന് പകരം "ലേലവുമായി" എന്ന് ചേർക്കുക.

404. ഖണ്ഡം 4(8)-ന് ചുവടെ ചേർക്കുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

" എന്നാൽ 8-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെടുന്ന തരത്തിലുള്ള വായ്പ മത്സ്യത്തൊഴിലാളി അടച്ച് തീർത്ത് ബാധ്യത ഒഴിവാക്കിയാൽ പ്രസ്തുത ഉപവകുപ്പ് പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമാകുന്നതല്ല"

405. ഖണ്ഡം 4(8)-നുശേഷം ചുവടെ ചേർക്കുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭ തീയതിക്ക് മുൻപ് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിൽ നിന്നും വായ്പ എടുത്തതിനു ശേഷം ബാധ്യത പൂർണ്ണമായും അടച്ച് തീർത്ത മത്സ്യത്തൊഴിലാളികൾക്ക് (8)-ാം ഉപവകുപ്പ് പ്രകാരമുള്ള നിബന്ധന ബാധകമല്ലാത്തതുമാകുന്നു. എന്നു മാത്രമല്ല ആക്റ്റിന്റെ പ്രാരംഭ തീയതിക്ക് ശേഷം മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിൽ നിന്നും വായ്പ എടുത്ത് ബാധ്യത അടച്ചുതീർത്തതിനുശേഷം (8) ഉപവകുപ്പ് പ്രകാരമുള്ള നിബന്ധന ബാധകമാകുന്നതല്ല."

407. ഖണ്ഡം 4(9)-ൽ "പ്രകാരം" എന്നതിനുപകരം "പ്രകാരമുള്ള" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

344. ഖണ്ഡം 4(1)-ൽ "എന്നിവിടങ്ങളിൽക്കൂടിയല്ലാതെ" എന്നതിന് പകരം "എന്നിവിടങ്ങളിൽ കൂടിയല്ലാതെ" എന്ന് ചേർക്കുക.

369. ഖണ്ഡം 4(4)-ൽ "അഞ്ചു" എന്നതിനുപകരം "അഞ്ച് എന്ന് ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

346. ഖണ്ഡം 4(1)-ൽ "എന്നിവിടങ്ങളിൽക്കൂടിയല്ലാതെ യാതൊരാളും മത്സ്യലേലം നടത്തുവാൻ പാടില്ലാത്തതാകുന്നു" എന്നതിനു പകരം "എന്നിവിടങ്ങളിൽ യാതൊരാൾക്കും മത്സ്യലേലം നടത്താവുന്നതാണ് എന്നാൽ മറ്റ് സ്ഥലങ്ങളിൽ മത്സ്യലേലം നടത്തുവാൻ പാടില്ലാത്തതുമാകുന്നു" എന്ന് ചേർക്കുക.

354. ഖണ്ഡം 4(1)ന്റെ ക്ലിപ്തനിബന്ധനയിൽ " മത്സ്യവിപണനം നടത്തുന്നതിന്" എന്നതിനുപകരം "മത്സ്യം വിപണനം ചെയ്യുന്നതിന്" എന്ന് ചേർക്കുക.

356. ഖണ്ഡം 4(2)-ൽ

(i) " 5-ാം വകുപ്പ് പ്രകാരം" എന്നതിന് ശേഷം "നിഷ്കർഷിച്ചിട്ടുള്ള" എന്ന് ചേർക്കുക.

(ii)"നിർവ്വഹിക്കാൻ" എന്നതിന് പകരം "നടത്തുവാൻ" എന്ന് ചേർക്കുക.

366. ഖണ്ഡം 4(2)-ലെ ക്ലിപ്തനിബന്ധനയിൽ "അധികാരപ്പെടുത്തപ്പെട്ട" എന്നതിന് പകരം "അധികാരിതയുള്ള" എന്ന് ചേർക്കുക.

374. ഖണ്ഡം 4(4)-ൽ "തരത്തിൽ വസൂലാക്കാവുന്നതാണ്" എന്നതിന് പകരം "രീതിയിൽ ഈടാക്കാവുന്നതാണ്" എന്ന് ചേർക്കുക.

386. ഖണ്ഡം 4(5)(ബി)(iii)-ൽ "മുപ്പത്" എന്നതിന് പകരം "അൻപത്" എന്ന് ചേർക്കുക.

390. ഖണ്ഡം 4(6)-ൽ "ഒരു തരത്തിലുള്ള മറ്റ് ആനുകൂല്യങ്ങൾ" എന്നതിന് പകരം "യാതൊരു തരത്തിലുമുള്ള ആനുകൂല്യങ്ങൾ" എന്ന് ചേർക്കുക.

401. ഖണ്ഡം 4(8)-ൽ

(i) "മത്സ്യബന്ധന ഉപകരണങ്ങൾ സ്വായത്തമാക്കുന്നതിനായി വായ്പയെടുത്തിട്ടുള്ള" എന്നതിന് പകരം "വായ്പയെടുത്ത് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങിയിട്ടുള്ള" എന്ന് ചേർക്കുക.

(ii) " ഏതൊരാളും" എന്നതിന് പകരം "യാതൊരാളും" എന്ന് ചേർക്കുക.

406. ഖണ്ഡം 4(9)-ൽ

(i) "ഏതൊരാളും" എന്നതിന് പകരം "ഏതൊരാളെയും" എന്ന് ചേർക്കുക.

(ii) " വിധേയനാകുന്നതാണ്" എന്നതിന് പകരം "വിധേയനാക്കേണ്ടതാണ്"

എന്ന് ചേർക്കുക.

ശ്രീമതി ദെലീമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

348. ഖണ്ഡം 4(1)-ൽ "മത്സ്യലേലം" എന്നതിനുപകരം "മത്സ്യത്തിന്റെ ആദ്യ ലേലം" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

349. ഖണ്ഡം 4(1)-ൽ "പാടില്ലാത്തതാകുന്നു" എന്നതിനുശേഷമുള്ള "." എന്ന ചിഹ്നത്തിന് പകരം ":" എന്ന ചിഹ്നം ചേർക്കുക.

355. ഖണ്ഡം 4(1)ന്റെ ക്ലിപ്തനിബന്ധനയിൽ "തടസ്സമാകുന്നതല്ല" എന്നതിന് ശേഷം "." എന്ന ചിഹ്നം ചേർക്കുക.

360. ഖണ്ഡം 4(2)ന്റെ ക്ലിപ്തനിബന്ധനയിൽ " സൊസൈറ്റി/ഫിഷ്" എന്നതിന് പകരം "സൊസൈറ്റി അല്ലെങ്കിൽ ഫിഷ്" എന്ന് ചേർക്കുക.

367. ഖണ്ഡം 4(3)-ൽ "ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവ" എന്നത് ഒഴിവാക്കുക.

377. ഖണ്ഡം 4(5)(എ)(ii)-ൽ "സൊസൈറ്റിയ്ക്ക്/" എന്നതിന് പകരം "സൊസൈറ്റിയ്ക്ക് അല്ലെങ്കിൽ" എന്ന് ചേർക്കുക.

385. ഖണ്ഡം 4(5)(ബി)(iii)-ൽ "ക്ഷേമ പ്രവർത്തനങ്ങൾ" എന്നതിന് പകരം "ക്ഷേമപ്രവർത്തനങ്ങൾ" എന്ന് ചേർക്കുക.

387. ഖണ്ഡം 4(5)(ബി)(iv)-ൽ "തദ്ദേശ സ്വയംഭരണ" എന്നതിന് പകരം "തദ്ദേശസ്വയംഭരണ" എന്ന് ചേർക്കുക.

400. ഖണ്ഡം 4(8) -ൽ, "ക്ഷേമ സഹകരണ" എന്നതിനുപകരം "ക്ഷേമസഹകരണ" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

351. ഖണ്ഡം 4(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "ലേലത്തിലൂടെയല്ലാതെ" എന്നതിന് പകരം "ലേലത്തിലൂടെയുള്ളത് കൂടാതെ" എന്ന് ചേർക്കുക.

403. ഖണ്ഡം 4(8)-ൽ "ഏർപ്പെടാൻ" എന്നതിന് പകരം "പങ്കെടുക്കാൻ" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

352. ഖണ്ഡം 4(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "മത്സ്യത്തൊഴിലാളികൾക്ക്" എന്നതിന് പകരം "മത്സ്യത്തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും" എന്ന് ചേർക്കുക.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

358. ഖണ്ഡം 4(2)-ൽ "മത്സ്യലേലം നിർവ്വഹിക്കാൻ" എന്നതിന് പകരം "മത്സ്യലേലത്തിൽ ഏർപ്പെടാൻ" എന്ന് ചേർക്കുക.

373. ഖണ്ഡം 4(4)-ൽ "തരത്തിൽ" എന്നതിന് പകരം "പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

361. ഖണ്ഡം 4(2)ന്റെ ക്ലിപ്തനിബന്ധനയിൽ " നിർണ്ണയിക്കപ്പെട്ട പ്രകാരം" എന്നതിന് ശേഷം "അങ്ങനെയുള്ള സമയപരിധിയിൽ" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

372. ഖണ്ഡം 4(4)-ൽ "തുക" എന്നതിനുപകരം "തുകയോ തത്തുല്യ തുകയ്ക്കുള്ള മത്സ്യമോ" എന്ന് ചേർക്കുക.

380. ഖണ്ഡം 4(5)(എ)(iii)-ൽ "നൽകുന്നതിനായി" എന്നതിന് പകരം "നൽകുന്നതിന്" എന്ന് ചേർക്കുക.

383. ഖണ്ഡം 4(5)(എ)(iv)-ൽ "പങ്കാളിയാകുന്ന" എന്നതിന് പകരം "പങ്കാളികളാകുന്ന" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

388. ഖണ്ഡം 4(6)-ൽ "യാതൊരാളും" എന്നതിന് ശേഷം "ലേലകമ്മീഷൻ ഒഴികെ" എന്ന് ചേർക്കുക.

396. ഖണ്ഡം 4(7) -ൽ "മത്സ്യത്തിന്റെ" എന്നതിന് ശേഷം "ഇനം," എന്ന വാക്കും ചിഹ്നവും ചേർക്കുക

ഭേദഗതി നമ്പർ 396, ഖണ്ഡം 4(7) -ൽ മത്സ്യത്തിന്റെ എണ്ണം, തൂക്കം എന്നിവയുടെയോ അവ ഉൾക്കൊള്ളുന്ന പെട്ടി, കുട്ട എന്നിവയുടെയോ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ലേലം നിർവ്വഹിക്കേണ്ടതാകുന്നു. അതിന്റെ ഇനം കൂടി വേണമെന്നതാണ് എന്റെ ഭേദഗതി.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 343, 345, 359, 378, 384, 389, 391, 404, 405, 407 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 344, 369 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 346, 354, 356, 366, 374, 386, 390, 401, 406 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 348-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 349, 355, 360, 367, 377, 385, 387, 400 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 351, 403 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 352-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 358, 373 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 361-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 372, 380, 383 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 388, 396 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

957. ഖണ്ഡം 5(5)-ൽ "ഫിഷ് ലാന്റിംഗ് സെന്റർ" എന്ന വാക്കുകൾക്ക് പകരം "ഫിഷ് ലാന്റിംഗ് സെന്ററിന്റെ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. എം വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

408. ഖണ്ഡം 5(1)-ൽ "ലഭിക്കുന്നതിലേക്കായി ഒരാൾ" എന്നതിന് പകരം "ആവശ്യമുള്ള വ്യക്തി" എന്ന് ചേർക്കുക.

458. ഖണ്ഡം 5(9)-ൽ " അനുവർത്തിക്കേണ്ട" എന്നതിന് ശേഷം "അപ്രകാരമുള്ള" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

409. ഖണ്ഡം 5(1)-ൽ "പ്രകാരം" എന്നതിന് പകരം "പ്രകാരമുള്ള" എന്ന് ചേർക്കുക.

415. ഖണ്ഡം 5(2)-ൽ "രൂപീകരിക്കപ്പെട്ട" എന്നതിന് പകരം "രൂപീകരിക്കപ്പെട്ടതും" എന്ന് ചേർക്കുക.

417. ഖണ്ഡം 5(2)-ൽ "ശിപാർശയും" എന്നതിന് പകരം "ശിപാർശ" എന്ന് ചേർക്കുക.

421. ഖണ്ഡം 5(3)-ൽ "നടത്തിയോ" എന്നതിന് ശേഷം "അല്ലെങ്കിൽ" എന്ന് ചേർക്കുക.

427. ഖണ്ഡം 5(3)-ൽ "അപേക്ഷ നിരസിക്കുകയോ" എന്നതിന് മുൻപ് "അല്ലെങ്കിൽ" എന്ന് ചേർക്കുക.

429. ഖണ്ഡം 5(4)-ൽ "അനുവദിച്ചു കിട്ടുന്നതിലേക്കായി" എന്നതിന് പകരം "ലഭിക്കുന്നതിനായി " എന്ന് ചേർക്കുക.

435. ഖണ്ഡം 5(5)-ൽ "നിർണ്ണയിക്കപ്പെട്ടിട്ടുള്ള" എന്നതിന് പകരം " നിർണ്ണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

440. ഖണ്ഡം 5(5)-ൽ "ജില്ലയും" എന്നതിന് പകരം " സ്ഥലം ജില്ലയുൾപ്പെടെ" എന്ന് ചേർക്കുക.

447. ഖണ്ഡം 5(8) -ൽ "ഈ വകുപ്പ് " എന്നതിനുപകരം"(3)-ാം ഉപവകുപ്പ് " എന്ന് ചേർക്കുക.

448. ഖണ്ഡം 5(8) -ൽ "മൂന്ന് " എന്നതിനുപകരം "രണ്ട് " എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

414. ഖണ്ഡം 5(2)-ൽ "പ്രകാരമുള്ള അപേക്ഷ" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

422. ഖണ്ഡം 5(3)-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിന് പകരം "നിർണ്ണയിക്കപ്പെടുന്ന" എന്ന് ചേർക്കുക.

430. ഖണ്ഡം 5(4)-ൽ "അനുവദിച്ചു കിട്ടുന്നതിലേക്കായി" എന്നതിന് പകരം "അനുവദിച്ച് കിട്ടുന്നതിലേയ്ക്കായി " എന്ന് ചേർക്കുക.

436. ഖണ്ഡം 5(5)-ൽ "സെന്റർ" എന്നതിന് പകരം " സെന്ററിന്റെ" എന്ന് ചേർക്കുക.

453. ഖണ്ഡം 5(9)-ൽ “ അവസാനിക്കുന്നതിനു മുമ്പായി" എന്നതിന് പകരം "അവസാനിക്കുന്നതിന് മുൻപായി" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

416. ഖണ്ഡം 5(2)-ൽ "ക്ഷേമ സഹകരണ" എന്നതിന് പകരം "ക്ഷേമസഹകരണ" എന്ന് ചേർക്കുക.

438. ഖണ്ഡം 5(5)-ൽ "അതു" എന്നതിന് പകരം " അത്" എന്ന് ചേർക്കുക.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

426. ഖണ്ഡം 5(3)-ൽ "അനുമതിപത്രം നൽകുകയോ അപേക്ഷ" എന്നീ വാക്കുകൾക്കുശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

439. ഖണ്ഡം 5(5)-ൽ "ജില്ലയും" എന്നതിന് പകരം " സ്ഥലവും" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

444. ഖണ്ഡം 5(7) -ൽ "നിർവ്വഹിക്കുന്നതിനുള്ള" എന്നതിനുപകരം "നടത്തുന്നതിനുള്ള" എന്ന് ചേർക്കുക.

450. ഖണ്ഡം 5(8) -ൽ "വർഷക്കാലത്തേക്ക്" എന്നതിനുശേഷം "മാത്രം" എന്ന ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

446. ഖണ്ഡം 5(8)-ൽ "തടഞ്ഞുവയ്ക്കപ്പെടുകയോ" എന്നതിനുശേഷം "സസ്പന്റ് ചെയ്യപ്പെടുകയോ" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

451. ഖണ്ഡം 5(9)-ൽ " അവസാനിക്കുന്നതിനു" എന്നതിന് പകരം "അവസാനിക്കുന്നതിന്" എന്ന് ചേർക്കുക."

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 408, 458 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 409, 415, 417, 421, 427, 429, 435, 440, 447, 448 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 414, 422, 430, 436, 453 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 416, 438 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 426-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 439-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 444, 450 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 446-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 451-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ആറാം വകുപ്പ്

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

459. ഖണ്ഡം 6(1)-ൽ "അതിൻ കീഴിൽ" എന്നതിന് പകരം "അതിൻകീഴിൽ" എന്ന് ചേർക്കുക.

461. ഖണ്ഡം 6(1)(i)-ൽ "വിജ്ഞാപനങ്ങളും/ഉത്തരവുകളും" എന്നതിന് പകരം "വിജ്ഞാപനങ്ങളും അല്ലെങ്കിൽ ഉത്തരവുകളും" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

460. ഖണ്ഡം 6(1)-ൽ

(i) "അതിൻ കീഴിൽ" എന്നതിന് പകരം "അതിൻകീഴിൽ" എന്ന് ചേർക്കുക.

(ii) "ചട്ടങ്ങൾക്കും" എന്നതിന് ശേഷം "റെഗുലേഷനുകൾക്കും" എന്ന് ചേർക്കുക.

467.ഖണ്ഡം 6(1)(i)-ൽ "അനുസരിച്ചായിരിക്കണം പ്രവർത്തിക്കേണ്ടത്" എന്നതിന് പകരം "അനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

462.ഖണ്ഡം 6(1)(i)-ൽ "ഉത്തരവുകളും" എന്നതിന് ശേഷം "സർക്കുലറുകളും" എന്ന് ചേർക്കുക.

468. ഖണ്ഡം 6(1)(ii)-ൽ "ഹാർബറിൽ/ലാന്റിംഗ് സെന്ററിൽ/മാർക്കറ്റിൽ" എന്നതിന് പകരം "ഹാർബറിലോ, ലാന്റിംഗ് സെന്ററിലോ അല്ലെങ്കിൽ മാർക്കറ്റിലോ" എന്ന് ചേർക്കുക.

469. ഖണ്ഡം 6(1)(ii)-ൽ "വിധേയമായി" എന്നതിന് ശേഷം "മാത്രം" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

471. ഖണ്ഡം 6(1)(iii)-ൽ "കമ്മീഷനോ" എന്നതിന് ശേഷം "മറ്റ് ആനുകൂല്യങ്ങളോ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

473. ഖണ്ഡം 6(1)(iii)-ൽ "തുകയോ" എന്നതിന് ശേഷം "മത്സ്യമോ മറ്റ് ആനുകൂല്യങ്ങളോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 459, 461 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 460, 467 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 462, 468, 469 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 471-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 473-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

474. ഖണ്ഡം 7(1)-ൽ "ശരിയായ" എന്നതിന് പകരം "കാര്യക്ഷമമായ" എന്ന് ചേർക്കുകയും "വിജ്ഞാപനത്താൽ" എന്നതിന് പകരം "വിജ്ഞാപനം വഴി" എന്ന് ചേർക്കുകയും ചെയ്യുക.

496. ഖണ്ഡം 7(4)-ൽ "അഞ്ചു" എന്നതിന് പകരം "അഞ്ച് " എന്ന് ചേർക്കുക.

501. ഖണ്ഡം 7(5)-ൽ "അഞ്ചു" എന്നതിന് പകരം "അഞ്ച് " എന്ന് ചേർക്കുക.

510. ഖണ്ഡം 7(6)-ൽ "തുടരാവുന്നതുമാണ്" എന്നതിന് പകരം "തുടരേണ്ടതാണ്" എന്ന് ചേർക്കുക.

516. ഖണ്ഡം 7(7)-ൽ "മൂന്നു" എന്നതിനുപകരം "മൂന്ന്" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

476. ഖണ്ഡം 7(1)(i)-ൽ "പ്രസിഡന്റ്" എന്നതിന് ശേഷം "/" എന്ന ചിഹ്നം ചേർക്കുക.

483. ഖണ്ഡം 7(1)(vii)-ൽ "മത്സ്യത്തൊഴിലാളി സഹകരണ സംഘം പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടു പേർ" എന്നതിന് പകരം "അംഗീകൃത മത്സ്യത്തൊഴിലാളി സഹകരണ സംഘം പ്രസിഡന്റുമാരിൽ നിന്നും, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പേർ" എന്ന് ചേർക്കുക.

494. ഖണ്ഡം 7(2)-ൽ "വഹിക്കുന്നതു" എന്നതിന് പകരം "വഹിക്കുന്നത്" എന്ന് ചേർക്കുക.

497.ഖണ്ഡം 7(4)-ൽ "അഞ്ചു വർഷത്തേക്കോ" എന്നതിന് പകരം "അഞ്ച് വർഷത്തേയ്ക്കോ അല്ലെങ്കിൽ" എന്ന് ചേർക്കുക.

513. ഖണ്ഡം 7(6)-ൽ "തുടരാവുന്നതുമാണ്" എന്നതിന് പകരം "തുടരേണ്ടതുമാണ്" എന്ന് ചേർക്കുക.

523. ഖണ്ഡം 7(8)(ഡി)-ൽ "കുറ്റകൃത്യത്തിനോ" എന്നതിന് പകരം "കുറ്റകൃത്യത്തിന്" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

477. ഖണ്ഡം 7(1)(i)-ൽ "മുനിസിപ്പാലിറ്റിചെയർമാൻ" എന്നതിന് പകരം "മുൻസിപ്പാലിറ്റി ചെയർമാൻ" എന്ന് ചേർക്കുക.

480. ഖണ്ഡം 7(1)(iii)-ൽ "ഭക്ഷ്യ സുരക്ഷാ" എന്നതിന് പകരം "ഭക്ഷ്യസുരക്ഷാ" എന്ന് ചേർക്കുക.

484. ഖണ്ഡം 7(1)(vii)-ൽ "രണ്ടു" എന്നതിന് പകരം "രണ്ട്" എന്ന് ചേർക്കുക.

508. ഖണ്ഡം 7(6)-ൽ "ലിഖിതമായ നോട്ടീസ്" എന്നതിന് പകരം "രേഖാമൂലമുള്ള കത്ത്" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

478. ഖണ്ഡം 7(1)(ii)-ൽ "പരിധിയിൽ" എന്നതിന് പകരം "പരിധിയായി" എന്ന് ചേർക്കുക.

479.ഖണ്ഡം 7(1)(iii)-ൽ "പരിധിയിൽ" എന്നതിന് പകരം "പരിധിയായി" എന്ന് ചേർക്കുക.

481. ഖണ്ഡം 7(1)(iv)-ൽ "അധികാരപരിധിയിൽ" എന്നതിന് പകരം "അധികാര പരിധിയായി" എന്ന് ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

482. ഖണ്ഡം 7(1)(iv) താഴെ പറയും പ്രകാരം മാറ്റുക:

"(iv) പ്രദേശം അധികാരപരിധിയിൽ വരുന്ന ഹെൽത്ത് ഇൻസ്പെക്ടർ - അംഗം"

ശ്രീ. പി. ഉബൈദുള്ള ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

487. ഖണ്ഡം 7(1)(viii)-ൽ "മത്സ്യത്തൊഴിലാളികളിൽ നിന്നും"

എന്നതിന് പകരം "മത്സ്യത്തൊഴിലാളി സംഘടനകളിൽ നിന്നും" എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

493. ഖണ്ഡം 7(1)(viii) -ന ശേഷം ചുവടെപറയുന്ന ഇനം ചേർക്കുക

" (ix) മത്സ്യത്തൊഴിലാളി സഹകരണ - അംഗം

സംഘങ്ങളുടെ പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി"

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

498. ഖണ്ഡം 7(5)-ൽ "അഞ്ചു" എന്നതിനുപകരം "മൂന്ന് " എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

517. ഖണ്ഡം 7(8)-ൽ "അയാൾക്ക്" എന്ന് വരുന്നിടത്തെല്ലാം "ആ വ്യക്തിക്ക്" എന്നും "അയാൾ" എന്നുവരുന്നിടത്ത് "'ആ വ്യക്തി" എന്നും ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 474, 496, 501, 510, 516 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 476, 483, 494, 497, 513, 523 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 477, 480, 484, 508 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 478, 479, 481 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 482-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 487 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 493-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 498-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 517-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

525. ഖണ്ഡം 8-ൽ "രൂപീകരിക്കപ്പെടുന്ന" എന്നതിന് പകരം "രൂപീകരിക്കുന്ന" എന്ന് ചേർക്കുക.

529. ഖണ്ഡം 8(i) -ൽ "മറ്റു" എന്നതിന് പകരം "മറ്റ് " എന്ന് ചേർക്കുക.

532. ഖണ്ഡം 8(ii) -ൽ "വ്യവസ്ഥകൾക്ക് " എന്നതിന് പകരം "വ്യവസ്ഥകൾക്കും നിബന്ധനകൾക്കും" എന്ന് ചേർക്കുക.

539. ഖണ്ഡം 8(vii)-ൽ

1. " മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.
2. " പ്രവർത്തനങ്ങൾക്കുമായി" എന്നതിന് പകരം "അനുബന്ധ പ്രവർത്തനങ്ങൾക്കുമായി" എന്ന് ചേർക്കുക.

555. ഖണ്ഡം 8(x)-ൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

526. ഖണ്ഡം 8(i) -ൽ "ഭൗതികസൗകര്യ വികസന പ്രവർത്തനവും മറ്റു" എന്നതിന് പകരം "ഭൗതിക സൗകര്യ വികസന പ്രവർത്തനവും മറ്റ് " എന്ന് ചേർക്കുക.

534. ഖണ്ഡം 8(iii) -ൽ "ബോധവൽക്കരണം" എന്നതിന് പകരം "ബോധവത്ക്കരണം " എന്ന് ചേർക്കുക.

554. ഖണ്ഡം 8(x)-ൽ "നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റു"

എന്നതിന് പകരം "നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള മറ്റ്" എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

531. ഖണ്ഡം 8(i) -ൽ "വഹിക്കൽ എന്നിവയിൽ ഏർപ്പെടുക" എന്നത് ഒഴിവാക്കുക

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

533. ഖണ്ഡം 8(ii) നു ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക;

"എന്നാൽ, പ്രത്യേക സാഹചര്യങ്ങളിൽ സർക്കാർ അനുമതിയോടെ ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റിക്ക് ലേലം ഒഴിവാക്കിക്കൊണ്ട് മത്സ്യത്തിന്റെ ആദ്യ വില്പനയും അനുബന്ധ പ്രവർത്തനങ്ങളും ഏറ്റെടുക്കാവുന്നതാണ്."

538. ഖണ്ഡം 8(vi) നു ശേഷം താഴെപ്പറയുന്ന ഇനം ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക.

"(vii) ഈടാക്കുന്ന ലേല കമ്മീഷൻ 4-ാം വകുപ്പിന്റെ (5)-ാം ഉപവകുപ്പ് പ്രകാരം നിശ്ചയിക്കുന്ന അനുപാതത്തിൽ വിഭജിച്ചു നൽകുക;"

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

536. ഖണ്ഡം 8(iv)-ൽ "നിയന്ത്രിച്ചുകൊണ്ട് അതിൽ പങ്കെടുക്കുന്നവർ തമ്മിൽ തർക്കങ്ങൾ ഉണ്ടാവുകയാണെങ്കിൽ അവ പരിഹരിക്കുക" എന്നതിന് പകരം "നിയന്ത്രിക്കുന്നതിനും, തർക്കങ്ങൾ ഉണ്ടാകുകയാണെങ്കിൽ അവ പരിഹരിക്കുകയും ചെയ്യുക;" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

542. ഖണ്ഡം 8(viii)-ൽ " നിർണ്ണയിക്കപ്പെടുന്ന" എന്നതിന് പകരം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

537. ഖണ്ഡം 8(vi)-ൽ "യൂസർ ഫീസ്" എന്നതിന് ശേഷം "പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഒഴികെയുള്ള" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എ. കെ. എം. അഷ്റഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

544. ഖണ്ഡം 8(ix)-ൽ " ധനസ്ഥിതിയുടെ" എന്നതിനുപകരം "സാമ്പത്തിക സ്ഥിതിയുടെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 528-ാം നമ്പർ ഭേദഗതി 529-ാം നമ്പർ ഭേദഗതിക്കും 540, 541 എന്നീ നമ്പർ ഭേദഗതികൾ 539-ാം നമ്പർ ഭേദഗതിക്കും 545,546,547 എന്നീ നമ്പർ ഭേദഗതികൾ 544-ാം നമ്പർ ഭേദഗതിക്കും 556-ാം നമ്പർ ഭേദഗതി 555-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 525, 529, 532, 539, 555 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 526, 534, 554 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 531-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 533, 538 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 536, 542 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 537-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 544-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

958. ഖണ്ഡം 9(3)-ൽ "(i)മുതൽ (iv)വരെയും (vi)മുതൽ (viii)" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും ബ്രാക്കറ്റുകൾക്കും പകരം"(i)മുതൽ (v)വരെയും (vii)മുതൽ (ix)" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ബ്രാക്കറ്റുകളും ചേർക്കുകയും "പ്രസ്തുത ജില്ലയിൽ" എന്നീ വാക്കുകൾ ഒഴിവാക്കുകയും ചെയ്യുക.

(ii)ഖണ്ഡം 9(4)-ൽ "(ix)-ാം"എന്ന അക്കങ്ങൾക്കും ചിഹ്നത്തിനും ബ്രാക്കറ്റുകൾക്കും അടയാളത്തിനും പകരം "(x)-ാം"എന്നീ അക്കവും ചിഹ്നങ്ങളും ബ്രാക്കറ്റുകളും അടയാളവും ചേർക്കുക.

(iii)ഖണ്ഡം 9(5)-ൽ "(v)-ാം"എന്ന അക്കത്തിനും ചിഹ്നത്തിനും ബ്രാക്കറ്റിനും അടയാളത്തിനും പകരം "(vi)-ാം"എന്ന അക്കവും ചിഹ്നവും ബ്രാക്കറ്റും അടയാളവും "(x), (xi)"എന്നീ അക്കങ്ങൾക്കും ചിഹ്നത്തിനും ബ്രാക്കറ്റുകൾക്കും പകരം "(xi), (xii)"എന്നീ അക്കങ്ങളും ചിഹ്നവും ബ്രാക്കറ്റുകളും ചേർക്കുക.

(iv)ഖണ്ഡം 9(6)-ൽ "(x), (xi)"എന്നീ അക്കങ്ങൾക്കും ചിഹ്നത്തിനും ബ്രാക്കറ്റുകൾക്കും പകരം "(xi), (xii)"എന്നീ അക്കങ്ങളും ചിഹ്നവും ബ്രാക്കറ്റുകളും ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

557. ഖണ്ഡം 9(1)-ൽ

(i) " ശരിയായ" എന്നതിന് പകരം "കാര്യക്ഷമമായ" എന്ന് ചേർക്കുക.

(ii) " വിജ്ഞാപനത്താൽ" എന്നതിന് പകരം " വിജ്ഞാപനം വഴി" എന്ന് ചേർക്കുക.

577. ഖണ്ഡം 9(2)-ൽ

(i) "മറ്റു" എന്നതിനുപകരം "മറ്റ്" എന്ന് ചേർക്കുക.

(ii) "ആറിൽ" എന്നതിനുപകരം "ഏഴിൽ" എന്ന് ചേർക്കുക.

611. ഖണ്ഡം 9(7)-ൽ, "മൂന്നു" എന്നതിനുപകരം "മൂന്ന്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

558. ഖണ്ഡം 9(1) (ii)-ൽ "പ്രദേശത്തെ" എന്നതിനുപകരം "നിയോജകമണ്ഡലത്തിലെ" എന്ന് ചേർക്കുക.

572. ഖണ്ഡം 9(1)(xi)-നു ശേഷം താഴെപ്പറയുന്ന ഇനം ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക:

"(xii) പ്രദേശത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി - അംഗം"

ശ്രീ. പി. ഉബൈദുള്ള ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

559. ഖണ്ഡം 9(1) (ii)-ൽ "പ്രദേശത്തെ എം.എൽ.എ." എന്നതിന് പകരം "പ്രദേശത്തെ പ്രതിനിധീകരിക്കുന്ന നിയമസഭാംഗം" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

563. ഖണ്ഡം 9(1) (ii)-ൽ "എം.എൽ.എ." എന്നതിനുപകരം "നിയമസഭാംഗം" എന്ന് ചേർക്കുക.

602. ഖണ്ഡം 9(6)-ൽ "ലിഖിതമായ" എന്നതിന് പകരം "രേഖാമൂലമായ" എന്ന് ചേർക്കുക.

604. ഖണ്ഡം 9(6)-ൽ "തുടരാവുന്നതാണ്" എന്നതിന് പകരം "തുടരേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

564. ഖണ്ഡം 9(1) (ii)-ൽ "അംഗം" എന്നതിനുപകരം "കോ-ചെയർപേഴ്സൺ" എന്ന് ചേർക്കുക.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

565. ഖണ്ഡം 9(1)-ൽ ഇനം (i), (ii) എന്നിവ ചുവടെപ്പറയും പ്രകാരം മാറ്റുക.

" (i) പ്രദേശത്തെ എം.എൽ.എ. - ചെയർമാൻ

(ii) ജില്ലാ കളക്ടർ - അംഗം"

568. ഖണ്ഡം 9(1)(v)-ൽ "അസിസ്റ്റന്റ് മെമ്പർ സെക്രട്ടറി" എന്നതിന് പകരം "അംഗം" എന്ന് ചേർക്കുക.

570. ഖണ്ഡം 9(1)(ix) ഒഴിവാക്കുക.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

566. ഖണ്ഡം 9(1) (ii) ആയി താഴെപ്പറയുന്നത് ചേർക്കുക.

" (ii) പ്രദേശത്തെ എം.പി. - അംഗം"

<u>ശ്രീ. എം. നൗഷാദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

569. ഖണ്ഡം 9(1)(viii)-ൽ "(ആരോഗ്യം)" എന്ന ചിഹ്നങ്ങളും വാക്കും ഒഴിവാക്കുക.

571. ഖണ്ഡം 9(1)(x)-ന് പകരം ചുവടെപ്പറയും പ്രകാരം (x), (xi) എന്നിവ ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക:

"(x) പ്രദേശത്തെ ജില്ലാപഞ്ചായത്ത് മെമ്പർ - അംഗം

(xi) പ്രദേശത്തെ പഞ്ചായത്തംഗം/വാർഡ് കൗൺസിലർ - അംഗം"

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

573. ഖണ്ഡം 9(1)(xii)-ൽ "യന്ത്രവൽകൃത യാനഉടമകളിൽ നിന്നും" എന്നതിന് പകരം "യന്ത്രവത്കൃത യാന ഉടമകളിൽ നിന്നും" എന്ന് ചേർക്കുക.

575. ഖണ്ഡം 9(2)-ൽ "ഭരണച്ചുമതലകളും മറ്റു" എന്നതിന് പകരം "ഭരണ ചുമതലകളും മറ്റ്" എന്ന് ചേർക്കുക.

583. ഖണ്ഡം 9(3) താഴെപ്പറയും പ്രകാരം മാറ്റുക "3(1)-ാം ഉപവകുപ്പിലെ (i)-ാം ഇനം പ്രകാരവും (iii) മുതൽ (v)വരെയും (vii)മുതൽ (ix) വരെയുമുള്ള ഇനങ്ങൾ പ്രകാരവും ഔദ്യോഗികസ്ഥാനം വഹിക്കുന്നത് വഴി അംഗങ്ങളാകുന്നവരുടെ കാലാവധി അവർ പ്രസ്തുത ജില്ലയിൽ അത്തരത്തിലുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്ന കാലത്തോളം ആയിരിക്കുന്നതും (1)-ാം ഉപവകുപ്പിലെ (ii)-ാം ഇനം പ്രകാരം പ്രദേശത്തെ എം.എൽ.എ സ്ഥാനം വഹിക്കുന്നത് വഴിയുള്ള അംഗത്തിന്റെ കാലാവധി, അദ്ദേഹം അങ്ങനെയുള്ള സ്ഥാനത്ത് തുടരുന്ന കാലം വരെയും ആയിരിക്കുന്നതാണ്.

605. ഖണ്ഡം 9(6)-ൽ "തുടരാവുന്നതുമാണ്" എന്നതിന് പകരം "തുടരേണ്ടതുമാണ്" എന്ന് ചേർക്കുക.

616. ഖണ്ഡം 9(8)(ഡി)-ൽ, "കുറ്റകൃത്യത്തിനോ" എന്നതിനുപകരം "കുറ്റകൃത്യത്തിന്" എന്ന് ചേർക്കുക.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

574. ഖണ്ഡം 9(1)(xii)-നു ശേഷം (xiii) ആയി ചുവടെപ്പറയും പ്രകാരം ചേർക്കുക:

"(xiii) മത്സ്യത്തൊഴിലാളി സഹകരണ - അംഗം" സംഘങ്ങളുടെ പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

579. ഖണ്ഡം 9(2)-ൽ "കുറയാത്ത" എന്നതിനുശേഷം "ഹാർബർ മാനേജ്മെന്റ് സൊസൈറ്റി" എന്ന് ചേർക്കുക.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

589 ഖണ്ഡം 9(4) ചുവടെ പറയും പ്രകാരം മാറ്റുക

" (4) (1)-ാം ഉപവകുപ്പിലെ (ii)-ാം ഇനം പ്രകാരമുള്ള എം.എൽ.എ.യും (x)-ാം ഇനം പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെയും കാലാവധി അവർ അങ്ങനെയുള്ള സ്ഥാനത്ത് തുടരുന്ന കാലം വരെ ആയിരിക്കുന്നതാണ്."

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

598. ഖണ്ഡം 9(6)-ൽ "ലിഖിതമായ" എന്നതിന് പകരം "രേഖാമൂലം" എന്ന് ചേർക്കുക.

മി. സ്പീക്കർ: 560, 561, 562 എന്നീ നമ്പർ ഭേദഗതികൾ 559-ാം നമ്പർ ഭേദഗതിക്കും 599, 600, 601 എന്നീ നമ്പർ ഭേദഗതികൾ 598-ാം നമ്പർ ഭേദഗതിക്കും 606-ാം നമ്പർ ഭേദഗതി 605-ാം നമ്പർ ഭേദഗതിക്കും 609, 610 എന്നീ നമ്പർ ഭേദഗതികൾ 611-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 557, 577, 611 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 558, 572 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 559, 598 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 563, 602, 604 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 564-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 565, 568, 570 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)അവതരിപ്പിച്ച 566-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 569, 571 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 573, 575, 583, 605, 616 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 574-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോട പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 579-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 589-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്താം വകുപ്പ്</u>

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ</u>): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

959. ഖണ്ഡം 10(vii)-ൽ "(5)-ാം ഉപവകുപ്പ് പ്രകാരം നിശ്ചയിക്കുന്ന അനുപാതത്തിൽ" എന്നീ അക്കത്തിനും വാക്കുകൾക്കും അടയാളത്തിനും ബ്രായ്ക്കറ്റുകൾക്കും പകരം "(5)-ാം ഉപവകുപ്പിൽ നിശ്ചയിച്ചിരിക്കുന്ന പ്രകാരം" എന്നീ അക്കവും വാക്കുകളും അടയാളവും ബ്രായ്ക്കറ്റുകളും ചിഹ്നവും ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

619.ഖണ്ഡം 10 -ൽ "ആക്റ്റിന്റെ" എന്നതിനുപകരം "ആക്റ്റിലെ " എന്ന് ചേർക്കുക

622. ഖണ്ഡം 10 (i) -ൽ "മറ്റു പ്രവൃത്തികളും" എന്നതിനുപകരം "മറ്റ് അനുബന്ധ പ്രവൃത്തികളും" എന്ന് ചേർക്കുക.

625. ഖണ്ഡം 10(i)-ൽ "രൂപവൽക്കരിക്കുക" എന്നതിനുപകരം "രൂപവത്ക്കരിക്കുക" എന്ന് ചേർക്കുക

636. ഖണ്ഡം 10(iii)-ൽ "ബോധവൽക്കരണം" എന്നതിനുപകരം "ബോധവത്ക്കരണം" എന്ന് ചേർക്കുക.

644. ഖണ്ഡം 10(xii)-ൽ " നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റു" എന്നതിന് പകരം "നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള മറ്റ്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

620. ഖണ്ഡം 10 (i) -ൽ "മറ്റു" എന്നതിനുപകരം "മറ്റ് അനുബന്ധ" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

621. ഖണ്ഡം 10 (i) -ൽ, "മറ്റു" എന്നതിനുപകരം "മറ്റ് " എന്ന് ചേർക്കുക.

627. ഖണ്ഡം 10 (i) -ൽ, "വഹിക്കുക എന്നിവയിൽ ഏർപ്പെടുക" എന്നതിനുപകരം "വഹിക്കുകയും ചെയ്യുക" എന്ന് ചേർക്കുക.

639. ഖണ്ഡം 10(vi)-ൽ " യൂസർ ഫീസ്" എന്നതിന് ശേഷം "പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഒഴികെയുള്ള" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

623. ഖണ്ഡം 10 (i) -ൽ "പ്രവർത്തികളും" എന്നതിനുപകരം "പ്രവർത്തനങ്ങളും" എന്ന് ചേർക്കുക.

628. ഖണ്ഡം 10 (i) -ൽ "എന്നിവയിൽ ഏർപ്പെടുക" എന്നത് ഒഴിവാക്കുക

638. ഖണ്ഡം 10(iv)-ൽ "നിയന്ത്രിച്ചുക്കൊണ്ട്" എന്നതിന്പകരം "നിയന്ത്രിച്ചുകൊണ്ട്" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

624. ഖണ്ഡം 10 (i) -ൽ

i) "ആവിഷ്കരിക്കുക" എന്നതിനുപകരം "ആവിഷ്കരിക്കൽ" എന്ന് ചേർക്കുക

ii) "രൂപവൽക്കരിക്കുക" എന്നതിനുപകരം "രൂപവത്ക്കരിക്കൽ" എന്ന് ചേർക്കുക

iii) "വഹിക്കുക" എന്നതിനുപകരം "വഹിക്കൽ" എന്ന് ചേർക്കുക

631. ഖണ്ഡം 10(ii)-ൽ, " വ്യവസ്ഥകൾക്ക്" എന്നതിനുപകരം "വ്യവസ്ഥകൾക്കും നിബന്ധനകൾക്കും" എന്ന് ചേർക്കുക.

635. ഖണ്ഡം 10(ii) ന്റെ ക്ലിപ്തനിബന്ധനയിൽ "പ്രത്യേക" എന്നതിന് മുൻപായി "ചില പ്രത്യേക" എന്ന് ചേർക്കുക.

645. ഖണ്ഡം 10(xii)-ൽ " മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

630. ഖണ്ഡം 10(ii)-ൽ, "വില്പന" എന്നതിനുപകരം "വിപണനം" എന്ന് ചേർക്കുക.

632. ഖണ്ഡം 10(ii)-ൽ, "അനുസൃതമായിട്ടാണെന്ന്" എന്നതിനുപകരം "അനുസൃതമായി നടക്കുന്നുവെന്ന്" എന്ന് ചേർക്കുക.

640. ഖണ്ഡം 10(vii)-ൽ " നിശ്ചയിക്കുന്ന" എന്നതിന് പകരം "നിശ്ചയിച്ച" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

633. ഖണ്ഡം 10(ii) ന്റെ ക്ലിപ്തനിബന്ധന ഒഴിവാക്കുക.

ശ്രീ. സി. ആർ. മഹേഷ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

642.ഖണ്ഡം 10(x)-ൽ " സംഭരിക്കുകയും" എന്നതിന് ശേഷം "ആവശ്യമെങ്കിൽ സംസ്കരിക്കുകയും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 629-ാം നമ്പർ ഭേദഗതി 628-ാം നമ്പർ ഭേദഗതിക്കും 634-ാം നമ്പർ ഭേദഗതി 633-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 619, 622, 625, 636, 644 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 620-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 621, 627, 639 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 623, 628, 638 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 624, 631, 635, 645 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 630, 632, 640 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 633-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 642-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

646. ഖണ്ഡം 11(1)-ൽ "പൊതുഉടമസ്ഥതയിലോ" എന്നതിന് ശേഷം "പൊതുസ്വകാര്യപങ്കാളിത്തത്തിലോ" എന്ന് ചേർക്കുക.

648. ഖണ്ഡം 11(1)-ൽ "നിരീക്ഷണ ത്തിനുമായി" എന്നതിന് പകരം "നിരീക്ഷണത്തിനുമായി" എന്ന് ചേർക്കുക. ,,

654. ഖണ്ഡം 11(1)(viii) താഴെ പറയും പ്രകാരം മാറ്റുക:

"പ്രദേശം അധികാരപരിധി ആയിവരുന്ന മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രസിഡണ്ടുമാർ - അംഗങ്ങൾ".

659. ഖണ്ഡം 11 (5)-ൽ "അഞ്ചു" എന്നതിന് പകരം "അഞ്ച്" എന്ന് ചേർക്കുക.

668. ഖണ്ഡം 11(7)-ൽ "മൂന്നു" എന്നതിന് പകരം "മൂന്ന്" എന്ന് ചേർക്കുക.

ശ്രീ. എ. എൻ. ഷംസീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

650. ഖണ്ഡം 11(1)(i) ചുവടെപ്പറയും പ്രകാരം മാറ്റുക:

"(i)ആ പ്രദേശത്തെ ഗ്രാമപഞ്ചായത്ത് - അംഗം/ചെയർപേഴ്സൺ മുനിസിപ്പാലിറ്റി വാർഡ് കൗൺസിലർ" എന്ന് ചേർക്കുക.

652. ഖണ്ഡം 11(1)(viii) ഒഴിവാക്കുക.

657. ഖണ്ഡം 11 (5) നീക്കം ചെയ്യുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

ശ്രീ. തോമസ് കെ. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

651. ഖണ്ഡം 11(1)(vii)-ൽ "രണ്ട്" എന്നതിന് പകരം "മൂന്ന്" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

655. ഖണ്ഡം 11(2)-ൽ "(i),(ii),(iii),(iv),(v)" എന്നതിന് പകരം "(ii),(iii),(iv)" എന്ന് ചേർക്കുക.

656. ഖണ്ഡം 11 (3)-ൽ "(vi) ഇനം" എന്നതിന് പകരം "(i), (v), (vi) എന്നീ ഇനങ്ങൾ" എന്ന് ചേർക്കുക.

660. ഖണ്ഡം 11 (5)-ൽ "അഞ്ചു വർഷത്തേക്കോ" എന്നതിന് പകരം"അഞ്ച് വർഷത്തേയ്ക്കോ അല്ലെങ്കിൽ" എന്ന് ചേർക്കുക.

666. ഖണ്ഡം 11(6)-ൽ "തുടരാവുന്നതുമാണ്" എന്നതിന് പകരം "തുടരേണ്ടതുമാണ്" എന്ന് ചേർക്കുക.

671. ഖണ്ഡം 11(7) താഴെപ്പറയും പ്രകാരം മാറ്റുക.

"(7) നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരു അനൗദ്യോഗിക അംഗത്തിന്റെ ഇടക്കാല ഒഴിവോ ആകസ്മിക ഒഴിവോ അപ്രകാരമുള്ള ഒഴിവുണ്ടായ തീയതി മുതൽ മൂന്ന് മാസത്തിനകം നികത്തേണ്ടതും അപ്രകാരം പുതിയതായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗത്തിന്റെ കാലാവധി സ്ഥാനം ഒഴിഞ്ഞ അംഗത്തിന്റെ ശേഷിക്കുന്ന കാലയളവിലേയ്ക്ക് മാത്രമായിരിക്കുന്നതുമാണ്. "

677. ഖണ്ഡം 11(8)(ഡി)-ൽ "കുറ്റകൃത്യത്തിനോ" എന്നതിന് പകരം "കുറ്റകൃത്യത്തിന് " എന്ന് ചേർക്കുക.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

661. ഖണ്ഡം 11 (6)-ൽ "(vii)-ാം ഇനം" എന്നതിന് പകരം "(vii), (viii) ഇനങ്ങൾ" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

672. ഖണ്ഡം 11(8)-ൽ " അയാൾക്ക്" എന്ന് വരുന്നിടത്തെല്ലാം "ആവ്യക്തിക്ക്" എന്നും "അയാൾ" എന്ന് വരുന്നിടത്തെല്ലാം "ആവ്യക്തി" എന്നും ചേർക്കുക.

മി. സ്പീക്കർ: 649-ാം നമ്പർ ഭേദഗതി 648-ാം നമ്പർ ഭേദഗതിക്കും 658-ാം നമ്പർ ഭേദഗതി 659-ാം നമ്പർ ഭേദഗതിക്കും 667-ാം നമ്പർ ഭേദഗതി 666-ാം നമ്പർ ഭേദഗതിക്കും 669-ാം നമ്പർ ഭേദഗതി 668-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 646-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 671-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. ശ്രീ. മോൻസ് ജോസഫിന്റെ 647-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

647. ഖണ്ഡം 11(1)-ൽ "സ്വകാര്യമേഖലയിലോ" എന്നതിന് ശേഷം "സഹകരണമേഖലയിലോ" എന്ന് ചേർക്കുക.

എന്റെ ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 646, 671 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 648, 654, 659, 668 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 650, 652, 657 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ് അവതരിപ്പിച്ച 651-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 655, 656, 660, 666, 677 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 661-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 672-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പന്ത്രണ്ടാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

679. ഖണ്ഡം 12-ൽ "രൂപീകരിക്കപ്പെടുന്ന" എന്നതിന് പകരം "രൂപീകരിക്കുന്ന" എന്ന് ചേർക്കുക.

680. ഖണ്ഡം 12(i)-ൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

684. ഖണ്ഡം 12(i)-ൽ "രൂപവത്കരിക്കൽ" എന്നതിന് ശേഷം "മേൽനോട്ടം വഹിക്കൽ" എന്ന് ചേർക്കുക.

702.ഖണ്ഡം 12(vii)-ൽ "മറ്റു" എന്നതിന് പകരം " മറ്റ്" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

682. ഖണ്ഡം 12(i)-ൽ "രൂപവത്കരിക്കൽ" എന്നതിന് പകരം "രൂപവത്ക്കരിക്കൽ" എന്ന് ചേർക്കുക.

691. ഖണ്ഡം 12(iii)-ൽ "ബോധവത്കരണം" എന്നതിന് പകരം "ബോധവത്ക്കരണം" എന്ന് ചേർക്കുക.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

687. ഖണ്ഡം 12(ii)-ൽ "മത്സ്യലേലം, വിൽപ്പന" എന്നതിന് പകരം "മത്സ്യവിൽപ്പന" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

688. ഖണ്ഡം 12(ii)-ൽ "മത്സ്യലേലം" എന്നതിന് പകരം "മത്സ്യസംഭരണം, ലേലം" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

690. ഖണ്ഡം 12(iii)-ൽ "ബോധവത്കരണം" എന്നതിന് പകരം "ബോധവൽക്കരണം" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

692. ഖണ്ഡം 12(iv)-ൽ "മത്സ്യലേലത്തിലും വിൽപ്പനയിലും" എന്നതിന് പകരം "മത്സ്യവിൽപ്പനയിൽ" എന്ന് ചേർക്കുക.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

698. ഖണ്ഡം 12(vi)-ൽ "യൂസർ ഫീസ്" എന്നതിന് ശേഷം "പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഒഴികെയുള്ള" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

700. ഖണ്ഡം 12(vii)-ൽ "യൂസർ ഫീസ്" എന്നതിന് ശേഷം ", ലേല കമ്മീഷൻ വിഹിതം എന്നിവ" എന്ന ചിഹ്നവും വാക്കുകളും ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

703. ഖണ്ഡം 12(viii)-ൽ "നടത്തിപ്പ്" എന്നതിന് ശേഷം " ശുചീകരണം" എന്ന് ചേർക്കുക.

മി. സ്പീക്കർ: 681-ാം നമ്പർ ഭേദഗതി 680-ാം നമ്പർ ഭേദഗതിക്കും 685,686 എന്നീ നമ്പർ ഭേദഗതികൾ 684-ാം നമ്പർ ഭേദഗതിക്കും 701-ാം നമ്പർ ഭേദഗതി 702-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 684-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 684-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 679, 680, 702 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 682, 691 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 687-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 688, 690 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ അവതരിപ്പിച്ച 692-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 698-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 700-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 703-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിമൂന്നാം വകുപ്പ്</u>

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ</u>): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

960. ഖണ്ഡം 13(3)-ൽ "ഈ ആക്റ്റ് നിലവിൽ വന്ന തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനകം" എന്നീ വാക്കുകൾക്കു പകരം "2022 ജൂൺ 30-ാം

തീയതിയ്ക്കകം" എന്നീ ചിഹ്നവും വാക്കുകളും അക്കങ്ങളും അടയാളവും ചേർക്കുക.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

714. ഖണ്ഡം 13-ൽ " പൂർവ്വ" എന്നു വരുന്നിടത്തെല്ലാം "പ്രാഥമിക" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

716. ഖണ്ഡം 13(3)-ൽ " പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന" എന്നതിന് ശേഷം "സംസ്ഥാനത്തെ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

718. ഖണ്ഡം 13(3)-ൽ " ഈ ആക്റ്റ് നിലവിൽ വന്ന തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനകം" എന്നതിന് പകരം "2022 ജനുവരി 1-ാം തീയതിയ്ക്കകം" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

721. ഖണ്ഡം 13(3)-ൽ താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

" എന്നാൽ, അപേക്ഷ നിരസിക്കപ്പെടുന്നവരുടെ സംഗതിയിൽ സെക്യൂരിറ്റി നിക്ഷേപം 30 ദിവസത്തിനകം തിരികെ നൽകേണ്ടതുമാണ്"

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ അവതരിപ്പിച്ച 714-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 716-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 718-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 721-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാലാം വകുപ്പ്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

961. ഖണ്ഡം 14(2)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

" (1)-ാം ഉപവകുപ്പ് പ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ നിർണ്ണയിക്കപ്പെട്ട പ്രകാരത്തിലും അങ്ങനെയുള്ള ഫാറത്തിലും അപ്രകാരമുള്ള ഫീസ് ഒടുക്കിയും ആയിരിക്കേണ്ടതാണ്"

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

733. ഖണ്ഡം 14 (3) -ൽ "അനുമതിപത്രം അനുവദിക്കുകയോ" എന്നതിന് ശേഷം "അല്ലെങ്കിൽ" എന്ന് ചേർക്കുക.

736. ഖണ്ഡം 14 (5) -ൽ "അപേക്ഷകനെ " എന്നതിന് ശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

738. ഖണ്ഡം 14 (6) -ൽ "മൂന്നു" എന്നതിന് പകരം "മൂന്ന് " എന്ന് ചേർക്കുക

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

737. ഖണ്ഡം 14 (5) ന ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക; " എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ ഐസ് പ്ലാന്റ്, ചിൽഡ് സ്റ്റോറേജ്, പൂർവ്വ സംസ്കരണ കേന്ദ്രം, സംസ്കരണ കേന്ദ്രം, പരിവഹന സൗകര്യം എന്നിവയുടെ കാര്യത്തിൽ ഈ ആക്റ്റ് നിലവിൽ വന്ന തീയതി മുതൽ തൊണ്ണൂറ് ദിവസം വരെയുള്ള കാലയളവിൽ സമർപ്പിയ്ക്കപ്പെടുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ താത്കാലിക അനുമതിപത്രം ലഭിച്ചതായി കണക്കാക്കി പ്രവർത്തിയ്ക്കാവുന്നതുമാണ്."

മി. സ്പീക്കർ: 735-ാം നമ്പർ ഭേദഗതി 736-ാം നമ്പർ ഭേദഗതിക്കും 739-ാം നമ്പർ ഭേദഗതി 738-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 736-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 961-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും 736-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 733, 738 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 737-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനഞ്ചാം വകുപ്പ്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

962. ഖണ്ഡം 15(1)-ൽ "യാനം," എന്ന വാക്കും ചിഹ്നവും ഒഴിവാക്കേണ്ടതും "2006-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്റ്റിലെ (2006-ലെ 34-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകളോടൊപ്പം" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും അടയാളവും ബ്രാക്കറ്റുകളും ഒഴിവാക്കേണ്ടതും "മാനദണ്ഡങ്ങളും" എന്ന വാക്കിന് പകരം "മാനദണ്ഡങ്ങൾ" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

746. ഖണ്ഡം 15 (3)-ൽ "ഭക്ഷ്യയോഗ്യമല്ലാതാക്കുകയോ ഗുണനിലവാരമില്ലാതാക്കുകയോ" എന്നതിനുപകരം "വിപണനം" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

747. ഖണ്ഡം 15 (4)-ൽ "മത്സ്യത്തിന്റെ" എന്നതിനുശേഷം "സംഭരണം" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

748. ഖണ്ഡം 15 (4)-ൽ "വിപണനം" എന്നതിന് ശേഷം "സംസ്കരണം" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 962-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 746-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 747-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 748-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാറാം വകുപ്പ്</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

750. ഖണ്ഡം 16-ൽ "ഈ ആക്റ്റിലെ" എന്നതിനുശേഷം "15-ാം വകുപ്പിലെ" എന്ന വാക്കുകളും ചിഹ്നങ്ങളും അക്കങ്ങളും ചേർക്കുക.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

752. ഖണ്ഡം 16(i)-ൽ "ഫിഷറീസ് ഡയറക്ടർ" എന്നതിന് പകരം "സെക്രട്ടറി, ഫിഷറീസ് വകുപ്പ്" എന്ന് ചേർക്കുക.

759. ഖണ്ഡം 16(vii)-ൽ "ഫിഷറീസ് ജോയിന്റ് ഡയറക്ടർ" എന്നതിന് പകരം "ഫിഷറീസ് ഡയറക്ടർ" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

754. ഖണ്ഡം 16(ii)-ൽ "ഭക്ഷ്യസുരക്ഷ കമ്മീഷണർ" എന്നതിന് പകരം "ഭക്ഷ്യസുരക്ഷാ കമ്മീഷണർ" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 754-ാം നമ്പർ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത് "ഭക്ഷ്യസുരക്ഷ കമ്മീഷണർ" എന്നാണ്. എന്നാൽ ശരിയായ പ്രയോഗം "ഭക്ഷ്യസുരക്ഷാ കമ്മീഷണർ" എന്നായതിനാൽ അങ്ങനെ മാറ്റണമെന്നാണ് എന്റെ ഭേദഗതി. ബഹുമാനപ്പെട്ട മന്ത്രിമാർ ഇത്തരം കാര്യങ്ങളൊന്നും നോക്കാതെ എല്ലാ ഭേദഗതികളും സ്വീകരിക്കുന്നില്ലെന്ന് പറയുകയാണെങ്കിൽ ഞങ്ങൾ എന്തിനാണ് ഭേദഗതികൾ കൊണ്ടുവരുന്നത്? ഇത് ശരിയായ നടപടിയല്ല. ബിൽ മനോഹരമാകാനും അതിൽ വന്നിരിക്കുന്ന തകരാറുകളും തെറ്റുകളും തിരുത്താനുമാണ് ഭേദഗതികൾ കൊണ്ടുവരുന്നത്.

ശ്രീ. സജി ചെറിയാൻ: സർ, അങ്ങയുടെ ഭേദഗതി ഞങ്ങൾ പരിശോധിച്ചു, അങ്ങ് പറഞ്ഞിരിക്കുന്നത് 'ഭക്ഷ്യസുരക്ഷാ കമ്മീഷണർ' എന്നാണ്, എന്നാൽ ഭാഷാ വിദഗ്ദ്ധർ 'ഭക്ഷ്യസുരക്ഷ കമ്മീഷണർ' എന്ന പ്രയോഗമാണ് ശരിയെന്ന് പറഞ്ഞതിനാലാണ് സ്വീകരിക്കാതിരുന്നത്.

മി. സ്പീക്കർ: ആവശ്യമാണെങ്കിൽ പരിശോധിച്ച് തിരുത്താവുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 750-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 752, 759 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 754-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനേഴാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

761. ഖണ്ഡം 17-ൽ "രൂപീകരിക്കപ്പെടുന്ന" എന്നതിനുപകരം" രൂപീകരിക്കുന്ന" എന്ന് ചേർക്കുക.

766. ഖണ്ഡം 17(iii) ഒഴിവാക്കുക.

769. ഖണ്ഡം 17(iii) താഴെപ്പറയും പ്രകാരം മാറ്റുക:

"(iii) മത്സ്യബന്ധനം നടത്തി ലഭിക്കുന്ന മത്സ്യം കയറ്റുമതി ചെയ്യുന്നതിന് വേണ്ടിയുള്ളതാണെങ്കിൽ ആയതിന് സർട്ടിഫിക്കറ്റ് നൽകുന്നതിലേക്കായി വിജ്ഞാപനം ചെയ്യപ്പെട്ട ഉദ്യോഗസ്ഥർക്ക് സാങ്കേതിക സഹായം നൽകുക.”

774. ഖണ്ഡം 17(vi)-ൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

765. ഖണ്ഡം 17(ii)-ൽ "ബോധവത്കരണം" എന്നതിന് പകരം " ബോധവൽക്കരണം" എന്ന് ചേർക്കുക.

773. ഖണ്ഡം 17(v) താഴെപ്പറയും പ്രകാരം മാറ്റുക:

"(v) മത്സ്യബന്ധനം നടത്തി ലഭിക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തീരുമാനിക്കുകയും കാലാകാലങ്ങളിൽ പരിഷ്കരിക്കുകയും ചെയ്യുക."

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

768. ഖണ്ഡം 17(iii)-ൽ "വേണ്ടി" എന്ന വാക്ക് ഒഴിവാക്കുക.

772. ഖണ്ഡം 17(v)-ൽ "പ്രസിദ്ധപ്പെടുത്തുക;" എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "കൂടാതെ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

771. ഖണ്ഡം 17(v)-ൽ "ഗുണനിലവാരം" എന്നതിനു ശേഷം "മത്സ്യം പിടിച്ചെടുക്കുന്നതു മുതൽ ഉപഭോക്താവിന്റെ കരങ്ങളിലെത്തുന്നതുവരെ നിലനിർത്തപ്പെടുന്നുണ്ടെന്ന് ശാസ്ത്രീയമായി" എന്ന് ചേർക്കുക.

മി. സ്പീക്കർ: 775, 776 എന്നീ നമ്പർ ഭേദഗതികൾ 774-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 761, 766, 769, 774 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 765, 773 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 768, 772 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 771-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനെട്ടാം വകുപ്പ്

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

779 ഖണ്ഡം 18(1)-ൽ "മത്സ്യത്തിന്റെ" എന്നതിനുശേഷം "സംഭരണം," എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

780. ഖണ്ഡം 18(1)-ൽ "വിപണനം," എന്നതിനുശേഷം "സംസ്കരണം, പൂർവ്വസംസ്കരണം" എന്നീ വാക്കുകൾ ചേർക്കുക

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

781. ഖണ്ഡം 18(2)-ൽ "ശിക്ഷാനടപടികൾക്ക് " എന്നതിനുപകരം "പിഴ ശിക്ഷയ്ക്ക്" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 779-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 780-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 781-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്തൊമ്പതാം വകുപ്പ്</u>

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ</u>): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

963. ഖണ്ഡം 19(2)-ൽ "അവർക്ക് താല്പര്യമുള്ള പക്ഷം" എന്ന വാക്കുകൾക്ക് ശേഷം ",അവർ" എന്ന വാക്കും ചിഹ്നവും ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

782. ഖണ്ഡം 19(1)-ൽ "അടിസ്ഥാനവില" എന്ന വാക്കിനുശേഷം "ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റിയുമായും ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റിയുമായും കൂടിയാലോചിച്ച്" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

783. ഖണ്ഡം 19(1) ചുവടെപ്പറയും പ്രകാരം മാറ്റുക:

"(1) മത്സ്യത്തിന്റെ അടിസ്ഥാനവില കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെട്ട പ്രകാരം ഹാർബർ മാനേജ്മെന്റ് സൊസൈറ്റി നിശ്ചയിക്കേണ്ടതാണ്."

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

784. ഖണ്ഡം 19(2)-ൽ "പിടിച്ച" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

786. ഖണ്ഡം 19(2)-ൽ "ക്ഷേമ സഹകരണ" എന്നതിനുപകരം "ക്ഷേമസഹകരണ" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

793. ഖണ്ഡം 19 താഴെപ്പറയും പ്രകാരം മാറ്റുക:

"19. മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ടു വരുന്ന മത്സ്യം അവർക്ക് താല്പര്യം ഉള്ള പക്ഷം അംഗങ്ങളായ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ മുഖേന നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള അടിസ്ഥാന വില നൽകി അപ്രകാരം സംഭരിക്കാവുന്നതാണ്.

നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള സംഭരണ സൗകര്യങ്ങൾ ബന്ധപ്പെട്ട മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ ഉറപ്പാക്കേണ്ടതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 782-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 783-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 784-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 786-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 793-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപതാം വകുപ്പ്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

964. ഖണ്ഡം 20(1)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(1) മത്സ്യം കയറ്റുമതി ചെയ്യുന്നതിന് ആവശ്യമുള്ള പക്ഷം, നിർണ്ണയിക്കപ്പെട്ട പ്രകാരത്തിലുള്ള സാക്ഷ്യപത്രം നേടാൻ യാന ഉടമയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്."

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

794. ഖണ്ഡം 20(1)-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിനുപകരം "നിർണ്ണയിക്കപ്പെട്ട" എന്ന് ചേർക്കുക.

797. ഖണ്ഡം 20(2)-ൽ "ഓഫീസർ തസ്തികയിൽ താഴെയല്ലാത്ത" എന്നതിന് പകരം "ആഫീസറുടെ പദവിയിൽ കുറയാത്ത" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

795. ഖണ്ഡം 20(1)-ൽ "സ്വായത്തമാക്കിയ" എന്നതിന് പകരം "പിടിച്ചെടുത്ത" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 797-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 797-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 794-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 795-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തൊന്നാം വകുപ്പ്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു

965. (i) ഖണ്ഡം 21-ൽ മാർജിനൽ ശീർഷകത്തിൽ "മത്സ്യബന്ധനം നടത്തി ലഭിക്കുന്ന" എന്നീ വാക്കുകൾ ഒഴിവാക്കുകയും "നിലവാരം" എന്ന വാക്കിന് പകരം

"ഗുണനിലവാരം" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

(ii) ഖണ്ഡം 21(1)-ൽ "മത്സ്യബന്ധനം നടത്തി ലഭിക്കുന്ന" എന്നീ വാക്കുകൾ ഒഴിവാക്കുക.

(iii) ഖണ്ഡം 21(2)-ൽ "മത്സ്യബന്ധനം നടത്തി ലഭിക്കുന്ന ഓരോ തരം മത്സ്യത്തിന്റെയും നിലവാരം" എന്നീ വാക്കുകൾക്ക് പകരം "(1)-ാം ഉപവകുപ്പ് പ്രകാരമുള്ള സാക്ഷ്യപത്രം നേടുന്നതിന് മത്സ്യത്തിനുണ്ടായിരിക്കേണ്ട ഗുണനിലവാരം" എന്നീ വാക്കുകളും അക്കവും ചിഹ്നവും അടയാളവും ബ്രായ്ക്കറ്റുകളും ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

803. ഖണ്ഡം 21(1)-ൽ " ഉറപ്പു" എന്നതിനുപകരം "ഉറപ്പ്" എന്ന് ചേർക്കുക.

809. ഖണ്ഡം 21(2)-ൽ "നിലവാരം" എന്നതിന് പകരം "ഗുണനിലവാരം" എന്ന് ചേർക്കുക.

814. ഖണ്ഡം 21(3)-ൽ "ഫിഷറീസ് വകുപ്പിലെ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ താഴെയല്ലാത്ത" എന്നീ വാക്കുകൾക്ക് പകരം "മത്സ്യബന്ധന വകുപ്പിലെ ഫിഷറീസ് എക്സ്റ്റൻഷൻ ആഫീസറുടെ പദവിയിൽ കുറയാത്ത" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

806. ഖണ്ഡം 21(1)-ൽ " ഉൽപാദകന്" എന്നതിന് പകരം "യാന ഉടമയ്ക്ക്" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

808. ഖണ്ഡം 21(2)-ൽ "തരം" എന്നതിനുപകരം "ഇനം" എന്ന് ചേർക്കുക.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

815. ഖണ്ഡം 21 താഴെപറയും പ്രകാരം മാറ്റുക.

"21 മത്സ്യബന്ധനം നടത്തി ലഭിക്കുന്ന മത്സ്യത്തിന് നിലവാരം സാക്ഷ്യപ്പെടുത്തൽ മത്സ്യത്തിന്റെ ഗുണനിലവാരം സംബന്ധിച്ച സാക്ഷ്യപത്രം ഏതെങ്കിലും സാഹചര്യത്തിൽ

ഉൽപ്പാദകൻ ആവശ്യപ്പെടുന്നപക്ഷം ബന്ധപ്പെട്ട മേഖലയിൽ അധികാരമുള്ള ഫിഷറീസ് വകുപ്പിലെ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ അപ്രകാരമുള്ള സാക്ഷ്യപത്രം നിർണ്ണയിക്കപ്പെടുന്ന നടപടിക്രമങ്ങൾ പാലിച്ച് നൽകേണ്ടതാണ്."

മി. സ്പീക്കർ: 799, 800, 801, 802 എന്നീ നമ്പർ ഭേദഗതികൾ മാർജിനൽ ശീർഷകത്തിൽ ആയതിനാൽ ക്രമപ്രകാരമല്ല. 804-ാം നമ്പർ ഭേദഗതി 803-ാം നമ്പർ ഭേദഗതിക്കും 816-ാം നമ്പർ ഭേദഗതി 815-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 965-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 803, 809, 814 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 806-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 808-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 815-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിരണ്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

818. ഖണ്ഡം 22(1)-ൽ "ഐസ് പ്ലാന്റ്" എന്നതിനുശേഷം "ചിൽഡ് സ്റ്റോറേജ്" എന്നും "സംസ്കരണ കേന്ദ്രം" എന്നതിനുശേഷം "പരിവഹന സൗകര്യം" എന്നും ചേർക്കുക

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 818-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിമൂന്നാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

822. ഖണ്ഡം 23-ൽ "5" എന്ന അക്കത്തിനു മുൻപായി "ഈ ആക്റ്റിലെ" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

823. ഖണ്ഡം 23-ൽ "നേടിയതാണെങ്കിലോ" എന്നതിനുശേഷം"റിട്ടേൺ സമർപ്പിച്ചില്ലെങ്കിലോ" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

825. ഖണ്ഡം 23-ൽ "വസൂലാക്കുന്നതിനോ" എന്നതിന് പകരം "ഈടാക്കുന്നതിനോ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

829. ഖണ്ഡം 23-ന്റെ ക്ലിപ്തനിബന്ധനയിൽ "വ്യക്തിക്ക്" എന്നതിനുപകരം "ആൾക്ക്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 826, 827, 828 എന്നീ നമ്പർ ഭേദഗതികൾ 825-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 822-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ.സണ്ണി ജോസഫ് അവതരിപ്പിച്ച 823-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 825-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 829-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിനാലാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

830. ഖണ്ഡം 24-ൽ "കർത്തവ്യങ്ങൾ" എന്നതിനുപകരം "കർത്തവ്യങ്ങളും ചുമതലകളും" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

837. ഖണ്ഡം 24-ൽ "അധികാരപ്പെടുത്താവുന്നതാണ്" എന്നതിന് പകരം "അധികാരപ്പെടുത്തേണ്ടതാണ് "എന്ന് ചേർക്കുക.

മി. സ്പീക്കർ: 838, 839 എന്നീ നമ്പർ ഭേദഗതികൾ 837-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 830-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 837-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയഞ്ചാം വകുപ്പ്

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

840. ഖണ്ഡം 25 (1)-ൽ "ആഫീസർ" എന്നതിനുപകരം "ഓഫീസർ" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

841. ഖണ്ഡം 25 (1)-ൽ

"ആഫീസർ" എന്നതിനുപകരം "ഓഫീസറുടെ" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

843. ഖണ്ഡം 25 (2)-ൽ "മത്സ്യ" എന്ന വാക്ക് ഒഴിവാക്കുക.

845. ഖണ്ഡം 25 (3)-ൽ "പരിശോധന" എന്നതിന് പകരം "പരിശോധനാ" എന്ന് ചേർക്കുക.

847. ഖണ്ഡം 25 (4)-ൽ "താഴ്ന്ന നിലവാരത്തിലുള്ളതോ" എന്നതിന് പകരം "ഗുണനിലവാരം കുറഞ്ഞതോ" എന്ന് ചേർക്കുക.

849. ഖണ്ഡം 25 (4)-ൽ "പരിശോധന" എന്നതിനുപകരം "പരിശോധനാ" എന്ന് ചേർക്കുക.

851. ഖണ്ഡം 25 (5)-ൽ "പരിശോധന" എന്നതിനുപകരം "പരിശോധനാ" എന്ന് ചേർക്കുക.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

844. ഖണ്ഡം 25 (2)-ൽ "വസ്തുക്കളും" എന്നതിനുപകരം "സാമഗ്രികളും" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

848. ഖണ്ഡം 25 (4)-ൽ "നിലവാരത്തിലുള്ളതോ" എന്നതിന് പകരം "ഗുണനിലവാരത്തിലുള്ളതോ" എന്ന് ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

850. ഖണ്ഡം 25 (4)-ൽ "രേഖാമൂലം" എന്നതിന് ശേഷം "ഉടൻ തന്നെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 840-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 841-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 843, 845, 847, 849, 851 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 844-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 848-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 850-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയാറാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

852. ഖണ്ഡം 26(1)-ൽ "ഡയറക്ടർ പദവിയിൽ താഴെയല്ലാത്ത" എന്നതിന് പകരം "ഡയറക്ടറുടെ പദവിയിൽ കുറയാത്ത" എന്ന് ചേർക്കുക.

858. ഖണ്ഡം 26(2)-ൽ "ഒരു റിപ്പോർട്ട്" എന്നതിന് ശേഷം " , " എന്ന ചിഹ്നം ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

854. ഖണ്ഡം 26(1)-ൽ "വിജ്ഞാപനത്താൽ" എന്നത് ഒഴിവാക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

859. ഖണ്ഡം 26(2)-ൽ " ആവശ്യമെങ്കിൽ" എന്നത് ഒഴിവാക്കുക.

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

861. ഖണ്ഡം 26(3)-ൽ " ഉദ്യോഗസ്ഥന്" എന്നതിന് ശേഷം "അന്വേഷണത്തിൽ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

865. ഖണ്ഡം 26(3)-ൽ " ആ വ്യക്തിയെ" എന്നതിനുപകരം "ബന്ധപ്പെട്ട വ്യക്തിയെ അല്ലെങ്കിൽ സ്ഥാപന ഉടമയെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 855, 856, 857 എന്നീ നമ്പർ ഭേദഗതികൾ 854-ാം നമ്പർ ഭേദഗതിക്കും 862-ാം നമ്പർ ഭേദഗതി 861-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 852, 858 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 854-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 859-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 861-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 865-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയേഴാം വകുപ്പ്

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

872. ഖണ്ഡം 27(2) ഉപവകുപ്പ് ഒഴിവാക്കി ശേഷിക്കുന്നവ പുനരക്കം ചെയ്യുക.

876. ഖണ്ഡം 27(3)-ന് താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

(3)-ാം ഉപവകുപ്പ് പ്രകാരമുള്ള അന്തിമ തീർപ്പിനു ശേഷവും സങ്കടമനുഭവിക്കുന്ന ആളിന് സർക്കാരിലേക്ക് പരാതി സമർപ്പിക്കാൻ അവകാശമുണ്ടായിരിക്കുന്നതും, അതിന്മേൽ സർക്കാർ സ്വീകരിക്കുന്ന നടപടി അന്തിമമായിരിക്കുന്നതുമാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

874 ഖണ്ഡം 27(3)-ൽ "നടത്തി" എന്നതിനുപകരം "അല്ലെങ്കിൽ നടത്തിപ്പ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 872, 876 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 874-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ............

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയെട്ടാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

881. ഖണ്ഡം 28(1)(എ)-ൽ "വിളിച്ചു" എന്നതിനുപകരം "വിളിച്ച്" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

882. ഖണ്ഡം 28(1)(ഇ)-ൽ "വിസ്തരിക്കുന്നതിനും" എന്നതിന് പകരം "വിസ്തരിക്കുകയും" എന്ന് ചേർക്കുക.

883. ഖണ്ഡം 28(1)(ഇ)-ൽ "പരിശോധിക്കുന്നതിനും" എന്നതിന് പകരം "പരിശോധിക്കുകയും ചെയ്യുക" എന്ന് ചേർക്കുക

മി. സ്പീക്കർ: 877-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 881-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 882, 883 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിയൊൻപതാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

886. ഖണ്ഡം 29(1)(എ)-ൽ "ലംഘനത്തിനു" എന്നതിനുപകരം "ലംഘനത്തിന്" എന്ന് ചേർക്കുക.

893. ഖണ്ഡം 29(1)(ബി) -ൽ "നിയമലംഘനത്തിനു" എന്നതിനുപകരം "നിയമലംഘനത്തിന്" എന്ന് ചേർക്കുക.

901. ഖണ്ഡം 29(1)(സി)-ൽ "ലംഘനത്തിനു ഒരു ലക്ഷം രൂപ" എന്നതിനുപകരം "ലംഘനത്തിന് ഒരു ലക്ഷം രൂപ വീതം" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

894. ഖണ്ഡം 29(1)(ബി)-ൽ "ഇരുപത്തി അയ്യായിരം" എന്നതിന് പകരം "പതിനയ്യായിരം" എന്ന് ചേർക്കുക.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

899. ഖണ്ഡം 29(1)(ബി)-ൽ "ഇരുപത്തി അയ്യായിരം" എന്നതിന് പകരം "അയ്യായിരം" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

900. ഖണ്ഡം 29(1)(സി)-ൽ "മൂന്നും" എന്നതിന് പകരം "മൂന്നോ" എന്ന് ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

902. ഖണ്ഡം 29(1)(സി)-ൽ "ഒരു ലക്ഷം" എന്നതിന് പകരം "അൻപതിനായിരം" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

912. ഖണ്ഡം 29(3)-ൽ "ആയിരുന്നെങ്കിലെന്നപോലെ" എന്നതിന് പകരം "എന്ന പോലെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 895, 896, 897 എന്നീ നമ്പർ ഭേദഗതികൾ 894-ാം നമ്പർ ഭേദഗതിക്കും 903, 904, 905, 906, 907 എന്നീ നമ്പർ ഭേദഗതികൾ 902-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 886, 893, 901 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 894-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 899-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 900-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 902-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 912-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പതാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

913. ഖണ്ഡം 30(1)-ൽ "4" എന്ന അക്കത്തിനു മുൻപിലായി "ഈ ആക്റ്റിലെ" എന്ന് ചേർക്കുക.

940. ഖണ്ഡം 30(2)(ഡി)-ൽ "ലംഘനം നടത്താൻ ശ്രമിക്കുന്നവർക്കെതിരെയോ" എന്നത് ഒഴിവാക്കുക.

943. ഖണ്ഡം 30(3)-ൽ "റദ്ദ് ചെയ്യുകയോ" എന്നതിന് ശേഷം "ഭേദഗതി ചെയ്യുകയോ" എന്ന് ചേർക്കുക.

944. ഖണ്ഡം 30(3)-ൽ "റദ്ദ് ചെയ്യുകയോ" എന്നതിനുശേഷം "സസ്പെന്റ് ചെയ്യുകയോ" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

916. ഖണ്ഡം 30(2)(എ)-ൽ "രണ്ടുമാസം" എന്നതിന് പകരം "രണ്ട് മാസം" എന്ന് ചേർക്കുക.

938. ഖണ്ഡം 30(2)(സി)-ൽ "അഞ്ചു" എന്നതിനുപകരം "അഞ്ച്" എന്ന് ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

917. ഖണ്ഡം 30(2)(എ)-ൽ "ഒരു ലക്ഷം" എന്നതിനുപകരം "അൻപതിനായിരം" എന്ന് ചേർക്കുക.

924. ഖണ്ഡം 30(2)(ബി)-ൽ "മൂന്ന്" എന്നതിനുപകരം "ഒരു" എന്ന് ചേർക്കുക.

933. ഖണ്ഡം 30(2)(സി)-ൽ "അഞ്ചു" എന്നതിനുപകരം "മൂന്ന്" എന്ന് ചേർക്കുക.

941. ഖണ്ഡം 30(3)-ൽ "കണ്ടെത്തുന്നതുവരെ" എന്നതിനുപകരം "ബോധ്യമാകുന്നതുവരെ" എന്ന് ചേർക്കുക.

942. ഖണ്ഡം 30(3)-ൽ "തടഞ്ഞുവയ്ക്കുകയോ" എന്നതിന് ശേഷം "അല്ലെങ്കിൽ" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

922. ഖണ്ഡം 30(2)(എ)-ൽ "രൂപയോ" എന്നതിനുപകരം "രൂപ പിഴയോ" എന്ന് ചേർക്കുക.

929. ഖണ്ഡം 30(2)(ബി)-ൽ "രൂപയോ" എന്നതിനുപകരം "രൂപ പിഴയോ അല്ലെങ്കിൽ" എന്ന് ചേർക്കുക.

932. ഖണ്ഡം 30(2)(സി)-ൽ "രൂപയോ" എന്നതിന് പകരം "രൂപ പിഴയോ" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

930. ഖണ്ഡം 30(2)(സി)-ൽ "ഒരു വർഷം തടവോ അഞ്ചു ലക്ഷം രൂപയോ ഇവ രണ്ടും കൂടിയോ" എന്നതിന് പകരം "ആറു മാസം തടവോ മൂന്ന് ലക്ഷം രൂപയോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 918, 919, 920, 921 എന്നീ നമ്പർ ഭേദഗതികൾ 917-ാം നമ്പർ ഭേദഗതിക്കും 939-ാം നമ്പർ ഭേദഗതി 938-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 913-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച 913-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 940, 943, 944 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 916, 938 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 917, 924, 933, 941, 942 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 922, 929, 932 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 930-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിയൊന്നാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

945. ഖണ്ഡം 31(1)-ൽ "ചട്ടങ്ങളിലെയോ" എന്നതിനുശേഷം "ഉത്തരവുകളിലെയോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 945-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിരണ്ടാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

946. ഖണ്ഡം 32(1)-ൽ "ഉത്തരവു മുഖേന ചെയ്യാവുന്നതാണ്" എന്നതിന് പകരം "ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവ് മുഖേന ഉണ്ടാക്കാവുന്നതാണ്" എന്ന് ചേർക്കുക.

948. ഖണ്ഡം 32(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "രണ്ടുവർഷ" എന്നതിനുപകരം "രണ്ട് വർഷ" എന്ന് ചേർക്കുക.

949. ഖണ്ഡം 32(2)-ൽ "വകുപ്പിൻകീഴിൽ" എന്നതിന് പകരം "വകുപ്പിൻ കീഴിൽ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

947. ഖണ്ഡം 32(1)-ലെ ക്ലിപ്തനിബന്ധനയിൽ "അങ്ങനെയുള്ള" എന്നതിനുപകരം "(1)-ാം ഉപവകുപ്പിൻ പ്രകാരം" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 946, 948, 949 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 947-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ........................

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പത്തിമൂന്നാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

950. ഖണ്ഡം 33(2)-ൽ "മുമ്പാകെ" എന്നതിന് പകരം "മുൻപാകെ" എന്ന് ചേർക്കുക.

951. ഖണ്ഡം 33(2)-ൽ "രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാലു" എന്നതിന് പകരം "രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് " എന്ന് ചേർക്കുക.

953. ഖണ്ഡം 33(2)-ൽ "മുമ്പ്" എന്ന വാക്ക് വരുന്നിടത്തെല്ലാം "മുൻപ്" എന്ന് ചേർക്കുക.

954. ഖണ്ഡം 33(2)-ൽ "ആ ചട്ടത്തിൽ" എന്നതിനുപകരം "പ്രസ്തുത ചട്ടത്തിൽ" എന്ന് ചേർക്കുക.

955. ഖണ്ഡം 33(2)-ൽ "അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയും" എന്ന വാക്കുകൾക്ക് പകരം "അങ്ങനെ രൂപഭേദം ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ" എന്ന വാക്കുകൾ ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

952. ഖണ്ഡം 33(2)-ൽ "സമ്മേളനങ്ങളിലോ പെടാവുന്ന" എന്നീ വാക്കുകൾക്ക് പകരം "സമ്മേളനങ്ങളിലോപെടാവുന്ന" എന്ന വാക്ക് ചേർക്കുക.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 950, 951, 953, 954, 955 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 952-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.......................

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിനാലാം വകുപ്പ്</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

956. ഖണ്ഡം 34(2)-ൽ "കാര്യമോ" എന്ന വാക്കിനുശേഷം "കാര്യങ്ങളോ" എന്ന വാക്കും "നടപടിയോ" എന്ന വാക്കിനുശേഷം "നടപടികളോ" എന്ന വാക്കും ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 956-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

113. ദീർഘശീർഷകത്തിൽ "മത്സ്യസംഭരണവും" എന്നതിന് മുൻപായി "കേരള സംസ്ഥാനത്ത്" എന്ന് ചേർക്കുക.

125. ദീർഘശീർഷകത്തിൽ "പ്രോത്സാഹിപ്പിക്കുന്നതിനും" എന്നതിന് ശേഷം "മത്സ്യത്തൊഴിലാളിക്ക് ന്യായമായ വില ഉറപ്പാക്കുന്നതിനും" എന്ന് ചേർക്കുക.

150. പീഠികയിൽ "പ്രോത്സാഹിപ്പിക്കുന്നതിനും" എന്നതിന് ശേഷം "മത്സ്യത്തൊഴിലാളിക്ക് ന്യായമായ വില ഉറപ്പാക്കുന്നതിനും" എന്ന് ചേർക്കുക.

159. പീഠികയിൽ "കാര്യങ്ങൾക്കുംവേണ്ടി" എന്നതിന് പകരം "കാര്യങ്ങൾക്കും വേണ്ടി" എന്ന് ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

114. ദീർഘശീർഷകത്തിൽ "മത്സ്യസംഭരണവും" എന്നതിന് മുൻപായി "കടൽ" എന്ന് ചേർക്കുക.

136. പീഠികയിൽ "മത്സ്യസംഭരണവും" എന്നതിന് മുമ്പ് "കടൽ" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

116. ദീർഘശീർഷകത്തിൽ "ലേലവും" എന്ന് വരുന്നിടത്തെല്ലാം അതിന് പകരം "മത്സ്യലേലവും" എന്ന് ചേർക്കുക.

138. പീഠികയിൽ "ലേലവും" എന്ന് വരുന്നിടത്തെല്ലാം അതിന് മുൻപായി "മത്സ്യ" എന്ന് ചേർക്കുക.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

118. ദീർഘശീർഷകത്തിൽ "വിപണനവും" എന്ന് വരുന്നിടത്തെല്ലാം അതിന് ശേഷം "സംസ്കരണവും" എന്ന് ചേർക്കുക.

177. ഖണ്ഡം 1 (1)-ൽ "വിപണനവും" എന്നതിനുശേഷം " സംസ്കരണവും" എന്ന് ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

119. ദീർഘശീർഷകത്തിൽ "നിയന്ത്രിക്കുന്നതിനും" എന്നതിന് മുൻപ് "നിയമപരമായി" എന്ന് ചേർക്കുക.

172. ഖണ്ഡം 1 (1)-ൽ "മത്സ്യസംഭരണവും" എന്നതിന് ശേഷം "മത്സ്യ" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

123. ദീർഘശീർഷകത്തിൽ "കാര്യക്ഷമവുമായ" എന്നതിന് ശേഷം "മത്സ്യസംഭരണവും" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

124. ദീർഘശീർഷകത്തിൽ

(i) "കാര്യക്ഷമവുമായ" എന്നതിന് ശേഷം "മത്സ്യസംഭരണവും" എന്ന് ചേർക്കുക.

(ii)"അവയുമായി" എന്നതിന് പകരം "അതുമായി" എന്ന് ചേർക്കുക.

(iii) "അവയുമായിബന്ധപ്പെട്ടതോ" എന്നതിനുപകരം "അവയുമായി ബന്ധപ്പെട്ടതോ" എന്ന് ചേർക്കുക.

148. പീഠികയിൽ "കാര്യക്ഷമവുമായ" എന്നതിന് ശേഷം "മത്സ്യ സംഭരണവും" എന്ന് ചേർക്കുകയും "കാര്യങ്ങൾക്കുംവേണ്ടി" എന്നതിന് പകരം "കാര്യങ്ങൾക്കും വേണ്ടി" എന്ന് ചേർക്കുകയും ചെയ്യുക.

150 എ. പീഠികയിൽ "ഗുണനിലവാരം" എന്നതിന് ശേഷം "ഉറപ്പാക്കുന്നതിനും" എന്ന് ചേർക്കുക.

150 ബി. പീഠികയിൽ "പരിപാലിക്കുന്നതിനും" എന്നതിന് പകരം "ഉറപ്പാക്കുന്നതിനും" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

137. പീഠികയിൽ "മത്സ്യസംഭരണവും" എന്നതിന് ശേഷം "സംസ്കരണവും" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

139. പീഠികയിൽ "ലേലവും" എന്ന് വരുന്നിടത്തെല്ലാം അതിന് ശേഷം "സംസ്കരണവും" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

142. പീഠികയിൽ "വിപണനവും" എന്ന് വരുന്നിടത്തെല്ലാം അതിനുശേഷം "നിയമംമൂലം" എന്ന് ചേർക്കുക.

157. പീഠികയിൽ "മറ്റു" എന്നതിനുപകരം "മറ്റ്" എന്ന് ചേർക്കുക.

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

144. പീഠികയിൽ "നിയന്ത്രിക്കുന്നതിനും" എന്നതിന് ശേഷം "പരിപാലിക്കുന്നതിനും" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

158. പീഠികയിൽ "മറ്റു കാര്യങ്ങൾക്കുംവേണ്ടി" എന്നതിന് പകരം "മറ്റ് കാര്യങ്ങൾക്കും വേണ്ടി" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

160. പീഠികയിൽ "യുക്തമായിരിക്കുകയാലും" എന്നതിന് പകരം "ആവശ്യമായിരിക്കുകയാലും" എന്ന് ചേർക്കുക.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

165. പീഠിക ചുവടെപ്പറയും പ്രകാരം മാറ്റുക:

"പീഠിക- കേരള സംസ്ഥാനത്ത് കടൽ മത്സ്യസംഭരണവും ലേലവും ക്രമപ്പെടുത്തുന്നതിനും വ്യവസ്ഥാപിതവും കാര്യക്ഷമവുമായ ലേലം പ്രോത്സാഹിപ്പിക്കുന്നതിനും അടിസ്ഥാനവില ഉറപ്പാക്കിക്കൊണ്ടും ശുചിത്വവും ഗുണനിലവാരവും പരിപാലിച്ചുകൊണ്ടുള്ള വിപണനവും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാലും"

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

184. ഖണ്ഡം 1(2)-ൽ "പ്രാബല്യത്തിൽ" എന്നതിനുപകരം "നിലവിൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 109, 110, 111, 112 എന്നീ നമ്പർ ഭേദഗതികൾ ശീർഷകത്തിലുള്ളതാകയാൽ ക്രമപ്രകാരമല്ല. 143-ാം നമ്പർ ഭേദഗതി 142-ാം നമ്പർ ഭേദഗതിക്കും 149-ാം നമ്പർ ഭേദഗതി 148-ാം നമ്പർ ഭേദഗതിക്കും 161, 162, 163 എന്നീ നമ്പർ ഭേദഗതികൾ 160-ാം നമ്പർ ഭേദഗതിക്കും 185, 186, 187 എന്നീ നമ്പർ ഭേദഗതികൾ 184-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 113, 125, 150, 159 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 114, 136 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 116, 138 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 118, 177 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 119, 172 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 124, 148, 150 എ, 150 ബി എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 142, 157 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 160, 184 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ.......................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, മത്സ്യത്തൊഴിലാളികൾ വളരെ കഷ്ടപ്പെട്ട് പിടിച്ചുകൊണ്ടുവരുന്ന മത്സ്യം വിൽക്കുന്നതിനും ലേലം ചെയ്യുന്നതിനും അവർ അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിനും തടസ്സമുണ്ടാക്കുന്ന ഒരു നിയമമാണിത്. യഥാർത്ഥത്തിൽ ഇത് മത്സ്യത്തൊഴിലാളി മാരണ നിയമമാണ്. വളരെ ദുഷ്കരമായ സാഹചര്യത്തിൽ ജീവിക്കുന്ന മത്സ്യത്തൊഴിലാളികൾ, അവർക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളിൽ വൈകാരികമായി പ്രതികരിക്കുന്നവരാണ്. അതുകൊണ്ട് ഈ നിയമം നടപ്പിലാക്കുമ്പോൾ വളരെ അവധാനതയോടുകൂടി, സൂക്ഷ്മതയോടുകൂടി മാത്രമേ നടപ്പിലാക്കാവൂവെന്ന് ഞാൻ സൂചിപ്പിക്കുന്നു.

മി. സ്പീക്കർ: 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

പ്രമേയം ശബ്ദവോട്ടോടെ സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(ii) 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

143. ഖണ്ഡം 3 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ പീഠികയിൽ

i) "ജലക്കൃഷി" എന്നതിനു പകരം "മത്സ്യകൃഷി" എന്ന് ചേർക്കുക.

ii) "മത്സ്യസംസ്കരണം" എന്നതിനുപകരം "മത്സ്യ സംസ്കരണം" എന്ന് ചേർക്കുക.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

148. ഖണ്ഡം 3 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ പീഠികയിൽ "ജലക്കൃഷി" എന്നതിനു പകരം "മത്സ്യ കൃഷി, മത്സ്യഗുണപരിപാലനം" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

151. ഖണ്ഡം 3 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ പീഠികയിൽ "മത്സ്യ വിപണനം" എന്നതിനുശേഷം "മത്സ്യ വിത്തുകളുടെ ഉത്പാദനം" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 152-ാം നമ്പർ ഭേദഗതി 151-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി <u>ശ്രീ. സജി ചെറിയാൻ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

(ഭേദഗതിയില്ല)

<u>മി. സ്പീക്കർ</u>: നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

153. ഖണ്ഡം 5(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (സി എ)-ൽ "41-ാം വകുപ്പ്" എന്നതിന് മുൻപ് "പ്രധാന ആക്റ്റിലെ" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

155. ഖണ്ഡം 5(6) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ജെ)-ൽ "19 എ വകുപ്പ്" എന്നതിനുമുൻപ് "പ്രധാന ആക്ടിലെ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

158. ഖണ്ഡം 5(9) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (വൈഎ)-ൽ "പ്രോ-വൈസ് ചാൻസലർ" എന്ന് വരുന്നിടത്തെല്ലാം പകരം "പ്രോ-വൈസ്-ചാൻസലർ" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

മി. സ്പീക്കർ: 156-ാം നമ്പർ ഭേദഗതി 155-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

161. ഖണ്ഡം 6(3) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3 (6)-ൽ "ബിരുദാനന്തര" എന്ന വാക്കിനുശേഷം ",ഗവേഷണ" എന്ന ചിഹ്നവും വാക്കും ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

168. ഖണ്ഡം 6(3) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(6)-ന്റെ ക്ലിപ്ത നിബന്ധനയിൽ "പ്രകാരം" എന്ന വാക്കിനുശേഷം "സംസ്ഥാനത്തെ" എന്ന വാക്ക് ചേർക്കുക.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

"ആറാം വകുപ്പിൽ പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 3-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പ് ഒഴിവാക്കേണ്ടതാണ്."

മി. സ്പീക്കർ: 169-ാം നമ്പർ ഭേദഗതി 168-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

170. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(iv)-ൽ "അതു" എന്നതിന് പകരം "അതത്" എന്ന് ചേർക്കുക.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

171. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(iv)-ൽ "വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ" എന്നതിന് പകരം "വിശദമായ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

173. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(iv)-ൽ "വിശദമായ പഠനത്തിന്റെ" എന്നതിന് പകരം "വിശദമായ വിദഗ്ദ്ധ പഠനത്തിന്റെ" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

175. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(iv)-ൽ "പഠനത്തിന്റെ" എന്നതിന് പകരം "പഠന റിപ്പോർട്ടിന്റെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 172-ാം നമ്പർ ഭേദഗതി 171-ാം നമ്പർ ഭേദഗതിക്കും 176, 177 എന്നീ നമ്പർ ഭേദഗതികൾ 175-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. 174-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

178. ഖണ്ഡം 8(3) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 7(എൽ)-ൽ "ആക്റ്റിലെ" എന്നതിനു മുമ്പായി "ഈ" എന്ന് ചേർക്കുക.

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

179. ഖണ്ഡം 8(4) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(ആർ)-ൽ "ഗവേഷണത്തിനും" എന്നതിനുശേഷം "ഇന്റേൺഷിപ്പിനും" എന്ന് ചേർക്കുക.

205. ഖണ്ഡം 8(4) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(എസ്)-ൽ "തസ്തികകളിലേക്ക്" എന്നതിന് ശേഷം "യോഗ്യത ഉള്ളവരെ പി എസ് സി വഴി" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

183. ഖണ്ഡം 8(4) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(ആർ)-ൽ "വ്യാപന വിദ്യാഭ്യാസത്തിനും" എന്നതിനുപകരം "വിജ്ഞാന വ്യാപനം" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

184. ഖണ്ഡം 8(4) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(ആർ)-ൽ "വ്യാപന വിദ്യാഭ്യാസത്തിനും" എന്നതിനുശേഷം "പരിശീലനത്തിനും, തുടർ പരിശീലനത്തിനും" എന്ന് ചേർക്കുക.

199. ഖണ്ഡം 8(4) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(എസ്)-ൽ "സർക്കാരിന്റെ" എന്നതിന് മുൻപ് "സംസ്ഥാന" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

185. ഖണ്ഡം 8(4) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(ആർ)-ൽ "ആവശ്യമായ" എന്നതിനുശേഷം "അദ്ധ്യാപക" എന്ന് ചേർക്കുക.

197. ഖണ്ഡം 8(4) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(എസ്)-ൽ "അദ്ധ്യാപക/" എന്ന വാക്കും ചിഹ്നവും ഒഴിവാക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

189. ഖണ്ഡം 8(4) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 7(ആർ)-ൽ "യോഗ്യത" എന്നതിനുപകരം "യോഗ്യതകൾ" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

206. ഖണ്ഡം 8(4) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(എസ്)-ൽ "തസ്തികകളിലേക്ക്" എന്നതിനുശേഷം "നിർണ്ണയിക്കപ്പെട്ട യോഗ്യത ഉള്ളവരെ പി എസ് സി വഴി" എന്ന് ചേർക്കുക.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ശ്രീ. രമേശ് ചെന്നിത്തലയുടെ 186-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

186. ഖണ്ഡം 8(4) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(ആർ)-ൽ "സർക്കാരിന്റെ" എന്നതിനുമുമ്പ് "സംസ്ഥാന" എന്ന് ചേർക്കുക.

മി. സ്പീക്കർ: 180-ാം നമ്പർ ഭേദഗതി 179-ാം നമ്പർ ഭേദഗതിക്കും 198-ാം നമ്പർ ഭേദഗതി 197-ാം നമ്പർ ഭേദഗതിക്കും 200, 201, 202 എന്നീ നമ്പർ ഭേദഗതികൾ 199-ാം നമ്പർ ഭേദഗതിക്കും 204-ാം നമ്പർ ഭേദഗതി 205-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതിയും ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച 186-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 178, 199 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 179, 205 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 183-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 185, 197 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 189-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

216. ഖണ്ഡം 9(1) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(1)-ൽ "എന്ന വാക്ക് വിട്ടുകളയേണ്ടതും" എന്നതിന് പകരം "എന്ന വാക്കിനു പകരം ഫാക്കൽറ്റികളുടെയോ" എന്ന് ചേർക്കുക.

223. ഖണ്ഡം 9(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(2)-ൽ "അതതു" എന്നതിന് പകരം "അതത്" എന്ന് ചേർക്കുക.

233. ഖണ്ഡം 9(3) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(7)-ൽ" അവസാനമായി" എന്നതിനു പകരം "വിനിയോഗിക്കാവുന്നതുമാണ്. എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം" എന്ന് ചേർക്കുക.

245. ഖണ്ഡം 9(4) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(8)-ൽ "കർത്തവ്യം" എന്നതിന് പകരം "ചുമതല" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

217. ഖണ്ഡം 9(1) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(1)-ൽ "ബന്ധപ്പെട്ട ഏതൊരു രേഖയും" എന്നതിന് പകരം "ബന്ധപ്പെട്ട ഡിജിറ്റലായി സൂക്ഷിക്കുന്നവ അടക്കമുള്ള ഏതൊരു രേഖയും" എന്ന് ചേർക്കുക.

228. ഖണ്ഡം 9(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(2)-ൽ "മുമ്പായി" എന്നതിന് പകരം "മുൻപായി" എന്ന് ചേർക്കുക.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

218. ഖണ്ഡം 9(1) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(1)-ൽ "ഡിജിറ്റലായി" എന്നതിന് പകരം "ഡിജിറ്റലായോ ഇലക്ട്രോണിക്ക് രൂപത്തിലോ" എന്ന് ചേർക്കുക.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

229. ഖണ്ഡം 9(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(2)-ൽ "ചുമതല" എന്നതിന് ശേഷം "സർവ്വകലാശാല" എന്ന് ചേർക്കുക.

246. ഖണ്ഡം 9(4) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(8)-ൽ "കർത്തവ്യം" എന്നതിന് ശേഷം "സർവ്വകലാശാല" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

234. ഖണ്ഡം 9(3) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(7)-ൽ "അധികാര സ്ഥാപനം" എന്നതിന് പകരം " അധികാരസ്ഥാപനം" എന്ന് ചേർക്കുക.

240. ഖണ്ഡം 9(4) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(8)-ൽ " സമയബന്ധിതമായി" എന്നതിന് പകരം "കൃത്യതയും സമയബന്ധിതമായും" എന്ന് ചേർക്കുക.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

235. ഖണ്ഡം 9(3) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(7)-ൽ "അത്തരം" എന്നതിന് പകരം " അപ്രകാരമുള്ള" എന്ന് ചേർക്കുക.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

238. ഖണ്ഡം 9(4) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(8)-ൽ " വിവരവും" എന്നതിനുശേഷം"തൽസമയം പ്രാബല്യത്തിലിരിക്കുന്ന നിയമങ്ങൾ, ചട്ടങ്ങൾ, സ്റ്റാറ്റ്യൂട്ടുകൾ എന്നിവ പ്രകാരം" എന്ന ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

മി. സ്പീക്കർ: 219, 221 എന്നീ നമ്പർ ഭേദഗതികൾ 218-ാം നമ്പർ ഭേദഗതിക്കും 239-ാം നമ്പർ ഭേദഗതി 238-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 216, 223, 233, 245 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 217, 228 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 229, 246 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 234, 240 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 235-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 238-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

(ഭേദഗതിയില്ല.)

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

252. ഖണ്ഡം 11(v) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 10(1)-ൽ (x)-ാം ഇനത്തിൽ "ജോയിന്റ് ഡയറക്ടർ" എന്നതിന് പകരം "ഡെപ്യൂട്ടി ഡയറക്ടർ " എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

260. ഖണ്ഡം 11(4) പ്രകാരം പ്രധാന ആക്ടിൽ കൂട്ടി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(8) താഴെപ്പറയും പ്രകാരം മാറ്റുക. "(8) സർവ്വകലാശാലയിലെ ഗവേണിംഗ് കൗൺസിൽ അംഗങ്ങൾ സെനറ്റിൽ സ്വാഭാവിക അംഗങ്ങളായിരിക്കുന്നതും സെനറ്റിന്റെ ക്വാറം നിർണ്ണയിക്കുന്നതിനും വോട്ടെടുപ്പിലും ഉൾപ്പെടുന്നതുമാണ് "

മി. സ്പീക്കർ: 253-ാം നമ്പർ ഭേദഗതി 252-ാം നമ്പർ ഭേദഗതിക്കും 261-ാം നമ്പർ ഭേദഗതി 260-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി അവതരിപ്പിച്ച 252-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പന്ത്രണ്ടാം വകുപ്പ്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

684. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12-ൽ

(i) (2)-ാം ഇനമായ "2. തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ:" എന്നതിൽ,

(i) " വോട്ട് വഴി തെരഞ്ഞെടുക്കപ്പെട്ട ഒരാൾ;" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "ഒറ്റ വോട്ട് വഴി തെരഞ്ഞെടുക്കപ്പെട്ട മൂന്നുപേർ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്;" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

(ii) " 3. നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ:" എന്നതിൽ,-

(എ) (i)-ാം ഇനത്തിൽ, " രണ്ട് നിയമസഭാംഗങ്ങൾ" എന്നീ വാക്കുകൾക്ക് പകരം "മൂന്ന് നിയമസഭാംഗങ്ങൾ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

(ബി) (ix)-ാം ഇനത്തിന് ശേഷമുള്ള ക്ലിപ്തനിബന്ധന ഒഴിവാക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

262. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12-ൽ "ഭരണനിർവ്വഹണ സമിതി" എന്നതിന് പകരം "ഭരണ നിർവ്വഹണ സമിതി" എന്ന് ചേർക്കുക.

263. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 1-ൽ "എക്സ്ഒഫിഷ്യോ" എന്നതിന് പകരം "എക്സ്-ഒഫിഷ്യോ" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

269. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 1(ii)-ൽ "പ്രോ-വൈസ്-ചാൻസലർ" എന്നതിന് പകരം "പ്രോ-വൈസ്ചാൻസലർ" എന്ന് ചേർക്കുക.

281. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 2(ii)-ൽ "വോട്ടുവഴി" എന്നതിന് പകരം "വോട്ട് വഴി" എന്ന് ചേർക്കുക.

298. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 (3) (i)-ൽ " രണ്ട്" എന്നത് " മൂന്ന്" എന്ന് ചേർക്കുക.

315. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 12 3(v)-ൽ "മത്സ്യ കർഷക പ്രതിനിധി" എന്നതിന് പകരം "മത്സ്യത്തൊഴിലാളി പ്രതിനിധി" എന്ന് ചേർക്കുക.

329. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12(3)(ix)-ൽ "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്നതിന് ശേഷം "മത്സ്യത്തൊഴിലാളി സമൂഹത്തിനിടയിൽ പ്രവർത്തിക്കുന്ന" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

266. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 1-ൽ "ഓഫീഷ്യോ" എന്നതിന് പകരം "ഒഫീഷ്യോ" എന്ന് ചേർക്കുക.

268. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 1(i)-ൽ "വൈസ് ചാൻസലർ" എന്നതിന് പകരം "വൈസ്-ചാൻസലർ" എന്ന വാക്കുകളും ചിഹ്നവുംചേർക്കുക.

271. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 1(vii)-ൽ "ഓരോ പ്രാവശ്യത്തെയും ക്രമം" എന്നതിന് പകരം "ഓരോ പ്രാവശ്യത്തേയും നിയമനക്രമം" എന്ന് ചേർക്കുക.

276. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 2(i)-ൽ "ഒരാൾ" എന്നതിന് പകരം "ഒരു അംഗം" എന്ന് ചേർക്കുക.

286. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 2(ii)-ന്റെ ക്ലിപ്തനിബന്ധനയിൽ "അംഗങ്ങൾക്കോ" എന്നതിന് പകരം "അംഗത്തിനോ" എന്ന് ചേർക്കുക.

292. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 (2) (ii)-ന്റെ ക്ലിപ്ത നിബന്ധനയിൽ " തെരഞ്ഞെടുക്കപ്പെടുവാൻ" എന്നതിന് പകരം" മത്സരിക്കുവാൻ" എന്ന് ചേർക്കുക.

313. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 3(v)-ൽ "ചെയ്യുന്ന" എന്നതിന് ശേഷം "ഒരു" എന്ന് ചേർക്കുക.

323. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12(3)(vii)-ൽ "രജിസ്റ്റേർഡ് മത്സ്യതൊഴിലാളി സംഘടനയിൽ" എന്നതിന് പകരം "അംഗീകൃത മത്സ്യത്തൊഴിലാളി സംഘടനകളിൽ" എന്ന് ചേർക്കുക.

326. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12(3)(viii)-ൽ "ഫിഷറീസ്" എന്നതിന് പകരം "മത്സ്യബന്ധന" എന്ന് ചേർക്കുക.

327. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12(3)(viii)-ൽ "രംഗത്തു" എന്നതിന് പകരം "രംഗത്ത്" എന്ന് ചേർക്കുക.

328. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12(3)(viii)-ൽ "പ്രതിനിധി ;" എന്നതിന് ശേഷം "കൂടാതെ" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

273. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 1(vii)-ൽ "ഇംഗ്ലീഷ് അക്ഷര മാല" എന്നതിനു പകരം "സീനിയോറിറ്റി" എന്നു ചേർക്കുക.

275. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 2(i)-ൽ "തെരഞ്ഞെടുക്കപ്പെട്ട" എന്നതിന് പകരം "തെരഞ്ഞെടുക്കപ്പെടുന്ന" എന്ന് ചേർക്കുക.

284. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 2(ii)-ൽ "തെരഞ്ഞെടുക്കപ്പെട്ട" എന്നതിന് പകരം "തെരഞ്ഞെടുക്കപ്പെടുന്ന" എന്ന് ചേർക്കുക.

291. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 2(ii)-ന്റെ ക്ലിപ്തനിബന്ധനയിൽ "തുടർച്ചയായി" എന്നതിനുശേഷം "രണ്ട് തവണയിൽ കൂടുതൽ" എന്ന് ചേർക്കുക.

314. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 3(v)-ൽ "മത്സ്യ" എന്നതിന് മുൻപ് "ഒരു" എന്ന് ചേർക്കുക.

333. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12(3)(ix)-ന്റെ ക്ലിപ്തനിബന്ധനയിൽ "നാമനിർദ്ദേശം" എന്നതിന് മുൻപായി "ഒരിക്കൽ" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

274. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 2(i)-ൽ "വോട്ട് വഴി" എന്നതിനു പകരം "വോട്ടെടുപ്പിലൂടെ" എന്ന് ചേർക്കുക.

282. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 2(ii)-ൽ "വോട്ടുവഴി" എന്നതിന് പകരം "വോട്ടെടുപ്പിലൂടെ" എന്ന് ചേർക്കുക.

285. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 2(ii)-ന്റെ ക്ലിപ്തനിബന്ധനയിൽ "തെരഞ്ഞെടുക്കപ്പെടുന്ന" എന്നതിന് പകരം "തെരഞ്ഞെടുക്കപ്പെട്ട" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

288. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 2(ii)-ന്റെ ക്ലിപ്തനിബന്ധനയിൽ "അംഗത്തിനോ" എന്നതിന് ശേഷം "മൂന്നു തവണ" എന്ന് ചേർക്കുക.

302. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 (3) (iii)-ൽ " പരിജ്ഞാനമുള്ള " എന്നതിന് പകരം " പരിജ്ഞാനം തെളിയിച്ച " എന്ന് ചേർക്കുക.

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

303. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12(3)(iii) താഴെ പറയും പ്രകാരം മാറ്റുക:

"(iii) മത്സ്യത്തൊഴിലാളി സമൂഹത്തിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ഫിഷറീസ് - സമുദ്ര പഠനമേഖലയിൽ പരിജ്ഞാനമുള്ള ഒരു പ്രതിനിധി;"

317. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 3(vi)-ൽ "പ്രാവീണ്യമുള്ള" എന്നതിന് പകരം "പ്രാവീണ്യം തെളിയിച്ച" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

324. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12(3)(vii)-ൽ "സംഘടനയിൽ" എന്നത് "സംഘടനകളിൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 264, 265 എന്നീ നമ്പർ ഭേദഗതികൾ 263-ാം നമ്പർ ഭേദഗതിക്കും 267-ാം നമ്പർ ഭേദഗതി 266-ാം നമ്പർ ഭേദഗതിക്കും 270-ാം നമ്പർ ഭേദഗതി 269-ാം നമ്പർ ഭേദഗതിക്കും 283-ാം നമ്പർ ഭേദഗതി 281-ാം നമ്പർ ഭേദഗതിക്കും 289, 290 എന്നീ നമ്പർ ഭേദഗതികൾ 288-ാം നമ്പർ ഭേദഗതിക്കും 293, 294, 295, 296, 297 എന്നീ നമ്പർ ഭേദഗതികൾ 298-ാം നമ്പർ ഭേദഗതിക്കും 301-ാം നമ്പർ ഭേദഗതി 302-ാം നമ്പർ ഭേദഗതിക്കും 304, 305, 306, 307 എന്നീ നമ്പർ ഭേദഗതികൾ 303-ാം നമ്പർ ഭേദഗതിക്കും 312-ാം നമ്പർ ഭേദഗതി 313-ാം നമ്പർ ഭേദഗതിക്കും 316, 318 എന്നീ നമ്പർ ഭേദഗതികൾ 317-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 271-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 271-ാം നമ്പർ ഭേഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 262, 263, 269, 281, 298, 315, 329 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 266, 268, 276, 286, 292, 313, 323, 326, 327, 328 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 273, 275, 284, 291, 314, 333 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 274, 282, 285 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 288, 302 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 303, 317 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 324-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിമൂന്നാം വകുപ്പ്

(ഭേദഗതിയില്ല.)

മി. സ്പീക്കർ: പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാലാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

336. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1)-ൽ "പരമാധികാരസ്ഥാനം" എന്നതിനുപകരം "പരമാധികാര സ്ഥാനം" എന്ന് ചേർക്കുക.

337. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1)-ൽ "മറ്റും" എന്നതിനുപകരം "മറ്റ്" എന്ന് ചേർക്കുക.

338. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1)-ൽ "മറ്റുവിധത്തിൽ" എന്നതിനുപകരം "മറ്റ് വിധത്തിൽ" എന്ന് ചേർക്കുക.

339. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1)-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "ആ പ്രശ്നത്തിന്മേൽ" എന്നതിനുപകരം ", പ്രസ്തുത പ്രശ്നത്തിന്മേൽ" എന്ന ചിഹ്നവും വാക്കുകളും ചേർക്കുക.

342. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1)-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "നാലുമാസത്തിനുള്ളിൽ" എന്നതിനുപകരം "നാല് മാസത്തിനുള്ളിൽ" എന്ന് ചേർക്കുക.

351. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(2)-ൽ "മറ്റു" എന്നതിനുപകരം "മറ്റ്" എന്ന് ചേർക്കുക.

357. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(2)(ഡി) "ആവശ്യമെന്ന്" എന്നതിന് മുന്നിലായി "അത്" എന്ന് ചേർക്കുക.

360. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(2)(ഡി) ൽ "അനുമതിയോടുകൂടി" എന്നതിന് പകരം "അനുമതിയോട് കൂടി" എന്ന് ചേർക്കുക.

364. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(2)(ജി)-ൽ “ സംബന്ധിച്ച" എന്നതിന് പകരം "സംബന്ധിച്ച്” എന്ന് ചേർക്കുക.

365. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(2)(എച്ച്)-ൽ “ റെഗുലേഷനുകളിലേയോ" എന്നതിന് പകരം "റെഗുലേഷനുകളിലെയോ” എന്ന് ചേർക്കുക.

371. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(2)(എച്ച്)-ൽ “ നടത്തിയ ഏതെങ്കിലും" എന്നതിന് ശേഷം "പരീക്ഷയിൽ ഏതെങ്കിലും" എന്ന് ചേർക്കുക.

382. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(2)(ഒ)-ൽ "ആവശ്യമെന്നു" എന്നതിന് പകരം "ആവശ്യമെന്ന് അത് " എന്ന് ചേർക്കുക.

386. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14 (2) (പി)-ൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

387. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14 (2) (ക്യൂ)-ൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

389. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14 (2) (ആർ)-ൽ "മറ്റു" എന്ന വാക്ക് വരുന്നിടത്തെല്ലാം"മറ്റ്" എന്ന് ചേർക്കുക.

390. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14 (2) (ആർ)-ൽ "പിരിച്ചു" എന്നതിന് പകരം "പിരിച്ച്" എന്ന് ചേർക്കുക.

395. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14 (2)(യു)-ൽ "അവയുടെ ഫലം" എന്നതിന് പകരം "പരീക്ഷാഫലം" എന്ന് ചേർക്കുക.

398. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14 (2)(ഡബ്ല്യു)-ൽ "വൈസ് ചാൻസലർക്കോ" എന്നതിന് പകരം "വൈസ്-ചാൻസലർക്കോ" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

399. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14 (2)(ഡബ്ല്യു)-ൽ "അംഗങ്ങളുടെ ഇടയിൽ" എന്നതിന് പകരം "അംഗങ്ങളിൽ" എന്ന് ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

346. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "അന്തിമമായി തീരുന്നതാണ്" എന്നതിനുപകരം "അന്തിമമായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

352. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(2)(എ)-ൽ "ചെയ്യുന്നതിന്" എന്നതിനു പകരം "ചെയ്യുന്നതിനായി" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

374. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(2)(ഐ)-യിൽ "നടത്തി" എന്നതിന് ശേഷം "സമയബന്ധിതമായി" എന്ന് ചേർക്കുക.

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

380. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(2)(എൻ)-ൽ "എന്നിവയുടെ" എന്നതിന് ശേഷം "ശരിയായ പരിപാലനം ഉറപ്പുവരുത്തുന്നതിനായുള്ള" എന്ന് ചേർക്കുക.

402.ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14 (2)(വൈ)-ൽ "കർത്തവ്യങ്ങൾ" എന്നതിന് ശേഷം "സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

383. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(2)(ഒ)-ൽ "കരുതുന്ന" എന്നതിന് പകരം "കരുതുന്നയിടങ്ങളിൽ " എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

397. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14 (2)(വി) ചുവടെപ്പറയും പ്രകാരം മാറ്റുക.

"(വി) സർവ്വകലാശാലയിലെ പരീക്ഷകരുടെ പാനൽ, ഇന്റർവ്യൂ ബോർഡ് മറ്റ് കമ്മിറ്റികൾ എന്നിവയിൽ വിദഗ്ദ്ധരെ നിയോഗിക്കുകയും അങ്ങനെ നിയോഗിക്കപ്പെടുന്ന വിദഗ്ദ്ധരുടെ പ്രതിഫലം നിശ്ചയിക്കുകയും ചെയ്യുക;"

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

400. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14 (2)(എക്സ്)-ൽ "പരിഗണനയ്ക്കെടുക്കുക" എന്നതിന് പകരം "പരിഗണിച്ച് ആവശ്യമായ ശിപാർശ നൽകുക" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

403. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14 (3)-ൽ "ഉത്തരവാദിത്വം" എന്നതിന് പകരം "ഉത്തരവാദിത്തം" എന്ന് ചേർക്കുക.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതിയും ശ്രീ. പി. അബ്ദുൽ ഹമീദിന്റെ 369-ാം നമ്പർ ഭേദഗതിയും ശ്രീ. എച്ച്. സലാമിന്റെ 370, 396 എന്നീ നമ്പർ ഭേദഗതികളും ഔദ്യോഗിക ഭേദഗതികളായും അവതരിപ്പിക്കുന്നു.

14-ാം ഖണ്ഡത്തിലെ പ്രധാന ആക്റ്റിൽ ചേർക്കുന്ന 14-ാം വകുപ്പിന്റെ രണ്ടാം ഉപവകുപ്പിലെ (ക്യൂ) ഇനത്തിൽ ഇനിപറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്. "എന്നാൽ നിശ്ചിത കാലയളവിലേയ്ക്ക് കരാർ അല്ലെങ്കിൽ ദിവസ വേതനാടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിക്കാവുന്നതും അവയിൽ നിയമനം നടത്താവുന്നതുമാണ്"

369. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(2)(എച്ച്) ൽ " ബിരുദമോ" എന്നതിന് ശേഷം "ബിരുദാനന്തര ബിരുദമോ" എന്ന് ചേർക്കുക.

370. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(2)(എച്ച്)-ൽ " സർവ്വകലാശാല നടത്തിയ" എന്നതിന് ശേഷം "പരീക്ഷയിൽ" എന്ന് ചേർക്കുക.

396. ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14 (2)(യു)-ൽ "പ്രസിദ്ധപ്പെടുത്തുകയും" എന്നതിന് ശേഷം "പരീക്ഷകളിലെ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തുകയും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 347, 348, 349, 350 എന്നീ നമ്പർ ഭേദഗതികൾ 346-ാം നമ്പർ ഭേദഗതിക്കും 353-ാം നമ്പർ ഭേദഗതി 352-ാം നമ്പർ ഭേദഗതിക്കും 363-ാം നമ്പർ ഭേദഗതി 364-ാം നമ്പർ ഭേദഗതിക്കും 381-ാം നമ്പർ ഭേദഗതി 380-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും മന്ത്രി അവതരിപ്പിച്ച 369, 370, 396 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 336, 337, 338, 339, 342, 351, 357, 360, 364, 365, 371, 382, 386, 387, 389, 390, 395, 398, 399 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 346, 352 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 374-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 380, 402 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 383-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 397-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 400-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 403-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനഞ്ചാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

404. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(1)-ൽ "സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

406. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(1)-ൽ "വൈസ് ചാൻസലർ" എന്ന് വരുന്നിടത്തെല്ലാം പകരം "വൈസ്-ചാൻസലർ" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

415. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(1)-ൽ "മൂന്നിൽ ഒന്നിൽ" എന്നതിനുമുൻപായി "അംഗങ്ങളുടെ എണ്ണത്തിന്റെ" എന്ന് ചേർക്കുക.

417. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(1)-ൽ "ഒപ്പുവച്ച" എന്നതിനുപകരം "ഒപ്പ് വെച്ച" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

411. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(1)-ൽ "തീയതിയിൽ" എന്നതിന് പകരം "പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

412. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(1)-ൽ "തീയതിയിൽ" എന്നതിന് പകരം "തീയതിയിലും സ്ഥലത്തും" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

418. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(1)-ൽ "ലിഖിതമായ" എന്നതിനുപകരം "രേഖാമൂലം" എന്ന് ചേർക്കുക.

മി. സ്പീക്കർ: 419, 420, 421 എന്നീ നമ്പർ ഭേദഗതികൾ 418-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 404, 406, 415, 417 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 411-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 412-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 418-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാറാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

424. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)-ൽ "നാല്പ" എന്നതിന് പകരം "നാല് " എന്ന് ചേർക്കുക.

441. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)(xii)-ൽ "വോട്ടു" എന്നതിന് പകരം "വോട്ട്" എന്ന് ചേർക്കുക.

450. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)(xiii)-ൽ "വോട്ടുവഴി" എന്നതിന് പകരം "വോട്ട് വഴി" എന്ന് ചേർക്കുക.

454. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)(xiv)-ൽ "വോട്ടു" എന്നതിനുപകരം "വോട്ട്" എന്ന് ചേർക്കുക.

463. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(2)-ൽ "മൂന്നുമാസത്തിലൊരിക്കൽ" എന്നതിന് പകരം "മൂന്ന് മാസത്തിലൊരിക്കൽ" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

425. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)- ൽ "നാല്യ വർഷം കൂടുമ്പോഴും ചാൻസലർ വിജ്ഞാപനം വഴി അതു" എന്നതിന് പകരം "നാല് വർഷം കൂടുമ്പോഴും ചാൻസലർ, വിജ്ഞാപനം വഴി അത്" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

426. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)(i)- ൽ "വൈസ് ചാൻസലർ" എന്നതിന് പകരം "വൈസ്-ചാൻസലർ" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

427. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)(ii)- ൽ "പ്രോ-വൈസ് ചാൻസലർ" എന്ന വാക്കുകൾക്കും ചിഹ്നത്തിനും പകരം "പ്രോ-വൈസ്-ചാൻസലർ" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

429. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)(vi)- ൽ "ഫിഷറീസ് വകുപ്പിലെ ജോയിന്റ് ഡയറക്ടർ" എന്നതിന് പകരം "മത്സ്യബന്ധന വകുപ്പിലെ ജോയിന്റ് ഡയറക്ടറുടെ " എന്ന് ചേർക്കുക.

430. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)(x)- ൽ "ചെയ്തു," എന്ന വാക്കിനും ചിഹ്നത്തിനും പകരം "ചെയ്യുന്ന " എന്ന് ചേർക്കുക.

432. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)(x)-ൽ "പുറത്തുനിന്നുള്ള" എന്നതിന് പകരം "പുറത്ത് നിന്നുള്ള" എന്ന് ചേർക്കുക.

434. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 (1) (xi)-ൽ " ചെയ്തു," എന്ന വാക്കിനും ചിഹ്നത്തിനും പകരം " ചെയ്യുന്ന" എന്ന് ചേർക്കുക.

435. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)(xi)-ൽ "പുറത്തുനിന്നുള്ള" എന്നതിന് പകരം " പുറത്ത് നിന്നുള്ള" എന്ന് ചേർക്കുക.

439. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)(xii)-ൽ "വകുപ്പു" എന്നതിന് പകരം "വകുപ്പ് " എന്ന് ചേർക്കുക.

464. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(2)-ൽ "അദ്ധ്യക്ഷ" എന്നതിന് മുന്നിലായി "യോഗത്തിന്റെ" എന്ന് ചേർക്കുക.

470. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(3)-ൽ "ഒന്നായിരിക്കുന്നതാണ്" എന്നതിന് പകരം "ഒന്ന് ആയിരിക്കുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

428. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)(iii)- ൽ "എല്ലാ" എന്നതിന് മുൻപിലായി "സർവ്വകലാശാലയിലെ" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

436. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)(xi)-ൽ "പുറത്തുനിന്നുള്ള" എന്നതിന് ശേഷം " ," എന്ന ചിഹ്നം ചേർക്കുക.

442. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)(xii)-ൽ "വോട്ടു വഴി" എന്നതിന് പകരം "വോട്ടെടുപ്പിലൂടെ" എന്ന് ചേർക്കുക.

443. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)(xii)-ൽ "തെരഞ്ഞെടുക്കുന്ന" എന്നതിന് പകരം "തെരഞ്ഞെടുക്കപ്പെടുന്ന" എന്ന് ചേർക്കുക.

452. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)(xiii)-ൽ "വോട്ടുവഴി" എന്നതിന് പകരം "വോട്ടെടുപ്പിലൂടെ" എന്ന് ചേർക്കുക.

455. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)(xiv)-ൽ "വോട്ടു വഴി" എന്നതിന് പകരം "വോട്ടെടുപ്പിലൂടെ" എന്ന് ചേർക്കുക.

460. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)(xv)-ൽ "വോട്ട് വഴി" എന്നതിന് പകരം "വോട്ടെടുപ്പിലൂടെ" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

446. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)(xiii)-ൽ "വോട്ടുവഴി" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

465. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(2) താഴെ പറയും പ്രകാരം മാറ്റുക

"(2) അക്കാഡമിക് കൗൺസിൽ കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്. വൈസ് ചാൻസലറുടെ അഭാവത്തിൽ പ്രോ-വൈസ് ചാൻസലർ അക്കാഡമിക് കൗൺസിലിൽ അദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്"

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

468. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(3)-ൽ "മൂന്നിൽ ഒന്നായിരിക്കുന്നതാണ്" എന്നതിന് പകരം "മൂന്നിലൊന്നായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 440-ാം നമ്പർ ഭേദഗതി 441-ാം നമ്പർ ഭേദഗതിക്കും 447, 448, 449 എന്നീ നമ്പർ ഭേദഗതികൾ 446-ാം നമ്പർ ഭേദഗതിക്കും 451-ാം നമ്പർ ഭേദഗതി 450-ാം നമ്പർ ഭേദഗതിക്കും 453-ാം നമ്പർ ഭേദഗതി 454-ാം നമ്പർ ഭേദഗതിക്കും 462-ാം നമ്പർ ഭേദഗതി 463-ാം നമ്പർ ഭേദഗതിക്കും 466, 467 എന്നീ നമ്പർ ഭേദഗതികൾ 465-ാം നമ്പർ ഭേദഗതിക്കും 469-ാം നമ്പർ ഭേദഗതി 468-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 424, 441, 450, 454, 463 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 425, 426, 427, 429, 430, 432, 434, 435, 439, 464, 470 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 428-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 436, 442, 443, 452, 455, 460 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 446-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 465-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 468-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനേഴാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

471. ഖണ്ഡം 17(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 18(2)(ഡി)-ൽ " മറ്റു" എന്നതിനു പകരം " മറ്റ്" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

475. ഖണ്ഡം 17(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 18(2)(ജെ)-ൽ " അംഗീകരിക്കുകയോ, രൂപഭേദപ്പെടുത്തുകയോ,പരിഷ്കരിക്കുകയോ ചെയ്യുക" എന്നതിനു പകരം " അംഗീകരിച്ചോ, രൂപഭേദപ്പെടുത്തിയോ, പരിഷ്കരിച്ചോ നടപ്പാക്കുക" എന്ന് ചേർക്കുക.

മി. സ്പീക്കർ: 476, 477 എന്നീ നമ്പർ ഭേദഗതികൾ 475-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 471-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 475-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനെട്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

479. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19(1)-ൽ " പുനസംഘടിപ്പിക്കേണ്ടതുമാണ്" എന്നതിന് പകരം " പുനഃസംഘടിപ്പിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

496. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19 (1)(xiv)-ൽ "മത്സ്യബന്ധന വ്യവസായികളിൽ" എന്നതിന് പകരം "മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട വ്യവസായ സംരംഭമുള്ള" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

481. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19(1)-ൽ " പുനസംഘടിപ്പിക്കേണ്ടതുമാണ്" എന്നതിന് പകരം " അത് പുനഃസംഘടിപ്പിക്കേണ്ടതുമാണ്" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

482. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19(1)(vi) -ൽ "ചെയ്ത" എന്നതിന് പകരം " ചെയ്യുന്ന" എന്ന് ചേർക്കുക.

489. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19(1)(xi) -ൽ " ഫിഷറീസ് വകുപ്പിലെ ജോയിന്റ് ഡയറക്ടർ" എന്നതിന് പകരം " മത്സ്യബന്ധന വകുപ്പിലെ ജോയിന്റ് ഡയറക്ടറുടെ" എന്ന് ചേർക്കുക.

490. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19(1)(xii) -ൽ " ചെയ്ത" എന്നതിന് പകരം " ചെയ്യുന്ന" എന്ന് ചേർക്കുക.

492. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19 (1)(xiii)-ൽ "ചെയ്ത" എന്നതിന് പകരം "ചെയ്യുന്ന" എന്ന് ചേർക്കുക.

495. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19 (1)(xiv)-ൽ "ചെയ്ത" എന്നതിന് പകരം "ചെയ്യുന്ന" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

493. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19 (1)(xiii)-ൽ "ചെയ്ത" എന്നതിന് ശേഷം "മികച്ച" എന്ന് ചേർക്കുക.

503. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19 (2)-ൽ "അംഗീകരിക്കുക" എന്നതിന് ശേഷം "ബന്ധപ്പെട്ട മേഖലയിലെ പ്രശ്നങ്ങൾക്കുള്ള പ്രായോഗിക നിർദ്ദേശങ്ങളടങ്ങിയ ഗവേഷണ ഫലങ്ങൾ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുക" എന്ന് ചേർക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

497. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19 (1)(xiv) ചുവടെപ്പറയും പ്രകാരം മാറ്റുക:

"(xiv) മത്സ്യത്തൊഴിലാളി പ്രതിനിധി"

മി. സ്പീക്കർ: 480-ാം നമ്പർ ഭേദഗതി 479-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 479, 496 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 481, 482, 489, 490, 492, 495 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 493, 503 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 497-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്തൊൻപതാം വകുപ്പ്

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

504. ഖണ്ഡം 19 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19 എ-ൽ "എക്സ്റ്റൻഷൻ കൗൺസിൽ" എന്നു വരുന്നിടത്തെല്ലാം "വിജ്ഞാന വ്യാപന സമിതി " എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

506. ഖണ്ഡം 19 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19 എ (1)-ൽ "നാലു" എന്നതിന് പകരം "നാല് " എന്ന് ചേർക്കുക.

508. ഖണ്ഡം 19 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19 എ (1)-ൽ "വഴി" എന്നതിന് ശേഷം "അത്" എന്ന് ചേർക്കുക.

509. ഖണ്ഡം 19 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19 എ (1)(vii)-ൽ "ചെയ്തു" എന്നതിന് പകരം "ചെയ്യുന്ന" എന്ന് ചേർക്കുക.

513. ഖണ്ഡം 19 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19 എ (1)(viii)-ൽ "ചെയ്ത" എന്നതിന് പകരം "ചെയ്യുന്ന" എന്ന് ചേർക്കുക.

515. ഖണ്ഡം 19 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19 എ (1) (ix)-ൽ "ചെയ്ത" എന്നതിന് പകരം "ചെയ്യുന്ന അംഗീകൃത മത്സ്യത്തൊഴിലാളി സംഘടനയിൽ നിന്നുള്ള" എന്ന് ചേർക്കുക.

516. ഖണ്ഡം 19 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19 എ (1) (x)-ൽ "ഫിഷറീസ് വകുപ്പിലെ ജോയിന്റ് ഡയറക്ടർ" എന്നതിന് പകരം "മത്സ്യബന്ധന വകുപ്പിലെ ജോയിന്റ് ഡയറക്ടറുടെ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

519. ഖണ്ഡം 19 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19 എ (2)-ൽ "വിദ്യാഭ്യാസം" എന്നതിന് മുൻപായി "വ്യാപന" എന്ന് ചേർക്കുക.

മി. ചെയർമാൻ: 507-ാം നമ്പർ ഭേദഗതി 506-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 504-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 506, 508, 509, 513, 515, 516 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 519-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5.00 pm]

<u>ഇരുപതാം വകുപ്പ്</u>

(ഭേദഗതിയില്ല)

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയൊന്നാം വകുപ്പ്</u>

(ഭേദഗതിയില്ല)

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിരണ്ടാം വകുപ്പ്</u>

(ഭേദഗതിയില്ല)

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിമൂന്നാം വകുപ്പ്</u>

(ഭേദഗതിയില്ല)

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിനാലാം വകുപ്പ്</u>

(ഭേദഗതിയില്ല)

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിഅഞ്ചാം വകുപ്പ്</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

525. ഖണ്ഡം 25 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 25(3)-ൽ "വിനിർദ്ദേശിച്ചേക്കാവുന്ന" എന്നതിന് പകരം "വിനിർദ്ദേശിച്ചിട്ടുള്ള" എന്ന് ചേർക്കുക.

526. ഖണ്ഡം 25 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 25(3)-ൽ "സിലബസ്സുകളും" എന്നതിന് പകരം "സിലബസുകളും" എന്ന് ചേർക്കുക.

531. ഖണ്ഡം 25 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 25(4)(iii)-ൽ "വിഷയവിദഗ്ദ്ധർ" എന്നതിന് പകരം "വിഷയ വിദഗ്ദ്ധർ" എന്ന് ചേർക്കുക.

534. ഖണ്ഡം 25 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 25 (4) (iv) താഴെപ്പറയും പ്രകാരം മാറ്റുക.

"(iv) അതാത് ഫാക്കൽറ്റിയിലെ വകുപ്പ് മേധാവികൾ ഒഴികെയുള്ള അസോസിയേറ്റ് പ്രൊഫസർമാർ അവർക്കിടയിൽ നിന്നും വോട്ട് വഴി തെരഞ്ഞെടുക്കുന്ന രണ്ട് പേർ; കൂടാതെ"

537. ഖണ്ഡം 25 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 25(4)(v) താഴെപ്പറയും പ്രകാരം മാറ്റുക.

"(v) അതാത് ഫാക്കൽറ്റിയിലെ വകുപ്പ് മേധാവികൾ ഒഴികെയുള്ള അസിസ്റ്റന്റ് പ്രൊഫസർമാർ അവർക്കിടയിൽ നിന്നും വോട്ട് വഴി തെരഞ്ഞെടുക്കുന്ന രണ്ട് പേർ."

543. ഖണ്ഡം 25 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 25(6)-ൽ "ഉത്തരവ്" എന്ന വാക്കിന് പകരം ", വിജ്ഞാപനം" എന്ന വാക്കും ചിഹ്നവും ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

529. ഖണ്ഡം 25 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 25(4)(ii)-ൽ "എല്ലാ വകുപ്പുകളുടെയും മേധാവിമാർ" എന്നതിന് പകരം "വകുപ്പുമേധാവികൾ" എന്ന് ചേർക്കുക.

532. ഖണ്ഡം 25 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 25(4)(iv)-ൽ "വോട്ട് വഴി" എന്നതിന് പകരം "വോട്ടെടുപ്പിലൂടെ" എന്ന് ചേർക്കുക.

535. ഖണ്ഡം 25 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 25(4)(v)-ൽ "വോട്ട് വഴി" എന്നതിന് പകരം "വോട്ടെടുപ്പിലൂടെ" എന്ന് ചേർക്കുക.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

538. ഖണ്ഡം 25 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 25(5)-ൽ "അദ്ധ്യാപന, ബോധന" എന്നതിന് പകരം "ബോധന പഠന" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

539. ഖണ്ഡം 25 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 25(5)-ൽ "പ്രക്രിയകൾ," എന്നതിന് ശേഷം "പരിശോധിക്കുക," എന്ന വാക്കും ചിഹ്നവും ചേർക്കുക.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

541. ഖണ്ഡം 25 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 25(5)-ൽ "പുനഃപരിശോധിക്കുക" എന്നതിന് പകരം "പരിശോധിക്കുക" എന്ന് ചേർക്കുക.

മി. സ്പീക്കർ: 540-ാം നമ്പർ ഭേദഗതി 539-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 529-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 529-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 525, 526, 531, 534, 537, 543 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 532, 535 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 538-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 539-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 541-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയാറാം വകുപ്പ്

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

545. ഖണ്ഡം 26 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 25 എ(3)-ൽ "വിശ്വസ്തമായി അനുസരിക്കുന്നതിനും" എന്നതിനുപകരം "പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

548. ഖണ്ഡം 26 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 25 എ(4)-ൽ "മേധാവിയുടെ" എന്നതിന് ശേഷം "ചുമതലയിലുള്ള" എന്ന ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

552. ഖണ്ഡം 26 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 25 എ (5)-ൽ "ഭേദഗതിയോടെയോ" എന്നതിനു പകരം "ഭേദഗതികളോടെയോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 545-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 548-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 552-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയേഴാം വകുപ്പ്

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

553. ഖണ്ഡം 27 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 26(i)-ൽ "പാഠ്യപരവുമായ" എന്നതിനു പകരം "അക്കാദമികവുമായ" എന്ന് ചേർക്കുക.

585. ഖണ്ഡം 27 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 26(xii)-ൽ "ചെയ്യുക" എന്നതിനു പകരം"നൽകുക" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

554. ഖണ്ഡം 27 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 26(i)-ൽ "പാഠ്യപരവുമായ" എന്നതിനു പകരം "അക്കാദമികപരവുമായ" എന്ന് ചേർക്കുക.

560. ഖണ്ഡം 27 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 26(iii)-ൽ "യോഗ്യത" എന്നതിനുപകരം "അടിസ്ഥാന യോഗ്യത" എന്ന് ചേർക്കുക.

564. ഖണ്ഡം 27 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 26(iv)-ൽ "തീരുമാനം എടുക്കേണ്ടപ്പോഴോ" എന്നതിന് പകരം "തീരുമാനം എടുക്കുന്നതിനായോ" എന്ന് ചേർക്കുക.

566. ഖണ്ഡം 27 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 26(vi)(സി)-ൽ "യോഗ്യതകൾ" എന്നതിന് പകരം "അടിസ്ഥാന യോഗ്യതകൾ" എന്ന് ചേർക്കുക.

572. ഖണ്ഡം 27 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 26(vii)-ൽ "അതിൻ കീഴിൽ" എന്നതിന് പകരം "അതിൻകീഴിൽ" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

556. ഖണ്ഡം 27 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 26(i)-ൽ "എടുക്കേണ്ടതാണ്" എന്നതിനു പകരം "തീരുമാനിക്കേണ്ടതാണ്" എന്ന് ചേർക്കുക.

562. ഖണ്ഡം 27 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 26(iv)-ൽ "എപ്പോഴെല്ലാമോ" എന്നതിനു പകരം "എപ്പോഴെല്ലാം" എന്ന് ചേർക്കുക.

567. ഖണ്ഡം 27 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 26(vi)(സി)-ൽ "അവയിൽ നിന്ന് ഒഴിവാക്കാമെന്ന്" എന്നതിന് പകരം "അവയ്ക്ക് ഇളവുകൾ അനുവദിയ്ക്കാമെന്ന്" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

557. ഖണ്ഡം 27 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 26(ii)-ൽ "അതിന്റെ ഫലം" എന്നതിനു പകരം 'പരീക്ഷാ ഫലം" എന്ന് ചേർക്കുക."

558. ഖണ്ഡം 27 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 26(iii)-ൽ "എക്സാമിനർക്കു" എന്നതിനു പകരം "എക്സാമിനർക്ക്" എന്ന് ചേർക്കുക.

563. ഖണ്ഡം 27 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 26(iv)-ൽ "അപ്പോഴെല്ലാമോ," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "അല്ലെങ്കിൽ" എന്ന് ചേർക്കുക.

586. ഖണ്ഡം 27 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 26(xiii)-ൽ "പ്രവർത്തനത്തിന്റെ" എന്നതിനു പകരം "പ്രവർത്തനങ്ങളുടെ" എന്ന് ചേർക്കുക.

588. ഖണ്ഡം 27 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 26(xiv)-ൽ "പഠനബോർഡിന്റെ" എന്നതിനു പകരം "പഠന ബോർഡിന്റെ" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

559. ഖണ്ഡം 27 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 26(iii)-ൽ "എക്സാമിനർക്കു വേണ്ട" എന്നതിനു പകരം "എക്സാമിനർക്ക് ആവശ്യമായ" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

565.ഖണ്ഡം 27 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 26(vi)(ബി)-ൽ "അദ്ധ്യാപകർക്കുള്ള" എന്നതിന് പകരം "അദ്ധ്യാപകർക്കുവേണ്ട നിയമാനുസൃത" എന്ന് ചേർക്കുക.

571. ഖണ്ഡം 27 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 26(vi) (എഫ്)-ൽ "വിജ്ഞാനവ്യാപനം" എന്നതിന് ശേഷം "പരിശീലനം, തുടർ പരിശീലനം" എന്ന് ചേർക്കുക.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

587. ഖണ്ഡം 27 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 26(xiii)-ൽ "വൈസ് ചാൻസലർക്ക്" എന്നതിനുപകരം "സർവ്വകലാശാലാ ഗവേണിംഗ് കൗൺസിലിന്" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 553, 585 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 554, 560, 564, 566, 572 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 556, 562, 567 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 557, 558, 563, 586, 588 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 559-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 565, 571 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 587-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയെട്ടാം വകുപ്പ്</u>

(ഭേദഗതിയില്ല)

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയൊൻപതാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

589. ഖണ്ഡം 29(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 33 (2) -ൽ " സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ" എന്നതിനുപകരം "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദഗ്ദ്ധൻ" എന്ന് ചേർക്കുക.

592. ഖണ്ഡം 29(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 33(2) -ൽ " അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി" എന്നത് ഒഴിവാക്കുക.

596. ഖണ്ഡം 29(1) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 33(2) -ന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "ഐകകണ്ഠേന ഒരു" എന്നതിനു ശേഷം "പേര് " എന്ന് ചേർക്കുക.

603. ഖണ്ഡം 29(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 33(3)-ൽ "വൈസ്-ചാൻസലർക്ക്" എന്നതിന് പകരം "വൈസ് ചാൻസലർക്ക് " എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

594. ഖണ്ഡം 29(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 33(2) -ൽ " വൈസ് ചാൻസലറെ" എന്നതിനു പകരം "വൈസ്-ചാൻസലറെ," എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

601. ഖണ്ഡം 29(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 33(2)ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "പേരു വീതം" എന്നതിന് പകരം "പേര് വീതം " എന്ന് ചേർക്കുക.

604. ഖണ്ഡം 29(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 33(3)-ൽ "ഗ്രാന്റ്സ് കമ്മീഷൻ" എന്നതിനു ശേഷം ", " എന്ന ചിഹ്നം ചേർക്കുക.

609. ഖണ്ഡം 29(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 33(12)-ൽ "നാലുവർഷവും" എന്നതിന് പകരം "നാല് വർഷവും " എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

597. ഖണ്ഡം 29(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 33(2) -ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "ഒരു" എന്നത് ഒഴിവാക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

598. ഖണ്ഡം 29(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 33(2) -ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ ഐകകണ്ഠേന എന്നതിനു ശേഷമുള്ള "ഒരു " എന്ന വാക്കിനു പകരം "ഒരാളെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 590, 591 എന്നീ നമ്പർ ഭേദഗതികൾ 589-ാം നമ്പർ ഭേദഗതിക്കും 599-ാം നമ്പർ ഭേദഗതി 598-ാം നമ്പർ ഭേദഗതിക്കും 605, 606, 607 എന്നീ നമ്പർ ഭേദഗതികൾ 604-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 589, 592, 596, 603 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 594, 601, 604, 609 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 597-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 598-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പതാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

611. ഖണ്ഡം 30 (1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 (5)-ൽ "നൽകുന്നതിന് വൈസ് ചാൻസലർ ഉത്തരവാദിയായിരിക്കുന്നതാണ്" എന്നതിന് പകരം "വൈസ് ചാൻസലർ നൽകേണ്ടതാണ്" എന്ന് ചേർക്കുക.

616. ഖണ്ഡം 30 (2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 (8)-ൽ

(i) "നിയമനം" എന്നതിന് ശേഷം "വിരമിക്കൽ" എന്ന് ചേർക്കുക.

(ii)"പ്രോ-ചാൻസലർക്ക്" എന്നതിന് പകരം "പ്രോ-വൈസ് ചാൻസലർക്ക്" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

612. ഖണ്ഡം 30 (1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 (6)-ൽ "അഭിപ്രായമുള്ള" എന്നതിന് പകരം "ബോദ്ധ്യമാകുന്ന" എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

614. ഖണ്ഡം 30 (1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 (6)-ൽ "ആ വിഷയം സാധാരണ കാര്യം ചെയ്യുന്ന അധികാര സ്ഥാനത്തിന്റെയോ നികായത്തിന്റെയോ" എന്നതിന് പകരം "സർവ്വകലാശാലാ ഗവേണിംഗ് കൗൺസിലിന്റെ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

615. ഖണ്ഡം 30 (2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 (8)-ൽ "നിയമനം" എന്നതിന് ശേഷം "അച്ചടക്കനടപടി" എന്ന് ചേർക്കുക.

മി. സ്പീക്കർ: 613-ാം നമ്പർ ഭേദഗതി 612-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 611, 616 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 612-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 614-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 615-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പത്തിയൊന്നാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

618. ഖണ്ഡം 31(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35(1)-ൽ "പ്രോ-വൈസ്ചാൻസലർ" എന്ന വാക്കുകളും ചിഹ്നവും വരുന്നിടത്തെല്ലാം പകരം "പ്രോ-വൈസ്-ചാൻസലർ" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

624. ഖണ്ഡം 31(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35(1)-ന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "പേരു" എന്നതിന് പകരം "പേര്" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

619. ഖണ്ഡം 31(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുനന വകുപ്പ് 35(1)ൽ

1) " സർവ്വകലാശാലയുടെ" എന്നതിന് ശേഷം"ഒരു" എന്ന് ചേർക്കുക.

2) "പ്രോ-വൈസ്-ചാൻസലറെ" എന്ന വാക്കുകൾക്കും ചിഹ്നത്തിനും പകരം "പ്രോ-വൈസ് ചാൻസലറെ"എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

627. ഖണ്ഡം 31(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35(2)-ൽ

1) "പ്രോ-വൈസ്-ചാൻസലറായി" എന്നതിന് പകരം "പ്രോ-വൈസ് ചാൻസലറായി" എന്ന് ചേർക്കുക.

2) "പ്രോ-വൈസ് ചാൻസലർക്ക്" എന്നതിന് പകരം "പ്രോ-വൈസ് ചാൻസലർക്ക്" എന്ന് ചേർക്കുക.

628. ഖണ്ഡം 31(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35(3)-ൽ "പ്രോ-വൈസ്- ചാൻസലർക്ക്" എന്നതിന് പകരം "പ്രോ-വൈസ് ചാൻസലർക്ക്" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

630. ഖണ്ഡം 31(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35(6)-ൽ "അക്കാഡമിക്" എന്നതിന് പകരം "അക്കാഡമിക" എന്ന് ചേർക്കുക.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

620. ഖണ്ഡം 31(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35(1)-ൽ "പാനലിൽ നിന്നും" എന്നതിനു ശേഷം "സർക്കാർ തെരഞ്ഞെടുക്കുന്നയാളെ"എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

621. ഖണ്ഡം 31(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35(1)-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "ആ കൗൺസിലിലെ" എന്നതിന് പകരം "പ്രസ്തുത കൗൺസിലിലെ" എന്ന് ചേർക്കുക."

<u>മി. സ്പീക്കർ</u>: 617-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 618, 624 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 619, 627, 628, 630 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 620-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 621-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പത്തിരണ്ടാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

631. ഖണ്ഡം 32(1) പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 36(1)-ൽ "ബിരുദാനന്തര ബിരുദവും" എന്നതിന് ശേഷം "ഡോക്ടറേറ്റും" എന്ന് ചേർക്കുക.

634. ഖണ്ഡം 32(1) പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 36(3)-ൽ

i) "ശമ്പളം പറ്റുന്ന" എന്നതിന് ശേഷം "ഒരു" എന്ന് ചേർക്കുകയും.

ii) "അക്കാഡമിക്കും" എന്നതിന് ശേഷം "അക്കാഡമികവും" എന്ന് ചേർക്കുകയും ചെയ്യുക.

639. ഖണ്ഡം 32(1) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 36(4)-ൽ

i)"നിർവ്വഹിക്കുന്നതിനും" എന്നതിന് ശേഷം "ഏകോപിപ്പിക്കുന്നതിനും" എന്ന് ചേർക്കുകയും.

ii)"അക്കാഡമിക്ക്" എന്നതിന് പകരം "അക്കാഡമിക" എന്ന് ചേർക്കുകയും.

iii)"അക്കാഡമിക് കൗൺസിൽ" എന്നതിന് പകരം "അക്കാഡമിക കൗൺസിൽ" എന്ന് ചേർക്കുകയും ചെയ്യുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

633. ഖണ്ഡം 32(1) പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 36(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

635. ഖണ്ഡം 32(1) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 36(3)-ൽ "പറ്റുന്ന" എന്നതിന് ശേഷം "ഒരു" എന്ന് ചേർക്കുക.

643. ഖണ്ഡം 32(2) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 36(12)-ൽ "പ്രാബല്യത്തീയതിയിൽ" എന്നതിന് പകരം "പ്രാബല്യ തീയതിയിൽ" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

637. ഖണ്ഡം 32(1) പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 36(3)-ൽ "അദ്ദേഹത്തിന് ഉണ്ടായിരിക്കുന്നതുമാണ്" എന്നതിന് പകരം"അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

638. ഖണ്ഡം 32(1) പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 36(4)-ൽ "പ്രവർത്തനങ്ങൾ" എന്നതിന് പകരം "വിപുലീകരണ പരിപാടികൾ" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

640. ഖണ്ഡം 32(1) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 36(5)-ൽ

i)"മീറ്റിംഗുകൾ" എന്നതിനുപകരം "യോഗങ്ങൾ" എന്ന് ചേർക്കുകയും

ii)"മീറ്റിംഗുകളിൽ" എന്നതിനുപകരം "യോഗങ്ങളിൽ" എന്ന് ചേർക്കുകയും ചെയ്യുക.

മി. സ്പീക്കർ: 641, 642 എന്നീ നമ്പർ ഭേദഗതികൾ 640-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 631, 634, 639 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 633, 635, 643 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 637-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 638-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 640-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പത്തിമൂന്നാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

645. ഖണ്ഡം 33 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 38(1)-ൽ "പൂർത്തിയാകുന്നത് വരെയോ അദ്ദേഹത്തിന് അമ്പത്തിയാറ് വയസ്സാകുന്നതുവരെയോ ഏതാണോ ആദ്യം വരുന്നത്" എന്നതിനു പകരം "പൂർത്തിയാകുന്നതു വരെയോ അല്ലെങ്കിൽ അദ്ദേഹത്തിന് അൻപത്തിയാറ് വയസ്സ് തികയുന്നത് വരെയോ ഏതാണോ ആദ്യം" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

647. ഖണ്ഡം 33 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 38(1)-ൽ "ഉദ്യോഗസ്ഥനായിരിക്കുന്നതാണ്" എന്നതിനു പകരം "ഉദ്യോഗസ്ഥനായിരിക്കുന്നതും വൈസ് ചാൻസലറുടെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിൽ ജോലി ചെയ്യേണ്ടതുമാണ്." എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 645-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 647-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിനാലാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

649. ഖണ്ഡം 34(1) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 41(1)-ൽ "അദ്ദേഹത്തിന് അമ്പത്തിയാറ് വയസ്സാകുന്നതു വരെയോ ഏതാണോ

ആദ്യം വരുന്നത് അതുവരെ" എന്നതിന് പകരം "അല്ലെങ്കിൽ അദ്ദേഹത്തിന് അൻപത്തിയാറ് വയസ് പൂർത്തിയാകുന്നത് വരെയോ ഏതാണോ ആദ്യം അതുവരെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 648-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 649-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിയഞ്ചാം വകുപ്പ്

(ഭേദഗതിയില്ല)

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിയാറാം വകുപ്പ്

(ഭേദഗതിയില്ല)

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിയേഴാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

650. ഖണ്ഡം 37 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 45(1)-ന്റെ ഒന്നാമത്തെ ക്ലിപ്തനിബന്ധനയിൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

651. ഖണ്ഡം 37 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 45(1)-ന്റെ രണ്ടാമത്തെ ക്ലിപ്തനിബന്ധനയിൽ "പ്രാബല്യത്തീയതിയിൽ" എന്നതിന് പകരം "പ്രാബല്യ തീയതിയിൽ" എന്ന് ചേർക്കുക.

652. ഖണ്ഡം 37 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 45(1)-ന്റെ രണ്ടാമത്തെ ക്ലിപ്തനിബന്ധനയിൽ "സയൻസ് ബിരുദം" എന്നതിന് പകരം "സയൻസിൽ ബിരുദം" എന്ന് ചേർക്കുക.

653. ഖണ്ഡം 37 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 45(2)-ൽ "ആയിരിക്കേണ്ടതും" എന്നതിന് പകരം "ആയിരിക്കുന്നതും" എന്ന് ചേർക്കുക.

656. ഖണ്ഡം 37 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 45(3)-ൽ "എന്നിവയ്ക്കും" എന്നതിന് പകരം "എന്നിവയ്ക്ക്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

654. ഖണ്ഡം 37 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 45(2)-ൽ "ഗവേഷണം" എന്നതിന് ശേഷം "വിജ്ഞാന വ്യാപനം" എന്ന് ചേർക്കുക.

655. ഖണ്ഡം 37 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 45(2)-ൽ "ജോലികൾ" എന്നതിന് പകരം "പരിപാടികൾ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 650, 651, 652, 653, 656 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 654, 655 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിയെട്ടാം വകുപ്പ്

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

657. ഖണ്ഡം 38 പ്രകാരം പകരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 45 എ (1)ന്റെ ക്ലിപ്തനിബന്ധനയിൽ "അദ്ധ്യാപകനെ"എന്നതിന് പകരം " അദ്ധ്യാപകന്" എന്ന് ചേർക്കുക.

658. ഖണ്ഡം 38 പ്രകാരം പകരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 45 എ (1)ന്റെ ക്ലിപ്തനിബന്ധനയിൽ " ഫാക്കൽറ്റിയിൽ "എന്നതിന് പകരം " ഫാക്കൽറ്റിയിലെ" എന്ന് ചേർക്കുക.

663. ഖണ്ഡം 38 പ്രകാരം പകരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 45 എ(4)വകുപ്പിൽ " വ്യാപന " എന്നതിന് ശേഷം " വിദ്യാഭ്യാസ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

659. ഖണ്ഡം 38 പ്രകാരം പകരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 45 എ (3)-ൽ " ഫിഷറീസ് സയൻസ് "എന്നതിന് പകരം " ഫിഷറീസ് സയൻസിൽ" എന്ന് ചേർക്കുക.

660. ഖണ്ഡം 38 പ്രകാരം പകരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 45 എ (3)-ൽ " മറ്റു "എന്നതിന് പകരം " മറ്റ്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

661. ഖണ്ഡം 38 പ്രകാരം പകരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 45 എ(3)ന്റെ ക്ലിപ്തനിബന്ധനയിൽ " ഫാക്കൽറ്റിയിൽ" എന്നതിന് പകരം "ഫാക്കൽറ്റി വകുപ്പിൽ " എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

662. ഖണ്ഡം 38 പ്രകാരം പകരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 45 എ (4)-ൽ " അദ്ധ്യാപന ഗവേഷണ വ്യാപന" എന്നതിന് പകരം " അദ്ധ്യാപന, ഗവേഷണ, വിജ്ഞാന വ്യാപന " എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 657, 658, 663 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 659, 660 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 661-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 662-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയൊൻപതാം വകുപ്പ്</u>

(ഭേദഗതിയില്ല)

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പതാം വകുപ്പ്</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

664. ഖണ്ഡം 40(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 50(7)-ൽ "അമ്പത്തിയാറ്" എന്നതിനു പകരം "അൻപത്തിയാറ്" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ</u>): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 664-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാൽപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

നാൽപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിയൊന്നാം വകുപ്പ്</u>

(ഭേദഗതിയില്ല)

നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിരണ്ടാം വകുപ്പ്</u>

<u>ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്)</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

665. ഖണ്ഡം 42 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 60(1)-ൽ "സ്വജനപക്ഷപാതം" എന്നതിനു മുൻപുള്ള"മറ്റ്" എന്നത് ഒഴിവാക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

666. ഖണ്ഡം 42 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 60(1)-ൽ "തുടങ്ങിയ കാര്യങ്ങളിൽ" എന്നതിന് പകരം "തുടങ്ങിയവ ഏതെങ്കിലുമുണ്ടെങ്കിൽ അതിന്മേൽ" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

667. ഖണ്ഡം 42 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 60(1)-ൽ "അദ്ധ്യാപകരും" എന്നതിനു ശേഷം "രക്ഷകർത്താക്കളും, ജീവനക്കാരും" എന്ന് ചേർക്കുക.

668. ഖണ്ഡം 42 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 60(1)-ൽ "തൽപ്പര" എന്നതിനു പകരം "തത്പര" എന്ന് ചേർക്കുക.

676. ഖണ്ഡം 42 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 60(4)-ൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

669. ഖണ്ഡം 42 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 60(1)-ൽ "രേഖാമൂലവും അല്ലാത്തതുമായ" എന്നതിനു പകരം "രേഖാമൂലമുള്ള" എന്ന് ചേർക്കുക.

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

670. ഖണ്ഡം 42 വകുപ്പ് 60(1) ചുവടെപ്പറയും പ്രകാരം മാറ്റുക:

(1) സർവ്വകലാശാലയുടെ ഭരണനിർവ്വഹണത്തിലെ കെടുകാര്യസ്ഥത, അഴിമതി, സ്വജനപക്ഷപാതം, മറ്റേതെങ്കിലുമോ കാര്യങ്ങളിൽ വിദ്യാർത്ഥികളും അദ്ധ്യാപകരും പൊതുജനങ്ങളും രേഖാമൂലം നൽകുന്ന പരാതികളും ആരോപണങ്ങളും അന്വേഷിക്കുന്നതിനും സർവ്വകലാശാല നിയമങ്ങൾക്കും അഴിമതി നിരോധന നിയമങ്ങൾക്കും വിധേയമായി തീരുമാനങ്ങൾ എടുക്കുന്നതിനും അപ്രകാരമുള്ള പരാതികളും ആരോപണങ്ങളും ശരിയാണെന്ന് കണ്ടെത്തിയാൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യുന്നതിനുമായി ഒരു ഓംബുഡ്സ്മാനെ സർക്കാർ നിയോഗിക്കേണ്ടതാണ്."

ശ്രീ. എ. കെ. എം. അഷ്റഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

672. ഖണ്ഡം 42 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 60(3)-ൽ "ഒരു വർഷക്കാലാവധിയിൽ അധികരിക്കാൻ പാടില്ലാത്തതാണ്" എന്നതിനുപകരം"ഒരു വർഷക്കാലമായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 673, 674, 675 എന്നീ നമ്പർ ഭേദഗതികൾ 672-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. 671-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 665-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 666-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 667, 668, 676 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 669-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 670-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 672-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാൽപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

നാൽപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിമൂന്നാം വകുപ്പ്</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

677.ഖണ്ഡം 43 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 64(1)-ൽ "നിയോഗിക്കുന്ന" എന്ന് വരുന്നിടത്തെല്ലാം പകരം "നാമനിർദ്ദേശം ചെയ്യുന്ന" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

678. ഖണ്ഡം 43(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 64(1)(ii)-ൽ "ജോയിന്റ് സെക്രട്ടറി" എന്നതിനുപകരം "ജോയിന്റ് സെക്രട്ടറിയുടെ" എന്ന് ചേർക്കുക.

679. ഖണ്ഡം 43(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 64(1)(iii)-ൽ "ജോയിന്റ് സെക്രട്ടറി" എന്നതിനുപകരം "ജോയിന്റ് സെക്രട്ടറിയുടെ" എന്ന് ചേർക്കുക.

682. ഖണ്ഡം 43(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 64(3)-ൽ "ക്വാറം" എന്നതിനു ശേഷം "അതിന്റെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 677-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 678, 679, 682 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

നാൽപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

നാൽപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാൽപ്പത്തിനാലാം വകുപ്പ്

(ഭേദഗതിയില്ല)

നാൽപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

നാൽപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാൽപ്പത്തിയഞ്ചാം വകുപ്പ്

(ഭേദഗതിയില്ല)

നാൽപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

നാൽപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാൽപ്പത്തിയാറാം വകുപ്പ്

(ഭേദഗതിയില്ല)

നാൽപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

നാൽപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാൽപ്പത്തിയേഴാം വകുപ്പ്

(ഭേദഗതിയില്ല)

നാൽപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

നാൽപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാൽപ്പത്തിയെട്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

683. ഖണ്ഡം 48(2)-ൽ "നടപടിയോ" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 683-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാൽപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

നാൽപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. കെ. ജെ. മാക്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

115. ഖണ്ഡം 1-ൽ "ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള" എന്നതിനു പകരം "ഫിഷറീസ് സമുദ്രപഠന" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

117. ഖണ്ഡം 1(2)-ൽ "തീയതി" എന്നതിന് ശേഷം "മുതൽ" എന്ന് ചേർക്കുക.

137. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക. "(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്."

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

126. ഖണ്ഡം 1(2)-ൽ "കരുതപ്പെടേണ്ടതാണ്" എന്നതിന് പകരം "കണക്കാക്കപ്പെടേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

140. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക. "(2) ഇത് ഒക്ടോബർ മുപ്പതാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്."

മി. സ്പീക്കർ: 118 മുതൽ 121 വരെയുള്ള ഭേദഗതികൾ 117-ാം നമ്പർ ഭേദഗതിക്കും 127 മുതൽ 129 വരെയുള്ള ഭേദഗതികൾ 126-ാം നമ്പർ ഭേദഗതിക്കും 135, 136, 138, 139 എന്നീ നമ്പർ ഭേദഗതികൾ 137-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 117, 137 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 126-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

(iii) 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

Dr. N. Jayaraj: Sir, I move the following amendment.

137. In the preamble of the principal Act proposed to be amended by Clause 2, for the words " in the fishing" the words" in those fishing" shall be substituted.

Smt. K. K. Rema: Sir, I move the following amendment.

139. In the preamble of the principal Act proposed to be amended by Clause 2, after the word " councils" the symbol and the words " , unlawful harmful means used for fishing" shall be inserted.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

Dr. N. Jayaraj: Sir, I move the following amendments.

141. In section 5 proposed to be inserted in the principal Act by Clause 3 for the word " owner" the words and the symbol " owner/master" shall be substituted.

142. In section 5 proposed to be inserted in the principal Act by Clause 3 for the word " person" the word " fisherman" shall be substituted.

157. In section 5A proposed to be inserted in the principal Act by Clause 3 for the word " owner" the words and symbol " owner/master" shall be substituted.

Sri. P. P. Sumod: Sir, I move the following amendment.

145. In section 5 proposed to be inserted in the principal Act by Clause 3 for the word " Aadhar" the words " a valid photo identity card" shall be substituted.

Smt. K. K. Rema: Sir, I move the following amendments.

146. In section 5 proposed to be inserted in the principal Act by Clause 3 for the word " Aadhar" the words " an identity proof as notified by the government" shall be substituted.

147. In section 5 proposed to be inserted in the principal Act by Clause 3 for the word " Aadhar" the words " an identity proof as notified by the government" shall be substituted.

170. In section 5A proposed to be inserted in the Principal Act by Clause3 for the words " Authorised Officer" the words " an Officer appointed by the government for that purpose" shall be substituted.

Sri. Manjalamkuzhi Ali: Sir, I move the following amendment.

150. In section 5 proposed to be inserted in the principal Act by Clause 3 after the word " Aadhar" the words and letters " or Voter ID card" shall be inserted.

Sri. P. K. Basheer: Sir, I move the following amendment.

151. In section 5 proposed to be inserted in the principal Act by Clause 3 after the word " Aadhar" the words " or Election Identity Card" shall be inserted.

Prof. Abid Hussain Thangal: Sir, I move the following amendment.

159. In section 5A proposed to be inserted in the principal Act by Clause 3 for the word " purpose" the word " purposes" shall be substituted.

Sri. Shafi Parambil: Sir, I move the following amendment.

169. In section 5A proposed to be inserted in the Principal Act by Clause3 for the word " Authorised Officer" the words " an Officer designated for that purpose" shall be substituted.

മി. സ്പീക്കർ: 152, 153 എന്നീ നമ്പർ ഭേദഗതികൾ 151-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 141, 142, 157 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 146, 147, 170 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

334. In Clause 4, following item shall be inserted as sub-clause (v) and the existing sub-clause (v) shall be re-lettered as sub- clause

"(vi)". "(v) in clause (a) of sub-section (4), the word "non-motorised", may be omitted."

Sri. Manjalamkuzhi Ali: Sir, I move the following amendments.

173. In section 17 (1)(a) proposed to be substituted in the principal Act by Clause 4 (i), the words and symbol " owner/master" the words " owner or master" shall be substituted.

189. In section 17 1(a)(i) proposed to be substituted in the principal Act by Clause 4(i), for the word " ten" figures " 10" shall be substituted.

ശ്രീ. പി. ഉബൈദുള്ള ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എ. കെ. എം. അഷ്റഫ്: Sir, I move the following amendments.

176. In section 17 (1)(a) proposed to be substituted in the principal Act by Clause 4 (i), for the word " contravened" the word " breached" shall be substituted.

197. In section 17(1)(a)(i) proposed to be substituted in the principal Act by Clause 4(i), for the words " five thousand" the words " three thousand" shall be substituted.

225. In section 17(1)(a)(iii) proposed to be substituted in the principal Act by Clause 4(i), for the words and symbol " twenty-five thousand" the words " fifteen thousand" shall be substituted.

247. In section 17(1) (a) (v) proposed to be substituted in the principal Act by Clause 4 (i), for the words " ninety thousand" the words " fifty thousand" shall be substituted.

274. In section 17(1)(a)(viii) proposed to be substituted in the principal Act by Clause 4(i), for the words " two lakh" the words " one lakh fifty thousand" shall be substituted.

319. In the proviso to section 17(4b) proposed to be inserted in the principal Act by Clause 4(v), for the words " and the fishing vessel shall be forfeited" the words " temporarily for six months" shall be substituted.

Dr. N. Jayaraj: Sir, I move the following amendments.

190. In section 17 11(a)(i) proposed to be substituted in the principal Act by Clause 4(i), the letters " hp" shall be deleted.

203. In section 17(1)(a)(ii) proposed to be substituted in the principal Act by Clause 4(i), the letters " hp" wherever it occurs, shall be deleted.

215. In section 17(1)(a)(iii) proposed to be substituted in the principal Act by Clause 4(i), the letters " hp" wherever it occurs, shall be deleted.

227. In section 17(1)(a)(iv) proposed to be substituted in the principal Act by Clause 4(i), the letters " hp" wherever it occurs, shall be deleted.

243. In section 17(1) (a) (v) proposed to be substituted in the principal Act by Clause 4 (i), the letters " hp" after the words " ninety" and " twenty" shall be deleted.

254. In section 17 (1)(a)(vi) proposed to be substituted in the principal Act by Clause 4(i), the letters " hp" occuring after the words " twenty" and " fifty" shall be deleted.

262. In section 17(1)(a)(vii) proposed to be substituted in the principal Act by Clause 4(i), the letters " hp" after the words " fifty" and " hundred" shall be deleted.

270. In section 17(1)(a)(viii) proposed to be substituted in the principal Act by Clause 4(i), the letters " hp" after the words " hundred" and " eighty" shall be deleted.

276. In section 17(1)(a)(ix) proposed to be substituted in the principal Act by Clause 4(i), the letters " hp" after the word " eighty" shall be deleted.

288. In section 17 1(c) proposed to be amended in the principal Act by Clause 4 (iii), after the word " after" the words " brackets and letter" shall be inserted.

293. In section 17 (1) (d) proposed to be amended in the principal Act by Clause 4 (iv) after the word " after " , the words " brackets and letter" shall be inserted.

Smt. K. K. Rema: Sir, I move the following amendments.

213. In section 17(1)(a)(ii) proposed to be substituted in the principal Act by Clause 4(i), for the words " ten thousand" the words" seven thousand and five hundred" shall be susbstituted.

257. In section 17 (1)(a)(vi) proposed to be substituted in the principal Act by Clause 4(i), for the words " one lakh and twenty" the words " seventy five" shall be substituted.

283. In section 17 1(b) proposed to be substituted in the principal Act by Clause 4 (i), for the word " five" the word " three" shall be substituted.

289. In section 17 (1) (c) proposed to be amended by Clause 4

(iii) the principal Act, the words " and fifty thousand " shall be deleted.

291. In section 17 1(d) proposed to the amended the principal Act by Clause 4 (iv), the words " and fifty thousand" shall be deleted.

298. In section 17 (4a) proposed to be inserted in the principal Act by Clause 4 (v), after the word " extend " , the word " up" shall be inserted.

321. In the proviso to section 17(4b) proposed to be inserted in the principal Act by Clause 4(v), after the word " forfeited" the words " for a period of minimum one year" shall be inserted.

Sri. P. C. Vishnunadh: Sir, I move the following amendment.

256. In section 17 (1)(a)(vi) proposed to be substituted in the principal Act by Clause 4(i), for the words " one lakh and twenty" the word " seventy" shall be substituted.

Sri. K. Babu (Thripoonithura): Sir, I move the following amendments.

284. In section 17 1(b) proposed to be substituted in the principal Act by Clause 4 (i), for the word " five" the word " four" shall be substituted.

328. In section 17(4c) proposed to be inserted in the principal Act by Clause 4(v), for the word " five" the word " two" shall be substituted.

Sri. Sunny Joseph: Sir, I move the following amendment.

292. In section 17 1(d) proposed to the amended the principal Act by Clause 4 (iv) for the word " fifty" the words " ten" shall be substituted.

Sri. N. A. Nellikunnu: Sir, I move the following amendment.

311. In the proviso to section 17 (4b) proposed to be inserted in the principal Act by Clause 4(v), for the words " second or subsequent" the word " repeated" shall be substituted.

Prof. Abid Hussain Thangal: Sir, I move the following amendments.

314. In the proviso to section 17(4b) proposed to be inserted in the principal Act by Clause 4(v), for the word " offence" the word " offences" shall be substituted.

315. In the proviso to section 17(4b) proposed to be inserted in the principal Act by Clause 4(v), before the word " licence" the word " the" shall be inserted.

326. In section 17(4c) proposed to be inserted in the principal Act by Clause 4(v), for the words " the Act" the words " this Act" shall be substituted.

Sri. P. T. A. Rahim: Sir, I move the following amendment.

325. In section 17(4c) proposed to be inserted in the principal Act by Clause 4(v), for the word " provided" the word " specified" shall be substituted.

Sri. Ramachandran Kadannappalli: Sir, I move the following amendment.

332. In section 17(4c) proposed to be inserted in the principal Act by Clause 4(v), for the words " five thousand" the words " five thousand and five hundred" shall be substituted.

മി. സ്പീക്കർ: 177, 178 എന്നീ നമ്പർ ഭേദഗതികൾ 176-ാം നമ്പർ ഭേദഗതിക്കും 196, 198, 199 എന്നീ നമ്പർ ഭേദഗതികൾ 197-ാം നമ്പർ ഭേദഗതിക്കും 223, 224, 226 എന്നീ നമ്പർ ഭേദഗതികൾ 225-ാം നമ്പർ ഭേദഗതിക്കും 246, 248, 249 എന്നീ നമ്പർ ഭേദഗതികൾ 247-ാം നമ്പർ ഭേദഗതിക്കും 272, 273, 275 എന്നീ നമ്പർ ഭേദഗതികൾ 274-ാം നമ്പർ ഭേദഗതിക്കും 312, 313 എന്നീ നമ്പർ ഭേദഗതികൾ 311-ാം നമ്പർ ഭേദഗതിക്കും 317, 318 എന്നീ നമ്പർ ഭേദഗതികൾ 319-ാം നമ്പർ ഭേദഗതിക്കും 333-ാം നമ്പർ ഭേദഗതി 332-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന്

അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 173, 189 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 176, 197, 225, 247, 274, 319 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 190, 203, 215, 227, 243, 254, 262, 270, 276, 288, 293 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 213, 257, 283, 289, 291, 298, 321 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 256-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 284, 328 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 292-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 314, 315, 326 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 325-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി അവതരിപ്പിച്ച 332-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

(ഭേദഗതിയില്ല)

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

(iv) 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

711. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഡിഎ)-ൽ "മത്സ്യങ്ങൾ" എന്ന വാക്കിന് പകരം "മത്സ്യം" എന്ന വാക്ക് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

157. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഡിഎ)-ൽ "പാകമായ" എന്നതിന് പകരം "തയ്യാറായിരിക്കുന്ന" എന്ന് ചേർക്കുക.

167. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഇഎ)-ൽ "വല ഉപയോഗിച്ച് എല്ലാ വശങ്ങളും പൊതിഞ്ഞെടുത്ത്" എന്നതിന് പകരം "എല്ലാ വശങ്ങളും വല ഉപയോഗിച്ച് വേർതിരിച്ച" എന്ന് ചേർക്കുക.

173. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എസ്എ)-ൽ "മാനേജ്മെന്റ്" എന്ന വാക്ക് വരുന്നയിടത്തെല്ലാം "മാനേജ്മെന്റ്" എന്ന് ചേർക്കുക.

180. ഖണ്ഡം 2(iv) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(റ്റിഎ)-ൽ "ജലജീവികളെ കൃഷി" എന്നതിന് പകരം "ജലജീവികൃഷി" എന്ന് ചേർക്കുക.

185. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എക്സ്എ)-ൽ "സ്ഥാപിച്ചിരിക്കുന്ന" എന്നതിന് ശേഷം "മനുഷ്യനിർമ്മിത" എന്ന് ചേർക്കുക.

187. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എക്സ്ബി)-ൽ "അകത്തേക്കും പുറത്തേക്കുമുള്ള ജലത്തിന്റെ പ്രവാഹം സാദ്ധ്യമാക്കുന്നതിനോ" എന്നീ വാക്കുകൾക്ക് പകരം "അകത്തേക്കോ പുറത്തേക്കോ ജലം കൊണ്ടു പോകുന്നതിനോ" എന്നീ വാക്കുകൾ ചേർക്കുക.

191. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എക്സ്‌സി)-ൽ "വാറ്റ്" എന്നതിന് പകരം "വിളവെടുപ്പ്" എന്ന് ചേർക്കുക.

192. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എക്സ്‌സി)-ൽ "അടിത്തട്ട്" എന്നതിന് ശേഷം "യന്ത്രസംവിധാനങ്ങൾ ഉപയോഗിക്കാതെ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

166. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഇഎ)-ൽ "മത്സ്യകൃഷി" എന്നതിന് പകരം "മത്സ്യക്കൃഷി" എന്ന് ചേർക്കുക.

190. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എക്സ്‌സി)-ൽ "കെട്ടു" എന്നതിനു പകരം "കെട്ട്" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

172. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഇഎ)-ൽ "കൂട്" എന്നതിന് പകരം "ഉപാധി" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

179. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എസ്എ)-ൽ "പ്രദേശിക ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ" എന്നത് ഒഴിവാക്കുക.

183. ഖണ്ഡം 2(iv) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(റ്റിഎ)-ൽ "വേർതിരിച്ചിരിക്കുന്ന സ്ഥലം" എന്നതിന് പകരം "വേർതിരിച്ചിരിക്കുന്ന സംവിധാനം" എന്ന് ചേർക്കുക.

195. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്റ്റിൽ കൂട്ടി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എക്സ്‌സി) ക്ക് ശേഷം താഴെപറയുന്നത് ഖണ്ഡം 2(എക്സ് ഡി) ആയി ചേർക്കുക.

" (എക്സ് ഡി) " തണ്ണീർത്തടം" എന്നാൽ ജലത്താൽ ആവൃതമോ ജലനിമഗ്നമോ ആയതും തനതായ പാരിസ്ഥിതിക സവിശേഷതകൾ ഉള്ളതുമായ ഭൂപ്രദേശം എന്നർത്ഥമാകുന്നു."

മി. സ്പീക്കർ: 174, 175 എന്നീ നമ്പർ ഭേദഗതികൾ 173-ാം നമ്പർ ഭേദഗതിക്കും 196-ാം നമ്പർ ഭേദഗതി 195-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 173-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 157, 167, 180, 185, 187, 191, 192 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 166, 190 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച അവതരിപ്പിച്ച 172-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 179, 183, 195 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മൂന്നാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

206. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (1)-ൽ "വികസനവും" എന്നതിന് ശേഷം"അനുബന്ധ പ്രവർത്തനങ്ങളും" എന്ന് ചേർക്കുക.

233. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(1)ന്റെ ക്ലിപ്തനിബന്ധനയിൽ"തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കുന്നതും" എന്നതിന് പകരം "അതാതു കാലങ്ങളിൽ സർക്കാർ വിജ്ഞാപനത്താൽ നിർണയിക്കപ്പെടുന്ന പ്രകാരം അതാതു തദ്ദേശഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ടതും" എന്ന് ചേർക്കുക.

246. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "അതിജീവനത്തിനെ" എന്നതിന് പകരം "അതിജീവനത്തിനെയോ മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥയെയോ" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

207. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (1)-ൽ "വികസനവും" എന്നതിന് ശേഷം"ഉൾപ്പെടെ മത്സ്യമേഖലയുടെ സുസ്ഥിര വികസനം" എന്നീ വാക്കുകൾ ചേർക്കുക.

215. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(1)ന്റെ ക്ലിപ്തനിബന്ധനയിൽ "പൊതു ജലാശയത്തെ" എന്നതിനുപകരം "പൊതുജലാശയത്തെയോ തണ്ണീർത്തടത്തെയോ" എന്നീ വാക്കുകൾ ചേർക്കുക.

224. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "മത്സ്യസംരക്ഷണവും" എന്നതിന് ശേഷം "പരിപാലനവും" എന്ന് ചേർക്കുക.

247. ഖണ്ഡം 3(4)-ൽ "ഈ വകുപ്പിലെ" എന്നതിന് പകരം "(3)-ാം ഉപവകുപ്പിലെ" എന്ന അക്കവും ചിഹ്നങ്ങളും വാക്കും ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

209. ഖണ്ഡം (3)പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(1)ന്റെ ക്ലിപ്തനിബന്ധനയിൽ "അതിർത്തിയിൽ" എന്നതിന് പകരം "അധീനതയിൽ" എന്ന് ചേർക്കുക.

214. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(1)ന്റെ ക്ലിപ്തനിബന്ധനയിൽ "പൊതു ജലാശയത്തെ" എന്നതിന് പകരം "പൊതുജലാശയത്തെ" എന്ന് ചേർക്കുക.

236. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(1)ന്റെ ക്ലിപ്തനിബന്ധനയിൽ "ഫീഷറീസ് വകുപ്പ്" എന്നതിന് പകരം "മത്സ്യബന്ധനവകുപ്പ്" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

216. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(1)ന്റെ ക്ലിപ്തനിബന്ധനയിൽ "പൊതു ജലാശയത്തെ" എന്നതിനുപകരം "പൊതുജലാശയത്തെ " എന്ന് ചേർക്കുക.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

232. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(1)ന്റെ ക്ലിപ്തനിബന്ധനയിൽ "അതാത്" എന്നതിന് ശേഷം "പ്രദേശത്തെ" എന്ന് ചേർക്കുക.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

249. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)-ൽ "വ്യവസ്ഥകൾക്ക്" എന്നതിന് പകരം "നിബന്ധനകൾക്ക്" എന്ന് ചേർക്കുക.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ</u>): സർ, ശ്രീ. പി. വി. ശ്രീനിജിൻ, ശ്രീ. സനീഷ്കുമാർ ജോസഫ് എന്നിവർ ഭേദഗതികൾ അവതരിപ്പിച്ചിട്ടില്ലാത്തതിനാൽ അവരുടെ 202, 245 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

202. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(1)-ൽ "മത്സ്യ സംരക്ഷണവും" എന്നതിന് പകരം "മത്സ്യസംരക്ഷണവും" എന്ന് ചേർക്കുക.

245. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "അതിജീവനത്തിനെ" എന്നതിന് പകരം "അതിജീവനത്തിനെയോ സ്വാഭാവിക പ്രജനന ആവാസ കേന്ദ്രങ്ങളെയോ" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 217, 218 എന്നീ നമ്പർ ഭേദഗതികൾ 216-ാം നമ്പർ ഭേദഗതിക്കും 225-ാം നമ്പർ ഭേദഗതി 224-ാം നമ്പർ ഭേദഗതിക്കും 250-ാംനമ്പർ ഭേദഗതി 249-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും മന്ത്രി സ്വീകരിച്ച 206-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 233, 246 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 207, 215, 224, 247 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 209, 214, 236 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 232-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 249-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

254. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (1)-ൽ " പൊതുജലാശയത്തെയോ" എന്നതിന് പകരം " തണ്ണീർത്തടത്തെയോ" എന്ന് ചേർക്കുക.

262. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ന്റെ രണ്ടാമത്തെ ക്ലിപ്തനിബന്ധനയിൽ "പൊതുജലാശയമോ" എന്നതിന് ശേഷം " അതിന്റെ ഭാഗമോ" എന്ന് ചേർക്കുക.

285. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "വ്യവസായ സംരംഭങ്ങൾ" എന്നതിന് ശേഷമുള്ള വാക്കുകൾ ഒഴിവാക്കുകയും പകരം "ആരംഭിയ്ക്കാൻ പാടില്ലാത്തതുമാണ്."എന്നത് ചേർക്കുകയും ചെയ്യുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

255. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (1)-ൽ "പൊതുജലാശയത്തെയോ" എന്നതിന് ശേഷം "തണ്ണീർത്തടത്തെയോ" എന്ന് ചേർക്കുക.

258. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ഉദ്ദേശിക്കുന്ന വകുപ്പ് 4 (1)-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "ഉൾപ്പെട്ട" എന്നതിന് ശേഷം "അക്വാകൾച്ചർ" എന്ന് ചേർക്കുക.

266. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ, "പ്രഖ്യാപിക്കുന്നതിന്" എന്നതിനു ശേഷം "മുൻപായി" എന്ന് ചേർക്കുക.

270. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ലെ "വാണിജ്യ" എന്ന വാക്ക് നീക്കം ചെയ്യുക.

272. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3)-ൽ "ഏതൊരു" എന്നതിന് ശേഷം "ഇന്റർ ടൈഡൽ" എന്നത് ചേർക്കുക.

274. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3)ൽ "പ്രവർത്തനങ്ങൾക്കും" എന്നതിന് പകരം "പ്രവർത്തനങ്ങൾക്കോ അനുബന്ധ പ്രവർത്തനങ്ങൾക്കോ" എന്നത് ചേർക്കുക.

287. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "ആരംഭിക്കുവാനുദ്ദേശിക്കുന്നുണ്ടെങ്കിൽ" എന്നതിന് ശേഷം "ബന്ധപ്പെട്ട അനുമതികൾ നൽകുന്ന സ്ഥാപനം" എന്നത് ചേർക്കുക.

290. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(5)-ൽ "ഉപദേശത്തിനനുസൃതമായും" എന്നതിന് പകരം "ഉപദേശത്തിനനുസൃതമായി സർക്കാർ അനുമതിയോടെ" എന്നത് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

256. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (1)-ൽ "അതിന്റെ ഭാഗത്തെയോ" എന്നതിന് പകരം " അതിന്റെ ഭാഗങ്ങളെയോ" എന്ന് ചേർക്കുക.

267. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ,

"സ്ഥാപനവുമായി കൂടിയാലോചിക്കേണ്ടതാണ്" എന്നതിനു പകരം "സ്ഥാപനത്തിന്റെ അനുമതി വാങ്ങിയിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

291. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(5)-ൽ "ഉദ്യോഗസ്ഥന്" എന്നതിന് ശേഷം "നിർണ്ണയിക്കപ്പെട്ട പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

269. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "മറ്റേതെങ്കിലും" എന്നതിനു പകരം "മറ്റൊരു" എന്ന് ചേർക്കുക.

271. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "ആവശ്യത്തിനായി" എന്നതിനുപകരം "ആവശ്യത്തിനും" എന്ന് ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

278. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുനന വകുപ്പ് 4(4)-ൽ "അഞ്ഞൂറ്" എന്നതിനു പകരം "അറുന്നൂറ്" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

292. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(5)-ൽ "ഏതുസമയത്തും" എന്നതിന് പകരം "മുന്നറിയിപ്പില്ലാതെ" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

293. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(5)-ൽ "ഏതുസമയത്തും" എന്നതിന് പകരം "ഒരു അറിയിപ്പ് നൽകി" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 254, 262, 285 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 255, 258, 266, 270, 272, 274, 287, 290 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 256, 267, 291 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 269, 271 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 278-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 292-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 293-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

712. (i) ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(11)(സി)-യിൽ "ഇനങ്ങളിലും" എന്ന വാക്കിന് പകരം "ഇനങ്ങളിൽ" എന്ന വാക്ക് ചേർക്കുക.

(ii) ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(11)(എച്ച്)-ന്റെ ക്ലിപ്തനിബന്ധനയിൽ "മാമൂൽ പ്രകാരമുള്ള" എന്ന വാക്കിന് പകരം "പരമ്പരാഗത" എന്ന വാക്ക് ചേർക്കുക.

ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(11)(ഇ)-ൽ "കൃത്രിമമായി " എന്ന വാക്ക് വിട്ടുകളയേണ്ടതാണ്.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

297. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(1)-ൽ "പ്രകാരം" എന്നതിന് ശേഷം "ഉൾനാടൻ ജലാശയത്തിലെ" എന്ന് ചേർക്കുക.

301. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(1)-ൽ "യന്ത്രമോ" എന്നതിന് ശേഷം "അപ്രകാരമുള്ള മറ്റ് ഉപാധികളോ" എന്ന് ചേർക്കുക.

320. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിലെ "വഴി" എന്നതിന് ശേഷം "ഒരു മത്സ്യ കർഷകൻ സ്വന്തം ചെലവിൽ" എന്ന് ചേർക്കുക.

324. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(2)(ബി)-യുടെ ആരംഭത്തിൽ "വംശനാശ ഭീഷണി നേരിടുന്നതോ, പ്രജനനരീതികളിൽ പ്രത്യേക സ്വഭാവം നിലനിർത്തുന്നതോ ആയ" എന്ന് ചേർക്കുക.

327. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(2)(സി)-യിൽ "ഏതെങ്കിലും" എന്നതിന് ശേഷം "പ്രത്യേക" എന്ന് ചേർക്കുക.

334. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(2)(ജി)-യുടെ ആരംഭത്തിൽ "ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള ലൈസൻസ് ഇല്ലാത്ത" എന്ന് ചേർക്കുക.

337. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)(ഡി)-ൽ "മത്സ്യപ്രദേശങ്ങളിൽ നിന്നോ സംരക്ഷിത മത്സ്യസങ്കേതത്തിൽ നിന്നോ" എന്നതിനുപകരം "മത്സ്യപ്രദേശങ്ങളായോ സംരക്ഷിത മത്സ്യസങ്കേതമായോ വിജ്ഞാപനം ചെയ്യപ്പെടുന്ന" എന്ന് ചേർക്കുക.

345. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)(ജി)-ൽ "ഉപയോഗിച്ച്" എന്നതിനു പകരം "ഉപയോഗിച്ചോ മറ്റ് ശബ്ദ ഉപാധികളോ ഇലക്ട്രോണിക്ക് ഉപാധികളോ" എന്ന് ചേർക്കുക.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

300. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(1)-ൽ "സ്വതന്ത്രവലയോ ഉറപ്പിച്ച യന്ത്രമോ" എന്നതിന് പകരം "അത്യാധുനികവലകൾ ഉപയോഗിച്ച യന്ത്രവത്കൃത യാനമോ" എന്ന് ചേർക്കുക.

313. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 (1)-ന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "ഒറ്റച്ചൂണ്ട" എന്നതിന് ശേഷം "വീശുവല, ഉണ്ടവല, ഒറ്റാൽ എന്നിവ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

340 ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)(ജി)-ൽ "ഇരുപത്" എന്നതിനു പകരം "നാൽപത്" എന്ന് ചേർക്കുക.

373. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(6)-ൽ, "സ്ഥാപിക്കുന്നത്," എന്നതിനു ശേഷം "ഒന്നിലധികം തവണ സ്ഥാനം മാറ്റുന്നത് " എന്ന് ചേർക്കുക.

408. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(11)(ഇ)-ൽ "ചെമ്മീൻകുഞ്ഞുങ്ങളെ" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

417. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(11)(എച്ച്)-ലെ ക്ലിപ്തനിബന്ധനയിൽ "ജല പ്രദേശത്ത്" എന്നതിന് പകരം "ജലപ്രദേശം" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

306. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 (1)-ന്റെ ഒന്നാം ക്ലിപ്തനിബന്ധന ഒഴിവാക്കുക.

322. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(2)(എ)-ചുവടെ പറയും പ്രകാരം മാറ്റുക:

"(എ)ഏതെങ്കിലും പൊതുജലാശയം ഉൾനാടൻ ജലാശയം എന്നിവയിൽ നിന്നും മത്സ്യബന്ധന ഉരു ഉപയോഗിച്ചുള്ള മത്സ്യബന്ധനം".

358. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)(എച്ച്)-ൽ "അമ്പത്" എന്നതിന് പകരം "മുപ്പത്" എന്ന് ചേർക്കുക.

363. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)(എച്ച്)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഇളവ്" എന്നതിന് പകരം "താല്ക്കാലികമായ ഇളവ്" എന്ന് ചേർക്കുക.

382. ഖണ്ഡം 5 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ പകരം വകുപ്പ് 5(9)-ൽ "സ്ഥാപനത്തിന്റെ" എന്നതിനുശേഷം "മുൻകൂർ" എന്ന് ചേർക്കുക.

391. ഖണ്ഡം 5 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 5(11)-ൽ

i) "അതിൻ കീഴിൽ" എന്നതിനുപകരം "അതിൻകീഴിൽ" എന്ന് ചേർക്കുക.

ii) "ഫിൽട്രേഷൻ ഏർപ്പെടുത്തുവാൻ" എന്നതിനുപകരം "ഫിൽട്രേഷൻ സംവിധാനം ഏർപ്പെടുത്തുവാൻ" എന്ന് ചേർക്കുക.

394. ഖണ്ഡം 5 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 5(11)-ൽ "പൊതു ജലാശയത്തിലോ" എന്നതിന് ശേഷം "ഉൾനാടൻ ജലാശയത്തിലോ" എന്ന് ചേർക്കുക.

397. ഖണ്ഡം 5 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 5(11)(എ)-ൽ "ലൈസൻസിന്റെ അടിസ്ഥാനത്തിൽ" എന്നതിനു ശേഷം "2014-ലെ മത്സ്യവിത്ത് ആക്റ്റ് (2015 ലെ 4-ാം ആക്റ്റ്) പ്രകാരം" എന്ന് ചേർക്കുക.

415. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(11) (എച്ച്)-ൽ

(i) "നിലവിലുള്ള" എന്നതിന് ശേഷം "ഒരു" എന്ന് ചേർക്കുക.

(ii) ക്ലിപ്തനിബന്ധനയിൽ "ജലപ്രദേശത്ത്"എന്നതിന് പകരം "ഒരു ജലപ്രദേശത്ത് "എന്ന് ചേർക്കുക.

(iii) ക്ലിപ്തനിബന്ധനയിൽ "മത്സ്യബന്ധനാവകാശം"എന്നതിന് പകരം "മത്സ്യബന്ധന അവകാശം" എന്ന് ചേർക്കുക.

422. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(11) (ജെ)-ൽ "ഒരു വിധത്തിലുമുള്ള" എന്നതിന് പകരം "യാതൊരു വിധത്തിലുമുള്ള" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

316. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(1)-ന്റെ ഒന്നാം ക്ലിപ്തനിബന്ധന ചുവടെ പറയും പ്രകാരം മാറ്റുക:

"എന്നാൽ വിനോദാവശ്യത്തിനും ആഹാരമായി സ്വയം ഉപയോഗിക്കുന്നതിനും ചെറിയ തോതിലുള്ള വിപണനത്തിനും ചൂണ്ട, വീശുവല എന്നിവ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുവാൻ രജിസ്ട്രേഷനോ ലൈസൻസോ നേടേണ്ടതില്ല".

341. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3) (ജി)-ൽ "ഇരുപത്" എന്നതിനു പകരം "അൻപത്" എന്ന് ചേർക്കുക.

376. ഖണ്ഡം 5 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 5(7)-ൽ, "ഉണ്ടായിരിക്കുന്നതാണ്" എന്നതിനു പകരം "ഉണ്ടായിരിക്കേണ്ടതും പാലിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

330. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(2)(ഇ) ഒഴിവാക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

333. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(2)(എഫ്)-ൽ "ഉപകരണങ്ങളോ" എന്നതിനുപകരം "ഉപാധികളോ" എന്ന് ചേർക്കുക.

380. ഖണ്ഡം 5 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 5(8)-ന്റെ ക്ലിപ്തനിബന്ധനയിൽ "നിർണ്ണയിക്കപ്പെട്ട" എന്നതിനുപകരം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

381. ഖണ്ഡം 5 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിൽ വകുപ്പ് 5(8)-ന്റെ ക്ലിപ്ത നിബന്ധനയിൽ "രജിസ്ട്രേഷൻ" എന്നതിനു പകരം "രജിസ്ട്രേഷനും ലൈസൻസും" എന്ന് ചേർക്കുക.

386. ഖണ്ഡം 5 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 5(10)-ൽ "ഊന്നിവല" എന്നതിനുപകരം "ഊന്നിവലകളോ" എന്ന് ചേർക്കുക.

390. ഖണ്ഡം 5 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 5(10)-ന്റെ ക്ലിപ്തനിബന്ധനയിൽ "പരിധി" എന്നതിനു പകരം "വ്യവസ്ഥ" എന്ന് ചേർക്കുക.

393. ഖണ്ഡം 5 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 5(11)-ൽ "പൊതു ജലാശയത്തിലോ" എന്നതിനു പകരം "പൊതുജലാശയത്തിലോ" എന്ന് ചേർക്കുക.

412. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(11)(ജി)-ൽ "പ്രദേശത്തെ" എന്നതിന് പകരം "പ്രദേശം" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

338. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)(എഫ്)-ൽ "അമ്പത്" എന്നതിനു പകരം "അൻപത്" എന്ന് ചേർക്കുക.

342. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)(ജി)-ൽ "ശക്തിയുള്ള" എന്നതിനു പകരം "പ്രകാശമുള്ള" എന്ന് ചേർക്കുക.

343. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)(ജി)-ൽ "ഇലക്ട്രിക്" എന്നതിനു പകരം "ഇലക്ട്രിക്ക്" എന്ന് ചേർക്കുക.

346. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)(ജി)-ൽ "ആകർഷിച്ച" എന്നതിന് പകരം "ആകർഷിച്ച്" എന്ന് ചേർക്കുക

347. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)(ജി)-ൽ "മത്സ്യബന്ധനം;" എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "കൂടാതെ" എന്ന് ചേർക്കുക.

355. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)(എച്ച്)-ൽ "അമ്പത്" എന്നതിന് പകരം "അൻപത്" എന്ന് ചേർക്കുക.

359. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)(എച്ച്)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഡയറക്ടർക്ക്" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

378. ഖണ്ഡം 5 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിൽ വകുപ്പ് 5(8)-ൽ, "പുതിയതായി" എന്നതിനു ശേഷം "ഉറപ്പിച്ച യന്ത്രം" എന്ന് ചേർക്കുക.

387. ഖണ്ഡം 5 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെവകുപ്പ് 5(10)-ന്റെ ക്ലിപ്തനിബന്ധനയിൽ "വരുന്നതിനുമുമ്പ്" എന്നതിന് പകരം "വരുന്നതിന് മുൻപ്" എന്ന് ചേർക്കുക.

400. ഖണ്ഡം 5 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ്5(11)(ബി) -ൽ "മറ്റു" എന്നതിനു പകരം "മറ്റ്" എന്ന് ചേർക്കുക.

405. ഖണ്ഡം 5 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിൽ വകുപ്പ് 5(11)(സി)-ൽ "വിളക്കുകൾ" എന്നതിന് മുൻപായി "ഇലക്ട്രിക്ക്" എന്ന് ചേർക്കുക.

407. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(11)(ഇ)-ൽ "ചെമ്മീൻകുഞ്ഞുങ്ങളെ" എന്നതിന് പകരം "ചെമ്മീൻ കുഞ്ഞുങ്ങളെ" എന്ന് ചേർക്കുക.

416. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(11)(എച്ച്)ന്റെ ക്ലിപ്തനിബന്ധനയിൽ "പ്രവർത്തനങ്ങൾ" എന്നതിന് പകരം "പ്രവർത്തനങ്ങളിൽ" എന്ന് ചേർക്കുക.

421. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(11)(എച്ച്)-ന്റെ ക്ലിപ്തനിബന്ധനയിൽ "മാമൂൽപ്രകാരമുള്ള" എന്നതിന് പകരം "പരമ്പരാഗതമായുള്ള" എന്ന് ചേർക്കുക.

432. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(13)-ൽ "സ്ഥലത്തു" എന്നതിനു പകരം "സ്ഥലത്ത്" എന്ന് ചേർക്കുക.

433. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(13)-ൽ "കിലോ ഗ്രാമിൽ" എന്നതിന് പകരം "കിലോഗ്രാമിൽ" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

366. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(5)-ൽ, "പത്ത്" എന്നതിനു പകരം "അഞ്ച്" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

369. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(5)-ൽ, "പത്ത്" എന്നതിനു പകരം "പതിനഞ്ച്" എന്ന് ചേർക്കുക.

403. ഖണ്ഡം 5 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 5(11)(സി)-ൽ "ഇരുപത്" എന്നതിന് പകരം "നാൽപ്പത്" എന്ന് ചേർക്കുക.

420. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(11)(എച്ച്)-ലെ ക്ലിപ്തനിബന്ധനയിൽ "മാമൂൽപ്രകാരമുള്ള" എന്നതിന് പകരം "പരമ്പരാഗതമായുള്ള" എന്ന് ചേർക്കുക.

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

374. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിലെ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(7)-ൽ "മത്സ്യബന്ധന ഉരു, ഉറപ്പിച്ച യന്ത്രം, സ്വതന്ത്രവല" എന്നതിന് പകരം "മത്സ്യബന്ധന ഉരു, യന്ത്രവത്കൃതയാനം, ഉറപ്പിച്ചയന്ത്രം, സ്വതന്ത്രവല, അത്യാധുനിക വല" എന്ന് ചേർക്കുക.

396. ഖണ്ഡം 5 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 5(11)-ൽ "സ്വായത്തമാക്കിക്കൊണ്ട്" എന്നതിന് പകരം "ആർജ്ജിച്ചുകൊണ്ട്" എന്ന് ചേർക്കുക.

410. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 (11) (എഫ്)-ൽ "ഇരുപത്" എന്നതിന് പകരം "നാൽപ്പത്" എന്ന് ചേർക്കുക.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

379. ഖണ്ഡം 5 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 5(8)-ൽ, "സ്ഥാപിതമാകുന്നതിന്" എന്നത് ഒഴിവാക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

404. ഖണ്ഡം 5 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 5(11)(സി)-ൽ "ഇരുപത്" എന്നതിന് പകരം "അൻപത്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

423. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(11) (ജെ)-ൽ "വിഷവസ്തുക്കളോ" എന്നതിന് ശേഷം "സ്ഫോടക വസ്തുക്കളോ" എന്ന് ചേർക്കുക.

428. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(11) (കെ)-ൽ "ഗാർഹിക മാലിന്യങ്ങൾ" എന്നതിന് ശേഷം "സ്വീവേജ്" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

427. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(11) (കെ)-ൽ "ജൈവ-രാസമാലിന്യങ്ങൾ" എന്നതിന് പകരം "ജൈവ- അജൈവ-രാസമാലിന്യങ്ങൾ" എന്ന് ചേർക്കുക.

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

429. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(13)-ൽ "നടത്തിയതോ" എന്നതിന് പകരം "വഴിയോ അല്ലാതെയോ" എന്ന് ചേർക്കുക.

430. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(13)-ൽ "അവസ്ഥയിലോ" എന്നതിന് പകരം "കൂടിയോ" എന്ന് ചേർക്കുക.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

431. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(13)-ൽ

(i) "കടത്ത്" എന്നത് ഒഴിവാക്കുക.

(ii) "കടത്തുവാൻ" എന്നതിനു പകരം "കൊണ്ടുപോകാൻ" എന്ന് ചേർക്കുക.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

435. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(13) ചുവടെ പറയും പ്രകാരം മാറ്റുക.

"(13) മത്സ്യബന്ധനം വഴിയോ അല്ലാതെയോ ശേഖരിച്ചിട്ടുള്ളതോ സംഭരിച്ചിട്ടുള്ളതോ ആയ കക്കവർഗ്ഗ ജീവികളെ അവയുടെ പുറംതോട് കൂടിയോ അല്ലാതെയോ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള പെർമിറ്റിന്റെ അടിസ്ഥാനത്തിലല്ലാതെ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് ഇരുനൂറ് കിലോ ഗ്രാമിൽ കൂടുതലായി കൊണ്ടുപോകുവാൻ പാടില്ല."

മി. സ്പീക്കർ: 323-ാം നമ്പർ ഭേദഗതി 322-ാം നമ്പർ ഭേദഗതിക്കും 367-ാംനമ്പർ ഭേദഗതി 366-ാം നമ്പർ ഭേദഗതിക്കും 370-ാം നമ്പർ ഭേദഗതി 369-ാം നമ്പർ ഭേദഗതിക്കും 395-ാം നമ്പർ ഭേദഗതി 394-ാം നമ്പർ ഭേദഗതിക്കും 411-ാം നമ്പർ ഭേദഗതി 412-ാം നമ്പർ ഭേദഗതിക്കും 418, 419 എന്നീ നമ്പർ ഭേദഗതികൾ 417-ാംനമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 301-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 347, 359 എന്നീ നമ്പർ ഭേദഗതികളും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 386, 412 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 397-ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 423-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയുമോടൊപ്പം ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 301, 347, 359, 386, 397, 412, 423 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 297, 320, 324, 327, 334, 337, 345 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 300, 313, 340, 373, 408, 417 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 306, 322, 358, 363, 382, 391, 394, 415, 422 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 316, 341, 376 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 330-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 333, 380, 381, 390, 393 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 338, 342, 343, 346, 355, 378, 387, 400, 405, 407, 416, 421, 432, 433 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 366-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 369, 403, 420 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 374, 396, 410 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 379-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 404-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 428-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 427-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 429, 430 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 431-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിച്ച 435-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

437. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ "കായലുകൾ" എന്നതിന് ശേഷം "റിസർവോയറുകൾ" എന്ന് ചേർക്കുക.

442. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)(ബി)-ൽ "കീടനാശിനികൾ" എന്നതിനുശേഷം "സ്ഫോടകവസ്തുക്കൾ" എന്ന് ചേർക്കുക.

446. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)(ഡി) യ്ക്ക് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക.

"(ഇ) വന്യജീവി സങ്കേതങ്ങളിലും റിസർവോയറുകളിലും തദ്ദേശീയരല്ലാത്തവരുടെ ഏതെങ്കിലും തരത്തിലുള്ള മത്സ്യബന്ധനം."

475. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(1)(എ)-ൽ "സംരക്ഷണം" എന്നതിന് ശേഷം "സുസ്ഥിര വികസനം" എന്ന് ചേർക്കുക.

488. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(1)(എഫ്)-ൽ "കൗൺസിലുകൾ" എന്നതിനുശേഷം "നിർണ്ണയിക്കപ്പെട്ട പ്രകാരം" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

438. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ "മറ്റു" എന്നതിന് പകരം "മറ്റ് " എന്ന് ചേർക്കുക.

445. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)(സി)-ൽ "ഇനത്തിന്റെ" എന്നതിന് പകരം "ഇനങ്ങളുടെ" എന്ന് ചേർക്കുക.

451. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1)-ൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

458. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(2)(ii) "ഏഴു" എന്നതിനു പകരം "ഏഴ്" എന്ന് ചേർക്കുക.

459. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(2)(iii)-ൽ "രണ്ടു" എന്നതിന് പകരം "രണ്ട്"എന്ന് ചേർക്കുക.

461. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(2)(iv)-ൽ "ഫിഷറീസ്" എന്നതിന് മുൻപായി "ബന്ധപ്പെട്ട ജലാശയത്തിന്റെ കൂടുതൽ ഭാഗം ഉൾപ്പെടുന്ന ജില്ലയിൽ നിന്നുള്ള" എന്ന് ചേർക്കുക.

462. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(2)(iv)-ൽ "രണ്ടു" എന്നതിന് പകരം "രണ്ട്" എന്ന് ചേർക്കുക.

463. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(2)(v)-ൽ "ഉൾനാടൻ മേഖലയിലെ" എന്നതിന് പകരം"പ്രദേശത്തെ ഉൾനാടൻ മേഖലയിലെ അംഗീകൃത" എന്ന് ചേർക്കുക.

465. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(2)(v)-ൽ "നാലു" എന്നതിന് പകരം "നാല്" എന്ന് ചേർക്കുക.

467. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ (2) (vi)-ൽ "രണ്ടു" എന്നതിന് പകരം "രണ്ട്" എന്ന് ചേർക്കുക.

468. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ (2) (viii)-ൽ "എഞ്ചിനീയർ, ജലസേചനം" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "എഞ്ചിനീയർ, (ജലസേചനം)" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

470. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(2)(xi)-ൽ "കൂടുതൽഭാഗം" എന്നതിന് പകരം "കൂടുതൽ ഭാഗം" എന്ന് ചേർക്കുക.

473. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(1)(എ)-ൽ "ഉത്തരവാദിത്തമത്സ്യബന്ധനം" എന്നതിന് പകരം "ഉത്തരവാദിത്ത മത്സ്യബന്ധനം" എന്ന് ചേർക്കുക.

476. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(1)(എ)-ൽ "ബോധവൽക്കരണം" എന്നതിന് പകരം "ബോധവത്ക്കരണം" എന്ന് ചേർക്കുക.

480. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(1)(സി)-ൽ "ഉൾനാടൻ ഫിഷറി" എന്നതിന് പകരം "ഉൾനാടൻ ഫിഷറീസ്" എന്ന് ചേർക്കുക.

485. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(1)(എഫ്)- ൽ "ഫിഷറീസ് വകുപ്പിലെ" എന്നതിന് പകരം "മത്സ്യബന്ധന വകുപ്പിലെ" എന്ന് ചേർക്കുക.

489. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(1)(എഫ്)-ൽ "കൗൺസിലുകൾ" എന്നതിനുശേഷം "ഗ്രാമപഞ്ചായത്ത്" എന്നതിന് മുൻപായി " ബന്ധപ്പെട്ട" എന്ന് ചേർക്കുക.

490. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി(1)-ൽ "വഹിക്കുന്നുവഴി" എന്നതിന് പകരം "വഹിക്കുന്നത് വഴി" എന്ന് ചേർക്കുക.

491. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി(1)-ൽ "വഹിക്കുന്നുവരെയും" എന്നതിന് പകരം "വഹിക്കുന്നത് വരെയും" എന്ന് ചേർക്കുക.

492. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി(1)-ൽ "വിജ്ഞാപനം" എന്നതിന് മുൻപായി "വകുപ്പ് 6 എ(1) പ്രകാരമുള്ള" എന്ന വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക.

494. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി(1)-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നവ ചേർക്കുക.

"എന്നാൽ 6 എ(2) വകുപ്പിലെ (iii)-ാം ഇനം പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗത്തിന്റെ കാലാവധി 6 എ(1) വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി മുതൽ അഞ്ച് വർഷത്തേയ്ക്കോ അല്ലെങ്കിൽ അദ്ദേഹം മത്സ്യത്തൊഴിലാളി സഹകരണ സംഘം പ്രസിഡന്റ് അല്ലാതായി തീരുന്നത് വരെയോ ഏതാണോ ആദ്യം അത് വരെ ആയിരിക്കുന്നതാണ്."

500. ഖണ്ഡം '6' പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (3) -ൽ "ആകസ്മിക ഒഴിവോ" എന്ന വാക്കുകൾക്ക് ശേഷം "അപ്രകാരമുള്ള" എന്ന് ചേർക്കുക.

502. ഖണ്ഡം '6' പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (3) -ൽ "മൂന്നു" എന്നതിന് പകരം "മൂന്ന് "എന്ന് ചേർക്കുക.

503. ഖണ്ഡം '6' പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (4) (സി) ൽ "തുടരാൻ" എന്നതിന് പകരം "തുടരുവാൻ" എന്ന് ചേർക്കുക.

504. ഖണ്ഡം '6' പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (4)(ഡി) ൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

505. ഖണ്ഡം '6' പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി(4) ന്റെ (ഡി)-ൽ "തൽസ്ഥാനത്തുനിന്നും" എന്നതിന് പകരം "അംഗത്വത്തിൽ നിന്ന്" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

439. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ "മറ്റു ജലാശയങ്ങൾ" എന്നതിന് പകരം "മറ്റു പൊതു ജലാശയങ്ങൾ" എന്ന് ചേർക്കുക.

443. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)(ബി)-ൽ "പ്ലാസ്റ്റിക്" എന്നതിന് പകരം "ഗാർഹിക മാലിന്യങ്ങൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

449. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ-യുടെ മാർജിനൽ ശീർഷകത്തിലും 6 എ(1)-ലും "ഫിഷറീസ് മാനേജ്മെന്റ്" എന്നതിന് പകരം "ഫിഷറീസ് മാനേജ്മെന്റ്" എന്ന് ചേർക്കുക.

471. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(ബി)യുടെ ശീർഷകത്തിൽ "പ്രാദേശിക ഫിഷറീസ് മാനേജ്മെന്റ്" എന്നതിന് പകരം "പ്രാദേശിക ഫിഷറീസ് മാനേജ്മെന്റ്" എന്ന് ചേർക്കുക.

482. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(1)(സി)-ൽ "ഫിഷറി മാനേജ്മെന്റ് പ്ലാൻ" എന്നതിന് പകരം "ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ" എന്ന് ചേർക്കുക.

<u>ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്)</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

450. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ യുടെ മാർജിനൽ ശീർഷകത്തിലെ "മാനേജ്മെന്റ്" എന്നതിന് പകരം "മാനേജ്മെന്റ്" എന്ന് ചേർക്കുക.

452. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(1)-ൽ "പൊതു ജലാശയങ്ങൾ" എന്നതിന് പകരം "പൊതുജലാശയങ്ങൾ" എന്ന് ചേർക്കുക.

472. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(ബി) യുടെ മാർജിനൽ ശീർഷകത്തിൽ "മാനേജ്മെ ന്റ്" എന്നതിന് പകരം "മാനേജ്മെന്റ്" എന്ന് ചേർക്കുക.

479. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(1)(സി)- ൽ "പൊതു ജലാശയത്തിനോ" എന്നതിനു പകരം "പൊതുജലാശയത്തിനോ " എന്ന് ചേർക്കുക.

481. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(1)(സി)-ൽ "ഫിഷറി" എന്നതിന് പകരം "ഫിഷറീസ്" എന്ന് ചേർക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

456. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ (2)(i)-നു പകരം ചുവടെപ്പറയുന്ന ഇനങ്ങൾ ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"i) ബന്ധപ്പെട്ട ജലാശയത്തിന്റെ കൂടുതൽ ഭാഗം - ചെയർപേഴ്സൺ ഉൾപ്പെടുന്ന പ്രദേശത്തെ എം.എൽ.എ.

ii)ബന്ധപ്പെട്ട ജലാശയത്തിന്റെ ഭാഗം ഉൾപ്പെടുന്ന പ്രദേശത്തെ എം.എൽ.എ.(മാർ) - അംഗം(ങ്ങൾ)

iii) ബന്ധപ്പെട്ട ജലാശയത്തിന്റെ കൂടുതൽ ഭാഗം ഉൾപ്പെടുന്ന ജില്ലയുടെ കളക്ടർ - അംഗം"

ശ്രീ. തോമസ് കെ. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

460. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(2)(iii) താഴെ പറയും പ്രകാരം മാറ്റുക.

"(iii) ബന്ധപ്പെട്ട മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്നവർ (പരമാവധി അഞ്ച് പേർ)".

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

464. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(2)(v)-ൽ "മേഖലയിലെ" എന്നതിനു ശേഷം"അംഗീകൃത" എന്ന് ചേർക്കുക.

469. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ(2)(ix)-ൽ "ഒരു" എന്നതിന് ശേഷം "എൻവയോൺമെന്റൽ എഞ്ചിനീയറുടെ പദവിയിൽ കുറയാത്ത" എന്ന് ചേർക്കുക.

മി. സ്പീക്കർ: 501-ാം നമ്പർ ഭേദഗതി 502-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 437, 475 എന്നീ നമ്പർ ഭേദഗതികളും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 503, 504 എന്നീ നമ്പർ ഭേദഗതികളും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 437, 475, 503, 504 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 442, 446, 488 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 438, 445, 451, 458, 459, 461, 462, 463, 465, 467, 468, 470, 473, 476, 480, 485, 489, 490, 491, 492, 494, 500, 502, 505 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 439, 443, 449, 471, 482 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 450, 452, 472, 479, 481 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 456-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ് അവതരിപ്പിച്ച 460-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 464, 469 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ</u>): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

713. (i) ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(13)-ൽ "ജലാശയങ്ങളിലേക്ക്" എന്ന വാക്കിന് പകരം "ജലാശയത്തിൽ നിന്നും" എന്ന വാക്കുകൾ ചേർക്കുക.

(ii) ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 <u>ബി</u>(ജെ)-ൽ "പ്രവർത്തനങ്ങൾക്കായിട്ടുള്ള" എന്ന വാക്കിന് പകരം "പ്രവർത്തനങ്ങൾക്കുവേണ്ടി" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

506. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)-ൽ "ഈ ആക്റ്റിലെ" എന്നതിന് പകരം "ഈ ആക്റ്റിൻ കീഴിലെ" എന്ന് ചേർക്കുക.

569. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 <u>എ</u>(7)-ൽ "മൂന്നുമാസത്തിനകം" എന്നതിന് "മൂന്ന് മാസത്തിനകം" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

507. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "അതിർത്തിയിൽ" എന്നതിന് പകരം "അധീനതയിൽ" എന്ന് ചേർക്കുക.

513. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(2)-ൽ "സ്ഥിരമോ താൽക്കാലികമോ ആയി" എന്നതിനു പകരം "സ്ഥിരമായോ താൽകാലികമായോ" എന്ന് ചേർക്കുക.

514. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(2)(ബി)-ൽ "മറ്റു" എന്നതിനു പകരം "മറ്റ്" എന്ന് ചേർക്കുക.

518. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(2)(സി)-ൽ "പാരിസ്ഥിതികപ്രാധാന്യമുള്ള" എന്നതിന് പകരം "പാരിസ്ഥിതിക പ്രാധാന്യമുള്ള " എന്ന് ചേർക്കുക.

525.ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(2)(ഇ) യുടെ കിപ്തനിബന്ധനയിൽ "ഓഫീസർ" എന്നതിന് പകരം "ആഫീസർ" എന്ന് ചേർക്കുക.

527. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3) താഴെപ്പറയും പ്രകാരം മാറ്റുക.

"(3) ക്വാറന്റൈൻ നടപടികൾക്കും ഗുണനിലവാര പരിശോധനകൾക്കും വിധേയമാക്കാതെ, മത്സ്യക്കൃഷിക്കായി രാജ്യത്തിന് പുറത്ത് നിന്നുള്ള യാതൊരു മത്സ്യത്തേയും അവയുടെ വിത്തുകളേയും ഉപയോഗപ്പെടുത്തുവാൻ പാടുള്ളതല്ല."

529. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(6)-ൽ "അക്വാകൾച്ചർ" എന്നതിന് ശേഷം "പ്രവർത്തനങ്ങൾ" എന്ന് ചേർക്കുക.

531. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(6)-ൽ "വനിത അയൽക്കൂട്ടം" എന്നതിനുപകരം "വനിതാ അയൽക്കൂട്ടം" എന്ന് ചേർക്കുക.

533. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(7)-ൽ "ഘനമീറ്റർ" എന്നതിന് പകരം "ഘന മീറ്റർ" എന്ന് ചേർക്കുക.

534. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്

8(7)-ൽ "കൂടുതൽ" എന്നതിന് പകരം "കൂടുതലായി" എന്ന് ചേർക്കുക.

535. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(7)-ൽ "ചതുരശ്രമീറ്റർ" എന്നതിന് പകരം "ചതുരശ്ര മീറ്റർ" എന്ന് ചേർക്കുക.

539. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(8)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "അക്വാകൾച്ചർ" എന്നതിന് ശേഷം "പ്രവർത്തനത്തിൽ" എന്ന് ചേർക്കുക.

543. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(11)-ൽ "വിദ്യാഭ്യാസയോഗ്യതയുള്ള" എന്നതിന് പകരം "വിദ്യാഭ്യാസ യോഗ്യതയുള്ള" എന്ന് ചേർക്കുക.

547. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(11)-ൽ "മറ്റു" എന്നതിനു പകരം "മറ്റ്" എന്ന് ചേർക്കുക.

548. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(13)-ൽ "ശാസ്ത്രീയ ചെമ്മീൻ കൃഷി ചെയ്യുന്ന ജലാശയങ്ങളിലേക്ക്" എന്നതിന് പകരം "ശാസ്ത്രീയമായി ചെമ്മീൻ കൃഷി ചെയ്യുന്ന ജലാശയങ്ങളിൽ നിന്ന്" എന്ന് ചേർക്കുക.

551. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(15)-ൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

554. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ(1)-ൽ "അതിൻകീഴിലുണ്ടാക്കപ്പെടുന്ന" എന്നതിന് പകരം "അതിൻ കീഴിലുണ്ടാക്കപ്പെടുന്ന" എന്ന് ചേർക്കുക.

556. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ(1)(v)-ൽ "രണ്ടു" എന്നതിന് പകരം "രണ്ട്" എന്ന് ചേർക്കുക.

558. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ(1)(vii)-ൽ "ഓഫീസർ" എന്നതിന് പകരം "ആഫീസർ" എന്ന് ചേർക്കുക.

559. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ(1)(viii)-ൽ "ഓഫീസർ" എന്നതിന് പകരം "ആഫീസർ" എന്ന് ചേർക്കുക.

560. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ(1)(ix)-ൽ ", ഇറിഗേഷൻ" എന്ന ചിഹ്നത്തിനും വാക്കിനും പകരം "(ജലസേചനം)" എന്ന വാക്കും ചിഹ്നവും ചേർക്കുക.

562. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ(5)-ൽ "വഹിക്കുന്നതുവഴി" എന്നതിന് പകരം "വഹിക്കുന്നതു വഴി" എന്ന് ചേർക്കുക.

563. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ(5)-ൽ "വിജ്ഞാപനം" എന്നതിന് മുന്നിലായി "(1)-ാം ഉപവകുപ്പ് പ്രകാരമുള്ള" എന്ന വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക.

566. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ(6)-ൽ "തുടരാവുന്നതുമാണ്" എന്നതിന് പകരം "തുടരേണ്ടതുമാണ്" എന്ന് ചേർക്കുക.

567. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ(7)-ൽ "ഒഴിവുണ്ടായ" എന്നതിന് മുന്നിലായി "അപ്രകാരമുള്ള" എന്ന് ചേർക്കുക.

570. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ(8)(സി)-ൽ "അപ്രകാരം" എന്നതിന് മുന്നിലായി "അദ്ദേഹത്തിന്" എന്ന് ചേർക്കുക.

575. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ(8)(ഡി)-ൽ "കുറ്റകൃത്യത്തിന്" എന്നതിന് പകരം "കുറ്റത്തിന്" എന്ന് ചേർക്കുക.

576. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് '8 ബി'-യിൽ "8 എ വകുപ്പ്" എന്നതിനുശേഷം " (1) - ാം ഉപവകുപ്പ് " എന്ന വാക്കും അക്കവും ചിഹ്നവും ചേർക്കുക.

577. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് '8 ബി'(ഡി)-ൽ "വനം വകുപ്പ്" എന്നതിന് പകരം "വനം -വന്യജീവി വകുപ്പ്" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

578. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 ബി (ഡി) – ൽ "ജലാശയങ്ങളിൽ " എന്നതിന് ശേഷം, "ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതിയോട് കൂടി" എന്ന ചിഹ്നവും വാക്കുകളും ചേർക്കുക.

583. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 ബി(എഫ്)-ൽ "പരിശീലനപരിപാടികൾ" എന്നതിനു പകരം "പരിശീലന പരിപാടികൾ" എന്ന് ചേർക്കുക.

584. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 ബി(എൽ)-ൽ "തദ്ദേശസ്വയംഭരണ" എന്നതിന് പകരം "തദ്ദേശ സ്വയംഭരണ" എന്ന് ചേർക്കുക.

585. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 ബി(എൻ)-ൽ "തർക്കങ്ങൾ" എന്ന വാക്കിന് മുന്നിലായി "മേഖലയിലെ" എന്ന് ചേർക്കുക.

589. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 സി(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഉല്പാദന" എന്നതിന് പകരം "ഉത്പാദന" എന്ന് ചേർക്കുക.

591. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 സി(4)-ൽ "അന്യസംസ്ഥാനങ്ങളിൽനിന്നോ വിദേശരാജ്യങ്ങളിൽനിന്നോ" എന്നതിന് പകരം "അന്യസംസ്ഥാനങ്ങളിൽ നിന്നോ, വിദേശരാജ്യങ്ങളിൽ നിന്നോ" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>:സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

511. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "വിനോദനത്തിനായി" എന്നതിനു ശേഷം "ആഹാരമായി സ്വന്തം കുടുംബത്തിന് ഉപയുക്തമാക്കുന്നതിനോ" എന്ന് ചേർക്കുക.

579. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 ബി (ഡി) യിൽ "ആവിഷ്കരിക്കുകയും" എന്നതിനു ശേഷം "നിയന്ത്രിയ്ക്കുകയും" എന്ന് ചേർക്കുക.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

512. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)ന്റെ രണ്ടാം ക്ലിപ്തനിബന്ധനയ്ക്കുശേഷം മൂന്നാം ക്ലിപ്തനിബന്ധനയായി ചുവടെപ്പറയുന്നത് ചേർക്കുക.

"എന്നുമാത്രമല്ല സ്വകാര്യ ഭൂമിയിലുള്ള കുളങ്ങളിലോ മറ്റേതെങ്കിലും വിധത്തിൽ

കെട്ടിനിർത്തിയ ജലത്തിലോ സ്വന്തം ആവശ്യത്തിനോ വില്പന നടത്തുന്നതിനോ അലങ്കാര മത്സ്യം ഉൾപ്പെടെയുള്ള മത്സ്യം വളർത്തുന്നതിന് ഈ നിയമ പ്രകാരം രജിസ്ട്രേഷനോ ലൈസൻസോ ആവശ്യമില്ല.

550. ഖണ്ഡം 7 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 8(13) ചുവടെപ്പറയും പ്രകാരം മാറ്റുക

"(13) ശാസ്ത്രീയ ചെമ്മീൻ കൃഷി ചെയ്യുന്ന ജലാശയങ്ങളിലേക്കോ അവയിൽ നിന്നോ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതി ഇല്ലാതെ പൊതുജലാശയത്തിലേക്കോ അവയിൽ നിന്നോ ജലചംക്രമണം പാടില്ല."

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

516. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(2)(ബി)-ൽ "വിദ്യാഭ്യാസ യോഗ്യത" എന്നതിനുപകരം "വിദ്യാഭ്യാസയോഗ്യതയും പരിചയവും" എന്ന് ചേർക്കുക.

521. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(2)(ഇ)- ൽ "നെൽകൃഷിയെങ്കിലും" എന്നത് ഒഴിവാക്കുക.

522. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(2)(ഇ)-ൽ "നെൽക്വഷിക്കാലയളവിൽ" എന്നതിന് പകരം "നെൽകൃഷിക്കാലയളവിൽ" എന്ന് ചേർക്കുക.

524. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(2)(ഇ) യുടെ കിപ്തനിബന്ധനയിൽ "അഗ്രിക്കൾച്ചർ" എന്നതിന് പകരം "അഗ്രികൾച്ചർ" എന്ന് ചേർക്കുക.

530. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(6)-ൽ "പ്രദേശത്തിനടുത്ത് താമസിക്കുന്ന" എന്നീ വാക്കുകൾക്ക് പകരം "പ്രദേശത്തെ" എന്ന് ചേർക്കുക.

532. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(6)-ൽ "പരിഗണിക്കാവൂ" എന്നതിന് പകരം "പരിഗണിക്കാൻ പാടുള്ളൂ" എന്ന് ചേർക്കുക.

536. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(8)-ൽ "പ്രദേശത്തിനടുത്ത് താമസിക്കുന്ന" എന്നതിന് പകരം "പ്രദേശത്തെ" എന്ന് ചേർക്കുക.

538. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(8)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "പൊതു ജലാശയത്തിൽ" എന്നതിന് പകരം "പൊതുജലാശയത്തിൽ" എന്ന് ചേർക്കുക.

542. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(11)-ൽ "വിദ്യാഭ്യാസയോഗ്യതയുള്ള" എന്നതിന് പകരം "വിദ്യാഭ്യാസയോഗ്യതയും പരിചയവുമുള്ള" എന്ന് ചേർക്കുക.

546. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(11)-ൽ "രാസവസ്തുക്കളോ മറ്റു മരുന്നുകളോ" എന്നതിനു പകരം "മരുന്നുകളോ മറ്റ് രാസവസ്തുക്കളോ" എന്ന് ചേർക്കുക.

549. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(13)-ൽ "പൊതുജലാശയത്തിലേയ്ക്ക്" എന്നതിനുപകരം "പൊതുജലാശയങ്ങളിൽ നിന്ന്" എന്ന് ചേർക്കുക.

553. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(18)-ൽ "ഏതൊരാളിനും" എന്നതിനു പകരം "ഏതൊരാൾക്കും" എന്ന് ചേർക്കുക.

586. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 സി (1) - ൽ "അലങ്കാര മത്സ്യങ്ങളുടെ" എന്നതിനുപകരം "അലങ്കാരമത്സ്യങ്ങളുടെ" എന്ന വാക്ക് ചേർക്കുക.

588. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് (8 സി)(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "അലങ്കാര മത്സ്യ" എന്നതിനുപകരം "അലങ്കാരമത്സ്യ" എന്ന് ചേർക്കുക.

593. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 സി(5)-ൽ "അലങ്കാര മത്സ്യ" എന്നതിനു പകരം "അലങ്കാരമത്സ്യ" എന്ന് ചേർക്കുക.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

517. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(2)(ബി) ചുവടെ പറയും പ്രകാരം മാറ്റുക.

"(ബി) ഏതെങ്കിലും മരുന്നുകൾ, ആന്റി ബയോട്ടിക്കുകൾ, കീടനാശിനികൾ, മത്സ്യനാശിനികൾ, പ്രൊബയോട്ടിക്കുകൾ, ഗ്രോത്ത് പ്രൊമോട്ടറുകൾ മറ്റ് രാസവസ്തുക്കൾ

എന്നിവയുടെ ഉപയോഗം നിരോധിക്കുകയോ ഉപയോഗിക്കാവുന്നവയുടെ അളവ് നിശ്ചയിക്കുകയോ ചെയ്യുക, അവയുടെ ശരിയായ ഉപയോഗം ഉറപ്പു വരുത്തുന്നതിന് സാങ്കതിക ഉപദേശം നല്കുന്നവരുടെ യോഗ്യത പരിശോധിച്ച് അംഗീകാരം നൽകുക."

520. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(2)(ഡി)- ഒഴിവാക്കുക.

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

544. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(11)-ൽ "ജലാശയത്തിലോ സ്വകാര്യ ജലാശയത്തിലോ" എന്നതിന് പകരം "ജലാശയത്തിൽ" എന്ന് ചേർക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

545. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(11)-ൽ "സ്വകാര്യ" എന്നതിനു മുമ്പായി "പൊതുജലാശയത്തിലേക്ക് തുറക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

561. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8-ൽ 8 എ(1)(xii) ആയി താഴെ പറയുന്നത് ചേർക്കുക, "(xii) ജില്ലയിലെ മുഴുവൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ - അംഗങ്ങൾ"

ശ്രീ. എം. നൗഷാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

580. ഖണ്ഡം 7 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 8 ബി(ഇ)-ൽ "മത്സ്യക്കൃഷിക്കാർക്ക് മത്സ്യക്കൃഷിക്ക്" എന്നതിനുപകരം "മത്സ്യകൃഷിക്കാർക്ക് മത്സ്യകൃഷിക്ക് " എന്ന് ചേർക്കുക.

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

581. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 ബി(ഇ)-ൽ "ഡെമോൺസ്ട്രേറ്റീവ്" എന്നതിനു പകരം "മാതൃകാ" എന്നത് ചേർക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

582. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിന് പകരം ചേർക്കാനുദ്ദേശിക്കുന്നവകുപ്പ് 8 ബി (ഇ)-ൽ "സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക" എന്നതിനുപകരം "നേരിട്ട് സ്ഥാപിച്ചോ അത്തരത്തിലുള്ള സ്വകാര്യ സ്ഥാപനങ്ങൾക്ക് പരിശോധന നടത്തി അംഗീകാരം നൽകുകയോ ചെയ്യുക" എന്നത് ചേർക്കുക.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

590. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 സി(3) ചുവടെപ്പറയും പ്രകാരം മാറ്റുക:

"(3) യാതൊരു അലങ്കാര മത്സ്യ വിപണന യൂണിറ്റും നിരോധിക്കപ്പെട്ട വിഭാഗത്തിൽപ്പെടുന്ന ആന്റിബയോട്ടിക്കുകൾ, മറ്റ് മരുന്നുകൾ, രാസപദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗമോ വിപണനമോ നടത്താൻ പാടില്ല."

596. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 സി(5)-ൽ "ട്രീറ്റ്മെന്റിന് വിധേയമാക്കാതെ" എന്നതിനുപകരം "അണുവിമുക്തമാക്കാതെ" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

592. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 സി(4)-ൽ "അലങ്കാരമത്സ്യവിപണന" എന്നതിനുമുമ്പായി "അവയെ വളർത്താനോ" എന്നത് ചേർക്കുക.

594. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 സി(5)-ൽ "സംഭരിച്ചിരിക്കുന്ന" എന്നതിനുപകരം "സൂക്ഷിച്ചിരിക്കുന്ന" എന്നത് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

595. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 സി (5)-ൽ "ജലമോ" എന്നതിനു ശേഷം "," എന്ന ചിഹ്നം ചേർക്കുക.

മി. സ്പീക്കർ: 565-ാം നമ്പർ ഭേദഗതി 566-ാം നമ്പർ ഭേദഗതിക്കും 568-ാം നമ്പർ ഭേദഗതി 569-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 577-ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 579-ാംനമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 577, 579 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 506, 569 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 507, 513, 514, 518, 525, 527, 529, 531, 533, 534, 535, 539, 543, 547, 548, 551, 554, 556, 558, 559, 560, 562, 563, 566, 567, 570, 575, 576, 578, 583, 584, 585, 589, 591 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 511-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 512, 550 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 516, 521, 522, 524, 530, 532, 536, 538, 542, 546, 549, 553, 586, 588, 593 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 517, 520 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 544-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 545-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി അവതരിപ്പിച്ച 561-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 580-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 581-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 582-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 590, 596 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ അവതരിപ്പിച്ച 592, 594 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 595-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

(ഭേദഗതിയില്ല)

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

(ഭേദഗതിയില്ല)

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

597. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1)(എ)-ൽ "യന്ത്രത്തിന്റെയും" എന്നതിന് ശേഷം "മത്സ്യബന്ധന ഉരുവിന്റെയും സ്വതന്ത്രവലയുടെയും" എന്നീ വാക്കുകൾ ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

598. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1)(എ)-ൽ "ഉദ്യോഗസ്ഥന്റെ" എന്നതിനുപകരം "ഉദ്യോഗസ്ഥന്റെ" എന്ന് ചേർക്കുക.

600. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1)(എ) ന്റെ ക്ലിപ്ത നിബന്ധനയിൽ "ചെയ്യുന്നതിനു മുമ്പായി" എന്നതിനു പകരം "ചെയ്യുന്നതിന് മുൻപായി" എന്ന് ചേർക്കുക.

601. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1) ബി-ൽ "കൈമാറ്റിക്കിട്ടുന്ന" എന്നതിനുപകരം "കൈമാറി കിട്ടുന്ന" എന്ന് ചേർക്കുക.

604. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 14(1) (സി)-ൽ "അറിയിപ്പ്" എന്നതിനുമുമ്പ് "രേഖാമൂലം" എന്ന് ചേർക്കുക.

606. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 14(2)(എ)-യുടെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "ചെയ്യുന്നതിനു മുമ്പായി" എന്നതിനുപകരം "ചെയ്യുന്നതിന് മുൻപായി" എന്ന് ചേർക്കുക.

613. ഖണ്ഡം 10 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 14(3)(എ)-ൽ "മുമ്പായി" എന്നതിന് പകരം "മുൻപായി" എന്ന് ചേർക്കുക.

615. ഖണ്ഡം 10 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 14(3)(ബി)-ൽ "നടപ്പിൽവരുത്തിയ" എന്നതിന് പകരം "നടപ്പിൽ വരുത്തിയ" എന്ന് ചേർക്കുക.

617. ഖണ്ഡം 10 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 14(3)(ബി)-ൽ "പതിനഞ്ചുദിവസത്തിനകം" എന്നതിന് പകരം "പതിനഞ്ച് ദിവസത്തിനകം" എന്ന് ചേർക്കുക.

619. ഖണ്ഡം 10 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 14(4)-ൽ "വ്യവസ്ഥകൾക്കുടി" എന്നതിന് പകരം "വ്യവസ്ഥകൾ കൂടി" എന്ന് ചേർക്കുക.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

599. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1)(എ)-ൽ "അയാൾ മത്സ്യത്തൊഴിലാളിയല്ലാത്ത സംഗതിയിൽ," എന്നത് ഒഴിവാക്കുക.

<u>ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്)</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

602. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 14(1) (സി)-ൽ "മേൽ പ്രകാരം" എന്നതിനു പകരം "മേൽപ്രകാരം" എന്ന് ചേർക്കുക.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

607. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 14(2)(എ)-യുടെ മൂന്നാം ക്ലിപ്ത നിബന്ധനയിൽ "ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാര പരിധിയിൽ മാത്രം ഉൾപ്പെടുന്ന

ഒരു പൊതുജലാശയത്തിന്റെ കാര്യത്തിൽ ബന്ധപ്പെട്ട" എന്നതിനു പകരം "ഇത്തരം സാമഗ്രികൾ സ്ഥാപിച്ചിരിക്കുന്ന പ്രദേശം ഉൾപ്പെടുന്ന" എന്ന് ചേർക്കുക.

611. ഖണ്ഡം 10 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 14(3) നീക്കം ചെയ്യുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

608. ഖണ്ഡം 10 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 14(2)(ബി)-ൽ "പതിനഞ്ച്" എന്നതിന് പകരം "മുപ്പത്" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

612. ഖണ്ഡം 10 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 14(3)-ൽ "സ്വകാര്യ" എന്നതിന് മുമ്പായി "പൊതുജലാശയത്തിലേക്ക് തുറക്കുന്ന" എന്ന് ചേർക്കുക.

മി. സ്പീക്കർ: 609, 610 എന്നീ നമ്പർ ഭേദഗതികൾ 608-ാം നമ്പർ ഭേദഗതിക്കും 616-ാം നമ്പർ ഭേദഗതി 617-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 604-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 604-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 597-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 598, 600, 601, 606, 613, 615, 617, 619 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 599-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 602-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 607, 611 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 608-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 612-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>പതിനൊന്നാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിച്ചില്ല.)

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പന്ത്രണ്ടാം വകുപ്പ്</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

621. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19-ൽ

i) "ലൈസൻസുള്ള" എന്നതിനുശേഷം "രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ ലൈസൻസോ ഉള്ള" എന്നു ചേർക്കുക.

ii) ക്ലിപ്ത നിബന്ധനയിൽ "ലൈസൻസ്" എന്നതിനുപകരം "ലൈസൻസും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും" എന്നു ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

622. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന

വകുപ്പ് 19-ൽ "ഏതൊരാളും" എന്നതിനുശേഷം"," എന്ന ചിഹ്നം ചേർക്കുക.

625. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19-ന്റെ ക്ലിപ്ത നിബന്ധനയിൽ "തദ്ദേശസ്വയംഭരണ" എന്ന വാക്കിന് പകരം "തദ്ദേശ സ്വയംഭരണ" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

626. ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19-ന്റെ ക്ലിപ്ത നിബന്ധനയിൽ "പൊതു ജലാശയത്തെ" എന്നതിനു പകരം "പൊതുജലാശയത്തെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 621-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 622, 625 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 626-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിമൂന്നാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

627. ഖണ്ഡം 13 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 20-ൽ "അതിൻകീഴിൽ" എന്ന വാക്കിന് പകരം "അതിൻ കീഴിൽ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

630. ഖണ്ഡം 13 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 20-ൽ "റദ്ദാക്കുകയോ" എന്നതിന് ശേഷം "തടഞ്ഞുവയ്ക്കുകയോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 627-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 630-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാലാം വകുപ്പ്

(ഭേദഗതിയില്ല)

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനഞ്ചാം വകുപ്പ്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

714. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 എ(2)(എ)-ൽ "ആക്റ്റിലെയോ " എന്ന വാക്കിന് മുൻപ് "ഈ " എന്ന വാക്ക് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

636. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 എ(2)(സി)-ൽ "വലയുടെയോ" എന്നതിന് പകരം "സ്വതന്ത്രവലയുടെയോ" എന്ന് ചേർക്കുക.

637. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 എ(2)(സി) -ൽ "മറ്റെന്തെങ്കിലും" എന്നതിന് പകരം "മറ്റേതെങ്കിലും" എന്ന് ചേർക്കുക.

638. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 എ(2)(സി) -ൽ "മത്സ്യബന്ധനയാനവും" എന്നതിന് പകരം "മത്സ്യ ബന്ധന യാനവും" എന്ന വാക്കുകൾ ചേർക്കുക.

639. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 എ(2)(സി)-ൽ "വലയും" എന്നതിന് പകരം "സ്വതന്ത്രവലയും" എന്ന് ചേർക്കുക.

645. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 ബി-ൽ "അതിൻകീഴിലുണ്ടാക്കപ്പെടുന്ന" എന്നതിന് പകരം "അതിൻ കീഴിലുണ്ടാക്കപ്പെടുന്ന" എന്ന് ചേർക്കുക.

646. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 ബി-ൽ "ഫിഷറീസ് വകുപ്പിലെ" എന്നതിന് പകരം "മത്സ്യബന്ധന വകുപ്പിലെ" എന്ന് ചേർക്കുക.

647. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 സി (1)-ൽ "അതിൻകീഴിലുണ്ടാക്കപ്പെടുന്ന" എന്നതിന് പകരം "അതിൻ കീഴിലുണ്ടാക്കപ്പെടുന്ന " എന്ന് ചേർക്കുക.

652. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 സി(1)(സി)-ൽ "അക്വാകൾച്ചർ" എന്നതിന് ശേഷം "പ്രവർത്തനം" എന്ന് ചേർക്കുക.

662. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 സി(1)(ഇ)-ൽ "പരിശോധിക്കുകയും;" എന്ന വാക്കിനും ചിഹ്നങ്ങൾക്കും ശേഷം "കൂടാതെ " എന്ന് ചേർക്കുക.

669. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 സി(2)(ബി)-ൽ "പിടിച്ചെടുക്കുകയോ;" എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "കൂടാതെ" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

640. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 എ(2)(സി) -ൽ "വസ്തുവും" എന്നതിനുശേഷം "നിർണ്ണയിക്കപ്പെട്ട പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

642. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 എ(2)(ഡി)-ൽ "നിർണ്ണയിക്കുകയും" എന്നതിനു ശേഷം "വിജ്ഞാപനം ചെയ്യുകയും" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

644. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 എ(2)(ഇ)-ൽ "നിയന്ത്രിക്കുന്നതിനുള്ള" എന്നതിനു പകരം "പ്രതിരോധ" എന്ന് ചേർക്കുക

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

651. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 സി(1)(ബി)-ൽ "മറ്റുപകരണങ്ങൾ" എന്നതിനുപകരം "മറ്റുപാധികൾ" എന്ന് ചേർക്കുക.

665. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 സി(1)(എഫ്)-ൽ "കൈവശമുള്ള" എന്നതിന് പകരം "കൈവശം വില്പനയ്ക്കായുള്ള" എന്ന് ചേർക്കുക.

672. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 സി(3)-ൽ "ഉദ്യോഗസ്ഥൻ" എന്നതിന് പകരം "ഉദ്യോഗസ്ഥന്റെ" എന്ന് ചേർക്കുക.

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

653. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 സി(1)(സി)-ൽ "ഏതൊരു" എന്നതിനുമുമ്പായി "പൊതുജലാശയത്തിലെ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

655. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 സി(1)(ഡി)-ൽ "മത്സ്യത്തെ" എന്നതിന് ശേഷം "ജീവനോടെയോ അല്ലാതെയോ" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

657. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 35 സി(1)(ഡി)-ൽ "പ്രവേശിക്കുകയും" എന്നതിനുശേഷം "നിർണ്ണയിക്കപ്പെടുന്ന പ്രകാരം മത്സ്യ സാമ്പിളുകൾ ശേഖരിക്കുകയും " എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

660. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 സി(1)(ഇ)-ൽ "ഏതൊരു സ്ഥലത്തും" എന്നതിനുശേഷം "കർഷകനെ അറിയിച്ചതിനുശേഷം " എന്ന് ചേർക്കുക.

ശ്രീ. പി. പി. ചിത്തരഞ്ജൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

663. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 സി(1)(ഇ) താഴെപ്പറയും പ്രകാരം മാറ്റുക.

"(ഇ) പൊതുജലാശയങ്ങളിൽ അക്വാകൾച്ചർ പ്രവർത്തനം ഏർപ്പെടുത്തിയിരിക്കുന്ന ഏതൊരു സ്ഥലത്തോ പ്രവേശിക്കുകയും പരിശോധിക്കുകയും, ഏതൊരു മത്സ്യവിത്തുൽപ്പാദന കേന്ദ്രത്തിലോ നിരോധിത മത്സ്യങ്ങളെയോ ഗുണനിലവാര സാക്ഷ്യപത്രമില്ലാത്ത മത്സ്യങ്ങളെയോ വളർത്തുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ പ്രവേശിക്കുകയും പരിശോധിക്കുകയും;"

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

664. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 സി(1)(എഫ്) ഒഴിവാക്കുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

666. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 സി(1)(എഫ്) ചുവടെപ്പറയും പ്രകാരം മാറ്റുക.

"(എഫ്) നിരോധിത ഇനത്തിൽപ്പെട്ട മത്സ്യങ്ങളോ ഗുണനിലവാരമില്ലാത്ത മത്സ്യങ്ങളോ കൈവശമുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഏതൊരാളിന്റെയും കൈവശമുള്ള മത്സ്യം പരിശോധിക്കുകയും ചെയ്യുക."

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

671. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 സി(2)(സി)-യ്ക്കു ശേഷം (ഡി) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(ഡി) നിരോധിത മത്സ്യങ്ങളെയോ ഗുണനിലവാരം ഉറപ്പാക്കാത്ത അലങ്കാര മത്സ്യങ്ങളെയോ വളർത്തുന്നതോ വിൽക്കുന്നതോ ആയ മത്സ്യപ്രദർശന വിപണന യൂണിറ്റുകൾ അടച്ചു പൂട്ടുകയോ;"

മി. സ്പീക്കർ: 641-ാം നമ്പർ ഭേദഗതി 640-ാം നമ്പർ ഭേദഗതിക്കും 643-ാം നമ്പർ ഭേദഗതി 642-ാം നമ്പർ ഭേദഗതിക്കും 658, 659 എന്നീ നമ്പർ ഭേദഗതികൾ 657-ാം നമ്പർ ഭേദഗതിക്കും 661-ാം നമ്പർ ഭേദഗതി 660-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 655-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 655-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 636, 637, 638, 639, 645, 646, 647, 652, 662, 669 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 640-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 642-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 644-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 651, 665, 672 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 653-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 657-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 660-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 663-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 664-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 666-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 671-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിനാറാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിച്ചില്ല)

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനേഴാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

675. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 41(1)-ൽ "സർക്കാരിന്" എന്നതിന് പകരം "സർക്കാരിന്," എന്ന വാക്കും ചിഹ്നവും ചേർക്കുക.

677. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 41(1)-ൽ "ജലക്കൃഷിവികസനം" എന്നതിന് പകരം "ജലകൃഷിവികസനം" എന്ന് ചേർക്കുക.

695. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 41(2)(സി)-ൽ "ഫിഷറീസ്" എന്നതിന് ശേഷം "വകുപ്പ്" എന്ന് ചേർക്കുക.

698. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 41(2)(ആർ)-ന് ശേഷം താഴെപറയുന്ന ഇനം ചേർക്കുകയും ശേഷിക്കുന്നത് പുനഃക്രമീകരിക്കുകയും ചെയ്യുക:

"(എസ്) ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്"

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

678. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 41(1)-ൽ "ഉപജീവനസുരക്ഷ" എന്നതിന് പകരം "ഉപജീവന സുരക്ഷ" എന്ന് ചേർക്കുക.

680. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 41(2)(എ)-ൽ "ഫിഷറീസ് വകുപ്പുമന്ത്രി" എന്നതിന് പകരം "മത്സ്യബന്ധന വകുപ്പ് മന്ത്രി" എന്ന് ചേർക്കുക.

704. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 41(2)(എക്സ്)-ൽ "നാല്" എന്നതിന് ശേഷം "അംഗീകൃത" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

681. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 41(2)(ബി)-ൽ "മൂന്ന്" എന്നതിന് പകരം "നാല്" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എ. കെ. എം. അഷ്റഫ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

687. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 41(2)(ബി)-ൽ "വേമ്പനാട്ടു കായലോ, അഷ്ടമുടിക്കായലോ" എന്നതിനുപകരം "ജലാശയങ്ങൾ" എന്ന് ചേർക്കുക.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

691. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 41(2)(ബി)-ൽ "തെരഞ്ഞെടുക്കപ്പെടുന്ന" എന്നതിന് പകരം "തെരഞ്ഞെടുക്കപ്പെട്ട" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

692. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 41(2)(ബി)-ൽ "ആയിരിക്കേണ്ടതാണ്" എന്നതിന് ശേഷം "അതിലൊരാൾ വനിതയുമായിരിക്കേണ്ടതാണ്;" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

693. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 41(2)(സി)-ൽ "ഫിഷറീസ് സെക്രട്ടറി" എന്നതിന് പകരം "മത്സ്യബന്ധന വകുപ്പ് സെക്രട്ടറി" എന്ന് ചേർക്കുക.

701. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 41(2)(ഡബ്ല്യു)-ൽ "സ്ഥാപനങ്ങളുടെ രണ്ട് പ്രതിനിധികൾ" എന്നതിന് പകരം "സ്ഥാപനങ്ങളുടെ രണ്ടു ജനപ്രതിനിധികൾ" എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

707. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 41(2)(വൈ) ചുവടെപ്പറയും പ്രകാരം മാറ്റുക:

"(വൈ)ലൈസൻസ് നേടിയിട്ടുള്ള മത്സ്യകർഷകരിൽ നിന്നും സർക്കാർ

നാമനിർദ്ദേശം ചെയ്യുന്ന എട്ടു പേർ."

മി. സ്പീക്കർ: 674-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിലുള്ളതാകയാൽ ക്രമപ്രകാരമല്ല. 682-ാം നമ്പർ ഭേദഗതി 681-ാം നമ്പർ ഭേദഗതിക്കും 688 മുതൽ 690 വരെയുള്ള ഭേദഗതികൾ 687-ാം നമ്പർ ഭേദഗതിക്കും 694-ാം നമ്പർ ഭേദഗതി 693-ാം നമ്പർ ഭേദഗതിക്കും 703-ാം നമ്പർ ഭേദഗതി 704-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 677-ാം നമ്പർ ഭേദഗതിയിൽ ടൈപ്പ് ചെയ്ത് വന്നിട്ടുള്ളത് "ജലക്യഷിവകസനം" എന്നാണ്. ആ സ്പെല്ലിംഗ് മിസ്റ്റേക്കാണ് കറക്ട് ചെയ്യാൻ പറഞ്ഞിട്ടുള്ളത്. അവിടെ "ജലകൃഷിവികസനം" എന്നാണ് വേണ്ടത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 677-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 680-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 677, 680 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 675, 695, 698 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 678, 704 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 681-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 687-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 691-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 692, 693, 701 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 707-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനെട്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

710. ഖണ്ഡം 18(2)-ൽ "നടപടിയോ" എന്ന വാക്കിനു പകരം "നടപടിയോ," എന്ന വാക്കും ചിഹ്നവും ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 710-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

111. ദീർഘശീർഷകത്തിൽ "ഫിഷറീസും" എന്നതിന് പകരം "മത്സ്യബന്ധനവും" എന്ന് ചേർക്കുക.

151. ഖണ്ഡം 1(2) താഴെപ്പറയുംപ്രകാരം മാറ്റുക:

"(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്"

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

128. പീഠികയിൽ "യുക്തമായിരിക്കുകയാലും" എന്നതിന് പകരം "യുക്തമായിരിക്കുകയാൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 112, 113, 114 എന്നീ നമ്പർ ഭേദഗതികൾ 111-ാം നമ്പർ ഭേദഗതിക്കും 129-ാം നമ്പർ ഭേദഗതി 128-ാം നമ്പർ ഭേദഗതിക്കും 148, 149, 150 എന്നീ നമ്പർ ഭേദഗതികൾ 151-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 128-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 111, 151 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

## VIII അറിയിപ്പ്

മി. സ്പീക്കർ : ഓർഡർ...ഓർഡർ...

ഇന്ന് സഭ പാസ്സാക്കിയ നാല് ബില്ലുകൾക്കുമായി ജനറൽ അമെന്റ്മെന്റ് ഉൾപ്പെടെ ആകെ 2697 ഭേദഗതികളാണ് സമയബന്ധിതമായി പ്രോസസ്സ് ചെയ്ത് ലിസ്റ്റാക്കി സർക്കുലേറ്റ് ചെയ്തതും സഭ അവ വിശദമായി പരിഗണിച്ചതും; അതിന്റെ അടിസ്ഥാനത്തിലാണ് 4 ബില്ലുകളും സമയബന്ധിതമായി പാസ്സാക്കിയത്. ഇത്തരം നടപടികൾ കേരള നിയമസഭയ്ക്കുമാത്രം സ്വന്തമായിട്ടുള്ള ചില പ്രത്യേകതകളാണ്.

കഴിഞ്ഞ ദിവസം വൈകി ലഭിച്ച കുറേ ഭേദഗതി നോട്ടീസുകൾ സ്വീകരിക്കാതിരുന്നതിനെ സംബന്ധിച്ച് തെറ്റിദ്ധാരണാജനകമായി ചില പ്രസ്താവനകൾ നിയമസഭാ സെക്രട്ടേറിയറ്റിനെതിരെ സഭാ തലത്തിൽ ഉന്നയിക്കപ്പെട്ടിരുന്നു. അതൊക്കെ വസ്തുതാപരമല്ലെന്ന് അറിയിക്കുന്നു. സഭ മുമ്പാകെ വരുന്ന ബില്ലുകൾ സംബന്ധിച്ച് മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ കൂടുതൽ ഭേദഗതി നോട്ടീസുകൾ ഇപ്പോൾ ലഭിക്കുന്നുണ്ട്. ഇവയൊക്കെ സമയബന്ധിതമായി പ്രോസസ്സ് ചെയ്ത് ലിസ്റ്റാക്കി ബഹുമാനപ്പെട്ട അംഗങ്ങൾക്ക് യഥാസമയം ലഭ്യമാക്കാൻ കഠിന പ്രയത്നമാണ് കഴിഞ്ഞ കുറേ നാളുകളായി നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാർ നിർവ്വഹിച്ചുവരുന്നത്. രാത്രി വളരെ വൈകിയാണ് ജീവനക്കാർ ഓഫീസ് വിട്ടുപോകുന്നത്. ഭേദഗതി നോട്ടീസുകൾ വൈകി ലഭ്യമായാൽ അവ വേണ്ട രീതിയിൽ പ്രോസസ്സ് ചെയ്യാൻ കഴിയാതെ വരും. അത് സഭാ പ്രവർത്തനത്തെ തന്നെ പ്രതികൂലമായി ബാധിക്കുമെന്നതുകൊണ്ടാണ് വൈകി ലഭിച്ച നോട്ടീസുകൾ അന്ന് സ്വീകരിക്കാൻ കഴിയാതിരുന്നത്. വസ്തുതകൾ ഇതായിരിക്കെ മന:പൂർവ്വം ഭേദഗതി നോട്ടീസുകൾ നിരാകരിച്ചു എന്ന തരത്തിലുണ്ടായിട്ടുള്ള പ്രസ്താവന തികച്ചും നിർഭാഗ്യകരമാണെന്ന് അറിയിക്കട്ടെ.

ഇന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിരുന്ന ഭേദഗതികളിൽ പരിഗണിക്കാവുന്ന പരമാവധി ഭേദഗതികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറായിയെന്നതും തികച്ചും മാതൃകാപരമായ സമീപനമാണ്. ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുന്നു. ഇത്രയധികം ഭേദഗതികൾ സമഗ്രതയോടെ സൂക്ഷ്മമായി സഭയിൽ പരിഗണിക്കുവാൻ അവസരമൊരുക്കിയ ബഹുമാനപ്പെട്ട മന്ത്രിക്കും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനും ബഹുമാന്യരായ എല്ലാ അംഗങ്ങൾക്കും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കുമുള്ള നന്ദി ചെയർ അറിയിക്കുന്നു.

ഓർഡർ.... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9. 00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 നവംബർ 8-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.40-ന് പിരിഞ്ഞു.)

## അനുബന്ധം

നക്ഷത്രചിഹ്നമിട്ട 3 (*453)-ാം നമ്പർ ചോദ്യത്തിന്റെ ' എ ' പിരിവിനും ' സി' പിരിവിനും തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

(എ) പിരിവിന്റെ ഭാഗം

കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ആക്ട്, 2016-ലെ 91-ാം വകുപ്പ് പ്രകാരം കമ്മീഷന്റെ ചുമതലകൾ താഴെപ്പറയുന്നവയാണ്.

(1) സംസ്ഥാനത്ത് നഗര പാരിസ്ഥിതിക രൂപകല്പനയുടെ സൗന്ദര്യപരമായ ഗുണമേന്മ പരിപാലിക്കുന്നതും സംരക്ഷിക്കുന്നതും വികസിപ്പിക്കുന്നതും നിലനിർത്തിപ്പോരുന്നതുമായ ബന്ധപ്പെട്ട വിഷയങ്ങളിൽ സർക്കാരിന് ഉപദേശം നൽകുന്നതും പരിസരങ്ങളുടെ സ്കൈലൈനിനെയോ സൗന്ദര്യപരമായ ഗുണമേന്മയെയോ അവിടെയുള്ള ഏതെങ്കിലും പൊതു സൗകര്യങ്ങളെയോ ബാധിക്കുന്നതോ ബാധിക്കുവാനിടയുള്ളതോ ആയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളോ എഞ്ചിനീയറിംഗ് പ്രവർത്തനങ്ങളോ ഏതെങ്കിലും വികസന നിർദ്ദേശമോ സംബന്ധിച്ചുള്ള ഏതെങ്കിലും പദ്ധതികളെ സംബന്ധിച്ച് ഏതെങ്കിലും മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിനോ ഉപദേശവും മാർഗ്ഗനിർദ്ദേശവും നൽകുന്നതും കേരള ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷന്റെ പൊതുവായ കർത്തവ്യമായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി കേരള ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷന്, സർക്കാരോ മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ ഏതെങ്കിലും സർക്കാർ വകുപ്പോ അർദ്ധ സർക്കാർ ഏജൻസിയോ അതിന് അയച്ചുകൊടുക്കുന്ന പദ്ധതികളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ സൂക്ഷ്മ പരിശോധന നടത്തുകയോ അംഗീകരിക്കുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(3) 1958-ലെ പുരാതന സ്മാരകങ്ങളും പുരാവസ്തു ശാസ്ത്ര പരിസരവും ശേഷിപ്പും ആക്ടിനും (1958-ലെ 24-ാം കേന്ദ്ര ആക്ട്) 1968-ലെ കേരള പുരാതന സ്മാരകങ്ങളും പുരാവസ്തു ശാസ്ത്ര പരിസരവും ശേഷിപ്പും ആക്ടിനും (1969-ലെ 26-ാം ആക്ട്) വിധേയമായി കേരള ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷന്,

(i) സംരക്ഷണം ആവശ്യമുള്ള കെട്ടിടങ്ങളും പരിസരവും കണ്ടെത്തുകയും അപ്രകാരമുള്ള കെട്ടിടങ്ങളുടെയും പരിസരങ്ങളുടെയും പട്ടിക തയ്യാറാക്കുകയോ തയ്യാറാക്കിപ്പിക്കുകയോ ചെയ്യുകയും അവ തരം തിരിക്കുകയും,

(ii) കേരള ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷൻ അധികാരപ്പെടുത്തിയേക്കാവുന്ന ഏതെങ്കിലും ആളോ ഏജൻസിയോ മുഖേന അതിലുള്ള സ്ഥലങ്ങളും കെട്ടിടങ്ങളും നിർമ്മിതികളും പരിശോധിക്കുകയും കാലാകാലങ്ങളിൽ അപ്രകാരമുള്ള കെട്ടിടങ്ങളുടെയോ പരിസരങ്ങളുടെയോ പട്ടിക തയ്യാറാക്കുന്നതിനും നിലവിലുള്ള സ്ഥിതി നിരീക്ഷിക്കുന്നതിനും പഠനങ്ങളും സർവ്വേകളും നടത്തുകയും അടിസ്ഥാന രേഖകൾ ശേഖരിക്കുകയും,

(iii) ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും പ്ലാനിൽ നഗര രൂപകല്പനാ നിയന്ത്രണം ആവശ്യമായിട്ടുള്ള മേഖലകളിൽ, കേരള ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷൻ പട്ടിക തയ്യാറാക്കിയിട്ടുള്ള അങ്ങനെയുള്ള ഏതെങ്കിലും കെട്ടിടത്തിനെയോ പരിസരത്തിനെയോ സംബന്ധിക്കുന്ന മാതൃകാ പ്ലാനുകളും വികസന നിയന്ത്രണങ്ങളും ആവിഷ്കരിക്കുന്നതിന്, വിശദമായ പഠനങ്ങളും സർവ്വേകളും അടിസ്ഥാന രേഖകൾ ശേഖരിക്കലും നടത്തുകയോ നടത്തിപ്പിക്കുകയോ ചെയ്യുകയും,

(iv) ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും പ്ലാനിൽ കണ്ടെത്തിയിട്ടുള്ള അങ്ങനെയുള്ള കെട്ടിടത്തിനോ പരിസരത്തിനോ മേഖലയ്ക്കോ രൂപകല്പന സംബന്ധിച്ച ഏതെങ്കിലും ശൈലിയോ സ്വഭാവമോ വിശേഷണമോ നിർണ്ണയിക്കുകയും:

(v) കേരള ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും പ്രവൃത്തികളും സംബന്ധിച്ചുള്ള കാര്യങ്ങളിലും അതുമായി ബന്ധപ്പെട്ട കാര്യങ്ങളിലും സർക്കാരിന് വാർഷിക റിപ്പോർട്ടുകൾ സമർപ്പിക്കുകയും,

(vi) നഗര-പാരിസ്ഥിതിക രൂപകല്പനയുടെയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും പ്രാധാന്യം സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും,

(vii) മുകളിൽ പരാമർശിച്ചിട്ടുള്ളതും അതിന് അയച്ചുകൊടുത്തിട്ടുള്ളതുമായ ഏതെങ്കിലും വിഷയത്തിൽ സർക്കാരിനോ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കോ ഉപദേശം നൽകുകയും,

(viii) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റേതെങ്കിലും കാര്യം ചെയ്യുകയും ചെയ്യാവുന്നതാണ്.

<u>(സി) പിരിവിന്റെ ഭാഗം</u>

വിവിധ മാസ്റ്റർ പ്ലാനുകളിലും വിശദ നഗരാസൂത്രണ പദ്ധതികളിലും ഉൾപ്പെട്ടുവരുന്ന പൈതൃക പ്രാധാന്യമുള്ള പ്രദേശങ്ങൾ കണ്ടെത്തി അവ സംരക്ഷിക്കപ്പെടുന്നതിനായി മേഖലാനിയന്ത്രണങ്ങളും മാർഗ്ഗരേഖകളും തയ്യാറാക്കി വരുന്നു. പ്രസ്തുത പ്ലാനുകളിലും പദ്ധതികളിലും വിഭാവനം ചെയ്തിട്ടുള്ള പ്രദേശങ്ങളുടെ പൈതൃക പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനായി തിരുവനന്തപുരം ഫോർട്ട് ഏരിയ, ആലപ്പുഴ കനാൽ ഏരിയ എന്നിവയുടെ ലഘുലേഖ/കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, കേരളത്തിലെ മുഴുവൻ ജില്ലകളിലെയും ഹെറിറ്റേജ് പ്രാധാന്യമുള്ള കെട്ടിടങ്ങൾ/ഏരിയകൾ ഏതൊക്കെയാണെന്ന് ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനും വിനോദസഞ്ചാരികൾക്ക് ഒരു ഗൈഡായി ഉപയോഗിക്കുന്നതിനും ഉപകരിക്കുന്ന തരത്തിൽ ജില്ലകളിലെ പൈതൃക പ്രാധാന്യമുള്ള നിർമ്മിതികൾ ലിസ്റ്റ് ചെയ്യുന്ന 'ഹെറിറ്റേജ് ഓഫ് കേരള' എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്നതിനുള്ള ജോലികൾ പുരോഗമിച്ചുവരുന്നു. വിവിധ മാസ്റ്റർപ്ലാനുകളിലും വിശദ നഗരാസൂത്രണ പദ്ധതികളിലും ഹെറിറ്റേജ്/കൺസർവേഷൻ സോൺ എന്ന് വിഭാവനം ചെയ്തിട്ടുള്ള പ്രദേശങ്ങളിലെ കെട്ടിട നിർമ്മാണ അപേക്ഷകൾ/അപ്പീലുകൾ/പദ്ധതികൾ എന്നിവയിൽ തീരുമാനം കൈക്കൊള്ളുന്നതിനായി കമ്മീഷൻ നിയോഗിച്ചിട്ടുള്ള കമ്മിറ്റി തിരുവനന്തപുരത്തും ജില്ലാതല സബ്കമ്മിറ്റി കോഴിക്കോട്ടും ആവശ്യാനുസരണം കൂടുകയും അപേക്ഷകളിന്മേൽ ശിപാർശകൾ നൽകുകയും ചെയ്തുവരുന്നു. കൂടാതെ, കേരളത്തിലുടനീളം ചരിത്രപ്രാധാന്യമുള്ള കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങളും സംരക്ഷണവും അത്തരം പ്രദേശങ്ങളിലെ പുതിയ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷന്റെ ഉപദേശത്തോടുകൂടിയാണ് നടപ്പിലാക്കേണ്ടത്.